www.malankaralibrary.com

ജി. ചേടിയത്ത്

# പ്രാർത്ഥന സഭയിൽ

No. 115

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
1993

www.malankaralibrary.com

G. Chediath, **Prarthana Sabhayil**
A Publication of the Oriental Institute of Religious Studies
P. B. No. 1. Vadavathoor, Kottayam-686 010. India.

Second Edition 1993
Copyright: G. Chediath, 1993

Printed at: Bethany Press, Kottayam - 686 010

# ആമുഖം

“പ്രാർത്ഥനയെക്കുറിച്ച്” പ്രാചീന സഭയിലെ ചില പിതാക്കന്മാരും എഴുത്തുകാരും ചർച്ചചെയ്തിട്ടുണ്ട്. പ്രസ്തുതചർച്ചകളിൽ ചിലത് മലയാളത്തിൽ പ്രസിദ്ധീകരിക്കാൻ വളരെയധികം സന്തോഷമുണ്ട്. മൊപ്സുവെസ്ത്യായിലെ തിയഡോർ (+428) കർതൃപ്രാർത്ഥനയ്ക്കു രചിച്ച ഭാഷ്യം 1986-ൽ പ്രസിദ്ധീകൃതമായി (ജി. ചേടിയത്ത്, തിയഡോർ–മതാധ്യാപന പ്രസംഗങ്ങൾ, കോട്ടയം 1986, പേ. 133–151). അതുപോലെ മോശബർ കേഫാ രചിച്ച ഭാഷ്യം 1988-ൽ പ്രസിദ്ധീകരിച്ചു (ജി. ചേടിയത്ത്, സഭാപിതാക്കന്മാർ–II, കോട്ടയം, 1988, പേ. 53–62). “പ്രാർത്ഥന സുറിയാനിസഭയിൽ” എന്ന പേരിൽ ഒരു കൃതിയും പ്രസിദ്ധീകരിച്ചിട്ടുണ്ട് (കോട്ടയം, 1992).

ഈ പുസ്തകത്തിൽ നല്ലൊരു ഭാഗം ഒരിജന്റെ കൃതിയാണ് (പെരി എവുക്കേസ്). ഈ വിഷയം സംബന്ധിച്ച് ഇത്ര വിശദമായി സഭാരംഭകാലത്ത് മറ്റൊരെഴുത്തുകാരനും ചർച്ചചെയ്തിട്ടില്ല. ഒരിജന്റ് ചില വിവരണങ്ങളും അഭിപ്രായങ്ങളും സഭ സ്വീകരിക്കുന്നില്ല. അവ അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായങ്ങളായി നിലകൊള്ളുന്നു. അധ്യായം പതിനഞ്ചിലേയും പതിനാറിലേയും ചില പരാമർശങ്ങൾ സാർവത്രിക സഭയുടെ പ്രബോധനമല്ല. ഉദാ: ‘പിതാവിനോടു മാത്രമേ പ്രാർഥിക്കാവൂ; ക്രിസ്തുവിനോടു പ്രാർത്ഥിക്കാൻ പാടില്ല’. വചനത്തെപ്പറ്റിയുള്ള വികലമായ ആശയങ്ങളായിരിക്കാം അപ്രകാരം പറയാൻ ഒരിജനെ പ്രേരിപ്പിച്ചത്. ഈ സംഗതിയൊഴിച്ചാൽ, ഈ വിഷയത്തെ സംബന്ധിച്ച് ഒരിജൻ നൽകിയിട്ടുള്ള സംഭാവന സാരവത്താണ്.

എവാഗ്രിയസ് എന്ന താപസന്റെ പ്രാർത്ഥനയെക്കുറിച്ചുള്ള 153 ഖണ്ഡികകളും ഈ വിഷയത്തിൽ വിലപ്പെട്ട ഒരു സംഭാവനയാണ്. സാധാരണക്കാർക്ക് ഗ്രഹിക്കാൻ പ്രയാസമാണ് എവാഗ്രിയസിന്റെ ശൈലി. അതുകൊണ്ട് സിറിയൻ–ഗ്രീക്ക് താപസർ എവാഗ്രിയൻ കൃതികൾക്ക് ഭാഷ്യങ്ങളെഴുതിയിട്ടുണ്ട്. എവാഗ്രിയൻ ആധ്യാത്മികതയിലെ ഒരു സുപ്രധാന പദമാണ് അപ്പതെയ്യാ (apatheia). നിർവികാരത എന്നാണ് ഇത് വിവർത്തനം ചെയ്തിരിക്കുന്നത്. “വികാരാതീതത്വം” എന്നു പറയുന്നതാകും കുറേക്കൂടി ശരി. ദൈവത്തെയും മനുഷ്യനെയും കുറിക്കാൻ പിതാക്കന്മാർ ഈ പദം ഉപയോഗിച്ചിട്ടുണ്ട്. ദൈവത്തിന്റെ ‘വികാരാതീതത്വത്തെ’ അനുകരിക്കുന്നതാണ് ഏറ്റവും വലിയ പൂർണത. ‘ഇത

www.malankaralibrary.com

ക്രിസ്ത്യാനികളുടെ മുഖമുദ്രയാണ്'' എന്നാണ് ജസ്ററിൻെറ അഭിപ്രായം. ഈജിപ്തിലെ സന്യാസികൾ ഈ ആശയത്തിനു വളരെയധികം പ്രചരണം നൽകി. ധ്യാനാത്മക ജീവിതം വികാരാതീതത്വത്തിലധിഷ്ഠിതമാണെന്ന് ഒരിജൻ കരുതി (സുഭാഷിത ഭാഷ്യം, 31.21). ജോൺ ക്ലിമാക്കുസ് തൻെറ 'ഗോവണി'യുടെ ഇരുപത്തിഒൻപതാം പടിയായി വികാരാതീതത്വത്തെ കാണുന്നു.

ഈ കൃതിക്ക് ഒരു അവതാരിക തന്ന് അനുഗ്രഹിച്ച അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രപ്പോലിത്താ തിരുമേനിയോടുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളട്ടെ. അഭിവന്ദ്യപിതാവിൻെറ പൗരോഹിത്യ ജൂബിലി സ്മാരകമായി ഈ കൃതി സമർപ്പിച്ചുകൊള്ളുന്നു. മലയാളികളായ വായനക്കാർക്ക് ഈ കൃതി ഒരു കൈത്തിരിയായി ഭവിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഈ കൃതി സഹൃദയസമക്ഷം സാദരം സമർപ്പിച്ചുകൊള്ളുന്നു.

ഫാ. ജി. ചേടിയത്ത്

കോട്ടയം
24–8–1993.

# അവതാരിക

ദൈവം സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യനെ അധിവസിപ്പിക്കുവാനായി, ഒരു വത്സലപിതാവിനെപ്പോലെ, മനോഹരവും സമ്പന്നവുമായ ഈ പ്രപഞ്ചം തയ്യാറാക്കി. ദൈവത്തെ അറിഞ്ഞ് സർവ്വാത്മനാ മഹത്വപ്പെടുത്തുന്നതോടൊപ്പം, മൂകസൃഷ്ടികളെയെല്ലാം അവയുടെ പരമാന്ത്യത്തിലേയ്ക്ക് ആനയിക്കുവാനായിട്ടുമാണ് ദൈവം മനുഷ്യന് വിശേഷബുദ്ധി നൽകിയത്.

പാപം നിമിത്തം ഈ ക്രമമെല്ലാം തകർന്നു. മനുഷ്യൻ ദൈവത്തിൽ നിന്ന് അകന്നതോടെ മൂകസൃഷ്ടികളെല്ലാം മനുഷ്യനിൽനിന്നും അകന്നു. ഇന്ന് ഒരുഭാഗത്ത് മനുഷ്യന്, ഭൗതികവസ്തുക്കളെപ്പററിയുള്ള അറിവ് സ്പോടകാത്മകമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. മറുഭാഗത്ത് ഭൗതികവസ്തുക്കൾക്ക് മനുഷ്യൻെറ മേലുള്ള സ്വാധീനവും, ആധിപത്യവും അതിലും അധികമായി വർദ്ധിച്ചുവരുന്നു. ദൈവമക്കൾക്കുള്ള സ്വാതന്ത്ര്യത്തോടുകൂടെ ഭൗതികവസ്തുക്കളെ കൈകാര്യം ചെയ്യുന്നതിനുപകരം, ഇന്ന് മനുഷ്യൻ പ്രായേണ നാൾക്കുനാൾ പൂർവ്വാധികം അവയുടെ അടിമത്തത്തിനു സ്വയം വിധേയനാകുകയാണ്. മുടിയനായ പുത്രനെപ്പോലെ ആധുനിക മനുഷ്യൻ, ദൈവത്തിൻെറ നന്മയും സ്നേഹവും മറന്ന്, ദൈവസന്നിധിയിൽ നിന്നും ദൈവചിന്തയിൽനിന്നും അകന്ന്, അരിഷ്ടതയിലും ധാർമ്മിക തകർച്ചയിലും അകപ്പെട്ട് നട്ടം തിരിയുകയാണ്. പ്രാർത്ഥനയുടെ ആവശ്യം അവനു ബോദ്ധ്യമാകുന്നില്ല. പ്രാർത്ഥിക്കുവാനുള്ള കഴിവുപോലും അവന് നഷ്ടമായിക്കൊണ്ടിരിക്കുന്നു. വേദപാരായണത്തെ പത്രപാരായണം നിഷ്കാസനം ചെയ്തതായി ഹീഗൽ നേരത്തെ ആവലാതിപ്പെട്ടിരുന്നു. ഇന്ന് ടെലിവിഷൻ പ്രാർത്ഥനയേയും ബഹിഷ്ക്കരിക്കുകയാണ്. നിരാശയുടേയും ആകുലതയുടേയും ചുഴിയിൽ വീണ് ആധുനിക മനുഷ്യൻ അലയുകയാണ്.

നഷ്ടപ്പെട്ടുപോയ പൈതൃകം വീണ്ടെടുക്കുന്നതിനും, ജീവിതത്തിന് അത്താണിയായ ഈശ്വരനോടുള്ള ബന്ധം പുന:സ്ഥാപിക്കുന്നതിനും, സ്നേഹനിർഭരമായ അവിടുത്തെ സാന്നിദ്ധ്യത്തിൽ നിർവൃതി കണ്ടെത്തുന്നതിനും ഉതകുന്ന ഒരു പുതിയ ദർശനമാണ് ഇന്ന് മനുഷ്യനാവശ്യം. സഭാപിതാക്കന്മാർ പ്രാർത്ഥനയെപ്പററി രചിച്ചിട്ടുള്ള വിശിഷ്ട ഗ്രന്ഥങ്ങൾ ഇപ്രകാരമുള്ള ഒരു ദർശനം നൽകുന്നതിന് സർവഥാ പര്യാപ്തമാണ്. പിതാക്കന്മാരാൽ വിരചിതമായ പതിനഞ്ചിലേറെ വിശിഷ്ടപ്രബന്ധങ്ങൾ അടങ്ങിയ അനർഘമായ ഒരു നിക്ഷേപം— ''പ്രാർത്ഥന സഭയിൽ'' – ബ. ഗീവർഗീസ് ചെടിയത്തച്ചൻ ഇപ്പോൾ കേരളീയർക്ക് ലഭ്യമാക്കുകയാണ്.

www.malankaralibrary.com

വിശ്വാസം തഴച്ചു വളരുകയും സമൃദ്ധമായ ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്ന ആദിമ കാലത്ത്, ദൈവവും മനുഷ്യരും തമ്മിലുള്ള ബന്ധത്തെപ്പററി യോഗീവര്യന്മാർ ഗഹനമായും അത്യാകർഷകമായും പ്രതിപാദിച്ചിട്ടുണ്ട്. സ്വജീവിതാനുഭവങ്ങളെ ആസ്പദമാക്കി ക്രിസ്തീയ വിശ്വാസികൾക്ക് അവർ നൽകിയിട്ടുള്ള വിശിഷ്ടോപദേശങ്ങളാണ് ഇവയുടെ ഉള്ളടക്കം.

കേരളത്തിൽ ക്രിസ്തുമതം അതിപുരാതനകാലം മുതൽ നിലനില്ക്കുന്നുണ്ടെങ്കിലും, നിർഭാഗ്യവശാൽ പിതാക്കൻമാരുടെ വിശിഷ്ടഗ്രന്ഥങ്ങൾ പ്രായേണ നമുക്ക് അപ്രാപ്യങ്ങളാണ്. ദൈവാരാധനയിലും, കുടുംബപ്രാർത്ഥനയിലും നമുക്കുണ്ടായിരുന്ന നല്ല പാരമ്പര്യങ്ങൾ നഷ്ടപ്പെട്ടുപോകാതെ നിലനിർത്തുന്നതിനും, അവയ്ക്ക് ഒരു പുതിയ മാനവും, ചൈതന്യവും നൽകുന്നതിനും ഈ പ്രസിദ്ധീകരണം സഹായിക്കും.

പ്രാർത്ഥനയുടെ സ്വഭാവം, ആവശ്യം, പ്രയോജനം എന്നിവ പൊതുവായി പ്രതിപാദിച്ചശേഷം, ക്രിസ്തു നമ്മെ പഠിപ്പിച്ച 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന അത്യുത്തമമായ പ്രാർത്ഥന, പിതാക്കൻമാർ വ്യാഖ്യാനിക്കുകയാണ്. ദൈവികനന്മകളുടെ ഒരു അനർഘ ഖനിയുമാണ് ഈ പ്രാർത്ഥന.

നമ്മുടെ ഹൃദയങ്ങളിൽതന്നെ ദൈവരാജ്യം സംസ്ഥാപിതമാകുന്നതിനും, സ്വർഗത്തിൽ പ്രാപിക്കുവാൻ നാം നോക്കിപ്പാർക്കുന്ന സൗഭാഗ്യജീവിതം ഈ ലോകത്തിലെ പ്രാതികൂല്യങ്ങളുടേയും, ദുഃഖങ്ങളുടേയും മദ്ധ്യേ തന്നെ ആരംഭിക്കുന്നതിനും ഈ വിശിഷ്ടോപദേശങ്ങൾ നമ്മെ സഹായിക്കും.

സഭാപിതാക്കൻമാർ നമ്മുടെ ക്രിസ്തീയ ജീവിതത്തിന് ഉത്തമ മാർഗദർശികളാണ്. അതേസമയം വിവിധങ്ങളായ അവരുടെ ഉപദേശങ്ങൾ പരസ്പരപൂരകങ്ങളായിട്ടാണ് നാം കാണേണ്ടത്. ഒരിജനെപ്പോലെയുള്ള ചില ചിന്തകരുടെ എഴുത്തുകളിൽ കുറേ പിശകുകൾ കടന്നുകൂടിയിട്ടുണ്ട്. സാർവ്വത്രിക സഭയും, സഭയുടെ ദൃശ്യതലവനായ മാർപ്പാപ്പയും മാത്രമാണ് അപ്രമാദിത്വവരം ദൈവം നൽകിയിട്ടുള്ളത്. പിതാക്കന്മാരുടെ വ്യക്തിപരമായ ചിന്തകൾ, അവരുടെയെല്ലാവരുടേയും പൊതുവായ പഠനങ്ങളുടേയും, ആനുകാലികമായി സഭാധികാരികൾ നൽകുന്ന ഉപദേശങ്ങളുടേയും വെളിച്ചത്തിൽ വേണം നാം മനസിലാക്കുവാൻ.

പ്രാർത്ഥനാജീവിതം പൂർവ്വാധികം ഉത്ബുദ്ധമാക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഈ ഗ്രന്ഥം വളരെയധികം സഹായിക്കും. കേരളത്തിലെ ക്രൈസ്തവജീവിതത്തിൽ ഒരു പുതിയ ചൈതന്യവും സാഫല്യവും ഉളവാകുന്നതിന് ഈ ഗ്രന്ഥം ഇടയാക്കിത്തീർക്കട്ടെ!

ബനഡിക്ട് മാർ ഗ്രിഗോറിയോസ്
തിരുവനന്തപുരം മെത്രാപ്പോലീത്താ.

# വിഷയവിവരം


ആമുഖം 3

അവതാരിക 5

1 തെർത്തുല്യൻ—പ്രാർത്ഥന 9
വിവർത്തനം: റവ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ

വി. സിപ്രിയാൻ—കർതൃപ്രാർത്ഥന 37
വിവർത്തനം: റവ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ

ഒരിജൻ—പ്രാർത്ഥന 67
വിവർത്തനം: പ്രൊഫ. കെ. വി. ജോസഫ്

ആമുഖം 71

ഭാഗം 1—പ്രാർത്ഥനയെക്കുറിച്ചു പൊതുവായി 78

പ്രാർത്ഥന എന്ന വാക്കിന്റെ രണ്ടർത്ഥത്തിലുള്ള പ്രയോഗങ്ങൾ—78; അഭ്യർത്ഥന എന്ന പദത്തിന്റെ രണ്ടർത്ഥത്തിലുള്ള പ്രയോഗങ്ങൾ—81; പ്രാർത്ഥനയ്ക്ക് എതിരായിട്ടുള്ള വാദങ്ങൾ—82; എതിർവാദങ്ങൾക്കു മറുപടി—86; പ്രാർത്ഥനയുടെ പ്രയോജനം—91; ക്രിസ്തു നമ്മോടൊത്തു പ്രാർത്ഥിക്കുന്നു—96; മാലാഖമാരും വിശുദ്ധരും നമ്മോടൊത്തു പ്രാർത്ഥിക്കുന്നു—97; കേൾക്കപ്പെട്ട പ്രാർത്ഥനകൾക്ക് ഉദാഹരണങ്ങൾ—101; എന്തിനായി നാം പ്രാർത്ഥിക്കണം—106; നാലുതരം പ്രാർത്ഥനകൾ—107; യാചന—107; പ്രാർത്ഥന—108; മാദ്ധ്യസ്ഥ്യ പ്രാർത്ഥന—109; സ്തോത്രാർപ്പണം—110; പിതാവായ ദൈവത്തോടു മാത്രം പ്രാർത്ഥിക്കുക—111; ക്രിസ്തുവഴിയായി പ്രാർത്ഥിക്കണം—112; ആദ്ധ്യാത്മികവും ഭൗതികവുമായ അനുഗ്രഹങ്ങൾ—115.

ഭാഗം 2—കർതൃപ്രാർത്ഥന 118

പ്രാർത്ഥനയ്ക്കുവേണ്ട മനോഭാവം—120; സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ—125; നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ—133; നിന്റെ രാജ്യം വരണമെ—137; നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ—140; ഞങ്ങൾക്കാവശ്യമായ അപ്പം ഇന്നു ഞങ്ങൾക്കു നൽകണമെ

www.malankaralibrary.com

—144; യഥാർത്ഥ അപ്പം—144; അനുദിനഭോജനം—148; ഇന്ന്—153; ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതു പോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമെ —157; നമ്മുടെ കടങ്ങൾ—157; നമ്മുടെ കടക്കാർ—160; പാപങ്ങളുടെ മോചനം—161; ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ; തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ—164; പ്രലോഭനം—164; ദൈവം പ്രലോഭനങ്ങൾ അനുവദിക്കുന്നു —169; പ്രലോഭനങ്ങൾ കൊണ്ടുള്ള പ്രയോജനം—175; ദുഷ്ടനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ—176.

ഭാഗം 3—അനുബന്ധചിന്തകൾ 179

പ്രാർത്ഥനാസമയത്തെ മാനസികാവസ്ഥ—179; പ്രാർത്ഥനാസമയത്തെ ശാരീരികനില—180; പ്രാത്ഥനയ്ക്കുള്ള സ്ഥലം —181; പൂർവാഭിമുഖമായ പ്രാർത്ഥന—185; പ്രാർത്ഥനയുടെ നാലുഭാഗങ്ങൾ—185; ഉപസംഹാരം—187.

4 ക്ളെമൻറ്—പ്രാർത്ഥന 188
വിവർത്തനം: റവ. മാത്യു ചന്ദ്രൻകുന്നേൽ

5 എവാഗ്രിയസ്—പ്രാർത്ഥന 202

6 ജറുസലേമിലെ സിറിൾ—കർതൃപ്രാർത്ഥന 232

7 വി. ജോൺ ക്രിസോസ്തോം—പ്രാർത്ഥന 235

8 വി. ഗ്രിഗറി നീസ്സാ—കർതൃപ്രാർത്ഥന 240
വിവർത്തനം: റവ. ഫാ. ജേക്കബ് ഞായല്ലൂർ

9 വി. അഗസ്ററിൻ—പ്രാർത്ഥന 303

10 മേർവിലെ ഈശോദാദ്—പ്രാർത്ഥന 325

11 വി. ബസേലിയോസ്—പ്രാർത്ഥന 329

12 വി. ജറോം—പ്രാർത്ഥന 331

13 വി. ജോൺ ഡമഷീൻ—പ്രാർത്ഥന 333

14 ബർ എബ്രായാ—പ്രാർത്ഥന 335

15 പുരാതനരേഖകൾ 341

ഡിഡാക്കെ—341; അപ്പസ്തോലിക കോൺസ്റ്റിററ്യൂഷൻസ് —341; അപ്പസ്തോലിക പാരമ്പര്യം—342; ഹിപ്പോളിററസിൻെറ കാനോനകൾ—343; കർത്താവിൻെറ വിൽപത്രം—345; നിഖ്യാസൂനഹദോസ്—346.

# തെർത്തൂല്യൻ

ആഫ്രിക്കയിൽ നിന്നുള്ള ഒരു ക്രൈസ്തവ സാഹിത്യകാരനാണ് ക്വിൻതുസ് സെപ്തീമിയസ് ഫ്ളോറൻസ് തെർത്തുല്യാനുസ് (155—220). അദ്ദേഹം നിയമം പഠിച്ച് റോമിൽ അഭിഭാഷകനായി; 193—ഓടുകൂടി ക്രിസ്ത്യാനിയായി. 195—നും 220—നും ഇടയ്ക്കാണ് തെർത്തൂല്യൻെറ സാഹിത്യസൃഷ്ടികൾ നടന്നത്. കാർത്തേജിൽ തിരിച്ചെത്തിയ തെർത്തുല്യൻ തൻെറ ജ്ഞാനമെല്ലാം ക്രൈസ്തവ വിശ്വാസം വിശദീകരിക്കാൻ ഉപയോഗിച്ചു. അദ്ദേഹത്തിൻെറ ചിന്താസരണി പിൽക്കാല ക്രൈസ്തവ ദൈവശാസ്ത്രത്തിൽ സാരമായ സ്വാധീനം ചെലുത്തി. നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ് അദ്ദേഹം. ജീവിതാന്ത്യംവരെ ക്ഷീണമെന്തെന്നറിയാത്ത കരങ്ങളായിരുന്നു അദ്ദേഹത്തിൻേറത്.

"പ്രാർത്ഥനയെപ്പററിയുള്ള" കൃതി (De Oratione) മാമോദീസാ സ്വീകരിക്കാൻ ഒരുങ്ങുന്നവരെ ഉദ്ദേശിച്ചുള്ളതാണ്. 193-നും 200—നും ഇടയ്ക്ക് വിരചിതമാണിത്. പഴയനിയമത്തിന് അജ്ഞാതമായ ഒരു പ്രാർത്ഥനാശൈലി പുതിയനിയമം ചൂണ്ടിക്കാട്ടുന്നു എന്ന ആമുഖത്തോടെ ഈ ചെറിയ കൃതി ആരംഭിക്കുന്നു. ദൈവത്തോട് എപ്രകാരം പ്രാർത്ഥിക്കണം എന്നതിൻെറ മാതൃക 'കർതൃപ്രാർത്ഥന' വരച്ചുകാട്ടുന്നു. കർതൃപ്രാർത്ഥനയുടെ ഏററം പ്രാചീനഭാഷ്യം ഈ ഗ്രന്ഥത്തിലാണ്. ഓരോ വാക്യവുമെടുത്ത് അദ്ദേഹം അപഗ്രഥിക്കുന്നു (2—9). അതേത്തുടർന്ന് പ്രാർത്ഥനയെ സംബന്ധിച്ചുള്ള വിവിധ ഉപദേശങ്ങൾ കാണാം (10—28). പ്രാർത്ഥനയുടെ ഫലസിദ്ധിയെക്കുറിച്ചുള്ള അധ്യായത്തോടുകൂടി (29) കൃതി അവസാനിക്കുന്നു.

പ്രാർത്ഥന ഫലപ്രദമാകണമെങ്കിൽ സഹോദരനോട് രമ്യപ്പെടണം എന്ന് അദ്ദേഹം ഉപദേശിക്കുന്നു (10—12). ഹൃദയവിശുദ്ധി (13—14), വിനയവും അടക്കവും ഉള്ള ശാരീരിക നിലപാട് (17), പ്രാർത്ഥനാനന്തരമുള്ള സമാധാനചുംബനം (18), സ്ത്രീകളുടെ വസ്ത്രധാരണം (20—22) ആദിയായ സംഗതികൾ അദ്ദേഹം ചർച്ച ചെയ്യുന്നു.

www.malankaralibrary.com



എല്ലാ ജീവിതത്തുറകളിലും നിന്നുള്ളവർ ശ്രോതാക്കളായിട്ടുണ്ടായിരുന്നു എന്നതിന്റെ ലക്ഷണം കൃതിയിൽ നിന്നു വ്യക്തമാണ്. ബിസിനസുകാർ (7), സൈനികർ (19) എന്നിവരുടെ പശ്ചാത്തലങ്ങളിൽനിന്നുള്ള പദപ്രയോഗങ്ങളും സുലഭമാണ്. അന്നത്തെ ആരാധനക്രമത്തെക്കുറിച്ചുള്ള സൂചനയും ഇതിൽ നിന്നു ലഭിക്കുന്നു (3): കുർബാനയിലെ അനാഫറയുടെ സൂചന: ''നിശ്ചയമായും എല്ലാ സ്ഥലങ്ങളിലും എല്ലാ സമയത്തും ദൈവം വാഴ്ത്തപ്പെടുക എന്നത് ശരിയായിട്ടുള്ള സംഗതിയാണ്. കാരണം, അവിടുത്തെ നൻമകളെ അനുസ്മരിക്കുക ഓരോ മനുഷ്യന്റെയും കടമയാണ്....ശുശ്രൂഷിക്കുന്ന മാലാഖമാരുടെ നിരകൾ ''പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ'' എന്ന് ഇടവിടാതെ അവിടുത്തെ സ്തുതിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് മാലാഖമാരുടെ ഭാവിസഖികളായ നാമും, ഈ പ്രതിഫലം പ്രാപിക്കുമെങ്കിൽ, ഈ ഭൂമിയിൽ ആയിരിക്കവെ തന്നെ ദൈവസ്തുതിയുടെ സ്വർഗീയ ഗീതവുമായും നമ്മുടെ ഭാവി മഹത്വത്തിന്റെ കടമയുമായും പരിചയപ്പെട്ടിരിക്കണം.'' കർതൃപ്രാർത്ഥന കുർബാനയിൽ ഉപയോഗിച്ചിരുന്നു എന്നതിന്റെ സൂചനയും ഈ കൃതിയിലുണ്ട് (3—4, 10.14).

**Bibliography**

Sr. Emily Joseph Daly (tr), *Prayer* in Tertullian- Disciplinary, Moral and Ascetical works, *(Fathers of the Church—A New Translation: Vol. 40)*, N. Y. 1959, P. 157—188.

# പ്രാർത്ഥന

## അധ്യായം 1

1 ദൈവത്തിന്റെ ആത്മാവും ദൈവത്തിന്റെ വചനവും ദൈവത്തിന്റെ ബുദ്ധിയും—ബുദ്ധിയെ വെളിപ്പെടുത്തുന്ന വചനവും, വചനത്തെ സ്വന്തമാക്കിയ ബുദ്ധിയും, രണ്ടിന്റെയും ആത്മാവും — ആയ നമ്മുടെ കർത്താവീശോമിശിഹാ പുതിയ നിയമത്തിന്റെ പുതിയ ശിഷ്യർക്കുവേണ്ടി പ്രാർത്ഥനയുടെ പുതിയൊരു രൂപം നിർണ്ണയിച്ചു. കാരണം, ഈ കാര്യത്തിലും, പുതുവീഞ്ഞ് പുതിയ തോല്ക്കുടങ്ങളിൽ വയ്ക്കുകയും പുതിയ കഷണം പുതിയ വസ്ത്രത്തോടു ചേർക്കുകയും ചെയ്യുക ആവശ്യമായിരുന്നു (മത്താ. 9:16,17). കൂടാതെ, മുൻകാലങ്ങളിൽ ഉണ്ടായിരുന്നവ എന്തുതന്നെ ആയിരുന്നാലും, ഛേദനാചാരം പോലെയുള്ളവ നീക്കപ്പെട്ടു; നിയമത്തിൽ അവശേഷിച്ചിരുന്നവപോലെയുള്ളവ പൂർണ്ണമാക്കപ്പെട്ടു: പ്രവചനം പോലെയുള്ളവ പൂർത്തീകരിക്കപ്പെട്ടു; അല്ലെങ്കിൽ, വിശ്വാസം പോലെയുള്ളവ പരിപൂർണ്ണമാക്കപ്പെട്ടു. 2. സുവിശേഷത്തിന്റെ വരവോടുകൂടി, പഴയതിനെ നിശേഷം നിർമാർജനം ചെയ്യുന്ന ദൈവത്തിന്റെ പുതിയ കൃപ, ജഡികമായതിൽനിന്ന് ആത്മീയമായതിലേക്ക് എല്ലാററിനെയും തിരിച്ചു. ഈ കൃപയിൽ നമ്മുടെ കർത്താവീശോമിശിഹാ എന്ന ദൈവത്തിന്റെ ആത്മാവും, ദൈവത്തിന്റെ വചനവും, ദൈവത്തിന്റെ ബുദ്ധിയും ഉണ്ടെന്നു തെളിയിക്കപ്പെട്ടിരിക്കുന്നു; ആത്മാവ് എന്ന നിലയിൽ അവിടുന്നു പ്രബലപ്പെട്ടു; വചനത്താൽ അവിടുന്നു പഠിപ്പിച്ചു; ബുദ്ധിയാൽ അവിടുന്നു വന്നു. അതുകൊണ്ട് മിശിഹാ രൂപം നല്കിയ പ്രാർത്ഥനയ്ക്കു മൂന്നു ഭാഗങ്ങളുണ്ട്: ആത്മാവ്: അതുവഴി പ്രാർത്ഥനയ്ക്കു ശക്തിയുണ്ടാകുന്നു; വചനം: അതുവഴി അത് വെളിപ്പെടുന്നു; ബുദ്ധി: അത് അനുരഞ്ജനം സാധിക്കുന്നതിനു കാരണമാകുന്നു. 3. യോഹന്നാൻ തന്നെയും തന്റെ ശിഷ്യരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചു; എന്നാൽ ''അവിടുന്നു വളരുന്നതുവരെ'' യോഹന്നാൻ ചെയ്തവയെല്ലാം ക്രിസ്തുവിനൊരുക്കം ആയിരുന്നു; ''അവൻ വളരുകയും ഞാൻ കുറയുകയും വേണം'' (യോഹ. 3: 30—32) എന്ന് യോഹന്നാൻ തന്നെ പ്രവചിച്ചിരുന്നല്ലോ. ദാസന്റെ എല്ലാ പ്രവർത്തനങ്ങളും ആത്മാവോടുകൂടി യജമാനനിലേക്കു കടന്നു. അതുകൊണ്ട്, ഏതുരീതിയിൽ യോഹന്നാൻ ജനങ്ങളെ പഠിപ്പിച്ചുവെന്ന് നമുക്കറിഞ്ഞുകൂടാ; കാരണം, ഭൗമികമായവ

www.malankaralibrary.com



സ്വർഗ്ഗീയമായവയ്ക്ക് വഴിമാറിക്കൊടുത്തു. യോഹന്നാൻ പറയുന്നു: ''ഭൂമിയിൽ നിന്നുള്ളവൻ ഭൗമികമായവ സംസാരിക്കുന്നു. സ്വർഗ്ഗത്തിൽ നിന്ന് വരുന്നവൻ താൻ കണ്ട സംഗതികൾക്ക് സാക്ഷ്യം വഹിക്കുന്നു.'' കർത്താവായ മിശിഹായുടെ പ്രാർത്ഥനയെപ്പററിയുള്ള പ്രബോധനം ഉൾപ്പെടെയുള്ള സംഗതികളിൽ സ്വർഗ്ഗീയമല്ലാത്തതെന്താണുള്ളത്?

4. അതുകൊണ്ട്, ഭാഗ്യവാന്മാരേ,1 ഒന്നാമതായി, രഹസ്യത്തിൽ പ്രാർത്ഥിക്കണമെന്ന കല്പനയെക്കുറിച്ചുള്ള അവിടുത്തെ സ്വർഗ്ഗീയ വിജ്ഞാനം നമുക്കു പരിഗണിക്കാം. സർവ്വശക്തനായ ദൈവത്തിന്റെ കാഴ്ചയും കേൾവിയും മേല്ക്കൂരയ്ക്കടിയിലും, രഹസ്യസ്ഥലത്തുപോലും വ്യാപിച്ചിരിക്കുന്നു എന്ന ഉറപ്പുള്ളവണ്ണം ആയിരിക്കണം മനുഷ്യരുടെ വിശ്വാസം. എല്ലാം കാണുകയും എല്ലാം കേൾക്കുകയും ചെയ്യുന്ന ദൈവത്തിനു മാത്രം ആരാധന അർപ്പിക്കത്തക്കവിധം വിശ്വാസത്തിൽ വെടിപ്പുണ്ടായിരിക്കണം. 5. കൂടാതെ, താഴെപ്പറയുന്ന പ്രമാണത്തിൽ ഉള്ള അടുത്ത ശിപാർശ, വിശ്വാസത്തോടു ചേർന്നതും വിശ്വാസത്തിന്റെ ശരിയായിട്ടുള്ള പ്രകാശനവും ആയിരിക്കട്ടെ; അതായത്, വാക്കുകളുടെ ബാഹുല്യത്തോടെ നാം കർത്താവിനെ സമീപിക്കണം എന്നു നാം ചിന്തിക്കരുത് തന്റെ സൃഷ്ടികളെക്കുറിച്ച് അഭ്യർത്ഥന കൂടാതെ അവിടുത്തേക്ക് സ്വന്തമായിത്തന്നെ മുൻകരുതൽ ഉണ്ടെന്നു നമുക്കുറപ്പുണ്ട്. 6. തന്റെ പ്രബോധനത്തിന്റെ മൂന്നാം പോയിന്റ് ആയ കൃത്യമായ പദപ്രയോഗം, ആഴവും പ്രയോജനകരവുമായ അലങ്കാരത്തിൽ അധിഷ്ഠിതമാണ്. ചുരുങ്ങിയ വാക്കുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെങ്കിലും ആ ചിന്ത ആശയസമ്പുഷ്ടമാണ്. ദൈവാരാധന, മനുഷ്യർക്കുവേണ്ടിയുള്ള അപേക്ഷ തുടങ്ങിയ പ്രാർത്ഥനയുടെ പ്രത്യേക കടമകൾ മാത്രമല്ല, പിന്നെയോ, കർത്താവിന്റെ എല്ലാവാക്കുകളും തന്റെ പ്രബോധനത്തിന്റെ പൂർണ്ണമായ ഉള്ളടക്കവും അതുൾക്കൊള്ളുന്നു. അങ്ങനെ കർതൃപ്രാർത്ഥനയിൽ സുവിശേഷത്തിന്റെ മുഴുവൻ സാരസംഗ്രഹം തന്നെ അടങ്ങിയിരിക്കുന്നു.

1 സ്നാനാർത്ഥികൾക്കുള്ള ഒരഭിസംബോധനയാണിത്.



## അധ്യായം 2

''സ്വർഗ്ഗസ്ഥനായ പിതാവേ'',2 എന്നു നാം പറയുമ്പോൾ ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തിനു തെളിവും സമ്മാനാർഹമായ വിശ്വാസപ്രകടനവും കൊണ്ട് നാം പ്രാർത്ഥന ആരംഭിക്കുകയാണ്. കാരണം, നാം ദൈവത്തെ ആരാധിക്കുകയും നമ്മുടെ വിശ്വാസം തെളിയിക്കുകയും ചെയ്യുകയാണ്. ഈ വിളി അതിന്റെ ഫലമാണ്. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: ''ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ അവൻ അധികാരം നൽകി'' (യോഹ. 1:12). 2. നമ്മുടെ കർത്താവ് മിക്കപ്പോഴും ദൈവത്തെ നമുക്ക് പിതാവായി പ്രഖ്യാപിച്ചിട്ടുണ്ട്; സ്വർഗ്ഗത്തിലുള്ള പിതാവിനെയല്ലാതെ ഭൂമിയിൽ ആരേയും പിതാവെന്നു വിളിക്കരുതെന്ന് അവിടുന്ന് കല്പനപോലും തന്നിരിക്കുന്നു (മത്താ. 23:9). അതുകൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കുമ്പോൾ നാം ഒരു കല്പന പാലിക്കുക കൂടിയത്രേ ചെയ്യുക. 3. പിതാവിനെ അറിയുന്നവർ ഭാഗ്യവാന്മാർ! ''ഞാൻ മക്കളെ ജനിപ്പിച്ചു; എന്നാൽ അവരാകട്ടെ എന്നെ അറിഞ്ഞില്ല'' എന്ന് ആകാശത്തേയും ഭൂമിയേയും സാക്ഷിനിർത്തിക്കൊണ്ട് ആത്മാവ് പറയുമ്പോൾ ഇസ്രായേലിനെതിരെ ഈ ശകാരമാണ് നടത്തപ്പെടുക (ഏശ. 1:2). 4. കൂടാതെ, പിതാവേ, എന്നു നാം വിളിക്കുമ്പോൾ ദൈവത്തിന്റെ പേരിനോട് സംജ്ഞകൂടി നാം കൂട്ടിച്ചേർക്കുകയത്രേ ചെയ്യുക. മക്കളുടെ സ്നേഹത്തിന്റേയും അതേ സമയം ശക്തിയുടേതുമാണ് ഈ വിളി. 5. പിതാവിൽ പുത്രനേയും നാം വിളിക്കുന്നു; കാരണം, മിശിഹാ അരുൾച്ചെയ്യുന്നു: ''ഞാനും എന്റെ പിതാവും ഒന്നാകുന്നു'' (യോഹ. 10;30). 6. ഇവിടെ നമ്മുടെ അമ്മയായ സഭയെപ്പററി പരാമർശിക്കാതെ നാം വിട്ടുകളയുന്നില്ല. കാരണം, പിതാവിലും പുത്രനിലും അമ്മയെയും നാം അംഗീകരിക്കുന്നുണ്ടല്ലോ. പിതാവെന്നും പുത്രനെന്നും ഉള്ള പേരുകൾ അമ്മവഴിയാണല്ലോ അർത്ഥപൂർണ്ണമാകുന്നത്; 7. ചുരുക്കത്തിൽ, ഈ രൂപം കൊണ്ട്, അഥവാ വാക്കുകൊണ്ട് നാം ദൈവത്തെ തന്റെ സ്വന്തത്തോടുകൂടി3 ബഹുമാനിക്കുന്നു; പിതാവിനെ മറന്നു ജീവിക്കുന്നവരെ കുററപ്പെടുത്തുകയും ചെയ്യുന്നു.

2. തെർത്തൂല്യൻ ഉപയോഗിച്ച കർതൃപ്രാർത്ഥന ഇപ്രകാരമായിരുന്നു: Pater qui in caelis es, sanctificetur nomen tuum. Fiat voluntas tua in caelis et in terra. Veniat regnum tuum. Panem nostrum quotidianum da nobis hodie. Dimitte nobis debita nostra, (sicut) nos quoque remittimus debitoribus nostris. Ne nos inducas in temptationem, sed devehe nos a malo.

www.malankaralibrary.com



## അധ്യായം 3

1. 'പിതാവായ ദൈവം' എന്ന നാമം ആർക്കും വെളിപ്പെടുത്തപ്പെട്ടിരുന്നില്ല. ഇതു സംബന്ധിച്ചു തന്നെ മോശ ചോദിച്ചെങ്കിലും വ്യത്യസ്തമായൊരു നാമമാണ് അവൻ കേട്ടത് (പുറ. 3:13–16). നമുക്ക് പുത്രനിൽ ഇത് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു; കാരണം, പുത്രൻ വരുന്നതിനുമുൻപ് പിതാവിന്റെ നാമം വെളിപ്പെടുത്തപ്പെട്ടില്ല. ''ഞാൻ പിതാവിന്റെ നാമത്തിൽ വന്നിരിക്കുന്നു' എന്ന് മിശിഹാ അരുളിച്ചെയ്യുന്നു (യോഹ. 5:43); വീണ്ടും 'പിതാവേ, അങ്ങയുടെ നാമത്തെ മഹത്വപ്പെടുത്തണമെ' (12:28); കുറേക്കൂടി സ്പഷ്ടമായി, ''മനുഷ്യർക്കു ഞാൻ അങ്ങയുടെ നാമം വെളിപ്പെടുത്തി'' (17:6). 2. ആ നാമം പരിശുദ്ധമാകപ്പെടണമെ എന്നു നാം പ്രാർത്ഥിക്കുന്നു. ദൈവം മറ്റൊരു മനുഷ്യനെപ്പോലെയാണെന്നും അവിടുത്തേക്ക് ആശംസകളർപ്പിക്കാൻ നമുക്കു സാധിക്കും എന്നു കരുതി മനുഷ്യർ ദൈവത്തിനാശംസകളർപ്പിക്കുന്നതാണ് ശരിയായ സംഗതി എന്നയർത്ഥത്തിലല്ലിത്. നാം ആശംസകളർപ്പിച്ചില്ലെങ്കിൽ അവിടുന്നു വ്രണിതനാകും എന്നയർത്ഥത്തിലുമല്ല. നിശ്ചയമായും എല്ലാ സ്ഥലങ്ങളിലും എല്ലാ സമയത്തും ദൈവം വാഴ്ത്തപ്പെടുക ശരിയായിട്ടുള്ള സംഗതിയാണ്; കാരണം, അവിടുത്തെ നന്മകളെ അനുസ്മരിക്കുക ഓരോ മനുഷ്യന്റെയും കടമയാണ്. എന്നാൽ ഈ ആഗ്രഹം ആശംസയുടെ രൂപം സ്വീകരിക്കുന്നു എന്നു മാത്രം.

3. മറ്റുള്ളവരെ വിശുദ്ധീകരിച്ചുകൊണ്ടിരിക്കുന്ന ദൈവനാമം ഏതവസരത്തിലാണ് തന്നിൽത്തന്നെ വിശുദ്ധവും വാഴ്ത്തപ്പെട്ടതും അല്ലാതായിരിക്കുന്നത്? ശുശ്രൂഷിക്കുന്ന മാലാഖമാരുടെ നിരകൾ 'പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ' എന്ന് ഇടവിടാതെ അവിടുത്തെ സ്തുതിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് മാലാഖമാരുടെ ഭാവി സഖികളായ നാമും—ഈ പ്രതിഫലം പ്രാപിക്കുമെങ്കിൽ—ഈ ഭൂമിയിൽ ആയിരിക്കവെ തന്നെ ദൈവസ്തുതിയുടെ സ്വർഗ്ഗീയ ഗീതവുമായും നമ്മുടെ ഭാവിമഹത്വത്തിന്റെ കടമയുമായും പരിചയപ്പെട്ടിരിക്കണം. 4. ദൈവത്തിനു നാം നൽകുന്ന മഹത്വത്തെപ്പറ്റി ഇത്രയും. 'നിന്റെ നാമം പരിശുദ്ധമാകപ്പെടണമേ' എന്നു നാം പറയുമ്പോൾ, അതിലുപരി നമ്മുടെ യാചനയും അതിൽ അന്തർലീനമായിരിക്കുന്നു. തന്നിലായിരിക്കുന്ന നമ്മിലും, ദൈവകൃപ ഇപ്പോഴും കാത്തിരിക്കുന്ന മറ്റുള്ളവരിലും ദൈവനാമം പരിശുദ്ധമാകപ്പെടണമേ എന്നു നാം പ്രാർത്ഥിക്കുന്നു. ഇതിലും, എല്ലാവർക്കുംവേണ്ടി, ശത്രുക്കൾക്കുവേണ്ടിക്കൂടിയും, പ്രാർത്ഥിക്കുന്നതുവഴി നാം കല്പന കാക്കുന്നു. അങ്ങനെ 'ഞങ്ങളുടെയിടയിൽ നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമേ' എന്നല്ല 'എല്ലാ മനുഷ്യരുടെയും ഇടയിലും' എന്നാണു നാം ചൊല്ലുന്നത്.

---

3. ''പുത്രനോടും പരിശുദ്ധാത്മാവിനോടുംകൂടി''; അല്ലെങ്കിൽ ''സഭയോടുകൂടി''.



## അധ്യായം 4

1. അടുത്തതായി നാമിതു കൂട്ടിച്ചേർക്കുന്നു: 'നിന്റെ തിരുവിഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ'. ദൈവേഷ്ടം നിറവേറ്റുന്നത് ആരെങ്കിലും തടയുമെന്നോ, തന്റെ ഇഷ്ടം വിജയപ്രദമായി നടപ്പാക്കാൻ നാം പ്രാർത്ഥിക്കണമെന്നോ ഉള്ള അർത്ഥത്തിലല്ല; പിന്നെയോ, സർവ്വസംഗതികളിലും അവിടുത്തെ തിരുഹിതം നടക്കണമെ എന്നു നാം പ്രാർത്ഥിക്കുന്നു. കാരണം ആലങ്കാരികമായി, ശരീരത്തിന്റെയും ആത്മാവിന്റെയും പ്രതിരൂപങ്ങളിൽ നാം ആകാശത്തെയും ഭൂമിയെയും സൂചിപ്പിക്കുന്നു. 2. ഇത് വാച്യാർത്ഥത്തിലെടുത്താലും ഈ യാചനയുടെ അർത്ഥം ഒന്നുതന്നെ; അതായത് നാം സ്വർഗത്തിൽ ദൈവഹിതം അനുവർത്തിക്കാനായി, ഭൂമിയിൽ വച്ച് നമ്മിൽ അത് യാഥാർത്ഥ്യമായിത്തീരണം. തന്റെ പ്രബോധനമനുസരിച്ച് നാം വ്യാപരിക്കുക എന്നതല്ലാതെ എന്താണ് ദൈവം ആഗ്രഹിക്കുക? ദൈവം തന്റെ മക്കളായി ദത്തെടുത്തവരുടെ രക്ഷിയാണല്ലോ ദൈവഹിതത്തിന്റെ സാരസത്ത. അതുകൊണ്ട് സ്വർഗത്തിലും ഭൂമിയിലും നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്റെ ഇച്ഛയുടെ സമ്പത്തും സത്തയും നമുക്കു നൽകണമെ എന്നു നാം പ്രാർത്ഥിക്കുന്നു.

3. ദൈവത്തിന്റെ ഈ തിരുവിഷ്ടമാണ് നമ്മുടെ കർത്താവ് തന്റെ പ്രബോധനവും പ്രവർത്തനങ്ങളും കഷ്ടപ്പാടും വഴി നിവർത്തിയാക്കിയത്. അവിടുന്ന് സ്വന്തം ഇഷ്ടമല്ല, തന്റെ പിതാവിന്റെ തിരുഹിതമാണ് നിർവഹിച്ചതെന്ന് അവിടുന്നു തന്നെ അരുൾ ചെയ്തു (യോഹ. 6:38). അങ്ങനെയെങ്കിൽ അവിടുന്നു ചെയ്തതെല്ലാം സംശയമെന്യേ തന്റെ പിതാവിന്റെ ഹിതമായിരുന്നു. ഒരു മാതൃകയിലേക്കെന്നവണ്ണം അതിലേക്കാണു നാമും വിളിക്കപ്പെട്ടിരിക്കുന്നത്. നാമും അപ്രകാരം പഠിപ്പിക്കാനും പ്രവർത്തിക്കാനും മരണത്തോളം കഷ്ടപ്പെടുവാനുമായിത്തന്നെ. നാം ഇപ്രകാരം ചെയ്വാൻ ദൈവഹിതം ആവശ്യമാണ്.

4. അതുപോലെ 'നിന്റെ ഇഷ്ടം നടക്കണം' എന്നു നാം പറയുമ്പോൾ നാം നമുക്കുതന്നെ നന്മയാശംസിക്കുകയാണ്; കാരണം ഏതെങ്കിലും വ്യക്തി അർഹിക്കുന്നവിധം ചില അരിഷ്ടതകൾ ചിലപ്പോൾ ഉണ്ടാകാമെങ്കിലും, ദൈവഹിതത്തിൽ തിന്മയില്ല. 5. ഈ വാക്യാംശംവഴി, ക്ഷമാപൂർവമായ സഹനത്തിന് നാം നമ്മെത്തന്നെ സജ്ജരാക്കുകയാണ്. നമ്മുടെ കർത്താവു തന്നെയും തന്റെ പീഡാനുഭവത്തിന്റെ ഉഗ്രതയിൽ, തന്റെ ശരീരത്തിൽ, ജഡത്തിന്റെ ബലഹീനത ചൂണ്ടിക്കാട്ടുവാൻ തിരുമനസായി. 'പിതാവേ, ഈ കാസാ എന്നിൽ നിന്നകറ്റണമേ' എന്ന് അവിടുന്നു പ്രാർത്ഥിച്ചു. എന്നാൽ അല്പവിചിന്തനത്തിനശേഷം അവിടുന്നു കൂട്ടിച്ചേർത്തു 'എങ്കിലും

www.malankaralibrary.com



എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നടക്കട്ടെ (ലൂക്കാ. 22:42). അവിടുന്ന തന്നെയായിരുന്നു പിതാവിന്റെ ഇച്ഛയും ശക്തിയും. എന്നാൽ അർഹവും ക്ഷമാപൂർവവുമായ സഹനം ചൂണ്ടിക്കാണിക്കുവാൻ അവിടുന്നു പിതാവിന്റെ തിരുഹിതത്തിന് സ്വയം സമർപ്പിച്ചു.

## അധ്യായം 5

1. "നിന്റെ രാജ്യം വരണമെ" എന്നതിന് "നിന്റെ ഇഷ്ടം നടക്കണമെ" എന്നതിന്റെ ലക്ഷ്യം തന്നെയാണ്. അതായത് നിന്റെ രാജ്യം ഞങ്ങളിൽ വരണമേ. എല്ലാ രാജാക്കൻമാരുടെയും ഹൃദയങ്ങൾ ദൈവത്തിന്റെ കൈകളിൽ ഇരിക്കുമ്പോൾ ദൈവം എപ്പോഴാണ് ഭരിക്കാതിരിക്കുന്നത്? (സുഭാഷി 21:1). മറിച്ച്, നാം നമുക്കുവേണ്ടി ആഗ്രഹിക്കുന്നവയ്ക്കെല്ലാം നാം നമ്മുടെ പ്രത്യാശ അവനിലേയ്ക്കു തിരിക്കുന്നു. അവനിൽ നിന്നു നാം പ്രതീക്ഷിക്കുന്നവയെല്ലാം നാം അവനിൽ ആരോപിക്കുന്നു. കർത്താവിന്റെ രാജ്യം യാഥാർത്ഥ്യവൽക്കരിക്കപ്പെടുന്നത് കർത്താവിന്റെ തിരുവിഷ്ടവും നമ്മുടെ അസ്ഥിരാവസ്ഥയും അനുസരിച്ചാണെങ്കിൽ ചിലർ ഈ ലോകത്തിലെ സമയം നീട്ടിക്കിട്ടാൻ വേണ്ടി പ്രാർത്ഥിക്കുന്നതെങ്ങനെയാണ് ? നാം ദൈവരാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു. അത് ലോകത്തിന്റെ പരിസമാപ്തിയിലേക്ക് ഉൻമുഖമായിരിക്കുന്നല്ലോ. നാം ഇനി അടിമകളായിരിക്കാതെ, എത്രയുംവേഗം ഭരിക്കുന്നവരായിത്തീരണം എന്നാണ് നമ്മുടെ പ്രതീക്ഷ. 2. ദൈവരാജ്യം സമാഗതമാകുവാൻ പ്രാർത്ഥനയിൽ അപേക്ഷിക്കാൻ നമ്മോട് കല്പിക്കപ്പെട്ടിട്ടില്ലെങ്കിലും, നാം സ്വയമേ നമ്മുടെ പ്രതീക്ഷയുടെ വിഷയം എത്തിപ്പിടിക്കാനുള്ള ഔത്സുക്യത്തിൽ ഈ ആഗ്രഹം പ്രകടിപ്പിക്കുമായിരുന്നു. 3. കർത്താവേ, ഞങ്ങളുടെ രക്തത്തെ പ്രതി ഭൂമിയിൽ വസിക്കുന്നവരോട് നീ എത്രനാൾ പ്രതികാരം ചെയ്യാതിരിക്കും' (വെളി. 6;10) എന്ന് ബലിപീഠത്തിന്റെ കീഴിൽനിന്ന് രക്തസാക്ഷികളുടെ ആത്മാക്കൾ അമർഷത്തോടെ ഉച്ചത്തിൽ കർത്താവിനോടു വിളിച്ചു പറയുന്നു. കാരണം, കുറഞ്ഞപക്ഷം ലോകാവസാനം മുതലെങ്കിലും അവർക്കായി പ്രതികാരം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. 4. കർത്താവേ, എത്രയും വേഗം സത്യമായി നിന്റെ രാജ്യം വരണമെ. ഇതാണു ക്രിസ്ത്യാനികളുടെ പ്രാർത്ഥന; ഇത് പുറജാതികളെ ലജ്ജിപ്പിക്കും; ഇതു മാലാഖമാരെ സന്തുഷ്ടരാക്കും; ഈ രാജ്യം സമാഗതമാകാനാണ് നാം ഇപ്പോൾ പീഡിപ്പിക്കപ്പെടുന്നത്; അഥവാ, ഈ വരവിനുവേണ്ടിയാണ് നാം പ്രാർത്ഥിക്കുന്നത്.



## അധ്യായം 6

1, എത്ര ശ്രേഷ്ഠമായ രീതിയിലാണ് ദൈവികജ്ഞാനം ഈ പ്രാർത്ഥനയുടെ ക്രമം തെരഞ്ഞെടുത്തിരിക്കുന്നത്! സ്വർഗ്ഗത്തെപ്പറ്റിയുള്ള സംഗതികൾ പരാമർശ വിധേയമാക്കിയ ശേഷം, അതായത്, ദൈവത്തിന്റെ നാമം ദൈവത്തിന്റെ ഇഷ്ടം, ദൈവത്തിന്റെ രാജ്യം എന്നിവയ്ക്കുശേഷം, നമ്മുടെ ഭൗമികാവശ്യങ്ങൾക്കുവേണ്ടിയും അപേക്ഷകൾ ആവശ്യമാണ്. "നിങ്ങൾ ആദ്യമേ രാജ്യമന്വേഷിക്കുക, അപ്പോൾ ഈ സംഗതികളും നിങ്ങൾക്കു നൽകപ്പെടും" എന്ന് നമ്മുടെ കർത്താവു നമ്മെ പഠിപ്പിച്ചിരിക്കുന്നു. (മത്താ. 6:83) 2. 'ഞങ്ങളുടെ അന്നന്നത്തെ അപ്പം ഇന്നു ഞങ്ങൾക്കു തരണമെ' എന്നത് ആധ്യാത്മികാർത്ഥത്തിൽ നാം ഗ്രഹിക്കേണ്ടിയിരിക്കുന്നു. കാരണം, ക്രിസ്തുവാകുന്നു നമ്മുടെ അപ്പം, എന്തെന്നാൽ ക്രിസ്തുവാകുന്ന ജീവൻ; ജീവൻ അപ്പവുമാകുന്നു. "ഞാൻ ജീവന്റെ അപ്പമാകുന്നു" എന്ന് അവിടുന്നരുൾചെയ്തു (യോഹ. 6.35). അതിനല്പം മുൻപ്: "സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന സജീവ ദൈവത്തിന്റെ വചനമാണ് ഈ അപ്പം (യോഹ. 6:33). അവിടുത്തെ ശരീരം അപ്പത്തിലാണ് എന്നു കരുതി. "ഇതെന്റെ ശരീരമാകുന്നു" (മത്താ. 26;26). അതുകൊണ്ടു നമ്മുടെ അനുദിനാഹാരത്തിനായി നാം അപേക്ഷിക്കുമ്പോൾ, ക്രിസ്തുവിൽ എന്നേയ്ക്കും ജീവിക്കുന്നതിനും തന്റെ ശരീരവുമായി അഭേദ്യമാംവിധം ഐക്യപ്പെടുന്നതിനുമാണ് നാം പ്രാർത്ഥിക്കുക.

3. എന്നാൽ ഈ വാചകത്തിന് ഒരു വാച്യാർത്ഥവും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും ആത്മീകാർത്ഥവും ആത്മീക പ്രബോധനവും കൂടാതെയല്ലത്. നാം അപ്പത്തിനുവേണ്ടി പ്രാർത്ഥിക്കണം എന്നു ക്രിസ്തു കല്പിക്കുന്നു. വിശ്വാസികൾക്കാവശ്യമായത് അതു മാത്രമാണ്. പുറജാതികളാകട്ടെ മറ്റെല്ലാം തേടുന്നു. അവിടുന്ന് ഉദാഹരണങ്ങൾ വഴി തന്റെ പ്രബോധനത്തെ ഉറപ്പിക്കുകയും ഉപമകൾ വഴി പഠിപ്പിക്കുകയും ചെയ്യുന്നു. ഉദാഹരണമായി അവിടുന്നു പറയുന്നു; "പിതാവ് തന്റെ മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്കിട്ടു കൊടുക്കുമോ? (മത്താ. 15:26). വീണ്ടും "അപ്പം ചോദിക്കുന്ന മകന് കല്ലുകൊടുക്കുമോ? (മത്താ. 7:6) മക്കൾ തങ്ങളുടെ പിതാവിൽനിന്നു പ്രതീക്ഷിക്കുന്നതെന്താണെന്ന് അവിടുന്നു ചൂണ്ടിക്കാട്ടുന്നു. രാത്രിയിൽ കതകിൽ മുട്ടി വിളിച്ചവനും അപ്പമാണ് ആവശ്യപ്പെട്ടത് (ലൂക്കാ. 11;5). 4. കൂടാതെ, കർത്താവ് ശരിയായി കൂട്ടിച്ചേർത്തു. "ഇന്നു ഞങ്ങൾക്കു തരണമെ". എന്തു ഭക്ഷിക്കും എന്നു കരുതി നാളയെപ്പറ്റി നിങ്ങൾ ആകുലചിത്തരാകേണ്ടാ" എന്ന് നേരത്തേ അവിടുന്നു പറഞ്ഞതിനനുയോജ്യമാണിത് (മത്താ. 6;34). ധാരാളം വിളവുണ്ടായ മനുഷ്യന്റെ ഉപമയിൽ അവിടുന്ന് ഈ ആശയമാണ് ഊന്നി

www.malankaralibrary.com



പ്പറഞ്ഞത്. ധാരാളം വിളവുണ്ടായപ്പോൾ കളപ്പുരകൾ വലുതാക്കി പണിയാൻ അയാൾ പദ്ധതികളിട്ടു. ദീർഘകാലം താൻ സുരക്ഷിതനായിരിക്കുമെന്നയാൾ കരുതി. എന്നാൽ ആ രാത്രിയിൽ തന്നെ അവൻ മരണത്തിനു വിധേയനായി (ലൂക്കാ. 12:16–21).

## അധ്യായം 7

1. ദൈവത്തിന്റെ മഹാമനസ്കതെ പരിഗണിച്ച് നാം അവിടുത്തെ ദിവ്യപ്രസാദത്തിനായി പ്രാർത്ഥിക്കുന്നു. കാള തീററി തിന്നാൻ ആർത്തി കാണിക്കുന്നതുപോലെ നാം ആഹാരത്തിനടിമപ്പെട്ടാൽ, അതുകൊണ്ട് എന്തു പ്രയോജനം? താൻ മാത്രം പാപരഹിതനാണെന്നു നമ്മുടെ കർത്താവ് അറിഞ്ഞിരുന്നു (യോഹ. 8:48). അതുകൊണ്ട് 'ഞങ്ങളുടെ തെററുകൾ ക്ഷമിക്കണമെ' എന്നു പ്രാർത്ഥിക്കാൻ അവിടുന്നു പഠിപ്പിച്ചു. ക്ഷമിക്കാനുള്ള പ്രാർത്ഥന പാപം സമ്മതിക്കലാണ്. കാരണം മോചനത്തിനായി അപേക്ഷിക്കുന്നവൻ തന്റെ കുററം ഏററു പറയുന്നു. അനുതാപം ദൈവത്തിന് സ്വീകാര്യമാണെന്ന് ഇതു കാട്ടുന്നു, കാരണം, പാപികളുടെ മരണമല്ല. മാനസാന്തരമാണ് ദൈവം ആഗ്രഹിക്കുന്നത് (എസ. 33:11).

2. വിശുദ്ധ ഗ്രന്ഥത്തിൽ ആലങ്കാരിക ഭാഷയിൽ പാപത്തിന് കടം എന്നുപയോഗിച്ചിട്ടുണ്ട്. താഴെപ്പറയുന്നതിൽ നിന്നിതു വ്യക്തമാണ്. ഒരാൾ ഒരു ന്യായാധിപന് എന്തെങ്കിലും കടപ്പെട്ടിരിക്കുകയും കൊടുത്തുവീട്ടണമെന്ന് ന്യായാധിപൻ ആവശ്യപ്പെടുകയും ചെയ്താൽ, ദാസന് യജമാനൻ തന്റെ കടം ഇളച്ചു കൊടുത്തതുപോലെ കടം ഇളച്ചു ലഭിച്ചാലല്ലാതെ ന്യായമായ ആവശ്യപ്പെടലിൽ നിന്ന് അവന് ഒഴിഞ്ഞുമാറാൻ സാധ്യമല്ല. ഈ ഉപമയുടെ വിശദീകരണമിതാണ്: യജമാനൻ ദാസനെ സ്വതന്ത്രനാക്കിയതുപോലെ തന്റെ കടക്കാരനോട് കരുണ കാണിക്കുന്നതിൽ അവൻ പരാജയപ്പെട്ടു. അതുകൊണ്ട് യജമാനസമക്ഷം ആനീതനാക്കപ്പെട്ടപ്പോൾ അവസാനത്തെ ചില്ലിക്കാശുപോലും കൊടുത്തുവീട്ടുവോളം അവനെ പീഡനമേല്പിച്ചു. അതായത്, നമ്മുടെ കടക്കാരോട് നിസ്സാരമായതും, ഗൗരവമായതുമായ തെററുകളെല്ലാം നമ്മൾ ക്ഷമിക്കണമെന്ന് ഈ ഉപമവഴി മിശിഹാ ഉദ്ദേശിക്കുന്നു (മത്താ. 18:25-35).

3. പ്രാർത്ഥനയുടെ ഈ വശത്തെപ്പററി മറെറാരിടത്തും പറഞ്ഞിട്ടുണ്ട്: ''ക്ഷമിക്കുവിൻ, നിങ്ങളോടും ക്ഷമിക്കപ്പെടും'' എന്ന് അവിടുന്ന് അരുൾ ചെയ്യുന്നു (ലൂക്കാ 6:37). ഒരാൾ തന്റെ സഹോദരനോട് ഏഴു പ്രാവശ്യം ക്ഷമിക്കണമോ എന്ന് പത്രോസ് ചോദിച്ചപ്പോൾ ''ഏഴ് എഴുപതുപ്രാവശ്യം'' എന്ന് നമ്മുടെ കർത്താവുത്തരമരുളി (മത്താ.



18:21-22). ഇങ്ങനെ. നിയമത്തെ പൂർണ്ണമാക്കുകയാണവിടുന്ന്. കാരണം, ഉല്പത്തിയിൽ കായേനോട് ഏഴു പ്രാവശ്യവും, ലാമേക്കിനോട് ഏഴ് എഴുപതുപ്രാവശ്യവുമാണ് പ്രതികാരം ആവശ്യപ്പെട്ടിരുന്നത് (ഉല്പ. 4:15-24).

## അധ്യായം 8

1. വളരെ നന്നായി ക്രമീകരിച്ച ഈ പ്രാർത്ഥനയുടെ പൂർണ്ണതയ്ക്കായി, നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടുന്നതിനു മാത്രമല്ല, അവ പൂർണ്ണമായി ഇല്ലായ്മ ചെയ്യപ്പെടുന്നതിനും നാം പ്രാർത്ഥിക്കണമെന്ന് കരുതി 'ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്തരുതേ' എന്നും മിശിഹാ കൂട്ടിച്ചേർത്തു. അതായത് പരീക്ഷകനാൽ നയിക്കപ്പെടാൻ ഞങ്ങളെ അനുവദിക്കരുതേ എന്ന്. 2. നമ്മുടെ കർത്താവല്ല പരീക്ഷകൻ; അവിടുന്നു നമ്മുടെ വിശ്വാസം അറിയുന്നു; അത് ഇല്ലാതാക്കാൻ അവിടുന്നാഗ്രഹിക്കുന്നില്ല. 3. അസൂയയും വിദ്വേഷവും നിറഞ്ഞവൻ പിശാചാണ്. അബ്രഹാമിന്റെ കാര്യത്തിൽ പോലും അവന്റെ വിശ്വാസം പരീക്ഷിക്കാനല്ല, അതു തെളിയിക്കാനാണ് തന്റെ പുത്രനെ ബലി കഴിക്കാനുള്ള കല്പന ദൈവം കൊടുത്തത്. തന്റെ കല്പനയ്ക്ക് അവനിൽ ഒരു ദൃഷ്ടാന്തം നൽകാനായിരുന്നത് അതായത് ദൈവത്തേക്കാൾ കൂടുതലായി ആരേയും സ്നേഹിക്കാൻ പാടില്ല എന്ന് അവിടുന്നു പിന്നീട് പഠിപ്പിക്കാനിരുന്നു (ലൂക്കാ. 14:26). 4. മിശിഹാ തന്നെയും പിശാചിനാൽ പരീക്ഷിക്കപ്പെട്ടു; എന്നാൽ പരീക്ഷകനെ അവിടുന്നു ചൂണ്ടിക്കാട്ടി. 5. ''നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിക്കാൻ പ്രാർത്ഥിക്കുവിൻ'' എന്നുപറഞ്ഞുകൊണ്ട് ഈ വാചകത്തെ അവിടുന്നുറപ്പിക്കുന്നു (ലൂക്കാ. 22:46). തങ്ങളുടെ നാഥനെ ഉപേക്ഷിക്കത്തക്കവിധം അവർ പരീക്ഷിക്കപ്പെട്ടു. കാരണം പ്രാർത്ഥിക്കുന്നതിനുപകരം അവർ ഉറക്കത്തിലാഴ്ന്നുപോയി. 6. അതുകൊണ്ട്, ''തിൻമയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമെ'' എന്നതാണ് ''ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്തരുതേ'' എന്നതിന്റെ അർത്ഥം.

## അധ്യായം 9

1. പ്രവാചകരുടെയും സുവിശേഷകരുടെയും ശ്ലീഹൻമാരുടെയും എത്രയെത്ര സുഭാഷിതങ്ങൾ! ചുരുങ്ങിയ വാക്കുകളിൽ, നമ്മുടെ കർത്താവിന്റെ എത്രയെത്ര പ്രസംഗങ്ങൾ, ഉപമകൾ, ഉദാഹരണങ്ങൾ, കല്പനകൾ എന്നിവ ഉൾക്കൊണ്ടിരിക്കുന്നു! എത്രയെത്ര കടമകൾ നിർവഹിക്കപ്പെടുന്നു.

www.malankaralibrary.com



2. 'പിതാവ്' എന്ന വാക്കിൽ, ദൈവത്തിനർഹമായ ബഹുമാനം; ദൈവത്തിന്റെ ഇഷ്ടം സൂചിപ്പിക്കുന്നതിൽ, അനുസരണത്തിന്റെ അർപ്പണം; തന്റെ രാജ്യം സൂചിപ്പിക്കുന്നതുവഴി, പ്രത്യാശയുടെ അനുസ്മരണം; അപ്പത്തെ സൂചിപ്പിക്കുന്നതിൽ, ജീവനുവേണ്ടിയുള്ള അപേക്ഷ; മോചനം അപേക്ഷിക്കുന്നതിൽ പാപങ്ങളുടെ ഏറ്റുപറച്ചിൽ; സംരക്ഷണം അപേക്ഷിക്കുന്നതിൽ, പ്രലോഭനത്തെപ്പറ്റിയുള്ള നിവേദനം.

3. എന്നിട്ടും എന്തിന് അത്ഭുതപ്പെടുന്നു ? നാം എങ്ങനെ പ്രാർത്ഥിക്കണമെന്ന് ദൈവത്തിനു മാത്രമേ പഠിപ്പിക്കാൻ കഴിഞ്ഞുള്ളൂ. അവിടുന്നു ക്രമീകരിച്ചതും തന്റെ ദിവ്യാധരങ്ങളിൽ നിന്നു പുറപ്പെട്ട നിമിഷം തന്നെ തന്റെ ആത്മാവ് ഉത്തേജിപ്പിച്ചതുമായ പ്രാർത്ഥന, തനിക്കിലഭിച്ച പ്രത്യേകാധികാരത്താൽ സ്വർഗ്ഗത്തിലേക്കുയർന്ന്, പുത്രൻ പഠിപ്പിച്ചതു പിതാവിനോടു ശിപാർശ ചെയ്യുന്നു.

## അധ്യായം 10

മനുഷ്യരുടെ ആവശ്യങ്ങൾ മനസിലാക്കിയ കർത്താവ് പ്രാർത്ഥനാരീതി നൽകികൊണ്ടു പറഞ്ഞു. 'ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും' (മത്താ. 7:7). ഓരോരുത്തരുടെയും സാഹചര്യമനുസരിച്ച് ഓരോരുത്തർക്കും അപേക്ഷകളുള്ളതിനാൽ, ആദ്യം എല്ലാവരും, സാധാരണയായി നിർദേശിച്ചിരിക്കുന്ന പ്രാർത്ഥനകൾ ചൊല്ലുന്നു. തുടർന്നുള്ള യാചനകൾക്ക് അടിസ്ഥാനമായി ഇതു വർത്തിക്കുന്നു എന്നു പറയാം. ഈ യാചനകൾക്കുശേഷം അപേക്ഷകളുടെ കൂമ്പാരംതന്നെ അർപ്പിക്കാൻ അവനവനവകാശമുണ്ട്. പ്രാർത്ഥനയെ സംബന്ധിച്ചുള്ള നിശ്ചിത നിബന്ധനകൾ വിസ്മരിക്കരുതെന്നു മാത്രം. അതായത് ദൈവത്തിന്റെ പ്രബോധനങ്ങളിൽ നിന്നെന്നതിനെക്കാൾ ദൈവത്തിന്റെ ശ്രവണത്തിനു നാം അകലെയല്ലാതിരിക്കാനാണിത്.

## അധ്യായം 11

1. നമ്മുടെ പ്രാർത്ഥനകൾ സ്വർഗ്ഗത്തിലെത്താൻ ഈ പ്രബോധനങ്ങളുടെ അനുസ്മരണം വഴിയൊരുക്കുന്നു. അതിലൊന്നാമത്തേത് നമ്മുടെ സഹോദരങ്ങളുമായി എന്തെങ്കിലും കലഹമോ, തർക്കമോ ഉണ്ടെങ്കിൽ അത് അവസാനിപ്പിച്ചിട്ടേ ദൈവത്തിന്റെ ബലിപീഠത്തെ സമീപിക്കാവൂ എന്നതാണ്. സമാധാനം കൂടാതെ ദൈവത്തിന്റെ സമാധാനത്തെ എങ്ങനെ സമീ



പിക്കാനാവും? അല്ലെങ്കിൽ വിരോധം വച്ചുകൊണ്ട് പാപമോചനത്തിന് എങ്ങനെ അപേക്ഷിക്കാനാവും? ആരംഭം മുതലേ എല്ലാവിധ കോപവും നിരോധിച്ചിരിക്കെ, സഹോദരനോടു കോപിച്ചിരിക്കുന്നവൻ എങ്ങനെ തന്റെ പിതാവിനെ പ്രസാദിപ്പിക്കും? 2. തന്റെ സഹോദരന്മാരെ തന്റെ പിതാവിന്റെ പക്കലയച്ചുകൊണ്ട് ജോസഫ് അവരോടു പറഞ്ഞു, 'വഴിക്കുവച്ചു നിങ്ങൾ ശണ്ഠ കൂടരുത്' (ഉൽപ. 45:24). നമുക്കായി ഒരുക്കപ്പെട്ടിരിക്കുന്ന പ്രാർത്ഥനയുടെ പാതയിൽ നാം കോപിഷ്ഠരായിരുന്ന് പിതാവിനെ സമീപിക്കരുതെന്ന് അവൻ നമ്മെ ഉപദേശിക്കുകയായിരുന്നു; നമ്മുടെ ജീവിതരീതിയെ നമ്മുടെ 'വഴി' എന്ന് എവിടെയോ വിളിച്ചിരിക്കുന്നു. 3. കൂടാതെ നിയമത്തെ വ്യാഖ്യാനിച്ചുകൊണ്ട്, സഹോദരനോടു കോപിക്കുന്നത് കൊലപാതകത്തോടാണ് നമ്മുടെ കർത്താവ് കൂട്ടിചേർക്കുന്നത്. ഒരു ചീത്തവാക്കു പറയാൻപോലും അവിടുന്നനുവദിക്കുന്നില്ല. ശ്ലീഹാ അനുസ്മരിപ്പിക്കുന്നതുപോലെ, കോപമുണ്ടാകാനിടയായാൽ സൂര്യനസ്തമിക്കുന്നതുവരെ അതു നിലനിൽക്കാനും പാടില്ല (എഫേ. 4:26). നിന്റെ സഹോദരനുമായി രമ്യപ്പെടാതിരിക്കയും തന്മൂലം പ്രാർത്ഥിക്കാതിരിക്കയും ചെയ്യുന്നതും, കോപം നിലനിൽക്കെ പ്രാർത്ഥിക്കുന്നതും എന്തൊരു ഭോഷത്തമാണ്.

## അധ്യായം 12

പ്രാർത്ഥനാവസരം നമ്മുടെ മനസ് കോപത്തിൽനിന്നും മറ്റെല്ലാവിധ മാനസീക വിക്ഷോഭങ്ങളിൽ നിന്നുമകന്ന് സ്വതന്ത്രമായിരിക്കണം; നമ്മുടെ പ്രാർത്ഥനയുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതും പ്രാർത്ഥിക്കാൻ ശക്തി നൽകുന്നതും ഒരേ ആത്മാവാണല്ലോ; പരിശുദ്ധാത്മാവ് അശുദ്ധാരൂപിയെ അംഗീകരിക്കുന്നില്ല; സന്തോഷത്തിന്റെ ആത്മാവ് ദുഃഖത്തിന്റെ അരൂപിയെയും സ്വാതന്ത്ര്യത്തിന്റെ ആത്മാവ് അടിമത്തത്തിന്റെ ആത്മാവിനെയും അംഗീകരിക്കുന്നില്ല. എതിരാളിക്ക് ആരും സ്വാഗതം നൽകാറില്ലല്ലോ. ഒരേപോലെയുള്ള അരൂപിയുള്ളവനെ മാത്രമേ സ്വീകരിക്കാറുള്ളല്ലോ.

## അധ്യായം 13

1 ആത്മാവിൽ കളങ്കമുണ്ടായിരിക്കെ കൈകൾ കഴുകി വെടിപ്പാക്കി പ്രാർത്ഥനയ്ക്കണയുന്നതിലടങ്ങിയിരിക്കുന്ന അരൂപി എന്താണ് ? കള്ളത്തരം, കൊലപാതകം, ക്രൂരത, വിഷംകൊടുക്കൽ, വിഗ്രഹാരാധന, തുടങ്ങി മനസിലുരുവാകുന്ന കറകളെല്ലാം കൈകളുടെ പ്രവൃത്തി വഴിയാണല്ലോ

www.malankaralibrary.com



പൂർത്തീകരിക്കപ്പെടുന്നത്. ഇവയിൽ നിന്നു ശുദ്ധീകരിക്കപ്പെട്ട് കൈകൾ സ്വർഗ്ഗത്തിലേയ്ക്കുയർത്താൻ കൈകൾക്കുതന്നെ ഒരു ആത്മീയ ശുദ്ധീകരണം ആവശ്യമാണല്ലോ. ഇതാണു ശരിയായ ശുദ്ധീകരണം. കുളികഴിഞ്ഞ് വന്നാലും ഓരോ പ്രാർത്ഥനയ്ക്കും ചിലർ വെള്ളമെടുത്ത് മാന്ത്രിക രീതിയിൽ കഴുകുന്നതല്ല യഥാർത്ഥ ശുദ്ധീകരണം. 2. ഇതേപ്പററി ഞാൻ ഗാഢമായി ചിന്തിക്കുകയും ഒരു വിശദീകരണം തേടുകയും ചെയ്തപ്പോൾ 'പീലാത്തോസ് കൈകഴുകി' എന്ന് പറയുന്നത് ഓർത്തു നാം ക്രിസ്തുവിനെ ആരാധിക്കുന്നു; നാമവനെ ഏൽപിച്ചുകൊടുക്കുന്നില്ല. ഒററിക്കൊടുത്തവന്റെ പ്രവൃത്തിയിൽ നിന്നു വ്യത്യസ്തമായ രീതിയിലായിരിക്കണം നിശ്ചയമായും നമ്മുടെ പ്രവർത്തനരീതി. അക്കാരണത്താൽ തന്നെ നാം കൈകഴുകാൻ പാടില്ല. നമ്മുടെ മനസ്സാക്ഷിയെപ്രതി, മനുഷ്യരുമായുള്ള ഇടപാടുവഴി എന്തെങ്കിലും കറപററിയെങ്കിൽ മാത്രം കഴുകിയാൽ മതി. യേശുക്രിസ്തുവിൻ ശരീരം മുഴുവൻ ഒരിക്കലായി നാം കഴുകിയപ്പോൾ കൈകളും ശരീരത്തോടൊപ്പം ആവശ്യത്തിനു ശുദ്ധമാക്കപ്പെട്ടു.

## അധ്യായം 14

ഇസ്രായേൽ എല്ലാദിവസവും അവരുടെ എല്ലാ അവയവങ്ങളും കഴുകിയാലും അവ ശുദ്ധീകരിക്കപ്പെടുകയില്ല. കുറഞ്ഞപക്ഷം അവരുടെ കൈകളെങ്കിലും പ്രവാചകൻമാരുടെയും നമ്മുടെ കർത്താവിന്റെയും രക്തം കൊണ്ട് കറപുരണ്ട് എപ്പോഴും എന്നേയ്ക്കും ചുവന്നതാണ്. തങ്ങളുടെ പിതാക്കൻമാരുടെ പരമ്പരാഗതമായ ഈ കറയെപ്പററി അവബോധമുള്ളതിനാൽ, ഏതെങ്കിലും ഏശായ് വിളിച്ചു പറയുമെന്നു കരുതിയോ (1:15) ക്രിസ്തുതന്നെ അവരെപ്പററി മ്ലേച്ഛരെന്നു ചിന്തിക്കുന്നുവെന്നു കരുതിയോ, കർത്താവിൻ പക്കലേയ്ക്ക് തങ്ങളുടെ കൈകളുയർത്താൻ അവർ ധൈര്യപ്പെടുന്നില്ല. നാമാകട്ടെ കൈകളുയർത്തുകയും കൈകൾ വിരിക്കയും കർത്താവിന്റെ പീഡാനുഭവത്തെ അനുകരിക്കുകയും ചെയ്തുകൊണ്ട് പ്രാർത്ഥിക്കുമ്പോൾ മിശിഹായെ ഏററുപറയുന്നു.

## അധ്യായം 15

1. അർത്ഥശൂന്യമായ ഒരാചരണത്തെയാണ് നാമിവിടെ വിമർശിച്ചത്. മററുള്ളവയെക്കൂടി കുററപ്പെടുത്തുന്നതിൽ നാം വിമുഖത കാണിക്കുന്നില്ല. നമ്മുടെ കർത്താവിന്റെയോ ശ്ളീഹൻമാരുടെയോ കൽപനയുടെ അംഗീകാരം അവയ്ക്കില്ലാത്തതിനാൽ പൊള്ളത്തരത്തെ നാം കുററപ്പെടുത്തുകതന്നെ വേണം. ഇത്തരം ആചാരങ്ങളെ ഭക്തകർമങ്ങൾ എന്നതിനെക്കാൾ അന്ധ



വിശ്വാസം എന്നേ കരുതനാവൂ. ബുദ്ധിപൂർവം ചെയ്യപ്പെടുന്നവ എന്നതിനെക്കാൾ നാട്യവും നിർബന്ധവും മൂലം ചെയ്യപ്പെടുന്നതും മനഃപ്രയാസത്തെ സൂചിപ്പിക്കുന്നതുമാണ് ഇവ. പുറജാതികളുടെ കർമ്മങ്ങൾക്കു തുല്യമാണിവയെല്ലാം, 2. ഉദാഹരണമായി, പ്രാർത്ഥിക്കുമ്പോൾ ചിലർ മേൽവസ്ത്രം എടുത്തുമാററി വയ്ക്കുന്ന പതിവെടുക്കുക, പുറജാതികൾ തങ്ങളുടെ വിഗ്രഹങ്ങളെ സമീപിക്കുന്നത് ഇപ്രകാരമാണ്. ഇതൊരാവശ്യസംഗതിയായിരുന്നെങ്കിൽ പ്രാർത്ഥിക്കുമ്പോഴുള്ള വസ്ത്രത്തെ സംബന്ധിച്ചുള്ള പ്രബോധനത്തിൽ ശ്ലീഹൻമാർ ഇതും ഉൾപ്പെടുത്തുമായിരുന്നു. പ്രാർത്ഥനാവസരമാണ് പൗലോസ് തന്റെ മേൽവസ്ത്രം കാർപൂസിന്റെ പക്കൽ ഇട്ടിട്ട് പോന്നത് എന്ന് ചിന്തിക്കുന്നവരുണ്ടാകില്ലല്ലോ (2 തിമോ. 4:13). ബാബിലോണിയൻ രാജാവിന്റെ തീച്ചൂളയിൽ വച്ച് മൂന്നു വിശുദ്ധ ബാലൻമാർ പ്രാർത്ഥിച്ചപ്പോൾ ദൈവം അവരുടെ പ്രാർത്ഥന കേട്ടത് (ദാനി 3:94) അവരുടെ പൗരസ്ത്യ കാലുറകളും തലയിൽകെട്ടുംകൊണ്ടാണ്, മേൽവസ്ത്രം ധരിച്ചു പ്രാർത്ഥിക്കുന്നവരെ ദൈവം ശ്രദ്ധിക്കില്ല എന്നു കരുതുന്നവരുണ്ടാവില്ലല്ലോ!

## അധ്യായം 16

1. അതുപോലെ പ്രാർത്ഥന കഴിഞ്ഞാലുടൻ ചിലർ ഇരിക്കുന്ന പതിവിനെ സംബന്ധിച്ച്: അവർ കുട്ടികളെപ്പോലെ പെരുമാറുന്നു എന്നല്ലാതെ ഞാനതിന് ഒരു കാരണവും കാണുന്നില്ല! ഞാനെന്താണ് അർത്ഥമാക്കുന്നത്? 'ഇടയൻ' എന്നു പേരുള്ള കൃതിയെഴുതിയ ഹെർമാസ് പ്രാർത്ഥന കഴിഞ്ഞപ്പോൾ തന്റെ കട്ടിലിൽ ഇരിക്കാതെ മറെറന്തെങ്കിലും ചെയ്തിരുന്നെങ്കിൽ നാം അതും ചെയ്യുമായിരുന്നോ? (ദർശനം 5:1) തീർച്ചയായും ഇല്ല. 'ഞാൻ പ്രാർത്ഥന ചൊല്ലിയിട്ട് എന്റെ കട്ടിലിൽ ഇരുന്നു' എന്ന പ്രയോഗം ഒരു പ്രായോഗിക നിർദേശമല്ല; വിവരണത്തോട് ഒത്തുപോകുന്ന വെറുമൊരു പ്രയോഗം മാത്രമാണ്. 3. അങ്ങനെയല്ലെങ്കിൽ കട്ടിലില്ലാത്ത ഒരിടത്തുവച്ചും പ്രാർത്ഥിക്കാൻ നമുക്ക് കടമ ഇല്ലാതെ വരുമല്ലോ! 4. മറിച്ച് കസേരയിലോ ബഞ്ചിലോ ഇരിക്കുന്നത് അവന്റെ നിർദേശത്തിനു വിരുദ്ധവുമായിരിക്കും! 5, കൂടാതെ, പുറജാതിക്കാരും ഇപ്രകാരമാണു ചെയ്യുക. അതായത്, തങ്ങൾ ആരാധിക്കുന്ന ദേവൻമാരുടെ മുമ്പിൽ അവർ ഇരിക്കുന്നു. ഇക്കാരണത്താലാണ് ദേവൻമാരുടെ മുമ്പിൽ ചെയ്യപ്പെടുന്നവ നിന്ദാർഹമായിത്തീരുന്നത്. 6. അതുകൊണ്ട് ഇതൊരു ബഹുമാനരാഹിത്യമായി കാര്യഗ്രഹണശേഷിയുള്ള പുറജാതികൾപോലും നിശ്ചയിച്ചിരിക്കുന്നു; അപ്രകാരം അവർ ഇതു മനസ്സിലാക്കുന്നു. നിങ്ങൾ വല്യതായി ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന വ്യക്തിയുടെ സാന്നിധ്യത്തിലും ദർശനത്തിലും ഇരിക്കുക എന്നത് അവമതിയായി കരുതപ്പെടുമെങ്കിൽ ജീവനുള്ള ദൈവത്തിന്റെ മുൻപാകെ പ്രാർത്ഥനയുടെ ദൂതൻ

www.malankaralibrary.com



തന്റെ സന്നിധിയിൽ നിൽക്കുമ്പോൾ ഇരിക്കുക എത്ര വലിയ അവമതിയല്ല. നമ്മുടെ പ്രാർത്ഥന വിരസമായതിനാൽ ദൈവത്തിന് നാം ഒരു നിന്ദനം അർപ്പിക്കുകയല്ലെങ്കിൽ!

## അധ്യായം 17

1. നേരെമറിച്ച് വിനയത്തോടും എളിമയോടുംകൂടി പ്രാർത്ഥന അർപ്പിക്കുമ്പോൾ നമ്മുടെ ദൃഷ്ടികളും കരങ്ങളും വളരെയേറെ ഉയർത്താതെ, അല്പം മാത്രവും അനുയോജ്യവുമായ രീതിയിൽ മാത്രം ഉയർത്തി, നാം നമ്മുടെ പരാതികൾ ദൈവത്തിനർപ്പിക്കുകയാണ് ചെയ്യുക. 2. കാരണം വാക്കുകളിൽ മാത്രമല്ല, മുഖഭാവത്തിൽ പോലും എളിമയോടെ, താഴ്ന്ന കണ്ണുകളോടെ പ്രാർത്ഥിച്ച ചുങ്കക്കാരൻപോലും ഉദ്ധതനായ പ്രീശനെക്കാൾ നീതീകരിക്കപ്പെട്ടവനായി തിരിച്ചുപോയി (ലൂക്കാ 18:10–14). 3. നാം ശബ്ദം താഴ്ത്തിവേണം പ്രാർത്ഥിക്കുവാൻ; അല്ലെങ്കിൽ നാം ഉണ്ടാക്കുന്ന ശബ്ദത്തെ ആശ്രയിച്ചാണ് കേൾവിയിരിക്കുന്നതെങ്കിൽ, എത്ര വലിയ ശ്വാസകോശം നമുക്കാവശ്യമായി വരും ! ശബ്ദത്തിൽ ശ്രദ്ധിക്കുന്നവനല്ല ദൈവം, പ്രത്യുത അവിടുന്നു ശ്രദ്ധിക്കുന്നതും ശ്രവിക്കുന്നതും ഹൃദയമാണ്. 4. 'ഒന്നും സംസാരിക്കാത്തവനെപ്പോലും ഞാൻ കേൾക്കുന്നു; നിശബ്ദമായ അഭ്യർത്ഥനയ്ക്കും ഞാൻ ഉത്തരമരുളുന്നു' എന്നാണ് ഒരു പഴമൊഴി.4 ദൈവത്തിന്റെ കർണ്ണപുടങ്ങൾ സ്വരം ശ്രവിക്കുവാൻ പാർത്തിരിക്കുന്നുണ്ടോ ? അങ്ങനെയുണ്ടെങ്കിൽ ആഴത്തിൽ തിമിംഗലത്തിന്റെ ഉദരത്തിൽ കിടന്നു പ്രാർത്ഥിച്ച യോനായുടെ അപേക്ഷ എങ്ങനെയാണ് കടലിന്റെ അത്യഗാധത്തിൽ നിന്ന് ഭീമാകരമായ ജീവിയുടെ അവയവങ്ങളിലൂടെ വലിയ അളവിലുള്ള വെള്ളവും കടന്ന് സ്വർഗത്തിലെത്തിയത് ? 5. ഉച്ചത്തിൽ പ്രാർത്ഥിക്കുന്നവർ അയൽക്കാർക്ക് ശല്യം ഉണ്ടാക്കുന്നു എന്നതല്ലാതെ മറ്റെന്തു നേടുന്നു? അവരുടെ അപേക്ഷകൾ ഇങ്ങനെ പ്രസിദ്ധമാക്കുന്നതുവഴി, പരസ്യപ്രാർത്ഥന നടത്തുകയല്ലാതെ മറ്റെന്താണവർ ചെയ്യുക ?

---

4. An oracle of the Pythian demon: Herodotus, 1:47.



## അധ്യായം 18

1. ഉപവസിക്കുന്നവർ സഹോദരരോടൊത്തുള്ള പ്രാർത്ഥന അവസാനിപ്പിച്ചു കഴിയുമ്പോൾ പ്രാർത്ഥനയുടെ മുദ്രയായ സമാധാന ചുംബനം നല്കാതിരിക്കുന്ന സമ്പ്രദായം നിലവിലായിട്ടുണ്ട്.5 2. നമ്മുടെ സ്നേഹംകൊണ്ട് കൂടുതൽ സ്വീകാര്യമായിത്തീരുന്ന പ്രാർത്ഥന സ്വർഗ്ഗത്തിലേക്കുയരുമ്പോഴല്ലാതെ എപ്പോഴാണ് നാം സമാധാനചുംബനം നല്കേണ്ടത് ? സഹോദരനു സമാധാനം കൈമാറുന്നതുവഴി നമ്മുടെ സ്നേഹത്തിൽ അവരും പങ്കാളികളാകേണ്ടതിനുതന്നെ. 3. 'വിശുദ്ധചുംബനം കൂടാതെ ഏതു പ്രാർത്ഥനയാണ് പൂർണ്ണമായിരിക്കുക ? 4. കർതൃസേവനത്തിൽ സമാധാനചുംബനം ആർക്കാണു തടസം സൃഷ്ടിക്കുക? 5. സമാധാനചുംബനം നല്കാതെ പിരിയുന്ന ബലി എന്തുതരം ബലിയാണ്. 6. കാരണം എന്തായിരുന്നാലും, ഉപവാസം മറച്ചുവയ്ക്കുവാൻ ആവശ്യപ്പെടുന്ന പ്രമാണത്തിന് ഇത് ഘനം വർദ്ധിപ്പിക്കുകയില്ല. കാരണം, ചുംബനത്തിൽ നിന്നു നാം അകന്നു നിൽക്കുമ്പോൾ നാം ഉപവസിക്കുകയാണെന്ന് അറിയപ്പെടുന്നു. എന്നാൽ എന്തെങ്കിലും കാരണമുണ്ടെങ്കിൽ തന്നെയും ഈ കല്പന ലംഘിക്കുന്നതിൽ നിങ്ങൾ കുറ്റമറ്റവരായിരിക്കണമെങ്കിൽ നിങ്ങളുടെ ഭവനങ്ങളിൽ വച്ച് സമാധാനചുംബനം വർജ്ജിക്കാം. കാരണം, കൂടെ വസിക്കുന്നവരിൽ നിന്ന് നിങ്ങളുടെ ഉപവാസം പൂർണ്ണമായി മറച്ചു വയ്ക്കുക സാധ്യമല്ലല്ലോ. എന്നാൽ എവിടെയെല്ലാം നിങ്ങളുടെ സ്വയംനിഗ്രഹപ്രവർത്തനങ്ങൾ മറച്ചുവയ്ക്കാൻ സാധിക്കുമോ അവിടെയെല്ലാം ഈ പ്രമാണം ഓർക്കണം: ഇതു വഴി നിങ്ങൾക്ക് സമൂഹത്തിൽ മതാത്മക പരിശീലനവുമായും ഭവനത്തിൽ സാധാരണരീതിയുമായും ഒത്തുപോകുവാൻ കഴിയും. 7. അതുപോലെതന്നെ ദുഃഖവെള്ളിയാഴ്ചയും, ഉപവാസം പൊതുവായിരിക്കുകയും, അതൊരു മതപരമായ കടമയായി കരുതപ്പെടുകയും ചെയ്യുമ്പോൾ സമാധാനചുംബനം ഉപേക്ഷിക്കാം; കാരണം മറ്റെല്ലാവരുമൊത്ത് ഉപവസിക്കുന്ന കാര്യം മറച്ചുവയ്ക്കുന്നതിനെക്കുറിച്ച് ഉത്കണ്ഠപ്പെടേണ്ട ആവശ്യമില്ല.

---

5. ആഫ്രിക്കൻ സഭയിൽ സമാധാനചുംബനം (Signaculum orationis) കർതൃപ്രാർത്ഥനയോടു ബന്ധപ്പെടുത്തി ആയിരുന്നു. ഉപവാസദിവസം ഈ ചുംബനം ഒഴിവാക്കാമെന്ന് ചിലർ നിർദ്ദേശിച്ചു. എന്നാൽ തെർത്തൂല്യൻ ഇതിനെ ശക്തിയായി എതിർത്തു. സമാധാനചുംബനം കുർബാനയിൽ മാത്രം നല്കിയിരുന്ന ഒന്നല്ല. എല്ലാ ശുശ്രൂഷകളും പ്രാർത്ഥനകളും ഇതുകൊണ്ടവസാനിപ്പിച്ചിരുന്നതെന്നു തെർത്തൂല്യൻ സാക്ഷിക്കുന്നു.

www.malankaralibrary.com



## അധ്യായം 19

1. അതുപോലെതന്നെയാണ് നോമ്പുകാലത്തെ ഉപവാസം സംബന്ധിച്ചും. കർത്താവിന്റെ ശരീരം സ്വീകരിക്കുന്നതോടെ ഉപവാസം അവസാനിക്കണം എന്നു കരുതുന്നതിനാൽ കുർബാനയിൽ സംബന്ധിക്കേണ്ടതില്ല എന്നു പലരും ചിന്തിക്കുന്നു. 2. ദൈവത്തോടു നേർന്നിരിക്കുന്ന വ്രതത്തിൽനിന്നു കുർബാന ഒഴിവു നല്കുന്നുണ്ടോ ? അതോ, ഇതു കുറേക്കൂടി വലിയ ഉത്തരവാദിത്വം നമ്മെ ഏല്പിക്കുകയാണോ ചെയ്യുന്നത്? 3. ദൈവത്തിന്റെ ബലിപീഠത്തിന്റെ സമീപത്ത് നിങ്ങൾ നിന്നാൽ നിങ്ങളുടെ ഉപവാസം കൂടുതൽ ആഘോഷപൂർവ്വമാവില്ലേ ? 4. നമ്മുടെ കർത്താവിന്റെ ശരീരം സ്വീകരിക്കുകയും സൂക്ഷിക്കുകയും ചെയ്യുമ്പോൾ, കുർബാനയിലെ പങ്കാളിത്തവും കടമനിർവ്വഹണവും സംരക്ഷിക്കപ്പെടുന്നു. 5. "കാവൽ നില്ക്കുക" (station) എന്ന പദം സൈനികനടപടി ക്രമത്തിൽനിന്നു സ്വീകരിച്ചിട്ടുള്ളതുകൊണ്ട് (കാരണം, നാം ദൈവത്തിന്റെ സൈന്യമാണല്ലോ) ക്യാമ്പിലെ സന്തോഷമോ ദുഃഖമോ ഒന്നും ജോലിയിലായിരിക്കുന്ന പടയാളിയെ സ്വതന്ത്രനാക്കുന്നില്ല. കാരണം, സന്തോഷത്തിൽ കൂടുതൽ താല്പര്യത്തോടു കൂടിയും ദുഃഖത്തിൽ കൂടുതൽ ബോധപൂർവ്വകവും സ്വന്തകടമകൾ അവൻ നിർവ്വഹിക്കും.

## അധ്യായം 20

1. സ്ത്രീകളുടെ വസ്ത്രധാരണത്തെ സംബന്ധിച്ച് വിശുദ്ധ അപ്പസ്തോലന്റെ കാലംമുതൽ (1 തിമോ. 2:9; 2 കൊറി. 11:36) നിലനിന്നുപോരുന്ന വ്യത്യസ്തമായ രീതിയെപ്പറ്റി സഭയിൽ വലിയ സ്ഥാനമുള്ളവനല്ലെങ്കിലും പ്രതിപാദിക്കണമെന്ന്, അതൊരു സാഹസമാണെന്നറിയാമെങ്കിൽകൂടി, ഞാൻ ആഗ്രഹിച്ചിരുന്നു. അപ്പസ്തോലൻ കൈകാര്യം ചെയ്തതുപോലെ ചെയ്യുകയാണെങ്കിൽ അത്ര വലിയ സാഹസമായിരിക്കുകയില്ല. 2. വസ്ത്രത്തിലും ആഭരണത്തിലുമുള്ള വിനയത്തെ സംബന്ധിച്ച് വി. പത്രോസിന്റെ ഉപദേശവും വ്യക്തമാണ്(1 പത്രോ 3:3). പൗലോസിന്റെ തന്നെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട്, ഒരേ ആത്മാവാൽ പ്രേരിതമായതിനാൽ വസ്ത്രധാരണത്തിലെ ആഡംബരവും, സ്വർണ്ണാഭരണങ്ങളുടെ പ്രദർശനത്തിലെ അഹങ്കാരവും മുടി ക്രമീകരിക്കുന്നതിലുള്ള അനാവശ്യമായ ശ്രദ്ധയും, നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത അവൻ ഊന്നിപ്പറയുന്നു.



## അധ്യായം 21

1. സഭ മുഴുവനിലും പൊതുവായ ഒരു ചർച്ചാവിഷയമാകയാൽ, വളരെയേറെ വിവാദത്തിനു വഴിതെളിച്ചിട്ടുള്ള ഒന്നാണ് കന്യകകൾ ശിരോവസ്ത്രം ധരിക്കണമോ വേണ്ടയോ എന്നത് [6]. 2. കന്യകകൾ ശിരോവസ്ത്രം അണിയേണ്ട എന്നു കരുതുന്നവർ ഇങ്ങനെ ചിന്തിക്കുന്നു: പൗലോസ്ശ്ലീഹാ കന്യകകളോടല്ല (virgins) സ്ത്രീകളോടാണ് (women) ശിരസ്സു മൂടുവാൻ പ്രത്യേകമായി ആവശ്യപ്പെട്ടത് (1 കൊറി. 11:5). അതായത് സ്ത്രീവർഗ്ഗം (females) മുഴുവനെയും അല്ല; അതിൽ ഒരു വിഭാഗത്തെ മാത്രമേ അദ്ദേഹം വിവക്ഷിച്ചുള്ളു. 3. സ്ത്രീഗണം മുഴുവനെയും ഉദ്ദേശിച്ചാണ് അദ്ദേഹം പറഞ്ഞിരുന്നതെങ്കിൽ അവരെല്ലാവരെയും ബാധിക്കുന്ന ഒരു പരമമായ നിയമമായി പ്രഖ്യാപിക്കുമായിരുന്നു. എന്നാൽ അതിൽ ഒരു വിഭാഗത്തെക്കുറിച്ച് (കന്യകകൾ) നിശബ്ദത പാലിച്ചുകൊണ്ട് അവരെ അതിൽനിന്ന് ഒഴിവാക്കുന്നു. 4. കാരണം സ്ത്രീവർഗം (females) എന്നു പറഞ്ഞിരുന്നെങ്കിൽ കന്യകകളെയും ഉൾപ്പെടുത്തുമായിരുന്നു എന്ന് അവർ ചൂണ്ടിക്കാട്ടുന്നു.'

## അധ്യായം 22

1. ഈ നിലപാട് സ്വീകരിക്കുന്നവർ ഈ വാക്കിന്റെ അടിസ്ഥാനമായ അർത്ഥത്തിന് അല്പം പ്രാധാന്യം നല്കണം. വി. ഗ്രന്ഥത്തിന്റെ ആദ്യപേജു മുതൽ സ്ത്രീ (woman) എന്ന പദം എന്താണ് അർത്ഥമാക്കുന്നത് ? ആൺപെൺ വ്യത്യാസം മനസിലാക്കുന്നതാനായി ഉപയോഗിച്ചിരിക്കുന്ന ഒരു പദമാണിതെന്ന് ആർക്കും മനസിലാക്കിവുന്നതാണ്; അല്ലാതെ അതിൽ ഒരു വിഭാഗത്തെമാത്രം സൂചിപ്പിക്കാനല്ല. കാരണം, പുരുഷനെ അറിയാതിരുന്നിട്ടും ഹവ്വായെ ദൈവം സ്ത്രീ (woman) എന്നും സ്ത്രീവർഗം (female) എന്നും വിളിച്ചു. മനുഷ്യജാതിയിൽ ഒരു വിഭാഗത്തെക്കുറിക്കാൻ സ്ത്രീവർഗമെന്നും അതിലൊരു ജീവിതഘട്ടത്തെക്കുറിക്കാൻ സ്ത്രീ എന്നും. അതുവരെ അവിവാഹിതയായിരുന്ന ഹവ്വാ സ്ത്രീയെന്നു വിളിക്കപ്പെട്ടെങ്കിൽ കന്യകയ്ക്കും ഈ പദം പൊതുവായി ഉപയോഗിക്കപ്പെട്ട പദമായിത്തീർന്നു.

---

6. "കന്യകകൾ തല മൂടുന്നതിനെപ്പറ്റി" എന്ന ശീർഷകത്തിൽ തെർത്തൂല്യൻ പിൽക്കാലത്ത് ഒരു കൃതി രചിക്കയുണ്ടായി.

7. females എന്നു പറയാതെ women എന്നു പറഞ്ഞതിനാൽ virgins–നെ ഒഴിവാക്കി എന്നു ചിലർ കരുതുന്നു.

www.malankaralibrary.com



2. ഉല്പത്തിപ്പുസ്തകത്തിന്റെയും വിശുദ്ധഗ്രന്ഥം മുഴുവന്റെയും നിവേശകനായ ആത്മാവിനാൽ പ്രേരിതനായി അപ്പസ്തോലനും, അവിവാഹിതയായിരുന്ന ഹവ്വായ്ക്ക് സ്ത്രീ (woman) എന്നപദം ഉപയോഗിച്ചിരുന്നതുപോലെ തന്നെ, കന്യകകൾക്കും ഉപയോഗിക്കുന്നതിൽ അത്ഭുതത്തിനവകാശമില്ല. മററു കാര്യങ്ങളെക്കുറിച്ചു തർക്കമില്ല. കാരണം വിവാഹത്തെക്കുറിച്ച് പഠിപ്പിക്കുന്നിടത്ത് കന്യകകളെപ്പററി സംസാരിക്കുന്നതുപോലെ ഇവിടെ പ്രത്യേകം പറയാത്തതുകൊണ്ട്, എല്ലാ സ്ത്രീകളെക്കുറിച്ചും സ്ത്രീവർഗം മുഴുവനെക്കുറിച്ചുമാണ് അദ്ദേഹം സംസാരിക്കുന്നതെന്ന് വ്യക്തമാണ്. കന്യകകളെപ്പററി പ്രത്യേകം സൂചിപ്പിക്കാത്തതുകൊണ്ട് സ്ത്രീകളും (women) കന്യകകളും (virgins) എന്ന വ്യത്യാസംതന്നെ അദേഹം ഉദ്ദേശിക്കുന്നില്ല. ഈ വ്യത്യാസം ആവശ്യമായിരുന്ന സ്ഥലത്ത് അതു വ്യക്തമാക്കുവാൻ മറക്കാതിരുന്നതുകൊണ്ട്, ആ വ്യത്യാസം വ്യക്തമായി സൂചിപ്പിക്കാത്തിടത്ത് അദ്ദേഹം അതു വിവക്ഷിക്കുന്നില്ലെന്നു വ്യക്തമാണ്.

3. അപ്പസ്തോലൻ തന്റെ ലേഖനങ്ങളെഴുതിയ ഗ്രീക്കുഭാഷയിൽ സ്ത്രീവർഗം (theleias) എന്നതിനേക്കാൾ സ്ത്രീകൾ (gunaikas) എന്നതാണ് സാധാരണ പ്രയോഗം. ''ഗുനായിക്കാ'' എന്നതാണ് സ്ത്രീവർഗ്ഗത്തെ സൂചിപ്പിക്കാനുള്ള പൊതുഗ്രീക്കുപദമെങ്കിൽ, ശ്ലീഹാ ഈ പദം ഉപയോഗിക്കുന്നതുവഴി സ്ത്രീവർഗ്ഗത്തെ മുഴുവൻ ഉദ്ദേശിച്ചു; ഈ പദം 'സ്ത്രീകൾ' എന്നു ഭാഷാന്തരം ചെയ്യാം. സ്ത്രീവർഗ്ഗം മുഴവൻ എന്നു പറയുമ്പോൾ കന്യകകളും ഉൾപ്പെടുന്നുണ്ടല്ലോ.

4. ''ശിരസ്സു മൂടാതെ പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുന്ന ഏതൊരു സ്ത്രീയും തന്റെ ശിരസ്സിനെ അപമാനിക്കുകയാണു ചെയ്യുന്നത്'' എന്നതാണ് അദ്ദേഹം പഠിപ്പിക്കുന്നത് (1 കൊറി 11:5). ഇതിന്റെ രൂപത്തിൽ തെററുപററിയിട്ടില്ല. പ്രായത്തെക്കുറിച്ചോ സ്ഥാനത്തെപ്പററിയോ, സാഹചര്യങ്ങളെ സംബന്ധിച്ചോ സൂചനകൂടാതെ, 'ഏതൊരു സ്ത്രീയും' എന്ന പ്രസ്താവനകൊണ്ട് എന്താണർത്ഥമാക്കുന്നത്? 'ഇതുവഴി, പുരുഷൻമാർ ശിരസ്സു മൂടണമെന്നു കല്പിക്കാത്തതുപോലെതന്നെ, ഇതിൽനിന്ന് ഒരു സ്ത്രീയെയും അദ്ദേഹം ഒഴിവാക്കുന്നില്ല. അല്ലായിരുന്നെങ്കിൽ 'ഏതൊരു മനുഷ്യനും' എന്നു പറയുമായിരുന്നു. അവിവാഹിതരായ പുരുഷൻമാർപോലും ശിരസ്സു മൂടരുത് എന്നു കല്പിക്കുന്നതുപോലെ കന്യകകളും ശിരസ്സു മൂടണമെന്ന് അദ്ദേഹം നിഷ്കർഷിക്കുന്നു. മുതിർന്നവരായ സ്ത്രീപുരുഷൻമാർക്കുള്ള നിയമങ്ങൾ വിവേചന കൂടാതെതന്നെ ചെറുപ്പക്കാരും അനുസരിക്കണം; അല്ലെങ്കിൽ അവിവാഹിതരായ സ്ത്രീകൾ ശിരസ്സു മൂടേണ്ടതില്ലായെങ്കിൽ, അവിവാഹിതരായ പുരുഷൻമാരും ശിരസ്സു മൂടുവാൻ ഈ കല്പനവഴി നിർബന്ധിതരാകും; കാരണം, ഇവരെപ്പററി പ്രത്യേകമായി



ഒന്നും പറയുന്നില്ലല്ലോ. കന്യകകൾ സ്ത്രീകളിൽനിന്നു വിഭിന്നരാണെങ്കിൽ അവിവാഹിതരായ പുരുഷൻമാർ മററു പുരുഷൻമാരിൽനിന്നു വ്യത്യസ്തരായിരിക്കട്ടെ.

5. ദൈവദൂതൻമാരെ പരിഗണിച്ച്, സ്ത്രീ ശിരോവസ്ത്രം ധരിക്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെടുക (1 കൊറി 11:10). കാരണം, മനുഷ്യപുത്രിമാർ മൂലമാണ് മാലാഖമാർ ദൈവത്തെ ധിക്കരിച്ചത്. അങ്ങനെയെങ്കിൽ വിവാഹിതരായ സ്ത്രീകൾ മാത്രമാണ്, കന്യകകളല്ല, പ്രലോഭന കാരണമെന്ന് ആരു പറയും? അല്ലെങ്കിൽ അവിവാഹിതരായ സ്ത്രീകൾ ആകർഷകമായി പ്രത്യക്ഷപ്പെടുകയും ഇണയെ കണ്ടെത്തുകയും ചെയ്യാതിരിക്കുമായിരുന്നോ? മനുഷ്യപുത്രിമാരെക്കുറിച്ചുസംസാരിക്കുമ്പോൾ കന്യകകളെക്കുറിച്ചു മാത്രമാണോ വി. ഗ്രന്ഥം വിവക്ഷിച്ചിരുന്നതെന്നു നോക്കാം. കാരണം, നിഷ്പക്ഷമായി പുരുഷന്റെ ഭാര്യയെന്നും സ്ത്രീയെന്നും ഉപയോഗിക്കാമായിരുന്നു. 6. അവർ തങ്ങൾക്ക് ഭാര്യമാരായി സ്വീകരിച്ചു (ഉല്പ 6:2) എന്നു വി. ഗ്രന്ഥം പറയുന്നതിനാൽ ഭർത്താക്കൻമാരില്ലാതിരുന്നവരെയാണവർ സ്വീകരിച്ചതെന്നു വ്യക്തമാണ്. ഭർത്താക്കൻമാർ ഉള്ളവരായിരുന്നെങ്കിൽ വി. ഗ്രന്ഥം മറെറാരു പദം ഉപയോഗിച്ചേനേ. ഭർത്താക്കൻമാരില്ലാതെ വന്നത് വിധവകളായിരുന്നതുകൊണ്ടോ കന്യകകളായിരുന്നതുകൊണ്ടോ ആയിരുന്നിരിക്കണം. അതുകൊണ്ട് 'പുത്രിമാർ' എന്നതുകൊണ്ട് ആ വർഗ്ഗത്തിൽപ്പെട്ട എല്ലാവരേയും അദ്ദേഹം ഉൾപ്പെടുത്തി.

7. അതുപോലെതന്നെ, നീണ്ട തലമുടി സ്ത്രീകൾക്ക് ഒരാവരണവും ഭൂഷണവുമായി നൽകപ്പെട്ടിരിക്കുന്നതുകൊണ്ട് പ്രകൃതി തന്നെ അവർ ശിരസ്സു മൂടണമെന്നു പഠിപ്പിക്കുന്നു. കന്യകകൾക്കും ഇതേ ആവരണവും ഭൂഷണവുമല്ലേ നല്കപ്പെട്ടിരിക്കുക? ശിരസ്സിലെ മുടി വടിച്ചുകളയുന്നത് സ്ത്രീക്ക് അവമാനമാണെങ്കിൽ കന്യകയ്ക്കും അപ്രകാരം തന്നെ. 8. ശിരസ്സിന്റെ കാര്യത്തിൽ ഒരേ അവസ്ഥതന്നെയുള്ള സ്ത്രീകൾക്ക് ശിരസ്സിനെ സംബന്ധിക്കുന്ന നിയന്ത്രണങ്ങളും ഒരുപോലെ ബാധകമാണ്; ചെറുപ്രായം സംരക്ഷണം നല്കുന്ന കന്യകകളെയും ഇതു ബാധിക്കുന്നു. കാരണം ആരംഭം മുതൽതന്നെ അവരും സ്ത്രീകളുടെ ഗണത്തിൽ ഉൾപ്പെടുന്നു. അവസാനമായി, ഇസ്രായേലിനും ഈ നിയമം തന്നെയാണുള്ളത്. അങ്ങനെയില്ലായിരുന്നെങ്കിൽത്തന്നെയും, വികസിത രൂപത്തിലുള്ള നമ്മുടെ നിയമം, കന്യകകളും ശിരോവസ്ത്രം ധരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് കൂട്ടിച്ചേർക്കൽ നടത്തുന്നു. സെക്സിനെക്കുറിച്ച് അവബോധമില്ലാതിരിക്കുന്ന കാലഘട്ടത്തിൽ ഈ നിയമത്തിൽനിന്ന് ഒഴിവു നല്കാം. (നിഷ്കളങ്കതയുടെ ആനുകൂല്യം നിലനിർത്തുന്നു എന്നുറപ്പുവരുത്തണം; കാരണം, തങ്ങൾ എന്താണെന്ന ബോദ്ധ്യം ആദത്തിനും ഹവ്വായ്ക്കും ഉണ്ടായപ്പോൾ അവർ തങ്ങളെത്തന്നെ മറച്ചു). എങ്ങനെയാണെങ്കിലും, ബാല്യപ്രായം കടന്നിരിക്കുന്നവർക്ക്

www.malankaralibrary.com



പ്രകൃതിയിലൂടെയും ശിക്ഷണത്തിലൂടെയും പ്രായം പലതും പ്രദാനം ചെയ്യേണ്ടതുണ്ട്. സ്ത്രീകൾ അവരുടെ അവയവങ്ങളിലൂടെയും കടമകളിലൂടെയും അറിയപ്പെടുന്നു. വിവാഹപ്രായമെത്തുന്നതോടെ ഒരു സ്ത്രീയും കന്യകയല്ല; കാരണം, അവളിലെ പ്രായംതന്നെ അവളുടെ പങ്കാളിയായിത്തീരുന്നു.

9. എന്നാൽ ഒരുവൾ ദൈവത്തിനു സ്വയം സമർപ്പിച്ചെന്നു വിചാരിക്കുക. അതു മുതൽ അവൾ തന്റെ തലമുടി പുന:ക്രമിക്കുകയും രൂപത്തിലും ഭാവത്തിലുമെല്ലാം മാററം വരുത്തുകയും ചെയ്യുന്നു. അതുകൊണ്ട് അവൾ ഏർപ്പെട്ടിരിക്കുന്ന കാര്യത്തെക്കുറിച്ച് തീക്ഷ്ണതയുള്ളവളായിരിക്കട്ടെ; കന്യകയുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നതിനു ശ്രദ്ധിക്കുകയും ചെയ്യട്ടെ. ദൈവത്തെപ്രതി മറയ്ക്കുവാൻ അവൾ ആഗ്രഹിക്കുന്നവ, മനുഷ്യദൃഷ്ടിയിൽനിന്നു പൂർണ്ണമായി ഒഴിച്ചുനിർത്തുവാൻ അവൾ ശ്രദ്ധിക്കട്ടെ. ദൈവത്തെപ്രതി നാം ചെയ്യുന്നവ, അവിടുത്തെ അറിവിനായി മാത്രം വിട്ടുകൊടുക്കുക എന്നതായിരിക്കട്ടെ നമ്മുടെ താൽപര്യം; അല്ലെങ്കിൽ നാം ദൈവത്തിൽനിന്നു ലഭിക്കും എന്നു പ്രതീക്ഷിക്കുന്നവയ്ക്കുവേണ്ടി മററുള്ളവരുമായി വിലപേശേണ്ടിവരും. മനുഷ്യദൃഷ്ടിയിൽനിന്നു മറച്ചുവയ്ക്കുന്നവ എന്തിനാണ് ദൈവതിരുമുമ്പിൽ പ്രദർശിപ്പിക്കുക? ദൈവാലയത്തിലെന്നതിനേക്കാൾ കൂടുതൽ വിനയത്തോടെ നിങ്ങൾ പൊതുനിരത്തുകളിൽ പെരുമാറുമോ? ''ഇതു ദൈവത്തിൽനിന്നു ലഭിച്ച ഒരു ദാനമാണെങ്കിൽ ദാനമല്ലെന്ന മട്ടിൽ നീ അഹങ്കരിക്കുന്നതെന്തിന്''? എന്നു വിശുദ്ധ അപ്പസ്തോലൻ ചോദിക്കുന്നു (കൊറി 4:7). നിങ്ങൾ സ്വയം പ്രദർശിപ്പിച്ചുകൊണ്ട് എന്തിനാണ് മററു സ്ത്രീകളെ അപമാനിക്കുന്നത്? അതോ; നിങ്ങളുടെ പൊങ്ങച്ചംകൊണ്ടു നിങ്ങൾ മററുള്ളവരെ നൻമയിലേയ്ക്കു ക്ഷണിക്കുകയാണോ ചെയ്യുക? നിങ്ങൾ അതേക്കുറിച്ച് അഹങ്കരിച്ചാൽ, അതുനിങ്ങൾക്കു നഷ്ടപ്പെട്ടേക്കാം; മററുള്ളവരെ അതേ അപകടത്തിലേയ്ക്കു വലിച്ചിഴയ്ക്കുകയും ചെയ്തേക്കാം. പൊങ്ങച്ചത്തോടുള്ള അഭിനിവേശം നാശത്തിലേയ്ക്കു നയിക്കും! നീ ഒരു കന്യകയാണെങ്കിൽ ശിരസ്സു മൂടുക; കാരണം നാണംകൊണ്ടു നീ ലജ്ജിതയാകണം! നീ ഒരു കന്യകയാണെങ്കിൽ ഒരു പ്രദർശനവസ്തു ആകാതിരിക്കൂ. വലിയ താല്പര്യത്തോടെ ആരും നിന്റെ മുഖത്തു നോക്കാതിരിക്കട്ടെ. നിന്റെ വ്യാജം ആരും മനസിലാക്കാതിരിക്കട്ടെ. ശിരസ് മൂടിക്കൊണ്ട്, വിവാഹിതയാണെന്ന ചിന്ത മററുള്ളവർക്കു നൽകുക പ്രശംസനീയമാണ്. ഒരു തെററായ മതിപ്പ് ആയിരിക്കുകയില്ല നീ കൊടുക്കുക; കാരണം, നീ ക്രിസ്തുവിന്റെ മണവാട്ടിയല്ലേ. അവനായി നീ നിന്റെ ശരീരം അടിയറവെച്ചിരിക്കുന്നു. അതുകൊണ്ട് മണവാളന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കൂ. മററു പുരുഷൻമാരുടെ ഭാര്യമാർ ശിരസ്സു മൂടുവാൻ അവിടുന്നാഗ്രഹിക്കുന്നെങ്കിൽ എത്രയധികമായി തന്റെ സ്വന്തം മണവാട്ടി അങ്ങനെ ചെയ്യുവാൻ അവൻ ആഗ്രഹിക്കുകയില്ല!



10. തന്റെ മുൻഗാമിയുടെ ക്രമീകരണങ്ങൾ മാറേറണ്ടതില്ലെന്ന് ആരെങ്കിലും വിചാരിക്കുന്നു എന്നു കരുതുക. പലരും മററുള്ളവരാൽ സ്ഥാപിതമായ നടപടി ക്രമങ്ങളിൽ അവരുടെ സ്വന്തം ആശയങ്ങളും നിർബന്ധങ്ങളും കൂട്ടിച്ചേർക്കുന്നു. ശിരസു മൂടുന്നതിന് കന്യകകളെ നിർബന്ധിക്കരുത് എന്ന് അംഗീകരിച്ചാൽത്തന്നെ അപ്രകാരം ചെയ്യുവാൻ ആഗ്രഹിക്കുന്നവരെ തടയരുത്. കന്യകകളാണെന്ന വസ്തുത നിഷേധിക്കുവാൻ ആർക്കെങ്കിലും സാധിക്കുകയില്ലെങ്കിൽ, ദൈവതിരുമുമ്പാകെ മനസ്സാക്ഷി നിർമ്മലമായി സൂക്ഷിക്കുവാനായി, അവരുടെ പ്രശസ്തി ബലി കഴിക്കുവാനും അവർ തയ്യാറായിരിക്കണം.[8] ഞാൻ സാധാരണ പറയാറുള്ളതിനേക്കാൾ തറപ്പിച്ചു വിവാഹനിശ്ചയം കഴിഞ്ഞവരെ സംബന്ധിച്ച് പ്രഖ്യാപിച്ചു പറയാൻ എനിക്കു കഴിയും; ഭാവി വരനുമായി ഹസ്തദാനം നടത്തുകയും ചുംബനം കൈമാറുകയും ചെയ്ത നിമിഷം മുതൽ അവൾ ശിരസ് മൂടണം. കാരണം, ഈ പ്രതീകങ്ങളിലൂടെ അവരിലെ ഓരോ അംശവും അവർ സമർപ്പിക്കുന്നു. അവരുടെ ജീവിതം അതിന്റെ പൂർണ്ണമായ വികസനം മുഴുവൻ, അവരുടെ ശരീരം, അവരുടെ ജീവിതകാലം മുഴുവൻ, തങ്ങൾ ചെയ്ത ഉടമ്പടിയെക്കുറിച്ചുള്ള ബോധ്യത്തോടുകൂടി അവരുടെ ആത്മാവ്, ചുംബനം കൈമാറുന്നതിലൂടെ അവരുടെ വിനയം, പ്രതീക്ഷയിലൂടെയുള്ള അവരുടെ പ്രത്യാശ, ആഗ്രഹത്തിലൂടെ അവരുടെ മനസ്സ്. ഇക്കാര്യത്തിൽ റിബേക്കാ നമുക്ക് ഉത്തമമാതൃകയായി നിലകൊള്ളുന്നു. അവളുടെ ഭാവിവരനെ കണ്ടപ്പോൾ അവനെ വിവാഹം കഴിക്കാൻ പോകുന്നു എന്നറിഞ്ഞിരുന്നതിനാൽ അവൾ മൂടുപടംകൊണ്ട് ശിരസു മൂടി (ഉല്പ. 24:65).

## അധ്യായം 23

1. മുട്ടുകുത്തുന്നതിനെ സംബന്ധിച്ചും ചിലർ നിമിത്തം – അതും വളരെകുറച്ചുപേർ മൂലം – പ്രാർത്ഥന വ്യത്യസ്തമായ രീതി അംഗീകരിക്കുന്നുണ്ട്. അവർ ശാബതു ദിവസം മുട്ടു കുത്തുന്നു. സഭകളിൽ ശക്തി പ്രാപിച്ചുവരുന്ന ഒരെതിർവീക്ഷണമാണിത്. 2. മററുള്ളവർക്ക് ഉതപ്പു നൽകാതെ അവർ അവരുടെ അഭിപ്രായം പുലർത്തുന്നതിനോ, അല്ലെങ്കിൽ അതു വിട്ടുപേക്ഷിക്കുന്നതിനോ വേണ്ട അനുഗ്രഹം കർത്താവ് അവർക്കു നല്കട്ടെ. നമ്മെ സംബന്ധിച്ച്, നമ്മുടെ പാരമ്പര്യമനുസരിച്ച്, നമ്മുടെ കർത്താവിന്റെ ഉത്ഥാനം അനുസ്മരിക്കുന്ന ദിവസം മാത്രം ഈ പതിവിൽ നിന്നു നാം ഒഴിഞ്ഞു നില്ക്കുന്നു. ഇതിൽനിന്നുമാത്രമല്ല, വ്യഗ്രതയ്ക്കു കാരണമാകുന്ന ഏതൊരു ആചാരത്തിൽ നിന്നും മാറിനിൽക്കുന്നു. സാത്താന് അവസരം നല്കാതിരിക്കാവാനായി, ഇടപാടുകൾ മാററിവയ്ക്കുന്നതും ഇത് ഉൾക്കൊള്ളുന്നു. ആഹ്ലാദകരമായ ആഘോഷങ്ങൾ നിറഞ്ഞ പെന്തിക്കൊസ്തി കാലയളവിലും ഇതുതന്നെ അനുവർത്തിക്കണം. 3. എന്നാൽ

8. അത്ഥം വ്യക്തമല്ല.

www.malankaralibrary.com



ദിവസത്തിന്റെ പ്രകാശത്തെ നാം സമീപിക്കുന്ന ആദ്യപ്രാർത്ഥനയ്ക്കെങ്കിലും ദൈവത്തിന്റെ തിരുമുമ്പിൽ സാഷ്ടാംഗനമസ്ക്കാരം ചെയ്യുവാൻ ആരാണ് മടി കാണിക്കുന്നത് ? 4 കൂടാതെ ഉപവാസദിവസങ്ങളിലും നോമ്പിലെ ഉപവാസദിവസങ്ങളിലും വിനീതമാനസരായി മുട്ടിൻമേൽനിന്നല്ലാതെ ഒരു പ്രാർത്ഥനയും ഉരുവിടരുത്. കാരണം നാം പ്രാർത്ഥിക്കുക മാത്രമല്ല, യാചിക്കുകയും, നമ്മുടെ കർത്താവായ ദൈവത്തിന് പരിഹാരമനുഷ്ഠിക്കുകയുമാണ് ചെയ്യുക.

## അധ്യായം 24

1. നാം എല്ലാ സമയത്തും എല്ലാ സ്ഥലത്തും പ്രാർത്ഥിക്കണമെന്നതൊഴിച്ച് പ്രാർത്ഥിക്കുവാനുള്ള സമയത്തെക്കുറിച്ച് നിയമങ്ങളൊന്നും തന്നെയില്ല. പരസ്യമായി പ്രാർത്ഥിക്കുവാൻ വിലക്കപ്പെട്ടിരിക്കെ നാം എങ്ങനെ എല്ലായിടത്തും പ്രാർത്ഥിക്കും ? സാഹചര്യവും ആവശ്യകതയും അനുവദിക്കുന്നതുപോലെ എല്ലായിടത്തും, (1 തിമോ. 2;8) എന്നാണദ്ദേഹം അർത്ഥമാക്കുക. കാരണം, കാവൽക്കാരുടെ മുമ്പാകെ, അപ്പസ്തോലന്മാർ ജയിലിൽവച്ച് പ്രാർത്ഥിക്കുകയും ദൈവത്തിന് കൃതജ്ഞതാസ്തോത്രം ആലപിക്കുകയും ചെയ്തപ്പോൾ അവർ ഈ നിയമത്തിനെതിരായി പ്രവർത്തിച്ചതായി ആരും കണക്കാക്കുന്നില്ല. അതുപോലെ പൗലോസ് കപ്പലിൽ വച്ച്, എല്ലാവരുടെയും മുമ്പാകെ ദൈവത്തിനു കൃതജ്ഞതയർപ്പിച്ചപ്പോഴും ഈ നിയമത്തിനു വിരുദ്ധമായി പ്രവർത്തിക്കുകയായിരുന്നില്ല (നട.27:35).

## അധ്യായം 25

1 സമയത്തെസംബന്ധിച്ച്: ചില മണിക്കൂറുകളുടെ ബാഹ്യാനുഷ്ഠാനം വ്യർത്ഥമാവില്ല. മൂന്നാംമണി, ആറാംമണി, ഒൻപതാംമണി എന്നിങ്ങനെ ദിവസത്തെ തിരിച്ച് നടത്തുന്ന സമൂഹപ്രാർത്ഥനയെ സംബന്ധിച്ചാണ് ഞാനുദ്ദേശിക്കുന്നത്. പ്രത്യേകം പരിഗണനാർഹം എന്ന നിലയിൽ വി. ഗ്രന്ഥത്തിലും ഈ കാര്യം രേഖപ്പെടുത്തിയിരിക്കുന്നതു കാണാവുന്നതാണ്. 2. ശിഷ്യന്മാർ ഒരുമിച്ചുകൂടിയിരുന്ന മൂന്നാംമണി നേരത്താണ് പരിശുദ്ധാത്മാവ് അവരുടെമേൽ ആവസിച്ചത് (നട.2:15). 3. ആറാം മണിക്ക് പത്രോസു പ്രാർത്ഥിക്കുവാനായി മട്ടുപ്പാവിൽ കയറിയപ്പോഴായിരുന്നു, എല്ലാത്തരം നാല്ക്കാലികളെയും ഇഴജന്തുക്കളെയും ആകാശത്തിലെ പക്ഷികളെയുംകൊണ്ടുനിറഞ്ഞ ഒരു വിരിപ്പ് അദ്ദേഹത്തിന് കാണപ്പെട്ടത് (നട. 10:9).



4. അതുപോലെ ഒൻപതാം മണിക്കുള്ള പ്രാർത്ഥനയ്ക്കായി പത്രോസും യോഹന്നാനും ദൈവാലയത്തിലെത്തിയപ്പോഴായിരുന്നു മുടന്തനായിരുന്നു മനുഷ്യനെ സുഖപ്പെടുത്തിയത് (നട.3:17). 5. ഈ സംഭവങ്ങൾ യാമം കാക്കുന്നതിന്റെ കാര്യമൊന്നും അനുശാസിക്കാതെ, വെറുതെ സംഭവിച്ചവയാണെങ്കിലും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തോട് കടക്കാരായിരിക്കുന്ന നാം ദിവസത്തിൽ മൂന്നു പ്രാവശ്യമെങ്കിലും അവിടുത്തേയ്ക്ക് ആരാധന അർപ്പിക്കേണ്ടതിനായി നമ്മുടെ ജോലികളിൽനിന്നു പിന്തിരിയുവാൻ പ്രേരിപ്പിക്കത്തക്കവിധം ഒരു നിയമം ഉണ്ടായിരിക്കുന്നതു നല്ലതാണ്. ഇസ്രായേൽക്കാരുടെ ആചാരമനുസരിച്ച് ദാനിയേൽ ഇത് അനുഷ്ഠിച്ചിരുന്നതായി നാം വായിക്കുന്നു (6:10). പ്രഭാതത്തിലും പ്രദോഷത്തിലും ചൊല്ലേണ്ട നിശ്ചിതപ്രാർത്ഥനകളെ നാം ഈ ചർച്ചയിൽ നിന്നൊഴിവാക്കുന്നു. 6. വിശ്വാസികൾ പ്രാർത്ഥന കൂടാതെ ഭക്ഷിക്കുകയോ കുളിക്കയോ പതിവില്ല. കാരണം, ആത്മീയഭക്ഷണവും പോഷണവും ശരീരത്തിന്റെ ആവശ്യങ്ങൾക്ക് മുമ്പേ പേകേണ്ടതാണ്; സ്വർഗ്ഗീയകാര്യങ്ങൾ ഭൗമികമായവയ്ക്ക് മുമ്പേ ചെയ്യപ്പെടേണ്ടവയാണല്ലോ.

## അധ്യായം 26

1. നിന്റെ ഭവനത്തിലെത്തുന്ന സഹോദരനെ പ്രാർത്ഥന കൂടാതെ പോകാനനുവദിക്കരുത്; 'സഹോദരനെ കാണുന്നവൻ കർത്താവിനെ കാണുന്നു' എന്നുണ്ടല്ലോ.9 അപരിചിതന്റെ കാര്യത്തിൽ ഇതു നിശ്ചയമായും പാലിക്കണം. കാരണം, അതൊരു ദൈവദൂതനാണോ എന്ന് നിനക്കറിയില്ലല്ലോ 2. ഒരുവനെ സഹോദരന്മാർ ഭവനത്തിലേയ്ക്ക് സ്വാഗതം ചെയ്തുകഴിഞ്ഞാൽ ഉടനെ സ്വർഗ്ഗീയമായവയ്ക്ക് മുമ്പ് ഭൗമികമായ ഉല്ലാസങ്ങളിലേയ്ക്ക് പ്രവേശിക്കരുത്. കാരണം, വളരെ വേഗത്തിൽ നിന്റെ വിശ്വാസം വെളിപ്പെടും. ആ ഭവനത്തിലുള്ളവരുമായി സ്നേഹചുംബനം കൈമാറുന്നില്ലെങ്കിൽ 'ഈ ഭവനത്തിനു സമാധാനം' എന്ന കല്പനയനുസരിച്ച് (ലൂക്കാ 10:5) നിങ്ങൾക്കെങ്ങിനെ പറയാൻ കഴിയും ?

9. ഏതെങ്കിലും വാക്യത്തിന്റെ ഒരു പാഠഭേദമായിരിക്കാമിത് എന്നു കരുതുന്നവരുണ്ട്; മത്തായി 25:40; ഉല്പ. 18:8; 19:2; എബ്രാ. 13:2.

## അധ്യായം 27

1. വളരെ കൃത്യമായി ചെയ്യുവാൻ ആഗ്രഹിക്കുന്നവർ അവരുടെ പ്രാർത്ഥനയോടു കൂടി ഹാലേലൂയ്യായോ അതേ തരത്തിലുള്ള സങ്കീർത്തനങ്ങളോ കൂട്ടിച്ചേർക്കാറുണ്ട്. അവിടെ സന്നിഹിതരായിരിക്കുന്നവർക്ക് ഈ അവസാന വാചകം ഉച്ചരിച്ചുകൊണ്ട് പ്രത്യുത്തരിക്കാൻ കഴിയുമല്ലോ. ദൈവത്തിനർപ്പിക്കുന്ന ആദരവും വലിയ പുകഴ്ചയും നിമിത്തം ഈ ആചാരം തീർച്ചയായും എല്ലാത്തരത്തിലും സമൃദ്ധമായ ഒരു യാഗമാണ്; എല്ലാ വിശദാംശങ്ങളും തികഞ്ഞ ഒരു പ്രാർത്ഥനയാണ്.

## അധ്യായം 28

1. മുമ്പുണ്ടായിരുന്ന ബലിയർപ്പണത്തിനു പകരമുള്ള ആത്മീയ ബലിവസ്തുവാണിത്. കർത്താവ് അരുൾചെയ്യുന്നു: ''നിങ്ങളുടെ നിരവധിയായ ബലികൾ എന്തുദ്ദേശത്തിനാണ് നിങ്ങൾ എനിക്കർപ്പിക്കുന്നത് ? എനിക്കു മതിയായി. മുട്ടാടുകളെക്കൊണ്ടുള്ള ദഹനബലികളും കൊഴുത്ത മൃഗങ്ങളും മേദസ്സും കാളക്കുട്ടികളുടെയും ആട്ടിൻകുട്ടികളുടെയും രക്തവും ഞാനാഗ്രഹിക്കുന്നില്ല. നിങ്ങളുടെ കൈകളിൽനിന്ന് ഇവ ആവശ്യപ്പെട്ടതാരാണ് ?'' (ഏശ. 1:11-12). 2. ദൈവം ആവശ്യപ്പെടുന്നതെന്തെന്ന് സുവിശേഷം നമ്മെ പഠിപ്പിക്കുന്നു. അവിടുന്നു പറയുന്നു: ''സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു'' (യോഹ. 4: 23:24). അതുകൊണ്ട് അവിടുത്തെ ആരാധകരും ഈ സ്വഭാവക്കാർതന്നെ ആയിരിക്കണമെന്ന് അവിടുന്നാഗ്രഹിക്കുന്നു. 3. നാമാണ് സത്യാരാധകരും സത്യപുരോഹിതരും; ആത്മാവിൽ നമ്മുടെ പ്രാർത്ഥന അർപ്പിക്കുന്നതുവഴി നാം ആത്മീയബലി അർപ്പിക്കുന്നു—അതായത്, പ്രാർത്ഥന—ഈ യാഗം ദൈവത്തിനു സ്വീകാര്യവും യോഗ്യവുമാണ്. ഇതുതന്നെയാണവിടുന്ന് മുൻകൂട്ടി നിശ്ചയിക്കുകയും അവശ്യപ്പെടുകയും ചെയ്തിരിക്കുന്നത്. 4. പൂർണ്ണഹൃദയത്തോടെ ദൈവത്തിനർപ്പിക്കുന്നതാണ് ഈ പ്രാർത്ഥന. ഇത് വിശ്വാസത്താൽ പരിപോഷിപ്പിക്കപ്പെട്ടതും, സത്യത്താൽ രൂപം നല്കിയതും, നമ്മുടെ നിഷ്കളങ്കതയാൽ കറയറ്റതും, ചാരിത്ര്യത്താൽ ശുദ്ധമായതും, നമുക്ക് പരസ്പരമുള്ള സ്നേഹം നിമിത്തം ജേതാവിന്റെ കിരീടത്തിനർഹമായതുമാണ്. ഈ പ്രാർത്ഥന സൽപ്രവൃത്തികളോടും സങ്കീർത്തനാലാപത്തോടും ഗീതങ്ങളോടും കൂടി ദൈവത്തിനർപ്പിക്കണം. നാം ആവശ്യപ്പെടുന്നവയെല്ലാം അവിടുന്നു നമുക്കു സാധിച്ചുതരും.



## അധ്യായം 29

1. ആത്മാവിലും സത്യത്തിലുംഅവിടുത്തെ പക്കലെത്തുന്ന പ്രാർത്ഥന അവിടുന്നു നിരസിക്കുമോ ? കാരണം ഇതുതന്നെയാണല്ലോ അവിടുന്നാവശ്യപ്പെടുന്നത്. ഇതിന്റെ ഫലസിദ്ധിയെക്കുറിച്ച് നാം എന്തുമാത്രം വായിക്കുകയും കേൾക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു ! പഴയ പ്രാർത്ഥനയുടെ രൂപം ക്രിസ്തുവിൽ നിന്നു വന്നതല്ലായിരുന്നെങ്കിലും അതു മനുഷ്യരെ അഗ്നിയിൽ നിന്നും വന്യമൃഗങ്ങളിൽനിന്നും പട്ടിണിയിൽ നിന്നും രക്ഷിച്ചിരിക്കുന്നു. അങ്ങനെയെങ്കിൽ ക്രിസ്തീയ പ്രാർത്ഥന വഴി എന്തെല്ലാമാണ് സാധിതമായിട്ടുള്ളത് ! മഞ്ഞിന്റെ മാലാഖ അഗ്നിക്കു മദ്ധ്യേ പ്രത്യക്ഷപ്പെടുന്നതിനോ, സിംഹങ്ങളുടെ വായ് പൂട്ടുന്നതിനോ, ഒരു ജനത്തിന്റെ പ്രഭാതഭക്ഷണമെടുത്ത് വിശക്കുന്നവർക്കു കൊടുക്കുന്നതിനോ ഇടയാക്കുന്നില്ല. ചൊരിയപ്പെട്ട കൃപാവരത്താൽ വേദന ഇല്ലാതാക്കുന്നതിനോ ഇതു കാരണമാകുന്നില്ല;10) പ്രത്യുത, ക്ഷമാപൂർണ്ണമായ സഹനത്തിലൂടെ, വേദനിക്കുന്നവരെയും, ബലഹീനരെയും, സങ്കടമനുഭവിക്കുന്നവരെയും ഇതു പഠിപ്പിക്കുന്നു. കർത്താവിൽനിന്നു വരുന്നതെന്താണെന്നു ഗ്രഹിക്കുവാനും, ദൈവനാമത്തെപ്രതി സഹിക്കേണ്ടിവരുന്നതെന്തെന്നു മനസ്സിലാക്കുവാനും സഹായിക്കുന്ന ദൈവകൃപയുടെ വർദ്ധനവിന് ഇതു കാരണമാകുന്നു.

2. അതുപോലെതന്നെ, ഭൂതകാലത്ത് പ്രാർത്ഥന ചാട്ടയടിയേൽപിക്കുന്നതിനും, ശത്രുസൈന്യത്തെ ഇളക്കിവിടുന്നതിനും മഴയുടെ ഗുണപ്രദമായ ഫലങ്ങളെ തടയുന്നതിനും കാരണമാകുമായിരുന്നു. എന്നാൽ ഇന്ന് നീതിയുടെ പ്രാർത്ഥന ദൈവകോപം അകററിക്കളയുന്നു. ശത്രുവിനുവേണ്ടി ജാഗ്രതയോടെയിരിക്കുന്നു; പീഢകർക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു. ആകാശത്തുനിന്ന് അഗ്നി ചോദിച്ചുവാങ്ങുവാൻ കഴിയുമെന്നിരിക്കെ വെള്ളം ഇറക്കാൻ കഴിയുമെങ്കിൽ അതെന്തൊരത്ഭുതമായിരിക്കും! പ്രാർത്ഥനയ്ക്കു മാത്രമേ ദൈവത്തെ കീഴടക്കാൻ കഴിയൂ. എന്നാൽ ഇത് തിൻമയൊന്നും പ്രവർത്തിക്കരുതെന്ന് മിശിഹാ അഭിലഷിക്കുന്നു; നൻമയ്ക്കുള്ള എല്ലാ അധികാരവും അവിടുന്ന് ഇതിൽ നിക്ഷേപിച്ചിരിക്കുന്നു. മരിച്ചവരുടെ ആത്മാക്കളെ മരണത്തിന്റെ പാതയിൽനിന്നു തിരിച്ചുവിളിക്കുന്നതിനും ബലഹീനരെ ശക്തിപ്പെടുത്തുന്നതിനും, രോഗികളെ സുഖപ്പെടുത്തുന്നതിനും, പിശാചുക്കളെ ബഹിഷ്കരിക്കുന്നതിനും,

10. ദാനി. 3:20-50; 5:16-23 കാണുക.

www.malankaralibrary.com



കാരാഗൃഹത്തിന്റെ വാതിലുകൾ തുറക്കുന്നതിനും, നിരപരാധികളുടെ ചങ്ങലകൾ പൊട്ടിക്കുന്നതിനും അല്ലാതെ വേറൊന്നിനും ഇതിനു കഴിവില്ല. അതുപോലെതന്നെ ഇതു പാപങ്ങൾ മോചിക്കുന്നു. പ്രലോഭനങ്ങളെ ചെറുക്കുന്നു, പീഡനങ്ങളെ നശിപ്പിക്കുന്നു, ദുർബലഹൃദയരെ സമാശ്വസിപ്പിക്കുന്നു, ധൈര്യവാൻമാരെ സന്തോഷിപ്പിക്കുന്നു, യാത്രക്കാരെ സുരക്ഷിതമായി സ്വഭവനങ്ങളിലെത്തിക്കുന്നു, തിരമാലകൾ ശാന്തമാക്കുന്നു, കൊള്ളക്കാരെ തടയുന്നു, പാവങ്ങളെ തീറ്റിപ്പോറ്റുന്നു, ധനവാൻമാർക്കു നിർദ്ദേശം നൽകുന്നു, വീണവരെ എഴുന്നേൽപിക്കുന്നു, വീഴുന്നവരെ താങ്ങുന്നു, നിൽക്കുന്നവരെ വീഴാതെ സംരക്ഷിക്കുന്നു. 3. പ്രാർത്ഥന വിശ്വാസത്തിന്റെ ഭിത്തിയും നമ്മെ എല്ലാ വശത്തുനിന്നും ആക്രമിക്കുന്ന ശത്രുവിനെതിരെയുള്ള പരിചയും ആയുധവുമാണ്. ആയതിനാൽ ആയുധങ്ങളില്ലാതെ നമുക്കു മുന്നോട്ടു പോകാതിരിക്കാം. പ്രാർത്ഥനയിലൂടെ രാവും പകലും സ്വയം കാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോദ്ധ്യമുള്ളവരാകാം പ്രാർത്ഥനയാകുന്ന ആയുധങ്ങൾക്കു കീഴിൽ നമ്മുടെ നേതാവിന്റെ കൊടി കാത്തുസൂക്ഷിക്കാം; പ്രാർത്ഥനയോടുകൂടി ദൈവദൂതന്റെ കാഹളധ്വനി പ്രതീക്ഷിച്ചിരിക്കാം.

4. എല്ലാ ദൈവദൂതൻമാരും പ്രാർത്ഥിക്കുന്നു; എല്ലാ സൃഷ്ടിജാലവും പ്രാർത്ഥിക്കുന്നു. വന്യമൃഗങ്ങളും വളർത്തുമൃഗങ്ങളും അവയുടെ മുട്ടുകൾ മടക്കുന്നു. അവയുടെ ആലകളിൽനിന്നും ഗുഹകളിൽനിന്നും പുറത്തുപോകുമ്പോൾ പ്രത്യാശാപൂർവ്വം അവ സ്വർഗ്ഗത്തേയ്ക്കു നോക്കുന്നു. പക്ഷികൾപോലും, പ്രഭാതത്തിൽ ഉണരുമ്പോൾ, ആകാശത്തേയ്ക്കു പറന്നുയർന്ന് കുരിശാകൃതിയിൽ കൈകളുടെ സ്ഥാനത്ത് ചിറകുകൾ വിരിച്ച് പ്രാർത്ഥനപോലെ എന്തോ ഉരുവിടുന്നു. പ്രാർത്ഥിക്കാനുള്ള കടമയെപ്പറ്റി ഇനി എന്തിനു കൂടുതൽ ചർച്ചചെയ്യുന്നു? നമ്മുടെ കർത്താവുതന്നെയും പ്രാർത്ഥിച്ചു. അവിടുത്തേയ്ക്ക് എന്നുമെന്നേയ്ക്കും അധികാരവും ബഹുമാനവും. ആമ്മേൻ.

# II

# വി. സിപ്രിയാൻ

ആഫ്രിക്കൻ സഭയിലെ രണ്ടാമത്തെ ദൈവശാസ്ത്രജ്ഞനാണ് താഷിയുസ് ചെച്ചീലിയുസ് സിപ്രിയാനുസ് (+258). ധനികരും സംസ്ക്കാരസമ്പന്നരുമായ അക്രൈസ്തവ മാതാപിതാക്കളിൽ നിന്ന് ജനിച്ച സിപ്രിയാൻ, കാർത്തേജിൽ പ്രശസ്തനായിത്തീർന്നു. ചെച്ചീലിയുസ് എന്ന വൈദികന്റെ സ്വാധീനത്താൽ അദ്ദേഹം ക്രിസ്ത്യാനിയായി; തന്റെ സമ്പത്ത് പാവപ്പെട്ടവരുടെ ഇടയിൽ വിതരണം ചെയ്തു. അധികം താമസിയാതെ വൈദികനും മെത്രാനുമായി. സിപ്രിയാൻ കാർത്തേജിലെ മെത്രാനായിരുന്നപ്പോൾ ആഫ്രിക്കയിൽ കഠിനമായ മതപീഡനം ഉണ്ടായി. 258-ൽ സിപ്രിയാൻ കാർത്തേജിനടുത്തുവച്ച് വധിക്കപ്പെട്ടു; അങ്ങനെ ആഫ്രിക്കൻ മെത്രാൻമാരുടെ ഇടയിലെ ആദ്യത്തെ രക്തസാക്ഷിയായി.

വി. സിപ്രിയാന്റെ കൃതികളെല്ലാം പ്രായോഗിക ചായ്വുള്ളവയായിരുന്നു. രക്ഷയ്ക്കുതകുന്ന പ്രായോഗിക ചിന്തകൾ പങ്കുവയ്ക്കാനാണ് അദ്ദേഹം ശ്രദ്ധിച്ചത്. ഋജുവും കാര്യമാത്രപ്രസക്തവും പ്രസന്നവുമായിരുന്നു അദ്ദേഹത്തിന്റെ ശൈലി. മനസിന്റെയും ഹൃദയത്തിന്റെയും അനേകം വിശിഷ്ടഗുണങ്ങൾ നിറഞ്ഞ ഒരു മഹനീയ വ്യക്തിയെയാണ് കൃതികളിൽ നാം കണ്ടുമുട്ടുക. സ്നേഹം, ശാന്തത, വിവേകം ആദിയായവ അദ്ദേഹത്തിൽ നിഴലിച്ചു നിന്ന ഗുണങ്ങളാണ്.

'സഭൈക്യത്തെക്കുറിച്ചുള്ള' കൃതി രചിച്ചതിനുശേഷമാണ് 'കർതൃപ്രാർത്ഥനയെക്കുറിച്ചുള്ള' കൃതി (De dominica oratione) സിപ്രിയാൻ രചിച്ചത്. അതായത്, 251–ന്റെ അവസാനത്തിലോ 252–ന്റെ ആരംഭത്തിലോ. പ്രാർത്ഥനയെപ്പറ്റി പറഞ്ഞിട്ട് 'കർതൃപ്രാർത്ഥനയെ" അപഗ്രഥിക്കയാണ്. ഏററം ശ്രേഷ്ഠമായ പ്രാർത്ഥനയായി അതിനെ അദ്ദേഹം ചിത്രീകരിക്കുന്നു. തന്റെ പ്രിയ പുത്രന്റെ തന്നെ വാക്കുകൾ കേൾക്കുന്നത് സ്വർഗീയ പിതാവിനിഷ്ടമാകയാൽ, മറേറതു പ്രാർത്ഥനയേക്കാളും ഇത് ഫലപ്രദമാണ്. നാമീ പ്രാർത്ഥന ചൊല്ലുമ്പോഴെല്ലാം സ്വർഗീയ സിംഹാസനത്തിൻ മുൻപാകെ ക്രിസ്തു നമ്മുടെ മധ്യസ്ഥനാകുന്നു. ദൈവത്തോടു പ്രാർത്ഥിക്കേണ്ടവർക്കുണ്ടായിരിക്കേണ്ട ശാരീരികവും മാനസികവുമായ നിലയെ സംബന്ധിച്ച് അദ്ദേഹം നിർദ്ദേശം നൽകുന്നു.

www.malankaralibrary.com



സിപ്രിയാന്റെ മിക്കവാറും എല്ലാ കൃതികളിലും തെർത്തൂല്യന്റെ സ്വാധീനം കാണാം. ഈ കൃതിയിലും ഇക്കാര്യം വ്യക്തമാണ്. തെർത്തൂല്യന്റെ കൃതി സ്നാനാർത്ഥികളെ ഉദ്ദേശിച്ചുള്ളതാണ്. അതിൽ കർതൃപ്രാർത്ഥനയും സ്നാനത്തിന്റെ ചടങ്ങുകളും ഗ്രന്ഥകർത്താവു ചർച്ചാവിഷയമാക്കുന്നു. സിപ്രിയാന്റെ കൃതിയാകട്ടെ, വിശ്വാസികളുടെ വിശ്വാസവർദ്ധനവിനുവേണ്ടി വിരചിതമാണ്. പ്രാർത്ഥനയെക്കുറിച്ചാണ് ചർച്ച മുഴുവൻ. എന്നാൽ പൊതുവെ ഈ കൃതിയുടെ രചനയിലും തെർത്തൂല്യൻ സിപ്രിയാനെ സ്വാധീനിച്ചിട്ടുണ്ട്.

സിപ്രിയാന്റെ ഒരു മനോഹരകൃതിയാണ് 'കർതൃപ്രാർത്ഥനയെപ്പററി'യുള്ള ഈ കൃതി. ഈ വിഷയം സംബന്ധിച്ചുള്ള ഏററം വിശിഷ്ടകൃതിയായും ഇതിനെ കണക്കാക്കാം. സിപ്രിയാനും അദ്ദേഹത്തിന്റെ മററു കൃതികളും വിസ്മൃതിയിൽ ആണ്ടപ്പോഴും ഈ കൃതി പ്രചാരത്തിലുണ്ടായിരുന്നു; പ്രാചീനർ ഇതു താല്പര്യപൂർവം വായിച്ചിരുന്നു.

**Bibliography**

R. J. Deferriari (tr), *The Lord's Prayer,* in "Saint Cyprian-Treatises," (*Fathers of the Church - A New Translation,* vol. 36), New york. 1958. p. 127-165.



# കർതൃപ്രാർത്ഥന

## അധ്യായം 1

വത്സലസഹോദരങ്ങളെ, സുവിശേഷത്തിലെ സന്മാർഗപ്രമാണങ്ങൾ ദൈവിക പ്രബോധനങ്ങളിൽ നിന്നു വ്യത്യസ്തമാണ്. പ്രത്യാശ പടുത്തുയർത്തുന്നതിനുള്ള അടിസ്ഥാനമാണവ; വിശ്വാസത്തെ ദൃഢതരമാക്കുന്നതിനുള്ള താങ്ങും ഹൃദയത്തെ ഉത്തേജിപ്പിക്കാനുള്ള പോഷണവും ആണവ. നമ്മുടെ പാതകൾക്ക് അവ വഴികാട്ടികളാണ്. ഭൂമിയിലെ വിധേയത്വമുള്ള വിശ്വാസികളുടെ മനസ്സിനെ പ്രബോധിപ്പിച്ചുകൊണ്ട് സ്വർഗരാജ്യത്തിലേക്ക് അവ നയിക്കുന്നു. തന്റെ ദാസന്മാരായ പ്രവാചകരിലൂടെ വളരെയേറെ കാര്യങ്ങൾ പറയുന്നതിനും കേൾപ്പിക്കുന്നതിനും ദൈവം ആഗ്രഹിച്ചിരുന്നു; എന്നാൽ പ്രവാചകന്മാരിൽ ഉണ്ടായിരുന്ന അതേ വചനമായ പുത്രൻ സ്വന്തസ്വരത്തിൽ സാക്ഷ്യപ്പെടുത്തുന്ന ആ വചനങ്ങൾ എത്രയോ മഹത്തരങ്ങളാണ്! അവന്റെ വരവിനായി പാത ഒരുക്കുവാൻ പ്രവാചകന്മാരോട് ഇപ്പോൾ അവിടുന്നാജ്ഞാപിക്കുന്നില്ല. കാരണം അവിടുന്നുതന്നെ വരികയും പാത തുറന്നു കാണിച്ചു തരികയും അന്ധരായി മുൻകരുതൽ കൂടാതെ മരണത്തിന്റെ നിഴലിൽ അലഞ്ഞു നടന്നിരുന്ന നമ്മേ തന്റെ കൃപയുടെ പ്രഭയാൽ പ്രകാശിപ്പിക്കുകയും ചെയ്തു. ഇത്, നാം നമ്മുടെ നായകനും വഴികാട്ടിയുമായ കർത്താവിനോടുകൂടെ ജീവന്റെ മാർഗത്തിൽ ചരിക്കേണ്ടതിനത്രേ.

## അധ്യായം 2

രക്ഷാകരോപദേശങ്ങളും ദിവ്യകല്പനകളും വഴി രക്ഷയിലേക്ക് തന്റെ ജനത്തെ പ്രബോധിപ്പിക്കുന്ന രക്ഷകൻ തന്നെ പ്രാർത്ഥനാരീതി നമുക്കു നൽകുകയും നാമെന്താണു പ്രാർത്ഥിക്കേണ്ടതെന്ന് നമ്മെ ഉപദേശിച്ച് പ്രബോധിപ്പിക്കുകയും ചെയ്തു. നമുക്ക് ജീവൻ നൽകിയ അവിടുന്ന് അതേ കാരുണ്യത്തോടെ, പ്രാർത്ഥിക്കുവാനും നമ്മെ പഠിപ്പിച്ചു. അതായത്, അതുവഴി മററു വസ്തുക്കൾ നമുക്കു തന്ന് നമ്മെ അനുഗ്രഹിക്കാൻ അവിടുന്ന് തിരുമനസ്സായി. അങ്ങനെ പുത്രൻ പഠിപ്പിച്ച അതേ പ്രാർത്ഥനകൊണ്ടും അപേക്ഷകൊണ്ടും പിതാവിനോട

www.malankaralibrary.com



സംസാരിക്കുമ്പോൾ, വളരെ എളുപ്പത്തിൽ കേൾക്കപ്പെടേണ്ടതിനാണ് ഇതു പഠിപ്പിച്ചത്. സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു എന്ന് അവിടുന്നുതന്നെ മുൻകൂട്ടി അറിയിച്ചിരുന്നു (യോഹ. 4:23). അവിടുത്തെ വിശുദ്ധീകരണം വഴി ആത്മാവിനെയും സത്യത്തെയും സ്വീകരിച്ചവരായ നാം തന്റെ പ്രബോധനംവഴി ആത്മാവിലും സത്യത്തിലും ആരാധിക്കുന്നതിനുവേണ്ടി അവിടുന്ന് നമ്മോടു ചെയ്ത വാഗ്ദാനം നിറവേററി. നമുക്ക് പരിശുദ്ധാത്മാവിനെ അയച്ചു തന്ന മിശിഹാ പഠിപ്പിച്ചതിനേക്കാൾ ആത്മീയമായി ഏതു പ്രാർത്ഥനയാണുള്ളത്? സത്യം തന്നെയായ പുത്രൻ സ്വന്ത അധരങ്ങൾ വഴി പഠിപ്പിച്ചതിനേക്കാൾ പിതാവിനോടുള്ള ഏതു പ്രാർത്ഥനയാണ് സത്യമായിട്ടുള്ളത്? അതുകൊണ്ട് അവിടുന്നു പഠിപ്പിച്ച പ്രാർത്ഥന ഉപയോഗിച്ചു പ്രാർത്ഥിക്കാത്തവൻ അജ്ഞതയിൽ കഴിയുന്നു എന്നു മാത്രമല്ല തെററു ചെയ്യുകയും ചെയ്യുന്നു. കാരണം അവിടുന്നുതന്നെ അരുൾചെയ്തിരിക്കുന്നു: 'നിങ്ങളുടെ മാമൂലുകളെ മുറുകെ പിടിക്കാനായി നിങ്ങൾ ദൈവകല്പനകളെ നിരസിക്കുന്നു' (മത്താ. 15:16).

## അധ്യായം 3

അതുകൊണ്ട് വത്സലസഹോദരരേ, ഗുരുവായ ദൈവം പഠിപ്പിച്ചതുപോലെ നമുക്കു പ്രാർത്ഥിക്കാം. ദൈവത്തിന്റെ വചനത്താൽ തന്നെ അവിടുത്തോട് അപേക്ഷിക്കുന്നതും മിശിഹായുടെ പ്രാർത്ഥന അവിടുത്തെ കേൾവിയിലെത്തുന്നതും, ഗാഢവും സ്നേഹനിർഭരവുമായ പ്രാർത്ഥനയാണ്. നാം പ്രാർത്ഥിക്കുമ്പോൾ പിതാവ് തന്റെ പുത്രന്റെ വചനങ്ങളെ അംഗീകരിക്കട്ടെ. നമ്മുടെ ഉള്ളിൽ വസിക്കുന്ന അവിടുന്നും നമ്മുടെ വചനങ്ങളിൽ നിഴലിക്കട്ടെ. അവിടുന്നു പിതാവിന്റെ സന്നിധിയിൽ നമ്മുടെ പാപങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നവനാകയാൽ, നമ്മുടെ മദ്ധ്യസ്ഥന്റെ വചനങ്ങൾ തന്നെ നമുക്ക് മുന്നോട്ട് വയ്ക്കാം. 'നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് എന്തു ചോദിച്ചാലും അവിടുന്ന് അത് നിങ്ങൾക്കു നല്കും' എന്ന് അവിടുന്നരുൾ ചെയ്തിരിക്കെ (യോഹ. 16:23). മിശിഹായുടെ നാമത്തിൽ, അവിടുത്തെ പ്രാർത്ഥനകൊണ്ടു തന്നെ നാം അപേക്ഷിക്കുന്ന കാര്യങ്ങൾ എത്ര എളുപ്പത്തിൽ സാധിച്ചു കിട്ടുകയില്ല!



## അധ്യായം 4

പ്രാർത്ഥിക്കുന്നവൻ വിനയത്തോടും സംയമനത്തോടുംകൂടി വാക്കുകളും അപേക്ഷകളും സമർപ്പിക്കട്ടെ. ദൈവമുമ്പാകെയാണ് നാം നിൽക്കുന്നതെന്ന കാര്യം നമുക്കനുസ്മരിക്കാം. നമ്മുടെ ശാരീരിക നിലപാടും ശബ്ദത്തിന്റെ അളവും ദൈവമുമ്പാകെ സ്വീകൃതമായിരിക്കണം. വലിയ ഒച്ചയിടുന്നത് അതിഭാഷണക്കാരുടെ സ്വഭാവമായിരിക്കുന്നതുപോലെ. മിതമായ അപേക്ഷകളാൽ പ്രാർത്ഥിക്കുകയെന്നത് വിനീതഹൃദയരുടെ ശീലമാണ്. അവസാനമായി, രഹസ്യത്തിൽ, ഒളിസ്ഥലത്ത്, വിദൂരമായ ഇടങ്ങളിൽ നമ്മുടെ ഉറക്കറയിൽവച്ച പ്രാർത്ഥിക്കണമെന്ന്, തന്റെ പ്രബോധനത്തിൽ കർത്താവു കല്പിച്ചിരിക്കുന്നു: കാരണം ദൈവം എല്ലായിടത്തും സന്നിഹിതനാണെന്നും അവിടുന്ന് എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നു എന്നും, തന്റെ ഔന്നത്യത്തിന്റെ പൂർണ്ണതയാൽ നിഗൂഢവും രഹസ്യവുമായ സ്ഥലങ്ങളിലും ചൂഴ്നിറങ്ങുന്നുവെന്നും മനസിലാക്കുന്നത് നമ്മുടെ വിശ്വാസത്തിന് തികച്ചും യോജിച്ചതാണ്. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു; ''ഞാൻ അടുത്തുള്ള ദൈവമാണ്; ദൂരെയുള്ള ദൈവമല്ല. ആരെങ്കിലും ഏതെങ്കിലും രഹസ്യസ്ഥലത്തൊളിച്ചാൽ അവനെ ഞാൻ കാണുകയില്ലേ? ഞാൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നില്ലേ?'' (ജറമിയ: 23:23). വീണ്ടും ''കർത്താവിന്റെ ദൃഷ്ടികൾ എല്ലായിടത്തും ദുഷ്ടരുടെമേലും ശിഷ്ടരുടെമേലും പതിയുന്നു'' എന്നും എഴുതപ്പെട്ടിരിക്കുന്നു (സുഭാഷി. 15:3). സഹോദരങ്ങളോടൊപ്പം ഏതെങ്കിലും ഒരു സ്ഥലത്ത് ഒരുമിച്ചുകൂടി, ദൈവത്തിന്റെ പുരോഹിതന്റെ നേതൃത്വത്തിൽ ദിവ്യബലി അർപ്പിക്കുമ്പോൾ, നാം അച്ചടക്കവും, സംയമനവും ഉള്ളവരായിരിക്കണം; അല്ലാതെ, അവലക്ഷണമായ സ്വരത്തിൽ പ്രാർത്ഥനകൾ ക്രമരഹിതമായി വിക്ഷേപിക്കുകയോ, പ്രക്ഷുബ്ധമായ ബഹളത്തോടുകൂടെ അപേക്ഷകൾ സമർപ്പിക്കുകയോ ചെയ്യരുത്. ''ദൈവം സ്വരത്തെ ശ്രവിക്കാതെ ഹൃദയത്തെ ശ്രവിക്കുന്നവനാകയാൽ''.1 വിനയത്തോടെവേണം ദൈവത്തോടു പ്രാർത്ഥിക്കുവാൻ, നമ്മുടെ ചിന്തകൾ പോലും അറിയുന്ന അവിടുത്തോട് എന്തിനാണ് വലിയ ഒച്ചയിട്ടു സംസാരിക്കുന്നത്? ''എന്തിനാണ് നിങ്ങൾ ഹൃദയത്തിൽ വ്യർത്ഥമായി നിരൂപിക്കുന്നത് എന്നു ചോദിക്കുകയും'' (മത്താ. 9:4) ''ഹൃദയങ്ങളും ആഗ്രഹങ്ങളും പരിശോധിക്കുന്നവനാണു ഞാനെന്ന് സകല സഭകളും അറിയും'' എന്ന് പറയുകയും ചെയ്യുന്ന (വെളി. 2:23) അവിടുന്ന് ഈ സത്യംതന്നെ വെളിവാക്കുന്നു.

1. ''Deus non vocis sed cordis auditor est''—ഇത് പദാനുപദം തെർത്തൂല്യനിൽനിന്ന് എടുത്തിട്ടുള്ളതാണ് (17,3).

www.malankaralibrary.com



## അധ്യായം 5

ശാമുവേലിൻെറ ഒന്നാം പുസ്തകത്തിൽ സഭയുടെ പ്രതീകം വരച്ചുകാണിച്ചുകൊണ്ട് ഹന്നാ ചെയ്തത് ഇതാണ് (1:13). ഒച്ചപ്പാടോടുകൂടിയുള്ള അപേക്ഷകൂടാതെ, വിനയത്തോടും നിശബ്ദമായും ഹൃദയാന്തരാളത്തിൽനിന്നാണ് അവൾ ദൈവത്തോടു പ്രാർത്ഥിച്ചത്. അവൾ നിഗൂഢമായ പ്രാർത്ഥനയോടെയാണ് സംസാരിച്ചതെങ്കിലും അവളുടെ വിശ്വാസം പ്രകടമായിരുന്നു. അവൾ ശബ്ദംകൊണ്ടല്ല ഹൃദയംകൊണ്ടാണു സംസാരിച്ചത്. കാരണം കർത്താവു കേൾക്കുമെന്ന് അവൾക്കറിയാമായിരുന്നു. വിശ്വാസത്തോടെ പ്രാർത്ഥിച്ചതുകൊണ്ട് അപേക്ഷിച്ച കാര്യം നേരിയെടുക്കുകയും ചെയ്തു. “അവൾ ഹൃദയത്തിൽ സംസാരിച്ചു. അവളുടെ ചുണ്ടുകൾ ചലിച്ചെങ്കിലും ശബ്ദമെന്നും കേൾക്കാമായിരുന്നില്ല. എന്നാൽ കർത്താവ് അവളെ കേട്ടു” എന്നു വിശുദ്ധഗ്രന്ഥം സാക്ഷീക്കുന്നു. അതുപോലെ സങ്കീർത്തനത്തിൽ നാം വായിക്കുന്നു. “നിങ്ങളുടെ ഹൃദയത്തിൽ സംസാരിക്കുവിൻ; നിങ്ങളുടെ കിടക്കയിൽ ദുഃഖപൂരിതരായിരിക്കുവിൻ (സങ്കീ:4:5). “കർത്താവേ, അങ്ങയെ ഞങ്ങൾ ഹൃദയത്തിലാണ് ആരാധിക്കേണ്ടത്”” എന്നു പറയുന്ന ജറമിയായിലൂടെ പരിശുദ്ധാത്മാവു പഠിപ്പിക്കുന്നതും ഇതു തന്നെയാണ് (ബാറൂക്. 6:6).

## അധ്യായം 6

വത്സല സഹോദരങ്ങളേ, ദേവാലയത്തിൽ പ്രീശനോടൊപ്പം പ്രാർത്ഥിച്ച ചുങ്കക്കാരൻ എങ്ങനെയാണ് പ്രാർത്ഥിച്ചതെന്ന് ആരാധിക്കുന്നവരാരും മറക്കാതിരിക്കട്ടെ. അഹങ്കാരത്തോടെ സ്വർഗ്ഗത്തിലേയ്ക്കു കണ്ണുകളുയർത്തിക്കൊണ്ടോ, ധിക്കാരപൂർവം കൈകളുയർത്തിക്കൊണ്ടോ അല്ല, പ്രത്യുത മാറത്തടിച്ചുകൊണ്ടും നിരവധിയായ പാപങ്ങൾ ഏററുപറഞ്ഞുകൊണ്ടുമാണ് അവൻ ദൈവിക കരുണ യാചിച്ചത്; പ്രീശനു വ്യർത്ഥമായ ആത്മസംതൃപ്തി ഉണ്ടായെങ്കിലും, ചുങ്കക്കാരനാണ് കൂടുതൽ നീതീകരിക്കപ്പെട്ടവനായി പരിഗണിക്കപ്പെട്ടത്. കാരണം അയാൾ സ്വന്ത നിരപരാധിത്വത്തിൽ രക്ഷയുടെ പ്രതീക്ഷയർച്ചിച്ചില്ല; ആരും നിഷ്കളങ്കരല്ലല്ലോ. മറിച്ച് പാപങ്ങൾ ഏററുപറഞ്ഞ് എളിമയോടെ അവൻ പ്രാർത്ഥിച്ചു. വിനീതഹൃദയരോടു ക്ഷമിക്കുന്ന ദൈവം ആ പ്രാർത്ഥന കേൾക്കുകയും ചെയ്തു. കർത്താവ് തൻെറ സുവിശേഷത്തിൽ ഇതു വിവരിക്കുന്നു. “രണ്ടുപേർ പ്രാർത്ഥിക്കുവാനായി ദേവാലയത്തിലേക്കു പോയി; ഒരുവൻ പ്രീശനും, അപരൻ ചുങ്കക്കാരനും. പ്രീശൻ നിന്നുകൊണ്ട് ഇങ്ങനെ പ്രാർത്ഥിച്ചു: ‘ദൈവമേ, ഞാൻ അങ്ങേയ്ക്കു നന്ദി



പറയുന്നു; എന്തുകൊണ്ടെന്നാൽ ഞാൻ അക്രമികളും അധർമ്മികളും, വ്യഭിചാരികളുമായ മററു മനുഷ്യരെപ്പോലെയോ, ഈ ചുങ്കക്കാരനെപ്പോലെയോ അല്ല. ഞാൻ ആഴ്ചയിൽ രണ്ടു പ്രാവശ്യം ഉപവസിക്കുന്നു. ഞാൻ സമ്പാദിക്കുന്ന സകലത്തിൻെറയും ദശാംശം കൊടുക്കുന്നു’. എന്നാൽ ആ ചുങ്കക്കാരൻ ദൂരെ നിന്ന്, സ്വർഗ്ഗത്തിലേയ്ക്ക് കണ്ണുകളുയർത്തുവാൻപോലും തുനിയാതെ, മാറത്തടിച്ചുകൊണ്ട് ഇങ്ങനെ പ്രാർത്ഥിച്ചു, ‘ദൈവമേ, പാപിയായ എന്നിൽ കനിയണമേ’. ഇയാൾ അപരനേക്കാൾ നീതീകരിക്കപ്പെട്ടവനായി തൻെറ വീട്ടിലേക്കു മടങ്ങിപ്പോയി എന്നു ഞാൻ നിങ്ങളോടു പറയുന്നു. എന്തെന്നാൽ സ്വയം ഉയർത്തുന്നവൻ താഴ്ത്തപ്പെടും സ്വയം താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും” (ലൂക്കാ. 18:10.14).

## അധ്യായം 7

ഏററം വത്സല സഹോദരങ്ങളേ, എങ്ങനെയാണു പ്രാർത്ഥനയ്ക്ക് അണയേണ്ടതെന്ന് തിരുലിഖിതത്തിൽ നിന്ന് ഇപ്രകാരം ഗ്രഹിച്ചശേഷം, എന്താണു പ്രാർത്ഥിക്കേണ്ടതെന്നുകൂടി ഗുരുവായ കർത്താവിൽ നിന്നു തന്നെ നമുക്കു പഠിക്കാം. അവിടുന്നരുൾ ചെയ്യുന്നു, “നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ നാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ. നിൻെറ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങളുടെ അന്നന്നത്തെ അപ്പം ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിൽ ഉൾപ്പെടുവാൻ ഞങ്ങളെ അനുവദിക്കരുതേ. പിന്നെയോ തിൻമയയിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ” (മത്താ.6:9.13).

## അധ്യായം 8

നാമോരോരുത്തരും തനിയെ വ്യക്തിപരമായി അവനവനുംവേണ്ടി മാത്രമെന്നവണ്ണം അല്ല പ്രാർത്ഥിക്കേണ്ടത് എന്ന് ഐക്യത്തിൻെറ നാഥനും സമാധാനഗുരുവുമായ അവിടുന്ന് പഠിപ്പിക്കുന്നു. ‘സ്വർഗ്ഗത്തിലുള്ള എൻെറ പിതാവേ’ എന്നോ ‘ഇന്നെനിക്ക് എൻെറ അപ്പം തരിക’ എന്നോ അല്ല; തൻെറ മാത്രം കടങ്ങൾ പൊറുക്കണമെന്ന് ഒരുത്തൻ അപേക്ഷിക്കുകയല്ല; താൻ മാത്രം പരീക്ഷയിലേക്കു പ്രവേശിക്കപ്പെടരുതെന്നോ താൻ മാത്രം തിൻമയിൽ നിന്നു വിടുവിക്കപ്പെടണമെന്നോ അല്ല നാം പ്രാർത്ഥിക്കുന്നത്. നമ്മുടെ പ്രാർത്ഥന പരസ്യവും പൊതുവും ആണ്. നാം പ്രാർത്ഥിക്കുമ്പോൾ ഒരാൾക്കുവേണ്ടിയല്ല, സർവ്വജനങ്ങൾക്കും വേണ്ടി

www.malankaralibrary.com



യാണ് പ്രാർത്ഥിക്കുന്നത്; കാരണം, നാം, ജനതകളെല്ലാവരും, ഒന്നാണ്. ഐക്യം പഠിപ്പിച്ച, ഐക്യത്തിന്റെയും പ്രാർത്ഥനയുടെയും ഗുരുവായ ദൈവം തന്നിൽത്തന്നെ എല്ലാവരെയും വഹിച്ചതുപോലെ നാമോരോരുത്തരും മറെറല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കണമെന്നാഗ്രഹിക്കുന്നു. തീച്ചൂളയിൽ എറിയപ്പെട്ട ആ മൂന്നു ബാലൻമാർ പ്രാർത്ഥനയിൽ ഐക്യപ്പെട്ടും ആത്മാവിൽ ഒന്നിച്ചു ചേർന്നുകൊണ്ടും പ്രാർത്ഥനയുടെ ഈ നിയമം പാലിച്ചു. വിശുദ്ധ ലിഖിതത്തിന്റെ വിശ്വാസം ഇപ്രകാരം പ്രഖ്യാപിക്കുന്നു. അവർ എങ്ങനെ പ്രാർത്ഥിച്ചു എന്നു പറയുമ്പോൾ, അവരെപ്പോലെ നാമും ആയിത്തീരേണ്ടതിന്, നാം പ്രാർത്ഥനയിൽ അവരെ എങ്ങനെ അനുകരിക്കണം എന്നു പഠിപ്പിക്കുകയാണ് തിരുലിഖിതത്തിന്റെ ലക്ഷ്യം! ''അപ്പോൾ അവർ മൂവരും ഏകകണ്ഠമായി കീർത്തനമാലപിച്ച് ദൈവത്തെ സ്തുതിക്കുകയും: മഹത്വപ്പെടുത്തുകയും ചെയ്തു'' എന്ന് വിശുദ്ധ ഗ്രന്ഥം പറയുന്നു (ദാനി. 3:28) ക്രിസ്തു അവരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചിരുന്നില്ലെങ്കിലും, അവർ ഏകകണ്ഠമായി പ്രാർത്ഥിച്ചു. അതുകൊണ്ട് അവരുടെ പ്രാർത്ഥന ഫലപ്രദവും പ്രയോജനകരവുമായി ഭവിച്ചു. കാരണം, ലളിതവും സമാധാനപൂർണ്ണവും ആത്മീയവുമായ പ്രാർത്ഥനയാണു കർത്താവിനേററം പ്രിയങ്കരം. അതുപോലെതന്നെ ശിഷ്യൻമാരോടൊപ്പം ശ്ലീഹൻമാരും കർത്താവിന്റെ ഉത്ഥാനശേഷം പ്രാർത്ഥിക്കുന്നതായി നാം കാണുന്നു. ''ഇവരെല്ലാം, സ്ത്രീകളോടും ഈശോയുടെ അമ്മയായ മറിയത്തോടും അവിടുത്തെ സഹോദരൻമാരോടും കൂടെ ഏകമനസ്സോടെ നിരന്തരം പ്രാർത്ഥനയിൽ മുഴുകിയിരുന്നു'' (നട. 1:14) എന്നു വി. ഗ്രന്ഥം പറയുന്നു. അവർ ഏകമനസ്സോടെ പ്രാർത്ഥനയിൽ മുഴുകിയിരുന്നു. ഏകമനസ്സുള്ളവരെ ഒരു ഭവനത്തിൽ വസിക്കാനിടയാക്കുന്ന ദൈവം, പ്രാർത്ഥനയിൽ ഏകമനസ്സോടെയിരിക്കാത്തവരെ സ്വീകരിക്കുകയില്ലെന്ന്, പ്രാർത്ഥനയിലെ അവരുടെ സ്ഥിരതയും ഐക്യവും വഴി അവർ പ്രഖ്യാപിക്കുകയായിരുന്നു.

## അധ്യായം 9

ഏററം വൽസലസഹോദരങ്ങളേ, ദൈവികസത്യങ്ങളുടെ 'സംക്ഷിപ്തരൂപമായ ഈ കർത്തൃപ്രാർത്ഥനയിൽ, നമ്മുടെ അപേക്ഷകളിൽ ഉൾപ്പെടേണ്ടവയൊന്നും വിട്ടുപോകാത്ത തരത്തിൽ, എത്രയെത്ര മഹനീയ സംഗതികളാണ് ആത്മീയത മുററിനിൽക്കുന്ന രീതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്! ''നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ; സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്നു വി. ഗ്രന്ഥം പറയുന്നു. കൃപയാൽ തന്റെ ദൈവത്തിലേക്ക് വീണ്ടെടുക്കപ്പെടുകയും വീണ്ടും ജനിക്കയും ചെയ്ത പുതിയ മനുഷ്യൻ ആദ്യമായി 'പിതാവേ' എന്നു പറയുന്നു. കാരണം,



അവനിപ്പോൾ പുത്രനാകുവാൻ തുടങ്ങിയിരിക്കുന്നു. ''അവിടുന്നു സ്വന്തജനത്തിന്റെ ഇടയിലേക്ക വന്നു; എന്നാൽ സ്വകീയർ അവിടുത്തെ സ്വീകരിച്ചില്ല. എന്നാൽ തന്നെ സ്വീകരിക്കയും, തന്റെ നാമത്തിൽ വിശ്വാസം അർപ്പിക്കുകയും ചെയ്യുന്ന സകലർക്കും, ദൈവമക്കളാകുവാനുള്ള അവകാശം അവിടുന്നു നൽകി'' (യോഹ. 1:11–12) എന്നു നാം വായിക്കുന്നു. അതുകൊണ്ട് അവിടുത്തെ നാമത്തിൽ വിശ്വസിക്കുകയും അതുവഴി ദൈവപുത്രനായിത്തീരുകയും ചെയ്ത വ്യക്തി ദൈവപുത്രനാണെന്ന് പ്രഖ്യാപിക്കുകയും നന്ദിയർപ്പിക്കുവാൻ ആരംഭിക്കുകയും വേണം. ''തന്റെ പിതാവ് സ്വർഗ്ഗത്തിലുള്ള ദൈവമാണെന്നു പ്രഖ്യാപിക്കുന്ന നവജൻമത്തിന്റെ ഈ ആദ്യവാക്കുകളിലൂടെ, ഭൗമികവും, ശാരീരികവുമായ പിതാവിനെ ബഹുമാനിക്കുകയും, ഒപ്പം സ്വർഗ്ഗത്തിലിരിക്കുന്ന ദൈവത്തെ മാത്രം പിതാവായി അറിയുകയും സ്വീകരിക്കുകയും ചെയ്യുന്നു. ''ഞാൻ നിങ്ങളെ അറിയില്ലെന്ന് തങ്ങളുടെ മാതാപിതാക്കളോട് പറയുന്നവർ, തങ്ങളുടെ മക്കളെ തിരിച്ചറിയാത്തവർ—ഇവർ നിന്റെ വചനം കാക്കുകയും നിന്റെ ഉടമ്പടി പാലിക്കുകയും ചെയ്തു'' (ആവ. 33:9) എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ ഭൂമിയിൽ ആരെയും ''ഞങ്ങളുടെ പിതാവ്'' എന്നു വിളിക്കരുത്; എന്തെന്നാൽ സ്വർഗ്ഗസ്ഥനായ പിതാവ് ഏകൻ മാത്രമെയുള്ളൂ എന്ന് കർത്താവു തന്റെ സുവിശേഷത്തിൽ കൽപിച്ചിരിക്കുന്നു (മത്താ: 23:9). തന്റെ മരിച്ച പിതാവിനെക്കുറിച്ചു സൂചിപ്പിച്ച ശിഷ്യനോട് അവിടുന്ന് അരുൾചെയ്തു. ''മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്ക്കരിച്ചുകൊള്ളട്ടെ (മത്താ. 8:22). കാരണം, തന്റെ പിതാവ് മരിച്ചിരിക്കുന്നു എന്ന് അവൻ പറഞ്ഞു. എന്നാൽ വിശ്വാസികളുടെ പിതാവാകട്ടെ ജീവിച്ചിരിക്കുന്നു.

## അധ്യായം 10

ഏററം വത്സല സഹോദരരേ, 'സ്വർഗസ്ഥനായ പിതാവേ, എന്ന് ദൈവത്തെ വിളിക്കാം എന്നു മാത്രം മനസിലാക്കുകയും വിളിക്കുകയും ചെയ്താൽ പോരാ: പിന്നെയോ, ''ഞങ്ങളുടെ പിതാവേ'' എന്നുകൂടികൂട്ടിച്ചേർക്കണം. അതായത് വിശ്വസിക്കുന്നവരുടെ, അവിടുന്ന് വിശുദ്ധീകരിച്ച് ആത്മീയ കൃപയുടെ ജനനത്താൽ പുനസ്ഥാപിച്ചതുവഴി ദൈവപുത്രരാകുവാൻ തുടങ്ങിയവരുടെ, പിതാവാണവിടുന്ന്. ഈ ശബ്ദം യഹൂദരെ കുററപ്പെടുത്തുകയും വിധിക്കുകയും ചെയ്യുന്നു; കാരണം, പ്രവാചകൻമാർ വഴി മുൻകൂട്ടി അറിയിക്കപ്പെടുകയും, സമയത്തിന്റെ പൂർത്തിയിൽ അവരുടെ ഇടയിലേക്ക് അയക്കപ്പെടുകയും ചെയ്ത മിശിഹായെ അവർ നിരാകരിച്ചു; എന്നു മാത്രമല്ല, ക്രൂരമായി വിധിക്കുകയും ചെയ്തു. അതുകൊണ്ടു അവർക്കിപ്പോൾ കർത്താവിനെ പിതാവെന്ന വിളിക്കാൻ പററില്ല. ''പിശാചെന്ന

www.malankaralibrary.com



പിതാവിൽനിന്നു ജനിച്ചവരാണ് നിങ്ങൾ. നിങ്ങളുടെ പിതാവിന്റെ ഇഷ്ടം നിറവേററുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു. അവൻ ആരംഭംമുതൽ കൊലയാളിയാണ്; അവൻ സത്യത്തിൽ നിലനിന്നില്ല; കാരണം അവനിൽ സത്യമില്ല'' (യോഹ. 8:44) എന്നുപറഞ്ഞുകൊണ്ട് അവരെ കത്താവു നിരാകരിക്കുന്നു. പ്രവാചകനായ ഏശയ്യായിലൂടെ ക്രോധത്തോടുകൂടെ ദൈവം അട്ടഹസിക്കുന്നു: ''ഞാൻ മക്കളെ ജനിപ്പിച്ചു; പോററിവളർത്തി, എന്നാൽ അവർ എന്നെ നിന്ദിച്ചു. കാള അതിന്റെ ഉടമസ്ഥനെ അറിയുന്നു; കഴുത അതിന്റെ യജമാനന്റെ തൊഴുത്തും. എന്നാൽ ഇസ്രായേൽ എന്നെ അറിഞ്ഞില്ല. എന്റെ ജനം മനസിലാക്കുന്നില്ല. തിൻമ നിറഞ്ഞ രാജ്യത്തിനു ഹാ, കഷ്ടം! അനീതിയുടെ ഭാരം വഹിക്കുന്ന ജനം, ദുഷ്കർമികളുടെ സന്തതി, ദുർമാർഗികളായ മക്കൾ —അവർ കർത്താവിനെ പരിത്യജിക്കയും ഇസ്രായേലിന്റെ പരിശുദ്ധനെ ദുഷിക്കുകയും ചെയ്തു(1:2-4). ക്രിസ്ത്യാനികളായ നാം ''ഞങ്ങളുടെ പിതാവേ'' എന്നു പ്രാർത്ഥിക്കുമ്പോൾ അവരെ ശിക്ഷ വിധിക്കുകയാണു ചെയ്യുക; കാരണം, ഇപ്പോൾ കർത്താവു നമ്മുടെതാകുവാൻ തുടങ്ങി; തന്നെ ഉപേക്ഷിച്ച യൂദരുടെതല്ലാതായിത്തീർന്നു. പാപം ചെയ്യുന്ന ജനത്തിന് പുത്രരായിരിക്കുവാൻ സദ്ധ്യമല്ല. പാപങ്ങൾക്കു മോചനം ലഭിച്ചവരാണ് പുത്രരെന്ന പേരിനർഹർ. ഇവർക്ക് നിത്യായുസും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. കർത്താവുതന്നെ പറയുന്നു, പാപം ചെയ്യുന്ന ഏവനും പാപത്തിന്റെ അടിമയാണ്. അടിമ വീട്ടിൽ എന്നേയ്ക്കും വസിക്കുന്നില്ല. പുത്രരാകട്ടെ എന്നേയ്ക്കും വസിക്കുന്നു'' (യോഹ. 8:34.35).

## അധ്യായം 11

കൂടാതെ, കർത്താവിന്റെ കരുണ എത്രമാത്രമാണ്! തന്റെ നന്മയും നമ്മെപ്പററിയുള്ള പരിഗണനയും എത്ര വലുതാണ ! കത്താവിനെ 'പിതാവേ' എന്നു വിളിച്ചുകൊണ്ട് ദൈവത്തിന്റെ മുൻപാകെ നാം പ്രാർത്ഥിക്കണമെന്ന് അവിടുന്നാഗ്രഹിച്ചു, ക്രിസ്തു ദൈവപുത്രനായിരിക്കുന്നതുപോലെ നാമും ദൈവപുത്രരായി കാണപ്പെടുവാൻ അവിടുന്നഭിലഷിക്കുന്നു. കർത്താവു നമ്മെ അനുവദിച്ചില്ലായിരുന്നെങ്കിൽ നമ്മിലാരും ഈ നാമം പ്രാർത്ഥനയിൽ ഉപയോഗിക്കുവാൻ മുതിരുമായിരുന്നില്ല. അതുകൊണ്ട് ഏററം പ്രിയപ്പെട്ട സഹോദരരേ, നാം ദൈവത്തെക്കുറിച്ചു സംസാരിക്കുമ്പോൾ ദൈവമക്കളെന്നപോലെ പ്രവർത്തിക്കാനുള്ള കടമയും നമുക്കുണ്ട് എന്നു നാം അറിയുകയും അനുസ്മരിക്കുകയും വേണം. ദൈവത്തെ പിതാവായി ലഭിച്ചതിൽ നാം സന്തുഷ്ടരായിരിക്കുന്നതുപോലെ നമ്മെ പുത്രരായി ലഭിച്ചതിൽ ദൈവവും സന്തോഷിക്കുവാനാണിത്. ദൈവാലയങ്ങളെന്നപോലെ നമുക്കു ജീവിക്കാം; നമ്മിൽ കർത്താവ് വസിക്കുന്നുവെന്ന് എല്ലാവർക്കും വ്യക്തമാകട്ടെ; നമ്മുടെ പ്രവൃത്തികൾ ആത്മാവിൽനിന്ന് അകലാതിരിക്കട്ടെ. ആത്മീയരും



സ്വർഗീയരുമാകാൻ ആരംഭിച്ചിരിക്കുന്ന നാം ആത്മീയവും സ്വർഗീയവും ആയതല്ലാത്തതൊന്നും ചിന്തിക്കുവാനോ പ്രവർത്തിക്കുവാനോ ഇടയാകാതിരിക്കട്ടെ. കാരണം; ദൈവമായ കർത്താവു തന്നെ പറഞ്ഞിരിക്കുന്നു: ''എന്നെ മഹത്വപ്പെടുത്തുന്നവനെ ഞാനും മഹത്വപ്പെടുത്തും. എന്നെ നിന്ദിക്കുന്നവനെ ഞാനും നിന്ദിക്കും'' (1ശമു. 2:30). ''നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല, കാരണം നിങ്ങൾ വിലയ്ക്കുവാങ്ങപ്പെട്ടവരാണ്, അതിനാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ'' എന്ന് വി. അപ്പസ്തോലനും തന്റെ ലേഖനത്തിൽ പറയുന്നു (1 കൊറി. 6:19–20).

## അധ്യായം 12

'നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ' എന്ന് തുടന്ന് നാം പ്രാർത്ഥിക്കുന്നു. നമ്മുടെ പ്രാർത്ഥനകൾ വഴി ദൈവം പരിശുദ്ധനാക്കപ്പെടുവാൻവേണ്ടിയല്ല, പിന്നെയോ, നമ്മിൽ അവിടുത്തെ തിരുനാമം പൂജിതമാക്കപ്പെടണമെന്ന് കർത്താവിനോട് നാം അഭ്യർത്ഥിക്കുകയാണ്. കൂടാതെ, വിശുദ്ധീകരിക്കുന്ന ദൈവം ആരാലാണ് വിശുദ്ധീകരിക്കപ്പെടുക! എന്നാൽ 'ഞാൻ പരിശുദ്ധനായിരിക്കയാൽ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ' എന്ന് അവിടുന്നു തന്നെ ആവശ്യപ്പെട്ടിരിക്കകൊണ്ട് (ലേവ്യ. 20:7) മാമ്മോദീസായിൽ വിശുദ്ധീകരിക്കപ്പെട്ട നാം, നാം ആരംഭിച്ചിരിക്കുന്നതിൽ നിലനിൽക്കുവാനായി ഇങ്ങനെ അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുന്നു. ദിവസവും ഇതിനുവേണ്ടിയാണു നാം പ്രാർത്ഥിക്കുക. ദിനംപ്രതി പാപം ചെയ്യുന്ന നമുക്ക് നിരന്തര വിശുദ്ധീകരണം വഴി നമ്മെത്തന്നെ ശുദ്ധീകരിക്കേണ്ടതിന്, എല്ലാ ദിവസവും വിശുദ്ധീകരണം ആവശ്യമാണ്: ''ദുർവൃത്തർ, വിഗ്രഹാരാധകർ, വ്യഭിചാരികൾ, സ്വവർഗ്ഗ സംഭോഗികൾ, തസ്കരർ, അത്യാഗ്രഹികൾ, മദ്യപാനികൾ, പരദൂഷകർ, കവർച്ചക്കാർ ആദിയായവരാരും ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല. നിങ്ങളിൽ ചിലരൊക്കെ ഇത്തരക്കാരായിരുന്നു. എന്നാൽ ഇപ്പോൾ നിങ്ങൾ പ്രക്ഷാളിതരാണ്; പവിത്രീകൃതരാണ്. കർത്താവായ ഈശോമിശിഹായുടെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിലും നിങ്ങൾ നീതീകരിക്കപ്പെട്ടവരാണ്'' (1 കൊറി 6:9–11) എന്നു പറയുന്ന ശ്ലീഹാ പ്രഘോഷിക്കുന്നതും ദൈവത്തിനു നമ്മോടുള്ള പരിഗണനമൂലം നമ്മിൽ വർഷിക്കുന്ന ആ വിശുദ്ധീകരണത്തെത്തന്നെയാണ്. കർത്താവായ ഈശോമിശിഹായുടെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിലും നാം പവിത്രീകൃതരാണെന്ന് അദ്ദേഹം പറയുന്നു. ഈ പവിത്രീകരണം നമ്മിൽ നിത്യം വസിക്കാൻ ഇടയാക്കണമെന്നു നാം പ്രാർത്ഥിക്കുന്നു. താൻ സുഖപ്പെടുത്തി എഴുന്നേല്പിച്ചവനോട് കൂടുതൽ മോശമായവ വന്നുഭവിക്കാതിരിക്കാൻ മേലിൽ പാപം ചെയ്യരുതെന്ന് നമ്മുടെ കർത്താവും ന്യായാധിപനുമായ അവിടുന്ന് മുന്നറിയിപ്പു നൽകി

www.malankaralibrary.com



യതുകൊണ്ട്, ദൈവമഹത്വത്താൽ നമ്മിൽ ചൊരിയപ്പെട്ടിരിക്കുന്ന പവിത്രീകരണവും ജീവനും അവിടുത്തെ സംരക്ഷണയാൽ നമ്മിൽ നിലനിൽക്കേണ്ടതിനായി നിരന്തര പ്രാർത്ഥനകളാൽ രാവും പകലും നാം ഇതിനായി അപേക്ഷിക്കുന്നു.

## അധ്യായം 13

അതിനുശേഷം ''നിന്റെ രാജ്യം വരണമെ'' എന്ന് പ്രാർത്ഥന തുടരുന്നു. അവിടുത്തെ തിരുനാമം നമ്മിൽ പാവനമായിത്തീരണമെന്ന കൂടി അപേക്ഷിക്കുന്നു. കാരണം, എപ്പോഴാണ ദൈവം ഭരിക്കാതിരിക്കുന്നത്? ഒരിക്കലും അവസാനിക്കാത്തതും എല്ലായ്പ്പോഴും ഉള്ളതുമായ ആ ഭരണം എപ്പോഴാണ് അവനിൽ ആരംഭിക്കുക ? ദൈവം നമുക്കു വാഗ്ദാനം ചെയ്തിരുന്നതും ക്രിസ്തുവിന്റെ രക്തത്താലും പീഡാസഹനത്താലും നേടിയെടുക്കപ്പെട്ടതുമായ ആ രാജ്യം വരണമെന്നാണു നമ്മുടെ അപേക്ഷ. ഈ ലോകത്തിൽ ശുശ്രൂഷ ചെയ്തവരായ നാം പിന്നീട് കർത്താവായ മിശിഹായോടൊപ്പം അവിടുന്നു വാഗ്ദാനം ചെയ്തിരിക്കുന്നതുപോലെ, ഭരിക്കേണ്ടതിനായിട്ടാണിത്. അവിടുന്ന് വാഗ്ദാനം ചെയ്തു പറയുന്നു: 'എന്റെ പിതാവിനാൽ അനുഗൃഹീതരേ, വരുവിൻ; ലോകാരംഭം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ'' (മത്താ 25:24). ഏററം പ്രിയ സഹോദരരേ, മിശിഹാ തന്നെയാകാം ഈ ദൈവരാജ്യം. അവിടുന്നു വരണമെന്നു നാം അനുദിനം ആഗ്രഹിക്കുന്നു. അവിടുത്തെ ആഗമനം വേഗം സമാഗതമാകണമെന്നു നാം അഭിലഷിക്കുന്നു. തന്നിൽ നാം ഉയിർക്കുന്നതുകൊണ്ട് അവിടുന്നു നമ്മുടെ ഉത്ഥാനമായിരിക്കുന്നതുപോലെ, തന്നിൽ നാം ഭരിക്കാനിരിക്കകൊണ്ട്, അവനെ ദൈവത്തിന്റെ രാജ്യമായും മനസിലാക്കാം. സ്വർഗ്ഗരാജ്യമായ ദൈവരാജ്യം നാം അന്വേഷിക്കുന്നത് തികച്ചും ഉചിതമാണ്. കാരണം, ഒരു ഭൗമികരാജ്യവുമുണ്ടല്ലോ. ഈ ലോകത്തെ ഉപേക്ഷിച്ചവൻ അതിന്റെ ബഹുമാനത്തേക്കാളും രാജ്യത്തേക്കാളും വലിയവനാണ്. ദൈവത്തിനും മിശിഹായ്ക്കും സ്വയം സമർപ്പിച്ചവൻ ഭൗമികരാജ്യമല്ല ദൈവരാജ്യം കാംക്ഷിക്കുന്നു. കർത്താവ് വ്യക്തമാക്കുകയും തെളിയിക്കുകയും ചെയ്തിട്ടുള്ളതുപോലെ, തങ്ങൾക്ക് ആദ്യം വാഗ്ദാനം ചെയ്യപ്പെട്ട ആ രാജ്യം യഹൂദർക്ക് കൈവശപ്പെടുത്തുവാൻ കഴിയാതെപോയതുപോലെ, നമുക്കും വന്നുഭവിക്കാതിരിക്കാനായി നാം നിരന്തരം പ്രാർത്ഥിക്കുകയും അപേക്ഷിക്കുകയും ചെയ്യുക ആവശ്യമാണ്. അവിടുന്നു പറയുന്നു, ''വളരെപ്പേർ കിഴക്കു നിന്നും പടിഞ്ഞാറു നിന്നും വന്നു സ്വർഗ്ഗരാജ്യത്തിൽ അബ്രഹാമിനോടും ഇസഹാക്കിനോടും യാക്കോബിനോടും കൂടെ ദൈവരാജ്യത്തിൽ പന്തിയിലിരിക്കും. രാജ്യത്തിന്റെ പുത്രൻമാരോ പുറത്തുള്ള



അന്ധകാരത്തിലേക്ക് എറിയപ്പെടും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും (മത്താ. 8:11–12). ദൈവപുത്രരായിരുന്നപ്പോൾ യഹൂദർ മുമ്പ് രാജ്യത്തിന്റെ മക്കളുമായിരുന്നു എന്നവിടുന്നു കാണിക്കുന്നു. പിതാവിന്റെ നാമം അവരുടെയിടയിൽനിന്നു തിരോഭവിച്ചതോടെ, രാജ്യവും അവസാനിച്ചു. അതുകൊണ്ട് ദൈവത്തെ 'പിതാവേ', എന്നു വിളിക്കാൻ നമ്മുടെ പ്രാർത്ഥനയിൽ ആരംഭിച്ചിരിക്കുന്ന ക്രിസ്ത്യാനികളായ നാം, അവിടുത്തെ രാജ്യം സമാഗതമാകണമെന്നു കൂടി പ്രാർത്ഥിക്കുന്നു.

## അധ്യായം 14

''നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ'' എന്നും നാം കൂട്ടിച്ചേർക്കുന്നു. ദൈവം ആഗ്രഹിക്കുന്നത് അവിടുന്നു ചെയ്യുവാനുള്ള ആഗ്രഹമല്ല, പിന്നെയോ, ദൈവം ആഗ്രഹിക്കുന്നത് ചെയ്യാൻ കഴിയണമെ എന്നാണ്. കാരണം, ദൈവം ആഗ്രഹിക്കുന്നതു പ്രവർത്തിക്കുന്നതിന് ആരാണെതിരു നിൽക്കുക ? എന്നാൽ എല്ലാക്കാര്യങ്ങളിലും ദൈവത്തെ അനുസരിക്കുന്നതിൽ നമ്മെ തടസ്സപ്പെടുത്തുന്നതിന് സാത്താനുള്ളതിനാൽ ദൈവത്തിന്റെ തിരുവിഷ്ടം നമ്മിൽ നിറവേറണം എന്നു നാം പ്രാർത്ഥിക്കുന്നു. ഇതു നമ്മിൽ നടപ്പിലാകുവാനും ദൈവതിരുമനസ്സ്, അതായത് അവിടുത്തെ സംരക്ഷണവും സഹായവും ആവശ്യമാണ്. കാരണം ദൈവിക കരുണയിലല്ലാതെ, സ്വന്തം ശക്തിയിലാരും ശക്തരാകുന്നില്ല. മാനുഷിക ബലഹീനത വഹിച്ച കർത്താവ് അതു ചൂണ്ടിക്കാണിക്കുന്നു: ''പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നെ കടന്നുപോകണമേ.'' സ്വന്ത ഇഷ്ടമല്ല, ദൈവത്തിന്റെ ഹിതമാണു നിർവ്വഹിക്കേണ്ടത് എന്നു ശിഷ്യർക്കു കാണിച്ചുകൊടുക്കുവാൻ അവിടുന്നു കൂട്ടിച്ചേർത്തു: ''എങ്കിലും എന്റെ ഇഷ്ടമല്ല: അങ്ങയുടേതു നിറവേറട്ടെ'' (മത്താ. 26:39). മറെറാരിടത്ത് അവിടുന്നരുൾ ചെയ്യുന്നു, ''ഞാൻ സ്വർഗ്ഗത്തിൽനിന്നു വന്നിരിക്കുന്നത് എന്റെ ഇഷ്ടം ചെയ്യാനല്ല; എന്നെ അയച്ചവന്റെ ഇഷ്ടം നിറവേററാനാണ്'' (യോഹ 6:38). പിതാവിന്റെ ഹിതം അനുവർത്തിക്കുവാൻ പുത്രൻ തയ്യാറായെങ്കിൽ, ദാസരായ നാം കർത്താവിന്റെ ഇഷ്ടം നിറവേററുന്നതിൽ എത്രയധികം ശ്രദ്ധാലുക്കളായിരിക്കണം !

വി. യോഹന്നാൻ തന്നെയും തന്റെ ലേഖനത്തിൽ ദൈവത്തിന്റെ ഹിതമനുസരിച്ചു ജീവിക്കുവാൻ ഉപദേശിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്നു: 'ലോകത്തെയോ അതിലുള്ള വസ്തുക്കളെയോ സ്നേഹിക്കരുത്; ലോകത്തെ സ്നേഹിക്കുന്നവനിൽ പിതാവിന്റെ സ്നേഹമില്ല. കാരണം, ജഡമോഹം, കണ്ണുകളുടെ ആർത്തി, ജീവിതാഹന്ത—ഇവയാണു ലോകത്തിലുള്ളത്, ഇതൊന്നും പിതാവിൽ നിന്നുള്ളതല്ല, ലോകത്തി

www.malankaralibrary.com



ന്റെ മോഹത്തിൽ നിന്നുള്ളതത്രേ. ലോകവും അതിന്റെ മോഹങ്ങളും കടന്നുപോകുന്നു; എന്നാൽ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നവൻ എന്നേക്കും നിലനിൽക്കും (1 യോഹ. 2:15–17). എന്നേക്കും നിലനിൽക്കാൻ ആഗ്രഹിക്കുന്നവൻ നിത്യനായ ദൈവത്തിന്റെ ഇഷ്ടം നിറവേറ്റണം. മിശിഹാ പഠിപ്പിച്ചതും പ്രവർത്തിച്ചതും ദൈവേഷ്ടം തന്നെയായിരുന്നു.

## അധ്യായം 15

കൂടാതെ, വിനയാന്വിതമായ സംഭാഷണം, വിശ്വാസസ്ഥിരത, വാക്കുകളിലെ മിതത്വം, പ്രവൃത്തികളിലെ നീതി, പ്രവർത്തനങ്ങളിലെ കരുണ, ധാർമ്മികനിഷ്ഠ എന്നിവയായിരുന്നു അവിടുന്നു പഠിപ്പിച്ചത്. ആരെയും ഉപദ്രവിക്കാതിരിക്കാനും, എന്നാൽ ഉപദ്രവം പരിഭവം കൂടാതെ സഹിക്കുവാനും, സഹോദരനോടു സമാധാനത്തിൽ വർത്തിക്കുവാനും, പൂർണ്ണ ഹൃദയത്തോടെ കർത്താവിനെ സ്നേഹിക്കുവാനും, ദൈവം പിതാവാകയാൽ അവിടുത്തെ സ്നേഹിക്കുവാനും, ദൈവമാകയാൽ അവിടുത്തെ ഭയപ്പെടുവാനും, നമുക്കെതിരായി ഒന്നും ചെയ്യാത്ത മിശിഹായ്ക്കെതിരായി ഒന്നും ചെയ്യാതിരിക്കുവാനും അവിടുന്നു പഠിപ്പിച്ചു. അഭേദ്യമാം വിധം അവിടുത്തെ സ്നേഹത്തോടു ചേർന്നിരിക്കുവാനും അവിടുത്തെ കുരിശിൻ ചുവട്ടിൽ ധൈര്യത്തോടും വിശ്വാസത്തോടും കൂടി നിൽക്കുവാനും ദൈവം ആഗ്രഹിക്കുന്നു. അവിടുത്തെ നാമത്തെ പ്രതി പോരാട്ടം നടത്തേണ്ടി വരുമ്പോൾ വിശ്വാസപ്രഖ്യാപനത്തിലുള്ള സ്ഥിരത കാട്ടുവാനുള്ള ബഹുമാനം, സമരത്തിൽ ഏർപ്പെടുമ്പോൾ ചോദ്യം ചെയ്യപ്പെടുന്ന അവസരം വേണ്ട ആത്മവിശ്വാസം, നാം എന്തിനായി കിരീടമണിയപ്പെടുന്നുവോ, മരണം വരെയുള്ള ക്ഷമ എന്നിവയും അവിടുന്നാവശ്യപ്പെടുന്നു. ഇത്, മിശിഹായോടൊപ്പം കൂട്ടവകാശങ്ങളായിത്തീരാനുള്ള ആഗ്രഹമാണ്. ഇത്, ദൈവകല്പന നിറവേറ്റലാണ്. ഇത്, പിതാവിന്റെ ഇഷ്ടം നിറവേറ്റലാണ്.

## അധ്യായം 16

നമ്മുടെ രക്ഷയുടെയും സുരക്ഷിതത്വത്തിന്റെയും പൂർത്തീകരണവുമായി ബന്ധപ്പെട്ട ദൈവതിരുമനസ്സ് സ്വർഗ്ഗത്തിലേതുപോലെ ഭൂമിയിലും ആകണമെന്നു നാം പ്രാർത്ഥിക്കുന്നു. ഭൂമിയിൽനിന്നുള്ള ഒരു ശരീരവും സ്വർഗ്ഗത്തിൽ നിന്നുള്ള ഒരാത്മാവും നമുക്കുള്ളതിനാൽ നാം തന്നെ ഭൂമിയും സ്വർഗ്ഗവും ആണ്. രണ്ടിലും, അതായത് ശരീരത്തിലും ആത്മാവിലും ദൈവഹിതം നിറവേറണമെ എന്നു നാം പ്രാർത്ഥിക്കുന്നു. ജഡവും ആത്മാവും തമ്മിൽ പോരാട്ടം നടക്കുന്നുണ്ട്. ഈ പോ



രാട്ടത്തിനിടയിൽ ദിവസവും രണ്ടും തമ്മിൽ മത്സരം ഉണ്ടാകുന്നു. അതുകൊണ്ട് നാമാഗ്രഹിക്കുന്നതു ചെയ്യുവാൻ നമുക്കു കഴിയാതെ പോകുന്നു. ആത്മാവ് ദൈവികവും സ്വർഗ്ഗീയവുമായ കാര്യങ്ങൾ അന്വേഷിക്കുമ്പോൾ, ജഡം ഭൗമികവും ലൗകികവുമായവ അന്വേഷിക്കുന്നു. ദൈവത്തിന്റെ തിരുവിഷ്ടം ജഡത്തിലും ആത്മാവിലും നടപ്പാക്കുന്നതുവഴി തന്നിലൂടെ പുനർജന്മം പ്രാപിച്ച നമ്മുടെ ആത്മാവ് സംരക്ഷിക്കപ്പെടേണ്ടതിനായി, ദൈവസഹായത്താലും സംരക്ഷണയാലും ഇവ രണ്ടും തമ്മിൽ പൊരുത്തം ഉണ്ടാകണമെന്നു നാം പ്രാർത്ഥിക്കുന്നു. താഴെപ്പറയുന്ന വാക്കുകളിൽ പൗലോസ്ശ്ലീഹാ ഇക്കാര്യം വ്യക്തമായും സ്പഷ്ടമായും പ്രഖ്യാപിക്കുന്നു: ''ശരീരത്തിന്റെ ദുരാശകൾ ആത്മാവിനു വിരുദ്ധമാണ്. ആത്മാവിന്റെ അഭിലാഷങ്ങൾ ശരീരത്തിനും എതിരാണ്. ഇവ രണ്ടും പരസ്പര വിരുദ്ധങ്ങളാണ്. അതുകൊണ്ടാണ് നിങ്ങൾ ആഗ്രഹിക്കുന്നതു ചെയ്യാൻ നിങ്ങൾക്കു സാധിക്കാതെ പോകുന്നത്. ജഡത്തിന്റെ പ്രവർത്തനങ്ങൾ വ്യക്തമാണ്: വ്യഭിചാരം, പരസംഗം, അശുദ്ധി, വിഷയാസക്തി, വിഗ്രഹാരാധന, മന്ത്രവാദം, കൊലപാതകം, ശത്രുത, കലഹം, അസൂയ, കോപം, കക്ഷിമത്സരം, ഭിന്നത, പാഷണ്ഡതകൾ, വിദ്വേഷം, മദ്യപാനം, മദോന്മത്തത ആദിയായവയാണ്; ഇങ്ങനെയുള്ള പ്രവൃത്തികൾ ചെയ്യുന്നവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല. ആത്മാവിന്റെ ഫലങ്ങളാകട്ടെ, സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം എന്നിവയാണ്'' (ഗലാ. 5:17–22). അതുകൊണ്ട് ദിവസവും നിരന്തരമായ അപേക്ഷകളിലൂടെ ഇതിനായി നാം പ്രാർത്ഥിക്കുന്ന. അതായത്, നമ്മെ സംബന്ധിച്ച ദൈവതിരുച്ചിത്തം സ്വർഗ്ഗത്തിലും ഭൂമിയിലും നിറവേറണം. കാരണം, ഭൗമികമായത് സ്വർഗ്ഗീയമായതിനു വഴിമാറിക്കൊടുക്കണമെന്നും, ദൈവികവും ആത്മികവുമായവ നിലനിൽക്കണമെന്നുമാണല്ലോ ദൈവതിരുഹിതം

## അധ്യായം 17

ഏറ്റം പ്രിയ സഹോദരരേ, ശത്രുക്കളെ സ്നേഹിക്കുവാനും പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും കർത്താവ് കല്പിച്ചിരിക്കയാൽ, ഇപ്പോഴും ഭൂമിയിലായിരിക്കുകയും, സ്വർഗ്ഗീയരാകുവാൻ ഇതുവരെ തുടങ്ങാതിരിക്കയും ചെയ്യുന്നവരിലും, മനുഷ്യത്വത്തെ നവീകരിക്കയും സംരക്ഷിക്കയും ചെയ്യുകവഴി ക്രിസ്തു പൂർത്തിയാക്കിയ ആ ദൈവതിരുമനസ്സ്, പൂർത്തിയാകുവാനായി നാം പ്രാർത്ഥിക്കണം. 'ഭൂമി' എന്നല്ല 'ഭൂമിയുടെ ഉപ്പ്' എന്നാണ് ശിഷ്യരെ അവിടുന്ന് വിളിക്കുക. ആദിമനുഷ്യൻ ഭൗമികനായിരുന്നെങ്കിൽ രണ്ടാമത്തവൻ സ്വർഗ്ഗത്തിൽ നിന്നുള്ളവനാണെന്നു വി. അപ്പസ്തോലൻ പ്രഖ്യാപിക്കുന്നു. ദുഷ്ടരു

www.malankaralibrary.com



ടെയും ശിഷ്ടരുടെയുംമേൽ സൂര്യനെ ഉദിപ്പിക്കുകയും ധാർമ്മികരുടെയും അധാർമ്മികരുടെയും മേൽ മഴപെയ്യിക്കുകയും ചെയ്യുന്ന പിതാവായ ദൈവത്തെപ്പോലെ, മിശിഹായുടെ അനുശാസന അനുസരിച്ച്, എല്ലാവരുടെയും രക്ഷയ്ക്കായി നാം പ്രാർത്ഥിക്കണം. നാം സ്വർഗ്ഗീയരായിരിക്കാൻ, നമ്മുടെ വിശ്വാസം വഴി ദൈവഹിതം നമ്മിൽ നടന്നതുപോലെ, ഭൂമിയിലും അതായത്, വിശ്വസിക്കാൻ കൂട്ടാക്കാത്തവരുടെ ഇടയിലും നടപ്പാകണം. അങ്ങനെ ആദ്യജനനം വഴി ഇപ്പോഴും ഭൗമികരായിരിക്കുന്നവർ, ജലത്താലും ആത്മാവാലും സ്വർഗ്ഗീയരായി ജനിച്ച് സ്വർഗ്ഗീയരായിത്തീരുവാൻ തന്നെ.

## അധ്യായം 18

''ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കുതരണമേ'' എന്നു നാം തുടർന്നു യാചിക്കുന്നു. ഇത് ആത്മീയമായും ലളിതമായും നമുക്കു മനസിലാക്കാം: ഏതു തരത്തിൽ മനസിലാക്കിയാലും അതു ദൈവികമായ രക്ഷയ്ക്കു സഹായകമായിരിക്കും. കാരണം, മിശിഹാ ജീവന്റെ അപ്പമാണ്. ഇവിടെയുള്ള അപ്പം എല്ലാവരുടേതുമാണ്. ഇതു നമ്മുടേതാണ്. ഗ്രഹിക്കുകയും വിശ്വസിക്കയും ചെയ്യുന്നവരുടെ പിതാവായ ദൈവത്തെ ഞങ്ങളുടെ പിതാവേ എന്നു നാം വിളിക്കുന്നതുപോലെ, ഞങ്ങളുടെ അപ്പം എന്നു നാം പറയുന്നു. കാരണം, മിശിഹായുടെ ശരീരത്തെ സമീപിക്കുന്ന നമ്മുടെ അപ്പം അവിടുന്നാണ്. മിശിഹായിൽ ആയിരിക്കയും ദിവസവും രക്ഷയ്ക്കുള്ള ഭക്ഷണമായി വിശുദ്ധ കുർബാന സ്വീകരിക്കയും ചെയ്യുന്ന നാം കൂടുതൽ മാരകമായ പാപം വഴി പുറംതള്ളപ്പെടുകയും സമ്പർക്കത്തിൽ വരാതിരിക്കയും ചെയ്യുന്നവരെപ്പോലെ സ്വർഗ്ഗീയ അപ്പത്തിൽ നിന്ന് അകററി നിർത്തപ്പെടാതിരിക്കുവാനും മിശിഹായുടെ ശരീരത്തിൽ നിന്നു വേർതിരിക്കപ്പെടാതിരിക്കുവാനും ആയി 'ദിനം പ്രതി ഈ അപ്പം ഞങ്ങൾക്കു നൽകണമേ, എന്നു നാം അപേക്ഷിക്കുന്നു. കർത്താവുതന്നെ അരുൾചെയ്യുന്നു: 'സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന ജീവനുള്ള അപ്പം ഞാനാകുന്നു; എന്റെ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും. ഞാൻ കൊടുക്കാനിരിക്കുന്ന അപ്പം ലോകത്തിന്റെ ജീവനുവേണ്ടിയുള്ള എന്റെ ശരീരമാകുന്നു'' (യോഹ. 6:51:52). അവിടുത്തെ ശരീരം സ്വീകരിക്കുന്നവർ എന്നേക്കും ജീവിക്കുമെന്ന് അവിടുന്നരുൾചെയ്യുമ്പോൾ അവിടുത്തെ ശരീരത്തെ സമീപിക്കുകയും കുർബാന സ്വീകരണത്തിലൂടെ അവിടുത്തെ സ്വന്തമാക്കുകയും ചെയ്യുന്നവൻ ജീവിക്കും എന്നുള്ളത് വ്യക്തമാണല്ലോ. അതോടൊപ്പംതന്നെ, അവിടുത്തെ ശരീരത്തിൽനിന്നു വെട്ടപ്പെട്ട്, വേർപിരിഞ്ഞു കഴിയുന്നവർ രക്ഷയിൽനിന്ന് അകന്നുപോകാതിരിക്കാൻ വേണ്ടിക്കൂടി നാം ഭയത്തോടെ പ്രാർത്ഥിക്കണം.



## അധ്യായം 19

ലോകവും അതിന്റെ ആഡംബരവും സമ്പാദ്യങ്ങളുമെല്ലാം ആത്മീയ മഹത്വത്തിന്റെ വിശ്വാസത്തിൽ ഉപേക്ഷിച്ചിരിക്കുന്ന നാം നിലനിൽപി നാവശ്യമായ ഭക്ഷണം മാത്രമേ നമുക്കായി ആഗ്രഹിക്കുന്നുള്ളു എന്നും ഇത് അർത്ഥമാക്കാം. കാരണം തനിക്കുള്ളതെല്ലാം ഉപേക്ഷിക്കാതെ നിങ്ങളിലാർക്കും എന്റെ ശിഷ്യനായിരിക്കുവാൻ സാദ്ധ്യമല്ല എന്നു കർത്താവു തന്നെ ഉപദേശിക്കുന്നു (ലൂ.14:23). കൂടാതെ തന്റെ ഗുരുവിന്റെ ആഹ്വാനമനുസരിച്ച് എല്ലാം ഉപേക്ഷിച്ച് മിശിഹായുടെ ശിഷ്യരാകുവാൻ ആരംഭിച്ചിരിക്കുന്നവർ അന്നന്നുവേണ്ട ആഹാരത്തിനായി അപേക്ഷിക്കണം, അപേക്ഷിക്കാനുള്ള ആഗ്രഹം ദീർഘമായി നീട്ടിവയ്ക്കരുത്: കർത്താവു തന്നെ ഇപ്രകാരം കൽപിക്കുന്നു: 'നാളെയെപ്പററി നിങ്ങൾ ചിന്താകുലരാകേണ്ട, നാളത്തെ ദിനംതന്നെ അതിനെക്കുറിച്ച് ആകുലപ്പെട്ടുകൊള്ളും. ഒരോ ദിവസത്തിനും അതിന്റെ കഷ്ടപ്പാടുകൾ മതിയല്ലൊ?' (മത്താ. 6:34). നാളയെക്കുറിച്ചു ചിന്തിക്കുന്നതിൽ നിന്നു നിരോധിക്കപ്പെട്ടിരിക്കുന്ന മിശിഹായുടെ ശിഷ്യർ അതതു ദിവസത്തേക്കു മാത്രമുള്ള ആഹാരം ആവശ്യപ്പെടുന്നതു തികച്ചും അനുയോജ്യമാണ്. കാരണം, ദൈവരാജ്യത്തിന്റെ വേഗത്തിലുള്ള ആഗമനം പ്രതീക്ഷിച്ചിരിക്കുന്ന നാം ദീർഘകാലം ജീവിക്കുന്നതിനാഗ്രഹിച്ചാൽ അത് അവിടുത്തെ പ്രബോധനത്തിനെതിരാകും. നമ്മുടെ വിശ്വാസത്തെയും പ്രത്യാശയെയും ഉറപ്പിച്ചുകൊണ്ട് ഭാഗ്യവാനായ അപ്പസ്തോലൻ നമ്മെ ഉപദേശിക്കുന്നു: എന്തെന്നാൽ നാം ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നിട്ടില്ല. ഈ ലോകത്തിൽ നിന്ന് ഒന്നും കൊണ്ടുപോകുവാനും നമുക്കു കഴിയുകയില്ല. ഭക്ഷണവും വസ്ത്രവുമുണ്ടെങ്കിൽ നമുക്കു സംതൃപ്തരാകാം. ധനവാൻമാരാകാൻ ആഗ്രഹിക്കുന്നവർ പ്രലോഭനത്തിലും കെണിയിലും ബുദ്ധിശൂന്യവും ഉപദ്രവകരവുമായ മോഹങ്ങളിലും ഉൾപ്പെടുന്നു. അവ മനുഷ്യരെ നാശത്തിലേക്കും അപകടത്തിലേക്കും നയിക്കുന്നു. എന്തെന്നാൽ ധനമോഹമാണ് എല്ലാ തിൻമകളുടെയും മൂലം. ഈ ആഗ്രഹം നിമിത്തം ചിലർ വിശ്വാസത്തിൽനിന്നു വ്യതിചലിച്ച് ഒട്ടേറെ കുഴപ്പങ്ങളിൽ ചെന്നു ചാടിയിട്ടുമുണ്ട് (1 തിമോ 6:8–10).

## അധ്യായം 20

സമ്പത്ത് നിന്ദിക്കപ്പെടേണ്ടവയാണെന്നു മാത്രമല്ല, അവ അപകടകാരി കൂടിയാണെന്ന് അവിടുന്നു പഠിപ്പിക്കുന്നു. നിഗൂഢമായ വഞ്ചനകൊണ്ട് മനുഷ്യമനസിന്റെ അന്ധതയെ ചൂഷണം ചെയ്യുന്ന, വശീകരിക്കുന്ന തിൻമകളുടെയെല്ലാം മൂലം സമ്പത്തിലാണ് അടങ്ങിയിരിക്കുക. ഭൗതിക സമ്പത്തിനെക്കുറിച്ചു ചിന്തിക്കുകയും, സമൃദ്ധമായ വിളവിൽ മതിമറന്ന്

www.malankaralibrary.com



അഹങ്കരിക്കുകയും ചെയ്യുന്ന വിഡ്ഢിയായ ധനവാനെ അതുകൊണ്ടാണ് കുററപ്പെടുത്തുന്നത്. അവിടുന്നു ചോദിക്കുന്നു: ''ഭോഷാ, ഈ രാത്രിയിൽ നിന്റെ ആത്മാവിനെ നിന്നിൽ നിന്നാവശ്യപ്പെട്ടാൽ നീ ഒരുക്കിയിരിക്കുന്ന ഈ വസ്തുക്കൾ ആരുടേതായിരിക്കും'' (ലൂ12:20). മരിക്കാറായപ്പോൾ ആ ഭോഷൻ തന്റെ കളപ്പുരകളിൽ ഊററം കൊള്ളുകയും, സമ്പത്തിന്റെ സമൃദ്ധിയിൽ ആഹ്ലാദിക്കുകയും ചെയ്യുകയായിരുന്നു. എന്നാൽ തന്റെ സമ്പാദ്യമെല്ലാം വിററ് പാവങ്ങൾക്കായി വിതരണം ചെയ്യുന്നവൻ സ്വർഗത്തിൽ നിക്ഷേപം സംഭരിക്കുന്നു എന്നും പരിപൂർണ്ണനായിത്തീരുന്നു എന്നും കർത്താവു പഠിപ്പിക്കുന്നു. ബാദ്ധ്യതകളില്ലാത്തവരും, അരകൾ കെട്ടപ്പെട്ടവരും, സ്വകാര്യ സമ്പാദ്യത്തിന്റെ കെട്ടുകളിൽ കുടുങ്ങുന്നില്ല; അവർക്ക് അവിടുത്തെ അനുഗമിക്കാനും, കർത്താവിന്റെ സഹനത്തിന്റെ മഹത്വത്തിൽ പങ്കുചേരാനും സാധിക്കും. ബന്ധിതനല്ലാത്തവനും സ്വതന്ത്രനുമായ അവൻ തനിക്കുമുമ്പേ കർത്താവിന്റെ പക്കലേക്ക് അയച്ച ആ സമ്പാദ്യങ്ങളെ അനുയാത്ര ചെയ്യുന്നു. ഇതിനായി നാമോരോരുത്തരും നമ്മെത്തന്നെ ഒരുക്കേണ്ടതിനായി, നാം പ്രാർത്ഥിക്കാൻ പഠിക്കുകയും, പ്രാർത്ഥനയുടെ തത്വത്തിൽ നിന്ന് നാം എങ്ങനെയുള്ളവർ ആയിരിക്കണമെന്നു മനസ്സിലാക്കുകയും ചെയ്യുന്നു.

## അധ്യായം 21

നീതിമാനായ മനുഷ്യന് അന്നന്നുവേണ്ട ആഹാരം ലഭിക്കാതെ വരില്ല. കാരണം ''നീതിമാൻ വിശക്കുവാൻ കർത്താവ് അനുവദിക്കുകയില്ല'' (സുഭാ10:3) എന്നും ''എന്റെ ഈ പ്രായത്തിനിടയിൽ നീതിമാൻ ഉപേക്ഷിക്കപ്പെട്ടതായോ, അവന്റെ മക്കൾ ഭിക്ഷയിരക്കുന്നതായോ ഞാൻ കണ്ടിട്ടില്ല'' എന്നും എഴുതപ്പെട്ടിരിക്കുന്നു. ''എന്തു ഭക്ഷിക്കും എന്തു പാനം ചെയ്യും എന്തു ധരിക്കും എന്നു ചിന്തിച്ച് നിങ്ങൾ ആകുലരാകേണ്ട. എന്തെന്നാൽ വിജാതീയരാണ് ഇവയെല്ലാം അന്വേഷിക്കുന്നത്. ഇവ നിങ്ങൾക്കാവശ്യമാണെന്ന് നിങ്ങളുടെ സ്വർഗ്ഗീയപിതാവറിയുന്നു. അതുകൊണ്ട് ആദ്യമായി ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുവിൻ. ആവശ്യമുള്ളതെല്ലാം അപ്പോൾ നിങ്ങൾക്കു ലഭിക്കും'' (മത്താ 6:31–33) എന്നു കർത്താവു വാഗ്ദാനം ചെയ്തിരിക്കുന്നു. ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുന്നവർക്ക് ബാക്കിയെല്ലാം നൽകപ്പെടുമെന്ന് അവിടുന്ന് ഉറപ്പു നൽകുന്നു. എല്ലാവസ്തുക്കളും ദൈവത്തിൽ നിന്നാകയാൽ ദൈവം ഉള്ളവന് ഒന്നിനും കുറവുണ്ടാകുകയില്ല; അവനു ദൈവം നഷ്ടപ്പെടാതിരുന്നാൽ മാത്രം മതി. അങ്ങനെ രാജകൽപനയാൽ സിംഹക്കൂട്ടിൽ എറിയപ്പെട്ട ദാനീയേലിനു ഭക്ഷണം ദൈവികമായി ഒരുക്കപ്പെട്ടു. ക്രൂരരെങ്കിലും ഉപദ്രവിക്കാതിരുന്ന വന്യമൃഗങ്ങൾക്കിടയിൽ ദൈവിക മന-



ഷ്യൻ പോററപ്പെട്ടു. ഏലിയായുടെ പലായനത്തിലും ഏകാന്തതയിലും ശുശ്രൂഷചെയ്ത കാക്കകളാൽ പോററപ്പെടുകയും, പീഡനവേളയിൽ ഭക്ഷണം പ്രദാനംചെയ്ത പക്ഷികളാൽ പോഷിപ്പിക്കപ്പെടുകയും ചെയ്തു; വന്യമൃഗങ്ങൾ ഉപദ്രവിക്കാതിരിക്കുകയും പക്ഷികൾ തീററിപ്പോററുകയും ചെയ്യുന്നു. എന്നാൽ മനുഷ്യൻ ഗൂഢാലോചന നടത്തുകയും ഭ്രാന്തനായിത്തീരുകയും ചെയ്യുന്നു! മാനുഷിക വിദ്വേഷത്തിന്റെ ക്രൂരത എത്ര നിന്ദ്യം !

## അധ്യായം 22

തുടർന്ന്, 'ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു ക്ഷമിക്കണമെ' എന്ന് നമ്മുടെ പാപങ്ങളെപ്രതി നാം പ്രാർത്ഥിക്കുന്നു. ദൈവത്താൽ പോററപ്പെടുന്ന നാം ദൈവത്തിൽ ജീവിക്കേണ്ടതിനായി ആഹാരത്തിന്റെ കാര്യത്തിനുശേഷം പാപമോചനം പ്രാർത്ഥിക്കുന്നു. ഇപ്പോഴുള്ള ഈ ലോകജീവിതം മാത്രമല്ല, നിത്യജീവിതംകൂടി ഉറപ്പുവരുത്താൻ ഇതു സഹായിക്കും. കടങ്ങൾ എന്നു കർത്താവു വിളിക്കുന്ന പാപങ്ങൾ ക്ഷമിക്കപ്പെട്ടാൽ മാത്രമേ നാം നിത്യജീവനർഹരാകൂ. 'നീ എന്നോടപേക്ഷിച്ചതുകൊണ്ട് നിന്റെ കടം മുഴുവൻ നിനക്കിളച്ചുതന്നു' (മത്താ. 18:34) എന്നു കർത്താവു തന്റെ സുവിശേഷത്തിൽ അരുൾചെയ്യുന്നു. ദൈവത്തിൽനിന്നു മോചനം യാചിക്കുമ്പോൾ, ആത്മാവ് അതിന്റെ പാപാവസ്ഥയെക്കുറിച്ച് ബോധമുള്ളതായിത്തീരുവാൻ തക്കവിധം നമ്മുടെ പാപങ്ങൾക്കുവേണ്ടി യാചിക്കേണ്ട പാപികളാണ് നാമെന്ന് എത്ര ഹിതകരമായും കരുതലോടുകൂടിയും അനിവാര്യമായുമാണ് നമ്മെ ഉപദേശിക്കുന്നത്! എല്ലാ ദിവസവും പാപങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുകവഴി, നിഷ്കളങ്കരെന്നു കരുതി ആരും സംതൃപ്തരാകാതിരിക്കാനും, സ്വയം പുകഴ്ത്തി നശിക്കാതിരിക്കാനുമായി, ദിവസവും പാപം ചെയ്യുന്നു എന്ന് എല്ലാവരെയും അനുസ്മരിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. വി. യോഹന്നാൻ തന്റെ ലേഖനത്തിൽ ഇങ്ങനെ ഉദ്ബോധിപ്പിക്കുന്നു: ''നമ്മിൽ പാപമില്ലെന്നു പറഞ്ഞാൽ നാം സ്വയം വഞ്ചിക്കുന്നു. എന്നാൽ നമ്മുടെ പാപങ്ങൾ നാം ഏററുപറയുന്നെങ്കിൽ അവിടുന്നു വിശ്വസ്തനും ധർമ്മിഷ്ടനുമാകയാൽ എല്ലാ പാപങ്ങളും നമ്മോടു ക്ഷമിക്കുകയും എല്ലാവിധ അധർമ്മത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും'' (1 യോഹ. 1:8–9). നാം നമ്മുടെ പാപങ്ങൾക്കുവേണ്ടി മാപ്പപേക്ഷിക്കണമെന്നും, പാപങ്ങളുടെ മോചനം പ്രാപിക്കണമെന്നും ഈ ലേഖത്തിലൂടെ അദ്ദേഹം ആവശ്യപ്പെടുന്നു. തന്റെ വാഗ്ദാനത്തിന്റെ വിശ്വാസം പാലിച്ചുകൊണ്ട് പാപങ്ങൾ പൊറുക്കുന്നതിൽ കർത്താവ് വിശ്വസ്തനാണെന്ന് അദ്ദേഹം

www.malankaralibrary.com



പറയുന്നു; കാരണം നമ്മുടെ കടങ്ങൾക്കും പാപങ്ങൾക്കുംവേണ്ടി പ്രാർത്ഥിക്കുവാൻ പഠിപ്പിച്ച അവിടുന്നുതന്നെ, കരുണയും പാപമോചനവും പിന്നാലെ വരുമെന്ന് ഉറപ്പു നൽകിയിരിക്കുന്നു.

## അധ്യായം 23

നമുക്കെതിരായി തെറ്റുചെയ്യുന്നവരോട് നാം ക്ഷമിക്കുന്നില്ലെങ്കിൽ നമ്മുടെ തെറ്റുകൾക്കും മോചനം ലഭിക്കുകയില്ലെന്ന് മനസ്സിലാക്കിത്തരുവാൻ വേണ്ടിയാണ്, ''ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണം' എന്ന് പ്രാർത്ഥിക്കണമെന്ന് നിബന്ധനയായി അവിടുന്ന് ഒരു നിയമം വ്യക്തമായി കൂട്ടിച്ചേർത്തത്. മറ്റൊരിടത്ത് അവിടുന്നു പറയുന്നു, 'നിങ്ങൾ അളക്കുന്ന അളവുകൊണ്ടുതന്നെ നിങ്ങൾക്കും അളന്നുകിട്ടും' (മത്താ.7:2). തന്റെ യജമാനൻ കടമെല്ലാം ഇളവു ചെയ്തിട്ടും തന്റെ സഹഭൃത്യനോട് അപ്രകാരം ചെയ്യുവാൻ സന്മനസ്സു കാണിക്കാതിരുന്ന ഭൃത്യൻ ജയിലിലടയ്ക്കപ്പെട്ടുന്നു. സഹഭൃത്യനോടു ക്ഷമിക്കുന്നതിൽ അവൻ പരാജയപ്പെട്ടതിനാൽ, യജമാനൻ നൽകിയ മോചനംപോലും അവനു നഷ്ടമായി. തന്റെ പ്രതികൂലാഭിപ്രായത്തിന്റെ വലിയ ശക്തിയോടെ മിശിഹാ ഇതുതന്നെ തന്റെ പ്രബോധനത്തിലും ഊന്നിപ്പറയുന്നുണ്ട്: 'നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, ആർക്കെങ്കിലുമെതിരായി നിങ്ങൾക്ക് എന്തെങ്കിലുമുണ്ടെങ്കിൽ അതു നിങ്ങൾ ക്ഷമിക്കുവിൻ. ഇത്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ തെറ്റുകൾ നിങ്ങളോടും ക്ഷമിക്കേണ്ടതിനത്രെ. എന്നാൽ നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ സ്വർഗസ്ഥനായ പിതാവും നിങ്ങളുടെ തെറ്റുകൾ ക്ഷമിക്കുകയില്ല' (മർക്കോ.11:25–26). നിന്റെ തന്നെവിധിവാചകമനുസരിച്ചും പ്രവൃത്തികൾക്കനുസരിച്ചും നീ വിധിക്കപ്പെടുന്ന അന്തിമ വിധിദിവസത്തിൽ, നിനക്ക് ഒഴികഴിവില്ല; നീ തന്നെ ഇതും സഹിക്കണം. കാരണം, സമാധാനസംസ്ഥാപകരായിരിക്കുവാനും ദൈവഭവനത്തിൽ ഏകഹൃദയത്തോടും ഏകമനസ്സോടുംകൂടിയിരിക്കുവാനും അവിടുന്ന് നമ്മോട് കല്പിച്ചിരിക്കുന്നു അവിടുന്നു നമ്മെ സൃഷ്ടിച്ചതുപോലെ രണ്ടാമത്തെ ജനനം വഴി നമ്മെ പരിപാലിക്കുവാനും ആഗ്രഹിക്കുന്നു. ദൈവപുത്രരായ നാം ദൈവിക സമാധാനത്തിൽ നിലനിൽക്കാനും, ഒരേ ആത്മാവിനെ സ്വീകരിച്ചിരിക്കുന്ന നാം ഒരേ ഹൃദയത്തോടും ഒരേ മനസ്സോടുംകൂടി ആയിരിക്കാനും വേണ്ടിയാണിത്. രമ്യതയിൽ കഴിയാത്തവന്റെ ബലി ദൈവം സ്വീകരിക്കുകയില്ല. നിരപ്പാക്കുന്ന പ്രാർത്ഥകൾ വഴി ദൈവത്തെ രമ്യപ്പെടുത്തുവാനായി, സഹോദരനുമായി രമ്യപ്പെട്ടതിനുശേഷം മാത്രമേ ബലിപീഠത്തിങ്കൽ അണയാവൂ എന്നവിടുന്നു കല്പിക്കുന്നു. പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും ഐക്യപ്പെട്ട



ഒരു ജനവും അവരുടെ സമാധാനവും സഹോദരൈക്യവുമാണ് ദൈവത്തിനു പ്രിയങ്കരമായബലി.

## അധ്യായം 24

കായേനും ഹാബേലും അർപ്പിച്ച ആദ്യബലികളിലും, ദൈവം ബലിവസ്തുക്കളിലല്ല, അവരുടെ ഹൃദയങ്ങളിലാണ് നോക്കിയത്. ഹൃദയത്തിൽ ദൈവത്തെ പ്രസാദിപ്പിച്ചവൻ ബലിവസ്തുവിലും അവിടുത്തെ പ്രീണിപ്പിച്ചു. നീതിമാനും സമാധാനപ്രിയനുമായ ഹാബേൽ കളങ്കമില്ലാത്ത ബലിയർപ്പിക്കുകവഴി, ദൈവത്തിനു ബലിയർപ്പിക്കാൻ വരുമ്പോൾ ദൈവഭയത്തോടും ഋജുമനസ്സോടും നീതിനിഷ്ഠയോടും സമാധാനബന്ധത്തോടുംകൂടി അതു നിർവ്വഹിക്കണമെന്നു പഠിപ്പിക്കുന്നു. പിന്നീട് ദൈവത്തിനു സ്വയം ബലിയായി അർപ്പിക്കപ്പെട്ട അദ്ദേഹം ദൈവത്തിനുള്ള ബലി യോഗ്യതാപൂർവ്വം അർപ്പിച്ചു; കർത്താവിന്റെ നീതിയും സമാധാനവും ഉണ്ടായിരുന്ന അദ്ദേഹം ആദ്യം രക്തസാക്ഷിത്വം വഹിക്കുന്ന വ്യക്തി എന്ന നിലയിൽ രക്തത്താൽ കർത്താവിന്റെ പീഡാനുഭവത്തിനാരംഭം കുറിച്ചു. അങ്ങനെയുള്ളവരാണ് അവസാനം കിരീടമണിയിക്കപ്പെടുക; അന്ത്യവിധിനാളിൽ കർത്താവിനാൽ നീതീകരിക്കപ്പെടുകയും ചെയ്ക. എന്നാൽ കലഹപ്രിയരും യോജിപ്പില്ലാത്തവരും സഹോദരരുമായി രമ്യതയിൽ കഴിയാത്തവരുമായവർ, വി. അപ്പസ്തോലനും വി. ഗ്രന്ഥവും സാക്ഷിക്കുംപോലെ അവിടുത്തെ നാമത്തെപ്രതി വധിക്കപ്പെടുവാൻ ഇടയായാൽ കൂടി സഹോദരരോടുള്ള അനൈക്യത്തിന്റെ കുറ്റത്തിൽനിന്നു രക്ഷപെടുകയില്ല; കാരണം, സഹോദരനെ വെറുക്കുന്നവൻ കൊലപാതകിയാണെന്ന് എഴുതപ്പെട്ടിരിക്കുന്നു (1 യോഹ. 3:15). കൊലപാതകി സ്വർഗ്ഗരാജ്യത്തിൽ എത്തിച്ചേരുകയോ ദൈവത്തോടൊപ്പം വസിക്കുകയോ ചെയ്യുന്നില്ല. ക്രിസ്തുവിന്റെ എന്നതിലുപരി യൂദാസിന്റെ അനുഗാമിയായിരിക്കുവാൻ ഇഷ്ടപ്പെട്ട അവന് ക്രിസ്തുവിനോടൊപ്പം ആയിരിക്കുക സാധ്യമല്ല. രക്തത്താലുള്ള മാമോദീസായ്ക്കുപോലും കഴുകിക്കളയാനാവാത്ത പാപമാണത് ! രക്തസാക്ഷിത്വം വഴിപോലും പരിഹരിക്കപ്പെടാനാവാത്ത അപരാധമാണത്.

## അധ്യായം 25

'ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്തരുതേ' എന്നുകൂടി നമ്മുടെ പ്രാർത്ഥനയിൽ ഉൾപ്പെടുത്തണമെന്ന് കർത്താവ് അത്യാവശ്യമായി ഉപദേശിക്കുന്നു. ദൈവം മുൻകൂട്ടി അനുവദിക്കുന്നില്ലെങ്കിൽ എതിരാളിക്കു നമ്മുടെമേൽ യാതൊരധികാരവുമില്ലെന്ന് ഈ ഭാഗത്തു നാം കാണുന്നു;

www.malankaralibrary.com



ദൈവം അധികാരം നൽകുന്നില്ലെങ്കിൽ പ്രലോഭനങ്ങളുണ്ടാകമ്പോൾ നമുക്ക് ദോഷമായി ഒന്നും സംഭവിക്കുകയില്ല. അതിനാൽ നമ്മുടെ ഭക്തിയും അനുസരണവും ഭയവുമെല്ലാം ദൈവത്തിലേക്കു തിരിച്ചുവിടുവാനാണിത്. വി. ഗ്രന്ഥം ഇതു തെളിയിക്കുകയും ചെയ്യുന്നു: 'ബാബിലോൺ രാജാവായിരുന്ന നെബുക്കദ് നേസർ ജറുസലേമിനെതിരെ വരികയും അതിനെ ആക്രമിക്കുകയും ചെയ്തു; കർത്താവ് അത് അവനേല്പിച്ചു കൊടുത്തു' (2 രാജ. 24; ദാനി 1:1). കൂടാതെ നമ്മുടെ പാപങ്ങൾക്കനുസരിച്ചാണ് നമുക്കെതിരെ ഉയരുവാൻ തിന്മയ്ക്ക് അധികാരം നൽകപ്പെട്ടിരിക്കുന്നത്. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'യാക്കോബിനെ കൊള്ളക്കാർക്കും ഇസ്രായേലിനെ കവർച്ചക്കാർക്കും വിട്ടുകൊടുത്തതാരാണ്? കർത്താവു തന്നെയല്ലേ? നാം അവിടുത്തെയ്ക്കെതിരെ പാപം ചെയ്തു; അവിടുത്തെ മാർഗത്തിൽ അവർ ചരിച്ചില്ല; ആകയാൽ അവിടുന്നു തന്റെ കോപാഗ്നിയും യുദ്ധവീര്യവും യാക്കോബിന്റെമേൽ വർഷിച്ചു. അതു ചുററും ആളിപ്പടർന്നിട്ടും അവർ പഠിച്ചില്ല; പൊള്ളലേററിട്ടും അവന് ഉള്ളിൽ തട്ടിയില്ല' (ഏശയ്യാ 42:24–25). വീണ്ടും, സോളമൻ പാപം ചെയ്യുകയും കർത്താവിന്റെ കല്പനകളിലും മാർഗത്തിലും നിന്നു വ്യതിചലിക്കുകയും ചെയ്തപ്പോൾ 'കർത്താവ് അവനെതിരായി സാത്താനെ തിരിച്ചുവിട്ടു' എന്നെഴുതപ്പെട്ടിരിക്കുന്നു (1 രാജ: 11:14).

## അധ്യായം 26

നമുക്കെതിരായ അധികാരം രണ്ടുതരത്തിൽ നൽകപ്പെടാം: ഒന്ന് നാം പാപം ചെയ്യുമ്പോൾ അതിനുള്ള ശിക്ഷയായിട്ട്. രണ്ട്, ജോബിന്റെ കാര്യത്തിൽ നാം കാണുന്നതുപോലെ നാം അംഗീകരിക്കപ്പെടുമ്പോൾ, നമുക്കുള്ള മഹത്വമായിട്ട്: ''അവനുള്ള സ്കലത്തിൻമേലും ഞാൻ നിനക്ക് അധികാരം നൽകുന്നു. എന്നാൽ അവനെമാത്രം ഉപദ്രവിക്കരുത്'' (1:12) എന്ന വാക്കുകളിലൂടെ ദൈവം ഇതു വ്യക്തമാക്കുന്നു. ''ഉന്നതത്തിൽ നിന്നു നൽകപ്പെടാതിരുന്നെങ്കിൽ എന്റെ മേൽ ഒരധികാരവും നിനക്കുണ്ടാകുമായിരുന്നില്ല'' (യോഹ: 19:11) എന്ന് പീഡാസഹനവേളയിൽ കർത്താവ് അരുൾ ചെയ്യുന്നു. കൂടാതെ, ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്തരുതേ എന്നു പ്രാർത്ഥിക്കുമ്പോൾ, ധിക്കാരപൂർവ്വം നാം നമ്മെത്തന്നെ സ്തുതിക്കാതിരിക്കാനും, അഹങ്കാരത്തോടും ഗർവ്വോടും കൂടി എന്തോ ആണെന്നു ഭാവിക്കാതിരിക്കാനും, പീഡാസഹനത്തിന്റെയും വിശ്വാസ സാക്ഷ്യത്തിന്റെയും മഹത്വം നമ്മുടേതാണെന്നു ചിന്തിക്കാതിരിക്കാനും, ആയി നമ്മുടെ ബലഹീനതയെയും വൈകല്യങ്ങളെയും കുറിച്ച് നാം അനുസ്മരിപ്പിക്കപ്പെടുന്നു. ''പരീക്ഷയിൽ ഉൾപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ; വാസ്തവത്തിൽ ആത്മാവ് ഒരുക്കമുള്ളതാണ്; എന്നാൽ ശരീരം



ബലഹീനമത്രേ'' (മത്താ. 26:41)എന്നു പറഞ്ഞ് കർത്താവ് എളിമയുടെ ആവശ്യകത വ്യക്തമാക്കുന്നു. താഴ്മയോടും വിനയത്തോടും കൂടി പാപം ഏററുപറയുകയും എല്ലാം ദൈവത്തിൽനിന്നാണെന്ന് പ്രഖ്യാപിക്കുകയും വേണം. അങ്ങനെ ദൈവഭയത്തോടും ദൈവിക ബഹുമാനത്തോടുംകൂടി ദൈവത്തോടപേക്ഷിക്കുന്നവയെല്ലാം നമുക്ക് ലഭിക്കാനിടയാകും.

## അധ്യായം 27

ഇതിന്റെയെല്ലാം അവസാനം, അപേക്ഷകളുടെയും പ്രാർത്ഥനകളുടെയുമെല്ലാം സംക്ഷിപ്ത രൂപമെന്ന നിലയിൽ ഒരു വാക്യം കൂടി വരുന്നു. ''തിന്മയിൽ നിന്നു കാത്തുകൊള്ളണം'' എന്ന് അവസാനം നാം പ്രാർത്ഥിക്കുന്നു. ഈ ലോകത്തിൽ ശത്രു നമുക്കെതിരെ ഒരുക്കുന്ന സകല വിപത്തുകളെയും 'തിന്മ' എന്ന പദം സൂചിപ്പിക്കുന്നു. ദൈവം നമ്മെ കാക്കുന്നെങ്കിൽ ഇവയിൽ നിന്നെല്ലാം ശക്തവും വിശ്വസനീയവുമായ സംരക്ഷണം ലഭിക്കും; നാം പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്നതനുസരിച്ച് ദൈവം അവിടുത്തെ സഹായം എത്തിച്ചുതരികയും ചെയ്യും. കൂടാതെ, ''തിന്മയിൽ നിന്നു കാത്തുകൊള്ളണമേ'' എന്ന പ്രാർത്ഥന കഴിഞ്ഞാൽ പിന്നെ നാം കൂടുതലായി ഒന്നും ആവശ്യപ്പെടേണ്ടതില്ല. തിന്മയ്ക്കെതിരെ ദൈവത്തിന്റെ സംരക്ഷണം യാചിക്കുകയും അതു നേടിയെടുക്കുകയും ചെയ്താൽ ലോകത്തിന്റെയും പിശാചിന്റെയും സകല തന്ത്രങ്ങൾക്കുമെതിരെ സുരക്ഷിതരായി നിൽക്കുവാൻ നമുക്കു കഴിയും. ലോകത്തിൽ ദൈവം സംരക്ഷകനായുള്ളവന് ലോകത്തെ സംബന്ധിച്ച് എന്തു ഭയത്തിനാണിടമുള്ളത്?

## അധ്യായം 28

ഏററം വത്സല സഹോദരരേ, ദൈവം നമ്മെ പഠിപ്പിച്ച പ്രാർത്ഥന ഇപ്രകാരമുള്ളതാണെങ്കിൽ, അതിൽ അത്ഭുതപ്പെടാനെന്താണുള്ളത്? നമ്മുടെ മററു പ്രാർത്ഥനകളെല്ലാം തന്റെ ദിവ്യോപദേശത്താൽ രക്ഷാകരമായ ഒററവാക്കിൽ ചുരുക്കി. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ദൈവത്തിന്റെ സ്നേഹമസൃണമായ കരുണയെക്കുറിച്ചും മഹത്വത്തെക്കുറിച്ചും സംസാരിച്ച ഏശയ്യാ പ്രവാചകനും ഇതുതന്നെ മുൻകൂട്ടി പ്രവചിച്ചിരുന്നു. അവൻ പറഞ്ഞു: ''നീതിയിൽ തന്റെ വാക്ക് പൂർത്തീകരിച്ചും ചുരുക്കിയും ദൈവം ലോകം മുഴുവൻ ഒരു ചെറിയ വാക്കുണ്ടാക്കും'' (10:22—23). ദൈവവചനമായ നമ്മുടെ കർത്താവേശുമിശിഹാ എല്ലാവരുടെയും പക്കലേയ്ക്കുവന്നപ്പോൾ, വിജ്ഞാനികളെയും അറിവില്ലാത്തവരെയും ഒരു

www.malankaralibrary.com



പോലെ ഒരുമിച്ചുകൂട്ടി, വർഗ്ഗപ്രായ വ്യത്യാസമൊന്നും കൂടാതെ, സ്വർഗ്ഗീയ ശിക്ഷണം ലഭിക്കുന്നവരുടെ ഓർമ്മയെ ഭാരപ്പെടുത്താതിരിക്കാനും ലളിത വിശ്വാസത്തിനാവശ്യമായവ എളുപ്പത്തിൽ പഠിക്കാനുമായി തന്റെ പ്രമാണങ്ങളുടെ ഒരു ലഘുസംഗ്രഹം ഉണ്ടാക്കി. അങ്ങനെ നിത്യജീവനെക്കുറിച്ച് പഠിപ്പിച്ചപ്പോൾ ജീവന്റെ കൂദാശയെ ദിവ്യവും മഹോന്നതവുമായ മിതത്വത്തോടെ ആശ്ലേഷിച്ചു: ''ഏക സത്യദൈവമായ അങ്ങയേയും അങ്ങയച്ച ഈശോമിശിഹായേയും അറിയുക എന്നതാണ് നിത്യജീവൻ'' (യോഹ. 17:3). അതുപോലെ തന്നെ, നിയമത്തിലും പ്രവാചകരിലും നിന്ന് ഏററം വലിയ കല്പന തിരഞ്ഞെടുത്തപ്പോൾ അവിടുന്നു പറഞ്ഞു: ''ഇസ്രായേലേ, കേൾക്കുക; നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവാകുന്നു'' (മർക്കോ. 12:29) എന്നും, ''നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ശക്തിയോടും കൂടി സ്നേഹിക്കണം; ഇതാണ് ഒന്നാമത്തെ കല്പന. രണ്ടാമത്തേത് ഇതിനു തുല്യമാണ്. നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം. സമസ്തനിയമവും പ്രവാചകപ്രബോധനങ്ങളും ഈ രണ്ടു കല്പനകളിൽ അടങ്ങിയിരിക്കുന്നു'' (മത്താ. 22:37—40) എന്നും, വീണ്ടും, ''മനുഷ്യർ നിങ്ങളോട് എന്തു നന്മ പ്രവർത്തിക്കണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ, അതുപോലെ നിങ്ങൾ അവരോടും പ്രവർത്തിക്കുവിൻ; ഇതാണ് നിയമവും പ്രവാചകന്മാരും'' (മത്താ. 7:12) എന്നും അവിടുന്നരുൾചെയ്തിരിക്കുന്നു.

## അധ്യായം 29

പ്രാർത്ഥിക്കുവാൻ, വാക്കുകൾ വഴി മാത്രമല്ല, മാതൃക വഴിയും ദൈവം നമ്മെ പഠിപ്പിച്ചിട്ടുണ്ട്. നിരന്തരം പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്തുകൊണ്ട് നാമെന്താണ് ചെയ്യേണ്ടതെന്ന് അവിടുന്നു നമുക്ക് മാതൃക കാണിച്ചുതന്നു. ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ''അവിടുന്നു വിജനപ്രദേശത്തേയ്ക്കു പിൻവാങ്ങി പ്രാർത്ഥനയിൽ മുഴുകിയിരുന്നു'' (ലൂക്കാ. 5:16); വീണ്ടും, ''അവിടുന്നു പ്രാർത്ഥിക്കുവാനായി മലയിലേയ്ക്കു കയറിപ്പോയി; അവിടെ ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാത്രി മുഴുവൻ ചിലവഴിച്ചു'' (ലൂക്കാ. 6:12). പാപമില്ലാത്തവനായ താൻ പ്രാർത്ഥിച്ചെങ്കിൽ പാപികൾ എത്രമാത്രം പ്രാർത്ഥിക്കണം! നിരന്തര അപേക്ഷകളാൽ രാത്രി മുഴുവനും തുടർച്ചയായി അവിടുന്നു പ്രാർത്ഥിച്ചെങ്കിൽ, നിരന്തര പ്രാർത്ഥനയിൽ രാത്രിയിൽ നാം എത്രമാത്രം ഉണർന്നിരിക്കണം!



## അധ്യായം 30

നമ്മുടെ കർത്താവു തന്നെയും തനിക്കുവേണ്ടി മാത്രം പ്രാർത്ഥിക്കുകയോ യാചിക്കുകയോ ചെയ്തില്ല; (നിഷ്കളങ്കനായ വ്യക്തി തനിക്കുവേണ്ടി എന്തു പ്രാർത്ഥിക്കാനാണ്?) പ്രത്യുത, അവിടുന്ന് പത്രോസിനോടു പറയുന്നതുവഴി പ്രഖ്യാപിക്കുന്നതുപോലെ നമ്മുടെ പാപങ്ങൾക്കുവേണ്ടിയാണ് അവിടുന്ന് പ്രാർത്ഥിച്ചത്: ''ഇതാ, സാത്താൻ നിന്നെ ഗോതമ്പുപോലെ കൊഴിക്കാൻ ചോദിച്ചു. എന്നാൽ നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു'' (ലൂക്കാ. 22:31). പിന്നീട് അവിടുന്ന് എല്ലാവർക്കും വേണ്ടി പിതാവിനോടപേക്ഷിക്കുന്നു: ''അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനം നിമിത്തം എന്നിൽ വിശ്വസിക്കുന്നവർക്കു വേണ്ടിക്കൂടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്. അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കേണ്ടതിനു തന്നെ (യോഹ 17:20–21). സ്വന്തരക്തത്താൽ നമ്മെ രക്ഷിച്ചതുകൊണ്ടു മാത്രം തൃപ്തിപ്പെടാതെ, നമുക്കുവേണ്ടി പ്രാർത്ഥിക്കുവാൻ കൂടി സന്നദ്ധനാകത്തക്കവിധം, അത്രവലുതാണ് ദൈവത്തിന് നമ്മുടെ രക്ഷയോടുള്ള ദയയും അനുകമ്പയും. പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ നാമും ആ ഐക്യത്തിൽ ഒന്നായിരിക്കണമെന്നും പ്രാർത്ഥിക്കുന്ന അവിടുത്തെ ആഗ്രഹം എന്തായിരുന്നുവെന്നും ശ്രദ്ധിക്കുക. ഐക്യവും സമാധാനവും ഛിന്നഭിന്നമാക്കുന്നവർ എത്ര വലിയ തിൻമ ചെയ്യുന്നുവെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. ഭിന്നിപ്പ് ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ലെന്ന് അറിഞ്ഞിരുന്ന അവിടുന്ന് തന്റെ ജനം ജീവിക്കേണ്ടതിനായി ഐക്യത്തിനുവേണ്ടി പ്രാർത്ഥിച്ചു.

## അധ്യായം 31

ഏററം പ്രിയ സഹോദരരേ, നാം പ്രാർത്ഥിക്കുവാനായി നില്ക്കുമ്പോൾ, പൂർണ്ണഹൃദയത്തോടെ നമ്മുടെ അപേക്ഷകളിൽ ജാഗ്രതയുള്ളവരും ഏകാഗ്രചിത്തരുമായിരിക്കണം. ജഢികവും ലൗകികവുമായ എല്ലാ ചിന്തകളും നമ്മിൽ നിന്നകന്നിരിക്കട്ടെ; പ്രാർത്ഥിക്കുന്ന കാര്യത്തിലല്ലാതെ മറെറാന്നിലും മനസ് ശ്രദ്ധ പതിപ്പിക്കാതിരിക്കട്ടെ. പുരോഹിതൻ തന്നെയും ''നിങ്ങളുടെ ഹൃദയങ്ങൾ ഉയർത്തുവിൻ'' എന്ന ആമുഖത്തോടെ പ്രാർത്ഥിക്കുവാനായി സഹോദരങ്ങളുടെ മനസിനെ പ്രാർത്ഥനയ്ക്കായി ഒരുക്കുന്നു.

''കർത്താവിന്റെ പക്കലേയ്ക്ക് ഞങ്ങൾ അവ ഉയർത്തുന്നു'' എന്നു മറുപടിപറയുന്ന ജനത്തെ, കർത്താവല്ലാതെ മറെറാന്നും ചിന്താവിഷയമാകരുതെന്ന് ഉദ്ബോധിപ്പിക്കണം. പ്രാർത്ഥനാവേളയിൽ ദൈവത്തിന്റെ ശത്രു,

www.malankaralibrary.com



മനസ്സിനെ സമീപിക്കാതിരിക്കാനായി, എതിരാളിക്കെതിരെ മനസ്സ് അടച്ചിട്ട്, ദൈവത്തിങ്കലേയക്കു മാത്രം തുറക്കുക. നമ്മുടെ ഹൃദയത്തിൽ ഒന്നും അധരങ്ങളിൽ മറ്റൊന്നും ആയിരിക്കാത്തവിധം, നിഗൂഢമായ ചതിപ്രയോഗം വഴി ദൈവത്തിൽനിന്നു മനസ്സിനെ തിരിക്കാനായി ശത്രു കൂടെക്കൂടെ നുഴഞ്ഞു കയറുകയും തുളച്ചു കടക്കുകയും ചെയ്യുന്നു. ശബ്ദസ്വരമല്ല കാര്യം, ആത്മാർത്ഥമായ ഉദ്ദേശ്യത്തോടെ മനസ്സും ചിന്തയും ഒന്നിച്ചു കർത്താവിനോടു പ്രാർത്ഥിക്കണം. പ്രാർത്ഥിക്കുമ്പോൾ ദൈവത്തോടു സംസാരിക്കുന്നതിനേക്കാൾ പ്രധാനമായി ആലോചിക്കേണ്ട എന്തൊക്കെയോ ഉണ്ടെന്നമട്ടിൽ മൂഢവും ലൗകികവുമായ ചിന്തകളാൽ അലട്ടപ്പെടുകയും വലിച്ചിഴയ്ക്കപ്പെടുകയും ചെയ്യുന്നവരുടെ മന്ദത എത്ര വലുതാണ്; നീ നിന്നെത്തന്നെ ശ്രവിക്കാതിരിക്കെ, കർത്താവ് നിന്നെ കേൾക്കണമെന്നു നിനക്കെങ്ങനെ പ്രാർത്ഥിക്കാനാവും? ശത്രുവിനെതിരെ പൂർണ്ണമായും സൂക്ഷിക്കേണ്ട ഒന്നാണിത്; ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ, ശ്രദ്ധക്കുറവുമൂലം ദൈവിക മഹത്വത്തെ നാം അപമാനിക്കരുത്. നാം കണ്ണുകളിൽ ജാഗ്രതയുള്ളവരും ഹൃദയത്തിൽ നിദ്ര ചെയ്യുന്നവരും ആയിരിക്കണം. ഉത്തമഗീതത്തിൽ സഭ പറയുന്നതായി രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ക്രിസ്ത്യാനി ഉറങ്ങുമ്പോഴും ഹൃദയത്തിൽ ജാഗ്രതയുള്ളവനായിരിക്കണം: ''ഞാനുറങ്ങി, പക്ഷേ എന്റെ ഹൃദയം ഉണർന്നിരുന്നു''. അതുകൊണ്ട്, ശ്രദ്ധയോടും ഉത്സാഹത്തോടും കൂടെ പ്രാർത്ഥിക്കാൻ ശ്ലീഹാ ഉപദേശിക്കുന്നു: ''ഉണർവോട് കൂടെ പ്രാർത്ഥനയിൽ ശ്രദ്ധാലുക്കളായിരിക്കുവിൻ'' (കൊളോ. 4:2). അതായത് പ്രാർത്ഥനയിൽ ജാഗ്രതയോടെ ഇരിക്കുന്നതായി ദൈവം കാണുന്നവരുടെ അപേക്ഷകൾ സാധിച്ചു കൊടുക്കും എന്ന് അദ്ദേഹം പഠിപ്പിക്കുകയും ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു.

## അധ്യായം 32

കൂടാതെ, പ്രാർത്ഥിക്കുന്നവർ ഫലശൂന്യവും നിരർത്ഥകവുമായ പ്രാർത്ഥനകളാൽ ദൈവത്തെ സമീപിക്കാതിരിക്കട്ടെ. ദൈവത്തിനർപ്പിക്കുന്ന നിഷ്ഫലമായ പ്രാർത്ഥന ഫലരഹിതമായിരിക്കും. കാരണം, ഫലം നൽകാത്ത വൃക്ഷമെല്ലാം വെട്ടി തീയിൽ എറിയപ്പെടുന്നതുപോലെ (മത്താ. 7. 19) ഒരു കാര്യത്തിലും, ഫലദായകമല്ലാത്ത പ്രാർത്ഥനകൾ ദൈവാനുഗ്രഹം പ്രാപിക്കുകയില്ല. ''ഉപവാസം, ദാനധർമ്മം എന്നിവയോടുകൂടി പ്രാത്ഥന നല്ലതാണ്'' (തോബി. 1:28) എന്നു വി. ലിഖിതം നമ്മെ പഠിപ്പിക്കുന്നു. ദാനധർമ്മങ്ങൾക്കും പ്രവൃത്തികൾക്കുമനുസരിച്ച് അന്തിമ വിധി ദിവസത്തിൽ പ്രതിഫലം നൽകാനിരിക്കുന്ന അവിടുന്ന് ഇന്നും പ്രവൃത്തികളോടു കൂടി അർപ്പിക്കപ്പെടുന്ന പ്രാർത്ഥനകൾ ശ്രവി



ക്കുന്നതിൽ കൂടുതൽ തൽപരനാണ്. അങ്ങനെയാണ് ശതാധിപനായിരുന്ന കൊർണേലിയൂസിന്റെ പ്രാർത്ഥന ശ്രവിക്കപ്പെട്ടത്. അദ്ദേഹം ജനങ്ങൾക്കിടയിൽ നിരവധി ദാനധർമ്മം ചെയ്യുകയും ദൈവത്തോട് പ്രാർത്ഥിക്കുകയും ചെയ്തുപോന്നു. ഒരു ദിവസം ഒൻപതാം മണിക്കൂറിൽ അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ 'നിന്റെ പ്രാർത്ഥനകളും ദാനധർമ്മങ്ങളും ദൈവസന്നിധിയിൽ ഓർമ്മയ്ക്കായി എത്തിയിരിക്കുന്നു' (നട 10:4) എന്നുപറഞ്ഞുകൊണ്ട് ദൈവദൂതൻ പ്രത്യക്ഷപ്പെട്ടു; അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ നീതീകരിച്ചു.

## അധ്യായം 33

നമ്മുടെ പ്രവൃത്തികളുടെ ഫലംവഴി ദൈവത്തെ നിർബന്ധിക്കുന്ന പ്രാർത്ഥനകൾ എളുപ്പത്തിൽ ദൈവത്തിൻ പക്കലെത്തുന്നു. അങ്ങനെയാണ് എല്ലായ്പ്പോഴും പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത തോബിയാസിന്റെ മുമ്പിൽ റഫായേൽ ദൈവദൂതൻ നിന്നത്. ദൂതൻ പറയുന്നു: ''ദൈവത്തിന്റെ പ്രവൃത്തികൾ പ്രസിദ്ധമാക്കുന്നതു മഹനീയമാണ്. നീ സാറായോടൊപ്പം പ്രാർത്ഥിച്ചപ്പോൾ നിങ്ങളുടെ പ്രാർത്ഥന പരിശുദ്ധനായവനെ ഞാൻ അനുസ്മരിപ്പിച്ചു. നീ മൃതരെ സംസ്കരിച്ചപ്പോൾ ഞാൻ നിന്നോടൊപ്പമുണ്ടായിരുന്നു. ഭക്ഷണമേശയിൽനിന്ന് എഴുന്നേറ്റ് ചെന്ന് മൃതദേഹം സംസ്കരിക്കാൻ മടിക്കാതിരുന്നു നിന്റെ സദ്പ്രവൃത്തി എനിക്ക് അജ്ഞാതമായിരുന്നില്ല. ഞാൻ നിന്നോടൊപ്പമുണ്ടായിരുന്നു. ആകയാൽ നിന്നെയും നിന്റെ മരുമകൾ സാറായെയും സുഖപ്പെടുത്താൻ ദൈവം എന്നെ അയച്ചിരിക്കുന്നു. വിശുദ്ധരുടെ പ്രാർത്ഥനകൾ സമർപ്പിക്കുകയും പരിശുദ്ധനായവന്റെ മഹത്വത്തിന്റെ സന്നിധിയിൽ പ്രവേശിക്കുകയും ചെയ്യുന്ന ഏഴു വിശുദ്ധ ദൂതന്മാരിൽ ഒരുവനായ റഫായേലാണു ഞാൻ'' (തോബി. 12:7,15). ഏശായാ വഴിയും കർത്താവ് പ്രബോധിപ്പിക്കുകയും ഇന്നും കാര്യങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്നു. അവൻ പറയുന്നു; ''ദുഷ്ടതയുടെ എല്ലാ കെട്ടുകളും പൊട്ടിക്കുക; കടിഞ്ഞാണിടാത്ത കച്ചവടക്കാരുടെ കെട്ടുകൾ അഴിക്കുക; തകർന്നവനെ വിശ്രമത്തിനായി വിടുവിക്കുക: നീതിരഹിതമായ എല്ലാ ഭാരങ്ങളും തകർക്കുക; വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുക; ആവശ്യക്കാരനേയും ഭവനരഹിതനെയും നിന്റെ ഭവനത്തിൽ സ്വീകരിക്കുക, നഗ്നനെ കാണാനിടയായാൽ അവനെ വസ്ത്രം ധരിപ്പിക്കുക; നിന്റെ സ്വന്തക്കാരെ നിന്ദിക്കരുത്. അപ്പോൾ നിന്റെ വെളിച്ചം പ്രഭാതംപോലെ പൊട്ടി വിരിയും; നിന്റെ വസ്ത്രം വേഗത്തിൽ ഉയരും. നിന്റെ നീതി നിന്റെ മുമ്പിൽ പോകും. കർത്താവിന്റെ മഹത്വം നിന്നെ ചുറ്റും; അപ്പോൾ നീ വിളിക്കുമ്പോൾ കർത്താവു നിന്നെ കേൾക്കും. നീ നിലവിളിക്കുമ്പോൾ 'ഇതാ, ഞാൻ' എന്ന് അവിടുന്നു പറയും'' (58:6–9).

www.malankaralibrary.com



അവിടുന്നു സന്നിഹിതനാണെന്നും നമ്മെ ശ്രവിക്കുന്നുവെന്നും അവിടുന്നു വാഗ്ദാനം ചെയ്യുന്നു. അവിടുത്തെ പ്രബോധനമനുസരിച്ച് ദൈവഭവനത്തിലെ അംഗങ്ങൾക്ക് ദാനധർമ്മം ചെയ്യുകയും, ഹൃദയത്തിൽനിന്ന് അനീതിയുടെ കുരുക്കുകൾ അഴിക്കുകയും ചെയ്യുന്നവരെ അവിടുന്നു സംരക്ഷിക്കും എന്ന് അവിടുന്ന് അരുൾചെയ്യുന്നു. ദൈവം ചെയ്യുവാൻ ആവശ്യപ്പെടുന്നത് അവർ ശ്രവിക്കുന്നതുകൊണ്ട് അവരെ ദൈവവും ശ്രവിക്കും. ഭാഗ്യവാനായ പൗലോസ് ശ്ലീഹാ തന്നെ, ക്ലേശാവസരങ്ങളിൽ സഹോദരരാൽ സഹായിക്കപ്പെട്ടപ്പോൾ ചെയ്യപ്പെട്ടവ ദൈവത്തിനുള്ള ബലിയായിരുന്നു എന്നു പറയുന്നു. അവൻ പറഞ്ഞു: 'എപ്പപ്രോദിത്തോസ് വഴി നിങ്ങൾ കൊടുത്തയച്ചവ, പരിമളകാഴ്ചയും സ്വീകാര്യബലിയും ദൈവത്തിനേററം പ്രിയംകരവുമായി ഞാൻ സ്വീകരിച്ചതിനാൽ എനിക്കെല്ലാം തികഞ്ഞിരിക്കുന്നു' (ഫിലി.4:18). കാരണം, ഒരുവൻ പാവങ്ങളോട് അലിവുകാണിക്കുമ്പോൾ, അതു ദൈവത്തോടുതന്നെയാണ് കാണിക്കുന്നത്; ഏററവും ചെറിയവനു നൽകുന്നവൻ ദൈവത്തിനുതന്നെ നൽകുന്നു; ആത്മീയാർത്ഥത്തിൽ, അവൻ ദൈവത്തിനു മധുരപരിമളം ബലിയർപ്പിക്കുന്നു.

## അധ്യായം 34

ദാനിയേലിനോടൊപ്പം വിശ്വാസത്തിൽ ഉറച്ചുനിൽക്കുകയും ബന്ധനത്തിൽ വിജയികളാകുകയും ചെയ്ത മൂന്നു ബാലൻമാർ—കാലാന്ത്യത്തിൽ വെളിപ്പെടുത്തപ്പെടുവാനിരുന്ന ത്രിത്വത്തിന്റെ സൂചനയായി—മൂന്നും ആറും ഒമ്പതും മണിക്കൂറുകളിൽ പ്രാർത്ഥിക്കുന്നതായി കാണുന്നു. മൂന്നിലേക്ക് നീങ്ങുന്ന ഒന്നാം മണിക്കൂർ, പൂർത്തീകരിക്കപ്പെട്ട ത്രിത്വത്തിന്റെ സംഖ്യയെ കാണിക്കുന്നു. അതുപോലെ ആറിലേക്ക് നീങ്ങുന്ന നാലാം മണിക്കൂർ, രണ്ടാമതൊരു ത്രിത്വത്തെ പ്രഖ്യാപിക്കുന്നു. ഏഴിൽനിന്ന് ഒമ്പതാം മണിക്കൂർ പൂർത്തിയാകുമ്പോൾ ഓരോ മുമ്മൂന്നു മണിക്കൂറിലും പരിപൂർണ്ണ ത്രിത്വം എണ്ണപ്പെടുന്നു. വളരെക്കാലങ്ങൾക്കുമുൻപ് ഒരാധ്യാത്മികാർത്ഥത്തിൽ ഈ സമയക്ളിപ്തത തീരുമാനിക്കപ്പെട്ടതിനാൽ പ്രാർത്ഥിക്കാനുള്ള നിശ്ചിതവും നൈയാമികവുമായ സമയമായി തീരുമാനിക്കപ്പെടുകയും ദൈവാരാധകർ അതിനു വിധേയരാക്കപ്പെടുകയും ചെയ്തു. പുരാതന നീതിമാൻമാർ ഇപ്രകാരം പ്രാർത്ഥിച്ചിരുന്നതിനാൽ, പ്രതീകങ്ങൾ മുമ്പ് സ്ഥിതിചെയ്തിരുന്നു എന്ന് പിന്നീട് വ്യക്തമാക്കപ്പെട്ടു.

നമ്മുടെ കർത്താവിന്റെ വാഗ്ദാനത്തിന്റെ കൃപ പൂർത്തീകരിക്കുന്നതിനായി, മൂന്നാം മണിക്കൂറിൽ ശിഷ്യരുടെമേൽ പരിശുദ്ധാത്മാവ് ആവസിച്ചു. വിജാതീയരെ മാമോദീസാ മുക്കുന്നതിനെക്കുറിച്ച് ശങ്കിച്ചിരുന്ന പത്രോസിനോട് ഒരടയാളത്തിലൂടെയും ശബ്ദത്തിലൂടെയും



രക്ഷയുടെ മഹത്വത്തിലേയ്ക്ക് എല്ലാവരെയും സ്വീകരിക്കണമെന്നു ദൈവം കല്പിച്ചത് ആറാം മണിക്കൂറിൽ, അദ്ദേഹം പ്രാർത്ഥിക്കുന്നതിനായി മട്ടുപ്പാവിൽ കയറിയപ്പോഴായിരുന്നു. നമ്മുടെ കർത്താവുതന്നെയും ആറാം മണിമുതൽ ഒമ്പതാംമണിവരെ കുരിശിൽ കിടന്നുകൊണ്ട്, നമ്മെ രക്ഷിക്കാനും പുനർജീവിപ്പിക്കാനുമായി തന്റെ രക്തംവഴി നമ്മുടെ പാപങ്ങൾ കഴുകികൊണ്ട് സഹനത്തിലൂടെ തന്റെ വിജയം പൂർത്തിയാക്കി.

## അധ്യായം 35

ഏററം പ്രിയ സഹോദരരേ, നമ്മെ സംബന്ധിച്ചിടത്തോളം പണ്ടാചരിച്ചിരുന്ന യാമങ്ങൾക്കു പുറമെ സമയങ്ങളും പ്രതീകങ്ങളും വർദ്ധിച്ചിട്ടുണ്ട്. നമ്മുടെ കർത്താവിന്റെ ഉത്ഥാനം ആഘോഷിക്കുവാനായി നാം പ്രഭാതത്തിൽ പ്രാർത്ഥിക്കണം: 'എന്റെ രാജാവേ, എന്റെ ദൈവമേ, അങ്ങയോടാണല്ലോ ഞാൻ പ്രാർത്ഥിക്കുന്നത്. കർത്താവേ, പ്രഭാതത്തിൽ അങ്ങ് എന്റെ പ്രാർത്ഥന കേൾക്കണമെ; പ്രഭാതത്തിൽ ഞാൻ നിന്റെ മുമ്പിൽ നില്ക്കുകയും നിന്നെ കാണുകയും ചെയ്യും' എന്ന സങ്കീർത്തനത്തിലൂടെ (5:2–3) പരിശുദ്ധാത്മാവ് തന്നെ നേരത്തെ പ്രതിപാദിക്കുന്നുണ്ട്. വീണ്ടും, പ്രവാചകനിലൂടെ കർത്താവു പറയുന്നു: 'നമുക്കു ദൈവമായ കർത്താവിങ്കലേയ്ക്കു മടങ്ങിപ്പോകാം എന്നു പറഞ്ഞുകൊണ്ട് പ്രഭാതത്തിൽ അവർ എന്നെ അന്വേഷിക്കും' (ഹോശിയ, 6:1).

അതുപോലെ സൂര്യാസ്തമയത്തിലും ദിവസത്തിന്റെ അവസാനത്തിലും നാം തീർച്ചയായും പ്രാത്ഥിക്കണം. യഥാർത്ഥ സൂര്യനും യഥാർത്ഥ ദിവസവും കർത്താവുതന്നെ ആയിരിക്കെ, ലോകത്തിലെ സൂര്യനും ദിവസവും പിൻവാങ്ങുമ്പോൾ വീണ്ടും നമ്മുടെമേൽ പ്രകാശം വർഷിക്കണമേ എന്നു നാം പ്രാത്ഥിക്കുന്നു. നിത്യമായ പ്രകാശത്തിന്റെ മഹത്വം നമുക്ക പ്രദാനം ചെയ്യുവാനായി അവിടുത്തെ വരവിനായി നാം പ്രാർത്ഥിക്കുന്നു. ക്രിസ്തുവിനെ, 'ദിവസം' എന്നു പരിശുദ്ധാത്മാവ് സങ്കീർത്തനങ്ങളിൽ വിശേഷിപ്പിക്കുന്നു. 'പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞ കല്ല് ഭവനത്തിന്റെ മൂലക്കല്ലായിത്തീർന്നു; ഇതു കത്താവിന്റെ പ്രവൃത്തിയാണ്. ഇതു നമ്മുടെ ദൃഷ്ടിയിൽ വിസ്മയാവഹമായിരിക്കുന്നു. കർത്താവൊരുക്കിയ ദിവസമാണിന്ന്. ഇന്ന് സന്തോഷിച്ചുല്ലസിക്കാം' എന്ന് അവൻ പറയുന്നു (118:22--23). അവിടുന്നാണു സൂര്യനെന്ന് മലാക്കി പ്രവാചകൻ സാക്ഷ്യപ്പെടുത്തുന്നു: 'എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കുവേണ്ടി നീതിസൂര്യൻ ഉദിക്കും. അതിന്റെ ചിറകുകളിൽ സൗഖ്യമുണ്ട് (14:2). തിരുലിഖിതങ്ങളിൽ ക്രിസ്തുതന്നെയാണ് സത്യസൂര്യനും സത്യദിവസവുമെങ്കിൽ, ആ ക്രിസ്തുവിൽ ആയിരിക്കുന്ന ക്രിസ്ത്യാനികൾക്ക്, ദൈവത്തെ തുടർ

www.malankaralibrary.com



ച്ചയായി എല്ലായ്പോഴും ആരാധിക്കേണ്ടാത്ത ഒരു മണിക്കൂറും ഇല്ല. പ്രാർത്ഥനകളാലും അപേക്ഷകളാലും ദിവസം മുഴുവനും ദൈവവുമായി ബന്ധപ്പെടുന്നതിൽ നാം നിഷ്ഠയുള്ളവരായിരിക്കണം. ഭൗമിക നിയമമനുസരിച്ച് മാറിമാറി വരുന്ന രാത്രികൾ, ഒന്നിനു പിറകെ ഒന്നായി വരുന്നു; പ്രകാശത്തിന്റെ മക്കൾക്ക് രാത്രിയിൽ പോലും ദിവസമുള്ളതുകൊണ്ട്, പ്രാർത്ഥിക്കുന്നവർക്ക് രാത്രി ഒരുപദ്രവവും ചെയ്യുന്നില്ല. ഹൃദയത്തിൽ പ്രകാശമുള്ളവന് എപ്പോഴാണു വെളിച്ചമില്ലാതിരിക്കുക ? ക്രിസ്തു, സൂര്യനും ദിവസവുമായിരിക്കുന്നവന് എപ്പോഴാണ് സൂര്യനും ദിവസവും ഇല്ലാതിരിക്കുക ?

## അധ്യായം 36

പ്രകാശമായ ക്രിസ്തുവിൽ എപ്പോഴും ആയിരിക്കുന്ന നമുക്ക് രാത്രിയിലും പ്രാർത്ഥിക്കുന്നതിൽ നിന്നു വിരമിക്കാതിരിക്കാം. ഇടവേള കൂടാതെ നിരന്തരം പ്രാർത്ഥിക്കുകയും കാത്തിരിക്കുകയും ചെയ്ത വിധവയായ ഹന്നാ ദൈവത്തിന്റെ പ്രീതിക്കു പാത്രമായിത്തീർന്നു. ''അവൾ ദേവാലയം വിട്ടു പോകാതെ ഉപവാസത്തിലും പ്രാർത്ഥനയിലും രാപകൽ ദൈവത്തെ സേവിച്ചിരുന്നു'' എന്ന് എഴുതപ്പെട്ടിരിക്കുന്നു (ലൂക്കാ, 2:37). ഇതുവരെ പ്രകാശം ലഭിക്കാതിരുന്ന വിജാതീയരോ, പ്രകാശത്തെ തിരസ്കരിച്ച് അന്ധകാരത്തിൽ തന്നെ കഴിയുന്ന യഹൂദരോ ഇതു കാണേണ്ടതായിരുന്നു; എല്ലായ്പ്പോഴും കർത്താവിന്റെ പ്രകാശത്തിൽ ആയിരിക്കുകയും എന്താകുവാനാണ് ആരംഭിച്ചിരിക്കുന്നതെന്ന് സദാ സ്മരിക്കുകയും ചെയ്യുന്ന പ്രിയ സഹോദരരേ, ദൈവകൃപയാൽ നമുക്ക് രാത്രിയെ പകലായി പരിഗണിക്കാം. എപ്പോഴും നാം പ്രകാശത്തിലാണു ചരിക്കുന്നതെന്നു നമുക്കു വിശ്വസിക്കാം (1 യോഹ. 1:7). നാം ഇരുട്ടിൽ നിന്നു രക്ഷപ്പെട്ടു; അത് ഇനിയും നമുക്കു തടസ്സം സൃഷ്ടിക്കാതിരിക്കട്ടെ; രാത്രിയുടെ യാമങ്ങളിൽ പ്രാർത്ഥനയ്ക്കു യാതൊരു കുറവും ഉണ്ടാകാതിരിക്കട്ടെ; പ്രാർത്ഥനയ്ക്കുള്ള അവസരം അലസതമൂലമോ, ഉപേക്ഷമൂലമോ, ദുർവ്യയം ചെയ്യരുത്; ദൈവത്തിന്റെ പ്രത്യേക പരിഗണനയാൽ ആത്മീയമായി വീണ്ടും സൃഷ്ടിക്കപ്പെടുകയും വീണ്ടും ജനിക്കുകയും ചെയ്ത നാം എന്തായിത്തീരുവാൻ നിശ്ചയിക്കപ്പെട്ടിരിക്കുന്നുവോ അത് അനുകരിക്കണം. ദൈവരാജ്യത്തിൽ രാത്രിയില്ലാതെ, പകൽ മാത്രം അനുഭവിക്കാനിരിക്കുന്ന നാം പകലിലെന്നതുപോലെ രാത്രിയിലും ജാഗ്രതയുള്ളവരായിരിക്കണം; എല്ലായ്പ്പോഴും ദൈവത്തോടു പ്രാർത്ഥിക്കുവാനും ദൈവത്തിനു നന്ദി പറയുവാനുമായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന നമുക്ക് ഇവിടെയും പ്രാർത്ഥിക്കുന്നതിലും കൃതജ്ഞതയർപ്പിക്കുന്നതിലും നിന്നു പിന്തിരിയാതിരിക്കാം.

# III

# ഒരിജൻ

ആദിമസഭയിൽ ജീവിച്ചിരുന്ന ഒരു മഹാനായിരുന്നു ഒരിജൻ. അദ്ദേഹം ക്രൈസ്തവ മാതാപിതാക്കളിൽനിന്ന് ക്രി. വ. 185-ൽ അലക്സാൺഡ്രിയയിൽ ജനിച്ചു. ചെറുപ്പത്തിലേ ബൈബിളിലും ശാസ്ത്രവിഷയങ്ങളിലും അദ്ദേഹത്തിനു ശിക്ഷണം ലഭിച്ചു. അക്കാലത്തുണ്ടായ മതപീഡനത്തിൽ (ക്രി. വ. 202-ൽ) ഒരിജന്റെ പിതാവ് ലയോണിദാസ് രക്തസാക്ഷിയായി. റോമൻസർക്കാർ ഒരിജന്റെ വസ്തുവകകൾ കണ്ടുകെട്ടി. തുടർന്ന് അദ്ധ്യാപകവൃത്തി ചെയ്ത് ഒരിജൻ കുടുംബം പുലർത്തി. 18-ാം വയസ്സിൽ അദ്ദേഹം അലക്സാൺഡ്രിയൻ കലാലയത്തിലെ പ്രധാന അദ്ധ്യാപകനായി.

ഒരിജന്റെ നേതൃത്വത്തിൽ അലക്സാൺഡ്രിയൻ കലാലയം കീർത്തിയുടെ പാരമ്യത്തിലെത്തി. പ്രഗത്ഭനായ ഒരദ്ധ്യാപകൻ, ആദിമസഭയിലെ പ്രശസ്തനായൊരു പണ്ഡിതൻ, കറതീർന്ന വ്യക്തിത്വത്തിന്റെ ഉടമ, ഒരു വിശ്വവിജ്ഞാനകോശം, ലോകം കണ്ടിട്ടുള്ള ബുദ്ധിരാക്ഷസൻമാരിൽ ഒരാൾ എന്നിങ്ങനെ ഒരിജൻ ശോഭിച്ചു. സഭാചരിത്രകാരനായ എവുസേബിയസ് († 339) ഒരിജനെപ്പററി രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കൂ; ''അദ്ദേഹത്തിന്റെ വാക്കുപോലെ ആയിരുന്നു ജീവിതവും; അദ്ദേഹത്തിന്റെ ജീവിതംപോലെ വാക്കും. ഇക്കാരണത്താൽ ദിവ്യശക്തിയുടെ സഹകരണത്തോടെ അനേകരെ തന്റെ തീക്ഷ്ണതയിൽ അവൻ പങ്കുകാരനാക്കി' (സഭാചരിത്രം. 6, 3, 7). ഒരിജനെ 'ഉരുക്കുമനുഷ്യൻ' എന്നാണു ചരിത്രകാരൻ വിളിക്കുന്നത്. എവുസേബിയസ് തുടരുന്നു: 'ഏററം താത്ത്വികമായ രീതിയിലത്രേ അദ്ദേഹം ജീവിച്ചിരുന്നത്. ചിലപ്പോൾ ഉപവാസത്തിലായിരിക്കാം അദ്ദേഹം സ്വയം പരിശീലിപ്പിക്കുന്നത്. മററു ചിലപ്പോൾ ജാഗരണത്തിലായിരിക്കാം. അദ്ദേഹം തറയിലല്ലാതെ ഒരിക്കലും കട്ടിലിൽ കിടന്നിട്ടില്ല, 'രണ്ടു വസ്ത്രങ്ങളോ രണ്ടു ജോഡി ചെരിപ്പുകളോ പാടില്ല: ഭാവിയെപ്പററിയുള്ള ചിന്തയാൽ ആകുലചിത്തരാകേണ്ട' എന്നു തുടങ്ങിയ കർത്തൃപ്രബോധനങ്ങൾ ശരിയായി പാലിക്കണം; എന്ന് അദ്ദേഹത്തിനു നിഷ്കർഷ ഉണ്ടായിരുന്നു' (സഭാ. 6, 3, 9-10),

www.malankaralibrary.com



ഒരിജന്റെ അദ്ധ്യാപന കാലഘട്ടത്തെ രണ്ടായി തിരിക്കാം: ഒന്നാം ഭാഗം അലക്സാൺഡ്രിയയിൽ(203–231); രണ്ടാംഭാഗം പലസ്തീനായിലെ കേസറിയായിൽ (231–553). കീർത്തിയിൽനിന്നു പ്രശസ്തിയിലേക്കും, പ്രശസ്തിയിൽനിന്നു പെരുമയിലേക്കും, പെരുമയിൽനിന്ന് ഉന്നതിയിലേക്കുമുള്ള കുതിച്ചുകയററമായിരുന്നു ഒരിജന്റെ ജീവിതം. തിരക്കേറിയ ജീവിതത്തിനിടയിൽ അദ്ദേഹം നിരവധി യാത്രകൾ ചെയ്തിട്ടുണ്ട്. റോമാ, ഗ്രീസ്, പലസ്തീനാ, അറേബ്യ എന്നിവിടങ്ങളിൽ പോയിരുന്നതായി രേഖകളുണ്ട്. 253-ൽ 69-ാം വയസിൽ ടയറിൽവച്ച് മതപീഡനം സഹിച്ച് ജയിലിൽ കിടന്ന് ഒരിജൻ മരിച്ചു. തന്റെ ജീവിതകാലത്തും മരണശേഷവും അദ്ദേഹം വിരുദ്ധതയുടെ അടയാളമായിരുന്നു. ഈ കാര്യത്തിൽ അദ്ദേഹം ക്രൂശിതനെ പൂർണമായി അനുകരിച്ചു. എപ്പോഴും ഒരു സത്യവിശ്വാസിയായിരിക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ തീവ്രമായ അഭിലാഷം: 'സഭാപരവും അപ്പസ്തോലികവുമായ പാരമ്പര്യത്തിൽനിന്നു വ്യത്യാസമില്ലാത്തതുമാത്രമേ സത്യമായി അംഗീകരിക്കാവൂ' എന്ന് അദ്ദേഹം തന്റെ പ്രധാന കൃതിയുടെ ആരംഭത്തിൽ പറയുന്നു (പെരി ആർക്കോൻ, ആമുഖം, 2). അതനുസരിച്ചു ജീവിക്കാൻ ശ്രമിച്ചു; അതു സ്വന്ത രക്തംകൊണ്ട് ഉറപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ഒരിജന്റെ മരണശേഷം അദ്ദേഹത്തിന്റെ പേരിൽ തർക്കങ്ങളും വാദപ്രതിവാദങ്ങളും ഉയർന്നു. ഒരിജന്റെ ശിഷ്യൻമാരും ആരാധകരും ഒരുവശത്തും ശത്രുക്കൾ മറുവശത്തുംനിന്ന് വലിയ വാദകോലാഹലങ്ങളുയർത്തി. 'ഒരിജനിസം' എന്നറിയപ്പെടുന്ന അബദ്ധോപദേശം ഒരിജൻ പഠിപ്പിച്ചു എന്നും ഇല്ലെന്നുമായിരുന്നു തർക്കം. ക്രി. വ. 543—ൽ ജസ്റ്റീനിയൻ ചക്രവർത്തി ഒരിജന്റെ പ്രബോധനങ്ങളിലെ പതിനഞ്ചെണ്ണം അബദ്ധങ്ങളാണെന്നു പ്രഖ്യാപിച്ചു. 553—ലെ സാർവത്രിക സിനഡു അത് ആവർത്തിച്ചു.

## കൃതികൾ

ഒരിജന്റെ മരണത്തിനുശേഷം ഉടലെടുത്ത കോലാഹലങ്ങൾ മൂലം അദ്ദേഹത്തിന്റെ അനേകകൃതികൾ നശിക്കുന്നതിനിടയായി. ശേഷിച്ചവതന്നെയും ലത്തീൻ വിവർത്തനങ്ങളിലാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. എപ്പിഫാനിയസ് പറയുന്നത് ഒരിജൻ 6000 കൃതികൾ രചിച്ചു എന്നാണ് (പാഷ. 64.63). ഒരിജന്റെ 2000 കൃതികളെപ്പററി വി. ജറോം പറയുന്നു (റൂഫീനസിനെതിരെ, 2.22). 800 കൃതികളുടെ പേരുകൾ നമുക്കറിയാം. വി. ജറോം വി. പൗളായ്ക്കയച്ച കത്തിൽ ഇക്കാര്യമുണ്ട് (ലേഖനം 33). ഒരിജനെ സഹായിക്കാൻ പണക്കാരായ ചില സുഹൃത്തുക്കളുണ്ടായിരുന്നു. ഒരേ സമയം ഏഴിലേറെ ചുരുക്കെഴുത്തുകാർ ഒരിജന്റെ അടുത്തുണ്ടായിരുന്നു സഭാ. 6.23. 1–2; ജി. ചേടിയത്ത്, ആദിമസഭയുടെ സന്ദേശം, 1988 പേജ് 273ff.)



## പ്രാർത്ഥനയെക്കുറിച്ച് (പെരി എവുക്കേസ്)

അംബ്രോസ് എന്ന സുഹൃത്തിന്റെയും താസ്യാനാ എന്ന സ്ത്രീയുടെയും ആവശ്യപ്രകാരമാണ് ഒരിജൻ ഈ കൃതി ക്രി. വ. 233/4–ൽ രചിച്ചത്. ഇതിന് രണ്ടു ഭാഗങ്ങളുണ്ട്: ഒന്നാംഭാഗം (അധ്യാ:3–17) പ്രാർത്ഥനയെപ്പററി പൊതുവായും രണ്ടാംഭാഗം (18–30) കർത്തൃപ്രാർത്ഥനയെപ്പററി പ്രത്യേകിച്ചും, ചർച്ച ചെയ്യുന്നു. ഒരനുബന്ധം (31–33). പ്രാർത്ഥനാവസരങ്ങളിൽ ആത്മശരീരങ്ങളുടെ നില, ആംഗ്യങ്ങൾ, പ്രാർത്ഥിക്കാൻ പററിയ സ്ഥലം, ആരോടു പ്രാർത്ഥിക്കണം, വിവിധയിനം പ്രാർത്ഥനകൾ ആദിയായ കാര്യങ്ങൾ വിവരിക്കുന്നു. 'പിന്നൊരവസരം കുറേക്കൂടി വിപുലമായി ഒരു കൃതി എഴുതാം; ഇപ്പോൾ ഇതുകൊണ്ട് തൃപ്തിപ്പെടണം' എന്ന് തന്റെ സുഹൃത്തിനെ ഒരിജൻ അറിയിക്കുന്നു. എന്നാൽ തന്റെ വാഗ്ദാനം അദ്ദേഹം പൂർത്തിയാക്കിയില്ല.

ഒരിജന്റെ ആധ്യാത്മിക ജീവിതത്തിന്റെ ആഴം അറിയാൻ ഈ കൃതി വളരെയധികം സഹായിക്കുന്നു. ക്രൈസ്തവ പ്രാർത്ഥനയെ സംബന്ധിച്ചുള്ള ഒരു ശാസ്ത്രീയ 'പ്രതിപാദനമാണിത്. മനുഷ്യന് അസാധ്യമായവ ദൈവകൃപയാലും ക്രിസ്തുവിന്റെയും പരിശുദ്ധാത്മാവിന്റെയും സഹായത്താലും എളുപ്പമാണ്'' എന്നു പറഞ്ഞുകൊണ്ടാണ് ആമുഖം തുടങ്ങുന്നത്. പ്രാർത്ഥനയുടെ കാര്യത്തിൽ അങ്ങനെയാണ്. 'എവുക്കേ', 'പ്രൊസെവുക്കേ' (അധ്യാ. 3-4) ആദിയായ വേദപുസ്തക പദങ്ങൾ അപഗ്രഥനാവിഷയമാക്കിയിട്ട് പ്രാർത്ഥനയുടെ പ്രയോജനവും ആവശ്യവും വിശദമാക്കുന്നു (5). 'നാം ചോദിക്കുന്നതിനു മുൻപേ ദൈവം എല്ലാം അറിയുന്നുണ്ടല്ലോ' എന്നും ദൈവം എല്ലാം മുൻനിർണ്ണയം ചെയ്തിരിക്കുന്നതിനാൽ പ്രാർത്ഥിക്കുന്നതിൽ അർത്ഥമില്ല' എന്നും വാദിക്കുന്നവരുണ്ടാകാം. 'ദൈവത്തിൻ പക്കലേക്കുയരുന്നവർക്കു ദിവ്യസൗന്ദര്യവും ശ്രേഷ്ഠതയും ദർശിക്കുവാനുള്ള സ്വാതന്ത്ര്യമനസ്സും ദൈവം നൽകിയിട്ടുണ്ടല്ലോ' എന്ന് വി. ഗ്രന്ഥം സാക്ഷിക്കുന്നു.

ദൈവവുമായുള്ള അനുസ്യൂതസംഭാഷണം വ്യക്തികളുടെ സമ്പൂർണ്ണാസ്തിത്വത്തെ സ്പർശിക്കുന്നതാണ്. കർത്താവിന്റെ ആത്മാവുമായി ഐക്യപ്പെടാൻ പ്രാർത്ഥന നമ്മെ സഹായിക്കുന്നു. ദൈവത്തെ സ്വാധീനിക്കുക എന്നതല്ല. തന്റെ ദൈവിക ജീവനിൽ ഭാഗഭാക്കാകുക, സ്വർഗവുമായി സമ്പർക്കത്തിലേർപ്പെടുക എന്നതാണ് പ്രാർത്ഥനയുടെ ലക്ഷ്യം. നമ്മുടെ ശ്രേഷ്ഠപുരോഹിതനായ ക്രിസ്തുവാണ് നമ്മുടെ മാതൃക. മാലാഖമാരുടെയും പ്രത്യേകിച്ച് കാവൽമാലാഖമാരുടെയും പരേതരുടെയും പ്രാർത്ഥനകളോടു കൂടെ നമ്മുടെ പ്രാർത്ഥനകൾ ചേർത്ത് ദൈവത്തിന് നമ്മുടെ ആരാധന അവിടുന്ന് അർപ്പിക്കുന്നു. പ്രലോഭനങ്ങളിൽ പ്രാർത്ഥന ആത്മാവിനെ ബലവത്താക്കുന്നു; ദുഷ്ടാത്മാക്കളെ ഓടിച്ചുകളയുന്നു.

www.malankaralibrary.com



അതുകൊണ്ട് ദിവസത്തിന്റെ നിശ്ചിതയാമങ്ങളിൽ നാം പ്രാർത്ഥിക്കണം. യഥാർത്ഥത്തിൽ നമ്മുടെ ജീവിതം മുഴുവൻ പ്രാർത്ഥനയായിരിക്കണം. ദൈവവുമായി സംസർഗം ചെയ്യുമ്പോൾ വെറും നൈമിഷികമായ നിസ്സാര കാര്യങ്ങൾ അല്ല ശ്രേഷ്ഠമായ സ്വർഗ്ഗീയകാര്യങ്ങളാണ് നാം ആവശ്യപ്പെടേണ്ടത്.

1 തിമോ 2: 1. വ്യാഖ്യാനിച്ചു കൊണ്ട് നാലുതരം പ്രാർത്ഥനകൾക്ക വേദപുസ്തകത്തിൽ നിന്ന് ഉദാഹരണം നൽകുന്നു: യാചന, ആരാധന, അപേക്ഷ, കൃതജ്ഞത. ആരാധന ദൈവത്തിനു മാത്രം നൽകേണ്ടതാണ്. ക്രിസ്തു തന്നെയും പിതാവിനെ ആരാധിക്കുവാനാണ് നമ്മെ പഠിപ്പിച്ചത്. നാം യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കണം. പുത്രനിലൂടെ പരിശുദ്ധാത്മാവിൽ പിതാവിനെ നാം ആരാധിക്കണം. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥനയുടെ വ്യാഖ്യാനം വളരെ മനോഹരമാണ്. നമ്മുടെ ജീവിതം മുഴുവൻ സ്വർഗീയമായിരുന്നെങ്കിലേ ഇപ്രകാരം പറയാൻ സാധിക്കൂ. പഴയ നിയമത്തിന് ഇത് അജ്ഞാതമായിരുന്നു. ദത്തുപുത്രൻമാരായി തീർന്നവർക്കേ ദൈവത്തെ 'പിതാവേ', എന്ന് വിളിക്കാൻ കഴിയൂ.

കൃതിയിലുടനീളം ആന്തരികമായ ഒരുക്കത്തിന് ഒരിജൻ പ്രാധാന്യം നൽകുന്നു. ശുദ്ധഹൃദയമുണ്ടെങ്കിലേ പ്രാർത്ഥിക്കാൻ സാധിക്കൂ. പാപത്തിൽ നിന്നകന്നിരിക്കണമെന്നു സാരം. അമിതമായ ജഡികചാച്ചിലുകളിൽ നിന്ന് അകന്നിരുന്നെങ്കിലേ പാപംകൂടാതെ വ്യാപരിക്കാൻ ശക്തി ലഭിക്കയുള്ളു. വികാരങ്ങളെ നിയന്ത്രിക്കണം. സഹോദരങ്ങളുമായി പരിപൂർണമായി രമ്യപ്പെട്ടവർക്കു മാത്രമേ ദൈവത്തോട് സംസാരിക്കാൻ സാധിക്കയുള്ളു. വികാരങ്ങളെയും ഭാവനകളെയും നിയന്ത്രിക്കുക എന്നതും അത്യന്താപേക്ഷിതമാണ്. കൂടുതൽ ആന്തരികമായി ഒരുങ്ങിയവരുടെ പ്രാർത്ഥനകൾ വേഗം കേൾക്കപ്പെടും. ഇങ്ങനെയൊക്കെയാണെങ്കിലും പ്രാർത്ഥന പരിശുദ്ധാത്മാവിന്റെ ഒരു ദാനമാണ്. അവിടുന്ന നമ്മിൽ വസിച്ചുകൊണ്ട് പ്രാർത്ഥനയിലേക്കു നമ്മെ നയിക്കുന്നു.

പ്രാചീന സഭയിൽ, പ്രത്യേകിച്ച് ഈജിപ്തിലെ സന്യാസികളുടെ ഇടയിൽ, ഈ കൃതിക്ക് വളരെയധികം സ്വാധീനം ഉണ്ടായിരുന്നു.

# പ്രാർത്ഥന

## ആമുഖം

## അധ്യായം 1

ദൈവത്തിന്റെ കാരുണ്യം അതിവിപുലവും അളവിന് അതീതവുമാകുന്നു. യേശുക്രിസ്തു വഴിയായി ഈ കാരുണ്യം മനുഷ്യരുടെമേൽ വർഷിക്കപ്പെട്ടു. ധാരാളമായിട്ടുള്ള ഈ കാരുണ്യം മനുഷ്യരായ നമ്മുടെ പക്കൽ കൊണ്ടെത്തിക്കുന്ന സേവകനാണ് യേശുക്രിസ്തു. പരിശുദ്ധാത്മാവിന്റെ സഹകരണത്തോടുകൂടി അവിടുന്നു ദൈവഹിതം വഴിയായി നമ്മുടെ പരിമിത യുക്തിപരവും മർത്ത്യവുമായ സ്വഭാവത്തിന് അസാദ്ധ്യമായ കാര്യങ്ങൾ സാദ്ധ്യമാക്കിത്തീർക്കുന്നു. ആ കാര്യങ്ങൾ വളരെ മാഹാത്മ്യമാർന്നവയും മനുഷ്യന്റെ പരിമിതികൾക്ക് അതീതവും നമ്മുടെ മാനുഷിക സ്വഭാവത്തിന് വളരെ ഉപരിയായിട്ടുള്ളതും ആകുന്നു. ഉദാഹരണത്തിന്, സകല വസ്തുക്കളുടെയും സൃഷ്ടിക്കു കാരണമായ ജ്ഞാനം സമ്പാദിക്കുക എന്നത് മനുഷ്യ സ്വഭാവത്തിനസാദ്ധ്യമത്രേ: ദാവീദിന്റെ അഭിപ്രായമനുസരിച്ച് ദൈവം എല്ലാ വസ്തുക്കളെയും തന്റെ ജ്ഞാനത്താൽ സൃഷ്ടിച്ചു (സങ്കീ: 104:24). എന്നാൽ അസാദ്ധ്യമായ അക്കാര്യം നമ്മുടെ കർത്താവായ യേശുക്രിസ്തുവഴി സാദ്ധ്യമായിത്തീരുന്നു. അവിടുന്ന് ദൈവത്തിൽ നിന്നു നമുക്കു ജ്ഞാനവും നീതിയും വിശുദ്ധീകരണവും പരിത്രാണവും ആയിരിക്കുന്നു'' (1. കൊറി. 1:30). ''ദൈവശാസനങ്ങൾ ആർക്കു ഗ്രഹിക്കാനാകും? കർത്താവിന്റെ ഹിതം തിരിച്ചറിയാൻ ആർക്കു കഴിയും? മർത്ത്യരുടെ ആലോചന ഭീതികരമാണ്, ഞങ്ങളുടെ ഉപദേശങ്ങൾ അനിശ്ചിതവും. നശ്വരശരീരം ആത്മാവിനു ദുർവഹമാകുന്നു. ഈ കളിമൺകൂടാരം ചിന്താശീലമുള്ള മനസ്സിനെ ഞെരുക്കുന്നു. ഭൂമിയിലെ കാര്യങ്ങൾ ഊഹിക്കുക ദുഷ്കരമത്രേ. ഭൂതലത്തിലുള്ള കാര്യങ്ങളെക്കുറിച്ചു പോലും ശരിയായ അഭ്യൂഹങ്ങൾ സ്വീകരിക്കാൻ വിഷമമുണ്ട്; എങ്കിൽ ആകാശത്തിലെ കാര്യങ്ങൾ ആര് അന്വേഷിച്ച് കണ്ടുപിടിക്കും?'' (വിജ്ഞാനം 9. 13–16). ആകാശത്തിലെ കാര്യങ്ങൾ അന്വേഷിച്ച കണ്ടുപിടിക്കുക അസാദ്ധ്യമാണെന്ന വസ്തുത ആർ നിഷേധിക്കും? എന്നാൽ അസാദ്ധ്യമായ കാര്യം ദൈവത്തിന്റെ കവിഞ്ഞൊഴുകുന്ന കാരുണ്യം മൂലം സാദ്ധ്യമായിത്തീരും. മൂന്നാം സ്വർഗ്ഗംവരെ ഉയർത്തപ്പെട്ട മനുഷ്യൻ മൂന്നു സ്വർഗ്ഗങ്ങളിലുമുള്ള കാര്യങ്ങൾ നോക്കി മനസ്സിലാക്കിയിരിക്കും. എന്തെന്നാൽ അവാച്യവും മനുഷ്യനു വിവരിക്കാൻ പാടില്ലാത്തതുമായ രഹസ്യ വചനങ്ങൾ അവൻ കേട്ടുവല്ലോ (2 കൊറി 12:2.4).

www.malankaralibrary.com



കർത്താവിന്റെ ഹിതം മനസ്സിലാക്കുക മനുഷ്യസാദ്ധ്യമാണെന്നു പറയാൻ ആർക്കു കഴിയും? എന്നാൽ ഇക്കാര്യവും ക്രിസ്തുവഴി ദൈവം മനുഷ്യർക്ക് അനുവദിച്ചു.

മനുഷ്യരുടെ കർത്താവായ ദൈവം തന്റെ ഹിതം മനുഷ്യരെ അറിയിക്കുമ്പോൾ, പിന്നെ അവരുടെ യജമാനനായിരിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നില്ല; താൻ നേരത്തേ ആരുടെ യജമാനനായിരുന്നോ അവരുടെ സുഹൃത്തായിത്തീരുകയാണ്. മനുഷ്യന്റെ അന്തർഗതങ്ങൾ അവന്റെ ആത്മാവല്ലാതെ മററാരാണ് അറിയുക? അതുപോലെതന്നെ ദൈവത്തിന്റെ ചിന്തകൾ ഗ്രഹിക്കുക ദൈവാത്മാവിനല്ലാതെ മററാർക്കും സാദ്ധ്യമല്ല (1. കൊറി 2:11). അതിനാൽ ദൈവികമായ കാര്യങ്ങൾ ഗ്രഹിക്കുക മനുഷ്യന് സ്വയം അസാദ്ധ്യം തന്നെ. എന്നാൽ ഇതു സാദ്ധ്യമായിത്തീരും. എങ്ങനെയെന്നു നോക്കുക: ''നാം സ്വീകരിച്ചിരിക്കുന്നതു ലോകത്തിന്റെ ആത്മാവിനെയല്ല, പ്രത്യുത ദൈവം നമുക്കായി വർഷിക്കുന്ന ദാനങ്ങൾ മനസ്സിലാക്കുവാൻ വേണ്ടി ദൈവത്തിന്റെ ആത്മാവിനെയാണ്, അക്കാര്യങ്ങൾ ഞങ്ങൾ പ്രസംഗിക്കുന്നു. അതു ഭൗതിക വിജ്ഞാനത്തിന്റെ ഭാഷയിലല്ല, ആത്മാവിന്റെ തത്ത്വങ്ങൾക്കനുസൃതമായിട്ടാണ്'' (1 കൊറി 2:12-13).

## അധ്യായം 2

1. എന്റെ സുഹൃത്തുക്കളുടെ കൂട്ടത്തിൽ ഏററവും ഭക്തിയുള്ളയാളായ അംബ്രോസ്,[1] ഏററവും വിനയവും ധീരതയുമുള്ള വനിതയായ താസ്യാനാ,[2] (സ്ത്രീകളുടെ രീതിയിലുള്ള പ്രത്യേകതകളുടെ പ്രായം അവൾക്കു കഴിഞ്ഞിരുന്നു എന്നു സാറായെ സംബന്ധിച്ചു പറഞ്ഞത് താസ്യാനായെ സംബന്ധിച്ചും ശരിയായിരിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു). നാം പ്രാർത്ഥനയെ സംബന്ധിച്ചു പറയുമ്പോൾ മനുഷ്യർക്ക് അസാദ്ധ്യമായ കാര്യങ്ങൾ ദൈവത്തിന്റെ കാരുണ്യത്താൽ സാദ്ധ്യമായിത്തീരുന്നു എന്നു ഞാൻ പറഞ്ഞതെന്തിന് എന്നു നിങ്ങൾ ആശ്ചര്യപ്പെടുന്നുണ്ടാകും. പക്ഷെ അതിനു കാരണമുണ്ട്. പ്രാർത്ഥനയെക്കുറിച്ച

1. അലക്സാണ്ഡ്രിയായിൽ നിന്നുള്ള ഒരു വലിയ ധനാഢ്യനായിരുന്ന അംബ്രോസ്. വലൻറീനിയൻജ്ഞാനവാദത്തിൽ ഉൾപ്പെട്ടിരുന്ന അംബ്രോസിനെ ഒരിജനാണു മാനസാന്തരപ്പെടുത്തിയത്. ഒരിജന്റെ പ്രസംഗങ്ങൾ ചുരുക്കിയെഴുതുവാനും പകർത്തിയെഴുതുവാനുമായി അംബ്രോസ് സഹായികളെ നിയമിച്ചു (എവുസേബിയസ്, സഭാചരിത്രം, (6. 23. 1f). ഇതും മററ് പല കൃതികളും എഴുതുവാൻ ഒരിജനെ പ്രേരിപ്പിച്ചത് അംബ്രോസാണ്.
2. അംബ്രോസിന്റെ സഹോദരിയോ ഭാര്യയോ ആണ്.



പര്യാപ്തവും സാദരവുമായ ഒരു വിശദീകരണം നൽകുക എന്നുള്ളത് എന്റെ സ്വന്തം കഴിവുകൊണ്ടു ചെയ്യാനസാദ്ധ്യമായ കാര്യങ്ങളിലൊന്നാണ് എന്നു ഞാൻ കരുതുന്നു. പ്രാർത്ഥന എന്തിനെക്കുറിച്ചായിരിക്കണം എങ്ങനെ പ്രാർത്ഥിക്കണം, പ്രാർത്ഥനയിൽ ദൈവത്തോട് എപ്രകാരം സംസാരിക്കണം, പ്രാർത്ഥനയ്ക്ക് ഏററവും യോജിച്ച സമയങ്ങൾ ഏതൊക്കെയാണ് എന്നിത്യാദികാര്യങ്ങളാണു നമുക്കു പരിഗണിക്കാനുള്ളത്[3] വെളിപാടുകളുടെ മഹത്വം നിമിത്തം താൻ അവനിൽ കാണുന്നതിലും അവനിൽ നിന്നു കേൾക്കുന്നതിലും ഉപരിയായി സ്വയം ചിന്തിക്കാതിരിക്കാനും അവൻ (പൗലോസ്) അടങ്ങുന്നു (2 കൊറി. 12;6). പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്ന് തനിക്കറിവില്ല എന്ന് അദ്ദേഹം സമ്മതിക്കുന്നു. ''വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ'' എന്നദ്ദേഹം പറയുന്നുണ്ട്. (റോമ. 8:26). അതിനാൽ നാം പ്രാർത്ഥിച്ചാൽ മാത്രം പോരാ; വേണ്ടവിധത്തിലും, വേണ്ടകാര്യങ്ങൾക്കായിട്ടും പ്രാർത്ഥിക്കുകയും വേണം. എങ്ങനെ പ്രാർത്ഥിക്കണമെന്നറിഞ്ഞിട്ടില്ലെങ്കിൽ എന്തിനായി പ്രാർത്ഥിക്കണം എന്നറിഞ്ഞിട്ടും ഫലമില്ല. എന്തിനായി പ്രാർത്ഥിക്കണം എന്നറിഞ്ഞില്ലെങ്കിൽ എങ്ങനെ പ്രാർത്ഥിക്കണം എന്നറിഞ്ഞിട്ട് എന്തു പ്രയോജനം?

2. മുകളിൽ പറഞ്ഞ പോയിൻറുകളിൽ എന്തിനുവേണ്ടി പ്രാർത്ഥിക്കണം എന്നതുകൊണ്ട് പ്രാർത്ഥനയിലെ വാക്കുകളെയാണു ഞാൻ അർത്ഥമാക്കുന്നത്. എങ്ങനെ പ്രാർത്ഥിക്കണം എന്നതുകൊണ്ട് പ്രാർത്ഥിക്കുന്നയാളിന്റെ മനോഭാവവും അർത്ഥമാക്കുന്നു.

ഒരാൾ എന്തിനുവേണ്ടി പ്രാർത്ഥിക്കണം എന്നതിന് ഇതിടെ ഒരുദാഹരണം പറയാം. ''മഹത്തായകാര്യങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുക, ചെറിയ കാര്യങ്ങൾ കൂടി നിങ്ങൾക്കു നൽകപ്പെടും''[4] ''സ്വർഗ്ഗീയമായ കാര്യങ്ങൾ നിങ്ങൾ ആവശ്യപ്പെടുക, ഭൗമികമായ കാര്യങ്ങളും നിങ്ങൾക്ക് നൽകപ്പെടും''.[5] ''നിങ്ങളെ അധിക്ഷേപിക്കുന്നവർക്കു വേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ''. ''അതിനാൽ കൊയ്ത്തിന് വേലക്കാരെ അയയ്ക്കുവാൻ നിങ്ങൾ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ''. ''പ്രലോഭനങ്ങളിൽ അകപ്പെടാതിരിക്കാൻ വേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ''. ''നിങ്ങളുടെ പാലായനം ശീതകാലത്തോ ശാബതിലോ ആകാതിരിക്കുവാൻ പ്രാർത്ഥിക്കുവിൻ''. ''നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ അതിഭാഷണം ചെയ്യരുത്''[6] . ഇങ്ങനെ പലതും.

3. ഇവിടെ എന്തോ വിട്ടുപോയിട്ടുണ്ട്.
4. മത്താ. 6:33 കാണുക.
5. യോഹ. 3:12; മത്താ. 6:33; ലൂക്കാ. 12:31.
6. ലൂക്കാ. 6:28; മത്താ. 9:38; ലൂക്കാ. 22:40 മത്താ. 24:20; മത്താ. 6:7.

www.malankaralibrary.com



ഇനി, എങ്ങനെ പ്രാർത്ഥിക്കണം എന്നതിനെക്കുറിച്ചാണെങ്കിൽ എനിക്ക് അനുസ്മരിപ്പിക്കാനുള്ളത് ഇതാണ്: 'അതിനാൽ പുരുഷൻമാർ കോപമോ കലഹമോ കൂടാതെ എല്ലായിടത്തും തങ്ങളുടെ പവിത്രമായ കരങ്ങൾ ഉയർത്തിക്കൊണ്ടു പ്രാർത്ഥിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതുപോലെ തന്നെ സ്ത്രീകൾ വിനയത്തോടും വിവേകത്തോടുംകൂടെ ഉചിതമായ വിധം വസ്ത്രധാരണം ചെയ്തുകൊണ്ടു പ്രാർത്ഥിക്കണമെന്നു ഞാൻ ഉപദേശിക്കുന്നു. പിന്നിയ മുടിയോ സ്വർണ്ണമോ രത്നങ്ങളോ വിലയേറിയ ഉടയാടകളോ കൊണ്ട് അവർ തങ്ങളെത്തന്നെ അലങ്കരിക്കരുത്. മറിച്ച്, ദൈവഭയമുള്ള സ്ത്രീകൾക്കു യോജിച്ചവിധം സത്പ്രവൃത്തികൾകൊണ്ട് അവർ സമാലംകൃതരായിരിക്കട്ടെ' (1 തിമോ. 2:8–10). പ്രാർത്ഥിക്കേണ്ടതെങ്ങനെ എന്നതിനെ സംബന്ധിച്ച് ഒരു പാഠംകൂടെയുണ്ട്: 'അതിനാൽ നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെ വച്ച് നീ ഓർമ്മിക്കുന്ന പക്ഷം നിന്റെ കാഴ്ചവസ്തു അവിടെ ബലിപീഠത്തിനുമുമ്പിൽ വച്ചിട്ട്, ആദ്യം പോയി സഹോദരനോടു രമ്യപ്പെടുക; പിന്നെ വന്നു കാഴ്ചയർപ്പിക്കുക' (മത്താ. 5:23). പാപത്തിന്റെ ദുർഗന്ധത്തിൽനിന്നു വിമുക്തമായ ആത്മാവിൽ നിന്നുയരുന്ന പരിമളപൂരിതമായ പ്രാർത്ഥനാമൊഴികളെക്കാൾ ഉത്കൃഷ്ടമായ എന്തുകാഴ്ചയാണ് ദൈവസന്നിധിയിൽ സമർപ്പിക്കാൻ മനുഷ്യന് സാധിക്കുക? എങ്ങനെ പ്രാർത്ഥിക്കണം എന്നതിനുള്ള മറ്റൊരുദാഹരണം ഇതാണ്: പ്രാർത്ഥനാജീവിതത്തിനായി കുറെക്കാലം വിരക്തി പാലിക്കാൻ ഇരുവരും തീരുമാനിക്കുമ്പോഴല്ലാതെ പരസ്പരം നൽകേണ്ട അവകാശങ്ങൾ നിഷേധിക്കരുത്. അതിനുശേഷം ഒന്നിച്ചുചേരുകയും വേണം. അല്ലാത്ത പക്ഷം നിങ്ങളുടെ സംയമനക്കുറവുനിമിത്തം പിശാചു നിങ്ങളെ പ്രലോഭിപ്പിക്കും' (1 കൊറി. 7–5).

ഇതനുസരിച്ച് ചിന്തിക്കുമ്പോൾ ഒരാൾ വിവാഹജീവിതത്തിന്റെ അവർണ്ണനീയമായ രഹസ്യങ്ങൾ ബഹുമാനത്തോടും ആത്മസംയമനത്തോടും വികാരാധിക്യമില്ലാതെയും നിർവ്വഹിക്കുന്നില്ലെങ്കിൽ അയാൾ വേണ്ടവിധത്തിൽ പ്രാർത്ഥിക്കുന്നില്ല എന്നു പറയാം. ഇവിടെ പറയപ്പെട്ടിരിക്കുന്ന ആ ഉഭയസമ്മതം വൈകാരികമായ താളപ്പിഴകളെ നീക്കുകയും സംയമനക്കുറവു പരിഹരിക്കുകയും അങ്ങനെ, നമ്മുടെ ചെലവിൽ സന്തോഷിക്കുന്നതിന് സാത്താനുള്ള സാദ്ധ്യതകളെയെല്ലാം ഇല്ലായ്മ ചെയ്യുകയും ചെയ്യുന്നു. എങ്ങനെ പ്രാർത്ഥിക്കണമെന്നതിനെക്കുറിച്ചുള്ള ഒരു പാഠംകൂടെ ഇവിടെ ചൂണ്ടിക്കാണിക്കാനുണ്ട്. 'നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ നിങ്ങൾക്ക് ആരോടെങ്കിലും എന്തെങ്കിലും വിരോധമുണ്ടെങ്കിൽ അതു ക്ഷമിക്കുവിൻ (മർക്കോ. 11:25). വി. പൗലോസിന്റെ താഴെ പറയുന്നവാക്കുകളും ഇക്കാര്യത്തിൽ പ്രസക്തം തന്നെ. 'ആവരണം ചെയ്ത ശിരസോടുകൂടി പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുന്ന പുരുഷൻ തന്റെ ശിരസിനെ അപമാനിക്കുകയാണ്. ആവരണം ചെയ്യാത്ത ശിരസോടുകൂടി പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുന്ന സ്ത്രീയും തന്റെ ശിരസ്സിനെ അപമാനിക്കുന്നു (1 കൊറി. 11:4–5).



3. പൗലോസ് ഇക്കാര്യങ്ങളെല്ലാം അറിഞ്ഞിരുന്നു. നിയമം, പ്രവാചകൻമാർ, സുവിശേഷങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ഇത്തരം നിർദ്ദേശങ്ങൾ കൂടുതലായി നൽകാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. എങ്കിലും എന്തു പ്രാർത്ഥിക്കണം, എങ്ങനെ പ്രാർത്ഥിക്കണം എന്നതിനെക്കുറിച്ചുള്ള യഥാർത്ഥജ്ഞാനത്തിൽനിന്ന് എത്രയകലെയാണു താൻ എന്നു മനസ്സിലാക്കികൊണ്ട്, യഥാർത്ഥമായ, ഒട്ടും അഭിനയപരമല്ലാത്ത, വിനയത്തോടുകൂടെ അദ്ദേഹം പറയുന്നു: 'വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്ന് നാം അറിയുന്നില്ല' (റോമ. 8:26). എന്നാൽ ഈ അറിവുകുറവുണ്ടെങ്കിലും ആ കുറവു പരിഹരിക്കാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർക്ക് അതിനുള്ള മാർഗവും ഉണ്ട് എന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: 'ആത്മാവു നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു. ഹൃദയങ്ങൾ പരിശോധിക്കുന്നവൻ ആത്മാവിന്റെ ഇംഗിതം ഗ്രഹിക്കുന്നു. എന്തെന്നാൽ ആത്മാവു ദൈവഹിതമനുസരിച്ചാണ് വിശുദ്ധർക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നത്" (റോമ. 8:27). എന്തെന്നാൽ അനുഗൃഹീതരുടെ ഹൃദയത്തിൽ വസിക്കുന്ന ആത്മാവ് 'ആബാ, പിതാവേ' എന്നു വിളിച്ചുപറയുന്നു. ഈ ഭൗമിക വസതിയിലുള്ള നെടുവീർപ്പുകൾ വഴിതെറ്റിപ്പോയവരെ അമർത്തിത്താഴ്ത്തുകയേ ഉള്ളൂ എന്ന് ആ ആത്മാവിന് നന്നായി അറിയാം. ആത്മാവിന് മനുഷ്യരോട് വലുതായ സ്നേഹവും സഹതാപവും ഉള്ളതുകൊണ്ട്, നമ്മുടെ ദീർഘനിശ്വാസങ്ങൾ കേൾക്കുമ്പോൾ അവിടുന്ന് നമുക്കുവേണ്ടി വളരെ ശക്തിയായി മാദ്ധ്യസ്ഥ്യം പറയുന്നു. അവാച്യമായ നെടുവീർപ്പുകളോടുകൂടിയാണ് അങ്ങനെ ചെയ്യുന്നത്. നമ്മുടെ ആത്മാവു 'പൂഴിമണ്ണിനോളം താഴ്ത്തപ്പെട്ടിരിക്കുന്നു' വെന്നും (സങ്കീ. 43:25) നമ്മുടെ ബലഹീന ശരീരത്തിൽ ബന്ധിതമായിരിക്കുന്നുവെന്നും (ഫിലി. 3:11) തന്റെ അനന്തജ്ഞാനത്താൽ മനസ്സിലാക്കിക്കൊണ്ട് അവിടുന്ന് നമുക്കുവേണ്ടി ദൈവസന്നിധിയിൽ ശക്തിയായി മാദ്ധ്യസ്ഥ്യം പറയുന്നു. അതാകട്ടെ സാധാരണ ഗതിയിലുള്ള നെടുവീർപ്പോടെയല്ല, 'അവാച്യമായ നെടുവീർപ്പുകളോടെ'യാണ്. മനുഷ്യർക്ക് ഉച്ചരിക്കാൻ അനുവദിക്കപ്പെട്ടിട്ടില്ലാത്ത ആ രഹസ്യവചനങ്ങളോടു ബന്ധപ്പെട്ട നിശ്വാസങ്ങളാണവ. ആത്മാവ് ദൈവത്തിൻ പക്കൽ കേവലം മാദ്ധ്യസ്ഥ്യം വഹിക്കുന്നതുകൊണ്ടു സംതൃപ്തനാകുന്നില്ല. അവിടുന്ന് തന്റെ മാദ്ധ്യസ്ഥ്യത്തെ വളരെ താല്പര്യപൂർണ്ണമാക്കുകയും അതിശക്തിയായി മാദ്ധ്യസ്ഥ്യം പറയുകയും ചെയ്യുന്നു. വളരെ മഹത്വത്തോടെ വിജയം വരിക്കുന്നവരുടെ കാര്യത്തിലാണ് അവിടുന്ന് ഇങ്ങനെ ചെയ്യുന്നതെന്ന് ഞാൻ കരുതുന്നു. വി. പൗലോസ് ആ വിധം ജയിച്ചയാളാണ്. അദ്ദേഹം പറയുന്നു: 'എന്നാൽ ഇക്കാര്യങ്ങളിലെല്ലാം നാം മഹത്വപൂർണ്ണമായ വിജയം നേടിയിരിക്കുന്നു' (റോമ. 8:37). മഹത്വം നിറഞ്ഞ വിജയം നേടാൻ

www.malankaralibrary.com



മാത്രം മാഹാത്മ്യമില്ലാത്തവർക്കുവേണ്ടി ആത്മാവ് ശക്തിയായിട്ടല്ലാതെ സാധാരണ രീതിയിൽ മാത്രമേ മാദ്ധ്യസ്ഥ്യം വഹിക്കുകയുള്ളൂ എന്നു വരാം. അവർ പരാജയപ്പെടുന്നില്ല: വിജയിക്കുകമാത്രം ചെയ്യുന്നു.

4. 'വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെന്താണ് എന്നു നമുക്കറിഞ്ഞുകൂടാ; എന്നാൽ ആത്മാവുതന്നെ അവാച്യമായ നെടുവീർപ്പുകളോടെ ദൈവസന്നിധിയിൽ നമുക്കുവേണ്ടി ശക്തിയായി മാദ്ധ്യസ്ഥ്യം പറയുന്നു' എന്ന വാക്യത്തോടു ബന്ധപ്പെട്ടതായി ഇതുകൂടിയുണ്ട്. 'ഞാൻ ആത്മാവോടുകൂടിയും എന്റെ ധാരണാ ശക്തിയോടുകൂടിയും †പാർത്ഥിക്കും. ഞാൻ ആത്മാവോടുകൂടിയും ധാരണാശക്തിയോടുകൂടിയും പാടുകയും ചെയ്യും' (1 കൊറി. 14:15). ആത്മാവ് നേരത്തേ പ്രാർത്ഥിച്ചില്ലെങ്കിൽ നമ്മുടെ ധാരണാശക്തിക്ക് പ്രാർത്ഥിക്കാൻ സാധിക്കുകയില്ല. ദൈവത്തിന്റെ നിഗൂഢരഹസ്യങ്ങൾപോലും അന്വേഷിച്ചു കണ്ടെത്തുന്ന ആത്മാവ് ആദ്യമായി ദൈവത്തെ സ്തുതിക്കുകയും സ്തോത്രഗീതം പാടുകയും ചെയ്തില്ലെങ്കിൽ നമ്മുടെ ആത്മാവിനും വേണ്ടത്ര താളത്തോടും മാധുര്യത്തോടും സ്വരലയത്തോടുംകൂടി ക്രിസ്തുവിൽ പിതാവിനു സ്തോത്രഗീതം പാടാൻ സാധിക്കുകയില്ല.

ക്രിസ്തുവിന്റെ ശിഷ്യരിലൊരാൾ, പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നറിഞ്ഞുകൂടാത്ത മനുഷ്യന്റെ ദൗർബല്യം മനസ്സിലാക്കിയിട്ട്, ദിവ്യരക്ഷകൻ പിതാവിനോടു പ്രാർത്ഥിക്കുന്നതുകേട്ടതിനുശേഷമാണ് നമ്മുടെ രക്ഷകനോട് ഇങ്ങനെ പറഞ്ഞത് എന്നു ഞാൻ വിശ്വസിക്കുന്നു. ''കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമേ''. വേദപുസ്തകത്തിലെ ആ ഭാഗം പൂർണ്ണമായി ഉദ്ധരിച്ചാൽ ഇങ്ങനെയാണ്: ''അവൻ ഒരിടത്തു പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രാർത്ഥന അവസാനിച്ചപ്പോൾ ശിഷ്യരിലൊരുവൻ വന്നു പറഞ്ഞു, ''കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യരെ പഠിപ്പിച്ചതുപോലെ, ഞങ്ങളെയും പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണമേ'' (ലൂക്കോ 11:1).

'നിയമത്തിലെ അദ്ധ്യാപനങ്ങളും പ്രവാചകൻമാരുടെ പ്രബോധനങ്ങളും അനുസരിച്ച് വളർത്തപ്പെടുകയും സിനഗോഗുകളിലെ സമ്മേളനങ്ങളിൽനിന്നു പരിശീലനം നേടുകയും ചെയ്ത ഒരുവന് നമ്മുടെ കർത്താവു പ്രാർത്ഥിക്കുന്നതു കാണുംവരെ പ്രാർത്ഥനയെക്കുറിച്ച് യാതൊരറിവും ഉണ്ടായിരുന്നില്ല എന്ന് നമുക്കു വിചാരിക്കാൻ പററുമോ? അത് വളരെ വിചിത്രമായ ഒരു സങ്കല്പമായിരിക്കും. ആ ശിഷ്യൻ യൂദൻമാരുടെ രീതിയനുസരിച്ച് പ്രാർത്ഥിക്കുവാൻ തീർച്ചയായും പരിശീലിച്ചിരിക്കും. എന്നാൽ എങ്ങനെ പ്രാർത്ഥിക്കണം എന്നതിനെക്കുറിച്ചു കൂറെക്കൂടെ മെച്ചപ്പെട്ട ഒരാശയം വേണ്ടതാണെന്ന് അയാൾക്കു ബോധ്യം വന്നു. ''ജെറുസലെമിലും യൂദയാമുഴുവനിലും ജോർദ്ദാന്റെ പരിസരപ്രദേശങ്ങളിലും നിന്നുള്ള ജനങ്ങൾ തന്റെ പക്കൽ സ്നാനത്തിനായി'' എത്തിയപ്പോൾ (മത്താ. 3:5) യോഹന്നാൻ തന്റെ ശിഷ്യരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചത് എന്താണ്? ''പ്രവാചകനെക്കാൾ വലിയവൻ'' ആയിരുന്ന അദ്ദേഹത്തിന് (മത്താ. 11:9) പ്രാർത്ഥനയെക്കുറിച്ചു ചില കാര്യങ്ങൾ അറിയാമായിരുന്നു എന്നു തീർച്ച. തന്റെ പക്കൽനിന്ന് സ്നാനം സ്വീകരിച്ച എല്ലാവരെയും അദ്ദേഹം പ്രാർത്ഥനയെ സംബന്ധിച്ച എല്ലാകാര്യങ്ങളും പഠിപ്പിച്ചിരുന്നു എന്നു കരുതാൻ വയ്യ. സ്നാനം സ്വീകരിച്ച് തന്റെ ശിഷ്യരായിത്തീർന്ന ചിലരെ മാത്രം രഹസ്യമായി പഠിപ്പിച്ചിരുന്നു എന്നു കരുതണം.



5. അത്തരം പ്രാർത്ഥനകൾ യഥാർത്ഥത്തിൽ ആദ്ധ്യാത്മികമായിരുന്നു—ആത്മാവ് വിശുദ്ധരുടെ ഹൃദയങ്ങളിൽ പ്രാർത്ഥിക്കുന്നു—അത്തരം പ്രാർത്ഥനകൾ വി. ലിഖിതങ്ങളിൽ എഴുതപ്പെട്ടിട്ടുണ്ട്. അവർണ്ണനീയവും അത്ഭുതകരവുമായ അദ്ധ്യാപനങ്ങൾ അവയിൽ ഉള്ളടങ്ങിയിരിക്കുന്നു. ഉദാഹരണമായി, ശാമുവേലിന്റെ ഒന്നാം പുസ്തകത്തിൽ ഹന്നായുടെ പ്രാർത്ഥന നമുക്കു കാണാം. ('തന്റെ ഹൃദയത്തിൽ ദൈവത്തോടു പ്രാർത്ഥിച്ചു (1: 12f). അവളുടെ പ്രാർത്ഥനമുഴുവൻ വി. ലിഖിതത്തിൽ കൊടുത്തിട്ടില്ല). സങ്കീർത്തനങ്ങൾ നോക്കുക: 17—ാം സങ്കീർത്തനത്തിൽ 'ദാവീദിന്റെ പ്രാർത്ഥന' എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. 90—ാംസങ്കീർത്തനത്തിൽ 'ദൈവപുരുഷനായ മോശയുടെ പ്രാർത്ഥന' എന്നും 102—ാം സങ്കീർത്തനത്തിൽ 'അവശനായി കർത്താവിന്റെ മുമ്പിൽ ആവലാതി ചൊരിയുന്ന പീഡിതന്റെ പ്രാർത്ഥന' എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഈ പ്രാർത്ഥനകൾ യഥാർത്ഥത്തിൽ ആത്മാവിനാൽ എഴുതപ്പെടുകയും ഉദീരണം ചെയ്യപ്പെടുകയും ചെയ്തിട്ടുള്ളതാകുന്നു. അതിനാൽ അവയിൽ ദൈവജ്ഞാനത്തിന്റെ അദ്ധ്യാപനങ്ങൾ നിറഞ്ഞിരിക്കുന്നു. അതിനാൽ അവ നൽകുന്ന പ്രബോധനത്തെക്കുറിച്ച് ഒരാൾക്ക് ഇങ്ങനെ പറയാൻ കഴിയും; 'ജ്ഞാനമുള്ളവൻ ഇക്കാര്യങ്ങൾ മനസ്സിലാക്കട്ടെ. വിവേകമുള്ളവൻ ഇക്കാര്യങ്ങൾ അറിയട്ടെ (ഹോശിയ, 14:10).

6. പ്രാർത്ഥനയെക്കുറിച്ചു പറയുക എന്നത് ഭാരമേറിയ ഒരു ജോലി തന്നെ. ആ ജോലി ശരിയായി നിർവ്വഹിക്കാൻ പിതാവായ ദൈവത്തിന്റെ പ്രകാശദാനവും വചനം തന്നെയായ തന്റെ ആദ്യജാതന്റെ ബോധനവും പരിശുദ്ധാത്മാവിന്റെ സഹകരണവും ആവശ്യമാണ്. ഇതെല്ലാമുണ്ടെങ്കിൽ കാര്യങ്ങൾ ശരിക്കു ഗ്രഹിക്കാനും പറയാനും കഴിയും. അതിനാൽ പ്രാർത്ഥനയെക്കുറിച്ചു പറയാൻ തുടങ്ങുംമുമ്പ് ഞാൻ പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കുന്നു. (പ്രാർത്ഥിക്കാൻ എനിക്ക് ശരിക്കും വശമുണ്ട് എന്ന അവകാശവാദം ഞാൻ ഒരിക്കലും ഉന്നയിക്കുന്നില്ല). പ്രാർത്ഥനയെക്കുറിച്ചു പൂർണ്ണമായും ആദ്ധ്യാത്മികമായും സംസാരിക്കുന്നതിനുള്ള ദൈവാനുഗ്രഹം എനിക്കു ലഭിക്കട്ടെ. സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രാർത്ഥനകൾ വിശദീകരിക്കാനും എനിക്കു കഴിവുണ്ടാകട്ടെ. ഇനി നമുക്ക് പ്രാർത്ഥനയെക്കുറിച്ചുള്ള വിചിന്തനം ആരംഭിക്കാം.

www.malankaralibrary.com

ഭാഗം 1

# പ്രാർത്ഥനയെക്കുറിച്ചു പൊതുവായി

## അധ്യായം 3

### പ്രാർത്ഥന എന്ന വാക്കിന്റെ രണ്ടർത്ഥത്തിലുള്ള പ്രയോഗങ്ങൾ

1. എനിക്ക് കണ്ടെത്താൻ കഴിഞ്ഞടത്തോളം 'പ്രാർത്ഥന' (Euches) എന്ന പദം വി. ഗ്രന്ഥത്തിൽ ആദ്യമായി ഉപയോഗിച്ചിട്ടുള്ളത് യാക്കോബ് തന്റെ സഹോദരനായ ഏശാവിന്റെ കോപത്തിൽ നിന്നു രക്ഷപ്പെടുന്നതിനുവേണ്ടി മാതാപിതാക്കളായ റബേക്കായുടെയും ഇസഹാക്കിന്റെയും നിർദ്ദേശാനുസരണം മെസപ്പോട്ടേമിയായിലേയ്ക്ക് പലായനം ചെയ്തതിനെക്കുറിച്ചു പ്രസ്താവിക്കുന്ന സന്ദർഭത്തിലാണ് (ഉല്പ. 27; 41f). ആ ഭാഗം നാം ഇപ്രകാരം വായിക്കുന്നു: 'അനന്തരം യാക്കോബ് പ്രാർത്ഥിച്ചുകൊണ്ട് (Euchen) ഇങ്ങനെ പറഞ്ഞു: ദൈവമായ കർത്താവ് എന്റെ കൂടെ ഉണ്ടായിരിക്കയും ഈ യാത്രയിൽ എന്നെ സംരക്ഷിക്കയും എനിക്ക് ഉണ്ണാനും ഉടുക്കാനും തരുകയും എന്റെ പിതാവിന്റെ വീട്ടിലേയ്ക്കു ഞാൻ സമാധാനത്തോടെ തിരിച്ചെത്തുകയും ചെയ്താൽ കർത്താവായിരിക്കും എന്റെ ദൈവം. തൂണായി കുത്തിനിറുത്തിയിരിക്കുന്ന ഈ കല്ല് ദൈവത്തിന്റെ ഭവനമായിരിക്കും അവിടുന്ന് എനിക്കു തരുന്നതിന്റെയെല്ലാം പത്തിലൊന്ന് ഞാൻ അവിടുത്തേയ്ക്കു സമർപ്പിക്കുകയും ചെയ്യും' (ഉല്പ. 28: 20–22).

2. സാധാരണഗതിയിലുള്ള അഭ്യർത്ഥന (Proseuches) എന്നതിൽ നിന്നുവ്യത്യസ്തമായ അർത്ഥമുള്ള പദമാണല്ലോ ''പ്രാർത്ഥന' (euches). ആ പദം ഒരു സവിശേഷാർത്ഥത്തിലാണിവിടെ പ്രയോഗിച്ചിരിക്കുന്നതെന്ന് നമുക്കു മനസ്സിലാക്കാൻസാധിക്കും. ഇവിടെ 'പ്രാർത്ഥിക്കു'ന്നയാൾ, ദൈവം തനിക്ക് ഇന്നിന്ന നന്മകൾ നൽകിയാൽ, ചില കാര്യങ്ങളെല്ലാം നിർവ്വഹിക്കാം എന്നു ശപഥം ചെയ്യുകയാണ്.

എന്നാൽ ഈ വാക്കു സാധാരണ അർത്ഥത്തിലും ഉപയോഗിക്കും. പുറപ്പാടുപുസ്തകത്തിൽ ആവിധമുള്ള ഉപയോഗം നമുക്കു കാണാം. ഈജിപ്തുകാർക്കു നൽകപ്പെട്ട പത്തു ബാധകളിൽ രണ്ടാമത്തേതായ തവള



കളുടെ ബാധയെക്കുറിച്ചുള്ള വിവരണത്തിനു ശേഷം നാം ഇങ്ങനെ കാണുന്നു: 'അനന്തരം ഫറവോ മോശയെയും അഹറോനെയും വിളിച്ചുവരുത്തിപ്പറഞ്ഞു: എന്നിൽനിന്നും എന്റെ ജനത്തിൽനിന്നും തവളകളെ അകററിക്കളയുന്നതിന് കർത്താവിനോടു നിങ്ങൾ പ്രാർത്ഥിക്കുവിൻ. കർത്താവിനു ബലിയർപ്പിക്കാനായി ജനത്തെ ഞാൻ വിട്ടയയ്ക്കാം' (പുറ. 8: 3). ഇവിടെ ഫറവോ പ്രാർത്ഥന എന്ന വാക്കുപയോഗിക്കുമ്പോൾ അതിന് മുൻനിർദ്ദേശിച്ച വിധത്തിലുള്ള അർത്ഥത്തിനുപുറമേ സാധാരണ അർത്ഥവും വിവക്ഷിക്കുന്നുണ്ട്. എന്നു മനസ്സിലാക്കാൻ ആർക്കെങ്കിലും ബുദ്ധിമുട്ടുതോന്നുന്നുണ്ടെങ്കിൽ അയാൾ തുടർന്നുകൊടുത്തിട്ടുള്ള ഭാഗം കൂടെ വായിച്ചുനോക്കട്ടെ.

''മോശ ഫറവോനോടു പറഞ്ഞു: തവളകളെ നിന്നിൽനിന്നും നിങ്ങളുടെ ഭവനങ്ങളിൽനിന്നും അകററി നദിയിൽമാത്രം ഒതുക്കിനിർത്തുന്നതിനായി നിനക്കും സേവകർക്കും ജനത്തിനും വേണ്ടി ഞാൻ എപ്പോഴാണ് പ്രാർത്ഥിക്കേണ്ടതെന്ന് അറിയിക്കുക'' (പുറ. 8:9).

3 മൂന്നാമത്തെ ബാധയായ പേനുകളുടെ ആക്രമണമുണ്ടായപ്പോൾ ഫറവോൻ ആവശ്യപ്പെടുകയോ മോശ പ്രാർത്ഥിക്കുകയോ ചെയ്തില്ല. എന്നാൽ നാലാമത്തെതായ ഈച്ചകളുടെ ബാധയുണ്ടായപ്പോൾ ഫറവോൻ പറഞ്ഞു; ''എനിക്കുവേണ്ടി നിങ്ങൾ കർത്താവിനോടു പ്രാർത്ഥിക്കുവിൻ.'' മോശ മറുപടി പറഞ്ഞു. ''ഞാൻ ഉടനെ നിന്നെ വിട്ടുപോകയാണ്''. ഫറവോനിൽനിന്നും സേവകരിൽ നിന്നും ജനത്തിൽനിന്നും ഈച്ചകൾ നാളെത്തന്നെ അകന്നു പോകണമെന്നു ഞാൻ കർത്താവിനോടു പ്രാത്ഥിക്കും'' (പുറ. 8:29).

അല്പംകൂടെ മുമ്പോട്ടുപോകുമ്പോൾ നാം ഇങ്ങനെ വായിക്കുന്നു, ''മോശ ഫറവോയുടെ പക്കൽനിന്ന് അകലെപ്പോവുകയും കർത്താവിനോടു പ്രാർത്ഥിക്കുകയും ചെയ്തു'' (8. 30). അഞ്ചാമത്തെയും ആറാമത്തെയും ബാധകളുടെ സന്ദർഭത്തിൽ ഫറവോൻ മോശയോടു സഹായം ആവശ്യപ്പെടുകയോ മോശ കർത്താവിനോടു പ്രാർത്ഥിക്കുകയോ ചെയ്തില്ല. എന്നാൽ ഏഴാമത്തെ ബാധയുടെ സന്ദർഭത്തിലാകട്ടെ, ''ഫറവോൻ മോശയെയും അഹറോനെയും ആളയച്ചുവരുത്തി പറഞ്ഞു; ഇപ്രാവശ്യം ഞാൻ തെററു ചെയ്തിരിക്കുന്നു. കർത്താവു നീതിമാനാണ്. ഞാനും എന്റെ ജനവും തെററുകാരാണ്. ഇടിമുഴക്കത്തിനും കൻമഴയ്ക്കും അറുതിവരാൻ വേണ്ടി നിങ്ങൾ കർത്താവിനോടു പ്രാർത്ഥിക്കുവിൻ'' (9. 27). അല്പം കഴിഞ്ഞ് നാം ഇങ്ങനെ വായിക്കുന്നു. ''മോശ ഫറവോയുടെ അടുക്കൽ നിന്നു പുറപ്പെട്ട് പട്ടണത്തിനു വെളിയിലേയ്ക്കുപോയി, കത്താവിന്റെ നേർക്കു കൈകൾ വിരിച്ചു. ഉടനെ ഇടിമുഴക്കവും കൻമഴയും നിലച്ചു'' (9. 33).

www.malankaralibrary.com



ഈ അവസരത്തിൽ മുൻ സന്ദർഭങ്ങളിലെപ്പോലെ 'മോശ പ്രാർത്ഥിച്ച്' എന്നു പറയാതെ അദ്ദേഹം കർത്താവിന്റെ നേർക്കു കരങ്ങൾ വിരിച്ചു' എന്നു മാത്രം 'പറഞ്ഞിരിക്കുന്നത് എന്തുകൊണ്ടാണ് എന്നത് കൂടുതൽ സൗകര്യപ്രദമായ മറ്റൊരവസരത്തിൽ നമുക്കു ചർച്ചചെയ്യാം. എട്ടാമത്തെ ബാധയെ സംബന്ധിച്ച് ഫറവോൻ പറയുന്നു: 'മാരകമായ ഈ ബാധ എന്നിൽനിന്ന് അകറ്റുന്നതിനു നിങ്ങളുടെ ദൈവമായ കർത്താവിനോടു പ്രാർത്ഥിക്കുവിൻ.' മോശ ഫറവോയുടെ അടുക്കൽനിന്നുപോയി കർത്താവിനോടു പ്രാർത്ഥിച്ചു (10. 17f).

4. യാക്കോബിനെ സംബന്ധിച്ച ഉദാഹരണത്തിൽ മുമ്പു ചൂണ്ടിക്കാണിച്ചതുപോലെ, സാധാരണയിൽനിന്നു വ്യത്യസ്തമായ ഒരർത്ഥത്തിലും 'പ്രാർത്ഥന' എന്ന വാക്കു പ്രയോഗിക്കുമെന്ന് നാം നേരത്തേ പറഞ്ഞു. ലേവ്യാപുസ്തകത്തിൽ നാം ഇങ്ങനെ വായിക്കുന്നു, 'കർത്താവു മോശയോടരുൾചെയ്തു: ഇസ്രായേൽ ജനത്തോടു പറയുക: വ്യക്തികളെ കർത്താവിനു നേരുകയാണെങ്കിൽ അവരുടെ വില നിശ്ചയിക്കേണ്ടത് ഇപ്രകാരമാണ്: ഇരുപതിനും അറുപതിനും മദ്ധ്യേ പ്രായമുള്ള പുരുഷനാണെങ്കിൽ അവന്റെ മൂല്യം വിശുദ്ധമന്ദിരത്തിലെ നിരക്കനുസരിച്ച് അമ്പതു ഷെക്കൽ വെള്ളിയായിരിക്കണം' (27:1–3).

സംഖ്യാപുസ്തകത്തിൽ നാം ഇങ്ങനെ വായിക്കുന്നു: 'കർത്താവു മോശയോട് അരുൾചെയ്തു: ഇസ്രായേൽ ജനത്തോടു പറയുക, കർത്താവിനു സ്വയം സമർപ്പിക്കുന്നതിന് നാസീർ വ്രതമെടുക്കുന്നയാൾ സ്ത്രീയായാലും പുരുഷനായാലും വീഞ്ഞും ശക്തിയുള്ള ലഹരിപാനീയങ്ങളും വർജ്ജിക്കണം' (6:1–3). 'നാസീർവ്രതസ്ഥർ' എന്നു പറയപ്പെടുന്നവരെക്കുറിച്ചാണ് ഇതെല്ലാം പറയപ്പെട്ടിട്ടുള്ളത്. അൽപംകൂടെ മുന്നോട്ടു പോകുമ്പോൾ നാം ഇങ്ങനെ കാണുന്നു; ആ ദിവസം അവൻ തന്റെ ശിരസ് ശുദ്ധീകരിക്കണം: തന്റെ വ്രതവാഗ്ദാനത്തിന്റെ ദിവസങ്ങൾ അവൻ ദൈവത്തിനു സമർപ്പിക്കണം (6;11f). വീണ്ടും, 'ഇതാണ് വ്രതവാഗ്ദാനം നടത്തിയവനെ സംബന്ധിച്ച നിയമം; വാഗ്ദാനത്തിൽ അവൻ നിശ്ചയിച്ചദിവസങ്ങൾ പൂർത്തിയായിക്കഴിയുമ്പോൾ....' (6:13). ഏതാനും വാക്യങ്ങൾക്കു ശേഷം വീണ്ടും, 'ഇവയ്ക്കുശേഷം നാസീർ വ്രതസ്ഥനു വീഞ്ഞു കുടിക്കാം. ഇതാണു നാസീർ വ്രതസ്ഥൻ അനുഷ്ഠിക്കേണ്ട നിയമം. തന്റെ കഴിവനുസരിച്ചു നൽകുന്നതിനു പുറമേ നാസീർ വ്രതത്തിന്റെ നിയമപ്രകാരമുള്ള കാഴ്ചകളും അവൻ കർത്താവിനു സമർപ്പിക്കണം (6:20f).

സംഖ്യാപുസ്തകത്തിന്റെ അവസാനത്തോടടുത്ത് നാം ഇങ്ങനെ വായിക്കുന്നു: 'മോശ ഇസ്രായേൽ ജനത്തിന്റെ ഗോത്രത്തലവൻമാരോടു പറഞ്ഞു: കർത്താവ് ഇങ്ങനെ കല്പിച്ചിരിക്കുന്നു. ആരെങ്കിലും കർത്താവിനു നേർച്ചനേരുകയോ ശപഥംചെയ്തു തന്നെത്തന്നെ കടപ്പെടുത്തുകയോ ചെയ്താൽ തന്റെ വാക്കു ലംഘിക്കാതെ വാഗ്ദാനം നിറവേറ്റണം. ഏതെ



ങ്കിലും യുവതി പിതൃഗൃഹത്തിൽവച്ചു കർത്താവിനു നേർച്ചനേരുകയും ശപഥത്താൽ തന്നെത്തന്നെ കടപ്പെടുത്തുകയും ചെയ്തിട്ട് അവളുടെ നേർച്ചയെയും തന്നെത്തന്നെ കടപ്പെടുത്തിയ ശപഥത്തെയും കുറിച്ചു കേൾക്കുമ്പോൾ പിതാവ് അവളോട് ഒന്നും പറയുന്നില്ലെങ്കിൽ അവളുടെ എല്ലാ നേർച്ചകളും ശപഥത്തിന്റെ കടപ്പാടും സാധുവായിരിക്കും. എന്നാൽ പിതാവ് അതിനെക്കുറിച്ച് കേൾക്കുന്ന ദിവസംതന്നെ വിസമ്മതം പ്രകടിപ്പിച്ചാൽ അവളുടെ എല്ലാ നേർച്ചകളും ശപഥത്തിന്റെ കടപ്പാടും അസാധുവാകും. പിതാവ് വിലക്കിയതുകൊണ്ടു കർത്താവ് അവളോടു ക്ഷമിക്കും' (30:2–5). ഇതിനെത്തുടർന്ന് അത്തരം കാര്യങ്ങൾ സംബന്ധിച്ച ചില നിയമ നിർദ്ദേശങ്ങളാണ്. ഇതേകാര്യം സുഭാഷിതങ്ങളിലും പരാമർശിച്ചിട്ടുണ്ട് (7:14; 19:13).

ഒരാൾ ആലോചിക്കാതെ തിടുക്കത്തിൽ നേർച്ചകളും ശപഥങ്ങളും നടത്തുന്നതു കെണിയാണ്. ശപഥം ചെയ്തുകഴിഞ്ഞ് ദുഃഖിക്കേണ്ടിവരും. സഭാപ്രസംഗകനിൽ നാം വായിക്കുന്നു: 'നേർച്ചനേർന്നിട്ട് അതു തികയ്ക്കാതിരിക്കുന്നതിനെക്കാൾ നല്ലതു നേരാതിരിക്കുന്നതാണ്'' (5;4). അപ്പസ്തോല പ്രവർത്തനങ്ങളിൽ നാം കാണുന്നു: 'വ്രതമെടുത്ത നാലുപേർ ഞങ്ങളുടെ കൂടെയുണ്ട്'' (21:13).

# അധ്യായം 4

## അഭ്യർത്ഥന എന്ന പദത്തിന്റെ രണ്ടർത്ഥത്തിലുള്ള പ്രയോഗങ്ങൾ

1. വി. ലിഖിതങ്ങളിൽ പ്രാർത്ഥന (euches) എന്ന പദംകൊണ്ടു വിവക്ഷിക്കുന്ന രണ്ടു ഭിന്നാർത്ഥങ്ങളെ വിവേചിക്കാനുള്ള ഒരു ശ്രമം നാം മുമ്പു നടത്തിയല്ലോ. അഭ്യർത്ഥന (Proseuches) എന്ന വാക്കിന്റെ അർത്ഥഭേദങ്ങളെക്കുറിച്ചും അത്തരമൊരു പരിചിന്തനം ഇവിടെ നടത്തേണ്ടിയിരിക്കുന്നു. ഈ വാക്കിന് അതിന്റെ സാധാരണവും പരിചിതവുമായ അർത്ഥത്തിനു പുറമെ പ്രാർത്ഥന എന്ന അർത്ഥത്തിലും പ്രയോഗമുണ്ട്. ശമുവേലിന്റെ ഒന്നാം പുസ്തകത്തിൽ ഹന്നായെക്കുറിച്ചു പറയുന്നിടത്തെ പ്രയോഗം ഉദാഹരണം. 'ഹന്നാ എഴുന്നേറ്റ് കർത്താവിന്റെ സന്നിധിയിൽ ചെന്നു. പുരോഹിതനായ ഏലി ദേവാലയത്തിന്റെ വാതിൽപ്പടിക്കു സമീപം ഒരു പീഠത്തിൽ ഇരിക്കുകയായിരുന്നു. അവളുടെ ഹൃദയം ദുഃഖപൂരിതമായിരുന്നു അവൾ കണ്ണീരൊഴുക്കിക്കൊണ്ടു 'കർത്താവിനെ വിളിച്ചു' (Proseuxato). അവൾ ഇപ്രകാരം പ്രാർത്ഥിച്ചു: 'സൈന്യങ്ങളുടെ കർത്താവേ, ഈ ദാസിയുടെ സങ്കടം കണ്ട് അങ്ങ് എന്നെ അനുസ്മരിക്കണമെ. അങ്ങയുടെ ദാസിയെ വിസ്മ

www.malankaralibrary.com



രിക്കരുതേ. എനിക്കൊരു പുത്രനെ നൽകിയാൽ അവന്റെ ജീവിതകാലം മുഴുവൻ ഞാൻ അവനെ അങ്ങേയ്ക്കു പ്രതിഷ്ഠിക്കും. അവന്റെ ശിരസ്സിൽ ക്ഷൗരക്കത്തി സ്പർശിക്കുകയില്ല' (1:9–11).

2. ''അവർ കർത്താവിനെ വിളിച്ചു പ്രാർത്ഥിച്ചു'' എന്ന പ്രയോഗം നിമിത്തം ഹന്നാ, ഇതുരണ്ടും ചെയ്തില്ലെങ്കിൽ—''വിളിച്ചപേക്ഷിക്കുകയും പ്രാർത്ഥിക്കുകയും''—'വിളിച്ചപേക്ഷിച്ചു' എന്ന പദം പ്രാർത്ഥന എന്ന പദം സാധാരണ നൽകുന്ന അർത്ഥം തന്നെ നൽകുന്നു എന്നു മിക്കവാറും പറയാം. ''പ്രാർത്ഥിച്ചു'' എന്നതിന് ലേവ്യപുസ്തകത്തിലും സംഖ്യാപുസ്തകത്തിലും നാം കണ്ട അർത്ഥമാണുള്ളത് എന്നും തോന്നുന്നു. കാരണം, ''അവന്റെ ജീവിതകാലം മുഴുവൻ ഞാൻ അവനെ അങ്ങേയ്ക്കു പ്രതിഷ്ഠിക്കും; അവന്റെ ശിരസിൽ ക്ഷൗരക്കത്തി സ്പർശിക്കുകയില്ല'' എന്നത് കൃത്യമായി വിളിച്ചപേക്ഷിക്കലല്ല; ജഫ്താ ചെയ്തതുപോലെയുള്ള ഒരു നേർച്ചയാണത്. അതിപ്രകാരമാണ്: ''ജഫ്താ കർത്താവിന് ഒരു നേർച്ച നേർന്നു. അങ്ങ് അമ്മോന്യരെ എന്റെ കയ്യിൽ ഏല്പിക്കുമെങ്കിൽ ഞാൻ അവരെ തോൽപിച്ചു ജേതാവായി തിരികെ ചെല്ലുമ്പോൾ എന്നെ എതിരേൽക്കാൻ പടിവാതിൽക്കലേയ്ക്ക് ആദ്യം വരുന്നത് ആരായാലും അയാളെ ഞാൻ കർത്താവിനു ദഹനബലിയായി അർപ്പിക്കും'' (ന്യായാ. 11:30f).

## അധ്യായം 5

### പ്രാർത്ഥനയ്ക്ക് എതിരായിട്ടുള്ള വാദങ്ങൾ

പ്രാർത്ഥിക്കുന്നതുകൊണ്ട് ഒരു ഫലവുമില്ലെന്നു വിചാരിക്കയും പ്രാർത്ഥന ഒരു നിഷ്ഫലയത്നമാണെന്നു പറയുകയും ചെയ്യുന്നവരുടെ വാദമുഖങ്ങൾ ആദ്യമായി വിശദീകരിക്കണമെന്നാണല്ലോ നിങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളത്. അതനുസരിച്ച് പ്രവർത്തിക്കാൻ ഞാൻ പരമാവധി ശ്രമിക്കാം.

പ്രാർത്ഥന നിഷ്ഫല പ്രയത്നമാണെന്ന അഭിപ്രായം പൊതുവെ അധികമാളുകൾ സ്വീകരിക്കുന്നില്ല. പ്രപഞ്ചത്തിൽ ദൈവത്തിന്റെ സർവ്വശ്രേഷ്ഠതയിലും ദൈവപരിപാലനയിലും വിശ്വസിക്കുന്ന ആർക്കും പ്രാർത്ഥനയെ തള്ളിക്കളയാൻ സാദ്ധ്യമല്ലല്ലോ. പ്രാർത്ഥന വേണ്ടെന്നു പറയുന്നവർ ഒന്നുകിൽ പരിപൂർണ്ണ നിരീശ്വരൻമാരായിരിക്കും; അല്ലെങ്കിൽ ദൈവാസ്തികൃത്തിൽ വിശ്വാസമുണ്ടെങ്കിലും ദൈവപരിപാലനയിൽ വിശ്വാസമില്ലാത്തവരായിരിക്കും. ഏററവും ദൈവവിരുദ്ധമായ അദ്ധ്യാപനങ്ങളെ ക്രിസ്തുവിന്റെ നാമത്തോടു ഘടിപ്പിക്കാൻ ആഗ്രഹിക്കുന്ന 'ശത്രു'വിന്റെ പ്രേരണമാത്രമാണ് പ്രാർത്ഥിക്കേണ്ട ആവശ്യമില്ല എന്നു ചിന്തി



ക്കാൻ ചിലർക്കു പ്രചോദനം നൽകുന്നത്. ഈ വാദത്തെ അനുകൂലിക്കുന്നയാളുകൾ എല്ലാ ഇന്ദ്രിയവേദനങ്ങളെയും അവഗണിക്കുന്നവരും ജ്ഞാനസ്നാനമോ കുർബാനയോ സ്വീകരിക്കാത്തവരും ആകുന്നു. അവർ വിശുദ്ധലിഖിതങ്ങളെ സംബന്ധിച്ചുപോലും യുക്തിശൂന്യമായ തർക്കവാദങ്ങൾ ഉന്നയിക്കും. ബൈബിൾ നമ്മെ പ്രാർത്ഥിക്കാൻ പ്രേരിപ്പിക്കുന്നില്ലെന്നുപോലും അവർ പറയും.

2. പ്രാർത്ഥനയെ തിരസ്കരിക്കുന്നവരുടെ വാദമുഖങ്ങൾ ഏകദേശമായി ഇവിടെ പരിഗണിക്കാം. (സകലതിനും അധിനായകനായി ഒരു ദൈവമുണ്ടെന്നും ദൈവപരിപാലന എന്നൊന്നുണ്ടെന്നും വിശ്വസിക്കുന്നവരുടെ വാദങ്ങൾ മാത്രമാണിവിടെ പരിഗണിക്കുന്നത്. ദൈവാസ്തികൃത്തെയും ദൈവപരിപാലനയെയും നിഷേധിക്കുന്നവരുടെ വാദമുഖങ്ങൾക്ക മറുപടി പറയുക എന്നത് ഈ സന്ദർഭത്തിൽ എന്റെ കർത്തവ്യമല്ലല്ലോ). 'എല്ലാ കാര്യങ്ങളും സംഭവിക്കുന്നതിനു മുമ്പായി ദൈവം അവയെ കാണുന്നു. ഒരു കാര്യവും സംഭവിച്ചു കഴിയുമ്പോൾ അതിനുമുമ്പ് അജ്ഞാതമായിരുന്നു എന്ന വിധത്തിൽ ദൈവത്താൽ അറിയപ്പെടുന്നുമില്ല. നമുക്ക് ആവശ്യമുള്ള കാര്യങ്ങൾ നാം പ്രാർത്ഥിക്കുന്നതിനുമുമ്പുതന്നെ നന്നായി അറിയാവുന്ന ദൈവത്തോട് പിന്നെ പ്രാത്ഥിക്കേണ്ട ആവശ്യമെന്താണ്? 'എന്തെന്നാൽ (സ്വർഗ്ഗസ്ഥനായ) നിങ്ങളുടെ പിതാവ് നിങ്ങൾ ചോദിക്കുന്നതിനു മുമ്പുതന്നെ നിങ്ങളുടെ ആവശ്യങ്ങൾ അറിയുന്നു' (മത്താ 6:8). ദൈവം എല്ലാററിന്റെയും സ്രഷ്ടാവും പിതാവുമാണല്ലോ. 'അവിടുന്ന് എല്ലാററിനെയും സ്നേഹിക്കുന്നു. തന്റെ സൃഷ്ടിജാലങ്ങളിൽ ഒന്നിനെയും വെറുക്കുന്നില്ല' (വിജ്ഞാ. 11:25). അതിനാൽ തന്റെ മക്കൾക്കും സൃഷ്ടികൾക്കുംവേണ്ടി ഒരുത്തമ പിതാവെന്ന നിലയിൽ എല്ലാ കാര്യങ്ങളും അവിടുന്നു ഭദ്രമായി ക്രമീകരിക്കണം. അതിനായി ആരും പ്രാർത്ഥിക്കേണ്ടതില്ല. മക്കൾ ആവശ്യപ്പെടട്ടെ എന്നു കരുതി ഒരു പിതാവും കാത്തിരിക്കുന്നില്ലല്ലോ. ചിലപ്പോൾ മക്കൾക്ക് ആവശ്യപ്പെടാൻ കഴിവുണ്ടായെന്നുവരുകയില്ല. ഒരുപക്ഷേ അവർ അജ്ഞതകാരണം ആവശ്യപ്പെടുന്നത് യഥാർത്ഥത്തിൽ തങ്ങൾക്കു ദോഷകരമായ കാര്യങ്ങളായിരിക്കും. കൊച്ചുകുട്ടികൾക്ക് അവരുടെ മാതാപിതാക്കളുടെ മനസ്സിലുള്ള പങ്കാളിത്തം എത്ര കുറവാണോ അതിലും കുറവാണ് മനുഷ്യരായ നമുക്ക് ദൈവത്തിന്റെ മനസ്സിലുള്ള പങ്കാളിത്തം.

3. എന്തെല്ലാം കാര്യങ്ങളാണ് സംഭവിക്കാൻ പോകുന്നതെന്നു ദൈവത്തിനറിയാം. അവിടുന്ന് അവയെയെല്ലാം മുൻകൂട്ടി ക്രമീകരിക്കുന്നു. അവിടുത്തെ ക്രമീകരണത്തിനു വിരുദ്ധമായി യാതൊന്നും സംഭവിക്കുന്നമില്ല. സൂര്യനെ ഉദിപ്പിക്കണേ എന്നൊരുത്തൻ പ്രാർത്ഥിക്കുന്നു എന്നു വയ്ക്കുക. എന്നിട്ട് സൂര്യനുദിച്ചു കഴിയുമ്പോൾ എന്റെ പ്രാർത്ഥനയുടെ ഫലമായിട്ടാണ് അങ്ങനെ സംഭവിച്ചതെന്ന് അയാൾ അവകാശപ്പെടുകയാണെങ്കിൽ

www.malankaralibrary.com



അതു തീർത്തും പരിഹാസ്യമായിരിക്കും. അതുപോലെ, ദൈവം മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള ഏതു കാര്യവും എന്റെ പ്രാർത്ഥനയുടെ ഫലമായി സംഭവിച്ചു എന്നു കരുതുന്ന മനുഷ്യൻ ഭോഷനാകുന്നു. ഇനി മറ്റൊന്ന്: വേനലിന്റെ ഉച്ചാവസ്ഥയിൽ വെയിലേറ്റു ശരീരം പൊള്ളുന്ന ഒരുവൻ സൂര്യനെ ഉടൻതന്നെ വസന്തകാലത്തെ സ്ഥാനത്തേയ്ക്കു മാറ്റണമെന്നും സുഖദായകമായ ഇളംകുളിർകാറ്റു വീശാൻ ഇടവരുത്തണമെന്നും പ്രാർത്ഥിക്കുകയാണെന്നു വിചാരിക്കുക. അയാൾ ഭ്രാന്തിന്റെ എല്ലാ സീമകളെയും ലംഘിക്കുകയാണ്. അതുപോലെതന്നെ, പിതാവായ ദൈവത്തിന്റെ മുൻനിശ്ചയമനുസരിച്ച് മനുഷ്യവർഗ്ഗത്തിനു സംഭവിക്കുന്ന കാര്യങ്ങൾ മാറ്റിമറിക്കണമെന്ന് ഒരാൾ പ്രാർത്ഥിച്ചാൽ അത് അതുല്യമായ അപസ്മാരമായിരിക്കും.

4. ''പാപികൾ മാതൃഗർഭത്തിൽ വച്ചുതന്നെ വേർതിരിക്കപ്പെടുന്നു''വെന്നും (സങ്കീ. 58:4) ''നീതിമാൻമാർ അമ്മയുടെ ഉദരത്തിൽ വച്ചു തന്നെ തെരഞ്ഞെടുക്കപ്പെടുന്നു'' എന്നും (ഗലാ. 1:15) വചനമുണ്ടല്ലോ. ''ഒരാൾ ജനിക്കുകയോ നൻമയോ തിൻമയോ പ്രവർത്തിക്കുകയോ ചെയ്യുന്നതിനു മുമ്പാണ്'' ഈ തെരഞ്ഞെടുപ്പ്. (ദൈവത്തിന്റെ തെരഞ്ഞെടുപ്പിന്റെ ക്രമീകരണം ആരുടെയെങ്കിലും പ്രവർത്തനങ്ങളെയല്ല, ദൈവത്തിന്റെ ഇച്ഛയെ മാത്രം ആധാരമാക്കി ആയിരിക്കാനാണിത്). ''ജ്യേഷ്ഠൻ അനുജന്റെ സേവകനായിരിക്കും'' എന്നും എഴുതപ്പെട്ടിരിക്കുന്നു (ഉൽപ. 25;23). അതിനാൽ നാം പാപമോചനമോ, ''നമ്മെ ശക്തിപ്പെടുത്തുന്ന ക്രിസ്തുവിൽ എല്ലാകാര്യങ്ങളും നിർവ്വഹിക്കാൻ പ്രാപ്തരാകുന്നതിനായി ആത്മാവിന്റെ ശക്തിയോ'' ആഗ്രഹിക്കുന്നതു നിഷ്ഫലമാകുന്നു (ഫിലി. 4;13). കാരണം, നാം പാപികളാണെങ്കിൽ ''മാതൃഗർഭത്തിൽ വച്ചുതന്നെ ആവിധം വേർതിരിക്കപ്പെട്ടിരിക്കുന്നു''. നാം തെരഞ്ഞെടുക്കപ്പെട്ടവരാണെങ്കിൽ പ്രാത്ഥനയുടെ സഹായം കൂടാതെ തന്നെ നന്നായി പ്രവർത്തിക്കുവാൻ നമുക്കു കഴിയും. യാക്കോബ്, താൻ ജനിക്കുന്നതിനു മുമ്പ് എന്തു പ്രാർത്ഥനയാണു നടത്തിയത്? അദ്ദേഹം ഏശാവിനെ കീഴപ്പെടുത്തുമെന്നും ആ സഹോദരൻ അദ്ദേഹത്തിനു സേവചെയ്യുമെന്നും പ്രവചിക്കപ്പെട്ടിട്ടുണ്ടല്ലോ (ഉൽപ. 25;23). ജനനത്തിനു മുമ്പു തന്നെ വെറുക്കപ്പെടാൻ തക്കവിധം എന്ത് ഈശ്വരനിന്ദയാണ് ഏശാവ് കാണിച്ചത്? പർവ്വതങ്ങൾ സൃഷ്ടിക്കപ്പെടുംമുമ്പ്, ഭൂമിയും ലോകവും നിർമ്മിക്കപ്പെടും മുമ്പ് ദൈവം തന്റെ അഭയസ്ഥാനമായിരുന്നെങ്കിൽ 89–ാം സങ്കീർത്തനത്തിൽ കാണുന്നതുപോലെ മോശ ദൈവത്തോടു പ്രാത്ഥിക്കുന്നതെന്തിന്? (89: 1f. 20).

5. രക്ഷിക്കപ്പെടേണ്ടവരായ എല്ലാവരെയും സംബന്ധിച്ചാണ് എഫേസൂസ്കാർക്കുള്ള ലേഖനത്തിൽ ഇങ്ങനെ എഴുതപ്പെട്ടിട്ടുള്ളത്: ''പിതാവായ ദൈവം....തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കുവാൻ ലോകസ്ഥാപനത്തിനു മുമ്പുതന്നെ നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുത്തു. യേശുക്രിസ്തു വഴി നാം അവിടുത്തെ ദത്തുപുത്രരായിത്തീരണമെന്ന്, അവിടുന്നു തന്റെ ഇച്ഛയും ലക്ഷ്യവുമനുസരിച്ച് മുൻകൂട്ടി തീരുമാനിച്ചു (1; 3–5). അതിനാൽ മനുഷ്യൻ ഒന്നുകിൽ ലോകസ്ഥാപനംമുതൽ തന്നെ തെരഞ്ഞെടുക്കപ്പെട്ടവനായിരിക്കും; ആ തെരഞ്ഞെടുപ്പിൽനിന്നു വീണുപോവുക എന്നത് അയാൾക്ക് അസാദ്ധ്യമാകുന്നു: അതിനാൽ അയാൾക്ക് പ്രാർത്ഥനകൊണ്ട് ആവശ്യമില്ല. അല്ലെങ്കിൽ അയാൾ തെരഞ്ഞെടുക്കപ്പെടാത്തവനായിരിക്കും; അയാൾക്ക് പ്രാർത്ഥനകൊണ്ട് ഉപയോഗവുമില്ല. പതിനായിരം പ്രാവശ്യം പ്രാർത്ഥിച്ചാലും അയാളുടെ പ്രാർത്ഥന കേൾക്കപ്പെടുകയില്ല. ''അവിടുന്നു മുൻകൂട്ടി അറിഞ്ഞവരെ തന്റെ പുത്രന്റെ സാദൃശ്യത്തോടു അനുരൂപരാക്കാൻ മുൻകൂട്ടി നിശ്ചയിച്ചു. ഇതു തന്റെ പുത്രൻ അനേകം സഹോദരരിൽ ആദ്യജാതനാകുന്നതിനു വേണ്ടിയാണ്. താൻ മുൻകൂട്ടി നിശ്ചയിച്ചവരെ അവിടുന്നു വിളിച്ചു; വിളിച്ചവരെ നീതീകരിച്ചു; നീതീകരിച്ചവരെ അവിടുന്നു മഹത്വപ്പെടുത്തി'' (റോമ. 8:29; ഫിലി. 3;21).



ജോസിയാ ആകുലനും തന്റെ പ്രാർത്ഥന ശ്രവിക്കപ്പെടുമോ എന്നതിനെക്കുറിച്ച് ഉത്കണ്ഠിതനും ആകുന്നതെന്തിന്? അനേകം തലമുറകൾക്കു മുമ്പു തന്നെ അദ്ദേഹത്തിന്റെ കാര്യം പ്രവചിച്ചിട്ടുള്ളതല്ലേ? (1 രാജാ. 13:1f). അദ്ദേഹം എന്തുചെയ്യണം എന്നതിനെക്കുറിച്ച് നേരത്തെ തന്നെ അറിയപ്പെട്ടിട്ടുള്ളതും അനേകം ജനങ്ങളുടെ മുമ്പിൽ വച്ച് മുൻകൂട്ടി പറയപ്പെട്ടിട്ടുള്ളതുമല്ലേ? യൂദാസ് എന്തിനു പ്രാർത്ഥിക്കണം? അവൻ പ്രാർത്ഥിച്ചാൽ അതും പാപമായിത്തീരും. അവനു തന്റെ സ്ഥാനം നഷ്ടപ്പെടുമെന്നും ആ സ്ഥാനത്ത് വേറൊരാൾ അവരോധിതനാകുമെന്നും ദാവീദിന്റെ കാലം മുതലേ വ്യക്തമാക്കപ്പെട്ടിട്ടുള്ളതാകുന്നു (സങ്കീ. 10:7f). ദൈവത്തിന്റെ തീരുമാനങ്ങൾക്കു മാറ്റം വരുത്താൻ ആർക്കും സാധ്യമല്ലല്ലോ. അവിടുന്ന് എല്ലാ കാര്യങ്ങളും മുൻകൂട്ടിക്കാണുന്നു. മുൻനിശ്ചയങ്ങളനുസരിച്ചു പ്രവർത്തിക്കുന്നു. ദൈവനിശ്ചയങ്ങൾ തന്റെ പ്രാർത്ഥനകൊണ്ടു മാറ്റി മറിക്കാൻ സാധിക്കുമെന്ന് ഒരാൾ കരുതുന്നെങ്കിൽ അത് അസംബന്ധമത്രേ. ചിലരുടെ അഭിപ്രായങ്ങൾ കേട്ടാൽ ദൈവം ഒരുകാര്യവും മുൻകൂട്ടി തീരുമാനിച്ചിട്ടില്ലെന്നും ഓരോരുത്തരെയും സംബന്ധിക്കുന്ന കാര്യങ്ങൾ എങ്ങനെ ക്രമീകരിക്കണമെന്നു തീരുമാനിക്കാൻ അവരുടെ പ്രാർത്ഥന വരാൻ കാത്തിരിക്കയാണെന്നും പ്രാർത്ഥിക്കുന്നതുപോലെയൊക്കെ കാര്യങ്ങൾ ക്രമീകരിക്കയാണെന്നും തോന്നും. കാര്യങ്ങൾ നേരത്തേ തീരുമാനിക്കാതെ ഓരോരുത്തർ ആവശ്യപ്പെടുന്നതനുസരിച്ച തീരുമാനിക്കയാണു ദൈവത്തിന്റെ രീതി എന്നു വരും അപ്പോൾ.

6. താങ്കളുടെ കത്തിൽ ഉപയോഗിച്ചിട്ടുള്ള അതേ വാക്കുകളിൽ ഇക്കാര്യം ഇവിടെ അവതരിപ്പിക്കാവുന്നതാണ്. ''ഒന്നാമതായി, സംഭവിക്കാൻ പോകുന്ന കാര്യങ്ങളെല്ലാം ദൈവം മുൻകൂട്ടി കാണുകയും അവയെല്ലാം തീർച്ചയായും സംഭവിക്കുകയും ചെയ്യുമെങ്കിൽ പ്രാർത്ഥനകൊണ്ടു പ്രയോജനമില്ല. രണ്ടാമതായി, എല്ലാ കാര്യങ്ങളും ദൈവേഷ്ടമനുസരിച്ചു സംഭവിക്കുമെ

www.malankaralibrary.com



ങ്കിൽ, അവിടുത്തെ തീരുമാനങ്ങൾ ദൃഢങ്ങളാണെങ്കിൽ, ആ തീരുമാനങ്ങൾക്ക മാററം വരുത്താൻ ഒന്നിനും കഴിയുകയില്ലെങ്കിൽ, പ്രാർത്ഥന നിരുപയോഗമാകുന്നു.''

## അധ്യായം 6

### എതിർവാദങ്ങൾക്കു മറുപടി

ചലിക്കുന്ന വസ്തുക്കളിൽ ചിലത് ബാഹ്യശക്തികൊണ്ട് ചലിക്കുന്നു. ഉദാഹരണമായി (1) അചേതനവസ്തുക്കളും, ഒരു പ്രത്യേക രീതിയിൽ ഒന്നിച്ചുചേർന്നിരിക്കുന്ന പദാർത്ഥങ്ങളും; (2) സ്വാഭാവികമായ ആന്തരികതത്വം അഥവാ ആത്മാവുമൂലം സ്വയം ചലിക്കുന്നവ. അവസാനം പറഞ്ഞവ അങ്ങനെതന്നെ പരിഗണിക്കപ്പെടേണ്ടവയല്ല; പിന്നെയോ, ഈ പ്രത്യേക രീതിയിൽ ഒന്നിച്ചു ചേർന്നിരിക്കുന്ന പദാർത്ഥങ്ങളെപ്പോലെ ചിലപ്പോൾ ആയിരിക്കും. ഉദാഹരണമായി, കല്ലുവെട്ടാൻകുഴിയിൽ നിന്നെടുത്ത കല്ലുകൾ, വളർച്ചനശിച്ച തടിക്കഷണങ്ങൾ–ഒരു പ്രത്യേകരീതിയിൽ ഒന്നിച്ചുചേർന്നിരിക്കുന്ന ഈ വസ്തുക്കൾ—ആദിയായവ ബാഹ്യശക്തികൊണ്ടാണ് അനങ്ങുന്നത്. എന്നാൽ മൃഗങ്ങളുടെ ശരീരം, പറിച്ചു മാററിവയ്ക്കാവുന്ന സസ്യങ്ങൾ എന്നിവ ആരെങ്കിലും ഒരു സ്ഥലത്തുനിന്ന് മറെറാരിടത്തേക്കു മാററിയാൽ അപ്പോഴുള്ള അവയുടെ ചലനം സചേതന വസ്തുക്കളെപ്പോലെയോ സസ്യങ്ങളെപ്പോലെയോ അല്ല; പിന്നെയോ കല്ലുകൾപോലെയോ, വളർച്ചനശിച്ച തടിക്കഷണങ്ങൾ പോലെയോ മാത്രമാണ്. അവ നശ്വരവസ്തുക്കളാകയാലും വ്യതിയാനവിധേയമാകയാലും, അവയ്ക്ക് ചലനം ഉണ്ടെന്നു പറയാമെങ്കിലും ആ ചലനം അഥവാ, മാററം അവയുടെ ചീയലുമായി ബന്ധപ്പെട്ടതാണ്.

കൂടാതെ, ഒരാന്തരികതത്വം അഥവാ, ആത്മാവുമൂലം ചലിക്കുന്ന രണ്ടാമതൊരുതരം വസ്തുക്കളുണ്ട്. ''തങ്ങളിൽ നിന്ന് ചലിക്കുന്നവ'' എന്ന് താത്വികർ അവയെ വിളിക്കുന്നു.7

മൃഗങ്ങളിൽ കാണുന്നത് മൂന്നാമത്തെ രീതിയിലുള്ള ചലനമാണ്. ''സ്വയം ചലിക്കുന്ന ചലനം'' എന്ന് ഇതിനെ വിളിക്കാം.8

ബുദ്ധി ജീവികളുടെ ചലനം തങ്ങളാൽ തന്നെ ഉള്ള ചലനമാണ്.9

---

7. Moving *out of* themselves = ''exauton'' (സസ്യങ്ങളുടെ വളർച്ച)
8. '' af auton'' = movement *from* themselves. (മൃഗങ്ങളുടെ ചലനം)
9. di auton = movement *by* themselves. (മനുഷ്യരുടെ ചലനം)



മൃഗങ്ങളിൽനിന്ന് ''സ്വയം ചലിക്കുന്ന ചലനം'' എടുത്തുകളഞ്ഞാൽ പിന്നെയത് മൃഗമല്ലാതായിത്തീരുന്നു. അപ്പോളത് ഒരാന്തരികതത്വത്താൽ ചലിക്കപ്പെടുന്ന സസ്യം പോലെയോ, ബാഹ്യശക്തികൊണ്ടു ചലിക്കുന്ന കല്ലുപോലെയോ ആയിത്തീരും. എന്നാൽ ഏതെങ്കിലും വസ്തു തൻെറ ചലനതത്വത്തെ പ്രതികരിക്കുന്നെങ്കിൽ അത് തങ്ങളാൽ തന്നെ ഉള്ള ചലനം ആണ്. അതൊരു ബുദ്ധിജീവി ആയിരിക്കും.

2. നമുക്കു സ്വാതന്ത്ര്യേച്ഛയില്ല എന്നു കരുതുന്നവർ തികച്ചും തെററായ നിഗമനങ്ങളിൽ എത്തിച്ചേരേണ്ടിവരും: ഒന്നാമത്, നാം മൃഗങ്ങളല്ല: രണ്ടാമത്, നാം ബുദ്ധിജീവികളല്ല; എന്തോ ബാഹ്യശക്തികൊണ്ട് നാം ചലിക്കുന്നു; നാം സ്വയമായി ചലിക്കുന്നതേയില്ല; നാം ചെയ്യാനാഗ്രഹിക്കുന്നവ ബാഹ്യശക്തികൊണ്ടുമാത്രം ചെയ്യുന്നു. ഓരോ മനുഷ്യനും തൻെറ വ്യക്തിപരമായ അനുഭവത്തെക്കുറിച്ചു ചിന്തിച്ചു നോക്കട്ടെ; അപ്പോൾ ഒരുകാര്യം അയാൾക്ക് വ്യക്തമാകും: സത്യത്തെക്കുറിച്ച് അല്പമെങ്കിലും പരിഗണനയുള്ള ഒരാൾ 'ഞാൻ ആഗ്രഹിക്കുകയോ ഭക്ഷിക്കുകയോ നടക്കുകയോ ചില അഭിപ്രായങ്ങൾ സ്വീകരിക്കുകയോ ചിലവ നിരാകരിക്കുകയോ ചെയ്യുന്നത് സ്വന്തം ഇച്ഛയനുസരിച്ചല്ല' എന്നു പറഞ്ഞാൽ അതു ശുദ്ധഭോഷ്കാണ്. ചില ആശയങ്ങൾ നിങ്ങൾ ഏററവും വിദഗ്ദ്ധമായ രീതിയിൽ ആയിരം പ്രകാരത്തിൽ അവതരിപ്പിച്ചാലും ഏററവും വിശ്വാസ്യമെന്നു തോന്നുന്ന ന്യായങ്ങൾ അണിനിരത്തിയാലും ഒരു പ്രത്യേക വ്യക്തിയെക്കൊണ്ട് അംഗീകരിപ്പിക്കാൻ കഴിഞ്ഞില്ലെന്നു വരും. മാനുഷികപ്രവർത്തനങ്ങളുടെ കാര്യത്തിൽ മനുഷ്യൻെറ ഇച്ഛ സ്വാതന്ത്ര്യമല്ല എന്ന് ഒരുവനെ ബോദ്ധ്യപ്പെടുത്തുന്നതും അതുപോലെതന്നെ അസാദ്ധ്യകാര്യമാകുന്നു. നമുക്ക് ഒരു കാര്യവും മനസ്സിലാക്കാൻ സാധിക്കയില്ലെന്നു വിശ്വസിക്കുന്ന ആരെങ്കിലുമുണ്ടോ? എല്ലാക്കാര്യത്തെ സംബന്ധിച്ചും അഭിപ്രായ രൂപീകരണം ഉപേക്ഷിച്ചു കളയുന്നവർ ആരെങ്കിലുമുണ്ടോ? തൻെറ ദാസൻ എന്തെങ്കിലും തെററുചെയ്തതായി കണ്ടുപിടിച്ചാൽ അവനെ ശിക്ഷിക്കാത്ത യജമാനനുണ്ടോ? മുതിർന്നവരോട് അനാദരം കാട്ടുന്ന പുത്രനെ ശാസിക്കാത്ത പിതാവുണ്ടോ? വ്യഭിചാരം ചെയ്ത പെണ്ണിനെ അവൾ ചെയ്തത് ആക്ഷേപകരമായ ഒരു കാര്യമാണെന്ന് കുററപ്പെടുത്താത്ത ആരെങ്കിലുമുണ്ടോ? എതിരായിട്ടുള്ള വാദമുഖങ്ങൾ എത്ര അസംഖ്യവും സമർത്ഥവുമാണെങ്കിലും ഓരോ പ്രവർത്തനത്തെയും അതിൻെറ അർഹതയനുസരിച്ച് പ്രതികരിക്കുന്നതിനും അപലപിക്കുകയോ അനുമോദിക്കുകയോ ചെയ്യുന്നതിനും സത്യം നമ്മെ നിർബന്ധിക്കുന്നു. നമ്മുടെ ഇച്ഛാശക്തി സ്വാതന്ത്ര്യമാണെന്നും തന്മൂലം അത് അനുമോദനത്തിനോ അപലപനത്തിനോ അർഹമായിത്തീരുന്നുവെന്നും നാം വിശ്വസിക്കുന്നു.

3. മനസ്സിൻെറ സ്വാതന്ത്ര്യത്തെക്കുറിച്ചു നമുക്കു ബോദ്ധ്യമുണ്ടെങ്കിൽ അതിന് ആ രൂപം ലഭിച്ചതിനുമുമ്പ് അതിനെക്കുറിച്ച് ദൈവത്തിനു ശരിയായ ആശയം ഉണ്ടായിരുന്നു എന്നു വ്യക്തമാണ്. നന്മ

www.malankaralibrary.com



തിന്മകളെ സംബന്ധിച്ചുള്ളതും കർത്തവ്യോന്മുഖവും കർത്തവ്യ വിമുഖവുമായിട്ടുള്ള നിരവധി പ്രവണതകളോടുകൂടിയതാണല്ലോ നമ്മുടെ മനസ്സ്. ആ മനസ്സിനെ സംബന്ധിച്ചു മാത്രമല്ല, ലോകാരംഭംമുതലുള്ള എല്ലാ കാര്യങ്ങളെയും കുറിച്ച് ദൈവത്തിനു ശരിയായ ജ്ഞാനമുണ്ട്. നമ്മുടെ സ്വതന്ത്ര പ്രവർത്തനങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ട് ദൈവം എല്ലാ കാര്യങ്ങളും മുൻകൂട്ടി ക്രമീകരിക്കുന്നു. നമ്മുടെ ഓരോ പ്രവർത്തനത്തിന്റെയും സ്വഭാവം അനുസരിച്ചാണു ക്രമീകരണം: നമ്മുടെ പ്രവർത്തനങ്ങളിൽ കുറേഭാഗം ദൈവപരിപാലനയനുസരിച്ചു സംഭവിക്കുന്നതും കുറേഭാഗം സംഭവങ്ങളുടെക്രമത്തിൽ വന്നുചേരണ്ടവയുമാണ്. എന്നാൽ ഒരു കാര്യം ദൈവം മുൻകൂട്ടി അറിയുന്നു എന്നുള്ളത് അത് ആ വിധത്തിൽ സംഭവിക്കുന്നതിനു കാരണമല്ല. നമ്മുടെ സ്വയം ആവേശങ്ങളിൽനിന്നുണ്ടാകുന്ന പ്രവർത്തനങ്ങളുടെ പരിണാമങ്ങൾക്കും ദൈവത്തിന്റെ മുൻകൂട്ടിയുള്ള അറിവുകാരണമാകുന്നില്ല. ദൈവം മുൻകൂട്ടി അറിയുന്നില്ലെങ്കിലും ഇന്ന കാര്യം ചെയ്യണം ഇന്നകാര്യം ചെയ്യണ്ടാ എന്നു തീരുമാനിക്കാനുള്ള അവകാശം നമുക്കുണ്ടായിരിക്കുമല്ലോ. ദൈവത്തിന്റെ മുൻകൂർ അറിവുകൊണ്ടുള്ള പ്രയോജനം ഇതാണ്. ഓരോ മനുഷ്യവ്യക്തിയുടെയും സ്വതന്ത്രപ്രവർത്തനങ്ങൾ പ്രപഞ്ചവ്യവസ്ഥിതിയിൽചേർന്നുപോകത്തക്ക ഒരു സ്ഥിതി സംജാതമാക്കപ്പെടുന്നു. പ്രപഞ്ചത്തിന്റെ നിലനില്പിന് ഈ ക്രമീകരണം ആവശ്യകമത്രേ.

4. ഓരോവ്യക്തിയുടെയും സ്വതന്ത്രമനസ്സിനെ ദൈവം അറിയുന്നു. അതിനാൽ തന്റെ പരിപാലനയനുസരിച്ച് ഓരോരുത്തനും മെച്ചമായിട്ടുള്ളത് അവിടുന്ന് അവനു നൽകുന്നു. അവൻ പ്രാർത്ഥിക്കുന്നതു കൊടുക്കുകയും ചെയ്യുന്നു. ഓരോരുത്തരുടെയും മനോഭാവങ്ങൾ അവരുടെ വിശ്വാസത്തെയും ആഗ്രഹത്തിന്റെ ലക്ഷ്യത്തെയും വ്യക്തമാക്കുന്നു. കാര്യങ്ങൾക്കു വേണ്ട ക്രമീകരണങ്ങൾ നടത്തുമ്പോൾ കർത്താവായ ദൈവത്തിന്റെ മനോഗതം ഏകദേശം ഇങ്ങനെയായിരിക്കാം: ''ഈ മനുഷ്യന്റെ പ്രാർത്ഥനയ്ക്കു ഞാൻ ചെവി കൊടുക്കും. അയാളുടെ പ്രാർത്ഥന ശരിയായ ധാരണയോടു കൂടിയതാണ്. എന്നാൽ മറേറയാളുടെ പ്രാർത്ഥന ഞാൻ ശ്രവിക്കയില്ല. അയാൾ അതർഹിക്കുന്നില്ല. അയാൾ പ്രാർത്ഥിക്കുന്ന കാര്യങ്ങൾ അയാൾ അർഹിക്കുന്നതോ അവ നൽകുന്നത് എനിക്ക് യോഗ്യമായിട്ടുള്ളതോ അല്ല. ഇവിടെ പറഞ്ഞതിൽ ആദ്യത്തെ തരത്തിലുള്ള പ്രാർത്ഥനകൾ ഞാൻ കേൾക്കും രണ്ടാമത്തെ തരത്തിലുള്ളതു കേൾക്കുകയില്ല.'' (ദൈവത്തിന്റെ മുൻകൂട്ടിയുള്ള അറിവുകൾ പിഴവുപററാത്തവയാണ്, അതിനാൽ ഓരോ കാര്യവും ആ അറിവിനനുസരിച്ചു തന്നെ യാതൊരു മാററവും കൂടാതെ നടക്കുമല്ലോ എന്നോർത്ത് ചിലർ ആകുലചിത്തരാകുന്നുണ്ടാകാം. അങ്ങനെയുള്ളവരോട് എനിക്കു പറയാനുള്ളത് ഇതാണ്. ദൈവത്തിന് ഇക്കാര്യത്തിൽ സൂക്ഷ്മമായ പൂർവ്വധാരണയുണ്ട് ഏതെങ്കിലും ഒരാൾ മാററാൻ പാടില്ലാത്തവിധം നന്മയിലോ വേറൊരാൾ രക്ഷപെടുത്താൻ വയ്യാത്തവിധം തിന്മയിലോ ആഗ്രഹം വയ്ക്കുകയില്ല



എന്ന് അവിടുന്നറിയുന്നു). വീണ്ടും, ''പ്രാർത്ഥിക്കുന്ന ഇന്നയാൾക്കു വേണ്ടി ഞാൻ ഇന്നയിന്ന കാര്യങ്ങൾ ചെയ്യും. ഞാൻ അങ്ങനെ ചെയ്യുന്നതു യുക്തമാകുന്നു. എന്തെന്നാൽ അയാളുടെ പ്രാർത്ഥന കുററമില്ലാത്തതാകുന്നു. ഈ അപരൻ ഒരു കാര്യത്തിനായി പ്രാർത്ഥിക്കുമ്പോൾ അയാൾ പ്രാർത്ഥിക്കുന്ന കാര്യങ്ങൾ മാത്രമല്ല. അയാൾ ആഗ്രഹിക്കുന്നതിലധികമായ ദാനങ്ങളും ഞാൻ നൽകും. നന്മ ചെയ്യുന്നതിൽ ഞാൻ അയാളെക്കാൾ മുന്നിലായിരിക്കുക യോഗ്യമാകുന്നു. ഇനി, സവിശേഷഗുണങ്ങളോടു കൂടിയ വേറൊരാളിന് ഞാൻ പ്രത്യേകമായി ഒരു സംരക്ഷകദൂതനെ അയച്ചുകൊടുക്കും. ഒരു നിശ്ചിതകാലംവരെ ആ ദൂതൻ അയാളുടെ രക്ഷയ്ക്കുവേണ്ടി പ്രയത്നിക്കും. വേറൊരാൾക്ക് അതിലും ഉന്നതമായ സ്ഥാനമുള്ള ഒരു ദൂതനെ ഞാൻ അയച്ചുകൊടുക്കും. കാരണം, അയാൾ കൂടുതൽ മെച്ചപ്പെട്ടവനായിരിക്കും. ഇനിയും വേറൊരാൾ ഉന്നതമായ കാര്യങ്ങൾക്കായി സ്വയം സമർപ്പിച്ചതിനുശേഷം ദുർബലനായിത്തീരുകയും ഭൗതികകാര്യങ്ങളിലേക്കു പിന്തിരിയുകയും ചെയ്യുന്നു. കരുത്തനായ സഹായിയെ അയാളിൽനിന്നു ഞാൻ പിൻവലിക്കും. സഹായി വേർപെട്ടുകഴിയുമ്പോൾ അയാളുടെ അർഹതയ്ക്കനുസരിച്ചുതന്നെ, തിന്മയുടെ ഒരു ശക്തി അയളെ ദൗർബല്യങ്ങളിൽനിന്നു മുതലെടുക്കാനുള്ള അവസരം ഉപയോഗപ്പെടുത്തും; പാപംചെയ്യാനുള്ള സന്നദ്ധത വെളിപ്പെടുത്തിയ സാഹചര്യത്തിൽ അയാളുടെ വഴിതെററിക്കുകയും ചെയ്യും.''

5. എല്ലാ കാര്യങ്ങളും മുൻകൂട്ടി ക്രമീകരിക്കുന്നവനായ ദൈവം ഇങ്ങനെയും അരുൾചെയ്യുമെന്നു നമുക്കു സങ്കല്പിക്കാം: ''ആമോൻ ജോസിയായെ ജനിപ്പിക്കും. ജോസിയാ തന്റെ പിതാവിന്റെ പരാജയങ്ങളെ അനുകരിക്കുകയില്ല. തന്റെ കൂടെയുള്ളവരുടെ പ്രേരണ സ്വീകരിച്ചുകൊണ്ട് അയാൾ നല്ലവനും നീതിമാനുമായി ജീവിക്കും. ജെറോബോവാം തന്റെ ദുഷ്ടതയാൽ നിർമ്മിച്ച ബലിപീഠം അയാൾ തകർക്കും (2 രാജാ.21–24). എന്റെ പുത്രൻ മനുഷ്യരുടെയിടയിൽ ജീവിക്കുന്നകാലത്ത്, ആദ്യം നല്ലവനും നീതിമാനുമായിരിക്കുന്ന യൂദാസ് മാററത്തിനു വിധേയനാവുകയും മാനുഷിക പാപങ്ങളിൽ വീഴുകയും ചെയ്യുമെന്നു ഞാനറിയുന്നു. ആ പാപങ്ങൾമൂലം അവൻ ശിക്ഷയ്ക്കർഹനായിത്തീരുമെന്നതു ന്യായവുമാകുന്നു.'' (ഈ മുന്നറിവ് ഒരുപക്ഷേ ദൈവപുത്രനും ഉണ്ടായിരുന്നിരിക്കാം. യൂദാസിനെയും മററ് രഹസ്യങ്ങളെയും സംബന്ധിച്ചിടത്തോളം അക്കാര്യത്തിൽ നമുക്ക് ഉറപ്പു പറയാൻ സാധിക്കുകയും ചെയ്യും. വരാൻ പോകുന്ന കാര്യങ്ങൾ ഇതൾവിരിയുന്നതുനിരീക്ഷിക്കെ, യൂദാസിനെയും അവൻ ചെയ്യാൻ പോകുന്ന പാപങ്ങളെയും അവിടുന്നു ദർശിച്ചു. ഇപ്രകാരം, യൂദാസ് ജനിക്കുന്നതിനു പോലുംമുമ്പ് ദാവീദിന്റെ വാക്കുകളിലൂടെ അവിടുത്തേയ്ക്ക് ഇങ്ങനെ പറയാൻ സാധിച്ചു: ''എന്റെ ദൈവമേ, എന്റെ പ്രാർത്ഥനകളിൽ അവിടുന്നു നിശബ്ദത പാലിക്കരുതേ....എന്നിത്യാദി (സങ്കീ. 108:1).

www.malankaralibrary.com



'ഭാവി ഞാൻ അറിയുന്നു. പൗലോസിന് എത്രയധികമായ മതതീക്ഷ്ണതയുണ്ടായിരിക്കും എന്നും ഞാനറിയുന്നു. അതിനാൽ അവനെ ഞാൻ തെരഞ്ഞെടുക്കും (എഫേ. 1.4). ലോകസൃഷ്ടിക്കു മുമ്പുതന്നെ ഈ തെരഞ്ഞെടുപ്പു ഞാൻ നിർവ്വഹിക്കും. അവന്റെ ജനനത്തിൽതന്നെ ഈ ശക്തികൾ അവനു ഞാൻ നൽകും. മനുഷ്യരക്ഷയിൽ അവ അവന സഹകാരികളായിരിക്കും. അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ അവനെ ഞാൻ വേർതിരിക്കും (ഗലാ. 1:15). യൗവനോചിതമായ ആവേശത്തിന്റെ ആദ്യഘട്ടത്തിൽ, ക്രിസ്തുവിൽ വിശ്വസിക്കുന്നവരെ പീഡിപ്പിക്കാൻ അവനെ ഞാൻ അനുവദിക്കും. അജ്ഞതകാരണവും മതതീക്ഷ്ണതയുടെ മറവിലുമായിരിക്കും ആ പീഡിപ്പിക്കൽ. എന്റെ ദാസനും രക്തസാക്ഷിയുമായ എസ്തപ്പാനോസിനെ കല്ലെറിയുന്നവരുടെ വസ്ത്രം അവൻ സൂക്ഷിക്കും (നട. 7:57). അതിന്റെ ഫലമായി, അവൻ അവിവേകം നിറഞ്ഞ യൗവനത്തിന്റെ ആവേശം പിന്നിട്ടു കഴിയുമ്പോൾ ജീവിതം പുതിയതായി ആരംഭിക്കും. ഏററവും നല്ലതായിട്ടുള്ളവയിലേയ്ക്കു തിരിയുകയും എന്റെ സന്നിധിയിൽ അഹങ്കരിക്കാതിരിക്കുകയും ചെയ്യും (1 കൊറി. 1:29). ദൈവത്തിന്റെ സഭയെ പീഡിപ്പിച്ചതു നിമിത്തം ശ്ലീഹാ എന്ന നാമത്തിനു ഞാൻ അയോഗ്യനാണ് എന്ന് അയാൾ പറയും. (1 കൊറി 15:9). മതതീക്ഷ്ണതയുടെ പേരിൽ ചെറുപ്പകാലത്തു ചെയ്ത അപരാധങ്ങൾ അവഗണിച്ചുകൊണ്ടും ഞാൻ നൽകുന്ന നന്മകളെ അനുസ്മരിച്ചുകൊണ്ടും അയാൾ പറയും: 'എന്നാൽ ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവത്തിന്റെ കൃപയാലാണ്' (15:10). എന്റെ നന്മ കാരണമായി പല വെളിപാടുകളും ഞാൻ അവനു നൽകും. എന്നാൽ ആ വെളിപാടുകളുടെ മാഹാത്മ്യംമൂലം അവൻ മതിമറന്ന് ആഹ്ലാദിക്കുകയില്ല (2 കൊറി. 12:7). ചെറുപ്പകാലത്ത് ക്രിസ്തുവിനെതിരായി ചെയ്ത തെററുകളെക്കുറിച്ചുള്ള ഓർമ്മ ആ ആത്മനിയന്ത്രണത്തിനു കാരണമായിരിക്കും.

## അധ്യായം 7

'സൂര്യൻ ഉദിക്കണം' എന്നാവശ്യപ്പെടുന്ന പ്രാർത്ഥനയെ സംബന്ധിച്ചിടത്തോളം ഇത്രയുമാണു പറയാനുള്ളത്: സൂര്യനും കുറെ സ്വതന്ത്രമനസൊക്കെയുണ്ട്. സൂര്യനും ചന്ദ്രനും എല്ലാം ദൈവത്തെ സ്തുതിക്കുന്നുണ്ടല്ലോ, ''സൂര്യചന്ദ്രന്മാരേ, കർത്താവിനെ സ്തുതിക്കുവിൻ'' എന്നു വി. ലിഖിതം പറയുന്നു. ഈ വസ്തുത ചന്ദ്രനെയും നക്ഷത്രങ്ങളെയും സംബന്ധിച്ച ശരി തന്നെ. ''മിന്നിത്തിളങ്ങുന്ന സർവ്വനക്ഷത്രങ്ങളേ, അവനെ സ്തുതിക്കുക'' (സങ്കീ. 148:3). ഓരോ മനുഷ്യന്റെയും സ്വതന്ത്രമനസിനെ ദൈവം ഉപയോഗപ്പെടുത്തുന്നു എന്നു നാം പറഞ്ഞല്ലോ. ഏതെങ്കിലും ഒരു ലക്ഷ്യത്തിനുവേണ്ടി സ്വതന്ത്രമനസുകളെ ക്രമീകരിക്കുകയാണ് അവിടുന്ന് ചെയ്യുന്നത്. ഭൂമിയിലുള്ള ഓരോരോ സ്ഥിതിവിശേ



ഷങ്ങളുടെ ആവശ്യമനുസരിച്ച് അവിടുന്ന് അവയെ ക്രമീകരിക്കുന്നു. അതുപോലെ, സൂര്യചന്ദ്രന്മാരുടെയും നക്ഷത്രങ്ങളുടെയും പരസ്പരയോജിപ്പും ഉറപ്പും ഉള്ള സ്വതന്ത്രമനസുവഴി ആകാശത്തിന്റെ സംവിധാനം മുഴുവൻ അവിടുന്നു ക്രമീകരിച്ചിരിക്കുന്നു എന്നു നമുക്ക പറയാം. പ്രപഞ്ചത്തിനു മുഴുവൻ യുക്തമാകും വിധം നക്ഷത്രങ്ങളുടെ എല്ലാ നീക്കങ്ങളെയും ചലനങ്ങളെയും അവിടുന്നു ക്രമീകരിച്ചിരിക്കുന്നു. മറെറാരു മനുഷ്യന്റെ സ്വതന്ത്രമനസ്സിൽ അധിഷ്ഠിതമായ കാര്യങ്ങൾക്കു വിഘാതമാകാത്ത വിധമാണെന്റെ പ്രാർത്ഥനയെങ്കിൽ അതിനു തകരാറുണ്ടാകാൻ നിവൃത്തിയില്ലെങ്കിൽ, പ്രപഞ്ചത്തിന്റെ നൻമയ്ക്കുവേണ്ടി ആകാശവിതാനത്തിൽ നൃത്തം ചെയ്യുന്ന നക്ഷത്രങ്ങളുടെ സ്വതന്ത്രമനസ്സിനനുഗുണമായ വിധത്തിലാണു ഞാൻ പ്രാർത്ഥന സമർപ്പിക്കുന്നതെങ്കിൽ അതിന്റെ വിജയസാദ്ധ്യത വളരെയധികമാണ്. ഒരു കാര്യംകൂടെ; ഭൂമിയിലെ നിവാസികളായ നമ്മെ സംബന്ധിച്ചിടത്തോളം നമുക്കു ചുററുമുള്ള പ്രാപഞ്ചിക പ്രതിഭാസങ്ങൾ നമ്മിൽ പല പ്രതികരണങ്ങൾ ഉളവാക്കുന്നുണ്ട്. ഏതെങ്കിലും ഒരു കാര്യം പറയുകയോ ചെയ്യുകയോ ചെയ്യുന്നതിന് ആ പ്രതികരണങ്ങൾ നമ്മുടെ ദൗർബല്യങ്ങളെയോ നമുക്ക് നൻമയോടുള്ള ആഭിമുഖ്യത്തെയോ പ്രേരിപ്പിക്കുന്നു. എന്നാൽ ആകാശഗോളങ്ങൾക്കു ബാധകമായി ഇത്തരം പ്രേരണകളൊന്നുമില്ല. അവ പ്രപഞ്ചത്തിനു വളരെയേറെ ഉപകാരം ചെയ്യുന്നവയാണല്ലോ. യുക്തിബോധത്താൽ കരുത്താർന്ന ആത്മാക്കളാണവയ്ക്കുള്ളത്. മററു പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ പ്രേരണയിൽ നിന്ന് അവ വിമുക്തവുമാണ്. അത്രയേറെ ശുദ്ധീകൃതവും ലോകാതീതവുമായ ശരീരങ്ങളോടുകൂടിയ അവയെ സ്വന്തം സഞ്ചാരപഥങ്ങളിൽനിന്നു വ്യതിചലിപ്പിക്കുവാൻ എന്തിനാണു കഴിയുക ?

## അധ്യായം 8

### പ്രാർത്ഥനയുടെ പ്രയോജനം

1. ആളുകളെ പ്രാർത്ഥിക്കാൻ പ്രേരിപ്പിക്കുന്നതിനും പ്രാർത്ഥനയുടെ കാര്യത്തിൽ അവർക്ക് ഉപേക്ഷ ഉണ്ടാകാതിരിക്കാനും വേണ്ടി താഴെ കൊടുക്കാൻ പോകുന്നതുപോലുള്ള ചില ഉദാഹരണങ്ങൾ എടുത്തു പറയുന്നത് അസംഗതമാവുകയില്ല. ഒരു സ്ത്രീയുടെയും ഉത്പാദനകർമ്മത്തിന്റെയും സഹായം കൂടാതെ ഒരാൾക്കും സന്താനങ്ങളെ ലഭിക്കാൻ സാദ്ധ്യമല്ല. അതുപോലെ, പ്രാർത്ഥനവഴി ഓരോ കാര്യങ്ങൾ സാധിക്കുന്നതിനും ചില ഉപാധികളുണ്ട്. പ്രാർത്ഥിക്കുന്നയാൾക്ക് സവിശേഷമായ ചില മനോഭാവങ്ങളും വിശ്വാസങ്ങളും ഉണ്ടായിരിക്കണം. അയാൾ ചില പ്രത്യേക സമ്പ്രദായങ്ങളിലൊക്കെ ജീവിച്ചിരിക്കേണ്ടതുമുണ്ട്. വെറുതെ

www.malankaralibrary.com



വാക്കുകൾ കൊണ്ട് ഓരോന്നു പറഞ്ഞാൽപ്പോരാ. നിസ്സാരമോ കേവലം ഭൗതികമോ ആയ കാര്യങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചാൽ ശരിയാവുകയില്ല. കോപത്തോടു കൂടിയോ മനസ്സിനെ മഥിക്കുന്ന മൽസരഭാവത്തോടുകൂടിയോ ആയിരിക്കരുത് പ്രാർത്ഥിക്കുന്നത് (മത്താ. 6:7 ; 1 തിമോ. 2:8). ഹൃദയശുദ്ധിയില്ലാത്തവൻ പ്രാർത്ഥനയ്ക്കായി മെനക്കെട്ടിട്ടും കാര്യമില്ല. തന്നോട് അപരാധം ചെയ്തിട്ട് മാപ്പപേക്ഷിച്ച ഒരുവനോട് ഹൃദയപൂർവ്വം ക്ഷമിക്കാത്ത ഒരാൾ സ്വന്തം പാപങ്ങളുടെ മോചനത്തിനായി പ്രാർത്ഥിച്ചാൽ ആ പ്രാർത്ഥന ഫലിക്കാൻ പോകുന്നില്ല (മത്താ. 6:12).

2. വേണ്ടവിധത്തിൽ, അഥവാ, തന്റെ കഴിവനുസരിച്ച് ഉത്തമമായ വിധത്തിൽ പ്രാർത്ഥിക്കുന്ന ഒരാൾക്ക് പലതരത്തിലുള്ള നൻമകൾ ലഭിക്കും എന്നാണ് ഞാൻ വിചാരിക്കുന്നത്. ഒന്നാമതായി, പ്രാർത്ഥനയ്ക്കായി മനസ്സിനെ സജ്ജമാക്കുന്നതുകൊണ്ടു തന്നെ ചില നൻമകൾ കൈവരുന്നു. പ്രാർത്ഥിക്കുന്ന ആ മനോഭാവത്താൽത്തന്നെ അയാൾ സ്വയം ദൈവസന്നിധിയിൽ സമർപ്പിക്കുകയാണെന്നും ദൈവസന്നിധിയിൽ സന്നിഹിതനായി അവിടുത്തോടു സംഭാഷിക്കയാണെന്നും വ്യക്തമാകുന്നുണ്ടല്ലോ. താൻ ദൈവസന്നിധിയിലാണെന്നും അവിടുത്തെ ദൃഷ്ടികൾ തന്റെ മേലുണ്ടെന്നും അവനു ബോദ്ധ്യമുണ്ട്. നമ്മുടെ ഓർമ്മയിൽ വരുന്ന ചില രംഗങ്ങളും സംഭവങ്ങളും നമ്മുടെ മനസ്സിനെ മലിനമാക്കുമല്ലോ. അതുപോലെ തന്നെ നമ്മുടെ വിശ്വാസത്തിന്റെ വിഷയവും നമ്മുടെ ആത്മാവിന്റെ ഏററവും രഹസ്യമായ ചലനങ്ങളെപ്പോലും അറിയുന്നവനുമായ ദൈവത്തെക്കുറിച്ചുള്ള വിചാരം നമ്മുടെ മനസ്സിനെ പവിത്രീകരിക്കുമെന്നും നാം മനസ്സിലാക്കണം. മനുഷ്യരുടെ സകല ഹൃദയഭാവങ്ങളെയും പരിശോധിച്ചറിയുന്നവനും (സങ്കീ. 7:10) ഭാവിയിൽ മനസ്സിലുണ്ടാകാൻ പോകുന്ന വിചാരങ്ങളെപ്പോലും കണ്ടറിയുന്നവനുമായ ദൈവത്തിന്റെ മുമ്പിൽ പ്രാത്ഥനാപൂർവ്വം സമാഗതനാകുന്ന ആത്മാവ് അവിടുത്തെ പ്രസാദിപ്പിക്കുന്നതിനുള്ള സന്നദ്ധത വ്യക്തമാക്കുകയാണ് ചെയ്യുന്നത്. പ്രാർത്ഥിക്കുന്നതിനായി തന്റെ മനസ്സിനെ സന്നദ്ധമാക്കുന്ന മനുഷ്യന് മറെറാരു നൻമയും കൈവരുന്നില്ല എന്നു നാം സങ്കൽപിച്ചാൽപോലും ഇപ്രകാരം ദൈവസന്നിധിയിൽ സ്വയം സമർപ്പിക്കുന്നതുമൂലം അവനുണ്ടാകാവുന്ന നൻമ നിസാരമല്ല എന്നു നാം മനസ്സിലാക്കണം. പ്രാർത്ഥനയ്ക്കായി സ്വയം സമർപ്പിക്കുന്നവർ നിരന്തരമായ ആ പരിശീലനം കൊണ്ടുതന്നെ അസംഖ്യം പാപങ്ങളിൽ നിന്നു രക്ഷപെടുന്നുവെന്നും അനവധി സത്കൃത്യങ്ങൾ ചെയ്യാൻ സാധിക്കുന്നുവെന്നും അനുഭവത്തിൽ നിന്നറിയുന്നു. വിജ്ഞാനത്തിലുറച്ച പ്രശസ്തനായ ഒരു മനുഷ്യനെക്കുറിച്ചുള്ള അനുസ്മരണ അദ്ദേഹത്തെ അനുകരിക്കാനും പലപ്പോഴും തെററായ മാനസികാവേശങ്ങളിൽ നിന്നു രക്ഷപെടാനും നമുക്കു സഹായകമാകുന്നു. ആ സ്ഥിതിക്ക്, എല്ലാവരുടെയും പിതാവായ ദൈവത്തെക്കുറിച്ചുള്ള ഓർമ്മയും അവിടുത്തോടുള്ള പ്രാർത്ഥനയും നമുക്ക് എത്രയേറെ



അനുഗ്രഹദായകമായിരിക്കും ! നേരെ മുമ്പിൽ സന്നിഹിതനായിരിക്കുകയും തന്റെ വാക്കുകൾ ശ്രവിക്കുകയും ചെയ്യുന്ന ദൈവത്തോടു സംസാരിക്കുകയാണ് എന്ന ബോദ്ധ്യം നമുക്കുണ്ടായിരിക്കണമെന്നുമാത്രം.

## അധ്യായം 9

മുൻ പ്രസ്താവിച്ചകാര്യങ്ങൾ ഇനി വി. ലിഖിത പ്രസ്താവങ്ങൾ കൊണ്ട സമത്ഥിക്കേണ്ടിയിരിക്കുന്നു: ''പ്രാർത്ഥിക്കുന്നവർ എപ്പോഴും കോപമോ കലഹമോ കൂടാതെ തങ്ങളുടെ പവിത്രമായ കരങ്ങൾ ഉയർത്തി പ്രാർത്ഥിക്കണം.'' ''തനിക്കെതിരായി ആരെങ്കിലും ചെയ്തിട്ടുള്ള എല്ലാ അപരാധങ്ങളും ക്ഷമിച്ചിരിക്കണം'' ആത്മാവിൽ നിന്നു കോപമെന്ന വികാരത്തെ നിർമ്മാർജ്ജനം ചെയ്തിരിക്കണം. ആരെക്കുറിച്ചും രോഷമുണ്ടായിരിക്കരുത്.[10] മറെറാരു കാര്യം: പ്രാർത്ഥിക്കുന്ന സമയത്ത് നമ്മുടെ മനസ്സുകൾ മററുകാര്യങ്ങളെക്കുറിച്ചുള്ള ചിന്തകളാൽ ആകുലമാകാതിരിക്കുന്നതിനുവേണ്ടി അന്യവിഷയങ്ങളെയെല്ലാം മനസ്സിൽ നിന്നു ബഹിഷ്ക്കരിക്കണം. അതുതന്നെ വളരെ സന്തോഷകരമായ ഒരവസ്തയല്ലേ? വി. പൗലോസ് തിമോത്തിക്കുള്ള ഒന്നാം ലേഖനത്തിൽ, ''അതിനാൽ, പുരുഷൻമാർ കോപമോ കലഹമോ കൂടാതെ തങ്ങളുടെ പവിത്രമായ കരങ്ങൾ ഉയർത്തിക്കൊണ്ടു പ്രാർത്ഥിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു'' എന്നു പറയുമ്പോൾ നമ്മെ ഉദ്ബോധിപ്പിക്കുന്ന കാര്യം ഇതുതന്നെയാണ് (2:8).

ഒരു സ്ത്രീ, അവൾ പ്രാർത്ഥിക്കുമ്പോൾ പ്രത്യേകിച്ചും, ശരീരത്തിലും ആത്മാവിലും വിനയവും മര്യാദയും ഉള്ളവളായിരിക്കണം. ദൈവത്തോടുള്ള ആദരം പ്രകടിപ്പിക്കാനായി പ്രാർത്ഥിക്കുമ്പോൾ ഈ ശ്രദ്ധ സവിശേഷമായും ഉണ്ടായിരിക്കണം. അനിയന്ത്രിതവും സ്ത്രീസഹജവുമായ സകലചിന്തകളെയും അവൾ മനസ്സിൽ നിന്നു നിഷ്ക്കാസനം ചെയ്യണം. ''അവൾ പിന്നിയ മുടിയോ സ്വർണ്ണമോ രത്നങ്ങളോ വിലയേറിയ ഉടയാടകളോ അണിഞ്ഞ് തന്നെത്തന്നെ അലങ്കരിക്കരുത്. ദൈവഭയമുള്ള സ്ത്രീക്കുചിതമായവിധം അവൾ അലംകൃതയായിരിക്കണം (1 തിമോ. 2:9f). ഇവ്വിധം പ്രാർത്ഥനയ്ക്കു സ്വയം സജ്ജീകൃതയാകുമ്പോൾ അതിൽത്തന്നെ അവൾക്ക് ആനന്ദം ലഭിക്കും എന്നതിനെക്കുറിച്ച് ആർക്കെങ്കിലും സംശയമുണ്ടാകുമെന്ന് എനിക്കു തോന്നുന്നില്ല.

2. പ്രാർത്ഥിക്കുന്ന വിശുദ്ധന് വേറെയും പല നന്മകൾ സിദ്ധിക്കുന്നു എന്ന് പ്രവാചകനായ ദാവീദ് പറയുന്നു. ഇവിടെ അക്കാര്യങ്ങൾ പരാമർശിക്കുന്നതു തികച്ചും പ്രസക്തമായിരിക്കും. ദൈവത്തിനായി

10 1 തിമോ. 2:8; മത്താ. 6:12f; മർക്കോ. 11:25f; ലൂ., 11:4

www.malankaralibrary.com



സ്വയം സമർപ്പിച്ചവന് പ്രാർത്ഥനയ്ക്കായിട്ടുള്ള മനോഭാവവും സജ്ജീകരണവും അവനിൽത്തന്നെ പരിഗണിക്കുമ്പോൾ എത്രയോ വലുതായ മേന്മകളാണു നൽകുന്നതെന്നു അവയിൽനിന്നു മനസ്സിലാക്കാം. അദ്ദേഹം പറയുന്നു: 'സ്വർഗത്തിൽ വസിക്കുന്നവനേ, അങ്ങേ പക്കലേയ്ക്ക് എന്റെ കണ്ണുകൾ ഞാനുയർത്തി' (സങ്കീ. 123:1). 'കർത്താവേ, നിന്നിലേയ്ക്കു ഞാൻ എന്റെ ആത്മാവിനെ ഉയർത്തുന്നു' (25:1). ആത്മാവിന്റെ നയനങ്ങൾ ഭൗമികവസ്തുക്കളുമായി കെട്ടുപിണയുകയും പാദാർത്ഥിക വസ്തുക്കളുടെ പ്രതിബിംബങ്ങൾ അതിൽ നിറയുകയും ചെയ്യുന്ന അവസ്ഥ അവസാനിക്കുമ്പോഴാണ് അവ ദൈവസന്നിധിയിലേയ്ക്കുയരുന്നു എന്നു പറയാവുന്നത്. അങ്ങനെയുള്ള അവസ്ഥയിൽ നമ്മുടെ ആത്മാക്കൾ സൃഷ്ടവസ്തുക്കളെ നിസ്സാരമായി തള്ളുകയും തങ്ങളുടെ സ്വരം ശ്രവിക്കുന്ന ദൈവത്തെക്കുറിച്ചു മാത്രം ബഹുമാനപൂർവ്വം ചിന്തിക്കുകയും ചെയ്യുന്നു. 'കർത്താവിന്റെ മഹത്വം കണ്ണാടിയിലെന്നപോലെ, മൂടുപടമണിയാത്ത മുഖത്ത് പ്രതിഫലിക്കുന്ന നാമെല്ലാവരും അവിടുത്തെ സാദൃശ്യത്തിലേയ്ക്ക്, മഹത്വത്തിലേയ്ക്ക് രൂപാന്തരപ്പെടുന്നതു' കാണുന്ന കണ്ണുകൾ സത്യത്തിൽ വലുതായ നന്മ കൈവരിക്കുകതന്നെയാണു ചെയ്യുന്നത് (2 കൊറി. 3:18). അപ്പോൾ ദിവ്യമായ ഒരു ബൗദ്ധിക തത്വത്തിന്റെ പരിണതിയിൽ അവർ ഭാഗഭാക്കുകളാകുന്നു. 'കർത്താവേ, അവിടുത്തെ മുഖത്തിന്റെ ശോഭ ഞങ്ങളുടെ മേൽ മുദ്രിതമായിരിക്കുന്നു' എന്ന വി. ലിഖിതഭാഗത്തു നിന്ന് ഇതു വ്യക്തമാകുന്നുണ്ട് (സങ്കീ. 4:6). ഉന്നതങ്ങളിലേയ്ക്ക് ഉയർത്തപ്പെടുകയും ദൈവാത്മാവിനെ അനുഗമിക്കുകയും ചെയ്യുന്ന ആത്മാവ് വെറും മനുഷ്യാത്മാവെന്ന നിലവിട്ട് ദൈവികത്വം ഉള്ളതായിത്തീരുന്നു. ശാരീരിക ബന്ധത്തിൽനിന്നു വിമുക്തി നേടിയ ആ ആത്മാവ് ദൈവാത്മാവിനെ അനുഗമിക്കുക മാത്രമല്ല. ദൈവാത്മാവിൽ ജീവിക്കുകയും ചെയ്യുന്നു. 'കർത്താവേ, നിന്നിലേക്ക് എന്റെ ആത്മാവിനെ ഞാൻ ഉയർത്തി' എന്ന സങ്കീർത്തന വാക്യം ഇക്കാര്യം വ്യക്തമാക്കുന്നുണ്ട് (25:1).

3. സുകൃതങ്ങളിൽ ഏററവും മാഹാത്മ്യമുള്ളതു മാപ്പുനൽകലാണല്ലോ. ജെറമിയാ ദീർഘദർശി ഇങ്ങനെ പറയുന്നു: 'ഞാൻ നിങ്ങളുടെ പിതാക്കൻമാരെ ഈജിപ്തുദ്ദേശത്തുനിന്ന് ആനയിച്ച നാളിൽ അവരോടു ഹോമബലികളെക്കുറിച്ചും യാഗബലികളെക്കുറിച്ചും സംസാരിക്കുകയോ കല്പന നൽകുകയോ ചെയ്തിട്ടില്ല. എന്നാൽ ഞാൻ അവർക്ക് ഈ കല്പന നൽകി. നിങ്ങൾ അയൽക്കാരനോട് ഹൃദയപൂർവ്വം ക്ഷമിക്കുക.[11] അതിനാൽ തിന്മയെക്കുറിച്ചുള്ള ഓർമ്മകൾ പിൻതള്ളിക്കൊണ്ട്. പ്രാർത്ഥനയ്ക്ക് അണയുമ്പോൾ നമ്മുടെ രക്ഷകന്റെ ഈ വാക്കുകൾ അനുസരിച്ച് നാം പ്രവർത്തിക്കണം. ''നിങ്ങൾ പ്രാർത്ഥിക്കാൻ നില്ക്കുമ്പോൾ ആരോടെങ്കിലും വല്ല വിരോധവും നിങ്ങൾക്ക് ഉണ്ടെങ്കിൽ അതു ക്ഷമിക്കണം''

11. ജറ. 7:22f സക്കറിയാ 7: 10.



(മർക്കോ. 11:25). അതിനാൽ ഈ വിധത്തിൽ നാം പ്രാർത്ഥിക്കാൻ തയ്യാറെടുത്തിട്ടുണ്ടെങ്കിൽത്തന്നെ വളരെ വിശിഷ്ടമായ നന്മകൾ നമുക്കു ലഭിച്ചു കഴിഞ്ഞിരിക്കുന്നു.

## അധ്യായം 10

പ്രാർത്ഥനയുടെ ഫലമായി ഒരു കാര്യവും സാധിച്ചില്ലെങ്കിലും എങ്ങനെ പ്രാർത്ഥിക്കണമെന്നു മനസ്സിലാക്കുകയും പ്രാർത്ഥിക്കുന്നതിനായി നമ്മെത്തന്നെ സജ്ജീകരിക്കുകയും ചെയ്യുന്നതു മൂലം ഏററവും മഹനീയമായ നേട്ടങ്ങൾ നമുക്കു കൈവരുന്നു എന്നാണിതുവരെ പറഞ്ഞത്. അപ്രകാരം പ്രാർത്ഥിക്കുന്നയാൾ സംസാരിക്കുകയും തന്റെ പ്രാർത്ഥന ശ്രവിക്കുന്നവനായ കർത്താവിന്റെ ശക്തിയെക്കുറിച്ചു ധ്യാനിക്കുകയും ചെയ്യുമ്പോൾത്തന്നെ 'ഇതാ, ഞാനിവിടെയുണ്ട്'' എന്ന വാക്കുകൾ കേൾക്കും എന്നു നിശ്ചയമാണ് (ഏശാ. 58:9)} ദൈവികപരിപാലനയെ സംബന്ധിച്ച അസംതൃപ്തികളെല്ലാം പ്രാർത്ഥനയ്ക്കു മുമ്പായിത്തന്നെ അയാൾ വിട്ടുപേക്ഷിച്ചിരിക്കും. 'നീ നിന്റെ ഇടയിൽ നിന്ന് നുകവും വിരൽ ചൂണ്ടലും ദുർഭാഷണവും നീക്കിക്കളഞ്ഞാൽ' എന്ന ദൈവ വചനഭാഗത്തുനിന്ന് ഇക്കാര്യം വ്യക്തമാകുന്നുണ്ട് (ഏശാ. 58:9). സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ചെല്ലാം സംതൃപ്തനായിട്ടുള്ളവൻ എല്ലാ നുകങ്ങളിൽ നിന്നും വിമുക്തനാകുന്നു. അവൻ, നമ്മുടെ പരിശീലനത്തിനുവേണ്ടി തന്റെ അഭീഷ്ടമനുസരിച്ചു കാര്യങ്ങൾ ക്രമീകരിക്കുന്ന ദൈവത്തിന്റെ നേരേ വിരൽ ചൂണ്ടുന്നില്ല. അവൻ മനുഷ്യർ കേൾക്കാത്ത വിധത്തിൽ രഹസ്യമായിട്ടുപോലും തന്റെ ക്ലേശങ്ങളെക്കുറിച്ച് മുറുമുറുക്കുകയില്ല. ദുസ്വഭാവമുള്ള ദാസൻമാർ അവരുടെ യജമാനൻമാരുടെ കല്പനകളെക്കുറിച്ച് രഹസ്യത്തിൽ മുറുമുറുക്കും. അതുപോലെതന്നെയാണ് ദൈവഹിതമനുസരിച്ചു സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ചു ചില മനുഷ്യരുടെ മുറുമുറുപ്പും. അവർ ഉയർന്ന സ്വരത്തിലോ മുഴുഹൃദയത്തോടുകൂടിയോ കുററം പറയാൻ ധൈര്യപ്പെടുന്നില്ല. അവരുടെ പിറുപിറുക്കലിനെക്കുറിച്ചു ദൈവം അറിയുകയില്ലെന്ന് അവർ പ്രതീക്ഷിക്കുന്നതുപോലെ തോന്നും. ജോബിന്റെപുസ്തകത്തിലെ താഴെക്കൊടുക്കുന്ന ഉദ്ധരണം ഈ വിഷയമാണു പരാമർശിക്കുന്നത് എന്നെനിക്കു തോന്നുന്നു: 'ഇതിലൊന്നും ജോബ് തന്റെ അധരങ്ങൾകൊണ്ട് ദൈവത്തിനെതിരായി പാപം ചെയ്തില്ല' (2:10). അതിനുമുമ്പുള്ള പരീക്ഷണത്തെ സംബന്ധിച്ച് 'തനിക്കു സംഭവിച്ച ഇക്കാര്യങ്ങളിലൊന്നും ജോബ് ദൈവസന്നിധിയിൽ പാപം ചെയ്തില്ല" (1:22). ഇപ്രകാരമുള്ള പിറുപിറുക്കലുകൾ ഉണ്ടാകരുതെന്ന് കല്പിക്കുന്ന വചനം ആവർത്തനപ്പുസ്തകത്തിലും നാം കാണുന്നു: 'രഹസ്യമായ ചില വാക്കുകൾ നിന്റെ ഹൃദയത്തിലേക്ക് ഒളിച്ചുകടന്നുവരുകയും 'ഏഴാം

www.malankaralibrary.com



വൽസരം സമീപിച്ചിരിക്കുന്നു'....എന്നു തുടങ്ങിയ കാര്യങ്ങൾ നീ പറയുകയും ചെയ്യാൻ ഇടവരാതിരിക്കട്ടെ' (15:9).

### ക്രിസ്തു നമ്മോടൊത്ത് പ്രാർത്ഥിക്കുന്നു

2. മുകളിൽ പറഞ്ഞവിധത്തിൽ പ്രാർത്ഥിക്കുകയും അതിന്റേതായ നന്മകൾ നേടുകയും ചെയ്ത ഒരാൾ കർത്താവിന്റെ അരൂപിയോടു ചേരുന്നതിന് കൂടുതൽ യോഗ്യനായിത്തീരുന്നു. തന്റെ ശക്തിയാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനാണു കർത്താവ്. പ്രവാചകന്റെ വാക്കുകളിലൂടെ അവിടുന്നു നമ്മോടു ചോദിക്കുന്നു: 'ഞാൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നില്ലേ?' (ജറ. 23:24). എന്നുമാത്രമല്ല, മുകളിൽ പറഞ്ഞ വിധത്തിലുള്ള ശുദ്ധീകരണത്തിന്റെ ഫലമായി 'ദൈവവചന'ത്തിന്റെ പ്രാർത്ഥനയിൽ അയാൾ പങ്കാളിയായിത്തീരുകയും ചെയ്യുന്നു. തന്റെ സാന്നിദ്ധ്യത്തെക്കുറിച്ചു ബോധവാൻമാരല്ലാത്തവരുടെ മദ്ധ്യത്തിലും നിലകൊള്ളുന്നവനാണ് ആ ദൈവവചനം. മററാരുടെയും പ്രാർത്ഥന തനിക്കാവശ്യമില്ല; താൻ ആർക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നുവോ അയാൾക്കൊപ്പം പിതാവായ ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു ആ ദൈവപുത്രൻ നമ്മുടെ ബലിയർപ്പണങ്ങളിലെ ഉന്നത പുരോഹിതനും പിതാവിൻ പക്കൽ നമ്മുടെ അഭിഭാഷകനും ആകുന്നു. അവിടുന്നു പ്രാർത്ഥിക്കുന്നവരോടൊപ്പം പ്രാത്ഥിക്കുകയും വാദിക്കുന്നവരോടൊപ്പം വാദിക്കുകയും ചെയ്യുന്നു. തന്റെ മാദ്ധ്യസ്ഥ്യത്തിൽ നാം നിരന്തരമായി പ്രാർത്ഥിക്കുകയില്ലെങ്കിൽ സ്നേഹിതൻമാർക്കുവേണ്ടി എന്ന വിധത്തിൽ അവിടുന്നു നമുക്കുവേണ്ടി പ്രാർത്ഥിക്കുകയില്ല. നിരാശരാകാതെ നിരന്തരം പ്രാർത്ഥിക്കണം എന്ന തന്റെ അധ്യാപനം നാം അനുസരിക്കുകയില്ലെങ്കിൽ അനുയായികളായ നമുക്കുവേണ്ടി അവിടുന്നു പിതാവിൻ പക്കൽ വാദിക്കുകയില്ല. നിരാശപ്പെടാതെ നാം നിരന്തരം പ്രാത്ഥിക്കണം എന്നുദ് ബോധിപ്പിക്കുന്ന ഒരുപമ അവിടുന്നു പറഞ്ഞതായി സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. ഒരു പട്ടണത്തിൽ ഒരു ന്യായാധിപനുണ്ടായിരുന്നു എന്നുതുടങ്ങുന്ന ഉപമ (ലൂക്കാ 18:1f). വേറൊരിടത്ത് അവിടുത്തെ വാക്ക് സുവിശേഷകൻ ഇങ്ങനെ രേഖപ്പെടുത്തുന്നു: 'നിങ്ങളിൽ ഒരാൾക്ക് ഒരു സ്നേഹിതൻ ഉണ്ടെന്നിരിക്കട്ടെ പാതിരായ്ക്ക് അയാളുടെ അടുക്കൽ ചെന്ന് ഇങ്ങനെ പറയുന്നു എന്നു കരുതുക: 'സ്നേഹിതാ, എനിക്ക് മൂന്ന് അപ്പം തരുക. എന്റെ ഒരു സ്നേഹിതൻ യാത്രാമദ്ധ്യേ വന്നുചേർന്നിരിക്കുന്നു. അയാൾക്കു വിളമ്പാൻ എനിക്കൊന്നുമില്ല' (ലൂ. 11:5f). അല്പം കഴിഞ്ഞ്: 'ഞാൻ നിങ്ങളോടു പറയുന്നു; താൻ അയാളുടെ സ്നേഹിതനാണെന്നു വച്ച് അയാൾ എഴുന്നേല്ക്കുകയോ എന്തെങ്കിലും കൊടുക്കുകയോ ഇല്ലെങ്കിലും അയാളുടെ നിർബന്ധം നിമിത്തം എഴുന്നേററ് അയാൾക്ക് ആവശ്യമുള്ളതു കൊടുക്കും' (11:8). യേശു പറയുന്നു: ചോദിക്കുക, നിങ്ങൾക്കു നൽകപ്പെടും....കാരണം ചോദിക്കുന്നവനു ലഭിക്കുന്നു' (11:9). പിഴവു



പററാത്ത അവിടുത്തെ വചനങ്ങളിൽ വിശ്വാസമുള്ള ഏതൊരുത്തനാണ് മടികൂടാതെ പ്രാർത്ഥനയിലേയ്ക്കു തിരിയാതിരിക്കുക? നാം ആവശ്യപ്പെടുകയാണെങ്കിൽ നല്ലവനായ പിതാവ് 'ജീവന്റെ അപ്പം' നമുക്കു തരും. (ശത്രു യേശുവിനും ശിഷ്യൻമാർക്കും ഭക്ഷണമായി നൽകിയ കല്ലല്ല പിതാവായ ദൈവം തരുന്നത്). 'പുത്രസ്വീകരണത്തിന്റെ ചൈതന്യമാണല്ലോ പിതാവായ ദൈവത്തിൽനിന്നു നാം സ്വീകരിച്ചിട്ടുള്ളത്.' 'പിതാവു മക്കൾക്ക് നല്ല ദാനങ്ങൾ നൽകുന്നു; പ്രാർത്ഥിക്കുന്നവരുടെ മേൽ സ്വർഗത്തിൽനിന്ന് അനുഗ്രഹമാരി പൊഴിക്കുന്നു.'

## അധ്യായം 11

### മാലാഖമാരും വിശുദ്ധരും നമ്മോടൊത്തു പ്രാർത്ഥിക്കുന്നു

യഥാർത്ഥമായി പ്രാർത്ഥിക്കുന്നവരോടൊത്തു ചേർന്നു പ്രാർത്ഥിക്കുന്നത് ഉന്നത പുരോഹിതനായ ക്രിസ്തു മാത്രമല്ല; മാലാഖമാരും അവരോടൊപ്പം പ്രാർത്ഥിക്കും. ''അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂററൊമ്പതു നീതിമാൻമാരെക്കുറിച്ച് എന്നതിലധികമായി അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ സന്തോഷിക്കുന്നവരാണല്ലോ മാലാഖമാർ. മരിച്ചുപോയ പുണ്യവാൻമാരുടെ ആത്മാക്കളും പ്രാർത്ഥനയിൽ നമ്മോടു സഹകരിക്കും. റഫായേൽ ദൈവദൂതൻ തോബിയാസിനും സാറായ്ക്കുംവേണ്ടി ദൈവത്തിന് യുക്തിസംഗതമായ ഒരു ബലിസമർപ്പിക്കുന്ന സംഭവത്തിൽനിന്ന് ഇക്കാര്യം വ്യക്തമാകുന്നുണ്ട് (തോബി. 12:12). അവർ പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ ''അവർ രണ്ട് പേരുടെയും പ്രാർത്ഥന ശ്രേഷ്ഠനായ റഫായേലിന്റെ സാന്നിദ്ധ്യത്തിൽത്തന്നെ സ്വീകരിക്കപ്പെടുകയും അവരെ രണ്ടുപേരെയും സുഖപ്പെടുത്തുന്നതിന് റഫായേൽ അയയ്ക്കപ്പെടുകയും ചെയ്തു'' എന്നു വി. ലിഖിതം പറയുന്നു (3:24). റഫായേൽതന്നെ ദൈവദൂതൻ എന്ന നിലയിൽ ഏൽപിക്കപ്പെട്ട ദൗത്യത്തെക്കുറിച്ചു സംസാരിക്കവേ ഇങ്ങനെ പറയുന്നു: ''നീയും നിന്റെ മരുമകൾ സാറായും പ്രാർത്ഥിക്കവേ, നിങ്ങളുടെ പ്രാർത്ഥന പരിശുദ്ധനായവന്റെ മുമ്പാകെ ഞാൻ ഓർമ്മിപ്പിച്ചു (12:12). അൽപം കൂടെ കഴിഞ്ഞിട്ട്: ''ഞാൻ റഫായേലാണ്; വിശുദ്ധരുടെ പ്രാർത്ഥനകൾ ദൈവതിരുമുമ്പാകെ എത്തിക്കയും പരിശുദ്ധനായവന്റെ മഹനീയ സന്നിധിയിൽ പ്രവേശിക്കയും ചെയ്യുന്നവരായ ഏഴു പരിശുദ്ധമാലാഖമാരിൽ ഒരുവൻ'' (12;15). റഫായേലിന്റെ വാക്കനുസരിച്ച്, ''ഉപവാസം, ദാനധർമ്മം, നീതി എന്നിവയോടു ചേരുമ്പോൾ പ്രാർത്ഥന സമുചിതമാണ്'' (12:8). മക്കബായരുടെ പുസ്തകത്തിൽ പ്രത്യക്ഷപ്പെടുന്ന യെറമ്യാ പ്രവാചകനെക്കുറിച്ച് ഇങ്ങനെ പറയപ്പെട്ടിരിക്കുന്നു: ''നരച്ചമുടിയും പ്രൗഢിയും മഹനീയ പ്രഭാവവും ആജ്ഞാശക്തിയുംകൊണ്ടു ശ്രദ്ധേയനായ

www.malankaralibrary.com



ഒരു മനുഷ്യനും പ്രത്യക്ഷനായി. അദ്ദേഹം വലത്തുകൈ നീട്ടി യൂദായ്ക്ക് ഒരു സ്വർണ്ണവാൾ കൊടുത്തു'' (2 മക്ക. 15:13–15). ദിവംഗതനായ മറെറാരു പുണ്യ ചരിതൻ അദ്ദേഹത്തെക്കുറിച്ചു സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: ''തന്റെ സഹോദരരെ സ്നേഹിക്കുന്നവനും ജനത്തിനും വിശുദ്ധ നഗരത്തിനുംവേണ്ടി ഏറെ പ്രാർത്ഥിക്കുന്നവനുമായ ഒരു മനുഷ്യനാണ് ഇത്; ദൈവത്തിന്റെ പ്രവാചകനായ യെറമ്യാ'' (15:14).

2. വിശുദ്ധർക്കു വിജ്ഞാനം ഇപ്പോൾ ''കണ്ണാടിയിലൂടെ എന്നപോലെ അവ്യക്തമായി വെളിപ്പെടുത്തപ്പെടുന്നു. എന്നാൽ അപ്പോൾ മുഖത്തോടുമുഖം കാണാൻ സാധിക്കും'' (1കൊറി. 13:12). മറെറല്ലാ സുകൃതങ്ങളെയും കുറിച്ച് ഇതേ സാമ്യകൽപന ഉപയോഗിക്കുന്നതു യുക്തിയുക്തം തന്നെ ആയിരിക്കും. ഈ ലോകത്തിൽ പരിശീലിക്കപ്പെടുന്ന സുകൃതം സ്വർഗത്തിൽവച്ച് പൂർണ്ണമാക്കപ്പെടുന്നു. 'ദൈവവചന'ത്തിന്റെ വീക്ഷണത്തിൽ ഏററവും വിലപ്പെട്ട ഒരു സുകൃതം അയൽക്കാരനോടുള്ള സ്നേഹമാണല്ലോ (മത്താ. 5:43ff). മാനുഷിക ദൗർബല്യങ്ങൾക്കു വിധേയരും ബലഹീനരായ സ്വന്തം സഹോദരങ്ങൾക്കൊപ്പം ജീവിത സമരത്തിൽ വ്യാപൃതരുമായിട്ടുള്ള വിശുദ്ധർക്ക് സ്വന്തം സഹോദരങ്ങളോടു തോന്നുന്നതിനെക്കാൾ വളരെയധികമായ സ്നേഹം മരിച്ച് സ്വർഗ്ഗം പ്രാപിച്ച വിശുദ്ധമാർക്ക് സഹോദരങ്ങളായ നമ്മോടു തോന്നും എന്നു നമുക്കും വിശ്വസിക്കാം. ''ഒരവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു. ഒരവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും സന്തോഷിക്കുന്നു'' എന്നുള്ള വചനം (1 കൊറി. 12:26) ഈ ലോകത്തിൽ ജീവിച്ചിരിക്കുകയും സഹോദരങ്ങളെ സ്നേഹിക്കുകയും ചെയ്യുന്നവർക്ക് മാത്രം സംഗതമായിട്ടുള്ളതല്ല. ഇതേ വാക്യം ഈ ലോകത്തിലെ ജീവിതം പിന്നിട്ട് സ്വർഗ്ഗം പ്രാപിച്ച ആളുകളെ സംബന്ധിച്ചും വളരെ ശരിയായി തന്നെ പറയാം ''എല്ലാ സഭകളെയുംകുറിച്ചുള്ള ഉത്കണ്ഠ....ആരു ബലഹീനനാകുമ്പോഴാണ് ഞാൻ ബലഹീനനാകാതിരിക്കുന്നത് ? ആരു തെററു ചെയ്യുമ്പോഴാണ് എന്റെ ഹൃദയം കത്തിയെരിയാത്തത്''(2 കൊറി. 11:28f). ക്രിസ്തുതന്നെയും ഈ ആശയത്തോടു യോജിക്കുന്നുണ്ട്. രോഗിയായിരിക്കുന്ന ഓരോ സഹോദരനോടുമൊപ്പം താൻ രോഗിയാണെന്നും അവനോടൊപ്പം താൻ കാരാഗൃഹസ്ഥിതനും നഗ്നനും പരദേശിയും പൈദാഹങ്ങൾ സഹിക്കുന്നവനും ആണെന്നും അവിടുന്ന് അരുൾചെയ്യുന്നു (മത്താ. 25:35–40). തന്നിൽ വിശ്വസിക്കുന്നവർക്കുണ്ടാകുന്ന പീഡകൾ ക്രിസ്തുനാഥൻ സ്വന്തം പീഡകളായി കരുതുന്നു എന്നറിയാത്തവരായി സുവിശേഷം വായിക്കുന്നവരിൽ ആരാണുള്ളത് ?

3. ദൈവത്തിന്റെ മാലാഖമാർ യേശുവിന്റെ പക്കൽവന്ന് അവിടുത്തെ ശുശ്രൂഷിച്ചു എന്നു നാം മനസ്സിലാക്കുന്നുണ്ട്. ഈ ശുശ്രൂഷ ദൈവപുത്രൻ മനുഷ്യനായി നമ്മുടെയിടയിൽ ജീവിച്ച ആ അൽപകാലത്തേയ്ക്കു മാത്രമുള്ളതായിരുന്നില്ല എന്നും നമുക്കറിയാം. മേശയ്ക്കിരിക്കുന്നവനായിട്ടല്ല, ശുശ്രൂഷചെയ്യുന്നവനായിട്ടാണ് താൻ ജീവിച്ചത്. ചിതറിക്കപ്പെട്ടു വസിക്കുന്ന, ഭയപ്പെട്ട തന്നെ വിളിച്ചപേക്ഷിക്കുന്ന, ഇസ്രായേൽ മക്കളെ ഓരോരുത്തരായി ഒരുമിച്ചു ചേർക്കാൻ ആഗ്രഹിക്കുന്ന യേശുവിനെ ശുശ്രൂഷിക്കാൻ എത്ര ദൈവദൂതൻമാരുണ്ടായിരിക്കുമെന്നാണു നിങ്ങൾ കരുതുന്നത് ? സഭയുടെ വളർച്ചയ്ക്കും വികസനത്തിനുംവേണ്ടി അപ്പസ്തോലൻമാരുടെതിലധികമായ സംഭാവന അവർ നൽകുകയില്ലേ ? ചില മാലാഖമാർ സഭകൾക്കു മുകളിൽ നിലയുറപ്പിച്ചിരിക്കുന്നതായി വി. യോഹന്നാൻ വെളിപാടു പുസ്തകത്തിൽ പറയുന്നു. 12 ''ദൈവത്തിന്റെ ദൂതൻമാർ മനുഷ്യപുത്രന്റെ സന്നിധിയിലേക്കു ഇറങ്ങിവരുകയും കയറിപ്പോവുകയും ചെയ്യുന്നു.'' ''വിജ്ഞാനത്തിന്റെ വെളിച്ചത്താൽ പ്രകാശിതമായ കണ്ണുകൾക്ക് അവരെ കാണാൻ കഴിയും''. 13



4 പ്രാർത്ഥനയുടെ സമയത്തുതന്നെ പ്രാർത്ഥിക്കുന്നയാളിനാൽ മാലാഖമാർ തനിക്കാവശ്യമുള്ള കാര്യങ്ങളെക്കുറിച്ച് അനുസ്മരിപ്പിക്കപ്പെടുന്നു. മാലാഖമാർ തങ്ങൾക്കു ലഭിച്ചിട്ടുള്ള പൊതുവായ നിർദ്ദേശമനുസരിച്ചു പ്രാർത്ഥകനു വേണ്ടകാര്യങ്ങൾ നിർവ്വഹിച്ചു കൊടുക്കുന്നു. വിവക്ഷിതം കൂടുതൽ വിശദമാക്കാൻ ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കാം. വളരെ നീതിനിഷ്ഠനായ ഒരു വൈദ്യൻ ഒരു രോഗിയെ ചികിൽസിക്കുന്നു എന്നും രോഗി തന്റെ ആരോഗ്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്നുവെന്നും കരുതുക. ആ രോഗിക്ക് ആവശ്യമുള്ള ചികിൽസ എന്തെന്ന് വൈദ്യന് നന്നായിട്ടറിയാം. പ്രാർത്ഥിക്കുന്ന ആ രോഗിയുടെ രോഗം നീക്കുന്നതിനുള്ള ഒരു പ്രേരണ ആ വൈദ്യന് ഉണ്ടാകും എന്നു വ്യക്തമാണ്. എന്തെന്നാൽ അത് ദൈവഹിതമാണെന്ന് അയാൾ സകാരണം ചിന്തിക്കുന്നു. തന്റെ അസുഖം നീക്കണമേ എന്നുള്ള ആ രോഗിയുടെ പ്രാർത്ഥന ദൈവം കേൾക്കുന്നുണ്ടല്ലോ.

ഇനി വേറൊരാളുടെ കാര്യം പരിഗണിക്കുക. ജീവിതത്തിനാവശ്യമായ ഭൗതികവിഭവങ്ങൾ അയാൾ ആവശ്യത്തിലേറെ സമ്പാദിച്ചിട്ടുണ്ട്. തന്റെ ആവശ്യങ്ങൾക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുന്ന ഒരു പാവപ്പെട്ടവന്റെ അർത്ഥന അയാൾ കേൾക്കുന്നുവെന്നു വിചാരിക്കുക. അയാൾ ആ പാവപ്പെട്ടവന്റെ അർത്ഥനയനുസരിച്ചു പെരുമാറും. പിതാവായ ദൈവത്തിന്റെ അഭിലാഷം അനുസരിച്ചാണ് അയാൾ പ്രവർത്തിക്കുന്നത്. അവിടുന്ന് പ്രാർത്ഥനയുടെ സമയത്ത് പ്രാർത്ഥിക്കുന്നവനെയും പ്രാർത്ഥന സാധിച്ചു കൊടുക്കാൻ കഴിയുന്നവനെയും ഒരുമിച്ചു കൊണ്ടുവരുന്നു. ദൈവത്തിന്റെ ദയാ പൂർണ്ണമായ ദാനം പരിഗണിക്കുമ്പോൾ ആ ദരിദ്രന്റെ അർത്ഥന അവഗണിക്കാൻ ആ ധനികനു കഴിയുന്നില്ല.

12. വെളി. 1:20; 2:1. 8. 12. 18; 3: 1:7. 14.

13. യോഹ. 1:51; ഹോശിയ, 10:12.

www.malankaralibrary.com



5. അതിനാൽ ഇത്തരം കാര്യങ്ങൾ സംഭവിക്കുമ്പോൾ അവ കേവലം യാദൃച്ഛികമായി സംഭവിക്കുന്നു എന്നു നാം കരുതരുത്. മനുഷ്യരുടെ തലയിലെ രോമങ്ങളുടെ എണ്ണംപോലും അറിയുന്നവനാണല്ലോ പിതാവായ ദൈവം. അവിടുന്ന് പ്രാർത്ഥനയുടെ സമയത്ത് പ്രാർത്ഥിക്കുന്നവനെയും സഹായം ചെയ്യാൻ കഴിവുള്ളവനെയും ഒരുമിച്ചു കൊണ്ടുവരുന്നു. ദാനം ചെയ്യുന്നവനും ദൈവത്തിന്റെ കാരുണ്യം ആവശ്യമുള്ളവൻതന്നെ. ഒരു കാര്യംകൂടെ നാം ഓർക്കേണ്ടതുണ്ട്. ദൈവം ഏർപ്പെടുത്തിയ കാര്യക്കാരൻമാരും മേൽനോട്ടക്കാരുമായ മാലാഖമാരുണ്ടല്ലോ. പ്രാർത്ഥിക്കുന്നവരോടൊപ്പം ആ മാലാഖമാരും ഉണ്ടായിരിക്കും. നമ്മുടെ പ്രാർത്ഥന ദൈവസന്നിധിയിലെത്തിക്കാൻ അവർ സഹകരിക്കുകയും ചെയ്യും. സഭയിലെ ഏററവും ചെറിയ അംഗത്തിനും ഒരു മാലാഖയുണ്ട്. ആ മാലാഖ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുഖം സദാ ദർശിച്ചുകൊണ്ടിരിക്കുന്നു (ലൂക്കാ 18:10). നമ്മുടെ സ്രഷ്ടാവിന്റെ ദൈവത്വം സദാ ദർശിക്കുന്ന ആ മാലാഖ നമ്മോടൊപ്പം പ്രാർത്ഥിക്കുകയും കഴിയുന്നത്ര കാര്യങ്ങളിൽ നമ്മോടു സഹകരിക്കുകയും ചെയ്യുന്നു.

## അധ്യായം 12

വിശുദ്ധ ജനങ്ങൾ പ്രാർത്ഥിക്കുമ്പോൾ അവരുടെ വാക്കുകൾ വളരെ ശക്തി നിറഞ്ഞതായിത്തീരുന്നുവെന്നു ഞാൻ കരുതുന്നു. പ്രത്യേകിച്ചും ''ആത്മാവുകൊണ്ടും മനസ്സുകൊണ്ടും പ്രാർത്ഥിക്കുമ്പോൾ'' (1 കൊറി 14:15). പ്രാർത്ഥിക്കുന്നയാളിന്റെ മനസ്സിൽ നിന്നു പുറപ്പെടുന്ന ഒരു പ്രകാശം പോലെയാണീ ശക്തി. അതു വായിൽ നിന്നു പുറത്തുവന്നിട്ട് അവന്റെ മനസ്സിലുള്ള ബൗദ്ധികമായ വിഷത്തെ ദൈവത്തിന്റെ സഹായത്തോടുകൂടി പുറംതള്ളുന്നു. പ്രാർത്ഥിക്കാത്ത സമയത്ത് അവന്റെ മനസ്സിൽ ശത്രു കുത്തിവച്ചതാണ് ഈ വിഷം. യേശുവിന്റെ ഉദ്ബോധനമനുസരിച്ച് വി. പൗലോസ് നൽകിയിട്ടുള്ള ''നിരന്തരമായി പ്രാർത്ഥിക്കുക'' എന്ന നിർദ്ദേശം അവഗണിക്കുന്നയാളിന്റെ ഹൃദയത്തിലാണ് മുൻപറഞ്ഞ വിഷം കുത്തിവയ്ക്കപ്പെടുന്നത്. പ്രാർത്ഥിക്കുന്ന വിശുദ്ധനായ മനുഷ്യന്റെ ഹൃദയത്തിൽ നിന്ന് ആ പ്രകാശം പുറപ്പെടുന്നു; വിജ്ഞാനത്താലും യുക്തിബോധത്താലും വിശ്വാസത്താലും മൂർച്ചവരുത്തപ്പെട്ട ഒരു ബാണം പോലെ, ദൈവത്തെ ദ്വേഷിക്കുന്നതും പാപകരമായ പ്രയത്നങ്ങളിൽ നമ്മെ അകപ്പെടുത്താൻ ശ്രമിക്കുന്നതുമായ ശക്തികളെ തകർത്തുകൊണ്ട് അതു മുന്നോട്ടു പോകുന്നു.

2. ചുമതലയിൽപ്പെട്ട പ്രവർത്തനങ്ങളെ പ്രാർത്ഥനയോടു സംയോജിപ്പിക്കുന്നയാളാണ് ''നിരന്തരമായി പ്രാർത്ഥിക്കുന്നത്. ''നന്മ നിറഞ്ഞ പ്രവർത്തനങ്ങൾ, അഥവാ ദൈവം നമ്മെ ഏല്പിച്ചിട്ടുള്ള ചുമതലകളുടെ



നിർവ്വഹണം, പ്രാർത്ഥനയുടെ ഭാഗമാകുന്നു. ഈ രീതിയിൽ ചിന്തിച്ചെങ്കിൽ മാത്രമേ, ''നിങ്ങൾ നിരന്തരമായി പ്രാർത്ഥിക്കുവിൻ'' എന്ന കല്പനയെ നിർവ്വഹിക്കാൻ സാധിക്കുന്നതായി നമുക്കു മനസിലാക്കാൻ സാധിക്കൂ. അതായത്, വിശുദ്ധനായ മനുഷ്യന്റെ ജീവിതത്തെ നിരന്തരമായ ഒരു പ്രാർത്ഥനയായി നാം മനസിലാക്കണം. 'പ്രാർത്ഥന" എന്നു നാം സാധാരണ പറയുന്ന പ്രവൃത്തി ഈ പ്രാർത്ഥനയുടെ ഒരു ഭാഗം മാത്രമാണ്. ഔപചാരികമായ പ്രാർത്ഥന ദിവസം മൂന്നുതവണയെങ്കിലും നിർവ്വഹിക്കണം. ദാനിയേലിനെക്കുറിച്ചു നാം കേട്ടിട്ടുള്ളതിൽ നിന്ന് ഇക്കാര്യം വ്യക്തമാകുന്നു. വലിയ അപകട ഭീതിയിലായിരുന്ന കാലത്തോളം അദ്ദേഹം ദിവസവും മൂന്നുതവണ പ്രാർത്ഥിച്ചിരുന്നു. (ദാനി. 6:13). പത്രോസ് ആറാംമണിക്കൂറിൽ പ്രാർത്ഥിക്കുന്നതിനായി മട്ടുപ്പാവിലേയ്ക്കുപോയ സന്ദർഭത്തിലാണല്ലോ നാലുകോണുകളിലും പിടിച്ച് ഭൂമിയിലേയ്ക്ക് ഇറക്കപ്പെടുന്ന വിരിപ്പുപോലുള്ള ഒരു പാത്രം അദ്ദേഹത്തിനു ദൃശ്യമായത് (നട. 10:9–11). മൂന്നു പ്രാർത്ഥനകളിൽ രണ്ടാമത്തേതാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത്. പത്രോസിനുമുമ്പ് ദാവീദ് അതിനെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. ''പ്രഭാതത്തിൽ അവിടുന്ന എന്റെ പ്രാർത്ഥന കേൾക്കും. പ്രഭാതത്തിൽ ഞാൻ അവിടുത്തെ സന്നിധിയിൽ നിൽക്കും'' (സങ്കീ. 5:46). താഴെപ്പറയുന്ന ഭാഗത്ത് മൂന്നാമത്തെ പ്രാർത്ഥന സൂചിപ്പിക്കപ്പെടുന്നു: ''സന്ധ്യാസമയത്തെ ബലിസമർപ്പണമായി ഞാനെന്റെ കരങ്ങൾ ഉയർത്തുന്നു'' (സങ്കീ. 141;2). ഈ പ്രാർത്ഥന കൂടാതെ വേണ്ട വിധം രാത്രി കഴിച്ചുകൂട്ടാൻ നമുക്കു സാധിക്കുകയില്ല. ദാവീദ് പറയുന്നു: ''നിന്റെ നീതിനിഷ്ഠമായ അനുശാസനങ്ങൾ നിമിത്തം നിന്നെ സ്തുതിക്കാൻ അർദ്ധരാത്രിയിൽ ഞാൻ എഴുന്നേൽക്കുന്നു'' (സങ്കീ. 119:62). വി. പൗലോസ് ഫിലിപ്പിയിൽ വച്ചു പ്രാർത്ഥിച്ചതിനെക്കുറിച്ച് അപ്പസ്തോല പ്രവർത്തനങ്ങളിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: ''പാതിരയാകാറായപ്പോൾ പൗലോസും സീലാസും പ്രാർത്ഥിക്കയും ദൈവത്തിനു കീർത്തനം പാടുകയും ആയിരുന്നു. മററു തടവുകാർ അതു ശ്രദ്ധിച്ചുകൊണ്ടിരുന്നു''(16:25).

## അധ്യായം 13

### കേൾക്കപ്പെട്ട പ്രാർത്ഥനകൾക്ക് ഉദാഹരണങ്ങൾ

യേശു പ്രാർത്ഥിക്കുന്നു; താൻ പ്രാർത്ഥിക്കുന്നതു നിഷ്ഫലമാകുന്നുമില്ല. അവിടുന്നു തന്റെ ഇംഗിതങ്ങൾ സാധിക്കുന്നതു പ്രാർത്ഥന വഴിയാണ്; പ്രാർത്ഥന കൂടാതെ ഒരുപക്ഷേ അവ സാധിക്കുമായിരുന്നുമില്ല. അങ്ങനെയെങ്കിൽ നമ്മിലാർക്കു പ്രാർത്ഥനയെ അവഗണിക്കാൻ കഴിയും? വി. മർക്കോസ് പറയുന്നു: ''അതിരാവിലെ തന്നെ

www.malankaralibrary.com



അവൻ ഉണർന്ന് ഒരു വിജനസ്ഥലത്തേയ്ക്കുപോയി. അവിടെ അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു'' (1:35). വി. ലൂക്കോസ് പറയുന്നു: ''അവൻ ഒരിടത്തു പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രാർത്ഥന അവസാനിച്ചപ്പോൾ ശിഷ്യന്മാരിലൊരുവൻ വന്നു പറഞ്ഞു....'' (11:1). മറെറാരിടത്ത്: ''അവൻ പ്രാർത്ഥിക്കുവാനായി ഒരു മലയിലേയ്ക്കു പോയി. അവിടെ ദൈവത്തോടുള്ള പ്രാർത്ഥനയിൽ രാത്രി മുഴുവൻ ചെലവഴിച്ച്'' (6:12). യേശുവിന്റെ പ്രാർത്ഥനയെക്കുറിച്ച് വി. യോഹന്നാൻ ഒരിടത്തു രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്: ''ഇത്രയും പറഞ്ഞതിനു ശേഷം യേശു സ്വർഗ്ഗത്തിലേയ്ക്കു കണ്ണുകളുയർത്തി പ്രാർത്ഥിച്ചു: പിതാവേ, സമയമായിരിക്കുന്നു; പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ടതിന് പുത്രനെ നീ മഹത്വപ്പെടുത്തണമേ'' (17:1). കർത്താവു പറയുന്നതായി മറെറാരു വാക്യവും വി. യോഹന്നാൻ രേഖപ്പെടുത്തുന്നുണ്ട്: ''നീ എന്നെ എപ്പോഴും ശ്രവിക്കുമെന്നും എനിക്കറിയാം (11:42). ഈ ഭാഗത്തുനിന്ന് ഒരുകാര്യം വ്യക്തമാകുന്നുണ്ട്—എപ്പോഴും പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥന ദൈവം എപ്പോഴും ശ്രവിക്കും.

2. വേണ്ടതുപോലെ പ്രാർത്ഥിച്ചതിന്റെ ഫലമായി ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങൾ സിദ്ധിച്ചവരുടെ ഉദാഹരണങ്ങളെല്ലാം ഇങ്ങനെ എടുത്തുപറഞ്ഞിട്ട് എന്താണു പ്രയോജനം? ഇത്തരം ഉദാഹരണങ്ങൾ വി. ലിഖിതങ്ങളിൽ നിന്നു ധാരാളമായി കണ്ടുപിടിക്കാൻ ആർക്കും കഴിയും. വന്ധ്യയായിരുന്ന ഹന്ന വിശ്വാസത്തോടു കൂടി കർത്താവിനോടു പ്രാർത്ഥിച്ചതുകൊണ്ട് അവൾക്കു പുത്രനായി ശാമുവലിനെ ലഭിച്ചു (1 ശാമു. 1:9ff). ആ പുത്രൻ മോശയ്ക്കൊപ്പം പരിഗണിക്കപ്പെട്ടയാളാണ് (സങ്കീ. 99:6). എസക്കിയാസ് സന്താനരഹിതനായിരിക്കെ തന്റെ മരണം ആസന്നമായിരിക്കുന്നുവെന്ന് ഏശയ്യാ പ്രവാചകനിൽ നിന്നു മനസ്സിലാക്കി. അദ്ദേഹം പ്രാർത്ഥിച്ചതിന്റെ ഫലമായി നമ്മുടെ രക്ഷകന്റെ വംശാവലിയിൽ അദ്ദേഹത്തിനു സ്ഥാനം ലഭിച്ചു[14].

ഇനി മറെറാരുദാഹരണം. ആമാന്റെ ഗൂഢതന്ത്രങ്ങളുടെ ഫലമായി രൂപം കൊണ്ട ഒരു രാജകല്പനമൂലം ദൈവജനം മുഴുവൻ നശിപ്പിക്കപ്പെടും എന്ന അവസ്ഥ വന്നു. ആ സന്ദർഭത്തിൽ മർദോക്കയിയുടെയും എസ്തേറിന്റെയും ഉപവാസത്തോടുകൂടിയ പ്രാർത്ഥന ദൈവം ചെവിക്കൊണ്ടു. അതിന്റെ ഫലമായി മോശ ഏർപ്പെടുത്തിയ പെരുന്നാളിനു പുറമേ മർദോക്കയിയുടെ പെരുന്നാളും ജനങ്ങൾക്കു ലഭിച്ചു.[15] യൂദിത്തും പ്രാർത്ഥിച്ചതിനുശേഷം ദൈവസഹായത്തോടുകൂടി ഹോളോഫെർനസിനെ പരാജിതനാക്കി. അങ്ങനെ ഒരൊററ സ്ത്രീ നബുക്കദ്നേസറിന്റെ ഭവനത്തെ ലജ്ജിപ്പിച്ചു (യൂദിത്, 13:4ff). അനനിയാസ്, അസറിയാസ്, മിഷായേൽ എന്നിവരുടെ ഉദാഹരണമുണ്ട്. അവരുടെ പ്രാർത്ഥന കൈക്കൊണ്ട് ദൈവം അവരെ രക്ഷിച്ചു. മഞ്ഞുകലർന്ന കാററുവീശിയതിന്റെ ഫലമായി അഗ്നി ഫലിക്കാതെ പോയി (ദാനി. 3:21.50). ദാനിയലിന്റെ പ്രാർത്ഥനയുടെ ഫലമായി ബാബിലോണിയക്കാരുടെ കൂട്ടിലെ സിംഹങ്ങളുടെ വായ് കെട്ടപ്പെട്ടു (6:18ff). യൗനാൻ നിബിയുടെ കാര്യവും ഇതുപോലെ തന്നെ. തിമിംഗലം തന്നെ വിഴുങ്ങിയശേഷവും ദൈവം തന്റെ പ്രാർത്ഥന ശ്രവിക്കുകയില്ലെന്ന് അദ്ദേഹം നിരാശപ്പെട്ടില്ല. തിമിംഗലത്തിന്റെ ഉദരത്തിലിരുന്ന് അദ്ദേഹം പ്രാർത്ഥിച്ചു. ആ പ്രാർത്ഥനയുടെ ഫലമായി അവിടെനിന്നു രക്ഷപെടുകയും ചെയ്തു. തുടർന്ന് നിനിവെക്കാർക്കു വേണ്ടിയുള്ള തന്റെ പ്രവാചകദൗത്യത്തിന്റെ രണ്ടാം ഭാഗം അദ്ദേഹം പൂർത്തിയാക്കുകയും ചെയ്തു (യോനാ. 2:3f).

14. 2 രാജാ. 20:1ff, ഏശാ. 38:1ff., മത്താ. 1:9f.
15. പൂരിം പെരുന്നാളിന്റെ ഉൽഭവം; എസ്തേർ, 3:5ff, 4f;:169:26ff.



3. ദൈവം നമുക്കു നൽകിയിട്ടുള്ള നൻമകളെക്കുറിച്ചു നന്ദിയോടെ സ്മരിക്കുകയും അവയെപ്രതി ദൈവത്തിനു നന്ദി പറയാൻ നാം ആഗ്രഹിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ എത്രയോ നൻമകളായിരിക്കും നാം ഓരോരുത്തർക്കും എണ്ണിപ്പറയാനുണ്ടാവുക ! ദീർഘകാലമായി വന്ധ്യതയിൽ കഴിഞ്ഞിരുന്ന ആത്മാക്കൾ തങ്ങളുടെ സ്വകാര്യയുക്തിവാദങ്ങളുടെയും ധാരണാശക്തിയുടെയും നൈഷ്ഫല്യം കണ്ടറിഞ്ഞതിനുശേഷം നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി പരിശുദ്ധാത്മാവിൽ നിന്ന് ഗർഭം ധരിക്കുകയും സത്യമായ ജ്ഞാനം നിറഞ്ഞ രക്ഷയുടെ വചനങ്ങൾക്കു ജന്മം നൽകുകയും ചെയ്തിട്ടുണ്ട്. ശത്രുവിന്റെ സൈന്യങ്ങളിൽ എത്രയെത്രയെണ്ണത്തെ നമുക്കു നിരന്തരമായി നേരിടേണ്ടി വരുന്നുണ്ട് ! അവർ നമ്മുടെ ദൈവികമായ വിശ്വാസം നഷ്ടപ്പെടുത്താൻ നിരന്തരം ശ്രമിക്കുന്നവരാണ്. അവരിൽ എത്രയോപേരെ പ്രാർത്ഥനകൊണ്ട നാം പരാജയപ്പെടുത്തുന്നു ! ''ചിലർ തേരുകളിലും ചിലർ കുതിരകളിലും വിശ്വാസം അർപ്പിക്കുമ്പോൾ നാം കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നു'' എന്ന വിചാരം നമ്മെ ധൈര്യപ്പെടുത്തുന്നു (സങ്കീ. 20;7). ''രക്ഷയുടെ കാര്യത്തിൽ കുതിര നിഷ്പ്രയോജനമാണെന്നു നാം മനസ്സിലാക്കുകയും ചെയ്യുന്നുണ്ട് (സങ്കീ. 33:17). ഒരു കാര്യം കൂടെ: ദൈവത്തെ സ്തുതിക്കുന്നതിൽ വിശ്വസിക്കുന്ന ഒരുവൻ പലപ്പോഴും 'ശത്രു'വിന്റെ സർവ്വ സൈന്യാധിപനെപ്പോലും പരിപൂർണ്ണമായി പരാജയപ്പെടുത്തുന്നു. ശത്രുവിന്റെ വിശ്വാസ്യത തോന്നിക്കുന്ന വാദമുഖങ്ങൾ പലപ്പോഴും വിശ്വാസമുള്ളവർ എന്നു കരുതപ്പെടുന്നവരുടെ പോലും ഹൃദയങ്ങളെ വിവശതയിലാഴ്ത്തുന്നവയാണ്. യൂദിത് എന്ന വാക്കിന്റെ അർത്ഥം 'സ്തുതി' എന്നാകുന്നു. അതിശക്തമായ, തീജ്വാലകളെക്കാൾ ശക്തിയായി ജ്വലിക്കുന്ന, പ്രലോഭനങ്ങളിൽ അകപ്പെട്ടിട്ട് എത്രയോ ആളുകൾ യാതൊരു കേടുംകൂടാതെ അവയിൽ നിന്നു രക്ഷപെട്ടിട്ടുണ്ടെന്ന് ഞാൻ പറയേണ്ടതില്ലല്ലോ: 'ശത്രുവിന്റെ തീയുടെ ഗന്ധം പോലും' അവരെ ഏശിയില്ല (ദാനി. 3:49f). ദുഷ്ടാത്മാക്കളും ചീത്തമനുഷ്യരുമാകുന്ന എത്രയോ ക്രൂര

www.malankaralibrary.com



മൃഗങ്ങൾ കോപാവിഷ്ടരായി നമ്മെ ആക്രമിക്കാൻ വന്നു ! നാം അവയെ നേരിടുകയും നമ്മുടെ പ്രാർത്ഥനകൊണ്ട് അവയുടെ വായ് മൂടിക്കെട്ടുകയും ചെയ്തു. അതിന്റെ ഫലമായി ''ക്രിസ്തുവിന്റെ അവയവങ്ങളാ''യിത്തീർന്ന നമ്മുടെ മേൽ ദംഷ്ട്രങ്ങൾ കോർക്കാൻ അവയ്ക്കു കഴിഞ്ഞില്ല. പുണ്യവാന്മാരുടെ കാര്യത്തിൽ മിക്കപ്പോഴും ''കർത്താവ് സിംഹങ്ങളുടെ അണപ്പല്ലുകൾ തകർത്തുകളയുകയും അവ താഴേക്കൊഴുകുന്ന വെള്ളംപോലെ നിരുപദ്രവങ്ങളായിത്തീരുക''യുമാണ് ചെയ്തിട്ടുള്ളത് (സങ്കീ. 58:7f). ദൈവവിചാരത്തിൽനിന്ന് ഓടിയകലുകയും മരണത്തിന്റെ കനത്തപിടിയിൽ അമരുകയും ചെയ്ത ആളുകൾ പശ്ചാത്താപംമൂലം ആ ഭീകരാവസ്ഥയിൽ നിന്നു രക്ഷപെട്ട എത്രയോ ഉദാഹരണങ്ങൾ നമുക്കറിയാവുന്നതാണ്. മരണത്തിന്റെ ഉദരത്തിൽ അകപ്പെട്ടിരുന്ന സ്ഥിതിയിലും തങ്ങൾക്ക മോചനമില്ലെന്നൊരു നിരാശ അവരെ ബാധിച്ചില്ല (യോന. 2:1f). എന്തെന്നാൽ ''മരണം അതിന്റെ ശക്തിയിൽ അവരെ വിഴുങ്ങിക്കളഞ്ഞു; എന്നാൽ ദൈവം എല്ലാ കവിൾത്തടങ്ങളിൽ നിന്നും എല്ലാ കണ്ണീർക്കണങ്ങളും തുടച്ചുനീക്കി'' (ഏശാ. 25:8).

4. പ്രാർത്ഥനകൊണ്ടു പ്രയോജനമുണ്ടായ ആളുകളുടെ ഒരു പട്ടിക തന്നെ ഇവിടെ നിരത്തിയല്ലോ. ഇക്കാര്യമെല്ലാം എടുത്തുപറയേണ്ട ആവശ്യമുണ്ടെന്നുതന്നെയാണു ഞാൻ കരുതുന്നത്. ആത്മാവിലും ക്രിസ്തുവിലുമുള്ള ഒരു ജീവിതം ആഗ്രഹിക്കുന്നവരെ ഭൗതികങ്ങളും ക്ഷുദ്രങ്ങളുമായ കാര്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിൽനിന്നു പിന്തിരിപ്പിക്കുക എന്നതാണ് എന്റെ ആഗ്രഹം. ഈ പുസ്തകത്തിന്റെ വായനക്കാരെ യോഗാത്മകമായ വിഷയങ്ങളിലേക്കു ക്ഷണിക്കാൻ ആഗ്രഹിക്കുന്നു. അവരുടെ അനുകരണത്തിനായി മാതൃകകൾ ഞാൻ നൽകിയിട്ടുമുണ്ട്. ആദ്ധ്യാത്മികവും യോഗാത്മകവുമായ നന്മകൾക്കുവേണ്ടിയുള്ള പ്രാർത്ഥനകളുടെ ചില ഉദാഹരണങ്ങൾ ഞാൻ മുകളിൽ എടുത്തുകാട്ടിയിട്ടുണ്ടല്ലോ. അവയെല്ലാം ജഡത്തിനനുസൃതമായി യുദ്ധം നടത്താതെ (2 കൊറി. 10:3). ആത്മാവിനാൽ ജഡത്തിന്റെ പ്രവൃത്തികളെ ഹനിക്കുന്നവരുടെതാണ് (റോമ. 8:13). ശാബ്ദികമായ അർത്ഥത്തിൽ പ്രാർത്ഥിക്കുന്നവർക്ക് നൽകപ്പെടുന്നതായിത്തോന്നുന്ന നന്മകളെക്കാൾ വളരെയധികം ഉന്നതമാണ് ആദ്ധ്യാത്മികമായ ഒരു ധാരണയിൽ നിന്നുളവാകുന്ന പ്രയോജനങ്ങൾ. അതിനാൽ വന്ധ്യരും നിഷ്ഫലരും ആകാതെയിരിക്കുന്നതിന് നാമും പരിശീലിക്കണം. ആത്മാവിന്റെ നിയമങ്ങൾക്കു ചെവികൊടുക്കുകയും വേണം. അപ്പോൾ ഹന്നായുടെയും എസക്കിയാസിന്റെയും പ്രാർത്ഥന പോലെ നമ്മുടെ പ്രാർത്ഥനയും ശ്രവിക്കപ്പെടുകയും വന്ധ്യതയിലും ഫലഹീനതയിലും നിന്ന് നാമും വിമുക്തരാക്കപ്പെടുകയും ചെയ്യും. മർദോക്കായിയെയും എസ്തേറിനെയും യൂദിത്തിനെയുംപോലെ നമ്മളും നമ്മെ ആക്രമിക്കുന്ന ആദ്ധ്യാത്മിക ശത്രുക്കളുടെ ദുഷ്ടതയിൽ നിന്നു രക്ഷിക്കപ്പെടും. ഈജിപ്റ്റ് —അതായത്, പ്രതീകാത്മകമായി എല്ലാ



ഭൗമികസ്ഥലങ്ങളും—ഒരു ഉരുക്കുചൂളയായതുകൊണ്ട് പാപത്തിന്റെ പൊള്ളലേല്ക്കാതെ മനുഷ്യജീവിതത്തിന്റെ ക്രൂരതയിൽനിന്നു രക്ഷപ്പെടുന്നവരും ഹൃദയത്തിൽ അടുപ്പിന്റെതുപോലെ അഗ്നിനിറഞ്ഞ അവസ്ഥ അനുഭവിക്കാത്തവരും, മഞ്ഞുകലർന്ന തീയിൽ പരീക്ഷിക്കപ്പെട്ടവരെക്കാൾ ഒട്ടും കുറയാത്ത വിധത്തിൽ ദൈവത്തിനു നന്ദി പറയണം.

'നിന്റെ പക്കൽ അഭയം പ്രാപിക്കുന്ന ആത്മാവിനെ ദുഷ്ടമൃഗങ്ങൾക്ക് ഏല്പിച്ചുകൊടുക്കരുതേ' എന്നു ചിലർ പ്രാർത്ഥിക്കുന്നു (സങ്കീ. 74:10). ദൈവം അവരുടെ പ്രാർത്ഥന കേൾക്കുന്നു. അണലികളോ ഗോർസോ സർപ്പങ്ങളോ അവരെ ഉപദ്രവിക്കാൻ ശക്തരാകുന്നില്ല. സർപ്പങ്ങളുടെയും സിംഹങ്ങളുടെയും മേൽ നിർബാധം ചവിട്ടിക്കടക്കാൻ ക്രിസ്തുവിൽ ശക്തിപ്രാപിച്ചവരാണവർ (സങ്കീ. 91:13). 'സർപ്പങ്ങളെയും തേളുകളെയും ശത്രുവിന്റെ സർവ്വശക്തികളെയും ചവിട്ടിമെതിക്കാൻ' യേശുവിനാൽ നൽകപ്പെട്ട മഹത്തായ ശക്തി അവർ ഉപയോഗപ്പെടുത്തുകയാണ് (ലൂ. 10:19). അവയിൽനിന്നൊന്നും യാതൊരുവിധമായ ക്ഷതവും അവർക്കു സംഭവിക്കുന്നില്ല. ഇങ്ങനെയുള്ളവർ ദാനിയേലിനെക്കാളധികമായി ദൈവത്തിനു നന്ദി പറയണം. എന്തെന്നാൽ മുകളിൽ പറയപ്പെട്ട ദുഷ്ടജന്തുക്കളെക്കാൾ ഭീകരങ്ങളും ആപത്കാരികളുമായ മൃഗങ്ങളിൽനിന്നാണ് അവർ രക്ഷിക്കപ്പെട്ടിരിക്കുന്നത്. യോനാപ്രവാചകനെ വിഴുങ്ങിയ തിമിംഗലം എന്തിന്റെ പ്രതീകമാണ്? 'പകലിനെ ശപിക്കുന്നവർ, ലെവിയാത്താനെ അടക്കാൻ ശക്തരായവർ, അതിനെ ശപിക്കട്ടെ' എന്ന ഭാഗത്ത് യോബ് പറയുന്ന ആ ജന്തുതന്നെയാണത് (3:8). എന്നെങ്കിലും ഏതെങ്കിലും കാരണത്താൽ ഒരുവൻ ആ മൽസ്യത്തിന്റെ ഉദരത്തിൽ അകപ്പെട്ടിട്ടുണ്ടെങ്കിൽ അവൻ പശ്ചാത്തപിച്ചു പ്രാർത്ഥിക്കട്ടെ. അവനു മോചനം നൽകപ്പെടും. അങ്ങനെ മോചനം ലഭിച്ചതിനുശേഷം ദൈവകല്പനകൾ അനുസരിച്ചു ജീവിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ നന്മയാൽ അവനു മഹത്തായ നന്മകൾ ലഭിക്കും. അതിന്റെ ഫലമായി ഇന്നും നാശത്തിനു വിധിക്കപ്പെട്ടിരിക്കുന്ന നിനിവെയിലെ ജനങ്ങളോടു പ്രവചിക്കുന്നതിനും അവർക്കു രക്ഷയുടെ കാരണമായിത്തീരുന്നതിനും അവനു സാധിക്കും. ഒരു വ്യവസ്ഥ മാത്രമാണതിനുള്ളത്. ദൈവത്തിന്റെ നന്മയിൽ അവന് അമർഷം തോന്നരുത്; പശ്ചാത്തപിച്ച പാപികളോട് ദൈവം നിർദാക്ഷിണ്യം പെരുമാറണമെന്ന് ആഗ്രഹിക്കരുത്.

5. പ്രാർത്ഥനവഴി ശാമുവൽ ചെയ്തതായി പറയപ്പെടുന്ന വലിയ അത്ഭുതം ദൈവത്തോടു യഥാർത്ഥ വിശ്വസ്തത പുലർത്തുകയും പ്രാർത്ഥന കേൾക്കപ്പെടുവാൻ യോഗ്യനായിരിക്കുകയും ചെയ്യുന്ന ഒരാൾക്ക് ഇന്നും ചെയ്യാവുന്നതാണ്. എന്തെന്നാൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'നിങ്ങളുടെ മുമ്പാകെ കർത്താവു ചെയ്യാൻപോകുന്ന ഈ മഹാകാര്യം കാണാൻ നിങ്ങൾ ശ്രദ്ധയോടെ കാത്തുനിൽക്കുവിൻ. ഇതു ഗോതമ്പു കൊയ്യുന്ന കാലമല്ലേ? ഇടിയും മഴയും അയയ്ക്കാൻ കർത്താവിനെ വിളിച്ചു ഞാൻ

www.malankaralibrary.com



അപേക്ഷിക്കും.' അല്പം കഴിഞ്ഞ് വി. ലിഖിതം തുടരുന്നു; 'ശാമുവൽ കർത്താവിനെ വിളിച്ചപേക്ഷിച്ചു. അവിടുന്ന് ഇടിയും മഴയും അയച്ചു' (1 ശാമു. 12:16—18). ഓരോ വിശുദ്ധനോടും ഓരോ ക്രിസ്തുശിഷ്യനോടും കർത്താവു യഥാർത്ഥത്തിൽ ഇങ്ങനെ പറയുന്നു: 'നിങ്ങൾ കണ്ണുകളുയർത്തി വയലുകളിലേയ്ക്കു നോക്കുവിൻ; അവ വിളഞ്ഞു കൊയ്ത്തിനു പാകമായിരിക്കുന്നു. കൊയ്യുന്നവനു കൂലി കിട്ടുകയും അവൻ നിത്യജീവിതത്തിലേയ്ക്കു ഫലം ശേഖരിക്കുകയും ചെയ്യുന്നു' (യോഹ. 4:35f). ഈ വിളവെടുപ്പിന്റെ കാലത്ത്, കർത്താവ്, തന്റെ പ്രവാചകന്മാരെ ശ്രവിക്കുന്നവരുടെ കൺമുമ്പിൽ മഹത്തായ ഒരു കാര്യം ചെയ്യുന്നു. പരിശുദ്ധാത്മാവിനാൽ അലങ്കൃതനായ ഒരാൾ കർത്താവിനെ വിളിച്ചപേക്ഷിക്കുമ്പോൾ ദൈവം സ്വർഗത്തിൽനിന്ന് ഇടിയും മഴയും അയച്ച് അയാളുടെ ആത്മാവിനെ നനയ്ക്കുന്നു. അങ്ങനെ, മുമ്പ് ദുഷ്ടതയിലായിരുന്നവൻ ദൈവത്തെയും ദൈവനന്മയുടെ ശുശ്രൂഷകനെയും അത്യധികമായി ഭയപ്പെടുന്നു. തനിക്കു നൽകപ്പെട്ട ഉപകാരങ്ങൾ പരിഗണിക്കുമ്പോൾ ആ ശുശ്രൂഷകൻ ബഹുമാനത്തിനും പൂജയ്ക്കും അർഹനായി അയാൾക്കു തോന്നുന്നു. ഒരു സംഭവം കൂടെ അനുസ്മരിക്കുക: ദൈവത്തെ മറന്ന ജനങ്ങളുടെമേൽ ആകാശം അടയ്ക്കപ്പെടുകയും അവർക്ക് മൂന്നരവർഷം മഴ ലഭിക്കാതിരിക്കുകയും ചെയ്തു. എന്നാൽ ഏലിയാപ്രവാചകൻ ദൈവനാമത്തിൽ മഴ പെയ്യിച്ചു (1 രാജാ. 17–18). പ്രാർത്ഥന വഴി സ്വന്തം ആത്മാവിൽ മഴ ലഭിച്ച ആർക്കും ഇപ്രകാരം പ്രവർത്തിക്കാൻ കഴിയും. എന്നാൽ അതിനുമുമ്പ് പാപാവസ്ഥയിലായിരിക്കുമ്പോൾ അവന് ആ കഴിവില്ല.

## അധ്യായം 14

### എന്തിനായി നാം പ്രാർത്ഥിക്കണം ?

പ്രാർത്ഥനവഴി വിശുദ്ധർക്കു ലഭിച്ച പ്രയോജനങ്ങൾ നാം പരിഗണിച്ചുകഴിഞ്ഞു. ഇനി താഴെ പറയുന്ന ദൈവവചനങ്ങളെക്കുറിച്ചു നമുക്കു ധ്യാനിക്കാം: ''വലിയ കാര്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ; അപ്പോൾ ചെറിയ കാര്യങ്ങളും നിങ്ങൾക്കു നൽകപ്പെടും.'' ''സ്വർഗ്ഗീയ കാര്യങ്ങൾ ആവശ്യപ്പെടുവിൻ. അപ്പോൾ ഭൗമികകാര്യങ്ങളും നിങ്ങൾക്ക നൽകപ്പെടും''. (മത്താ. 6:33; ലൂ. 12:31). യഥാർത്ഥവും ആദ്ധ്യാത്മികവുമായ നന്മകളോടു താരതമ്യപ്പെടുത്തുമ്പോൾ ഭൗമികമായ നന്മകളെല്ലാം നിസ്സാരങ്ങളത്രേ. വിശുദ്ധരുടെ പ്രാർത്ഥനകളെ അനുകരിക്കാൻ ദൈവവചനം നമ്മോട് ആവശ്യപ്പെടുകയാണ്. അവരെപ്പോലെ തന്നെ യാഥാർത്ഥമായ നന്മകൾക്കുവേണ്ടി നാം പ്രാർത്ഥിക്കണമെന്നർത്ഥം. വലിയ കാര്യങ്ങൾ എന്നതുകൊണ്ടു സ്വർഗ്ഗീയ കാര്യങ്ങളും ചെറിയ കാര്യങ്ങൾ എന്നതുകൊണ്ടു ഭൗതികമായവയുമാണ് വിവക്ഷിതം. ഇങ്ങനെ പറയപ്പെട്ടിരിക്കുന്നു: ''ആദ്ധ്യാത്മികരായിരിക്കാനാഗ്രഹിക്കുന്ന നിങ്ങൾ പ്രാർത്ഥനയിൽ സ്വർഗ്ഗീയവും ശ്രേഷ്ഠവുമായ കാര്യങ്ങൾ ആവശ്യപ്പെടുക. ആ നന്മകൾ സ്വീകരിച്ചകഴിയുമ്പോൾ നിങ്ങൾ സ്വർഗ്ഗരാജ്യം അവകാശമാക്കും. വലിയവരായിത്തീർന്ന നിങ്ങൾ ഏററവും വലിയ അനുഗ്രഹങ്ങൾ അനുഭവിക്കും. പിതാവായ ദൈവം ഭൗമികവും നിസാരവുമായ കാര്യങ്ങൾ വേണ്ടയളവിൽ നിങ്ങൾക്കു തരുകയും ചെയ്യും. എന്തെന്നാൽ നിങ്ങളുടെ ശരീരങ്ങൾക്ക് അവകൊണ്ട് ആവശ്യമുണ്ട്''.



## നാലുതരം പ്രാർത്ഥനകൾ

2. പൗലോസ്ശ്ലീഹാ തിമോത്തിക്കുള്ള ഒന്നാം ലേഖനത്തിൽ പ്രാർത്ഥനയോടു ബന്ധപ്പെട്ടതായി നാലുവാക്കുകൾ പ്രയോഗിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ എടുത്തു പരിശോധിക്കുന്നത് ഉപകാരപ്രദമായിരിക്കും. ഓരോ വാക്കും അതിന്റെ ശരിയായ വിവക്ഷിതാർത്ഥത്തിൽ നമുക്കു ധരിക്കാൻ സാധിക്കുമോ എന്നു നോക്കാം. ഇങ്ങനെയാണ് അദ്ദേഹം പറയുന്നത്: ''ഞാൻ ആദ്യം തന്നെ നിർദ്ദേശിക്കുന്നത്, എല്ലാവർക്കും വേണ്ടി യാചനകളും പ്രാർത്ഥനകളും മാധ്യസ്ഥ്യപ്രാർത്ഥനകളും സ്തോത്രാർപ്പണങ്ങളും അർപ്പിക്കപ്പെടണമെന്നാണ്'' (2:1).

യാചനകൾ എന്നത് എന്തെങ്കിലും ആവശ്യമുള്ളവൻ സമർപ്പിക്കുന്നതാണെന്നു ഞാൻ കരുതുന്നു: അതു കിട്ടണമെന്ന് അയാൾ യാചിക്കുകയാണ്. പ്രാർത്ഥന ദൈവസ്തുതിയോടു ബന്ധപ്പെട്ടതാകുന്നു. അയാൾ ഉദാത്തമായ രീതിയിൽ മഹത്തായ കാര്യങ്ങൾക്കുവേണ്ടി അർത്ഥിക്കുകയാണ്. മാദ്ധ്യസ്ഥ്യ പ്രാർത്ഥനയെന്നത് കൂടുതൽ ആത്മവിശ്വാസമുള്ള ഒരാൾ മററൊരാളുടെ ആവശ്യത്തിനുവേണ്ടി ദൈവത്തോടുപ്രാർത്ഥിക്കുന്നതാകുന്നു. ഉപകാരസ്മരണയെന്നുള്ളത് ദൈവത്തിൽനിന്നു ലഭിച്ച നന്മകളെക്കുറിച്ചുള്ള അനുസ്മരണത്തോടുകൂടിയ പ്രാർത്ഥനയത്രേ. അതിൽ ഉപകാരം സ്വീകരിച്ചയാൾ ഒന്നുകിൽ തനിക്കു ലഭിച്ച ഉപകാരത്തിന്റെ മഹത്ത്വം മനസിലാക്കുന്നു: അല്ലെങ്കിൽ അതിന് വലുതായ മാഹാത്മ്യമുണ്ടെന്ന് അംഗീകരിക്കുന്നു.

### യാചന [16]

3. ഇതിന് ഏതാനും ഉദാഹരണങ്ങൾ താഴെ പറയുന്നു: ഗബ്രിയേൽ സക്കറിയാസിനോട് (അദ്ദേഹം ഒരു പുത്രന്റെ ജനനത്തിനുവേണ്ടി പ്രാർത്ഥിക്കുകയായിരുന്നു എന്നതിനു സംശയമില്ലല്ലോ) ഇങ്ങനെ പറഞ്ഞു: ''സക്കറിയാ, നീ ഭയപ്പെടേണ്ട; എന്തെന്നാൽ നിന്റെ യാചന കേൾക്കപ്പെട്ടിരിക്കുന്നു. നിന്റെ ഭാര്യ എലിസബത്ത് നിനക്ക് ഒരു പുത്രനെ പ്രസവിക്കും. നീ അവനു യോഹന്നാൻ എന്നു പേരു നൽകണം'' (ലൂ. 1:13).

16. deeseis (supplications)

www.malankaralibrary.com



പുറപ്പാടു പുസ്തകത്തിൽ സ്വർണ്ണക്കാളക്കുട്ടിയെ സംബന്ധിച്ച് ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു. ''മോശ ദൈവമായ കർത്താവിനോടു കാരുണ്യം യാചിച്ചുകൊണ്ടു പറഞ്ഞു, കർത്താവേ, വലിയ ശക്തിയോടും കരബലത്തോടുംകൂടെ അങ്ങുതന്നെ ഈജിപ്തിൽ നിന്നു പുറത്തു കൊണ്ടുവന്ന അങ്ങയുടെ ജനത്തിനെതിരേ അവിടുത്തെ ക്രോധം ജ്വലിക്കുന്നതെന്ത് ?'' (32 : 11).

ആവർത്തനപ്പുസ്തകത്തിൽ: ''ഞാൻ മുമ്പത്തെതുപോലെ കർത്താവിന്റെ സന്നിധിയിൽ കൂപ്പുകയ്യോടെ യാചന നടത്തി. നാല്പതു പകലും നാല്പതു രാവും നിങ്ങൾ കർത്താവിന്റെ മുമ്പിൽ തിന്മ പ്രവർത്തിച്ചു പാപം ചെയ്ത് അവിടുത്തെ കുപിതനാക്കിയതിനാൽ ഞാൻ തിന്നുകയോ കുടിക്കുകയോ ചെയ്തില്ല'' (9:18).

എസ്തേറിന്റെ പുസ്തകത്തിൽ: ''കർത്താവിന്റെ സകല പ്രവൃത്തികളും അനുസ്മരിച്ചുകൊണ്ട് മർദൊക്കായി പ്രാർത്ഥിച്ചു: കത്താവേ, എല്ലാവസ്തുക്കളെയും ഭരിക്കുന്ന രാജാവായ കർത്താവേ, പ്രപഞ്ചം അങ്ങയ്ക്കു വിധേയമാണല്ലോ.......''. എസ്തേർ തന്നെയും ''ഇസ്രായേലിന്റെ ദൈവമായ കർത്താവിനോടു പ്രാർത്ഥിച്ചു: എന്റെ കർത്താവേ, അങ്ങുമാത്രമാണു ഞങ്ങളുടെ രാജാവ്.......'' (13:8-9:14:3).

## പ്രാർത്ഥന 17

4. രണ്ടാമത്തെ വിഭാഗമായ ഇതിനെ സംബന്ധിച്ച് ദാനിയേലിന്റെ പുസ്തകം കാണുക: ''അസറിയാസ് എഴുന്നേററ്നിന്ന് ഈ വിധം പ്രാർത്ഥിച്ചു: തീയുടെ മദ്ധ്യത്തിൽ നിന്നു വായ് തുറന്ന് അയാൾ പറഞ്ഞു....'' (3:25). തോബിയാസിന്റെ പുസ്തകത്തിൽ: ''ഞാൻ ദുഃഖഭാരത്തോടെ കരഞ്ഞു. ഹൃദയവ്യഥയോടെ ഞാൻ പ്രാർത്ഥിച്ചു: കർത്താവേ, അവിടുന്നു നീതിമാനാണ്. അങ്ങയുടെ പ്രവൃത്തികളും അങ്ങയുടെ മാർഗ്ഗങ്ങളും കാരുണ്യവും സത്യവും നിറഞ്ഞതാണ്. അങ്ങയുടെ വിധി എന്നും സത്യവും നീതിനിഷ്ഠവുമാണ്'' (3:1–2). ദാനിയേലിന്റെ പുസ്തകത്തിലെ ഉദ്ധൃതഭാഗം ഹീബ്രുപാഠത്തിൽ ഇല്ല എന്നതിന്റെ പേരിൽ അപ്രാമാണികമെന്നു കണക്കാക്കപ്പെടുന്നതാണ്. തോബിയാസിന്റെ പുസ്തകം കാനോനികമല്ലെന്നു പറഞ്ഞ പരിച്ഛേദനം ചെയ്ത വർഗ്ഗക്കാർ നിരസിക്കുന്നതുമാണ്. അതിനാൽ ഞാൻ ശാമുവേലിന്റെ ഒന്നാം പുസ്തകത്തിൽ നിന്ന് ഹന്നയുടെ വാക്കുകൾ ഇവിടെയുദ്ധരിക്കാം. ''അവൾ കർത്താവിനോടു ഹൃദയം നൊന്തു കരഞ്ഞു പ്രാർത്ഥിച്ചു. അവൾ

17 Proseuchai (Prayers)



ഒരു നേർച്ച നേർന്നു: സൈന്യങ്ങളുടെ കർത്താവേ, ഈ ദാസിയുടെ സങ്കടം കണ്ട് അങ്ങ് എന്നെ അനുസ്മരിക്കണമേ....'' (1:10-11).

ഇനി ഹബക്കൂക്കിന്റെ പുസ്തകത്തിൽ: 'ഹബക്കൂക്ക് പ്രവാചകൻ വിലാപരാഗത്തിൽ രചിച്ച പ്രാർത്ഥനാഗീതം. കർത്താവേ, അവിടുത്തെ സ്വരം ഞാൻ ശ്രവിച്ചു: ഞാൻ സംഭീതനായി. അവിടുത്തെ പ്രവൃത്തികളെക്കുറിച്ചു ധ്യാനിച്ച് ഞാൻ ആശ്ചര്യഭരിതനായി. രണ്ടു യുഗങ്ങളുടെ മദ്ധ്യത്തിൽ അവിടുന്ന് അറിയപ്പെടും: വൽസരങ്ങളുടെ സമാഗമത്തിൽ അവിടുന്ന് അറിയപ്പെടും' (3:1f). 'പ്രാർത്ഥന' സമർപ്പിക്കുന്നവൻ അതിനെ ദൈവസ്തുതിയുമായി കലർത്തുന്നു എന്ന ആശയം മുകളിൽ കൊടുത്ത ഉദാഹരണങ്ങളെല്ലാം വ്യക്തമാക്കുന്നുണ്ട്. വീണ്ടും, യോനായുടെ പുസ്തകത്തിലെ ഈ ഭാഗം പരിഗണിക്കുക. 'മത്സ്യത്തിന്റെ ഉദരത്തിൽ വച്ചു യോനാ തന്റെ ദൈവമായ കർത്താവിനോടു പ്രാർത്ഥിച്ചു: എന്റെ കഷ്ടതയിൽ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിച്ചു. അവിടുന്ന് എനിക്ക് ഉത്തരമരുളി. പാതാളത്തിന്റെ ഉദരത്തിൽ നിന്നു ഞാൻ നിലവിളിച്ചു; അവിടുന്ന് എന്റെ നിലവിളി കേട്ടു. അവിടുന്ന് എന്നെ ആഴത്തിലേയ്ക്ക്, സമുദ്രത്തിലേയ്ക്ക് വലിച്ചെറിഞ്ഞു. പ്രവാഹം എന്നെ വളഞ്ഞു' (2:2f).

## മാദ്ധ്യസ്ഥ്യപ്രാർത്ഥന 18

5. പ്രാർത്ഥനയുടെ ഈ മൂന്നാമത്തെ വിഭാഗത്തെക്കുറിച്ച്: വി. അപ്പസ്തോലൻ പ്രാർത്ഥന നമ്മുടെ ചുമതലയായി നൽകിയിരിക്കുന്നു. എന്നാൽ മാദ്ധ്യസ്ഥ്യ പ്രാർത്ഥന ദൈവാത്മാവിന്റെ പ്രവൃത്തിയാണെന്നും അദ്ദേഹം പറയുന്നു. ദൈവാത്മാവ് ഉന്നതനാണ്; പ്രാർത്ഥിക്കുന്നതാരോടാണോ ആ ദൈവത്തിന്റെ പക്കൽ കൂടുതൽ സ്വാധീനവുമുണ്ട്. ശ്ലീഹാ പറയുന്നു: ''ആത്മാവു നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു. ഹൃദയങ്ങൾ പരിശോധിക്കുന്നവൻ ആത്മാവിന്റെ ഇംഗിതം ഗ്രഹിക്കുന്നു. എന്തെന്നാൽ ആത്മാവു ദൈവഹിതമനുസരിച്ചാണ് വിശുദ്ധർക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നത്'' (റോമ. 8:26f). അങ്ങനെ നോക്കുമ്പോൾ ദൈവാത്മാവ് ആവശ്യപ്പെടുന്നു, മാദ്ധ്യസ്ഥ്യം വഹിക്കുന്നു; നാം പ്രാർത്ഥിക്കുന്നു.

ഗബാവോത്തിനുമുകളിൽ നിശ്ചലം നിൽക്കാൻ സൂര്യനോടു ജോഷ്വാ ആവശ്യപ്പെടുന്നതും ഒരു മാദ്ധ്യസ്ഥ്യ പ്രാർത്ഥനയാണെന്നു ഞാൻ കരുതുന്നു. 'കർത്താവ് ഇസ്രായേൽക്കാർക്ക് അമോര്യരെ ഏല്പിച്ച

18. enteuxeis (intercessions)

www.malankaralibrary.com



കൊടുത്ത ദിവസം ജോഷ്വാ അവിടുത്തോടു പ്രാർത്ഥിച്ചു. അവിടുന്ന് ഗബാവോത്തിൽ വച്ച് അമോര്യരെ നശിപ്പിച്ചു. ആ നശീകരണം ഇസ്രായേൽക്കാരുടെ കൺമുമ്പിൽ വച്ചു നടന്നു. ജോഷ്വാ പറഞ്ഞു: ''സൂര്യൻ ഗബാവോത്തിനു മുകളിൽ നിശ്ചലം നിൽക്കട്ടെ. ചന്ദ്രൻ ഏലോം താഴ്‌വരയ്ക്കു മുകളിലും'' (ജോഷ്വാ: 10:12). ന്യായാധിപന്മാരുടെ പുസ്തകത്തിൽ കൊടുത്തിട്ടുള്ള സാംസന്റെ ഈ വാക്കുകളും മാദ്ധ്യസ്ഥ്യ പ്രാർത്ഥനയായി കണക്കാക്കാമെന്നാണ് എന്റെ അഭിപ്രായം: ''ഫെലിസ്ത്യരോടു കൂടി ഞാനും മരിക്കട്ടെ. സർവ്വശക്തിയും ഉപയോഗിച്ച് അവൻ കുനിഞ്ഞു. കെട്ടിടം അതിലുണ്ടായിരുന്ന പ്രഭുക്കന്മാരുടെയും മററ് ആളുകളുടെയും മേൽ വീണു'' (16:30). ജോഷ്വായും സാംസണും മാദ്ധ്യസ്ഥ്യ പ്രാർത്ഥന നടത്തിയെന്നല്ല, പറഞ്ഞുവെന്നാണ് വി. ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എങ്കിലും അവരുടെ വാക്കുകൾ മാദ്ധ്യസ്ഥ്യ പ്രാർത്ഥനയായി അനുഭവപ്പെടുന്നു. വാക്കുകൾക്ക് ശരിയായ അർത്ഥം കൊടുക്കുകയാണെങ്കിൽ അവരുടെ വാക്കുകളെ സാധാരണ പ്രാർത്ഥനയിൽ നിന്നു വ്യത്യസ്തമായി നാം വിലയിരുത്തണം.

## സ്തോത്രാർപ്പണം[19]

ഉപകാരസ്മരണയുടെ ഒരുദാഹരണം നമ്മുടെ കർത്താവിന്റെ താഴെ പറയുന്ന ഉദ്ഗാരമാണ്: സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവായ പിതാവേ, നീ ഇക്കാര്യങ്ങൾ ജ്ഞാനികളിലും വിവേകമതികളിലും നിന്നു മറച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു'' (മത്താ. 11:12). ഇവിടെ സ്തുതിക്കുന്നു എന്ന വാക്കിനു നന്ദി പറയുന്നു എന്നുതന്നെയാണർത്ഥം.

6. യാചനയും മാദ്ധ്യസ്ഥ്യ പ്രാർത്ഥനയും കൃതജ്ഞതാപ്രകാശനവും വിശുദ്ധരായ മനുഷ്യരുടെ പക്കൽ സമർപ്പിക്കുന്നതും അനുചിതമാവുകയില്ല. മാദ്ധ്യസ്ഥ്യ പ്രാർത്ഥനയും നന്ദിപ്രകാശനവും വിശുദ്ധരല്ലാത്ത മനുഷ്യരുടെ പക്കലും സമർപ്പിക്കാവുന്നതാണ്. എന്നാൽ പ്രാർത്ഥന വിശുദ്ധരോടു മാത്രമേ ആകാവൂ. മറെറാരു പത്രോസിനെയോ പൗലോസിനെയോ കണ്ടുകിട്ടിയാൽ, പാപങ്ങൾ മോചിക്കുന്നതിന് അവർക്കു നൽകപ്പെട്ട അധികാരം നമുക്കും നൽകപ്പെടുന്നതിനു വേണ്ടി നമുക്കവരുടെ സഹായം യാചിക്കാവുന്നതാണ്. എന്നാൽ നാം ഏതെങ്കിലും ഒരു മനുഷ്യനോട് അനീതി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ–അയാൾ വിശുദ്ധനൊന്നുമല്ലെങ്കിലും—നമ്മുടെ തെററു ബോദ്ധ്യമാകുമ്പോൾ നമ്മുടെ തെററിന് മാപ്പുതരണമെന്ന് അയാളോടു യാചിക്കാം.

19 eucharistia (thanksgiving)



ഇങ്ങനെ വിശുദ്ധരായ ആളുകളോടു നാം പ്രാർത്ഥിക്കുന്നവെങ്കിൽ പിതാവിന്റെ തിരുമനസ്സുവഴി അസംഖ്യങ്ങളായ അനുഗ്രഹങ്ങൾ നമ്മുടെ മേൽ ചൊരിഞ്ഞ ക്രിസ്തുവിനോട് എത്രയധികമായി നാം കൃതജ്ഞത പ്രകാശിപ്പിക്കണം? വിശുദ്ധ സ്തേഫാനോസ് ചെയ്തതുപോലെ അവിടുത്തെ പക്കൽ നാമും ഇങ്ങനെ മാദ്ധ്യസ്ഥ്യ പ്രാർത്ഥന നടത്തണം: ''കർത്താവേ, ഈ പാപം അവരുടെമേൽ ആരോപിക്കരുതേ'' (നട. 7:60) അപസ്മാര രോഗിയുടെ പിതാവിനെ അനുകരിച്ച് നമുക്കും പ്രാർത്ഥിക്കാം. ''കർത്താവേ എന്റെ മകന്റെ മേൽ കനിയണമേ'' (മത്താ. 17:14). അഥവാ എന്റെ മേൽ അല്ലെങ്കിൽ വേറെ ഏതെങ്കിലും വ്യക്തിയുടെ മേൽ കനിയണമേ എന്നു പ്രാർത്ഥിക്കാം.

# അധ്യായം 15

## പിതാവായ ദൈവത്തോടു മാത്രം പ്രാർത്ഥിക്കുക[20]

പ്രാർത്ഥന യഥാർത്ഥത്തിൽ എന്താണെന്നു നാം മനസ്സിലാക്കുകയാണെങ്കിൽ, ജനിപ്പിക്കപ്പെട്ട ഒന്നിനോടും— ക്രിസ്തുവിനോടുപോലും പ്രാർത്ഥിക്കാൻ പാടില്ല എന്നു വ്യക്തമാകും. സകലത്തിന്റെയും പിതാവായ ദൈവത്തോടുമാത്രമേ നാം പ്രാർത്ഥിക്കാവൂ. നമ്മുടെ രക്ഷകൻ തന്നെയും ആ പിതാവിനോടു മാത്രമാണല്ലോ പ്രാർത്ഥിച്ചത്. പിതാവിനോടു പ്രാർത്ഥിക്കാൻ അവിടുന്നു നമ്മെ പഠിപ്പിക്കുകയും ചെയ്തു. 'ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുക' (ലൂ. 11:1) എന്ന് ശിഷ്യന്മാർ ആവശ്യപ്പെട്ടപ്പോൾ അവിടുന്ന് അവരെ പഠിപ്പിച്ചതു തന്നോടു പ്രാർത്ഥിക്കാനല്ല പിതാവിനോടു പ്രാർത്ഥിക്കാനാണ്. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്നുതുടങ്ങുന്ന പ്രാർത്ഥന അവിടുന്ന് അവർക്കു പറഞ്ഞുകൊടുത്തു. പുത്രൻ സ്വഭാവത്തിലും വ്യക്തിത്വത്തിലും പിതാവിൽനിന്നു ഭിന്നനാണെന്നു നാം നേരത്തേ വ്യക്തമാക്കിയിട്ടുള്ളതാണ്.[21] ആസ്ഥിതിക്ക് നമുക്കു പുത്രനോടു മാത്രം പ്രാർത്ഥിക്കാം പിതാവിനോടു വേണ്ട; അല്ലെങ്കിൽ പിതാവിനോടും പുത്രനോടും പ്രാർത്ഥിക്കാം; അതുമല്ലെങ്കിൽ പിതാവിനോടുമാത്രം പ്രാർത്ഥിക്കാം. പിതാവിനോടു പ്രാർത്ഥിക്കാതെ പുത്രനോടുമാത്രം പ്രാർത്ഥിക്കുന്നതു വിലക്ഷണവും സ്പഷ്ടമായ ഉപപത്തികൾക്കു വിരുദ്ധവുമാണെന്ന് എല്ലാവരും സമ്മതിക്കും. രണ്ടുപേരോടുമാണു പ്രാർത്ഥിക്കുന്നതെങ്കിൽ 'നിങ്ങൾ അനുഗ്രഹിക്കണമേ', 'നിങ്ങൾ ദാനം തരണമേ' 'നിങ്ങൾ രക്ഷിക്കണമേ"

20 ഈ അധ്യായത്തിലെ ചില ആശയങ്ങൾ സഭ സ്വീകരിക്കുന്നില്ല.

21 പുത്രൻ ''സ്വഭാവത്തിൽ'' പിതാവിൽനിന്നു ഭിന്നനാണെന്ന ആശയം സഭ സ്വീകരിക്കുന്നില്ല.

www.malankaralibrary.com



എന്നിങ്ങനെ നിരന്തരമായി ബഹുവചനം പ്രയോഗിക്കേണ്ടിവരും. ഇത് സ്പഷ്ടമായും അസംഗതമായിരിക്കും. ഇപ്രകാരം ആരെങ്കിലും പ്രാർത്ഥിച്ചതിന് വി. ലിഖിതത്തിൽ നിന്ന് ഒരുദാഹരണമെങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയുമെന്നു തോന്നുന്നില്ല. പിന്നെ അവശേഷിക്കുന്ന സാദ്ധ്യത പിതാവിനോടുമാത്രം പ്രാർത്ഥിക്കുക എന്നുള്ളതാണ്. എന്നാൽ ശപഥത്തോടുകൂടി ഉന്നതപുരോഹിതനായി ദൈവപിതാവിനാൽ നിയമിക്കപ്പെട്ട പുത്രനെക്കൂടാതെ പ്രാർത്ഥന പാടില്ലതാനും. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: 'കർത്താവു ശപഥം ചെയ്തിട്ടുണ്ട്. അവൻ മനസ്സു മാററുകയില്ല. നീ മൽക്കിസെദേക്കിന്റെ ക്രമപ്രകാരം എന്നേയ്ക്കും പുരോഹിതനാകുന്നു' (സങ്കീ. 110:4).

## ക്രിസ്തുവഴിയായി പ്രാർത്ഥിക്കണം

2. അപ്പോൾ, വിശുദ്ധൻമാർ ദൈവത്തിനു കൃതജ്ഞതാപ്രാർത്ഥന അർപ്പിക്കുമ്പോൾ ആ സമർപ്പണം യേശുക്രിസ്തുവിലൂടെയാണു നിർവ്വഹിക്കേണ്ടത്. ഒരാൾ ശരിയായ രീതിയിൽ പ്രാർത്ഥിക്കാനാഗ്രഹിക്കുന്നെങ്കിൽ താൻതന്നെ പ്രാർത്ഥിക്കുന്ന ഒരാളോടല്ലല്ലോ അതുവേണ്ടത്. എന്നു മാത്രമല്ല, നാം പിതാവായ ദൈവത്തെ വിളിച്ചാണു പ്രാർത്ഥിക്കേണ്ടതെന്ന് നമ്മുടെ രക്ഷകനായ യേശു പഠിപ്പിച്ചിട്ടുമുണ്ട്. അതുപോലെതന്നെ, ക്രിസ്തുവിലൂടെയല്ലാതെ പിതാവായ ദൈവത്തോടു നാം പ്രാർത്ഥിക്കുകയുമരുത്. ഇക്കാര്യം അവിടുന്നുതന്നെ ഈ വാക്കുകളിൽ വ്യക്തമാക്കുന്നുമുണ്ട്: 'സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടന്നു നിങ്ങൾക്കു നൽകും. ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അതുമൂലം നിങ്ങളുടെ സന്തോഷം പൂർണ്ണമാകുകയും ചെയ്യും' (യോഹ. 16:23–24). 'നിങ്ങൾ എന്നോടു ചോദിക്കുക' എന്നോ 'പിതാവിനോടു ചോദിക്കുക' എന്നോ അല്ല; 'നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും' എന്നാണ് അവിടുന്നു അരുളിച്ചെയ്തത്. യേശു ഇപ്രകാരം പഠിപ്പിക്കുന്നതുവരെ ആരുംതന്നെ പുത്രന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിച്ചിട്ടില്ല. 'ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും ചോദിച്ചിട്ടില്ല.' എന്ന് അവിടന്നു പറഞ്ഞതു ശരിയാണ്. 'ചോദിക്കുവിൻ, നിങ്ങൾക്കുലഭിക്കും; അതുമൂലം നിങ്ങളുടെ സന്തോഷം പൂർണ്ണമാകുകയും ചെയ്യും" എന്നുള്ളതും സത്യംതന്നെ.

3. ഇവിടെ ഒരു ചിന്താക്കുഴപ്പത്തിനു സാദ്ധ്യതയുണ്ട്. ''ആരാധന'' എന്ന വാക്കിന്റെ അർത്ഥം[22] സംബന്ധിച്ച ആശയക്കുഴപ്പം മൂലം നാം ക്രിസ്തുവിനോടു പ്രാർത്ഥിക്കണമെന്നു ചിലർക്കു വിശ്വാസമുണ്ടായി എന്നുവരാം. ''ദൈവത്തിന്റെ മാലാഖമാരെല്ലാം അവനെ ആരാധിക്കട്ടെ'' എന്ന വേദപുസ്തകവാക്യം അവർ തങ്ങളുടെ വാദത്തിനുപോദ്ബലകമായി ഉദ്ധരിച്ചെന്നുവരാം. ആവർത്തനപ്പുസ്തകത്തിൽ ആ പ്രസ്താവം ക്രിസ്തുവിനെക്കുറിച്ചാണെന്നുള്ളതിനു സംശയമില്ല (32:43). സഭയെയും ''ആരാധിക്കണ''മെന്നു വേദപുസ്തക പ്രസ്താവമുണ്ട് എന്ന് അവരോടു നമുക്കു മറുപടി പറയാം. ''ജറൂസലെം'' എന്ന പേരുകൊണ്ടാണ് പ്രവാചകൻ സഭയെ നിർദ്ദേശിച്ചിട്ടുള്ളത്. സഭയെ സംരക്ഷിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന രാജാക്കന്മാരും രാജ്ഞിമാരും അവളെ ''ആരാധിക്കണ''മെന്നാണു പ്രസ്താവം. ''കർത്താവായ ദൈവം അരുൾചെയ്യുന്നു: കണ്ടാലും, ഞാൻ ജനതകളുടെ നേരെ എന്റെ കരം ഉയർത്തും; ജനപദങ്ങളുടെ നേരെ എന്റെ കൊടിയടയാളം ഉയർത്തും. അപ്പോൾ അവർ നിന്റെ പുത്രന്മാരെ കയ്യിൽ എടുത്തുകൊണ്ടുവരും. നിന്റെ പുത്രിമാരെ തോളിലേററിക്കൊണ്ടുവരും. രാജാക്കന്മാർ നിന്റെ വളർത്തുപിതാക്കന്മാരാകും. അവരുടെ രാജ്ഞിമാർ നിന്റെ വളർത്തമ്മമാരാകും. അവർ സാഷ്ടാംഗപ്രണാമം ചെയ്ത് നിന്റെ പാദത്തിലെ പൊടി നക്കും. അപ്പോൾ, ഞാനാണു കർത്താവ് എന്നും എനിക്കുവേണ്ടി കാത്തിരിക്കുന്നവർ ലജ്ജിതരാകയില്ല എന്നും നീ മനസ്സിലാക്കും'' (ഏശാ. 49;22,).

22. proskynein = സാഷ്ടാംഗപ്രണാമം



4. നമ്മുടെ രക്ഷകൻ തന്നെ അരുളിച്ചെയ്യുന്നു: 'നിങ്ങൾ എന്തുകൊണ്ടാണ് എന്നെ നല്ലവൻ എന്നു വിളിക്കുന്നത്? ദൈവം ഒരുവനല്ലാതെ നല്ലവനായി മററാരും ഇല്ല (മർക്കോ. 10:18). അവിടുത്തെ വാക്കുകളുടെ ആശയം നമുക്ക് ഇങ്ങനെ വിശദീകരിക്കാവുന്നതാണ്: 'നിങ്ങൾ എന്നോടു പ്രാർത്ഥിക്കുന്നതെന്ത്? പിതാവായ ദൈവത്തോടു മാത്രമേ നിങ്ങൾ പ്രാർത്ഥിക്കാവൂ. ഞാനും അവിടുത്തോടുമാത്രമാണു പ്രാർത്ഥിക്കുന്നത്. ഇക്കാര്യം വി. ലിഖിതങ്ങളിൽനിന്നു മനസ്സിലാക്കുക. ഉന്നതപുരോഹിതനായി, പിതാവു നിങ്ങളുടെമേൽ നിയമിച്ചിരിക്കുന്നയാളിനോടു നിങ്ങൾ പ്രാർത്ഥിക്കരുത്. പിതാവു നിങ്ങൾക്കുവേണ്ടി ഏർപ്പെടുത്തിയിരിക്കുന്ന അഭിഭാഷകനോടും പ്രാർത്ഥിക്കരുത്. എന്നാൽ നിങ്ങളുടെ ഉന്നതപുരോഹിതനും അഭിഭാഷകനും ആയിട്ടുള്ള വ്യക്തിവഴി നിങ്ങൾക്കു പ്രാർത്ഥിക്കാം. ആ വ്യക്തിക്ക് നിങ്ങളുടെ ബലഹീനതകളിൽ നിങ്ങളോടു സഹതപിക്കാൻ കഴിയും, എന്തെന്നാൽ ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും എല്ലാക്കാര്യങ്ങളിലും നിങ്ങളെപ്പോലെതന്നെ പരീക്ഷിക്കപ്പെട്ടവനാണ് അവൻ. ''എന്റെ പിതാവിൽനിന്നു നിങ്ങൾക്കു ലഭിച്ചിട്ടുള്ളത് എത്രവലിയ ദാനമാണെന്നു നിങ്ങൾ മനസ്സിലാക്കുക. എന്നിലുള്ള പുനർജന്മം വഴി പുത്രസ്വീകാര്യത്തിന്റെ അരൂപി ലഭിച്ചതാണ് ആ ദാനം. അതുമൂലം നിങ്ങൾ ദൈവത്തിന്റെ പുത്രന്മാരെന്നും എന്റെ സഹോദരന്മാരെന്നും വിളിക്കപ്പെട്ടു. ദാവീദിലൂടെ നിങ്ങളെക്കുറിച്ച് എന്റെ പിതാവിനോട് ഞാൻ പറഞ്ഞ വാക്കുകൾ തീർച്ചയായും നിങ്ങൾ വായിച്ചിട്ടുണ്ട്: 'അവിടുത്തെ നാമം എന്റെ സഹോദരന്മാരുടെ മുമ്പിൽ

www.malankaralibrary.com



ഞാൻ പ്രഖ്യാപിക്കും; സഭയുടെ മദ്ധ്യത്തിൽ ഞാൻ അങ്ങയെ സ്തുതിക്കും'' (സങ്കീ. 22:22). ഒരു സഹോദരനോടൊപ്പം ഒരേ പിതാവിന്റെ മക്കളായിരിക്കാൻ യോഗ്യരായി അംഗീകരിക്കപ്പെട്ടവർ ആ സഹോദരനോടു പ്രാർത്ഥിക്കുന്നതു ശരിയല്ല. നിങ്ങൾ എന്നോടൊപ്പവും ഞാൻ വഴിയായും പിതാവിനോടുമാത്രം പ്രാർത്ഥിക്കണം.

## അധ്യായം 16

യേശു പറയുന്ന ഇക്കാര്യങ്ങളെക്കുറിച്ചു പ്രാർത്ഥിച്ചുകൊണ്ട് അവിടുന്നുവഴി നമുക്കു പിതാവായ ദൈവത്തോടു പ്രാർത്ഥിക്കാം. നാം എല്ലാവരുടെയും പ്രാർത്ഥന ഒരുപോലെ ആയിരിക്കണം. പ്രാർത്ഥനയുടെ സമ്പ്രദായത്തിൽ നാം തമ്മിൽ വൈഭിന്യമുണ്ടാകരുത്. നമ്മിൽ ചിലർ പിതാവിനോടും ചിലർ പുത്രനോടും പ്രാർത്ഥിക്കുമ്പോൾ അതുതന്നെ ഒരു ഭിന്നതയല്ലേ ? പൂർണ്ണമായ ആത്മാർത്ഥതയോടുകൂടെയാണെങ്കിലും വേണ്ടവിധത്തിൽ അന്വേഷണവും പരിചിന്തനവും നടത്താതെ, പിതാവിനോടുകൂടെയോ അല്ലാതെയോ, പുത്രനോടു പ്രാർത്ഥന നടത്തുമ്പോൾ ആളുകൾ അജ്ഞതമൂലമുള്ളപാപം ചെയ്യുകയാണ്. 23 അതിനാൽ നമക്കു ദൈവത്തോടു പ്രാർത്ഥിക്കാം. പിതാവായ ദൈവത്തിന്റെ സന്നിധിയിൽ നമുക്ക് ആവശ്യങ്ങൾ സമർപ്പിക്കാം. കർത്താവിനോടു നമുക്കു യാചിക്കാം. പിതാവും കർത്താവുമായ ദൈവത്തിനു നമുക്കു കൃതജ്ഞതയർപ്പിക്കാം. അവിടുന്ന് ഒരു വെറും അടിമയുടെ യജമാനനല്ല. അവിടുന്നു തന്റെ പുത്രന്റെയും ആ പുത്രൻവഴി പുത്രൻമാരായിത്തീർന്ന മററുള്ളവരുടെയും കർത്താവാകുന്നു. അവിടുന്ന് മരിച്ചവരുടെ ദൈവമല്ല, ജീവിക്കുന്നവരുടെ ദൈവമാകുന്നു (മത്താ. 22:32). അതുപോലെ, കുലമാഹാത്മ്യമില്ലാത്ത അടിമകളുടെ മാത്രം യജമാനനല്ല അവിടുന്ന്; കുലമാഹാത്മ്യമുള്ളവരുടെയും യജമാനനാണ്. ശൈശവം കാരണം നാം ആദ്യം ഭയത്തിനധീനരായിരുന്നു. എന്നാൽ പിന്നീട് സ്നേഹംമൂലം ആ അധീനാവസ്ഥ കൂടുതൽ സന്തോഷപൂർണ്ണമായിത്തീർന്നു. ദൈവത്തിന്റെ ദാസൻമാരെ ദൈവമക്കളിൽനിന്നു തിരിച്ചറിയാൻ സഹായിക്കുന്ന അടയാളങ്ങൾ അവരുടെ ആത്മാക്കളിലുണ്ട്. ഹൃദയങ്ങളെ പരിശോധിക്കുന്നവനുമാത്രമാണ് (റോമ. 8:27) ആ അടയാളങ്ങൾ ദൃശ്യമായിട്ടുള്ളത്.

---

23. ഈ ആശയത്തിൽ ഒരിജനുകൂട്ടായി പ്രാചീന സഭാപാരമ്പര്യത്തിൽ ആരുംതന്നെയില്ല. 'വചന'ത്തെപ്പററിയുള്ള തെററായ ധാരണകളോ ദൈവത്തിന്റെ ഏകത്വത്തെപ്പററിയുള്ള ചിന്തകളോ ആയിരിക്കാം ഇപ്രകാരം അഭിപ്രായപ്പെടാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. നമുക്കു പുത്രനോടും പ്രാർത്ഥിക്കാം. മൂന്നാളുകളിൽ ആരോടു പ്രാർത്ഥിച്ചാലും അത് ത്രിത്വത്തോടുള്ള പ്രാർത്ഥനയാണ്. നമുക്കു പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനോടും പ്രാർത്ഥിക്കാം. അതുശരിയായ പ്രാർത്ഥനതന്നെയാണ്.



## ആദ്ധ്യാത്മികവും ഭൗതികവുമായ അനുഗ്രഹങ്ങൾ

2. **മഹത്തും സ്വർഗീയവുമായ കാര്യങ്ങൾക്കുവേണ്ടി നാം ദൈവത്തോടു** പ്രാർത്ഥിക്കണമെന്നാണല്ലോ നമ്മുടെ കർത്താവ് നമ്മോട് ആജ്ഞാപിച്ചിട്ടുള്ളത്. അതിനാൽ ഭൗമികവും നിസ്സാരവുമായ കാര്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നവൻ ആ ആജ്ഞയെ ധിക്കരിക്കുകയാണു ചെയ്യുന്നത്. വിശുദ്ധർക്ക് അവരുടെ പ്രാർത്ഥനയുടെ ഫലമായി ഭൗതികനന്മകൾ നൽകപ്പെട്ടിട്ടുണ്ടല്ലോ എന്ന് ചിലർ എതിർവാദം ഉന്നയിച്ചേക്കാം. പ്രാർത്ഥനമൂലം ഭൗതികവും അപ്രധാനവുമായ നന്മകളും നിങ്ങൾക്കു നൽകപ്പെടും എന്ന സുവിശേഷവചനം അവർ ഉദ്ധരിക്കുകയും ചെയ്തേക്കാം. അത്തരക്കാരോട് എനിക്കു പറയാനുള്ള മറുപടി ഇതാണ്: ഒരാൾ നമുക്കൊരു ഭൗതികവസ്തു സമ്മാനംതരുമ്പോൾ അയാൾ അതിന്റെ നിഴൽ സമ്മാനം തന്നു എന്നു പറയാറില്ല. പദാർത്ഥം, നിഴൽ എന്നു രണ്ടുതരം സമ്മാനങ്ങൾ തരാൻ തന്നയാൾ ഉദ്ദേശിച്ചിട്ടില്ല. പദാർത്ഥം അയാൾ തന്നു; അതു മാത്രമാണ് അയാൾ തരാനുദ്ദേശിച്ചതും. എന്നാൽ പദാർത്ഥത്തോടൊപ്പം നിഴലും നമ്മുടെഅധീനതയിലായി. അതുപോലെതന്നെ, ദൈവം നമുക്കു നൽകുന്ന പ്രമുഖദാനങ്ങളെക്കുറിച്ച് വിചാരങ്ങൾ ഉയർത്തി നാം ചിന്തിക്കുകയാണെങ്കിൽ ഒരു കാര്യം നമുക്കു വ്യക്തമാകും: വിശുദ്ധർക്കു ലഭിച്ചിട്ടുള്ള ഭൗതികദാനങ്ങൾ അവർക്കുനൽകപ്പെട്ട ശ്രേഷ്ഠമായ ആദ്ധ്യാത്മിക സ്വർഗീയദാനങ്ങളുടെ ഉപഘടകങ്ങൾ മാത്രമായിരുന്നു. അവർക്ക് ഉപകാരപ്പെടുന്നവയും വിശ്വാസത്തിന്റെ നിയമമനുസരിച്ചും ദാതാവിന്റെ ഇഷ്ടമനുസരിച്ചും ഈ ദാനങ്ങൾ നൽകപ്പെടുന്നു. കർത്താവിന്റെ ഇച്ഛകൾ ഓരോന്നും വിവേകം നിറഞ്ഞവയാണ്. എന്നാൽ അവിടുന്നു നൽകുന്ന ഓരോ ദാനത്തിനും അവിടുത്തെ മഹത്വത്തിനനുസൃതമായ കാരണമോ ന്യായമോ കണ്ടുപിടിക്കാൻ നമുക്കു കഴിഞ്ഞില്ലെന്നുവരാം.

3. ഹന്ന ശാമുവലിനെ ഗർഭം ധരിച്ചപ്പോൾ അവളുടെ ശരീരത്തിന്റെ വന്ധ്യതയെക്കാൾ അധികമായി സുഖം പ്രാപിച്ചത് ആത്മാവിന്റെ വന്ധ്യതയാണ്. എസക്കിയാസ് ശാരീരികബീജത്തിൽനിന്നു ജന്മംകൊണ്ട ശാരീരികമക്കളെക്കാൾ അധികമായ വിധത്തിൽ അദ്ദേഹത്തിന്റെ മനസ്സിൽനിന്നു ദൈവിക സന്താനങ്ങൾക്ക് ജന്മം നൽകി (2 രാജാ.20:13). എസ്ഥേറും മർദോക്കായിയും അവരുടെ ജനങ്ങളും അവരുടെ പ്രാർത്ഥനയുടെ ഫലമായി ആമാന്റെയും കൂട്ടാളികളായ ഗൂഢാലോചനക്കാരുടെയും ആക്രമണങ്ങളിൽനിന്നു രക്ഷിക്കപ്പെട്ടുവല്ലോ (എസ്തേർ, 6—7). ശത്രുവിന്റെ ആത്മീകമായ ആക്രമണങ്ങളിൽനിന്ന് അവർ രക്ഷപ്പെട്ടു എന്നതാണ് അതിലേറെ പ്രധാനം. യൂദിത്ത് ഹോളോഫെർനസിന്റെ ശിരസ് ഛേദിച്ചു (13). എന്നാൽ അവൾ തന്റെ ആത്മാവിനെ നശിപ്പിക്കാൻ ശ്രമിച്ച അന്ധകാര രാജകുമാരന്റെ കരുത്തറുത്തു എന്നത് അതിനെക്കാൾ പ്രാധാന്യമുള്ള വസ്തുതയത്രേ. 'ദൈവം ആകാശത്തിലെ മഞ്ഞുതുള്ളി നിന്റെമേൽ വർ

www.malankaralibrary.com



ഷിക്കട്ടെ' എന്ന് ഇസഹാക്ക് യാക്കോബിനോടു പറഞ്ഞു (ഉല്പ. 27:28). ഇവിടെ ലൗകികമായ മഞ്ഞുതുള്ളി എന്നതിലധികമായി ഇസഹാക്ക് വിവക്ഷിക്കുന്നത് എല്ലാ വിശുദ്ധർക്കും ദൈവം നൽകുന്ന ആദ്ധ്യാത്മികാശീർവ്വാദമാണെന്നു വ്യക്തമാണല്ലോ. നെബുക്കദ്നേസറിന്റെ ആജ്ഞയാൽ ജ്വലിക്കപ്പെട്ട തീച്ചൂളയിൽ മഞ്ഞുതുള്ളികൾ വർഷിക്കപ്പെട്ടു എന്നു പറയുമ്പോൾ (ദാനി. 3:49f) അതിന്റെ വാച്യാർത്ഥത്തെക്കാളധികമായി അനനിയാസിന്റെയും കൂട്ടുകാരുടെയും മേൽ ആ ആദ്ധ്യാത്മികാശീർവാദത്തിന്റെ വർഷമുണ്ടായി എന്ന ആശയമാണുദ്ദിഷ്ടമെന്നത് ആർക്കു നിഷേധിക്കാനാവും? ദാനിയേലിനെ ഹിംസിക്കാൻ തയ്യാറാക്കപ്പെട്ട സിംഹങ്ങളുടെ വായ് ദൈവശക്തിയാൽ മൂടപ്പെട്ടു എന്നു വി. ലിഖിതത്തിൽ നാം വായിക്കുന്നുണ്ട് (6:22). ആ പ്രവാചകന്റെ ആത്മാവിനെ ആക്രമിക്കാൻ പുറപ്പെട്ട അദൃശ്യസിംഹങ്ങളുടെ ശക്തി ബന്ധിക്കപ്പെട്ടു എന്ന ആശയമല്ലേ അതിലും പ്രധാനം? നമ്മുടെ രക്ഷകനായ യേശു ഒരു ഭീകരജന്തുവിനെ തോല്പിച്ചടക്കി. ദൈവത്തിൽനിന്നോടിയകലുന്ന എല്ലാ മനുഷ്യരെയും വിഴുങ്ങിക്കളയുന്ന സ്വഭാവമാണ് ആ ജന്തുവിനുള്ളത്. വിശുദ്ധനായതുകൊണ്ട് യോനാ ദീർഘദർശി പരിശുദ്ധാത്മാവിന്റെ ദാനം സ്വീകരിച്ച് അതിന്റെ ഉദരത്തിൽനിന്നു രക്ഷപ്രാപിച്ചു.

## അധ്യായം 17

എല്ലാം ഒരേപോലെയുള്ള ശരീരം സ്വീകരിക്കയാണെങ്കിൽ അവയുടെ നിഴലുകൾ എല്ലാം ഒരുപോലെയായിരിക്കണമെന്നില്ല. ചിലതിന് നിഴലേ കാണണമെന്നില്ല. ഇതിൽ അത്ഭുതപ്പെടാനൊന്നുമില്ല. സൂര്യഘടികാരത്തോടു ബന്ധപ്പെട്ട പ്രശ്നങ്ങളും പ്രകാശഗോളങ്ങളും നിഴലുകളും മറ്റും സംബന്ധിച്ച കാര്യങ്ങളും പഠിക്കുന്നവർക്ക് നിഴലുകളുടെ വലിപ്പച്ചെറുപ്പം വളരെ അനിശ്ചിതമായ ഒരു കാര്യമാണെന്നു മനസ്സിലാക്കാവുന്നതാണ്. ചിലപ്പോൾ സൂചകങ്ങൾ അല്പം നിഴൽപോലും കാണിക്കുകയില്ല, ചിലപ്പോൾ ചെറിയ നിഴൽ കാണിക്കും; ചിലപ്പോൾ താരതമ്യേന വളരെ വലിപ്പമുള്ള നിഴൽ കാണിക്കും. അതിനാൽ, ദൈവം നമുക്ക് അനുപേക്ഷണീയങ്ങളായ ദാനങ്ങൾ തരുമ്പോൾ അവയോടനുബന്ധിച്ച് നിഴൽപ്രായങ്ങളായ ദാനങ്ങൾകൂടി ലഭിക്കുന്നില്ലെങ്കിൽ നാം ആശ്ചര്യപ്പെടേണ്ടതില്ല. അതാതു സമയത്ത് ദൈവത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ചായിരിക്കും അതെല്ലാം തരുന്നതും തരാതിരിക്കുന്നതും. പ്രസ്തുത ഇഷ്ടാനിഷ്ടങ്ങൾക്കടിസ്ഥാനമായി നമുക്ക് അജ്ഞാതമായ പലകാര്യങ്ങൾ ഉണ്ടായിരിക്കും. ദാനം സ്വീകരിക്കുന്നവന്റെ സവിശേഷതകളും ദാനത്തിന്റെ സമയവും എല്ലാം അവിടെ പരിഗണിക്കപ്പെടാം. ചില ദാനങ്ങൾക്ക് നിഴൽ പ്രായങ്ങളായ അനുബദ്ധ ദാനങ്ങൾ ഉണ്ടായിരിക്കാം. ചിലതിന് ഇല്ലായിരിക്കാം. ചിലവ മറ്റു ചിലർക്കു ലഭിക്കുന്നതിനോടു താരതമ്യപ്പെടുത്തിയാൽ ചെറുതായിരിക്കാം.



സൂര്യരശ്മികൾ കൊണ്ട് പദാർത്ഥങ്ങൾക്കു നിഴലുണ്ടായാലും ഇല്ലെങ്കിലും ഒരാൾ സന്തോഷിക്കുകയോ ദുഃഖിക്കുകയോ ചെയ്യേണ്ടതില്ലല്ലോ. സൂര്യപ്രകാശം ലഭിക്കുന്നുണ്ടെങ്കിൽ പ്രധാനപ്പെട്ട ദാനം ലഭിച്ചു എന്നുകരുതി സന്തോഷിക്കേണ്ടതേ ഉള്ളു. അതുപോലെ തന്നെ നമുക്ക് ആദ്ധ്യാത്മിക ദാനങ്ങൾ ലഭിക്കുന്നുണ്ടെങ്കിൽ, യഥാർത്ഥത്തിൽ നല്ലതായിട്ടുള്ള കാര്യങ്ങളുടെ ഉടമസ്ഥതയും ആദ്ധ്യാത്മികമായ പ്രകാശവും നൽകപ്പെടുന്നുണ്ടെങ്കിൽ, നിഴൽപോലെ അപ്രധാനമായ കാര്യങ്ങളെക്കുറിച്ച് നാം ഒട്ടും വേവലാതിപ്പെടേണ്ടതില്ല. ഭൗതികവും ശാരീരികവുമായ വസ്തുക്കൾക്ക്, അവ എന്തുതന്നെയായാലും, നൈമിഷികമായ നിഴലുകളെക്കാൾ അധികമായ യാതൊരു മൂല്യവുമില്ല. സകലത്തിന്റെയും നാഥനായ ദൈവത്തിൽ നിന്നു നമുക്കു ലഭിക്കുന്ന രക്ഷാകരവും പരിശുദ്ധവുമായ ദാനങ്ങളോടു തുലനം ചെയ്യുമ്പോൾ അവ തീർത്തും നിസ്സാരങ്ങളാകുന്നു. പാദാർത്ഥികസമ്പത്തും 'വചനത്തിലും വിജ്ഞാനത്തിലുമുള്ള സമ്പത്തും' (1 കൊറി. 1:5) തമ്മിൽ എന്തു താരതമ്യമാണുള്ളത്? മനസ്സിന്റെ ആരോഗ്യം, ആത്മാവിന്റെ ശക്തി, സന്തുലിതമായ ചിന്താശക്തി എന്നിവയെ ഭ്രാന്തന്മാരല്ലാതെ മറ്റാരെങ്കിലും മാംസത്തിന്റെയും അസ്ഥിയുടെയും ആരോഗ്യത്തോടു താരതമ്യപ്പെടുത്തുമോ? ഈ വക വിചിന്തനങ്ങളെല്ലാം 'ദൈവവചന'ത്താൽ ക്രമീകരിക്കപ്പെട്ടു കഴിയുമ്പോൾ ശരീരത്തിന്റെ വേദനകളെ വെറും ഒരു പോറലായിട്ടോ അതിലും നിസ്സാരമായിട്ടോ കണക്കാക്കാൻ നമ്മെ പ്രാപ്തരാക്കുന്നു.

2. ദൈവവചനമാകുന്ന മണവാളൻ സ്നേഹിക്കുന്ന മണവാട്ടിയുടെ സൗന്ദര്യം എന്താണെന്ന് മനസ്സിലായിട്ടുള്ളവർക്ക്, അതായത് അതിദിവ്യവും ലൗകികാതീതവുമായ സൗന്ദര്യത്താൽ ഉജ്ജ്വലമായ ആത്മാവിന്റെ അവസ്ഥ മനസ്സിലാക്കിയിട്ടുള്ളവർക്ക് മനുഷ്യരുടെ ശാരീരികമായ അഴകിനെ അതേവാക്കുകൊണ്ടു വിശേഷിപ്പിക്കാൻ ലജ്ജ തോന്നും. ജഡത്തിനു യഥാർത്ഥ സൗന്ദര്യം അപ്രാപ്യമാകുന്നു; എന്തെന്നാൽ അത് വൈരൂപ്യം തന്നെയത്രേ. ''സർവ്വജഡവും പുൽക്കൊടിക്കു തുല്യമാകുന്നു; അതിന്റെ മഹത്ത്വമെല്ലാം വയലിലെ പൂവുപോലെയും'' (ഏശാ. 40:6). സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും വിഖ്യാതമായ സൗന്ദര്യത്തെ ഒരു പൂവിനോടാണ് പ്രവാചകൻ തുലനം ചെയ്തിരിക്കുന്നത്. ''സർവ്വ ജഡവും പുൽക്കൊടിക്കു തുല്യമാകുന്നു; അതിന്റെ മഹത്ത്വമെല്ലാം വയലിലെ പൂവുപോലെയും. പുൽക്കൊടി ഉണങ്ങുന്നു. പൂവു വാടുന്നു; കർത്താവിന്റെ വചനമാകട്ടെ എന്നേക്കും നിലനിൽക്കുന്നു'' (ഏശാ. 40:6–8). അതുപോലെ തന്നെ ദൈവമക്കളുടെ കുലമഹിമയെക്കുറിച്ചു ധ്യാനിച്ചിട്ടുള്ള ആർക്കാണ് ആ പദത്തിനു സാധാരണ നൽകപ്പെട്ടിട്ടുള്ള അർത്ഥം അംഗീകരിക്കാൻ കഴിയുക? ക്രിസ്തുവിന്റെ 'സുസ്ഥിരമായ രാജ്യ'ത്തെക്കുറിച്ചു വിചിന്തനം ചെയ്തിട്ടുള്ള ആർക്കാണ് ഭൗതികങ്ങളായ രാജ്യങ്ങളെ ആദരണീയങ്ങളായി കരുതാൻ സാധിക്കുക?

www.malankaralibrary.com



ശരീരത്തിൽ ബന്ധിതമായിരിക്കുന്ന മനുഷ്യാത്മാവിന് സാധിക്കുന്നരീതിയിൽ വ്യക്തമായി മാലാഖമാരുടെ സൈന്യത്തെയും പ്രധാന മാലാഖമാർ, സിംഹാസനങ്ങൾ, കർതൃത്വങ്ങൾ, അധികാരങ്ങൾ, ആധിപത്യങ്ങൾ ആദിയായ കർത്താവിന്റെ സൈന്യത്തിന്റെ തലവന്മാരെയും കാണുകയും അവരായിരിക്കുന്ന രീതിയിൽ പിതാവ് അവരെയും മാനിക്കുന്നു എന്നു മനസ്സിലാക്കുകയും ചെയ്യുന്ന വ്യക്തി, നിഴലിനെക്കാൾ അവ്യക്തമായിട്ടാണ് കാണുന്നതെങ്കിലും, വിഡ്ഢികൾ അത്ഭുതപരതന്ത്രരാകുന്ന സംഗതികൾ പൂർണമായും ശൂന്യവും ഇതുമായി താരതമ്യപ്പെടുത്തുമ്പോൾ ഒന്നുമില്ലാത്തതും ആയി കരുതി അവയെ എങ്ങനെ നിന്ദിക്കാതിരിക്കും ? ആ ആത്മാവിന് ഇവയെല്ലാം നല്കപ്പെട്ടാലും, അവയെയെല്ലാം നിന്ദിക്കുകയും യഥാർത്ഥത്തിലുള്ള ദൈവികശക്തിയെയും യഥാർത്ഥ അധികാരത്തെയും സ്വായത്തമാക്കുകയു, ചെയ്യും.

അതിനാൽ യഥാർത്ഥ മാഹാത്മ്യമുള്ളതും സ്വർഗ്ഗീയവുമായ കാര്യങ്ങൾക്കുവേണ്ടിയാണു നാം പ്രാർത്ഥിക്കേണ്ടത്. ആ സുപ്രധാന കാര്യങ്ങളോടൊപ്പം നമുക്കുലഭിക്കേണ്ടത് എന്തെല്ലാമാണെന്നു തീരുമാനിക്കാനുള്ള ചുമതല ദൈവത്തിനു വിട്ടുകൊടുക്കുക. നമ്മുടെ നശ്വരശരീരത്തിന്റെ ആവശ്യങ്ങൾക്കു വേണ്ടത് എന്തെല്ലാമാണെന്ന് നാം ചോദിക്കുന്നതിനു മുമ്പു തന്നെ അവിടുത്തേയ്ക്കറിയാം. (മത്താ. 6:8).

ഭാഗം 2

# കർത്തൃപ്രാർത്ഥന

## അധ്യായം 18

1. ദൈവം തന്റെ ക്രിസ്തുവിലൂടെ നൽകിയ അനുഗ്രഹത്താൽ ഞാൻ ഇതുവരെ പ്രാർത്ഥനയെക്കുറിച്ചുള്ള പ്രശ്നങ്ങൾ പൊതുവയി ചർച്ച ചെയ്തു. (ഇക്കാര്യത്തിൽ പരിശുദ്ധാത്മാവിന്റെ അനുഗ്രഹവും എനിക്ക ലഭിച്ചിട്ടുണ്ടെന്നു ഞാൻ ശരണപ്പെടുന്നു. ഈ പ്രബന്ധം വായിക്കുന്ന നിങ്ങൾക്ക് അതിനെക്കുറിച്ച് വിധിപറയാൻ സാധിക്കും). ഇനി മറ്റൊരു കൃത്യത്തിലേക്കു നമുക്ക് കടക്കാം. നമ്മുടെ കർത്താവു പഠിപ്പിച്ച പ്രാർത്ഥനയെയും അതിന്റെ ഫലദായകത്വത്തെയും കുറിച്ച് ഇനി ചർച്ചചെയ്യാം.

2, ആദ്യമായിത്തന്നെ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്: നമുക്കു പ്രാർത്ഥിക്കുവാൻവേണ്ടി ഒരേ പ്രാർത്ഥനയുടെ രൂപങ്ങൾ തന്നെയാണ് മത്തായി, ലൂക്കാ എന്ന രണ്ടു സുവിശേഷകൻമാർ രേഖപ്പെടുത്തിയിരിക്കുന്നതെന്നു മിക്കവർക്കും തോന്നും. വി. മത്തായി രേഖപ്പെടുത്തിയിട്ടുള്ള പ്രാർത്ഥന ഇതാണ്:



''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങളുടെ അന്നന്നുവേണ്ട അപ്പം ഇന്നു ഞങ്ങൾക്കു നൽകണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിൻമയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ'' (6: 9–13).

വി. ലൂക്കായുടെ സുവിശേഷത്തിൽ നാം ഇങ്ങനെ വായിക്കുന്നു:

''പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. അന്നന്നുവേണ്ട അപ്പം ഓരോ ദിവസവും ഞങ്ങൾക്കു നൽകണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ' (11:2-4).

3. പ്രസ്തുത അഭിപ്രായം വച്ചുപുലർത്തുന്നവരോട് എനിക്കു പറയാനുള്ളതിതാണ്: ഒന്നാമതായി, വാക്കുകൾ ചില കാര്യങ്ങളിൽ യോജിക്കുമെങ്കിലും ചിലകാര്യങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. സൂക്ഷ്മമായ പരിശോധനയിൽ ഇക്കാര്യം കൂടുതൽ വ്യക്തമാകാം. രണ്ടാമതായി, മലയിലെ പ്രസംഗത്തിൽ നൽകപ്പെട്ട പ്രാർത്ഥനയുണ്ട്. അവിടെ, ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശു മലയിലേക്കു കയറി. അവൻ ഇരുന്ന കഴിഞ്ഞപ്പോൾ ശിഷ്യൻമാർ അടുത്തെത്തി. അവൻ അവരെ പഠിപ്പിക്കാൻ തുടങ്ങി'' (മത്താ. 5:1). സുവിശേഷഭാഗ്യങ്ങളുടെയും തുടർന്നുള്ള തത്ത്വോപദേശങ്ങളുടെയും തുടർച്ചയായിട്ടാണ് മത്തായിയുടെ സുവിശേഷത്തിൽ ഈ പ്രാർത്ഥന നാം കാണുന്നത്.

എന്നാൽ ലൂക്കായുടെ സുവിശേഷത്തിൽ കാണുന്ന അവതരണം മറ്റൊരു വിധം ആകുന്നു. അതായത്: ''അവൻ ഒരിടത്തു പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രാർത്ഥന അവസാനിച്ചപ്പോൾ ശിഷ്യന്മാരിലൊരുവൻ വന്നു പറഞ്ഞു: കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യൻമാരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുക. അവൻ അരുൾ ചെയ്തു: നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഇങ്ങനെ പറയുവിൻ....'' (11:1).

ഈ രണ്ട പ്രാർത്ഥനയും ഒന്നുതന്നെയാണെന്നു നമുക്ക് എങ്ങനെ പറയാൻ കഴിയും ? ഒന്ന് ആരും ആവശ്യപ്പെടാതെ ഒരു സവിശേഷക്രമീകരണത്തിൽ പറഞ്ഞത്. മറേറത് വേറൊരവസരത്തിൽ ഒരു ശിഷ്യന്റെ അപേക്ഷയനുസരിച്ചു പറഞ്ഞുകൊടുത്തത്.

www.malankaralibrary.com



ഞാൻ ഇപ്പറഞ്ഞതിനെതിരായി ചിലർ താഴെ പറയും വിധം ഒരു വാദം ഉന്നയിച്ചേക്കാം: 'രണ്ടു പ്രാർത്ഥനകളും യഥാർത്ഥത്തിൽ ഒന്നുതന്നെ. ഒരു സന്ദർഭത്തിൽ അത് വിശദമായ രൂപത്തിൽ ആവിഷ്കരിക്കപ്പെട്ടു. മറ്റൊരവസരത്തിൽ ഒരു ശിഷ്യനുവേണ്ടി അത് ആവർത്തിക്കപ്പെട്ടു. ആ ശിഷ്യൻ ഒരുപക്ഷേ മലയിലെ പ്രസംഗത്തിന്റെ സമയത്ത് സന്നിഹിതനായിരുന്നില്ല. അല്ലെങ്കിൽ കുറെനാൾ കഴിഞ്ഞപ്പോൾ അയാൾക്ക് അത് ഓർമ്മിക്കാൻ കഴിയാതെ വന്നു'.

എങ്ങനെയായാലും അവയെ രണ്ടു വ്യത്യസ്ത പ്രാർത്ഥനകളായി കരുതുകയാണു നന്ന്. രണ്ടിലും കുറെ ഭാഗങ്ങൾ പൊതുവായിട്ടുണ്ട്. മർക്കോസിന്റെ സുവിശേഷത്തിൽ ഇത്തരം ഒരു പ്രാർത്ഥനയുണ്ടോ എന്നു ഞാൻ പരിശോധിച്ചു നോക്കി. ഒന്നും കണ്ടില്ല.

## അധ്യായം 19

### പ്രാർത്ഥനയ്ക്കു വേണ്ട മനോഭാവം

1. വേണ്ടവിധത്തിൽ ഒരുങ്ങിയതിനുശേഷം മാത്രമേ പ്രാർത്ഥിക്കാൻ തുടങ്ങാവൂ എന്നു മുകളിൽ പറഞ്ഞല്ലോ. ഇപ്പോൾ നമുക്ക് ഈ വിഷയത്തിൽ നമ്മുടെ രക്ഷകൻതന്നെ എന്തു പറഞ്ഞിരിക്കുന്നു എന്നു നോക്കാം. ഈ ഭാഗം കർത്തൃപ്രാർത്ഥനയ്ക്കു മുമ്പായി വി. മത്തായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിപ്രകാരമാണ്: നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ ആകരുത്. മറ്റുള്ളവരെ കാണിക്കാൻവേണ്ടി സിനഗോഗുകളിലും തെരുവീഥികളുടെ കോണുകളിലും നിന്നു പ്രാർത്ഥിക്കാനാണ് അവർ ഇഷ്ടപ്പെടുന്നത്. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അവർക്കു പ്രതിഫലം ലഭിച്ചു കഴിഞ്ഞു. എന്നാൽ നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യത്തിൽ നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക; രഹസ്യത്തിൽ കാണുന്ന പിതാവു നിനക്കു പ്രതിഫലം നൽകും. പ്രാർത്ഥിക്കുമ്പോൾ വിജാതീയരെപ്പോലെ നിങ്ങൾ വ്യർത്ഥമായ അതിഭാഷണം ചെയ്യരുത്. അതിഭാഷണം നിമിത്തം തങ്ങൾ ശ്രവിക്കപ്പെടുമെന്ന് അവർ കരുതുന്നു. നിങ്ങൾ അവരെപ്പോലെ ആകരുത്. എന്തെന്നാൽ, നിങ്ങൾ ചോദിക്കുന്നതിനു മുമ്പുതന്നെ നിങ്ങളുടെ ആവശ്യം പിതാവ് അറിയുന്നു....'' (6:5–9).

2. പ്രതാപത്തോടുള്ള അഭിനിവേശത്തെ വളരെ മാരകമായ വിനയെന്ന നിലയിൽ പലെടത്തും ആക്രമിക്കുന്നതായി നമുക്കു കാണാം. ഇവിടെയും അതുതന്നെയാണു സ്ഥിതി; പ്രാർത്ഥനയുടെ സമയത്തെ കപടനാട്യത്തെ അവിടുന്നു നിരോധിക്കുന്നു. തന്റെ ഭക്തിയെയോ ഔദാര്യത്തെയോ സംബന്ധിച്ച് മനുഷ്യരുടെ മുമ്പിൽ അഭിമാനം നേടണം എന്നത് കപടനാട്യക്കാരുടെ പ്രത്യേക ആഗ്രഹമാണ്. ''മനുഷ്യരിൽനിന്ന മഹത്ത്വം സ്വീകരിക്കുകയും ദൈവത്തിൽനിന്ന വരുന്ന മഹത്ത്വം മാത്രം അന്വേഷിക്കാതിരിക്കുകയും ചെയ്യുന്ന നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കാൻ കഴിയും?'' എന്ന വാക്കുകൾ നാം ഓർക്കണം (യോഹ 5:44).



മനുഷിക മഹത്വത്തെമുഴുവൻ, അത് അർഹമാണെന്നു നമുക്കു തോന്നുന്നുണ്ടെങ്കിൽക്കൂടി, നാം നിരാകരിക്കണം. ദൈവം ദാനം ചെയ്യുന്ന മഹത്വം മാത്രമാണ് നാം അന്വേഷിക്കേണ്ടത്; അതാണു യഥാർത്ഥമായ മഹത്വം. അവിടുന്നു യഥാർത്ഥത്തിൽ മഹത്ത്വത്തിനർഹനാകുന്നു. മഹത്ത്വത്തിനു യോഗ്യനായവനെ തനിക്കു യോഗ്യമായ വിധം, അതായത്, അവന്റെ യോഗ്യതയ്ക്കുപരിയായി, അവിടുന്നു മഹത്ത്വീകരിക്കുന്നു. പ്രാർത്ഥന തുടങ്ങിയ സൽക്കൃത്യങ്ങൾ അവയിൽത്തന്നെ ആദരണീയങ്ങളാകുന്നു. എന്നാൽ പ്രശംസയും മറ്റും പ്രതീക്ഷിച്ചു നിർവ്വഹിക്കുമ്പോൾ അവ മലിനമായിത്തീരുന്നു. ''മറ്റുള്ളവർ കാണണമെന്നും നമ്മെ ബഹുമാനിക്കണമെന്നും'' ആഗ്രഹിച്ചുകൊണ്ടു ചെയ്യുന്ന കൃത്യങ്ങൾക്കാണ് മാലിന്യമേൽക്കുന്നത്. അതു കാരണം അവയ്ക്ക് ദൈവത്തിൽ നിന്ന് യാതൊരു പ്രതിഫലവും ലഭിക്കുകയില്ല. യേശുവിന്റെ ഓരോ വാക്കും സത്യമാകുന്നു. എന്നാൽ അവിടുന്നു ശപഥപൂർവ്വം പറയുന്ന കാര്യങ്ങൾ കൂടുതൽ സത്യമാണെന്ന് (ഭാഷയോട് അല്പം ബലപ്രയോഗം നടത്തിയാൽ) നമുക്കു പറയാം. മനുഷ്യരിൽ നിന്നു ലഭിക്കുന്ന പ്രശംസയ്ക്കുവേണ്ടി മറ്റുള്ളവർക്കു നന്മ ചെയ്യുന്നതായി കാണപ്പെടുന്നവരെയും മനുഷ്യരാൽ കാണപ്പെടുന്നതിനുവേണ്ടി സിനഗോഗുകളിലും തെരുവുകളുടെ കോണുകളിലും നിന്നു പ്രാർത്ഥിക്കുന്നവരെയും കുറിച്ച് അവിടുന്നു പറയുന്നു: ''സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അവരുടെ പ്രതിഫലം അവർക്കു ലഭിച്ചു കഴിഞ്ഞു'' (മത്താ. 6:2.5). അതുപോലെ തന്നെ ലൂക്കായുടെ സുവിശേഷത്തിൽ പരാമൃഷ്ടനായ ധനികൻ ഈ ലോകജീവിതകാലത്ത് എല്ലാ സുഖസൗകര്യങ്ങളും ലഭിച്ചിരുന്നതിനാൽ അനന്തര ജീവിതത്തിൽ അവന് അവ നിഷേധിക്കപ്പെട്ടു. മറ്റുള്ളവർക്ക് എന്തെങ്കിലും ദാനം ചെയ്തതിന് ഈ ലോകത്തിൽ വച്ചുതന്നെ ഒരാൾക്കു പ്രതിഫലം ലഭിച്ചാൽ, അഥവാ പ്രാർത്ഥനകൾക്കു പ്രതിസമ്മാനം കിട്ടിയാൽ, അവൻ വിതച്ചത് ആത്മാവിനായിട്ടല്ല. ശരീരത്തിനായിട്ടാണ് എന്നതുകൊണ്ട് അവനു നാശമല്ലാതെ, നിത്യജീവൻ കൊയ്തെടുക്കാൻ സാദ്ധ്യമല്ല. എന്തെന്നാൽ, മറ്റുള്ളവരിൽ നിന്നു പ്രശംസ ലഭിക്കുന്നതിനുവേണ്ടി സിനഗോഗുകളിലും തെരുവീഥികളിലും ഭിക്ഷകൊടുക്കുമ്പോൾ കാഹളം മുഴക്കുകയും മറ്റുള്ളവർ കാണുന്നതിനുവേണ്ടി സിനഗോഗുകളിലും തെരുവീഥികളുടെ കോണുകളിലും നിന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നവർ വിതയ്ക്കുന്നത് ശരീരത്തിനായിട്ടാണ്. കാണുന്നവർ അവരെ ഭക്തരെന്നും വിശുദ്ധരെന്നും കരുതുന്നതിനായിട്ടാണ്:

www.malankaralibrary.com



3. ചിലയാളുകൾ നാശത്തിലേയ്ക്കു നയിക്കുന്ന വീതിയുള്ള വഴിയേ സഞ്ചരിക്കുന്നു. ആ വഴി തീർച്ചയായും നേർവഴിയല്ല, അതു വളഞ്ഞതും നാശകരവുമായ വഴിയത്രേ (മത്താ. 7.13) തെരുവു മൂലകളിൽ നിന്നു പ്രാർത്ഥിക്കുന്നവർക്കു തുല്യരാണവർ (6:5). സുഖാസക്തിമൂലം അയാൾ ഒരു തെരുവിലല്ല, പല തെരുവിലും എത്തിച്ചേരുകയാണ് ഈ തെരുവുകളിൽ വേറെ ചിലർ, ദൈവികമായവയിൽനിന്നു സ്വയം വേർപെടുത്തിയതു മൂലം മനുഷ്യരെപ്പോലെ മരണമടയുന്ന ചിലർ. തങ്ങളുടെ കാഴ്ചപ്പാടനുസരിച്ച് ഭക്തികൃത്യങ്ങൾ ചെയ്യുന്നവരെ പുകഴ്ത്തുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നതായി കാണാം. പ്രാർത്ഥനയിൽ ദൈവസ്നേഹത്തെക്കാളധികമായി സുഖാസക്തി വെളിപ്പെടുത്തുന്ന ചിലരുണ്ടെന്നത് ഒരു വസ്തുതയാണ് (2 തിമോ. 3:4). ഭോജനാഘോഷങ്ങളുടെയും മദിരോൽസവങ്ങളുടെയും മദ്ധ്യത്തിൽ അവർ മദ്യലഹരിയിൽ കതിന്ന പ്രാർത്ഥനകൾ നടത്തുന്നു. അത്തരക്കാരാണ് തെരുവുമൂലകളിൽ നിന്നു പ്രാർത്ഥിക്കുന്നത്. സുഖ ജീവിതം നയിക്കുന്നയാളുകൾ വീതിയുള്ള വീഥി ഇഷ്ടപ്പെടുന്നു; നേരേയുള്ള നേർത്ത വഴിയിൽനിന്ന് അവർ അകന്നു പോകുന്നു. യേശുക്രിസ്തുവിൻെറതായ ആ ഇടുങ്ങിയ വഴിക്ക് വളവുകളും കോണുകളും ഇല്ല.

## അധ്യായം 20

1. സഭയും സിനഗോഗും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ? 'സത്യസഭ കറയോ ചുളിവോ മററു കുറവുകളോ ഇല്ലാത്തതും കളങ്കരഹിതയും പരിശുദ്ധയുമാണ്'' (എഫേ. 5:27). വേശ്യപുത്രനോ ഉടഞ്ഞ വൃഷണങ്ങളുള്ളവനോ ലിംഗം ഛേദിക്കപ്പെട്ടവനോ അവിടെ പ്രവേശിക്കുകയില്ല. ഈജിപ്‌ററുകാർക്കോ ഇദുമെയക്കാർക്കോ അവിടെ പ്രവേശനമില്ല. അവരുടെ മൂന്നാം തലമുറയിലെ സന്താനങ്ങൾക്കു മാത്രമാണ് സഭയിൽ പ്രവേശനമുള്ളത്. മോവാബുകാരുടെയും അമ്മോൻകാരുടെയും പത്താം തലമുറക്കാർക്കു മാത്രമാണ് സഭയിൽ പ്രവേശനം. അവരെയൊക്കെ സഭയിലേക്കു സ്വാംശീകരിച്ചു ചേർക്കാൻ അത്ര പ്രയാസമത്രേ (ആവ. 23:1—8).

എന്നാൽ സിനഗോഗാകട്ടെ, യേശുവിൻെറ ആഗമനത്തിനുമുമ്പ് ഒരു ശതാധിപനാൽ നിർമിക്കപ്പെട്ടതാണ്. ദൈവപുത്രന് ഇസ്രായേലിൽപ്പോലും കാണാൻകഴിയാത്ത വിശ്വാസം ശതാധിപനുണ്ട് എന്ന സാക്ഷ്യം പിന്നീടാണ് അയാൾക്കു ലഭിച്ചത്. (മത്താ. 8:10). ഇതുകൊണ്ടാണ് സിനഗോഗിൽനിന്നു പ്രാർത്ഥിക്കുന്നവൻ തെരുവുമൂലയിൽ നിന്നു വളരെ അകലെയല്ലാത്തത്. എന്നാൽ വിശുദ്ധൻ അത്തരക്കാരനല്ല. അവനു പ്രാർത്ഥിക്കാൻ ഇഷ്ടമാണെന്നു മാത്രമല്ല, അവൻ പ്രാർത്ഥനയെ സ്നേഹിക്കുന്നു. അതും സിനഗോഗുകളിലല്ല സഭകളിൽ; തെരുവുമൂലകളിലല്ല, ഇടുങ്ങിയ നേർവഴികളുടെ ഋജുതയിൽ. ആളുകളാൽ കാണപ്പെടുവാനല്ല, കർത്താവായ ദൈവത്തിൻെറ കാഴ്ചയിൽ കാണപ്പെടുവാൻ. കർത്താവിനു സ്വീകാര്യമായ വൽസരം ആചരിക്കുന്ന ഒരു പുരുഷനാണയാൾ; എല്ലാ പുരുഷൻമാരും ആണ്ടുവട്ടത്തിൽ മൂന്നു പ്രാവശ്യം കർത്താവായ ദൈവത്തിൻെറ മുമ്പിൽ വന്നെത്തണം എന്ന ദൈവകൽപന അനുസരിക്കുന്നയാൾ (ആവ. 16:16).



2. കാണപ്പെടുന്നതിനുവേണ്ടി (മത്താ. 6:5) എന്ന വാക്കുകൾ നാം സുവിശേഷം ശ്രദ്ധിക്കണം. വെറുതെ കാണപ്പെടുക മാത്രം ചെയ്യുന്നവ ഒരിക്കലും നല്ലവ ആയിരിക്കുകയില്ല. അവ ഇതായി തോന്നുന്നതേയുള്ളു. യഥാർത്ഥത്തിൽ ഇല്ല.' അതു നമ്മുടെ ഭാവനയെ വഴിതെററിക്കുന്നു; സത്യവും സൂക്ഷ്മവുമായ ഒരു ചിത്രം നൽകുന്നില്ല. നാടകങ്ങളിലെ നടൻമാർ എല്ലാവരും അവർ ആരായിട്ടാണോ രംഗത്തുവന്നു ഭാവിക്കുന്നത് ആ ആളുകളല്ല. അതുപോലെ നൻമയുടെ ഭാവങ്ങൾ അനുകരിക്കുന്നവരെല്ലാം നല്ലവരല്ല. അവർ അവരുടേതായ നാടകശാലകളിൽ അഭിനയിക്കുന്നുവെന്നു മാത്രം—സിനഗോഗുകളിലും തെരുവുമൂലകളിലും.

എന്നാൽ വെറും അഭിനയക്കാരല്ലാത്ത ചിലയാളുകളുണ്ട്. തനിക്കു സ്വന്തമായിട്ടുള്ളതല്ലാത്തതിൽ നിന്നെല്ലാം അയാൾ വിമുക്തിനേടിയിരിക്കുമുകളിൽപറഞ്ഞ ഒന്നിനോടും താരതമ്യപ്പെടുത്താനാവാത്ത വിധം മാഹാത്മ്യമേറിയ ഒരു തീയേററിൽ സ്വീകാര്യനാകാൻ അയാൾ പുറപ്പെട്ടിരിക്കുന്നു. അയാൾ 'തൻെറ പള്ളിയറയിൽ പ്രവേശിക്കുന്നു; തൻെറ സമ്പത്തുക്കൾ ശേഖരിച്ചു വച്ചിട്ടുള്ള അറയിലേയ്ക്ക്. അവിടെ അയാൾ തൻെറ വിവേകത്തിൻെറയും, വിജ്ഞാനത്തിൻെറയും നിധി തനിക്കായി അടച്ചു സൂക്ഷിച്ചിട്ടുണ്ട് (കൊളോ. 2:3). പുറത്തുള്ള ഏതെങ്കിലും കാര്യം അയാൾ ശ്രദ്ധിക്കുകയോ ആഗ്രഹിക്കുകയോ ചെയ്യുന്നില്ല. സംവേദനേന്ദ്രിയങ്ങൾമൂലം ബാഹ്യലോകത്തേയ്ക്കു വലിച്ചിഴയ്ക്കപ്പെടാതിരിക്കുന്നതിനു വേണ്ടി അയാൾ സംവേദനങ്ങളുടെ വാതിലുകളെല്ലാം കൊട്ടിയടയ്ക്കുന്നു, ഇന്ദ്രിയാനുഭൂതികളുടെ പ്രതിരൂപങ്ങളൊന്നും അയാളുടെ മനസ്സിലേയ്ക്കു കടന്നു വരുന്നില്ല; അത്തരം രഹസ്യാന്തരീക്ഷത്തെ വെറുക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യാത്ത പിതാവിനോട് അയാൾ പ്രാർത്ഥിക്കുന്നു. അയാൾ ദൈവത്തിൻെറ ഏകജാതനോടൊത്ത് ആ ഏകാന്തതയിൽ വസിക്കുന്നു. എന്തെന്നാൽ ''ഞാനും എൻെറ പിതാവും അവൻെറ അടുക്കൽ വന്ന് അവനിൽ വാസമുറപ്പിക്കും'' എന്ന് നമ്മുടെ കർത്താവു വാഗ്ദാനം ചെയ്തിരിക്കുന്നു (യോഹ. 14:29).

ഈ വിധത്തിൽ നാം പ്രാർത്ഥിക്കുമ്പോൾ ഒരു പിതാവുകൂടെയായ ദൈവത്തോടു നാം സംഭാഷണം ചെയ്യുകയാണ്. മക്കളെ ഉപേക്ഷിക്കുന്ന പിതാവല്ല അവിടുന്ന്. നമ്മുടെ ഏകാന്തതയിൽ അവിടുന്നു സന്നിഹിതനായിരിക്കുകയും അതിനെ രക്ഷിക്കുകയും ചെയ്യുന്നു. നമ്മുടെ ഭണ്ഡാഗാരത്തിലെ സമ്പത്ത് അവിടുന്നു വർദ്ധിപ്പിക്കുന്നു; നാം വാതിലടച്ച് അതിനെ ഭദ്രമാക്കിയിരിക്കണമെന്നുമാത്രം.

www.malankaralibrary.com



## അധ്യായം 21

1. പ്രാർത്ഥിക്കുമ്പോൾ നമുക്കു വ്യർത്ഥഭാഷണം ചെയ്യാതിരിക്കാം (മത്താ. 6:7). ദൈവത്തോടു സംസാരിക്കാം. നമ്മെത്തന്നെയും പ്രാർത്ഥനയ്ക്കുപയോഗിക്കുന്ന വാക്കുകളും ശരിക്കു വിമർശനപൂർവ്വം വിലയിരുത്താത്തപ്പോഴാണ് നാം അതിഭാഷണം ചെയ്തു പോകുന്നത്. നശ്വരങ്ങളായ വിചാരങ്ങളെയും വചനങ്ങളെയും പ്രവൃത്തികളെയും കുറിച്ച് പ്രാർത്ഥനയിൽ നാം പറയുന്നു. അവ നികൃഷ്ടങ്ങളും ഗർഹണീയങ്ങളും ദൈവത്തിന്റെ പരമപവിത്രതയ്ക്ക് യോജിക്കാത്തവയുമാണ്. പ്രാർത്ഥനയിൽ വ്യർത്ഥഭാഷണം ചെയ്യുന്നവന്റെ അവസ്ഥ സിനഗോഗുകളിൽ പ്രാർത്ഥിക്കുന്നതായി മുകളിൽ പറയപ്പെട്ടവന്റേതിനെക്കാൾ ദയനീയതരമാണ്; തെരുവുമൂലകളിൽ നിന്നു പ്രാർത്ഥിക്കുന്നവന്റേതിനെക്കാൾ അപകടം പിടിച്ചതുമാണ്. നല്ലവനായി കാണപ്പെടുന്നു എന്നൊരവകാശം പോലും അയാൾക്ക് ഉന്നയിക്കാനായില്ല. സുവിശേഷവചനങ്ങളനുസരിച്ച് പുറജാതിക്കാർ മാത്രമാണ് പ്രാർത്ഥനയിൽ വ്യർത്ഥഭാഷണം ചെയ്യുന്നത്. മഹത്തും സ്വർഗ്ഗീയവുമായ പ്രാർത്ഥനയെന്നാലെന്ത് എന്നതിനെക്കുറിച്ച് അവർക്ക് ഒരു ധാരണപോലുമില്ല. അവരുടെ പ്രാർത്ഥനകളെല്ലാം ശാരീരികവും ബാഹ്യവുമായ ആവശ്യങ്ങളെ സംബന്ധിച്ചുള്ളതാണ്. അതിനാൽ സ്വർഗ്ഗത്തിലും സ്വർഗ്ഗത്തിന്റെ ഉയരങ്ങൾക്കുപരിയും സ്ഥിതി ചെയ്യുന്നവനായ കർത്താവിനോട് ഭൗമികപദാർത്ഥങ്ങൾക്കു വേണ്ടി യാചിക്കുന്നവൻ വ്യർത്ഥഭാഷണം ചെയ്യുന്ന വിജാതീയനു തുല്യനാകുന്നു.

2. അധികം സംസാരിക്കുന്നവൻ വ്യർത്ഥഭാഷകനാണെന്നും വ്യർത്ഥഭാഷകർ അധികം സംസാരിക്കുന്നുവെന്നും പറയാം. ഭൗതികമോ ശാരീരികമോ ആയ ഒരു വസ്തുവിനും ഏകമായിരിക്കാൻ സാധ്യമല്ല. ഏകമെന്നുകരുതപ്പെടുന്നവ വിഭക്തമാകും; പലതായിത്തീർന്നിട്ട് അതിന്റെ ഐക്യം നഷ്ടപ്പെടും. നല്ലതായിട്ടുള്ളത് ഒന്നുമാത്രമാണെന്നും നീചമായത് അനേകമുണ്ടെന്നും വ്യക്തമാണല്ലോ. സത്യം ഒന്നുമാത്രം, എന്നാൽ അസത്യങ്ങൾ അസംഖ്യമത്രേ. യാഥാർത്ഥ നീതി ഏകം; എന്നാൽ അതിന് അനേകം കപടാനുകരണങ്ങളുണ്ട്. ദൈവത്തിന്റെ ജ്ഞാനം ഏകമാകുന്നു. എന്നാൽ ഈ ലോകത്തിന്റേതായ വിജ്ഞാനവും നാശോന്മുഖമായ ഭൗതികാധികാരികളുടെ വിജ്ഞാനവും അനേകമാകുന്നു (1 കൊറി. 2:6). ദൈവത്തിന്റെ വചനം ഏകമാകുന്നു: എന്നാൽ ദൈവത്തിന് അന്യമായ വചനങ്ങൾ അനേകമത്രേ. അതിനാൽ അതിഭാഷണമെന്ന പാപത്തിൽ നിന്നു രക്ഷപെടാൻ ഒരു മനുഷ്യനും സാധ്യമല്ല. അതിഭാഷണം നിമിത്തം ശ്രവിക്കപ്പെടുമെന്നു കരുതുന്നവർ ശ്രവിക്കപ്പെടുകയുമില്ല.

അതിനാൽ നമ്മുടെ പ്രാർത്ഥനകൾ വിജാതീയരുടെ അതിഭാഷണങ്ങളെയോ വ്യർത്ഥഭാഷണങ്ങളെയോ അനുകരിക്കുന്നവയാകരുത്; സർപ്പ



ത്തെ അനുകരിച്ച് അവർ ചെയ്യുന്ന കാര്യങ്ങൾ നാം പകർത്തുകയുമരുത്. (സങ്കീ. 58:4). വിശുദ്ധന്മാരുടെ ദൈവം ഒരു പിതാവാകുന്നു. തന്റെ മക്കൾക്കാവശ്യമുള്ളതെന്താണെന്ന് അവിടുന്ന് അറിയുന്നു; അവരുടെ ആവശ്യങ്ങൾ പിതാവിനാൽ അറിയപ്പെടാൻ അർഹതയുള്ളവയുമത്രെ.

എന്നാൽ ഒരുവൻ ദൈവത്തെയും ദൈവത്തെ സംബന്ധിച്ച കാര്യങ്ങളും അറിയുന്നില്ലെങ്കിൽ തനിക്കാവശ്യമുള്ളതെന്തെന്നും അവൻ അറിയുന്നില്ല. ആവശ്യമെന്ന് അവൻ വിചാരിക്കുന്നവയെല്ലാം പാപത്തിന്റെ കളങ്കമുള്ളവയായിരിക്കും. എന്നാൽ തനിക്കാവശ്യമുള്ള ഉന്നതവും ദിവ്യവുമായ അനുഗ്രഹങ്ങളെക്കുറിച്ച ബോധമുള്ളവന് ദൈവത്താൽ അറിയപ്പെടുന്ന ആ അനുഗ്രഹങ്ങൾ ലഭിക്കും. അവൻ ആവശ്യപ്പെടുന്നതിനു മുമ്പു തന്നെ പിതാവായ ദൈവത്തിന് അവയെക്കുറിച്ച് ബോധമുണ്ടായിരുന്നു.

## അധ്യായം 22

### സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ

1. ‘സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ’. ദൈവത്തെ ‘പിതാവേ’ എന്നു വിളിച്ചുകൊണ്ടുള്ള ഒരു പ്രാർത്ഥന ‘പഴയ ഉടമ്പടി’ എന്നു വിളിക്കപ്പെടുന്ന വി. ലിഖിതഭാഗത്തെങ്ങാനുമുണ്ടോ എന്നു പരിശോധിക്കുന്നത് ഉപകാരപ്രദമായിരിക്കും. കഴിയുന്നത്ര അവധാനപൂർവ്വം പരിശോധിച്ചിട്ടും ഈ നിമിഷംവരെ അങ്ങനെയൊന്നു കണ്ടെത്താൻ എനിക്കു കഴിഞ്ഞിട്ടില്ല. ദൈവത്തെ ‘‘പിതാവ്’’ എന്നു പരാമർശിക്കുന്ന ഭാഗങ്ങളൊന്നുമില്ലെന്നു തീർച്ചയായും ഞാൻ പറയുന്നില്ല. ദൈവത്തിൽ വിശ്വസിക്കുന്നവരെ ‘ദൈവപുത്രന്മാർ’ എന്നു വിളിച്ചിട്ടുള്ള ഉദാഹരണങ്ങളുമുണ്ട്. എന്നാൽ ദൈവത്തെ ‘‘പിതാവേ’’ എന്നു സംബോധനചെയ്യുന്നതിൽ നമ്മുടെ രക്ഷകൻ പ്രകടമാക്കിയ ആ ആത്മവിശ്വാസമുണ്ടല്ലോ, അതു മറ്റെങ്ങും ഒരു പ്രാർത്ഥനയിലും കാണാൻ കഴിഞ്ഞിട്ടില്ല. ദൈവത്തെ പിതാവെന്നും ദൈവത്തിൽ ശരണപ്പെടുന്നവരെ മക്കളെന്നും നിർദ്ദേശിക്കുന്നതിനുദാഹരണങ്ങളേറെയുണ്ട്. ഉദാഹരണത്തിന് ആവർത്തനപ്പുസ്തകത്തിൽ ‘‘നിന്നെ ജനിപ്പിച്ച ദൈവത്തെ നീ ഉപേക്ഷിച്ചു; നിന്നെ പോററിവളർത്തിയ ദൈവത്തെ നീ വിസ്മരിച്ചു’’ (32;18). വീണ്ടും, ‘അവിടുന്നല്ലയോ നിങ്ങളെ സൃഷ്ടിച്ച നിങ്ങളുടെ പിതാവ്? നിങ്ങളുടെ സ്രഷ്ടാവും പരിപാലകനും അവിടുന്നല്ലയോ?’ (32:6). വീണ്ടും ഒരിടത്ത്; ‘അവർ അവിശ്വസ്തരായ സന്താനങ്ങളാണ്’ (32:20) ഏശയ്യായുടെ പുസ്തകത്തിൽ: ‘ഞാൻ മക്കളെ പോററി വളർത്തി. എന്നാൽ അവർ എന്നോടു കലഹിച്ചു’ (1:2). മലാക്കിയുടെ പുസ്തകത്തിൽ: ‘ഞാൻ പിതാവാണെങ്കിൽ എനിക്കുള്ള ബഹുമാനം എവിടെ? ഞാൻ യജമാനനാണെങ്കിൽ എന്നോടുള്ള ഭയം എവിടെ?" (1:6).

www.malankaralibrary.com



2. ഈ ഉദാഹരണങ്ങളെല്ലാം പരിഗണിക്കുമ്പോൾ ഒരുകാര്യം നമുക്കു വ്യക്തമാകും: ദൈവം പിതാവെന്നു വിളിക്കപ്പെട്ടിരുന്നു. വിശ്വാസത്തിന്റെ വചനത്താൽ തന്നിൽനിന്നു ജന്മം നേടിയവർ മക്കളെന്നു വിളിക്കപ്പെട്ടിരുന്നു: എന്നാൽ പ്രാചീനരുടെയിടയിൽ സംശയാതീതവും മാററമില്ലാത്തതുമായ പുത്രത്വത്തിന്റെ സങ്കല്പം ഉണ്ടായിരുന്നില്ല. എന്തൊക്കെപ്പറഞ്ഞാലും മുകളിൽ ഉദ്ധരിച്ച വി. ലിഖിതഭാഗങ്ങൾ മക്കൾ എന്ന പ്രയോഗത്തിന് ദാസൻമാർ എന്നാണ് അർത്ഥം വിവക്ഷിച്ചിട്ടുള്ളതെന്നു വ്യക്തം. വി. ശ്ളീഹാ പറയുന്നു: 'പിന്തുടർച്ചാവകാശി എല്ലാത്തിന്റെയും ഉടമയാണെന്നിരിക്കിലും ബാലനായിരിക്കുന്നിടത്തോളം കാലം അടിമയിൽനിന്നു വിഭിന്നനല്ല. പിതാവു നിശ്ചയിച്ച കാലാവധിവരെ അവൻ രക്ഷാകർത്താക്കളുടെയും കാര്യസ്ഥൻമാരുടെയും ചുമതലയിലായിരിക്കും' (ഗലാ. 4: 1f). ഇവിടെ പറയുന്ന 'നിശ്ചയിച്ച കാലം' നമ്മുടെ കർത്താവായ യേശുക്രിസ്തു നമ്മുടെയിടയിൽ വന്നുചേർന്ന കാലമാണ്. ആ കാലത്ത് ദൈവത്തിന്റെ ദത്തുപുത്രൻമാരാകാൻ ആഗ്രഹിക്കുന്നവർക്ക് അക്കാര്യം സാധിക്കുന്നു. വി. പൗലോസ് പറയുന്നു: 'നിങ്ങളെ വീണ്ടും ഭയത്തിലേയ്ക്ക് നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല, മറിച്ച്, പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണു നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ഈ ആത്മാവു മൂലമാണു നാം ആബാ—പിതാവേ—എന്നു വിളിക്കുന്നത്'' (റോമ,. 8:15).

വി. യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു: 'അവനെ സ്വീകരിച്ചവർക്കെല്ലാം, അവന്റെ നാമത്തിൽ വിശ്വസിച്ചവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നൽകി' (1:12). ദൈവത്തിന്റെ മക്കളായി ജനിച്ചവരെക്കുറിച്ച് വി. യോഹന്നാന്റെ കാതോലികലേഖനത്തിൽ നാം പഠിച്ചിട്ടുണ്ട്: 'ദൈവത്തിൽനിന്നു ജനിച്ച ഒരുവനും പാപം ചെയ്യുന്നില്ല. കാരണം ദൈവത്തിന്റെ കൃപാവരം അവനിൽ വസിക്കുന്നു. അവൻ ദൈവത്തിൽനിന്നു ജനിച്ചിരിക്കുകകൊണ്ട് അവനു പാപം ചെയ്യുക സാദ്ധ്യമല്ല' (1 യോ. 3:9).

3. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഇങ്ങനെ പറയുവിൻ: 'പിതാവേ....' ഇങ്ങനെയാണല്ലോ ലൂക്കായുടെ സുവിശേഷത്തിൽ കാണുന്നത്. ഇതിന്റെ അർത്ഥസൂചന എന്ത്? യഥാർത്ഥമക്കളല്ലെങ്കിൽ ദൈവത്തെ പിതാവേ എന്നു വിളിക്കാൻ നാം സങ്കോചിക്കണം. അർഹതയില്ലാതെ ദൈവത്തെ പിതാവേ എന്നു സംബോധന ചെയ്താൽ നമ്മുടെ മററു പാപങ്ങളോടൊപ്പം ദൈവനിന്ദ എന്നൊരു പാപം കൂടെ കൂട്ടിച്ചേർക്കലാകും. ഞാൻ ഉദ്ദേശിക്കുന്ന ആശയം കൊറിന്ത്യർക്കുള്ള ഒന്നാം ലേഖനത്തിൽ വി. പൗലോസ് ഇപ്രകാരം പറഞ്ഞിട്ടുള്ളതുതന്നെയാണ്: 'ദൈവാത്മാവു മുഖേന സംസാരിക്കുന്നവരാരും 'യേശു ശപിക്കപ്പെട്ടവനാകുന്നു' എന്ന് ഒരിക്കലും പറയുകയില്ല. 'യേശു കർത്താവാകുന്നു' എന്നു പറയുവാൻ പരിശുദ്ധാത്മാവു മുഖേനയല്ലാതെ ആർക്കും സാധിക്കയില്ല'' (12:3). യേശു കർത്താവാകുന്നു എന്നു



പറയാൻ പരിശുദ്ധാത്മാവു മുഖേനയല്ലാതെ ആർക്കും സാദ്ധ്യമല്ല എന്ന് അപ്പസ്തോലൻ പറയുന്നത് എന്തർത്ഥത്തിലാണെന്നു വ്യക്തമല്ല. കാരണം, അനേകം കപടനാട്യക്കാരും വിശ്വാസവിരുദ്ധന്മാരും യേശുവിന്റെ നാമത്താൽ പരാജിതരായ ദുഷ്ടാത്മാക്കൾപോലും അങ്ങനെ പറയാറുണ്ട്. ഇപ്പറഞ്ഞവരൊക്കെ 'യേശു കർത്താവാകുന്നു' എന്നു പറയുന്നത് പരിശുദ്ധാത്മാവു മുഖേനയാണെന്ന് ആരും വാദിക്കുകയില്ലല്ലോ. അതിനാൽ യേശു കർത്താവാകുന്നു എന്ന് അവർ പറയുന്നതായി കാണിക്കാൻ സാധ്യമല്ല. ദൈവവചനത്തിന്റെ ശുശ്രൂഷകർക്കും തങ്ങൾ ചെയ്യുന്ന കാര്യങ്ങളിൽ അവിടുത്തെയല്ലാതെ മററാരെയും കർത്താവെന്നു വിളിക്കാത്തവർക്കും മാത്രമല്ലാതെ അവരുടെ സ്ഥിതികൊണ്ടുതന്നെ 'യേശു കർത്താവാകുന്നു' എന്നു പറയാൻ സാദ്ധ്യമല്ല. 'യേശു കർത്താവാകുന്നു' എന്നു പറയുന്നത് ഇങ്ങനെയുള്ളവരാണെങ്കിൽ പാപം ചെയ്യുന്നവർ അവരുടെ പാപം മൂലം യേശുവിനെ ശപിക്കുകയാണ്. ഒരു തരക്കാരനായ മനുഷ്യൻ 'യേശു കർത്താവാകുന്നു' എന്നു പറയുന്നു. വേറൊരു തരക്കാരൻ 'യേശു ശപിക്കപ്പെട്ടവനാകട്ടെ' എന്നു പറയുന്നു. ദൈവത്തിൽനിന്നു ജനിച്ച ഒരുവനും പാപം ചെയ്യുന്നില്ല അവൻ ദൈവത്തിന്റെ സന്തതികളോടു പങ്കുചേരുന്നു. ആ അവസ്ഥ അവനെ പാപങ്ങളിൽ നിന്ന് അകററിനിർത്തുന്നു. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവ്'' എന്ന് അവൻ തന്റെ പ്രവർത്തനങ്ങളിലൂടെ പ്രഖ്യാപിക്കുന്നു. അതിനാൽ ''നാം ദൈവത്തിന്റെ മക്കളാണെന്നു ദൈവാത്മാവു നമ്മുടെ ആത്മാവിനോടു ചേർന്നു സാക്ഷ്യം നൽകുന്നു. നാം മക്കളെങ്കിൽ അവകാശികളുമാണ്. അതായത്, ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും' (റോമ.8:16f). യേശുവിനോടൊപ്പം സഹനത്തിനു വിധേയരായിക്കൊണ്ട് അവർ അവിടുത്തോടൊപ്പം മഹത്ത്വീകരിക്കപ്പെടുമെന്ന് അവർക്കു യഥാർത്ഥമായി പ്രതീക്ഷിക്കാം. അങ്ങനെയുള്ളവർ 'ഞങ്ങളുടെ പിതാവേ' എന്നു വിളിക്കുന്നത് അർദ്ധമനസ്സോടെ ആയിരിക്കരുത്. അവരുടെ പ്രവൃത്തികളോടൊപ്പം അവരുടെ ഹൃദയങ്ങളും നീതിയിൽ വിശ്വസിക്കണം. (ഹൃദയമാണല്ലോ നല്ല പ്രവൃത്തികളുടെ ഉറവിടം) 'അവൻ അധരങ്ങൾക്കൊണ്ട് ഏററു പറയുകയും തൻമൂലം രക്ഷപ്രാപിക്കുകയും ചെയ്യണം' (റോമ. 10:10).

4. ഒരു കാര്യംകൂടി: അവരുടെ ഓരോ വിചാരവും വചനവും കർമ്മവും ദൈവത്തിന്റെ ഏകജാതനാൽ തന്റെ സാദൃശ്യത്തിൽ രൂപീകൃതമായതായിരിക്കും (ഗലാ. 4:19). അവ അദൃശ്യനായ ദൈവത്തിന്റെ ച്ഛായ ആവിഷ്കരിക്കുന്നു (കൊളോ. 1:15). അവ സ്രഷ്ടാവിന്റെ പ്രതിച്ഛായക്കനുസൃതം നവീകരിക്കപ്പെട്ടവയായിരിക്കും (3:10). ആ സ്രഷ്ടാവായ ദൈവം ശിഷ്ടരുടെയും ദുഷ്ടരുടെയുംമേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാൻമാരുടെയും നീതിരഹിതരുടെയുംമേൽ മഴപെയ്യിക്കുകയും ചെയ്യുന്നവനാകുന്നു (മത്താ. 5:45). അങ്ങനെ അവരുടെമേൽ സ്വർഗ്ഗീയന്റെ സാദൃശ്യമുണ്ടായിരിക്കും. ആ സ്വർഗ്ഗീയനാകട്ടെ ദൈവത്തിന്റെ

www.malankaralibrary.com


സദൃശ്യമുള്ളവനാണ്. വിശുദ്ധർ പ്രതിച്ഛായയുടെ പ്രതിച്ഛായയും പ്രതിച്ഛായ ദൈവപുത്രനുമാകയാൽ അവർക്കു പുത്രത്വത്തിന്റെ മുദ്ര ലഭിക്കുന്നു. അവർ ക്രിസ്തുവിന്റെ മഹത്ത്വമുള്ള ശരീരംപോലെ മാത്രമല്ല (ഫിലി. 3:21), ആ ശരീരത്തിൽ കുടികൊള്ളുന്നവനെപ്പോലെയും ആയിത്തീരുന്നു. മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെട്ടിട്ടാണ് അവർ മഹത്ത്വമുള്ള ശരീരത്തിൽ കുടികൊള്ളുന്നവനെപ്പോലെ ആയിത്തീരുന്നത്. ഇങ്ങനെയുള്ള ആളുകൾ ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്ന് തങ്ങളുടെ എല്ലാ കർമ്മങ്ങളുംവഴി പ്രഖ്യാപിക്കുകയാണ്. അതിനാൽ വി. യോഹന്നാൻ തന്റെ ഒന്നാം ലേഖനത്തിൽ പറയുന്നതുപോലെ, ''പാപം ചെയ്യുന്നവൻ പിശാചിൽ നിന്നുള്ളവനാകുന്നു. എന്തെന്നാൽ പിശാച് ആദിമുതലേ പാപം ചെയ്യുന്നവനാണ്'' (3:8f). ദൈവത്തിൽനിന്നു ജനിക്കുന്നവനിൽ ദൈവത്തിന്റെ ചൈതന്യം കുടികൊള്ളുന്നുണ്ടല്ലോ. ആ ചൈതന്യം ഏകജാതനായ വചനത്തിന്റെ സാദൃശ്യത്തിൽ രൂപീകൃതനായവനു പാപം ചെയ്യൽ അസാദ്ധ്യമാക്കിത്തീർക്കുന്നു. അതിനാൽ പാപം ചെയ്യുന്ന ഓരോ മനുഷ്യനിലും പിശാചിന്റെ ചൈതന്യമാണു കുടികൊള്ളുന്നത്. ആ ചൈതന്യം ഉള്ളിൽ കുടികൊള്ളുന്ന കാലത്തോളം ആ ആത്മാവിന് ഉദ്ധാരണം നേടാൻ സാദ്ധ്യവുമല്ല. എങ്കിലും, പിശാചിന്റെ പ്രവൃത്തികളെ നശിപ്പിക്കുന്നതിനു വേണ്ടിയാണല്ലോ ദൈവപുത്രൻ പ്രത്യക്ഷനായത്. അതിനാൽ ആ ദൈവവചനം നമ്മിൽ കുടികൊള്ളുകയാണെങ്കിൽ നമുക്ക് പിശാചിന്റെ പ്രവൃത്തികളെ നശിപ്പിക്കാൻ സാധിക്കും; അവൻ നമ്മിൽ നിക്ഷേപിച്ച തിൻമയുടെ വിത്ത് ഉൻമൂലനം ചെയ്യാനും ദൈവത്തിന്റെ മക്കളായിത്തീരാനും സാദ്ധ്യമാകും.

5. അതിനാൽ, മുകളിൽപ്പറഞ്ഞ വാക്കുകൾ പ്രാർത്ഥനയ്ക്കായി നിശ്ചയിക്കപ്പെട്ട ചില സമയങ്ങളിൽ ഉച്ചരിക്കാൻവേണ്ടി മാത്രമാണ് നമ്മെ പഠിപ്പിച്ചിട്ടുള്ളതെന്നു കരുതാതിരിക്കുക. 'നിരന്തരമായി പ്രാർത്ഥിക്കുക.' എന്നതിനെക്കുറിച്ച് മുമ്പു പറഞ്ഞ കാര്യങ്ങൾ വായനക്കാർ ഗ്രഹിച്ചിട്ടുണ്ടെങ്കിൽ നമ്മുടെ ജീവിതം മുഴുവൻ നിരന്തരമായ ഒരു പ്രാർത്ഥനയായിരിക്കും. അനവരത പ്രാർത്ഥനയായ ആ ജീവിതത്തിൽ ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്നുനാം വിളിക്കുന്നു. നമ്മുടെ പൗരത്വം ഒരു വിധത്തിലും ഈ ഭൂമിയിൽ ആകാതിരിക്കട്ടെ. (ഫിലി. 3:20). നമ്മുടെ പൗരത്വം ദൈവത്തിന്റെ സിംഹാസനസ്ഥാനമായ സ്വർഗത്തിലായിരിക്കട്ടെ. 'സ്വർഗീയന്റെ ച്ഛായ പതിഞ്ഞവരും' തന്മൂലം സ്വർഗ്ഗീയരായിത്തീർന്നവരുമായ മനുഷ്യരുടെ മേലാണ് ദൈവത്തിന്റെ രാജ്യം സ്ഥാപിക്കപ്പെട്ടിരിക്കുന്നത്.

## അധ്യായം 23

1. വിശുദ്ധ ജനത്തിന്റെ പിതാവു സ്വർഗത്തിൽ സ്ഥിതിചെയ്യുന്നു എന്നു പറയുമ്പോൾ അവിടുന്ന് ഒരു ശാരീരിക രൂപത്താൽ പരിബദ്ധനാണെന്നോ സ്വർഗ്ഗം എന്ന സ്ഥലത്ത് **അവിടുത്തേയ്ക്ക്** ഒരു നിവാസ



സ്ഥാനം ഉണ്ടെന്നോ കരുതരുത്. ദൈവത്തിന് അപ്രകാരം ഒരു പരിമിതി ഉണ്ടായിരുന്നെങ്കിൽ അവിടുന്ന് സ്വർഗത്തെക്കാൾ ചെറിയവനായിരുന്നേനെ; സ്വർഗം അവിടുത്തെ ഉള്ളടക്കുകയാകുമല്ലോ. തന്റെ ദൈവത്വത്തിന്റെ വിവരണാതീതമായ ശക്തികൊണ്ട് അവിടുന്ന് സകലത്തിനെയും ഉള്ളടക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു എന്നാണ് നാം മനസ്സിലാക്കേണ്ടത്. ദൈവത്തെ സംബന്ധിച്ചു പറയുന്ന പല വാക്യങ്ങളും പ്രത്യേകപരിശീലനം ലഭിച്ചിട്ടില്ലാത്തവർക്ക് ദൈവം ഒരു പ്രത്യേക സ്ഥലത്തു നിവസിക്കുന്നു എന്നർത്ഥമാക്കുന്നതായിത്തോന്നും. എന്നാൽ ആ പ്രയോഗങ്ങളെല്ലാം ഉന്നതമായ ആദ്ധ്യാത്മികാശയങ്ങൾ ഉൾക്കൊള്ളുന്നവയാണെന്നു നാം മനസ്സിലാക്കണം. ഇത്തരം ചില വാക്യങ്ങൾ വി. യോഹന്നാന്റെ സുവിശേഷത്തിൽനിന്ന് ഇവിടെ ഉദ്ധരിക്കാം. ''ഈ ലോകം വിട്ടു പിതാവിന്റെ സന്നിധിയിലേയ്ക്കുപോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനുമുമ്പ് യേശു അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവിടുന്നു സ്നേഹിച്ചു (13:1–3). അല്പംകൂടെ കഴിഞ്ഞ്, ''പിതാവു സകലതും തന്റെ കരങ്ങളിൽ ഏല്പിച്ചിരിക്കുന്നുവെന്നും, താൻ ദൈവത്തിൽനിന്നു വരുകയും ദൈവത്തിങ്കലേയ്ക്കു പോവുകയും ചെയ്യുന്നുവെന്നും അവിടുന്ന് മനസ്സിലാക്കി.'' പിന്നീട്, ''ഞാൻ പോകുന്നെന്നും വീണ്ടും നിങ്ങളുടെ അടുക്കലേയ്ക്കു വരുമെന്നും ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടല്ലോ. നിങ്ങൾ എന്നെ സ്നേഹിച്ചിരുന്നുവെങ്കിൽ പിതാവിന്റെയടുക്കലേയ്ക്കു ഞാൻ പോകുന്നതിൽ നിങ്ങൾ സന്തോഷിക്കുമായിരുന്നു'' (14:28). വീണ്ടും കുറേക്കൂടി കഴിഞ്ഞ്, ''എന്നാൽ ഇപ്പോൾ ഞാൻ എന്നെ അയച്ചവന്റെ അടുക്കലേയ്ക്കു പോവുകയാണ്. എന്നിട്ടും നീ എവിടെപ്പോകുന്നുവെന്ന് നിങ്ങളിലാരും എന്നോടു ചോദിക്കുന്നില്ല'' (16:5). ഈ ഉദ്ധരണങ്ങളെല്ലാം ''പ്രാദേശികാർത്ഥത്തിലെടുത്താൽ'' താഴെ പറയുന്ന ഭാഗവും അങ്ങനെ തന്നെ എടുക്കണമെന്നു വ്യക്തമാണല്ലോ: ''യേശു പ്രതിവചിച്ചു: എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുക്കൽവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും'' (14:23).

2 എന്നാൽ, പിതാവും പുത്രനുംകൂടെ, യേശുവിന്റെ വചനം പാലിക്കുന്നവന്റെ പക്കൽ വന്നു വാസമുറപ്പിക്കും എന്ന ഈ പ്രസ്താവം ഏതെങ്കിലും ഒരു സ്ഥലത്തേയ്ക്കു വരുന്നതിനെ സൂചിപ്പിക്കുന്നതല്ല. ദൈവവചനം നമ്മോടൊപ്പം വസിക്കുന്നതിനുവേണ്ടി ഈ ലോകത്തിലേയ്ക്ക് ഇറങ്ങി വരുകയാണല്ലോ ചെയ്തത്. തന്റെ സ്വന്തമായ ഔന്നത്യം പരിഗണിക്കുമ്പോൾ അവിടുന്ന് വളരെയധികമായി സ്വയം വിനീതനാക്കി. ഈ ശൂന്യത കൈവിട്ട് താൻ സ്വന്തമായ പരിപൂർണ്ണതയിലേയ്ക്കു തിരിച്ചു പോകുന്നു എന്നു നാം മനസ്സിലാക്കാൻവേണ്ടിയാണ്, അവിടുന്ന് ഈ ലോകത്തുനിന്ന് പിതാവിന്റെ പക്കലേയ്ക്കു തിരിച്ചുപോകുന്നതായി പറ

www.malankaralibrary.com



ഞ്ഞിരിക്കുന്നത് (13:1). വഴികാട്ടിയായ അവിടുത്തെ നമ്മളും അനുഗമിക്കുകയാണെങ്കിൽ ശൂന്യതയിൽനിന്നു വിമുക്തരാവുകയും പിതാവിൻെറ സന്നിധിയിൽ പൂർണ്ണതകൈവരിക്കുകയും ചെയ്യും. അതിനാൽ തന്നെ അയച്ചവൻെറ പക്കലേയ്ക്കു ദൈവവചനം പോയിക്കൊള്ളട്ടെ (16:5); പിതാവിൻ പക്കലേയ്ക്കു പോകട്ടെ.

യോഹന്നാൻെറ സുവിശേഷത്തിൻെറ അവസാനഭാഗത്ത് ഈ വാക്കുകൾ നാം കാണുന്നു: 'എന്നെ തൊടരുത്; എന്തെന്നാൽ ഞാൻ പിതാവിൻെറ പക്കലേയ്ക്ക് ഇതുവരെയും കയറിയിട്ടില്ല' (20:17). ഈ വാക്കുകളും ആദ്ധ്യാത്മികമായ ഒരർത്ഥത്തിൽ മനസ്സിലാക്കാൻ നമുക്കു ശ്രമിക്കാം. ഭക്തിയുക്തമായ ധാരണയോടെ ശരീരത്തിൻേറതെന്നതിലധികം മനസ്സിൻെറ ഒരാരോഹണമായി നാം അതിനെ കാണുകയാണെങ്കിൽ പിതാവിൻ പക്കലേയ്ക്കുള്ള പുത്രൻെറ ആരോഹണത്തെ ദൈവത്തിനു കൂടുതൽ യുക്തമായ വിധത്തിൽ നാം മനസ്സിലാക്കുകയായിരിക്കും.

3. 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന വാക്കുകളുടെ അർത്ഥം വിശദീകരിച്ചുകൊണ്ട് ഇത്രയും ഒക്കെ പറഞ്ഞതിന് പ്രത്യേകമായ ഉദ്ദേശ്യമുണ്ട്. ദൈവം സ്വർഗമെന്ന ഒരു പ്രത്യേകസ്ഥലത്തിരിക്കുന്നയാളാണ് എന്ന താഴ്ന്ന ധാരണ ആളുകളുക്കുണ്ടാകാതെ തടയുന്നതിനുവേണ്ടിയാണത്. ദൈവം ഏതെങ്കിലും ഒരു ഭൗതികമായ സ്ഥലത്താണ് എന്ന് ആരും കരുതാനിടയാകരുത്. അങ്ങനെ പറയുന്നത്, ദൈവത്തിനൊരു ശരീരമുണ്ട് എന്നു പറയുന്നതിനു തുല്യമായിരിക്കും. ദൈവം വിഭാജ്യനും പദാർത്ഥപരനും നാശാധീനനുമൊക്കെയാണ് എന്ന ദൈവദൂഷണപരമായ ആശയങ്ങളായിരിക്കും അതിൽനിന്നുയിർക്കൊള്ളുന്നത്. എന്തെന്നാൽ ശരീരം വിഭാജ്യവും പാദാർത്ഥികവും നശ്വരവുമാണല്ലോ. അഥവാ ഈ വിഷയത്തിൽ, സ്വയം വഞ്ചിക്കാതെ, ശരിയായ കാഴ്ചപ്പാടുണ്ടെന്ന് അവകാശപ്പെടുന്നവരുണ്ടെങ്കിൽ, ആ അവസ്ഥയിൽ ദൈവത്തിനു ഭൗതികേതരമായ ഒരു സ്വഭാവമുണ്ടാകാൻ സാധിക്കുന്നതെങ്ങനെയെന്ന് അവർ വ്യക്തമാക്കട്ടെ.

ക്രിസ്തു, ശരീരത്തോടുകൂടി ഭൂമിയിൽ ആഗതനാകുന്നതിനു മുമ്പ് എഴുതപ്പെട്ട വി. ലിഖിതഭാഗങ്ങൾ പലതും, ദൈവം ഭൗതികാർത്ഥത്തിലുള്ള ഒരു സ്ഥലത്തു സ്ഥിതിചെയ്യുന്നു എന്നു പ്രസ്താവിക്കുന്നതായിത്തോന്നും. അതിനാൽ അത്തരം ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിച്ചു വിശദീകരിക്കുന്നത് അപ്രസക്തമാകയില്ല എന്നു കരുതുന്നു. സങ്കുചിതവീക്ഷണം മൂലം, സകലത്തിൻെറയും നാഥനായ ദൈവം ചെറുതും നിയതവുമായ ഒരു സ്ഥലത്തു വസിക്കുന്നു എന്നു ധരിച്ചിട്ടുള്ളവരുടെ അബദ്ധധാരണ നീക്കാനാണിത്.

ആദ്യമായി ഉത്പത്തിപ്പുസ്തകം പരിശോധിക്കാം. 'വെയിലാറിയപ്പോൾ ദൈവമായ കർത്താവ് തോട്ടത്തിൽ ഉലാത്തുന്നതിൻെറ ശബ്ദം അവർ കേട്ടു. ആദവും അവൻെറ ഭാര്യയും അവിടുത്തെ മുമ്പിൽ നിന്നു



മാറി, തോട്ടത്തിലെ മരങ്ങൾക്കിടയിലൊളിച്ചു'' എന്നെഴുതപ്പെട്ടിരിക്കുന്നു (3:8). വിശുദ്ധ ലിഖിതത്തിൻെറ നിധികളിലേയ്ക്കു കടന്നു ചെല്ലാൻ, ആ ഭണ്ഡാഗാരത്തിൻെറ വാതിലിൽ മുട്ടിനോക്കാൻപോലും, താൽപര്യമില്ലാത്തവരോടു നമുക്കു ചോദിക്കാം: ഇതെങ്ങനെ സാധിക്കും ? ദൈവം ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനാണ് (ജറ. 23:24). അവിടുന്ന് ആകാശത്തെ തൻെറ സിംഹാസനമായും ഭൂമിയെ പാദപീഠമായും ഉപയോഗിക്കുന്നു (ഏശാ. 66:1). അങ്ങനെയുള്ള ദൈവത്തിന് താരതമ്യേന അത്ര ചെറുതായ ഒരു തോട്ടത്തിൽ എങ്ങനെ ഒതുങ്ങാൻ കഴിയും? ദൈവം പറുദീസാ എന്ന തോട്ടത്തെക്കാൾ വളരെ ചെറുതായിട്ടാണല്ലോ അനുഭവപ്പെട്ടത്. അതുകൊണ്ടല്ലേ അവിടുന്ന് തോട്ടത്തിലൂടെ അങ്ങുമിങ്ങും ഉലാത്തിയതും അവിടുത്തെ പാദപതനശബ്ദം അവിടെ ഉയർന്നു കേട്ടതും ? 'ആദവും ഹവ്വായും തങ്ങളുടെ പാപംമൂലം ദൈവത്തെ ഭയപ്പെട്ടിട്ട് അവിടുത്തെ മുമ്പിൽനിന്നു മാറി പറുദീസായിലെ മരങ്ങൾക്കിടയിൽ ഒളിച്ചു' എന്നതിന് അവർക്കു നൽകാനുള്ള ഭാഷ്യം ഇതിനേക്കാൾ അസംബന്ധമായിരിക്കും. കാരണം അവർ അപ്രകാരം ചെയ്യാനാഗ്രഹിച്ചുവെന്നല്ല, യഥാർത്ഥത്തിൽ ഒളിച്ചുവെന്നാണ് എഴുതപ്പെട്ടിട്ടുള്ളത്. 'ആദം നീ എവിടെ' എന്നു ചോദിച്ചുകൊണ്ട് ദൈവം എങ്ങനെ യഥാർത്ഥത്തിൽ ആദത്തെ അന്വേഷിക്കും (ഉല്പ. 3:9).

4. ഉല്പത്തിപ്പുസ്തകം പരിശോധിച്ച സന്ദർഭത്തിൽ ഇക്കാര്യങ്ങളെല്ലാം ഞാൻ വിശദമായി ചർച്ചചെയ്തിട്ടുള്ളതാണ്.23 എന്നാലിപ്പോൾ അത്ര പ്രധാനമായ ഒരു പ്രശ്നത്തെക്കുറിച്ച് ഒന്നും പറയാതെ കടന്നുപോകുന്നതും ശരിയല്ല. അതിനാൽ ലേവ്യപ്പുസ്തകത്തിലെ ഈ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു തൃപ്തിപ്പെടാം എന്നു വിചാരിക്കുകയാണ്. ''ഞാൻ അവരിൽ വസിക്കുകയും അവരുടെയിടയിൽ വ്യാപരിക്കുകയും ചെയ്യും.''25 വിശുദ്ധൻമാരുടെയിടയിലുള്ള അവിടുത്തെ നടത്തംപോലെ തന്നെയാണ് പറുദീസായിലൂടെയുള്ള അവിടുത്തെ നടത്തവും. എല്ലാ പാപികളും അവിടുത്തെ സന്നിധിയിൽനിന്ന് ഓടിയൊളിക്കുന്നു. അവിടുത്തെ നോട്ടം ഒഴിവാക്കാൻ അവർ ശ്രമിക്കുകയാണ്; കാരണം അവർക്കു ധൈര്യമില്ല. അതുപോലെതന്നെ ''കായേൻ കർത്താവിൻെറ സന്നിധിവിട്ട് ഏദനു കിഴക്ക് നോദ് ദേശത്തു വാസമുറപ്പിച്ചു'' എന്നു പറയപ്പെട്ടിട്ടുണ്ട് (ഉൽപ. 4:16). അതിനാൽ ദൈവം വിശുദ്ധൻമാരിൽ വസിക്കുന്നതുപോലെ തന്നെയാണ് അവിടുന്നു സ്വർഗ്ഗത്തിൽ വസിക്കുന്നതും. സ്വർഗ്ഗീയൻെറ മുദ്ര പതിഞ്ഞിട്ടുള്ളവരായ വിശുദ്ധൻമാരാണ് സ്വർഗം (കൊറി. 15:4:9). ആ 'സ്വർഗീയൻ' ക്രിസ്തുവാണല്ലോ. ക്രിസ്തുവിൽ രക്ഷിക്കപ്പെട്ടവരായ വിശുദ്ധൻമാരിൽ സ്വർഗ്ഗത്തിലെ എല്ലാ പ്രകാശങ്ങളും നക്ഷത്ര

24. cfr. GCS 29 (1920);PG 12.45–92.

25. 26: 12; 1 കൊറി. 6: 16; മൂലത്തിൽ ''ആവർത്തനപ്പുസ്തകത്തിലെ'' എന്നാണ്.

www.malankaralibrary.com



ങ്ങളും അടങ്ങുന്നു. അഥവാ ദൈവം സ്വർഗ്ഗത്തിലുള്ള വിശുദ്ധൻമാരിലുടെയാണ് സ്വർഗ്ഗത്തിൽ വസിക്കുന്നത്. ''സ്വർഗ്ഗത്തിൽ വസിക്കുന്നവനേ, അങ്ങയിലേയ്ക്ക് എന്റെ കണ്ണുകൾ ഞാനുയർത്തുന്നു'' എന്ന വാക്യത്തിലും ഇതുതന്നെയാണാശയം (സങ്കീ. 123:1). ''ദൈവസന്നിധിയിൽ പ്രതിജ്ഞയെടുക്കാൻ തിടുക്കം കൂട്ടരുത്. ദൈവം സ്വർഗ്ഗത്തിലാണ്. നീ ഭൂമിയിലും'' എന്നു 'സഭാപ്രസംഗക'നിൽ കാണുന്ന (5:1). ദുർബല ശരീരത്തിൽ വസിക്കുന്നവനും മാലാഖമാരൊടൊപ്പം വസിക്കുന്നവനും തമ്മിലുള്ള അകലം വ്യക്തമാക്കുകയെന്നത് ഈ ഭാഗത്തിന്റെ ലക്ഷ്യമത്രേ. മാലാഖമാരോടൊത്തു വസിക്കുന്നവൻ 'വചന'ത്തിന്റെ സഹായത്താലും പരിശുദ്ധ ശക്തികളാലും ഉയർത്തപ്പെട്ടവനായിരിക്കും; അഥവാ ക്രിസ്തുവിനോടൊപ്പം തന്നെ വസിക്കുന്നവനായിരിക്കും. ആലങ്കാരികമായി സ്വർഗ്ഗമെന്നു വിളിക്കപ്പെടുന്ന ക്രിസ്തു ശരിക്കും പിതാവിന്റെ സിംഹാസനമായിരിക്കാം. 'ഭൂമി'യെന്നു വിളിക്കപ്പെടുന്നതായ തന്റെ സഭ പിതാവായ ദൈവത്തിന്റെ പാദം വയ്ക്കുന്ന പീഠവുമായിരിക്കാം.

5. ദൈവത്തെ സ്ഥാനികമായ ഒരർത്ഥത്തിൽ അവതരിപ്പിക്കുന്ന ഏതാനും പഴയനിയമഭാഗങ്ങളാണിവിടെ ഉദ്ധരിച്ചു ചേർത്തത്. ദൈവം ഒരു നിശ്ചിതസ്ഥലത്താണെന്നു വി. ലിഖിതം പഠിപ്പിക്കുന്നതായി തോന്നുന്നിടത്തെല്ലാം കൂടുതൽ ഉദാത്തവും ആദ്ധ്യാത്മീകവുമായ അർത്ഥത്തിൽ അതു വ്യാഖ്യാനിക്കാൻ വായനക്കാരനെ എല്ലാവിധത്തിലും കഴിവനുസരിച്ചു പ്രോത്സാഹിപ്പിക്കുക എന്നതാണ് അതിന്റെ ലക്ഷ്യം. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന വാക്കുകളോടനുബന്ധിച്ച് ഇത്തരമൊരു ചർച്ച യുക്തമാണല്ലോ. ആ വാക്കുകൾ ദൈവത്തിന്റെ സത്തയെ സൃഷ്ടവസ്തുക്കളുടേതിൽ നിന്നു വേർതിരിച്ചു നിറുത്തുന്നവയാണെന്നു പറയാം. ദൈവത്തിന് അവയോടു പങ്കില്ല. എന്നാൽ അവയ്ക്ക് ദൈവത്തിന്റേതായ ഒരു ശക്തിയും മഹത്ത്വവും നൽകപ്പെട്ടിട്ടുണ്ട്: അതായത് അവിടുത്തെ ദൈവികതയുടെ ഒരു പ്രവാഹം.

# അധ്യായം 24

## നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ

1. ഈ പ്രാർത്ഥനയുടെ സൂചന രണ്ടുതരത്തിലാകാം. ഒന്ന് പ്രാർത്ഥിക്കപ്പെടുന്ന കാര്യം ഇതുവരെ സംഭവിച്ചിട്ടില്ല. (ദൈവത്തിന്റെ നാമം പൂജിതമായിട്ടില്ല). രണ്ട് സംഭവിച്ചെങ്കിലും അതു സ്ഥിരമായി നിലനിൽക്കുന്നില്ല. അതിനാൽ നിലനിൽക്കുമാറാക്കണം. പ്രസ്തുത വാക്കുകളിൽ നിന്ന് ഒരു കാര്യം വ്യക്തമാകുന്നു; പിതാവിന്റെ നാമം ഇതുവരെ പൂജിതം ആയിട്ടില്ല. ആകണമെന്നു പ്രാർത്ഥിക്കാൻ നമ്മോടു നിർദ്ദേ



ശിക്കപ്പെട്ടിരിക്കുന്നു. മത്തായിയുടെ സുവിശേഷത്തിലും (6:9) ലൂക്കായുടെ സുവിശേഷത്തിലും (11:2) നാം കാണുന്നത് ഇങ്ങനെതന്നെയാണ്. ''നിന്റെ നാമം പരിശുദ്ധമാക്കപ്പെടണം.'' ദൈവത്തിന്റെ നാമം പൂജിതമല്ലാത്തതുപോലെ, പൂജിതമാകണം എന്ന് ഒരു മനുഷ്യനു പ്രാർത്ഥിക്കാൻ എന്തു ന്യായമാണുള്ളത് എന്ന് ആക്ഷേപിക്കപ്പെടാവുന്നതാണ്. അതിനാൽ പിതാവിന്റെ ''നാമം'' ''പൂജിതമാകണം'' എന്നീ വാക്കുകളുടെ അർത്ഥമെന്ത് എന്നു നമുക്കു പരിശോധിക്കാം.

2. പേരിനു വിഷയമായ ആളിന്റെ വ്യക്തിസ്വഭാവം ചുരുക്കത്തിൽ വ്യക്തമാക്കുന്ന ഒരു പദമാണു പേര്. ഉദാഹരണത്തിന് പൗലോസ് അപ്പസ്തോലന്റെ വ്യക്തിഗതസ്വഭാവം പരിഗണിക്കുക. അതിൽ അദ്ദേഹത്തിന്റെ ആത്മാവിന്റെ സവിശേഷതകളുണ്ട്. മനസ്സ് എന്ന അംശമുണ്ട്; അതുകൊണ്ട് അദ്ദേഹം ചിലചില കാര്യങ്ങൾ ചിന്തിക്കുന്നു. ശരീരം എന്ന അംശമുണ്ട്. അതിനും വ്യതിരിക്തമായ ചില സവിശേഷതകളുണ്ട്. ഇതിന്റെയൊക്കെ ഫലമായുളവാകുന്ന സ്വഭാവം വ്യക്തിഗതവും കൈമാറ്റം ചെയ്യാൻ വയ്യാത്തതുമാണ്. പൗലോസിനെപ്പോലെ തന്നെയുള്ള മറ്റൊരാളില്ല. അദ്ദേഹത്തെ 'പൗലോസ്' എന്നു വിളിക്കുമ്പോൾ ഇക്കാര്യമാണു വ്യക്തമാകുന്നത്.

മനുഷ്യരുടെ വ്യക്തിസ്വഭാവങ്ങൾ മാറുന്നതുപോലെ അവരുടെ പേരുകളും മാറാറുണ്ട്. ഇക്കാര്യം വി. ലിഖിതത്തിൽ നമുക്കു കാണാം. അബ്രാം എന്നയാളിന്റെ വ്യക്തിസ്വഭാവത്തിനു മാറ്റം വന്നപ്പോൾ അദ്ദേഹം അബ്രഹാം എന്നു വിളിക്കപ്പെട്ടു (ഉല്പ. 17:5). ശെമയോൻ എന്നയാളിന്റെ വ്യക്തിസ്വഭാവം മാറ്റപ്പെട്ടപ്പോൾ അദ്ദേഹത്തിന് കേപ്പാ എന്ന പേരു നൽകപ്പെട്ടു (യോഹ. 1:42). യേശുവിനെ അനുധാവനം ചെയ്തവനായ സാവുളിന്റെ സ്വഭാവത്തിനു മാറ്റം വന്നപ്പോൾ അദ്ദേഹം പൗലോസ് എന്നു വിളിക്കപ്പെട്ടു (നട. 9:4f. 13:9).

എന്നാൽ ദൈവത്തിന്റെ കാര്യത്തിൽ ഇത്തരം മാറ്റങ്ങളില്ല. അവിടുന്ന് എന്നും മാറ്റമില്ലാതെ ഒരേ അവസ്ഥയിൽ ഇരിക്കുന്നു; മാറ്റം വരുത്താൻ ആർക്കും സാദ്ധ്യവുമല്ല അതിനാൽ അവിടുത്തേക്ക് എന്നെന്നും ഒരു നാമമേയുള്ളു.–ആയിരിക്കുന്നവൻ. പുറപ്പാടു പുസ്തകത്തിലും പിന്നീടു പല സന്ദർഭങ്ങളിലും ഇതു നാം കാണുന്നു. അന്നുമുതൽ ഇന്നുവരെ മനുഷ്യരായ നമുക്ക് ദൈവത്തെക്കുറിച്ച് ചില കാര്യങ്ങളെല്ലാം അറിയാം. ദൈവത്തെക്കുറിച്ചു പല സങ്കല്പങ്ങളും നാം രൂപപ്പെടുത്തുന്നു. എന്നാൽ ദൈവം യഥാർത്ഥത്തിൽ എന്താണെന്ന് അധികം ആരും അറിയുന്നില്ല. അവിടുത്തെ അതുല്യമായ പരിശുദ്ധിയെപ്പറ്റി അറിയാവുന്നവർ അതിലും എത്രയോ കുറവാണ്. അതിനാൽ ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ധാരണ 'പരിശുദ്ധമാക്കപ്പെടണം' എന്നു പ്രാർത്ഥിക്കാൻ രക്ഷകൻ നമ്മെ പഠിപ്പിച്ചതു യുക്തം തന്നെയാണ്. അങ്ങനെ ചെയ്യുമ്പോൾ സ്യ

www.malankaralibrary.com



ഷ്ടിക്കുന്നതിലും രക്ഷിക്കുന്നതിലും വിധിക്കുന്നതിലും സ്വീകരിക്കുന്നതിലും നിരാകരിക്കുന്നതിലും ഓരോരുത്തരുടെയും യോഗ്യതയനുസരിച്ചു ശിക്ഷയും പ്രതിസമ്മാനവും നൽകുന്നതിലും എല്ലാം പ്രകടമായിട്ടുള്ള അവിടുത്തെ പരിശുദ്ധി നമുക്കു ബോദ്ധ്യമാകും.

3. ഇത്തരം പ്രവർത്തനങ്ങളിലാണ് ദൈവത്തിന്റെ വ്യക്തിസ്വഭാവത്തിന്റെ മുദ്ര പതിഞ്ഞിരിക്കുന്നത് എന്നു ഞാൻ പറയും. ആ വ്യക്തിസ്വഭാവത്തെക്കുറിച്ചാണ് വി. ലിഖിതത്തിൽ ദൈവത്തിന്റെ നാമം എന്നു പറഞ്ഞിട്ടുള്ളത് എന്നാണ് എന്റെ അഭിപ്രായം. പുറപ്പാടു പുസ്തകത്തിൽ നാം വായിക്കുന്നു; ‘‘നിന്റെ ദൈവമായ കർത്താവിന്റെ നാമം വൃഥാ പ്രയോഗിക്കരുത്’’ (20:7). ആവർത്തനപ്പുസ്തകത്തിൽ: ഭൂമി എന്റെ വായ്മൊഴികൾ ശ്രവിക്കട്ടെ. എന്റെ പ്രബോധനങ്ങൾ മഴപോലെ തുള്ളിതുള്ളിയായി പതിക്കട്ടെ. എന്റെ വചനങ്ങൾ മഞ്ഞുപോലെ അരിച്ചിറങ്ങട്ടെ. ഇളംപുല്ലിന്മേൽ ചാററൽമഴ പോലെ, ചെടികളിൽ പെയ്ത്തുപോലെ കർത്താവിന്റെ നാമം ഞാൻ ഉദ്ഘോഷിക്കും.’ (32;2f). സങ്കീർത്തനങ്ങളിൽ: ‘‘എല്ലാതലമുറകളിലും അവർ അവിടുത്തെ നാമം അനുസ്മരിക്കും’’ (44:20). ദൈവത്തെക്കുറിച്ചുള്ള തന്റെ ധാരണയിലേയ്ക്ക് അവിടെ സ്ഥാനമില്ലാത്ത ആശയങ്ങൾ കൊണ്ടുവരുവാനാണ് ദൈവമായ കർത്താവിന്റെ നാമം വൃഥാ പ്രയോഗിക്കുന്നത്.

തന്റെ ശ്രോതാക്കളുടെ ആത്മാക്കളിൽ ഫലം ഉളവാകത്തക്കവിധം തന്റെ സ്വരത്തെ മഴപോലെ ഉപയോഗിക്കാൻ കഴിവുള്ളവൻ, തന്റെ സംഭാഷണത്തെ മഞ്ഞുതുള്ളിപോലെ ആശ്വാസദായകമായ രീതിയിൽ വിനിയോഗിക്കുന്നവൻ, മാനസികൗന്നത്യം പ്രദാനം ചെയ്തുകൊണ്ട് തന്റെ ശ്രോതാക്കൾക്ക് ഫലപ്രദമായ വചനമഴ പൊഴിക്കുന്നവൻ. പ്രസ്തുത നേട്ടങ്ങളെക്കല്ലാം ഈ നാമം വഴിയാണു കൈവരിക്കുന്നത്. ഈ നേട്ടങ്ങൾക്കെല്ലാം ദൈവത്തിന്റെ സഹായം ആവശ്യമാണെന്നു മനസ്സിലാക്കിക്കൊണ്ട് അവൻ അവിടുത്തെ അഭയം പ്രാപിക്കുന്നു. ദൈവത്തെ സംബന്ധിക്കുന്ന സംഗതികൾ വ്യക്തമാക്കുന്നവൻ, ആരാധനയുടെ രഹസ്യങ്ങൾ കണ്ടെത്തുന്നു എന്ന് ചിന്തിച്ചാലും ആരിൽനിന്നെങ്കിലും കേൾക്കുന്നു എന്നു കരുതിയാലും പഠിക്കുന്നു എന്നതിനെക്കാൾ ഓർക്കുകയത്രേ ചെയ്യുക 26.

---

26. പ്ലേറേറാണിക് ചിന്തയുടെ സ്വാധീനത്തിലാണ് ഒരിജൻ ഇവിടെ ചർച്ചചെയ്യുന്നത്. അനുസ്മരണം (anamnesis) അഥവാ ഓർമ്മിക്കൽ എന്ന തത്വം പ്ലേറേറായിലുണ്ട്. ആദിപരിശുദ്ധാവസ്ഥയിൽ ശുദ്ധാത്മാക്കളായി ദൈവികദർശനം അനുഭവിച്ചുകൊണ്ടിരുന്നവർ ശരീരത്തിൽ ബന്ധിതമായി എന്ന് പ്ലേറേറാണിസം കരുതി. ഭൂമിയിലായിരിക്കുമ്പോൾ നേരത്തെ ദർശിച്ചവ ഓർക്കുന്നു എന്നുമാത്രം; പുതുതായി പഠിക്കുകയല്ല.



4. പ്രാർത്ഥിക്കുന്ന ഏതൊരുവന്റെയും പരിഗണനയിൽ ഈവക കാര്യങ്ങൾ ഉണ്ടായിരിക്കണം. അപ്പോൾ ദൈവത്തിന്റെ നാമം പരിശുദ്ധമാകപ്പെടണമെന്ന് സകാരണമായിത്തന്നെ അവനു പ്രാർത്ഥിക്കുവാൻ സാധിക്കും. സങ്കീർത്തനങ്ങളിൽ നാം വായിക്കുന്നു: ‘നമുക്കൊരുമിച്ച് അവന്റെ നാമം വാഴ്ത്താം (34:3). ദൈവത്തിന്റെ വ്യക്തി സ്വഭാവത്തെക്കുറിച്ച് യഥാർത്ഥവും ഉന്നതവുമായ അറിവു നേടുന്നതിനുവേണ്ടി പരിപൂർണ്ണമായ മനൈക്യത്തോടുകൂടി—ഒരേ മനസ്സോടും ഒരേ തീരുമാനത്തോടുംകൂടി—മുന്നോട്ടു പോകാൻ പ്രവാചകൻ ഇവിടെ നമ്മോടാവശ്യപ്പെടുകയാണ്. ദൈവത്താൽ സംരക്ഷിക്കപ്പെടുന്നു എന്നതിൽ ദൈവത്തിന്റെ പ്രവാഹത്തിൽ പങ്കുചേർന്നുകൊണ്ട്, നമ്മുടെ വീഴ്ചയിൽ സന്തോഷിക്കുന്ന ശത്രുക്കളെ പരാജയപ്പെടുത്തിക്കൊണ്ട്, നമുക്ക ഭാഗഭാഗിത്വമുള്ള ആ ദൈവശക്തിയെ നാം വാഴ്ത്തുമ്പോഴാണ് നാം ഒത്തുചേന്ന് ദൈവത്തെ വാഴ്ത്തുന്നു എന്നു പറയുന്നത്. ഇക്കാര്യം മുപ്പതാം സങ്കീർത്തനം ഈ വാക്കുകളിൽ വെളിപ്പെടുത്തുന്നു. ‘‘കത്താവേ. ഞാൻ അങ്ങയെ പ്രകീർത്തിക്കും. അവിടുന്ന് എന്നെ രക്ഷിച്ചു. എന്റെ ശത്രു എന്റെ മേൽ വിജയമാഘോഷിക്കാൻ അങ്ങ് ഇടയാക്കിയില്ല’’ (30:1). നാം നമ്മുടെ ഉള്ളിൽത്തന്നെ ദൈവത്തിനായി ഒരു ഭവനം പണിതുയർത്തുമ്പോൾ ദൈവത്തെ പ്രകീർത്തിക്കുകയാണ്. സങ്കീത്തനത്തിന്റെ തലക്കെട്ടുതന്നെ ഇപ്രകാരമാണല്ലോ.. ’ദാവീദിന്റെ ഭവന സമർപ്പണാവസരത്തിലെ ഗീത സങ്കീർത്തനം.’

5. ‘നിന്റെ നാമം പരിശുദ്ധമാക്കപ്പെടണം’. എന്നതിനെയും കർതൃപ്രാർത്ഥനയിൽ നിയോജകപ്രകാരത്തിലുള്ള മററു പ്രയോഗങ്ങളെയും കുറിച്ചു ചിന്തിക്കുമ്പോൾ ഒരു കാര്യം ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. തജ്ജമക്കാർ പലപ്പോഴും അതിന് ആശംസകമായ അർത്ഥത്തിന പകരം ആജ്ഞാപരമായ അർത്ഥം സൂചിപ്പിക്കുന്ന പ്രായോഗങ്ങളാണ് ഉപയോഗിക്കാറ്. ഉദാഹരണത്തിന് ചില സങ്കീത്തന ഭാഗങ്ങൾ നോക്കുക: ‘‘നീതിമാൻമാർക്കെതിരേ ദുഷ്ടത സംസാരിക്കുന്ന വഞ്ചനനിറഞ്ഞ അധരങ്ങൾ മൂകമാക്കപ്പെടട്ടെ’’ (31:18). അവ മൂകമാകാൻ ഇടയാകട്ടെ എന്നു പറയുന്നതിനു പകരമാണിത്. അതുപോലെ യൂദാസിനെ പരാമർശിക്കുന്ന നൂററിഒൻപതാം സങ്കീത്തനഭാഗത്ത്: ‘‘അയാൾക്കുള്ളതെല്ലാം കടംകൊടുത്തവൻ പിടിച്ചെടുക്കട്ടെ; ആരും അവനെ സഹായിക്കാതിരിക്കട്ടെ’’ (11). ആ സങ്കീർത്തനം മുഴുവൻ യൂദാസിനെക്കുറിച്ചുള്ളതാണ്. ഇതുപോലുള്ള പല തിന്മകളും അയാൾക്കു സംഭവിക്കട്ടെയെന്നാണ് അതിൽ പറയപ്പെടുന്നത്.

ഇനി ഇതിനൊരു മറുവശമുണ്ട്. ‘‘ആയിരിക്കട്ടെ’’ എന്ന പ്രയോഗത്തിന് എപ്പോഴും ആശംസകാർത്ഥമല്ല, ചിലപ്പോൾ ആജ്ഞാപരമായ അർത്ഥമുണ്ട് എന്നു ചിലർ മനസ്സിലാക്കുന്നില്ല. ഇക്കാരണത്താൽ താസ്യൻ എന്ന ഗ്രന്ഥകാരൻ ദൈവത്തെ സംബന്ധിച്ച് വളരെ അനാദരപൂർവ്വ

www.malankaralibrary.com



കമായ ചില അനുമാനങ്ങളിൽ എത്തിച്ചേർന്നു27. ''വെളിച്ചം ഉണ്ടാകട്ടെ'' എന്നു ദൈവം പറഞ്ഞപ്പോൾ (ഉല്പ. 1.3) ദൈവം ആജ്ഞാപിക്കുകയല്ല, ആശംസിക്കുകയാണു ചെയ്തതെന്ന് അയാൾ പറഞ്ഞു. ദൈവം അന്ധകാരത്തിലായിരുന്നുവെന്ന് വളരെ ദൈവദൂഷണപരമായി താസ്യൻ പ്രസ്താവിക്കുന്നു. അതിനു മറുപടിയായി, താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ അയാൾ എങ്ങനെ മനസ്സിലാക്കുന്നു എന്ന് നമുക്കയാളോടു ചോദിക്കാം: ''ദൈവം അരുളിച്ചെയ്തു; ഭൂമി എല്ലാത്തരം ഹരിതസസ്യങ്ങളും ധാന്യച്ചെടികളും വിത്തുൾക്കൊള്ളുന്ന ഫലങ്ങൾ കായ്ക്കുന്ന വൃക്ഷങ്ങളും മുളപ്പിക്കട്ടെ. ആകാശത്തിനു കീഴിലുള്ള വെള്ളമെല്ലാം ഒരിടത്ത് ഒരുമിച്ചു കൂടട്ടെ. വെള്ളം ജീവനുള്ള ഇഴ ജന്തുക്കളെ പുറപ്പെടുവിക്കട്ടെ. ഭൂമി എല്ലാത്തരം ജീവജാലങ്ങളെയും പുറപ്പെടുവിക്കട്ടെ'' (ഉല്പ. 1:9f).

ഉറപ്പുള്ള ഒരു കരഭാഗത്തു നിൽക്കാൻ സൗകര്യമുണ്ടാകാൻ വേണ്ടിയിട്ടായിരുന്നോ "ആകാശത്തിനു കീഴിലുള്ള വെള്ളമെല്ലാം ഒരിടത്ത് ഒരുമിച്ചുകൂടട്ടെ" എന്നു ദൈവം പറഞ്ഞത്? ദൈവത്തിനു പഴങ്ങൾ തിന്നാൻ വേണ്ടിയിട്ട് അവിടുന്നു ഭൂമിയോടു പഴങ്ങൾ പുറപ്പെടുവിക്കാൻ അപേക്ഷിക്കുകയായിരുന്നോ? പ്രകാശം ആവശ്യമുണ്ടായിരുന്നതുപോലെ കരയിലും കടലിലും ആകാശത്തിലുമുള്ള ജീവികളെക്കൊണ്ടും അവിടുത്തേയ്ക്ക് എന്തെങ്കിലും ആവശ്യം ഉണ്ടായിരുന്നോ? ഈ വിധത്തിലൊക്കെപ്പറയുന്നതു നിരർത്ഥകമാണെങ്കിൽ, (താസ്യനും അതു സമ്മതിക്കുന്നുണ്ട്) വെളിച്ചമുണ്ടാകട്ടെ എന്നുള്ളതുമാത്രം ആജ്ഞാർത്ഥത്തിലല്ല എന്നു കരുതാനെന്താണുന്യായം? സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന നിയോജകപ്രകാരരൂപത്തിലാണല്ലോ നൽകപ്പെട്ടിട്ടുള്ളത്. അതിനാൽ താസ്യന്റെ അബദ്ധ വ്യാഖ്യാനങ്ങൾ പരാമർശവിഷയമാക്കേണ്ടതാണെന്നെനിക്കു തോന്നി. അയാളുടെ ഭക്തിശൂന്യമായ വ്യാഖ്യാനങ്ങളാൽ വഞ്ചിതരായവർ അനേകമുണ്ട്. അത്തരക്കാരിൽ ചിലരെ എനിക്കുതന്നെ നേരിട്ടു പരിചയമുള്ളതാണ്.

27. രണ്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഒരു വിശ്വാസ സംരക്ഷകൻ; സിറിയായിൽ നിന്ന് റോമിൽ പോയി വി. ജസ്ററിന്റെ ശിഷ്യനായി. എന്നാൽ ജീവിതാവസാനം ''എൻക്രത്തീത്തർ'' എന്ന ജ്ഞാനവാദവിഭാഗത്തിന്റെ തലവനായിത്തീർന്നു.



# അധ്യായം 25

## നിന്റെ രാജ്യം വരണമെ

ദൈവരാജ്യത്തെക്കുറിച്ചു നമ്മുടെ രക്ഷകനായ കർത്താവു പറഞ്ഞിട്ടുണ്ട്: ''പ്രത്യക്ഷമായ അടയാളങ്ങളോടുകൂടിയല്ല ദൈവരാജ്യം വരുന്നത്. ഇതാ അത് ഇവിടെയാണ്, അവിടെയാണ് എന്ന് ആരും പറയുകയില്ല. എന്തെന്നാൽ ഇതാ ദൈവരാജ്യം നിങ്ങളിൽത്തന്നെയുണ്ട്'' (ലൂ. 17:20f). എന്തെന്നാൽ ''വചനം നമുക്കു വളരെ സമീപസ്ഥമാകുന്നു. അതു നമ്മുടെ അധരങ്ങളിലും ഹൃദയത്തിലും ഉണ്ട്'' (ആവ. 30:14) എന്നിരിക്കെ, ദൈവത്തിന്റെ രാജ്യം വരണം എന്ന് ഒരാൾ പ്രാർത്ഥിക്കുന്നതിനർത്ഥമെന്താണ്? തന്നിൽത്തന്നെ ദൈവരാജ്യം സ്ഥാപിതമാകണമെന്നും അതു ഫലയുക്തവും പരിപൂർണ്ണവും ആകണമെന്നും തന്നെ.

ഓരോ വിശുദ്ധന്റെ മേലും ദൈവം രാജാവായി ഭരണം നടത്തുന്നു. അയാൾ ദൈവത്തിന്റെ ആദ്ധ്യാത്മിക നിയമങ്ങൾക്കു വിധേയനാണ്. ആ വിധത്തിൽ വളരെ ക്രമീകൃതമായ ഒരു നഗരത്തിലെന്നപോലെ അയാൾ ജീവിക്കുന്നു. പിതാവായ ദൈവം അവന്റെ പക്കൽ സന്നിഹിതനായിരിക്കുന്നു. അങ്ങനെ പരിപൂർണ്ണതയുള്ള ആ ആത്മാവിൽ ക്രിസ്തു പിതാവായ ദൈവത്തോടൊപ്പം ഭരണം നടത്തുന്നു. അല്പം മുമ്പു ഞാൻ ഉദ്ധരിച്ച ''ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനിൽ വാസം ഉറപ്പിക്കും'' എന്ന വാഗ്ദാനമനുസരിച്ചാണിതു ഞാൻ പറയുന്നത് (യോ. 14:23). ദൈവത്തിന്റെ രാജ്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് യുക്തിബോധത്തിൽ സന്തോഷജനകമായ ആധിപത്യവും വിവേകപൂർണ്ണമായ ഉപദേശങ്ങളുടെ ഭരണവും ആണ് എന്നു ഞാൻ വിശ്വസിക്കുന്നു. 'ക്രിസ്തുവിന്റെ രാജ്യം' എന്നതിനെന്താണർത്ഥം? കേൾക്കാൻ സന്നദ്ധതയുള്ളവന്റെ പക്കലെത്തുന്ന രക്ഷാകരമായ വചനങ്ങളും നീതിക്കും മററു സുകൃതങ്ങൾക്കും അനുഗുണമായിട്ടുള്ള പ്രവർത്തനങ്ങളും; എന്തെന്നാൽ ദൈവപുത്രന് വചനവും നീതിയുമാകുന്നു.

നേരെ മറുവശത്ത്, ഓരോ പാപിയും ഈ ലോകത്തിന്റെ അധികാരിയുടെ സ്വേച്ഛാധിപത്യത്തിൻ കീഴിലാകുന്നു. ഓരോ പാപിയും ഈ തിൻമ നിറഞ്ഞ ലോകത്തിന്റെ അടിമയാണല്ലോ. 'തിന്മ നിറഞ്ഞ ഈ യുഗത്തിൽ നിന്നു നമ്മെ മോചിപ്പിക്കേണ്ടതിന് നമ്മുടെ പിതാവായ ദൈവത്തിന്റെ അഭീഷ്ടമനുസരിച്ച് നമ്മുടെ പാപങ്ങൾക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിച്ചവന്' (ഗലാ. 1:8) അവൻ സ്വയം സമർപ്പിക്കുന്നില്ല. ഈ ലോകത്തിന്റെ അധികാരിയുടെ സ്വേച്ഛാധിപത്യത്തിനു വിധേയനായിട്ടുള്ളവൻ പാപത്തിന്റെ ആധിപത്യത്തിനും വിധേയനാണ്; കാരണം അവൻ സ്വേച്ഛയാ പാപം ചെയ്തു. നമ്മെ അടക്കി ഭരിക്കുന്ന പാപ

www.malankaralibrary.com



ത്തിനു നാം അധീനരാകരുത് എന്ന് വി. പൗലോസ് നമ്മോട് ആവശ്യപ്പെടുന്നു. ഇങ്ങനെയാണ് അദ്ദേഹത്തിന്റെ വാക്കുകൾ: ശരീരത്തിന്റെ ദുരാശകൾ നിങ്ങളെ കീഴ്പ്പെടുത്തുവാൻ തക്കവിധം പാപം നിങ്ങളുടെ മർത്ത്യശരീരത്തിൽ ഭരണം നടത്താതിരിക്കട്ടെ (റോമ. 6:12).

2. 'നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ', 'നിന്റെ രാജ്യം വരണമെ' എന്ന രണ്ടു പ്രാർത്ഥനകളെ സംബന്ധിച്ച് ചിലർക്ക് ഇങ്ങനെയൊരാക്ഷേപം ഉന്നയിക്കാൻ തോന്നിയേക്കാം: 'പ്രാർത്ഥിക്കുന്നത് അക്കാര്യം സാധിക്കാൻ വേണ്ടിയാണല്ലോ. ഇവിടെ ദൈവനാമം പൂജിതമാകണമെന്നും ദൈവരാജ്യം വരണമെന്നും പ്രാർത്ഥിക്കുന്നു. ആ പ്രാത്ഥന ദൈവം സ്വീകരിക്കുന്നു. ദൈവനാമം പൂജിതമാവുകയും ദൈവരാജ്യം സ്ഥാപിതമാകുകയും ചെയ്യുന്നു. അതിനുശേഷം ദൈവനാമം പൂജിതമാകണമെന്നും ദൈവരാജ്യം വരണമെന്നും വീണ്ടും പ്രാർത്ഥിക്കുന്നതിൽ അനൗചിത്യമില്ലേ? അതിനാൽ ഈ രണ്ടു കാര്യങ്ങളും പ്രാർത്ഥനയിൽ ചേർക്കുന്നത് അനുചിതമായിട്ടുള്ള ഒരു സമയം വരും.

ഇതിനു മറുപടി: 'അറിവിന്റെ വചനത്തിനും വിജ്ഞാനത്തിന്റെ വചനത്തിനും വേണ്ടി പ്രാർത്ഥിക്കുന്ന ഒരാൾക്ക് ഔചിത്യപൂർവ്വംതന്നെ എന്നും ആ പ്രാർത്ഥന തുടരാം. കാരണം, അയാളുടെ പ്രാർത്ഥന കേൾക്കപ്പെടുകയാണെങ്കിൽ അയാൾക്ക് ഉപര്യുപരി വിപുലമായ അറിവിന്റെയും വിവേകത്തിന്റെയും ദാനങ്ങൾ നൽകപ്പെട്ടുകൊണ്ടിരിക്കും. തനിക്ക മനസ്സിലാക്കാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ച് ഭാഗികമായ ഒരു ധാരണയേ ഇപ്പോൾ അയാൾക്കുള്ളു. എന്നാൽ അപൂർണ്ണമായവയെ നിരാകരിക്കുന്ന പൂർണ്ണമായ ജ്ഞാനം പിന്നീടു ലഭിക്കും. അപ്പോൾ ശാരീരികമായ സംവേദനങ്ങൾ ഒന്നും കൂടാതെ ആദ്ധ്യാത്മികമായ അഭിമുഖദർശനം സാദ്ധ്യമാകും. അറിവിന്റെയും വിവേകത്തിന്റെയും ഒരുപക്ഷേ മററു സുകൃതങ്ങളുടെയും പൂർണ്ണത വന്നുചേർന്നില്ലെങ്കിൽ നാം ഓരോരുത്തരാലും ദൈവവചനത്തിന്റെ പൂജിതമാക്കൽ, ദൈവരാജ്യത്തിന്റെ ആഗമനം എന്നിവ സാദ്ധ്യമല്ല. ''പിന്നിലുള്ളവയെ വിസ്മരിച്ചിട്ട് മുന്നിലുള്ളവയെ ലക്ഷ്യമാക്കി കുതിക്കുകയാണെങ്കിൽ നാം പരിപൂർണ്ണതയിലേക്കടുക്കുകയാണ്. അഭിരാമമായ യത്നത്തോടുകൂടി നാം മുന്നേറുകയാണെങ്കിൽ ദൈവരാജ്യം നമ്മിൽ പൂർണ്ണമായും സ്ഥാപിതമാകും. ''അവൻ എല്ലാ ഭരണവും അധികാരവും ശക്തിയും നിർമ്മാർജനം ചെയ്ത് രാജ്യം പിതാവായ ദൈവത്തിനു സമർപ്പിക്കുമ്പോൾ എല്ലാററിന്റെയും അവസാനമാകും'' എന്നുള്ള അപ്പസ്തോലന്റെ വചനങ്ങൾ അപ്പോൾ നിവൃത്തിയാകും (1 കൊറി. 15:24–28). അതിനാൽ ഇടവിടാതെ പ്രാർത്ഥിച്ചുകൊണ്ട്, (1 തെസ. 5:17) വചനത്താൽ ദൈവികവത്കൃതമായ മനോഭാവത്തോടുകൂടി, സ്വർഗ്ഗസ്ഥനായ പിതാവിനോടു നമുക്ക് പറയാം: 'നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ; നിന്റെ രാജ്യം വരണമെ.'



3. മാത്രമല്ല, ദൈവരാജ്യത്തിന്റെ വിഷയത്തിൽ ഒരു കാര്യംകൂടെ നാം പരിഗണിക്കേണ്ടതുണ്ട്. നീതി അനീതിയുമായി കൂട്ടുചേരാത്തതുപോലെ, പ്രകാശത്തിന് അന്ധകാരവുമായി സഹകരണമില്ലാത്തതുപോലെ ക്രിസ്തുവും ബലിയാലുമായി പൊരുത്തമില്ലാത്തതുപോലെ, പാപത്തിന്റെ രാജ്യത്തിന് ദൈവരാജ്യവുമായി ഒരിക്കലും പൊരുത്തമുണ്ടാവുകയില്ല.

അതിനാൽ നമുക്കു ദൈവത്തിന്റെ രാജത്വത്തിനു കീഴിൽ കഴിയാനാഗ്രഹമുണ്ടെങ്കിൽ പാപം നമ്മുടെ നശ്വരശരീരത്തിൽ ഭരണം നടത്താതിരിക്കട്ടെ (റോമ. 6:12). പാപം നമ്മുടെ ആത്മാവിനെ ജഡത്തിന്റെ പ്രവൃത്തികളിലേയ്ക്കും (ഗലാ. 5.19) ദൈവത്തിനു പങ്കില്ലാത്ത പ്രവർത്തനങ്ങളിലേയ്ക്കും ക്ഷണിക്കുമ്പോൾ ആ അനുശാസനങ്ങളെ നമുക്ക് അവഗണിക്കാം. നമ്മിൽ ഭൗമികമായിട്ടുള്ളവയെ എല്ലാം നശിപ്പിച്ചുകളയാം (കൊളോ. 3:5). ദൈവാത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാം (ഗലാ. 5:22). കർത്താവ് ഒരു ആദ്ധ്യാത്മിക പറുദീസയിൽ എന്നപോലെ നമ്മിൽ സഞ്ചരിക്കട്ടെ. ആ കർത്താവ് തന്റെ ക്രിസ്തുവിനോടൊപ്പം നമ്മുടെ മേൽ ഭരണം നടത്തുന്ന ഏകരാജാവാകുന്നു; ആ ക്രിസ്തുവാകട്ടെ, ശക്തിയുടെ വലത്തുഭാഗത്തായി നമ്മുടെ ഹൃദയത്തിൽ ഉപവിഷ്ടനായിട്ടുള്ളവനും. ആ ശക്തി ലഭിക്കാൻ വേണ്ടിയാണല്ലോ നാം പ്രാർത്ഥിക്കുന്നത്. നമ്മിലുള്ള തന്റെ ശത്രുക്കളെല്ലാം തന്റെ പാദപീഠമാകുകയും നമ്മിലെ മറ്റെല്ലാ ശക്തിയും ഭരണവും അധികാരവും നിർമ്മാർജനം ചെയ്യപ്പെടുകയും ചെയ്യുംവരെ അവിടുന്ന് അവിടെ ഉപവിഷ്ടനായിരിക്കും.

ഇതെല്ലാം നമ്മിൽ ഓരോരുത്തരിലും സംഭവിക്കുകയും അവസാനത്തെ ശത്രുവായ മരണംപോലും നശിപ്പിക്കപ്പെടുകയും ചെയ്യുക എന്നതു സംഭവ്യമാണ്. അപ്പോൾ ക്രിസ്തു നമ്മിൽ ഇങ്ങനെ അരുളിച്ചെയ്യും: 'മരണമേ, എവിടെ നിന്റെ ബാധകൾ? പാതാളമേ, എവിടെ നിന്റെ സംഹാരം?'[28]. അപ്പോൾ നശ്വരമായി നമ്മിലുള്ളത് എല്ലാ ശുദ്ധതയിലും വിശുദ്ധിയിലും അനശ്വരതയും പരിശുദ്ധിയും ധരിക്കട്ടെ. മർത്ത്യമായി നമ്മിലുള്ളത് മരണത്തെ ജയിച്ചടക്കിക്കൊണ്ട് പിതാവിന്റെ അമർത്ത്യത ധരിക്കട്ടെ. അപ്രകാരം ദൈവം നമ്മിൽ ഭരണം നടത്തും. പുനർജനനത്തിന്റെയും പുനരുത്ഥാനത്തിന്റെയും നന്മകൾ നമുക്കു അനുഭൂതമാവുകയും ചെയ്യും.

28. ഹോശിയ 13:14 കാണുക; 1 കൊറി. 15:55.

www.malankaralibrary.com



# അധ്യായം 26

## നിന്റെ തിരുവിഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ

1. വി. ലൂക്കായുടെ സുവിശേഷത്തിൽ ഈ ഭാഗം വിട്ടുകളഞ്ഞിട്ടുണ്ട്. 'നിന്റെ രാജ്യം വരണമേ' എന്നതു കഴിഞ്ഞിട്ട് 'അന്നന്ന് വേണ്ട അപ്പം ഓരോ ദിവസവും ഞങ്ങൾക്കു നൽകണമെ' എന്നാണു അദ്ദേഹം കൊടുത്തിട്ടുള്ളത് (11:3). അതിനാൽ മത്തായിയുടെ സുവിശേഷത്തിൽ മാത്രം രേഖപ്പെടുത്തിയിട്ടുള്ള ഉദ്ധൃതഭാഗം നമുക്കു പഠിക്കാം. സ്വർഗവാസികളെല്ലാം സ്വർഗത്തിൽ ദൈവഹിതം അനുഷ്ഠിക്കുന്നു എന്നു നാം മനസ്സിലാക്കുന്നു. ഇപ്പോൾ ഭൂമിയിൽ ജീവിക്കുന്നവരായ നമ്മളാൽ അതുപോലെ ഈ ഭൂമിയിൽ എല്ലാകാര്യങ്ങളിലും ദൈവഹിതം നിർവ്വഹിക്കപ്പെടണം എന്നു നാം പ്രാർത്ഥിക്കുന്ന. നാം ഒരു കാര്യത്തിലും ദൈവഹിതത്തിനു വിപരീതമായി പ്രവർത്തിക്കുന്നില്ലെങ്കിൽ ഇതു സംഭവിക്കും. നാം ഭൂമിയിൽ ദൈവഹിതം പ്രവർത്തിക്കുമ്പോൾ, സ്വർഗവാസികൾക്കു തുല്യരായിത്തീരുന്നു. അപ്പോൾ നാം സ്വർഗവാസികളെപ്പോലെ തന്നെ 'സ്വർഗീയന്റെ ഛായ' ധരിക്കുകയാണ് (1 കൊറി. 15:49) നാം സ്വർഗരാജ്യത്തെ അവകാശമാക്കും. നാം സ്വർഗത്തിലായിരിക്കുമ്പോൾ, നമുക്കശേഷം ഭൂമിയിലെത്തുന്നവർ, നമ്മെപ്പോലെ ആകുന്നതിനുവേണ്ടി പ്രാർത്ഥിക്കും.

2. 'സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണം' എന്ന വി. മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണുന്ന ആ ഭാഗം, പ്രാർത്ഥനയിലെ മററു യാചനകളോടും ചേർത്തു പറയാം. അപ്പോൾ നമ്മുടെ പ്രാർത്ഥന ഏകദേശം ഈ വിധമായിത്തീരും: ''അങ്ങയുടെ നാമം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും പൂജിതമാകട്ടെ. അങ്ങയുടെ രാജ്യം സ്വഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആഗതമാകട്ടെ. അങ്ങയുടെ തിരുവിഷ്ടം സ്വഗ്ഗത്തിലെപ്പോലെ ഭൂമിയിലും നിറവേറട്ടെ.'' സ്വഗ്ഗത്തിലുള്ളവർ ദൈവനാമത്തെ പൂജിക്കുന്നുണ്ട്; അവരുടെയിടയിൽ ദൈവരാജ്യം സമാഗതമായിക്കഴിഞ്ഞിട്ടുണ്ട്: ദൈവഹിതം അവരിൽ നിർവ്വഹിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. എന്നാൽ ഭൂമിയിലുള്ളവരായ നമ്മിൽ ഇക്കാര്യങ്ങളൊന്നും നിറവേറിക്കഴിഞ്ഞിട്ടില്ല. ഇക്കാര്യങ്ങളിലെല്ലാം ദൈവത്താൽ ശ്രവിക്കപ്പെടുന്നതിനർഹരാണു നമ്മെളെന്നു നാം തെളിയിച്ചുകൊടുത്താൽ അവയെല്ലാം സാധിതമാകും.

3. ഇനി മറെറാരു കാര്യം: 'നിന്റെ തിരുവിഷ്ടം സ്വഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ' എന്നതിനെ സംബന്ധിച്ച് ഇങ്ങനെയൊരു ചോദ്യമുണ്ടാകാം: 'ആകാശത്തിലും ദുരാത്മാക്കൾ ഉണ്ടല്ലോ (എഫേ. 6:12). അവർമൂലം ദൈവത്തിന്റെ വാൾ കുടിച്ചുന്മത്തമായി



ത്തീരുന്ന (ഏശാ. 34:5). ആ നിലയ്ക്ക് ദൈവതിരുമനസ് സ്വർഗത്തിൽ നിറവേറുന്നതെങ്ങനെയാണ്. ആ നിലയ്ക്ക് ദൈവതിരുമനസ് സ്വർഗത്തിലെപ്പോലെ ഭൂമിയിലും നിറവേറണം എന്നു നാം പ്രാർത്ഥിക്കുമ്പോൾ ഭൂമിയിലും ദൈവഹിതത്തിനെതിരായി പ്രവർത്തിക്കാൻ ദുരാത്മാക്കൾ ഉണ്ടാകണമെന്നല്ലേ അറിയാതെ നാം പ്രാർത്ഥിക്കുന്നത്? എന്തെന്നാൽ സ്വർഗ്ഗലോകത്തുള്ള ദുഷ്ടതയുടെ ശക്തികൾക്ക് അധീനരാകുന്നതുകൊണ്ടാണല്ലോ ഭൂമിയിൽ അനേകർ ദുഷ്ടന്മാരായിത്തീരുന്നത്.

എന്നാൽ സ്വർഗ്ഗം എന്ന വാക്ക് ആലങ്കാരികമായിട്ടാണുപയോഗിച്ചിട്ടുള്ളതെന്നും 'ക്രിസ്തു'വാണ് അതിന്റെ ഉദ്ദിഷ്ടാർത്ഥമെന്നും നമുക്കു മനസ്സിലാക്കാവുന്നതാണ്. ഭൂമി എന്നതിനു സഭ എന്നും അർത്ഥമെടുക്കാം. (ക്രിസ്തുവിനെപ്പോലെ പിതാവായ ദൈവത്തിന്റെ ഇരിപ്പിടമായിരിക്കാൻ മററാർക്കാണ് അർഹതയുള്ളത്? ദൈവത്തിന്റെ പാദപീഠമായിരിക്കാൻ ക്രിസ്തുവിന്റെ സഭയേക്കാളധികം യോഗ്യത മറെറന്തിനാണുള്ളത്?) ഇങ്ങനെ ചിന്തിച്ചാൽ ഇവിടത്തെ ആശയപരമായ വൈഷമ്യം വേഗം പരിഹരിക്കാം. സഭയിലെ ഓരോ അംഗവും, ക്രിസ്തുവിനെപ്പോലെ പിതാവിന്റെ ഹിതം നിറവേററാൻ തനിക്കു പ്രാപ്തിയുണ്ടാകണമേ എന്നപേക്ഷിക്കണം. പിതാവിന്റെ ഹിതം നിർവ്വഹിക്കുന്നതിനും അതു പരിപൂർണ്ണമായി നടപ്പാക്കുന്നതിനും വേണ്ടിയാണല്ലോ ക്രിസ്തു ഭൂമിയിൽ ആഗതനായത്. ക്രിസ്തുവിനോടു യോജിച്ച് നമുക്ക് അവിടുത്തോടൊപ്പം ഒരൊററ ആത്മാവായിത്തീരാം (1 കൊറി. 6:17). അപ്പോൾ ദൈവഹിതം നിർവ്വഹിക്കാൻ നാം പ്രാപ്തരായിത്തീരും. അപ്പോൾ ദൈവതിരുമനസ് 'ആകാശത്തിലെപ്പോലെ ഭൂമിയിലും' ആയിത്തീരും. 'കർത്താവുമായി സംയോജിക്കുന്നവൻ അവിടുത്തോട് ഏകാത്മാവായിത്തീരുന്നു' എന്നാണല്ലോ വി. പൗലോസ് രേഖപ്പെടുത്തിയിട്ടുള്ളത്. മുകളിൽപറഞ്ഞ അർത്ഥവ്യാഖ്യാനം, ശ്രദ്ധാപൂർവ്വം പരിഗണിച്ചാൽ, നിസ്സാരമായി തള്ളിക്കളയാവുന്ന ഒന്നല്ല എന്നുതന്നെയാണ് എനിക്കു തോന്നുന്നത്.

4. ഈ വ്യാഖ്യാനത്തെ എതിർക്കുന്നയാളുകൾ വി. മത്തായിയുടെ സുവിശേഷത്തിന്റെ അവസാനഭാഗത്തുകൊടുത്തിട്ടുള്ള നമ്മുടെ കർത്താവിന്റെ വാക്കുകൾ അവരുടെ നിലപാടിന് ഉപോദ്ബലകമായി ഉദ്ധരിച്ചെന്നുവരാം. തന്റെ പുനരുത്ഥാനത്തിനു ശേഷം നമ്മുടെ കർത്താവ തന്റെ പതിനൊന്നു ശിഷ്യന്മാരോട് ഇങ്ങനെ പ്രഖ്യാപിക്കുന്നു: ''സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു'' (28:18). സ്വർഗ്ഗത്തിലുള്ളവരുടെ മേൽ തനിക്കധികാരമുണ്ട്; ഭൂമിയിലുള്ളവരുടെമേലും തനിക്ക് അധികാരം നൽകപ്പെട്ടിരിക്കുന്നു എന്ന് അവിടുന്നു പ്രഖ്യാപിക്കുകയാണ്. സ്വർഗ്ഗവാസികൾ ആദ്യമായി 'വചന'ത്താൽ പ്രകാശിതരായി. ലോകാവസാനത്തിൽ, ഭൂമിയിലുള്ളവരും അവരുടെ മുറയനുസരിച്ച്, ദൈവപുത്രനു നൽകപ്പെട്ട ശക്തിമൂലം സ്വർഗ്ഗ

www.malankaralibrary.com



വാസികളെ അനുകരിക്കും; ആ സ്വർഗ്ഗവാസികളുടെമേൽ നമ്മുടെ രക്ഷകന് അധികാരമുണ്ട്. അവർ പരിപൂർണ്ണതയോടു കൂടി സ്വർഗ്ഗത്തിൽ വസിക്കുന്നു. ശിഷ്യന്മാരെ അവരുടെ പ്രാർത്ഥനവഴി പിതാവിനു വേണ്ടി തന്നോടൊപ്പം പ്രവർത്തിക്കുന്നവരാക്കുവാൻ നമ്മുടെ കർത്താവു ആഗ്രഹിച്ചിരുന്നുവെന്നാണ് ഇവിടെ വ്യക്തമാകുന്നത്. അതിന്റെ ഫലമായി, സ്വർഗ്ഗവാസികൾ വചനത്തിനും സത്യത്തിനും അധീനരായിരിക്കുന്നതുപോലെ സ്വർഗ്ഗത്തിലും ഭൂമിയിലും തനിക്കു നൽകപ്പെട്ടിരിക്കുന്ന അധികാരത്താൽ ഭൂമിയിലുള്ളവരെയും നേരെയാക്കുന്നതിനും അവരെ അവർക്കായി പ്രതീക്ഷിക്കപ്പെടുന്ന ശുഭാന്ത്യത്തിലേയ്ക്കാനയിക്കുന്നതിനു അവിടുന്ന് ആഗ്രഹിക്കുന്നു.

സ്വർഗ്ഗം രക്ഷകനാണ്, ഭൂമി സഭയാണ്; എല്ലാസൃഷ്ടികളുടെയും ആദ്യജാതനായി (കൊളോ. 1: 15) ഒരു സിംഹാസനമെന്നപോലെ പിതാവ് വിശ്രമിക്കുന്നത് സ്വർഗ്ഗമാണ്. ആ പുത്രൻ വളരെ അടുത്ത ഐക്യത്തിൽ മനുഷ്യനെ ധരിച്ചു; അതിലവൻ സ്വയം വിനീതനാക്കി; മരണം വരെ അനുസരണമുള്ളവനായി (ഫിലി. 2: 8). അവിടുന്ന് തന്റെ ഉത്ഥാനാനന്തരം അരുൾചെയ്തു: 'സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു' (മത്താ. 28: 18). ഏകജാതനായ നമ്മുടെ കർത്താവിൽ ഉൾക്കൊണ്ടിരുന്ന മനുഷ്യൻ സ്വർഗ്ഗവാസികളുടെമേൽ അധികാരിയായി. ഏകജാതൻ തന്റെ അധികാരം മനുഷ്യനുമായി പങ്കു വച്ചു; അതിനെ ദൈവത്വവുമായി ഐക്യപ്പെടുത്തി; അതുമായി ഒന്നാക്കിത്തീർത്തു.

5. 'സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണം' എന്ന പ്രാർത്ഥനാഭാഗത്തിന് മുൻപറഞ്ഞ അർത്ഥവിശദീകരണം ഉന്നയിക്കുമ്പോൾ ഒരു സംശയം അവശേഷിക്കും. അതിതാണ്. ആകാശത്തിലെ ദുഷ്ടാരൂപികൾ ഭൂമിയിലെ നൻമയുടെ ശക്തികളുമായി ഏററുമുട്ടുമല്ലോ. അപ്പോൾ ദൈവഹിതം എങ്ങനെ നടപ്പാകും? ഈ സംശയത്തിന' സമാധാനം പറയാം.

ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നവർക്കും 'സ്വർഗ്ഗത്തിൽ പൗരത്വം ഉണ്ട്.' അവർ സ്വർഗ്ഗത്തിൽ നിക്ഷേപങ്ങൾ കരുതിവയ്ക്കുന്നും ഉണ്ട്. ഇത് അവർ സ്വർഗ്ഗത്തിൽ വസിക്കുന്നതുകൊണ്ടല്ല; അവരുടെ മനോഭാവം കാരണമായിട്ടാണ്. ഹൃദയം സ്വർഗ്ഗത്തിലുറപ്പിക്കുകയും സ്വർഗ്ഗീയന്റെ മുദ്ര ധരിക്കുകയും ചെയ്യുന്ന ഒരുവൻ ഈ ഭൂമിയുടെയോ അധോലോകത്തിന്റെയോ അംഗമല്ല; ഈ ലോകത്തെക്കാൾ ശ്രേഷ്ഠമായ സ്വർഗ്ഗലോകത്തിന്റെ അംഗമാണ്. അതുപോലെ തന്നെ ആകാശത്തിൽ കുടിക്കൊള്ളുന്നവരായ ദുഷ്ടാരൂപികളുടെ പൗരത്വം ഈ ഭൂമിയിലാകുന്നു. അവർ മനുഷ്യർക്കെതിരായി ഗൂഢാലോചനകൾ നടത്തുകയും അവരോടു മൽസരത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. അവർ ഭൂമിയിൽ നിക്ഷേപങ്ങൾ ശേഖരിക്കുകയും ഭൗമികന്റെ മുദ്ര ധരിക്കുകയും ചെയ്യുന്നു.



(1 കൊറി. 15: 49). മാലാഖമാരുടെ സന്തോഷമായി ദൈവത്തിന്റെ സൃഷ്ടികളിൽ ആദ്യത്തേതായിരുന്ന അവൻ (ജോബ് 40: 19). അവരുടെ മനോഭാവം ചീത്തയായതു കാരണം അവർ സ്വർഗ്ഗത്തിലെ പൗരൻമാരല്ല; അവരുടെ യഥാർത്ഥ വാസം സ്വർഗ്ഗത്തിലുമല്ല. അതിനാൽ, 'അങ്ങേ തിരുമനസ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണം' എന്നൊരാൾ പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗത്തിലുള്ളവരെക്കുറിച്ചു നാം ചിന്തിക്കേണ്ട കാര്യമില്ല; അവരുടെ അഹങ്കാരം കാരണമായി അവർ 'സ്വർഗ്ഗത്തിൽനിന്ന് ഇടിമിന്നൽ പോലെ നിപതിച്ച'വന്റെ കൂടെ നിപതിച്ചു എന്ന കാര്യമാണ് നാം ഓർക്കേണ്ടത് (ലൂ. 10: 18).

6. പിതാവിന്റെ ഹിതം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും നിറവേറണം എന്നു പ്രാർത്ഥിക്കാൻ നമ്മുടെ രക്ഷകൻ നമ്മോടാവശ്യപ്പെട്ടപ്പോൾ, ശാരീരികമായി ഭൂമിയിലുള്ളവരെല്ലാം സ്വർഗ്ഗത്തിലുള്ളവരെപ്പോലെയാകാൻ പ്രാർത്ഥിക്കണമെന്നായിരിക്കുകയില്ല അവിടുന്ന് ആവശ്യപ്പെടുന്നത്; പിന്നെയോ, ഈ ലോകത്തിലെ ജീവികളെല്ലാം, അതായത്, ഭൗമിക താല്പര്യങ്ങളിൽപ്പെട്ടു താഴ്ന്ന തലത്തിൽ ജീവിക്കുന്നവർ സ്വർഗ്ഗീയമായ ചൈതന്യമുള്ളവർക്കൊപ്പമായിത്തീരണം—അതായത് സ്വർഗ്ഗത്തിൽ പൗരത്വമുള്ളവരായിത്തീരണം— എന്നുള്ള ആവശ്യത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്നാണ്. കാരണം, പാപി എവിടെയാണെങ്കിലും അവൻ ഭൂമിയാകുന്നു (ഉല്പ. 3: 19). അവൻ പശ്ചാത്തപിക്കുന്നില്ലെങ്കിൽ അവനു ബന്ധമുള്ളതിലേയ്ക്കു കടന്നുപോകും. എന്നാൽ ദൈവഹിതം നിർവ്വഹിക്കുന്നവൻ, അവിടുത്തെ രക്ഷാകരവും ആദ്ധ്യാത്മികവുമായ നിയമങ്ങളെ ധിക്കരിക്കാത്തവൻ, സ്വർഗ്ഗം തന്നെയാകുന്നു.

അതിനാൽ നാം ഇപ്പോഴും പാപം കാരണമായി ഭൂമിയായിത്തന്നെ കഴിയുകയാണെങ്കിൽ, നമ്മെ തിരുത്തുന്നതിനുവേണ്ടി ദൈവതിരുമനസ് നമ്മെ വലയം ചെയ്യട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം. നമുക്കു മുമ്പു സ്വർഗ്ഗമായിത്തീർന്നവരെല്ലാം അങ്ങനെയാണല്ലോ ആ അവസ്ഥയിൽ എത്തിയത്. ഇനി ദൈവദൃഷ്ടിയിൽ നാം ഭൂമിക്കു സദൃശ്യരല്ല: സ്വർഗ്ഗത്തിനു സദൃശ്യർ തന്നെയാണ് എന്നു വയ്ക്കുക.' അപ്പോൾ നാം പ്രാർത്ഥിക്കേണ്ടതെങ്ങനെയാണ്? ഭൂമിയിലും അതായത് താഴ്ന്നതരത്തിൽ ജീവിക്കുന്നവരുടെയിടയിലും സ്വർഗ്ഗത്തിലെന്നപോലെ ദൈവഹിതം നടപ്പാകണമെന്ന്. അപ്പോൾ ഭൂമിയും സ്വർഗ്ഗമായിത്തീരും അങ്ങനെ, ഒരിക്കൽ ഭൂമിയില്ലാതെ സ്വർഗ്ഗം മാത്രമുള്ള ഒരവസ്ഥ വരും.

അതിനാൽ, 'അങ്ങയുടെ തിരുമനസ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണം' എന്നതിന് മുകളിൽ കൊടുത്തിട്ടുള്ള വ്യാഖ്യാനം സ്വീകരിക്കുകയാണെങ്കിൽ ഭൂമി പിന്നെ ഭൂമി ആയിരിക്കുകയില്ല. കുറെക്കൂടെ സ്പഷ്ടമായിട്ടുള്ള ഒരുദാഹരണം ഞാനിവിടെ ഉപയോഗിക്കാം: ആത്മനിയന്ത്രണമില്ലാത്തവരിൽ നിയന്ത്രണമുള്ളവരിൽ എന്നപോലെ

www.malankaralibrary.com



ദൈവഹിതം പ്രയുക്തമാവുകയാണെങ്കിൽ ആത്മനിയന്ത്രണമില്ലാത്തവർ അതുള്ളവരായിത്തീരും. അതുപോലെ അനീതിമാന്മാർ നീതിമാന്മാരായിത്തീരും. അതുപോലെതന്നെ 'ദൈവഹിതം സ്വർഗ്ഗത്തിലെന്നപോലെ തന്നെ ഭൂമിയിലും നിർവ്വഹിക്കപ്പെടുകയാണെങ്കിൽ' നാമെല്ലാം സ്വർഗ്ഗമായിത്തീരും. ഒരു നേട്ടത്തിനും ഉതകാത്ത ജഡവും അതിനോടു ബന്ധപ്പെട്ടതായ രക്തവും സ്വർഗ്ഗരാജ്യം സ്വന്തമാക്കാൻ പ്രാപ്തിയുള്ളവയല്ല. എന്നാൽ മാംസവും രക്തവും ധൂളിയും ഭൂമിയും എന്ന അവസ്ഥയിൽ നിന്ന് സ്വർഗ്ഗീയപദാർത്ഥങ്ങളായി പരിവർത്തിക്കപ്പെടുകയാണെങ്കിൽ അവയ്ക്ക് സ്വർഗ്ഗത്തെ അവകാശമാക്കുവാൻ കഴിയും.

## അധ്യായം 27

### ഞങ്ങൾക്കാവശ്യമായ അപ്പം ഇന്നു ഞങ്ങൾക്കു നൽകണമേ

ഈ പ്രാർത്ഥനാഭാഗം വി. ലൂക്കോസ് രേഖപ്പെടുത്തുന്നത് ഇങ്ങനെയാണ്: 'അന്നന്നു വേണ്ട അപ്പം ഓരോ ദിവസവും ഞങ്ങൾക്കു നൽകണമേ (11:3) ഭൗതികമായ ഭക്ഷണത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്നാണ് ഈ ഭാഗംകൊണ്ടു നമ്മുടെ കർത്താവ് ആവശ്യപ്പെടുന്നതെന്നു ചിലർ കരുതുന്നു. അതിനാൽ അവരുടെ അബദ്ധത്തെ ഖണ്ഡിക്കേണ്ടത് ഇവിടെ ആവശ്യമായിരിക്കുന്നു. അന്നന്നു വേണ്ട ആഹാരമെന്നാൽ എന്താണെന്നു വ്യക്തമാക്കുകയും വേണമല്ലോ. അപ്പം എന്നത് ഭൗതികാർത്ഥത്തിൽ എടുക്കുന്നവരോട് ഒരു കാര്യം ചോദിക്കാനുണ്ട്. മഹത്തും സ്വർഗീയവുമായ അനുഗ്രഹങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാനാണല്ലോ രക്ഷകൻ നമ്മോട് ആവശ്യപ്പെട്ടിട്ടുള്ളത്. അങ്ങനെയുള്ള അവിടുന്ന് നിസ്സാരവും ഭൗമികവുമായവയ്ക്കുവേണ്ടി പ്രാർത്ഥിക്കാൻ നമ്മോടാവശ്യപ്പെടുമോ? നേരത്തെ നൽകിയ നിർദേശം അവിടുന്നു മറന്നുപോയോ? (അവരുടെ വാദത്തിൽ നിന്ന് അങ്ങനെ തോന്നുമല്ലോ). നമ്മുടെ ശരീരത്തിനു നൽകപ്പെടുന്ന അപ്പം സ്വർഗീയമായ അപ്പമല്ല; അതിനുവേണ്ടിയുള്ള അഭ്യർത്ഥന മഹത്തായ ഒരഭ്യർത്ഥനയുമല്ല.

### യഥാർത്ഥ അപ്പം

2. അപ്പത്തെക്കുറിച്ച് നമ്മെ പഠിപ്പിക്കുന്ന ദിവ്യഗുരുവിന്റെ ആശയങ്ങളെ പിൻചെന്നുകൊണ്ട് ഈ വിഷയത്തെക്കുറിച്ച് അല്പം ദീർഘമായി നമുക്ക് ചർച്ചചെയ്യാം.

യോഹന്നാന്റെ സുവിശേഷത്തിൽ തന്നെ അന്വേഷിച്ച കഫർനാമിൽ എത്തിയ ജനങ്ങളോടു നമ്മുടെ കർത്താവു പറയുന്നു: 'സത്യം സത്യമായി



ഞാൻ നിങ്ങളോടു പറയുന്നു, അടയാളങ്ങൾ കണ്ടതുകൊണ്ടല്ല. അപ്പം ഭക്ഷിച്ച തൃപ്തരായതുകൊണ്ടുമാത്രമാണ് നിങ്ങൾ എന്നെ അന്വേഷിക്കുന്നത്'' (6:26). യേശു ആശീർവ്വദിച്ച അപ്പം ഭക്ഷിച്ച തൃപ്തരായവർ ദൈവപുത്രനെ കൂടുതൽ പൂർണ്ണമായി മനസിലാക്കാൻ ആഗ്രഹിക്കുകയും തന്റെ പക്കലേയ്ക്കു തിടുക്കപ്പെട്ടു ചെല്ലുകയും ചെയ്യുന്നു. അതുകൊണ്ട് അവിടുന്ന് ആദരണീയമായ ഈ കല്പന അവർക്കു നൽകി: 'നശ്വരമായ അപ്പത്തിനുവേണ്ടി പ്രയത്നിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി പ്രയത്നിക്കുവിൻ' (6:27). ഇതു കേട്ടു നിന്നവർ അവിടുത്തോടു ചോദിച്ചു: 'ദൈവഹിതമനുസരിച്ചു പ്രവർത്തിക്കുന്നവരാകാൻ ഞങ്ങൾ എന്തു ചെയ്യണം'? യേശു മറുപടി പറഞ്ഞു; ഇതാണ ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി—അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക' (6:28f). 'ദൈവം തന്റെ 'വചന'ത്തെ അയയ്ക്കുകയും രോഗികളെ സ്വസ്ഥരാക്കുകയും ചെയ്തു', എന്ന് സങ്കീർത്തനങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു (107:20). 'വചന'ത്തിൽ വിശ്വസിക്കുന്നവർ ദൈവത്തിന്റെ ജോലികൾ ചെയ്യുന്നു. അവയാണ് നിത്യജീവന്റെ അനശ്വരമായ അപ്പം.

നമ്മുടെ കർത്താവു പറയുന്നു: 'എന്റെ പിതാവാണു സ്വർഗത്തിൽ നിന്നു നിങ്ങൾക്കു യഥാർത്ഥമായ അപ്പം തരുന്നത്. ദൈവത്തിന്റെ അപ്പം സ്വർഗത്തിൽനിന്നിറങ്ങി വന്ന് ലോകത്തിനു ജീവൻ നൽകുന്നതത്രേ' (6;32f). യഥാർത്ഥഭക്ഷണം യഥാർത്ഥമനുഷ്യന്, ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് പോഷണം നൽകുന്നതാകുന്നു. ആത്മാവിനെ സംബന്ധിച്ചേടത്തോളം വചനത്തേക്കാൾ പോഷകമായി മറ്റെന്താണുള്ളത്? ആ ഭക്ഷണം കഴിക്കുന്നവൻ തന്നെ സൃഷ്ടിച്ചവന്റെ ഛായയിൽ ആയിത്തീരുന്നു. അതു മനസ്സിലാക്കാൻ കഴിയുന്നവന് ദൈവത്തിന്റെ ജ്ഞാനത്തെക്കാൾ വിലപ്പെട്ടതായി എന്താണുള്ളത് ? യുക്തിബോധമുള്ള സ്വഭാവത്തിന് സത്യത്തെക്കാൾ കൂടുതൽ യോജിക്കുന്നതായി എന്താണുള്ളത് ?

3. ചിലർ ഇവിടെ മറ്റൊരു വാദമുഖം ഉന്നയിച്ചേക്കാം: 'മറ്റൊരു തരം ഭക്ഷണമാണു വിവക്ഷിതമെങ്കിൽ 'അന്നന്നു വേണ്ട ആഹാര'ത്തിനുവേണ്ടി പ്രാർത്ഥിക്കാൻ നമ്മുടെ കർത്താവ് ആവശ്യപ്പെടുകയില്ലായിരുന്നു. ഇങ്ങനെ പറയുന്നവരോട് എനിക്കു പറയാനുള്ള മറുപടി ഇതാണ്: വി. യോഹന്നാന്റെ സുവിശേഷത്തിൽ നമ്മുടെ കർത്താവ് അപ്പം എന്ന വാക്ക് ചിലപ്പോൾ തന്നെ സൂചിപ്പിക്കാനും ചിലപ്പോൾ മററ് ആശയങ്ങൾ സൂചിപ്പിക്കാനും ഉപയോഗിച്ചിട്ടുണ്ട്. ആദ്യത്തെതിനുദാഹരണം: ''മോശ നിങ്ങൾക്കു സ്വർഗത്തിൽനിന്നുള്ള അപ്പം തന്നു. എന്നാൽ അത് യഥാർത്ഥമായ അപ്പമല്ല. എന്നാൽ എന്റെ പിതാവ് സ്വർഗ്ഗത്തിൽനിന്നു നിങ്ങൾക്ക് യഥാർത്ഥമായ അപ്പം തരുന്നു'' (6:32). ''ഈ അപ്പം എപ്പോഴും ഞങ്ങൾക്കു തരുക'' എന്നാവശ്യപ്പെട്ടവരോട് തന്നെക്കുറിച്ചുതന്നെ അവിടുന്നു പറയുന്നു: 'ഞാനാകുന്നു ജീവന്റെ അപ്പം, എന്റെ അടുക്കൽ വരുന്നവന് ഒരിക്കലും

www.malankaralibrary.com



വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയില്ല." "സ്വർത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേയ്ക്കും ജീവിക്കും. ലോകത്തിൻെറ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എൻെറ ശരീരമാകുന്നു" (6:34f.51).

4. സകലവിധത്തിലുമുള്ള പോഷണങ്ങളെ 'അപ്പം' എന്നാണു വി. ലിഖിതത്തിൽ പരാമർശിക്കുന്നത്. മോശയെപ്പററി എഴുതപ്പെട്ടിരിക്കുന്നതിൽനിന്ന് ഇക്കാര്യം വ്യക്തമാകുന്നുണ്ട്. അദ്ദേഹം നാല്പതു ദിവസം അപ്പം ഭക്ഷിക്കുകയോ വെള്ളം കുടിക്കുകയോ ചെയ്തില്ല എന്നാണ് എഴുതപ്പെട്ടിരിക്കുന്നത് (ആവ.9:9). നമ്മുടെ ആത്മാവിനു പോഷണം നൽകുന്ന വചനം പല വിധത്തിലുള്ളതാകുന്നു. എന്തെന്നാൽ ദൈവിക അദ്ധ്യാപനത്തിൻെറ കടുപ്പമുള്ള ഭക്ഷണം കഴിക്കാനുള്ള കഴിവ് എല്ലാവർക്കുമില്ല. അതിനാൽ കൂടുതൽ പൂർണ്ണതയുള്ളവർക്ക് യുക്തമായ ഒരഭ്യാസിയുടെ ഭക്ഷണം നൽകാനാഗ്രഹിച്ചുകൊണ്ട് നമ്മുടെ കർത്താവു പറയുന്നു: "ലോകത്തിൻെറ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എൻെറ ശരീരമാകുന്നു" (6:52). അല്പം കഴിഞ്ഞ്, 'എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവൻ ഉണ്ട്. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും. എന്തെന്നാൽ എൻെറ ശരീരം യഥാർത്ഥ ഭക്ഷണമാകുന്നു. എൻെറ രക്തം യഥാർത്ഥ പാനീയവുമാകുന്നു. എൻെറ ശരീരം ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിൽ വസിക്കുന്നു. ഞാൻ അവനിലും. ജീവിക്കുന്നവനായ പിതാവ് എന്നെ അയച്ചതുപോലെയും ഞാൻ പിതാവുമൂലം ജീവിക്കുന്നതുപോലെയും എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും" (6:54—57). ഇതാണു യഥാർത്ഥ ഭക്ഷണം — ക്രിസ്തുവിൻെറ മാംസം. വചനമായിരുന്നിട്ട് അതു പിന്നീട് മാംസമായിത്തീർന്നു. ഇപ്രകാരം എഴുതപ്പെട്ടിട്ടുണ്ടല്ലോ: "വചനം മാംസമായി". നാം അവിടുത്തെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുമ്പോൾ അവിടുന്നു നമ്മിൽ വസിക്കുന്നു. അവിടുന്നു വിതരണം ചെയ്യുമ്പോൾ താഴെപ്പറയുന്ന തിരുവെഴുത്തു പൂർത്തീകരിക്കപ്പെടുന്നു: "അവിടുത്തെ മഹത്വം നമ്മൾ ദർശിച്ചു. ഇതു സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പമാകുന്നു. പിതാക്കന്മാർ മന്നാ ഭക്ഷിച്ചു; എങ്കിലും മരിച്ചു. അതുപോലയല്ല ഈ അപ്പം. ഇതു ഭക്ഷിക്കുന്നവൻ എന്നേയ്ക്കും ജീവിക്കും" (1:14;6:59).

5. വി. പൗലോസ് കൊരിന്ത്യർക്കുള്ള ഒന്നാം ലേഖനത്തിൽ ഇങ്ങനെ എഴുതുന്നു: "എനിക്ക് നിങ്ങളോട് ആധ്യാത്മിക മനുഷ്യരോട് എന്ന വിധം സംസാരിക്കുവാൻ സാധിച്ചില്ല. ലൗകികമനുഷ്യരോട് എന്നതുപോലെയും ക്രിസ്തുവിനെക്കുറിച്ചുള്ള അറിവിൻെറ കാര്യത്തിൽ ശിശുക്കളോട് എന്നതുപോലെയുമാണ് നിങ്ങളോടു ഞാൻ സംസാരിച്ചത്. ഗുരുഭക്ഷണം കഴിക്കുവാൻ ശക്തരല്ലാതിരുന്നതിനാൽ നിങ്ങൾക്കു ഞാൻ പാൽ തന്നു. ഇപ്പോഴും നിങ്ങൾ ആ അവസ്ഥയിലാണ്. എന്തെന്നാൽ നിങ്ങൾ ഇപ്പോഴും ലൗകികമനുഷ്യർ തന്നെ" (3:11f).



ഹെബ്രായർക്കുള്ള ലേഖനത്തിൽ അദ്ദേഹം രേഖപ്പെടുത്തുന്നു: "നിങ്ങൾക്കു പാലാണ് ആവശ്യം. കട്ടിയുള്ള ഭക്ഷണമല്ല. പാലുകുടിച്ചു ജീവിക്കുന്നവൻ ശിശുവായതുകൊണ്ട് നീതിയുടെ വചനത്തിൽ അശിക്ഷിതനാകുന്നു. പ്രായപൂർത്തിയായവർക്കാണു ഖരഭക്ഷണം. നന്മയും തിന്മയും വിവേചിച്ചറിയുന്നതിൽ സുശിക്ഷിതമായ കഴിവുകൾ അവർക്കുണ്ട് (5: 12—14).

"എന്തും ഭക്ഷിക്കാമെന്ന് ഒരാൾ കരുതുന്നു. ദുർബലനോ സസ്യഭുക്കാണ് എന്നുള്ള വി. അപ്പസ്തോലൻെറ വാക്കുകൾ (റോമ. 14:2) പ്രധാനമായും ശാരീരികഭക്ഷണത്തെക്കുറിച്ചല്ല ആത്മാവിനു പോഷണം നൽകുന്ന ദൈവത്തിൻെറ വചനങ്ങളെക്കുറിച്ചാണ് എഴുതപ്പെട്ടിട്ടുള്ളത് എന്നു ഞാൻ കരുതുന്നു. യഥാർത്ഥ വിശ്വാസിക്ക്, യഥാർത്ഥമായ പൂർണ്ണത നേടിയവന്, എന്തും ഭക്ഷിക്കാം. "എനിക്ക് എന്തും ഭക്ഷിക്കാമെന്ന് ഒരാൾ കരുതുന്നു' എന്ന വാക്യത്തിൻെറ അർത്ഥമതാണ്. എന്നാൽ ദുർബലനും അപൂർണ്ണനുമായിട്ടുള്ളവൻ വളരെ ലളിതമായ പഠനങ്ങൾകൊണ്ടു തൃപ്തിപ്പെടുന്നു. അവനെ ഉന്മേഷപൂർണ്ണനാക്കാൻ ആ പഠനങ്ങൾ പര്യാപ്തങ്ങളാകുന്നില്ല. 'ദുർബലൻ സസ്യഭുക്കാകുന്നു' എന്നു പറയുമ്പോൾ വി. പൗലോസിൻെറ മനസ്സിലുള്ളത് ഇതാണ്.

6. സോളമൻ തൻെറ 'സുഭാഷിതങ്ങളിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "സ്നേഹപൂർവ്വം നൽകപ്പെടുന്ന സസ്യഭോജനം വെറുപ്പോടുകൂടി നൽകപ്പെടുന്ന നല്ല മാംസഭോജനത്തെക്കാൾ മെച്ചമാണ്" (15:17). ഇതിൻെറ അർത്ഥം ഞാനിങ്ങനെ മനസ്സിലാക്കുന്നു: തെററായ സിദ്ധാന്തങ്ങളൊന്നും വച്ചുപുലർത്താത്ത ഒരാൾ ഉണ്ടെന്നു കരുതുക. അയാൾക്ക് തൻെറ ബുദ്ധിയുടെ പരിമിതികൾ കാരണം ആദ്ധ്യാത്മികമായ ഉന്നതതത്വങ്ങൾ പലതും ശരിക്കു ഗ്രഹിക്കാൻ കഴിഞ്ഞില്ലെന്നുവരാം. എന്നാൽ വേറൊരു കൂട്ടരുണ്ട്. അവർ കൂടുതൽ സമർത്ഥരും ഗ്രഹണശക്തിയുള്ളവരുമായിരിക്കും. തത്വങ്ങൾ അനായാസമായി ഗ്രഹിക്കാൻ അവർക്കു കഴിയും. എന്നാൽ പ്രപഞ്ചത്തിലെ ഐക്യത്തിൻെറയും സമാധാനത്തിൻെറയും സംവിധാനം അവർ വേണ്ടവിധം ധരിക്കാൻ തയാറാകുന്നില്ല. ഈ രണ്ടുകൂട്ടരിൽ ആദ്യത്തെയാളാണ് ആദ്ധ്യാത്മികവീക്ഷണത്തിൽ മെച്ചമായ ഒരവസ്ഥയിൽ നിലകൊള്ളുന്നത്.

ചില സുഹൃത്തുക്കളുണ്ട്. അവർ വളരെ സ്നേഹാദരപൂർവ്വം നമ്മെ സ്വീകരിക്കുകയും സത്ക്കരിക്കുകയും ചെയ്യുന്നു. അവരുടെ സ്വീകരണസത്ക്കാരങ്ങളുടെ വിഭവങ്ങൾ വളരെ പരിമിതമാണെങ്കിലും അതു വളരെ ഹൃദ്യമായി നമുക്കനുഭവപ്പെടുന്നു. ആദ്ധ്യാത്മികമായ വിജ്ഞാന സത്ക്കാരത്തിൻെറ കാര്യവും ഇതുപോലെ തന്നെയാണ്. ചിലരുടെ അദ്ധ്യാ

www.malankaralibrary.com



പനം വിജ്ഞാനപരമായ ഗരിമയുള്ളതായിരിക്കും. പക്ഷെ ദൈവബോധത്തിനു വിരുദ്ധമായിരിക്കും അതിന്റെ നിലപാട്. നമുക്കു നിയമത്തെയും പ്രവാചകൻമാരെയും നൽകിയ ദൈവപിതാവിന്റെ അദ്ധ്യാപനത്തിനു വിപരീതമായ ആശയങ്ങളായിരിക്കും അവർ ഉദ്ബോധിപ്പിക്കുന്നത്. അവരുടെ ഉദ്ബോധനം നമുക്കു പഥ്യമല്ല.

നമ്മുടെ ആത്മാവു പോഷണക്കുറവുമൂലം രോഗാതുരമായിത്തീരാതിരിക്കുക എന്നതാണല്ലോ നമ്മുടെ ആവശ്യം. കർത്താവിന്റെ വചനത്തിനുവേണ്ടിയുള്ള വിശപ്പു ശമിപ്പിക്കാൻ കഴിയാതെ ആത്മാവു ദൈവത്തിനു മൃതിയടയാതെ നോക്കുകയും വേണം. അതിനു നാം എന്താണു ചെയ്യേണ്ടത്? നമ്മുടെ രക്ഷകന്റെ അദ്ധ്യാപനങ്ങൾ അനുസരിച്ച് കൂടുതൽ മെച്ചപ്പെട്ട ഒരു ജീവിതം നയിക്കണം. കൂടുതൽ ശക്തിയുള്ള വിശ്വാസത്തോടുകൂടി ജീവനുള്ള അപ്പത്തിനുവേണ്ടി— അനുദിനഭോജനത്തിനുവേണ്ടി—പിതാവായ ദൈവത്തോടു പ്രാർത്ഥിക്കുകയും വേണം.

## അനുദിനഭോജനം

7. 'അന്നന്നത്തെ' എന്ന വാക്കിന്റെ അർത്ഥം പരിശോധിക്കാം, അതിന്റെ ഗ്രീക്കുപദം—എപ്പിയുസിയോസ്—ഗ്രീക്കുകാർ ഉപയോഗിച്ചിട്ടില്ല: പണ്ഡിതൻമാരോ സാധാരണക്കാരോ പ്രയോഗിച്ചിട്ടില്ലാത്ത ഒരു പദമാണിതെന്നത് ശ്രദ്ധേയമാണ്: സുവിശേഷകൻമാർ സ്വന്തമായുണ്ടാക്കിയ ഒരു പദമാണിത്.[29] മത്തായിയും ലൂക്കോസും ഇത് ഒരേ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, മററ് ചില വാക്കുകളെ സംബന്ധിച്ചും ഗ്രീക്ക വേദപുസ്തകവിവർത്തകൻമാർ ഈ രീതി അനുവർത്തിച്ചിട്ടുണ്ട്. നിന്റെ ചെവികളിൽ സ്വീകരിക്കുക', 'കേൾക്കാൻ ശ്രദ്ധിക്കുക' എന്നർത്ഥം വരുന്നതിന് 'എനോതിസ്'' എന്നോ 'അകുതിസ് തെതി' എന്നോ ഏതു ഗ്രീക്കുകാരനാണു പ്രയോഗിച്ചിട്ടുള്ളത്?[30] 'എപിയുസിയോസു' എന്നതിനു തുല്യമായ ഒരുപദം മോശയുടെ പുസ്തകത്തിൽ കാണാം. ദൈവം പറയുന്നതായിട്ടാണ് അവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. നിങ്ങൾ

29. epiousios: വളരെ അപൂർവമായി മാത്രമേ ഈ പദം ഗ്രീക്ക് സാഹിത്യകാരൻമാർ ഉപയോഗിച്ചിട്ടുള്ളു. മത്താ. 6:11; ലൂ. 11:3—ൽ ഇതു കാണാം. (അനുദിനം—daily) എന്നർത്ഥം. സഭാപിതാക്കൻമാരുടെ കൃതികളിൽ ഈ പദം സർവസാധാരണമാണ്.

30. ഈ രണ്ടു ഗ്രീക്കുപദങ്ങളും വളരെ അപൂർവമായി മാത്രമേ ഗ്രീക്കുകാർ ഉപയോഗിച്ചിട്ടുള്ളു. എന്നാൽ വി. ഗ്രന്ഥത്തിൽ ഇവ ഉപയോഗിച്ചിട്ടുണ്ട് (ഉല്പ. 4:23, സങ്കീ. 5:2; ജോബ് 33:1; സങ്കീ. 50:10; സുഭാ. 45:5).



എനിക്ക് ഒരു 'പെരിയുസിയോസ്'' ജനമായിരിക്കും (പുറ. 19:5). രണ്ടു പദങ്ങളും 'ഉസിയ'[31] എന്ന പദത്തിൽനിന്നുണ്ടായിട്ടുള്ളവയാണ് എന്നു ഞാൻ കരുതുന്നു. ഒന്ന് നമ്മുടെ ഉസിയായുമായി ഐക്യപ്പെടുന്ന അപ്പത്തെ സൂചിപ്പിക്കുന്നു. രണ്ടാമത്തേത് ദൈവത്തിന്റെ ഉസിയായുമായി വസിക്കുകയും അതിൽ ഭാഗഭാക്കാകുകയും ചെയ്യുന്ന ജനത്തെ വിവരിക്കുന്നു.

8. ശരിയായി മനസ്സിലാക്കിയാൽ 'ഉസിയാ' അശരീരമാണ് എന്നത്രേ പണ്ഡിതമതം: ഏററം ശ്രേഷ്ഠമായ യാഥാർത്ഥ്യം അശരീരമാണെന്നാണ് അവരുടെ പ്രബോധനം. കൂടുകയോ കുറയുകയോ ചെയ്യാതെ മാററമില്ലാത്ത പ്രകൃതമാണവയ്ക്കുള്ളത്. കൂട്ടിച്ചേർക്കലും ശോഷിക്കലും ശാരീരികപദാർത്ഥങ്ങളുടെ പ്രകൃതമാണ്. അവ വ്യതിയാനവിധേയമാകയാൽ അവയെ നിലനിർത്താനും പോഷിപ്പിക്കാനും അവയ്ക്കെന്തെങ്കിലും ആവശ്യമാണ്. നിശ്ചിതസമയത്തിനുള്ളിൽ അവയ്ക്കു നഷ്ടമാകുന്നതിലും കൂടുതൽ സ്വന്തമാക്കുന്നെങ്കിൽ അവ വളരുന്നു; കുറവാണെങ്കിൽ ശോഷിക്കുന്നു. പുറത്തുനിന്നൊന്നും സ്വീകരിക്കാത്ത സ്ഥിതിവിശേഷവും അവയ്ക്കുണ്ടാകാം; അപ്പോൾ അവ ശോഷിച്ചുവരുന്നു.

അശാരീരിക യാഥാർത്ഥ്യം രണ്ടാംതരമാണ്; ശാരീരിക യാഥാർത്ഥ്യമാണ് ഒന്നാംതരം എന്നു വിശ്വസിക്കുന്നവർക്കുവേണ്ടി ഉസിയാ താഴെവരും പ്രകാരം വിവരിക്കാം. അസ്തിത്വമുള്ള വസ്തുക്കളുടെ മൂലപദാർത്ഥമാണിത്[32]. അസ്തിത്വമുള്ളവയെല്ലാം അതിൽനിന്നാണു യാഥാർത്ഥ്യത്തിലേക്കു വരുന്നത്. ശാരീരിക വസ്തുക്കളുടെ പദാർത്ഥമാണിത്; ശാരീരികവസ്തുക്കൾ അതിൽനിന്ന് യാഥാർത്ഥ്യത്തിലേക്കു വരുന്നു. പേരുള്ള വസ്തുക്കളുടെ പദാർത്ഥമാണിത്; ഈ വസ്തുക്കൾ അതിൽനിന്നുടലെടുക്കുന്നു. ആദ്യത്തെ അവ്യവസ്ഥാപിത തത്വമാണിത്. അസ്തിത്വമുള്ളവയുടെ അടിസ്ഥാനമാണിത്. എല്ലാവിധ വ്യതിയാനങ്ങൾക്കും രൂപീകരണങ്ങൾക്കും ഇതു വിധേയമാണ്. എന്നാൽ അത് അതിൽതന്നെ, അതിന്റെ ആശയത്തിൽനിന്നു തന്നെ വ്യതിയാനരഹിതമാണ്. എല്ലാ മാററത്തിലും രൂപാന്തരങ്ങളിലും നിലനില്ക്കുന്നത് അതാണ്. ഉസിയാ ആശയത്തിൽ തന്നെ അവ്യവസ്ഥാപിതവും രൂപരഹിതവുമാണെന്ന് ഇക്കൂട്ടർ പറയുന്നു. ഇതിന് സ്ഥിരവടിവില്ല; ഏതുതര വടിവിനും വിധേയമാണ്. ചലനങ്ങളും ക്രമീകരണങ്ങളും ഉള്ള പ്രവർത്തനങ്ങളെയും കർമ്മങ്ങളെയുമാണ് അവർ പൊതുവെ 'വ്യവസ്ഥപ്പെടുത്തൽ' എന്നു പറയുന്നത്. ഉസിയാ അതിന്റെ കൃത്യമായ ആശയത്തിൽ ഇതിലൊന്നും പെടുന്നില്ല എന്ന് അവർ പറയുന്നു; പിന്നെയോ അതിന്റെ നിഷ്ക്രിയത്വംമൂലം ഇവയിൽ ഒന്നുമായി അഭേദ്യമാംവിധം ചേർന്നിരിക്കുന്നു. അതിൻമേൽ പ്രവർത്തിച്ച് അതിനെ രൂപാന്തരപ്പെടുത്തുന്ന ഏജൻറിന്റെ പ്രവർത്തനങ്ങളെല്ലാം സ്വീകരിക്കാൻ ഇതു

31. Ousia (സത്ത)
32. prime Matter

www.malankaralibrary.com



സന്നദ്ധമാണ്. ഉസിയാ പൂർണ്ണമായി വ്യതിയാനവിധേയവും വിഭാജ്യവുമാണ് എന്നും അവർ പറയുന്നു. ഉസിയാകളെല്ലാം മററ് ഉസിയാകളുമായി ചേർന്ന് ഒന്നാകത്തക്കവിധം കൂട്ടിച്ചേർക്കാവുന്നതുമാണ്.

9. എപ്പിയുസിയോസ് അപ്പം, പെരിയുസിയോസ് ജനം എന്നിവയെപ്പററിയുള്ള വാക്യങ്ങളെപ്രതി ഉസിയായുടെ അർത്ഥം പരിശോധിച്ച് ഉസിയായുടെ വിവിധതരം സൂചനകൾ നാം വിവരിക്കയായിരുന്നു. ആത്മീയമായ അപ്പമാണ് നാം അപേക്ഷിക്കേണ്ടതെന്ന് മുകളിൽ നാം വിവരിച്ചിട്ടുണ്ടല്ലോ. അപ്പത്തിന്റെ അതേ സ്വഭാവമാണ് ഉസിയായ്ക്കും ഇവിടുള്ളതെന്നു നാം ചിന്തിക്കണം. ശരീരത്തിനുവേണ്ടിയുള്ള ഭൗമികാഹാരം കഴിക്കുമ്പോൾ അത് ശരീരപോഷണത്തിലൂടെ നമ്മുടെ സത്തയിൽ പ്രവേശിക്കുന്നു. അതുപോലെ ആത്മാവിനും മനസ്സിനും നൽകപ്പെടുന്ന 'സജീവമായ അപ്പവും'. അതിനാൽ പോഷിപ്പിക്കപ്പെടാൻ ആഗ്രഹിക്കുന്നവർക്ക് അതിന്റെ ശക്തിയിലുള്ള ഭാഗഭാഗിത്വം നൽകപ്പെടുന്നു. ഇതാണ് നാം ആവശ്യപ്പെടുന്ന അന്നന്നത്തെ അപ്പം. ഭക്ഷണത്തിന്റെ ഗുണമനുസരിച്ച് കായികാധ്വാനികൾക്ക് അനുയോജ്യവും ശക്തവുമായിരിക്കും; എന്നാൽ ചിലർക്ക് പാലും സസ്യങ്ങളുമായിരിക്കും. അങ്ങനെ ഭക്ഷിക്കുന്നവരുടെ പ്രകൃതമനുസരിച്ച് ഭക്ഷണം വ്യത്യസ്തമായിരിക്കും. അതുപോലെയാണ് വചനവും. കുട്ടികൾക്ക് പാലായിവചനം നൽകപ്പെടുന്നു; ബലഹീനർക്ക് മരുന്നായി; പോരാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് മാംസമായി, ഓരോരുത്തനും സ്വയം വചനത്തിനു സമർപ്പിക്കുന്നതനുസരിച്ച് പോഷണം ലഭിക്കുന്നു. അതനുസരിച്ച് ഓരോന്നു ചെയ്യാൻ ശക്തനാകുന്നു; ഓരോ പ്രകൃതക്കാരായിത്തീരുന്നു. ചില ഭക്ഷണപദാർത്ഥങ്ങൾ ഹാനികരമാണ്; ചിലത് രോഗവാഹികളാണ്. ചിലത് കഴിക്കാനേ സാധിക്കുകയില്ല നമുക്കു പോഷണം നൽകുന്നു എന്നു കരുതപ്പെടുന്ന പ്രബോധനങ്ങളെ സംബന്ധിച്ച് ഈ ഉപമയിലെ വ്യത്യാസങ്ങളെല്ലാം പരിഗണിക്കേണ്ടിയിരിക്കുന്നു. 'അന്നന്നത്തെ അപ്പം' ബൗദ്ധിക പ്രകൃതിക്കു ഏററവും അനുയോജ്യമാണ്; അതിന്റെ സത്തയുമായി അടുത്തുവരുന്നതാണ്. അത് ആത്മാവിനാരോഗ്യവും ശക്തിയും തേജസും പ്രദാനം ചെയ്യുന്നു. അതു ഭക്ഷിക്കുന്നവന് അതിന് സ്വന്തമായുള്ള അമർത്യതയിൽ ഭാഗഭാഗിത്വം നൽകുന്നു. കാരണം ദൈവവചനം അമർത്യമാണ്.

10. ഈ 'അനുദിനഭോജനത്തിന്' വി. ലിഖിതത്തിൽ മറെറാരു പേരുള്ളതായിട്ടാണ് എനിക്കു തോന്നുന്നത്, അതായത്–ജീവന്റെ വൃക്ഷം. കൈനീട്ടി അതു പറിച്ചെടുക്കുന്നവൻ എന്നെന്നേക്കും ജീവിക്കും (ഉല്പ. 2:9; 3:22; യോഹ. 5:24). ഈ വൃക്ഷത്തിന് മറെറാരു നാമധേയം കൂടെ കൊടുക്കപ്പെട്ടിട്ടുണ്ട്–ദൈവത്തിന്റെ ജ്ഞാനം. ഈ നാമം നൽകപ്പെട്ടിട്ടുള്ളത് സോളമനാണ്. അദ്ദേഹം പറയുന്നു: ''കർത്താവു ജ്ഞാനത്താൽ ഭൂമിയെ സ്ഥാപിച്ചു. അതിനെ പിടിക്കുന്നവർക്ക് അതു ജീവന്റെ വൃക്ഷമാണ്. അതിനെ മുറുകെ പിടിക്കുന്നവർ ഭാഗ്യവാന്മാർ എന്നു വിളിക്ക



പ്പെടും'' (സുഭാഷി. 3;18). മാലാഖമാർ ദൈവത്തിന്റെ ജ്ഞാനത്തിൽ നിന്നു പോഷണം നേടുന്നു. സത്യത്തെയും ജ്ഞാനത്തെയും കുറിച്ചുള്ള വിചിന്തനത്തിൽ നിന്ന് അവർ സ്വന്തം കൃത്യങ്ങൾ യഥാവിധി നിർവ്വഹിക്കുന്നതിനാവശ്യമായ കരുത്തു നേടുന്നു. അതിനാൽ മാലാഖമാരും ഈ ഭക്ഷണം കഴിക്കുന്നതായി സങ്കീർത്തനങ്ങളിൽ നാം വായിക്കുന്നു. ദൈവത്തിന്റെ ജനമായ ഹെബ്രായരും അതിൽ മാലാഖമാരോടു പങ്കുചേരുന്നു. അങ്ങനെ അവർ മാലാഖമാരുടെ സഹഭക്ഷകരായിത്തീരുന്നുവെന്നു പറയാം. ''മാലാഖമാരുടെ അപ്പം മനുഷ്യൻ ഭക്ഷിച്ചു'' എന്നാണ് ഇതു സംബന്ധിച്ച് സങ്കീർത്തനത്തിൽ എഴുതപ്പെട്ടിട്ടുള്ളത് (78:25). ദൈവസേവനത്തിനു നിയുക്തരായ അരൂപികളായ മാലാഖമാർ മനുഷ്യരോടൊപ്പം ഭക്ഷിച്ചത് ഈജിപ്തിൽ നിന്നു മോചനം തേടിപോന്ന ഇസ്രായേൽ ജനതയ്ക്കു സ്വർഗത്തിൽ നിന്നു നൽകപ്പെട്ട പദാർത്ഥപരമായ ഭക്ഷണമാണെന്നു കരുതാൻ മാത്രം തെണ്ടിത്തരം നിറഞ്ഞതാകരുത് നമ്മുടെ മനസ്.

11. അനുദിനഭോജനം, ജീവന്റെ വൃക്ഷം, ദൈവത്തിന്റെ ജ്ഞാനം മാലാഖമാരും മനുഷ്യരും ഒപ്പം പങ്കുചേരുന്ന പോഷണം തുടങ്ങിയവയുടെ അർത്ഥതലങ്ങളെക്കുറിച്ചുള്ള നമ്മുടെ പര്യവേക്ഷണത്തിൽ അബ്രാഹത്തിന്റെ അതിഥികളായി വന്ന മൂന്ന് ആളുകളെക്കുറിച്ച് ഉത്പത്തിപ്പുസ്തകത്തിൽ പറഞ്ഞിട്ടുള്ള കാര്യം പരിഗണിക്കുന്നത് അസംഗതമായിരിക്കുകയില്ല. പ്രസ്തുത പ്രസ്താവം കേവലം ലാക്ഷണികമാണോ എന്നാണു നോക്കേണ്ടത്. ''മൂന്നിടങ്ങഴി നല്ല മാവ് എടുത്തു കുഴച്ചു ചുട്ട അപ്പം'' അവർ ഭക്ഷിച്ചു എന്നാണല്ലോ എഴുതപ്പെട്ടിട്ടുള്ളത് (18:2–6). വിശുദ്ധരായ ആളുകൾക്ക് ആദ്ധ്യാത്മികവും യുക്തിപരവുമായ ഭക്ഷണം മനുഷ്യരോടൊപ്പം മാത്രമല്ല, ദിവ്യശക്തികളോടൊപ്പവും പങ്കുചേർന്നനുഭവിക്കാൻ കഴിയും. അവർ അങ്ങനെ ചെയ്യുന്നത് അവരെ സഹായിക്കുന്നതിനുവേണ്ടിയോ, അവർക്കുവേണ്ടി തയ്യാറാക്കാൻ കഴിഞ്ഞ ഭക്ഷണം എത്ര ശ്രേഷ്ഠമാണെന്നു വ്യക്തമാക്കാൻ വേണ്ടിയോ ആയിരിക്കാം. അത്തരം ഒരു പ്രകടനത്തിൽ നിന്നു മാലാഖമാർക്കു സന്തോഷവും പോഷണവും ലഭിക്കുന്നു. അതുമൂലം അവരുടെ സഹകരണ സന്നദ്ധത വർദ്ധിക്കുന്നു. മനുഷ്യൻ മാലാഖമാർക്കു ഭക്ഷണം നൽകിയതോർത്ത് നമ്മൾ ആശ്ചര്യപ്പെടുകയും വേണ്ട. നമ്മുടെ രക്ഷകൻ തന്നെ പറയുന്നു; ''ഇതാ, ഞാൻ വാതിൽക്കൽ നിന്നുകൊണ്ടു മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ടു വാതിൽ തുറന്നു തന്നാൽ ഞാൻ അവന്റെ അടുത്തേയ്ക്കു വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യും'' (വെളി. 3:20). അതിനുശേഷം തന്റെ കഴിവനുസരിച്ചു ദൈവപുത്രനു ഭക്ഷണം നൽകിയവനെ അവിടുന്ന് സമൃദ്ധമായി അനുഗ്രഹിക്കുകയും ചെയ്യും.

12. ഇപ്രകാരമുള്ള അനുദിനഭോജനം സ്വീകരിക്കുന്നവൻ ഹൃദയത്തിൽ ശക്തനായിത്തീരുകയും ദൈവത്തിന്റെ ഒരു പുത്രനായി പരിണമിക്കുകയും ചെയ്യുന്നു. എന്നാൽ നരകസർപ്പത്തോട് പങ്കുചേരുന്നവൻ

www.malankaralibrary.com



ആദ്ധ്യാത്മികമായി ഒരു എത്യോപ്യൻ മാത്രമാകുന്നു.[33] അവൻ നരകസർപ്പത്തിന്റെ കെണികളിൽപ്പെട്ട് ഒരു സർപ്പമായി മാറുന്നു. അപ്പോൾ അവൻ ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനുള്ള ആഗ്രഹം വെളിപ്പെടുത്തിയാലും അവനെ കുററപ്പെടുത്തുന്ന ദൈവത്തിന്റെ വചനങ്ങൾ അവൻ ഇപ്രകാരം കേൾക്കും: ''സർപ്പങ്ങളേ, അണലി സന്തതികളേ, വരാനിരിക്കുന്ന കോപത്തിൽ നിന്ന് ഓടിയകലുവാൻ നിങ്ങളെ പഠിപ്പിച്ചതാര് ?'' (മത്താ. 3:7). എത്തിയോപ്യക്കാർ ഭക്ഷിക്കുന്ന ഭീകര സർപ്പത്തിന്റെ ശരീരത്തെക്കുറിച്ച് ദാവീദ് ഇപ്രകാരം പറയുന്നു: 'ജലരാശിക്കുമേൽ വ്യാളിയുടെ ശിരസു നീ തകർത്തു. ലിവ്യാതാന്റെ ശിരസ്സുകൾ നീ ഉടച്ചു കളഞ്ഞു. മരുഭൂമിയിലെ ജനങ്ങൾക്ക് അതിനെ ഭക്ഷണമാക്കി' (സങ്കീ. 74:13f).

ദൈവപുത്രൻ യഥാർത്ഥത്തിൽ സ്ഥിതി ചെയ്യുന്നുണ്ടല്ലോ. 'ശത്രു'വും അതുപോലെതന്നെ. അവരിൽ ആരെങ്കിലും ഒരാൾ ഈ വ്യക്തിയുടെയോ മറേറ വ്യക്തിയുടെയോ ഭക്ഷണമായിത്തീരുന്നതിൽ അയുക്തമായിട്ടൊന്നുമില്ല. ആ സ്ഥിതിക്ക്, നല്ല ശക്തികളും ദുഷ്ടശക്തികളും മനുഷ്യരും ഉൾപ്പെടെ എല്ലാ ശക്തികളെയും സംബന്ധിച്ചിടത്തോളം, നമുക്കോരോരുത്തർക്കും അവരിൽ നിന്നു പോഷണം ലഭിക്കാൻ സാദ്ധ്യമാണ് എന്നു സമ്മതിക്കാൻ നാമെന്തിനു മടിക്കണം ?

പത്രോസിന്റെ അനുഭവം ഉദാഹരണമായി പരിഗണിക്കുക. അദ്ദേഹം ശതാധിപനായ കൊർണ്ണേലിയസിന്റെ അടുത്തേയ്ക്കു പോകാൻ ഒരുങ്ങുകയായിരുന്നു. പുറജാതിക്കാരെയും ദൈവവചനത്തിൽ പങ്കാളികളാക്കാനായിരുന്നു. അദ്ദേഹത്തിന്റെ പുറപ്പാട്. 'അപ്പോൾ സ്വർഗം തുറന്നിരിക്കുന്നതായും വലിയ വിരിപ്പുപോലെ എന്തോ ഒന്ന് നാലുമൂലയ്ക്കും പിടിച്ചു ഭൂമിയിലേയ്ക്ക് ഇറക്കപ്പെടുന്നതായും അവൻ കണ്ടു. ഭൂമിയിലെ എല്ലാത്തരം മൃഗങ്ങളും ഇഴജന്തുക്കളും ആകാശത്തിലെ പക്ഷികളും അതിൽ ഉണ്ടായിരുന്നു''. എഴുന്നേററ് കൊന്നു ഭക്ഷിക്കുക എന്ന നിർദേശം പത്രോസിനു ലഭിച്ചു. അപ്പോൾ പത്രോസ് പറഞ്ഞു: 'കർത്താവേ, ഒരിക്കലുമില്ല. എന്തെന്നാൽ മലിനമോ അശുദ്ധമോ ആയതൊന്നും ഞാൻ ഒരിക്കലും ഭക്ഷിച്ചിട്ടില്ല. ഒരു മനുഷ്യനെയും മലിനനെന്നോ അശുദ്ധനെന്നോ വിളിക്കരുതെന്ന് അപ്പോൾ അദ്ദേഹത്തിനു നിർദേശം ലഭിച്ചു. എന്തെന്നാൽ ദൈവം ശുദ്ധീകരിച്ചതിനെ പത്രോസ് അശുദ്ധമെന്നു വിളിക്കാൻ പാടില്ല. വി.. ഗ്രന്ഥത്തിലെ വാക്കുകൾ ഇങ്ങനെയാകുന്നു: ''ദൈവം വിശുദ്ധീകരിച്ചതിനെ നീ അശുദ്ധമെന്നു വിളിക്കരുത്'' (നട.. 10: 1ff).

ഈ സംഭവത്തിൽ നിന്ന് ഒരു കാര്യം നമുക്ക് മനസ്സിലാക്കാൻ കഴിയും: മോശ തന്റെ നിയമത്തിൽ വിവിധ ജന്തുക്കളെ ശുദ്ധമായ ഭക്ഷണം

33. സങ്കീ 74:14; വെളി. 12:3–17ff.



അശുദ്ധമായ ഭക്ഷണം എന്നു വകതിരിച്ചിട്ടുണ്ട്. ബുദ്ധിയുള്ള മനുഷ്യരുടെ വിഷയത്തിൽ മറെറാരു കാര്യമാണ് ഇതിൽനിന്നു മനസ്സിലാക്കാനുള്ളത്–മനുഷ്യർ പല സ്വഭാവക്കാരാണല്ലോ, അവരിൽ ചിലർ നമ്മുടെ ആത്മാവിന പോഷകഭക്ഷണമെന്ന നിലയിൽ പ്രയോജനപ്പെടും. വേറെ ചിലർ നേർവിപരീത സ്വഭാവമുള്ളവരത്രേ. എന്നാൽ ദൈവം വിശുദ്ധീകരിച്ചു കഴിയുമ്പോൾ എല്ലാവരും പോഷണദായകരായിത്തീരുന്നു–എല്ലാത്തരത്തിൽ പെട്ടവരും.

13. വിവിധ ഭക്ഷണങ്ങൾ തമ്മിലുള്ള വ്യത്യാസം മുകളിൽ പറഞ്ഞ വിധമാണല്ലോ. എന്നാൽ അനുദിനഭോജനം എന്നത് അതുല്യമായ ഒന്നാകുന്നു–മുകളിൽ പറഞ്ഞിട്ടുള്ളവയെക്കാളെല്ലാം ശ്രേഷ്ഠമായിട്ടുള്ളത്. നാം അതിനു യോഗ്യരായിത്തീരാൻവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ആദിയിൽ ദൈവത്തോടുകൂടെ ഉണ്ടായിരുന്ന വചനത്താൽ നാം പരിപുഷ്ടരായിത്തീരട്ടെ.

## ഇന്ന്

എപിഎനായ് (epienai) എന്ന ക്രിയയിൽനിന്നാണ് എപിയൂസിയോസ് എന്ന പദം രൂപീകൃതമായിരിക്കുന്നത് എന്നു ചിലർ പറഞ്ഞേക്കാം. അതായത്, വരാനിരിക്കുന്ന യുഗത്തിനുവേണ്ടിയുള്ള പ്രത്യേകമായ അപ്പത്തിനായി യാചിക്കാനാണ് നമ്മോട് കൽപിക്കപ്പെട്ടിരിക്കുന്നത്. അങ്ങനെ ദൈവം ഇപ്പോൾതന്നെ മുൻകൂറായി ഇതു നമുക്കു നൽകുന്നു; ഇപ്രകാരം നാളെ തരേണ്ടത് ഇന്നേ നമുക്ക് നൽകുന്നു. ഇവിടെ ''ഇന്ന്'' ഈ യുഗത്തെയും 'നാളെ' വരാനിരിക്കുന്ന യുഗത്തെയും കുറിക്കുന്നു. എന്നാൽ എന്റെ വീക്ഷണത്തിൽ, ആദ്യത്തെ അർത്ഥമാണ് കൂടുതൽ ശരിയായിട്ടുള്ളത്, 'സേമെറോൻ' (Semeron) —ഈ ദിവസം—എന്ന് മത്തായി കൂട്ടിച്ചേർത്തതിന്റെയും ''കത് ഹേമെറാൻ'' (Kath hemeran)—ഓരോ ദിവസവും—എന്ന് ലൂക്കാ രേഖപ്പെടുത്തിയതിന്റെയും അർത്ഥം നാം പരിശോധിച്ചാൽ ഇത് സുവ്യക്തമാകും.

ഇന്ന് എന്ന വാക്ക് ഈ യുഗത്തെക്കുറിക്കുന്ന അർത്ഥത്തിൽ ഉപയോഗിക്കുക വി. ലിഖിതത്തിൽ സാധാരണമാണ്. താഴെപ്പറയുന്ന ഉദ്ധരണങ്ങൾ ഉദാഹരണം: ''അവനു മോവാബ് എന്നു പേരിട്ടു. അയാളാണ് ഇന്നോളമുള്ള മോവാബ്യരുടെ പിതാവ്'' (ഉല്പ. 19: 37). 'അവനു ബെൻ അമ്മി എന്നുപേരിട്ടു. അയാളാണ് ഇന്നോളമുള്ള അമ്മോന്യരുടെ പിതാവ്'' (19: 38). ''ഈ വാർത്ത ഇന്നുവരെ യഹൂദരുടെയിടയിൽ പ്രചരിച്ചിരിക്കുന്നു'' (മത്താ. 28: 15). സങ്കീർത്തനങ്ങളിൽ, 'ഇന്നു നിങ്ങൾ അവന്റെ സ്വരം ചെവിക്കൊണ്ടിരുന്നെങ്കിൽ' (95: 8). ജോഷ്വായുടെ പുസ്തകത്തിൽ വളരെ സ്പഷ്ടമായി ഇക്കാര്യം ഇങ്ങനെ വെളിപ്പെടുന്നു: 'ഇന്നിന്റെ ദിനങ്ങളിൽ കർത്താവിൽനിന്ന് അകന്നുപോകരുത്' (22: 29).

www.malankaralibrary.com



'ഇന്ന്' എന്ന വാക്ക് വർത്തമാനയുഗത്തെ കുറിക്കുന്നെങ്കിൽ 'ഇന്നലെ' എന്നത് ഭൂതകാലത്തിനു പകരമായിരിക്കുമല്ലോ. സങ്കീർത്തനങ്ങളിലും പൗലോസിന്റെ ഹെബ്രായർക്കുള്ള ലേഖനത്തിലും അങ്ങനെതന്നെയാണെന്നു ഞാൻ കരുതുന്നു. സങ്കീർത്തനത്തിൽ: 'കാരണം, ആയിരം വൽസരം നിന്റെ ദൃഷ്ടിയിൽ ഇപ്പോൾ കടന്നുപോയ ഒരു ഇന്നലെ മാത്രം (90:4). ഇവിടെ പ്രസിദ്ധമായ ആ സഹസ്രാബ്ദം പരിഗണനയിലുണ്ടെന്നു ഞാൻ കരുതുന്നു. അത് 'ഇന്നി'ൽനിന്നു വ്യത്യസ്തമായി 'ഇന്നലെ'യായി കരുതപ്പെടുകയാണ്. അപ്പസ്തോലൻ എഴുതുന്നു: യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരാൾ തന്നെയാണ്'' (എബ്രാ. 13: 8). ഒരു ദിവസം എന്നത് നമുക്ക് എന്താണോ, ദൈവത്തെ സംബന്ധിച്ച് ആദിമുതൽ അവസാനംവരെയുള്ള കാലം മുഴുവൻ അങ്ങനെയാണ്. അതിലും ചെറുതാണെന്നാണ് എന്റെ വിശ്വാസം.

14. 'ദിവസങ്ങൾ' 'മാസങ്ങൾ' ഋതുക്കൾ' 'വത്സരങ്ങൾ' എന്നീ കണക്കിൽ കണക്കാക്കപ്പെട്ടിട്ടുള്ള ഉത്സവങ്ങളെയും ഉത്സവകൂട്ടങ്ങളെയും സംബന്ധിച്ച പ്രസ്താവങ്ങളും ഇപ്രകാരം യുഗങ്ങളായിട്ടാണോ കണക്കാക്കേണ്ടത് എന്നു നാം പരിശോധിക്കണം. ''നിയമം വരാനിരിക്കുന്ന നന്മകളുടെ നിഴൽ മാത്രമാണ്, അവയുടെ തനി രൂപമല്ല'' എന്ന് വി. പൗലോസ് പ്രസ്താവിക്കുന്നുണ്ടല്ലോ (എബ്ര.10;1). അപ്പോൾ നിയമത്തിലെ 'ശാബതം'' പല ദിവസങ്ങളുടെ ''നിഴൽ'' ആയിരിക്കണം. കറുത്തവാവുകൾ എന്നതു നിശ്ചിതകാലഘട്ടങ്ങൾ ആയിരിക്കണം, ഒരു പ്രത്യേക ചന്ദ്രന്റെ (ഏതു ചന്ദ്രനെന്ന് എനിക്കു നിശ്ചയമില്ല) സഞ്ചാരപഥം ഒരു പ്രത്യേകസൂര്യന്റെ സഞ്ചാരപഥവുമായി സന്ധിക്കുമ്പോൾ അതുണ്ടാകും. ഒന്നാം മാസം, പത്താം ദിവസം മുതൽ പതിനാലാം ദിവസം വരെ, പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ (പുറ. 12:2–18), പതിനാലാം ദിവസം മുതൽ ഇരുപത്തൊന്നാം ദിവസം വരെ, എന്നുതുടങ്ങിയ പ്രസ്താവങ്ങൾക്കെല്ലാം വരാനിരിക്കുന്ന സംഭവങ്ങളുടെ ഒരു നിഴലുണ്ട് എങ്കിൽ അതെല്ലാം മനസ്സിലാക്കാൻ മാത്രം ജ്ഞാനിയും ദൈവത്തിന്റെ സുഹൃത്തുക്കളുമായി ആരാണുള്ളത് ? ഏഴ് ആഴ്ചകളുടെ പെരുന്നാൾ (ആവ. 16;9ff) ഏഴാം മാസം (അതിന്റെ ഒന്നാം ദിവസത്തിനു കാഹളങ്ങളുടെ ദിവസമെന്നും പത്താം ദിവത്തിനു പരിഹാരദിനമെന്നും പറയുന്നു.)[34] എന്നിവയെക്കുറിച്ചെല്ലാം ഞാനെന്താണു പറയേണ്ടത് ? പ്രസ്തുത ആചാരണങ്ങളെക്കുറിച്ച് കല്പന നൽകിയ ദൈവത്തിനു മാത്രമറിയാം അവയുടെയെല്ലാം യഥാർത്ഥഅർത്ഥമെന്തെന്ന്. ഹെബ്രായനായ അടിമ ഏഴാം വത്സരത്തിൽ സ്വതന്ത്രനാകുന്നത് (പുറ. 21:2), കടങ്ങളുടെ മോചനം, ഏഴാം വത്സരത്തിൽ വിശുദ്ധ നാട്ടിലെ വയലുകളിൽ യാതൊരു ജോലിയും ചെയ്യാൻ പാടില്ല (ലേവ്യ. 25:4ff) എന്ന കല്പന എന്നിവകൊണ്ടെല്ലാം എന്താണുദ്ദേശിച്ചിരിക്കുന്നത് എന്നു

34. ലേവ്യ. 16:29ff; 23:24ff.



മനസ്സിലാകത്തക്കവിധം ദൈവതിരുമനസ്സ് ശരിക്കു ഗ്രഹിച്ചിട്ടുള്ളവർ ആരുണ്ട് ?ഏഴാം വത്സരങ്ങളിലെ നിർദിഷ്ടമായ ആഘോഷങ്ങൾക്കുപരിയായി 'ജൂബിലി'യുടെ ആഘോഷങ്ങളുമുണ്ട് (ലേവ്യ.25:8ff). ഇവയുടെയെല്ലാം സൂക്ഷ്മമായ അർത്ഥമെന്ത്, അവയോടനുബന്ധിച്ചു നൽകപ്പെട്ടിട്ടുള്ള നിർദേശങ്ങളുടെ ഉദ്ദേശ്യമെന്ത് എന്നൊക്കെ ശരിയായി ഗ്രഹിക്കാൻ ആർക്കാണുകഴിയുക ? പിതാവിന്റെ മനസ്സും ആഗ്രഹങ്ങളും ശരിയായി ഗ്രഹിച്ചിട്ടുള്ള പുത്രനുമാത്രമാണതു കഴിയുക. 'ദൈവത്തിന്റെ ന്യായവിധികൾ അന്വേഷണാതീതവും തന്റെ വഴികൾ ദുർഗ്രഹവുമാകുന്നു'' (റോമ. 11:33).

15 വി. ശ്ലീഹായുടെ രണ്ടു പ്രസ്താവങ്ങൾ ഒരുമിച്ചുവച്ചു ചിന്തിക്കുമ്പോൾ ഞാൻ പലപ്പോഴും ചിന്താക്കുഴപ്പത്തിലാകാറുണ്ട്. നമ്മുടെ യുഗത്തിനുശേഷം വേറെയുഗങ്ങൾ ഉണ്ടാകുമെങ്കിൽ എന്നെന്നേയ്ക്കുമായി പാപം നീക്കിക്കളയാൻ കാലത്തിന്റെ തികവിൽ ഒരിക്കൽമാത്രം യേശുക്രിസ്തു പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം പറയുന്നത് എങ്ങനെ ശരിയാകും എന്നാണ് എന്റെ സംശയം. പ്രസക്തമായ വാക്യങ്ങൾ രണ്ടും ഇവിടെ ഉദ്ധരിക്കാം: ഹെബ്രായർക്കുള്ള ലേഖനത്തിൽ: 'തന്നെത്തന്നെ ബലിയർപ്പിച്ചു പാപം നീക്കിക്കളയാൻ കാലത്തിന്റെ തികവിൽ ഒരിക്കൽ മാത്രം, അവൻ പ്രത്യക്ഷപ്പെട്ടിരിക്കുന്നു' (9:26). എഫേസോസ്കാർക്കുള്ള ലേഖനത്തിൽ 'ദൈവം തന്റെ കാരുണ്യത്തിൽ യേശുക്രിസ്തുവിലൂടെ നമ്മോടു പ്രദർശിപ്പിച്ച അളവററ കൃപാസമൃദ്ധി വരും യുഗങ്ങളിലും കാണിച്ചുകൊടുക്കേണ്ടതിന്നായിരുന്നു അത്'' (2:7).

സുപ്രധാന വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രഹേളികയാണിത്. ഈ വിഷയത്തിൽ എനിക്കു തോന്നുന്നത് ഇപ്രകാരമത്രേ: വർഷത്തിന്റെ പൂർത്തീകരണം അതിന്റെ അവസാനമാസത്തിലാണല്ലോ. അതിനുശേഷം മററൊരുവർഷം ആരംഭിക്കുന്നു. ആ ആരംഭം ഒരു മാസത്തിലാണ്. അതുപോലെ നമ്മുടെതായ ഈ യുഗത്തിൽ പല യുഗങ്ങളുടെതായ ഒരു കാലഘട്ടം അവസാനിക്കുന്നു. അതിനുശേഷം സുദീർഘമായ ഒരു കാലഘട്ടം ആരംഭിക്കും. അടുത്തയുഗം അതിന്റെ ആരംഭമായിരിക്കും. വരാൻ പോകുന്ന ആ യുഗങ്ങളിലായിരിക്കും 'ദൈവം തന്റെ കാരുണ്യത്തിൽ അളവററ കൃപാസമൃദ്ധി കാണിക്കാൻ പോകുന്നത്. പാപത്തിൽ ഏററവും അഗാധമായി മുങ്ങിയ മനുഷ്യൻ, 'പരിശുദ്ധാത്മാവിനെതിരായി ദൂഷണം പറഞ്ഞവൻ' ഈ യുഗം മുഴുവൻ പാപത്തിനധീനനായിരിക്കാം; അടുത്തയുഗത്തിന്റെ ആരംഭമുതൽ അവസാനംവരെയും അങ്ങനെ തന്നെ ആയിരിക്കാം. അതിനുശേഷം അവന് രക്ഷ ലഭിക്കും. പക്ഷേ അത് ഏതുവിധത്തിലാണെന്നു വിവരിക്കാൻ എനിക്കു കഴിവില്ല.

16. വിശുദ്ധ ശാബതിനെപ്പററി അറിവു ലഭിക്കാനായി, യുഗങ്ങളുടെ ആഴ്ചയെപ്പററി തന്റെ മനസിൽ പരിചിന്തനം നടത്തുന്ന ഈ സംഗതി ഗ്രഹിച്ച മനുഷ്യൻ; ദൈവത്തിന്റെ വിശുദ്ധ അമാവാസി കാണുവാനായി

www.malankaralibrary.com


യുഗങ്ങളുടെ മാസത്തെപ്പററി ചിന്തിക്കുന്നവൻ; എല്ലാ പുരുഷ പ്രജയും ദൈവത്തിന്റെ മുൻപാകെ പ്രത്യക്ഷപ്പെടുന്ന വർഷത്തിന്റെ പെരുന്നാളുകളെപ്പററി ധ്യാനിക്കാനായി യുഗങ്ങളുടെ വർഷത്തെപ്പററിയും (ആവ. 16:16), ഏഴാം വിശുദ്ധവർഷം മനസിലാക്കുവാനായി ഈ യുഗങ്ങൾക്കു തുല്യമായ വർഷങ്ങളും, ഈ സംഗതികളെല്ലാം അത്യത്ഭുതകരമായി ക്രമീകരിച്ച ദൈവത്തെ സ്തുതിക്കാനായി യുഗങ്ങളുടെ വർഷങ്ങളുടെ ഏഴാഴ്ചകളും ധ്യാനിക്കുന്നവൻ ഇത്ര മഹത്തരമായ യുഗത്തിന്റെ ഓരോ ദിവസത്തെയും മണിക്കൂറിലെ വിനാഴികപോലും എങ്ങനെയാണ് നിസാരമായികരുതുന്നത്? ഈ അനുദിനഭോജ്യം ഇന്നനുഭവിക്കാനായി, അത് 'ഓരോ ദിവസവും' സ്വീകരിക്കാനായി, ഈ ജീവിതത്തിലെ തന്റെ ഒരുക്കംവഴി ഇതിനു സ്വയം യോഗ്യനാക്കിക്കൊണ്ട് തന്നാൽ കഴിയുന്നതെല്ലാം അവൻ ചെയ്യുകയില്ലേ? 'ഓരോ ദിവസവും' എന്ന പ്രയോഗം മുകളിൽ പറഞ്ഞതിൽനിന്നു വ്യക്തമാണല്ലോ. ദൈവം അനന്തത മുതൽ അനന്തതവരെയാണ്. നാം ആഗ്രഹിക്കയും മനസിലാക്കുകയും ചെയ്യുന്നതിലുപരി സമൃദ്ധമായി നമുക്ക് നൽകുവാൻ കഴിവുള്ളവനാണവിടുന്ന്. ഇന്നത്തേക്കുമാത്രമല്ല, ഓരോ ദിവസത്തേക്കും വേണ്ടി "ഇന്ന്" ദൈവത്തോടു പ്രാർത്ഥിക്കുന്നവൻ കണ്ണുകണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും മനുഷ്യഹൃദയത്തിൽ തോന്നിയിട്ടില്ലാത്തതുമായ (1 കൊറി. 2:9) ആലങ്കാരികഭാഷയിൽ പറഞ്ഞാൽ അതിനേക്കാൾ ഉ[illegible]രിയായവ സ്വീകരിക്കാനും ഒരുക്കപ്പെടും.

17. നമുക്ക് അനുദിനഭോജ്യം തരണമെന്ന് തന്റെ പ[illegible]ാവിനോടുള്ള നമ്മുടെ പ്രാർത്ഥനയിൽ "ഇന്ന്", 'ഓരോ ദിവസവും' എന്നീ പദങ്ങളുടെ അർത്ഥം വ്യക്തമാക്കാൻ ഈ പ്രശ്നങ്ങളെല്ലാം അവതരിപ്പിക്കുന്നത് ആവശ്യമാണെന്ന് ഞാൻ കരുതി. അവസാനമായി 'ഞങ്ങളുടെ' എന്ന പദം പരിശോധിക്കാം. രണ്ടാമത്തെ സുവിശേഷത്തിൽ പ്രയോഗിച്ചിരിക്കുന്നതുപോലെ പരിഗണിക്കാം. 'ഞങ്ങളുടെ അന്നന്നത്തെ അപ്പം ഇന്ന് ഞങ്ങൾക്ക് തരിക' എന്നല്ല അവിടെ എഴുതപ്പെട്ടിരിക്കുന്നത്; പിന്നെയോ, 'ഞങ്ങളുടെ അന്നന്നത്തെ അപ്പം ഓരോ ദിവസവും ഞങ്ങൾക്കു തരിക' എന്നാണ്. ഈ അപ്പം എങ്ങനെയാണ് 'നമ്മുടേ'താകുന്നത് എന്ന പ്രശ്നം ഉദിക്കുന്നു. എന്നാൽ, 'ജീവനാകട്ടെ, മരണമാകട്ടെ, ഇപ്പോഴുള്ളവയാകട്ടെ, വരുവാനിരിക്കുന്നവയാകട്ടെ' (1 കൊറി. 3:22) എല്ലാ വസ്തുക്കളും വിശുദ്ധർക്കുള്ളതാണ് എന്ന് ശ്ളീഹാ പറയുന്നതുകൊണ്ട്, ഈ സംഗതിയെക്കുറിച്ച് ഇവിടെ കൂടുതൽ എന്തെങ്കിലും പറയേണ്ടയാവശ്യമില്ല.



# അധ്യായം 28

## ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ.

1. വി. ലൂക്കായുടെ സുവിശേഷത്തിൽ ഈ ഭാഗം ഇങ്ങനെയാണു കാണുന്നത്: "ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ." കടങ്ങളെ സംബന്ധിച്ച് ശ്ലീഹാ ഇപ്രകാരം പറയുന്നു: 'ഓരോരുത്തർക്കും അവകാശപ്പെട്ടിരിക്കുന്നതു കൊടുക്കുവിൻ: നികുതി അവകാശപ്പെട്ടവനു നികുതി: ചുങ്കം അവകാശപ്പെട്ടവനു ചുങ്കം; ആദരം അർഹിക്കുന്നവന് ആദരം; ബഹുമാനം നൽകേണ്ടവനു ബഹുമാനം. പരസ്പരം ബഹുമാനിക്കുക എന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടും ഉണ്ടാകരുത്'" (റോമ. 13:7f). അപ്പോൾ, നമുക്കു കടപ്പാടുണ്ട് എന്നു പറയുന്നതിനർത്ഥം ചില ചുമതലകൾ ഉണ്ടെന്നാണ്. ഈ ചുമതല കൊടുക്കേണ്ടതായ കാര്യങ്ങളിൽ മാത്രമുള്ളതല്ല; ചിലപ്പോൾ ശരിയായ വസ്തുതകൾ പറയുന്നതിലായിരിക്കും; ചിലപ്പോൾ ചില പ്രവൃത്തികൾ ചെയ്യുന്നതിലായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ മററുള്ളവരോടുള്ള ഇടപെടലിൽ ഒരു സവിശേഷ മനോഭാവവും സമ്പ്രദായവും പുലർത്താനുള്ള ബാദ്ധ്യത നമുക്കുണ്ട്. അതിനാൽ, ഒന്നുകിൽ നാം ദൈവകൽപനകൾ അനുസരിച്ച് ജീവിച്ച് ഈ ബാദ്ധ്യതകൾ നിറവേററുന്നു. അല്ലെങ്കിൽ സുബുദ്ധിയെ അവഗണിച്ചുകൊണ്ട് ആ ചുമതലകൾ നിർവ്വഹിക്കാതിരിക്കുന്നു, കടത്തിൽത്തന്നെ നിലനിൽക്കുന്നു.

### നമ്മുടെ കടങ്ങൾ

2. നമുക്കു നമ്മുടെ സഹോദരൻമാരോടുള്ള കടങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ ഒരു കാര്യം നമ്മുടെ ശ്രദ്ധയിലുണ്ടായിരിക്കണം: വിശ്വാസംവഴി നമ്മോടൊപ്പം ക്രിസ്തുവിൽ പുനർജ്ജനനം പ്രാപിച്ചവരും നമ്മുടെ സ്വന്തം മാതാപിതാക്കളിൽനിന്നു ശാരീരികമായി ജനിച്ചവരും ഇക്കാര്യത്തിൽ തുല്യരാണ്. നമുക്ക് നമ്മുടെ സഹപൗരൻമാരോട് ഒരു കടമയുണ്ട്. എല്ലാ മനുഷ്യരോടും കടമയുണ്ട്. പരദേശികളോടും നമ്മുടെ മാതാപിതാക്കളാകാൻ പ്രായമുള്ളവരോടും സവിശേഷമായ ഒരു കടമയും ഉണ്ട്. മക്കളെയും സഹോദരങ്ങളെയും എന്നപോലെ ബഹുമാനിക്കപ്പെടാൻ അർഹരായവരോടുള്ള കടമ ഇനിയും വേറൊരു തരമാണ്. ഈ വിധത്തിൽ പല ആളുകളോടുള്ള വിവിധങ്ങളായ കടപ്പാടുകൾ നിർവ്വഹിക്കാതെ ജീവിക്കുന്നവർ കൊടുത്തുതീർക്കാത്ത കടത്തിന്റെ ബാദ്ധ്യത വഹിക്കുന്നവരായിത്തന്നെ കഴിയുകയാണ്. പരസ്നേഹതത്ത്വത്തിൽ നിന്നുദ്ഭവിക്കുന്നതും വിവേക ചൈതന്യത്താൽ ലബ്ധവുമായി മനുഷ്യരോടു നമുക്കുമള ബാധ്യതകൾ നാം നിറവേററുന്നില്ലെങ്കിൽ നമ്മുടെ കടം കൂടുതൽ വലുതായിരിക്കും.

www.malankaralibrary.com


നമുക്ക് നമ്മോടുതന്നെയും കടങ്ങളുണ്ട്. സുഖാസക്തിമൂലം ജീവശക്തിക്കു കോട്ടം വരാത്തവിധം വേണം നാം നമ്മുടെ ശരീരത്തെ ഉപയോഗിക്കാൻ. ആത്മാവിനോടും കടമുണ്ട്. നാമതിനെ ശ്രദ്ധാപൂർവം സംരക്ഷിക്കണം. മനസിനെ അതിൻെറ സൂക്ഷ്മത നിലനിർത്താൻ സഹായിക്കണം. നമ്മുടെ സംഭാഷണം ഒരിക്കലും കൊത്തും മുനയും ഉള്ളതാകരുത്. അത് എപ്പോഴും സാഹായദായകമായിരിക്കണം. ഒരിക്കലും നാം വ്യർത്ഥഭാഷണത്തിൽ ഏർപ്പെടരുത്. നമ്മോടുതന്നെയുള്ള കടമകൾ നാം നിർവ്വഹിക്കുന്നില്ലെങ്കിൽ നമ്മുടെ കടം ഏററവും ഭാരിച്ചതായിത്തീരും.

3. ഇനി ഇതിനെല്ലാം ഉപരിയായി ഒരു കാര്യമുണ്ട്. നാമെല്ലാം ദൈവത്തിൻെറ സൃഷ്ടികളും ദൈവത്തിൻെറ ഛായയിലുള്ളവരുമാണല്ലോ. അതിനാൽ ആ ദൈവത്തിൻെറ നേർക്ക് സവിശേഷമായ ഒരു സമീപനം നമുക്ക് ആവശ്യമാണ്. ''നമ്മുടെ പൂർണ്ണഹൃദയത്തോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടും നാം അവിടുത്തെ സ്നേഹിക്കണം.35 ഈ കടപ്പാടുകളെ നാം ആദരിക്കുന്നില്ലെങ്കിൽ നാം ദൈവത്തോടു കടക്കാരായിത്തുടരുന്നു; ദൈവത്തിനെതിരായി പാപം ചെയ്യുന്നു. അപ്പോൾ നമുക്കുവേണ്ടി ആര് പ്രാർത്ഥിക്കും ? ''ഒരു മനുഷ്യൻ മററു മനുഷ്യർക്കെതിരായി പാപം ചെയ്താൽ അവർ അയാൾക്കുവേണ്ടി പ്രാർത്ഥിക്കും എന്നാൽ കർത്താവിനെതിരായി പാപം ചെയ്യുന്നവനുവേണ്ടി ആർ പ്രാർത്ഥിക്കും? ''ശാമുവേലിൻെറ ഒന്നാം പുസ്തകത്തിൽ ഹേലി പറയുന്നതാണിത് (1:25). ക്രിസ്തുവിനോടും നാം കടപ്പെട്ടിരിക്കുന്നു: ''അവിടുന്ന് തൻെറ രക്തം വിലയായികൊടുത്ത്, നമ്മെ വീണ്ടെടുത്തു.36 നിശ്ചിതതുകകൊടുത്ത്, തന്നെ വിലയ്ക്കു വാങ്ങിയവനോട് അടിമയ്ക്ക് ഒരു കടപ്പാടുണ്ടല്ലോ. പരിശുദ്ധാത്മാവിനോടും നമുക്ക് കടമുണ്ട്. ''രക്ഷയുടെ ദിവസത്തിനുവേണ്ടി നമ്മെ മുദ്രിതരാക്കിയത്'' പരിശുദ്ധാത്മാവാകുന്നു (എഫേ. 4:39). അവിടുത്തെ ഒരുതരത്തിലും വേദനിപ്പിക്കാതിരുന്നാൽ അവിടുത്തോടുള്ള കടമ നാം നിർവ്വഹിച്ചു. അവിടുത്തെ വേദനിപ്പിക്കാതിരിക്കുമ്പോൾ നാം നമ്മിൽനിന്നു പ്രതീക്ഷിക്കപ്പെടുന്ന ഫലം പുറപ്പെടുവിക്കുകയാണു ചെയ്യുന്നത്. പരിശുദ്ധാത്മാവ് നമ്മിൽ സന്നിഹിതനായിരിക്കുകയും നമ്മുടെ ആത്മാക്കൾക്കു തീക്ഷ്ണത നൽകുകയും ചെയ്യുന്നു.

നാം ഓരോരുത്തരുടെയും ചുമതല ഏല്പിക്കപ്പെട്ട ഓരോ മാലാഖ സ്വർഗത്തിലുണ്ട്. 'പിതാവിൻെറ മുഖം നേരിട്ട ദർശിച്ചുകൊണ്ടിരിക്കന്ന' ആ മാലാഖ ആരാണെന്നു നമുക്കോരോരുത്തർക്കും നിശ്ചയമില്ലായിരിക്കാം. എന്നാൽ അല്പം ചിന്തിച്ചാൽ ആ കാവൽ മാലാഖയോടും നമുക്കു കടപ്പാടുകളുണ്ടെന്നു വ്യക്തമാകും. 'നാം ലോകത്തിനും മാലാഖമാർക്കും മനുഷ്യർക്കും പ്രദർശനവസ്തുക്കൾ ആയിത്തീർന്നിരിക്കുക'യാണല്ലോ (1 കൊറി. 4:9). അതിനാൽ ഒരു കാര്യം എപ്പോഴും നമ്മുടെ ചിന്തയിലുണ്ടായിരിക്കണം: ഒരു നാടകശാലയിൽ അഭിനയിക്കുന്ന ഒരു നടൻ നിശ്ചിതസമയങ്ങളിൽ കാണികളുടെ മുമ്പാകെ ഓരോരോ വാക്കുകൾ പറയാനും ഓരോരോ ക്രിയകൾ ചെയ്യാനും ബാദ്ധ്യസ്ഥനാണ്. ആ ബാദ്ധ്യത നിറവേററിയില്ലെങ്കിൽ കാണികളെ അധിക്ഷേപിച്ചവൻ എന്ന നിലയ്ക്ക് അയാൾ ശിക്ഷിക്കപ്പെടും. അതുപോലെതന്നെ നമുക്കും മുഴുവൻ ലോകത്തോടും സകല മാലാഖമാരോടും സമ്പൂർണ്ണമായ മനുഷ്യവർഗത്തോടും കടപ്പാടുണ്ട്. വിവേകം ഈ കടപ്പാടുകളെല്ലാം നമ്മെ പഠിപ്പിച്ചുതരും—പഠിക്കാൻ നമുക്ക് മനസ്സുണ്ടെങ്കിൽ.

35. ആവ. 6:5; മർക്കോ. 12:33; ലൂ. 10:27; മത്താ. 22:38.
36. നട. 20:28 1 പത്രോ. 1:18f; വെളി. 5:9.



4. ഇവിടെ പറഞ്ഞ പൊതുവായിട്ടുള്ള കടങ്ങൾക്കു പുറമേ വേറെയും ചില കടങ്ങളുണ്ട്. വിധവയുടെ കടം; അവൾ സഭയാൽ സംരക്ഷിക്കപ്പെടുന്നവളാണല്ലോ. ഡീക്കൻെറ കടം. പുരോഹിതൻെറ കടം. ഇതിനെല്ലാം ഉപരിയായിട്ടുള്ളതാണ് മെത്രാൻെറ കടം. മുഴുവൻ സഭയുടെയും രക്ഷകനായവൻ ശിക്ഷയിൻകീഴ് ഏർപ്പെടുത്തിയിട്ടുള്ള കടമാണത്. ഭാര്യാഭർത്താക്കന്മാർക്ക് പരസ്പരമുള്ള കടത്തെക്കുറിച്ച് അപ്പസ്തോലൻ പറയുന്നു; 'ഭർത്താവു ഭാര്യയോടുള്ള ദാമ്പത്യധർമ്മം നിറവേററണം. അതുപോലെതന്നെ ഭാര്യയും. ഭാര്യാഭർത്താക്കന്മാർ പരസ്പരം വഞ്ചിക്കരുത്'' (1 കൊറി. 7:3–5).

ഞാൻ ഇനി കൂടുതലായിട്ടെന്താണു പറയേണ്ടത് ? ഈ പുസ്തകം കാണാനും വായിക്കാനും ഇടയാകുന്നവർക്ക് മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽനിന്ന് അവരുടെ കടങ്ങൾ ഏവയാണെന്നു ഗ്രഹിക്കാൻ കഴിയും. ഈ കടങ്ങൾ നാം വീട്ടുന്നില്ലെങ്കിൽ നാം അവയുടെ ബന്ധനത്തിലായിരിക്കും. കടമകൾ നിർവ്വഹിച്ചു കഴിയുമ്പോൾ നാം സ്വതന്ത്രരാകുന്നു. ഇവിടെ ഒരു കാര്യം ഞാൻ എടുത്തു പറഞ്ഞുകൊള്ളട്ടെ: ഒരു മനുഷ്യൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം അവൻ കടങ്ങളിൽനിന്നു പരിപൂർണ്ണ വിമുക്തനായിരിക്കുന്ന ഒരു മണിക്കൂറോ പകലോ രാത്രിയോ ഇല്ല.

5. കടക്കാരനായിരിക്കുന്ന ഒരു മനുഷ്യൻ ഒന്നുകിൽ കടം വീട്ടുന്നു. അല്ലെങ്കിൽ കടം വീട്ടാതെ കുററക്കാരനാകുന്നു. നമ്മുടെ ജീവിതത്തെ സംബന്ധിച്ചുള്ള അവസ്ഥയും ഇതുതന്നെ. നാം കടങ്ങൾ വീട്ടുകയോ വീട്ടാതിരിക്കുകയോ ചെയ്യുന്നു. ആരോടും കടമൊന്നും ഇല്ലാത്തവരുണ്ട്. ചിലർ കടങ്ങൾ അധികവും വീട്ടിയിട്ട് ചുരുക്കം ഇനങ്ങളിൽ മാത്രം കടക്കാരായി കഴിയുന്നു. ചിലർ ചുരുക്കം കടങ്ങൾ മാത്രം വീട്ടിയിട്ട് അധികം ഇനങ്ങളിൽ കടക്കാരായി കഴിഞ്ഞു കൂടുന്നു. ചിലരാകട്ടെ ഒരു കടവും വീട്ടാതെ മുഴുക്കടക്കാരായി കഴിയുന്നു. മുഴുവൻ കടങ്ങളും വീട്ടുന്നവൻ തന്നെ ഒരു നിശ്ചിത സമയത്താണല്ലോ ആ കടംവീട്ടൽ നിർവ്വഹിക്കുന്നത്. അതിനുമുമ്പുള്ള കുറെക്കാലത്തേയ്ക്ക് അയാൾക്കും മാപ്പു വേണ്ടിവരും. എന്നാൽ കടം വീട്ടുന്നതിന് കഴിവിൻെറ പരമാവധി പരിശ്രമിക്കുന്നയാൾക്ക് ന്യായമായും ആ മാപ്പു ലഭിക്കും.

www.malankaralibrary.com


നാം ചെയ്യുന്ന അപരാധങ്ങളെല്ലാം നമ്മുടെ യുക്തിബോധത്തിൽ ആലേഖനം ചെയ്യപ്പെടുന്നു. 'അവ നമുക്കു ദോഷകരങ്ങളായ ലിഖിതങ്ങളായിത്തീരുന്നു (കൊളോ. 2:14). അവയുടെ അടിസ്ഥാനത്തിൽ നാം വിധിക്കപ്പെടും. അവ കടങ്ങളുടെ കണക്കു പോലെയത്രേ; നാം ഓരോരുത്തരും സ്വന്തം കയ്പടയിൽ എഴുതുന്ന കണക്ക്. 'ഓരോരുത്തരും ശരീരത്തിലായിരുന്നപ്പോൾ ചെയ്തതിന് അനുസൃതമായി നന്മയോ തിന്മയോ സ്വീകരിക്കാൻ ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ നാം എവരും ഹാജരാകു'മ്പോൾ 37 ആ കണക്ക് ന്യായാസനത്തിൽ ഹാജരാക്കപ്പെടും. ഈ കടങ്ങളെക്കുറിച്ചു തന്നെയാണ് സുഭാഷിതങ്ങളിൽ ഇപ്രകാരം പറയപ്പെട്ടിട്ടുള്ളത്: 'അന്യർക്കുവേണ്ടി വാക്കുകൊടുക്കുകയോ ജാമ്യം നിൽക്കുകയോ ചെയ്യുന്നവരുടെ കൂട്ടത്തിലുൾപ്പെടരുത്. കടം വീട്ടാൻ വകയില്ലാതെയായി നിന്റെ കിടക്കപോലും നഷ്ടപ്പെടാൻ ഇടയാക്കുന്നതെന്തിന്?' (22:26f).

## നമ്മുടെ കടക്കാർ

6. നാം ഇങ്ങനെ അനേകരോടു കടപ്പെട്ടിരിക്കുന്നുവെങ്കിൽ നമ്മോടു കടപ്പെട്ടിരിക്കുന്നവരും പലരുണ്ടെന്നതു ഒരു വസ്തുതയാകുന്നു. ചിലയാളുകൾക്ക് അയൽക്കാരെന്ന നിലയിലാണ് കടപ്പാട്; ചിലർക്ക് സഹോദരൻമാരെന്ന നിലയിൽ, ചിലർ മക്കൾ എന്ന നിലയിൽ, ചിലർക്ക് ഭാര്യയും ഭർത്താവും എന്ന നിലയിൽ; ചിലർക്ക് സ്നേഹിതൻമാർ എന്ന നിലയിൽ. ഈ കടക്കാരിൽ ചിലർക്ക് അവരുടെ കടങ്ങൾ വീട്ടുന്ന വിഷയത്തിൽ ചിലപ്പോൾ അലംഭാവം കാട്ടിയേക്കാം. അപ്പോൾ നാം അവരുടെ കടങ്ങളെക്കുറിച്ചുമാത്രം ഓർക്കാതെ മനുഷ്യത്വത്തോടെ പെരുമാറണം. നമ്മുടെ കടങ്ങൾ വീട്ടുന്ന കാര്യത്തിൽ നാം വീഴ്ചവരുത്തിയിട്ടുണ്ട് എന്ന വസ്തുത അപ്പോൾ നാം ഓർക്കണം. ഈ വീഴ്ചകൾ മനുഷ്യരോട് മാത്രമല്ല, ദൈവത്തോടും നാം വരുത്തിയിട്ടുള്ളതാണ്. നമ്മുടെ കടങ്ങൾ വീട്ടുന്ന കാര്യത്തിൽ നാം വീഴ്ച വരുത്തിയതിനെക്കുറിച്ച് നാം ഓർക്കുകയാണെങ്കിൽ നമ്മോടുള്ള കടങ്ങൾ വീട്ടാൻ വീഴ്ചവരുത്തുന്നവരോടു നമുക്ക് സഹതാപമുണ്ടാകും. ചെയ്യേണ്ട കാര്യങ്ങൾ നിർവ്വഹിക്കുക എന്നതാണ് കടം എന്നതുകൊണ്ടിവിടെ അർത്ഥമാക്കുന്നത്. ദൈവകല്പനകളുടെ ലംഘനങ്ങളായി നമ്മിൽനിന്നുണ്ടായിട്ടുള്ള വീഴ്ചകൾ നാം ഒരിക്കലും വിസ്മരിക്കരുത്. ദൈവത്തെക്കുറിച്ചു നാം പറഞ്ഞ ദുഷ്ടത നിറഞ്ഞ കാര്യങ്ങളും അപരാധങ്ങൾ തന്നെ; അങ്ങനെ പറഞ്ഞത് നമ്മുടെ അജ്ഞതകൊണ്ടോ നമ്മുടെ സാഹചര്യങ്ങളുടെ സമ്മർദംകൊണ്ടോ ആകാം.

7. നമ്മുടെ കടക്കാരോടു നാം അനുഭാവപൂർവ്വം പെരുമാറിയില്ലെങ്കിൽ തന്റെ സഹസേവകൻ കടപ്പെട്ടിരുന്ന നൂറു ദേനാറായുടെ കാര്യത്തിൽ

37. റോമ. 14:10; 2 കൊറി. 5:10 ഒന്നിച്ചുചേർത്തത്.



കാരുണ്യം കാട്ടാതിരുന്ന രാജസേവകനുണ്ടായ അനുഭവം നമുക്കും ഉണ്ടാകും. നേരത്തേ അയാളുടെ കടം ഇളച്ചു കിട്ടിയെങ്കിലും സഹസേവകനോടു കാരുണ്യം കാട്ടാതിരുന്നപ്പോൾ അയാൾ ശിക്ഷിക്കപ്പെടുകയാണല്ലോ ചെയ്തത്. സുവിശേഷത്തിലെ ഉപമയിൽ പറയുന്നതുപോലെ, യജമാനൻ അയാളെ ബന്ധനത്തിലാക്കുകയും ഇളച്ചുകൊടുത്ത കടങ്ങൾ മുഴുവൻ അയാളിൽനിന്ന് ഈടാക്കുകയും ചെയ്തു. യജമാനൻ പറഞ്ഞു, 'ദുഷ്ടനായ സേവകാ, നീ എന്നോട് കേണപേക്ഷിച്ചതുനിമിത്തം നിന്റെ കടമെല്ലാം ഞാൻ ഇളച്ചു തന്നു. ഞാൻ നിന്നോടു കരുണ കാണിച്ചതുപോലെ നീയും നിന്റെ സേവകനോടു കരുണ കാണിക്കേണ്ടതായിരുന്നില്ലേ ?'' യജമാനൻ കോപിച്ച് മുഴുവൻ കടവും വീട്ടുന്നതുവരെ അയാളെ കാരാഗൃഹാധിപർക്ക് ഏല്പിച്ചു കൊടുത്തു. നമ്മുടെ കർത്താവു തുടരുന്നു: ''നിങ്ങൾ സഹോദരരോടു ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ എന്റെ സ്വർഗസ്ഥനായ പിതാവ് നിങ്ങളോടും ഇങ്ങനെ തന്നെ പ്രവർത്തിക്കും''.

നമുക്കെതിരായി പാപം ചെയ്ത ഒരുവൻ നമ്മുടെ അടുത്തു വന്ന് പശ്ചാത്താപം വെളിപ്പെടുത്തിയാൽ അയാളോടു നാം ക്ഷമിക്കണം. ഈ രീതി പലപ്രാവശ്യം ആവർത്തിച്ചാലും നാം ക്ഷമിക്കുക തന്നെയാണു വേണ്ടത്. നമ്മുടെ കർത്താവരുളിച്ചെയ്യുന്നു: 'നിന്റെ സഹോദരൻ ദിവസത്തിൽ ഏഴു പ്രാവശ്യം നിനക്കെതിരായി പാപം ചെയ്യുകയും ഏഴു പ്രാവശ്യവും പശ്ചാത്തപിച്ചുകൊണ്ടു നിന്നോടു മാപ്പു ചോദിക്കുകയും ചെയ്യുകയാണെങ്കിൽ അയാളോടു ക്ഷമിക്കുക'' (ലൂ. 17:3f). പശ്ചാത്തപിക്കാത്തവരോടു കാഠിന്യം കാണിക്കുന്നതു നമ്മളല്ല, അവർ തന്നെയാണ്. ''പ്രബോധനത്തെ അവഗണിക്കുന്നവൻ സ്വയം നിന്ദിക്കുന്നു'' (സുഭാ. 15:32).

അങ്ങേ അററം തലതിരിഞ്ഞ അവസ്ഥയിലുള്ള ചിലയാളുകളുണ്ട്. പരമദയനീയമായ തങ്ങളുടെ അവസ്ഥയെക്കുറിച്ച് അവർക്കു യാതൊരവബോധവും ഉണ്ടായിരിക്കുകയില്ല. വീഞ്ഞുകുടിക്കാതെ തന്നെ ഉന്മത്തരാണവർ. ദുഷ്കർമ്മങ്ങളുടെ തമസിനാൽ ഏററം വിനാശകരമാം വിധം ഉന്മത്തരായ അത്തരക്കാരെയും രക്ഷിക്കാൻ നമ്മാലാവതു നാം പരിശ്രമിക്കണം.

## പാപങ്ങളുടെ മോചനം

8. ലൂക്കായുടെ സുവിശേഷത്തിൽ പറയുന്നു: ''ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ.'' ''ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ'' എന്നു മത്തായിയുടെ സുവിശേഷത്തിൽ പറയുന്നതു തന്നെയാണിവിടെ വിവക്ഷിതം. എന്തുകൊണ്ടെന്നാൽ നാം നമ്മുടെ കടമകൾ നിർവ്വഹിക്കാത്തപ്പോഴാണല്ലോ പാപം ചെയ്യുന്നത്. തന്റെ കടക്കാരിൽ, പശ്ചാത്തപിക്കുന്നവരോടു മാത്രം ക്ഷമിക്കാനാഗ്രഹിക്കുന്നയാളിനെ അദ്ദേഹം പരിഗണിക്കുന്നതായി തോന്നുന്നില്ല. ''എന്തെന്നാൽ ഞങ്ങ

www.malankaralibrary.com


ളോടു കടപ്പാടുള്ള സകലരോടും ഞങ്ങൾ ക്ഷമിക്കുന്നു'' എന്നു പ്രാർത്ഥനയിൽ ചേർക്കണമെന്നു നമ്മുടെ രക്ഷകൻ ആജ്ഞാപിച്ചിട്ടുള്ളതായിട്ടാണ് വി. ലൂക്കാ രേഖപ്പെടുത്തിയിട്ടുള്ളത്.

നമുക്കെതിരെ ചെയ്യപ്പെടുന്ന പാപങ്ങൾ ക്ഷമിക്കാൻ നമുക്കെല്ലാവർക്കും സാധിക്കും. ''ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ; എന്തെന്നാൽ ഞങ്ങളോടു കടപ്പാടുള്ള എല്ലാവരോടും ഞങ്ങൾ ക്ഷമിക്കുന്നു.'' എന്നീ വാക്കുകളിൽനിന്ന് ഇത് വ്യക്തമാണ്. എന്നാൽ അപ്പസ്തോലന്മാരെപ്പോലെ യേശുവിനാൽ പ്രചോദിതരായ ആളുകളുണ്ട്. അവരെ അവരുടെ ഫലങ്ങൾ കൊണ്ടു തിരിച്ചറിയാം. കാരണം, പരിശുദ്ധാത്മാവിനെ സ്വീകരിച്ച് അവർ ആദ്ധ്യാത്മികരായിത്തീരുന്നു; ദൈവപുത്രന്മാർ എന്ന നിലയിൽ അവർ ആത്മാവിന്റെ പ്രചോദനം സ്വീകരിക്കുന്നു. എല്ലാ കാര്യങ്ങളിലും ന്യായാന്യായവിവേകത്തോടുകൂടിയാണ് അവർ പെരുമാറുക. അവർ ദൈവം ക്ഷമിക്കുന്ന പാപങ്ങൾ ക്ഷമിക്കുകയും മോചിക്കാൻ അസാദ്ധ്യമായ പാപങ്ങൾ നിലനിർത്തുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ അവർ പ്രതിഫലിപ്പിക്കുന്നതു പ്രവാചകന്മാരെയത്രെ. പ്രവാചകൻമാർ വെളിപ്പെടുത്തുന്നത് അവരുടെ സ്വന്തം വിചാരങ്ങളല്ലല്ലോ. അവരുടെ വചനങ്ങളിലൂടെ വെളിപ്പെടുന്നതു ദൈവഹിതമാകുന്നു. ഈ വിധത്തിലും അവർ ദൈവത്തിനു സേവനം നിർവ്വഹിക്കുന്നു, ദൈവത്തിനു മാത്രമാണല്ലോ പാപമോചനം നൽകാനധികാരമുള്ളത്.

9. അപ്പസ്തോലന്മാർക്ക് പാപം മോചിക്കാനുള്ള അധികാരം യോഹന്നാന്റെ സുവിശേഷത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ''നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ ക്ഷമിച്ചാൽ അവ ക്ഷമിക്കപ്പെടും. നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ നിലനിർത്തിയാൽ അവ നിലനിർത്തപ്പെടും (20:22f).

ഈ വാക്കുകൾ വളരെ ശ്രദ്ധാപൂർവ്വം വിലയിരുത്താത്ത ഒരാൾ അപ്പസ്തോലന്മാർ എല്ലാവരുടെയും എല്ലാ പാപങ്ങളും മോചിക്കാത്തതിന്റെ പേരിൽ അവരെ കുററപ്പെടുത്തിയെന്നുവരാം. അവർ ക്ഷമിക്കാത്തതുകൊണ്ട് ദൈവവും ആ പാപങ്ങൾ ക്ഷമിക്കുകയില്ലല്ലോ. നിയമത്തിൽനിന്ന് ഒരുദാഹരണം ഇവിടെ പരിഗണിക്കുന്നത് ഉപകാരപ്രദമായിരിക്കും. മനുഷ്യരുടെ ശുശ്രൂഷവഴി ദൈവം മനുഷ്യരുടെ പാപങ്ങൾ മോചിക്കുന്ന കാര്യമാണ് അവിടെ പരാമർശിക്കപ്പെടുന്നത്. ബലിയർപ്പിക്കുന്നതുകൊണ്ട് മനുഷ്യരുടെ പാപങ്ങൾ ക്ഷമിക്കപ്പെടുകയാണല്ലോ. എന്നാൽ പുരോഹിതന്മാർ ചില പാപങ്ങൾക്കു വേണ്ടി പരിഹാരബലികൾ അർപ്പിക്കുന്നതിനെ നിയമം നിരോധിക്കുന്നുണ്ട്. ഐച്ഛികമായോ അനൈച്ഛികമായോ ചെയ്ത പാപങ്ങൾക്കു പരിഹാരമായി ബലികൾ അർപ്പിക്കാൻ ചില പുരോഹിതന്മാർക്കധികാരമുണ്ട്. എന്നാൽ ആ പുരോഹിതന്മാർ വ്യഭിചാരം, മന:പൂർവ്വമായ കൊലപാതകം തുടങ്ങിയ ഗൗരവമുള്ള പാപങ്ങൾക്കുവേണ്ടി



ദഹനബലി അർപ്പിക്കുകയില്ല (ലേവ്യ. 7:37). ഇതുപോലെതന്നെ അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളായ വൈദികരും, അവരുടെ ഗുരുവായ ''ഉന്നതപുരോഹിതന്റെ'' അഭിമതം അനുസരിച്ച് ഈ വിഷയത്തിൽ പ്രവർത്തിക്കുന്നു. പരിശുദ്ധാത്മാവിന്റെ ബോധനത്താൽ ഏതു പാപങ്ങൾക്ക് എപ്പോൾ ഏതു വിധത്തിൽ പരിഹാരബലികൾ അർപ്പിക്കണമെന്ന് അവർ മനസ്സിലാക്കുന്നു. ഏതു പാപങ്ങൾക്ക് അങ്ങനെ ചെയ്യാൻ പാടില്ല എന്നും അവർക്കറിയാം. പുരോഹിതനായ ഹേലിയുടെ മാതൃക ഇവിടെ സ്മർത്തവ്യമാണ്. തന്റെ പുത്രന്മാരായ ഹോഫ്നിയും ഫിനെഹാസും പാപം ചെയ്തുവെന്ന് അദ്ദേഹം അറിഞ്ഞു. അവരുടെ പാപമോചനത്തിന് അവരെ ഒരുവിധത്തിലും സഹായിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. താഴെ പറയുന്ന വാക്കുകളിൽ തന്റെ നിസ്സഹായത അദ്ദേഹം വ്യക്തമാക്കുകയാണ്: ''ഒരു മനുഷ്യൻ മറെറാരു മനുഷ്യനെതിരെ പാപം ചെയ്താൽ ദൈവം അയാൾക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കും. പക്ഷേ കർത്താവിനോടു പാപം ചെയ്യുന്ന മനുഷ്യനുവേണ്ടി മധ്യസ്ഥനാകാൻ ആരുണ്ട്?''

വൈദികമായ അധികാരത്തെക്കാൾ ഉപരിയായ പദവി അനധികൃതമായി സ്വയം ഭാവിക്കുന്ന ചിലയാളുകളുണ്ട്. ഒരു പുരോഹിതനാവശ്യമായ അദ്ധ്യാത്മവിജ്ഞാനമൊന്നും അവർക്ക് ഉണ്ടായിരിക്കുകയില്ല. വിഗ്രഹാരാധന, വ്യഭിചാരം തുടങ്ങിയ ഭീകര പാപങ്ങൾക്ക് മാപ്പ് നൽകാൻ തങ്ങൾക്ക് കഴിയും എന്ന് അവർ അവകാശപ്പെടുന്നു. എന്തടിസ്ഥാനത്തിലാണിതെന്ന് എനിക്കു മനസ്സിലാകുന്നില്ല. ഇത്തരം പാപങ്ങൾ, മരണത്തിലേയ്ക്കു നയിക്കുന്ന പാപങ്ങൾപോലും, അവരുടെ മാദ്ധ്യസ്ഥ്യത്താൽ ക്ഷമിക്കപ്പെട്ടു എന്ന ഭാവത്തിലാണ് അവരുടെ നടപ്പ്. 'മാരകമായ പാപമുണ്ട്; അതിനെച്ചൊല്ലി ഒരാൾ പ്രാർത്ഥിക്കണമെന്നല്ല ഞാൻ പറയുന്നത്'' എന്ന വി. ലിഖിതവാക്യം (1 യോഹ. 5:16) അത്തരക്കാർ വായിച്ചിട്ടില്ലെന്ന് തോന്നുന്നു. ഇത്തരം സന്ദർഭങ്ങളിൽ താഴെപ്പറയുന്ന സംഭവം എടുത്തു പറയാൻ നാം വിട്ടുപോകരുത്. ധീരനായ ജോബ് തന്റെ മക്കൾക്കുവേണ്ടി ബലിയർപ്പിക്കുന്ന സന്ദർഭത്തിൽ ഇങ്ങനെ പറഞ്ഞു. 'എന്റെ മക്കൾ അവരുടെ മനസ്സിൽ ദൈവത്തിനെതിരായി തിന്മ വിചാരിച്ചിട്ടുണ്ടാകാം' (1:5). ഉണ്ടായിരിക്കാം എന്നു സംശയിക്കപ്പെടുന്ന പാപത്തിന്റെ പേരിലാണ് ഈ ബലിയർപ്പണം എന്നു നാം ഓർക്കണം. ആ ദുഷ്ടവിചാരങ്ങൾ മനസ്സിൽനിന്നു ചുണ്ടുകൾവരെപോലും എത്തിയവയല്ല.

www.malankaralibrary.com


# അധ്യായം 29

## ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ; തിൻമയിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ

1 തിൻമയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ എന്ന ഭാഗം ലൂക്കായുടെ സുവിശേഷത്തിൽ കാണുന്നില്ല. അസാദ്ധ്യമായ കാര്യത്തിനു വേണ്ടി പ്രാർത്ഥിക്കാൻ നമ്മുടെ രക്ഷകൻ നമ്മോട് ആവശ്യപ്പെടുകയില്ലല്ലോ. ഈ ഭൂമിയിൽ മനുഷ്യൻെറ ജീവിതം നിരന്തരമായ ഒരു പ്രലോഭനമാണുതാനും. ആ നിലയ്ക്ക് ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തല്ലേ എന്നു പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടതിൻെറ അടിസ്ഥാനം എന്ത് എന്നു പരിശോധിക്കേണ്ടതുണ്ട്. ഭൂമിയിലെ ജീവിതത്തിൽ നാം മാംസത്താൽ ആവരണം ചെയ്യപ്പെട്ടിരിക്കുകയാണ്. മാംസം ആത്മാവിനെതിരായി നിരന്തരം സമരം ചെയ്തുകൊണ്ടിരിക്കുന്നു. ജഡികതാല്പര്യങ്ങളിൽ മുഴുകിയിരിക്കുന്ന മനസ് ദൈവത്തിൻെറ ശത്രുവാകുന്നു. അതിനെ ദൈവത്തിൻെറ നിയമത്തിന് വിധേയമാക്കാൻ എളുപ്പമല്ല. അതിനാൽ പ്രലോഭനത്തിൽ അകപ്പെടുന്നു.

### പ്രലോഭനം

2 ഭൂമിയിലെ മനുഷ്യൻെറ ജീവിതം മുഴുവൻ പ്രലോഭനമാണ് എന്ന ആശയം യോബിൻെറ പുസ്തകത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: 'ഭൂമിയിലെ മനുഷ്യൻെറ ജീവിതം തന്നെ ഒരു പ്രലോഭനമല്ലേ?' (7:1). പതിനെട്ടാം സങ്കീർത്തനവും (30) ഇതേ ആശയം സ്പഷ്ടമാക്കുന്നുണ്ട്: 'അങ്ങയിൽ ആശ്രയിക്കുമ്പോൾ ഞാൻ പ്രലോഭനങ്ങളിൽ നിന്നു രക്ഷിക്കപ്പെടും.' പൗലോസ് കൊറിന്ത്യർക്കുള്ള ഒന്നാം ലേഖനത്തിൽ പറയുന്നതിങ്ങനെയാണ്: 'പരീക്ഷിക്കപ്പെടാതിരിക്കാനുള്ള അനുഗ്രഹം ദൈവം നമുക്ക് നൽകുകയില്ല. എന്നാൽ നമ്മുടെ കഴിവിനുപരിയായി നമ്മെ പരീക്ഷിക്കുകയുമില്ല.' അദ്ദേഹത്തിൻെറ തന്നെ വാക്കുകൾ: 'മനുഷ്യസാധാരണമല്ലാത്ത ഒരു പ്രലോഭനവും നിങ്ങൾക്ക് ഉണ്ടായിട്ടില്ല. ദൈവം വിശ്വസ്തനാണ്; നിങ്ങളുടെ ശക്തിക്ക് അതീതമായ പ്രലോഭനങ്ങൾ അവിടുന്ന് അനുവദിക്കുകയില്ല. പ്രലോഭനത്തോടൊപ്പം അതിനെ അതിജീവിക്കാനുള്ള രക്ഷാമാർഗവും അവിടുന്നു നൽകും' (10:13). ആത്മാവിനെതിരായി ആഗ്രഹിക്കുകയും സമരം ചെയ്യുകയും ചെയ്യുന്ന മാംസത്തോടാകാം നമ്മുടെ പോരാട്ടം. അഥവാ ജഡത്തിൻെറ പ്രാണനെതിരായിട്ടാകാം (ലേവ്യ. 17:11). (ശരീരത്തിൽ കുടികൊള്ളുന്ന 'ഹൃദയം' എന്നു വിളിക്കപ്പെടുന്ന, നിയാമകതത്വത്തെ സൂചിപ്പിക്കാനാണ് 'ജഡത്തിൻെറ പ്രാണൻ' എന്ന വാക്ക് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്). 38

38. തോ ഹെഗെമോണിക്കോൻ ഹോ കലെയ്തായ് കാർഡിയാ.



മാനുഷികപ്രലോഭനങ്ങൾമൂലം വിഷമിക്കുന്നവരാകാം ഈ പോരാട്ടം നടത്തുന്നവർ. അഥവാ, പരിപൂർണ്ണമായ പരിശീലനം സിദ്ധിച്ച അഭ്യാസികളെപ്പോലെ പോരാട്ടത്തിലേർപ്പെടുന്നവരാകാം. അവരുടെ സമരം മാംസത്തിനും രക്തത്തിനും എതിരായിട്ടുള്ളതല്ല; മാനുഷികപ്രലോഭനങ്ങളാൽ അവർ വിചലിതരാകുന്നുമില്ല. (അത്തരം പ്രലോഭനങ്ങളെ അവർ സ്വന്തം പാദങ്ങൾകൊണ്ടു ഞെരിച്ചു കഴിഞ്ഞിരിക്കുന്നു) 39. അവരുടെ യുദ്ധം 'പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിൻെറ അധിപൻമാർക്കും ഉന്നതങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കും എതിരായിട്ടാണ്'' (എഫേ. 6:12). ഏതു തരത്തിലായാലും നാം പ്രലോഭനങ്ങളിൽ നിന്നു വിമുക്തരല്ല.

3 ദൈവം എല്ലാ മനുഷ്യരെയും ഏതെങ്കിലും വിധത്തിലുള്ള പ്രലോഭനത്തിൽ ഉൾപ്പെടുത്തിക്കൊണ്ടിരിക്കെ, ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്തരുതേ എന്നു പ്രാർത്ഥിക്കാൻ നമ്മുടെ കർത്താവ് ആവശ്യപ്പെടുന്നതെങ്ങനെ? ഇവിടെ യൂദിത്തിൻെറ വാക്കുകൾ നമുക്ക് അനുസ്മരണീയങ്ങളാകുന്നു. അവളുടെ ഈ വാക്കുകൾ അവളുടെ കാലത്തെ ഭരണാധികാരികളെ മാത്രമല്ല, അവളുടെ പുസ്തകം വായിക്കുന്ന എല്ലാവരെയും ഉദ്ദേശിച്ചുകൊണ്ടുള്ളതത്രേ: 'അവിടുന്ന് നമ്മുടെ പൂർവ്വപിതാക്കന്മാരെ എന്നപോലെ നമ്മെയും പരീക്ഷിക്കുകയാണ്. അവിടുന്ന് അബ്രഹാമിനോട് എന്തു ചെയ്തുവെന്നും ഇസഹാക്കിനെ എങ്ങനെ പരീക്ഷിച്ചു എന്നും യാക്കോബിന് തൻെറ മാതൃസഹോദരനായ ലാബാൻെറ ആടുകളെ മേയ്ച്ചുകൊണ്ടിരിക്കെ സിറിയായിലെ മെസോപ്പൊട്ടാമിയായിൽ വച്ച് എന്തു സംഭവിച്ചു എന്നും ഓർമ്മിക്കുക. അവരുടെ ഹൃദയങ്ങൾ പരിശോധിക്കാൻ അവരെ പരീക്ഷിച്ചതുപോലെ അവിടുന്നു നമ്മെ തീകൊണ്ടു പരീക്ഷിച്ചില്ലല്ലോ. നമ്മുടെമേൽ അവിടുന്നു പ്രതികാരം ചെയ്തിട്ടുമില്ല. കർത്താവ് തന്നോട് അടുക്കുന്നവരെ പ്രഹരിക്കുന്നതു ശിക്ഷണം നൽകാനാണ്'' (8:26f). ഈ വിഷയത്തെക്കുറിച്ചു ദാവീദു പറയുന്നു: 'നീതിമാൻമാർക്കനുഭവപ്പെടുന്ന കഷ്ടതകൾ അസംഖ്യങ്ങളത്രേ' (സങ്കീ. 34:19). അനേകം ദുരിതാനുഭവങ്ങളിലൂടെയാണ് നാം സ്വർഗരാജ്യത്തിലേയ്ക്ക് പ്രവേശിക്കേണ്ടത്'' എന്ന് ശ്ലീഹാ നടപടിപ്പുസ്തകത്തിൽ പറയുന്നു (14:21).

4 പരീക്ഷയിൽ പ്രവേശിക്കാതിരിക്കുന്നതിനുള്ള അഭ്യർത്ഥനയെ നാം ശരിക്ക് മനസ്സിലാക്കുന്നില്ലെങ്കിൽ—അധികമാളുകളും അതു ശരിക്ക് മനസ്സിലാക്കുന്നില്ല—ഇതേ അഭ്യർത്ഥന അപ്പസ്തോലന്മാർ നടത്തിയപ്പോൾ അതിന് പ്രയോജനമുണ്ടായില്ല എന്ന വസ്തുത കൂടെ എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അവർ ജീവിതം മുഴുവൻ ആയിരക്കണക്കിന് പീഡകൾ അനുഭവിച്ചു. വി. പൗലോസ് പറയുന്നു: 'ഞാൻ വളരെ

39. എഫേ. 6:12; സങ്കീ. 91:13.

www.malankaralibrary.com


യേറെ അധ്വാനിച്ചു; വളരെനാൾ കാരാഗൃഹവാസമനുഭവിച്ചു; എണ്ണമററ വിധം പ്രഹരമേററു; പലതവണ മരണവക്ത്രത്തിലകപ്പെട്ടു. അഞ്ചുപ്രാവശ്യം യഹൂദൻമാരുടെ കൈകളിൽനിന്ന് ഒന്നു കുറയെ നാല്പത് അടിവീതം കൊണ്ടു. മൂന്നു പ്രാവശ്യം വടികൊണ്ട് അടിക്കപ്പെട്ടു. ഒരിക്കൽ കല്ലെറിയപ്പെട്ടു. മൂന്നുപ്രാവശ്യം കപ്പലപകടത്തിൽപ്പെട്ടു. ഒരു രാത്രിയും ഒരു പകലും കടലിൽ ഒഴുകിനടന്നു' (2 കൊറി. 11:23–25). വി. പൗലോസ് 'എല്ലാവിധത്തിലും പീഡിപ്പിക്കപ്പെട്ട' വ്യക്തിയാണ്. അദ്ദേഹം 'വിഷമിപ്പിക്കപ്പെടുകയും ദ്രോഹിക്കപ്പെടുകയും അടിച്ചുവീഴ്ത്തപ്പെടുകയും ചെയ്തു' (4:8f). അദ്ദേഹം പറയുന്നു: 'ഈ നിമിഷം വരെ ഞങ്ങൾ വിശന്നും ദാഹിച്ചും നഗ്നരായും പ്രഹരങ്ങളേററും പാർപ്പിടമില്ലാതെയും കഴിഞ്ഞു. സ്വന്തം കൈ കൊണ്ടു ഞങ്ങൾ അധ്വാനിക്കുന്നു. നിന്ദിക്കപ്പെടുമ്പോൾ ഞങ്ങൾ അനുഗ്രഹിക്കുന്നു. പീഡിപ്പിക്കപ്പെടുമ്പോൾ ഞങ്ങൾ പ്രാർത്ഥിക്കുന്നു. (1 കൊറി. 4:11–13). അപ്പസ്തോലൻമാരുടെ പ്രാർത്ഥന കേൾക്കപ്പെട്ടില്ലെങ്കിൽ അവരെക്കാളൊക്കെ വളരെ താഴ്ന്നവരായ നമ്മുടെ പ്രാർത്ഥന കേൾക്കപ്പെടുമെന്ന് വിചാരിക്കാൻ എന്ത് ന്യായമാണുള്ളത്?

5. പ്രസ്തുത നിർദ്ദേശം കൊണ്ട് നമ്മുടെ രക്ഷകൻ ഉദ്ദേശിച്ചിരിക്കുന്നതെന്താണെന്നു സൂക്ഷ്മമായി വിചിന്തനം ചെയ്തിട്ടില്ലാത്ത ഒരാൾ ഇരുപത്തിയാറാം സങ്കീർത്തനത്തിലെ 'കർത്താവേ, എന്നെ പരീക്ഷിച്ച് എൻെറ ഉള്ളം തെളിയിക്കണമെ; എൻെറ ഹൃദയത്തെയും എൻെറ മനസ്സിനെയും പരീക്ഷിക്കണമേ' (2) എന്ന പ്രാർത്ഥന രക്ഷകൻെറ നിർദ്ദേശത്തിനു വിപരീതമായിട്ടുള്ളതാണെന്നു കരുതിയേക്കും. തിരിച്ചറിവു വരുന്ന കാലം മുതൽ മനുഷ്യൻ പ്രലോഭനങ്ങൾക്കു വിധേയനാണ്. ആ നിലയ്ക്ക്, മനുഷ്യൻ പ്രലോഭനങ്ങൾക്കതീതനാണെന്ന് ആരെങ്കിലും എന്നെങ്കിലും വിചാരിച്ചിട്ടുണ്ടോ? പാപത്തിനെതിരായി ക്ലേശിക്കേണ്ട ആവശ്യമില്ലാത്ത സമയം എപ്പോഴെങ്കിലും ഉണ്ടാകുമോ? ഒരു മനുഷ്യൻ ദരിദ്രനാണോ? എങ്കിൽ അവൻ ''മോഷണം നടത്തി ദൈവത്തിൻെറ നാമത്തെ നിന്ദ്യമാക്കാതിരിക്കാൻ ശ്രദ്ധിക്കട്ടെ (സുഭാ. 30:9). ഒരുവൻ ധനികനാണോ? എങ്കിൽ അവൻ അധികാത്മവിശ്വാസം ഉണ്ടാകാതെ സൂക്ഷിക്കട്ടെ. അവൻ നുണകൾ നിറഞ്ഞവനായിത്തീർന്നിട്ട് ''എന്നെ ആരാണു കാണുന്നത്?'' എന്നു പറഞ്ഞേക്കാം. വി. പൗലോസ് എല്ലാ വചനത്തിലും എല്ലാ വിജ്ഞാനത്തിലും നിറവുള്ളവനായിരുന്നല്ലോ. (1 കൊറി. 1:5). അതുകാരണത്താൽ സ്വയം ഉയർത്തി പാപത്തിൽ വീഴാനുള്ള അപകടത്തിൽ നിന്ന് അദ്ദേഹത്തിന് ഒഴിവു നൽകപ്പെട്ടിരുന്നില്ല. വെളിപാടുകളുടെ ആധിക്യത്തിൽ അദ്ദേഹം അധികം ആഹ്ലാദിക്കാതിരിക്കുന്നതിന് അദ്ദേഹത്തിൻെറ ശരീരത്തിൽ ഒരു മുള്ള് നൽകപ്പെട്ടിരുന്നു—അതായത് അദ്ദേഹത്തെ ശല്യപ്പെടുത്തുന്നതിന് പിശാചിൻെറ ഒരു ദൂതൻ (2 കൊറി. 12:7). ഒരു മനുഷ്യൻ അവൻെറ പൂർണ്ണതകളെപ്പററി ബോധവാനായിരിക്കുകയും എല്ലാ തിന്മകൾക്കും എതിരെ ഉയരുകയും ചെയ്യുകയാണെങ്കിൽ ദിനവൃത്താന്തം രണ്ടാം പുസ്തകത്തിൽ



ഹിസ്ക്കീയാ രാജാവിനെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ളത് അയാൾ വായിക്കട്ടെ. ഹൃദയം വളരെ ഉയർത്തപ്പെട്ടതുകൊണ്ട് അദ്ദേഹത്തിനു പതനം സംഭവിച്ചു എന്ന് എഴുതപ്പെട്ടിരിക്കുന്നു (32:25f).

6. ദരിദ്രരെ സംബന്ധിച്ച്, നാം ഇതുവരെ അധികമൊന്നും പറഞ്ഞില്ല. അതിനാൽ ദാരിദ്ര്യാവസ്ഥയിൽ പ്രലോഭനത്തിനിടമില്ല എന്നാരെങ്കിലും കരുതിയിട്ടുണ്ടെങ്കിൽ ''ദരിദ്രരെയും പാവപ്പെട്ടവരെയും വീഴ്ത്താൻ'' പ്രലോഭകൻ പരമാവധി ശ്രമിക്കും (സങ്കീ. 37:14) എന്ന് അവർ മനസിലാക്കിയിരിക്കട്ടെ. ''ദരിദ്രൻ ആക്ഷേപം പൊറുക്കുകയില്ല'' എന്നു സോളമൻ പറയുന്നു (സുഭാ. 18:8). വേണ്ടവിധം വിനിയോഗിക്കാത്ത ഭൗതികസമ്പത്തു കാരണം സുവിശേഷത്തിലെ ധനവാനെപ്പോലെ ശിക്ഷിക്കപ്പെട്ട ആളുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടെന്തു പ്രയോജനം? (ലൂ. 16:22ff). തങ്ങളുടെ ദാരിദ്ര്യം അപമാനകരമായ വിധത്തിൽ വഹിക്കുകയും നികൃഷ്ടവും ദാസോചിതവുമായ രീതിയിൽ ജീവിക്കുകയും ചെയ്തവർ എത്രപേരുണ്ട് എന്നന്വേഷിച്ചിട്ട് എന്തു കാര്യം? പുണ്യവാന്മാർക്കു യോജിച്ച വിധത്തിലല്ല അവർ ജീവിച്ചത്. അതിനാൽ സ്വർഗത്തിൽ അവർക്കുവേണ്ടി നിക്ഷിപ്തമായിരുന്ന പ്രത്യാശ അവർ നഷ്ടപ്പെടുത്തി. ധനികർക്കും ദരിദ്രർക്കും മദ്ധ്യേ പരിമിതമായ സാമ്പത്തികസ്ഥിതിയിലുള്ളവരും പാപസാഹചര്യങ്ങളിൽനിന്നു വിമുക്തരാണെന്നു വിചാരിക്കരുത്.

7. നല്ല ആരോഗ്യമുള്ള കരുത്തനായ മനുഷ്യൻ, താൻ പ്രലോഭനങ്ങൾക്കതീതനാണെന്നു വിചാരിച്ചേക്കും. എന്നാൽ നല്ല ശക്തിയും ആരോഗ്യവുമുള്ളവരല്ലാതെ മററാരാണ് ''ദൈവത്തിൻെറ ആലയത്തെ അശുദ്ധമാക്കുന്നത്'' (1 കൊറി. 3:17) എന്നാണ് എനിക്കു ചോദിക്കുവാനുള്ളത്. ആരും ഇതിനുത്തരം പറയാൻ ധൈര്യപ്പെടുകയില്ല; കാരണം വസ്തുതകൾ എല്ലാവർക്കും സുജ്ഞാതമത്രേ. ഇനി രോഗികളായ മനുഷ്യരെക്കുറിച്ചു പറഞ്ഞാലോ ? രോഗം മൂലം അലസനായി കഴിയുന്ന അവസരത്തിൽ ''ദൈവത്തിൻെറ ആലയത്തെ അശുദ്ധമാക്കാനുള്ള'' പ്രചോദനങ്ങൾ ആർക്കാണുണ്ടാകാത്തത് ? അശുദ്ധമായ പ്രവൃത്തികളെക്കുറിച്ചുള്ള വിചാരങ്ങൾ മനസിനെ അലട്ടാൻ അപ്പോഴാണു സാദ്ധ്യത കൂടുതൽ. ''എല്ലാ ജാഗ്രതയോടുംകൂടി ഹൃദയത്തെ സൂക്ഷിച്ചി''ല്ലെങ്കിൽ അയാളുടെ ഹൃദയത്തെ അലട്ടാനിടയുള്ള മററെല്ലാ വിചാരങ്ങളെയും ഞാൻ എണ്ണിയെണ്ണിപ്പറയേണ്ടതായിട്ടുണ്ടോ ? (സുഭാ. 4:23). ചിലയാളുകൾ ക്ലേശങ്ങൾമൂലം കുഴഞ്ഞു വീഴുന്നു. രോഗങ്ങളെ പൗരുഷപൂർവ്വം നേരിടാൻ അവർക്കു കഴിവില്ല. അവരുടെ അനാരോഗ്യവും അവശതയും ശരീരത്തിലെന്നതിലധികം മനസിലാണെന്ന് അവർ വെളിപ്പെടുത്തുന്നു. ചിലർ സ്വന്തം പ്രമാണിത്തം ആഗ്രഹിക്കുന്നു. ക്രിസ്തുവിൻെറ നാമം അന്തസ്സോടെ ഉയർത്തിപ്പിടിക്കാൻ അവർക്കു വൈമനസ്യമാണ്. അതിൻെറ ഫലമായി അവർ അവസാനിക്കാത്ത നാണക്കേടിൽ നിപതിക്കുന്നു.

www.malankaralibrary.com


8. മനുഷ്യരുടെയിടയിൽ ബഹുമാനിക്കപ്പെടുമ്പോൾ മനസുഖം കിട്ടുമെന്നും അതുമൂലം പ്രലോഭനമൊന്നുമുണ്ടാവുകയില്ലെന്നും വിചാരിക്കുന്ന ചിലരുണ്ട്. മനുഷ്യരിൽനിന്ന് ''അവർക്ക് അവരുടെ പ്രതിഫലം ലഭിച്ചുകഴിഞ്ഞു'' എന്നുള്ളത് കടുത്ത വാക്കുകൾ തന്നെയല്ലേ ? ജനസഞ്ചയത്തിന്റെ ആദരപ്രകടനം ഒരു നൻമയാണെന്നു കരുതി അതിൽ അഭിരമിക്കുന്നവരെക്കുറിച്ചു പറയപ്പെട്ടവയാണ് ആ മൊഴികൾ. പരസ്പരം മഹത്ത്വം സ്വീകരിക്കുകയും ഏക ദൈവത്തിൽനിന്നു വരുന്ന മഹത്ത്വം അന്വേഷിക്കാതിരിക്കുകയും ചെയ്യുന്ന നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കാൻ കഴിയും?'' എന്ന വചനങ്ങളിൽ അവരെക്കുറിച്ചുള്ള ഉപാലംഭം ഇല്ലേ? (യോഹ. 5:44). ഉന്നതകലജാതരെന്നു പറയപ്പെടുന്നവരുടെ അഹങ്കാരം; ശ്രേഷ്ഠൻമാരെന്നു തെററായി കരുതപ്പെടുന്ന അവരുടെനേർക്ക് താഴ്ന്നതെന്നു പറയപ്പെടുന്ന കുലത്തിൽ ജനിച്ചവർ അവരുടെ അജ്ഞതമൂലം കാണിക്കുന്ന ദാസത്വഭാവം നിറഞ്ഞ വിനയം തുടങ്ങിയവയും പാപമാണെന്നു ഞാൻ എടുത്തു പറയേണ്ടതുണ്ടോ ?യഥാർത്ഥ സ്നേഹമില്ലാത്തവരെ ദൈവത്തിൽനിന്നു പൂർണ്ണമായി അകററാൻ മാത്രമേ അത്തരം അടിമ സമ്പ്രദായങ്ങൾ ഉപകരിക്കുകയുള്ളു. മനുഷ്യസ്നേഹത്തിന്റെ ചില വശങ്ങളെ മാത്രം അത് അനുകരിക്കുന്നു.

9. ഭൂമിയിലെ മനുഷ്യജീവിതം ആദ്യന്തം പ്രലോഭനമാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അതിനാൽ പ്രലോഭനങ്ങളിൽനിന്നു രക്ഷിക്കപ്പെടാൻ നമുക്കു പ്രാർത്ഥിക്കാം. പ്രലോഭനങ്ങളേ ഉണ്ടാകരുതെന്നല്ല നാം പ്രാർത്ഥിക്കേണ്ടത്. അത് അസാദ്ധ്യമാണെന്നു നേരത്തേ പറഞ്ഞല്ലോ. പ്രലോഭനങ്ങളിൽ നാം പരാജയപ്പെടാതിരിക്കാൻ വേണ്ടിയാണു നാം പ്രാർത്ഥിക്കേണ്ടത്. പ്രലോഭനങ്ങളുടെ വലയിൽ കുടുങ്ങി അതിൽ അകപ്പെടുന്നവനാണ് പരാജയപ്പെടുന്നത്. ഉത്തമഗീതത്തിലെ പ്രസ്താവമനുസരിച്ച് നമ്മുടെ രക്ഷകൻ, നേരത്തേ വലയിൽ കുടുങ്ങിയ ആളുകൾക്കുവേണ്ടി അതിൽ പ്രവേശിച്ചതാണ്. അവിടുന്ന് തന്റെ മണവാട്ടിയോടെന്നപോലെ അവരോട് പറയുന്നു: 'എന്റെ അയൽക്കാരീ, എന്റെ സുന്ദരീ, എന്റെ മാടപ്രാവേ, എഴുന്നേല്ക്കു, വരൂ' (2:9–10).

മനുഷ്യരെ സംബന്ധിച്ച് ഏതു സമയവും പ്രലോഭനത്തിന്റെ സമയമായിരിക്കും എന്നു വ്യക്തമാക്കാൻ ഒരു കാര്യംകൂടെ ഞാൻ പറയുന്നു. 'ദൈവത്തിന്റെ നിയമത്തെക്കുറിച്ച് രാപകൽ ധ്യാനിക്കുകയും' (സങ്കീ. 1:2) 'നീതിമാന്റെ വായിൽനിന്ന് വിജ്ഞാനം പുറപ്പെടുന്നു' (സുഭാ. 10:31) എന്ന വചനങ്ങൾ ജീവിതത്തിൽ പകർത്താൻ അവിരാമം പ്രയത്നിക്കുകയും ചെയ്യുന്നവൻപോലും പ്രലോഭനങ്ങളിൽനിന്ന് വിമുക്തനായിരിക്കുകയില്ല.

10. ഇനി വേറെ ചിലയാളുകളുണ്ട്. അവർ വി. ലിഖിതങ്ങളുടെ പഠനത്തിനായി സ്വയം സമർപ്പിച്ചവരാണ്. എന്നാൽ അവരിൽ ചിലർ നിയമത്തിലും പ്രവാചകൻമാരിലും നൽകപ്പെട്ടിട്ടുള്ള നിർദേശങ്ങൾ തെററായ



വിധത്തിലാണ് മനസിലാക്കുന്നത്. ഭക്തിവിരുദ്ധവും നിരീശ്വരപരവും ബുദ്ധിശൂന്യവുമായ തത്ത്വങ്ങളെ ആശ്ളേഷിച്ചിരിക്കുന്നു. അവരെക്കുറിച്ചിപ്പോൾ എന്താണ് പറയേണ്ടത്? അത്തരം അബദ്ധങ്ങളിൽ നിപതിക്കുന്നവർ അവരുടെ പഠനങ്ങളിൽ ഉപേക്ഷ കാണിക്കുന്നു എന്ന് പ്രത്യക്ഷത്തിൽ പറയാൻ പാടില്ലെങ്കിലും അവർ യഥാർത്ഥത്തിൽ ലെഗിയോൻ തന്നെയാണ്. അപ്പസ്തോലൻമാരുടെയും സുവിശേഷകൻമാരുടെയും ലിഖിതങ്ങൾ പഠിക്കുന്ന പലർക്കും ഇതേ ദൌർഭാഗ്യം സംഭവിച്ചിട്ടുണ്ട്. അവർ സ്വന്തം ഭോഷത്തംകൊണ്ട് വിശുദ്ധ രുടെ യഥാർത്ഥ വിചിന്തനത്തിൽനിന്നും ദൈവശാസ്ത്രത്തിൽനിന്നും അന്യമായ ഒരു പിതാവിനെയും പുത്രനെയും കണ്ടുപിടിച്ചിരിക്കുന്നു. ദൈവത്തെയോ തന്റെ ക്രിസ്തുവിനെയോ കുറിച്ച് സത്യത്തിനനുഗുണമല്ലാത്ത വിധത്തിൽ ചിന്തിക്കുന്നവൻ സത്യദൈവത്തിൽനിന്നും തന്റെ ഏകജാതനിൽ നിന്നും തെന്നിയകന്നുപോവുകയാണ്. അവന്റെ ബുദ്ധിശൂന്യത ഒരേ സമയം പിതാവും പുത്രനും എന്ന് അയാൾ ചിന്തിക്കുന്ന ഒരു ദൈവത്തെ കണ്ടുപിടിച്ചിരിക്കുന്നു. അവന്റെ ആരാധന ആരാധനയല്ല. ഇങ്ങനെ സംഭവിക്കുന്നതിന്റെ കാരണമെന്താണെന്നോ? വിശുദ്ധ ലിഖിതങ്ങൾ വായിക്കുന്ന സന്ദർഭത്തിൽ അനുഭവപ്പെടാവുന്ന പ്രലോഭനത്തെക്കുറിച്ച് അത്തരക്കാർ ബോധവാൻമാരല്ല. ആ സമയത്ത് ആവശ്യമായ ആദ്ധ്യാത്മികപോരാട്ടത്തിന് അയാൾ തയ്യാറെടുത്തിരുന്നില്ല.

## ദൈവം പ്രലോഭനങ്ങൾ അനുവദിക്കുന്നു

11 അപ്പോൾ, നാം പ്രാർത്ഥിക്കേണ്ടത് നമുക്ക് പ്രലോഭനം ഉണ്ടാകരുതേ എന്നല്ല; അത് അസാദ്ധ്യകാര്യമത്രേ. പ്രലോഭനത്തിന്റെ ശക്തിക്ക് നമ്മെ അധീനരാക്കരുതേ എന്നാണ് നാം പ്രാർത്ഥിക്കേണ്ടത്. കർത്തൃപ്രാർത്ഥനയിലല്ലാതെ മറെറാരിടത്ത് 'പ്രലോഭനത്തിൽ അകപ്പെടാതിരിക്കുവാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ' എന്ന് നമ്മുടെ കർത്താവിന്റെ കല്പന നമുക്ക് ലഭിച്ചിട്ടുണ്ടല്ലോ. (ആ കല്പനയുടെ അർത്ഥം ഇതിനുമുമ്പ് വിവരിച്ച കാര്യങ്ങളിൽനിന്ന് സാമാന്യം വിശദമായിട്ടുണ്ടെന്ന് കരുതുന്നു.) എന്നാൽ കർത്തൃപ്രാർത്ഥയിലാകട്ടെ, 'ഞങ്ങളെ പ്രലോഭനത്തിൽ അകപ്പെടുത്തല്ലേ' എന്നു നാം പിതാവായ ദൈവത്തോടു പ്രാർത്ഥിക്കുകയും വേണം. അതിനാൽ പ്രാർത്ഥിക്കാത്ത മനുഷ്യനെ, അഥവാ പ്രാർത്ഥന സ്വീകരിക്കപ്പെടാത്തവനെ, ദൈവം പ്രലോഭനത്തിൽ അകപ്പെടുത്തുന്നത് എങ്ങനെയാണെന്ന് നാം മനസ്സിലാക്കുന്നത് നന്നായിരിക്കും. ഒരു മനുഷ്യൻ പ്രലോഭനത്തിൽ അകപ്പെടുകയും പരാജയപ്പെടുകയും ചെയ്യുമ്പോൾ ദൈവം അവനെ പരാജയത്തിനായി വിട്ടുകൊടുക്കുകയാണെന്ന് കരുതുന്നത് അബദ്ധമത്രേ. നാം എങ്ങനെയെല്ലാം വ്യാഖ്യാനിച്ചാലും 'പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ പ്രാർത്ഥിക്കുവിൻ' (മത്താ. 26:41) എന്ന വാക്യത്തിലും ഇതേ പൊരുത്തക്കേട് നിലനിൽക്കുന്നു. പ്രലോഭനത്തിൽ അകപ്പെടുന്നതു തിന്മയാണെങ്കിൽ—അങ്ങനെ സംഭവിക്കാതിരിക്കാൻ വേണ്ടി നാം

www.malankaralibrary.com



പ്രാർത്ഥിക്കുന്നുമുണ്ട്— 'ഫലത്തഫലങ്ങൾ പുറപ്പെടുവിക്കാൻ കഴിയാത്തവനായ' ദൈവം ഒരു മനുഷ്യനെ തിന്മകൊണ്ടു വലയം ചെയ്യും എന്ന് വിശ്വസിക്കുന്നത് തികച്ചും അസംഗതമല്ലേ?

12. മുകളിലുദ്ധരിച്ച വേദപുസ്തക വാക്യങ്ങളെ വി. പൗലോസ് റോമാക്കാർക്കുള്ള ലേഖനത്തിൽ പറയുന്ന ഈ വാക്യങ്ങളുമായി താരതമ്യം ചെയ്യുന്നത് ഉപയോഗപ്രദമായിരിക്കും: 'ബുദ്ധിമാന്മാരാണെന്നവകാശപ്പെട്ടുകൊണ്ട് അവർ ഭോഷന്മാരായിത്തീർന്നു. അവർ അമർത്യനായ ദൈവത്തിന്റെ മഹത്ത്വം മർത്ത്യനായ മനുഷ്യന്റെയോ പക്ഷികളുടെയോ മൃഗങ്ങളുടെയോ ഇഴജന്തുക്കളുടെയോ സാദൃശ്യമുള്ള വിഗ്രഹങ്ങൾക്കു കൈമാറി. അതുകൊണ്ട് ദൈവം അവരെ തങ്ങളുടെ ഹൃദയത്തിന്റെ ഭോഗാസക്തികളോടു കൂടി, ശരീരങ്ങൾ പരസ്പരം അപമാനിതമാകുന്നതിന് അശുദ്ധിക്ക് ഏല്പിച്ചുകൊടുത്തു' (1:22ff.). അല്പം കഴിഞ്ഞ്, 'അക്കാരണത്താൽ ദൈവം അവരെ നിന്ദ്യമായ വികാരങ്ങൾക്കു വിട്ടുകൊടുത്തു. അവരുടെ സ്ത്രീകൾ സ്വാഭാവിക ബന്ധങ്ങൾക്കു പകരം പ്രകൃതിവിരുദ്ധ ബന്ധങ്ങളിൽ ഏർപ്പെട്ടു. അതുപോലെ പുരുഷന്മാർ സ്ത്രീകളുമായുള്ള സ്വാഭാവികബന്ധം ഉപേക്ഷിക്കയും പരസ്പരാസക്തിയാൽ ജ്വലിക്കയും ചെയ്തു. ദൈവത്തെ അംഗീകരിക്കുകയെന്നതു പോരായ്മയായി അവർ കരുതിയതു നിമിത്തം, അനുചിതപ്രവൃത്തികൾ ചെയ്യുവാൻ നികൃഷ്ട ചിന്തകൾക്കു ദൈവം അവരെ കൈവിട്ടു' (1:26ff).

ദൈവത്തെ രണ്ടായി പങ്കിടുന്ന ആളുകളെ ഉദ്ദേശിച്ചാണ് ഈ വാക്യങ്ങളെല്ലാം ഉദ്ധരിച്ചിട്ടുള്ളത്. 40 നിയമത്തിന്റെ ദൈവത്തെയും നമ്മുടെ കർത്താവിന്റെ 'നല്ല' പിതാവിനെയും തമ്മിൽ വേർതിരിക്കുന്നവരോടു പറയാനുള്ളതിതാണ്: പ്രാർത്ഥന ശ്രവിക്കാതെ, ആരാധകനെ 'നല്ല' ദൈവം പരീക്ഷയിൽ പ്രവേശിപ്പിക്കുന്നെങ്കിൽ, പാപം ചെയ്തവരെ തങ്ങളുടെ സ്വന്തം ഹൃദയങ്ങളിലെ ദുരാശകൾക്കും തങ്ങൾക്കിടയിൽ സ്വന്തം ശരീരങ്ങളെ അപമാനിക്കുന്നതിനും കർത്താവിന്റെ പിതാവ് അശുദ്ധിയിൽ കൈവിട്ടെങ്കിൽ; അവർ പറയുന്നതുപോലെ അവൻ അവരെ വിധിക്കുന്നതിൽനിന്നും ശിക്ഷിക്കുന്നതിൽനിന്നു അകന്നുനില്ക്കുന്നു എങ്കിൽ, എങ്ങനെയാണ് അവരെ ഗർഹണീയകർമ്മങ്ങൾ ചെയ്യാനായി ലജ്ജാകരമായ വികാരങ്ങൾക്കും നികൃഷ്ടചിന്തയ്ക്കും വിട്ടുകൊടുക്കുന്നത്; ദൈവം അവരെ കൈവിട്ടില്ലായിരുന്നെങ്കിൽ അവർ തങ്ങളുടെ ഹൃദയത്തിന്റെ ദുഷ്കാമങ്ങൾക്കു വിധേയരാകുമായിരുന്നില്ല; ദൈവം അവരെ അവയ്ക്കേല്പിച്ചില്ലായിരുന്നെങ്കിൽ അവർ ലജ്ജാകരമായ വികാരങ്ങളിൽ വീഴുകയില്ലായിരുന്നു; ദൈവം അവരെ വിധിക്കുകയും ഏല്പിച്ചു കൊടുക്കുകയും ചെയ്യാതിരുന്നെങ്കിൽ അവർ നികൃഷ്ട ചിന്തയ്ക്ക് അധീനരാകുമായിരുന്നില്ല.

40. മാർസിയൻ എന്ന പാഷണ്ഡിയുടെ പിൻഗാമികൾ.



13. ഈ ചിന്തകൾ അവരെ വളരെ ക്ലേശിപ്പിക്കുന്നുണ്ടെന്നെനിക്കറിയാം. അതിനാൽ ആകാശവും ഭൂമിയും സൃഷ്ടിച്ച ദൈവത്തിനു പുറമെ വേറൊരു ദൈവത്തെക്കൂടെ അവർ സൃഷ്ടിച്ചു. മുകളിൽ ഉദ്ധരിച്ചതിനു തുല്യമായ അനേകം വാക്യങ്ങൾ നിയമത്തിലും പ്രവാചകന്മാരിലും കാണാനുണ്ട്. അതിനാൽ അത്തരം പ്രഖ്യാപനങ്ങൾ നടത്തുന്ന ദൈവം നല്ലവനല്ലെന്ന് അവർ പരിഭവം വിചാരിക്കുന്നു. ''ഞങ്ങളെ പ്രലോഭനത്തിൽ അകപ്പെടുത്തരുതേ'' എന്ന വാക്കുകൾ ഒരു വിഷമസ്ഥിതി സൃഷ്ടിച്ചിട്ടുണ്ടല്ലോ. ഈ പൊരുത്തക്കേടിന് തൃപ്തികരമായ സമാധാനം കണ്ടുപിടിക്കാൻ കഴിയുമോ എന്നു നോക്കാം.

ഓരോ മനുഷ്യാത്മാവിന്റെ കാര്യത്തിലും ഇടപെടുമ്പോൾ ദൈവത്തിന് അതിന്റെ നിത്യമായ ജീവിതത്തെക്കുറിച്ചു പരിഗണനയുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു. മനുഷ്യാത്മാവിന് എപ്പോഴും തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യമുണ്ട്. അത് ഒരുപക്ഷേ നന്മയുടെ കൊടുമുടിയിലേയ്ക്ക് ആരോഹണം ചെയ്തേക്കാം. അല്ലെങ്കിൽ അനവധാനത കൊണ്ട് തിന്മയുടെ പടുകുഴിയിൽ നിപതിച്ചേക്കാം. ഇവയിൽ ഏതാണു സംഭവിക്കുന്നതെങ്കിലും അതിന്റെ ഉത്തരവാദിത്വം ആത്മാവിനു തന്നെയാണ്.

ഒരസുഖം ഉണ്ടായിട്ട് അതു പെട്ടെന്നു ശമിച്ചാൽ ആ അസുഖത്തെക്കുറിച്ച് ആരും ഗൗരവപൂർവ്വം ചിന്തിക്കുകയില്ല. പെട്ടെന്നു ഭേദമായിക്കൊള്ളുമല്ലോ എന്ന ചിന്തയാണു കാരണം. രോഗമോചനം വന്നതിനു ശേഷം വീണ്ടും അല്പം ക്ഷീണം തോന്നിയാലും വകവയ്ക്കുകയുമില്ല. ദൈവം മനുഷ്യരുടെ ദുഷ്ടതയോട് ഒട്ടൊരു സഹിഷ്ണുത കാണിച്ചാലും ഇതുതന്നെയാണു സ്ഥിതി. പാപാവസ്ഥ വല്ലാത്തൊരു പാകത്തിലെത്തിയാലും ദൈവം അവഗണിച്ചെന്നു വരും. തിന്മയിൽ ദീർഘകാലം നിലനിൽക്കുകയും തങ്ങൾ ആഗ്രഹിക്കുന്ന പാപങ്ങൾ മതിയാവോളം ചെയ്യുകയും ചെയ്യുന്നതുവഴി അവയോടു മടുപ്പും വെറുപ്പും തോന്നുന്ന ഒരവസ്ഥയിൽ അവർ എത്തിച്ചേരും. അപ്പോൾ ലബ്ധമാകുന്ന ആധ്യാത്മികാരോഗ്യം കൂടുതൽ പൂർണ്ണമായും സുരക്ഷിതമായും ആസ്വദിക്കാൻ അവർക്കു കഴിയും. ഇതിനൊരുദാഹരണം ഇസ്രായേൽക്കാരോടു കൂടി കലർന്ന അന്യവർഗക്കാരാണ്. ''അവർ ദുരാഗ്രഹത്തിനടിമകളായി. ഇസ്രായേല്യരും സങ്കടം പറച്ചിൽ തുടർന്നു. ആരാണു ഞങ്ങൾക്കു ഭക്ഷിക്കാൻ മാംസം തരുക ? ഈജിപ്തിൽ വെറുതെ കിട്ടിയിരുന്ന മത്സ്യം, വെള്ളരിക്ക, മത്തങ്ങ, സവോള, ചെമന്നുള്ളി, വെള്ളുള്ളി, ഇവയൊക്കെ ഞങ്ങൾ ഓർക്കുന്നു. ഇവിടെ ഞങ്ങളുടെ പ്രാണൻ പോകുന്നു. ഈ മന്നായല്ലാതെ മറ്റൊന്നും കാണാനില്ല. ഇസ്രായേൽ കുടുംബങ്ങൾ ഓരോന്നും സ്വന്തം കൂടാരവാതിൽക്കൽ ഇരുന്നു വിലപിക്കുന്നത് മോശ കേട്ടു. കർത്താവ് മോശയോട് അരുളിച്ചെയ്തു: ജനത്തോട് പറയുക: നാളത്തേയ്ക്ക് നിങ്ങളെത്തന്നെ ശുദ്ധീകരിക്കുക. നിങ്ങൾക്ക് ഭക്ഷിക്കാൻ മാംസം ലഭിക്കും.

www.malankaralibrary.com



കർത്താവ് നിങ്ങൾക്ക് മാംസം തരും. നിങ്ങൾ ഭക്ഷിക്കുകയും ചെയ്യും. ഒന്നോ രണ്ടോ അഞ്ചോ പത്തോ ഇരുപതോ ദിവസത്തേയ്ക്കല്ല, നിങ്ങൾ അതു തിന്നുക. നിങ്ങളുടെ മൂക്കിലൂടെ പുറത്തേയ്ക്ക് വന്ന് ഓക്കാനം വരുന്നതുവരെ ഒരുമാസത്തേയ്ക്ക് നിങ്ങൾ അതു ഭക്ഷിക്കും. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ഇടയിൽ വസിക്കുന്ന കർത്താവിനെ നിങ്ങൾ ഉപേക്ഷിക്കുകയും ഈജിപ്തിൽ നിന്ന് പോന്നത് ബുദ്ധിമോശമായിപ്പോയി എന്നു വിലപിക്കുകയും ചെയ്തു' (സംഖ്യ, 11:4f).

14. ഈ കഥയൊന്നു പരിശോധിക്കുക. അതിനുശേഷം 'ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ' എന്ന പ്രാർത്ഥനയും പൗലോസിന്റെ ഉദ്ധരിക്കപ്പെട്ട വാക്കുകളും തമ്മിൽ ഉള്ളതായിത്തോന്നുന്ന പൊരുത്തക്കേട നീങ്ങിക്കിട്ടുന്നുണ്ടോ എന്നു പരിഗണിക്കുക. 'ഇസ്രായേല്യരുടെ ഇടയിലുണ്ടായിരുന്ന അന്യവർഗക്കാർ ദുരാഗ്രഹങ്ങൾക്കടിമകളായി. അവരോടൊപ്പം ഇസ്രായേല്യരും സങ്കടം പറച്ചിൽ തുടർന്നു. 'അവർ ആഗ്രഹിച്ചതു കിട്ടുംവരെ അവർക്ക് തൃപ്തിപ്പെടാനോ ആഗ്രഹത്തിന്റെ വേദനകൾ അനുഭവിക്കാതിരിക്കാനോ കഴിഞ്ഞില്ല. നല്ലവനും മനുഷ്യരെ സ്നേഹിക്കുന്നവനുമായ ദൈവം അവരുടെ ആഗ്രഹം സാധിച്ചുകൊടുത്തത് ആ ആഗ്രഹം അവരിൽ അവശേഷിക്കും വിധത്തിലല്ല. അതുകൊണ്ടാണ് അവർ ഒരു ദിവസം മാത്രമല്ല മാംസം ഭക്ഷിക്കാൻ പോകുന്നത് എന്ന് ദൈവം പറഞ്ഞത്. അല്പകാലത്തേയ്ക്കു മാത്രം മാംസം ഭക്ഷിച്ചാൽ മാംസത്തിനുവേണ്ടിയുള്ള അവരുടെ ആഗ്രഹം അവരിൽ ജ്വലിച്ചുതന്നെ നിൽക്കും. ദൈവം അവർക്ക് മാംസം നൽകാൻ പോകുന്നത് രണ്ടു ദിവസത്തേയ്ക്കുമല്ല. ഒരുതരത്തിൽ പറഞ്ഞാൽ ദൈവം അവർക്ക് ഒരു വാഗ്ദാനം നൽകുകയല്ല, അവിടുത്തെ വാക്കുകൾ ഗ്രഹിക്കാൻ കഴിവുള്ളവർക്ക് മനസിലാകും, അവിടുന്ന് അവരെ ഭീഷണിപ്പെടുത്തുകയാണെന്ന്; അവിടുത്തെ വാക്കുകൾ ശ്രദ്ധിക്കുക: 'നിങ്ങൾ മാംസം ഭക്ഷിക്കാൻ പോകുന്നത് അഞ്ച് ദിവസത്തേയ്ക്കല്ല, പത്തുദിവസത്തേയ്ക്കല്ല, ഇരുപത് ദിവസത്തേയ്ക്കല്ല, തുടർച്ചയായി ഒരു മാസത്തേയ്ക്കാണ്. മാംസം നിങ്ങളുടെ മൂക്കിലൂടെ പുറത്തുചാടും. അത് നിങ്ങൾക്ക് അറപ്പുളവാക്കും. അതോടുകൂടി നിങ്ങളുടെ നാണം കെട്ട, ഗർഹണീയമായ കൊതി അടങ്ങും. നിങ്ങൾ ആഗ്രഹങ്ങളിൽ നിന്ന് വിമുക്തരായിക്കഴിയുമ്പോൾ നിങ്ങളെ ജീവിതത്തിൽനിന്ന് അടർത്തിയെടുത്തു കൊണ്ടുപോകാനാണ് ഞാനാഗ്രഹിക്കുന്നത്. അപ്പോൾ നിങ്ങൾ ആഗ്രഹങ്ങളിൽനിന്ന് വിശുദ്ധീകൃതരായിരിക്കും. എത്ര ക്ലേശിച്ചാണ് ആഗ്രഹവിമുക്തി നേടിയതെന്നോർക്കുന്ന നിങ്ങൾ വീണ്ടും അതിലേയ്ക്ക് നിപതിക്കുകയില്ല. ഒരു പക്ഷേ വീണ്ടും ആഗ്രഹമുണ്ടാവുകയാണെങ്കിൽത്തന്നെ അതു നീണ്ട ഇടവേളകൾക്ക് ശേഷമായിരിക്കും. ആഗ്രഹങ്ങൾ നിമിത്തമുണ്ടായ ദുരിതങ്ങൾ അപ്പോഴേയ്ക്ക് നിങ്ങൾ മറന്നുപോയിരിക്കും. സൃഷ്ടവസ്തുക്കളെക്കുറിച്ചുള്ള ആഗ്രഹം കാരണമായി ആ ആഗ്രഹം സാധിക്കാൻ നിങ്ങൾ വീണ്ടും ശ്രമിക്കും. വീണ്ടും അതിനെ വെറുക്കാനിടയാകും. നല്ല കാര്യങ്ങളെക്കുറിച്ചുള്ള ചിന്തയിലേയ്ക്ക് നിങ്ങൾ പിന്തിരിയും.'



15. 'അമർത്യനായ ദൈവത്തിന്റെ മഹത്വം മർത്ത്യനായ മനുഷ്യന്റെയോ പക്ഷികളുടെയോ മൃഗങ്ങളുടെയോ ഇഴജന്തുക്കളുടെയോ സാദൃശ്യമുള്ള വിഗ്രഹങ്ങൾക്ക് കൈമാറുന്നവർക്ക്' ഉണ്ടാകുന്ന അനുഭവവും ഇതുപോലെതന്നെയാണ്. 'ദൈവം അവരെ തങ്ങളുടെ ഹൃദയത്തിന്റെ ഭോഗാസക്തികളോടുകൂടി ശരീരങ്ങൾ പരസ്പരം അവമാനിതമാക്കുന്നതിന് അശുദ്ധിക്ക് ഏല്പിച്ചുകൊടുത്തു' (റോമ. 1:23f). ജീവനില്ലാത്ത വസ്തുക്കൾക്കും ബോധമില്ലാത്ത ജന്തുക്കൾക്കും ദൈവമെന്ന പേരു നൽകി. ദൈവമാകട്ടെ, ബുദ്ധിയും അനുഭൂതികൾക്കുള്ള കഴിവുകളും ഉള്ള എല്ലാവർക്കും കാര്യഗ്രഹണചാതുര്യം നൽകിയവനാണല്ലോ. ആ ഗ്രഹണശക്തി യുക്തിപൂർണ്ണമാണ്. ചിലർക്ക് ആ ശക്തി യുക്തിപൂർണ്ണമായ ദർശനത്തിന്റെയും അവികലവും സുകൃതപൂർണ്ണവുമായ ധാരണയുടെയും ശക്തിയായിരിക്കാം. അത്ര വിശിഷ്ടമായ കഴിവുകൾ നൽകിയ ദൈവത്തെ തിരസ്കരിച്ച ആ മനുഷ്യരെ ദൈവവും തിരസ്കരിച്ചെങ്കിൽ അതു കേവലം ന്യായമാകുന്നു. ദൈവം അവരെ ലജ്ജാകരമായ താല്പര്യങ്ങൾക്ക് ഏല്പിച്ചുകൊടുക്കുന്നു. അങ്ങനെ അവർക്ക് അവരുടെ തെററിന് തക്ക ശിക്ഷ ലഭിക്കുന്നു (1:27). ലജ്ജാകരമായ സ്നേഹങ്ങൾക്ക് അധീനരാകുമ്പോഴാണ് ഈ ശിക്ഷ കൂടുതൽ ദുസ്സഹമായിത്തീരുന്നത്. അവർ വിജ്ഞാനത്തിന്റെ അഗ്നിയിൽ ശുദ്ധീകൃതരാവുകയോ അവസാനത്തെ ചില്ലിക്കാശുപോലും കൊടുത്തുതീരുംവരെ ജയിൽ ശിക്ഷയ്ക്ക് വിധേയരാവുകയോ ചെയ്യുന്നത് അത്ര ദുസ്സഹമായ അവസ്ഥയല്ല. പ്രകൃത്യാനുസൃതവും പ്രകൃതിവിരുദ്ധവുമായിട്ടുള്ള ലജ്ജാകരമായ സ്നേഹങ്ങൾക്ക് വിധേയരായിത്തീരുമ്പോൾ അവർ സ്വയം മലിനപ്പെടുത്തുകയാണ്. അവർക്ക് വിശേഷബുദ്ധിയോ ആത്മാവോ ഇല്ലെന്ന് തോന്നത്തക്ക വിധത്തിൽ, മാംസം മൂലം അവർ അത്ര കെട്ടവരായിത്തീരും. 'അഗ്നി'യിലും 'കാരാഗൃഹ'ത്തിലും അവർക്ക് ലഭിക്കുന്നത് യഥാർത്ഥത്തിൽ അവരുടെ തെററിനുള്ള ശിക്ഷയല്ല: അവർ ചെയ്ത തെററുകളുടെ തിന്മയിൽനിന്നുള്ള ഒരു ശുദ്ധീകരണമാണ്. രക്ഷാകരമായ പരീക്ഷണങ്ങളോടൊപ്പം അവയും അവർക്കു ലഭിക്കുകയാണ്. പാപാവസ്ഥയിലായിരുന്നപ്പോൾ ശിക്ഷയിൽ നിന്നു വിമുക്തി പ്രതീക്ഷിക്കാൻ പോലും വയ്യാത്ത നിലയിലായിരുന്നു അവർ. അഴുക്കും ചോരയും കൊണ്ട് ആകെ കളങ്കപ്പെട്ടിരുന്ന അവസ്ഥയിൽ നിന്ന് അവർ വിമുക്തരാകുന്നു. ''കർത്താവ് സീയോൻ പുത്രിമാരുടെ മലിനതകൾ കഴുകിക്കളഞ്ഞ് ന്യായവിധിയുടെ ചൈതന്യം കൊണ്ടും ജ്വലനത്തിന്റെ ചൈതന്യംകൊണ്ടും ജെറുസലെമിന്റെ മദ്ധ്യത്തിൽ നിന്നു രക്തക്കറകൾ നീക്കിക്കളയും (ഏശാ. 4:4). ''എന്തെന്നാൽ ശുദ്ധീകരിക്കുന്ന അഗ്നിപോലെയും വസ്ത്രങ്ങൾ ശുദ്ധീകരിക്കുന്നവന്റെ ഔഷധച്ചെടിപോലെയും അവിടുന്നു വരുന്നു (മാലാ. 3:2). തങ്ങളുടെ അറിവിൽ, ദൈവമുണ്ടായിരിക്കുന്നത് ഇഷ്ടപ്പെടാത്തയാളുകളുണ്ട്. അവർക്ക് ഇത്തരം ശുദ്ധീകരണങ്ങളും ചികിത്സകളും ആവശ്യമാണ്. അത്തരം ചികിത്സാവിധികൾക്ക വിധേയരായി കഴിഞ്ഞാൽ അവർ അധഃപതിച്ച ചിന്താഗതികളെ നിഷ്പ്രയാസം

www.malankaralibrary.com



എതിർത്തുതുടങ്ങും. ഒരാൾക്കും അയാളുടെ ഹിതത്തിനെതിരായി നന്മ ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. ഓരോരുത്തരും ഇച്ഛാപൂർവ്വം നന്മ അംഗീകരിക്കണം. തിന്മയിലും ദുഷ്ടതയിലും ദീർഘകാലം തഴങ്ങിയ ചിലർ ഉണ്ടായിരിക്കും. അവർക്ക് സ്വന്തം പ്രവൃത്തികളുടെ ഹീനത മനസിലായി വരാൻ തന്നെ വളരെക്കാലം പിടിക്കും. നല്ലതാണെന്ന് അവർ തെററിദ്ധരിച്ച കാര്യങ്ങളിൽ നിന്നു പിന്തിരിയാൻ അവർക്ക് എളുപ്പമല്ല.

16. ഇക്കാരണത്താലാണോ ദൈവം ഫറവോയുടെ ഹൃദയത്തെ കഠിനമാക്കുന്നത് എന്നു പരിശോധിക്കുക. ഹൃദയത്തിന കാഠിന്യം ബാധിക്കാത്ത ഒരു സന്ദർഭത്തിൽ ''കർത്താവു നീതിമാനാകുന്നു; ഞാനും എൻെറ ജനങ്ങളും ദുഷ്ടന്മാരാകുന്നു'' എന്നു പറയാൻ അയാൾക്കു കഴിഞ്ഞു (പുറ.9: 27). അയാളുടെ ഹൃദയം കൂടുതൽ കഠിനമാകുകയും അയാൾ കൂടുതൽ ദുരിതം അനുഭവിക്കുകയും ചെയ്യേണ്ടതുണ്ട്. ഹൃദയകാഠിന്യം വേഗം പരിഹരിച്ചു കിട്ടിയാൽ അയാൾ അതിനെക്കുറിച്ചു വളരെ ലഘുവായി ചിന്തിക്കുന്നതിനിടയാകും. തന്മൂലം വീണ്ടും വീണ്ടും ഹൃദയത്തെ കടുതാക്കിയെന്നു വരും. സുഭാഷിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ ''പക്ഷികൾക്കു വേണ്ടി വല വിരിക്കുന്നത് അനീതിപരമല്ല (1:17). എങ്കിൽ, ദൈവം മനുഷ്യനെ വലയിൽ അകപ്പെടുത്തുന്നതു നീതിയാണെങ്കിൽ, ദൈവത്തിൻെറ നീതിപൂർവ്വകമായ വിധിയനുസരിച്ച് നാം പ്രലോഭനത്തിലേയ്ക്കു നയിക്കപ്പെടണമെന്നാവശ്യപ്പെടുന്ന യാതൊന്നും ചെയ്യാതിരിക്കാൻ നമുക്കു പ്രാർത്ഥിക്കാം. ''നീ ഞങ്ങളെ വലയിലേയ്ക്കു നയിച്ചു'' എന്ന് എഴുതപ്പെട്ടിട്ടുണ്ട് (സങ്കീ. 66:11). ഏററവും നിസ്സാര പക്ഷിയായ കുരുകിൽ വലയിൽ വീഴുന്നതുപോലും ദൈവത്തിൻെറ 'അറിവുകൂടാതെയല്ല' (മത്താ. 10:29). (ആകാശത്തിൽ ഉയർന്നു പറക്കുന്നതിനു പര്യാപ്തമായ വിധത്തിൽ ചിറകുകൾക്കു നൽകപ്പെട്ട ശക്തി വേണ്ടവിധം ഉപയോഗിക്കാത്ത പക്ഷികളാണല്ലോ വലയിൽ വീഴുന്നത്). അശുദ്ധിയിലേയ്ക്ക് സ്വന്തം ഹൃദയത്തിൻെറ കാമങ്ങളിലേയ്ക്ക് ദൈവത്താൽ കയ്യൊഴിയപ്പെട്ടവരും ഗർഹണീയങ്ങളായ വികാരങ്ങൾക്കു വിധേയരും ദൈവത്തെ ഏററു പറയുന്നത് ഉചിതം എന്നു തോന്നാത്തതുകൊണ്ട് നികൃഷ്ടമായ ചിന്തയ്ക്കും അനുചിതമായ പ്രവൃത്തികൾക്കും അധീനരും ആയിട്ടുള്ള ആളുകളുടെ അവസ്ഥ ഇതാണ് (റോമ. 1:24ff).



## പ്രലോഭനങ്ങൾ കൊണ്ടുള്ള പ്രയോജനം

17. പ്രലോഭനങ്ങൾ കൊണ്ടുള്ള പ്രയോജനം ഏകദേശമായി താഴെ പറയാം. നമ്മുടെ ആത്മാവിനു ലഭിച്ചിട്ടുള്ള ദാനങ്ങൾ എന്തെല്ലാമാണെന്നു ദൈവത്തിനല്ലാതെ ആർക്കും അറിവില്ല. നമുക്കുതന്നെയും അവ അജ്ഞാതങ്ങളാകുന്നു. പ്രലോഭനങ്ങളിലൂടെ അവ വിദിതങ്ങളായിത്തീരുന്നു. അതിനുശേഷം നാം എന്താണ് എന്നതിനെക്കുറിച്ച് അജ്ഞരായിരിക്കാൻ നമുക്കു സാദ്ധ്യമല്ല. നാം നമ്മെത്തന്നെ അറിയുന്നു; നാം സഹകരിക്കുകയാണെങ്കിൽ, നമ്മുടെ തെററുകളെക്കുറിച്ചു നമുക്ക് അവബോധം ഉണ്ടാകുന്നു. പ്രലോഭനങ്ങൾ മൂലം, നമ്മുടെമേൽ വർഷിക്കപ്പെട്ട അനുഗ്രഹങ്ങളെക്കുറിച്ചു നന്ദി പ്രകാശിപ്പിക്കുവാൻ നമുക്കു കഴിയുന്നു. നാം യഥാർത്ഥത്തിൽ ആരാണെന്നും നമ്മുടെ ഹൃദയങ്ങളിൽ എന്തെല്ലാമാണ് ഉള്ളതെന്നും പ്രലോഭനങ്ങൾ നമുക്കു വെളിപ്പെടുത്തിത്തരുന്നു. യോബിൻെറ പുസ്തകത്തിൽ കർത്താവ് അരുളിച്ചെയ്യുന്നതും ആവർത്തനപ്പുസ്തകത്തിൽ എഴുതപ്പെട്ടിട്ടുള്ളതുമായ താഴെപ്പറയുന്ന വാക്കുകൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. യോബ്: ''നിന്നെ നീതിമാനായി പ്രദർശിപ്പിക്കുന്നതിനുവേണ്ടിയല്ലാതെ ഞാൻ എന്തെങ്കിലും ചെയ്യും എന്നു നീ കരുതുന്നുണ്ടോ?' (40:8). ആവർത്തനപ്പുസ്തകത്തിൽ: 'അവൻ നിന്നെ വിശപ്പുകൊണ്ടു വലയ്ക്കുകയും നിനക്കു ഭക്ഷണമായി മന്നാ നൽകുകയും ചെയ്തു. ഉഗ്രസർപ്പങ്ങളും തേളുകളും വെള്ളമില്ലാത്ത വരണ്ട നിലവുമുള്ള മഹാമരുഭൂമിയിലൂടെ അവൻ നിങ്ങളെ നയിച്ചു. നിൻെറ മനസിലിരിപ്പു ഗ്രഹിക്കാൻവേണ്ടിയാണ് കർത്താവ് ഇങ്ങനെ ചെയ്തത്'' (8:3; 15:2).

18. ചരിത്രത്തിൽനിന്ന് ഒരുദാഹരണം ചൂണ്ടിക്കാണിക്കാനാണെങ്കിൽ ഹവ്വായുടെ കാര്യം നമുക്ക് പരിഗണിക്കാവുന്നതാണ്. ദൈവകല്പന അനാദരിക്കുകയും സർപ്പത്തിൻെറ വചനങ്ങൾക്ക് ചെവികൊടുക്കുകയും ചെയ്തതുമുതലല്ല അവൾ വഞ്ചനയ്ക്ക് വിധേയയും തീരുമാനങ്ങൾ സ്വീകരിക്കുന്നതിൽ ദുർബലയും ആയത്. അവളുടെ മാനസികാവസ്ഥ, അത് പ്രകടമാക്കുന്നതിനുമുമ്പുതന്നെ അപ്രകാരമായിരുന്നു. സർപ്പം അവൻെറ സ്വാഭാവിക കൗശലം കൊണ്ട് അവളുടെ ദൗർബല്യം മനസിലാക്കി അവളെ സമീപിക്കുകയാണ് ചെയ്തത് (ഉല്പ. 3:1-6). അതുപോലെതന്നെ കായേൻെറ ദുഷ്ടത ആരംഭിച്ചത് അവൻ സഹോദരനെ വധിച്ചപ്പോഴല്ല (ഉല്പ. 4:8). ഹൃദയങ്ങളെ മനസിലാക്കുന്നവനായ ദൈവത്തിന്(നട.15:8) അവനെക്കുറിച്ചും അവൻെറ ബലിയർപ്പണങ്ങളെക്കുറിച്ചും (ഉല്പ. 4:5) ഒട്ടും മതിപ്പുണ്ടായിരുന്നില്ല. എന്നാൽ അവൻ ഹാബേലിനെ വധിച്ചപ്പോൾ മാത്രമാണ് ഈ ദുഷ്ടത പ്രകടമായത്. ഇനി മറെറാരുദാഹരണം: നോഹ താൻതന്നെ നിർമ്മിച്ച മദ്യം കുടിച്ച് ബോധമററ് നഗ്നനായി കിടന്നില്ലായിരുന്നുവെങ്കിൽ കാമിൻെറ വിചാരശൂന്യതയും പിതാവിനോടുള്ള അനാ

www.malankaralibrary.com



ദരവും, അതുപോലെ അയാളുടെ സഹോദരന് പിതാവിനോടുള്ള സ്നേഹാദരങ്ങളും വെളിപ്പെടുമായിരുന്നില്ല (ഉല്പ: 9:20f). ഏശാവ് യാക്കോബിനെതിരായി ഗൂഢാലോചന നടത്തിയത് യാക്കോബ് പിതാവിന്റെ അനുഗ്രഹം അപഹരിച്ചതുകൊണ്ട് മാത്രമാണെന്ന് തോന്നാം (ഉല്പ. 27:41). എന്നാൽ വ്യഭിചാരിയും നികൃഷ്ടനും' ആയിരിക്കുന്നതിന്റെ അടിവേരുകൾ നേരത്തേതന്നെ അയാളുടെ ഉള്ളിലുണ്ടായിരുന്നു. അതുപോലെതന്നെ യൗസേപ്പിന്റെ മഹത്തായ ആത്മനിയന്ത്രണത്തെക്കുറിച്ച് ചിന്തിക്കുക. എല്ലാ ദുരാശകളെയും ചെറുക്കാൻ അദ്ദേഹം സന്നദ്ധനായിരുന്നു. അദ്ദേഹത്തിന്റെ യജമാനഭാര്യയ്ക്ക് അദ്ദേഹത്തോട് ഒരഭിലാഷം തോന്നിയിരുന്നില്ലെങ്കിൽ പ്രസ്തുത ഗുണവിശേഷം വെളിപ്പെടുകയില്ലായിരുന്നു (ഉല്പ. 39:7ff).

19 അതിനാൽ പ്രലോഭനങ്ങളുടെ ഇടവേളകളിൽ നാം ഭാവിയിലേയ്ക്ക് നോക്കണം; വരാൻ പോകുന്ന പ്രലോഭനങ്ങൾക്കെതിരെ സ്വയം സജ്ജീകൃതരാകണം. ഏത് പ്രലോഭനമുണ്ടായാലും അത് നമുക്ക് തീർത്തും അപ്രതീക്ഷിതമായിരിക്കരുത്, ശരിയായ ആത്മനിയന്ത്രണം പ്രകടിപ്പിക്കാൻ നമുക്ക് കഴിയണം. നമ്മുടെ മനുഷ്യസ്വഭാവം കാരണമായി നമ്മിലുള്ള കുറവുകൾ ദൈവം പരിഹരിച്ചു തരും. നമ്മുടെ കഴിവനുസരിച്ച് വേണ്ടതു നാം ചെയ്താൽ, തന്നെ സ്നേഹിക്കുന്നവർക്ക് എല്ലാ നല്ല കാര്യങ്ങളിലും സഹകരണം നൽകും (റോമർ. 8:28). ഓരോരുത്തരും അവരവരുടെ പ്രയത്നത്താൽ എന്തായിത്തീരുമെന്ന് ദൈവം തന്റെ അപ്രമാദിയായ ജ്ഞാനത്താൽ അറിയുന്നുണ്ടല്ലോ.

## അധ്യായം 30

### ദുഷ്ടനിൽനിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ

1. 'ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ' എന്ന വാക്കുകളിൽ തന്നെ വി. ലൂക്കാ 'തിന്മയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ' എന്ന ആശയം ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നാണ് എനിക്കു തോന്നുത്. കർത്താവ് തന്റെ ശിഷ്യനോട് കൂടുതൽ ചുരുങ്ങിയ വാക്കുകളിൽ സംസാരിച്ചു എന്നുതന്നെ കരുതണം. അദ്ദേഹം ആത്മീയ ജ്ഞാനത്തിൽ കൂടുതൽ പുരോഗമിച്ചയാളാണല്ലോ. മലയിലെ പ്രസംഗത്തിൽ നമ്മുടെ കർത്താവ് സംസാരിച്ചത് അറിവുകുറഞ്ഞ ജനങ്ങളുടെ ഒരു സമൂഹത്തോടാണ്. അവരോട് കൂടുതൽ വിശദമായി സംസാരിക്കേണ്ട ആവശ്യമുണ്ടായിരുന്നു.

'ദൈവം തിന്മയിൽനിന്ന് നമ്മെ രക്ഷിക്കുന്നു.' ശത്രു നമ്മെ ആക്രമിക്കാത്ത അവസരത്തിലല്ല ഇതു സംഭവിക്കുന്നത്. പിശാച് അവന്റെ നാനാതരം ഉപായങ്ങളുടെയും സഹായത്തോടുകൂടി നമ്മെ ആക്രമിക്കുന്നു. ധീരമായ ഒരു നിലപാടു സ്വീകരിച്ചുകൊണ്ട് നാം അവനെ എതിർത്തു തോല്പിക്കുമ്പോൾ നാം തിന്മയിൽനിന്ന് രക്ഷിക്കപ്പെടുന്നു. 'നീതിമാൻമാരെ നേരിടുന്ന പീഡനങ്ങൾ നിരവധിയാകുന്നു; എന്നാൽ കർത്താവ്, അവയിൽ നിന്നെല്ലാം രക്ഷിക്കും' (സങ്കീ. 34:19). ദുരിതങ്ങൾ നമ്മെ ക്ളേശിപ്പിക്കാത്തപ്പോഴല്ല ദൈവം അവയിൽ നിന്നു നമ്മെ രക്ഷിക്കുന്നത്. 'എല്ലാ വിധത്തിലും ഞങ്ങൾ ഞെരുക്കപ്പെടുന്നു' എന്നാണല്ലോ വി. പൗലോസ് രേഖപ്പെടുത്തുന്നത് (2 കൊറി. 4:8). ഈ ഞെരുക്കമില്ലാത്ത സമയം നമുക്കില്ല എന്നതന്നെ ഇതിന്നർത്ഥം. ഞെരുക്കമുണ്ടെങ്കിലും ദൈവാനുഗ്രഹത്താൽ നാം കൊടിയ ദുരിതത്തിൽ അകപ്പെടുന്നില്ല. ഹെബ്രായക്കാരുടെ ഭാഷാപ്രയോഗരീതിയനുസരിച്ച് 'ഞെരുക്കം' ഒരാളുടെ അഭീഷ്ടത്തിനു വിരുദ്ധമായി വന്നുകൂടുന്ന ഒരു സ്ഥിതിവിശേഷമാണ്. എന്നാൽ 'ദുരിതം', ഒരാളുടെ മനസ്സറിവോടെ വരുന്നതാകുന്നു. ഞെരുക്കങ്ങൾ നമ്മെ കീഴടക്കിക്കഴിയുമ്പോഴാണ് 'ദുരിതം' സംഭവിക്കുന്നത്. അതിനാൽ ''എല്ലാകാര്യങ്ങളിലും നാം ഞെരുക്കപ്പെടുന്നു. എന്നാൽ ദുരിതത്തിലാകുന്നില്ല'' എന്നു വിശുദ്ധ പൗലോസ് പറയുന്നതു ശരിതന്നെ. താഴെ പറയുന്ന സങ്കീർത്തന വാക്യത്തിൽ ഇതേ ആശയം തന്നെയാണുള്ളതെന്ന് എനിക്കു തോന്നുന്നു. ഞാൻ 'ഞെരുക്കത്തിലായിരിക്കെ നീ എന്നെ വിശാലതയിൽ എത്തിച്ചു' (4:2). നമ്മെ പ്രോത്സാഹിപ്പിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന 'ദൈവവചന'ത്തിന്റെ സഹകരണവും സാന്നിദ്ധ്യവുംമൂലം നമ്മുടെ മനസ്സ് ദൈവാനുഗ്രഹത്താൽ പരീക്ഷണഘട്ടങ്ങളിൽ സന്തുഷ്ടവും ധീരവുമായിത്തീരുന്നു. ഈ അനുഭൂതിയാണ് ''വിശാലതയിൽ എത്തിച്ചേരൽ''.



2. ഒരു വ്യക്തി തിൻമയിൽനിന്നു രക്ഷിക്കപ്പെടുന്നു എന്നു പറയുമ്പോഴും ഇക്കാര്യം തന്നെയാണു മനസ്സിലാക്കപ്പെടുന്നത്. യോബ് തനിക്ക് യാത്രയാക്കപ്പെട്ട എല്ലാ പരീക്ഷണങ്ങളിലും വിജയം നേടിയല്ലോ. എല്ലാതരത്തിലുമുള്ള പ്രലോഭനങ്ങൾക്ക് അദ്ദേഹത്തെ വിധേയനാക്കാനുള്ള ശക്തി പിശാചിനു നൽകപ്പെടാത്തതുകൊണ്ടല്ല ഇത് സാധ്യമായത്. പിശാചിന് ആ ശക്തികളെല്ലാം നൽകപ്പെട്ടിരിക്കുന്നു. എന്നാൽ എന്തെല്ലാം ദൗർഭാഗ്യങ്ങൾ വന്നുഭവിച്ചാലും യോബ് കർത്താവിന്റെ സന്നിധിയിൽ പാപം ചെയ്തില്ല. തന്റെ നീതി അദ്ദേഹം തെളിയിച്ചു. ''വെറുതെയാണോ യോബ് ദൈവഭയമുള്ളവനായിരിക്കുന്നത് ? അയാൾക്കു ചുററും അയാളുടെ വീടിനും അയാൾക്കുള്ള എല്ലാററിനും ചുററും അങ്ങു വേലികെട്ടിയിരിക്കയല്ലേ ? അയാളുടെ പ്രയത്നങ്ങളെയെല്ലാം അങ്ങ് അനുഗ്രഹിച്ചിരിക്കുന്നു. ദേശത്തെങ്ങും അയാളുടെ സമ്പത്തു പെരുകിയിരിക്കുന്നു. അങ്ങു കൈനീട്ടി അയാളുടെ സമ്പത്തിനെ തൊടുക. അപ്പോൾ നേർക്കുനേരേനിന്ന് അയാൾ അങ്ങയെ ശപിക്കും'' (1:9:11) എന്നുപറഞ്ഞവനെ ദൈവം നാണം കെടുത്തി. അനവധി നിർഭാഗ്യങ്ങൾ സഹിക്കേണ്ടിവന്നെങ്കിലും, ശത്രു പറഞ്ഞതുപോലെ, യോബ് ദൈവത്തിനു നേർക്കു നേരെനിന്ന് അവിടുത്തെ ശപിച്ചില്ല പ്രലോഭകൻ നിരന്തരമായ പീഡനങ്ങൾ നൽകിക്കൊണ്ടിരുന്ന സമയത്തു അദ്ദേഹം ദൈവത്തെ അനുഗ്രഹി

www.malankaralibrary.com



ക്കുകയായിരുന്നു. ''ദൈവത്തിനെതിരായി ഒരു വാക്കു പറഞ്ഞിട്ടു നിങ്ങൾ മരിക്ക്'' എന്ന് തന്റെ ഭാര്യ പറഞ്ഞപ്പോൾ അദ്ദേഹം അവളെ ശാസിച്ചുച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: 'ബുദ്ധിയില്ലാത്ത സ്ത്രീകളിൽ ഒരുവളെപ്പോലെയാണു നീ സംസാരിക്കുന്നത്. ദൈവത്തിന്റെ തൃക്കയ്യിൽനിന്നു നന്മ സ്വീകരിച്ച നാം തിന്മയും സ്വീകരിക്കണ്ടേ?' (2. 9f).

സാത്താൻ രണ്ടാം പ്രാവശ്യവും യോബിനെ സംബന്ധിച്ചു കർത്താവിനോടു സംസാരിച്ചു. അവൻ പറഞ്ഞു, 'ത്വക്കിനു പകരം ത്വക്ക്. സ്വജീവനു വേണ്ടി മനുഷ്യൻ തനിക്കുള്ളതെല്ലാം കൈവെടിയും. കൈ നീട്ടി അയാളുടെ അസ്ഥിയെയും മാംസത്തെയും ഒന്നു സ്പർശിക്കുക. അയാൾ നേർക്കു നേരെ നിന്ന് അങ്ങയെ ശപിക്കും' (2:4f). എന്നാൽ സുകൃതികളിൽ അഗ്രിമനായ യോബ് പിശാചിനെ തീർത്തും പരാജിതനാക്കുക തന്നെ ചെയ്തു. പിശാച് വെറും നുണയനാണെന്നു വെളിപ്പെട്ടു. ഏററവും രൂക്ഷമായ പരീക്ഷണങ്ങൾക്കു വിധേയനായെങ്കിലും യോബ് തന്റെ അധരങ്ങൾ കൊണ്ടു കർത്താവിന്റെ സന്നിധിയിൽ കുററം ചെയ്യാതെ നില നിന്നു. (2:10). ഇപ്രകാരം രണ്ടു കഠിന പരീക്ഷണങ്ങളെ അഭിമുഖീകരിക്കുകയും വിജയം വരിക്കുകയും ചെയ്തിട്ട് മൂന്നാമതൊരു പരീക്ഷണം അദ്ദേഹത്തിനു നേരിടേണ്ടിവന്നില്ല. മൂന്നു പ്രാവശ്യം മത്സരം നേരിടുക എന്ന പരീക്ഷണം നമ്മുടെ രക്ഷകനു വേണ്ടി നീക്കി വയ്ക്കപ്പെട്ടിരുന്നു. അക്കാര്യം സുവിശേഷങ്ങളിൽ നാം കാണുന്നുണ്ടല്ലോ. ആ സന്ദർഭത്തിൽ നമ്മുടെ രക്ഷകൻ തന്റെ മനുഷ്യത്വത്തിൽ ശത്രുവിനെ മൂന്നു പ്രാവശ്യവും പരാജിതനാക്കി.

2. മുകളിൽ പറഞ്ഞകാര്യങ്ങളെല്ലാം നാം ശ്രദ്ധാപൂർവ്വം പരിശോധിക്കുകയും ധ്യാനിക്കുകയും ചെയ്തു കഴിഞ്ഞല്ലോ. അതിനാൽ 'ഞങ്ങളെ പ്രലോഭനങ്ങളിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ' എന്ന് പൂർണ്ണമായ ഒരു ധാരണയോടു കൂടി നമുക്കു പ്രാർത്ഥിക്കാം. ദൈവത്തിന്റെ വചനങ്ങൾ ശ്രവിച്ച നമുക്ക് ദൈവത്താൽ ശ്രവിക്കപ്പെടാൻ അർഹതയുണ്ട്. അതിനാൽ പ്രലോഭനങ്ങൾ മൂലം നമുക്കു മരണം സംഭവിക്കാതിരിക്കാനും ദുഷ്ടന്റെ ജ്വലിക്കുന്ന തീയമ്പുകളാൽ ആക്രമിക്കപ്പെടുമ്പോൾ വെന്തുപോകാതിരിക്കാനും വേണ്ടി നമുക്കു പ്രാർത്ഥിക്കാം. പന്ത്രണ്ടു പ്രവാചകന്മാരിൽ ഒരാൾ പറഞ്ഞിട്ടുള്ളതുപോലെ, തീച്ചൂളയ്ക്കു തുല്യമായിത്തീർന്ന ഹൃദയമുള്ളവരാണ് അഗ്നിബാധിതരാകുന്നത് (ഹോശിയ. 7:6). വിശ്വാസത്തിന്റെ പരിച ഏന്തിയിട്ടുള്ളവർക്ക് ദുഷ്ടൻ എയ്തുവിടുന്ന അഗ്നിബാണങ്ങൾ കെടുത്തിക്കളയാൻ കഴിയും (എഫേ. 6:16). അവരുടെ ഉള്ളിൽ നിത്യജീവനിലേയ്ക്കു നിർഗളിക്കുന്ന നീരുറവ ഉണ്ടായിരിക്കും (യോഹ. 4:14). ദുഷ്ടൻ ജ്വലിപ്പിക്കുന്ന അഗ്നി വർദ്ധിക്കാതെ തടയാൻ ആ ഉറവയ്ക്കു ശക്തിയുണ്ട്. ആശാസ്യമായ ചിന്തകൾ കൊണ്ട് ആ തീനാളങ്ങൾ കെടുത്തിക്കളയാനും കഴിയും. ആദ്ധ്യാത്മികമായി ജീവിക്കാൻ ആഗ്രഹിക്കുന്നവന്റെ ആത്മാവിൽ സത്യത്തെക്കുറിച്ചുള്ള വിചിന്തനങ്ങൾ മൂലം അത്തരം ചിന്തകൾ ആലേഖനം ചെയ്യപ്പെട്ടിരിക്കും.

ഭാഗം 3

# അനുബന്ധ ചിന്തകൾ

## അധ്യായം 31

1. പ്രാർത്ഥനയുടെ താത്ത്വികവശങ്ങളെക്കുറിച്ചുള്ള ഈ പരിചിന്തനം പൂർത്തിയാക്കുന്നതിന് പ്രാർത്ഥനാ സമയത്തെ ശാരീരികവും മാനസികവുമായ അവസ്ഥകളെക്കൂടെ പരാമർശിക്കുന്നത് ആവശ്യമാണെന്നു ഞാൻ കരുതുന്നു. പ്രാർത്ഥനയ്ക്കുള്ള സ്ഥലം, ഏതു ദിക്കിലേയ്ക്കു തിരിഞ്ഞു നിൽക്കണം എന്നു തുടങ്ങിയ കാര്യങ്ങളും പരിഗണന അർഹിക്കുന്നു. മാനസികാവസ്ഥയെക്കുറിച്ച് വി. പൗലോസ് പ്രസ്താവിച്ചിട്ടുള്ള ഒരു കാര്യം ഇതിനുമുമ്പു നാം കണ്ടതാണ്. ''കോപവും മത്സരവും കൂടാതെ നാം പ്രാർത്ഥിക്കണം'' (1 തിമോ. 2;8). ശരീരാവസ്ഥയെക്കുറിച്ച് ''നിർമ്മലമായ കരങ്ങൾ ഉയർത്തിക്കൊണ്ടു പ്രാർത്ഥിക്കണം'' എന്നും അദ്ദേഹം നിർദ്ദേശിക്കുന്നു (2:3). ഈ ഒടുവിൽ പറഞ്ഞ അഭിപ്രായം വി. അപ്പസ്തോലൻ സങ്കീർത്തനങ്ങളിൽനിന്നു സ്വീകരിച്ചതാണെന്നു ഞാൻ കരുതുന്നു. സങ്കീർത്തനങ്ങളിൽ നാം വായിക്കുന്നു: ''നിന്റെ മുമ്പാകെ എന്റെ പ്രാർത്ഥന ധൂപാർച്ചനയായും എന്റെ ഉയർത്തിപ്പിടിച്ച കരങ്ങൾ സായാഹ്നയാഗമായും കണക്കാക്കണമേ (141:2). പ്രാർത്ഥനാ സ്ഥലത്തെ സംബന്ധിച്ച് വി. പൗലോസ് പറയുന്നു: ''അതിനാൽ, ജനങ്ങൾ എല്ലാ സ്ഥലത്തും പ്രാർത്ഥിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്'' (1 തിമോ. 2:8). എങ്ങോട്ടു തിരിഞ്ഞു നിന്നു പ്രാർത്ഥിക്കണമെന്നതിനെ സംബന്ധിച്ച് സോളമന്റെ വിജ്ഞാനത്തിൽ ഇങ്ങനെ പറയുന്നു: ''പ്രകാശത്തിന്റെ ഉദയത്തിൽ സൂര്യൻ നിന്നെ അനുഗ്രഹിക്കയോ നിന്നോടു സംഭാഷണം ചെയ്യുകയോ ചെയ്യുന്നതിനു നാം അനുവദിക്കരുത്'' (17:28).

### പ്രാർത്ഥനാസമയത്തെ മാനസികാവസ്ഥ

2. പ്രാർത്ഥിക്കുന്നവൻ വളരെ ശ്രദ്ധയുള്ളവനായിരിക്കണം. പ്രാർത്ഥന തീരുന്നതുവരെ സവിശേഷമായ ആ മാനസികനില തുടരുകയും വേണം. എല്ലാ പ്രലോഭനങ്ങളെയും അന്യചിന്തകളെയും മനസ്സിൽനിന്നു തുടച്ചു നീക്കണം. പ്രാർത്ഥനയിൽ താൻ ആരെയാണ് സമീപിക്കുന്നതെന്നും സമീപിക്കപ്പെടുന്നയാളിന്റെ ഔന്നത്യമെത്രയെന്നും സദാ മനസിൽ ചിന്ത വേണം. അശ്രദ്ധയോടും അലക്ഷ്യഭാവത്തിലും അവിടുത്തെ സമീപിക്കുന്നതു

www.malankaralibrary.com



ധിക്കാരമാണെന്നോർക്കണം. ബാഹ്യമായ സകല കാര്യങ്ങളെയും മനസിൽ നിന്നൊഴിവാക്കണം. തന്റെ കൈകൾ ഉയർത്തുംമുമ്പ് അയാൾ പ്രാർത്ഥനയിൽ തന്റെ മനസ്സിനെ ഉയർത്തണം. കണ്ണുകൾ ഉയർത്തുംമുമ്പ് മനസ്സിനെ ദൈവസന്നിധിയിലേയ്ക്ക് ഉയർത്തിയിരിക്കണം; പ്രാർത്ഥിക്കാൻ നിൽക്കും മുമ്പ് ആത്മാവിനെ ഭൗതിക ചിന്തകളിൽ നിന്നു മോചിപ്പിച്ച് ദൈവസന്നിധിയിൽ എത്തിച്ചിരിക്കണം. തന്നോടു മററുള്ളവർ ചെയ്തതായി കരുതുന്ന സകല തെററുകളെയും കുറിച്ചുള്ള ചിന്ത മനസ്സിൽ നിന്നു നീക്കണം; താൻ ദൈവത്തിനും തന്റെ അയൽക്കാർക്കും എതിരായി ചെയ്തിട്ടുള്ള സകല തെററുകൾക്കും ദൈവം മാപ്പു തരണ്ടതാണല്ലോ.

## പ്രാർത്ഥനാസമയത്തെ ശാരീരികനില

ശാരീരികനിലകൾ പല വിധത്തിലാകാം. കൈകളും കണ്ണുകളും ഉയർത്തുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.[41] അതുവഴി പ്രാർത്ഥനാസമയത്തെ ആത്മാവിന്റെ അവസ്ഥയെ ശാരീരികനില ദ്യോതിപ്പിക്കുകയാണ്. പ്രത്യേക സാഹചര്യങ്ങൾ മൂലം എന്തെങ്കിലും തടസമില്ലാത്തപ്പോഴെല്ലാം ഇങ്ങനെ തന്നെയാണു ചെയ്യേണ്ടത്. ചില സാഹചര്യങ്ങളിൽ ഇരുന്നുകൊണ്ടു പ്രാർത്ഥിക്കുന്നതും തെററല്ലെന്നു നമുക്കറിയാം. ഉദാഹരണത്തിന് കാലിന് എന്തെങ്കിലും വലിയ അസുഖമുള്ളപ്പോൾ. പനിയോ മററ് അവശതകളോ ഉള്ളപ്പോൾ കിടന്നുകൊണ്ടു പ്രാർത്ഥിക്കുന്നതുപോലും തെററല്ല. ചിലപ്പോൾ നാം യാത്ര ചെയ്യുകയായിരിക്കും; അഥവാ മാററിവയ്ക്കാൻ വയ്യാത്ത ഏതെങ്കിലും അത്യാവശ്യജോലിയിൽ ഏർപ്പെട്ടിരിക്കുകയായിരിക്കാം. അത്തരം സാഹചര്യങ്ങളിൽ പ്രാർത്ഥിക്കുന്നതായി കാണപ്പെടാതെ തന്നെ നമുക്കു പ്രാർത്ഥിക്കാവുന്നതാണ്.

3. കാൽമുട്ടുകൾ മടക്കുന്നതിനെക്കുറിച്ചു പറയുകയാണെങ്കിൽ[42] നാം നമ്മുടെ പാപങ്ങൾ ദൈവസന്നിധിയിൽ ഏററുപറയുകയും അവയ്ക്കു

41. ഗ്രീക്കുകാരുടെയിടയിൽ പ്രാർത്ഥനാവസരത്തിലെ ശാരീരിക നിലപാടിനു പ്രാധാന്യം കല്പിക്കപ്പെട്ടിരുന്നു. നിന്നുകൊണ്ട് പ്രാർത്ഥനകൾ ചൊല്ലിയിരുന്നു എന്നതിന് പ്രാചീനസഭയിൽ നിരവധി ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിക്കാൻ സാധിക്കും: അപ്പസ്തോലിക് കോൺസ്ററിററ്യൂഷൻസ്, 2,57:4; തെർത്തൂല്യൻ, അപ്പോളജി, 30; സിപ്രിയാൻ, കർതൃപ്രാർത്ഥന, 31; ഗ്രിഗറി നസ്യാൻസൻ; ലേഖനം, 34.

42. അനുതാപപ്രാർത്ഥനകൾ ചൊല്ലുമ്പോൾ മുട്ടുകുത്തണം എന്ന് തെർത്തൂല്യൻ (പ്രാർത്ഥന, 23). ഞായറാഴ്ചയും പെന്തിക്കൊസ്തിക്കാലത്തും മുട്ടുകുത്തുക പ്രാചീനസഭയിൽ പതിവില്ലായിരുന്നു.



മോചനം പ്രാർത്ഥിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ അങ്ങനെ ചെയ്യേണ്ടതാണ്. വിനയവും വിധേയത്വവും പ്രകടിപ്പിക്കേണ്ട സന്ദർഭത്തിൽ മുട്ടുകുത്തുക എന്നതു വളരെ ഉചിതമാണെന്നു നാം മനസ്സിലാക്കണം. വി. പൗലോസ് പറയുന്നു: ''ഇക്കാരണത്താൽ സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ പിതൃത്വങ്ങൾക്കും കാരണമായ ദൈവത്തിന്റെ മുമ്പിൽ ഞാൻ മുട്ടുമടക്കുന്നു (എഫേ. 3:14f). ആദ്ധ്യാത്മികമായ ഒരു മുട്ടുമടക്കലാണിവിടെ പരാമർശിക്കപ്പെടുന്നത്. എല്ലാ സൃഷ്ടവസ്തുക്കളും യേശുവിന്റെ നാമത്തിൽ ദൈവസന്നിധിയിൽ വിധേയത്വം പ്രകടമാക്കുന്നു. വി. അപ്പസ്തോലൻ താഴെ പറയുന്ന വാക്കുകളിൽ പ്രകടമാക്കിയിരിക്കുന്നത് ഈ ആശയമാണെന്നു ഞാൻ കരുതുന്നു: ''ഇത്, യേശുവിന്റെ നാമത്തിനു മുമ്പിൽ സ്വർഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുകൾ മടക്കുന്നതിനും യേശുക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി എല്ലാ നാവുകളും ഏററുപറയുന്നതിനും വേണ്ടിയാണ്'' (ഫിലി. 2:10). ആകാശഗോളങ്ങൾക്ക് ശാരീരികമായി കാൽമുട്ടുകൾ ഉണ്ടെന്ന് ആരും ധരിക്കുകയില്ലല്ലോ. ആകാശഗോളങ്ങളെക്കുറിച്ചു പഠനം നടത്തിയിട്ടുള്ളവർ പറയുന്നത് അവയ്ക്ക് വൃത്താകൃതിയാണുള്ളതെന്നാണ്. ഓരോ ശാരീരികവയവത്തിനും അതിന്റേതായ നിശ്ചിതധർമ്മമുണ്ടെന്ന് ആരും സമ്മതിക്കും. അല്ലെങ്കിൽ ഒരു കാര്യവുമില്ലാതെയാണു ദൈവം ചിലതെല്ലാം സൃഷ്ടിച്ചിരിക്കുന്നതെന്നു സമ്മതിക്കുകയാവുമല്ലോ. അതിനാൽ ആകാശഗോളങ്ങൾക്കു നമ്മെപ്പോലെ കയ്യും കാലും മററുമുണ്ടെന്നു പറയുന്നതു പരിഹാസ്യമായിരിക്കും. ഇത്രയുമാണ് വി. അപ്പസ്തോലന്റെ മുകളിലുദ്ധരിച്ച വാക്കുകളെക്കുറിച്ച് എനിക്കു പറയാനുള്ളത്. ''എല്ലാ മുട്ടുകളും എന്റെ മുമ്പിൽ മടങ്ങും'' എന്ന പ്രവാചകവചനങ്ങളുടെയും (ഏശാ. 45:24) അർത്ഥം ഇതുതന്നെ.

## പ്രാർത്ഥനയ്ക്കുള്ള സ്ഥലം

4. സ്ഥലത്തെക്കുറിച്ച് പറയാനുള്ളത് നന്നായി പ്രാർത്ഥിക്കുന്നവന് ഏതു സ്ഥലവും പ്രാർത്ഥനയ്ക്കുചിതമാണ് എന്നത്രേ. 'എല്ലായിടത്തും എന്റെ നാമത്തിന് ധൂപം അർപ്പിക്കപ്പെടുന്നു....' എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. 'എല്ലായിടത്തും ജനങ്ങൾ പ്രാർത്ഥിക്കണമെന്നാണ് എന്റെ ആഗ്രഹം' (മാല. 1:11; 1 തിമോ. 2:8). ഓരോ മനുഷ്യനും അലട്ടലില്ലാതെയും സമാധാനത്തിലും പ്രാർത്ഥിക്കുന്നതിനുവേണ്ടി സ്വന്തം ഭവനത്തിൽ ഒരു പ്രത്യേകസ്ഥാനം പ്രാർത്ഥനയ്ക്കായി തെരഞ്ഞെടുക്കണം[43]; അവിടെ അതിനു സൗകര്യമുണ്ടെങ്കിൽ. ആ സ്ഥലം അയാളുടെ

43 ഒരിജന്റെ കാലത്ത് ഭവനങ്ങളിൽ പ്രത്യേക പ്രാർത്ഥനാമുറികളുണ്ടായിരുന്നു. ഇപ്പോഴും അപ്രകാരമുള്ള ഭവനങ്ങളുണ്ട്.

www.malankaralibrary.com



പ്രാർത്ഥനയ്ക്കുള്ള വിശുദ്ധസ്ഥലമാണെന്ന് പറയാം. അങ്ങനെ ഒരു സ്ഥലം തെരഞ്ഞെടുക്കുമ്പോൾ അവിടെ ദൈവകല്പനയ്ക്കും മനുഷ്യന്റെ ന്യായബോധത്തിനും വിരുദ്ധമായി വല്ലതും സംഭവിച്ചിട്ടുണ്ടോ എന്ന പ്രത്യേകം നോക്കേണ്ടതാണ്. അങ്ങനെയുള്ള സ്ഥലത്ത് പ്രാർത്ഥിച്ചാൽ ദൈവം അയാളെയും ആ സ്ഥലത്തെയും അവഗണിക്കും എന്നതായിരിക്കും ഫലം.

'പ്രാർത്ഥനയുടെ സ്ഥലത്തെ സംബന്ധിച്ച് കൂടുതലായി ചിന്തിക്കുമ്പോൾ മറ്റൊരു കാര്യംകൂടെ പരിഗണിക്കണമെന്നു തോന്നുന്നു. അത് അരോചകമെന്ന് ചിലർ കരുതിയേക്കാം. എന്നാൽ ശ്രദ്ധാപൂർവം ആലോചിച്ചാൽ അത്ു് അവഗണിക്കാനാവാത്ത കാര്യമാണെന്ന് ബോദ്ധ്യപ്പെടും. വൈവാഹികകർമ്മം നിർവ്വഹിക്കപ്പെടുന്ന സ്ഥലത്ത് പ്രാത്ഥന നടത്താമോ എന്നതാണ് പ്രശ്നം. സംയോഗമാണ് ഇവിടെ ഉദ്ദിഷ്ടമായിട്ടുള്ളത്—നിഷിദ്ധമായിട്ടുള്ളതല്ല, അനുവദനീയമായിട്ടുള്ളതുതന്നെ. 'ആനുകൂല്യമായിട്ടാണ് ഞാൻ പറയുന്നത് നിയമമായിട്ടല്ല" എന്ന വാക്കുകളിൽ വി. അപ്പസ്തോലൻ പറയുന്ന കാര്യം (1 കൊറി. 7:5ff). ഒരാൾക്ക് പ്രാർത്ഥനക്കായി വേണ്ടവിധത്തിൽ സ്വയം സമർപ്പിക്കാൻ കഴിയുന്നില്ലെങ്കിൽ, ഉഭയസമ്മതത്തിന്റെ പേരിൽ കുറച്ചുകാലത്തേയ്ക്ക് മാത്രമാണ് കഴിയുന്നതെങ്കിൽ, ആ സ്ഥലത്തിന്റെ അനുയോജ്യതയെക്കുറിച്ചും അയാൾ ചിന്തിക്കേണ്ടതാണ്.

5 പ്രാർത്ഥനയ്ക്കുള്ള സ്ഥലമെന്ന നിലയിൽ ഏറ്റവും ശ്രേഷ്ഠമായത് പ്രാർത്ഥനയ്ക്കായി വിശ്വാസികൾ സമ്മേളിക്കുന്ന സ്ഥലമാണ്. ആ സ്ഥലം പ്രാർത്ഥനയ്ക്കുത്തേജനം നൽകുകയും പ്രാർത്ഥന കൂടുതൽ ഫലപ്രദമാക്കുകയും ചെയ്യും. ഇത് സ്വാഭാവികംമാത്രം. കാരണം, ഇവിടെയാണ് മാലാഖമാരുടെ വൃന്ദങ്ങൾ വിശ്വാസികളുടെ സമൂഹങ്ങളോട് ഒത്തുചേരുന്നത്. അവിടെ നമ്മുടെ രക്ഷകനായ കർത്താവിന്റെ ശക്തിയും വന്നുചേരുന്നു. അവിടെ ജീവിച്ചിരിക്കുന്നവരും മരിച്ചുപോയവരുമായ പുണ്യവാൻമാരുടെ ആത്മാക്കൾ ഒന്നുചേരുന്നു. എന്നാൽ ഇക്കാര്യം ഒന്ന വിശദീകരിച്ച് ബോദ്ധ്യപ്പെടുത്താനെളുപ്പമല്ല.

മാലാഖമാരെ സംബന്ധിച്ചാണെങ്കിൽ താഴെ പറയുന്നത് അനിവാര്യമായ ഒരനുമാനമാണ്. 'കർത്താവിനെ ഭയപ്പെടുന്നവരുടെ ചുററും മാലാഖമാർ കൂടാരമടിക്കുകയും അവരെ ശത്രുക്കളിൽനിന്ന് രക്ഷിക്കുകയും ചെയ്യും' എന്നു സങ്കീർത്തകൻ രേഖപ്പെടുത്തിയിരിക്കുന്ന (34:7). 'എല്ലാ തിന്മകളിലുംനിന്ന് എന്നെ രക്ഷിക്കുന്ന ദൈവദൂതൻ' എന്നു പറയുമ്പോൾ യാക്കോബ് വിവക്ഷിക്കുന്നത് (ഉല്പ: 48:16) അദ്ദേഹത്തിന്റെ കാര്യം മാത്രമല്ല, സർവ്വജ്ഞനായ ദൈവത്തിനുവേണ്ടി സ്വയം സമർപ്പിച്ചിട്ടുള്ള എല്ലാ ആളുകളുടെയും കാര്യമത്രേ. ഈ വസ്തുതകളെല്ലാം പരിഗണിക്കുമ്പോൾ ഒരു കാര്യം നമുക്ക് തീരുമാനിക്കാൻ കഴിയും: അനേകം ആളുകൾ ക്രിസ്തുവിന്റെ



മഹത്ത്വത്തിനുവേണ്ടി വ്യവസ്ഥാപിതമായ രീതിയിൽ സമ്മേളിക്കുമ്പോൾ ദൈവഭയമുള്ളവരായ അവരുടെയെല്ലാം മാലാഖമാർ അവരോടൊപ്പം സമ്മേളിക്കുന്നു. മാലാഖ, തന്റെ സംരക്ഷണത്തിനും മാർഗദർശനത്തിനും ഏല്പിക്കപ്പെട്ടിരിക്കുന്ന ആളിന്റെ സമീപത്ത് സദാ ഉണ്ടായിരിക്കുമല്ലോ. ഇങ്ങനെ നോക്കുമ്പോൾ, ദൈവജനം പ്രാർത്ഥനയ്ക്കായി സമ്മേളിക്കുന്ന സന്ദർഭത്തിൽ രണ്ടുതരം സഭകൾ അവിടെ സന്നിഹിതമായിട്ടുണ്ടെന്ന് പറയാം—ഒന്നു മനുഷ്യരുടെതും മറ്റൊന്ന് മാലാഖമാരുടെതും.

റഫായേൽ മാലാഖ തോബിയാസ് എന്ന ഒരു മനുഷ്യനോട് ഇങ്ങനെ പറയുന്നുണ്ട്: 'നീയും നിന്റെ മരുമകൾ സാറായും പ്രാർത്ഥിച്ചപ്പോൾ നിങ്ങളുടെ പ്രാർത്ഥന കർത്താവിന്റെ മുമ്പാകെ ഞാൻ ഓർമ്മിപ്പിച്ചു (12:12). ആ നിലയ്ക്ക് അനേകമാളുകൾ ഒരേ മനസ്സോടും ഒരേ വിചാരത്തോടുംകൂടെ സമ്മേളിക്കുകയും ക്രിസ്തുവിന്റെ ഏകശരീരമായിത്തീരുകയും ചെയ്യുന്ന സന്ദർഭത്തിന്റെ കാര്യം എന്താണ് പിന്നെ പറയാനുള്ളത് ? സഭയിൽ സന്നിഹിതമായിട്ടുള്ള 'കർത്താവിന്റെ 'ശക്തി'യെക്കുറിച്ച് വി. പൗലോസ് പറയുന്നു: 'കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയിൽ, എന്റെ ആത്മാവോടുകൂടി, നിങ്ങൾ ഒന്നായി സമ്മേളിച്ചിരിക്കെ–' (1 കൊറി. 1:10; 5:4). കർത്താവിന്റെ ശക്തി എഫേസ്യരോടൊപ്പം മാത്രമല്ല, കൊരിന്ത്യരോടൊപ്പവും വസിച്ചു എന്നാണല്ലോ വി. പൗലോസ് ഇവിടെ അർത്ഥമാക്കുന്നത്. ശരീരത്തിന്റെ ആവരണത്തിനുള്ളിൽ അകലെ വസിക്കുന്ന പൗലോസിന് തന്റെ ആത്മാവ് കൊറിന്തിലുള്ളവരോടൊപ്പമുണ്ടായിരിക്കുമെന്ന് ചിന്തിക്കാൻ കഴിഞ്ഞെങ്കിൽ, ശരീരത്തിൽ നിന്ന് വേർപിരിഞ്ഞുപോയ അനുഗൃഹീതാത്മക്കൾ സഭാകളിൽ സന്നിഹിതരായിരിക്കമെന്ന് നമുക്ക് തീർച്ചയായും പ്രത്യാശിക്കാം. ജീവിച്ചിരിക്കുന്നവർ പ്രാർത്ഥനയ്ക്കായി പ്രാർത്ഥനാലയത്തിലെത്തും മുമ്പ് അവർ അവിടെ എത്തിയിരിക്കും. അതിനാൽ ദേവാലയത്തിൽവച്ച് നടത്തുന്ന പ്രാർത്ഥനയോട് നമുക്ക് സവിശേഷമായ ആദരം ഉണ്ടായിരിക്കണം; അത്തരം പ്രാർത്ഥനയിൽ യഥായോഗ്യം പങ്കെടുക്കുന്നവർക്ക് അധികമായ പ്രയോജനം ലഭിക്കും.

6. പ്രാർത്ഥനയ്ക്കായി യോഗ്യതാപൂർവ്വം സമ്മേളിക്കുന്നവരോടൊപ്പം യേശുവിന്റെ ശക്തിയും വി. പൗലോസിന്റെ ആത്മാവും കർത്താവിന്റെ മാലാഖമാരും ഉണ്ടായിരിക്കും എന്നു പറഞ്ഞല്ലോ. ഇതിന് ഒരു മറുവശവും ഉണ്ട്. ഒരാൾ ഒരു മാലാഖയുടെ സാന്നിദ്ധ്യത്തിനും സേവനത്തിനും അയോഗ്യനായിത്തീർന്നാൽ, അവൻ പിശാചിന്റെ ദൂതന് അധീനനായിത്തീരുകയായിരിക്കും ചെയ്യുക. പാപങ്ങളും ദൈവത്തെ അധിക്ഷേപിക്കുന്ന അനുസരണക്കേടും മൂലമാണ് ഇങ്ങനെ സംഭവിക്കുക. അയാളെപ്പോലുള്ളവർ അധികമില്ലാത്ത കാലത്തോളം മാലാഖമാരുടെ സംരക്ഷണം അവർക്കു ദീർഘനാളത്തേയ്ക്കു നഷ്ടപ്പെടുകയില്ല. സഭയെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ ഇംഗിതം നിറവേററുന്നവരാണല്ലോ അവർ

www.malankaralibrary.com



കുററവാളികളുടെ കാര്യം അവർ എങ്ങനെയും സഭയുടെ ശ്രദ്ധയിൽപ്പെടുത്തും. എന്നാൽ അത്തരം അയോഗ്യരുടെ സംഖ്യ അധികമായും അവരുടെ സമ്മേളനങ്ങൾ കേവലം ഭൗതികകാര്യങ്ങൾക്കായി മററുള്ളവർ നടത്തുന്ന സമ്മേളനങ്ങളുടെ സ്വഭാവമുള്ളതായിത്തീരുകയും ചെയ്യുമ്പോൾ ആ സമ്മേളനങ്ങൾക്കു ദൈവിക പരിഗണന ലഭിക്കാതാകും. ഏശയ്യായുടെ പുസ്തകത്തിലുള്ള കർത്താവിൻെറ ഈ വാക്കുകളിൽ നിന്ന് ഇക്കാര്യം വ്യക്തമാകും: ''നിങ്ങൾ എൻെറ മുമ്പിൽ വന്നുനിന്നാലും നിങ്ങളിൽ നിന്നു ഞാൻ മുഖം തിരിച്ചുകളയും. നിങ്ങൾ എത്രയധികമായി പ്രാർത്ഥിച്ചാലും ഞാൻ അതു കേൾക്കുകയില്ല'' (1:12.5). അത്തരക്കാരെ സംബന്ധിച്ച് നാം മുകളിൽപ്പറഞ്ഞ വിശുദ്ധരുടെയും മാലാഖമാരുടെയും ഇരട്ടസമ്മേളനത്തിൻെറ സ്ഥാനത്തു സംഭവിക്കുന്നത് പാപികളുടെയും പിശാചുക്കളുടെയും ഒരു ഇരട്ട സമ്മേളനമായിരിക്കും. മാലാഖമാരും വിശുദ്ധരും ആ സമ്മേളനങ്ങളെക്കുറിച്ച് ഇങ്ങനെ പറഞ്ഞേക്കും: ''വഞ്ചകരോടൊപ്പം ഞാൻ ഇരിക്കുന്നില്ല, കള്ളനാട്യക്കാരോടു സഹവസിക്കുന്നുമില്ല: ദുർവൃത്തരുടെ സംസർഗം ഞാൻ വെറുക്കുന്നു; ദുഷ്ടരോടൊപ്പം ഞാൻ ഇരിക്കയുമില്ല'' (സങ്കീ. 26:4–5).

7. അതുകൊണ്ടാണ് ജെറുസലെമിലും യൂദയായിലെങ്ങുമുള്ള അനേകം പാപികൾ ശത്രുക്കളുടെ കരങ്ങളിൽ ഏല്പിക്കപ്പെട്ടത് എന്നു ഞാൻ കരുതുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തെ ഉപേക്ഷിച്ചവർ ദൈവത്താലും കാവൽമാലാഖമാരാലും വിശുദ്ധരാലും ഉപേക്ഷിക്കപ്പെടുന്നു. ഈ വിധത്തിൽ പല ജനസമൂഹങ്ങളും അവരുടെ തന്നെ സംരക്ഷണത്തിനായി കൈവിടപ്പെടുന്നുണ്ട്. അവർ പ്രലോഭനങ്ങൾക്ക് അധീനരാകുന്നു. അങ്ങനെ, 'അവർക്കുണ്ടെന്ന് അവർ കരുതുന്നവപോലും അവരിൽനിന്ന് എടുക്കപ്പെടുന്നു' (ലൂ. 8:18). യേശു വിശന്നുവന്നപ്പോൾ അവിടുത്തേയ്ക്ക് പഴം നൽകാൻ കഴിയാതിരുന്ന അത്തിവൃക്ഷം ശപിക്കപ്പെടുകയും വേരുമുതൽ കരിഞ്ഞു പോവുകയും ചെയ്തതുപോലെ അവരിൽ അവശേഷിക്കുന്ന അല്പമായ വിശ്വാസത്തിൽനിന്ന് ലഭിക്കുന്ന ജീവശക്തിയും അവർക്ക് നഷ്ടമാകും.

ദൈവഭയമുള്ള വിശ്വാസികൾ പൊതുവായ ഒരു ലക്ഷ്യത്തോടുകൂടി ഒരിടത്ത് സമ്മേളിച്ചു പ്രാർത്ഥിക്കുമ്പോൾ അതുമൂലം ലഭിക്കുന്ന അസാധാരണമായ അനുഗ്രഹങ്ങളെക്കുറിച്ച് ചിന്തിച്ചതുകൊണ്ടാണ് ഇത്രയും കാര്യങ്ങൾ ഇവിടെ ചർച്ചചെയ്യാനിടയായത്.



# അധ്യായം 32

## പൂർവ്വാഭിമുഖമായ പ്രാർത്ഥന

ഏതു ദിക്കിലേയ്ക്ക് തിരിഞ്ഞുനിന്ന് പ്രാർത്ഥിക്കണം എന്ന വിഷയത്തെക്കുറിച്ചാണ് ചുരുക്കം കാര്യങ്ങൾ ഇനി പറയേണ്ടത്. ദിക്കുകൾ പ്രധാനമായി നാലാണല്ലോ — വടക്ക്, തെക്ക്, കിഴക്ക്, പടിഞ്ഞാറ്. സൂര്യൻ ഉദിച്ചു വരുന്നത് കിഴക്കു ദിക്കിലാണല്ലോ. അതിനാൽ നാം ആ ദിക്കിലേയ്ക്കു തിരിഞ്ഞുനിന്നു പ്രാർത്ഥിക്കണം എന്നതു വളരെ സ്പഷ്ടം. ആ പ്രവൃത്തി സത്യപ്രകാശം ഉദയം ചെയ്യുന്ന ദിക്കിലേയ്ക്കു മുഖം തിരിച്ചു നിൽക്കുന്ന ആത്മാവിനെ പ്രതീകവത്കരിക്കുന്നു (യോഹ. 1:9). വീടിൻെറ ദർശനം ഏതു ദിക്കിലേക്കാണോ ആ ദിക്കിലേയ്ക്കു തിരിഞ്ഞുനിന്നു പ്രാർത്ഥിക്കാൻ ആളുകൾക്ക് ഒരു പ്രവണതയുണ്ട്. വെറും അടഞ്ഞ ഭിത്തിയുടെ നേരെ ദൃഷ്ടി ഉറപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നതാണു കൂടുതൽ സന്തോഷദായകം എന്ന് അവർ പറയും. ഈ വാദഗതിക്ക മറുപടിയായി ഇതാണെനിക്കു പറയാനുള്ളത്: വീടിൻെറ ദർശനം എങ്ങോട്ടാണെന്നുള്ളത് ഓരോ പ്രദേശത്തെയും ആചാരമനുസരിച്ചു നിശ്ചയിക്കാവുന്ന കാര്യമാണ്. എന്നാൽ കിഴക്കിനു മററുദിക്കുകളെക്കാൾ പ്രാധാന്യം കൂടുതൽ ലഭിക്കുന്നത് പ്രകൃതിയുടെ സംവിധാനം അനുസരിച്ചു തന്നെയത്രേ. നാട്ടുനടപ്പിനെക്കാൾ നാം ആദരിക്കേണ്ടതു പ്രകൃതിയെ ആണല്ലോ. ആ വാദഗതി അംഗീകരിച്ചാൽ തുറസായ സ്ഥലത്തുനിന്നു പ്രാർത്ഥിക്കുന്നയാളിനും ഇഷ്ടമുള്ള ദിക്കിലേയ്ക്ക് തിരിഞ്ഞുനിന്നു പ്രാർത്ഥിക്കാമല്ലോ. തുറസായ സ്ഥലത്തുവച്ചു പ്രാർത്ഥിക്കുമ്പോൾ കിഴക്കോട്ടു തിരിഞ്ഞുനിൽക്കണമെങ്കിൽ ഒരാലയത്തിൽവച്ചു പ്രാർത്ഥിക്കുമ്പോഴും അങ്ങനെതന്നെ വേണം. ഈ വിഷയത്തെക്കുറിച്ച് ഇത്രമാത്രം.

# അധ്യായം 33

## പ്രാർത്ഥനയുടെ നാലു ഭാഗങ്ങൾ

പ്രാർത്ഥനയുടെ പ്രധാനഭാഗങ്ങളെക്കുറിച്ചുള്ള ഒരു വിചിന്തനത്തോടുകൂടി ഈ പ്രബന്ധം അവസാനിപ്പിക്കാമെന്നാണു ഞാൻ കരുതുന്നത്. അത്തരം നാലുഭാഗങ്ങളാണ് വി. ലിഖിതത്തിൻെറ വിവിധഭാഗങ്ങളിലായി ചിതറിക്കിടക്കുന്നുവെന്നു ഞാൻ കാണുന്നത്. ആ നാലു ഭാഗങ്ങളും ഉൾപ്പെടുന്ന വിധത്തിൽ വേണം ഓരോ മനുഷ്യനും അവൻെറ പ്രാർത്ഥന ക്രമീകരിക്കാൻ. പ്രസ്തുത ഘടകങ്ങൾ താഴെ പറയുന്നു: ആരംഭത്തിൽ, പ്രാർത്ഥനയുടെ ആമുഖമായി, നാം സകല ശക്തികളോടും കൂടെ ദൈവത്തെ മഹത്വപ്പെടുത്തണം. ഈ മഹത്വപ്പെടുത്തൽ ക്രിസ്തു വഴിയും പരിശുദ്ധാത്മാവിലും നിർവ്വഹിക്കേണ്ടതാണ്. പിതാവായ ദൈവ

www.malankaralibrary.com



കൂടുതൽ കൂടുതൽ ആശയങ്ങൾ ദാതാവായ ദൈവത്തിൽനിന്ന് സ്വീകരിക്കാൻ എനിക്ക് കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. അപ്പോൾ ആ വിഷയത്തിൻെറ ഔന്നത്യത്തോട് കൂടുതൽ നീതിപുലർത്താനും എനിക്ക് കഴിയും. തല്ക്കാലം ഈ ലിഖിതം ദയയോടും താല്പര്യത്തോടും കൂടി വായിക്കുക.

# IV
# ക്ളെമെൻറ്

അലക്സാണ്ഡ്രിയൻ സഭയിലെ രണ്ടാമത്തെ ദൈവശാസ്ത്രജ്ഞനും പന്തേനൂസിൻെറ ശിഷ്യനും ഒരിജൻെറ ഗുരുവുമായിരുന്നു ക്ലെമെൻറ് (150–215). മഹത്തായ ഒരു വ്യക്തിത്വത്തിൻെറ ഉടമയായിരുന്ന അദ്ദേഹം താൻ ജീവിച്ച കാലഘട്ടത്തിൻെറ സംഭാവനകളെല്ലാം വചനത്തിൻെറ ശുശ്രൂഷയ്ക്ക് ഉപയുക്തമാക്കാൻ ശ്രദ്ധിച്ചു. വിശ്വാസവും തത്വശാസ്ത്രവും കൈകോർത്തുപോകേണ്ടതാണെന്ന് അദ്ദേഹം തെളിയിച്ചു. അദ്ദേഹം നിരവധി കൃതികൾ രചിച്ചിട്ടുണ്ട്. അവയിൽ സ്ട്രോമാത്ത (കയററുപായ്) എന്ന കൃതിയിൽ പ്രാർത്ഥനയെപ്പററി പ്രതിപാദിക്കുന്ന ഒരു അദ്ധ്യായമുണ്ട്. (പുസ്തകം VII അദ്ധ്യായം VII): യഥാർത്ഥ ജ്ഞാനി (ഗ്നോസ്ററിക്) തൻെറ ജീവിതം മുഴുവൻ പ്രാർത്ഥനയാക്കി മാററുന്നു. ദൈവതിരുമുൻപാകെയുള്ള പാവനജീവിതമാണ് ഇതുകൊണ്ട് ക്ലെമെൻറുദ്ദേശിക്കുന്നത്. അന്നത്തെ ക്രിസ്ത്യാനികളുടെ പ്രാർത്ഥനാരീതികളൊക്കെ ഗ്രഹിക്കാൻ അദ്ദേഹത്തിൻെറ വിവരണം സഹായിക്കും: മൂന്നാം മണി, ആറാം മണി, ഒൻപതാംമണി എന്നീ സമയങ്ങളിലുള്ള യാമപ്രാർത്ഥന; ആഹാരത്തിനുമുമ്പും നിദ്രയ്ക്കു മുൻപുമുള്ള സ്തുതിഗീതങ്ങളും വിശുദ്ധ ഗ്രന്ഥവായനകളും; രാത്രിയിലെ പ്രാർത്ഥന, ആന്തരിക പ്രാർത്ഥന; കൈകളുയർത്തി കണ്ണുകൾ സ്വർഗ്ഗത്തിലേയ്ക്കുയർത്തി കിഴക്കോട്ട് തിരിഞ്ഞുനിന്നുകൊണ്ടുള്ള പ്രാർത്ഥന–ആദിയായവയൊക്കെ ക്ളെമെൻറിൻെറ വിവരണത്തിൽ ദൃശ്യമാണ്, കപടജ്ഞാനവാദികളായ നിരവധി പാഷണ്ഡികൾ ഈജിപ്തിലെ സഭയിൽ ഉണ്ടായിരുന്നു. ഗ്നോസ്ററിക്കുകൾ (Gnostics) എന്നാണവർ അറിയപ്പെട്ടിരുന്നത്. ഇക്കൂട്ടരുടെ അബദ്ധങ്ങൾ പരക്കെ പ്രചരിക്കാൻ തുടങ്ങിയപ്പോൾ 'ഗ്നോസ്ററിസിസത്തിൻെറ' പൊള്ളത്തരം വെളിപ്പെടുത്തുകയും യഥാർത്ഥ വിജ്ഞാനിയാരാണെന്നു വിവരിക്കുകയും യഥാർത്ഥ ജ്ഞാനി (Gnostic) പ്രാർത്ഥിക്കുന്നത് എപ്രകാരമാണെന്ന് കാണിക്കുകയും ചെയ്യാൻ ക്ളെമെൻറ് ശ്രമിച്ചു.[1]

1. ANF. 2. 532—537.

# പ്രാർത്ഥന

## ജ്ഞാനിയുടെ പ്രാർത്ഥന എപ്രകാരമാണ് ?
## ദൈവം എപ്രകാരമാണ് അത് ശ്രവിക്കുന്നത് ?

1. പുത്രൻ വചനവും രക്ഷകനും നേതാവുമാകയാൽ അവിടുത്തെ ബഹുമാനിക്കാനും വന്ദിക്കാനും നമുക്ക് കടമയുണ്ട്. അവൻവഴി പിതാവിനെയും ബഹുമാനിക്കാൻ നമ്മോടു കല്പിക്കപ്പെട്ടിരിക്കുന്നു. ചിലർ ചെയ്യുന്നതുപോലെ ചില പ്രത്യേക ദിവസങ്ങളിൽ മാത്രമല്ല, പിന്നെയോ, എല്ലാവിധത്തിലും നമ്മുടെ ജീവിതകാലം മുഴുവൻ നിരന്തരമായി നാമിതു ചെയ്യണം. ''ദിവസത്തിൽ ഏഴു പ്രാവശ്യം ഞാൻ നിന്നെ പ്രകീർത്തിച്ചു'' (സങ്കീ: 119:164) എന്ന്, പ്രബോധനങ്ങളാൽ നീതീകരിക്കപ്പെട്ടതും തിരഞ്ഞെടുക്കപ്പെട്ടതുമായ ജനം നിശ്ചയമായും പറയും. അതുകൊണ്ട്, ഏതെങ്കിലും പ്രത്യേകസ്ഥലത്തോ, പ്രത്യേക അമ്പലത്തിലോ ഏതെങ്കിലും ഉത്സവാവസരത്തിലോ, നിശ്ചിത ദിവസങ്ങളിലോ അല്ല ജീവിതകാലം മുഴുവൻ എല്ലായിടങ്ങളിലും ജ്ഞാനി ദൈവത്തെ ബഹുമാനിക്കുന്നു. അവൻ തനിച്ചായാലും, അതേ വിശ്വാസം ഉള്ളവരോടു കൂടിയായാലും, ജീവിക്കുന്നതിനുള്ള വഴി അറിഞ്ഞതിന് നന്ദി രേഖപ്പെടുത്തുന്നു. ബഹുമാനവും ആദരവും അർഹിക്കുന്ന നല്ല മനുഷ്യൻെറ സാന്നിദ്ധ്യം ജീവിത നവീകരണത്തിന് സഹായകമാണ്. അങ്ങനെയെങ്കിൽ ജ്ഞാനവും ജീവിതവും കൃതജ്ഞതയും വഴി അനുസ്യൂതം ദൈവവുമായി എപ്പോഴും സംസർഗം ചെയ്യുന്ന വ്യക്തി എല്ലാ സംഗതികളിലും—പെരുമാററത്തിലും, വാക്കുകളിലും ഏർപ്പാടുകളിലും—മെച്ചമായതിലേയ്ക്ക് വളർന്നുകൊണ്ടിരിക്കുകയില്ലേ ? ദൈവം എപ്പോഴും തൻെറ സമീപത്തുണ്ടെന്നും, അവിടുന്ന് ഏതെങ്കിലും സ്ഥലത്ത് ബന്ധിതനല്ലെന്നും അവൻ ഉറപ്പായി കരുതാം; ദൈവത്തെക്കൂടാതെയുള്ള ചില അവസരങ്ങളിൽ തനിക്കിഷ്ടമുള്ളതുപോലെ എന്തും പ്രവർത്തിക്കാം എന്നവർ ചിന്തിക്കയില്ല.

2. ദൈവം നമ്മുടെ എല്ലാവശത്തും സന്നിഹിതനാണെന്ന് മനസ്സിലാക്കി നമ്മുടെ ജീവിതകാലം മുഴുവൻ ആഘോഷിക്കാം: സ്തുതിപ്പുകളോടെ വയലിൽ കൃഷി ചെയ്യാം; പാട്ടുപാടിക്കൊണ്ട് കടൽ യാത്ര ചെയ്യാം; നിയമാനുസൃതം മററു കാര്യങ്ങളിലെല്ലാം നമുക്ക വ്യാപരിക്കാം. ജ്ഞാനി എല്ലാ കാര്യങ്ങളിലും ഒരേസമയം ഗൗരവമുള്ളവനും സന്തുഷ്ടനുമായിരുന്ന് ദൈവവുമായി വളരെയടുത്ത് ബന്ധപ്പെടുന്നു—തൻെറ ആത്മാവ് ദൈവത്വത്തിലേക്ക് ചാഞ്ഞിരിക്കുന്നതിനാൽ ഗൗരവമുള്ളവനായിരിക്കുന്നു;

www.malankaralibrary.com



ദൈവം നമ്മുടെ മനുഷ്യത്വത്തിന് നല്കിയ അനുഗ്രഹങ്ങൾ ഓർത്ത് സന്തുഷ്ടനായിരിക്കുന്നു.

3. ''അനുകമ്പയും ശിക്ഷണവും അറിവും എന്നെ പഠിപ്പിക്കണമെ'' (സങ്കീ. 119:66) എന്ന് പ്രവാചകൻ പറയുമ്പോൾ വിജ്ഞാനത്തിൻെറ ഔന്നത്യം അവൻ വ്യക്തമാക്കുകയത്രേ ചെയ്യുക. പരമകാഷ്ടയാൽ പൂർണ്ണതയുടെ ശ്രേഷ്ഠത വലുതാക്കിക്കാട്ടുകയുമാണ്. അവനാണ് യഥാർത്ഥത്തിൽ രാജകീയ മനുഷ്യൻ: അവനാണ് ദൈവത്തിൻെറ വിശുദ്ധ മഹാപുരോഹിതൻ ഏററം ബുദ്ധികൂർമ്മതയുള്ള അപരിഷ്കൃതരുടെ ഇടയിൽ ഇപ്പോഴും ഇത് നടപ്പിലുണ്ട്. അതായത്, രാജകീയാധികാരത്തിലേക്ക് വൈദിക ഗണത്തെ ഉയർത്തുക. ആകയാൽ അദ്ദേഹം നീചരായ ജനക്കൂട്ടങ്ങൾ ഇഷ്ടപ്പെടുന്ന അധമവികാരങ്ങൾക്ക് ഒരിക്കലും അടിമയാകുന്നില്ല. നൈമിഷിക സുഖാനുഭൂതിക്കുവേണ്ടി അത്തരക്കാർ ചെയ്യുന്നതോ, പറയുന്നതോ, കാണുന്നതോ ആയ സംഗതികൾക്ക് ഉറക്കത്തിൽപ്പോലും അദ്ദേഹം അവസരം നല്കുന്നില്ല. അതുപോലെ തന്നെ കണ്ണിനിമ്പമുള്ളവയ്ക്കോ നാസാരന്ധ്രങ്ങളെ വശീകരിക്കുന്ന സുഗന്ധങ്ങൾ, പരിമളങ്ങൾ എന്നിവയ്ക്കോ, നാവിനെ വശീകരിക്കുന്ന സ്വാദിഷ്ഠമായ ആഹാരങ്ങൾ, വിവിധതരം വീഞ്ഞുകൾ എന്നിവയ്ക്കോ പഞ്ചേന്ദ്രിയങ്ങൾ വഴി ആത്മാവിനെ മയക്കുന്ന നിരവധി സുരഭില പുഷ്പങ്ങളടങ്ങിയ പൂച്ചെണ്ടുകൾക്കോ, മററ് സുഖസന്തോഷങ്ങൾക്കോ അദ്ദേഹം അടിമയാകുന്നില്ല. മറിച്ച് എല്ലാ സന്തോഷങ്ങളും ന്യായമായി അനുഭവിച്ചുകൊണ്ട്, ഭക്ഷ്യപേയങ്ങളുടെയും മറെറല്ലാററിൻെറയും ആദ്യഫലങ്ങൾ ദൈവത്തിന് സമർപ്പിക്കുന്നു. പ്രസ്തുത അനുഗ്രഹങ്ങൾ നൽകിയതിനും, ഉപയോഗിക്കാൻ സാധിച്ചതിനും തനിക്കു ലഭിച്ചിരിക്കുന്ന വചനം വഴി നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു. വിവാഹസദ്യയുടെ സ്നേഹോഷ്മളവും അനുയോജ്യവുമായ സ്വഭാവം നിർദ്ദേശിക്കാത്ത പക്ഷം അദ്ദേഹം ഇത്തരം ആഘോഷങ്ങളിൽ പങ്കെടുക്കുന്നില്ല. കാരണം ദൈവം വാക്കുകൾ മാത്രമല്ല വിചാരങ്ങളും ഗ്രഹിക്കുമെന്ന് അദ്ദേഹമറിയുന്നു.

4. എന്തുകൊണ്ടെന്നാൽ ശാരീരികചലനങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന നമ്മുടെ കേൾവിശക്തിക്ക് ഭൗതികമായി ഒരു ഗ്രഹണശക്തിയല്ല ഉള്ളത്, മറിച്ച് ശരീരാതീതമായ അറിവാണ് അതിന് കിട്ടുന്നത്. കൂടാതെ വ്യക്തമായ സ്വഭാവങ്ങളെ തിരിച്ചറിയാനുതകുന്ന ബുദ്ധിയും കേൾവിശക്തിക്കുണ്ട്. കേൾക്കുവാൻ ഭൗതിക കർണ്ണങ്ങൾ ആവശ്യമായിരിക്കത്തക്കവിധം ദൈവത്തിന് ഒരു മാനുഷിക ശരീരമല്ലല്ലോ ഉള്ളത് ''ദൈവത്തിന് കേൾവിയും കാഴ്ചയും അത്യാവശ്യമാണ്. എന്തെന്നാൽ ഇവ കൂടാതെ അവിടുത്തേയ്ക്ക് ഒന്നും ഗ്രഹിക്കാൻ സാദ്ധ്യമല്ല'' എന്ന് സ്റ്റോയിക് ചിന്തകൻ പറഞ്ഞതുപോലെ വരാൻ അവിടുത്തേയ്ക്ക് ബാഹേന്ദ്രിയങ്ങൾ ആവശ്യമില്ലതാനും. എന്നാൽ വായുവിൻെറ സംവേദകത്വവും



മാലാഖമാരുടെ കൂർമ്മ ഗ്രഹണശക്തിയും, ആത്മാവിൻെറ വ്യാപാരങ്ങൾ മനസിലാക്കുന്ന കഴിവും അവർണ്ണനീയമായ ശക്തിയോടെ ഐന്ദ്രികമായ കേൾവി കൂടാതെ തന്നെ എല്ലാക്കാര്യങ്ങളും ജനനസമയത്തു തന്നെ മനസിലാക്കുന്നു. അഥവാ 'ഈ ശബ്ദം അന്തരീക്ഷത്തിൽ അലിഞ്ഞു ചേരുന്നതേയുള്ളു. ദൈവസന്നിധിയിലെത്തുന്നില്ല' എന്ന് ആരെങ്കിലും അഭിപ്രായപ്പെട്ടാൽത്തന്നെ വിശുദ്ധരുടെ ചിന്തകൾ അന്തരീക്ഷത്തിൽ തങ്ങിനിൽക്കുകയല്ല, മറിച്ച് ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്നു. പ്രകാശവേഗത്തിൽ തന്നെ ദൈവികശക്തി ആത്മാവ് മുഴുവനിലൂടെയും കാണുകയും ചെയ്യുന്നു. ഇനി മറെറാന്ന്: ഇച്ഛകൾ തന്നെ ദൈവത്തോട് നേരിട്ട സംസാരിക്കുന്നില്ലേ ? മന:സാക്ഷി വഴി അവയും സംവഹിക്കപ്പെടുന്നില്ലേ ? തൻെറ പദ്ധതിയനുസരിച്ച് എന്തൊക്കെയാണ് സൃഷ്ടിക്കപ്പെടേണ്ടതെന്ന് അവിടുന്നറിയുന്നു. തൻെറ തിരഞ്ഞെടുക്കപ്പെട്ടവരെ അവരുടെ ജനനത്തിനു മുമ്പുതന്നെ അവിടുന്ന് മനസിലാക്കുന്നു. എങ്കിൽപ്പിന്നെ മറേറതൊരു സ്വരത്തിനുവേണ്ടിയാണ് അവിടുന്ന് കാത്തു നിൽക്കേണ്ടത്? മനസിൻെറ ''അത്യഗാധങ്ങൾ'' കണ്ടുപിടിക്കുന്ന ''ജ്ഞാനത്തിൻെറ ദീപശിഖ'' എന്ന് വി. ഗ്രന്ഥം പറയുന്നതുപോലെ ശക്തിയുടെ പ്രകാശം ആത്മാവിൻെറ അടിത്തട്ടുവരെ പ്രകാശിക്കുന്നു. ഒരു പക്ഷെ, നമുക്കു പറയാമെങ്കിൽ ദൈവം മുഴുവനും കണ്ണും ചെവിയുമാകുന്നു.

5. പൊതുവെ പറഞ്ഞാൽ, ദൈവത്തെക്കുറിച്ചുള്ള അപര്യാപ്തമായ ഒരഭിപ്രായം സ്തുതിഗീതങ്ങളിലോ, സംസാരത്തിലോ, കൃതികളിലോ, വിശ്വാസസത്യങ്ങളിലോ യാതൊരു ഭക്തിയും ജനിപ്പിക്കുന്നില്ല. മറിച്ച്, ഇത് നികൃഷ്ടവും അനുചിതവുമായ ആശയങ്ങൾക്കും സങ്കല്പങ്ങൾക്കും ഇടം കൊടുക്കുന്നു. ഇതിൻെറ ഫലമായി സത്യത്തെക്കുറിച്ചുള്ള അജ്ഞതയിൽ ജീവിക്കാനിടയാകുന്ന ജനങ്ങളുടെ അഭിപ്രായം വെറുമൊരു വിമർശനം മാത്രമായിരിക്കും. ആഗ്രഹങ്ങളുടെയും അഭിലാഷങ്ങളുടെയും വിഷയങ്ങൾ, അല്ലെങ്കിൽ മാനസികാഭിവാഞ്ഛകൾ, പ്രാർത്ഥനയുടെ വിഷയങ്ങളായി മാറുന്നു. ആകയാൽ ഒരു മനുഷ്യനും വരൾച്ചയല്ല ആഗ്രഹിക്കുക. മറിച്ച്, കുടിക്കാൻ യോഗ്യമായ വെള്ളം കുടിക്കുവാനാണ്; പൈതൃകമല്ല മറിച്ച് അവകാശമായി ലഭിക്കുവാനായിരിക്കും ആഗ്രഹിക്കുക. ഇതുപോലെ തന്നെ ആരും അറിവ് ആഗ്രഹിക്കുന്നില്ല, പിന്നെയോ അറിയാനാഗ്രഹിക്കുന്നു: സംശുദ്ധമായ ഭരണമല്ല, മറിച്ച് ഭരണത്തിൽ പങ്കുചേരാനാഗ്രഹിക്കുന്നു. അപ്പോൾ നമ്മുടെ പ്രാർത്ഥനകളുടെ വിഷയങ്ങൾ നമ്മുടെ യാചനകളായിരിക്കും; നമ്മുടെ യാചനകൾ നമ്മുടെ ആഗ്രഹങ്ങളും. അങ്ങനെ നമ്മുടെ പ്രാർത്ഥനയും ആഗ്രഹവും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന അനുഗ്രഹങ്ങളും ആശീർവ്വാദങ്ങളും പ്രാപിക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ളതായിരിക്കും.

6. ഇങ്ങനെ വിജ്ഞാനം ലഭിച്ചിരിക്കുന്നതിനാൽ ജ്ഞാനിയായിരിക്കുന്നവൻ ആത്മാവിനെ സംബന്ധിക്കുന്ന യഥാർത്ഥ കാര്യങ്ങൾക്കായി

www.malankaralibrary.com



പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്നു ഒരു നല്ല സ്വഭാവം രൂപവത്കരിക്കുന്നതിനായി അദ്ദേഹം തന്റെ സ്വന്തം പ്രയത്നങ്ങൾ കൂടി സമർപ്പിക്കുന്നു. തദ്വാരാ, തനിക്ക് നന്മയ്ക്കുപകരിക്കുന്ന നല്ല വസ്തുക്കൾ ഉണ്ടായിരിക്കുവാനല്ല, മറിച്ച് നല്ലവനായിരിക്കാൻ വേണ്ടിയാണ് അയാൾ ഇങ്ങനെ ചെയ്യുന്നത്.

7. മാത്രവുമല്ല, ദൈവത്തെ വേണ്ട വിധത്തിൽ അവൻ അറിയുന്നതുകൊണ്ടും തന്റെ സ്ഥിതിക്കനുയോജ്യമായ ധാർമ്മിക മഹിമ അവനുള്ളതുകൊണ്ടും പ്രാർത്ഥിക്കുക എന്നത് അവന്റെ ഒരവശ്യകടമയായിത്തീരുന്നു. എന്തൊക്കെയാണ് യഥാർത്ഥത്തിൽ നന്മയായിട്ടുള്ളതെന്നും, ഓരോ അവസരത്തിലും, എന്ത്, എപ്പോൾ, എങ്ങനെ ചോദിക്കണമെന്നും അവനറിയുന്നു. അതുകൊണ്ട് ദേവന്മാരല്ലാതിരിക്കെ ദേവന്മാരെന്നു സങ്കല്പിച്ച് അവരോട് ഓരോ കാര്യങ്ങൾ ചോദിക്കുന്നത് പരമ്പരവിഡ്ഢിത്തമാണ്. അതുപോലെ തന്നെയാണ് തങ്ങൾക്ക് ഗുണീഭവിക്കാത്ത മോശപ്പെട്ട കാര്യങ്ങൾ നല്ലവയെന്ന ഭാവേന ചോദിക്കുന്നതും. അതുകൊണ്ട് നല്ലവനായി ഏകസത്യദൈവം മാത്രമുള്ളതിനാൽ തന്നിൽ നിന്നുമാത്രം നന്മകൾ ലഭിക്കുവാനും അവ നിലനില്ക്കുവാനുമായി നാമും മാലാഖമാരും പ്രാർത്ഥിക്കുന്നു. എന്നാൽ ഇതുരണ്ടും ഒന്നുപോലെയല്ല. കാരണം സംലബ്ധമായ നന്മ നിലനില്ക്കുവാൻ പ്രാർത്ഥിക്കുന്നതും ആദ്യമായി ഒരു നന്മ ലഭിക്കുവാനായി പ്രാർത്ഥിക്കുന്നതും തമ്മിൽ അന്തരമുണ്ടല്ലോ.

8. തിന്മയെ ദൂരീകരിക്കുവാൻവേണ്ടിയുള്ള പ്രാർത്ഥനകൾ ഒരു വിഭാഗത്തിൽപെടുന്നു. എന്നാൽ ഇത്തരത്തിലുള്ള പ്രാർത്ഥനകൾ മററു മനുഷ്യരുടെ നാശത്തിനായി ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്. എന്നാൽ ജ്ഞാനിക്ക് ഈ പ്രാർത്ഥന ഉപയോഗിക്കാവുന്ന ഒരവസരമുണ്ട്. നീതിയിൽ പൂർണ്ണ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, ചിന്താശക്തി നശിച്ചുപോയവരുടെ കാര്യത്തിൽ മാത്രമാണ

9. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ, പ്രാർത്ഥന ദൈവവുമായുള്ള സംഭാഷണമാണ്. അക്കാരണത്താൽ രഹസ്യമായി, അധരങ്ങൾ ചലിപ്പിക്കാതെ, നിശബ്ദതയിലാണ് സംഭാഷിക്കുന്നതെങ്കിലും, നമ്മുടെ ഉള്ളിൽ നാം ഉദ്ഘോഷിക്കുകയാണ് ചെയ്യുന്നത് (1 ശാമു. 1:13). എന്തുകൊണ്ടെന്നാൽ ദൈവം എല്ലായ്പോഴും ഈ ആന്തരിക സംഭാഷണം ശ്രവിക്കുന്നു. അപ്രകാരം തന്നെ നാം നമ്മുടെ ശിരസുയർത്തി കൈകൾ സ്വർഗത്തിലേക്കുയർത്തുന്നു. ബൗദ്ധിക സത്തയിലേക്ക് ചാഞ്ഞിരിക്കുന്ന അരൂപിയുടെ ആവേശത്തോടുകൂടി പ്രാർത്ഥനയുടെ അവസാനം നമ്മുടെ പാദങ്ങളെ നാം ഉയർത്തുന്നു. ഈ സംഭാഷണത്തോടൊപ്പം നമ്മുടെ ശരീരത്തെ ഭൂമിയിൽ നിന്നു വേർപെടുത്തി നിർത്തുവാൻ നാം പരിശ്രമിക്കുന്നു.



കൂടുതൽ നല്ലവയായ ദാനങ്ങൾക്കുവേണ്ടിയുള്ള അഭിവാഞ്ഛയോടുകൂടി നമ്മുടെ ആത്മാവിനെ ഉന്നതങ്ങളിലേക്കുയർത്തുന്നു. മഹാമനസ്കതയോടുകൂടി ലൗകികമായവയെല്ലാം അവഗണിച്ചുകൊണ്ട് വിശുദ്ധിയുടെ തലത്തിലേയ്ക്കുയരുവാൻ നാം നിർബന്ധിക്കുന്നു. കാരണം യഹൂദർ ഈജിപ്തിൽനിന്ന് പോന്നതുപോലെ, ജ്ഞാനി പൂർണ്ണസമ്മതത്തോടെ ഈ ഭൂമി വിട്ടുപോകുന്നുവെന്ന് നാം വ്യക്തമായി അറിയുന്നു. ഇതുവഴി എല്ലാററിലുമുപരിയായി, ആകാവുന്നിടത്തോളം, താൻ ദൈവത്തോട് സമീപസ്ഥനാണെന്ന് അയാൾ കാണിക്കുകയും ചെയ്യുന്നു.

10. ചിലർ മൂന്നാം മണിക്കൂർ, ആറാം മണിക്കൂർ ഒമ്പതാം മണിക്കൂർ എന്നിങ്ങനെ ചില പ്രത്യേക സമയങ്ങൾ പ്രാർത്ഥനയ്ക്കായി നീക്കിവെയ്ക്കുന്നു. എന്നാൽ ജ്ഞാനിയാകട്ടെ, പ്രാർത്ഥനയിലൂടെ ദൈവത്തോട് സംസർഗം സ്ഥാപിക്കുവാൻ പരിശ്രമിച്ചുകൊണ്ട് തന്റെ ജീവിതകാലം മുഴുവനും പ്രാർത്ഥനയിൽ ചെലവഴിക്കുന്നു. ചുരുക്കത്തിൽ ഈ സംസർഗം പ്രാപിച്ച കഴിഞ്ഞാൽ പിന്നെ, സ്നേഹത്താൽ പ്രചോദിതനായി വർത്തിച്ച് പൂർണ്ണത കൈവരിക്കുന്നതുകൊണ്ട് തനിക്ക് സഹായകമല്ലാത്ത മറെറല്ലാം അയാൾ ഉപേക്ഷിക്കുന്നു. എന്നാൽ പ്രാർത്ഥനാസമയങ്ങളുടെ ഈ ത്രികാല വിഭജനവും, അവയ്ക്കനുസൃതമായ പ്രാർത്ഥനകളും ഇതുമായി പരിചയമുള്ളവർക്കറിയാവുന്നതുപോലെ വിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളുമായി ബന്ധപ്പെട്ടിരിക്കുന്നു.

11. ഇത്രയും ഇതിനെക്കുറിച്ച്. ഇനി മറെറാന്ന് പാഷണ്ഡിയായ പ്രോഡിക്കുസിന്റെ പിൻഗാമികളായ പാഷണ്ഡികൾ പ്രചരിപ്പിക്കുന്നതുപോലെ പ്രാർത്ഥനയുടെ ആവശ്യമില്ല എന്ന് സ്ഥാപിക്കുന്ന ചില പഠനങ്ങൾ ഞാനിപ്പോൾ ഓർമ്മിക്കുന്നു. എന്നാൽ അവരുടെ ദൈവദൂഷണപരമായ ഈ വിജ്ഞാനം എന്തോ അസാധാരണത്വമുള്ള ഒന്നെന്ന കരുതി അവർ ഗർവ്വം കൊള്ളാതിരിക്കട്ടെ, കാരണം അവക്ക് വളരെ മുമ്പുതന്നെ 'സിറേനായിക്കുകൾ (cyrenaics) എന്ന തത്വജ്ഞാനികൾ ഈ അഭിപ്രായം പുലർത്തിയിരുന്നു. എന്നിരുന്നാലും 'ഗ്നോസ്ററിക്കുകൾ' എന്നു വിളിക്കപ്പെടുന്ന ഈ വ്യാജ ജ്ഞാനികളുടെ അവിശുദ്ധമായ ജ്ഞാനം (ഗ്നോസിസ്) തക്കസമയത്ത് ഖണ്ഡിക്കുന്നതാണ്. അതുകൊണ്ട് അവർക്കുള്ള ദീർഘമായ മറുപടി ഇവിടെ ചേർത്താൽ നാം പ്രതിപാദിക്കുന്ന ഈ വിഷയം ഇവിടെ വച്ചു മുറിഞ്ഞുപോകുമെന്ന് കരുതുന്നു. യഥാർത്ഥത്തിൽ വിശുദ്ധനും ഭക്തനുമായ ജ്ഞാനി സഭയുടെ നിയമമനുസരിച്ച് ജീവിക്കുന്നവൻ മാത്രമാണ് എന്നാണ് എന്റെ അഭിപ്രായം. ഇങ്ങനെയുള്ളവനു മാത്രമാണ് ദൈവഹിതത്തിനനുസൃതമായ പ്രാർത്ഥനകൾക്ക് പ്രതിഫലം ലഭിക്കുന്നത്. എന്തെന്നാൽ ദൈവം താനിച്ഛിക്കുന്നതെല്ലാം പ്രവർത്തിക്കുന്നതുപോലെ ജ്ഞാനി പ്രാർത്ഥിക്കുന്നതെല്ലാം ദൈവത്തിൽനിന്ന പ്രാപിക്കുന്നു. പൊതുവെ പറഞ്ഞാൽ നല്ല കാര്യങ്ങൾ സ്വീകരിക്കവാൻ യോഗ്യരും അയോഗ്യരുമായവർ ആരെല്ലാമെന്ന് ദൈവത്തിനറിയാം. ഇതനുസരിച്ച്

www.malankaralibrary.com



ഓരോരുത്തർക്കും യോജിച്ച ദാനങ്ങൾ ദൈവം നല്കുന്നു. അതുകൊണ്ട് അയോഗ്യരായവർക്ക്, അവർ കൂടെക്കൂടെ ചോദിക്കുന്നുവെങ്കിലും അവിടുന്ന് നല്കുന്നില്ല. എന്നാൽ യോഗ്യരായവർക്ക് അവിടുന്ന് കൊടുക്കുകയും ചെയ്യും. നല്ല ദാനങ്ങൾ ആവശ്യപ്പെടാതെ തന്നെ നല്കപ്പെടുന്നുവെന്നതിൽ നിന്ന് പ്രാർത്ഥന അർത്ഥശൂന്യമാണെന്ന് വരുന്നില്ല.

12. നന്ദിപറയുകയും അയല്ക്കാരൻെറ മാനസാന്തരത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുക എന്നത് ജ്ഞാനിയുടെ കർത്തവ്യമാണ്. കഴിയുന്നിടത്തോളം പേരെല്ലാം ദൈവത്തെക്കുറിച്ചുള്ള ഈ അറിവിലേക്ക് വരുന്നതിനും, അങ്ങനെ തൻെറ ദൗത്യം പൂർത്തീകരിക്കപ്പെടുന്നതിനുംവേണ്ടി കൃതജ്ഞതയർപ്പിച്ചുകൊണ്ട് നമ്മുടെ കർത്താവ് പ്രാർത്ഥിച്ചു. ഇതു തൻെറ രക്ഷാകരകർമ്മത്തെക്കുറിച്ചുള്ള ജ്ഞാനംവഴി രക്ഷിക്കപ്പെടുന്നവരിലെല്ലാം ദൈവം മഹത്വപ്പെടുന്നതിനും ഏകനന്മയും ഏകരക്ഷിതാവുമായ അവിടുന്ന് തൻെറ പുത്രനിലൂടെ യുഗയുഗാന്തരങ്ങളായി അംഗീകരിക്കപ്പെടുന്നതിനും വേണ്ടിയാണ്. ഇതിനും പുറമെ, ജ്ഞാനം വഴി നമുക്ക് പ്രാപിക്കാവുന്ന, പ്രാർത്ഥനയുടെ മറെറാരു രൂപമാണ് വിശ്വാസം.

13. ദൈവവുമായുള്ള സംഭാഷണത്തിനു ലഭിക്കുന്ന ഏതൊരവസരവും പ്രാർത്ഥനയാകയാൽ ഇങ്ങനെയുള്ള ഒരു സന്ദർഭവും ഉപേക്ഷിക്കരുത്. ദൈവത്തിൻെറ പരിപാലനയുടെ സഹായത്താൽ ജ്ഞാനിയുടെ വിശുദ്ധി, ദൈവത്തിൻെറ മഹോന്നതമായ ഔദാര്യത്തെക്കുറിച്ച് സ്വമേധയാ നടത്തുന്ന പ്രഖ്യാപനത്തിൽ നിന്നു സുതരാം വ്യക്തമാകുന്നതാണ്. എന്തുകൊണ്ടെന്നാൽ ജ്ഞാനിയുടെ വിശുദ്ധിയും ദൈവസ്നേഹിതൻെറ പരോപകാരതല്പരതയും ദൈവപരിപാലനയുടെ പരസ്പരാഭിമുഖമായ സ്വഭാവങ്ങളാണ്. കാരണം, അഗ്നി സദാസമയവും ചൂടുള്ളതുപോലെയല്ല ദൈവം. അവിടുന്ന് അനിച്ഛാപൂർവ്വമായിട്ടല്ല നല്ലവനായിരിക്കുന്നത്. മറിച്ച് നമ്മുടെ യാചനകൾ അവിടുന്ന് മുൻകൂട്ടി സ്വീകരിക്കുന്നെങ്കിൽത്തന്നെയും മനുഷ്യർക്ക് നന്മ ചെയ്യുന്നതിൽ അവിടുന്ന് സ്വന്തം ഇച്ഛയനുസരിച്ച് പ്രവർത്തിക്കുന്നു. അതുപോലെതന്നെ രക്ഷിക്കപ്പെടുന്നവരാരും തങ്ങളുടെ തന്നെ ഹിതത്തിനു വിപരീതമായല്ല രക്ഷിക്കപ്പെടുന്നത്. കാരണം, അവരിലാരും നിശ്ചേഷ്ടരല്ല. മറിച്ച്, സ്വമേധയാ സ്വാഭീഷ്ടപ്രകാരമാണ് രക്ഷയ്ക്കായി പരിശ്രമിക്കുന്നത്. അതുപോലെ, തനിക്കിഷ്ടപ്പെട്ടവയിൽ നിന്ന് സ്വതന്ത്രമനസ്സോടു കൂടി എന്തും തിരഞ്ഞെടുക്കുവാനും, ഉപേക്ഷിക്കുവാനുമുള്ള കല്പനയാണ് മനുഷ്യന് ലഭിച്ചത്. ദൈവം ഒരാന്തരിക സമ്മർദത്താൽ പ്രേരിതനായല്ല നന്മചെയ്യുന്നത്. മറിച്ച് തന്നെ സമീപിക്കുന്നവർക്ക് അവിടുന്ന് സ്വമേധയാ നന്മ ചെയ്തുകൊടുക്കുന്നു. കാരണം നമുക്കു ലഭിക്കുന്ന ദൈവപരിപാലന, താഴേക്കിടയിലുള്ളവർ അവരുടെ അധികാരികൾക്ക് ചെയ്യുന്ന കാര്യനിർവ്വഹണപരമായ ഒരു സേവനം പോലെയല്ല; മറിച്ച് ഇടയൻെറ ശ്രദ്ധ തൻെറ ആടുകളിലേയ്ക്കെന്നതു



പോലെയും രാജാവിൻെറ ശ്രദ്ധ പ്രജകളിലേക്കെന്നതുപോലെയും, നമ്മുടെ ബലഹീനതകളിൽ ദൈവത്തിൻെറ പരിപാലനയുടെ നിരന്തരമായ ഈശ്വരാജ്ഞ നമുക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ദൈവദത്തമായ കല്പനയനുസരിച്ച് നമ്മുടെ ആവശ്യങ്ങളെല്ലാം നിർവ്വഹിക്കുവാനായി നിയോഗിക്കപ്പെട്ടിരിക്കുന്ന അധികാരികളോടു നാം വിധേയത്വത്തോടെ പെരുമാറുന്നതുപോലെയാണത്.

14. ആകയാൽ ഏററം സ്വതന്ത്രവും രാജകീയവുമായ സേവനം ചെയ്യുന്നവർ ദൈവത്തിൻെറ ദാസരും ശുശ്രൂഷകരുമാണ്. ഭക്തിചൈതന്യം തുളുമ്പുന്ന മനസിൻെറയും അറിവിൻെറയും ഫലമാണ് ഇപ്രകാരമുള്ള സേവനം. അപ്പോൾ ദൈവിക സാന്നിദ്ധ്യം അനുസ്മരിപ്പിക്കുന്ന ഓരോ സ്ഥലവും സമയവും യഥാർത്ഥത്തിൽ വിശുദ്ധമായിത്തീരുകയാണു ചെയ്യുന്നത്.

15. അങ്ങനെ ഏററം നല്ലതു തിരഞ്ഞെടുക്കുകയും, അതേ സമയം നന്ദിനിറഞ്ഞ ഹൃദയത്തോടെ ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നവൻ, അതു വളരെ എളുപ്പത്തിൽ നേടുന്നു. കാരണം, സന്തോഷത്തോടെ പ്രാർത്ഥിക്കുന്നയാൾ താൻ അർത്ഥിച്ച കാര്യങ്ങൾ കൈനീട്ടി വാങ്ങുന്നു. സകല നന്മകളുടെയും ദാതാവായ ദൈവം നമ്മുടെ ഉൽസാഹം കാണുമ്പോൾ, ഉടൻ തന്നെ അവയെല്ലാം നമുക്കു നല്കുവാൻ തീരുമാനിക്കുന്നു. അതായത് പ്രാർത്ഥിക്കുന്നയാളിൻെറ സ്വഭാവം അയാളുടെ കർത്തവ്യവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നത് തീർച്ചയായും പരിശോധിക്കപ്പെടുന്നുണ്ട്.

16. ഗ്രഹണ ശക്തിക്കായി നമുക്ക് ശബ്ദവും ആശയപ്രകാശന ശക്തിയും നല്കിയ ദൈവത്തിന് എങ്ങനെ നമ്മുടെ ആത്മാവിനെ ശ്രവിക്കാതിരിക്കാനാകും? ആത്മാവ് ആത്മാവിനെയും മനസ് മനസിനെയും തീർച്ചയായും കേൾക്കുന്നു. അതുകൊണ്ടു തന്നെ മനുഷ്യരുടെയിടയിൽ വ്യാഖ്യാതാക്കൾ ഉള്ളതുപോലെ ദൈവത്തിന് അതിഭാഷകരെ ആവശ്യമില്ല; അവിടുന്ന് എല്ലാവരുടെയും വിചാരങ്ങളെ പൂർണ്ണമായും അറിയുന്നു. അതുപോലെതന്നെ നമ്മുടെ ശബ്ദം നമ്മോടു മന്ത്രിക്കുന്നതും, നമ്മുടെ മനസിൽ കടന്നുവരുമെന്ന് ലോകസൃഷ്ടിക്കുമുമ്പു തന്നെ അവിടുന്ന് അറിഞ്ഞിരുന്നതുമായ ഓരോ ചിന്തയും ദൈവത്തോട് സംസാരിക്കുന്നു. ഇപ്രകാരം ശബ്ദമൊന്നും കൂടാതെ തന്നെ നമുക്ക് പ്രാർത്ഥിക്കാവുന്നതാണ്. ഏകാഗ്രതയോടുകൂടി ദൈവത്തിലേക്ക് തിരിഞ്ഞുകൊണ്ട്, നമ്മുടെ ആദ്ധ്യാത്മിക സ്വഭാവം മുഴുവനും ഈ മാനസികാവിഷ്കരണത്തിൽ കേന്ദ്രീകരിച്ചുകൊണ്ടാണ് ഇതു സാധിക്കുന്നത്.

17. പ്രഭാതം ദിവസത്തിൻെറ ആരംഭമാണ്; അന്ധാകാരത്തെ അകററിക്കൊണ്ട് പ്രഭാതം മുതൽ പ്രകാശം വർദ്ധിച്ചുവരുന്നു. അതുപോലെ അന്ധകാരത്തിലിരിക്കുന്നവർക്കിതാ സത്യത്തെക്കുറിച്ചുള്ള അറിവിൻെറ

www.malankaralibrary.com



ദിവസം ഉദയം ചെയ്തിരിക്കുന്നു. സൂര്യോദയത്തിനു സമാനമായി, കിഴക്കുനിന്നുള്ള സൂര്യോദയത്തിനഭിമുഖമായിട്ടാണ് പ്രാർത്ഥനകൾ ചൊല്ലുന്നത്. അതുകൊണ്ടാണ് പ്രതിമകളെ അഭിമുഖീകരിക്കുമ്പോൾ കിഴക്കോട്ടു തിരിഞ്ഞു നില്ക്കണമെന്ന് പഠിപ്പിക്കുന്നതിനുവേണ്ടി ഏററം പുരാതനങ്ങളായ അമ്പലങ്ങളെല്ലാം പടിഞ്ഞാറോട്ട് ദർശനമായി നിർമ്മിക്കപ്പെട്ടിരിക്കുന്നത്. സങ്കീർത്തകൻ പറയുന്നു: 'എൻെറ പ്രാർത്ഥന പരിമളധൂപം പോലെയും എൻെറ കൈകൾ ഉയർത്തൽ സന്ധ്യായാഗം പോലെയും നിൻെറ പക്കലേയ്ക്ക് തിരിയട്ടെ' (141:2). ദുഷ്ടമനുഷ്യരെ സംബന്ധിച്ചിടത്തോളം പ്രാർത്ഥന അവർക്കും മററുള്ളവർക്കും ഹാനികരമാണ്. എന്തുകൊണ്ടെന്നാൽ ചെറിയ ചെറിയ സൗഭാഗ്യങ്ങളെന്ന് അവർ പരിഗണിക്കുന്ന ദാനങ്ങൾ അവർ പ്രാർത്ഥിച്ചു നേടിയാൽപ്പോലും അവ എങ്ങനെയാണുപയോഗിക്കേണ്ടതെന്ന് അറിയാൻ പാടില്ലാത്തതിനാൽ അവർ സ്വയം ദോഷം വരുത്തിവയ്ക്കുന്നു. തങ്ങൾക്കില്ലാത്തവ നേടുവാൻവേണ്ടി അവർ പ്രാർത്ഥിക്കുന്നു. നല്ലവയെന്നു തോന്നിക്കുന്ന ചീത്തക്കാര്യങ്ങൾ അവർ ആവശ്യപ്പെടുന്നു.

18. എന്നാൽ യഥാർത്ഥ ജ്ഞാനിയാകട്ടെ താൻ സമ്പാദിച്ചിരിക്കുന്ന ദാനങ്ങളുടെ നിലനില്പിനും ആവശ്യമായ അനുരൂപീകരണത്തിനും, തനിക്ക് ലഭിക്കാനിരിക്കുന്ന ദാനങ്ങളുടെ നിത്യതയ്ക്കും വേണ്ടി പ്രാർത്ഥിക്കുന്നു. യഥാർത്ഥത്തിൽ നല്ലതും ആത്മാവിനെ സംബന്ധിക്കുന്നതുമായ കാര്യങ്ങൾ തനിക്കു ലഭിക്കുന്നതിനും അവ തന്നോടുകൂടി എന്നും ഉണ്ടായിരിക്കുതിനുമായി അയാൾ പ്രാർത്ഥിക്കുന്നു. തനിക്കില്ലാത്ത ഒന്നും ആഗ്രഹിക്കാതെ, ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട് അയാൾ ജീവിക്കുന്നു ദൈവികകൃപയാലും അറിവിനാലും തനിക്കാവശ്യമുള്ളതെല്ലാം അയാൾക്കിപ്പോൾ തന്നെ ലഭിച്ചിട്ടുണ്ട്. അതിനാൽ തനിക്കനുയോജ്യമായ കാര്യങ്ങളിൽ അയാൾക്ക് യാതൊരു കുറവുമില്ല. തൻെറ ആവശ്യത്തിനുള്ളതെല്ലാം തനിക്കുള്ളതിനാൽ അയാൾക്കു മറെറാന്നും ആവശ്യമില്ല. ദൈവത്തിൻെറ ഉൽകൃഷ്ട മനസ്സറിയുന്നതുകൊണ്ടും, സർവ്വശക്തനുമായി അദ്ദേഹം ബന്ധപ്പെട്ടിരിക്കുന്നതിനാൽ ചോദിക്കുമ്പോൾത്തന്നെ ഇവയൊക്കെ ലഭിക്കുന്നതുകൊണ്ടും, നിസീമമായ സ്നേഹത്താൽ പ്രേരിതനായി ഒരാദ്ധ്യാത്മിക മനുഷ്യനായിരിക്കാൻ ഉൽക്കടമായി ആഗ്രഹിക്കുന്നതുകൊണ്ടും, അയാൾ പരിശുദ്ധാത്മാവിൽ ഒന്നായിത്തീരുന്നു. അയാൾ മഹാമനസ്കനും, ഏററം വിലപ്പെട്ടതും ഏററം നല്ലതുമായവ സമ്പാദിക്കുന്നവനും ധ്യാനതല്പരനുമാകയാൽ തൻെറ ധ്യാനവിഷയകമായ വസ്തുക്കളുടെ സനാതനശക്തി, അതായത് അവയെക്കുറിച്ചുള്ള സൂക്ഷ്മമായ അറിവ് അയാൾ നിലനിർത്തുന്നു. തൻെറ മനസ്സിനെ മഥിക്കുന്നു എല്ലാ സ്വാധീനങ്ങളുടെയും മേൽ വിജയം നേടിക്കൊണ്ട് ഈ ശക്തി പരമാവധി നേടുവാൻ അയാൾ പരിശ്രമിക്കുന്നു. എല്ലാ കാര്യങ്ങളും അവിശ്രാന്തം മനനം ചെയ്തുകൊണ്ടും എല്ലാ സുഖസന്തോഷങ്ങളിലും വിരക്തി പാലിക്കുവാൻ സ്വയം അഭ്യസിപ്പിച്ചുകൊണ്ടും



താൻ ചെയ്യുന്ന പ്രവൃത്തികളിലെല്ലാം സ്വയം പരിശീലിപ്പിച്ചുകൊണ്ടും അയാൾ ഇതു സാധിക്കുന്നു. കൂടാതെ ജീവിതത്തിലും പഠനത്തിലും നിന്ന് അയാൾക്ക് ധാരാളം അനുഭവങ്ങൾ ലഭിച്ചിട്ടുള്ളതിനാൽ, അയാൾക്ക് സംസാരസ്വാതന്ത്ര്യമുണ്ട്; ഇത് വെറും ഒരു ബാലിശ സംസാരമായി അധഃപതിക്കുന്നില്ല. ആരുടെയും പ്രീതിയും ഭീഷണിയും പരിഗണിക്കാതെ, വളരെ ലളിതമായ ഭാഷയിലും യാതൊന്നും മറച്ചുവെയ്ക്കാതെയും എല്ലാക്കാര്യങ്ങളും ഏററം ആവശ്യമെന്ന് തോന്നുന്ന സമയത്ത് യഥോചിതം അയാൾ വെളിവാക്കുന്നു. സത്യപ്രബോധകരിൽനിന്നുതന്നെ അയാൾക്ക് ദൈവത്തെക്കുറിച്ചുള്ള അറിവ് ലഭിച്ചിരിക്കുന്നതിനാൽ, അതിൻെറ മഹിമയ്ക്കനുസൃതമായ ഭാഷയിൽ അയാൾ സംസാരിക്കുന്നു. കൂടാതെ, തന്നെക്കൊണ്ടാവും വിധം, തനിക്കു ലഭിച്ചിരിക്കുന്ന അറിവിൻെറ സഹായത്താൽ, ബൗദ്ധികവും ആത്മികവുമായ വസ്തുക്കളുടെ സഹായത്താൽ, അതിഫലദായകമായ പ്രാർത്ഥനയിലൂടെ അവയുടെ ഫലം കാണിച്ചുകൊടുക്കുകയും ചെയ്യുന്നു.

19. ഇക്കാരണത്താൽത്തന്നെ അയാൾ വിനീതനും ശാന്തശീലനും ആർക്കും എപ്പോഴും സമീപിക്കാവുന്നവനും അനുനയമുള്ളവനും ക്ഷമയുള്ളവനും കൃതജ്ഞനും ഉത്തമമായൊരു മനസ്സാക്ഷിയുടെ ഉടമയുമാണ്. അയാൾ തൻെറ സമീപനങ്ങളിൽ ഉറപ്പോടെ വർത്തിക്കുന്നു. അയാൾ ദുഷിച്ചുപോകുന്നില്ലെന്ന് മാത്രമല്ല, പരീക്ഷിക്കപ്പെടുകയും ചെയ്യുന്നില്ല. കാരണം തൻെറ ആത്മാവിനെ കീഴടങ്ങുവാനോ സുഖദുഃഖങ്ങൾക്കടിമയാകുവാനോ അയാൾ അനുവദിക്കുന്നില്ല. ന്യായാധിപനായ വചനം തന്നെ വിളിക്കുന്നുവെങ്കിൽ അഭിനിവേശങ്ങൾക്കൊന്നും സ്വല്പംപോലും വഴങ്ങാതെ, സ്വതന്ത്രമായി വളർന്നിട്ടുള്ളതിനാൽ, അചഞ്ചലനായി നീതി ഉപദേശിക്കുന്നിടത്തേയ്ക്ക് അയാൾ പോകുന്നു. എല്ലാം പരിപൂർണ്ണമായി കൈകാര്യം ചെയ്യപ്പെടുന്നുവെന്ന് അയാൾക്കുത്തമബോധ്യമുണ്ട്. സുകൃതങ്ങൾ തിരഞ്ഞെടുത്ത ആത്മാക്കളുടെ കാര്യത്തിൽ ഉപരി നന്മയിലേക്ക് ഈ പുരോഗതി സംഭവിക്കുന്നുവെന്നും അയാൾക്ക് നന്നായറിയാം. പരമനന്മയിലെത്തുന്നതുവരെ, ഒരുതരത്തിൽ പറഞ്ഞാൽ പിതാവിൻെറ പൂമുററത്ത് അത്യുന്നതനായ പുരോഹിതൻെറ സമീപത്തെത്തുന്നതുവരെ, ഈ പുരോഗതി സംഭവിക്കുന്നു. ഇങ്ങനെ ഈ പ്രപഞ്ചത്തിലെ എല്ലാക്കാര്യങ്ങളും ഏററം ഭംഗിയായ വിധം നിയന്ത്രിക്കപ്പെടുന്നുവെന്ന് വിശ്വസ്തനായ ജ്ഞാനി വിശ്വസിക്കുന്നു. പ്രത്യേകിച്ച്, സംഭവിക്കുന്ന എല്ലാക്കാര്യങ്ങളിലും അയാൾ സന്തുഷ്ടനാണ്. ആകയാൽ ഈ വിശ്വാസമനുസരിച്ച്, തനിക്കാവശ്യമുള്ള യാതൊരു കാര്യവും അയാൾ ദൈവത്തോട് യാചിക്കുന്നില്ല. കാരണം, സർവ്വവും അറിയുന്നവനായ ദൈവം നാം ചോദിക്കുന്നില്ലെങ്കിൽപ്പോലും നമുക്കുപകാരപ്രദമായവയെല്ലാം തരുന്നുവെന്ന് അയാൾക്കറിയാം.

20. കലാകാരന് ആവശ്യമായ എല്ലാ സാധനങ്ങളും ആ കലയുടെ നിയമാനുസരണം ലഭിക്കുന്നു. വിജാതീയന് എല്ലാം വിജാതീയർക്കനു

www.malankaralibrary.com



യോജ്യമായ രീതിയിൽ ലഭിക്കുന്നു. ഇതുപോലെതന്നെ ജ്ഞാനിക്കാവശ്യമായവ വൈജ്ഞാനികമായിത്തന്നെ ലഭിക്കുന്നുവെന്നാണ് എൻെറ അഭിപ്രായം. വിജാതീയരിൽനിന്നു മാനസാന്തരപ്പെടുന്നയാൾ വിശ്വാസത്തിനായും അറിവിൽ വളരുന്നയാൾ സ്നേഹത്തിൻെറ പൂർണ്ണതയ്ക്കായും പ്രാർത്ഥിക്കുന്നു. സാധാരണ ആൾക്കാർ നല്ല ആരോഗ്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതുപോലെ, അറിവിൻെറ ഉച്ചകോടിയിലെത്തിയിരിക്കുന്ന ജ്ഞാനി ധ്യാനാത്മകത തന്നിൽ വളരുന്നതിനും, നിലനില്ക്കുന്നതിനും വേണ്ടി പ്രാർത്ഥിക്കുന്നു. മാത്രമല്ല സുകൃതത്തിൽനിന്ന് ഒരിക്കലും വ്യതിചലിക്കാതിരിക്കാൻ വേണ്ടിയും അയാൾ പ്രാർത്ഥിക്കുന്നു. തനിക്കൊരിക്കലും തെററുപററാതിരിക്കുന്നതിനായി തൻെറ പൂർണ്ണമായ സംരക്ഷണവും ഇതിനായി നല്കും. എന്തുകൊണ്ടെന്നാൽ, അശ്രദ്ധ മൂലം കുറെ മാലാഖമാർപോലും ഭൂമിയിലേയ്ക്കെറിയപ്പെട്ടുവെന്ന് അയാൾ മനസ്സിലാക്കുന്നു. കാരണം, ദ്വിത്വത്തിലേയ്ക്കുള്ള തങ്ങളുടെ ചായ്വിൽനിന്നും തങ്ങളെത്തന്നെ മോചിപ്പിച്ച്, ദൈവവുമായുള്ള ഐക്യത്തിൽ അവർ എത്തിയിരുന്നില്ല.

21. എന്നാൽ ഈ അവസ്ഥയിൽ നിന്ന് അറിവിൻെറ ഔന്നത്യത്തിലെത്തിയിട്ടുള്ളവനെയും, ഒരു പൂർണ്ണമനുഷ്യൻെറ തലത്തിലേയ്ക്കുയർന്നിട്ടുള്ളവനെയും സ്ഥലകാലാദികളോട് ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും സഹായിക്കുന്നു. എന്തെന്നാൽ തെററുകൂടാതെ ജീവിക്കുക എന്നതാണ് അയാളുടെ ലക്ഷ്യം. ഇപ്രകാരം എല്ലാവിധത്തിലുമുള്ള ജ്ഞാനത്തെക്കുറിച്ച് സ്ഥിരമായ അറിവ് സമ്പാദിക്കുവാനായി അയാൾ പരിശ്രമിക്കുകയും ചെയ്യുന്നു. മറിച്ച്, പരിശീലനമൊന്നും സിദ്ധിക്കാതെ ഏതെങ്കിലും വിധത്തിൽ അധോഗതിയിൽ സ്ഥിതി ചെയ്യുന്നവനിൽ വിശ്വാസത്താൽ സംശുദ്ധമാക്കി ഉയർത്തപ്പെട്ടിരുന്ന ഭാഗംപോലും അധഃപതിക്കും. എന്നാൽ വൈജ്ഞാനിക പരിശീലനം വഴി അക്ഷയമായ പുണ്യം സമ്പാദിച്ചിട്ടുള്ളവനിൽ തഴക്കം സ്വാഭാവികമായി പരിണമിക്കുന്നു. കല്ലിനു ഭാരമെന്നതുപോലെ ഇപ്രകാരമുള്ള ഒരാളുടെ വിജ്ഞാനം നശിച്ചു പോകുന്നില്ല. മാനസിക പരിശീലനം, ബുദ്ധിശക്തി, ദൈവപരിപാലന എന്നിവയിലൂടെ അത് അക്ഷയമായിത്തീരുന്നു. കരുതലുള്ളതിനാൽ അത് നഷ്ടപ്പെടുവാൻ സാദ്ധ്യതയില്ലാത്തതായി മാറുന്നു. തെററു ചെയ്യാതിരിക്കുവാനായി അയാൾ മുൻകരുതലുകൾ ഉള്ളവനായിരിക്കും. സുകൃതം നഷ്ടപ്പെടാതിരിക്കുവാൻ അയാൾക്ക് പല പരിഗണനകളുമുണ്ടായിരിക്കും. സുകൃതത്തിൽ സ്ഥിരമായിരിക്കുവാൻ സഹായകമായ കാര്യങ്ങൾ ഗ്രഹിക്കുവാൻ പഠിപ്പിച്ചുകൊണ്ട്, ജ്ഞാനം പല പരിഗണനകൾക്കും ജന്മം നൽകുന്നു. ഇതിൽ പരമപ്രധാനമായത് ദൈവത്തെക്കുറിച്ചുള്ള അറിവാണ്. ഇക്കാരണത്താൽ തന്നെ നഷ്ടപ്പെടാത്ത വിധത്തിൽ പുണ്യം സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. ദൈവത്തെ അറിയുന്നവൻ വിശുദ്ധനും ഭക്തനുമാണ്. അക്കാരണത്താൽ ജ്ഞാനി മാത്രമാണ് ഭക്തനായ വ്യക്തിയെന്ന് നാം തെളിയിക്കുകയും ചെയ്തിരിക്കുന്നു.



22. ഇപ്പോൾ തനിക്കുള്ള നന്മകളിലും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നവ ഇപ്പോൾ തന്നെ ലഭ്യമായിരിക്കുന്നു എന്ന് കരുതുന്നതിനാൽ അവയിലും ജ്ഞാനി സന്തോഷിക്കുന്നു. കാരണം, ഇപ്പോൾ ലഭിച്ചിട്ടില്ലെങ്കിലും അവ അയാളുടെ ശ്രദ്ധയിൽ നിന്ന് വിട്ടുപോകുന്നില്ല. എന്തെന്നാൽ അവ ഏതു തരത്തിലുള്ളവയാണെന്ന് അയാൾ മുൻകൂട്ടി അറിയുന്നു. അവയുടെ സ്വഭാവം എന്താണെന്നുള്ള അറിവിനാൽ അയാൾ അത് നേടിയിരിക്കുന്നു. കാരണം, ഒരാൾക്കുള്ളതുമായി ബന്ധപ്പെടുത്തിയാണല്ലോ ദൗർലഭ്യവും ന്യൂനതയും അളക്കുന്നത്. ദൈവിക ഗുണമായ വിജ്ഞാനത്തിന് കുറവൊന്നുമില്ലാത്തതിനാൽ ഈ വിജ്ഞാനത്തിൽ പങ്കെടുക്കുന്ന വ്യക്തിക്കും മറെറാന്നിൻെറയും അഭാവമുണ്ടാകുകയില്ല. വിജ്ഞാനം സംലഭ്യമാകുന്നത് ഏതെങ്കിലും കൊടുക്കലിലൂടെയോ സ്വീകരണത്തിലൂടെയോ അല്ല; വേർപെടുത്തലോ, നഷ്ടപ്പെടലോ വഴിയോ അല്ല. ഇക്കാരണത്താൽ കൊടുക്കുക എന്ന പ്രവൃത്തി അതിൻെറ വിനിമയത്തിൽ അന്യമാണ്. അങ്ങനെ ജ്ഞാനി തനിക്ക് സാധിക്കുന്ന വിധത്തിൽ എല്ലാ നല്ല വസ്തുക്കളും സമ്പാദിക്കുന്നു. എന്നാൽ ഇവയുടെ എണ്ണത്തെ സംബന്ധിച്ചിടത്തോളം വ്യത്യാസമുണ്ട്. അല്ലാത്തപക്ഷം ഓരോരോ ഘട്ടങ്ങളിലുണ്ടാകുന്ന പുരോഗതിയും ആവശ്യമാകുന്ന നിയന്ത്രണങ്ങളുമനുസരിച്ച് തൻെറ നില വ്യത്യാസപ്പെടുത്തുവാൻ അവന് സാധിക്കാതെ വരുമല്ലോ.

23. അയാളെ കൂടുതൽ പരിശോധനാവിഷയമാക്കിക്കൊണ്ട് ദൈവം അയാളെ സഹായിക്കും. എന്തുകൊണ്ടെന്നാൽ എല്ലാവസ്തുക്കളും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് നല്ല മനുഷ്യരുടെ നന്മയ്ക്കും ഗുണത്തിനും രക്ഷയ്ക്കും വേണ്ടിയാണല്ലോ. അതുകൊണ്ടു പുണ്യപൂർണ്ണതയ്ക്കായി നിലനില്ക്കുന്ന ഈ നല്ല വസ്തുക്കളെ ആർക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവോ അവരിൽനിന്ന് എടുത്തുമാററുകയില്ല. തീർച്ചയായും അവരുടെ മഹനീയമായ സ്വഭാവത്തെയും അവരുടെ വിശുദ്ധ ജീവിതത്തെയും പരിഗണിച്ച് നല്ല ജീവിതം തെരഞ്ഞെടുത്തിരിക്കുന്ന അവരെ, അവരുടെ രക്ഷയ്ക്കാവശ്യമായ ശക്തി നല്കി അവിടുന്ന് പ്രചോദിപ്പിക്കും. യോഗ്യരായിത്തീർന്നവരെ അവിടുന്ന് ഉപരി സഹായിക്കുകയും ചെയ്യും. എല്ലാക്കാര്യങ്ങളും അറിയുകയും അവ ബുദ്ധിപൂർവ്വം അനുഷ്ഠിക്കുകയും ചെയ്യുക എന്നതാണ് ജ്ഞാനിയുടെ ലക്ഷ്യമെങ്കിൽ അയാളിൽ എല്ലാ നന്മകളും വളർന്ന് വികസിക്കും. കാരണം ഭിഷഗ്വരൻെറ നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന രോഗിക്ക് ആരോഗ്യം വീണ്ടു കിട്ടുന്നതുപോലെ അറിവും സൽസ്വഭാവവും ലക്ഷ്യമാക്കി മുന്നേറുന്നവന് ദൈവം നിത്യജീവൻ നൽകുന്നു. മാത്രവുമല്ല ദൈവകല്പനകൾ ആവശ്യപ്പെടുന്നവയെല്ലാം നമുക്കധീനമാകയാൽ അവ നിറവേററുന്നതോടെ ഈ വാഗ്ദാനവും പൂർത്തീകരിക്കപ്പെടുന്നു.

23. താഴെപ്പറയാനുദ്ദേശിക്കുന്ന കാര്യം തന്നെ ഗ്രീക്കുകാർ വളരെ മനോഹരമായി പറഞ്ഞുവെച്ചിട്ടുണ്ട്. കഠിനമായ പരിശീലനത്തിലൂടെ

www.malankaralibrary.com



പൗരുഷഗുണങ്ങൾ സമ്പാദിച്ചിട്ടുള്ള കായികാഭ്യാസി ഒളിമ്പിക് മൽസരങ്ങൾക്ക് പുറപ്പെടുമ്പോൾ പീസിയൻ സേവൂസിൻെറ പ്രതിമയിൽ കണ്ണുകളുയർത്തി പറയുമായിരുന്നു: ''അല്ലയോ സേവൂസ്, മത്സരത്തിനാവശ്യമായ എല്ലാ ഒരുക്കങ്ങളും ഞാൻ നടത്തിയിട്ടുണ്ട്. വന്ന്, ഞാനർഹിക്കുന്ന വിജയം എനിക്ക് നല്കിയാലും.'' ഇതുപോലെ തന്നെയാണ് ജ്ഞാനിയുടെ കാര്യത്തിലും സംഭവിക്കുന്നത്. പരിശീലനം, സത്പ്രവൃത്തികൾ, ദൈവത്തെ പ്രസാദിപ്പിക്കൽ തുടങ്ങിയ കാര്യങ്ങളിലെല്ലാം തനിക്കാവുന്നതുപോലെ, തെററു കൂടാതെ ശുദ്ധമനസ്സാക്ഷിയോടെ നടന്നിട്ടുണ്ടെങ്കിൽ ഇവയെല്ലാം അദ്ദേഹത്തിൻെറ രക്ഷ പൂർണ്ണമാക്കുവാൻ സഹായിക്കുന്നു. അങ്ങനെ നമ്മുടെ കഴിവിൽപ്പെടുന്നതും, നമ്മിൽ ഇപ്പോൾ ഉള്ളതും, ഒളിഞ്ഞ് കിടക്കുന്നതുമായി, നമ്മോട് ബന്ധപ്പെട്ട കാര്യങ്ങളാണ് ആവശ്യപ്പെടുന്നത്. അതായത് നമ്മുടെ തെരഞ്ഞെടുപ്പ്, ആഗ്രഹം, സമ്പാദ്യം, ഉപയോഗം, സ്ഥിരത എന്നിവ.

24. അതുകൊണ്ടുതന്നെ ദൈവവുമായി സംഭാഷണം നടത്തുന്നവൻ തൻെറ ആത്മാവിനെ നിർമ്മലവും പാപലേശമെന്യേ ശുദ്ധവുമായി സംരക്ഷിക്കേണ്ടതാണ്. പരിപൂർണ്ണ നന്മയിൽ നിലനിൽക്കുന്നതിന് അതത്യാവശ്യമാണ്. ഈ പരിപൂർണ്ണനന്മയെ ലക്ഷ്യമാക്കി പ്രാർത്ഥിക്കുക എന്നത് ഉചിതമാണ്. കാരണം മററുള്ളവരുടെ പാപങ്ങളിൽ പങ്കുചേരുക വളരെ അപകടകരമായ സംഗതിയാണ്. അതനുസരിച്ച് ജ്ഞാനി ഏതെല്ലാം കാര്യങ്ങളിൽ പുതുതായി വിശ്വാസം സ്വീകരിച്ചവരുമായി ഒരുമിച്ച് പ്രവർത്തിക്കുവാൻ കടപ്പെട്ടിരിക്കുന്നുവോ ആ ആവശ്യങ്ങൾക്കായി അവരോടൊത്തു പ്രാർത്ഥിക്കും. കൂടാതെ അവൻെറ ജീവിതം ഒരു വിശുദ്ധാഘോഷമായിരിക്കും. പ്രാർത്ഥനകളും, സ്തുതികളും ഭക്ഷണത്തിനുമുമ്പുള്ള വിശുദ്ധ ഗ്രന്ഥവായനകളും, ഭക്ഷണസമയങ്ങളും, കിടക്കുന്നതിനു മുമ്പുള്ള സങ്കീർത്തനങ്ങളും, രാത്രിയിലുള്ള പ്രാർത്ഥനകളുമാണ് ഈ ആഘോഷങ്ങളിൽ അയാളുടെ ബലികൾ. ഇപ്രകാരം, നിത്യമായനുസ്മരിക്കപ്പെടുന്ന കാര്യങ്ങളെക്കുറിച്ചുള്ള ധ്യാനവും, പരിചിന്തനവും വഴി അയാൾ സ്വർഗീയ ഗണങ്ങളുമായി ഒന്നുചേരുന്ന.

25. അപ്പോഴെന്ത് ? വിശ്വാസസത്യങ്ങൾ അറിയാനാഗ്രഹിക്കുന്നവരെ അതു പഠിപ്പിക്കുകയും സാമ്പത്തിക സഹായം ആവശ്യമുള്ളവർക്ക് സഹായം നൽകുകയും ചെയ്യുക എന്നതിലടങ്ങിയിരിക്കുന്ന ബലി അയാൾക്കറിഞ്ഞുകൂടെന്നുണ്ടോ ? തീർച്ചയായും അയാൾക്കറിയാം. എന്നാൽ തൻെറ അധരംകൊണ്ട് അയാൾ അതിഭാഷണം നടത്തുന്നില്ല. എന്തെന്നാൽ ആവശ്യമുള്ളത് മാത്രം കർത്താവിനോടു ചോദിക്കുവാൻ അയാൾ പഠിച്ചിട്ടുണ്ട്. അയാൾ ഏതു സ്ഥലത്തും പ്രാർത്ഥിക്കും. പക്ഷെ ജനക്കൂട്ടം കാണത്തക്കവിധം കപടമായിട്ടായിരിക്കുകയില്ല. നടക്കുമ്പോഴും, സംഭാഷണങ്ങളിലും മനനത്തിലും, വായിക്കുമ്പോഴം, ബൗദ്ധിക വ്യാപരങ്ങളിലും എന്നു



വേണ്ട ഏതവസരത്തിലും അയാൾ പ്രാർത്ഥിക്കുന്നു. തൻെറ ആത്മാവിൻെറ അന്താളങ്ങളിൽ നിന്ന് അവാച്യമായ നെടുവീർപ്പുകളോടെ ദൈവത്തെ വിളിച്ചപേക്ഷിക്കുമ്പോൾതന്നെ അവിടുന്ന് സമീപത്തുണ്ട്. എല്ലാപ്രവൃത്തികൾക്കും ത്രിവിധ ലക്ഷ്യങ്ങളുള്ളതുപോലെ അയാൾ എല്ലാം അതിൻെറ നന്മയ്ക്കും മഹിമയ്ക്കുമായി ചെയ്യുന്നു. സുഖത്തിന് മാത്രമായി ഒന്നും ചെയ്യാതെ അവയെല്ലാം സാധാരണക്കാർക്കായി വിടുന്നു.[2]

---

2. ജി. ചേടിയത്ത്, ആദിമസഭയുടെ സന്ദേശം, കോട്ടയം. 1988 പേ. 261–272 കാണുക.

www.malankaralibrary.com

# V

# എവാഗ്രിയസ്

ഏഷ്യാമൈനറിലെ പോന്തുസിലുള്ള ഇബോറാ എന്ന ചെറിയൊരു പട്ടണത്തിൽ ക്രി. വ. 345-ൽ എവാഗ്രിയസ് ജനിച്ചു. പോന്തുസിൽ നിന്നുള്ള ആളാകയാൽ 'എവാഗ്രിയുസ് പോന്തിക്കൂസ്' എന്നും അറിയപ്പെടുന്നു. അദ്ദേഹത്തിന്റെ പിതാവ് ഒരു കോറെപ്പിസ്കോപ്പാ ആയിരുന്നു. പോന്തുസിനടുത്തുള്ള അന്നേസിയിൽ താപസ്സജീവിതം ആരംഭിച്ച വി. ബസേലിയോസിന്റെ (+379) സ്വാധീനത്തിൽ എവാഗ്രിയസ് വന്നു; പിന്നീട് കേസറിയായിലെ മെത്രാനായിത്തീർന്ന ബസേലിയോസ്, എവാഗ്രിയസിന് കാറോയാപ്പട്ടം (വായനക്കാരൻ) നൽകി; വിശുദ്ധ ഗ്രിഗറി നസ്യാൻസൻ (+390) അദ്ദേഹത്തിന് ശെമ്മാശ്ശപ്പട്ടവും നൽകി. കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസിൽ (381) എവാഗ്രിയസ്. വിശുദ്ധ ഗ്രിഗറി നസ്യാൻസനോട് സഹകരിച്ച് പ്രവർത്തിച്ചു. ജീവിതകാലം മുഴുവൻ ഈ സ്നേഹവും സൗഹൃദവും നിലനിന്നു. തന്റെ ജിവിതാവസാനവും അദ്ദേഹം ഗ്രിഗറിയെ ബഹുമാനപൂർവ്വം അനുസ്മരിക്കുന്നതു കാണാവുന്നതാണ് (പ്രാക്തിക്കോസ്. 100). ഗ്രിഗറിക്കു ശേഷം കോൺസ്റ്റാന്റിനോപ്പിളിൽ മെത്രാനായ നെക്താരിയുസ് (+397) എവാഗ്രിയസിനെ തന്റെ ആർച്ചുഡീക്കനാക്കി. 381-ലെ സിനഡിന്റെ കാലഘട്ടത്തിലാണ് എവാഗ്രിയസ് വി. ഗ്രിഗറി നീസായുമായി (+394) അടുത്തു പരിചയപ്പെടുന്നത്. അദ്ദേഹത്തിന്റെ കൃതികളിലൂടെ ഒരിജനെ എവാഗ്രിയസ് അടുത്തറിയാൻ ഇടയായി.

കോൺസ്റ്റാന്റിനോപ്പിളിലെ വാസം തന്റെ സുകൃതജീവിതത്തിന് തടസമാണെന്നു കണ്ട എവാഗ്രിയസ് പലസ്തീനയിലേക്കും പിന്നീട് ഈജിപ്തിലേക്കും പോയി. ഈജിപ്തിലെ നിത്രിയൻ മലകളിൽ താപസജീവിതം നയിച്ചിരുന്ന സന്യാസപിതാക്കൻമാരുടെ കൂടെ രണ്ടുവർഷം ജീവിച്ചു. ഈ സന്യാസികൾ ഒരിജന്റെ വീക്ഷണഗതികൾ സ്വീകരിച്ചവരും വലിയ ആരാധകരുമായിരുന്നു, ഭാഗ്യവതിയായ മെലാനിയ (+410) എന്ന റോമൻ വനിതയാണ് ജറുസലേമിൽവച്ച് നിത്രിയയിലേക്ക് എവാഗ്രിയ



സിനെ തിരിച്ചുവിട്ടത് (388). അവിടുത്തെ നീളമുള്ള സഹോദരൻമാർ[1] എന്നറിയപ്പെടുന്ന താപസർ എവാഗ്രിയസിനെ സന്തോഷത്തോടുകൂടെ സ്വീകരിച്ചു. അദ്ദേഹം അവിടെവച്ച് സന്യാസജീവിതവുമായി അടുത്തിടപെടുകയും ഒരിജന്റെ ഒരാരാധകനായി മാറുകയും ചെയ്തു. തുടർന്ന് ചെല്ലിയ എന്ന സ്ഥലത്തെ മക്കാരിയൂസിന്റെ (അലക്സാണ്ഡ്രിയയിലേ മക്കാരിയുസിന്റെ) ശിഷ്യനായി. അതേ സമയം മഹാനായ മക്കാരിയൂസിന്റെ (+390) ശിഷ്യത്വവും സ്വീകരിച്ചു. തുടർന്നുള്ള ജീവിതകാലം അദ്ദേഹം ചെല്ലിയായിൽ താമസിച്ചു. ക്രി. വ. 399-ൽ ദനഹാത്തിരുനാൾ ദിവസം എവാഗ്രിയസ് ദേവാലയത്തിലേക്ക് സംവഹിക്കപ്പെട്ടു. വിശുദ്ധ കുർബാന സ്വീകരിച്ചശേഷംസമാധാനപൂർവം കർത്താവിൽ നിദ്ര പ്രാപിച്ചു.

ഈജിപ്തിലെ സന്യാസപിതാക്കൻമാരുടെ കൂട്ടത്തിൽ ഏറ്റം കൂടുതൽ കൃതികൾ രചിച്ചത് എവാഗ്രിയസാണ്. 'മൊണാസ്റ്റിക് മിസ്റ്റിസിസ'ത്തിന്റെ കർത്താവാണദ്ദേഹം! ഈജിപ്ഷ്യൻ മരുഭൂമിയിലെ ഏറ്റം നല്ല ആധ്യാത്മിക ഗ്രന്ഥകാരനും അദ്ദേഹം തന്നെ. 'പ്രാക്തിക്കോസ്'. 'ഗ്നോസ്തിക്കോസ്', 'ഗ്നോസ്റ്റിക് പ്രശ്നങ്ങൾ", 'പ്രാർത്ഥന' (പെരി പ്രൊസെവ്വക്കേസ്). 'ആൻറിറെട്ടിക്കോസ്', തുടങ്ങി നിരവധി ഗ്രന്ഥങ്ങൾ നമുക്ക് കൈവന്നിട്ടുണ്ട്. ഇവയിൽ പ്രാർത്ഥനയെപ്പറ്റിയുള്ള കൃതിയാണ് ചുവടെ ചേർക്കുന്നത്. 390—നും 395—നും ഇടയ്ക്ക് ഇതു വിരചിതമായി.

പാശ്ചാത്യവും പൗരസ്ത്യവുമായ സഭകളിലെല്ലാം എവാഗ്രിയസ് ഗണ്യമായ സ്വാധീനം ചെലുത്തി. പല്ലാഡിയുസ് (5th c.), ജോൺ കാസ്സിയൻ (+435), ഫോത്തിസിലെ, ഡിയഡോക്കുസ്(5th c.), സെവുഡോ ഡയനീഷ്യസ് (6th c.), ജോൺ ക്ലിമാക്കുസ് (+649), ഹെസിക്കിയുസ് (7th. c) വിശ്വാസ സാക്ഷിയായ മാക്സിമുസ് (+662), മാബുഗിലെ ഫിലൊക്സേനൂസ് (+523), നിനുവയിലെ ഇസഹാക്ക് (+700), ബാർ എബ്രായാ (+1286), നിസെറ്റാസ് സ്റ്റെത്താട്ടോസ് (+1090), സീനായിലെ ഗ്രിഗറി (+1346), ഗ്രിഗറി പലാമാസ് (1296—1359) തുടങ്ങിയവർ എവാഗ്രിയൻ സ്വാധീനം ലഭിച്ചവരിൽ പ്രമുഖരാണ്. ഇവരിലൂടെ ക്രൈസ്തവ സഭ മുഴുവൻ എവഗ്രിയസ് സ്വാധീനം ചെലുത്തി. നാലാം നൂറ്റാണ്ടുമുതൽ ഇരുപതാം നൂറ്റാണ്ടുവരെ അദ്ദേഹത്തിന്റെ സ്വാധീനം വ്യാപിച്ചു കിടക്കുന്നു.

---

1. അവർ നാലുപേരും വളരെ നീളമുള്ളവരായിരുന്നതിനാലാണ് 'നീളമുള്ള സഹോദരൻമാർ' (tall brothers—adelphi makroi) എന്ന് വിളിക്കപ്പെട്ടിരുന്നത്. ദിയൊസ്കോറോസ്, അമ്മോണിയുസ്, എവുസേബിയസ്, എവുതീമിയസ്.

www.malankaralibrary.com



ഒരിജനിൽ ആരോപിക്കപ്പെട്ട 'ഒരിജനിസം'2 എന്ന അബദ്ധോപദേശം പിൽക്കാലത്ത് എവാഗ്രിയസിൽ ആരോപിക്കപ്പെട്ടു. ചില കൃതികളിൽ ഒരിജനിസം സ്പഷ്ടമായി ദർശിക്കാവുന്നതാണ്. ഒരിജനിസത്തിന്റെ പേരിൽ നിത്രിയയിലും മററും ഉണ്ടായിരുന്ന പല സന്യാസികളും പീഡിപ്പിക്കപ്പെട്ടു. നാല്, 'നീളമുള്ള സഹോദരൻമാർ', പല്ലാഡിയസ്, ജോൺ കാസിയൻ, ജർമാനുസ് എന്നിവർ ഓടി രക്ഷപെട്ടു. എവാഗ്രിയസിന്റെ സമൂഹത്തിന് ഇപ്രകാരം ഒരു വലിയ ദുരന്തം വന്നുഭവിച്ചു. ഈ ദുരന്തം അനുഭവിക്കാതെ മരിക്കാൻ എവാഗ്രിയസിനു സാധിച്ചു. കാസിയൻ ലത്തീൻ ലോകത്തും പല്ലാഡിയസ് ബിസൻറയിൽ ലോകത്തും എവാഗ്രിയൻ ആശയങ്ങൾ പ്രചരിപ്പിച്ചു. സിറിയൻ, എത്യോപ്യൻ, അർമേനിയൻ, ജോർജിയൻ സഭകളിലും വളരെവേഗം എവാഗ്രിയൻ കൃതികൾ പ്രചരിച്ചു. വാദകോലാഹലങ്ങളുടെ പുതിയൊരു ഘട്ടം അവിടെ തുടങ്ങി. വിഷയം ഒരിജനിസം തന്നെ. എന്നാൽ അദ്ദേഹത്തിന്റെ താപസകൃതികളുടെ പ്രചരണം കുറഞ്ഞില്ല. പാശ്ചാത്യലോകത്ത് ബനഡിക്ടൈൻ സന്യാസികളുടെ ഇടയിൽ ഇവ വളരെ വേഗം പ്രചരിച്ചു. മററ് പ്രശസ്തരായ എഴുത്തുകാരുടെ പേരിലും, ഒരിജനിസ്ററ് ഘടകങ്ങൾ നീക്കി എവാഗ്രിയസിന്റെ തന്നെ പേരിലും കൃതികൾ സഭ മുഴുവൻ പ്രചരിച്ചുകൊണ്ടിരുന്നു; പിൻ തലമുറയെ ഗണ്യമായി സ്വാധീനിച്ചുകൊണ്ടിരുന്നു.

പ്രാർത്ഥനയെപ്പററി (The Chapters on Prayer) എന്ന കൃതിയാണ ഏററം പ്രധാനപ്പെട്ടത്. ഈ കൃതിയിൽ ഒരിജനിസം ഒട്ടും തന്നെയില്ല. എങ്കിലും സീനായിലെ വി. നീലൂസിന്റെ പേരിലാണ് ഇത് പ്രചരിച്ചിരുന്നത്. എന്നാൽ സിറിയൻ, അർമേനിയൻ സഭകൾ ഇത് എന്നും എവാ

2. ഒരിജന്റെ പേരിൽ അറിയപ്പെടുന്ന തെററുകളാണ് ഒരിജനിസം., ആത്മാക്കളുടെ പ്രിസ്ഥിതി (preexistence of souls), മർത്യശരീരവും ഉത്ഥാനാനന്തരമുള്ള ശരീരവും തമ്മിലുള്ള താദാത്മ്യം നിഷേധിക്കൽ, ആത്മാക്കളുടെ പുനർജന്മം. വേദപുസ്തകം രൂപകാർത്ഥത്തിൽമാത്രം വ്യാഖ്യാനിക്കൽ (allegorical interpretation), കാലാന്ത്യത്തിലുള്ള സാർവത്രികോത്ഥാനം (apocatastasis) ആദിയായവ മുഖ്യ ഒരിജനിസ്ററ് തെററുകളാണ്. ഒരിജൻ ഈ തെററുകൾ പഠിപ്പിച്ചിട്ടില്ലെന്ന് പറഞ്ഞിരുന്ന പിതാക്കന്മാരുണ്ടായിരുന്നു. രക്തസാക്ഷിയായ വി. പംഫീലസ്, വി. അത്തനേഷ്യസ്, മഹാനായ വി. ബസേലിയോസ്, വി, ഗ്രിഗറി സന്യാൻസൻ, വി. ദിദിമുസ്, വി. ജോൺ ക്രിസോസ്തോം, എവാഗ്രിയസ് ആദിയായവർ ഒരിജനെ ന്യായീകരിച്ചപ്പോൾ വി. എപ്പിഫാനിയസ്, വി. ജറോം, വി. തെയോഫിലസ്, ഒളിമ്പൂസിലെ മെതോഡിയസ്. എന്നിവർ ഒരിജനെ എതിർത്തവരിൽ ഉൾപ്പെടുന്നു.



ഗ്രിയസിന്റേതായി മനസിലാക്കിയിരുന്നു. ഒരാമുഖം, 153 ചെറിയ വാചകങ്ങൾ അഥവാ ഖണ്ഡികകൾ (Chapters): ഇതാണ് കൃതിയുടെ ഘടന. ചെറിയ ചെറിയ വാചകങ്ങളിലായി അഥവാ ഖണ്ഡികകളിലായി (sentences) എഴുതുന്ന ശൈലി ഗ്രീക്ക് സാഹിത്യത്തിലുണ്ടായിരുന്നു. എവാഗ്രിയസ് അത് കടമെടുത്തു എന്നു മാത്രം. ഉദാ: സെക്സ്ററസിന്റെ മൊഴികൾ. എന്നാൽ വിവിധ വിഷയങ്ങളെ ആധാരമാക്കി അടുക്കുംചിട്ടയും കൊടുത്ത് നൂറിന്റെ വാചകങ്ങളിൽ ഉള്ള പ്രതിപാദനരീതി (Centuries) എവാഗ്രിയസിന്റെ സ്വന്തമാണ്. ഈജിപ്തിലെ താപസരുടെ ഇടയിൽ പ്രചരിച്ചിരുന്ന ആശയങ്ങൾ ക്രോഡീകരിച്ച് രൂപം നൽകാൻ അദ്ദേഹത്തിനുകഴിഞ്ഞു. യോഹ. 21:11-ൽ കാണുന്ന 153 വലിയ മൽസ്യങ്ങളുടെ സംഖ്യയ്ക്കനുസൃതമായിട്ടാണ് 153 വാചകങ്ങൾ.

**Bibliography**

Evagrios Ponticos, *The Praktikos, Chapters on Prayer*, tr. by J. E. Bamberger, (Cistercian Studies Series, 4), Spencer (Mass,) 1970

ജി. ചേടിയത്ത്, ആദിമ സഭാപിതാക്കൻമാർ, കോട്ടയം. 1993, പേ. 123—218.

www.malankaralibrary.com

# പ്രാർത്ഥന

## പ്രാർത്ഥനയെ സംബന്ധിച്ച് 153 ഖണ്ഡികൾ

താങ്കൾ[1] എനിക്ക് ഈ കത്ത് എത്തിച്ചുതന്നത് വളരെ ഉചിതമായ ഒരു സന്ദർഭത്തിലത്രേ. ഞാൻ എന്റെ അശുദ്ധമായ വികാരങ്ങളുടെ ജ്വാലയിൽ ദഹിക്കുകയായിരുന്നു. എന്റെ ആത്മാവ് എല്ലാ തരത്തിലുമുള്ള ദുഷ്ടവിചാരങ്ങളാൽ പീഡിതമായിരുന്നു. ഈ പ്രവൃത്തി താങ്കളുടെ സ്വഭാവത്തിനു തീർത്തും അനുയോജ്യം തന്നെ. താങ്കളുടെ ഈ കാരുണ്യം എനിക്ക് ഒരു യഥാർത്ഥ ആശ്വാസമായി. ഭാഗ്യവശാൽ ഇതുവഴി താങ്കൾ നമ്മുടെ മഹാനായ നേതാവും ഗുരുവുമായ ആ വ്യക്തിയുടെ[2] യോഗ്യനായ ഒരു ശിഷ്യനാണെന്നു തെളിയിച്ചിരിക്കുന്നു. താങ്കളുടെ പ്രയത്നത്തിന് സത്ഫലമുണ്ടാകുന്നത് ഒട്ടുംതന്നെ ആശ്ചര്യജനകമല്ല എന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. താങ്കൾക്ക് എന്നും പ്രകടമായി നല്ല ഭാഗ്യം തന്നെയാണു ലഭിച്ചിട്ടുള്ളത്. താങ്കളുടെ കാര്യം ചിന്തിക്കുമ്പോൾ ദൈവാനുകൂല്യം ലഭിച്ച ആ ചരിത്രപുരുഷന്റെ—യാക്കോബിന്റെ—കാര്യം എന്റെ ഓർമ്മയിൽ വരുന്നു. അദ്ദേഹത്തിന്റെ കഥ താങ്കൾക്ക് നന്നായി അറിയാമല്ലോ. നീണ്ട ഏഴു സംവൽസരങ്ങൾ അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തു. റാഹേലിനെ പാണിഗ്രഹണം ചെയ്യുന്നതിനുവേണ്ടിയായിരുന്നു ആ കഷ്ടപ്പാടത്രയും സഹിച്ചത്. എന്നാൽ ഒരു വഞ്ചനയുടെ ഫലമായി അദ്ദേഹത്തിനു ലഭിച്ചതാകട്ടെ ലെയായെ അത്രേ (ഉല്പ. 29:15—30). എന്നാൽ തന്റെ ഹൃദയത്തിന്റെ അഭിലാഷമായ റാഹേലിനുവേണ്ടി അദ്ദേഹം വീണ്ടും അഭ്യർത്ഥന നടത്തി. ആ ആഗ്രഹം സാധിതമായി—അതിനായി വീണ്ടും ഏഴുവർഷം പണിയെടുക്കേണ്ടി വന്നുവെങ്കിലും. അതുപോലെ താങ്കളും സ്വഹൃദയത്തിന്റെ അഭിലാഷമായ ഒരു കാര്യത്തിനുവേണ്ടി പ്രാർത്ഥിക്കുകയാണ്.[3]

1. ടിറാനിയുസ് റുഫീനുസ് (345—410): എവാഗ്രിയസും റുഫീനുസും വലിയ സ്നേഹിതൻമാരായിരുന്നു. എവാഗ്രിയസ് ഈജിപ്തിലും റുഫിനുസ് പലസ്തീനയിലെ ഒലിവുമലയിലും താപസജീവിതം നയിക്കുകയായിരുന്നു.
2. മക്കാരിയുസ്
3. ഇപ്രകാരമൊരു കൃതി രചിക്കണമെന്ന് റുഫീനുസ് നേരത്തെ എഴുതിയതിനെ സൂചിപ്പിക്കുകയാണ്.



എന്റെ കാര്യമാണെങ്കിൽ ഞാൻ രാത്രിമുഴുവൻ അദ്ധ്വാനിച്ചെങ്കിലും ഒന്നും കിട്ടിയില്ല (ലൂ. 5:5) എന്ന സത്യം ഞാൻ നിഷേധിക്കുന്നില്ല. എങ്കിലും താങ്കളുടെ നിർദ്ദേശമനുസരിച്ച് ഞാൻ വീണ്ടും പ്രയത്നിക്കുകയും വലവീശി വലനിറയെ മീൻ പിടിക്കുകയും ചെയ്തു. ആ മത്സ്യങ്ങൾ അത്ര വലിയവയല്ലെന്നതിനു സംശയമില്ല. എങ്കിലും ഒരു നല്ല സംഖ്യയാണ്—എല്ലാം ചേർക്കുമ്പോൾ നൂററിഅമ്പത്തിമൂന്ന് (യോ. 21:11). ഈ നൂററിഅമ്പത്തിമൂന്നു ഖണ്ഡികകളാകുന്ന മത്സ്യങ്ങളെ സ്നേഹമാകുന്ന കൊട്ടയിലാക്കി ഞാൻ താങ്കളുടെ പക്കലേയ്ക്ക് അയയ്ക്കുകയാണ്. ഈ വിധത്തിലാണ് താങ്കളുടെ നിർദ്ദേശം ഞാൻ നടപ്പിലാക്കിയിട്ടുള്ളത്.

എനിക്ക് താങ്കളെക്കുറിച്ച് വളരെ ആദരവും അതേ സമയം അസൂയയും തോന്നുന്നു എന്ന വസ്തുത ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. താങ്കളുടെ വിശിഷ്ടമായ ലക്ഷ്യത്തെക്കുറിച്ചാണ് എനിക്കസൂയ. ആ ലക്ഷ്യബോധം കാരണമാണല്ലോ പ്രാർത്ഥനയെക്കുറിച്ചുള്ള ഈ ഖണ്ഡികകൾ ഇത്ര താല്പര്യപൂർവ്വം ആവശ്യപ്പെടുന്നത്. തോലിൽ മഷികൊണ്ടെഴുതിയ ഈ അക്ഷരങ്ങളെ മാത്രമല്ല, ഉപവിയും വിദ്വേഷമില്ലായ്കയും മൂലം[4] ആത്മാവിൽ രൂഢമായി രേഖപ്പെടുത്തപ്പെട്ട ആശയങ്ങളെയും താങ്കൾ സ്നേഹിക്കുന്നു.

എല്ലാം യുഗ്മങ്ങളായിട്ടാണല്ലോ സ്ഥിതിചെയ്യുന്നത്, ഒന്നു മറെറാന്നിനോട ചേർന്ന്. വിജ്ഞാനിയായ ബെൻസീറാ ഈ ആശയം സവിശേഷം ചൂണ്ടിക്കാണിച്ചിട്ടുണ്ട് (പ്രഭാ. 42: 24). അതിനാൽ ഈ സമ്മാനത്തെ അതിന്റെ രണ്ടു മാനങ്ങളിലും താങ്കൾ സ്വീകരിക്കുക: അതായത് ഒരു ലിഖിതം എന്ന നിലയിയും ആത്മാവിന്റെ ഒരു വാഹനം എന്ന നിലയിലും. ആത്മാവ് എഴുത്തിനേക്കാൾ പ്രാധാന്യമുള്ളതാണെന്ന താങ്കൾക്കറിയാമല്ലോ. ആത്മാവില്ലെങ്കിൽ എഴുത്തെന്നൊരു കാര്യം തന്നെ ഉണ്ടാവുകയില്ല. ഇതുപോലെ പ്രാർത്ഥനയുടെ കാര്യത്തിലും ഒരു ദ്വിമാന വിഭജനമുണ്ട്—ഒന്ന് ചലനാത്മകവും മറെറാന്ന് ധ്യാനാത്മകവും. ഇതേ അവസ്ഥാവിശേഷം ഗണിതത്തിന്റെ മണ്ഡലത്തിലും നിലനിൽക്കുന്നു. അവിടെ മൂർത്തവും പരിമാണത്തെ സൂചിപ്പിക്കുന്നതുമായ ഒരുതരം സംഖ്യയുണ്ട്. ഗുണസൂചകമായ അധി, ഊന ഘടകങ്ങളും ഉണ്ട്.

പ്രാർത്ഥനയെക്കുറിച്ചുള്ള ഈ പഠനം 153 ഖണ്ഡികകളായി നാം വിഭജിക്കുകയാണ്. സുവിശേഷങ്ങളുടെ സ്വാദു കലർത്തിയ ഈ ഭോജ്യം[5]

4. 'amnesikakia',—''ദ്രോഹം മറക്കൽ'' എന്ന സുകൃതം പ്രാർത്ഥനയ്ക്കത്യാവശ്യമാണെന്ന് എവാഗ്രിയസ് കരുതുന്നു.
5. ഇതു സുവിശേഷങ്ങൾക്കു പകരമുള്ളതല്ല, അതോടുകൂടി വായിക്കാനുള്ളവയാണ്. അക്കാരണത്താലാണ് അവശ്യാവശ്യം ചർച്ച ചെയ്യേണ്ട ചില വിഷയങ്ങൾ (കൂദാശകൾ, മിശിഹായുടെ ആളത്വം ആദിയായവ) ചർച്ച ചെയ്യാതെ വിട്ടുകളഞ്ഞിരിക്കുന്നത്.

www.malankaralibrary.com



താങ്കളുടെ പക്കലേയ്ക്ക് അയയ്ക്കുന്നു. ത്രികോണവും ഷഡ്കോണവും ഉൾപ്പെടുന്ന ഒരു പ്രതീകാത്മക സംഖ്യയുടെ[6] ആസ്വാദം താങ്കൾ അതിൽ കണ്ടെത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഈ സംഖ്യകൾ ക്രമത്തിൽ ത്രിത്വത്തെക്കുറിച്ചുള്ള ജ്ഞാനത്തെയും ക്രമീകൃതമായ ഈ പ്രപഞ്ചത്തിന്റെ നിയന്ത്രണത്തെയും സൂചിപ്പിക്കുന്നു. നൂറ് എന്ന സംഖ്യ ത്രികോണാത്മകവും വൃത്തപരവുമത്രേ, എങ്ങനെ? അമ്പത്തിമൂന്ന് എന്നത് ഇരുപത്തിയെട്ട് ഇരുപത്തിയഞ്ച് എന്ന സംഖ്യകളുടെ തുകയാകുന്നു. ഇരുപത്തിയെട്ട് എന്ന സംഖ്യ അതിൽത്തന്നെ ത്രികോണാത്മകമത്രേ; ഇരുപത്തഞ്ചാകട്ടെ വൃത്താത്മകവും—കാരണം അത് അഞ്ചിന്റെ അഞ്ചുമടങ്ങാണ്. അങ്ങനെ ഈ സംഖ്യയിൽ ഗുണങ്ങളുടെ ചതുർവിധ സംഖ്യ വ്യക്തമാക്കുന്ന ഒരു ചതുരവും കാലത്തിന്റെ വർത്തുള ഗതിയെ[7] പ്രതിനിധാനം ചെയ്യുന്ന വൃത്താത്മക സംഖ്യയും അടങ്ങിയിരിക്കുന്നു. അത് ഈ ലോകത്തെക്കുറിച്ചുള്ള അഗാധജ്ഞാനത്തിന്റെ ഉചിതപ്രതീകമാകുന്നു. കാലത്തിന്റെ കറക്കത്തിൽ വാരങ്ങൾക്കു പിറകെ വാരങ്ങളും മാസങ്ങൾക്കു പിറകെ മാസങ്ങളും വർഷങ്ങൾക്കു പിറകെവർഷങ്ങളും കടന്നുപോകുന്നു. സൂര്യചന്ദ്രൻമാരുടെ ചലനങ്ങളിലൂടെ നാമതു മനസിലാക്കുന്നു. തളിർക്കുംകാലം, വസന്തം തുടങ്ങിയ കാലാവസ്ഥാഭേദങ്ങളും ഇക്കാര്യത്തിൽ സഹായകങ്ങളാകുന്നു.

ഇരുപത്തെട്ട് എന്ന സംഖ്യ പരിശുദ്ധത്രിത്വത്തെ പ്രതീകാത്മകമായി സൂചിപ്പിക്കുന്നുവെന്നു മുകളിൽ പറഞ്ഞല്ലോ. നൂററമ്പത്തിമൂന്ന് എന്ന സംഖ്യയെ അതിന്റെ ഘടകങ്ങളുടെ തുക പരിഗണിക്കുമ്പോൾ ത്രികോണാത്മകമായി കരുതാൻ സാധിക്കും. അപ്പോൾ അത് സന്യാസ ജീവിതത്തിനും പ്രകൃതിയെയും ദൈവശാസ്ത്രത്തെയും കുറിച്ചുള്ള വിചിന്തനത്തിനും പകരം നിൽക്കുന്നതാകും. അല്ലെങ്കിൽ അത് വിശ്വാസം ശരണം ഉപവി എന്നിവയെയോ സ്വർണ്ണം, വെള്ളി, രത്നങ്ങൾ എന്നിവയെയോ പ്രതിനിധാനം ചെയ്യുന്നതാകും.

സംഖ്യകളുടെ അർത്ഥത്തെക്കുറിച്ചുള്ള ചർച്ച നമുക്കിവിടെ അവസാനിപ്പിക്കാം. ഈ ഖണ്ഡികകളെക്കുറിച്ചുതന്നെ പറഞ്ഞാൽ, അവയുടെ നിസ്സാരമായ രൂപം കണ്ട് താങ്കൾ പരിഹസിക്കരുത്. അല്പമായാലും അധികമായാലും ഉള്ളതുകൊണ്ടു തൃപ്തിപ്പെടാൻ പഠിച്ചിട്ടുള്ളയാളാണല്ലോ താങ്കൾ. ഇതിനു പുറമേ വിധവയുടെ സ്തോത്രകാഴ്ചയായ രണ്ടു ചില്ലിക്കാശുകളെ വിലമതിച്ചയാളിനെ താങ്കൾ ഓർമ്മിക്കുന്നുണ്ടെന്നും എനിക്കറിയാം. മററുപലരും സമർപ്പിച്ച കൂടുതൽ വിലയുള്ള കാഴ്ചകളെക്കാൾ അധികമായി ആ ചില്ലിക്കാശുകളെയാണ് അവിടുന്നു വിലമതിച്ചത്. യഥാർത്ഥ

6. പ്രാചീന ഗ്രീക്കുകാർ സംഖ്യകളുടെ അർത്ഥം വ്യാഖ്യാനിക്കുന്നതിൽ താല്പര്യം കാണിച്ചിരുന്നു.
7. Circular movements



സഹോദരന്മാർക്കു വേണ്ടി സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും കനികൾ സംരക്ഷിക്കുവാനുള്ള ദാനം താങ്കൾക്കുള്ളതുകൊണ്ട് രോഗിയായ ഒരു മനുഷ്യനുവേണ്ടി പ്രാർത്ഥിക്കുക.[8] അയാൾ ക്രിസ്തുവിന്റെ അനുഗ്രഹത്താൽ അയാളുടെ കിടക്കയെയും എടുത്തുകൊണ്ട് സ്വതന്ത്രമായി നടക്കാൻ ഇടയാകട്ടെ. ആമ്മേൻ.

1. ആരെങ്കിലും ഒരു സുഗന്ധദ്രവ്യം ഉണ്ടാക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ശുദ്ധമായ കുന്തുരുക്കം, ഇലവർങ്ഗപ്പട്ട, ഗോമേദകം, മീറ എന്നിവ നിയമം അനുശാസിക്കുന്നതുപോലെ[9] സമമായി ചേർത്ത് ഒരു മിശ്രിതം ഉണ്ടാക്കണം. സുകൃതങ്ങളുടെ നാലുമടങ്ങ് സംഖ്യയാണ് ഈ മിശ്രിതം. പൂർണ്ണശക്തിയിലും ശരിയായ അളവിലും ഇവ കാണപ്പെട്ടാൽ പിന്നെ ആത്മാവ് വഞ്ചിക്കപ്പെടുകയില്ല.

2. സുകൃതപൂർണ്ണതയാൽ ശുദ്ധീകരിക്കപ്പെട്ട ആത്മാവ് സമനില തെററാതെ അരൂപിയെ സംരക്ഷിക്കുന്നു; അത് താല്പര്യപൂർവ്വം ആഗ്രഹിക്കുന്ന അവസ്ഥ സ്വന്തമാക്കാൻ അതിനെ കഴിവുള്ളതാക്കുന്നു.

3. അരൂപിയും ദൈവവുമായുള്ള നിരന്തരസംസർഗമാണ് പ്രാർത്ഥന; അരൂപി ചഞ്ചലപ്പെടാതെ മററൊരു ഇടനിലക്കാരനെ കൂടാതെ തന്റെ യജമാനനോടുകൂടി സ്ഥിരമായി ജീവിച്ച് അവിടത്തെ പിന്നാലെ കഠിനാധ്വാനം ചെയ്യാൻ പിന്നെ ആത്മാവിന്റെ ഏതവസ്ഥയാണ് ആവശ്യമായിരിക്കുന്നത് ?

4. കത്തുന്ന മുൾപ്പടർപ്പിനെ സമീപിക്കാൻ മോശ തുനിഞ്ഞപ്പോൾ പാദങ്ങളിൽ നിന്ന് ചെരുപ്പ് നീക്കുന്നതുവരെ അവൻ തടയപ്പെട്ടു (പുറ.3:5). അങ്ങനെയെങ്കിൽ എല്ലാ ചിന്തകൾക്കും ഗ്രഹണത്തിനും ഉപരിസ്ഥനായവനെ കാണുവാൻ നീ ആഗ്രഹിക്കുന്നെങ്കിൽ വികാരങ്ങളാൽ ബന്ധിതമായ എല്ലാ ചിന്തകളിൽ നിന്നും സ്വയം സ്വതന്ത്രനാക്കാതിരിക്കാൻ നിനക്കെങ്ങനെ കഴിയും ?

5. നിന്റെ സഹജമായ കാർക്കശ്യം നിന്റെ ദുഃഖം കൊണ്ട് മയപ്പെടുത്താനായി കണ്ണുനീരിന്റെ ദാനത്തിനായി ആദ്യമേ പ്രാർത്ഥിക്കുക; പിന്നീട് കർത്താവിനോട് നിന്റെ പാപങ്ങൾ ഏററുപറയുമ്പോൾ നിനക്കു മോചനം ലഭിക്കും.

6. കണ്ണുനീരോടുകൂടി പ്രാർത്ഥിക്കുക; നിന്റെ അർത്ഥനകൾ കേൾക്കപ്പെടും. കണ്ണുനീരോടുകൂടിയുള്ള യാചനകളെപ്പോലെ കർത്താവിനെ പ്രസാദിപ്പിക്കുന്ന മററൊന്നില്ല.

8. എവാഗ്രിയസ് രോഗിയായിത്തീർന്ന എന്ന സൂചന
9. പുറ. 30:34

www.malankaralibrary.com



7. നീ പ്രാർത്ഥിക്കുമ്പോൾ കണ്ണുനീർ ചിറപൊട്ടി ഒഴുകിയാലും, മററുള്ളവരെക്കാൾ നീ മെച്ചപ്പെട്ടവനാണെന്ന് സ്വയം കരുതരുത്. കാരണം ഒരുക്കത്തോടുകൂടി നിൻെറ പാപങ്ങളേററുപറയാനും കർത്താവിനെ പ്രസാദിപ്പിക്കാനും നിനക്കാവശ്യമായ സഹായം നിൻെറ പ്രാർത്ഥനകൾ നേടിയെടുക്കുകമാത്രം ചെയ്തു.

8. ഈ കൃപ നിനക്കു പ്രദാനം ചെയ്തയാളിനെ കൂടുതൽ പ്രകോപിപ്പിക്കാൻ നീ ഇഷ്ടപ്പെടുന്നില്ലെങ്കിൽ വികാരങ്ങളുടെ മറുമരുന്ന് തന്നെ വികാരമായി മാററരുത്.10 ഈ അപസ്മാരം അനേകരെ വഴിതെററിച്ചിട്ടുണ്ട്. തങ്ങളുടെ പാപങ്ങളെപ്രതി കരയുമ്പോൾ തന്നെ തങ്ങളുടെ കണ്ണുനീരിൻെറ ഉദ്ദേശ്യമെന്താണെന്ന് അവർ മറന്നുകളയുന്നു.

9. നിൻെറ പ്രാർത്ഥനയിൽ പൂർണ്ണമായി ശ്രദ്ധിച്ച് നിശ്ചയദാർഢ്യത്തോടു കൂടെ നില്ക്കുക. അപ്പോൾ ഉണ്ടാകാവുന്ന വ്യഗ്രതകളെയും ചിന്തകളെയും ശ്രദ്ധിക്കേണ്ടതില്ല. നിൻെറ ഏകാഗ്രതയെ ഇല്ലാതാക്കാൻ തക്കവണ്ണം നിന്നെ പ്രക്ഷുബ്ധമാക്കാനും കലുക്കാനും മാത്രമേ അതിനു കഴിയുകയുള്ളു.

10. നിന്നെ നിൻെറ പ്രാർത്ഥനയിൽ തീക്ഷ്ണനായി കാണുന്ന പിശാചുക്കൾ, ഉടനെ അവശ്യാവശ്യം ശ്രദ്ധിക്കേണ്ട സംഗതികളുണ്ടെന്ന തോന്നൽ ആനയിച്ച് നിൻെറ മനസ്സിൽ ചില സംഗതികൾ ഉന്നയിച്ചെന്നു വരാം. ഉടൻ തന്നെ ഈ സംഗതിയിൽ അവർ നിൻെറ സ്മരണയെ ഉത്തേജിപ്പിക്കുകയും അവയെ തേടിയിറങ്ങാൻ നിന്നെ പ്രേരിപ്പിക്കയും ചെയ്യും. പരാജയത്തിൽ കലാശിക്കുമ്പോൾ മനസ് ദുഃഖപൂരിതവും നഷ്ടധൈര്യവും ആവുകയും ചെയ്യും.

11. പ്രാർത്ഥനാവേളയിൽ നിൻെറ മനസ്സിനെ മൂകവും ബധിരവുമാക്കാൻ ശ്രമിക്കുക; അപ്പോൾ പ്രാർത്ഥിക്കാൻ നിനക്കു കഴിയും.

12. നിനക്കു പ്രലോഭനവും എതിർപ്പുകളും ഉണ്ടാകുമ്പോഴും, നീ വിക്ഷുബ്ധനാകുമ്പോഴും, എതിർപ്പുകളെ അഭിമുഖീകരിച്ച് നി കോപാവിഷ്ടനാകുമ്പോഴും, പരിഹാസവചനങ്ങൾ പറയണമെന്നു നിനക്കു തോന്നുമ്പോഴും, അതാണു പ്രാർത്ഥിക്കാനും അത്തരം ചെയ്തികളെപ്പററി വിധിക്കാനും മനസ്സിനെ സജ്ജമാക്കാനുള്ള സമയം എന്നു ഗ്രഹിക്കുക. ക്രമരഹിതമായ ചേഷ്ടകൾ പെട്ടെന്ന് ശന്തമാകുന്നതു നിനക്കു കാണാൻ കഴിയും.

13. നിന്നോട് അനീതി പ്രവർത്തിച്ച സഹോദരനോട് ഏതെങ്കിലും രീതിയിൽ നീ പ്രതികാരം ചെയ്താൽ, പ്രാർത്ഥനാവസരത്തിൽ അത് നിനക്കൊരു പ്രതിബന്ധ ശിലയായി പരിണമിക്കും.

---

10. കണ്ണുനീരിൻെറ വരം ലഭിച്ചതിൽ വ്യർത്ഥാഭിമാനം കൊള്ളുന്നവർ പാപത്തിൽ നിപതിക്കുന്നു എന്നു സാരം.



14. വിനയത്തിൻെറയും സൗമ്യതയുടെയും മനോഹരപുഷ്പമാണു പ്രാർത്ഥന.

15. സന്തോഷത്തിൻെറയും കൃതജ്ഞതയുടെയും ഫലമാണു പ്രാർത്ഥന.

16. നൈരാശ്യത്തിൻെറയും ദുഃഖത്തിൻെറയും നിഷ്കാസനമാണു പ്രാർത്ഥന.

17. പോയി നിനക്കുള്ള സമ്പാദ്യമെല്ലാം വിററ് ദരിദ്രർക്കുകൊടുക്കുകയും നിൻെറ കുരിശെടുക്കുകയും ചെയ്യുക; മനപ്പതർച്ച കൂടാതെ നിനക്കു പ്രാർത്ഥിക്കാൻ കഴിയും.

18. യോഗ്യതാപൂർവം പ്രാർത്ഥിക്കാൻ നീ ആഗ്രഹിക്കുന്നെങ്കിൽ, ഓരോ മണിക്കൂറിലും സ്വയം ത്യജിക്കുക. പ്രാർത്ഥനയ്ക്കുവേണ്ടി ധാരാളം സഹിക്കാൻ പരിശീലിക്കുന്നതിന്, വിജ്ഞാനിയെപ്പോലെ പഠിക്കുകയും കഠിനാധ്വാനം ചെയ്യുകയും ചെയ്യുക.

19. വിജ്ഞാനസ്നേഹത്തിൽ ക്ഷമാപൂർവം നീ സഹിക്കുന്ന ക്ലേശങ്ങൾക്കെല്ലാം യോഗ്യമായ പ്രതിഫലം പ്രാർത്ഥനാവസരത്തിൽ നിനക്കു ലഭിക്കും.

20. കടപ്പെട്ടതുപോലെ പ്രാർത്ഥിക്കാൻ നീ ആഗ്രഹിക്കുന്നെങ്കിൽ, ആരെയും ദുഃഖിപ്പിക്കരുത്. അല്ലെങ്കിൽ നീ വെറുതെ ഓടുകയായിരിക്കും.

21. ''നീ നിൻെറ വഴിപാടു ബലിപീഠത്തിൽ വച്ചിട്ട് നിൻെറ സഹോദരനുമായി രമ്യപ്പെടാൻ പോകുക'' എന്ന് നമ്മുടെ കർത്താവരുൾച്ചെയ്തിരിക്കുന്നു. അങ്ങനെ ചെയ്യുമ്പോൾ മാനസികാസ്വാസ്ഥ്യം കൂടാതെ പ്രാർത്ഥിക്കാൻ നിനക്കു സാധിക്കും. കാരണം, പ്രാർത്ഥിക്കുന്ന മനുഷ്യൻെറ ബുദ്ധിയെ അമർഷം അന്ധമാക്കുകയും അവൻെറ പ്രാർത്ഥനയെ മേഘാവൃതമാക്കുകയും ചെയ്യുന്നു.

22. ദ്രോഹവും നീരസവും വച്ചുപുലർത്തുകയും അതേസമയം പ്രാർത്ഥിക്കുന്നു എന്ന് ചിന്തിക്കുകയും ചെയ്യുന്നവൻ കിണററിൽ നിന്നു വെള്ളം കോരി നിറയെ ദ്വാരങ്ങളുള്ള വീപ്പയിലേയ്ക്ക് ഒഴിക്കുകയായിരിക്കും ചെയ്യുക

23. ക്ഷമാശീലം പരിശീലിക്കാൻ നിനക്കറിയാമെങ്കിൽ, നീ സന്തോഷപൂർവ്വം പ്രാർത്ഥിക്കുന്നതാണ്.

24. നീ പ്രാർത്ഥിക്കുമ്പോൾ നിൻെറ കോപത്തെ വ്യക്തമായി ന്യായീകരിക്കുന്നു എന്ന് തോന്നാവുന്ന സംഗതികൾ നിൻെറ മനസിൽ കടന്നു വരാം. എന്നാൽ നിൻെറ അയല്ക്കാരനെതിരെയുള്ള കോപം ഒരു തരത്തിലും നീതീകരിക്കത്തക്കതല്ല. നീ പരിശ്രമിക്കയാണെങ്കിൽ കോപി

www.malankaralibrary.com



ക്കാതെ തന്നെ സംഗതികൾ ക്രമീകരിക്കാൻ നിനക്കു കഴിയും. അതുകൊണ്ട് കോപം നിയന്ത്രിക്കാൻ സർവാത്മനാ പരിശ്രമിക്കുക.

25. മറ്റൊരാളെ സുഖപ്പെടുത്തുവാൻ ശ്രമിക്കുന്നതിനിടയിൽ ഭേദപ്പെടുത്തുവാൻ പ്രയാസമായ രോഗത്തിൽ നീ അകപ്പെടാതിരിക്കാനും നിന്റെ പ്രാർത്ഥനയ്ക്ക് ഗൗരവമായ വിധം നാശം സംഭവിക്കാതിരിക്കാനും ശ്രദ്ധിക്കണം.

26. നിന്റെ കോപത്തെ നിയന്ത്രിച്ചാൽ നീ രക്ഷിക്കപ്പെടും; വിധിയിൽ വിജ്ഞാനിയെപ്പോലെ, ധാർഷ്ട്യം എന്ന തെറ്റിൽ നിന്ന് നീ വിമുക്തനായി കണ്ടെത്തപ്പെടും. കൂടാതെ പ്രാർത്ഥിക്കുന്ന മനുഷ്യരുടെ കൂട്ടത്തിൽ നീ എണ്ണപ്പെടുകയും ചെയ്യും.

27. കോപത്തിനെതിരെ ആയുധം ധരിക്കുക; ശക്തമായ ഒരാഗ്രഹത്തിനും കീഴ്പെട്ടു പോകരുത്, കാരണം, കോപത്തിനുള്ള വിറകാണവ. കോപമാകട്ടെ നിന്റെ അരൂപിയുടെ നയനങ്ങളെ മേഘം പോലെ മൂടിക്കളയുകയും നിന്റെ പ്രാർത്ഥനാവസ്ഥയെ നശിപ്പിക്കുകയും ചെയ്യുന്നു.

28. ബാഹ്യമായ അംഗവിക്ഷേപങ്ങൾ കൊണ്ടു മാത്രം പ്രാർത്ഥിക്കരുത്; വലിയ ഭയത്തോടു കൂടി ആദ്ധ്യാത്മിക പ്രാർത്ഥനാ ദർശനാർത്ഥം നിന്റെ മനസ്സും കുനിക്കുക.

28. ചിലപ്പോൾ പ്രാർത്ഥിക്കാൻ എഴുന്നേൽക്കുമ്പോഴെതന്നെ നന്നായി പ്രാർത്ഥിക്കാൻ നിനക്കു സാധിക്കുന്നു; മറ്റ് ചിലപ്പോൾ നീ പരിശ്രമിച്ചാലും നിനക്കു സാധിക്കുന്നില്ല. കൂടുതൽ താല്പര്യപൂർവ്വം അന്വേഷിക്കയും അവസാനം അന്ത്യത്തിലെത്തിച്ചേരുകയും ചെയ്യുന്നതുവഴി നഷ്ടഭയം കൂടാതെ നിന്റെ സമ്മാനം നേടുന്നതിനു വേണ്ടിയാണ് ഇപ്രകാരം സംഭവിക്കുന്നത്.

30. ഒരു മാലാഖയുടെ സാന്നിദ്ധ്യം നമുക്കനുഭവവേദ്യമാകുമ്പോൾ ചഞ്ചലപ്പെടുത്തുന്ന ചിന്തകളെല്ലാം പെട്ടെന്ന് അപ്രത്യക്ഷമാകും. വലിയ പ്രശാന്തത ധരിച്ചിരിക്കുന്നതായി അരൂപിക്കനുഭവപ്പെടും. അത് ശുദ്ധമായി പ്രാർത്ഥിക്കുന്നു. മററവസരങ്ങളിൽ നമുക്കു പതിവായിട്ടുള്ള പോരാട്ടം നടത്തേണ്ടിവരുന്നെങ്കിലും അരൂപി പോരാട്ടത്തിൽ പങ്കെടുക്കുന്നു. നിരവധി വികാരങ്ങളാൽ അലട്ടപ്പെടുന്നതിനാൽ നയനങ്ങൾ ഉയർത്താൻ പോലും അതിനു സാധിക്കാതെ വരുന്നു. എന്നാൽ അരൂപി പരിശ്രമം തുടർന്നാൽ അതു ലക്ഷ്യത്തിലെത്തും. കതകിൽ ശക്തിയായി മുട്ടിക്കൊണ്ടിരുന്നാൽ തുറക്കപ്പെടും.

31. നിന്റെ ആഗ്രഹങ്ങൾ സാധിച്ചു കിട്ടാനായി പ്രാർത്ഥിക്കരുത്. അവ ദൈവേഷ്ടവുമായി പൂർണ്ണമായി യോജിച്ചുപോകയില്ല എന്നു നിനക്കുറപ്പായി കരുതാം. ഈ സംഗതി അംഗീകരിക്കാൻ നീ പഠിച്ചുകഴിഞ്ഞാൽ



'എന്നിൽ തിരുഹിതം നിറവേറട്ടെ' എന്നു മാത്രം പ്രാർത്ഥിക്കുക. ഇങ്ങനെ എന്താണ് നന്മയെന്നും നിന്റെ ആത്മാവിന് പ്രയോജനപ്രദമായതെന്തെന്നും എല്ലാ സംഗതികളിലും അവിടുത്തോടു ചോദിക്കുക. അവിടുന്നു ചെയ്യുന്നതുപോലെ പൂർണ്ണമായി ഇതു നീ തേടുകയില്ലല്ലോ.

32. പലപ്പോഴും ഞാൻ പ്രാർത്ഥനയിലായിരുന്നപ്പോൾ എനിക്കു നല്ലതെന്നു തോന്നിയവ ഞാൻ ചോദിച്ചുകൊണ്ടിരുന്നു. ബുദ്ധിരഹിതമായി, ദൈവേച്ഛയെ നിർബന്ധിച്ചുകൊണ്ട് എന്റെ യാചനകൾ ഞാൻ തുടർന്നു. എന്റെ നന്മയ്ക്കുതകത്തക്കവിധം തിരിഞ്ഞുവരുമെന്നറിയുന്ന ദൈവപരിപാലന തന്നെ സംഗതികൾ എനിക്കുവേണ്ടി ക്രമീകരിക്കാൻ ഞാൻ വിട്ടുകൊടുത്തില്ല. അവസാനം എന്റെ ഇഷ്ടമനുസരിച്ച് ലഭിക്കാൻ തക്കവിധം ഞാൻ നിർബന്ധബുദ്ധിക്കാരനായതിനാൽ, എന്റെ യാചന സാധിച്ചുകഴിഞ്ഞപ്പോൾ ഞാൻ വലിയ മനക്ലേശത്തിനു വിധേയനായി; കാരണം, ഞാൻ ഭാവനയിൽ കരുതിയതുപോലെ അവസാനം സംഗതികൾ കലാശിച്ചില്ല.

33. ദൈവം മാത്രമല്ലാതെ എന്താണ് നന്മയായിട്ടുള്ളത്? അതുകൊണ്ട് നമുക്കു നമ്മുടെ എല്ലാ പര്യാകുലതകളും അവനിൽ സമർപ്പിക്കാം; എല്ലാം നമുക്കു നന്മയ്ക്കായിത്തീരും. തീർച്ചയായും പരിപൂർണ്ണനന്മയായിട്ടുള്ളയാൾ, അവശ്യാവശ്യം നല്ല ദാനങ്ങൾ മാത്രം പ്രദാനം ചെയ്യുന്ന വ്യക്തിയായിരിക്കും.

34. നിന്റെ യാചനകൾക്ക് പെട്ടെന്നുത്തരം കിട്ടുവാനായി ആയാസപ്പെടുകയോ, അത്യുൽക്കണ്ഠാകുലനാകുകയോ അരുത്. ദൈവത്തോടുള്ള പ്രാർത്ഥനയിൽ സ്ഥിരമായി നില്ക്കുന്നതിനുള്ള പ്രതിഫലമായി, നീ യാചിക്കുന്നതിനേക്കാൾ ശ്രേഷ്ഠമായവ നിനക്കു പ്രദാനംചെയ്യാൻ കർത്താവ് ആഗ്രഹിക്കുന്നു. ദൈവവുമായി വ്യക്തിപരമായി സംസാരിക്കുകയും അവിടുത്തെ സവിധത്തിൽ മനസ്സ് വ്യാപൃതമായിരിക്കുകയും ചെയ്യുന്നതിനെക്കാൾ മഹനീയമായി എന്താണുള്ളത്? 11 മനപ്പതർച്ച കൂടാതുള്ള പ്രാർത്ഥനയാണ് ബുദ്ധിയുടെ ഏററം മഹനീയ കർമ്മം.

35. ദൈവത്തിലേക്കുള്ള മനുഷ്യന്റെ12 ആരോഹണമാണ് പ്രാർത്ഥന.

36. പ്രാർത്ഥിക്കാൻ നിനക്ക് അതിയായ ആഗ്രഹം ഉണ്ടോ? എല്ലാം പരിത്യജിക്കുക. അപ്പോൾ നീ എല്ലാററിന്റെയും അവകാശിയായിത്തീരും.

37. നിന്റെ വികാരങ്ങളിൽനിന്നു ശുദ്ധീകരിക്കപ്പെടാനായി ആദ്യമായി പ്രാർത്ഥിക്കുക. രണ്ടാമതായി അജ്ഞതയിൽ നിന്ന് വിടുവിക്ക

11. "Prayer itself is already its own answer" എന്ന് 1 യോഹ. 5:15—നെ വ്യാഖ്യാനിച്ചുകൊണ്ട് ബുൾട്ട്മാൻ പറയുന്നു.

12. of the spirit = അരൂപിയുടെ എന്നു പദാർത്ഥം.

www.malankaralibrary.com



പ്പെടാനായി പ്രാർത്ഥിക്കുക. മൂന്നാമതായി എല്ലാ പ്രലോഭനങ്ങളിൽ നിന്നും ദുഷ്ത്ഴക്കങ്ങളിൽ നിന്നും മോചനം ലഭിക്കാനായി പ്രാർത്ഥിക്കുക.

38. നിന്റെ പ്രാർത്ഥനകളിൽ ദൈവരാജ്യവും അവിടുത്തെ നീതിയും മാത്രം തേടുക; അതായത്, സുകൃതവും യഥാർത്ഥത്തിലുള്ള ആത്മീയ ജ്ഞാനവും. ഇവയ്ക്കുപുറമേ മററെല്ലാം കൂടി നിനക്ക് നൽകപ്പെടും.

39. നിന്റെ മാത്രമല്ല, എല്ലാ മനുഷ്യരുടെയും ശുദ്ധീകരണത്തിനു വേണ്ടി പ്രാർത്ഥിക്കുക എന്നത് നീതിയുടെ ഒരു ഭാഗമാണ്. ഇങ്ങനെ ചെയ്യുന്നതിൽ നീ മാലാഖമാരുടെ പ്രവൃത്തിയെ അനുകരിക്കുകയായിരിക്കും.

40 നിന്റെ പ്രാർത്ഥനയിൽ സത്യമായി നീ ദൈവതിരുമുൻപാകെ നിൽക്കുന്നുണ്ടോ, അതോ, മനുഷ്യരുടെ അംഗീകാരത്തിനായി അവരുടെ ബഹുമാനത്തിനുവേണ്ടിയുള്ള എന്തെങ്കിലും നിർബന്ധത്തിന്റെ പേരിലാണോ നില്ക്കുന്നത് എന്നു പരിശോധിക്കുക. നീ രണ്ടാമത്തേതിലാണെങ്കിൽ നിന്റെ ദീർഘപ്രാർത്ഥനകൾ വെറും പുറംപൂച്ച് മാത്രമായിരിക്കും.

41. നീ തനിച്ചോ, സഹോദരന്മാരോടൊത്തോ പ്രാർത്ഥിക്കുമ്പോൾ വെറുമൊരാചാരം എന്നതിലുപരി നിന്റെ പ്രാർത്ഥന ആക്കിത്തീർക്കുക. അത് യഥാർത്ഥത്തിലുള്ള ആന്തരികാനുഭവമാക്കിത്തീർക്കുക.

42. പ്രാർത്ഥനയുടെ സവിശേഷഗുണം അത് പശ്ചാത്താപം കലന്ന ബഹുമാന്യമായ ആകർഷണശക്തിയാണ് എന്നുള്ളതത്രേ. അത് ഏതാണ്ടൊരാഴമാർന്ന അനുതാപം ഉൾക്കൊള്ളുന്ന, നിശബ്ദനെടുവീർപ്പുകൾക്കിടയിൽ മനുഷ്യൻ തന്റെ പാപങ്ങൾ യഥാർത്ഥമായി ഏററുപറയുമ്പോഴുള്ള ഒരനുഭവം.

43, പ്രാർത്ഥനാസന്ദർഭത്തിൽ നീ ചുററും നോക്കുകയാണെങ്കിൽ, അത് ഒരു സന്യാസിയുടെ പ്രാർത്ഥനയല്ല. തോട്ടത്തിൽ പണിയെടുക്കുന്ന അൽമായനിൽനിന്നു നീയൊട്ടും മെച്ചമല്ല.

44. നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ ഓർമ്മശക്തിയെ പൂർണ്ണമായി നിയന്ത്രിക്കുക. നിന്റെ ഭാവനകളെ അതു നിന്റെ മുമ്പിൽ അവതരിപ്പിക്കാതിരിക്കട്ടെ. മറിച്ച്, ദൈവത്തെ പ്രാപിക്കുന്നതിനെ സംബന്ധിച്ചുള്ള അവബോധം അത് നിനക്ക് പ്രദാനം ചെയ്യട്ടെ. ഇത് അനുസ്മരിക്കുക—പ്രാർത്ഥനാസമയത്ത് നിനക്ക് ചേതം വരുത്താനുള്ള വലിയ പ്രവണത ഓർമ്മശക്തിക്കുണ്ട്.

45. നീ പ്രാർത്ഥിക്കാൻ നില്ക്കുമ്പോൾ ഭാവനാശക്തി കഴിഞ്ഞ കാല സംഭവങ്ങളോ, വർത്തമാനകാലപര്യാകുലതകളോ, മുമ്പ് നീ വേദനിപ്പിച്ചവരുടെ ഓർമ്മയോ പുനരുജ്ജീവിപ്പിക്കുന്നു.



46. പ്രാർത്ഥിക്കുന്നയാളിനോട് പിശാചിനു കടുത്ത അസൂയയാണ്; അതിൽ നിന്ന് അവനെ പിൻതിരിപ്പിക്കാൻ പിശാച് എല്ലാ അടവുകളും പ്രയോഗിക്കുന്നു. അതുകൊണ്ട് വിവിധ സംഗതികളുടെ ഓർമ്മ ഇളക്കിവിടുന്നതിൽനിന്ന് അവനൊട്ടും വിരമിക്കുന്നില്ല. ജഡത്തിലൂടെ അവൻ എല്ലാ വികാരങ്ങളും ഇളക്കിവിടുന്നു. ഇപ്രകാരം, പ്രാർത്ഥനയിൽ ദൈവത്തിന്റെ പക്കലേക്കുള്ള യാത്രയിലെ ശ്രേഷ്ഠപാതയിൽ കുറെ തടസ്സങ്ങൾ ഉണ്ടാക്കാമെന്ന് അവൻ കരുതുന്നു.

47. സുകൃതവാനായ വ്യക്തിയുടെ പ്രാർത്ഥനയെ തടസപ്പെടുത്താൻ തന്റെ കഴിവിൽപെട്ടവയെല്ലാം ചെയ്തിട്ടും താൻ പരാജയപ്പെടുന്നു എന്ന് കാണുന്ന ഹീനനായ പിശാച് കുറച്ചുകാലത്തേക്ക് ശല്യമുണ്ടാക്കാതെ കഴിയുന്നു. എന്നാൽ കുറേക്കഴിഞ്ഞ് പ്രാർത്ഥനയുടെ ഈ മനുഷ്യനോട് അവൻ പകരം വീട്ടുന്നു. പിശാച് അവനിൽ കോപപ്രകൃതി ഇളക്കിവിട്ട്, പ്രാർത്ഥനവഴി നേടിയെടുത്ത പ്രശാന്താവസ്ഥ നശിപ്പിക്കും; അതല്ലെങ്കിൽ, എന്തെങ്കിലും മൂഢമായ ഇന്ദ്രിയസുഖത്തിന് അവനെ പ്രേരിപ്പിച്ചുകൊണ്ട് ദുഷിപ്പിക്കാൻ ശ്രമിക്കും.

48. നീ നന്നായി പ്രാർത്ഥിക്കുമ്പോൾ അപ്രതീക്ഷിതമായ സംഭവങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് നിന്റെ നേട്ടങ്ങൾ കൈവിട്ടു പോകാതിരിക്കാൻ ധൈര്യപൂർവ്വം ഉറച്ചുനില്ക്കണം. കാരണം, ആരംഭം മുതൽ ഇതിനായിട്ടാണ് നീ നിർമ്മിക്കപ്പെട്ടിരുന്നത്: അധ്വാനിക്കാനും കരുതലോടിരിക്കാനും. അപ്പോൾ, നീ എന്തെങ്കിലും പ്രവർത്തിച്ചാൽ, അതിനെ സംരക്ഷിക്കാതെ ഇട്ടുകളയരുത്. ഇങ്ങനെ പ്രവർത്തിക്കുന്നതിൽ നീ പരാജയപ്പെട്ടാൽ നിന്റെ പ്രാർത്ഥനയിൽനിന്ന് നീ ഒന്നുംതന്നെ നേടുകയില്ല.

49. നാമും അശുദ്ധാത്മാക്കളും തമ്മിലുള്ള ഓരോ പോരാട്ടവും ആത്മീയപ്രാർത്ഥനയ്ക്കുവേണ്ടി മാത്രമുള്ളതാണ്. ഈ പ്രവൃത്തി അവർക്കു ദുസ്സഹമാണ്; ഇത് അവർക്ക് വളരെ വിരുദ്ധമായിട്ടുള്ളതും അവരെ അമർത്തുന്നതുമാണ്. മറിച്ച്, നമ്മെ സംബന്ധിച്ച് ഏററം ഉൽകൃഷ്ട നിലയിൽ ആനന്ദപ്രദവും ആത്മീയമായി പ്രയോജനകരവുമാണ്.

50. ഭോജനപ്രിയം, അശുദ്ധി, ദ്രവ്യാഗ്രഹം, ക്രോധം, പക ആദിയായ തിന്മകൾ നാം പ്രവർത്തിച്ചു കാണുവാൻ പിശാചുക്കൾ ആഗ്രഹിക്കുന്നതെന്തുകൊണ്ട്? ഇതാണു കാരണം—ഇങ്ങനെ പ്രവർത്തിക്കുന്നതുവഴി ആത്മാവിന്റെ ധാരണാശക്തി നശിക്കുകയും തൽഫലമായി പ്രാർത്ഥിക്കാൻ അത് അയോഗ്യമായിത്തീരുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ മൂഢവികാരങ്ങൾ പ്രബലപ്പെടുമ്പോൾ പ്രാർത്ഥിക്കാനും ദൈവവചനം തേടുവാനും ഉള്ള സ്വാതന്ത്ര്യം മനുഷ്യനു നഷ്ടപ്പെടുന്നു.

51. സൃഷ്ടവസ്തുക്കളുടെ ആന്തരികാർത്ഥം ഗ്രഹിക്കാനാണ് നാം സുകൃതങ്ങൾ തേടുന്നത്. ഇവയെ നാം പിൻചെല്ലുന്നത്, അതായത്

www.malankaralibrary.com



സൃഷ്ടവസ്തുക്കളുടെ ആന്തരികാർത്ഥം തേടുന്നത്, അവയെ സൃഷ്ടിച്ച കർത്താവിലെത്തിച്ചേരാനാണ്. പ്രാർത്ഥനാവസ്ഥയിലാണ് സാധാരണയായി ദൈവം സ്വയം വെളിപ്പെടുത്തുന്നത്.

52. പ്രാർത്ഥനാവസ്ഥയെ 'നിർവികാരതയുടെ' സഹജമായ അവസ്ഥയെന്ന്[13] ഉചിതമായി വിവരിക്കാം. വിജ്ഞാനത്തെ സ്നേഹിക്കുകയും, ഏററം തീക്ഷ്ണമായ സ്നേഹത്താൽ യഥാർത്ഥമായി ആത്മീയമായിരിക്കുകയും ചെയ്യുന്നവനെ ഇത് ബൗദ്ധിക യാഥാർത്ഥ്യങ്ങളുടെ ഔന്നത്യങ്ങളിലേക്ക് പൊക്കിയെടുക്കുന്നു.

53. യഥാർത്ഥ പ്രാർത്ഥനയ്ക്കായി കഠിനാധ്വാനം ചെയ്യുന്നയാൾ കോപത്തെയും വിഷയാസക്തിയെയും ജയിക്കാൻ പഠിക്കണം. കൂടാതെ വികാരത്തള്ളൽ നിറഞ്ഞ എല്ലാ ചിന്തകളിൽനിന്നും അവർ സ്വയം വിമുക്തനാകണം.

54. ദൈവത്തെ സ്നേഹിക്കുന്നയാൾ പിതാവിനോടെന്നപോലെ നിരന്തരം അവിടുത്തോടുകൂടി ജീവിക്കയും അവിടുത്തോടു സംഭാഷിക്കുകയും ചെയ്യുന്നു. ദുർവികാരങ്ങൾ കലർന്ന എല്ലാ ചിന്തകളിൽനിന്നും അകന്നുമാറുന്നു.

55. അലട്ടുന്ന ദുർവികാരങ്ങളിൽ നിന്നു സ്വതന്ത്രനായ വ്യക്തി അവശ്യാവശ്യം യഥാർത്ഥമായി പ്രാർത്ഥിക്കണമെന്നില്ല. ഒരാൾക്ക് ഏററം ശുദ്ധമായ ചിന്തകൾ മാത്രം ഉണ്ടായിരുന്നാലും മനഃപ്പതർച്ച ഉണ്ടായി, ദൈവത്തിൽ നിന്ന് വളരെയകന്നു കഴിയത്തക്കരീതിയിൽ ശുദ്ധചിന്തകൾ താറുമാറാകാം.

---

13. apatheia = habitual state of imperturbable calm. സ്റേറായിക് തത്വശാസ്ത്രത്തിൽനിന്നുള്ള ഒരു പദമാണിത്. നിർവികാരത (dispassion) എന്നു വിവർത്തനം ചെയ്യാം. വി. അത്തനേഷ്യസ്, ഹെസിക്കിയസ്, ഡിയഡോക്കസ്, ആബാ ഏശായാ, അന്ത്യോക്യയിലെ ഇസഹാക്ക്, ജോൺ ക്ലിമാക്കുസ്, വിശ്വാസസാക്ഷിയായ മാക്സിമുസ്, നിസേററാസ് സ്റെറത്താട്ടോസ് ആദിയായ ആദ്ധ്യാത്മിക ഗ്രന്ഥകാരൻമാർ സന്യാസത്തിന്റെ അവശ്യഘടകമായി 'നിർവികാരതയെ' പ്രകീർത്തിച്ചിട്ടുണ്ട്, 'ജ്ഞാനി നിർവികാരനായിരിക്കണം' എന്ന് അലക്സാന്ധ്രിയയിലെ ക്ലെമെൻറ് പഠിപ്പിച്ചു.

see T. spidlik, *The Spirituality of the Christian East*, Kalamazoo, 1986, P. 270ff.



56. ഇത്തരം നിസ്സാര ചിന്തകളിലൊന്നും[14] ആത്മാവ് മുഴുകാതിരുന്നാലും, അക്കാരണത്താൽ മാത്രം അത് ദൈവസാന്നിധ്യാനുഭവത്തിലെത്തുകയില്ല.[15] അതു പദാർത്ഥങ്ങളുടെ ധ്യാനത്തിൽ മുഴുകി അവയുടെ ആന്തരികസത്തയെക്കുറിച്ച് ചിന്തിച്ച് സമയം പാഴാക്കിയെന്നുവരാം. കാരണം, ഈ ആശയങ്ങൾ നിസാരങ്ങളായിരുന്നാലും, അസ്തിത്വമുള്ള ഈ യഥാർത്ഥപദാർത്ഥങ്ങളെപ്പററിയുള്ള പരിഗണന ആത്മാവിൽ ചില രൂപം പതിക്കാനും മനുഷ്യനെ ദൈവത്തിൽനിന്നകററാനും ഇടയുണ്ട്.

57. ശാരീരികപ്രകൃതിയുടെ ധ്യാനത്തിൽനിന്ന് ആത്മാവ് ഉയർന്നാലും പൂർണമായ ദൈവസാന്നിദ്ധ്യം[16] അനുഭവിക്കണമെന്നില്ല. കാരണം അത് ഒരുപക്ഷെ ബൗദ്ധികകാര്യങ്ങളുടെ ധ്യാനത്തിൽ ഏർപ്പെടുകയും അവയുടെ വൈവിധ്യത്തിൽ പങ്കുപററുകയും ചെയ്തെന്നുവരാം.

58. നീ പ്രാർത്ഥിക്കാനാഗ്രഹിക്കുന്നെങ്കിൽ, നിനക്കാവശ്യമുള്ളത് ദൈവമാണ്. പ്രാർത്ഥിക്കുന്നയാളിനു പ്രാർത്ഥന പ്രദാനം ചെയ്യുന്നത് അവിടുന്നാകുന്നു. ഇക്കാരണത്താൽ അവിടുത്തെവിളിച്ച് ഇപ്രകാരം അപേക്ഷിക്കുക: ''നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമേ; നിന്റെ രാജ്യം വരണമെ.'' അതായത്, പരിശുദ്ധാത്മാവും നിന്റെ ഏകജാതനായ പുത്രനും. ''ആത്മാവിലും സത്യത്തിലും പിതാവ് ആരാധിക്കപ്പെടുന്നു'' എന്ന് നമ്മുടെ കർത്താവ് അരുൾചെയ്തപ്പോൾ ഇതാണ് അവിടുന്നു നമ്മെ പഠിപ്പിച്ചത് (യോഹ. 4:24).

59. ആത്മാവിലും സത്യത്തിലും ആരാധിക്കുന്നയാൾ പിന്നെ സ്രഷ്ടാവിനെ സൃഷ്ടികളെ പ്രതി ബഹുമാനിക്കുന്നില്ല; മറിച്ച്, അവിടുത്തെ പ്രതിതന്നെ അവിടുത്തെ സ്തുതിക്കുന്നു.

60. നീയൊരു ദൈവശാസ്ത്രജ്ഞനാണെങ്കിൽ നീ യഥാർത്ഥമായി പ്രാർത്ഥിക്കും; നീ യഥാർത്ഥമായി പ്രാർത്ഥിക്കുന്നെങ്കിൽ, നീയൊരു ദൈവശാസ്ത്രജ്ഞനാണ്.

61. ദൈവത്തിനുവേണ്ടിയുള്ള നിന്റെ തീക്ഷ്ണമായ ആഗ്രഹത്താൽ നീ കുറേശ്ശ കുറേശ്ശ ജഡത്തിൽനിന്ന് പിൻമാറുകയും, ഗ്രഹണശക്തി, ഓർമ

---

14. ''psilo''-simple: ഒരു സാങ്കേതികപദം.
15. proseuches topos = place of prayer: ഇതും എവാഗ്രിയസിലുള്ള ഒരു സാങ്കേതിക പദം ആണ്. topos Theou = ദൈവത്തിന്റെ സ്ഥലം (പുറ. 24;10–11); ദൈവസാന്നിധ്യാനുഭവം. ഈ പശ്ചാത്തലത്തെ അനുകരിച്ച് എവാഗ്രിയസ് രൂപീകരിച്ചതാണിത്.
16. place of God

www.malankaralibrary.com



ശക്തി, മനോഭാവം എന്നിവയിൽനിന്നുടലെടുക്കുന്ന വിചാരങ്ങളിൽനിന്നെല്ലാം അകന്നുമാറുകയും, അതേസമയം ബഹുമാനവും സന്തോഷവും കൊണ്ട് നിറയ്ക്കപ്പെടുകയും ചെയ്യുമ്പോൾ, പ്രാർത്ഥന എന്നു പേരുള്ള ആ രാജ്യത്തെ നീ സമീപിക്കുകയാണെന്ന് നിനക്കുറപ്പായിക്കരുതാം.

62. പരിശുദ്ധാത്മാവ് നമ്മുടെ ബലഹീനതയിൽ സഹതപിക്കുന്നു. നാം അശുദ്ധമാണെങ്കിലും മിക്കപ്പോഴും അവിടുന്നു നമ്മെ സന്ദർശിക്കാൻ വരുന്നു. സത്യത്തോടുള്ള സ്നേഹത്തെപ്രതി നമ്മുടെ ആത്മാവ് അവിടുത്തോടു പ്രാർത്ഥിക്കുന്നതായി കാണുമ്പോൾ, അവിടുന്നതിൽ ഇറങ്ങിആവസിച്ച്, നമ്മെ ശല്യപ്പെടുത്തുന്ന ചിന്തകളുടെയും യുക്തിവാദങ്ങളുടെയും സൈന്യനിരയെ മുഴുവൻ ദൂരീകരിക്കും. ആത്മീയപ്രാർത്ഥനയുടെ കർമ്മങ്ങൾക്കായി അതിനെ അവിടുന്നു പ്രേരിപ്പിക്കുകയും ചെയ്യും.

63 മററുള്ളവർ അവരുടെ യുക്തിവാദങ്ങളും ആശയങ്ങളും തത്വങ്ങളും ജഡത്തിൻെറ മാറുന്ന അവസ്ഥകളിൽ നിന്നു രൂപീകരിക്കുമ്പോൾ, ദൈവം മറിച്ചാണു പ്രവർത്തിക്കുക. അവിടുന്ന് ആത്മാവിൽ ഇറങ്ങി തനിക്കിഷ്ടമുള്ള വിധം തൻെറ അറിവ് അതിന് പകർന്നുകൊടുക്കുന്നു. ശരീരത്തിൻെറ പ്രക്ഷുബ്ധാവസ്ഥയ്ക്ക് ആത്മാവിലൂടെ അവിടുന്നു ശാന്തതയും സമാധാനവും എത്തിക്കുന്നു.

64. യഥാർത്ഥപ്രാർത്ഥനയെ സ്നേഹിക്കുകയും അതേസമയം കോപത്തിനും അമർഷത്തിനും വിധേയനാകുകയും ചെയ്യുന്ന വ്യക്തിയെ കിറുക്കനെന്നേ വിളിക്കാൻ കഴിയൂ. കാരണം, വ്യക്തമായി കാണാനാഗ്രഹിക്കുകയും അതിനായി തൻെറ കണ്ണു കുത്തിക്കീറുകയും ചെയ്യുന്നവനെപ്പോലെയാണയാൾ.

65, നീ പ്രാർത്ഥിക്കാൻ തീവ്രമായി ആഗ്രഹിക്കുന്നെങ്കിൽ, പ്രാർത്ഥനയ്ക്കെതിരായിട്ടുള്ളതെല്ലാം പരിത്യജിക്കുക: അപ്പോൾ, ദൈവം നിൻെറ പക്കലണയുമ്പോൾ അവിടുത്തേയ്ക്ക് നിൻെറ കൂടെ നടക്കേണ്ടതു മാത്രമേയുള്ളു.

66. നീ പ്രാർത്ഥിക്കുമ്പോൾ നിൻെറ ഉള്ളിൽ നീ രൂപീകരിച്ച ഭാവനാചിത്രം പോലെ, ദൈവത്വത്തെ നീ സങ്കല്പിക്കരുത്: ഏതെങ്കിലും ആകൃതിയുടെ മുദ്ര നിൻെറ അരൂപിയിൽ ഉണ്ടാകാനും നീ അനുവദിക്കരുത്; പിന്നെയോ, എല്ലാ പദാർത്ഥത്തിൽ നിന്നുമകന്ന്, അമൂർത്ത യാഥാർത്ഥ്യത്തെ സമീപിക്കുക; നിനക്കു വിവേകം ഉണ്ടാകും.

67. നിൻെറ എതിരാളി നിനക്കായി ഒരുക്കുന്ന കെണികളെപ്പററി ബോധവാനായിരിക്കുക. കാരണം, ശല്യമൊന്നും കൂടാതെ നീ ശുദ്ധമായി പ്രാർത്ഥിക്കുമ്പോൾ, അസാധാരണവും അപരിചിതവുമായ രൂപം കാണപ്പെട്ട്, ഒരു സ്ഥലത്ത് എന്നവണ്ണം ദൈവം ഒരു സ്ഥലത്ത് യഥാർത്ഥമായി



ഇരിക്കുന്നു എന്ന ദുഷ്ചിന്തയിലേയ്ക്ക് നീ പെട്ടന്ന് നയിക്കപ്പെടാൻ ഇടയുണ്ട്. പെട്ടെന്നുള്ള കാണപ്പെടൽ വഴി ദൈവം മാത്രാന്മകനാണ്[17]. എന്ന് നിന്നെ ബോധ്യപ്പെടുത്താനായികണക്കുകൂട്ടി സംഘടിപ്പിക്കപ്പെട്ടതാണിത്; എന്നാൽ ദൈവം മാത്രാത്മകനല്ല; അവിടുത്തേക്ക് ബാഹ്യമായ രൂപമൊന്നുമില്ല.

68. പ്രാർത്ഥനാവസരത്തിൽ നിൻെറ ഓർമ്മയെ ഉത്തേജിപ്പിക്കാൻ ദുഷ്ടപിശാചിനു കഴിയാതെ വന്നാൽ അരൂപിയിൽ അസാധാരണമായ ഒരു മായാരൂപം ഉണ്ടാകുവാനും അതൊരു പ്രത്യേക ആകൃതി എടുക്കാനും ഇടയാകത്തക്കരീതിയിൽ അവൻ ശരീരത്തിൻെറ സന്തുലിതാവസ്ഥയോട് ബലം പ്രയോഗിക്കുന്നു. അപ്പോൾ ആശയങ്ങളെക്കുറിച്ചും മററും ഉപരിവിചിന്തനം നടത്താത്ത വ്യക്തി അതു വഴി കീഴമർത്തപ്പെടുന്നു. ഈ രീതിയിൽ സ്ഥൂലജ്ഞാനത്തിനും[18] എല്ലാ രൂപങ്ങൾക്കും ഉപരിസ്ഥമായതിനും വേണ്ടി സ്വഭാവത്താലേ ത്വരിപ്പിക്കപ്പെട്ടവൻ വഴിതെററുന്നു. പുകയെ പ്രകാശമായി തെററിദ്ധരിക്കുന്നു.

69. എഴുന്നേററ് നിൻെറ ആത്മാവിനെ സംരക്ഷിക്കുക: പ്രാർത്ഥനാവസരത്തിൽ മററാശയങ്ങളിൽനിന്ന് അതിനെ സ്വതന്ത്രമാക്കുക: അതിൻെറ അഗാധമായ പ്രശാന്തതയിൽ നിലനിൽക്കാൻ അതിന് സാധിക്കും. ഇപ്രകാരം പാമരൻമാരിൽ അനുകമ്പയുള്ളവൻ നിന്നെപ്പോലൊരു ഗണനീയനല്ലാത്ത വ്യക്തിയെ സന്ദർശിക്കാനെത്തും. അതായത്, പ്രാർത്ഥനയുടെ ഏററം മഹനീയദാനം നീ സ്വീകരിക്കുമ്പോൾ.

70. നീ ദ്രവ്യമയമായ സംഗതികളിൽ പൂർണമായി മുഴുകുകയു, അടങ്ങാത്ത പര്യാകുലതകളാൽ ക്ലേശിക്കുകയും ചെയ്യുന്നെങ്കിൽ ശുദ്ധമായി പ്രാർത്ഥിക്കുവാൻ നിനക്ക് സാധിക്കുകയില്ല: കാരണം പ്രാർത്ഥന; ആശയങ്ങളുടെ [19] നിരാകരണമാണ്.

71. ബന്ധിതന് ഓടാൻ കഴിയില്ല. വികാരങ്ങൾക്കടിപ്പെട്ട മനസ്സിന് ആത്മീയ പ്രാർത്ഥനയുടെ സ്ഥലം[20] കാണാനും കഴിയില്ല. വികാരങ്ങൾ തിങ്ങിനിറഞ്ഞ ചിന്തകളാൽ അത് വലിച്ചിഴയ്ക്കപ്പെടുകയും ചുഴററപ്പെടുകയും ചെയ്യും; ഉറപ്പായും പ്രശാന്തമായും നില്ക്കാൻ അതിനു കഴികയില്ല.

72. വഴിതെററാതെ ആത്മാവ് ശുദ്ധമായി പ്രാർത്ഥിക്കുമ്പോൾ പിശാചുക്കൾ ഇടത്തുവശത്തുനിന്നല്ല, വലത്തുവശത്തുനിന്നായിരിക്കും

---

17. quantitative.
18. immaterial knowledge
19. concepts
20. The place of spiritual prayer

www.malankaralibrary.com



കടന്നാക്രമിക്കുക. അതായത്, അരൂപി പ്രാർത്ഥനയുടെ ലക്ഷ്യം സാധിച്ച എന്ന ചിന്തയിലേക്ക് നയിക്കാം എന്ന പ്രതീക്ഷയിൽ ഇന്ദ്രിയങ്ങൾക്ക് ഹിതകരമായ ഏതെങ്കിലും ഒരു പ്രതിച്ഛായയുടെ രൂപത്തിൽ അവർ അതിന് ദൈവത്തിന്റെ ഒരു മായാരൂപം തോന്നിക്കുന്നു. വ്യർത്ഥാഭിമാനം എന്ന വികാരത്താലും, തലച്ചോറിന്റെ ഒരു പ്രത്യേകഭാഗത്തെ ഉത്തേജിപ്പിക്കുന്ന പിശാചിന്റെ സ്വാധീനത്താലും ആണ് ഇപ്രകാരം സംഭവിക്കുന്നത്; ഇപ്രകാരം അത് മസ്തിഷ്ക ചംക്രമണത്തെ ക്ഷോഭിപ്പിക്കുന്നു.

73. ഞാനിപ്പോൾ സൂചിപ്പിച്ച പിശാച് തനിക്കിഷ്ടമുള്ളതുപോലെ ആത്മാവിന്റെമേൽ ഒരു പ്രകാശം വയ്ക്കുന്നു എന്ന് ഞാൻ കരുതുന്നു.

ഈ രീതിയിലാണ് വ്യർത്ഥാഭിമാനം എന്ന വികാരത്തെ അവൻ ഇളക്കിവിടുന്നത്. ആത്മാവ് അറിയാതെ തന്നെ, കാര്യകാരണ വിചിന്തനത്തിന്റെ ഒരു നിരതന്നെ പിശാചുണ്ടാക്കുന്നു; അത് ദിവ്യവും സത്താപരവുമായ അറിവ് നൽകുമെന്ന് ആത്മാവ് കരുതുന്നു. തന്നിൽ ഒരു എതിർശക്തിയും പ്രവർത്തിക്കുന്നില്ല എന്ന വിശ്വാസത്തിൽ അവൻ എത്തിച്ചേരുന്നു. ജഡത്തിന്റെ അശുദ്ധമായ സമാധാനഭഞ്ജനങ്ങളൊന്നും ഇല്ല, മറിച്ച് ശുദ്ധതമാത്രം അവനനുഭവപ്പെടുന്നു എന്നും അവനറിയാം. അപ്പോൾ ഈ ദർശനം ദിവ്യനായ ദൈവത്തിൽ നിന്നാണെന്ന നിഗമനത്തിൽ അവൻ എത്തിച്ചേരുന്നു. എന്നാൽ യഥാർത്ഥത്തിൽ, അതവനിൽ ഉളവാക്കിയതു പിശാചാണ്. ഞാൻ പറഞ്ഞതുപോലെ തലച്ചോറിന്റെ ഒരു ഭാഗത്തെ ഉത്തേജിപ്പിക്കുകയും, അതു നിയന്ത്രിക്കുന്ന പ്രകാശ പ്രതിഭാസത്തിൽ ചില മാററങ്ങൾ വരുത്തുകയും, അങ്ങനെ മുകളിൽ പറഞ്ഞ മാററം നിന്നിൽ ഉണ്ടാകുകയും ചെയ്യുക എന്ന ദാരുണമായ കൗശലം പിശാച് പ്രയോഗിക്കുകയാണ് ചെയ്യുന്നത്.

74. കർത്താവിന്റെ മാലാഖ നമ്മെ സന്ദർശിക്കുമ്പോൾ നമ്മിൽ പ്രവർത്തിക്കുന്ന എതിർശക്തിയെ തന്റെ വാക്കുകൊണ്ടു തന്നെ അവൻ പുറത്താക്കുന്നു: 'വഞ്ചനകൂടാതെ നാം[21] പ്രവർത്തിക്കാൻ അവൻ ഇടയാക്കുന്നു.

75. വിശുദ്ധരുടെ പ്രാർത്ഥനകൾ ഉൾക്കൊള്ളുന്ന ധൂപകലശത്തിൽ സുഗന്ധദ്രവ്യമിടുന്നതിന്റെ ചുമതലയുള്ള മാലാഖയെപ്പററി പറയുന്ന വെളിപാടു പുസ്തകഭാഗം (8:3) എന്റെ വീക്ഷണത്തിൽ മാലാഖയാൽ നൽകപ്പെടുന്ന ഈ കൃപയെ സൂചിപ്പിക്കുന്നു. എല്ലാവിധവിരസതയിൽ നിന്നും[21a] അശ്രദ്ധയിൽനിന്നും അകന്ന് ഭാവിയിൽ ഉറപ്പായി നിൽക്കുന്നതിനു വേണ്ടി യഥാർത്ഥ പ്രാർത്ഥനയുടെ അറിവ് അവൻ നിവേശിപ്പിക്കുന്നു.

21. 'നമ്മുടെ ആത്മാവിന്റെ പ്രകാശം' എന്നു പദാർത്ഥം.

21a. akedia



76. സുഗന്ധകലശങ്ങൾ ഇരുപത്തിനാല് മൂപ്പന്മാരർപ്പിച്ച വിശുദ്ധരുടെ പ്രാർത്ഥനകളാണ് (വെളി. 5:8).

77. ഈ കലശങ്ങൾ ദൈവസ്നേഹമായോ, സത്യത്തിലും ആത്മാവിലും പ്രാർത്ഥന അർപ്പിച്ച പൂർണ്ണവും ആത്മീയവുമായ ഉപവിയായോ മനസിലാക്കാം.

78. നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ പാപങ്ങളെ പ്രതി നീ കണ്ണീരൊഴുക്കേണ്ടയാവശ്യമില്ല എന്നു നിനക്കു തോന്നുമ്പോൾ, നിരന്തരം ദൈവത്തിലായിരിക്കേണ്ട നീ, ദൈവത്തിൽ നിന്നു നിന്നെ അകററുന്ന ദൂരത്തെപ്പററി അല്പനേരം ചിന്തിക്കുക. അപ്പോൾ നീ കൂടുതൽ ധാരാളമായി കണ്ണീരൊഴുക്കും.

79. തീർച്ചയായും നീ സ്വയം പരിശോധിച്ചാൽ, നിനക്കു യഥാർത്ഥ ദുഃഖം ഉണ്ടാകും: ഏശായാ സ്വയം വിളിച്ചതുപോലെ, 'നികൃഷ്ടനായ അരിഷ്ടൻ' എന്നു നീ സ്വയം വിളിക്കും (6:5). നീ അശുദ്ധനും നിന്റെ അധരങ്ങൾ മലിനവുമാണ്; മത്സരക്കാരായ ഇത്തരം മനുഷ്യരുടെ ഇടയിലാണ് നീ വസിക്കുന്നത്; എന്നിട്ടും സൈന്യങ്ങളുടെ കർത്താവിന്റെ മുൻപാകെ നില്ക്കാൻ നീ ധൈര്യപ്പെടുന്നു.

80. നീ എല്ലാ സത്യത്തിലും പ്രാർത്ഥിച്ചാൽ ആഴമായ ആത്മവിശ്വാസാനുഭവം നിനക്കുണ്ടാകും. അപ്പോൾ മാലാഖ നിന്നോടൊത്തു നടക്കുകയും, സൃഷ്ടവസ്തുക്കളുടെ അർത്ഥം സംബന്ധിച്ച് നിന്നെ ഉദ്ബുദ്ധനാക്കുകയും ചെയ്യും.

81. വിശുദ്ധ മാലാഖമാർ പ്രാർത്ഥിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു എന്നറിയുക. അവർ നമുക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് സന്തോഷപൂർവം നമ്മോടുകൂടെയുണ്ട്. നാം അശ്രദ്ധരും മനപ്പതർച്ചയുണ്ടാക്കുന്ന ചിന്തകൾക്കിടം കൊടുക്കുന്നവരുമായാൽ നാം അവരെ കഠിനമായി പ്രകോപിപ്പിക്കുകയായിരിക്കും. കാരണം അവർ നമുക്കുവേണ്ടിയുള്ള പോരാട്ടത്തിൽ പങ്കാളികളാണ്; നാമാകട്ടെ, നമുക്കുവേണ്ടിത്തന്നെ ദൈവത്തോടപേക്ഷിക്കാൻപോലും കൂട്ടാക്കുന്നില്ല. മറിച്ച്, നാം അവരുടെ ശുശ്രൂഷകളെ നിന്ദിക്കുകയും അവരുടെ ദൈവവും ഭരണാധികാരിയുമായവനെ ഉപേക്ഷിക്കയും ചെയ്താൽ നാം അശുദ്ധപിശാചുക്കളുടെ കെണിയിൽ പെട്ടുപോകും.

82. ഉചിതമായ ബഹുമാനത്തോടും ഉൽക്കണ്ഠ കൂടാതെയും പ്രാർത്ഥിക്കുക. ബോധപൂർവവും സംഗീതത്തിന് വേണ്ടത്ര ശ്രദ്ധയോടുകൂടിയും പാടുക. അപ്പോൾ ചെറിയ കഴുകനെപ്പോലെ നിനക്കു പറന്നുയരാൻ കഴിയും.

www.malankaralibrary.com


83. സങ്കീർത്തനാലാപനം വികാരങ്ങളെ ശമിപ്പിക്കുകയും ശരീരത്തിൻെറ അമിത സുഖാസ്വാദനാസക്തിയെ ശാന്തമാക്കുകയും ചെയ്യും; മറിച്ച് പ്രാർത്ഥനയാകട്ടെ, ആത്മാവിൻെറ ശക്തികളെ കർമ്മനിരതമാക്കുവാൻ സജ്ജമാക്കുന്നു.

84. ആത്മാവിൻെറ മഹത്ത്വത്തിനു ചേർന്ന പ്രവർത്തനമാണ് പ്രാർത്ഥന. ആത്മാവിൻെറ കൂടുതൽ മാന്യവും അനുയോജ്യവുമായ പ്രവർത്തനത്തിന് ചേർന്നതാണത്.

85. അനേകവശങ്ങളുള്ള വിജ്ഞാനത്തിൻെറ ച്ഛായയാണ് സങ്കീർത്തനാലാപനം; ഐകരൂപ്യമുള്ളതും അഭൗമികവുമായ അറിവിൻെറ നാന്ദിയാണു പ്രാർത്ഥന.

86. അറിവ്! മനുഷ്യൻെറ വലിയ സമ്പാദ്യം. ദിവ്യജ്ഞാനത്തെ ധ്യാനിക്കാനായി ചിന്താശക്തിയെ ഉണർത്താൻ പ്രവർത്തിക്കുന്ന, പ്രാർത്ഥനയുടെ സഹപ്രവർത്തകനാണത്.

87. പ്രാർത്ഥനയുടെയോ, സങ്കീർത്തനങ്ങളുടെയോ കൃപ നിനക്കിതുവരെ ലഭിച്ചിട്ടില്ലെങ്കിൽ താല്പര്യപൂർവം നിരന്തര യത്നം തുടരുക. നിനക്കതു ലഭിക്കും.

88. നിരന്തര പ്രാർത്ഥനയുടെയും ഉത്സാഹഭംഗം ഒഴിവാക്കേണ്ടതിൻെറയും ആവശ്യകത കർത്താവ് ഒരുപമയിൽ ചൂണ്ടിക്കാട്ടി (ലൂ. 18:1). നീ ചോദിക്കുന്നത് ചിലപ്പോൾ നിനക്കു ലഭിക്കുന്നില്ലെങ്കിൽ മനസ് തളർന്നുപോകരുത്. ധൈര്യവാനായിരിക്കുക. നിനക്കതു പിന്നീട് ലഭിക്കും. കാരണം കർത്താവ് തുടർന്ന് മററൊരുപമ പറഞ്ഞു: 'ഞാൻ ദൈവത്തെ ഭയപ്പെടുകയും മനുഷ്യരെ ബഹുമാനിക്കയും ചെയ്യുന്നില്ലെങ്കിലും ഈ സ്ത്രീയുടെ ശല്യം നിമിത്തം ഞാനവൾക്കു നീതി നടത്തിക്കൊടുക്കും.' (18:4—5). രാത്രിയും പകലും ദൈവത്തെ വിളിച്ചപേക്ഷിക്കുന്നവർക്കും ഇപ്രകാരം സംഭവിക്കും—അവിടുന്നവർക്ക് നീതി നടത്തിക്കൊടുക്കും; അതു പെട്ടെന്നു ചെയ്യുകയും ചെയ്യും. അതുകൊണ്ട് ധൈര്യമായിരിക്കുക. എല്ലാ പാമരങ്ങളും ചുരുൾ വിടർത്തി നിൻെറ വിശുദ്ധ പ്രാർത്ഥനയിൽ സ്ഥിരമായിരിക്കുക.

89. പ്രാർത്ഥിക്കുമ്പോൾ നിനക്കു നല്ലതെന്നു തോന്നുന്നതിൽ നിൻെറ ഹൃദയംവയ്ക്കാതെ; ദൈവത്തിനു പ്രീതികരമായതിൽ ഹൃദയം വയ്ക്കുക. ഇതുനിന്നെ വിക്ഷോഭത്തിൽനിന്നു വിമുക്തനാക്കും; നിൻെറ പ്രാർത്ഥനയിൽ കൃതജ്ഞതാസ്തോത്രം ചെയ്യാൻ നിനക്കു സാധിക്കും.

90. നീ ദൈവസന്നിധിയിലാണെന്നു തോന്നിയാലും അശുദ്ധി എന്ന പിശാചിനെതിരെ അരമുറുക്കുക. അവനെപ്പോലെ ചതിയനോ നശിപ്പിക്കുന്നവനോ വേറേയില്ല. ചിന്തയേക്കാൾ വേഗതയുള്ളവനാണ്



താൻ എന്നും നിൻെറ ജാഗരൂകതയെ തുളച്ചു കടക്കുന്ന എന്നും ഉള്ള ധാരണ അവൻ പരത്തിയേക്കാം യഥാർത്ഥത്തിൽ, ഭയത്തോടും ബഹുമാനത്തോടുംകൂടി നീ ദൈവസാന്നിധ്യത്തിൽ നിൽക്കുമ്പോൾ തന്നെ അത് ദൈവത്തിൽ നിന്നകന്നതാണെന്ന് നിന്നെ വിശ്വസിപ്പിക്കാൻ ശ്രമിക്കും.

91. നിനക്കു പ്രാർത്ഥനയിൽ യഥാർത്ഥ താല്പര്യം ഉണ്ടെങ്കിൽ പിശാചിൻെറ ആക്രമണങ്ങളെ നേരിടാൻ തയാറായിരിക്കുകയും അവൻെറ പ്രഹരങ്ങൾ സ്ഥൈര്യത്തോടുകൂടി സഹിക്കുകയും ചെയ്യുക. ഒരു വന്യമൃഗത്തെപ്പോലെ അവൻ നിന്നെ ആക്രമിക്കുകയും നിൻെറ ശരീരം മുഴുവൻ പ്രഹരമേൽപിക്കയും ചെയ്യും.

92. വിദഗ്ദ്ധനായ കായികാഭ്യാസിയെപ്പോലെ നീ സ്വയം പരിശീലിപ്പിക്കുക. എന്തെങ്കിലും ആകസ്മികദർശനമോ, നിൻെറ നേർക്കു തിരിഞ്ഞിരിക്കുന്ന വാളോ, നിൻെറ മുഖത്തിനുനേരെ വീശുന്ന പ്രകാശപാളിയോ കാണാനിടയായാൽ പോലും ഉൽക്കണ്ഠാകുലനാകാതിരിക്കാൻ നീ അഭ്യസിക്കണം. ബീഭത്സമോ, രക്തമയമോ ആയ എന്തെങ്കിലും രൂപം കാണാനിടയായാലും ഉറച്ചു നില്ക്കുക; നിൻെറ ഹൃദയത്തെ മഥിക്കത്തക്ക ഭയത്തിന് ഒരു തരത്തിലും അടിപ്പെട്ടുപോകരുത്. ഇപ്രകാരം നീ നിൻെറ വിശ്വാസത്തിനു സാക്ഷ്യം വഹിച്ചാൽ, ഒരുക്കമുള്ള ആത്മവിശ്വാസത്തോടെ നീ നിൻെറ ശത്രുവിനെ നേരിടും.

93. വേദനാജനകമായ കാര്യങ്ങൾ സഹിക്കുന്നയാൾക്ക് ഒരിക്കൽ ആശ്വാസദായകങ്ങളായവയും ലഭിക്കും. അനിഷ്ടസംഗതികൾ നിരന്തരം ഉണ്ടാകുന്നവന് സന്തോഷപ്രദങ്ങളായവയും ഉണ്ടാകാതിരിക്കയില്ല.

94. എന്തെങ്കിലും ദർശനങ്ങൾ വഴി ദുഷ്ടപിശാചുക്കൾ നിന്നെ വഴിതെററിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളണം. പിന്നെയോ വിവേകിയായിരിക്കുക: പ്രാർത്ഥനയിലേയ്ക്കു തിരിയുക; ഇതു ദൈവത്തിൽ നിന്നാണ് വരുന്നതെങ്കിൽ നിന്നെ പ്രകാശിപ്പിക്കാൻ അവിടുത്തോടപേക്ഷിക്കുക; ദൈവത്തിൽ നിന്നല്ലെങ്കിൽ ചതിയനെ വേഗത്തിൽ നിന്നിൽ നിന്നോടിക്കാനായി പ്രാർത്ഥിക്കുക. ധൈര്യമായിരിക്കുക. പട്ടി അവിടെ നില്ക്കില്ല. നീ തീക്ഷ്ണതാപൂർവ്വം ദൈവത്തോടു പ്രാർത്ഥിക്കുമ്പോൾ ദൈവത്തിൻെറ അദൃശ്യശക്തിയുടെ കാണപ്പെടാത്ത ചാട്ടവാറുകൾ അവനെ പെട്ടെന്ന് ദൂരെ ഓടിച്ചുകളയും.

95. മററൊരു കൗശലത്തെപ്പററിയും നീ അറിഞ്ഞിരിക്കണം. ചിലപ്പോൾ പിശാചുക്കൾ രണ്ടുഗണമായി തിരിയും; ഒരു ഗണത്തിനെതിരായി നീ സഹായമപേക്ഷിക്കുമ്പോൾ, അവരെ ഓടിക്കുന്ന മാലാഖമാരുടെ രൂപത്തിൽ മറേറഗണം പ്രത്യക്ഷപ്പെടും. യഥാർത്ഥത്തിൽ തങ്ങൾ വിശുദ്ധ മാലാഖമാരാണ് എന്ന് വിശ്വസിപ്പിച്ച് ചതിക്കാനാണ് അവരിതു ചെയ്യുന്നത്.

www.malankaralibrary.com


96. അഗാധമായ എളിമ പരിശീലിക്കാൻ പരിശ്രമിക്കുക; പിശാചുക്കളുടെ ദുഷ്ടത നിന്റെ ആത്മാവിനെ സ്പർശിക്കുകയില്ല. അപ്പോൾ ഒരു ബാധയും നിന്റെ കൂടാരത്തെ സമീപിക്കയില്ല. എന്തുകൊണ്ടെന്നാൽ നിന്നെ സംരക്ഷിക്കുവാനും എല്ലാ എതിർ ശക്തികളെയും അദൃശ്യമായി നിന്നിൽ നിന്നോടിച്ചു കളയാനും അവിടുന്നു തന്റെ ദൂതൻമാരോട് കല്പിച്ചിരിക്കുന്നു.

97. ശുദ്ധപ്രാർത്ഥനയുടെ പരിശീലനം നടത്തുന്നയാൾ, പിശാചിൽ നിന്നുവരുന്ന ഉഗ്രശബ്ദങ്ങളും അലർച്ചകളും, മററു ശബ്ദങ്ങളും കാടിളക്കുന്ന ശബ്ദങ്ങളും കേൾക്കാനിടയാകും; അവനാകട്ടെ നഷ്ടധൈര്യനാകുകയോ മനസ്സാന്നിദ്ധ്യം നഷ്ടപ്പെടുത്തുകയോ ചെയ്യുന്നില്ല. ''നീ എന്നോടു കൂടി ഉള്ളതിനാൽ ഒരു തിൻമയും ഞാൻ ഭയപ്പെടുകയില്ല'' എന്ന് ദൈവത്തെ വിളിച്ചുകൊണ്ട് അവൻ പറയും. മററുപ്രാർത്ഥനകളും അവൻ ഇതിനോടു ചേർക്കും.

98. ഈ പ്രലോഭനങ്ങളുടെ സമയത്ത് തീക്ഷ്ണതയേറിയ ചെറിയ പ്രാർത്ഥനകൾ ചൊല്ലുക.

99. പിശാചുക്കൾ പെട്ടെന്ന് അന്തരീക്ഷത്തിൽ നിന്നു കാണപ്പെടുകയും നിന്നെ വലുതായി ഭയപ്പെടുത്തുകയും നിന്നെ ആക്രമിക്കുകയും വന്യമൃഗങ്ങളെപ്പോലെ നിന്റെ ശരീരത്തെ മുറിപ്പെടുത്തുകയും ചെയ്ത് നിന്നെ ഭീഷണിപ്പെടുത്തിയാലും അവയെപ്രതി സംഭ്രമിക്കരുത്. അവരുടെ ഭീഷണിമൂലം നീ വിഷമിക്കരുത്. നിന്റെ അന്തസ്സത്ത ഗ്രഹിക്കാനാണ് അവർ നിന്നെ പരിശോധിക്കുന്നത്. അവരെ നീ ഗൗരവമായി കണക്കാക്കുന്നുണ്ടോ, അതോ വെറുപ്പോടുകൂടി അവഗണിച്ചിട്ട് എല്ലാററിന്റെയും സ്രഷ്ടാവും പരിപാലകനുമായ സർവ്വശക്തനായ ദൈവത്തോട് പ്രാർത്ഥനയിൽ സംസർഗം ചെയ്യുമോ എന്ന് അറിയാൻ അവർ ആഗ്രഹിക്കുന്നു.

100. സർവശക്തനായ ദൈവവും സ്രഷ്ടാവും എല്ലാററിന്റെയും പരിപാലകനുമായ വ്യക്തിയുടെ മുൻപിലാണ് നിന്റെ പ്രാർത്ഥനയിൽ നീ നില്ക്കുന്നതെങ്കിൽ, എങ്ങനെയാണ് മൗഢ്യമായി അവിടുത്തെ അളവററ ഭയം അവഗണിക്കുകയും പകരം കൊതുകുകളെയും പാററകളെയും ഭയപ്പെടുകയും ചെയ്യുന്നത്? ''നിന്റെ ദൈവമായ കർത്താവിനെ നീ ഭയപ്പെടണം'' എന്നും, വീണ്ടും, ''അവിടുത്തെ ശക്തിയുടെ സാന്നിധ്യത്തിൽ ആരേ അവർ ഭയക്കുകയും പേടിക്കയും ചെയ്യുന്നു'' എന്നും മോശ നിന്നോട് പറഞ്ഞതു നീ കേട്ടിട്ടില്ലേ? (ആവ.6:13; പുറ. 15:16).

101. അപ്പം ശരീരത്തിനും സുകൃതം ആത്മാവിനും പോഷണമായിരിക്കുന്നതുപോലെ ആത്മീയപ്രാർത്ഥന ബുദ്ധിക്കുള്ള പോഷണമാകുന്നു.

102 കർത്താവ് നിന്നെയും നീതീകരിക്കുന്നതിനായി പ്രാർത്ഥനയുടെ വിശുദ്ധ സ്ഥലത്ത് ഫരീശനെപ്പോലെയല്ല, ചുങ്കക്കാരനെപ്പോലെയാണു പ്രാർത്ഥിക്കേണ്ടത്.



103. നിന്റെ പ്രാർത്ഥന അശുദ്ധമാക്കി, പണിതുകൊണ്ടിരുന്നവ നീ തന്നെ നശിപ്പിക്കാതിരിക്കാനായി നിന്റെ പ്രാർത്ഥനയിൽ ആർക്കും എതിരായി പ്രാർത്ഥിക്കാതിരിക്കാൻ ശ്രദ്ധിക്കുക.

104. പതിനായിരം താലന്ത് കടപ്പെട്ടിരുന്ന ആളിൽനിന്ന് ഒരു പാഠം പഠിക്കുക: നിന്നോടു കടപ്പെട്ടിരിക്കുന്നയാളിനോട് നീ ക്ഷമിക്കാതിരുന്നാൽ നിന്നോടും ക്ഷമിക്കപ്പെടുകയില്ല. ''അവൻ പീഡകർക്ക് ഏല്പിക്കപ്പെട്ടു'' എന്ന് നമ്മുടെ കർത്താവരുൾ ചെയ്തിരിക്കുന്നു (മത്താ. 18:24–35).

105. ചെള്ള്, പേൻ, ഈച്ച, കൊതുക് ആദിയായവ കടിക്കുകയോ, കുത്തുകയോ ചെയ്തു എന്നു കരുതി പ്രാർത്ഥനവഴി സമ്പാദിച്ച അതുല്യദാനത്തിന് എന്തെങ്കിലും നാശം സംഭവിക്കാതിരിക്കാനായി, നീ പ്രാർത്ഥിക്കുമ്പോൾ ശാരീരികാവശ്യങ്ങളെ അവഗണിക്കുക.

106. ഒരു ദുഷ്ടപിശാചിന്റെ ആക്രമണത്തിനു വിധേയനായ പ്രാർത്ഥനയുടെ ഒരു മനുഷ്യനെപ്പററി നാം ഒരു കഥ കേട്ടിട്ടുണ്ട്. അദ്ദേഹം പ്രാർത്ഥിക്കുവാനായി കൈകളുയർത്തിയ ഉടനേ പിശാച് ഒരു സിംഹത്തിന്റെ രൂപം ധരിച്ചു. അത് മുൻകാലുകൾ ഉയർത്തി പ്രാർത്ഥനയുടെ ഈ മല്ലന്റെ രണ്ടു കവിളത്തും നഖങ്ങൾ കുത്തിയിറക്കി. എന്നാൽ ആ യോദ്ധാവ് കുലുങ്ങിയില്ല. തന്റെ പതിവു പ്രാർത്ഥനകൾ തീരുന്നതുവരെ അദ്ദേഹം അവയെ മാററിയില്ല.

107. ഇത്തരത്തിൽപെട്ട ഒരു മുണ്ടനായ യോഹന്നാനെയും എനിക്കറിയാം —താപസരിൽ ഏററം വലിയവൻ എന്ന് അദ്ദേഹത്തെപ്പററി പറയുകയാകും കൂടുതൽ ശരി—അദ്ദേഹം ഒരു കിടങ്ങിനകത്ത് ഏകാന്ത ജീവിതം നയിക്കുകയായിരുന്നു. പിശാച് അദ്ദേഹത്തിനു ചുററും ഒരു തടിയൻ പാമ്പിന്റെ രൂപത്തിൽ ചുരുണ്ടുകൂടി അദ്ദേഹത്തെ ഞെരുക്കുകയും മുഖത്തു വിസർജിക്കുകയും ചെയ്തിട്ടും ദൈവവുമായുള്ള സംസർഗത്തിൽ മാററം കൂടാതെ അദ്ദേഹം അവിടെത്തന്നെ കഴിഞ്ഞു.

108. നിശ്ചയമായും തബെന്നീസിയിലെ സന്യാസികളെപ്പററി നീ കേട്ടകാണും. ആബാ തിയഡോറിനെപ്പററി ഇങ്ങനെ പറയപ്പെടുന്നു: അദ്ദേഹം സഹോദരന്മാരോട് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ പാദങ്ങൾക്കിടയിൽ രണ്ടു അണലികൾ ഇഴഞ്ഞു കയറി. അദ്ദേഹമാകട്ടെ പരിഭ്രാന്തനാകാതെ ഒരു ആർച്ചുപോലെ തന്റെ പാദങ്ങൾ വളച്ചുവെച്ച് തന്റെ പ്രസംഗം തീരുന്നതുവരെ അവയെ അവിടെ തടഞ്ഞുവെച്ചു. അതിനുശേഷമേ അദ്ദേഹം അതിനെ സഹോദരന്മാർക്കു കാണിച്ചുള്ളു; നടന്ന സംഗതി അവരോടു വിവരിച്ചുള്ളു.

109. മറെറാരാധ്യാത്മിക മനുഷ്യനെപ്പററി ഇപ്രകാരം വായിച്ചിട്ടുണ്ട്. ഒരു ദിവസം അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ഒരണലി ഇഴ

www.malankaralibrary.com



ഞ്ഞുവന്ന് അദ്ദേഹത്തിന്റെ കാലിൽ കടിച്ചു. തന്റെ പതിവു പ്രാർത്ഥനകൾ തീരുന്നതുവരെ അദ്ദേഹം തന്റെ കൈപോലും അനക്കിയില്ല; തന്നേക്കാൾ ഉപരിയായി ദൈവത്തെ സ്നേഹിച്ചിരുന്നതിനാൽ അദ്ദേഹത്തിന് ഒരു ദോഷവും സംഭവിച്ചില്ല.

110. പ്രാർത്ഥിക്കുമ്പോൾ നിന്റെ ദൃഷ്ടികൾ താഴ്ത്തുക. നിന്റെ ജഡത്തെയും നിന്റെ ആഗ്രഹങ്ങളെയും നിയന്ത്രിക്കുക; അരൂപിക്കനുസൃതമായി ജീവിക്കുക.

111. മരുഭൂമിയിൽഏകാന്തവാസം നയിക്കുന്ന മറ്റൊരു വിശുദ്ധനുണ്ടായിരുന്നു. പിശാചുക്കൾ അദ്ദേഹത്തിന്റെ പക്കൽ പാഞ്ഞടുത്ത് അദ്ദേഹത്തെ പൊക്കിയെറിയുകയും തറയിൽ വീഴ്ത്തുകയും ചെയ്തുകൊണ്ട് രണ്ടാഴ്ചക്കാലം അദ്ദേഹത്തെ ചുറ്റിപ്പറ്റിനിന്നു. എന്നാൽ തന്റെ തീക്ഷ്ണമായ പ്രാർത്ഥനയിൽ നിന്ന് അദ്ദേഹത്തെ പിൻതിരിപ്പിക്കാൻ അവർക്കു സാധിച്ചില്ല.

112. ദൈവത്തിനു വളരെ പ്രിയംകരനായ മറ്റൊരാളുടെ പക്കൽ ഒരിക്കൽ രണ്ടു മാലാഖമാർ വന്നെത്തി അദ്ദേഹം പ്രാർത്ഥനയുടെ വലിയ മനുഷ്യനായിരുന്നു. അവർ വന്നപ്പോൾ അദ്ദേഹം മരുഭൂമിയിൽകൂടി നടക്കുകയായിരുന്നു. അവരിരുവരും അദ്ദേഹത്തിന്റെ ഇരുവശങ്ങളിലുമായി അദ്ദേഹത്തോടൊപ്പം നടന്നു തുടങ്ങി. 'മെച്ചപ്പെട്ട ഭാഗത്തിൽനിന്ന്' ഏതെങ്കിലും തരത്തിൽ ശ്രദ്ധ കുറഞ്ഞുപോകാതിരിക്കാൻ അദ്ദേഹം അവരെ ശ്രദ്ധിച്ചതേയില്ല. ''മാലാഖമാർക്കാകട്ടെ, ശക്തികൾക്കാകട്ടെ അധികാരികൾക്കാകട്ടെ, മിശിഹായുടെ സ്നേഹത്തിൽനിന്നു നമ്മെ വേർതിരിക്കാൻ സാധിക്കയില്ല എന്ന ശ്ലൈഹികപ്രബോധനം അദ്ദേഹം മനസ്സിൽവച്ചു (റോമ. 8:35).

113. യഥാർത്ഥ പ്രാർത്ഥനവഴി താപസൻ മറ്റൊരു മാലാഖയായിത്തീരുന്നു;22 കാരണം സ്വർഗത്തിലുള്ള പിതാവിന്റെ മുഖം ദർശിക്കാൻ അവൻ തീവ്രമായി നോക്കിപ്പാർക്കുന്നു.

114. പ്രാർത്ഥനാസമയത്ത് എന്തെങ്കിലും പ്രതിച്ഛായ രൂപീകരിക്കാനോ എന്തെങ്കിലും ആകൃതി ഭാവനയിൽ ചിത്രീകരിക്കാനോ ഒരുതരത്തിലും പാടില്ല.

115. നിനക്കു പൂർണ്ണമായി ബുദ്ധിഭ്രമം സംഭവിക്കാതിരിക്കാൻ, മാലാഖമാരെയോ, ശക്തികളെയോ, ക്രിസ്തുവിനെത്തന്നെയോ ഇന്ദ്രിയഗോചരമായി കണ്ടേ അടങ്ങൂ എന്നാശിക്കരുത്. ചെന്നായെ ഇടയനായി തെററിദ്ധരിച്ച് നിന്റെ ശത്രുക്കളായ പിശാചുക്കളെ ആരാധിക്കാൻ ഇടയാകാതിരിക്കട്ടെ.

---

22. isangelos—angel like: ലൂ. 20:46: മാലാഖയ്ക്കു തുല്യൻ.



116. നിന്റെ മനസ്സിന്റെ മിഥ്യ സങ്കല്പങ്ങളുടെ ഉറവിടം വ്യർത്ഥാഭിമാനമാകുന്നു. അത് അതിന്റെ സ്വാധീനം മനസ്സിൽ പ്രയോഗിക്കുമ്പോൾ ദൈവത്വത്തെ രൂപത്തിലും ആകൃതിയിലും ഉള്ളടക്കം ചെയ്യാൻ ശ്രമിക്കുന്നു.

117. മററ് ചില അവസരങ്ങളിൽ ഞാൻ പറഞ്ഞ ഈ ചൊല്ല് ഇവിടെ ആവർത്തിക്കട്ടെ: പ്രാർത്ഥനാവേളയിൽ പൂർണ്ണമായ രൂപരാഹിത്യത്തിൽ എത്തിച്ചേരുന്നവൻ ഭാഗ്യവാൻ.23

118. മനപ്പതർച്ചകൂടാതെ പ്രാർത്ഥിച്ചുകൊണ്ട് ദൈവത്തിനുവേണ്ടിയുള്ള തീവ്രാഭിലാഷം വർദ്ധിപ്പിക്കുന്നവൻ ഭാഗ്യവാൻ.

119. പ്രാർത്ഥനാവസരം എല്ലാ പദാർത്ഥത്തിൽ നിന്നും സ്വതന്ത്രമാക്കപ്പെടുകയും ഉരിഞ്ഞുകളയപ്പെടുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.

120. പ്രാർത്ഥനാവസരത്തിൽ ഇന്ദ്രിയഗോചരമായ എല്ലാ അനുഭവങ്ങളും പൂർണ്ണമായി മറക്കാൻ കഴിയുന്നവൻ ഭാഗ്യവാൻ.24

121. ഉച്ചഛിഷ്ടത്തേക്കാൾ പോലും മെച്ചപ്പെട്ടവനല്ല താൻ എന്നു കരുതുന്നവൻ ഭാഗ്യവാൻ.

122. തന്റെ സ്വന്തം എന്നവണ്ണം അതേ സന്തോഷത്തോടുകൂടി എല്ലാ മനുഷ്യരുടെയും ശ്രേയസ്സും പുരോഗതിയും പരിഗണിക്കുന്ന സന്യാസി ഭാഗ്യവാൻ.

123. ദൈവത്തെപ്രതി എല്ലാ മനുഷ്യരെയും ദേവൻമാരായി കണക്കാക്കുന്ന സന്യാസി ഭാഗ്യവാൻ.

124. എല്ലാവരിൽനിന്നും വേർതിരിക്കപ്പെട്ടവനും എന്നാൽ എല്ലാവരുമായി യോജിപ്പിൽ കഴിയുന്നവനുമാണ് സന്യാസി.

125. എല്ലാവരുമായി സ്വയം താദാത്മ്യപ്പെടുത്തുന്നവനാണ് സന്യാസി കാരണം, അവൻ നിരന്തരം എല്ലാ മനുഷ്യരിലും തന്നെത്തന്നെ ദർശിക്കുന്നു.

---

23. ഇവിടെയും തുടർന്നും ''അരൂപി ഭാഗ്യമുള്ളതത്രേ'' എന്ന് പദാർത്ഥം.

24. ''പ്രാർത്ഥനാസമയത്ത് പൂർണ്ണമായ ഇന്ദ്രിയാനുഭവമില്ലായ്മ കൈവരിക്കുന്ന അരൂപി ഭാഗ്യമുള്ളതത്രേ'' എന്നു പദാർത്ഥം. ''പ്രാർത്ഥിക്കുന്നു എന്ന യാഥാർത്ഥ്യത്തെപ്പററി സന്യാസിക്ക് അവബോധമുണ്ടെങ്കിൽ ആ പ്രാർത്ഥന പൂർണ്ണമല്ല'' എന്ന് ആബാ അന്തോണിയോസ് പറഞ്ഞത് ഇതിനോടൊത്തു പോകുന്നു (കാസിയൻ, Conferences, 9:31).

www.malankaralibrary.com



126. പൂർണമായി പ്രാർത്ഥിക്കുന്നയാൾ ആരാണെന്നറിയാൻ നിനക്കാഗ്രഹമുണ്ടോ? ദൈവത്തിനായി ഉത്തമചിന്തകൾ പുറപ്പെടുവിക്കുന്നവൻ.

127. ഒരു സന്യാസി എന്ന നിലയിൽ പ്രാർത്ഥിക്കുവാൻ നീ ആഗ്രഹിക്കുന്നതിനാൽ നുണപറച്ചിലും ശപഥം ചെയ്യലും ഒഴിവാക്കുക. അല്ലെങ്കിൽ സന്യാസവസ്ത്രം ധരിച്ചിട്ടുണ്ടെങ്കിലും, നീയല്ലാത്ത എന്തോ ആണ് നീ എന്ന് കരുതുന്ന ഒരു വെറും കപടനാട്യക്കാരനായിരിക്കും നീ.

128. ആത്മാവിൽ പ്രാർത്ഥിക്കാൻ നീ ആഗ്രഹിക്കുന്നെങ്കിൽ ജഡത്തിൽ നിന്നൊന്നും എടുക്കാതിരിക്കുക: അപ്പോൾ, പ്രാർത്ഥനാവസരത്തിൽ നിന്റെ കാഴ്ചയ്ക്ക് മങ്ങലേല്പിക്കുന്ന മേഘം നിനക്കുണ്ടാകയില്ല.

129. നിന്റെ ശാരീരികാവശ്യങ്ങൾക്കുവേണ്ടി ദൈവത്തിൽ നീ ശരണപ്പെടുക: അപ്പോൾ നിന്റെ ആത്മാവിന്റെ ആവശ്യങ്ങൾക്കും ദൈവത്തിലാണാശ്രയിക്കുന്നതെന്ന് നിനക്ക് ബോധ്യമാകും.

130. സുവിശേഷ സൗഭാഗ്യങ്ങളിൽ നീ എത്തിച്ചേർന്നാൽ ഒരു രാജാവിനേപ്പോലെ നീ ഭരിക്കും. ഈ സത്യം മുറുകെപ്പിടിക്കുക: നിന്റെ ഇപ്പോഴത്തെ ദാരിദ്ര്യം മാധുര്യമുള്ള സംഗതിയായി നീ പരിഗണിക്കും.

131. ദാരിദ്ര്യവും ക്ലേശങ്ങളും തള്ളിക്കളയരുത്. പ്രാർത്ഥനാ സൗധത്തിനുവേണ്ടിയുള്ള നിസ്സാര സംഗതികളല്ലവ.

132. ശരീരവുമായി ബന്ധപ്പെട്ട സുകൃതങ്ങൾ ആത്മാവിന്റെ സുകൃതങ്ങൾക്ക് അച്ചാരമായിരിക്കട്ടെ. ആത്മാവിന്റെ സുകൃതങ്ങൾ അരൂപിയുടെ സുകൃതങ്ങൾക്കും അച്ചാരമായിരിക്കട്ടെ. ഈ അവസാനം പറഞ്ഞവ സ്ഥൂലജ്ഞാനത്തിനും അച്ചാരമായിരിക്കട്ടെ.

133. ഏതെങ്കിലും ദുഷ്ടവിചാരങ്ങൾക്കെതിരായി നീ പ്രാർത്ഥിക്കുകയും പെട്ടെന്ന് അതിൽനിന്ന് മോചനം ലഭിച്ചതായി നീ കാണുകയും ചെയ്യുമ്പോൾ ഇതെപ്രകാരം സംഭവിച്ചു എന്ന് പരിശോധിക്കുക; അല്ലെങ്കിൽ നീ ഏതെങ്കിലും രഹസ്യകെണികളിൽ വീഴാനിടയുണ്ട്. സ്വയം വഞ്ചിക്കപ്പെട്ട് നീ സ്വയം ഒററിക്കൊടുക്കാനും ഇടവരും:

134. ചിലപ്പോൾ പിശാചുക്കൾ ദുശ്ചിന്തകൾ നിന്നിലുദിപ്പിക്കയും ഒന്നുകിൽ അവയ്ക്കെതിരെ അല്ലെങ്കിൽ അവരെ തറപററിക്കാൻവേണ്ടി പ്രാർത്ഥിക്കാൻ നിന്നെ പ്രേരിപ്പിക്കയും ചെയ്തെന്നുവരാം. അപ്പോൾ നീ സ്വയം നിന്റെ ചിന്തകളെ ജയിച്ചെന്നും പിശാചുക്കളിൽ ഭീതി ഉളവാക്കിയെന്നും വിശ്വസിച്ച് നിന്നെ ചതിക്കാനായി പിശാചുക്കൾ സ്വയമേ പിൻമാറിയെന്നുവരാം.

135. നിന്റെ ദുർവികാരങ്ങൾക്കും നിന്നെ കടന്നാക്രമിക്കുന്ന പിശാചുക്കൾക്കും എതിരേ നീ പ്രാർത്ഥിക്കുമ്പോൾ ഒരാൾ പറഞ്ഞ താഴെപ്പറയുന്ന ചൊല്ല് അനുസ്മരിക്കുക: 'ഞാൻ എന്റെ ശത്രുക്കളെ പിൻതുടരും; അവരെ



ഞാൻ കീഴടക്കും: അവർ പരാജയപ്പെടുന്നതുവരെ ഞാൻ പിൻതിരിയുകയില്ല. ഞാനവരെ ചവിട്ടിമെതിക്കും; എന്നെ എതിരിടുവാൻ അവർക്കു സാധിക്കയില്ല. അവർ എന്റെ പാദത്തിൻ കീഴിലമരും....' (സങ്കീ. 18:37-38). വിനയത്തോടുകൂടി നിന്റെ ശത്രുവിനെതിരെ ആയുധം ധരിച്ചുകൊണ്ട് ഉചിതമായ നാഴികയിൽ നീയിതുരുവിടണം.

136. രക്തം ചിന്തുവോളം പോരാടുന്നതുവരെ നീ സുകൃതത്തിൽ എത്തിച്ചേർന്നു എന്ന് ചിന്തിക്കരുത്. ദിവ്യശ്ലീഹാ പ്രബോധിപ്പിക്കുന്നതുപോലെ പുരുഷോചിതമായും നിർമലമായും മരണംവരെ പാപത്തെ ചെറുക്കണം.

137. നീ ആർക്കെങ്കിലും ഒരു നന്മചെയ്താൽ മററാരെങ്കിലും കടന്നുവന്ന് നിനക്കെതിരെ ദോഷം ചെയ്യും. അനീതിയുടെ സമ്മർദ്ദത്തിൽ നിന്നെ കീഴമർത്തുന്നതിനും മററാരാൾക്ക് ഹാനികരമായതു പ്രവർത്തിക്കാനും കണക്കുകൂട്ടി സംഘടിപ്പിക്കപ്പെട്ടതാണിത്. ഇപ്രകാരം നീ നന്നായി ശേഖരിച്ചത് ദയനീയമായി ചിതറിക്കപ്പെടാനിടയാകും–കൃത്യമായി, ഇതായിരുന്നു പിശാചിന്റെ ഉദ്ദേശ്യവും. അതുകൊണ്ട് കരുതലോടുകൂടിയിരിക്കുക.

138. പിശാചിന്റെ ദാരുണമായ അക്രമണങ്ങളെക്കുറിച്ച് ബോധവാനായിരിക്കുക; അവന്റെ ദാസ്യവൃത്തി അവസാനിപ്പിക്കുന്നതിനുള്ള വഴികളെപ്പററി ചിന്തിക്കുക.

139. ആത്മീയഗുരുവിനെ ക്ലേശിപ്പിക്കാനായി രാത്രിയിൽ തങ്ങൾക്ക വേണമെന്ന് പിശാചുക്കൾ ആവശ്യപ്പെടുന്നു. പകലാകട്ടെ. ആളുകളിൽ നിന്നുള്ള സമ്മർദ്ദംകൊണ്ട്—പരദൂഷണങ്ങളും അപകടങ്ങളും—അവനെ അവർ വലയം ചെയ്യുന്നു.

140. നിനക്ക് നല്ലൊരു ചൂരൽക്കഷായം തരുന്നവരെ ഒഴിവാക്കാൻ ശ്രമിക്കരുത്. അവർ പിന്നെയും തൊഴിക്കുകയോ, വലിച്ചുനീട്ടുകയോ, ചണം കടയുന്നതുപോലെ കടയുകയോ ചെയ്തേക്കാം. എന്നാൽ അലക്കുകാരൻ ഇപ്രകാരമാണ് നിന്റെ വസ്ത്രം വെളുപ്പിക്കുന്നത്.

141. നീ ദുർവികാരങ്ങളെ പരിത്യജിക്കാതിരിക്കുകയും സത്യത്തെയും സുകൃതങ്ങളെയും ചെറുത്തുനില്ക്കുകയും ചെയ്താൽ നിന്റെ ഉള്ളിൽ നീ സുഗന്ധപരിമളം കണ്ടെത്തുകയില്ല.

142. നീ പ്രാർത്ഥിക്കാൻ ആഗ്രഹിക്കുന്നുവോ? എന്നാൽ ലൗകിക വസ്തുക്കളെ ബഹിഷ്കരിക്കുക. സ്വർഗം നിന്റെ മാതൃരാജ്യമായിരിക്കട്ടെ; അവിടെ സ്ഥിരമായി പാർക്കുക—വെറും വാക്കുകളിലല്ല, പിന്നെയോ, മാലാഖമാരെ അനുകരിക്കുന്ന പ്രവൃത്തികളിലും കൂടുതൽ ദൈവികമായ അറിവിലും!

www.malankaralibrary.com



143 പ്രയാസങ്ങളുണ്ടാകുമ്പോൾ മാത്രം, ഭയമുളവാക്കുന്നവൻ എന്ന നിലയിലും അഴിമതിക്കതീതനായ സത്യസന്ധൻ എന്ന നിലയിലും, ന്യായാധിപനെ നീ അനുസ്മരിക്കുന്നുവെങ്കിൽ, "ഭയത്തോടുകൂടി കർത്താവിനെ ശുശ്രൂഷിക്കാനും വിറയലോടു കൂടെ അങ്ങിൽ സന്തോഷിക്കാനും" (സങ്കീ. 2:11) നീ ഇതുവരെ പഠിച്ചിട്ടില്ല. ഈ സംഗതി നന്നായി ഗ്രഹിക്കുക: ആത്മീയമാന്ദ്യത്തിലും, കൂടുതൽ ഭക്തിയോടും ഉത്സാഹത്തോടും കൂടെ സന്തോഷാവസരങ്ങളിലും അവിടുത്തെ ആരാധിക്കണം.

144. തന്റെ പൂർണമാനസാന്തരത്തിനു മുമ്പുള്ള തന്റെ പാപങ്ങളുടെയും അവ അർഹിക്കുന്ന തീകൊണ്ടുള്ള നിത്യശിക്ഷയുടെയും വേദനാജനകമായ ഓർമ്മ നിരന്തരം നിലനിർത്തുന്നവനാണ് ബുദ്ധിമാൻ.

145. ഇപ്പോഴും പാപപങ്കിലനും അതിന്റെ കോപാവേശത്തിനടിമയായിരിക്കുന്നവനും, എന്നാലതേ സമയം കൂടുതൽ ദിവ്യമായ സംഗതികളെക്കുറിച്ചുള്ള ജ്ഞാനം പ്രാപിക്കാനോ സ്ഥൂലപ്രാർത്ഥനയുടെ തലത്തിലേയ്ക്കുയരുവാനോ ലജ്ജാകരമായി തുനിയുന്നവനുമായ വ്യക്തിയെ ശ്ലീഹായുടെ വാക്കുകളിൽ കുററപ്പെടുത്തേണ്ടതാണ്. ശിരസ് നഗ്നമായോ, മൂടാതെയോ, പ്രാർത്ഥിക്കുന്നവൻ അനപായം കൂടാതെയായിരിക്കുകയല്ല ചെയ്യുക എന്ന് ശ്ലീഹാ അവിടെ പറയുന്നു. "സന്നിഹിതരായിരിക്കുന്ന മാലാഖമാരെപ്രതി അപ്രകാരമുള്ള ഒരാത്മാവിന് തന്റെ ശിരസിന്റെമേൽ ആധിപത്യം ഉണ്ടായിരിക്കണം" എന്നു വിശുദ്ധ പൗലോസ് പറയുന്നു (1 കൊറി. 11:10). അതായത്, ബഹുമാനത്താലും അനുയോജ്യമായ വിനയത്താലും അതു മൂടപ്പെടണം.

146. രോഗഗ്രസ്തമായ നഗ്നനേത്രങ്ങൾകൊണ്ട്, ഏററം കൂടുതൽ ചൂടുള്ള മധ്യാഹ്നസൂര്യനെ തുറിച്ചു നോക്കുന്നത് ആർക്കും ഒട്ടും ഗുണം ചെയ്യുകയില്ല. അതുപോലെ, ഇപ്പോഴും വികാരങ്ങൾക്കടിപ്പെട്ട് അശുദ്ധമായിരിക്കുന്ന അരൂപി ഭീതികരവും ശ്രേഷ്ഠവുമായ പ്രാർത്ഥനയെ സത്യത്തിലും ആത്മാവിലും കൃത്രിമമായി അനുകരിക്കുന്നത് ഒരു തരത്തിലും പ്രയോജനപ്പെടുകയില്ല. മറിച്ച്, അതിനെതിരെ ദൈവകോപം ഇളക്കിവിടുകയും ചെയ്യും.

147. തനിക്കൊന്നും ആവശ്യമില്ലാത്തവനും കൈക്കൂലി കൊടുത്തു ദുഷിപ്പിക്കാൻ സാധിക്കാത്തവനുമാണ് ദൈവം. തന്റെ അയല്ക്കാരനു തന്നോട് എന്തെങ്കിലും വിരോധം ഉണ്ടെങ്കിൽ അവനോട് യോജിക്കാതെ തന്റെ ബലിപീഠത്തെ സമീപിക്കുന്നവന്റെ അർപ്പണം അവിടുന്ന് സ്വീകരിക്കുന്നില്ല. അങ്ങനെയാണെങ്കിൽ, ആത്മീയമായ ബലിപീഠത്തിൽ ദൈവത്തിനു പ്രീതികരമായ സുഗന്ധധൂപം അർപ്പിക്കുന്നെങ്കിൽ എത്ര വലിയ വിവേകവും ജാഗ്രതയുമാണ് നമുക്കു വേണ്ടത് എന്ന് പരിഗണിക്കുക.



148. പാപികളുടെ ഒളിഞ്ഞുള്ള ആക്രമണമല്ല നേരേയുള്ളതാണ് നീ ആഗ്രഹിക്കുന്നതെങ്കിൽ (സങ്കീ. 129:3) മുഖസ്തുതിയിൽ നീ സന്തോഷം കണ്ടെത്തരുത്. പ്രാർത്ഥനാവസരത്തിൽ രാക്ഷസീയ ചിന്തകൾകൊണ്ട് അവർ നിന്നെ വശീകരിച്ച് വലിച്ചിഴച്ചു കൊണ്ടുപോകുമ്പോഴും അവർ നിന്നെ പരിഹസിക്കും.

149. ശ്രദ്ധ പ്രാർത്ഥനയെ തേടുമ്പോൾ അത് കണ്ടെത്തപ്പെടുന്നു. കാരണം ശ്രദ്ധയുടെ വഴിത്താരയിൽ യാത്രചെയ്യുന്നതു പ്രാർത്ഥനയാണ്; അതുകൊണ്ട് അത് പരിപോഷിപ്പിക്കണം.

150. ഇന്ദ്രിയവേദനങ്ങളിൽ മൂല്യമേറിയത് കാഴ്ചയാണ്; അതുപോലെ സുകൃതങ്ങളിൽ ഏററം ദിവ്യമായതു പ്രാർത്ഥനയാകുന്നു.

151. പ്രാർത്ഥനയുടെ മൂല്യം അതിന്റെ അളവിനെ മാത്രമല്ല, അതിന്റെ ഗുണത്തെക്കൂടി ആശ്രയിച്ചാണിരിക്കുന്നത്. ദേവാലയത്തിൽ പ്രവേശിച്ച രണ്ടു മനുഷ്യർവഴിയും (ലൂ. 18:10) 'നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ അർത്ഥമില്ലാത്ത ധാരാളം വാക്കുകൾ ഉരുവിടരുത്....' എന്ന ചൊല്ലിൽനിന്നും (മത്താ. 6:7) ഇത് വ്യക്തമാണ്.

152. ശരീരത്തിന്റെ മൂല്യങ്ങളിൽ നീ ഇപ്പോഴും ശ്രദ്ധ കേന്ദ്രീകരിക്കുകയും ജീവിതത്തിലെ സുഖസൗകര്യങ്ങളിൽ മനസ് വ്യാപൃതമായിരിക്കുകയും ചെയ്യുമ്പോൾ, പ്രാർത്ഥനയുടെ സ്ഥലം കണ്ടിട്ടില്ല. ഈ പാതയുടെ പരമാനന്ദം നിനക്ക് ഇപ്പോഴും വളരെ വിദൂരത്തിലാണ്.

153. നീ പ്രാർത്ഥിക്കുമ്പോൾ, മറെറല്ലാ സന്തോഷങ്ങൾക്കും ഉപരിയായിരിക്കുക—അപ്പോൾ നീ യഥാർത്ഥ പ്രാർത്ഥന കണ്ടെത്തും.

www.malankaralibrary.com

# VI

# ജറുസലേമിലെ വി. സിറിൽ

ജറുസലേം സഭയിലെ മെത്രാനായിരുന്നു സിറിൾ അഥവാ കൂറില്ലോസ് (+386). ജറുസലേമിലെ തിരുക്കല്ലറ ദേവാലയത്തിൽ സിറിൽ ചെയ്ത ഇരുപത്തിനാല് മതാധ്യാപന പ്രസംഗങ്ങൾ (catechetical homilies) വളരെ വിഖ്യാതങ്ങളാണ്. സ്നാനാർത്ഥികൾക്കു വേണ്ടിയുള്ളവയായിരുന്നു അവ. കുർബാനയെപ്പററിയുള്ള പ്രസംഗത്തിൽ കർത്തൃപ്രാർത്ഥനയെ വളരെ ചുരുക്കി സിറിൽ അപഗ്രഥിക്കുന്നു. അതാണു താഴെ കൊടുക്കുന്നത്. (മതാധ്യാപന പ്രസംഗം, 23. 11–17: NPNF2, 7. p' 155—156).

## കർത്തൃപ്രാർത്ഥന

11. നമ്മുടെ കർത്താവ് തന്റെ ശിഷ്യരെ പഠിപ്പിച്ചതാണ് ഈ പ്രാർത്ഥന. ശുദ്ധമനസാക്ഷിയോടുകൂടി നാം ദൈവത്തെ 'പിതാവേ' എന്നു വിളിക്കുന്നു: ''സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,'' ഓ, ദൈവത്തിന്റെ ഏററം അതിശയകരവും സ്നേഹ മസൃണവുമായ കാരുണ്യം! തന്നോട് എതിരിട്ട് ഏററം വലിയ അരിഷ്ടതയിൽ കഴിഞ്ഞവരുടെ ദുഷ്പ്രവൃത്തികൾ പരിപൂർണ്ണമായി അവിടുന്നു ക്ഷമിക്കയാണ് ചെയ്തത്. അവിടുത്തെ 'പിതാവേ' എന്നു വിളിക്കത്തക്ക രീതിയിൽ കൃപയിലുള്ള വലിയ ഭാഗഭാഗിത്വം അവർക്ക് അവിടുന്നു പ്രദാനം ചെയ്യുകയും ചെയ്തു. ''സ്വർഗസ്ഥനായ ഞങ്ങളുടെ പിതവേ''. സ്വർഗീയന്റെ സാദൃശ്യം ധരിക്കുന്നവരും സ്വർഗമാണ് (1 കൊരി. 15:49). അവരിൽ ദൈവം വസിക്കുകയും അവരുടെ ഇടയിൽ വ്യാപരിക്കുകയും ചെയ്യുന്നു (2 കൊരി. 6:16).

12. 'നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ.'' നാം പറഞ്ഞാലും ഇല്ലെങ്കിലും സ്വഭാവത്താൽതന്നെ ദൈവനാമം പരിശുദ്ധമാണ്. എന്നാൽ, ''നിങ്ങൾ മൂലം എന്റെ നാമം പുറജാതികളുടെ ഇടയിൽ നിരന്തരം നിന്ദിക്കപ്പെടുന്നു'' (ഏശ. 52:5; റോമ. 2:24) എന്ന വചനമനുസരിച്ച് പാപി



കളുടെ ഇടയിൽ ദൈവനാമം ചിലപ്പോൾ അവമതിക്കപ്പെടുന്നതിനാൽ, നമ്മിൽ 'ദൈവനാമം പരിശുദ്ധമാക്കപ്പെടണമെ' എന്നു നാം പ്രാർത്ഥിക്കുന്നു. അതു വിശുദ്ധം അല്ലാത്തതിനാൽ വിശുദ്ധമാക്കപ്പെടണം എന്നല്ല, പിന്നെയോ, നാം വിശുദ്ധരാകുമ്പോഴും വിശുദ്ധിക്കു ചേർന്നവ ചെയ്യുമ്പോഴും അതു നമ്മിൽ വിശുദ്ധമാകുന്നു എന്ന അർത്ഥത്തിലാണ്.

13. ''നിന്റെ രാജ്യം വരണമെ.'' ഒരു പാവനാത്മാവിന്, 'നിന്റെ രാജ്യം വരണമെ' എന്ന് ധൈര്യപൂർവം പറയാൻ സാധിക്കും. 'പാപം നിങ്ങളുടെ മർത്യശരീരത്തിൽ ഭരണം നടത്താതിരിക്കട്ടെ' എന്നു പൗലോസ് പറഞ്ഞതു ശ്രദ്ധിക്കുകയും (റോമ. 6: 12) വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും സ്വയം ശുദ്ധീകരിക്കുകയും ചെയ്തവൻ ദൈവത്തോട് 'നിന്റെ രാജ്യം വരണമെ' എന്നു പറയും.

14. 'നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ': 'കർത്താവിന്റെ മാലാഖമാരേ, അവന്റെ തിരുഹിതം നിറവേററുന്ന ശക്തരേ, കർത്താവിനെ വാഴ്ത്തുവിൻ' എന്ന് സങ്കീർത്തനത്തിൽ ദാവീദു പാടിയതുപോലെ (103:20—21) ദൈവത്തിന്റെ ദിവ്യരും ഭാഗ്യവാൻമാരുമായ മാലാഖമാർ ദൈവത്തിന്റെ ഇഷ്ടം പ്രവർത്തിക്കുന്നു. അതുകൊണ്ട്, 'കർത്താവേ, മാലാഖമാരിൽ തിരുഹിതം നിറവേറുന്നതുപോലെ, ഭൂമിയിൽ എന്നിലും നിറവേറട്ടെ' എന്നാണ് നിന്റെ പ്രാർത്ഥനകൊണ്ട് നീ അർത്ഥമാക്കുന്നത്.

15. 'ഞങ്ങളുടെ അന്നന്നത്തെ അപ്പം ഇന്നു ഞങ്ങൾക്കു തരണമെ': സാധാരണ അപ്പമല്ല വിശുദ്ധ അപ്പമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്; അതായത്, ആത്മാവിന്റെ സത്തയ്ക്കുവേണ്ടിയുള്ള അപ്പം. ഈ അപ്പം ഉദരത്തിലെത്തുകയും വിസർജിക്കപ്പെടുകയും ചെയ്യുന്നില്ല (മത്താ. 15:17); പിന്നെയോ, ശരീരത്തിന്റെയും ആത്മാവിന്റെയും നന്മയ്ക്കുവേണ്ടി നിന്നിലുടനീളം നിക്ഷേപിക്കപ്പെടുന്നു. 'ഇന്ന്' എന്ന് വിളിക്കപ്പെടുമ്പോൾ' എന്ന് പൗലോസ് പറഞ്ഞതുപോലെ (എബ്രാ. 3:15) 'ഇന്ന്' എന്നതുകൊണ്ട് 'ഓരോ ദിവസത്തെയും' ആണ് അവിടുന്നുദ്ദേശിക്കുന്നത്.

16. 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും ഞങ്ങളോട് ക്ഷമിക്കണമെ.' കാരണം, നമുക്ക് ധാരാളം പാപങ്ങളുണ്ട്; നാം വിചാരത്തിലും വചനത്തിലും തെററുചെയ്യുന്നു. ശിക്ഷാർഹമായ നിരവധി സംഗതികൾ നാം ചെയ്തുകൂട്ടുകയും ചെയ്യുന്നു. യോഹന്നാൻ പറയുന്നതുപോലെ 'നമുക്കു പാപമില്ലെന്ന് നാം പറഞ്ഞാൽ, നാം നുണ പറയുകയാണ് (1 യോഹ. 1:8). നമ്മുടെ കടക്കാരോടു നാം ക്ഷമിക്കുന്നതുപോലെ നമ്മുടെ പാപങ്ങൾ ക്ഷമിക്കണമെന്ന് അപേ

www.malankaralibrary.com



ക്ഷിച്ചുകൊണ്ട് ദൈവവുമായി നാം ഒരുടമ്പടി ഉണ്ടാക്കുകയാണ്. നാം ചെയ്യുന്നതിനു പകരമായി നമുക്കെന്തു കിട്ടുന്നു എന്നു പരിഗണിച്ച് പരസ്പരം ക്ഷമിക്കുന്നത് താമസിപ്പിക്കയോ മാററിവയ്ക്കുകയോ ചെയ്യാതിരിക്കാം. നമുക്കെതിരെ ചെയ്യുന്ന തെററുകൾ നിസാരങ്ങളും പെട്ടെന്ന് പരിഹരിക്കാവുന്നവയുമാണ്; എന്നാൽ ദൈവത്തിനെതിരെ നാം ചെയ്യുന്നവ ഗൗരവമേറിയവ തന്നെയാണ്. അവയുടെ പരിഹാരത്തിന് അവിടുത്തെ കരുണതന്നെ ആവശ്യമാണ്. അതുകൊണ്ട്, നിനക്കെതിരെ ചെയ്യുന്ന നിസാര തെററുകളെ പ്രതി, നിൻെറ വളരെ ഗൗരവമേറിയ പാപങ്ങൾക്ക് ദൈവത്തിൽ നിന്നുള്ള മോചനത്തിൻെറ വാതിൽ അടച്ചുകളയാതിരിപ്പാൻ ശ്രദ്ധിക്കുക.

17. 'കർത്താവേ, ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്തരുതേ.' നാം പരീക്ഷിക്കപ്പെടാനേ പാടില്ല എന്നു പ്രാർത്ഥിക്കണമെന്നാണോ കർത്താവ് നമ്മെ പഠിപ്പിച്ചത് ? പിന്നെ, 'പരീക്ഷണവിധേയനാകാത്തവൻ അംഗീകരിക്കപ്പെട്ടവനല്ലെന്നും', 'എൻെറ സഹോദരങ്ങളേ, നിങ്ങൾക്കു നിരവധിയായ പരീക്ഷകളുണ്ടാകുമ്പോൾ സന്തോഷിക്കുവിൻ' എന്നും പറയപ്പെട്ടിരിക്കുന്നതെങ്ങനെയാണ് ? പരീക്ഷയിൽ പ്രവേശിക്കുക എന്നാൽ പരീക്ഷയിൽ പരാജയപ്പെടുക എന്നായിരിക്കുമോ ? കാരണം, കടക്കുവാൻ പ്രയാസമായതും തണുപ്പുകാലത്തുള്ളതുമായ കത്തിയൊഴുക്കുപോലെയാണ് പ്രലോഭനങ്ങൾ. പ്രലോഭനങ്ങൾക്ക് കീഴ്പ്പെടാത്തവർ നീന്തൽ വിദഗ്ദ്ധരെപ്പോലെ കടന്നുപോകുന്നു; അവർ ഒഴിക്കിൽപെട്ടുപോകുന്നതേയില്ല. എന്നാൽ അപ്രകാരമല്ലാത്തവർ അവയ്ക്കടിപ്പെട്ട് പരാജിതരാകുന്നു. ഉദാഹരണമായി, ദ്രവ്യാഗ്രഹം എന്ന പ്രലോഭനം ഉണ്ടായ യൂദാസ് അതിനെ ജയിച്ചില്ല; പിന്നെയോ പരാജിതനായി ആത്മീയമായും ശാരീരികമായും അവൻ ആത്മഹത്യചെയ്തു (മത്താ. 27:5). പത്രോസാകട്ടെ കർത്താവിനെ തള്ളിപ്പറഞ്ഞു പരീക്ഷയിൽ ഉൾപ്പെട്ടു; അവനതിൽ ഉൾപ്പെട്ടുവെങ്കിലും പാടേ പരാജിതനായില്ല; പുരുഷോചിതമായി അതിലൂടെ കടന്നു; അവൻ പരീക്ഷയിൽ വിജയിച്ചു. പരീക്ഷകളിൽ വിജയം ലഭിച്ചതിന് ഒരു കൂട്ടം നിരപരാധികളായ വിശുദ്ധർ ദൈവത്തിനു നന്ദിപറയുന്നതു ശ്രദ്ധിക്കു: 'ദൈവമേ, നീ ഞങ്ങളെ പരിശോധിച്ചിരിക്കുന്നു. വെള്ളി പുടപാകം ചെയ്യുന്നതുപോലെ നീ ഞങ്ങളെ അഗ്നിയാൽ പുടപാകം ചെയ്തിരിക്കുന്നു. നീ ഞങ്ങളെ വലയിലേക്കു നയിച്ചു. നീ ഞങ്ങളുടെ മുതുകത്ത് കഠിനമായ ഭാരം ചുമത്തി. ഞങ്ങളുടെ തലയിലൂടെ സവാരിചെയ്യാൻ മനുഷ്യരെ നീ അനുവദിച്ചു. ഞങ്ങൾ തീയിലൂടെയും വെള്ളത്തിലൂടെയും കടന്നുപോയി. എങ്കിലും നീ ഞങ്ങളെ ഒരു വിശ്രമസ്ഥലത്തെത്തിച്ചു" (സങ്കീ. 66:10–12). അവർ കടന്നുപോയെങ്കിലും തകർക്കപ്പെട്ടില്ല എന്ന് ധൈര്യപൂർവം അവർ പറയുന്നത് ശ്രദ്ധിക്കുക. 'എങ്കിലും നീ ഞങ്ങളെ ഒരു വിശ്രമസ്ഥലത്തെത്തിച്ചു' അവർ പരീക്ഷയിൽനിന്നു വിടുവിക്കപ്പെട്ടതാണ് അവരുടെ വിശ്രമസ്ഥലം.



18. ''പിന്നെയോ ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ''. ''പരീക്ഷയിൽ ഞങ്ങളെ ഉൾപ്പെടുത്തരുതേ'' എന്നതിനർത്ഥം ഒരു പരീക്ഷയും ഉണ്ടാകരുത് എന്നതാണെങ്കിൽ, ''ദുഷ്ടനിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ'' എന്ന് അവിടുന്നു പറയുകയില്ലായിരുന്നു. ദുഷ്ടൻ നമ്മുടെ എതിരാളിയായ പിശാചാണ്. അവനിൽനിന്നു വിടുവിക്കപ്പെടുവാനാണു നാം പ്രാർത്ഥിക്കുന്നത്.

പ്രാർത്ഥന തീരുമ്പോൾ നീ ''ആമ്മേൻ'' എന്നു പറയുന്നു. 'അപ്രകാരമായിരിക്കട്ടെ' എന്നാണതിനർത്ഥം. കർത്താവു പഠിപ്പിച്ച പ്രാർത്ഥനയിലെ അപേക്ഷകൾക്കെല്ലാം ഇപ്രകാരം മുദ്രവയ്ക്കുന്നു.

# VII

# വി. ജോൺ ക്രിസോസ്തോം

അന്ത്യോക്യൻ സഭയിൽപ്പെട്ട പ്രശസ്തനായ ഒരു മെത്രാനായിരുന്നു ജോൺ (+407). അന്ത്യോക്യൻ മെത്രാനായ ഫ്ളാവിയൻ 386–ൽ ജോണിനു വൈദികപട്ടം നൽകി. 397–ൽ ജോൺ കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസായി. വി. മത്തായിയുടെ സുവിശേഷത്തെ ആധാരമാക്കി ജോൺ പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. അതിലൊരു ഹോമിലിയിലാണ് പ്രാർത്ഥനയെപ്പററിയുള്ളഭാഗം വിവരിച്ച് അദ്ദേഹം പ്രസംഗിച്ചത്. മത്താ. 6:1ff നെ ആധാരമാക്കിയാണിത്. അതു ചുവടെ ചേർക്കുന്നു. 'സ്വർണനാവുകാരൻ' എന്നർത്ഥം വരുന്ന 'ക്രിസോസ്തോമോസ്'' എന്ന പേര് പിൻതലമുറക്കാർ ജോണിനു നല്കി. (മത്തായിയുടെ സുവിശേഷത്തെ ആധാരമാക്കിയുള്ള പ്രസംഗം, 19:2–10 NPNF$^2$, 10.p. 132–137).

## പ്രാർത്ഥന

3. അവിടുന്നരുൾ ചെയ്യുന്നു: 'നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തരെപ്പോലെയാകരുത്. കാരണം സിനഗോഗുകളിലും തെരുവുമൂലകളിലും നിന്നു പ്രാർത്ഥിക്കാൻ അവർ ഇഷ്ടപ്പെടുന്നു. അവർക്ക് അവരുടെ പ്രതിഫലം ലഭിച്ചു കഴിഞ്ഞു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. മറിച്ച്, നീ പ്രാർത്ഥിക്കുമ്പോൾ നിൻെറ ഉള്ളറയിൽ കയറി നിൻെറ വാതിലടച്ച് അദൃശ്യനായി വസിക്കുന്ന നിൻെറ പിതാവിനോടു പ്രാർത്ഥിക്കുക (മത്താ. 6:5–6). ഇക്കൂട്ടരെ അവിടുന്ന് വളരെ ശരിയായി കപടഭക്തർ എന്നു വിളിക്കുന്നു. ദൈവത്തോടു പ്രാർത്ഥിക്കുന്നു എന്ന

www.malankaralibrary.com



തോന്നൽ പരത്തിക്കൊണ്ട് അവർ മനുഷ്യരെയാണ് ചുററും തിരയുന്നത്. യാചകൻെറ വസ്ത്രമല്ല അവർ ധരിക്കുന്നത്. പിന്നെയോ വിഡ്ഢികളുടെ വേഷമാണ് കെട്ടുന്നത്. കാരണം, യാചിക്കുന്നവൻ മററാരെയും പരിഗണിക്കാതെ, തൻെറ യാചന സാധിക്കുവാൻ കഴിവുള്ളവനെ മാത്രം ശ്രദ്ധിക്കുന്നു. എന്നാൽ ഈ മഹദ്‌വ്യക്തിയെ പരിഗണിക്കാതെ, ചുററും നോക്കി അലഞ്ഞുതിരിഞ്ഞാൽ നീ വെറുംകൈയോടെ പോകേണ്ടിവരും. ഇതായിരുന്നു നിൻെറ ഇഷ്ടവും. 'അവർക്കു പ്രതിഫലം ലഭിക്കില്ല' എന്ന് അവിടുന്ന് കല്പിച്ചില്ല, പിന്നെയോ 'അവർക്ക് അവരുടെ പ്രതിഫലം കിട്ടിക്കഴിഞ്ഞു' എന്നത്രേ. അതായത്, അവർക്കൊന്നു ലഭിക്കും; ആരിൽ നിന്നതു ലഭിക്കണമെന്ന് അവർ കാംക്ഷിച്ചുവോ, അവരിൽ നിന്നായിരിക്കും എന്നു മാത്രം. എന്നാൽ ദൈവം ഇതല്ല ആഗ്രഹിക്കുന്നത്. തന്നിൽ നിന്നുമാത്രം വരുന്ന പ്രതിഫലം നൽകാനാണ് ദൈവം ആഗ്രഹിച്ചത്. എന്നാൽ അതു മനുഷ്യരിൽ നിന്ന് തേടിയവർക്ക് ദൈവത്തിൽ നിന്ന് പ്രാപിക്കാൻ ഒരവകാശവുമില്ല; അവിടുത്തേക്കു വേണ്ടി അവർ ഒന്നും ചെയ്തില്ല.

എന്നാൽ ദൈവത്തിൻെറ സ്നേഹമസൃണമായ ദയ പരിഗണിക്കാൻ ഞാനപേക്ഷിക്കുന്നു. നാം അവിടുത്തോടപേക്ഷിക്കുന്ന നല്ല സംഗതികൾക്കുപോലും അവിടുന്ന് പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു.

സ്ഥലത്തെയും മാനസികാവസ്ഥയെയും സംബന്ധിച്ച് ഈ കടമ ഇപ്രകാരമല്ല നിർവഹിക്കേണ്ടതെന്നും അവർ വിഡ്ഢികളാണെന്നും കാണിച്ച് അവിടുന്നവരെ നിന്ദിക്കുന്നു. പ്രാർത്ഥനയുടെ ശരിയായ രീതി അവിടുന്നു വരച്ചുകാട്ടുന്നു. ''നിൻെറ ഉള്ളറയിൽ പ്രവേശിക്കുക'' എന്നു പറഞ്ഞുകൊണ്ട് പ്രതിഫലവും നൽകുന്നു.

എന്നാൽ നമ്മൾ പള്ളിയിൽ പോയി പ്രാർത്ഥിക്കേണ്ടതില്ല എന്നാണോ അർത്ഥം; തീർച്ചയായും നാം പോയി പ്രാർത്ഥിക്കണം. എന്നാൽ ഇപ്രകാരമുള്ള നല്ല അരൂപിയോടു കൂടി ആയിരിക്കണം എന്നുമാത്രം. കാരണം നാം ചെയ്യുന്ന സംഗതികളുടെ ഉദ്ദേശ്യമാണ് എല്ലായിടത്തും നോക്കുന്നത്. നീ നിൻെറ ഉള്ളറയിൽ പ്രവേശിച്ച് വാതിലടച്ചാലും മനുഷ്യസ്തുതിക്കായിട്ടാണിതു ചെയ്തതെങ്കിൽ, കതകുകൾ നിനക്കൊരു പ്രയോജനവും ചെയ്യില്ല.

''മനുഷ്യരെ കാണിക്കാൻ വേണ്ടി'' എന്ന് അവിടുന്നരുൾ ചെയ്തപ്പോൾ എത്ര കൃത്യമായ നിർവചനമാണ് അവിടുന്നു നൽകിയത് എന്ന് ഇക്കാര്യത്തിലും നമുക്കു ഗ്രഹിക്കാവുന്നതാണ്. മനസിൻെറ കതകാണടയ്ക്കേണ്ടത്. വീടിൻെറ കതകല്ല എന്ന് ശരിയായി മനസിലാക്കി നീ പ്രവർത്തിക്കണമെന്നവിടുന്നാഗ്രഹിക്കുന്നു. മറെറല്ലാററിലുമെന്നപോലെ പ്രാർത്ഥനയിൽ പ്രത്യേകമായ വിധത്തിൽ, വ്യർത്ഥാഭിമാനത്തിൽ നിന്നു നീ വിമുക്തനായിരിക്കുന്നത് ഉത്തമം. ഇതു കൂടാതെ തന്നെ നാം അലഞ്ഞുതിരിഞ്ഞ്



മനപ്പതർച്ച ഉള്ളവരാണെങ്കിൽ, ഈ രോഗം കൂടി ഉണ്ടെങ്കിൽ, നാം പറയുന്ന സംഗതികളിൽ ശ്രദ്ധിക്കാൻ നമുക്ക് എപ്പോഴാണ് സാധിക്കുക? പ്രാർത്ഥിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്ന നാം പോലും പ്രാർത്ഥിക്കുന്നതിൽ ശ്രദ്ധിക്കുന്നില്ലെങ്കിൽ, ദൈവം ശ്രദ്ധിക്കണം എന്ന് നമുക്കു പ്രതീക്ഷിക്കാമോ?

4. ഇപ്രകാരമൊക്കെ നാം പറഞ്ഞെങ്കിലും പ്രാർത്ഥനയിൽ വളരെ മോശമായി പെരുമാറുന്ന വേറൊരു കൂട്ടരുണ്ട്. ജനക്കൂട്ടത്തിൽ മറഞ്ഞിരിക്കയാണെങ്കിലും, തങ്ങളുടെ ശബ്ദം കൊണ്ട് തങ്ങളുടെ സാന്നിദ്ധ്യം വെളിപ്പെടുത്താൻ വെമ്പൽ കൊള്ളുന്നവരാണിവർ. അവർ ചിട്ടയും ക്രമവും കൂടാതെ വിളിച്ചുപറയുന്നു. തങ്ങളുടെ ശബ്ദം കൊണ്ടും ആംഗ്യം കൊണ്ടും അവർ വിഡ്ഢിവേഷം കെട്ടുന്നു. ചന്തസ്ഥലത്തുപോലും യാചകൻ ഉച്ചത്തിൽ ഒച്ചവച്ച് ഇപ്രകാരം പ്രവർത്തിച്ചാൽ ആളുകൾ അവനെ ഓടിക്കും; എന്നാൽ സൗമ്യമായും അവനു ചേരുന്ന അംഗവിക്ഷേപത്തോടുകൂടിയും യാചിച്ചാൽ ജനങ്ങൾക്കവനിൽ അനുകമ്പതോന്നും എന്ന് നീ കാണുന്നില്ലേ?

നമ്മുടെ ശരീരത്തിൻെറ ഭാവപ്രകടനം കൊണ്ടോ, ഉച്ചത്തിൽ ഒച്ചവച്ചതുകൊണ്ടോ അല്ല, പിന്നെയോ, മനസിൻെറ ആസക്തികൊണ്ടു പ്രാർത്ഥന നടത്തണം. നമ്മുടെ ചുററുമുള്ളവരെ ശല്യപ്പെടുത്തത്തക്കരീതിയിലുള്ള അട്ടഹാസമോ, ആരവമോ അല്ല; പിന്നെയോ, അടക്കമൊതുക്കത്തോടും ഹൃദയാനുതാപത്തോടും ആന്തരിക കണ്ണുനീരുകളോടും കൂടി ആയിരിക്കണം പ്രാർത്ഥിക്കേണ്ടത്.

എന്നാൽ നിൻെറ മനസിൽ ദുഃഖം തിങ്ങിനിറഞ്ഞിരിക്കയും ഉച്ചത്തിൽ നിലവിളിച്ചു പ്രാർത്ഥിക്കാതിരിക്കാൻ സാധിക്കാതിരിക്കയും ചെയ്യുന്ന അവസ്ഥയാണോ? ഞാൻ പറഞ്ഞതുപോലെ ഏററം ദുഃഖിതനായ വ്യക്തി ഇപ്രകാരമാണ് വിളിച്ചപേക്ഷിക്കേണ്ടത്. മോശയും ഹൃദയദുഃഖത്താൽ ഇപ്രകാരം പ്രാർത്ഥിച്ചിട്ടുണ്ട്; അവൻെറ പ്രാർത്ഥന കേൾക്കപ്പെടുകയും ചെയ്തു. ''നീ എന്തിനാണ് കരഞ്ഞു നിലവിളിക്കുന്നത്?'' എന്നു ദൈവം മോശയോട് ചോദിക്കുകയുണ്ടായി (പുറ. 14:15). എന്നാൽ ഹന്നാ ശബ്ദം പുറപ്പെടുവിച്ചില്ല എങ്കിലും ഹൃദയത്തിൽ നിന്നു പ്രാർത്ഥിച്ചതിനാൽ, താനാഗ്രഹിച്ചതെല്ലാം നേടിയെടുത്തു (1 ശാമു. 1:23). ഹാബേൽ നിശബ്ദനായിരുന്നപ്പോൾ മാത്രമല്ല, മരിക്കുമ്പോഴും പ്രാർത്ഥിച്ചു. കാഹളധ്വനിയേക്കാൾ വ്യക്തമായി അവൻെറ രക്തം നിലവിളിച്ചു (ഉല്പ. 4:10).

ആ വിശുദ്ധനെപ്പോലെ നീയും നെടുവീർപ്പിടുകയാണോ? ഞാൻ തടയുന്നില്ല. പ്രവാചകൻ ഗർജിക്കുന്നതുപോലെ, ''നിങ്ങളുടെ വസ്ത്രങ്ങളല്ല, ഹൃദയങ്ങൾ വലിച്ചു കീറുക'' (യോയേൽ, 2:13). ''കർത്താവേ, അഗാധത്തിൽ നിന്നു ഞാൻ നിന്നോടു നിലവിളിക്കുന്നു'' എന്നു പറയപ്പെട്ടിരിക്കുന്നതുപോലെ (സങ്കീ. 130:1) ആഴത്തിൽ നിന്നു കർത്താവിനെ വിളി

www.malankaralibrary.com



ച്ചപേക്ഷിക്കുക. ആഴത്തിൽ നിന്ന്, ഹൃദയത്തിൽ നിന്ന്, ശബ്ദം പുറപ്പെടുവിക്കുക; നിന്റെ പ്രാർത്ഥന നിഗൂഢതയാക്കുക. രാജകൊട്ടാരങ്ങളിൽപോലും ആരവാരം ഒന്നും കൂടാതെ എല്ലായിടത്തും വലിയ നിശബ്ദത കളിയാടുന്നതു നീ കണ്ടിട്ടില്ലേ? നീയും കൊട്ടാരത്തിനുള്ളിൽ പ്രവേശിക്കുന്നതുപോലെ വളരെ മാന്യമായി പെരുമാറുക. ഈ കൊട്ടാരം ഭൗമികമല്ല. സ്വർഗീയമാണ്; ഭൂമിയിലുള്ളവയെക്കാൾ ഭീതിജനകമാണ്! അതേ, നീ മാലാഖമാരുടെ ഗണങ്ങളോട് ചേർന്നിരിക്കുന്നു. നീ പ്രധാന മാലാഖമാരുമായി സംസർഗത്തിലാണ്; നീ സ്രാപ്പേന്മാരോടുകൂടി കീർത്തനമാലപിക്കുകയാണ്. എല്ലാററിന്റെയും രാജാവായ ദൈവത്തിന് വലിയ ഭയത്തോടുകൂടി മിസ്ററിക്കൽ കീർത്തനവും വിശുദ്ധ സംഗീതവും ആലപിച്ചുകൊണ്ട് ഈ ഗണങ്ങൾ വളരെ ക്രമീകൃതമായി വർത്തിക്കുന്നു. നീ പ്രാർത്ഥിക്കുമ്പോൾ നീയും അവരുമായി സ്വയം ഒന്നിക്കുക; അവരുടെ മിസ്ററിക്കൽ ക്രമത്തെ അതിശയിക്കുക.

നീ മനുഷ്യരോടല്ല; ദൈവത്തോടാണു പ്രാർത്ഥിക്കുന്നത്. അവിടുന്ന് എല്ലായിടത്തും സന്നിഹിതനാണ്. ശബ്ദമുണ്ടാക്കുന്നതിനുമുൻപേ അവിടുന്നു കേൾക്കുന്നു; ഹൃദയരഹസ്യങ്ങൾ അവിടുന്നു ഗ്രഹിക്കുകയും ചെയ്യുന്നു. നീ ഇപ്രകാരം പ്രാർത്ഥിച്ചാൽ നിനക്കു ലഭിക്കുന്നപ്രതിഫലം വലുതായിരിക്കും. അവിടുന്നരുൾ ചെയ്യുന്നു. ''രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് പരസ്യമായനിനക്കു പ്രതിഫലം തരും'' (മത്താ. 6:6). ''നിനക്ക് വെറുതെ തരും'' എന്ന് അവിടുന്നു പറഞ്ഞില്ല. പിന്നെയോ, ''നിനക്കു പ്രതിഫലം തരും'' എന്നാണ് അവിടുന്നു വാഗ്ദാനം ചെയ്തിരിക്കുന്നത്. അവിടുന്നു സ്വയം നിനക്ക് ഒരു കടക്കാരനാക്കിത്തീർത്തിരിക്കുന്നു. വലിയ ബഹുമാനം കൊണ്ട് അവിടുന്നു നിന്നെ ബഹുമാനിച്ചിരിക്കുന്നു. കാരണം, അവിടുന്ന് അദൃശ്യനാകയാൽ, നിന്റെ പ്രാർത്ഥനയും അപ്രകാരമായിരിക്കണമെന്ന് അവിടുന്നാഗ്രഹിക്കുന്നു.

5. അതിനു ശേഷം അവിടുന്ന് പ്രാർത്ഥനയുടെ വാക്കുകൾ തന്നെ ഉരുവിടുന്നു. അവിടുന്നു പറയുന്നു; ''നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, വിജാതീയരെപ്പോലെ വ്യർത്ഥമായ ആവർത്തനം നടത്തരുത്'' (മത്താ. 6:7). ദാനധർമ്മത്തെപ്പററി പ്രതിപാദിച്ചപ്പോൾ അവിടുന്ന് വ്യർത്ഥാഭിമാനത്തിൽ നിന്നുത്ഭൂതമാകുന്ന തിന്മ അകററണമെന്നു മാത്രമേ കല്പിച്ചുള്ളു മറെറാന്നും കൂട്ടിച്ചേർത്തില്ല; എന്തിൽനിന്ന് ദാനം കൊടുക്കണമെന്നും പറഞ്ഞില്ല; അതായത് സത്യസന്ധമായ അധ്വാനത്തിൽ നിന്ന്; അല്ലാതെ കൊള്ളയിൽനിന്നോ, ദ്രവ്യാഗ്രഹം വഴി സമ്പാദിച്ചവയിൽ നിന്നോ അല്ല. ഇത് മതിയാംവണ്ണം എല്ലാവരും അംഗീകരിച്ചിട്ടുള്ള സംഗതിയാണല്ലോ. ''നീതിക്കായി വിശക്കുന്നവരെ'' അവിടുന്നനുഗ്രഹിച്ചപ്പോൾ അതിനു മുമ്പു ഈ സംഗതി അവിടുന്നു വളരെ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ പ്രാർത്ഥനയെ സംബന്ധിച്ച് അവിടുന്ന് ചില വസ്തുതകൾ കൂടി



കൂട്ടിച്ചേർക്കുന്നു. ''വ്യർത്ഥമായ ആവർത്തനം നടത്തരുത്.'' അവിടെ കപടഭക്തരെ നിന്ദിച്ചതുപോലെ ഇവിടെ പുറജാതികളെ അവിടുന്നു പരിഹസിക്കുന്നു. മുഖ്യമായും ആളുകളുടെ ഹീനതയാൽ എല്ലായിടത്തും ശ്രോതാവിനെ അവിടുന്നു ലജ്ജിപ്പിക്കുന്നു ഇതിനുശേഷം മിക്കയിടങ്ങളിലും പ്രത്യേകിച്ച് തുളച്ചുകയറുന്നതും ഉഗ്രവുമാണ്. ഭ്രഷ്ടരാക്കപ്പെട്ടവർക്കു തുല്യമാണ് നമ്മുടെ സ്ഥാനം എന്നാണ് ഞാൻ അർത്ഥമാക്കുന്നത്. ഈ വിഷയത്തിലൂടെ അവിടുന്ന് അവരെ പിൻതിരിപ്പിക്കുന്നു. അരുതാത്ത സംഗതികൾ, സാമ്രാജ്യങ്ങൾ, മഹത്വം, ശത്രുക്കളുടെമേൽ വിജയം, ധനസമൃദ്ധി, എന്നിങ്ങനെ നമുക്ക് പ്രയോജനപ്പെടാത്തവ ദൈവത്തോടു ചോദിക്കുമ്പോൾ ഈ അന്തസാരമില്ലായ്മയ്ക്ക് 'വ്യർത്ഥമായ ആവർത്തനം' എന്ന പേര് ഇവിടെ നൽകുന്നു.

അവിടുന്നരുൾചെയ്യുന്നു: ''എന്തുകൊണ്ടെന്നാൽ നിങ്ങൾക്കാവശ്യമുള്ളവ എന്താണെന്നു അവിടുന്നറിയുന്നു'' (മത്താ. 6:8). നമ്മുടെ പ്രാർത്ഥന ദൈർഘ്യമുള്ളതാകരുതെന്ന് അവിടുന്ന് ഇവിടെ കല്പിക്കുന്നു എന്ന് എനിക്ക് തോന്നുന്നു. ദൈർഘ്യമുള്ളത് എന്നത് സമയത്തെക്കുറിച്ചല്ല, പിന്നെയോ, സൂചിപ്പിക്കുന്ന സംഗതികളുടെ എണ്ണവും ദൈർഘ്യവും അത്രേ. കാരണം പ്രാർത്ഥനയിൽ സ്ഥിരോത്സാഹത്തോടെ വർത്തിക്കുക നമ്മുടെ കടമയത്രേ. ''നിരന്തരം പ്രാർത്ഥിക്കുക'' എന്ന അവിടുത്തെ പ്രബോധനം ഉണ്ടല്ലോ (റോ. 12:12). ക്രൂരനും ദയാരഹിതനുമായ ന്യായാധിപനെ തന്റെ നിരന്തരമായ അപേക്ഷയാൽ വിധവ എപ്രകാരം സ്വാധീനിച്ചു എന്ന് അവിടുന്നു തന്നെ ഉപമയായി ചൂണ്ടിക്കാണിച്ചിരിക്കുന്നു (ലൂ. 18:1). അതുപോലെ രാത്രി വളരെ വൈകിയെത്തി സ്നേഹിതനെ അവന്റെ ഉറക്കത്തിൽനിന്നു വിളിച്ചുണർത്തിയ മനുഷ്യന്റെ കാര്യവും: അവൻ സ്നേഹം നിമിത്തമല്ല, അവന്റെ നിർബന്ധം നിമിത്തമാണ് എഴുന്നേററത് (ലൂ. 11:5). എല്ലാവരും നിരന്തരമായി അപേക്ഷകൾ സമർപ്പിക്കണമെന്ന ഒരു നിയമം പ്രഖ്യാപിക്കയല്ലാതെ മറെറന്താണ് അവിടുന്ന് ഇവിടെ ചെയ്തത്? പതിനായിരം വാചകങ്ങളുള്ള ഒരു പ്രാർത്ഥന എഴുതി ഉണ്ടാക്കി അവിടുത്തെ തിരുമുൻപിലെത്തി വെറുതെ ആവർത്തിക്കണം എന്നല്ല അവിടുന്നു കല്പിക്കുന്നത്. ''അതിഭാഷണത്താൽ കേൾക്കപ്പെടുമെന്നാണല്ലോ അവർ ചിന്തിക്കുന്നത്'' എന്ന് പറഞ്ഞപ്പോൾ അവ്യക്തമായി ഇതാണ് അവിടുന്ന് അർത്ഥമാക്കിയത്. അവിടുന്നു പറയുന്നു: ''നിങ്ങൾക്കാവശ്യമുള്ളവ എന്താണെന്ന് അവിടുന്നറിയുന്നു.'' നമുക്കാവശ്യമുള്ളവ അവിടുത്തേക്കറിയാമെങ്കിൽ പിന്നെന്തിനാണ് നാം പ്രാർത്ഥിക്കുന്നത് എന്ന് ചോദിച്ചേക്കാം. ദൈവത്തെ പറഞ്ഞു ധരിപ്പിക്കാനല്ല, പിന്നെയോ, പ്രേരണ ചെലുത്താനാണ്: നിരന്തരമായ അപേക്ഷവഴി ദൈവവുമായി ഗാഢബന്ധം പുലർത്താനാണ്; വിനീതരായിരിക്കാനാണ്. നിന്റെ പാപങ്ങളെക്കുറിച്ച് നിന്നെ ഓർപ്പിക്കുവാനാണ്.

6. അവിടുന്ന് അരുൾചെയ്യുന്നു: ''അതുകൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കുവിൻ: സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,'' അവിടുന്ന്

www.malankaralibrary.com



നേരേ എപ്രകാരം ശ്രോതാവിനെ പ്രേരിപ്പിക്കുകയും ആദ്യമേതന്നെ ദൈവത്തിന്റെ കാരുണ്യം അനുസ്മരിപ്പിക്കുകയും ചെയ്യുന്നു എന്നു ശ്രദ്ധിക്കുക. കാരണം, ദൈവത്തെ 'പിതാവേ' എന്നു വിളിക്കുന്നതുവഴി താഴെ പ്പറയുന്നവയെല്ലാം ഈ ഒററസംജ്ഞകൊണ്ട് അംഗീകരിക്കപ്പെടുന്നു: അവൻ വഴിയുള്ള പാപമോചനം, ശിക്ഷ നീക്കിക്കളയൽ. നീതീകരണം, വിശുദ്ധീകരണം, രക്ഷ, ദത്തുപുത്രസ്ഥാനം, അനന്തരാവകാശം, ഏകജാതനമായി ഭ്രാതൃത്വം, ആത്മാവിനെ ചിന്തൽ; ഈ നൻമകളെല്ലാം ലഭിക്കാതെ ആർക്കും ദൈവത്തെ പിതാവേ എന്നു വിളിക്കാൻ സാധ്യമല്ല. ആരേ വിളിക്കുന്നുവോ ആ ആളിന്റെ മാഹാത്മ്യത്താലും ദാനങ്ങളുടെ മഹനീയതയാലും അവിടുന്ന് അവരുടെ അരൂപിയെ തട്ടിയുണർത്തുന്നു. എന്നാൽ ''സ്വർഗസ്ഥനായ'' എന്നതുവഴി ദൈവത്തെ അവിടെ അടച്ചുപൂട്ടുന്നു എന്നർത്ഥത്തിലല്ല, ഭൂമിയിൽനിന്നു പ്രാർത്ഥിക്കുന്നയാളിനെ അവിടെ നിന്നുയർത്തി ഉന്നത സ്ഥാനങ്ങളിലും മുകളിലുള്ള വാസസ്ഥലങ്ങളിലും പ്രതിഷ്ഠിക്കുന്നു എന്ന അർത്ഥത്തിലാണ്.

കൂടാതെ നമ്മുടെ സഹോദരൻമാർക്കുവേണ്ടിക്കൂടി പ്രാർത്ഥിച്ച്, നമ്മുടെ പ്രാർത്ഥന പൊതുവാക്കാൻ അവിടുന്നുപദേശിക്കുന്നു. ''സ്വർഗസ്ഥനായ എന്റെ പിതാവേ'' എന്നല്ല ''ഞങ്ങളുടെ പിതാവേ'' എന്നാണ് അവിടുന്നു പറയുന്നത്. പ്രാർത്ഥിക്കുന്നയാൾ തന്റെ അപേക്ഷ സമൂഹം മുഴുവനും വേണ്ടി അർപ്പിക്കുന്നു. തന്റെ കാര്യം അന്വേഷിക്കാതെ, എപ്പോഴും തന്റെ അയൽക്കാരന്റെ നൻമയിൽ ശ്രദ്ധിക്കുന്നു. ഇതുവഴി അവൻ വിദ്വേഷം നീക്കിക്കളയുന്നു; അഹങ്കാരത്തെ ശമിപ്പിക്കുന്നു; അസൂയയെ പുറം തള്ളുന്നു. എല്ലാ നൻമകളുടേയും മാതാവായ സ്നേഹം കൊണ്ടുവരുന്നു; മാനുഷിക സംഗതികളിലുള്ള അസമത്വം ഇല്ലാതാക്കുന്നു. ഏററവും മഹനീയവും ഒഴിച്ചുകൂടാൻ പാടില്ലാത്തതുമായ സംഗതികളിലെങ്കിലും നാമെല്ലാവരും സമൻമാരാണ് എന്നു കാണിച്ചുകൊണ്ട് രാജാവും ദരിദ്രനും തമ്മിലുള്ള സമത്വം വ്യക്തമാക്കുന്നു. ഉന്നതത്തിലുള്ളതിനെ സംബന്ധിച്ച് നാമെല്ലാവരും ബന്ധുക്കളായിരിക്കുകയും ആർക്കും മററുള്ളവരെക്കാൾ കൂടുതൽ ഉണ്ടെന്നവകാശപ്പെടാനില്ലാതിരിക്കുകയും ചെയ്യുമ്പോൾ നമ്മുടെ താഴെയുള്ള ബന്ധുക്കളിൽനിന്ന് എന്തുപദ്രവമാണുണ്ടാവുക? ദരിദ്രനെക്കാൾ ധനവാനു കൂടുതൽ ഒന്നുമില്ല: ദാസനേക്കാൾ യജമാനനില്ല; പ്രജകളേക്കാൾ രാജാവിനില്ല; അപരിഷ്കൃതനേക്കാൾ താത്വികനില്ല; പരിശീലനം ലഭിക്കാത്തവനേക്കാൾ പരിജ്ഞാനിക്കില്ല. എല്ലാവർക്കും അവിടുന്ന് ഔന്നത്യം നൽകി. എല്ലാവരുടെയും പിതാവിനെ എല്ലാവർക്കും ഒരുപോലെ വിളിക്കാം.

7. ഈ കുലീനത്വം, ഉന്നതത്തിൽനിന്നുള്ള ദാനം, നമ്മുടെ സഹോദരങ്ങളുമായി നമുക്കുള്ള സമത്വം, സ്നേഹം എന്നിവയെപ്പററി അവിടുന്ന നമ്മെ അനുസ്മരിപ്പിക്കുകയും നമ്മെ ഭൂമിയിൽ നിന്നുയർത്തി സ്വർഗത്തിലിരുത്തുകയും ചെയ്തിരിക്കുന്നതിനാൽ ഇതിനുശേഷം നാമെന്താവശ്യപ്പെടണമെന്നാണ് അവിടുന്നു കല്പിക്കുന്നതെന്നു നമുക്കു നോക്കാം.



എല്ലാ സുകൃതങ്ങളിലുമുള്ള പ്രബോധനത്തിൽ നമ്മെ ഉറപ്പിക്കാൻ ആ ഒററക്കാര്യം പര്യാപ്തമാണ്. കാരണം, ദൈവത്തെ പിതാവ് അതായത് 'പൊതുപിതാവ്' എന്നു വിളിച്ച വ്യക്തി, ഈ കുലീനത്വത്തിന് അയോഗ്യനായി കാണപ്പെടാതിരിക്കാനും ഈ ദാനത്തിനനുസൃതമായ ഉത്സാഹം കാണിക്കാനും വേണ്ടി, അതിനനുസൃതമായ സംഭാഷണത്തിലേർപ്പെടുക നീതിപൂർവം മാത്രമാണ്. എങ്കിലും അവിടുന്ന് ഇതുകൊണ്ടും തൃപ്തനാകാതെ ''നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ'' എന്നൊരു വാചകംകൂടി കൂട്ടിച്ചേർക്കുന്നു.

അവിടുത്തെ പിതാവിന്റെ മഹത്വത്തിനു മുൻപ് മറെറാന്നും യാചിക്കാതിരിക്കുന്നതും ദൈവസ്തുതിക്ക് ഒന്നാംസ്ഥാനം കൊടുക്കുന്നതും, ദൈവത്തെ പിതാവേ എന്നു വിളിക്കുന്ന വ്യക്തിക്ക് തികച്ചും ചേർന്നതാണ്. ''പരിശുദ്ധമാക്കപ്പെടണമെ'' എന്നതിന്റെ അർത്ഥം ''മഹത്വീകരിക്കപ്പെടണമെ'' എന്നാണ്. ദൈവത്തിന് തന്റെ മഹത്വം പൂർണ്ണമായിട്ടുണ്ട്; അത് എന്നേക്കും നിലനില്ക്കുന്നതുമാണ്. എന്നാൽ അവിടുന്ന നമ്മുടെ ജീവിതത്തിലും മഹത്വീകരിക്കപ്പെടാനായി പരിശ്രമിക്കാൻ പ്രാർത്ഥിക്കുന്നയാളിനോട് അവിടുന്ന് കല്പിക്കുന്നു. ''മനുഷ്യർ നിങ്ങളുടെ സദ്പ്രവൃത്തികൾ കണ്ട് നിങ്ങളുടെ സ്വർഗീയപിതാവിനെ മഹത്വപ്പെടുത്തുവാൻ നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ'' എന്ന് അവിടുന്ന് നേരത്തെ പറഞ്ഞിട്ടുണ്ടല്ലോ (മത്താ. 5:16). അതേ, ''പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ'' എന്നു പാടിക്കൊണ്ട് സ്രാപ്പേന്മാരും ദൈവത്തിന മഹത്വം നൽകുന്നു (ഏശാ. 6:3; വെളി.4:8). അപ്പോൾ ''പരിശുദ്ധമാക്കപ്പെടണമെ'' എന്നതിന്റെ അർത്ഥം ഇതത്രേ. അതായത്, ''മഹത്വീകരിക്കപ്പെടണമെ''. ''ഞങ്ങൾവഴി എല്ലാവരും നിന്നെ മഹത്വപ്പെടുത്താൻ വേണ്ടി, ഞങ്ങൾ വിശുദ്ധമായി ജീവിക്കാൻ അനുഗ്രഹിച്ചാലും'' എന്നാണതിന്റെ അർത്ഥം. കുററമററ ഒരു ജീവിതം മററുള്ളവരുടെ മുൻപാകെ കാഴ്ച വയ്ക്കുക എന്നത് പരിപൂർണ്ണമായ ആത്മനിയന്ത്രണത്തിന്റെ ഫലമാണ്. അതു ദർശിക്കുന്നവർ ഇതു നിമിത്തം കർത്താവിനർഹമായ സ്തുതിയർപ്പിക്കാൻ ഇടയാകും.

'നിന്റെ രാജ്യം, വരണമെ' (മത്താ. 6:10). ദൃശ്യവസ്തുക്കളുമായി ഒട്ടിച്ചേരാതിരിക്കുന്നതും ഇപ്പോഴുള്ള വസ്തുക്കളെ ഏതോ വലിയ സംഗതിയായി കരുതാതിരിക്കുന്നതും പിതാവിങ്കലേക്ക് ഓടിയടുക്കുകയും വരാനിരിക്കുന്നവയ്ക്കായി നോക്കിപ്പാർക്കുകയും ചെയ്യുന്നതും ശരിയായ മാനസിക വീക്ഷണമുള്ള ശിശുവിന്റെ ഭാഷയാണ്. ഭൗമികപദാർത്ഥങ്ങളിൽനിന്നു സ്വതന്ത്രമായ ആത്മാവിൽനിന്നും നല്ല മനസ്സാക്ഷിയിൽനിന്നും ഉടലെടുക്കുന്നതാണിത്. ഓരോ ദിവസവും പൗലോസ് നോക്കിപ്പാർത്തിരുന്നതും ഇതാണ്. അതുകൊണ്ട്, 'ആത്മാവിന്റെ ആദ്യഫലങ്ങൾ ആസ്വദിക്കുന്ന നമ്മൾ തന്നെയും പുത്രൻമാരായുള്ള ദത്തെടുപ്പിന്, ശരീര

www.malankaralibrary.com



ത്തിന്റെ വീണ്ടെടുപ്പിന്, 'കാത്തുനിന്നു കേഴുന്നു' എന്ന് അദ്ദേഹം പറകയുണ്ടായി (റോമ. 8:23). ഈ അഭിരുചിയുള്ളവൻ ഈ ജീവിതത്തിലെ നല്ല പദാർത്ഥങ്ങൾ കണ്ട് അഹങ്കരിക്കയില്ല; അതിന്റെ ദുഃഖങ്ങളിൽ നിരാശനാകുകയുമില്ല. പിന്നെയോ, സ്വർഗത്തിൽ വസിക്കുന്നു എന്ന രീതിയിൽ എല്ലാവിധ ക്രമക്കേടിൽനിന്നും സ്വതന്ത്രനാണ്.

'നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ." ഇതാ, ഏററം ശ്രേഷ്ഠമായ ഒരു ചിന്താധാര. വരാനിരിക്കുന്ന സംഗതികൾ നോക്കിപ്പാർക്കുവാനും ആ വാസഗൃഹത്തിലേക്ക് ഓടിയടുക്കുവാനും അവിടുന്നു നമ്മെ പ്രേരിപ്പിക്കുന്നു; അതുവരെ, നാം ഇവിടെ ആയിരിക്കുമ്പോഴേ. മുകളിലുള്ളതുപോലെയുള്ള സംസർഗം ഇവിടെയും ഉണ്ടായിരിക്കുവാൻ നാം തീക്ഷ്ണതയുള്ളവരായിരിക്കണം. നിങ്ങൾ സ്വർഗത്തിനും സ്വർഗീയസംഗതികൾക്കും തീവ്രമായ ആഗ്രഹം പുലർത്തണമെന്ന് അവിടുന്നു പറയുന്നു. എങ്കിലും സ്വർഗത്തിനുമുൻപേ, ഭൂമിയെ സ്വർഗമാക്കുവാനും ഇവിടെ ആയിരിക്കുമ്പോൾ തന്നെ, നമ്മുടെ വാസം അവിടെ ആയിരിക്കുന്ന രീതിയിൽ എല്ലാ സംഗതികളും ചെയ്യാനും പറയാനും അവിടുന്നു നമ്മോടാവശ്യപ്പെടുന്നു. ഇവയും നമ്മുടെ കർത്താവിനോടുള്ള നമ്മുടെ പ്രാർത്ഥനയുടെ വിഷയമായിരിക്കണം. നാം ഭൂമിയിൽ വസിക്കുന്നതിനാൽ മുകളിലുള്ള ശക്തികളുടെ പൂർണത പ്രാപിക്കുന്നതിൽനിന്നു നമ്മെ തടയുന്ന ഒന്നുമില്ല; എന്നാൽ ഇവിടെ ആയിരിക്കുമ്പോഴേ, മുകളിൽ ആയിരിക്കുന്ന രീതിയിൽ എല്ലാ കാര്യങ്ങളും ചെയ്യാൻ സാധിക്കും. അതുകൊണ്ടു അവിടുന്നു പറഞ്ഞത് ഇതാണ്: 'അവിടെ തടസ്സം കൂടാതെ എല്ലാ സംഗതികളും നടക്കുന്നു; മാലാഖമാർ ഭാഗികമായി അനുസരണയുള്ളവരും ഭാഗികമായി അനുസരണയില്ലാത്തവരുമല്ല. പിന്നെയോ എല്ലാ സംഗതികളിലും കീഴ്വഴങ്ങി അനുസരിക്കുന്നു. [കാരണം, 'അവിടുത്തെ വചനം പാലിക്കുന്ന ശക്തരേ' (സങ്കീ. 103:20) എന്ന് അവിടുന്നുപറയുന്നു]. അതുകൊണ്ട് മനുഷ്യരായ ഞങ്ങൾ തിരുഹിതം ഭാഗികമായി നിറവേററുന്നവരാകാതെ, നീ ആഗ്രഹിക്കുന്നതുപോലെ എല്ലാം ചെയ്യാൻ കൃപാകടാക്ഷമുണ്ടാകണമെ.

സുകൃതം നമ്മുടെ പ്രയത്നഫലം മാത്രമല്ല. ഉന്നതത്തിൽനിന്നുള്ള കൃപകൂടിയാണെന്ന് വ്യക്തമാക്കിക്കൊണ്ട്, വിനീതരായിരിക്കാൻ അവിടുന്ന് നമ്മെ എപ്രകാരം പഠിപ്പിച്ചു എന്നും കാണുക. വീണ്ടും, പ്രാർത്ഥിക്കുന്ന നാമോരോരുത്തരും ലോകം മുഴുവന്റെയും സംരക്ഷണം സ്വയം ഏറെറടുക്കുവാൻ അവിടുന്ന് നമ്മെ ബാധ്യസ്ഥരാക്കി. നിന്റെ ഇഷ്ടം എന്നിൽ അല്ലെങ്കിൽ ഞങ്ങളിൽ ആകണം എന്നല്ല അവിടുന്നു പറഞ്ഞത്, പിന്നെയോ, ഭൂമിയിൽ എല്ലായിടത്തും എന്നാണ്. അങ്ങനെ തെററുകൾ നശിപ്പിക്കപ്പെടും; സത്യംസ്ഥാപിക്കപ്പെടും; എല്ലാ ദുഷ്ടതയും നിർമാർജനം ചെയ്യപ്പെടും; സുകൃതം തിരികെവരും; ഈ കാര്യത്തിൽ ഇനിമേൽ സ്വർ



ഗവും ഭൂമിയും തമ്മിൽ ഒരു വ്യത്യാസവും ഉണ്ടായിരിക്കുകയില്ല. അവിടുന്നു പറയുന്നു: 'കാരണം, ഇപ്രകാരം സംഭവിക്കുകയാണെങ്കിൽ പ്രകൃതത്തിൽ വ്യത്യസ്തമാണെങ്കിലും താഴെയുള്ളവയും മുകളിലുള്ളവയും തമ്മിൽ ഒരു വ്യത്യാസവും ഉണ്ടായിരിക്കുകയില്ല. ഭൂമി മറെറാരുതരം മാലാഖമാരെ നമുക്കു കാട്ടിത്തരികയായിരിക്കും ചെയ്യുക.'

8. 'ഞങ്ങളുടെ അന്നന്നത്തെ അപ്പം ഇന്നു ഞങ്ങൾക്കു നല്കണമെ' (മത്താ. 6.11.) എന്താണ് അന്നന്നത്തെ അപ്പം ? ഒരു ദിവസത്തേക്കുള്ളത്. 'നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ" എന്ന് അവിടുന്നു പറഞ്ഞു. എന്നാൽ ശരീരമുള്ളവരും പ്രകൃതിയുടെ ആവശ്യങ്ങൾക്കു വിധേയരായവരും മാലാഖമാരുടെ സഹനാതീതാവസ്ഥയ്ക്ക് കഴിവില്ലാത്തവരുമായ മനുഷ്യരോടാണ് അവിടുന്ന് ഇത് ചർച്ചചെയ്തുകൊണ്ടിരുന്നത്. മാലാഖമാർ കല്പന കാക്കുന്നതുപോലെ നാമും അവ പാലിക്കണമെന്ന് അവിടുന്ന് കല്പിക്കുന്നുണ്ടെന്നുള്ളതു ശരിതന്നെ. എന്നാൽ നമ്മുടെ പ്രകൃതിയുടെ ബലഹീനത കണക്കിലെടുത്തുകൊണ്ട് താഴെക്കാണും പ്രകാരം അവിടുന്ന് ദാക്ഷണ്യമായി പെരുമാറി. ഇപ്രകാരം അവിടുന്നരുൾ ചെയ്യുന്നു: 'പെരുമാററത്തിലെ പൂർണത ഞാൻ വലുതായി ആവശ്യപ്പെടുന്നു; എന്നാൽ വികാരങ്ങളിൽനിന്നുള്ള സ്വാതന്ത്ര്യമല്ല. അതല്ല, കാരണം, പ്രകൃതിയുടെ ക്രൂരത അത് അനുവദിക്കുന്നില്ല. അതിന് ആവശ്യമായ ഭക്ഷണം കൂടിയേ തീരൂ.' ശാരീരിക സംഗതികളിലും എത്ര മാത്രം ആത്മീയമായവ വർദ്ധിച്ചിരിക്കുന്നു എന്നു ഗ്രഹിക്കാൻ ഞാൻ അപേക്ഷിക്കുന്നു. കാരണം, ധനമോ, സുഖസമൃദ്ധമായ ജീവിതമോ, വിലകൂടിയ വസ്ത്രങ്ങളോ, അപ്രകാരമുള്ള മററുസംഗതികളോ അല്ല അപ്പം മാത്രം ആവശ്യപ്പെടാനാണ് അവിടുന്ന് നമ്മോടു കല്പിച്ചിരിക്കുന്നത്. അതും അന്നന്നത്തെ അപ്പം എന്നാണ്. 'നാളയെപ്പററി നാം ചിന്തിക്കേണ്ട' എന്നാണതിനർത്ഥം. ഇക്കാരണത്താലാണ് 'അന്നന്നത്തെ അപ്പം', അതായത്, ഒരു ദിവസത്തെ അപ്പം എന്ന് അവിടുന്ന് കൂട്ടിച്ചേർത്തത്.

9. വീണ്ടുംജനനത്തിന്റെ ക്ഷാളനത്തിനു ശേഷവും നാം പാപം ചെയ്യുന്നതിനാൽ, ഈ കാര്യത്തിലും മനുഷ്യരോടുള്ള തന്റെ സ്നേഹം മഹോന്നതമാണെന്നു കാണിച്ചുകൊണ്ട്, നമ്മുടെ പാപമോചനത്തിനായി, മനുഷ്യനെ സ്നേഹിക്കുന്ന ദൈവത്തിൻ പക്കലേക്കു നാം ചെന്ന് ''ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമെ'' എന്നു പറയാൻ അവിടുന്നു നമ്മോടു കല്പിക്കുന്നു.

ദൈവത്തിന്റെ അനന്തമായ കരുണ നീ ഇവിടെ ദർശിക്കുന്നില്ലേ ? നമ്മുടെ കൊടിയ പാതകങ്ങളെല്ലാം നീക്കിക്കളഞ്ഞിട്ട്, തന്റെ അവാച്യവും മഹനീയവുമായ ദാനം പ്രാപിച്ചതിനു ശേഷവും, മനുഷ്യൻ വീണ്ടും പാപം ചെയ്താലും അവരോട് ക്ഷമിക്കപ്പെട്ടതായി അവിടുന്നു പരിഗണിക്കുന്നു.

www.malankaralibrary.com



ഇത് വിശ്വാസികളുടെ പ്രാർത്ഥനയാണ്. സഭാനിയമമനുസരിച്ചു നാം ഈ പ്രാർത്ഥന പഠിക്കുന്നു. പ്രാർത്ഥനയുടെ ആരംഭത്തിലുള്ളതാണിത്. അനീതർാകാത്തവർക്ക് 1 ദൈവത്തെ പിതാവേ എന്നു വിളിക്കാൻ കഴിയില്ല. ഈ പ്രാർത്ഥന വിശ്വാസികളുടേതാണെങ്കിൽ, തങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെടണം എന്ന് അവർ പ്രാർത്ഥിക്കുന്നെങ്കിൽ, സ്നാനത്തിനു ശേഷവും അനുതാപത്തിന്റെ ആനുകൂല്യം നീക്കിക്കളഞ്ഞിട്ടില്ല. അവിടുന്നിതുദ്ദേശിച്ചിട്ടില്ലെങ്കിൽ, നാം ഇപ്രകാരം പ്രാർത്ഥിക്കണമെന്ന് അവിടുന്ന് കല്പിക്കയില്ലായിരുന്നു. പാപങ്ങൾ അനുസ്മരിക്കയും അവയ്ക്കു നാം മോചനം അപേക്ഷിക്കണമെന്നു കല്പിക്കയും എപ്രകാരം മോചനം നേടണമെന്നു പഠിപ്പിക്കയും ചെയ്ത അവിടുന്ന് അതിനുള്ള വഴി എളുപ്പമാക്കിയിരിക്കുന്നു. മാമ്മോദീസായ്ക്കു ശേഷമുള്ള നമ്മുടെ കുറ്റങ്ങളിൽ നിന്ന് മോചനം സാദ്ധ്യമാണെന്നറിഞ്ഞുകൊണ്ടും അതു സൂചിപ്പിച്ചുകൊണ്ടുമാണ് യാചനയുടെ ഈ നിയമം അവിടുന്നു നടപ്പാക്കിയതെന്ന് വളരെ വ്യക്തമാണല്ലോ. നമ്മുടെ പാപങ്ങൾ അനുസ്മരിപ്പിച്ചുകൊണ്ട് വിനീതരായിരിക്കാൻ അവിടുന്നു നമ്മെ പ്രേരിപ്പിക്കുന്നു. മറ്റുള്ളവരോടു ക്ഷമിക്കാനുള്ള കല്പനയാൽ പ്രതികാരത്തിനുള്ള വികാരത്തിൽ നിന്ന് അവിടുന്നു നമ്മെ സ്വതന്ത്രരാക്കുന്നു. ഇതിനു പകരമായി നമ്മോടും ക്ഷമിക്കപ്പെടുമെന്നു വാഗ്ദാനം ചെയ്തുകൊണ്ട് അവിടുന്നു നമ്മുടെ പ്രത്യാശ ഉയർത്തിപ്പിടിക്കുന്നു. മനുഷ്യരുടെ നേർക്കു ദൈവത്തിനുള്ള അവാച്യസ്നേഹം സംബന്ധിച്ച് ഉന്നതവീക്ഷണഗതി പുലർത്താൻ അവിടുന്നു നമ്മെ ഉപദേശിക്കുന്നു.

ഇതിൽ നാം അനുസ്മരിക്കേണ്ട ഒരു സംഗതിയുണ്ട്. മേല്പറഞ്ഞ ഓരോ വാക്യത്തിലും സുകൃതത്തെ പൂർണമായി അവിടുന്നനുസ്മരിക്കുന്നു. ഇപ്രകാരം,. തെറ്റുകാരോട് ക്ഷമിക്കലും ഉൾപ്പെടുത്തിയിരിക്കുന്നു— 'അവിടുത്തെ നാമം വിശുദ്ധീകരിക്കപ്പെടണം' എന്നത് പരിപൂർണ സംസർഗംതന്നെയാണ്. 'അവിടുത്തെ ഇഷ്ടം നടക്കണം' എന്നത് അതുതന്നെയാണ്. ദൈവത്തെ 'പിതാവേ' എന്നു വിളിക്കാൻ സാധിക്കുന്നത് കളങ്കരഹിതമായ ഒരു ജീവിതത്തിന്റെ പ്രഖ്യാപനമാണ്. ഇവയിലെല്ലാം, നമ്മളോടു തെറ്റു ചെയ്തവരോട് ക്ഷമിക്കാനുള്ള കടമ ഉൾക്കൊണ്ടിരിക്കുന്നു—ഇവകൊണ്ടും അവിടുന്നു തൃപ്തനായില്ല. ഈ സംഗതിയിൽ അവിടുന്ന് എപ്രകാരം താല്പര്യമുള്ളവനാണെന്നു കാണിക്കാനായി അവിടുന്ന് പ്രത്യേകമായ രീതിയിലും വരച്ചുകാട്ടുന്നു. ഈ പ്രാർത്ഥനയ്ക്കുശേഷം മറ്റൊരു കല്പനയും നൽകാതെ ഇപ്രകാരം പറയുന്നു: 'മനുഷ്യരുടെ തെറ്റുകൾ അവരോടു നിങ്ങൾ ക്ഷമിക്കുമെങ്കിൽ, നിങ്ങളുടെ സ്വർഗീയ പിതാവും നിങ്ങളോടു ക്ഷമിക്കും.'

1. സ്നാനം സ്വീകരിക്കാത്തവർക്ക്



അതുകൊണ്ട് ആരംഭം നമ്മിൽനിന്നാണ്. നമ്മുടെ മേലുള്ള വിധിവാചകത്തിൻമേൽ നമുക്കധികാരവുമുണ്ട്. അങ്ങനെ, വിധിയിലേക്കാനീതരാകുമ്പോൾ ആർക്കും, ഏറ്റം വിവരം കെട്ടവനും, ചെറുതോ വലുതോ ആയ ഒരു പിറുപിറുപ്പിനും അവസരം ഉണ്ടായിരിക്കുകയില്ല. കണക്കു കൊടുക്കേണ്ട നിന്നെ ആശ്രയിച്ചാണ് വിധിവാചകം. 'നീ സ്വയം വിധിച്ച രീതിയിൽ ഞാനും നിന്നെ വിധിക്കുന്നു' എന്ന് അവിടുന്നരുൾചെയ്യും. ഒന്ന് മറ്റതിനു തുല്യമല്ലെങ്കിലും നീ നിന്റെ സഹഭൃത്യനോടു ക്ഷമിച്ചാൽ ഞാനും നിന്നോടു ക്ഷമിക്കും. നീ നിന്റെ ആവശ്യത്തിൽ ക്ഷമിക്കുന്നു; എന്നാൽ ദൈവത്തിന് ഒന്നും ആവശ്യമില്ല. ഒന്ന് നീയും നിന്റെ സഹഭൃത്യനുമായിട്ടാണ്; മറ്റത്, ദൈവവും തന്റെ ദാസനുമായിട്ടും. നിനക്ക് അനേകം തെറ്റുകുറ്റങ്ങളുണ്ട്; എന്നാൽ ദൈവമാകട്ടെ, പാപരഹിതനാണ്. എങ്കിലും അവിടുന്നു തന്റെ ദയാമസൃണമായ കരുണ മനുഷ്യരോടു കാണിക്കുന്നു.

ഇതൊന്നും കൂടാതെ തന്നെ ദൈവത്തിനു നിന്റെ തെറ്റുകളെല്ലാം ക്ഷമിക്കാം. എന്നാൽ ഇതിലും നിനക്കൊരു നേട്ടമുണ്ടാകുവാൻ അവിടുന്നാഗ്രഹിക്കുന്നു. നിന്നിൽ ഉള്ള മൃഗീയത നീക്കിക്കളഞ്ഞ്, കോപം ശമിപ്പിച്ച് നിന്റെ തന്നെ അവയവമായ വ്യക്തിയുമായി ഗാഢബന്ധം ഉറപ്പിച്ച് ജീവിക്കാൻ സ്നേഹത്തിന്റെയും വിനയത്തിന്റെയും നിരവധി അവസരങ്ങൾ എല്ലായിടത്തും അവിടുന്നു നിനക്കു പ്രദാനം ചെയ്യുന്നു. നിനക്കെന്തു പറയാൻ കഴിയും? നിന്റെ അയൽക്കാരനിൽ നിന്ന് തെറ്റായി നിനക്ക് ദോഷം സഹിക്കേണ്ടിവന്നുവോ?—ഇവയെല്ലാം ചെറിയ തെറ്റുകുറ്റങ്ങളല്ലേ? നീതിപൂർവം പ്രവർത്തിച്ചതാണെങ്കിൽ, ആ പ്രവൃത്തി ഒരു കുറ്റമല്ല—നീയും അത്തരം കർമ്മങ്ങൾക്കും അതിനുപരിയായവയ്ക്കും പൊരുതി ലഭിക്കാൻ അടുത്തുവരികയാണല്ലോ. മാപ്പിനു മുമ്പുതന്നെ നീ നിസാരദാനമല്ല പ്രാപിച്ചിരിക്കുന്നത്. നിനക്കൊരു മനുഷ്യാത്മാവുണ്ടെന്നുള്ള അറിവു നിനക്കു കിട്ടി: സൗമ്യമായി പെരുമാറാൻ ഉള്ള പരിശീലനവും നിനക്കു ലഭിച്ചു. നിന്റെ തെറ്റുകുറ്റങ്ങളൊന്നും തന്നെ പരിഗണിക്കപ്പെടുകയില്ല എന്ന വലിയ പ്രതിഫലവും നിന്നെ കാത്തിരിക്കുന്നു.

നമുക്കവകാശം ലഭിച്ചശേഷം നമ്മുടെ രക്ഷയെ നാം ഒറ്റിക്കൊടുത്താൽ നാം അർഹിക്കുന്ന ശിക്ഷ എന്തുതരമായിരിക്കും? നമ്മെ ആശ്രയിക്കുന്ന കാര്യങ്ങളിൽ നാം പരിഗണന കാട്ടുന്നില്ലെങ്കിൽ, മറ്റുള്ളവയിൽ നാം ശ്രവിക്കപ്പെടണം എന്നു പറയാൻ നമുക്കെന്തവകാശമാണുള്ളത്?

10. 'ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്തരുതേ; പിന്നെയോ ദുഷ്ടനിൽ നിന്നു ഞങ്ങളെ രക്ഷിക്കണമെ: എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മേൻ' (മത്താ. 6:13). അവിടുന്ന് ഇവിടെ നമ്മുടെ അരിഷ്ടത വ്യക്തമാക്കുന്നു. നമ്മുടെ അഹങ്കാരത്തെ ശമിപ്പിക്കുന്നു. പോരാട്ടങ്ങളെ നേരിട്ടെതിർക്കാതെ പ്രാർത്ഥനാ

www.malankaralibrary.com



പൂർവം നേരിടാൻ പഠിപ്പിക്കുന്നു. ഇപ്രകാരമാണെങ്കിൽ നമ്മുടെ വിജയം കൂടുതൽ പരിഹാസ്യവുമായിരിക്കും. അതായത് നാം വലിച്ചിഴയ്ക്കപ്പെടുമ്പോൾ കുലീനമായി നില്ക്കണം; നാം വിളിക്കപ്പെടാത്തപ്പോൾ ശാന്തമായിരുന്ന് പോരാട്ടത്തിനുള്ള സമയത്തിനായി കാത്തിരിക്കണം. അങ്ങനെ വ്യാർത്ഥാഭിമാനത്തിൽനിന്നുള്ള സ്വാതന്ത്ര്യവും ആത്മാവിന്റെ കുലീനത്വവും കാണിക്കാൻ നമുക്കു സാധിക്കും.

പിശാചിനെ അവിടുന്ന് ദുഷ്ടൻ എന്നു വിളിക്കുന്നു. അവനെതിരെ സന്ധിയില്ലാത്ത പോരാട്ടം നടത്താൻ അവിടുന്നു കല്പിക്കുന്നു. അവൻ പ്രകൃത്യാ അപ്രകാരമല്ല എന്നു അവിടുന്ന് അതു വഴി വ്യക്തമാക്കുന്നു. പ്രകൃതിയിൽനിന്നുള്ള വസ്തുക്കളിൽ പെട്ടതല്ല ദുഷ്ടത. മറിച്ച് നമ്മുടെ തെരഞ്ഞെടുപ്പുവഴി അതുമായി കൂട്ടിച്ചേർക്കപ്പെട്ടതാണ്. അവൻ അപ്രകാരം വിളിക്കപ്പെടുന്നത് പ്രധാനമായി ദുഷ്ടതയുടെ ആധിക്യം നിമിത്തമാണ്. അതുപോലെ നാം ഒരിക്കലും അവന് ഒരു ദ്രോഹവും ചെയ്യാതിരുന്നിട്ടും അവൻ നമുക്കെതിരെ സന്ധിയില്ലാത്ത പോരാട്ടം നടത്തുന്നതുകൊണ്ടുമാണ്. അതുകൊണ്ട് 'ദുഷ്ടൻമാരിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ' എന്ന് അവിടുന്നു പറഞ്ഞില്ല; പിന്നെയോ. 'ദുഷ്ടനിൽനിന്ന്' എന്നാണു പറഞ്ഞത്. നമ്മുടെ അയൽക്കാർ എന്തുതന്നെ നമുക്കെതിരായി ചെയ്താലും അവർക്കെതിരായി ഒരുതരത്തിലുള്ള നീരസവും നാം പുലർത്തരുതെന്ന് ഇതുവഴി അവിടുന്ന് പ്രബോധിപ്പിക്കുന്നു. നമ്മോടുള്ള എല്ലാതിന്മയുടെയും കാരണക്കാരൻ എന്ന നിലയിൽ നമ്മുടെ വിദ്വേഷം ദുഷ്ടനോടായിരിക്കണം.

നമ്മുടെ ശത്രുവിന്റെ ചിത്രം നമ്മുടെ മനസിൽ കൊണ്ടുവന്ന് നമ്മുടെ വിചാരരാഹിത്യത്തെ ദൂരെയകററിക്കൊണ്ട്, പോരാട്ടത്തിനുമുമ്പുള്ള ഉൽക്കണ്ഠ അവിടുന്നു നമ്മിലുളവാക്കുന്നു. അതിനുശേഷം, നാം സേവനം ചെയ്യുന്ന രാജാവിനെപ്പററിയുള്ള ഓർമ്മ നമ്മിലുളവാക്കിക്കൊണ്ടും അവിടുന്ന് എല്ലാററിനേക്കാളും ശക്തനാണെന്ന് സൂചിപ്പിച്ചുകൊണ്ടും അവിടുന്നു നമ്മെ ധൈര്യപ്പെടുത്തുകയും നമുക്കാത്മധൈര്യം പ്രദാനം ചെയ്കയും ചെയ്യുന്നു. 'എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും നിനക്കുള്ളതാകുന്നു' എന്ന് അവിടുന്ന് അരുൾചെയ്യുന്നു.

രാജ്യം അവിടുത്തേതാണെങ്കിൽ നാം ആരെയും ഭയപ്പെടേണ്ടതില്ല എന്ന് ഇതിൽനിന്നർത്ഥമാകുന്നു. അവനെ എതിർക്കാനാരുമില്ല. മററാർക്കും അവിടുന്നു രാജ്യം പങ്കിട്ടുകൊടുക്കേണ്ട കാര്യമില്ല. 'രാജ്യം നിനക്കുള്ളതാകുന്നു' എന്ന് പറയുമ്പോൾ നമുക്കെതിരായി പോരാടുന്നവനെയും കീഴമർത്തി നമ്മുടെ മുൻപിൽ കൊണ്ടുവരുന്നു. ദൈവം അനുവദിക്കുന്നതിനാൽ അല്പസമയത്തേക്ക് അവൻ ദൈവത്തെ എതിർക്കുന്നു എന്നുമാത്രം. വാസ്തവത്തിൽ അവനും ദൈവത്തിന്റെ ദാസനാണ്. അധ:പതിച്ചതും തെററുചെയ്തതിന്റെ അപരാധമുള്ളതുമായ ഗണത്തിലാണെന്നു മാത്രം.



മുകളിൽ നിന്ന് അനുവാദം ലഭിക്കാതെ തന്റെ സഹദാസന്മാരുടെമേൽ ആക്രമണം നടത്താൻ അവൻ തുനിയുകയില്ല. ''അവന്റെ സഹദാസന്മാർ'' എന്നു ഞാൻ പറയുന്നത് എന്തുകൊണ്ടാണ്? കർത്താവ് അനുവദിക്കുന്നതുവരെ പന്നികൾക്കെതിരായിപ്പോലും ക്രൂരതകാട്ടാൻ അവൻ തുനിഞ്ഞില്ല (ലൂ. 8:32). മുകളിൽ നിന്ന് അനുവാദം ലഭിക്കുന്നതുവരെ കാലിക്കൂട്ടങ്ങളെയും ആട്ടിൻകൂട്ടങ്ങളെയും അവൻ കടന്നാക്രമിച്ചില്ല (ഇയ്യോബ്. 1:12).

''ശക്തിയും'' എന്ന് അവിടുന്നു പറയുന്നു, നിനക്കു നിരവധി ബലഹീനതകളുണ്ടെങ്കിലും ശരിയായി നിനക്ക് ആത്മാവിശ്വാസത്തിനു വകയുണ്ട്. എല്ലാം പൂർണമായി പ്രവർത്തിക്കാനും, അത് ആയാസരഹിതമായി ചെയ്യാനും, നിന്നെക്കൊണ്ടുപോലും ചെയ്യിക്കാനും കഴിവുള്ളയാളാണ് നിന്നെ ഭരിക്കുന്നത്,

''മഹത്വവും എന്നേക്കും, ആമ്മേൻ''. നിന്നെ സമീപിക്കുന്ന അപകടങ്ങളിൽ നിന്നു നിന്നെ വിടുവിക്കാൻ അവിടുന്നു കഴിവുററവനാണ്; എന്നു മാത്രമല്ല, നിന്നെ മഹത്വമണിയിക്കാനും പ്രശസ്തനാക്കാനും അവിടുത്തേയ്ക്ക് കഴിയും. അവിടുത്തെ ശക്തി വലുതാണ്; അതുപോലെ അവാച്യമാണ് അവിടുത്തെ മഹത്വം; അളവില്ലാത്തതും സീമാതീതവുമാണ്. തന്റെ പോരാളിയെ അവിടുന്ന് എപ്രകാരം അഭിഷേകം ചെയ്തിരിക്കുന്നെന്നും പൂർണമായ ആത്മവിശ്വാസത്തോടെ അവനെ രൂപീകരിച്ചെന്നും കാണുക.[1]

1, cfr. ജി. ചേടിയത്ത്, ആദിമസഭാപിതാക്കന്മാർ 1993 പേജ്, 199–223.

www.malankaralibrary.com

# VIII

# വി. ഗ്രിഗറി നീസ്സാ

കപ്പദോഷ്യൻ പിതാക്കന്മാരിൽ ഒരാളായിരുന്ന ഗ്രിഗറി നീസ്സാ(+394) കർതൃപ്രാർത്ഥനയെ അപഗ്രഥിച്ചുകൊണ്ട് അഞ്ച് പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. ഗ്രിഗറിയുടെ പ്രസംഗത്തിൽ ഒരിജൻെറ സ്വാധീനം സുവ്യക്തമാണ്. ഒരിജനുശേഷം ഉടലെടുത്ത ഏററവും വലിയ മിസ്ററിക്കൽ ദൈവശാസ്ത്രജ്ഞൻ ഗ്രിഗറി തന്നെ. പ്രായോഗികമായ സന്മാർഗചിന്തകൾ ഉൾക്കൊള്ളുന്ന പലതും ഗ്രിഗറി തൻെറ കർതൃ പ്രാർത്ഥനയെക്കുറിച്ചുള്ള പ്രസംഗങ്ങളിൽ ഉൾപ്പെടുത്തി. പ്രാർത്ഥനയുടെ ആവശ്യം വ്യക്തമാക്കിക്കൊണ്ട് വിവരണം ആരംഭിക്കുന്നു (ഗ്രിഗറിയുടെ വിശദമായ ജീവചരിത്രത്തിന്, ജി. ചേടിയത്ത്, ആദിമസഭാപിതാക്കൻമാർ, കോട്ടയം, 1993[2], പേ, 318–332 കാണുക)

## കർതൃപ്രാർത്ഥന

### പ്രഭാഷണം ഒന്ന്

ദൈവവചനം പ്രാർത്ഥനയുടെ ശാസ്ത്രം നമ്മെ പഠിപ്പിക്കുന്നു. അർഹരായ ശിഷ്യന്മാർ ദൈവത്തിൻെറ ശ്രദ്ധ നേടുന്നവിധം പ്രാർത്ഥിക്കുന്നതിനു പഠിപ്പിക്കണമെന്ന് താല്പര്യപൂർവ്വം അഭ്യർത്ഥിച്ചപ്പോൾ, പ്രാർത്ഥന ഏതു രൂപത്തിലായിരിക്കണമെന്ന ഈ ശാസ്ത്രം അവർക്കു ലഭിച്ചു. വിശുദ്ധ ലിഖിതങ്ങൾ പ്രസ്താവിക്കുന്നതിനോട് അല്പം കൂട്ടിച്ചേർക്കാൻ ഞാൻ ധൈര്യപ്പെടുകയാണ്. എങ്ങനെ പ്രാർത്ഥിക്കണമെന്നതിനെക്കുറിച്ചല്ല, പ്രത്യുത പ്രാർത്ഥനയുടെ ആവശ്യകതയെക്കുറിച്ചാണു ഇന്നത്തെ സമൂഹത്തിന് പ്രബോധനം ആവശ്യമുള്ളത്. ഒട്ടേറെപ്പേർ ഈ ആവശ്യകത ശരിക്കു ഗ്രഹിച്ചിട്ടുണ്ടാകയില്ല. സത്യത്തിൽ ഭൂരിപക്ഷം ആളുകളും അവരുടെ ജീവിതത്തിൽ പ്രാർത്ഥിക്കുകയെന്ന പരിശുദ്ധവും ദൈവികവുമായ ചുമതല ഉപേക്ഷിക്കുകയാണ്. ശ്ലീഹാ പ്രസ്താവിക്കുന്നതുപോലെ ഒന്നാ



മതായി പ്രാർത്ഥനയിൽ നാം സ്ഥിരതയുള്ളവരായിരിക്കണം. രണ്ടാമതായി കർത്താവിനു നാം അർപ്പിക്കേണ്ട പ്രാർത്ഥന ഏതു രീതിയിലുള്ളതായിരിക്കണമെന്നു നിർദേശിക്കുന്ന ദൈവികസ്വരം ശ്രദ്ധാപൂർവ്വം നാം കേൾക്കണം. മനുഷ്യർ ഐഹികജീവിതത്തിൽ മറെറല്ലാക്കാര്യങ്ങളിലും ശ്രദ്ധയുള്ളവരാണെന്നു ഞാൻ കാണുന്നു. ചിലർ ഇക്കാര്യങ്ങളിലും ചിലർ അക്കാര്യങ്ങളിലും ശ്രദ്ധാലുക്കളാണ്. എന്നാൽ പ്രാർത്ഥനയെന്ന നല്ലകാര്യത്തിൽ ആരും തീക്ഷ്ണത കാണിക്കുന്നില്ല.

വ്യാപാരി അതിരാവിലെതന്നെ എഴുന്നേല്ക്കുന്നു. മററു കടക്കാർക്കു മുമ്പായി കച്ചവടസാധനങ്ങൾ ക്രമപ്പെടുത്തി പ്രദർശിപ്പിക്കുന്നതിനും അങ്ങനെ ഒന്നാമതായി തൻെറ സാധനങ്ങൾ ഉപഭോക്താക്കൾക്ക് സംലഭ്യമാക്കാനും അയാൾ ശ്രദ്ധിക്കുന്നു. വാങ്ങുന്ന ആളും അപ്രകാരം തന്നെ പ്രവർത്തിക്കുന്നു; താൻ ആഗ്രഹിക്കുന്ന സാധനം മറെറാരു വ്യക്തി വാങ്ങുന്നതിൻെറ ഫലമായി നഷ്ടപ്പെടാതിരിക്കുന്നതിനു അയാൾ പ്രത്യേകം ശ്രദ്ധിക്കുന്നു. അതിനാൽ അയാൾ പള്ളിയിൽ പോകാതെ ചന്തയിലേയ്ക്ക് ധൃതിപ്പെട്ടു പോകുന്നു. ഇങ്ങനെ എല്ലാവരും ലാഭം ഉണ്ടാക്കുന്ന കാര്യത്തെക്കുറിച്ച് ഒരുപോലെ ശ്രദ്ധാലുക്കളാണ്. തങ്ങളുടെ അയൽക്കാർക്കു മുമ്പു തന്നെ എത്തേണ്ട സ്ഥലത്ത് എത്തുവാൻ അവർ ജാഗ്രതയുള്ളവരുമാണ്. അങ്ങനെ അവർക്കു താൽപര്യമുള്ള കാര്യങ്ങൾ പ്രാർത്ഥനയുടെ സമയം അപഹരിക്കുന്നു. അതു വ്യാപാരത്തിനുള്ള സമയമായി മാറുന്നു.

കരകൗശല വിദഗ്ദ്ധൻ, പ്രഭാഷകൻ, കോടതി കയറുന്ന ആൾ, ന്യായാധിപൻ—ഇങ്ങനെ എല്ലാവരും അന്നേരമന്നേരമുള്ള തങ്ങളുടെ ജോലികൾക്കുവേണ്ടി ശക്തി മുഴുവനുംതന്നെ വിനിയോഗിക്കുന്നു. പ്രാർത്ഥനയെന്ന കാര്യം അവർ മുഴുവനായും വിസ്മരിക്കുകയും ചെയ്യുന്നു. ദൈവത്തിനു തങ്ങൾ നൽകുന്ന സമയം മററു ജോലികൾക്കുള്ള സമയത്തിൽ നിന്നുള്ള അപഹരണമാണെന്നാണ് അവർ കരുതുന്നത്. താൻ ചെയ്യുന്ന ജോലിയിൽ ദൈവികസഹായം ഒട്ടും ആവശ്യമില്ലെന്നാണ് കരകൗശലവിദഗ്ദ്ധർ വിചാരിക്കുന്നത്. തന്മൂലം അയാൾ പ്രാർത്ഥന ഉപേക്ഷിക്കുന്നു. തനിക്കു കൈകൾ നൽകിയ ദൈവത്തെക്കുറിച്ച് ഓർക്കാതെ തൻെറ കൈകളിൽ അയാൾ സകല പ്രതീക്ഷകളും നിക്ഷേപിച്ചിരിക്കുകയാണ്. അതുപോലെ ശ്രദ്ധാപൂർവം പ്രഭാഷണം തയ്യാറാക്കുന്നവൻ തനിക്കു പ്രഭാഷണശക്തി നൽകിയ ദൈവത്തെക്കുറിച്ച ചിന്തിക്കുന്നില്ല. താൻ സ്വയം ഉൽഭൂതനായി എന്നപോലെ അയാൾ തൻെറയും തൻെറ ശിഷ്യരുടെയും പഠനപദ്ധതികളിൽ മുഴകിക്കഴിയുകയാണ്. ദൈവത്തിൻെറ പ്രവൃത്തിമൂലം നിനക്കു നന്മ കൈവരുമെന്നു അയാൾ തന്മൂലം ഗ്രഹിക്കുന്നില്ല. അതിനാൽ പ്രാർത്ഥനയെക്കാൾ അയാൾക്കു കാര്യപ്പെട്ടത് പഠനമാണ്. മററു തൊഴിലുകളെക്കുറിച്ചും ഇതുതന്നെ പ്രസ്താവിക്കുവാൻ കഴിയും. ഭൗതികവും ലൗകികവുമായ കാര്യങ്ങളിൽ മനസ്സ് ശ്രദ്ധ നിക്ഷേപിക്കുന്നതുമൂലം ആത്മാവിനു കൂടുതൽ നല്ലതും സ്വർഗീയവുമായ

www.malankaralibrary.com



കാര്യങ്ങളിൽ മുഴുകുവാൻ കഴിയാതെപോകുന്നു. ജീവിതം പാപം നിറഞ്ഞതാകുകയാണ്. തൽഫലമായി പാപം എന്നും വളരുകയും മാനുഷികമായ എല്ലാ പ്രവർത്തനങ്ങളിലും കയറിപ്പററുകയും ചെയ്യുന്നു. അതിനാൽ എല്ലാ മനുഷ്യരും ദൈവത്തെ മറന്നുകൊണ്ടിരിക്കുന്നു. അങ്ങനെ, അനുവർത്തിക്കേണ്ട നല്ല കാര്യങ്ങളിൽ ഒന്നായി മനുഷ്യൻ പ്രാർത്ഥനയെ കണക്കാക്കാതെപോകുന്നു. വ്യാപാരത്തോടൊപ്പം അത്യാഗ്രഹവും മനുഷ്യനിൽ പ്രവേശിക്കുന്നു. അത്യാഗ്രഹമാകട്ടെ വിഗ്രഹാരാധനയാണ്.

കർഷകൻ തന്റെ ആവശ്യങ്ങൾക്കനുസൃതമായിട്ടല്ല കൃഷിചെയ്യുന്നത്. അവനു കൂടുതൽ ധനവും ലാഭവും വേണം. അതിനാൽ മററുള്ളവരെ മുതലെടുത്തുകൊണ്ട് തന്റെ സമ്പത്തു വർദ്ധിപ്പിക്കുവാൻ അവൻ ശ്രമിക്കുകയായി. അങ്ങനെ തന്റെ ജോലിയിൽ പാപത്തിനു അവൻ പ്രവേശനം നൽകുന്നു അങ്ങനെ തങ്ങളുടെ വസ്തുക്കളുടെ അതിർത്തികളെക്കുറിച്ച് സമാധാനം കാണാൻ പ്രയാസമുള്ള തർക്കങ്ങൾ വളർത്തുകയായി. ഇവരെല്ലാം അത്യാഗ്രഹമെന്ന ഒരേ രോഗത്താൽ പീഡിതരാണ്. ഇങ്ങനെ ശത്രുത, ദുഷ്ടത, കൈയേററം എന്നിവയിലാരംഭിച്ച് രക്തച്ചൊരിച്ചിലിലും കൊലപാതകത്തിലും അവസാനിക്കാനിടയാകുന്നു. കോടതിയിലെത്തുന്ന വിവാദങ്ങൾ പലവിധ പാപങ്ങൾക്ക് കാരണമാകുകയും അനീതിക്ക് കളമൊരുക്കുകയും ചെയ്യുന്നു. ഉദാഹരണമായി ന്യായാധിപൻ, പ്രതിഫലം നൽകുന്ന ഭാഗത്തേയ്ക്ക് മനഃപൂർവം നീതിയുടെ ത്രാസ്സിനെ താഴ്ത്തുന്നു. അതുമല്ലെങ്കിൽ സത്യത്തെ വളച്ചൊടിക്കുന്നവരുടെ വിദഗ്ദ്ധവാദങ്ങൾക്കടിപ്പെട്ട് അതറിയാതെ ന്യായരഹിതമായി വിധി പ്രസ്താവിക്കുന്നു. മനുഷ്യജീവിതവുമായി ഏതെല്ലാം വിധത്തിൽ പാപങ്ങൾ കുഴഞ്ഞുകിടക്കുന്നുവെന്ന് വിവരിക്കാൻ ആർക്കാണ് സാധിക്കുക ? തങ്ങൾ ചെയ്യുന്ന കാര്യങ്ങൾക്കു ദൈവസഹായം മനുഷ്യർ അപേക്ഷിക്കുന്നില്ലെന്നുള്ളതുമാത്രമാണ് ഇതിന്റെ കാരണം.

ജോലിക്കു മുൻപു പ്രാർത്ഥന ഉണ്ടായാൽ ആത്മാവിൽ പാപം കയറിപ്പററുകയില്ല. കാരണം ദൈവത്തെക്കുറിച്ചുള്ള അവബോധം ഹൃദയത്തിൽ ഉറപ്പായി പ്രതിഷ്ഠിച്ചാൽ പിശാചിന്റെ കെണികൾ വിഫലമാകും. വിവാദപ്രശ്നങ്ങൾ നീതിയ്ക്കനുസൃതമായി തീരുമാനിക്കപ്പെടും. പാപം ചെയ്യുന്നതിൽനിന്ന് പ്രാർത്ഥന കർഷകനെ പ്രതിനിവർത്തിപ്പിക്കുന്നു. ഒരു ചെറുതുണ്ട് ഭൂമിയിൽനിന്നുപോലും അവന്റെ പ്രയത്നത്തിനു കൂടുതൽ ഫലം കിട്ടും. കൂടുതൽ ലഭിക്കാനുള്ള ആഗ്രഹത്തോടുകൂടി പാപം അവനിൽ പ്രവേശിക്കുകയുമില്ല. ഈ തത്ത്വം എല്ലാവർക്കും ബാധകമാണ്. യാത്രക്കാരൻ, പര്യടനത്തിനുവേണ്ടിയോ വിവാഹത്തിനുവേണ്ടിയോ ഒരുങ്ങുന്ന വ്യക്തി, ഇങ്ങനെ എല്ലാവർക്കും ഇതു ബാധകമാണ്. ഒരുവനെന്തെങ്കിലും പ്രവർത്തിക്കാൻ തുനിയുമ്പോൾ പ്രാർത്ഥനാപൂർവ്വം അതു നിർവഹിക്കുന്നപക്ഷം ആ സംരംഭം അഭിവൃദ്ധിപ്പെടും; പാപത്തിൽനിന്ന് അവൻ മാറിനിൽക്കും. അവനെ എതിർക്കുന്നതും ആത്മാ



വിനെ പാപത്തിലേയ്ക്ക് വലിച്ചിഴയ്ക്കുന്നതുമായ കാര്യങ്ങൾ ഒന്നും അപ്പോൾ ഉണ്ടാവുകയില്ല. മറിച്ച്, ഒരുവൻ ദൈവത്തെ വിട്ടകന്ന് തന്റെ കൃത്യങ്ങൾക്കു മാത്രം ശ്രദ്ധ നൽകുന്നെങ്കിൽ അവൻ തീർച്ചയായും ദൈവത്തിനെതിരാണ്. കാരണം അവൻ ദൈവത്തിൽനിന്ന് അകന്നുനിൽക്കുകയാണ്. പ്രാർത്ഥന വഴി ദൈവത്തോട് ഐക്യപ്പെടാത്ത വ്യക്തി ദൈവത്തിൽനിന്നു അകന്നവനാണ്. അതിനാൽ നാം എപ്പോഴും ക്ഷീണം തോന്നാതെ പ്രാർത്ഥിക്കണമെന്ന് പഠിക്കേണ്ടിയിരിക്കുന്നു. (ലൂ.18:1) പ്രാർത്ഥനയുടെ ഫലം ദൈവവുമായുള്ള ഐക്യമാണ്. ദൈവത്തോടുകൂടെ നിൽക്കുന്നവൻ ശത്രുവിൽനിന്നു അകന്നവനാണ്. പ്രാർത്ഥന മുഖേന നാം നമ്മുടെ ചാരിത്ര്യം കാത്തുസൂക്ഷിക്കുന്നു; വികാരക്ഷോഭങ്ങളെ നിയന്ത്രിക്കുന്നു; വ്യർത്ഥാഭിമാനത്തെ അകററുന്നു. പ്രാർത്ഥന ഉപദ്രവങ്ങളെ മറക്കാൻ നമ്മെ സഹായിക്കുന്നു; അസൂയയെ കീഴടക്കുന്നു; അനീതിയെ തോൽപ്പിക്കുകയും പാപത്തിനു പരിഹാരം ചെയ്യുകയും ചെയ്യുന്നു. പ്രാത്ഥന വഴി ശാരീരിക സൗഖ്യവും, സന്തോഷപ്രദമായ ഭവനവും, സുശക്തവും ക്രമീകൃതവുമായ സമൂഹവും നമുക്കു ലഭിക്കുന്നു. പ്രാർത്ഥന നമ്മുടെ രാജ്യത്തെ സുശക്തമാക്കും. യുദ്ധത്തിൽ ജയവും, സമാധാനത്തിൽ സുരക്ഷിതത്വവും അതു നൽകും. അതു ശത്രുക്കളെ രഞ്ജിപ്പിക്കുകയും മിത്രങ്ങളെ കാത്തുപുലർത്തുകയും ചെയ്യുന്നു. പ്രാർത്ഥന കന്യാത്വത്തിന്റെ മുദ്രയും വൈവാഹികജീവിതത്തിലെ വിശ്വസ്തയുടെ ഉറപ്പും ആണ്. യാത്രികനെ അതു സംരക്ഷിക്കും, ഉറങ്ങുന്നവനെ കാത്തുസൂക്ഷിക്കും, ഉറക്കമിളച്ചിരിക്കുന്നവനു ധൈര്യം നൽകും. കർഷകന് നല്ലൊരു വിളവും നാവികന് സുരക്ഷിതമായ തുറമുഖവും പ്രാർത്ഥന പ്രദാനം ചെയ്യുന്നു.

വ്യവഹാരങ്ങളിൽ പ്രാർത്ഥന നിങ്ങളുടെ അഭിഭാഷകനാണ്. കാരാഗൃഹത്തിലെങ്കിൽ നിങ്ങൾക്കതു മോചനകാരണമാകും. ക്ഷീണിതനെങ്കിൽ അതു നിങ്ങൾക്കു ഉന്മേഷവും ദുഃഖത്തിലെങ്കിൽ സമാശ്വാസവും നൽകും. പ്രാർത്ഥന സന്തോഷചിത്തരുടെ ആഹ്ളാദവും പീഡിതരുടെ സമാശ്വാസവുമാണ്. അത് ദമ്പതികളുടെ വിവാഹ കിരീടമാണ്. ജന്മദിനത്തിന്റെ സന്തോഷത്തിമർപ്പാണ്. മരണത്തിൽ നമ്മെ പൊതിയുന്ന കച്ചയുമാണ്.

ദൈവത്തോടുള്ള ഗാഢമായ സമ്പർക്കവും അദൃശ്യമായതിനെക്കുറിച്ചുള്ള ധ്യാനവുമത്രേ പ്രാർത്ഥന. നമ്മുടെ ആന്തരിക ദാഹത്തെ അതു ശമിപ്പിക്കുകയും, നമ്മെ മാലാഖമാർക്ക് തുല്യരാക്കുകയും ചെയ്യുന്നു. അതു മുഖേന നന്മ അഭിവൃദ്ധിപ്പെടുന്നു; തിന്മ നശിപ്പിക്കപ്പെടുന്നു; പാപികൾ മാനസാന്തരപ്പെടുന്നു. ഇപ്പോഴുള്ള വസ്തുക്കളുടെ അസ്വാദനവും വരാനിരിക്കുന്നവയുടെ അന്തസ്സത്തയും ആണ് പ്രാർത്ഥന. പ്രാർത്ഥന യോനാസ്സ് തിമിംഗലത്തെ ഒരു വീടാക്കി മാററി. മരണവക്ത്രത്തിൽനിന്ന് എസക്കിയായെ അതു ജീവനിലേയ്ക്ക് കൊണ്ടുവന്നു. മൂന്നു ബാലന്മാർക്ക് അഗ്നിജ്വാലകളെ അതു കുളിർമ്മ നൽകുന്ന മാരുതനാക്കി

www.malankaralibrary.com



മാററി. പ്രാർത്ഥന മുഖേന ഇസ്രായേൽക്കാർ അമാലേക്യരുടെമേൽ വിജയം നേടി. പ്രാർത്ഥന നിമിത്തം അദൃശ്യമായ ഒരു വാൾ ഒരു രാത്രികൊണ്ട് ഒരു ലക്ഷത്തി എൺപത്തി അയ്യായിരം അസീറിയാക്കാരെ വധിച്ചുകളഞ്ഞു[1] ഈ ജീവിതത്തിലെ വിലയുള്ള കാര്യങ്ങളിൽ പ്രാർത്ഥനയെക്കാൾ വിലയുള്ള യാതൊന്നുമില്ലെന്ന് വ്യക്തമാക്കുന്ന മററനേകം ഉദാഹരണങ്ങൾ ചരിത്രത്തിൽ കാണാം. പ്രാർത്ഥനയെക്കുറിച്ചു മാത്രം പ്രതിപാദിച്ചാൽ കൊള്ളാമെന്നാണു എൻെറ ആഗ്രഹം. പക്ഷേ, മുൻ പ്രസ്താവിച്ചവയോടു അല്പം കൂട്ടിച്ചേർക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവാനുഗ്രഹംമൂലം എത്രമാത്രം വിവിധ നന്മകൾ നാം സ്വീകരിച്ചിട്ടുണ്ടെന്നും, പ്രാർത്ഥനയും കൃതജ്ഞതാപ്രകടനവും വഴി നമ്മുടെ ഉപകർത്താവിന് ആ ദാനങ്ങൾക്കു പ്രതിപകരം നൽകേണ്ടതാണെന്നും നാം പരിഗണിക്കേണ്ടതുണ്ട്.

പ്രാർത്ഥനയും കൃതജ്ഞതാപ്രകടനവും വഴി ദൈവവുമായി നമ്മുടെ ജീവിതം മുഴുവനും അനുസ്യൂതമായ ഐക്യത്തിൽ ചെലവഴിച്ചാലും തക്കതായ പ്രതിപകരം നൽകുന്ന കാര്യത്തിൽ നാം വിദൂരസ്ഥരായിരിക്കും. അനുഗ്രഹദാതാവിനു പ്രതിപകരം നൽകാൻ നാം ആരംഭിച്ചില്ലെന്നുതന്നെയായിരിക്കും അപ്പോഴത്തേയും നില.

സമയത്തെ ഭൂതം, ഭാവി, വർത്തമാനം എന്നിങ്ങനെ വേർതിരിച്ചു നാം അളക്കുന്നു. ഇവ മൂന്നിലും കർത്താവു നമുക്കു ധാരാളം അനുഗ്രഹങ്ങൾ നൽകുന്നു. വർത്തമാനകാലത്തെ പരിഗണിച്ചു നോക്കൂ ! അവിടുന്നു മുഖേനയാണു നാം ജീവിക്കുന്നത്. ഭൂതകാലത്തെക്കുറിച്ചാണെങ്കിൽ, അവിടുന്നു നിങ്ങളെ സൃഷ്ടിക്കുന്നതിനു മുൻപ് നിങ്ങളില്ലായിരുന്നുവെന്നു ബോദ്ധ്യപ്പെടും. ഭാവിയെ സംബന്ധിച്ചാണെങ്കിൽ, നിങ്ങളുടെ പ്രതീക്ഷകളെല്ലാം സഫലമാകുമെന്നുള്ള പ്രത്യാശയുടെ അടിസ്ഥാനം അവിടുന്നാണ്. നിങ്ങളുടെ ജനനംതന്നെ അവിടുത്തെ പക്കൽനിന്നുള്ള ദാനം ആയിട്ടാണു നിങ്ങൾ സ്വീകരിച്ചിട്ടുള്ളത്. ജനിച്ചു കഴിഞ്ഞപ്പോൾ വേറൊരു ദാനം അവിടുന്നു നൽകി. വി. ശ്ലീഹാ പ്രസ്താവിക്കുന്നതുപോലെ നിങ്ങൾ അവനിൽ ജീവിക്കുകയും ചരിക്കുകയും ചെയ്യേണ്ടതിനുതന്നെ. ഭാവിയെക്കുറിച്ചു നിങ്ങൾക്കുള്ള പ്രതീക്ഷയും ആ ദൈവിക പ്രവൃത്തിയെ ആശ്രയിച്ചാണിരിക്കുന്നത്. അതിനാൽ ജീവിതകാലം മുഴുവനും ദൈവത്തിനു കൃതജ്ഞത നൽകിയാലും, വർത്തമാനകാലത്തെ അനുഗ്രഹങ്ങൾക്കുതന്നെ പ്രതിപകരമായി അതു മതിയാകയില്ല. ഭാവിയേയും ഭൂതകാലത്തേയും സംബന്ധിച്ചിടത്തോളം അവിടുത്തേയ്ക്കു നൽകേണ്ടതു നൽകുവാൻ നിങ്ങൾ മാർഗം കണ്ടെത്തുകയില്ല.

ശരിയായ രീതിയിൽ അവിടത്തേയ്ക്കു നന്ദി പ്രകടിപ്പിക്കുവാൻ നമുക്കു സാധ്യമല്ലെങ്കിലും ദൈവശുശ്രൂഷയ്ക്കു ദിവസത്തിൻെറ ഒരു ചെറിയ ഭാഗമെ

1. യോന. 2; 2 രാജാ. 20: 2ff; ദാനി. 3:24ff; പുറ. 17:11ff; 2 രാജാ. 14:14–35.



ങ്കിലും അർപ്പിച്ചുകൊണ്ട് നമ്മുടെ കഴിവനുസരിച്ചു ഈ നല്ല നിയോഗം നാം കാണിക്കുന്നില്ല. ദിവസം മുഴുവൻ അർപ്പിക്കണമെന്നു ഞാൻ പറയുന്നില്ല.

എൻെറ പാദത്തിൻ കീഴിൽ ഭൂമിയെ വിരിച്ചൊരുക്കിയത് ആരാണ്? ആരുടെ ജ്ഞാനമാണ് വെള്ളം ലഭ്യമാക്കിയത്? വാനമേലാപ്പ് ആരുടെ കരകൗശലമാണ്? പ്രകാശനാളംപോലെ ആര് സൂര്യനെ എനിക്കുമുമ്പേ വഹിക്കുന്നു? മലഞ്ചരിവുകളിൽനിന്ന്, അരുവികൾ ഉത്ഭവിക്കുവാൻ ആരാണു കാരണം? നദികൾക്കു അവയുടെ തീരങ്ങൾ ആരു നൽകി? എൻെറ സേവനത്തിനു ആരു മൃഗങ്ങളെ കീഴ്പ്പെടുത്തി? ജീവരഹിതമായി ധൂളിയായിരുന്നപ്പോൾ എനിക്ക് ആരാണ് ജീവനും മനസ്സും നൽകിയത്? ദൈവികഛായയിലേക്ക് ഈ കളിമണ്ണിനെ ആരാണു രൂപപ്പെടുത്തിയത്? ഈ ദൈവികഛായ പാപംമൂലം വികൃതമായപ്പോൾ അവിടുന്ന് അതിനെ അതിൻെറ പഴയ സൗന്ദര്യത്തിലേയ്ക്ക് ഉദ്ധരിച്ചില്ലേ? പറുദീസായിൽ നിന്നു ഞാൻ ബഹിഷ്കൃതനായപ്പോൾ, ജീവൻെറ വൃക്ഷം എനിക്കു നഷ്ടപ്പെട്ടപ്പോൾ, ഭൗതികകാര്യങ്ങളിൽ ഞാൻ ആമഗ്നനായപ്പോൾ, മനുഷ്യൻെറ പ്രഥമസൗഭാഗ്യസ്ഥിതിയിലേയ്ക്കു എന്നെ തിരിച്ചുകൊണ്ടുവന്നത് അവിടുന്നല്ലേ? 'ഗ്രഹിക്കുന്ന യാതൊരുവനുമില്ല' എന്ന് വി. ലിഖിതം പ്രസ്താവിക്കുന്നു (റോമ. 3:11).

ഇക്കാര്യങ്ങളെല്ലാം നാം പരിഗണിച്ചിരുന്നുവെങ്കിൽ, ജീവിതകാലം മുഴുവനും നാം അനുസ്യൂതം നന്ദി പ്രകടിപ്പിച്ചേനെ. എന്നാൽ, യാഥാർത്ഥ്യമെന്ത്? മനുഷ്യപ്രകൃതി ഭൗതികകാര്യങ്ങളുടെ പിന്നാലെ നെട്ടോട്ടം ഓടുകയാണ്. ഭൗതികവസ്തുക്കളെക്കുറിച്ചുള്ള ഓർമ്മയിലും പ്രതീക്ഷയിലും മുഴുകി അവയുടെ പിന്നാലെ പായുവാൻ മനുഷ്യപ്രകൃതി ആവേശംപൂണ്ടു നിൽക്കുന്നു. എവിടെയെങ്കിലും അല്പമായ ആദായത്തിനു സാധ്യതയുണ്ടെങ്കിൽ, കൂടുതൽ കൂടുതൽ ലഭിക്കാനുള്ള ആഗ്രഹത്തിൽ മനുഷ്യസ്വഭാവം വിശ്രമമില്ലാതെ പണിയെടുക്കുകയാണ്. ബഹുമാനം, കീർത്തി, വമ്പിച്ച ധനം, ജഡികാസക്തിയെന്ന രോഗം, ഇവയുടെ പ്രശ്നം വരട്ടെ, മനുഷ്യപ്രകൃതി ഇവയിലെല്ലാം വർദ്ധനയാണ് ആഗ്രഹിക്കുക. എന്നാൽ ഗോചരമായവയും വാഗ്ദാനം ചെയ്യപ്പെട്ടവയുമായ ദൈവത്തിൻെറ നല്ല കാര്യങ്ങളെക്കുറിച്ച മനുഷ്യൻ ചിന്തിക്കുന്നില്ല. പ്രാർത്ഥനയിൽ നാമുപയോഗിക്കുന്ന വാക്കുകളെക്കുറിച്ചു കഴിവനുസരിച്ച നമുക്കു ഇനി പരിചിന്തനം ചെയ്യാം

നമ്മുടെ ആഗ്രഹങ്ങൾ സാധിച്ചുകിട്ടണമെങ്കിൽ എങ്ങനെയാണു പ്രാർത്ഥിക്കേണ്ടതെന്നു നാം പഠിക്കേണ്ടതുണ്ട്. 'നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ പുറജാതികളെപ്പോലെ അതിഭാഷണം ചെയ്യരുത്. അതിഭാഷണംമൂലം കേൾക്കപ്പെടുമെന്നാണല്ലോ അവർ കരുതുന്നത് (മത്താ. 6:7). ഈ പ്രബോധനത്തിൻെറ അർത്ഥം സുവ്യക്തമാണ്. ലളിതമായ ഭാഷയാണു ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. ഇതിൻെറ അർത്ഥം ഗ്രഹിക്ക

www.malankaralibrary.com



വാൻ പഠിപ്പൊന്നും ആവശ്യമില്ല. അതിനാൽ അതിഭാഷണമെന്നതിനെക്കുറിച്ചു മാത്രം നാം ചർച്ച ചെയ്താൽ മതിയാകും. അങ്ങനെ അതിന്റെ അർത്ഥം ഗ്രഹിച്ച് വിലക്കപ്പെട്ടത് നമുക്ക് ഒഴിവാക്കാൻ സാധിക്കും. പൊള്ളയായ മനസുള്ളവരെയും വ്യർത്ഥമായ ആഗ്രഹങ്ങളിൽ മുഴുകിക്കിടക്കുന്നവരെയും അവിടുന്ന് ശകാരിക്കുകയാണെന്ന് എനിക്കു തോന്നുന്നു. ഉപയോഗശൂന്യമായ കാര്യങ്ങളിൽ പരക്കംപാഞ്ഞ് തങ്ങളുടെ ആഗ്രഹങ്ങളെ സംതൃപ്തമാക്കാൻ ശ്രമിക്കുന്ന ഭോഷരായ ആളുകളെ ഭത്സിക്കുവാൻ ഈ പദം ക്രിസ്തുനാഥൻ ഉപയോഗിക്കുകയാണുണ്ടായത്. ഗ്രീക്ക് സുവിശേഷത്തിൽ 'ബററലോഗിയാ' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ലോഗോസ് എന്ന ഗ്രീക്കു വാക്കിന് ഉപയോഗവും അർത്ഥവുമുള്ള കാര്യങ്ങളെ സൂചിപ്പിക്കുന്ന വാക്ക് അഥവാ 'വചനം' എന്നാണർത്ഥം. കഴമ്പില്ലാത്ത സന്തോഷങ്ങൾക്കുവേണ്ടി വ്യർത്ഥമായ ആഗ്രഹങ്ങൾ മൂലം പുറപ്പെടുവിക്കുന്ന വാക്കുകൾ മുഖേനയുള്ള അതിഭാഷണമാണ് ബററലോഗിയാ. ഈ പദത്തിന്റെ അർത്ഥം നല്ല ഗ്രീക്കിൽ പറഞ്ഞാൽ അർത്ഥമില്ലാത്തത് (ഫിലായാരിയാ) എന്നോ പൊങ്ങച്ചം (ലേറോസ്) എന്നോ വായാടിത്തം (ഫ്ളെനാഫോസ്) എന്നോ ആണ്.

അതിനാൽ മേലുദ്ധരിച്ച വാക്യങ്ങളുടെ അർത്ഥം എന്താണ്? ഭോഷന്മാരുടെ മനസ്സിൽ ലൗകികവികാരങ്ങൾ മുഖേന ഉളവാകുന്ന കാര്യങ്ങൾ പ്രാർത്ഥിക്കുമ്പോൾ നമ്മുടെ മനസ്സിൽ കയറിപ്പററാൻ ഇടയാകരുത്. ഉദാഹരണമായി പക്വത പ്രാപിച്ചിട്ടില്ലാത്ത ആളുകൾ തങ്ങൾ വിഭാവന ചെയ്യുന്ന കാര്യങ്ങൾ സംഭവ്യമാണോ എന്നു ചിന്തിക്കുന്നില്ല. അവ തങ്ങളുടെ ജീവിതത്തിൽ ഉണ്ടാകാൻ തങ്ങൾ യോഗ്യരാണെന്ന് അവർ കരുതുന്നു. സമ്പൽസമൃദ്ധിയെക്കുറിച്ചും വിവാഹത്തെക്കുറിച്ചും എല്ലാം അവർ ദിവാസ്വപ്നത്തിൽ മുഴുകും. തങ്ങളുടെ നാമധേയം വഹിക്കുന്ന വൻനഗരങ്ങളും രാജ്യങ്ങളും അവർ സ്വപ്നം കാണും. അവരുടെ ബാലിശമായ ആശയങ്ങൾക്കൊത്ത ഒരു സ്ഥിതിയിലാണ് തങ്ങളെന്ന് അവർ സങ്കൽപ്പിക്കും.

ഈ ഭോഷത്തത്തിൽ ഇതിലേറെ കുടുങ്ങിക്കിടക്കുന്ന ആളുകളും ഉണ്ട്. പ്രകൃതിയുടെ അതിർത്തികളെല്ലാം ലംഘിച്ചുകൊണ്ട് ചിറകുകളിൽ പറക്കുകയോ താരകങ്ങളെപ്പോലെ പ്രശോഭിക്കുകയോ പർവതങ്ങളെ കൈയിൽ എടുത്ത് അമ്മാനമാടുകയോ അവർ ചെയ്യും. ആകാശത്തിൽക്കൂടി അവർ സഞ്ചരിക്കും. വയസുകാലത്ത് വീണ്ടും യൗവനം പ്രാപിച്ച് അനേകമനേകം സംവത്സരങ്ങൾ അവർ ജീവിച്ചിരിക്കും. ഉൾക്കഴമ്പില്ലാത്ത മനസ്സുകളിൽ പിന്നെയും പിന്നെയും അനേകമനേകം ഭാവനയുടെ കുമിളകൾ പൊന്തിവരും. ഒരു ജോലിയിൽ ഏർപ്പെട്ടിരിക്കുന്നയാൾ അതിൽനിന്നും ഉളവാകുന്ന സൽഫലങ്ങളെക്കുറിച്ചു പരിഗണിക്കാതെ അപഹാസ്യമായ ഭാവനകളിൽ മുഴുകുന്നുവെന്ന് വിചാരിക്കുക. ഉപയോഗപ്രദമായ കാര്യം ചെയ്യേണ്ട സമയം ഇങ്ങനെയുള്ള പകൽക്കിനാവുകളിൽ ചെലവഴിച്ച് അവൻ തന്നെത്തന്നെ വിഡ്ഢിയാക്കുകയാണ്. അപ്രകാരംതന്നെ ഒരുവൻ



തന്റെ ആത്മാവിന് നേട്ടം ഉണ്ടാക്കുന്നതിനെക്കുറിച്ച് ശ്രദ്ധിക്കാതെ പ്രാർത്ഥനയുടെ സമയം ചെലവഴിക്കുന്നുവെന്ന് വിചാരിക്കുക. തന്റെ മനസ്സിന്റെ വികാരപരമായ അവ്യക്തതകളോട് ദൈവം യോജിച്ചുപോകണമെന്ന് ആഗ്രഹിക്കുന്നവനാണ് അവൻ. അവൻ തീർച്ചയായും ബററലോഗോസുകാരൻ അഥവാ കഴമ്പില്ലാത്ത അമിതഭാഷണക്കാരനാണ്. തന്റെ തലതിരിഞ്ഞ ആശയങ്ങൾക്കനുസൃതമായി പെരുമാറുന്ന ഒരാളാകണം ദൈവമെന്നാണ് അവൻ പ്രാർത്ഥിക്കുന്നത്.

ഒരുദാഹരണം പറയാം. പ്രാർത്ഥനയിൽക്കൂടി ഒരുവൻ ദൈവത്തെ സമീപിക്കുന്നു. താൻ സംഭാഷണം ചെയ്യുന്ന ദൈവത്തിന്റെ മഹോന്നതമായ സ്ഥാനത്തെ ആദരിക്കാതെ വെറും താണനിലവാരത്തിലുള്ള അപേക്ഷകൾ മാത്രംകൊണ്ടു അവൻ അവിടുത്തെ രാജകീയ പ്രാഭവത്തെ നിന്ദിക്കുന്നു. സമ്പത്തും ബഹുമതിയും വിതരണം ചെയ്യുവാൻ തീരുമാനിച്ച ഒരു രാജാവിനെ സമീപിച്ച പാവപ്പെട്ടവനും വിദ്യാഹീനനുമായ ഒരു മനുഷ്യന്റെ കഥ ഇതാ. അയാൾക്ക് ലോകത്തിൽ ഏററവും വിലപ്പെട്ടതായി തോന്നിയത് മൺപാത്രങ്ങളാണ്. രാജാവിന്റെ സ്ഥിതിക്കനുയോജ്യമായ അപേക്ഷ അയാൾ നടത്തിയില്ല. താനാഗ്രഹിക്കുന്ന വിധത്തിൽ കളിമണ്ണുകൊണ്ട് ഒരു പാത്രം മെനഞ്ഞെടുത്ത് നൽകുവാനാണയാൾ അപേക്ഷിച്ചത്. ഇപ്രകാരംതന്നെ പ്രാർത്ഥനയെക്കുറിച്ച് ശരിയായി അറിഞ്ഞുകൂടാത്ത ഒരാൾ പ്രാർത്ഥിക്കുകയാണെങ്കിൽ അയാൾ ദാതാവായ ദൈവത്തിന്റെ സന്നിധിയിലേക്ക് തന്നെത്തന്നെ ഉയർത്തുകയല്ല, നേരേമറിച്ച് തന്റെ തന്നെ ആഗ്രഹങ്ങളുടെ ലൗകികവും നികൃഷ്ടവുമായ തലത്തിലേയ്ക്ക് ദൈവികശക്തി ഇറങ്ങിവരണമെന്നു ആഗ്രഹിക്കുകയാണ്. ഹൃദയത്തിന്റെ അഗാധങ്ങളിൽ ഉള്ളതുപോലും കാണുന്ന ദൈവത്തിന് ശിക്ഷണമില്ലാത്ത അഭിലാഷങ്ങളാണ് അവൻ സമർപ്പിക്കുക. തന്റെ മനസ്സിന്റെ വഷളായ നീക്കങ്ങളെ മാററി സുഖപ്പെടുത്തണമെന്നല്ല, പ്രത്യുത, അവയെ കൂടുതൽ വഷളാക്കണം; മലിനമായ ആഗ്രഹങ്ങൾ ദൈവസഹായംമൂലം സഫലമാകണം, എന്നാണ് അവനഭിലഷിക്കുക. എന്നെ ഒരുവൻ നൊമ്പരപ്പെടുത്തുന്നതുകൊണ്ട് എന്റെ ഹൃദയം അവനെ ദ്വേഷിക്കുന്നു. ഞാൻ നിലവിളിച്ചുതന്നെ പറയുന്നു, അവനെ തകർക്കുക. എന്റെ വികാരം നിന്നിലുളവാകട്ടെ. എന്റെ ദുഷ്ടത നിന്നിലേയ്ക്കും പകരട്ടെ. മനുഷ്യർ തമ്മിലുള്ള പോരാട്ടത്തിൽ പോരാടുന്നവരിൽ ഒരുവന് തന്റെ എതിരാളിയോടുള്ള തീക്ഷ്ണമായ കോപത്തിൽ പങ്കുചേരാതെ ഒരു മൂന്നാമന് ഏതെങ്കിലും കക്ഷിയെ സഹായിക്കാൻ സാധിക്കുകയില്ല. അതുപോലെ തന്നെയാണ് ഒരുവൻ തന്റെ ശത്രുവിനെ അമർത്തുവാൻ ദൈവത്തോടപേക്ഷിക്കുമ്പോഴുള്ള അവസ്ഥ. തന്റെ കോപവികാരങ്ങളിൽ പങ്കുചേരുവാൻ അവനപ്പോൾ ദൈവത്തോടപേക്ഷിക്കുകയാണ്. അതിന്റെ അർത്ഥം ദൈവം വികാരാധീനനാകണമെന്നും, മാനുഷികരീതിയിൽ പെരുമാറി തന്റെ സ്വാഭാവിക നന്മയിൽ നിന്ന് വ്യതിചലിച്ച്, മൃഗീയമായ ക്രൂരതയോടെ വർത്തിക്കണമെന്നുമാണ്.

www.malankaralibrary.com



കീർത്തിയുടെയും ജഡഭോഗത്തിൻെറയും പിന്നാലെ പരക്കം പായുന്നവൻെറ പെരുമാററം ഇങ്ങനെയാണ്. വ്യവഹാരം ജയിക്കാൻ പാടുപെടുന്നവരും, കളികളിൽ കിരീടമണിയാൻ ശ്രമിക്കുന്നവരും, നാടകലോകത്തിൽ പേരും പെരുമയും ആഗ്രഹിക്കുന്നവരും, യൗവനത്തിൻെറ ഭ്രാന്തുപിടിച്ച വികാരങ്ങളിൽ മുഴകിയവരും ഒക്കെ ഇങ്ങനെയാണ് പെരുമാറുന്നത്. തങ്ങളെ അടിമകളാക്കി വച്ചുകൊണ്ടിരിക്കുന്ന രോഗങ്ങളിൽനിന്ന് വിമോചിക്കുവാനല്ല. നേരെമറിച്ച് ആ രോഗങ്ങളെ പൂർണതയുള്ളവയാക്കണമെന്നാണ് അവർ പ്രാർത്ഥിക്കുക. ഇത് ലഭിക്കാത്ത പക്ഷം അത് ഒരു നാശമായി അവരിൽ ഓരോരുത്തനും കണക്കാക്കുകയും ചെയ്യും. അർത്ഥശൂന്യമായ അതിഭാഷണം മുഖേന ഈ മാനസിക രോഗത്തിൽ പങ്കുകൊള്ളാൻ അവർ ദൈവത്തോടപേക്ഷിക്കുന്നു. പരസ്പര വിരുദ്ധതയിലേക്കു ദൈവം നീങ്ങണം. ദൈവികശക്തി ക്രൂരതയും, സ്നേഹസമന്വിതമായ കരുണയും ആയി വിഭജിക്കപ്പെടണം. ഇതാണവരുടെ ആഗ്രഹം. തങ്ങളോടു ദൈവം ശാന്തതയും കരുണയുമുള്ളവനായിരിക്കണം, അതേസമയം തങ്ങളുടെ ശത്രുക്കളോടു ദയാരഹിതനും പകയുള്ളവനും ആയിരിക്കണം. ഓ, വായാടികളുടെ ഭോഷത്തം ! ദൈവം നിങ്ങളുടെ ശത്രുക്കളോടു കാഠിന്യമുള്ളവനാണെങ്കിൽ നിങ്ങളോടു ദയയുള്ളവനായിരിക്കയില്ല. ദൈവം നിങ്ങളോടു കരുണ കാണിക്കണമെന്ന നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ മററുള്ളവരുടെ കാര്യത്തിൽ അവിടത്തേക്കു പക കാണിക്കാനൊക്കുമോ ?

വിവാദതൽപരരായവർ ഈ വാദം മുൻകൂട്ടികണ്ടു തങ്ങളുടെ പകയെ സാധൂകരിക്കാൻ പ്രവചനങ്ങളിൽ നിന്നും മററുമുള്ള ഭാഗങ്ങൾ ചികഞ്ഞു പെറുക്കിക്കൊണ്ടുവരും. തൻെറ ശത്രുക്കൾ നശിക്കുന്നതിനും ലജ്ജിതരാകുന്നതിനും ദാവീദുപ്രവാചകൻ ആഗ്രഹിക്കുന്നു. 'തൻെറ ശത്രുക്കളോടു ദൈവം പകരം വീട്ടണമെന്നു യിരെമ്യാവു പ്രാർത്ഥിക്കുന്നു (10:25) തൻെറ ശത്രുക്കൾക്കു സന്താനരഹിതമായ ഗർഭപാത്രവും പാൽ ചുരത്താത്ത സ്തനങ്ങളും നൽകണമെന്ന് ഹോശിയ അപേക്ഷിക്കുന്നു (9:14). വേദപുസ്തകത്തിൽനിന്ന് അനവധി വാചകങ്ങൾ നിരത്തിവച്ചു തൻെറ ശത്രുക്കൾക്കെതിരായി ഒരുവൻ പ്രാർത്ഥിക്കണമെന്നും ദൈവത്തിൻെറ കരുണ തങ്ങളുടെ പകയിൽ സഹകരിക്കണമെന്നും അവർ തെളിയിക്കാൻ നോക്കും. ഈ വായാടികളെ നിലയ്ക്കു നിറുത്താൻ നാം ഈ വിഷയം സവിസ്തരം പ്രതിപാദിക്കാൻ പോകയാണ്.

പരിശുദ്ധാത്മപ്രചോദിതരായ വിശുദ്ധരുടെ സൂക്തങ്ങൾ പിൻതലമുറകളുടെ പഠനത്തിനുവേണ്ടി വേദപുസ്തകത്തിൽ ചേർത്തിട്ടുള്ളത് നാം വായിക്കുന്നുണ്ട്. അവയിലൊന്നുംതന്നെ തിന്മ ആഗ്രഹിക്കുന്നില്ല. അവരുടെ ലക്ഷ്യമാകട്ടെ മനുഷ്യപ്രകൃതിയുടെമേൽ ആധിപത്യം ചെലുത്തുന്ന തിന്മയെ തിരുത്തുകവഴി ആളുകൾ ഉപേക്ഷിക്കണമെന്നുള്ളതു മാത്രമായിരുന്നു. രോഗികളോ, ദരിദ്രരോ ഇല്ലാതിരിക്കണമെന്നു പ്രാർത്ഥിക്കുന്നവൻ അങ്ങനെയുള്ളവരെയെല്ലാം ഉൻമൂലനം ചെയ്യണമെന്നല്ല



ല്ലോ പ്രാർത്ഥിക്കുന്നത്; നേരെമറിച്ചു അവരുടെ രോഗവും ദാരിദ്ര്യവും മാറണമെന്നു മാത്രമാണ്. ഇതുപോലെതന്നെയാണു വിശുദ്ധരുടെ കാര്യത്തിലും നാം കാണുന്നത്. മനുഷ്യപ്രകൃതിക്കു പൂർണ വിരുദ്ധമായതിനെ ഇല്ലാതാക്കണമെന്നു മാത്രമാണവർ അപേക്ഷിക്കുന്നത്. ശരിയായ അറിവില്ലാത്തവരാകട്ടെ, വിശുദ്ധർ മററുള്ളവരോടു കോപവും പകയും വച്ചു പുലർത്തിയിരുന്നെന്നു കരുതുകയാണ്.

സങ്കീർത്തകൻ പ്രസ്താവിക്കുന്നു: 'പാപികൾ ഭൂമിയിൽ അവസാനിക്കട്ടെ ദുഷ്ടൻമാർ ഇല്ലാതെയാകട്ടെ' (104:35). പാപവും അനീതിയും നശിക്കണമെന്നു മാത്രമാണ് അദ്ദേഹം ഉദ്ദേശിക്കുന്നത്. കാരണം, മനുഷ്യൻ മനുഷ്യൻെറ ശത്രുവല്ല. പക്ഷേ മനുഷ്യപ്രകൃതിയിൽ കലർന്നുപോയ തിൻമകൾ ശത്രുക്കളെപ്പോലെ മനുഷ്യമനസ്സിൽ അണിനിരക്കുന്നു. തിൻമ ഇല്ലാതാകണമെന്നു ദാവീദു പ്രാർത്ഥിക്കുമ്പോൾ മനുഷ്യൻ ഏതോ തിൻമയാണെന്ന് അദ്ദേഹം അർത്ഥമാക്കുന്നില്ല. നൻമയുടെ സാദൃശ്യം എങ്ങനെ തിൻമയാകും ? അതിനാൽ തൻെറ ശത്രുക്കളുടെമേൽ നാശവും ലജ്ജയും ഇറങ്ങുന്നതിനുവേണ്ടി അദ്ദേഹം പ്രാർത്ഥിക്കുമ്പോൾ, മനുഷ്യജീവിതത്തിനെതിരായി യുദ്ധം ചെയ്യുവാൻ അദൃശ്യനായ ആ ദുഷ്ടൻെറ പക്കൽ നിന്നെത്തുന്ന ശത്രുവ്യൂഹത്തെ അദ്ദേഹം നമുക്കു കാണിച്ചു തരികയാണ്. വി. പൗലോസ് ഇതു കൂടുതൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്: 'എന്തുകൊണ്ടെന്നാൽ നിങ്ങളുടെ യുദ്ധം ശരീരത്തോടും, രക്തത്തോടുമല്ല, പ്രഭുത്വങ്ങളോടും, അധികാരികളോടും, അന്ധകാരമയമായ ഈ ലോകത്തെ കീഴടക്കിയിരിക്കുന്നവരോടും ആകാശത്തിൻകീഴുള്ള ദുരാത്മാക്കളോടുമാകുന്നു (എഫേ. 6:12). കോപാവേശത്തിനുള്ള സന്ദർഭങ്ങൾ, ജഡമോഹങ്ങൾക്കുള്ള ആകർഷണങ്ങൾ, അസൂയയ്ക്കും വിദ്വേഷത്തിനും അഹങ്കാരത്തിനുമുള്ള കാര്യങ്ങൾ, എന്നിങ്ങനെ നാനാതരത്തിൽ മനുഷ്യരെ പാപത്തിൽ വീഴിക്കുവാനുള്ള മാർഗങ്ങൾ കണ്ടുപിടിക്കുന്നതിനു പിശാചു ഗൂഢാലോചനകൾ നടത്തുന്നുണ്ട്. ദാവീദു തൻെറ ശത്രുക്കൾക്കെതിരായി പ്രാർത്ഥിക്കുമ്പോൾ, എല്ലാ മനുഷ്യരുടെയും ആത്മാവിനെതിരായി ചതിവോടെ ആക്രമണം നടത്തുന്ന ഇവയെ ഇല്ലാതാക്കാനും ലജ്ജിപ്പിക്കാനുമാണു പ്രാർത്ഥിക്കുന്നതു്.

യുദ്ധത്തിൽ തോൽവിയടഞ്ഞവൻ ലജ്ജിക്കും, വിജയിച്ചവനു മഹത്വവുമുണ്ടാകും. ശത്രു അപ്പോഴും ഇല്ലാതാകുന്നില്ല. 'എൻെറ ആത്മാവിനെ പിൻതുടരുന്നവർക്കു ലജ്ജയും അപമാനവും വരട്ടെ' എന്നു ദാവീദു പ്രാർത്ഥിക്കുന്നുണ്ട് (സങ്കീ. 35:4). തനിക്കു സാമ്പത്തികനഷ്ടം ഉളവാക്കാൻ ഗൂഢാലോചന നടത്തുന്നവർക്കോ, രാജ്യത്തിൻെറ അതിർത്തികളെ ചോദ്യം ചെയ്യുന്നവർക്കോ, തന്നെ ശാരീരികമായി ഉപദ്രവിക്കാൻ പദ്ധതി തയ്യാറാക്കുന്നവർക്കോ, എതിരായി ശാപവാക്കുകൾ അദ്ദേഹം ഉച്ചരിക്കുന്നില്ല. തൻെറ ആത്മാവിനെതിരായി ദുഷ്ടോദ്ദേശ്യമുള്ളവരെയാണ് അദ്ദേഹം ഭർത്സിക്കുന്നത്. ദൈവവുമായുള്ള തെററിപ്പിരിയലല്ലാതെ ആത്മാ

www.malankaralibrary.com



വിനെതിരായ ദുഷ്ടോദ്ദേശ്യം മറെറന്താണ്? ദുർവികാരങ്ങൾ അടിപ്പെടുത്തിയ ഒരു മനസ്സുമുഖേനയല്ലാതെ ആത്മാവിനെ ദൈവത്തിൽനിന്നകററുക സാദ്ധ്യമല്ല. ദൈവസ്വഭാവം വികാര രാഹിത്യമുള്ളതാണ്. സദാ ദോഷവികാരങ്ങളിൽ കുടുങ്ങിക്കിടക്കുന്നവൻ ദൈവവുമായുള്ള ഐക്യത്തിൽനിന്നു വിലക്കപ്പെട്ടവനാണ്. ഇങ്ങനെ സംഭവിക്കാതിരിക്കുന്നതിനാണ് സങ്കീർത്തകൻ തന്റെ ശത്രുക്കളുടെ നാശത്തിനുവേണ്ടി പ്രാർത്ഥിക്കുന്നത് എന്നു പറഞ്ഞാൽ ശത്രുക്കളുടെ മേലുള്ള വിജയത്തിനുവേണ്ടിതന്നെ. ഈ ശത്രുക്കളാകട്ടെ ദുർവികാരങ്ങളാണ്. ദൈവത്തോടുള്ള തീക്ഷ്ണസ്നേഹം നിമിത്തം യെരെമിയാ ഇപ്രകാരംതന്നെ ചെയ്തു. അന്നത്തെ രാജാവും അയാളുടെ പ്രജകളും കടുത്ത വിഗ്രഹാരാധനയിൽ ഉൾപ്പെട്ടപ്പോൾ സ്വന്തം പീഡകളെപ്പററി അദ്ദേഹം ചിന്തിച്ചില്ല. ദൈവത്തെ വിട്ടകന്നവർക്കെതിരായി സംസാരിച്ചുകൊണ്ടു അവരിൽ വിവേകമുണർത്താനും അങ്ങനെ പൊതുനന്മ സാധിക്കാനും അദ്ദേഹം പ്രാർത്ഥിച്ചു.

ഇങ്ങനെതന്നെ ഹോശിയാ ദീർഘദർശിയുടെ കാര്യവും. അന്നത്തെ ഇസ്രായേൽക്കാരുടെയിടയിൽ തിന്മ സർവത്ര നടമാടിയിരുന്നു. അതിനാൽ മനുഷ്യർക്കു സന്താനരാഹിത്യം സംഭവിക്കുന്നതിനും അങ്ങനെ തിന്മ ആളുകളുടെയിടയിൽ ഉളവായി വികസിക്കാതിരിക്കുന്നതിനും അദ്ദേഹം ആഗ്രഹിച്ചു. 'കർത്താവേ, അവർക്കു ശിശുരഹിതമായ ഗർഭപാത്രവും വററിപ്പോയ സ്തനങ്ങളും നൽകണമെ'. വിശുദ്ധരുടേതായി ഇതുപോലുള്ള വാചകങ്ങൾ കാണുമ്പോൾ നാം ഗ്രഹിക്കേണ്ടത് അവർ മനുഷ്യരുടെ നാശമല്ല, തിന്മയുടെ നാശമാണ് ആഗ്രഹിച്ചതെന്നത്രേ. (വിജ്ഞാ. 6:13). ദൈവം മരണത്തെസൃഷ്ടിച്ചില്ല. നിങ്ങൾ ഇതു കേൾക്കുന്നുണ്ടോ? മരണം ദൈവത്തിനു അന്യമായിട്ടുള്ളതാണെന്ന് അറിയാവുന്ന വിശുദ്ധൻ എങ്ങനെ തന്റെ ശത്രുക്കളുടെ മരണത്തിനുവേണ്ടി പ്രാർത്ഥിക്കും? ജീവിക്കുന്ന ഒരു വ്യക്തിയുടെ നാശത്തിൽ ഒരു വിശുദ്ധനും സന്തോഷിക്കുകയില്ല. തന്നോടു ശത്രുതയുള്ളവർക്കെതിരായി കാരുണ്യവാനായ ദൈവത്തെ ഇളക്കിവിടാമെന്നു വ്യാമോഹിച്ചുകൊണ്ട് അതിഭാഷണം ചെയ്യുന്നവൻ ദൈവം മാനുഷിക ദുരിതത്തിൽ സന്തോഷിക്കുവാനാണ് ആവശ്യപ്പെടുന്നതു്.

ഭാഗ്യവാന്മാരായ ചിലർക്കു പ്രാർത്ഥനയുടെ ഫലമായി ഉദ്യോഗങ്ങൾ, ബഹുമതികൾ, സമ്പത്ത്, എന്നിവയെല്ലാം കിട്ടിയിട്ടുണ്ട്. അവർ ദൈവത്താൽ സ്നേഹിക്കപ്പെട്ടവരാണ്. അതിനാൽ ഈവക കാര്യങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതിൽനിന്ന് താങ്കൾ എന്തിനു ഞങ്ങളെ വിലക്കുന്നു എന്നിങ്ങനെ ചിലർ ചോദിച്ചേക്കാം.

നമ്മുടെ എല്ലാ കാര്യങ്ങളും ദൈവനിശ്ചയമനുസരിച്ചാണ്. നമ്മുടെ ഐഹികജീവിതം ദൈവം ക്രമപ്പെടുത്തിയിട്ടുണ്ടെന്നുള്ളതു് സ്പഷ്ടമാണ്. മുൻപു പ്രസ്താവിച്ച വിധത്തിലുള്ള പ്രാർത്ഥനകളുടെ വിജയത്തിനു മററുകാരണങ്ങളുമുണ്ട്. നന്മയെന്ന വിധത്തിൽ ഇവ ആവശ്യപ്പെട്ടവർക്കു്



ദൈവം ഇവ നൽകിയിട്ടില്ലെന്നല്ല ധരിക്കേണ്ടത്. ബലഹീനരുടെ വിശ്വാസം ശക്തിപ്പെടുത്താനാണ് ഇങ്ങനെ അവിടുന്നു പ്രവർത്തിച്ചതു്. ദൈവം തങ്ങളുടെ നിസ്സാരപ്രാർത്ഥനകൾ കേൾക്കുന്നതു ദൈവത്തിനനുയോജ്യമായ ഉന്നതനിലയിലുള്ള ദാനങ്ങൾ ആഗ്രഹിക്കുന്നതിനാണെന്നു അവർ അനുഭവത്തിൽനിന്നു പഠിച്ചുകൊള്ളും. കുഞ്ഞുങ്ങളുടെ കാര്യമെടുക്കുക. കുറച്ചു കാലത്തേയ്ക്ക് കുഞ്ഞുങ്ങൾ അമ്മമാരുടെ മാർവിൽ പററിപ്പിടിച്ചു കിടക്കും. അവർ മുല കുടിക്കും. വളർന്നു സംസാരിക്കാറാകുമ്പോൾ അവർക്കു മുലകുടി വെറുപ്പുണ്ടാക്കുന്നു. കളിപ്പാട്ടങ്ങൾപോലുള്ള മററുകാര്യങ്ങളാണ് അവർക്കു വേണ്ടത്. അവ അവരെ സന്തോഷിപ്പിക്കും. അവർ കുറച്ചുകൂടി വളർന്നു കഴിയുമ്പോൾ കളിപ്പാട്ടങ്ങൾ ഒന്നും അവർക്കു വേണ്ട. പ്രായം തികഞ്ഞവരുടെ ആവശ്യങ്ങളാണു മാതാപിതാക്കളുടെ മുമ്പിൽ അവർ നിരത്തിവയ്ക്കുക.

മനുഷ്യനും ദൈവവുമായുള്ള ബന്ധത്തിലും ഇതുപോലെ കാണാം. എല്ലാ കാര്യങ്ങളിലും മനുഷ്യർ തന്റെ പക്കലേക്കു തിരിയണമെന്നുള്ളതിനാൽ അവന്റെ ചെറിയ ആഗ്രഹങ്ങൾ അവിടുന്ന് സാധിച്ചുകൊടുക്കുന്നു. അങ്ങനെ അവനു വലിയ കാര്യങ്ങളിൽ ആഗ്രഹം ജനിച്ച് തന്റെ പക്കലേക്കു വരണം. ദൈവപരിപാലനയിൽ ചിലർ തങ്ങളുടെ താണസ്ഥിതിയിൽനിന്നുയർന്നു കീർത്തിയും ആദരവും നേടുന്നു. അല്ലെങ്കിൽ ഈ ലോകജീവിതത്തിൽ കാമ്യമായി കരുതപ്പെടുന്ന സമ്പത്തുകളോ വലിയ ഉദ്യോഗമോ ഒക്കെ നേടുന്നു. ഇവയുടെയൊക്കെ ലക്ഷ്യം നിങ്ങൾ ഗ്രഹിക്കണം. അവരിൽ ദൃശ്യമായ ദൈവസ്നേഹം അവിടുത്തെ ശക്തി കാണിക്കണം. അങ്ങനെ കുഞ്ഞുങ്ങളുടെ കളിപ്പാട്ടങ്ങൾ ലഭിച്ച അവൻ കൂടുതൽ പൂർണവും കൂടുതൽ മഹത്തുമായ കാര്യങ്ങൾ പിതാവിനോടപേക്ഷിക്കണം. ആ കാര്യങ്ങളാകട്ടെ ആത്മാവിനു പ്രയോജനപ്രദമായവയാണ്.

നിത്യമായവയെക്കാളുപരി അനിത്യമായവയ്ക്കുവേണ്ടി, സ്വർഗീയ നന്മയെക്കാളുപരി ലൗകിക നന്മകൾക്കുവേണ്ടി ദൈവത്തെ സമീപിക്കുക കേവലം ബാലിശമാണ്. ഏററം ഉന്നതമായവയെക്കാൾ താണതലത്തിലുളളവ ആവശ്യപ്പെടുക, സ്വർഗരാജ്യം നൽകുന്നവനിൽനിന്നു നിന്ദായോഗ്യമായ ലൗകിക മേന്മ ആവശ്യപ്പെടുക, എന്നാണു മുൻ പ്രസ്താവിച്ചതിനർത്ഥം. എടുക്കപ്പെട്ടുപോകാൻ പാടില്ലാത്ത കാര്യങ്ങൾ നൽകുന്ന ദൈവത്തോടു എടുക്കപ്പെട്ടുപോകുന്ന നിസ്സാര കാര്യങ്ങൾ ആവശ്യപ്പെടുക എന്നാണതിനർത്ഥം. ലൗകിക കാര്യങ്ങളാകട്ടെ അല്പകാലത്തേയ്ക്കു മാത്രമേ ആസ്വദിക്കാൻ കഴിയൂ. അവയുടെ ഉപയോഗം അപകടങ്ങൾ പതിയിരിക്കുന്നതുമാണ്. 'പുറജാതികളെപ്പോലെ' എന്ന പദംകൊണ്ടു ഈദൃശ അപേക്ഷകളുടെ അർത്ഥരാഹിത്യം അവിടുന്നു സ്പഷ്ടമാക്കുന്നുണ്ട്. വരാനിരിക്കുന്ന ജീവിതത്തെക്കുറിച്ചു പ്രത്യാശയില്ലാത്തവരുടെയും നരകവിധിയെക്കുറിച്ചു ഭയപ്പെടാത്തവരുടെയും പ്രത്യേകതകളാണ്—ഇന്ദ്രിയങ്ങൾക്കു വിഷയമായവയിൽ കൂടുതൽ താത്പര്യമുണ്ടായിരിക്കുക. ഉയിർത്തെ

www.malankaralibrary.com



ഴുന്നേൽപ്പിൽ നാം പ്രത്യാശിക്കുന്ന നല്ല കാര്യങ്ങളൊന്നും പ്രതീക്ഷിക്കാത്തതിനാൽ അവർ കന്നുകാലികളെപ്പോലെയാണ്. ഈ ജീവിതത്തെക്കുറിച്ചു മാത്രമേ അവർക്കു ചിന്തയുള്ളൂ. വായും, വയറും ശരീരത്തിൻെറ മററാവശ്യങ്ങളും ജീവിതത്തിൻെറ ആഡംബരങ്ങളുമാണവർക്കു പ്രധാനം. മററുള്ളവരേക്കാൾ വിലമതിക്കപ്പെടണം, പണച്ചാക്കുകൾക്കു മീതെ ഇരിക്കണം, എന്നൊക്കെയാണ് അവരുടെ ആഗ്രഹം. ഈ ലോകത്തിൻെറ വഞ്ചനകളിൽ കുടുങ്ങിക്കിടക്കയാണവർ. വരാനിരിക്കുന്ന ജീവിതത്തെക്കുറിച്ച്, പറുദീസായെക്കുറിച്ച്, സ്വർഗരാജ്യത്തെക്കുറിച്ച് തങ്ങളോടു പറയുന്നവനെ വിഡ്ഢിയെന്നാണ് അവർ കരുതുക. ഭാവിജീവിതത്തിൽ പ്രത്യാശയില്ലാത്തവരുടെ ലക്ഷണമാണല്ലോ ഈ ജീവിതത്തോടുള്ള അമിതബന്ധം. അതിനാലാണ് സന്തോഷങ്ങൾ നിറവേററുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നവർ 'പുറജാതികളെപ്പോലെ'യാണെന്നു വി. ലിഖിതം പ്രസ്താവിക്കുന്നത്. ഈ കഴമ്പില്ലാത്ത കാര്യങ്ങൾ തുടരെത്തുടരെ ആവശ്യപ്പെട്ടുകൊണ്ടിരുന്നാൽ അവ തങ്ങൾക്കു യോജ്യമല്ലെങ്കിലും ദൈവം സാധിച്ചുകൊടുക്കുമെന്നവർ സങ്കൽപ്പിക്കുന്നു. 'അതിഭാഷണത്താൽ തങ്ങൾ കേൾക്കപ്പെടുമെന്നാണവർ കരുതുന്നതെ'ന്നു നമ്മുടെ കർത്താവു പറയുന്നുണ്ടല്ലോ. ഇതേവരെ ചർച്ച ചെയ്തവയിൽനിന്ന് നാമറിയേണ്ടതു നാം പഠിച്ചിട്ടുണ്ട്. എപ്രകാരമുള്ള പ്രാർത്ഥനയാണ് നാം ദൈവത്തിനു സമർപ്പിക്കേണ്ടതെന്ന് അടുത്ത പ്രാവശ്യം നമുക്കു പരിഗണിക്കാം. മഹത്വവും അധികാരവും എന്നും എന്നേക്കുമുള്ള നമ്മുടെ കർത്താവായ യേശുമിശിഹായുടെ കൃപയാൽ തന്നെ. ആമേൻ.

## പ്രഭാഷണം രണ്ട്

## സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ!

സീനായ്മലമുകളിൽവച്ച് ഉദ്ഘാടനം ചെയ്യപ്പെട്ട ദൈവിക രഹസ്യങ്ങളിലേയ്ക്കു ഇസ്രായേൽക്കാരെ ആനീതരാക്കുന്നതിന്, മഹാനായ മോശ ഉദ്യുക്തനായി. പക്ഷേ, ദൈവികരഹസ്യങ്ങൾ സ്വീകരിക്കാൻ അവർ തയ്യാറായില്ലെന്നു അദ്ദേഹത്തിനു തോന്നി. ജനം ചാരിത്ര്യശുദ്ധിയും വെള്ളം തളിപ്പും മുഖേന ശുദ്ധീകൃതരാകണമെന്ന് മോശ കൽപിച്ചു. എന്നിട്ടും ദൈവികശക്തിയുടെ ആവിഷ്കരണം നേരിടുവാൻ അവർക്കു കഴിഞ്ഞില്ല. ദൈവികശക്തിയുടെ എല്ലാ പ്രത്യക്ഷീകരണവേളയിലും അഗ്നിയും, അന്ധകാരവും, പുകയും, കുഴൽവിളികളും ഉണ്ടായപ്പോൾ അവരെല്ലാവരും നിലംപതിക്കുകയാണുണ്ടായത്. അതിനാൽ, ദൈവികമായ വെളിപ്പെടലുകൾ സ്വീകരിക്കുന്നതിനും തങ്ങളുടെ സ്വന്തം ശക്തിയാൽ ദൈവത്തെ സമീപിക്കുന്നതിനു, തങ്ങൾ പ്രാപ്തര



ല്ലെന്ന് അവർ ഗ്രഹിച്ചു. അവർ പിന്തിരിഞ്ഞ് ദൈവതിരുമനസ്സ് തങ്ങൾക്ക വെളിപ്പെടുത്തുന്ന മദ്ധ്യസ്ഥനായിരിക്കുവാൻ നിയമ ദാതാവായ മോശയോടപേക്ഷിച്ചു.

നമ്മുടെ നിയമദാതാവായ യേശുമിശിഹാ ദൈവികമായ അനുഗ്രഹത്തിലേയ്ക്കു നമ്മെ നയിക്കുമ്പോൾ അന്ധകാരാവൃതവും, അഗ്നിമൂലം എരിയുന്നതുമായ സീനായ്മലയെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നില്ല. കുഴൽവിളി മുഖേന അർത്ഥമില്ലാത്ത ശബ്ദങ്ങളാൽ ഭയവും നമ്മുടെ ഹൃദയത്തിൽ അവിടുന്ന് ജനിപ്പിക്കുന്നില്ല. മൂന്നു ദിവസത്തെ ചാരിത്ര്യവ്രതാനുഷ്ഠാനം നിമിത്തം അവിടന്ന് നമ്മുടെ ആത്മാക്കളെ ശുദ്ധീകരിക്കുന്നില്ല. ചെളി കഴുകിക്കളയുന്ന വെള്ളം മുഖേനയും അവിടുന്ന് നമ്മെ ശുദ്ധരാക്കുന്നില്ല. സമൂഹത്തെ മുഴുവനും മലയുടെ താഴ്വാരത്ത് നിർത്തിയിട്ട് ഒരാൾ മാത്രം അതിൻെറ മുകളിൽ എത്തിയാൽ മതിയെന്ന് അവിടുന്ന് പറയുന്നില്ല. ഒന്നാമതായി ദൈവത്തിൻെറ മഹത്വത്തെ പരിപൂർണമായി മറയ്ക്കുന്ന അന്ധകാരംകൊണ്ടു മൂടിയ പർവ്വതത്തിൻെറ ഉച്ചിയിലേയ്ക്ക് അവിടുന്ന് നമ്മെ നയിക്കുന്നില്ല. പർവതത്തിൻെറ മുകളിലേയ്ക്കല്ല; മറിച്ച് നന്മയാൽ മനുഷ്യർക്ക് അവിടുന്നു പ്രാപ്യമാക്കിയ സ്വർഗത്തിലേയ്ക്കാണ് നയിക്കുന്നത്. രണ്ടാമതായി ദൈവികശക്തിയുടെ ഒരു വീക്ഷണമല്ല; മറിച്ച് അതിലൊരു പങ്കാണ് അവിടുന്നു നൽകുന്നത്. ദൈവിക പ്രകൃതിയോടുള്ള ബന്ധത്തിലേയ്ക്ക് അവിടുന്നു നമ്മെ നയിക്കുന്നു. കൂടാതെ സ്വർഗീയമഹത്വം അന്ധകാരത്തിൽ അവിടുന്ന് ഒളിച്ചു വയ്ക്കുന്നില്ല. ആ മഹത്വത്തെക്കുറിച്ച് ധ്യാനിക്കുവാൻ ആളുകൾക്കു പ്രയാസമായിത്തീരും. അവിടുത്തെ പ്രബോധനത്തിൻെറ ഉജ്ജ്വലത്തായ പ്രകാശം വഴി അന്ധകാരത്തെ അവിടുന്ന് നിശ്ശേഷം മാററുകയും ഹൃദയശുദ്ധിയുള്ളവർക്ക് ആ മഹത്വം പ്രഭാപൂരിതമായി കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. തളിക്കാനുള്ള ജലം അരുവികളിൽനിന്നല്ല അവിടുന്ന് നമുക്കു നൽകുന്നത്. പ്രത്യുത, അതു നമ്മിൽത്തന്നെ ഉറവെടുക്കുകയാണ്. നമ്മുടെ കണ്ണുനീരോ, തിന്മ മുഖേന ഉള്ളവായ ഏതെങ്കിലും മാലിന്യമേശാത്ത മനസ്സാക്ഷിയുടെ ശുദ്ധതയോ ആയി നമുക്കതിനെ വീക്ഷിക്കാം. ഭാര്യയും ഭർത്താവും തമ്മിലുള്ള നിയമാനുസൃതമായ സംഗമത്തിൽനിന്ന് ഒഴിഞ്ഞുമാറിയിരിക്കാനുള്ള ചാരിത്ര്യത്തിൻെറ മാത്രം നിയമമല്ല അവിടന്ന് പ്രഖ്യാപിക്കുന്നത്. ഭൗതികവികാരങ്ങളിൽ കുരുങ്ങിക്കിടക്കുന്ന നമ്മുടെ പ്രകൃതിയിൽനിന്നുളവാകുന്നവ വർജിക്കണമെന്നും അവിടുന്നു പ്രഖ്യാപിക്കുന്നുണ്ട്. പ്രാർത്ഥനയിൽകൂടി അവിടുന്നു നമ്മെ ദൈവസന്നിധിയിലേയ്ക്ക് ആനയിക്കുന്നു. ചില വാക്കുകളുടെ വെറും ഉച്ചാരണമല്ല അവിടുന്ന് ഉദ്ദേശിക്കുന്നത്. മറിച്ച് മഹത്തായ ജീവിതരീതി മുഖേന ദൈവസന്നിധിയിലേയ്ക്കുള്ള ആരോഹണം ആണ് അവിടുത്തെ വാക്കുകൾ ശക്തിയോടുകൂടി പ്രകടിപ്പിക്കുന്നത്.

ഈ പ്രാർത്ഥനയുടെതന്നെ വാക്കുകളിൽനിന്ന് ദൈവികനിയമത്തെക്കുറിച്ച് നമുക്കു ഗ്രഹിക്കാം. 'നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ' എന്നാ

www.malankaralibrary.com



ണ് അവിടുന്നു പറയുന്നത്, 'നിങ്ങൾ ഒരു പ്രതിജ്ഞ ചെയ്യുമ്പോൾ' എന്നല്ല 2 പ്രാർത്ഥനയിൽകൂടി ദൈവത്തെ സമീപിക്കുന്നതിനുമുമ്പുതന്നെ പ്രതിജ്ഞയോടുകൂടിയുള്ള വാഗ്ദാനം നടന്നുകഴിഞ്ഞിരിക്കണം. ഈ വാക്കുകളുടെ അർത്ഥവ്യത്യാസം എന്താണ്? ദൈവസേവനത്തിന് എന്തെങ്കിലും അർപ്പിക്കാമെന്നുള്ള വാഗ്ദാനമാണ് പ്രതിജ്ഞ (എവുക്കേ). പ്രാർത്ഥനയാകട്ടെ (പ്രൊസെവുക്കേ) നല്ല കാര്യങ്ങൾക്കുവേണ്ടിയുള്ള അപേക്ഷ ദൈവത്തിനു സമർപ്പിക്കുകയാണ്. അതിനാൽ നമുക്ക് ഉപകാരപ്രദമായ കാര്യങ്ങൾ അപേക്ഷിക്കുന്നതിനു ദൈവത്തെ സമീപിക്കുവാൻ നമുക്ക് ആത്മധൈര്യം ഉണ്ടാകുന്നതിനു ആദ്യംതന്നെ ഒരു പ്രതിജ്ഞയെടുക്കയാണ് വേണ്ടത്. ഇങ്ങനെ നാം നമ്മുടെ ഭാഗം നിർവഹിച്ച കഴിയുമ്പോൾ ദൈവം നമുക്കു നൽകുന്നവ അതിനു പകരമായി സ്വീകരിക്കുവാൻ നാം യോഗ്യരാണെന്നുള്ള ഉറപ്പ് നമുക്കുണ്ടാകും.

അതിനാൽ പ്രവാചകൻ പ്രസ്താവിക്കുന്നു: 'എന്റെ അധരങ്ങൾ ഉച്ചരിച്ച പ്രതിജ്ഞ നിന്നോട് ഞാൻ നിറവേററും' (സങ്കീ. 66:13). വീണ്ടും 'നിങ്ങൾ പ്രതിജ്ഞ ചെയ്യുകയും നിങ്ങളുടെ ദൈവമായ കർത്താവിന് അതു നൽകുകയും ചെയ്യുക (സങ്കീ. 76:11). വേദപുസ്തകത്തിലെ പല ഭാഗങ്ങളിൽനിന്നും പ്രതിജ്ഞയുടെ അർത്ഥം നമുക്കു ഗ്രഹിക്കാം. കൃതജ്ഞതാഫലമായ അപ്പണത്തിനുള്ള വാഗ്ദാനമാണ് പ്രതിജ്ഞ. ആ വാഗ്ദാനം നിറവേററിയശേഷം നാം ദൈവത്തെ സമീപിക്കുന്നതു പ്രാർത്ഥന. ദൈവത്തിന് സ്വീകാര്യമായ ഒരുപഹാരം നൽകാതെ ദൈവത്തോട് നാം യാതൊന്നും ആവശ്യപ്പെടരുതെന്ന് ഈ ഭാഗങ്ങൾ നമ്മെ ഗ്രഹിപ്പിക്കുന്നു. ഒരുവൻ ആദ്യം പ്രതിജ്ഞ ചെയ്യണം; പിന്നെ പ്രാർത്ഥിക്കണം. ആദ്യം വിത്തുവിതയ്ക്കൽ; ഫലം പുറപ്പെടുന്നത് പിന്നീട്; അതുപോലെയാണിവിടെയും. ആദ്യം നാം പ്രതിജ്ഞയുടെ വിത്തു വിതയ്ക്കുക. ഈ വിതയിൽനിന്നു വളർന്നുവന്നതിന്റെ ഫലം കൊയ്യുക. പ്രാർത്ഥനയ്ക്കു പകരം ദൈവാനുഗ്രഹം സ്വീകരിക്കുകയും ചെയ്യുക. പ്രതിജ്ഞ മഖേനയും സമർപ്പണം മുഖേനയും ദൈവത്തെ സമീപിക്കുന്നതിന് നാം തയ്യാറെടുക്കുന്നില്ലെങ്കിൽ അവിടുത്തോടുള്ള നമ്മുടെ ബന്ധത്തിന് ഉറപ്പുപോരാ.

മുൻപ് പ്രസ്താവിച്ച കാര്യം നിർവഹിച്ചു കഴിഞ്ഞുവെന്ന് സങ്കൽപ്പിച്ചുകൊണ്ടാണ് നമ്മുടെ കർത്താവ് ശിഷ്യൻമാരോട് അരുളിചെയ്തത്. 'നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഇങ്ങനെ പറയുക, സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' (ലൂ. 11;2; മത്താ. 6:9). 'ഒരു മാടപ്രാവിനെപ്പോലെ ആര്

2. പ്രാർത്ഥനയും പ്രതിജ്ഞയും തമ്മിലുള്ള വ്യത്യാസം പല പിതാക്കന്മാരും വ്യക്തമാക്കിയിട്ടുണ്ട്; രണ്ടിന്റെയും ഗ്രീക്കുപദങ്ങൾ തമ്മിൽ വളരെ സാമ്യമുണ്ട്.



എനിക്കു ചിറകുകൾ നൽകും' എന്നു മഹാനായ ദാവീദ് സങ്കീർത്തനങ്ങളിൽ ഒരിടത്ത് പ്രസ്താവിക്കുന്നുണ്ട് (55:6). ഈ വാക്കുകൾ ഉപയോഗിച്ച് ഞാനും ധൈര്യമായി ഇങ്ങനെതന്നെ പറയും: ഈ മഹത്തായ വാക്കുകളുടെ ശൃംഗത്തിൽ പറന്നെത്തുവാൻ ആര് എനിക്കു ചിറകുകൾ നൽകും? ഞാനിപ്പോൾ ഈ ഭൂമിയെ വിട്ട് അന്തരീക്ഷത്തിലേക്ക് പറന്നുയരും. വായുവില്ലാത്ത മനോഹരസ്ഥാനത്തു ഞാൻ ചെന്നെത്തും. പിന്നെ, നക്ഷത്രങ്ങളിൽ ഞാൻ ചെന്നെത്തി അവയുടെ ക്രമമായ നിരകൾ വീക്ഷിക്കും. പക്ഷേ, അവിടെയും ഞാൻ നിൽക്കുകയില്ല. അവയേയും പിന്നിട്ടുകൊണ്ട് ചലനവും മാററവുമുള്ള എല്ലാത്തിനും ഞാനന്യനായിത്തീരും. എന്നിട്ട് സ്വന്തം ശക്തിയാൽ അസ്തിത്വമുള്ള, എല്ലാ വസ്തുക്കൾക്കും അസ്തിത്വം നൽകുകയും അവയെ നയിക്കുകയും ചെയ്യുന്ന, അചഞ്ചലശക്തിയെ ഞാൻ ആശ്ലേഷിക്കും. എല്ലാം ദൈവതിരുമനസ്സിനെ ആശ്രയിച്ചാണല്ലോ സ്ഥിതിചെയ്യുന്നത്. അതിനാൽ ആദ്യമെതന്നെ എന്റെ മനസ്സ് ചലനത്തിനും മാററത്തിനും വിധേയമായ സകലതിൽ നിന്നും വിട്ടുമാറണം. എന്നിട്ട് നിഷ്പന്ദമായി ശാന്തമായി ആധ്യാത്മിക വിശ്രമത്തിൽ കഴിയേണ്ടതാണ്. അങ്ങനെ മാററമില്ലാത്ത ദൈവത്തോടു സാദൃശ്യം ഉണ്ടാകണം. പിന്നീട് ഏററം സുപരിചിതമായ വാക്കുപയോഗിച്ച് 'പിതാവേ' എന്ന സംബോധന ചെയ്യണം.

ഈ വാക്കുച്ചരിക്കാൻ ഒരുവന് എപ്രകാരമുള്ള അരൂപി, എപ്രകാരമുള്ള വിശ്വാസം, എപ്രകാരമുള്ള ശുദ്ധമനസ്സാക്ഷി ആണുണ്ടായിരിക്കേണ്ടത്? ദൈവത്തെക്കുറിച്ച പറയുവാൻ കണ്ടുപിടിച്ചിരിക്കുന്ന നാമങ്ങളിൽനിന്ന് അവിടുത്തെ കഴിവുള്ളവിധം ഗ്രഹിക്കുവാൻ ഒരുവൻ ശ്രമിക്കുന്നെന്നും അങ്ങനെ അവിടുത്തെ അവാച്യമായ മഹത്വം ഗ്രഹിക്കുന്നുവെന്നും സങ്കൽപ്പിക്കുക. ദൈവപ്രകൃതി, അത് അതിൽത്തന്നെ പരിപൂർണ്ണമായ നൻമയും, പരിശുദ്ധിയും, ആനന്ദവും, ശക്തിയും, മഹത്ത്വവും, പവിത്രതയും നിത്യതയുമാണെന്ന് അവൻ ഗ്രഹിക്കും. ഇവയും വി. ഗ്രന്ഥങ്ങളിൽ നിന്നോ അവന്റെ തന്നെ ധ്യാനങ്ങളിൽനിന്നോ ദൈവപ്രകൃതിയെക്കുറിച്ചു അവൻ ചിന്തിക്കുകയും പഠിക്കുകയും ചെയ്തിട്ടുള്ള കാര്യങ്ങൾ ഉള്ളിൽവച്ചുകൊണ്ട് ഇപ്രകാരമുള്ള ഒരു പദം ഉച്ചരിക്കുന്നതിനോ ഇങ്ങനെയുള്ള ഒരു സത്തയെ 'പിതാവേ' എന്നു വിളിക്കുന്നതിനോ അവൻ ധൈര്യപ്പെടുമോ? അവന് എന്തെങ്കിലും ഗ്രാഹ്യമുണ്ടെങ്കിൽ ദൈവത്തെ പിതാവ് എന്നു സംബോധന ചെയ്യുവാൻ തുനിയുകയില്ലെന്ന് വ്യക്തമാണ്. കാരണം ദൈവത്തിൽ കാണുന്നവയല്ല, അവൻ തന്നിൽ കാണുക. ദുഷ്ടമനസ്സിന്റെ പിതാവാകുവാൻ, സത്താപരമായിത്തന്നെ നൻമയായ ദൈവത്തിന് അസാധ്യമാണ്. അശുദ്ധജീവിതമുള്ള ഒരുവന്റെ പിതാവാകുവാൻ പരിശുദ്ധനായ അവിടുത്തേയ്ക്ക് സാധ്യമല്ല. സ്ഥിരതയില്ലാതെ അങ്ങോട്ടും ഇങ്ങോട്ടും മാററത്തിന് വിധേയനാകുന്ന ഒരുവന്റെ പിതാവാകുവാൻ മാററമില്ലാത്ത അവിടുത്തേയ്ക്ക് കഴിയുകയില്ല. പാപം മരണത്തിനു അടിപ്പെടുത്തിയ ഒരു പുത്രന്റെ പിതാവാകുക ജീവന്റെ പിതാവായ അവിടുത്തേയ്ക്ക് നിവൃത്തിയില്ല. പരി

www.malankaralibrary.com



പൂർണ്ണ പരിശുദ്ധി തന്നെയായ അവിടുത്തേയ്ക്കു അവിഹിതമോഹങ്ങൾ മൂലം തങ്ങളെത്തന്നെ അപമാനിതരാക്കിയവരുടെ പിതാവാകാൻ സാധ്യമല്ല. സ്വാർത്ഥതയുടെ പിന്നാലെ പായുന്നവന്റെ പിതാവാകുക ദാനങ്ങൾ വർഷിക്കുന്ന അവിടുത്തേയ്ക്കുപററില്ല. ചുരുക്കിപ്പറഞ്ഞാൽ ഏതെങ്കിലും തിന്മയിൽ മുഴുകിയിരിക്കുന്നവരുടെ പിതാവാകുക ദൈവത്തിനു നിവൃത്തിയുള്ള കാര്യമല്ല. അതിനാൽ ഒരുവൻ സ്വയം പരിശോധിക്കുമ്പോൾ തന്റെ മനസ്സാക്ഷി നികൃഷ്ടമായ പാടുകളും വ്രണങ്ങളുംകൊണ്ട് നിറഞ്ഞിരിക്കുന്നതിനാൽ, താൻ ശുദ്ധീകരിക്കപ്പെടേണ്ടവനാണെന്ന് കാണുന്നപക്ഷം, ആ തിന്മകളിൽനിന്നു ശുദ്ധീകൃതനാകാതെ താൻ ദൈവിക കുടുംബത്തിൽ ഉൾപ്പെട്ടവനാണെന്ന് കരുതുക സാധ്യമല്ല. നീതിരഹിതനും അശുദ്ധനുമായവൻ നീതിയും ശുദ്ധതയും ഉള്ളവനെ പിതാവേ എന്നു വിളിക്കുക അസാധ്യം. അവന്റെതന്നെ ദുഷ്ടതയുടെ പിതാവെന്ന് ദൈവത്തെ വിളിക്കുക എന്നാണ് അതിന്റെ അർത്ഥം. അത് അഹങ്കാരവും പരിഹാസവും തുളുമ്പുന്ന നിലപാടാണ്. കാരണം, പിതാവ് എന്ന വാക്ക് തൻമൂലം അസ്തിത്വമുള്ള ഒന്നിനെ സൂചിപ്പിക്കുന്നു.

അതിനാൽ തിന്മയെക്കുറിച്ച് മനസ്സാക്ഷി കുററപ്പെടുത്തുന്ന ഒരുവൻ ദൈവത്തെ പിതാവ് എന്നു വിളിക്കുന്നപക്ഷം ദൈവം അവന്റെ ദുഷ്ടതയുടെ കാരണവും ഉറവിടവുമാണെന്നു തറപ്പിച്ചു പറയുകയാണ്. വെളിച്ചത്തിനു ഇരുട്ടുമായി ബന്ധമില്ലെന്നു ശ്ലീഹാ പ്രസ്താവിക്കുന്നു (2 കൊറി. 6:14). വെളിച്ചം വെളിച്ചത്തോടും, ധർമ്മം ധാർമ്മികമായതിനോടും, സൗന്ദര്യം സൗന്ദര്യമുള്ളതിനോടും, നാശമില്ലായ്മ നാശമില്ലാത്തതിനോടുമാണ് ബന്ധപ്പെടുക. നല്ല മരത്തിനു ചീത്തഫലം പുറപ്പെടുവിക്കുവാൻ കഴിയുകയില്ല (മത്താ. 7;18). വി. ഗ്രന്ഥം പ്രസ്താവിക്കുന്നതുപോലെ 'ഹൃദയമാന്ദ്യം ഉള്ളവനും കള്ളം പറയുന്നവനും' (സങ്കീ. 4:2) പ്രാർത്ഥനയിലെ ഈ വാക്കു ഉപയോഗിക്കുവാൻ തുനിയുന്നുവെങ്കിൽ സ്വർഗത്തിലുള്ള പിതാവിനെയല്ല താൻ വിളിക്കുന്നതെന്ന് അവൻ ഗ്രഹിക്കേണ്ടിയിരിക്കുന്നു. മറിച്ച് കള്ളംപറയുന്നവനും, എല്ലാ കള്ളത്തിന്റെയും പിതാവും, പാപം തന്നെയും എല്ലാ പാപത്തിന്റെയും പിതാവുമായ (യോഹ. 8:44) നരകത്തിലുള്ളവനെയാണ് താൻ പിതാവെന്ന് വിളിക്കുന്നതെന്ന് അവൻ ഗ്രഹിക്കണം. അതിനാൽ ദുരാശകൾക്കു വിധേയരായവരെ ശ്ലീഹാ 'കോപത്തിന്റെ മക്കളെന്ന്' വിളിക്കുന്നു (എഫേ. 2:3). ശരിയായ ജീവിതത്തിൽ നിന്ന് വീണുപോയവനെ നാശത്തിന്റെ പുത്രനെന്നും (യോഹ. 17:12) മടിയും സ്ത്രൈണസ്വഭാവവും ഉള്ളവനെ വിട്ടകന്നുപോകുന്ന കന്യകകളുടെ മകനെന്നുമാണ് വേദപുസ്തകത്തിൽ പറയുന്നത്. അതുപോലെ ശുദ്ധമായ മനഃസാക്ഷിയോടു കൂടിയവരെ 'വെളിച്ചത്തിന്റെ മക്കളെന്നും പകലിന്റെ മക്കളെന്നും' പറയുന്നു (1 തെസ. 5:5; എഫേ. 5:8). ദൈവികമായ ശക്തി ലഭിക്കുന്നതിനുവേണ്ടി ആഗ്രഹിച്ചു പരിശ്രമിക്കുന്നവർ ശക്തിയുടെ മക്കളെന്നും വിളിക്കപ്പെടുന്നു (റോമ. 1:4).



അതിനാൽ നമ്മുടെ കർത്താവ് ദൈവത്തെ പിതാവെന്ന് വിളിക്കുവാൻ നമ്മെ പഠിപ്പിക്കുമ്പോൾ ഏററവും മഹത്തായ ജീവിതം നമ്മുടെ മുമ്പിൽ വയ്ക്കുക മാത്രമാണെന്നാണ് എനിക്കു തോന്നുന്നത്. കാരണം, വഞ്ചിക്കുവാൻ, നാം അല്ലാത്തത് നാം ആണെന്നു പറയുവാൻ, നമുക്കുപയോഗിക്കാൻ അർഹതയില്ലാത്ത ഒരു നാമം ഉപയോഗിക്കാൻ സത്യം തന്നെയായവൻ നമ്മെ പഠിപ്പിക്കുന്നില്ല. നാശമില്ലാത്തവനും, നല്ലവനും, ധാർമികനുമായവനെ പിതാവ് എന്നും നാം വിളിക്കുന്നുവെങ്കിൽ ആ ബന്ധം യഥാർത്ഥമായിട്ടുള്ളതാണെന്ന് നമ്മുടെ ജീവിതംകൊണ്ടു നാം തെളിയിക്കണം. നമുക്ക് എന്തുമാത്രം തയ്യാറെടുപ്പ് ആവശ്യമാണെന്നും ഏതു വിധത്തിലുള്ള ജീവിതമാണു നയിക്കേണ്ടതെന്നും അപ്പോൾ നിങ്ങൾ ഗ്രഹിക്കുന്നില്ലേ? ദൈവത്തെ 'പിതാവ്' എന്നു വിളിക്കാൻ ധൈര്യം ഉണ്ടാകുന്നതിന് നമ്മുടെ മനസ്സാക്ഷി അത്ര പരിശുദ്ധമാകണമെങ്കിൽ നമ്മുടെ മനസ്സാക്ഷി എത്രയോ ഉജ്ജ്വലത്തായിരിക്കണം! സമ്പത്തിനെക്കുറിച്ചു നിങ്ങൾക്കു അമിതാഗ്രഹം ഉണ്ടായിരിക്കുകയും ലോകത്തിന്റെ ചതിവുകളിൽ നിങ്ങൾ ഏർപ്പെട്ടിരിക്കുകയും ചെയ്യുമ്പോൾ, മനുഷ്യരുടെ ഇടയിൽ കീർത്തി ആഗ്രഹിക്കുകയോ ജഡമോഹങ്ങളുടെ അടിമകളായിരിക്കുകയോ ചെയ്യുമ്പോൾ, നിങ്ങളുടെ അധരങ്ങൾകൊണ്ട് ഈ പ്രാർത്ഥന ചൊല്ലിയാൽ നിങ്ങളുടെ ജീവിതം കാണുകയും നിങ്ങളുടെ പ്രാർത്ഥന എന്താണെന്ന് ശരിക്ക് അറിയുകയും ചെയ്യുന്ന അവിടുന്ന് എന്തു വിചാരിക്കുമെന്നാണ് നിങ്ങൾ കരുതുന്നത്? എനിക്ക തോന്നുന്നത് ഇങ്ങനെയുള്ളവനോട് ദൈവം ഇപ്രകാരം പറയുമെന്നാണ്: 'വഷളായ ജീവിതമുള്ള നീ പരിശുദ്ധിയുടെ ഉടയവനെ പിതാവ് എന്നു വിളിക്കുന്നുവോ? നിന്റെ ആ വാക്കു മുഖേന എന്തിനു പരിശുദ്ധമായ നാമം നീ മലിനമാക്കുന്നു? എന്തിനു നീ കാപട്യപൂർവം ഈ വാക്കുപയോഗിച്ചു പരിശുദ്ധമായ ദൈവസ്വഭാവത്തെ നിന്ദിക്കുന്നു? നീ എന്റെ പുത്രനായിരുന്നുവെങ്കിൽ എന്റെ സത്ഗുണങ്ങൾ ജീവിതത്തിൽ വിളങ്ങിയേനെ. എന്റെ സ്വഭാവത്തിന്റെ പ്രതിരൂപം നിന്നിൽ ഞാൻ കാണുന്നില്ല. നിന്റെപ്രത്യേകതകൾ എനിക്കുള്ളവയ്ക്ക് തനി വിരുദ്ധമാണ്. ഇരുട്ടും വെളിച്ചവും തമ്മിൽ എന്തുബന്ധം? (2 കൊറി. 6:14). മരണത്തിന് ജീവിതവുമായി എന്തുബന്ധം? പരിശുദ്ധിയും അശുദ്ധിയും തമ്മിൽ എങ്ങനെ മൈത്രി ഉളവാകും ? നന്മകളുടെ ദാതാവ് ദുരാഗ്രഹിയിൽനിന്ന് വളരെയകലെയാണ്. ദയാപൂർണ്ണനായവനും ക്രൂരനായവനും തമ്മിൽ സമ്പർക്കം സാധ്യമല്ല. തിന്മകളുടെ പിതാവ് വേറൊരാളാണ്. കാരണം എന്റെ മക്കൾ അവരുടെ പിതാവിനാൽ മനോജ്ഞരാക്കപ്പെടുന്നു. ദയാപൂർണ്ണനും പരിശുദ്ധനും ആയവന്റെ മകൻ ദയയുള്ളവനും ശുദ്ധതയുള്ളവനും ആയിരിക്കും. ദുഷിച്ചത് ദുഷിക്കാത്തതിനോട് ബന്ധപ്പെടുകയില്ല. ചുരുക്കത്തിൽ നല്ലതിൽ നിന്നു നല്ലതും, നീതിയുള്ളതിൽനിന്ന് നീതിയുള്ളതും പുറപ്പെടുന്നു. എന്നാൽ നിന്നെ സംബന്ധിച്ചാണെങ്കിൽ നീ എവിടെ നിന്നാണെന്ന് എനിക്കറിഞ്ഞുകൂടാ.' അതിനാൽ ഒരുവൻ തന്റെ ജീവിതത്തെ ശുദ്ധീകരിക്കുന്നതിനു മുൻപ് ഈ പ്രാർത്ഥന ഉപയോഗിക്കാൻ ധൈര്യ

www.malankaralibrary.com



പ്പെടുന്നതും ദൈവത്തെ തന്റെ പിതാവായി സംബോധന ചെയ്യുന്നതും അപകടപൂർണമാണ്.

വീണ്ടും നമുക്കു പ്രാർത്ഥനയുടെ വാക്കുകൾതന്നെ ശ്രദ്ധിക്കാം. ഒരുപക്ഷേ പലപ്രാവശ്യം ആകുമ്പോൾ നിഗൂഢമായ ചില അർത്ഥങ്ങൾ ഗ്രഹിക്കുവാൻ നമുക്കു സാധിച്ചേക്കാം. 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ'. ഒരുവൻ ഉത്തമമായ ജീവിതംവഴി ദൈവപ്രീതി സമ്പാദിക്കുമെന്നുള്ളത് മുമ്പു പ്രസ്താവിച്ചതിൽനിന്നു വ്യക്തമാണല്ലോ. എന്നാൽ, ഈ വാക്കുകൾ ഗഹനമായ ഒരർത്ഥം സൂചിപ്പിക്കുന്നതായിട്ടാണ് എനിക്കു തോന്നുന്നത്. നമുക്കു കൈവിട്ടുപോയ പിതൃഭൂമിയെക്കുറിച്ച് നമുക്കു നഷ്ടപ്പെട്ടുപോയ ശ്രേഷ്ഠമായ ജന്മാവകാശത്തെക്കുറിച്ച്, ഈ വാക്കുകൾ നമ്മെ അനുസ്മരിപ്പിക്കുന്നു. തന്റെ പിതാവിന്റെ ഭവനം വിട്ടകന്നു കേവലം പന്നിയുടെ നിലവാരത്തിൽ ജീവിച്ച യുവാവിന്റെ ഉപമവഴി ദൈവവചനം മനുഷ്യരുടെ നികൃഷ്ടസ്ഥിതി വ്യക്തമാക്കുന്നുണ്ട്. സ്വന്തം ഭവനത്തിൽ നിന്നുള്ള ആ യുവാവിന്റെ പോക്കും അതിനുശേഷമുള്ള നാശോന്മുഖമായ ജീവിതവും ആ ഉപമ കാണിച്ചുതരുന്നു. തന്റെ വർത്തമാനകാലത്തെ ദയനീയസ്ഥിതി പൂർണ്ണമായി ഗ്രഹിക്കുകയും തന്നിലേയ്ക്കു തന്നെ പ്രവേശിച്ച് അനുതാപവാക്കുകൾ പറഞ്ഞു പഠിക്കുകയും ചെയ്യുന്നതിനു മുമ്പു ആ ഉപമയിലെ മനുഷ്യനെ ക്രിസ്തുനാഥൻ അവന്റെ പൂർവികമായ സന്തോഷത്തിലേയ്ക്കു നയിക്കുന്നതായി ഉപമയിൽ നാം കാണുന്നില്ല. അവൻ പ്രസ്താവിച്ചത്: 'പിതാവേ, സ്വർഗത്തിനും അങ്ങേയ്ക്കും മുമ്പാകെ ഞാൻ പാപം ചെയ്തുപോയി (ലൂ. 15:21) എന്നാണല്ലോ. ഈ വാക്കുകൾ നമ്മുടെ പ്രാർത്ഥനയിലെ വാക്കുകളോടു യോജിക്കുന്നുണ്ട്. താൻ പാപം ചെയ്തപ്പോൾ സ്വർഗത്തിൽനിന്നു താൻ വിട്ടുപോന്നതാണെന്ന വിചാരം അവനു ഇല്ലായിരുന്നുവെങ്കിൽ സ്വർഗത്തിനെതിരായ പാപത്തെക്കുറിച്ചു തന്റെ ഏറ്റുപറച്ചിലിൽ അവൻ കൂട്ടിച്ചേർക്കുകയില്ലായിരുന്നു. അതിനാൽ, അവന്റെ അനുതാപ പ്രകടനം പിതാവിന്റെ പക്കൽ അവന് വളരെ സമ്പർക്കസാമീപ്യം ഉണ്ടാക്കി. പിതാവ് അവന്റെ പക്കലേയ്ക്കു ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ചു ചുംബിച്ചു. മനുഷ്യന്റെമേൽ ദൈവവചനം ചുമത്തിയിട്ടുള്ള 'നുകത്തെ ഇത്'' സൂചിപ്പിക്കുന്നു. കല്പനയാകുന്ന നുകം നേരത്തെ അവന്റെമേൽ വച്ചിരുന്നു. പരിരക്ഷ നൽകുന്ന ആ നുകം കുടഞ്ഞെറിഞ്ഞ് അവൻ സ്വതന്ത്രനായി. അതിനു ശേഷം വായ് മുഖേനയുള്ള നുകം, അതായത്, സുവിശേഷത്തിന്റെ പാരമ്പര്യമാകുന്ന നുകം അവന്റെമേൽ അവിടുന്നു വച്ചു. അതിനുശേഷം അവനെ പിതാവു വസ്ത്രം അണിയിച്ചു. മറ്റൊരു വസ്ത്രമല്ല, പ്രത്യുത, അനുസരണക്കേടുമൂലം അവനു നഷ്ടപ്പെട്ടുപോയ ആദ്യത്തെ വസ്ത്രംതന്നെ'. അനുസരണക്കേടു മുഖേന വിലക്കപ്പെട്ട കനി രുചിച്ചു നോക്കുകയും തന്റെ തന്നെ നഗ്നത അവൻ കാണുകയും ചെയ്തപ്പോൾ, ആദ്യവസ്ത്രമവന് നഷ്ടപ്പെട്ടുപോയിരുന്നു. വിരലിൽ അണിയിച്ച മോതിരമാകട്ടെ, ആ മോതി



രത്തിൽ ഉണ്ടായിരുന്ന മിനുസപ്പെടുത്തിയ രത്നത്തിലൂടെ നഷ്ടപ്പെട്ടുപോയ സാദൃശ്യം മനുഷ്യനു വീണ്ടും ലഭിച്ച കാര്യമാണ് സൂചിപ്പിച്ചത്. പാദുകം ധരിപ്പിച്ച് അവന്റെ കാലുകളെ സംരക്ഷിക്കുന്നു. അവൻ പാമ്പിന്റെ തലയെ സമീപിച്ചാൽ പാമ്പ് അവന്റെ നഗ്നമായ പാദങ്ങളിൽ കടിക്കാതിരിക്കണം. പിതാവിന്റെ പക്കലേയ്ക്കുള്ള ആ യുവാവിന്റെ പ്രത്യാഗമനം പിതാവിന്റെ സ്നേഹമസൃണമായ കാരുണ്യം അനുഭവിക്കാനുള്ള സന്ദർഭം അവനു നൽകി. പിതാവിനോട് അവൻ പ്രസ്താവിച്ചതുപോലെ അവർ ഏതിനെതിരായി പാപം ചെയ്തുപോയോ ആ സ്വർഗമാണ് അവന്റെ പിതൃഭൂമി. സ്വർഗത്തിലുള്ള പിതാവിനെ വിളിക്കുവാൻ നമ്മുടെ കർത്താവു നമ്മെ പഠിപ്പിക്കുമ്പോൾ മനോഹരമായ നമ്മുടെ പിതൃഭൂമിയെക്കുറിച്ചുള്ള സ്മരണ നമ്മിൽ ഉണർത്തുവാൻ അവിടുന്ന് ഉദ്ദേശിക്കുന്നതായിട്ടാണ് എനിക്കു തോന്നുന്നത്. ഇങ്ങനെ മുമ്പു പ്രസ്താവിച്ച നല്ല കാര്യങ്ങൾക്കുവേണ്ടിയുള്ള ശക്തിയേറിയ ആഗ്രഹം നമ്മുടെ മനസ്സിൽ ജനിപ്പിച്ചുകൊണ്ട് പിതൃഭൂമിയിലേയ്ക്കുള്ള പ്രയാണവീഥിയിൽ അവിടുന്നു നമ്മെ കൊണ്ടുചെന്നാക്കുന്നു.

മനുഷ്യസ്വഭാവത്തെ സ്വർഗത്തിലേയ്ക്കു തിരികെ നയിക്കുന്ന മാർഗമാകട്ടെ പലായനം മുഖേന ഈ ലോകത്തിന്റെ തിന്മകളിൽനിന്ന് വിട്ടകലുകയല്ലാതെ മറ്റൊന്നുമല്ല. ദൈവവുമായുള്ള സാദൃശ്യം സമ്പാദിക്കുകയാണ് തിന്മകളിൽ നിന്ന് ഓടിയകലുന്നതിന്റെ ഉദ്ദേശ്യമെന്ന് എനിക്കു തോന്നുന്നു. ദൈവത്തെപ്പോലെ ആകുകയെന്നു പറഞ്ഞാൽ നീതിയും പരിശുദ്ധിയും നന്മയും, ഇപ്രകാരമുള്ള മറ്റു സത്ഗുണങ്ങളും ഉള്ളവനാകുകയെന്നാണ് അർത്ഥം. ഒരുവൻ ഈ സത്ഗുണങ്ങളുടെ സവിശേഷതകൾ തന്റെ കഴിവിനൊത്ത് സ്പഷ്ടമായി ദൃശ്യമാക്കുന്നപക്ഷം അവൻ ഈ ലോകജീവിതത്തിൽനിന്ന് സ്വർഗീയജീവിതത്തിലേയ്ക്കു അതിനാൽത്തന്നെ അനായാസം പ്രവേശിക്കും. ദൈവികവും മാനുഷികവും തമ്മിലുള്ള അകലം സ്ഥലപരമല്ലാത്തതിനാൽ ശാരീരമില്ലാത്ത അറിവിന്റെ ലോകത്തിലേയ്ക്കു പ്രവേശിക്കുവാൻ മണ്ണിനോടു ബന്ധപ്പെട്ട ഭാരമാർന്ന നമ്മുടെ ശരീരത്തിനു യാതൊരു യാന്ത്രികോപകരണത്തിന്റെയും ആവശ്യമില്ല. സത്ഗുണം തിന്മയിൽനിന്നു യഥാർത്ഥത്തിൽ വേർതിരിക്കപ്പെട്ടു കഴിഞ്ഞുവെങ്കിൽ ആഗ്രഹമനുസരിച്ചുള്ള സ്ഥാനത്ത് എത്തിച്ചേരുവാൻ മനുഷ്യനു സ്വാതന്ത്ര്യം ലഭിക്കും. നല്ലതു തെരഞ്ഞെടുത്തു കഴിഞ്ഞാൽ പിന്നെ പ്രവർത്തനമില്ലല്ലോ? തെരഞ്ഞെടുത്ത പ്രവൃത്തി കഴിഞ്ഞതിനു ശേഷമാണല്ലോ തെരഞ്ഞെടുക്കപ്പെട്ട കാര്യങ്ങൾ നമുക്ക് ലഭിക്കുക. അതിനാൽ സ്വർഗത്തിൽ ഉടനെതന്നെ പ്രവേശിക്കുവാൻ നിങ്ങൾക്ക് അർഹത ലഭിക്കുന്നു. കാരണം, മനസ്സുകൊണ്ടു നിങ്ങൾ ദൈവത്തെ സ്വന്തമാക്കിക്കഴിഞ്ഞു. 'ദൈവം സ്വർഗത്തിലാകുന്നുവെന്ന്'' സഭാപ്രസംഗിയിൽ നാം വായിക്കുന്നു (5:2). 'ദൈവത്തോട് നിങ്ങൾ ഒട്ടിച്ചേർന്നിരിക്കുന്നു(സങ്കീ. 73:28). അപ്പോൾ ദൈവം എവിടെയായിരിക്കുന്നുവോ അവിടെയാണ് നിങ്ങളും എന്ന് വ്യക്തം. കാ

www.malankaralibrary.com



രണം നിങ്ങൾ അവിടുത്തോട് സംയോജിച്ചവരാകുന്നു. ഈ പ്രാർത്ഥനയിൽ ദൈവത്തെ 'പിതാവേ' എന്നു വിളിക്കുവാൻ ക്രിസ്തുനാഥൻ കൽപിച്ചിരിക്കുന്നതിനാൽ ദൈവത്തിനു യോഗ്യമായ രീതിയിലുള്ള ഒരു ജീവിതം മുഖേന നമ്മുടെ സ്വർഗ്ഗീയ പിതാവിനോട് നാം സാദൃശ്യപ്പെടുവാനല്ലാതെ മറ്റൊന്നുമല്ല അവിടുന്ന പറയുന്നത്. വേറൊരിക്കൽ അവിടുന്നു കൽപ്പിച്ചിട്ടുണ്ടല്ലോ, 'സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണരായിരിക്കുവിൻ' (മത്താ. 5:48).

പ്രാർത്ഥനയിലെ ഈ വാചകത്തിന്റെ അർത്ഥം നാം മനസ്സിലാക്കിക്കഴിഞ്ഞുവെങ്കിൽ ഉറപ്പേറിയ വിശ്വാസത്തോടുകൂടെ 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നു പറയുവാൻ നമ്മുടെ ആത്മാവിനെ നാം തയ്യാറാക്കേണ്ട സമയം സമാഗതമായിക്കഴിഞ്ഞിരിക്കുന്നു. ഒരുവൻ ദൈവത്തോടു സദൃശ്യപ്പെടുന്നതു വഴിയാണ് ദൈവസുതനായിത്തീരുക. വ്യക്തമായ സവിശേഷതകൾവഴിയാണ് ആ സാദൃശ്യം ഉണ്ടാകേണ്ടതും. 'തന്നെ സ്വീകരിച്ച സകലർക്കും—തന്റെ നാമത്തിൽ വിശ്വാസമർപ്പിക്കുന്ന സകലർക്കും ദൈവമക്കളാകുവാനുള്ള അവകാശം അവിടുന്നു നൽകി (യോഹ. 1:12). പരിപൂർണ്ണ നൻമ സ്വീകരിക്കുന്നവൻ ദൈവത്തെ സ്വീകരിക്കുന്നു. അതുപോലെതന്നെ തിൻമയുടെ സ്വഭാവത്തിനും ചില അടയാളങ്ങളെല്ലാമുണ്ട്. അവയുള്ളവൻ ദൈവപുത്രനാകാൻ സാധിക്കുകയില്ല. കാരണം, ദൈവപ്രകൃതിക്ക് വിരുദ്ധമായ സാദൃശ്യമാണ് അവനിൽ മുദ്രിതമായിരിക്കുന്നത്. തിൻമയായ സ്വഭാവത്തിന്റെ പ്രത്യേകതകൾ അറിയുവാൻ നിങ്ങൾക്ക് ആഗ്രഹം ഉണ്ടോ? അവ അസൂയ, വിദ്വേഷം. പരദൂഷണം, കാപട്യം, അത്യാഗ്രഹം, ഭോഗലിപ്സ, ഉയർച്ചയിലുള്ള ഭ്രാന്തുപിടിച്ച ആവേശം ഇവയൊക്കെയാണ്. ഇവയും ഇവപോലുള്ള ലക്ഷണങ്ങളും മുഖേന ശത്രുവിന്റെ മുഖം തിരിച്ചറിയാം, ഇങ്ങനെയുള്ള മാലിന്യങ്ങളുടെ പാടുകളാൽ നിറഞ്ഞ ആത്മാവുള്ള ഒരുവൻ തന്റെ പിതാവിനെ വിളിച്ചാൽ ഏതുതരത്തിലുള്ള പിതാവാണ് അവനെ കേൾക്കുക? തീർച്ചയായും അവന് ബന്ധമുള്ളവൻ ആയിരിക്കും. അത് സ്വർഗസ്ഥനല്ല, നരകത്തിലുള്ള പിതാവായിരിക്കും. കടുംബസ്വഭാവമുള്ളവൻ കുടുംബത്തിലുള്ള അംഗത്തെ തിരിച്ചറിയും. അതിനാൽ ദുഷ്ടനായ ഒരുവൻ തന്റെ ദുഷ്ടതയിൽ നിലനില്ക്കുന്നിടത്തോളം കാലം അവന്റെ പ്രാർത്ഥന പിശാചിനോടുള്ള അർത്ഥനയാണ്. എന്നാൽ അവൻ തന്റെ ദുഷ്ടതയെ വിട്ടുപേക്ഷിച്ച് നല്ലൊരു ജീവിതം നയിക്കുന്നപക്ഷം അവന്റെ വാക്കുകൾ നല്ലവനായ പിതാവിനോടുള്ള അർത്ഥനയാണ്. ഇക്കാരണത്താൽ ദൈവത്തെ സമീപിക്കുന്നതിനുമുമ്പ് ആദ്യം നമ്മുടെ ജീവിതത്തെ നാം പരിശോധിക്കേണ്ടിയിരിക്കുന്നു. ദൈവികബന്ധത്തിനനുയോജ്യമായ എന്തെങ്കിലും നമ്മിൽ ഉണ്ടോ എന്നു നാം ആരായണം. അങ്ങനെ ഈ പദം ഉപയോഗിക്കവാൻ നമുക്ക് ധൈര്യം ഉണ്ടാകണം.

കാരണം, പിതാവേ, എന്നു വിളിക്കുവാൻ നമ്മോടു കൽപിച്ച പിതാവ് കള്ളം പറയുവാനല്ല നമ്മെ പഠിപ്പിച്ചിട്ടുള്ളത്. ദൈവികശ്രേഷ്ഠതയ്ക്കു



യോഗ്യമായ നിലയിൽ ജീവിക്കുന്ന വ്യക്തിക്കു സ്വർഗ്ഗീയ നഗരത്തിലേയ്ക്കു നോക്കുവാനും സ്വർഗത്തിലെ രാജാവിനെ തന്റെ പിതാവെന്നും സ്വർഗീയ സൗഭാഗ്യത്തെ തന്റെ പിതൃഭൂമിയെന്നും വിളിക്കുവാനും അവകാശമുണ്ട്. ഈ ഉപദേശത്തിന്റെ ഉദ്ദേശ്യമെന്താണ്? ദൈവം എവിടെയായിരിക്കുന്നുവോ ആ ഉന്നതത്തിലെ കാര്യങ്ങൾ മനുഷ്യർ ചിന്തിക്കണമെന്നുള്ളതുതന്നെ. അവിടെ ഭവനത്തിന്റെ അടിസ്ഥാനം ഇടണം. അവിടെ നിക്ഷേപങ്ങൾ ശേഖരിക്കണം. അവിടെത്തന്നെ ഹൃദയവും ആയിരിക്കണം. കാരണം, 'നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും' (മത്താ. 6:21). പിതാവിന്റെ സൗന്ദര്യത്തെ നാം വീക്ഷിക്കുകയും നമ്മുടെ ആത്മാവിന്റെ സൗന്ദര്യം അവിടുത്തെ സൗന്ദര്യത്തിനു അനുരൂപമാക്കുകയും വേണം.

'ദൈവത്തിൻ പക്കൽ മുഖപക്ഷമില്ല' എന്നാണ് വി. ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത് (റോമ. 2:11). നിങ്ങളുടെ സൗന്ദര്യം കറയില്ലാത്തതായിരിക്കട്ടെ. ദൈവികമായത് അസൂയയിൽനിന്നും മോഹത്തിന്റെ കറയിൽനിന്നും വിമുക്തമാണ്. അതിനാൽ ഇപ്രകാരമുള്ള മോഹങ്ങൾ നിങ്ങളെ വികൃതമാക്കാതിരിക്കട്ടെ. ദൈവികസൗന്ദര്യത്തെ മലിനമാക്കുന്ന അസൂയയും പൊങ്ങച്ചവും അതുപോലെയുള്ളവയും നിങ്ങളിൽ ഉണ്ടാകാതിരിക്കട്ടെ. നിങ്ങൾ ഇങ്ങനെയാണെങ്കിൽ പരിചിതമായ ഒരു നാമം മുഖേന ദൈവത്തെ വിളിച്ചുകൊള്ളുക. സകലത്തിന്റെയും ഉടയവനായ ദൈവത്തെ പിതാവ് എന്നു സംബോധന ചെയ്യുക. ഒരു പിതാവിന്റെ നയനങ്ങളോടെ അവിടുന്നു നിങ്ങളെ വീക്ഷിക്കും. സ്വർഗീയവസ്ത്രം അവിടുന്നു നിങ്ങളെ ധരിപ്പിക്കും. മോതിരംകൊണ്ട് അവിടുന്നു നിങ്ങളെ അലങ്കരിക്കും. ഉന്നതത്തിലേയ്ക്കുള്ള പ്രയാണത്തിൽ സുവിശേഷത്തിന്റെ പാദുകങ്ങൾ അവിടുന്ന് നിങ്ങൾക്കു നൽകും. ശക്തിയും മഹത്ത്വവും എന്നുമെന്നേയ്ക്കുമുള്ള ഈശോമിശിഹാവഴി സ്വർഗീയമായ പിതൃഭൂമി അവിടുന്ന് നിങ്ങൾക്കു നൽകും. ആമേൻ.

## പ്രഭാഷണം മൂന്ന്

## "അങ്ങയുടെ നാമം പൂജിതമാകണമേ, അങ്ങയുടെ രാജ്യം വരണമേ"

'വരാനിരിക്കുന്ന നന്മകളുടെ നിഴൽ ആയിരുന്ന നിയമം' (എബ്രാ. 10:1) ചില സത്യങ്ങളവതരിപ്പിക്കുന്നത് അന്യാപദേശങ്ങളും പ്രതീകങ്ങളും വഴിയാണ്. അതിവിശുദ്ധ സ്ഥലത്ത് പ്രാർത്ഥനയ്ക്കായി പ്രവേശിക്കുന്നതിനുമുമ്പ് പുരോഹിതൻ ശുചീകരണത്തിനുള്ള തളിക്കലുകൾ വഴി ശുദ്ധനാക്കപ്പെടണമെന്ന് നിയമം അനുശാസിക്കുന്നു. അതിനുശേഷം

www.malankaralibrary.com


സ്വർണവും ചുവന്ന പട്ടും മററു മനോഹരമായ നിറങ്ങളും ഉള്ള വൈദികന്റെ സ്ഥാനവസ്ത്രം അദ്ദേഹം ധരിക്കണം. അദ്ദേഹം അരപ്പട്ട ധരിക്കണം. പതക്കം ധരിക്കണം. തലയിൽ സുഗന്ധതൈലം പൂശണം. വിശുദ്ധ കിരീടമായ പൊൻപട്ടം വയ്ക്കണം (പുറ. 28:4.38; ലേവ്യ. 8:7–12).

എന്നാൽ ആദ്ധ്യാത്മിക നിയമദാതാവായ നമ്മുടെ കർത്താവായ യേശുമിശിഹായാകട്ടെ നിയമത്തിൽ കാണുന്ന ഭൗതികമായ പ്രതീകങ്ങളെ എല്ലാം എടുത്തു കളയുന്നു. ഒന്നാമതായി, എല്ലാവരിൽ നിന്നും വേർതിരിക്കപ്പെട്ട ഒരാൾക്കു മാത്രം അവിടുന്ന് ദൈവവുമായുള്ള സമ്പർക്കസൗകര്യം നൽകുന്നില്ല. പ്രത്യുത, വൈദികരാകാൻ ആഗ്രഹിക്കുന്നവർക്കെല്ലാം തുല്യമായി ഈ ബഹുമതി നൽകുന്നു. രണ്ടാമതായി ചായങ്ങളും നെയ്ത്തിന്റെ വിചിത്രതയുംകൊണ്ട് ഉളവാക്കപ്പെട്ട ബാഹ്യമായ അലങ്കാരങ്ങൾ മുഖേന അവിടുന്ന് വൈദികസൗന്ദര്യം നിർമ്മിക്കുന്നില്ല. എന്നാൽ തന്റെ സ്വന്തമായ അലങ്കാരങ്ങൾ അവിടുന്ന് വൈദികനു നൽകുന്നു. മോടിയായി അലങ്കരിച്ച ചുവന്ന വസ്ത്രം കൊണ്ടല്ല, സദ്ഗുണങ്ങളുടെ അനുഗ്രഹം കൊണ്ടാണ് അതു സാധിക്കുക. അദ്ദേഹത്തിന്റെ മാറിനെ ഭൗതികമായ സ്വർണം കൊണ്ടല്ല അവിടുന്ന് അലങ്കരിക്കുക. പ്രത്യുത, പൂർണമായി പരിശുദ്ധമായ മനസ്സാക്ഷികൊണ്ട് സുന്ദരമാക്കുന്നു. പ്രകാശം പ്രസരിപ്പിക്കുന്ന രത്നങ്ങൾകൊണ്ടുള്ള മുടി അവന് അവിടുന്നു നൽകുന്നു. അവ യാകട്ടെ ശ്ലീഹായുടെ വാക്കനുസരിച്ച് പരിശുദ്ധ കൽപ്പനകളുടെ പ്രകാശമാണ്. ചാരിത്ര്യമാകുന്ന വസ്ത്രംകൊണ്ടും അദ്ദേഹത്തിന്റെ ശരീരത്തെ അവിടുന്നു ആച്ഛാദനം ചെയ്യുന്നു. എല്ലാവിധത്തിലും അലംകൃതനാക്കിയശേഷം അവിടുന്ന് അദ്ദേഹത്തെ ദേവാലയത്തിന്റെ "അദിറേറാണിലേക്ക്" [3], ഏററം ഉൾഭാഗത്തേയ്ക്കു നയിക്കുന്നു.

ഈ ഉൾഭാഗമാകട്ടെ, കൈകളാൽ നിർമിതമായതോ, ജീവനില്ലാത്തതോ അല്ല. തിന്മയ്ക്കു കടക്കാൻ കഴിയാത്തതും ദുഷ്ടവിചാരങ്ങൾക്കു പ്രവേശനം അസാധ്യവുമായ നമ്മുടെ ഹൃദയത്തിന്റെ ഏററം ഉൾഭാഗമാണത്. സ്വർണനിർമിതമായ കിരീടം കൊണ്ടല്ല. നേരേമറിച്ച് ദൈവികചിന്തകൾകൊണ്ടാണു അവിടുന്നു അദ്ദേഹത്തിന്റെ ശിരസ്സിനെ അലങ്കരിക്കുക. ആത്മാവിന്റെ ആന്തരിക സദ്ഗുണങ്ങളിൽനിന്നെടുത്തതൈലമാണ് അവിടുന്ന് അദ്ദേഹത്തിന്റെ തലമുടിയിൽ ഒഴിക്കുന്നത്. ദൈവത്തിനു സമർപ്പിക്കാനുള്ള ബലി വസ്തുവും നിഗൂഢമായ രീതിയിൽ അവിടുന്നു തയ്യാറാക്കുന്നു. ആ ബലിവസ്തുവാകട്ടെ അവിടുന്നുതന്നെയാണ്. ഈ ബലി അർപ്പിക്കുന്നതിന് കർത്താവിനാൽ നയിക്കപ്പെട്ട അദ്ദേഹം തന്റെ ജഢികമനസ്സിനെ ദൈവവചനമായ ആത്മാവിന്റെ വാൾ (എഫേ. 6:17) കൊണ്ടു നിഗ്രഹിക്കുന്നു. അങ്ങനെ ദൈവത്തെ അദ്ദേഹം രമ്യപ്പെടുത്തുന്നു. വിശുദ്ധസ്ഥലത്തുനിന്നുകൊണ്ട് തന്റെ 'ശരീരത്തെ ജീവനുള്ളതും പരിശുദ്ധവും ദൈവത്തിനു സ്വീകാര്യവുമായബലിയായി' സമർപ്പിക്കുന്നു (റോമ. 12:1).

3. ദേവാലയത്തിലെ അതിവിശുദ്ധസ്ഥലത്തേക്ക്.



നാം വ്യാഖ്യാനിക്കുന്ന പ്രാർത്ഥനയുടെ സ്പഷ്ടമായ അർത്ഥം ഇതല്ലെന്നും വാചകക്കസർത്തുകളാണിവയെന്നും ഒരുവൻ പറഞ്ഞേക്കാം. പ്രാർത്ഥനയെക്കുറിച്ചു മുൻപു ഞാൻ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ നിങ്ങൾ ഓർക്കുക. ഈ പ്രസംഗത്തിൽ പ്രസ്താവിച്ച വിധത്തിൽ വസ്ത്രധാരണം ചെയ്തു തയ്യാറാകുന്നവനാണ് ധൈര്യപൂർവ്വം ദൈവത്തെ പിതാവെന്നു സംബോധന ചെയ്യേണ്ടത് എന്നു ഞാൻ മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവൻ പൊന്മണികൾകൊണ്ടും മാതളപ്പഴങ്ങൾകൊണ്ടും അലംകൃതനാണ്. കൽപ്പനകളുടെ രശ്മികളാൽ അവന്റെ മാറു പ്രകാശിക്കുന്നു. പിതാക്കന്മരുടെയും പ്രവാചകരുടെയും നാമങ്ങൾ മാത്രമല്ല, അവരെത്തന്നെ അവൻ തന്റെ തോളിന്മേൽ വഹിക്കുന്നു. അവരുടെ സുകൃതംതന്റെ അലങ്കാരമായി അവൻമാററിയിരിക്കുന്നു. നീതിയുടെ കിരീടം അവന്റെ ശിരസ്സിൽ വയ്ക്കപ്പെട്ടിരിക്കുന്നു; സ്വർഗീയ തൈലത്താൽ അവന്റെ മുടി നനയ്ക്കപ്പെട്ടിരിക്കുന്നു. എല്ലാവിധ ലൗകിക ചിന്തകൾക്കും അപ്രാപ്യമായ ഉൾഭാഗത്ത്, അതേ, മേലാകാശത്തിൽ അവൻ വസിക്കുന്നു.

ദൈവികപദവി സ്വീകരിക്കുന്ന ഒരാൾ എപ്രകാരമാണ് ഒരുങ്ങേണ്ടതെന്ന് കാര്യം വ്യക്തമാക്കുവാനാണ് ഞാൻ ഇത്രയും പ്രസ്താവിച്ചത്. വിശുദ്ധസ്ഥലത്തു നിൽക്കുന്ന വൈദികൻ ദൈവത്തിനു സമർപ്പിക്കുവാൻ കൽപ്പിക്കപ്പെട്ടിട്ടുള്ള പ്രാർത്ഥനയുടെ ഭാഗമാണു ഇനിയും നാം ചർച്ച ചെയ്യേണ്ടത്. എന്റെ അഭിപ്രായത്തിൽ ഒററനോട്ടത്തിൽ ഈ പ്രാർത്ഥനാഭാഗത്തിന്റെ അർത്ഥം സ്പഷ്ടമല്ല. അവിടുന്ന്. പ്രസ്താവിക്കുന്നു: 'അങ്ങയുടെ നാമം പൂജിതമാകണമേ, അങ്ങേ രാജ്യം വരണമേ.' എന്റെ ആവശ്യങ്ങൾക്ക് ഇതുകൊണ്ടു എന്തു പ്രയോജനം ? തന്റെ പാപങ്ങളെക്കുറിച്ച് അനുതപിക്കുന്നതിന്റെ ഫലമായി ശത്രുവിന്റെ പ്രലോഭനങ്ങളെക്കുറിച്ച് എപ്പോഴും അറിയാവുന്നതുകൊണ്ട്, ബലഹീനതകളിൽനിന്ന് രക്ഷപ്പെടാൻ ദൈവസഹായം അപേക്ഷിക്കുന്നവൻ ഇങ്ങനെ പറഞ്ഞേക്കാം. കാരണം, ഒരുവശത്ത് കോപാവേശം സമചിത്തതയെ തകിടം മറിക്കുന്നു. മറുവശത്തു സ്വഭാവ വിരുദ്ധമായ മോഹങ്ങൾ ആത്മാവിന്റെ ശക്തിയെ ക്ഷീണിപ്പിക്കുന്നു. വേറൊരു വഴിക്കാകട്ടെ അത്യാഗ്രഹം ആത്മാവിന്റെ വ്യക്തമായ വീക്ഷണത്തെ ഇല്ലാതാക്കുന്നു. കാപട്യം, അഹങ്കാരം, വിദ്വേഷം എന്നിങ്ങനെ നിരവധി ദുർഗ്ഗുണങ്ങൾ ശത്രുസൈന്യത്തെപ്പോലെ നമ്മെ വലയം ചെയ്യുകയും ആത്മാവിന്റെ ആത്യന്തികലക്ഷ്യത്തെ അപകടപ്പെടുത്തുകയും ചെയ്യുന്നു. ഈ അപകടങ്ങളിൽനിന്ന് രക്ഷപ്പെടുവാൻ ശക്തനായ ഒരുവന്റെ സഹായം വേണമെന്ന് ഒരാൾ ഉൽക്കടമായി ആഗ്രഹിക്കുന്നുവെന്നു വിചാരിക്കുക. ഏതു വാക്കുകളായിരിക്കും അയാൾ അതിന് ഉപയോഗിക്കുക? 'എന്നെ വിദ്വേഷിക്കുന്നവരിൽനിന്ന് എന്നെ രക്ഷിക്കണേ'മെ!

www.malankaralibrary.com


'എന്റെ ശത്രുക്കൾ പിന്തിരിഞ്ഞോടട്ടെ.' 'അപകടത്തിൽനിന്ന് എനിക്ക് സംരക്ഷണം നൽകണമെ. ദാവീദു ദീർഘദർശിയെപ്പോലെ (സങ്കീ. 69:18; 56:9; 60:12) ഇതും ഇതുപോലെയുമുള്ള അപേക്ഷകളുമായിരിക്കയില്ലേ തന്റെ ശത്രുക്കളിൽനിന്ന് സംരക്ഷണത്തിനും സഹായത്തിനുമായി അയാൾ ഉപയോഗിക്കുക? നാം ഇപ്പോൾ ചർച്ചചെയ്യുന്ന പ്രാർത്ഥനയുടെ സ്വരരീതി എന്താണ്? 'അങ്ങയുടെ നാമം പൂജിതമാക്കണമെ' എന്നല്ലേ? ഞാനിങ്ങനെ പറഞ്ഞെങ്കിൽത്തന്നെയും ദൈവതിരുനാമം പരിശുദ്ധമാകാതിരിക്കാൻ വല്ല സാധ്യതയുമുണ്ടോ? 'അങ്ങയുടെ രാജ്യം വരണമെ'. ഏശയ്യാ പ്രവാചകൻ പറയുന്നതുപോലെ (40:12) ആകാശത്തെ മുഴുവൻ തന്റെ ഉള്ളംകൈയിൽ വഹിക്കുകയും ഭൂമിയുടെ പരിമാണമെടുക്കുകയും ചെയ്യുന്നവനും ആരുടെ ഉള്ളംകൈ വെള്ളമുളവാക്കുകയും പ്രാപഞ്ചികവും അപ്രാപഞ്ചികവുമായ എല്ലാ സൃഷ്ടികളും ഉൾക്കൊള്ളുകയും ചെയ്യുന്നുവോ, ആ ദൈവത്തിന്റെ ശക്തിക്ക് കീഴ്പ്പെടാത്തതായി എന്തുണ്ട്? അവിടുന്ന് എല്ലാ കാര്യങ്ങളിലും പരിപൂർണനാണ്. ദൈവതിരുനാമം എപ്പോഴും പരിശുദ്ധമാണെങ്കിൽ, അവിടുത്തെ ശക്തമായ ആധിപത്യത്തിൽനിന്ന് യാതൊന്നിനും കുതറിമാറാൻ സാധ്യമല്ലെങ്കിൽ, എല്ലാ വസ്തുക്കളെയും അവിടുന്നു ഭരിക്കുകയും അവിടുത്തെ പരിശുദ്ധതയോട് എന്തെങ്കിലും കൂട്ടിച്ചേർക്കുക അസാധ്യവുമെങ്കിൽ. 'അങ്ങയുടെ നാമം പൂജിതമാകണമെ,' 'അങ്ങയുടെ രാജ്യം വരേണമെ' എന്നു പ്രാർത്ഥിക്കുന്നതിലുള്ള സാംഗത്യമെന്ത്? പക്ഷേ, ഈ പ്രാർത്ഥനാരീതികൊണ്ട് താഴെക്കാണുന്ന വിധത്തിലുള്ള ഒരാശയം സൂചിപ്പിക്കാനാണ് ദൈവവചനം ഉദ്ദേശിക്കുന്നതെന്നു തോന്നുന്നു. എന്തെങ്കിലും നന്മ നേടുന്ന കാര്യത്തിൽ മനുഷ്യപ്രകൃതി തീരെ ദുർബലമാണ്. നേടണമെന്ന് ഉത്കണ്ഠയുള്ള കാര്യങ്ങൾ നമുക്കു ലഭിക്കണമെങ്കിൽ ദൈവസഹായംമൂലം നമ്മിൽ നന്മയുളവാകണം. എല്ലാ നല്ല കാര്യങ്ങളിലുംവച്ച് എനിക്കു ഏററം പ്രധാനമായത് ദൈവനാമം എന്റെ ജീവിതംവഴി മഹത്വപ്പെടുകയെന്നുള്ളതാണ്. വേറൊരു വശത്തുകൂടി വീക്ഷിച്ചാൽ ഒരുപക്ഷേ ഇതിന്റെ അർത്ഥം കൂടുതൽ വ്യക്തമായേക്കാം.

ദൈവദൂഷണം പറയുന്നവരെ വിശുദ്ധ വേദപുസ്തകം കുററപ്പെടുത്തുന്നതു ഞാൻ വായിച്ചിട്ടുണ്ട്. 'പുറജാതികളുടെയിടയിൽ എന്റെ നാമം അശുദ്ധമാക്കിയിരിക്കുന്നവർക്ക് ഹാ കഷ്ടം!4 ഈ വാക്കുകളുടെ അർത്ഥം ഏതാണ്ട് ഇപ്രകാരമാണ്: സത്യവചനം ഇതുവരെയും വിശ്വസിക്കാത്തവർ വിശ്വാസത്തിന്റെ രഹസ്യം പ്രാപിച്ചവരുടെ ജീവിതം സൂക്ഷ്മപരിശോധനക്ക് വിധേയമാക്കുന്നു. അതിനാൽ പേരിൽമാത്രം വിശ്വസ്തരായിരിക്കുകയും തങ്ങളുടെ ജീവിതം കൊണ്ട് ആ പേരിന് എതിരായി വർത്തിക്കുകയും ചെയ്യുന്നവർ, ഏന്തെങ്കിലും ലാഭത്തെപ്രതി വിഗ്രഹാരാധന ചെയ്യുകയോ മദ്യപിച്ച മദോന്മത്തരായി പേക്കൂത്തു കാണിച്ച തങ്ങൾക്കുതന്നെ അപമാ

4. റോമ. 2:24; ഏശ. 52:5; എസ. 36;20



നം വരുത്തുകയോ, പന്നി ചേറിൽ പൊതിഞ്ഞു കിടക്കുന്നതുപോലെ ജഡമോഹങ്ങളിൽ ആമഗ്നരായികഴിയുകയോ ചെയ്യുന്നെങ്കിൽ; പുറജാതികൾ ഇത് ആ ദുഷ്ടമനുഷ്യരുടെ സ്വതന്ത്രമായ ചെയ്തികളായിട്ടല്ല, മറിച്ച് വിശ്വാസരഹസ്യങ്ങൾ ഈ കാര്യങ്ങളാണ് പഠിപ്പിക്കുന്നതെന്നു കരുതും. ദൈവികരഹസ്യങ്ങളിലേയ്ക്കു പ്രവേശനം ലഭിച്ചവർ ഇങ്ങനെ പരദൂഷണം പറയുകയോ ദുർമോഹിയും അമിതാഗ്രഹിയും ആകുകയോ ഇങ്ങനെയുള്ള തിന്മകളിൽ വീഴുകയോ ചെയ്യുമ്പോൾ പാപം ചെയ്യുക അയാൾക്കു അനുവദനീയമാണെന്നും അവർ പറയും. ഇങ്ങനെ ജീവിക്കുന്നവരോടാണ് ഭീഷണി തികഞ്ഞ ഈ വാചകം ദൈവവചനം പറയുന്നത്: 'പുറജാതികളുടെയിടയിൽ എന്റെ നാമം ദുഷിക്കുന്നവർക്കു ഹാ, കഷ്ടം!"

മുൻപറഞ്ഞ കാര്യങ്ങൾ ശരിയായി ഗ്രഹിച്ചെങ്കിൽ വേറൊരു വീക്ഷണകോണിൽക്കൂടെ കാര്യങ്ങൾ നോക്കാം. ദൈവത്തിന്റെ തിരുനാമം ദുഷിക്കപ്പെടരുത്. എന്റെ ജീവിതം മുഖേന പരിശുദ്ധമാക്കപ്പെടുകയും മഹത്വപ്പെടുകയും ചെയ്യണം. ഇതാണു മറെറല്ലാത്തിനേക്കാളുപരി പ്രാർത്ഥനയുടെ പ്രധാനപ്പെട്ട ഭാഗം. ഫലത്തിൽ പ്രാർത്ഥന ഉദ്ദേശിക്കുന്നതിതാണ്. ഞാൻ വിളിച്ചപേക്ഷിക്കുന്ന അവിടുത്തെ ആധിപത്യത്തിന്റെ നാമം എന്നിൽ പരിശുദ്ധമാക്കപ്പെടട്ടെ. 'മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികൾ കാണുകയും സ്വർഗത്തിലുള്ള നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനായിട്ടും തന്നെ. 13 ദൈവത്തിൽ വിശ്വസിക്കുന്നവരിൽ, അടിയുറച്ച സത്ഗുണങ്ങളുള്ള ഒരു നിർമലജീവിതം കാണുന്നപക്ഷം ആരാണ് ദൈവത്തെ മഹത്വപ്പെടുത്താതിരിക്കാൻ തക്കവണ്ണം അത്രമാത്രം വിവേകരഹിതനായിട്ടുള്ളത്? പാപത്തിന്റെ എല്ലാവിധ കറകളിൽനിന്നും വിമുക്തമായി തിന്മയെക്കുറിച്ച് സംശയം നൽകാത്ത പരിശുദ്ധമായ വിവേകം, മിതത്വം എന്നിവ പ്രശോഭിക്കുന്ന ജീവിതത്തെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഇപ്രകാരം ജീവിക്കുന്നവൻ വികാരങ്ങളുടെ ആക്രമണത്തെ ധൈര്യപൂർവ്വം ചെറുത്തുനിൽക്കും. ജീവിതത്തിനു ആവശ്യമായവ മാത്രമേ അയാൾ അനുഭവിക്കുകയുള്ളൂ. ശരീരത്തിന്റെ ആഡംബരങ്ങളിൽ അയാൾക്ക് ഭ്രമമില്ല. അമിതാനന്ദത്തിനും മടിക്കും അഹന്തനിറഞ്ഞ കാപട്യത്തിനും അയാൾ കേവലം അന്യൻ മാത്രമായിരിക്കും. ഭൂമിയിൽ അയാൾ പാദങ്ങളൂന്നിയിട്ടുണ്ട്. എന്നാൽ അത് അമർത്തി ചവിട്ടലല്ല; ഭൗതികലോകത്തിന്റെ ജീവിതത്തിൽ അയാൾ ആമഗ്നനല്ല. ഇന്ദ്രിയങ്ങളുടെ വഞ്ചനകൾക്കയാൾ അതീതനാണ്. ശരീരത്തോടു കൂടിയവനെങ്കിലും ഭൗതികമല്ലാത്തവയുടെ പിന്നാലെയാണയാൾ പോകുന്നത്. സത്ഗുണസമ്പന്നതയാണ് ഏകസമ്പത്തെന്ന് അയാൾ കരുതുന്നു. ദൈവസമ്പർക്കമാണ് ഏററം ശ്രേഷ്ഠമെന്നയാൾ വിചാരിക്കുന്നു. മാനുഷികവികാരങ്ങൾക്ക് അടിമയാകാതിരിക്കാൻവേണ്ടി ജീവിക്കുകയാണ് അവന്റെ പദവിയും ശക്തിയും. ഈ ഭൗതികജീവിതം നീണ്ടുപോകുന്നത് അവന് സങ്കടകരമാണ്. കടൽ

www.malankaralibrary.com



യാത്രക്കാരൻ കരയിൽ വേഗമെത്തുവാൻ ആഗ്രഹിക്കുന്നതുപോലെ വിശ്രമതുറമുഖത്തെത്തുവാൻ അവൻ ധൃതിപ്പെടുന്നു.

ഇപ്രകാരമുള്ള ഒരു ജീവിതംകൊണ്ട് ദൈവത്തെ വിളിക്കുന്ന ഒരുവനെ കാണുന്നയാൾ എങ്ങനെ ദൈവനാമം മഹത്വപ്പെടുത്താതിരിക്കും? അതിനാൽ 'അങ്ങയുടെ നാമം പൂജിതമാകണമേ' എന്നു ഞാൻ പ്രാർത്ഥിക്കുന്നുവെങ്കിൽ ഇപ്രകാരമുള്ള കാര്യങ്ങൾ എന്നിൽ ഫലവത്താകണമെന്നാണ് ഞാൻ അപേക്ഷിക്കുക. അങ്ങയുടെ സഹായംമൂലം ഞാൻ കുററമില്ലാത്തവനും നീതിയും ഭക്തിയുമുള്ളവനും ആയിത്തീരട്ടെ. എല്ലാവിധ തിന്മകളിൽനിന്നും ഞാൻ ഒഴിഞ്ഞുമാറുകയും സത്യം പറയുകയും നീതി പ്രവർത്തിക്കുകയും ചെയ്യട്ടെ. മിതത്വംകൊണ്ട് പ്രശോഭിതനായും സദ്പ്രവൃത്തികളാൽ അലംകൃതനായും ജ്ഞാനവും വിവേകവും മുഖേന സൂക്ഷ്മതയുള്ളവനായും നേരായ മാർഗത്തിൽ കൂടി ഞാൻ ചരിക്കട്ടെ ഉന്നതത്തിലുള്ള കാര്യങ്ങളെക്കുറിച്ചു ഞാൻ ധ്യാനിക്കുകയും ലൗകികമായവയെ നിന്ദിക്കുകയും മാലാഖയ്ക്കടുത്ത ജീവിതരീതി തെളിച്ചു കാട്ടുകയും ചെയ്യട്ടെ. 'അങ്ങയുടെ നാമം പരിശുദ്ധമാകപ്പെടേണമേ' എന്നുള്ള ചെറിയ പ്രാർത്ഥനയിൽ ഇതും ഇതുപോലുള്ളവയുമായ കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്. കാരണം, സത്ഗുണങ്ങൾകൊണ്ടു മാത്രമേ ദൈവത്തെ മഹത്വപ്പെടുത്തുവാൻ മനുഷ്യന് സാധിക്കൂ. തന്നിലുള്ള നൻമയുടെ കാരണം ദൈവികശക്തിയാണെന്ന് ആ സത്ഗുണങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

അടുത്തതായി നാം പ്രാർത്ഥിക്കുന്നത് ദൈവത്തിൻെറ രാജ്യം വരണമെന്നാണ്. പ്രപഞ്ചത്തിൻെറ രാജാവ് രാജാവാകണമെന്നാണോ നാം ഇതുമൂലം അർത്ഥമാക്കേണ്ടത് ? സദാ ഒരുപോലെയിരിക്കുന്നവനും വ്യതിയാനത്തിന് അതീതനുമായവനും കൂടുതൽ നല്ലതിലേക്കു വ്യതിചലിക്കുവാൻ നിവൃത്തിയില്ലാത്തവനുമല്ലേ അവിടുന്ന് ? അപ്പോൾ ദൈവരാജ്യത്തിനുവേണ്ടി ആവശ്യപ്പെടുന്ന ഈ പ്രാർത്ഥനയുടെ അർത്ഥമെന്താണ് ? സത്യത്തിൻെറ അരുവി നിഗൂഢങ്ങളായ രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന ആൾക്ക് ഇതിൻെറ ശരിയായ അർത്ഥം ഗ്രഹിക്കുവാൻ കഴിഞ്ഞേക്കും. നമ്മുടെ വ്യാഖ്യാനം എപ്രകാരമാണ് ? എല്ലാ വസ്തുക്കൾക്കും അതീതനും പ്രപഞ്ചത്തെ മുഴുവൻ ഭരിക്കുന്നവനുമായ പരിപൂർണതയുടെ യഥാർത്ഥശക്തി ഉണ്ട്. പക്ഷേ, ആ ശക്തി ഭരിക്കുന്നത്, അക്രമംകൊണ്ടോ ക്രൂരമായ സ്വേച്ഛാധിപത്യംകൊണ്ടോ അല്ല. ഭീഷണിയും സമ്മർദ്ദവും മുഖേനയല്ല, ആ ശക്തി തൻെറ ഭരണീയരിൽ അനുസരണം ഉളവാക്കുന്നത്. കഠിനഹൃദയനായ ഒരു യജമാനനെക്കുറിച്ചുള്ള ഭീതിയിൽനിന്ന് സത്ഗുണസമ്പന്നമായ ജീവിതം സ്വതന്ത്രമായിരിക്കണം. സ്വതന്ത്രമായ പ്രവൃത്തി മുഖേനയായിരിക്കണം നാം നൻമ തെരഞ്ഞെടുക്കുന്നത്. നൻമയായിട്ടുള്ളതെല്ലാം. ജീവൻ നൽകുന്ന ശക്തിക്കു മാത്രമേ വിധേയമായിരിക്കാവൂ.

നൻമ തിരിച്ചറിയുന്നതിനുള്ള കഴിവിൽനിന്ന് വഞ്ചനയ്ക്കു വിധേയമായി മനുഷ്യപ്രകൃതി വഴിതെററി. സ്വതന്ത്രൻെറ ഇച്ഛാശക്തി തിൻമ



യിലേക്കു ചാഞ്ഞുപോയി. അവൻെറ ജീവിതം നികൃഷ്ടമായ കാര്യങ്ങൾക്ക് അധീനമായി; അവൻെറ പ്രകൃതി ഒരായിരം രീതികളിൽ മരണവുമായി കുഴഞ്ഞുകിടക്കുകയാണ്. കാരണം, എല്ലാ തിൻമയുടെയും ഓരോ ഭാവവും അവന് മരണത്തിലേക്ക് വഴിയൊരുക്കുന്നു. അങ്ങനെ മനുഷ്യപ്രകൃതി വീണുപോയതിനുശേഷം തിൻമയുടെ ആധിപത്യത്തിനു നാം വിധേയരായി. കൊലയാളികളെപ്പോലെയും, യുദ്ധത്തിലെ ശത്രുക്കളെപ്പോലെയും നമ്മെ നേരിടുന്ന വികാരങ്ങളുടെ ആക്രമണംമൂലം നാം മരണത്തിൻെറ അടിമകളായിത്തീരുന്നു. അതിനാൽ ദൈവരാജ്യം നമ്മിൽ സമാഗതമാകണമെന്ന് യുക്തിപൂർവം നാം പ്രാർത്ഥിക്കുന്നു. കാരണം, ജീവദായകമായ ശക്തി ജയിച്ച് ഭരണമേൽക്കാതെ, ദുഷ്ടതയുടെ ക്രൂരതയിൽ നിന്ന് നമുക്കു രക്ഷപെടാൻ സാധ്യമല്ല. കാരണം, ജീവദായകമായ ശക്തി അധികാരം ഏറെറടുക്കാതെ നാശത്തിൻെറ ദുഷ്ടാധികാരത്തെ ജയിക്കാൻ നമുക്ക സാധിക്കയില്ല.

അതിനാൽ ദൈവരാജ്യം നമ്മുടെ പക്കലേക്കു വരണമെന്നു നാം പ്രാർത്ഥിക്കുന്നുവെങ്കിൽ നമ്മുടെ അപേക്ഷയുടെ അർത്ഥം ഇതാണ്: മാലിന്യത്തിനു ഞാൻ അന്യനാകയും മരണത്തിൽനിന്ന് ഞാൻ വിമുക്തനാകയും വേണം. ഞാൻ പാപത്തിൻെറ ചങ്ങലയിൽനിന്ന് സ്വതന്ത്രനാകുകയും മരണത്തിന് എൻെറമേൽ ആധിപത്യമില്ലാതാകുകയും വേണം. തിൻമയുടെ ക്രൂരതയ്ക്കു ഞാൻ അധീനനാകാതിരിക്കട്ടെ. അങ്ങനെ എൻെറ ശത്രു എന്നെ ജയിക്കാതിരിക്കുകയും പാപം മൂലം എന്നെ അവൻെറ അടിമയാക്കാതിരിക്കുകയും ചെയ്യട്ടെ. ദയയില്ലാതെ എന്നെ ഇപ്പോഴും ഭരിക്കുന്ന വികാരങ്ങൾ എന്നെ വിട്ടകലുന്നതിനുവേണ്ടിയോ അവ നിശേഷം നശിക്കുന്നതിനുവേണ്ടിയോ അങ്ങയുടെ രാജ്യം എൻെറ പക്കലേയ്ക്കു ആഗതമാകട്ടെ. കാരണം, 'പുക മാഞ്ഞുപോകുന്നതുപോലെ അവ മാഞ്ഞുപോകും മെഴക് ഉരുകിപ്പോകുന്നതുപോലെ തന്നെ അവ നശിച്ചുപോകുകയും ചെയ്യും (സങ്കീ. 68:2). വായുവിൽ അലിഞ്ഞുചേരുന്ന പുക പിന്നീട് അതിൻെറ അസ്തിത്വം കാണിക്കുന്നില്ല. മെഴകാകട്ടെ അഗ്നി ജ്വാലയിൽ ഉരുകിപ്പോകുകയും ചെയ്യുന്നു. മെഴക് അതിൻെറ തന്നെ വസ്തുകൊണ്ട് അഗ്നിയെ പോഷിപ്പിച്ച് ഉരുകിപ്പോകുന്നതുപോലെയും പുക ഇല്ലായ്മയിലേക്കു അപ്രത്യക്ഷമാകുന്നതുപോലെയും ദൈവരാജ്യം നമ്മിൽ വരുമ്പോൾ നമ്മുടെമേൽ ഇപ്പോൾ ആധിപത്യം പുലർത്തുന്നവ ഇല്ലാതാകും. ഇങ്ങനെ, വെളിച്ചം വരുമ്പോൾ അന്ധകാരം നീങ്ങിപ്പോകുന്നു. ആരോഗ്യം വന്നുകഴിയുമ്പോൾ രോഗം ഇല്ലാതാകുന്നു. സകലതിനോടും നിസ്സംഗത ഉളവാകുമ്പോൾ വികാരങ്ങൾ നമ്മെ ശല്യപ്പെടുത്തുകയില്ല. മരണം ഇല്ലാതാകുന്നു. ജീവിതവും ജീർണതാരാഹിത്യവും നമ്മിൽ ഭരണം നടത്തുമ്പോൾ മരണത്തിനും ജീർണതയ്ക്കും നമ്മിൽ സ്ഥാനമില്ലാതാകും. ''അങ്ങയുടെ രാജ്യം വരേണമെ,' മധുരമായ ഈ വാക്കുകൾമൂലം ദൈവത്തോടുള്ള നമ്മുടെ പ്രാർത്ഥനയിതാണ്: എന്നോടു യുദ്ധം ചെയ്യുന്ന ശത്രുവിൻെറ മുൻനിര തകർക്കപ്പെടട്ടെ. ജഡം ആത്മാവിനെതിരായി ചെയ്യുന്ന യുദ്ധം അവസാനിക്ക

www.malankaralibrary.com



കയും ശരീരം ആത്മാവിന്റെ ശത്രുക്കൾക്ക് സ്ഥാനം നൽകാതിരിക്കുകയും ചെയ്യട്ടെ. ഓ ! രാജകീയ സൈന്യം, മാലാഖമാരുടെ ഗണം, അങ്ങയുടെ വലത്തുഭാഗത്തു നിൽക്കുന്ന ആയിരങ്ങൾ, പ്രത്യക്ഷമാകട്ടെ. അങ്ങനെ ആയിരം സൈനികർ ശത്രുവിന്റെ മുൻനിരയിൽ സ്ഥാനം പിടിക്കട്ടെ. ശത്രു ബലവാനാണ്. ഭയങ്കരനാണ്. അതെ, അങ്ങയുടെ സഹായം കൂടാതെ ജയിക്കുവാൻ നിവൃത്തിയില്ലാത്തവനാണ്. മനുഷ്യൻ ഏകനായി യുദ്ധം ചെയ്യുമ്പോഴാണത്. അങ്ങയുടെ രാജ്യം വരുമ്പോൾ സങ്കടത്തിന്റെ വിങ്ങലുകളും നിശ്വാസങ്ങളും മാഞ്ഞുപോകുന്നു. അതിനുപകരം ജീവനും സമാധാനവും സന്തോഷവും സ്ഥാനം പിടിക്കുന്നു.

ഒരുപക്ഷേ, വി. ലൂക്കായുടെ സുവിശേഷത്തിൽ നിന്ന് ഈ ആശയം നമുക്കു കൂടുതൽ വ്യക്തമായേക്കാം. ദൈവരാജ്യം ആഗതമാകണമെന്ന് ആഗ്രഹം പ്രകടിപ്പിക്കുമ്പോൾ അദ്ദേഹം പരിശുദ്ധാത്മാവിന്റെ സഹായം അപേക്ഷിക്കുന്നു. 'അങ്ങയുടെ രാജ്യം വരേണമെയെന്നുള്ളതിനു പകരം 'അങ്ങയുടെ പരിശുദ്ധാത്മാവ് ഞങ്ങളുടെമേൽ ആവസിക്കുകയും ഞങ്ങളെ ശുദ്ധീകരിക്കുകയും ചെയ്യട്ടെ [5] എന്നാണ് അദ്ദേഹം അപേക്ഷിക്കുന്നത്. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ഈ പരാമർശത്തിന് വിടുവായൻമാർ എന്ത് മറുപടി പറയും ?[6] വേദപുസ്തകഭാഷ്യത്തിന് ഏതു കൗശലം പ്രയോഗിച്ചാണവർ ദൈവരാജ്യത്തിന്റെ മഹിമയെ അടിമത്തത്തിന്റെ ആഴത്തിലേക്കു താഴ്ത്തുക ? വി. ലൂക്കാ പരിശുദ്ധാത്മാവെന്നു പറയുന്നതിനു പകരമാണ് വി. മത്തായി രാജ്യമെന്നു പറയുന്നത്. അപ്പോഴെങ്ങനെയാണ് ദൈവത്തിന്റെ ശത്രുക്കൾ [7] അവിടത്തെ ഒരു സൃഷ്ടിയുടെ പദവിയിലേക്കു താഴ്ത്തുകയും ഭരണസ്വഭാവത്തിനു പകരം ഭരണീയരുടെ സ്ഥാനത്ത് നിർത്തുകയും ചെയ്യുന്നത്. സേവിക്കുകയാണ് സൃഷ്ടിയുടെ ധർമ്മം. സേവനം രാജത്വമല്ല. എന്നാൽ പരിശുദ്ധാത്മാവ് രാജത്വമുള്ളയാളാണ്.[8] അതിനാൽ അവിടുന്ന് സൃഷ്ടികളിൽനിന്ന് വ്യതിരക്തനാണ്. ഭരിക്കുന്നയാൾ ഭരിക്കപ്പെടുന്നില്ല. ഭരിക്കപ്പെടാത്തവൻ ഒരു സൃഷ്ടിയുമല്ല.

സൃഷ്ടിയുടെ ധർമ്മം സേവനം ചെയ്യുകയാണ്. പരിശുദ്ധാത്മാവ് രാജത്വമാണെങ്കിൽ പ്രാർത്ഥിക്കാൻ പോലും പഠിച്ചിട്ടില്ലാത്തവർ അവിടത്തെ രാജത്വം സ്വീകരിക്കാൻ എന്തിനാണ് വിസമ്മതിക്കുന്നത് ? മാലിന്യമുള്ളതിനെ ശുദ്ധനാക്കുന്നവനും രാജത്വത്തിന്റെ അധികാരമുള്ളവനും ആരാണെന്നുപോലും അവർക്കറിഞ്ഞുകൂടാ.

'അങ്ങയുടെ പരിശുദ്ധാത്മാവ് ആവസിക്കുകയും ഞങ്ങളെ ശുദ്ധീകരിക്കുകയും ചെയ്യട്ടെ' എന്നു വി. ലൂക്കാ പ്രസ്താവിക്കുന്നു. അതിനാൽ പരിശുദ്ധാത്മാവിന്റെ യഥാർത്ഥശക്തിയും ധർമവും പാപത്തെ കഴുകിക്കളയുന്നതിലാണടങ്ങിയിരിക്കുന്നത്. ശുദ്ധമായതും മാലിന്യമേശാത്തതുമായതിനെ കഴുകേണ്ടയാവശ്യമില്ലല്ലോ വി. പൗലോസ് പിതാവിന്റെ ഏകജാതനെക്കുറിച്ചും ഇങ്ങനെതന്നെ പ്രസ്താവിക്കുന്നു. 'അവിടുന്ന് തന്നെക്കൊണ്ടുതന്നെ നമ്മുടെ പാപങ്ങൾക്ക് ശുദ്ധീകരണമുണ്ടാക്കുകയും ഉയരങ്ങളിൽ മഹത്വത്തിന്റെ വലതുവശത്ത് ഇരിക്കുകയും ചെയ്തു" (എബ്രാ. 1:3). അതിനാൽ രണ്ടുപേരുടെയും പ്രവൃത്തി ഒന്നുതന്നെ. പരിശുദ്ധാത്മാവ് പാപങ്ങളെ കഴുകിക്കളയുന്നു. ക്രിസ്തു ആകട്ടെ 'ശുദ്ധീകരണമുണ്ടാക്കുകയും ചെയ്തു.' അപ്പോൾ രണ്ടുപേരും ഒരേ പ്രവൃത്തിതന്നെ ചെയ്യുന്നെങ്കിൽ അവരുടെ ശക്തിയും ഒന്നുതന്നെയായിരിക്കണം. കാരണം, ശക്തിയുടെ ഫലമാണ് ഓരോ പ്രവൃത്തിയും. അതിനാൽ ഒരേ പ്രവൃത്തിയും ഒരേ ശക്തിയും മാത്രമേയുള്ളുവെങ്കിൽ ശക്തിയിലും പ്രവൃത്തിയിലും യാതൊരു വ്യത്യാസവും നമുക്കു കാണുവാൻ കഴിയാത്തവരിൽ എങ്ങനെ വിഭിന്ന പ്രകൃതി ആരോപിക്കാൻ കഴിയും? തീയുടെ രണ്ടു ഗുണങ്ങളാണ് ജ്വലിക്കുകയും കത്തിക്കുകയും ചെയ്യുക. ഈ രണ്ടു ഗുണങ്ങളും ഒന്നുതന്നെയാണ്. അങ്ങനെയാണെങ്കിൽ അവയുടെ വിഷയവും ഒന്നുതന്നെ. അതുപോലെ വിവേകിയായ ഒരുവൻ പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലുമുള്ള സ്വഭാവത്തിനു വ്യത്യാസം കാണുകയില്ല. അവർക്ക് ഒരേ പ്രവൃത്തി തന്നെയാണുള്ളതെന്നു അയാൾ വി. ലിഖിതങ്ങളിൽനിന്നു പഠിച്ചിട്ടുണ്ട്.

പിതാവിന്റെയും പുത്രന്റെയും സ്വഭാവം ഒന്നുതന്നെയാണെന്നും സ്വഭാവത്തിൽ വ്യത്യാസമുള്ളതിനെ ദൈവമെന്ന പേരിൽ സംബോധന ചെയ്യുവാൻ നിവൃത്തിയില്ലെന്നും യുക്തിയുക്തമായി ദൈവികമനുഷ്യർ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്.[9] ഒരു ആശാരിയുടെ പുത്രനെ ബഞ്ച് എന്നല്ല നാം വിളിക്കുന്നത്. സുബുദ്ധിയുള്ള ഏതൊരുവനും വീടിനെ ശില്പി ജനിപ്പിച്ചവെന്ന പറയുകയില്ല; പുത്രന്റെയും പിതാവിന്റെയും നാമങ്ങൾ ഒരേ സ്വഭാവത്തിൽ സംയുക്തമായതിനെയാണ് സൂചിപ്പിക്കുക. രണ്ടുപേരും ഒരേ സ്വഭാവംകൊണ്ട് സംയുക്തമാണെങ്കിൽ അവർ വ്യത്യസ്തരാകുന്നില്ലെന്ന

5. ലൂക്കാ. 11:2 ന്റെ രണ്ടു ഗ്രീക്കു കൈയെഴുത്തു പ്രതികളിൽ ഈ വായന കാണാം. മാർസിയന്റെ പാഠത്തിലും ഇതുപോലെയാണ്. തെർത്തൂല്യൻ, മാർസിയനെതിരെ, 4:26.
6 പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിച്ച മാസിദോനിയക്ക് (Pneumatomachi) എതിരായിട്ടാണ് ഈ ഭാഗം.
7. ദൈവത്തിനെതിരായി പൊരുതുന്നവർ (തെയോമക്കോയ്). ശ്ലീഹ 5:39. മാസിദോനിയർ തന്നെ.
8. 'ബസിലെയ്യാ': രാജ്യം, രാജത്വം, രാജഭരണം. പരിശുദ്ധാത്മാവിന്റെ അധീശത്വത്തെ സൂചിപ്പിക്കുന്നു.
9. ആരിയൂസിന്റെയും കൂട്ടരുടെയും അബദ്ധ പഠിപ്പിക്കലിനെതിരായി ദൈവത്തിലെ മൂന്നാളത്തവും ഏകസ്വഭാവവും പിതാക്കന്മാർ ഏറ്റുപറഞ്ഞു.

www.malankaralibrary.com



ള്ളതു തീർച്ചയുള്ള കാര്യമാണ്. അതായത്തു് പുത്രൻ സ്വഭാവംകൊണ്ട് പിതാവിനോട് യോജിച്ചിരിക്കുന്നുവെങ്കിൽ, പ്രവൃത്തികളുടെ ഏകത മുഖേന പുത്രൻെറ സ്വഭാവത്തിൽനിന്ന് പരിശുദ്ധാത്മാവു് വ്യത്യസ്തനല്ലെന്നു കാണുന്നെങ്കിൽ പരിശുദ്ധ ത്രിത്വത്തിൻെറ സ്വഭാവം ഒന്നുതന്നെയാണെന്ന് സ്പഷ്ടമെന്നു ഞാൻ പ്രസ്താവിക്കുന്നു. എങ്കിലും പരിശുദ്ധ ത്രിത്വത്തിലെ ഓരോ ആളിനും പ്രത്യേകതകൾ നാം ആരോപിക്കുന്നുണ്ട്. അതുകൊണ്ട് 10 പിതാവിൻെറ വ്യക്തിത്വത്തിൻെറ11 പ്രത്യേകതകൾ12 പുത്രനോ പരിശുദ്ധാത്മാവിനോ ആരോപിക്കാൻ സാധ്യമല്ല; അതുപോലെ പുത്രൻേറതും മററ് രണ്ടുപേർക്കും സാധ്യമല്ല; പരിശുദ്ധാത്മാവിൻെറ പ്രത്യേകതകൾ പുത്രനും പിതാവിനും ആരോപിക്കാൻ സാധിക്കയില്ല. പകർത്തുവാൻ അസാധ്യമായ പ്രത്യേകതകളുടെ വ്യത്യാസമുണ്ട് ഒരേ പൊതുസ്വഭാവത്തിൽ; കാരണംകൂടാതെ സ്ഥിതിചെയ്യുക എന്നതാണ് പിതാവിൻെറ പ്രത്യേകത. ഇതു പുത്രനെപ്പററിയും പരിശുദ്ധാത്മാവിനെപ്പററിയും പറയുവാൻ സാധ്യമല്ല. കാരണം. 'പുത്രൻ പിതാവിൽനിന്ന്പുറപ്പെട്ടു' 'എന്ന് വി. ഗ്രന്ഥം സാക്ഷിക്കുന്ന (യോഹ. 16:28). പരിശുദ്ധാത്മാവ് ദൈവത്തിൽനിന്ന് പിതാവിൽനിന്ന്, പുറപ്പെടുന്നു. (യോഹ. 15;28). 'കാരണം കുടാതെയുള്ള യാഥാർത്ഥ്യം' എന്നത് പിതാവിനെപ്പററിയേ പറയാൻ കഴിയൂ. പുത്രനും പരിശുദ്ധാത്മാവിനും ബാധകമല്ല; പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും പൊതുഘടകമായ 'കാര്യം' എന്നത് സ്വഭാവത്താലേ പിതാവിലില്ല. മറിച്ച് 'ജനിച്ചവനാണ്' എന്നത് പുത്രനും പരിശുദ്ധാത്മാവിനും പൊതുവായ സംഗതിയാണ്. ഇക്കാര്യത്തിൽ കൂട്ടിക്കുഴക്കൽ ഉണ്ടാകാതിരിക്കാൻ സവിശേഷങ്ങളിലെ തികച്ചും പ്രത്യേകമായവ നാം തിരഞ്ഞു കണ്ടുപിടിക്കണം. പൊതുവായവ വേർതിരിക്കയും, പ്രത്യേകമായവ കൂട്ടിക്കുഴയ്ക്കാതിരിക്കയും ചെയ്യണം. വിശുദ്ധഗ്രന്ഥം പുത്രനെ പിതാവിൻെറ ഏകജാതൻ എന്നു വിളിക്കുന്നു13 ഇതാണവിടുത്തെ പ്രത്യേകത. എന്നാൽ പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുത്രനിൽനിന്നും ആണെന്നു പറയപ്പെടുന്നുണ്ടല്ലോ. 'ഒരുവന് ക്രിസ്തുവിൻെറ ആത്മാവില്ലെങ്കിൽ അവൻ അവൻേറതല്ല' എന്ന് വി. ഗ്രന്ഥം പറയുന്നു14 അപ്പോൾ ദൈവത്തിൽനിന്നുള്ള അരൂപി ക്രിസ്തുവിൻെറ അരൂപിക്കൂടെയാണ്, എന്നാൽ ദൈവത്തിൽനിന്നുള്ള പുത്രൻ അരൂപിയിൽനിന്നല്ല, അങ്ങനെ പറയപ്പെടുന്നുമില്ല. ഈ ക്രമം സ്ഥിരവും വ്യതിയാനാതീതവുമാണ്. അതുകൊണ്ട് ഈ വാചകമോ അതിൻെറയർത്ഥമോ മാററാനോ മറിക്കാനോ സാധ്യമല്ല. അരൂപി ക്രിസ്തുവിൻേറതാണ് എന്നു പറയുന്നതുപോലെ ക്രിസ്തു അരൂപിയുടേതാണ് എന്ന് മാററി പറയരുത്. ഈ വ്യക്തിപരമായ പ്രത്യേകത ഒരാളെ മറെറാരാളിൽനിന്ന് കേവലവ്യക്തതയിൽ വേർതിരിക്കുന്നു. എന്നാൽ പ്രവർത്തനങ്ങളുടെ ഒരുമ അവരുടെ പൊതുവായ സ്വഭാവത്തിനു സാക്ഷ്യം വഹിക്കുന്നു. ദൈവത്വത്തെ സംബന്ധിച്ചുള്ള സത്യപ്രബോധനമാണിത്; ത്രിത്വത്തിൽ വ്യത്യസ്തരായ ആളുകളുണ്ട്; എന്നാൽ ഒരേ സ്വഭാവത്തിൻെറ വിവിധ ഭാഗങ്ങളായി അവർ വിഭജിക്കപ്പെട്ടിട്ടില്ല.

നമ്മുടെ കർത്താവു ഒരു ദാസൻ മാത്രമാണെന്ന് അരൂപിക്കെതിരായി യുദ്ധം ചെയ്യുന്ന ഇക്കൂട്ടർ പഠിപ്പിക്കുന്നത് വെറും ഉച്ചക്കിറുക്കല്ലേ ? ഇപ്പോൾ 'കർത്താവ് ആത്മാവു തന്നെയാകുന്നു' എന്നു സത്യസാക്ഷിയായി വി. പൗലോസ് പ്രസ്താവിക്കുന്നതു അവർ പരിഗണിക്കുന്നു പോലുമില്ല (2കൊറി. 3:17). 'അവിടുന്നു ആഗതനാകട്ടെ' എന്ന വാക്കുകൾ മഹത്ത്വം എടുത്തുകളയുന്നെന്നാണോ അവർ സങ്കൽപ്പിക്കുന്നത് ? ശ്രേഷ്ഠനായ ദാവീദ് 'ഞങ്ങളെ രക്ഷിക്കാൻ വരണമേ' എന്നു പിതാവിനോട്ട് നിലവിളിച്ചിട്ടുള്ളതു അവർ കേട്ടിട്ടില്ലേ ? (സങ്കീ.80:2) 'വരുക' എന്നുള്ളതു പിതാവിൻെറ ഒരു രക്ഷാകര പ്രവൃത്തിയാണെങ്കിൽ അത് ആത്മാവിൻെറ മഹത്ത്വത്തെ ഇല്ലായ്മ ചെയ്യുന്നതാണോ ? പാപത്തിൽനിന്നു വിമോചിക്കുക എന്ന പ്രവൃത്തി മഹത്ത്വം കുറഞ്ഞ ഒന്നാണെന്നാണോ അവർ കരുതുന്നത് ? അവിശ്വാസികളായിരുന്ന യഹൂദന്മാർ പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക. 'ഈ മനുഷ്യർ എന്തുകൊണ്ട് ദൈവദൂഷണം പറയുന്നു ? ദൈവത്തിനല്ലാതെ മററാർക്കു പാപങ്ങൾ മോചിക്കാൻ കഴിയും'? (മർക്കോ. 2:7). പിതാവിനെക്കുറിച്ചാണ് അവർ ഇതു പറഞ്ഞത്. അതിനാൽ, പിതാവു പാപങ്ങൾ മോചിക്കുന്നുവെങ്കിൽ, പുത്രൻ ലോകത്തിൻെറ പാപങ്ങളെ നീക്കിക്കളയുന്നുവെങ്കിൽ, താൻ വസിക്കുന്നവരിൽനിന്നു പരിശുദ്ധാത്മാവു പാപക്കറ കഴുകിക്കളയുന്നുവെങ്കിൽ, തങ്ങളുടെ ജീവനെതിരായിത്തന്നെ പടവെട്ടുന്ന ഈ പാഷണ്ഡികൾ എന്തുപറയും ? പരിശുദ്ധാത്മാവ് നമ്മുടെ മേൽ ആഗതനാകുകയുംനമ്മെ ശുദ്ധീകരിക്കുകയും ദൈവത്തിനു യോഗ്യമായ ചിന്തകൾ സ്വീകരിക്കുവാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യട്ടെ. നമ്മുടെ രക്ഷിതാവു ഈ ചിന്തകൾ നമുക്കു കാണിച്ചുതന്നിരിക്കുന്നു. അവിടുത്തേക്ക് എന്നുമെന്നേക്കും മഹത്ത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

---

10. ഈ വാചകം മുതൽ ഖണ്ഡികാവസാനം വരെയുള്ള ഭാഗം പല കൈയെഴുത്തു പ്രതികളിലും കാണുന്നില്ല. ഇതിലെ ശൈലിയും ആശയങ്ങളും ഗ്രിഗറിയുടെതാണെന്ന തെളിയിക്കുന്നതായി പലരും കരുതുന്നു.
11. 'ഹിപ്പോസ്ററസിസ്' : 'അടിസ്ഥാന ഘടകം' എന്നിതിനർത്ഥം പറയാം.
12. Properties, peculiarities, particularities
13. യോഹ. 1:14, 18; 3:16, 18; എബ്രാ. 11:17. 1യോഹ. 4:9.
14. റോമ. 8:9.

www.malankaralibrary.com



## പ്രഭാഷണം നാല്

### "അങ്ങയുടെ തിരുവിഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ. ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരണമേ"

ഒരു ഭിഷഗ്വരൻ ഒരിക്കൽ ആരോഗ്യത്തെക്കുറിച്ചു പ്രസംഗിക്കുന്നത് ഞാൻ കേൾക്കുവാനിടയായി. അയാൾ പറഞ്ഞ കാര്യങ്ങൾ ആത്മാവിന്റെ സുസ്ഥിതിയെക്കുറിച്ചും നമുക്കു പരിഗണനാർഹമാണെന്നു തോന്നുന്നു. നമ്മിലുള്ള മൂലഘടകങ്ങളിൽ[15] ഏതെങ്കിലും ഒന്നിന്റെ ശരിയായ അനുപാതമില്ലായ്മയാണ് രോഗത്തിന്റെ മുഖ്യകാരണമെന്ന് അയാൾ പറയുകയുണ്ടായി. ആ അനുപാതം ശരിയാകുമ്പോൾ രോഗം മാറാനുള്ള കാരണമുണ്ടാകുമെന്ന് അയാൾ പറഞ്ഞു. അതിനാൽ ആരോഗ്യസംരക്ഷണത്തിന് അയാൾ ഈ ഉപദേശം നൽകുകയുണ്ടായി. ക്രമരാഹിത്യമുളവാക്കുവാൻ തക്കവണ്ണം വ്യതിചലിക്കുന്ന ഘടകങ്ങളെ ബലഹീനമാക്കാൻ വേണ്ടി മൂലഘടകത്തെ ശക്തിപ്പെടുത്തുവാൻ നാം ശ്രദ്ധിക്കണം. ഉദാഹരണമായി ചൂടു കൂടിയാൽ ഉണങ്ങിയതിനെ നനയ്ക്കാൻ ശ്രമിക്കണം. അല്ലാത്തപക്ഷം ഇന്ധനത്തിന്റെ കുറവു മൂലം ചൂടു കുറയുകയും പൂർണമായും ഇല്ലാതാകയും ചെയ്ത് സ്വയം നശിക്കും. ആ രീതിയിൽത്തന്നെ എതിർഘടകങ്ങൾ നമ്മിൽ വർദ്ധിക്കുമ്പോൾ ബലഹീനമായ ഘടകത്തിനു കൃത്രിമമായ താങ്ങുകൊടുത്തു നമ്മൾ കർമനിരതരാകണം. ഇപ്രകാരം ചെയ്യുകയും ശരിയായ അനുപാതക്രമം ഉണ്ടാകുന്നതിന് മൂലഘടകങ്ങളെ മറെറാന്നും തടയാതിരിക്കുകയും ചെയ്യുന്നെങ്കിൽ ശരീരത്തിന് ആരോഗ്യം വീണ്ടുകിട്ടും. കാരണം, സ്വാഭാവികമായ സമതുലിത പാലിക്കപ്പെടുന്നു.

നമ്മുടെ ഈ പ്രഭാഷണത്തിൽ ഇത്രയും സുദീർഘമായ ആമുഖത്തിന്റെ ആവശ്യമെന്താണ് ? ഈ ആമുഖത്തിന് നമ്മുടെ വിഷയവുമായി ബന്ധമുണ്ടെന്നുള്ളതു തന്നെ. ഇപ്പോൾ നാം പര്യാലോചിക്കുന്നത് 'അങ്ങയുടെ തിരുവിഷ്ടം നിറവേറപ്പെടട്ടെ' എന്നതിനെപ്പററിയാകുന്നു. മുൻപു പ്രസ്താവിച്ച വൈദ്യശാസ്ത്രസംബന്ധമായ സിദ്ധാന്തം നാം ഓർക്കുന്നുവെങ്കിൽ ഇനിയും പ്രസ്താവിക്കുന്ന കാര്യം നമുക്കു വ്യക്തമാകും.

ഒരുകാലത്ത് ബുദ്ധിമാനായ മനുഷ്യൻ ആരോഗ്യമുള്ളവനായിരുന്നു. കാരണം, ശരീരത്തിലെ മൂലപദാർത്ഥങ്ങൾക്കനുരൂപമായി, അവന്റെ ആത്മാവിന്റെ ചലനങ്ങളും സത്ഗുണജീവിതക്രമമുള്ളതായിരുന്നു. എന്നാൽ ദുരാഗ്രഹത്തിന് മേൽക്കോയ്മ വന്നപ്പോൾ അതിന്റെ എതിർഭാവമെന്നറിയപ്പെടുന്ന മിതത്വം പരാജയപ്പെട്ടു. അങ്ങനെ വിലക്കപ്പെട്ട കാര്യങ്ങളിലേക്കു നീങ്ങുവാൻ അത്യാഗ്രഹത്തിന് യാതൊരു പ്രതിബന്ധവുമില്ലാതായിത്തീർന്നു. തൻമൂലം പാപമെന്ന മാരകരോഗം മനുഷ്യപ്രകൃതിയിൽ സ്ഥലം പിടിച്ചു. അതിനാൽ ആത്മാവിന്റെ രോഗങ്ങളെ സുഖപ്പെടുത്തുന്ന യഥാർത്ഥ ഭിഷഗ്വരൻ, രോഗികൾക്കുവേണ്ടി മാനവജീവിതത്തിൽ പങ്കാളിയായ ആ വൈദ്യൻ, ഈ പ്രാർത്ഥനയിലടങ്ങിയിരിക്കുന്ന ചിന്തകൾ മുഖേന രോഗകാരണത്തെ ക്രമേണ ബലഹീനമാക്കുകയും നമ്മെ ആധ്യാത്മികമായ ആരോഗ്യത്തിലേക്കു നയിക്കുകയും ചെയ്യുന്നു.

ദൈവതിരുമനസ്സിന്റെ നിർവ്വഹണമാണ് ആത്മാവിന്റെ ആരോഗ്യം. അവിടുത്തെ തിരുമനസ്സിൽ നിന്നുള്ള വേർപാടാണ്, മരണത്തിലവസാനിക്കുന്ന ആത്മാവിന്റെ രോഗം. പറുദീസയിലെ ഐശ്വര്യമുള്ള ജീവിതം ഉപേക്ഷിക്കുകയും അനുസരണരാഹിത്യത്തിന്റെ വിഷം മതിയാവോളം പാനം ചെയ്യുകയും ചെയ്തപ്പോൾ നാം രോഗികളായി തളർന്നു വീണു. അങ്ങനെ നമ്മുടെ പ്രകൃതി പാപമാകുന്ന തിന്മയ്ക്കും മാരകരോഗത്തിനും അടിപ്പെട്ടുപോയി. എന്നാൽ യഥാർത്ഥ ഭിഷഗ്വരൻ ആഗതനാകുകയും വൈദ്യശാസ്ത്രനിയമത്തിലുള്ളപോലെ തിന്മയെ അതിനെതിരായിട്ടുള്ളതുകൊണ്ടു സുഖപ്പെടുത്തുകയും ചെയ്തു. ദൈവതിരുമനസ്സിൽ നിന്നു വേർപെട്ടുപോയതിനാൽ രോഗത്തിനധീനരായവരെ ദൈവതിരുമസ്സിനോട് സംയോജിപ്പിച്ചുകൊണ്ട് അവിടുന്ന് വീണ്ടും സുഖപ്പെടുത്തുന്നു. ആത്മാവിലുള്ള രോഗത്തിനു ശമനമുണ്ടാക്കുന്ന ഔഷധമാണ് പ്രാത്ഥനയിലെ ഈ വാക്യം. തന്റെ ആത്മാവ് വേദനയുടെ അടിത്തട്ടിൽ വീണുപോയെന്നവണ്ണം അവിടുന്നു പ്രാർത്ഥിക്കുന്നു; 'അങ്ങയുടെ തിരുമനസ്സ് നിറവേറട്ടെ'. ദൈവതിരുമനസ്സാകട്ടെ മനുഷ്യന്റെ രക്ഷയാണ്. അങ്ങയുടെ തിരുമനസ്സ് എന്നിലും നിറവേറട്ടെയെന്നു നാമും പറയാൻ തയ്യാറാകുന്നെങ്കിൽ ദൈവതിരുമനസ്സിനെതിരായിട്ടുള്ളത് ഉപേക്ഷിക്കുകയും ഏററുപറച്ചിലിൽ അതിന്റെ ഒരു പൂർണവിവരണം നൽകുകയും ചെയ്യണമെന്നുള്ളത് ഏററവും അത്യാവശ്യമാണ്.

ഞാനിങ്ങനെയാണ് പറയേണ്ടത്: എന്റെ പഴയ ജീവിതകാലം മുഴുവനും ദൈവത്തിനെതിരായിട്ടുള്ള മനസ്സ് എന്നിൽ തിന്മ പ്രവർത്തിച്ചിട്ടുണ്ട്. ഞാൻ ദുഷ്ടനായ സേച്ഛാധിപതിയുടെ അടിമയായിപ്പോയി, ഒരു ആരാച്ചാരെപ്പോലെ എന്റെ വധത്തിനുള്ള വിധി ഞാൻ തന്നെ നടത്തുകയായിരുന്നു, അതിനാൽ എന്റെ കഷ്ടതയിൽ ദയ തോന്നുകയും അങ്ങയുടെ തിരുഹിതം എന്നിൽ നിറവേറാൻ ഇടവരുത്തുകയും ചെയ്യണമെ. പ്രകാശം പ്രസരിക്കു

15. നമ്മുടെ ശരീരം അഗ്നി, ജലം, വായു, മണ്ണ് എന്നീ നാലു ഘടകങ്ങൾ (സ്റ്റോയ്ക്കെയാ) ചേർന്നതാണെന്നായിരുന്നു പ്രാചീന ഗ്രീക്കുസിദ്ധാന്തം.

www.malankaralibrary.com



ബോൾ മ്ലാനത നിറഞ്ഞ ഗുഹകളിലെ അന്ധകാരം നീങ്ങിപ്പോകുന്നതുപോലെ അങ്ങയുടെ തിരുഹിതം എന്നിൽ നിറവേറുമ്പോൾ സ്വതന്ത്രമായ എന്റെ ഇച്ഛാശക്തിയുടെ വൃത്തികെട്ടതും ദുഷ്ടവുമായ എല്ലാ ചലനങ്ങളും നിശ്ശേഷം ഇല്ലാതാകും. ജഡമോഹങ്ങൾ ഭരിക്കുന്ന മനസ്സിന്റെ കടിഞ്ഞാണില്ലാത്ത വികാരങ്ങൾ ശുദ്ധത നിമിത്തം കെട്ടുപോകും. എളിമ കാപട്യത്തെ നശിപ്പിക്കും. അഹങ്കാരമെന്ന രോഗത്തെ എളിമ സുഖപ്പെടുത്തും. ഉപവിയെന്ന ഏററം മനോഹര നന്മ ആത്മാവിൽനിന്ന് തിന്മകളുടെ സമ്പൂർണ പട്ടികയെത്തന്നെ പുറത്താക്കും. ഈ സദ്ഗുണത്തിന്റെ മുമ്പിൽ നിന്നു വിദ്വേഷം, അസൂയ, കോപം, എന്നിവപോലെ നമ്മുടെ വികാരങ്ങളുടെ എല്ലാ കോപാവേശങ്ങളും അപ്രത്യക്ഷമാകും. ചതി. കപടഭക്തി, ദുരനഭവങ്ങളുടെ അയവിറക്കൽ, പ്രതികാരബുദ്ധി എന്നിവയെയെല്ലാം ഉപവി ബഹിഷ്കരിക്കുന്നു. സ്ഫോടനാത്മകമായ ഹൃദയസ്പന്ദനങ്ങളെ അത് ശാന്തമാക്കുന്നു; തിന്മ നിറഞ്ഞ വീക്ഷണത്തെയും ഇല്ലാതാക്കുന്നു. ഉപവിയുള്ള മനോഭാവം ഇങ്ങനെയുള്ള അനേകം തിന്മകളെ നിർമാർജനം ചെയ്യുന്നുണ്ട്. ഇങ്ങനെ ദൈവതിരുമനസ്സുകൊണ്ട് നാം രണ്ടുതരത്തിലുള്ള വിഗ്രഹാരാധന ബഹിഷ്കരിക്കുന്നു. ഒന്നാമത്തേത്, വിഗ്രഹാരാധനയാണ്. രണ്ടാമത്തേതാകട്ടെ സ്വർണത്തിനും വെള്ളിക്കുമുള്ള ദുരാഗ്രഹമാണ്. അവയെ പുറജാതികളുടെ വിഗ്രഹമെന്നാണ് പ്രവചനം വ്യവഹരിച്ചിട്ടുള്ളത് (സങ്കീ. 115:3–7). അതിനാൽ പിശാചിന്റെ ഹിതം നശിപ്പിക്കപ്പെടേണ്ടതിനായി അങ്ങയുടെ തിരുമനസ്സ് നിറവേറട്ടെ.

എന്നാൽ നന്മയുടെ തെരഞ്ഞെടുപ്പ് നമ്മിൽ ദൈവത്തിൽനിന്നു വരണമെന്ന് എന്തിനാണ് നാം പ്രാർത്ഥിക്കുന്നത്? തിന്മ മുഖേന രോഗബാധിതമായ മനുഷ്യപ്രകൃതി നന്മ പ്രവർത്തിക്കുവാൻ ബലഹീനമായതുതന്നെ കാരണം. മനുഷ്യൻ തിന്മയിലേയ്ക്കു ചായുന്നതുപോലെ അത്ര എളുപ്പത്തിൽ നന്മയിലേയ്ക്കു പിന്തിരിയില്ല. ഈ തത്ത്വംതന്നെ ശരീരത്തിന്റെ കാര്യത്തിലും കാണാം. ആരോഗ്യമുള്ള ശരീരം രോഗബാധിതമാകുന്നത്ര രീതിയിലോ അത്ര വേഗത്തിലോ രോഗമുള്ള ശരീരം സുഖം പ്രാപിക്കുന്നില്ല. ആരോഗ്യമുള്ളവനായിക്കഴിഞ്ഞുവെന്ന് വിചാരിക്കുന്ന ഒരാൾ കേവലം ഒരു മുറിവു മുഖേന മരണാപകടത്തിൽ എത്തുന്നതു നാം കാണുന്നുണ്ട്. പനിയുടെ ശക്തമായ ഒരാക്രമണം ശരീരത്തിന്റെ മുഴുവൻ ശക്തിയേയും ചോർത്തിക്കളയും. കേവലം ഒരുതുള്ളി വിഷം മനുഷ്യനെ മരണത്തിന്റെ വക്കിലേക്ക് എത്തിക്കുന്നു. പാമ്പിന്റെ കടിയോ ഏതെങ്കിലും വിഷജന്തുവിന്റെ കുത്തോ രോഗത്തിനോ മരണത്തിനോ കാരണമാകുന്നു. ഒരു വീഴ്ച നിമിത്തമോ മർദനം നിമിത്തമോ ഇങ്ങനെതന്നെ സംഭവിക്കാം. മറിച്ച് രോഗവിമോചനമാകട്ടെ. അതു സാധിക്കുന്നെങ്കിൽത്തന്നെ വളരെ ശ്രമകരമായ വൈദ്യശാസ്ത്ര നിപുണതയും. കറെ ചിന്തയും ആവശ്യപ്പെടുന്നു. എന്നാൽ തിന്മ പ്രവർത്തിക്കാൻ തോന്നിയാൽ അതിന് ആരുടെയും സഹായമാവശ്യമില്ല. തിന്മ നമ്മുടെ മനസ്സിൽ സ്വയം ആവി



ഷ്കരിക്കുന്നു. എന്നാൽ ഏതെങ്കിലും നന്മയിലേയ്ക്കു നമുക്കു ചായ്വുണ്ടായാൽ നമ്മുടെ ആഗ്രഹം ഫലവത്താകുന്നതിന് ദൈവത്തെ നമുക്ക് ആവശ്യമുണ്ട്. അതിനാൽ ഞാൻ പറയുന്നു: അങ്ങയുടെ തിരുഹിതം ഞാൻ ആത്മനിയന്ത്രണമുള്ളവനായിരിക്കണമെന്നായതിനാലും ഞാൻ ജഡമോഹത്തിന് അധീനനായി പാപത്തിന് അടിമയായതിനാലും അങ്ങയുടെ ശക്തിയാൽ ഈ നല്ല തിരുഹിതം എന്നിൽ നിറവേറട്ടെ. അതുപോലെതന്നെ നീതിയുടെയും ഭക്തിയുടെയും ജഡമോഹങ്ങളിൽനിന്നുള്ള മുക്തിയുടെയും കാര്യത്തിൽ സംഭവിക്കട്ടെ. നമ്മെ സംബന്ധിച്ചിടത്തോളം ഇച്ഛാശക്തി, ഹിതം എന്നീ പദങ്ങൾ സാധാരണമായി എല്ലാ സദ്ഗുണങ്ങളും ഉൾക്കൊള്ളുന്നുണ്ട്. 'നന്മ' എന്ന പദംകൊണ്ടുദ്ദേശിക്കുന്ന എല്ലാം ദൈവതിരുമനസ്സിനനുസൃതമായിട്ടുള്ളതാണ്.

'സ്വർഗത്തിലേപ്പോലെ ഭൂമിയിലും ആകട്ടെ,' എന്ന വാക്യത്തിന്റെ അർത്ഥമെന്താണ് ? വളരെ ഗഹനമായ തത്ത്വങ്ങൾ ഈ വാക്യത്തിലടങ്ങിയിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നത്. സൃഷ്ടിയെക്കുറിച്ചുള്ള ധ്യാനത്തിൽക്കൂടി അതു ഗ്രഹിക്കാം. ദൈവത്തിന്റെ മനസ്സിനെക്കുറിച്ചുള്ള ഒരു പ്രബോധനം ഇതിലടങ്ങിയിട്ടുണ്ട്.

ഞാനുദ്ദേശിക്കുന്നത് ഇതാണ്: ബുദ്ധിയുള്ള സൃഷ്ടികളെ ശരീരത്തോടുകൂടിയതും ശരീരമില്ലാത്തവയുമെന്ന് വിഭജിക്കാം. മനുഷ്യർ ശരീരമുള്ളവരാണ്; മാലാഖമാർ ശരീരമില്ലാത്തവരും. ശരീരമില്ലാത്ത സൃഷ്ടികളായ മാലാഖമാർ ആത്മീയരാകയാൽ ഉന്നതങ്ങളിൽ വസിക്കുന്നു. ശരീരത്തിന്റെ ഭാരം അവർക്കില്ലാത്തതുകൊണ്ട് അവരുടെ സ്വഭാവം മനുഷ്യരുടേതിൽനിന്നു വ്യത്യസ്തമാണ്. അതു പ്രകാശത്തിലും സാന്ദ്രത കുറഞ്ഞിടത്തും വസിക്കുന്നു; അവർ ഊർജസ്വലരും വേഗത്തിൽ ചലിക്കുന്നവരുമാണ്[16]. എന്നാൽ മനുഷ്യർ ശരീരത്തോടുകൂടിയവരാണ്. ആ ശരീരം കേവലം മണ്ണുമാത്രമാകയാൽ, ഭൂമിയിൽ വസിക്കുന്നു. ഇങ്ങനെ തീരുമാനിച്ചതിന്റെ പിന്നിലുള്ള ദൈവത്തിന്റെ ലക്ഷ്യമെന്താണെന്ന് എനിക്കറിഞ്ഞുകൂടാ. ഒരു പക്ഷേ സൃഷ്ടിയെ മുഴുവൻ പരസ്പരം ബന്ധിപ്പിക്കുക എന്നതായിരിക്കും. അങ്ങനെ താഴ്ന്ന ഭാഗത്തിനു സ്വർഗീയമായ ഉന്നതങ്ങളിൽ ഒരു ഭാഗമുണ്ടായിരിക്കും; ഭൂമിയെ സംബന്ധിച്ച കാര്യങ്ങളിൽ സ്വർഗത്തിനും പങ്കുണ്ടായിരിക്കും.

---

16. ഗ്രീക്കു പിതാക്കൻമാരിൽ പലരും മാലാഖമാർക്ക് ഒരർദ്ധഭൗതിക സ്വഭാവമുള്ളതായി പഠിപ്പിച്ചിട്ടുണ്ട്. അലക്സാന്ത്രിയായിലെ ക്ലെമെന്റ്, ഹിപ്പോളിററസ്, മെത്തോഡിയൂസ്, ബേസിൽ തുടങ്ങിയവർ ഇവരിൽ പദാർത്ഥപരമായ എന്തോ ഉള്ളതായി കരുതി. മാലാഖമാർ അശരീരികളാണെന്ന് തിയഡൊറെററ് വ്യക്തമായി പഠിപ്പിച്ചു.

www.malankaralibrary.com



ഇങ്ങനെ മനുഷ്യസൃഷ്ടിവഴി ഓരോ മൂലഘടകത്തിലും മററുള്ളവയുടെ ഭാഗഭാഗിത്വം ഉണ്ടാകുന്നു. മാലാഖമാരുടെ പ്രകൃതിയോടു സാദൃശ്യമുള്ളതും ആധ്യാത്മിക സ്വഭാവമുള്ളതുമായ ആത്മാവ് ഭൗമികശരീരത്തിൽ വസിക്കുന്നു. എല്ലാററിൻേറയും പുനരുദ്ധാനത്തിൽ [17] ഈ ഭൗമികശരീരം ആത്മാവോടുകൂടെ സ്വർഗീയ സ്ഥലങ്ങളിലേക്ക് എടുക്കപ്പെടും. ശ്ലീഹാ പ്രസ്താവിക്കുന്നു: 'അപ്പോൾ നാം ആകാശത്തിൽ നമ്മുടെ കർത്താവിനെ എതിരേൽപ്പാനായി അവനോടുകൂടെ ഒരുമിച്ച മേഘങ്ങളിൽ എടുക്കപ്പെടും. ഇപ്രകാരം നാം എപ്പോഴും നമ്മുടെ കർത്താവിനോടൊരുമിച്ചിരിക്കയും ചെയ്യും." (1 തെസ്സ. 4:17). ജ്ഞാനം ഇതോ മറെറതെന്തെങ്കിലുമോ ഉദ്ദേശിച്ചാലും ഒരുകാര്യം തീർച്ച: ബുദ്ധിശക്തിയുള്ള പ്രകൃതി ഈ രണ്ടിൽ ഏതെങ്കിലും ഒരു ജീവിതത്തിന് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. ശരീരമില്ലാത്തത് സ്വർഗീയ സൗഭാഗ്യം അനുഭവിക്കുന്നു. മറേറതാകട്ടെ അതും ജഡവുമായുള്ള ബന്ധം നിമിത്തം ഭൂമിയിലേക്ക് തിരിഞ്ഞിരിക്കുന്നു.

എങ്കിലും നന്മയ്ക്കും സൗന്ദര്യത്തിനും വേണ്ടിയുള്ള അഭിനിവേശം രണ്ടു പ്രകൃതികളിലും ഒരുപോലെ അന്തർലീനമായിട്ടുണ്ട്. രണ്ടു സ്വഭാവങ്ങൾക്കും സ്വതന്ത്രമായ ഇച്ഛാശക്തിയും അവിടുന്നു നൽകി. ഇങ്ങനെ ബുദ്ധിശക്തിയുള്ള ഓരോ ജീവിക്കും തന്നെത്തന്നെ ഭരിക്കുന്നതിന് സ്വാതന്ത്ര്യമുള്ള ഇച്ഛാശക്തിയുണ്ട്. സ്വർഗീയ ജീവിതം തിന്മയിൽ നിന്ന് പൂർണമായി വിമുക്തമാണ്. സ്വർഗീയ ജീവിതത്തിന് എതിരായിട്ടുള്ള യാതൊരു ശക്തിക്കും അതിനോടു ഐക്യമോ സമ്പർക്കമോയില്ല. മറിച്ച് മനുഷ്യപ്രകൃതിയിലാണ് വികാരങ്ങളോടു ബന്ധപ്പെട്ട ചലനങ്ങളുള്ളത്. പാപത്തിൻെറയും, തിന്മയുടെയും അൽപമായ കറയിൽ നിന്നുപോലും വിമുക്തമായ പരിശുദ്ധ ശക്തികളുടെ വാസസ്ഥലമായ സ്വർഗീയ നഗരത്തിലേക്കു ദൈവവചനം നമ്മുടെ ശ്രദ്ധയെ തിരിക്കുന്നു. നന്മയിൽനിന്നു വേർപെട്ടു പുറത്തുപോയ മനുഷ്യപ്രകൃതിയിൽ തിന്മയുടെ കലർപ്പുണ്ട്. ഒരു പാത്രത്തിലെ ചീത്തയായ പുതിയ വീഞ്ഞും കീടവും ഒന്നിച്ചു കിടക്കുന്നതുപോലെയാണ് തിന്മ നമ്മുടെ ജീവിതത്തിൽ കയറിപ്പററിയിട്ടുള്ളത്. മനുഷ്യവർഗം മലീമസമായിപ്പോയി. സത്യത്തിൻെറ ദൈവികപ്രകാശം കാണുന്നതിൽനിന്നു തിന്മയുടെ അന്ധകാരം നമ്മെ തടയുന്നു.

ഉന്നതത്തിലെ ജീവിതം വികാരരഹിതവും ശുദ്ധവുമാണ്. അതേ സമയം താഴെയുള്ള ഈ നികൃഷ്ട ജീവിതം എല്ലാവിധത്തിലുമുള്ള വികാ-

17. 'അപ്പോകതാസ്തസിസ്'', (സാർവത്രികോത്ഥാനം): സർവ്വതും ക്രിസ്തുവാകുന്ന ശിരസ്സിൻ കീഴിൽ ഒന്നാകും എന്ന ഈ സിദ്ധാന്തം ഒരിജൻ പഠിപ്പിച്ചു. ഗ്രീഗറി ഒരിജനിൽ നിന്നാണ് സ്വാധീനം സ്വീകരിച്ചത്.



രങ്ങളിലും ദുരിതങ്ങളിലും മുങ്ങിക്കിടക്കുകയാണ്. എന്നാൽ, ഉന്നതത്തിലുള്ള നഗരം തിന്മയിൽനിന്നു പരിപൂർണമായി വിമുക്തമായതിനാൽ അതു ദൈവതിരുമനസ്സിൽ സ്ഥിരീകരിക്കപ്പെട്ടിരിക്കുകയാണ്. തിന്മയില്ലാത്തിടത്തു നന്മ കാണും. നല്ലതിൽ പങ്കുകൊണ്ടിരുന്ന നമ്മുടെ ജീവിതം അധഃപതിച്ചുപോയതിനാൽ ദൈവതിരുമനസ്സിൽ നിന്ന് വ്യതിചലിച്ചുപോയി. സ്വർഗീയ ജീവിതത്തിൽ ദൈവതിരുമനസ് നിറവേറുന്നതുപോലെ ദൈവം നമ്മുടെ ജീവിതത്തിൽ പ്രതിബന്ധമില്ലാതെ ഭരണം നടത്തുന്നതിനുവേണ്ടി തിന്മയിൽനിന്നു നമ്മുടെ ജീവിതത്തെ ശുദ്ധമാക്കണമെന്നാണ് ഈ പ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നത്. വേറൊരുവിധത്തിൽ പറഞ്ഞാൽ, 'മാലാഖമാരുടെ ഗണങ്ങളായ പ്രഭുത്വങ്ങളും, അധികാരികളും, ശക്തികളും, കർത്തൃത്വങ്ങളും, മറെറല്ലാ സ്വർഗീയ സൈനിക ഗണങ്ങളും അവിടുത്തെ തിരുമനസ്സ് നിറവേററുന്നതുപോലെ ഞങ്ങളും അവിടുത്തെ തിരുമനസ് നിറവേററട്ടെ. സ്വർഗത്തിൽ നന്മയുടെ പ്രവൃത്തി തിന്മയാൽ പ്രതിബന്ധപ്പെടാത്തതുപോലെ ഞങ്ങളിലും നന്മ ഉളവാകട്ടെ. ഇങ്ങനെ എല്ലാ തിന്മകളും നീക്കപ്പെടുമ്പോൾ എല്ലാ കാര്യങ്ങളിലും അങ്ങയുടെ തിരുവിഷ്ടം ഞങ്ങളിൽ നിറവേറും.

എന്നാൽ, ആരെങ്കിലും ഇതിനെതിരെ പറഞ്ഞേക്കാം. ശരീരത്തിൽ ജീവിതം നയിക്കുവാൻ ഉദ്ദേശിക്കപ്പെട്ടവർക്ക് എങ്ങനെ അരൂപികളുടെ നിർമ്മലത നേടുവാൻ കഴിയും? ശരീരത്തിൻെറ ആവശ്യങ്ങൾ ആത്മാവിനെ ഒരായിരം കാര്യങ്ങളിൽ മുക്കികളയുകയില്ലേ? ഈ ചർച്ചയുടെ അടുത്തഭാഗത്ത് പ്രശ്നമായി കാണുന്ന ഈ ചോദ്യത്തിനു മറുപടി കാണാൻ ഞാൻ പരിശ്രമിക്കുന്നതാണ്.

ഓരോ ദിവസവുമുള്ള ഭക്ഷണത്തിനുവേണ്ടി മാത്രം പ്രാർത്ഥിക്കുവാൻ നമ്മോടു കൽപ്പിച്ചിരിക്കുന്നതുകൊണ്ട് ഒരു പ്രത്യേക പ്രബോധനവും നമുക്കു നല്കിയിരിക്കയാണെന്നു ഞാൻ കരുതുന്നു. ആത്മനിയന്ത്രണമുള്ളതും നിസ്സംഗതയോടുകൂടെ അല്പംകൊണ്ടു തൃപ്തിപ്പെടുന്നതുമായ പ്രകൃതി ഭൗതികമായ ആവശ്യങ്ങൾ ഒന്നും തന്നെയില്ലാത്ത പ്രകൃതിയോടു തുല്യമാകേണ്ടതാണ്. ഭക്ഷണത്തിനുവേണ്ടി മാലാഖ ദൈവത്തോടു പ്രാർത്ഥിക്കുന്നില്ല. കാരണം മാലാഖയ്ക്കു ഇങ്ങനെയുള്ള ആവശ്യം ഇല്ലാത്തതുതന്നെ. പക്ഷേ, ഭക്ഷണം ആവശ്യപ്പെടുവാൻ മനുഷ്യരോടു കൽപ്പിച്ചിരിക്കുന്നു. എന്തെന്നാൽ ഒഴിവുള്ളത് നികത്തപ്പെടണം. കടന്നുപോകുന്നതും ചലനാത്മകവുമാണു മനുഷ്യജീവിതം. നഷ്ടപ്പെടുന്നത് വീണ്ടും ഉണ്ടാക്കുക അതിനാവശ്യമാണ്. തൻെറ പ്രകൃതിക്കാവശ്യമുള്ളതു നൽകുകയും എന്നാൽ തൻെറ ആവശ്യങ്ങൾക്കു അതീ

18. കൊളോ. 1:16; എഫേ. 1:21;3:10

www.malankaralibrary.com



തമായവയെക്കുറിച്ചുള്ള ചിന്തകൾ മൂലം വഴിതെററാതിരിക്കുകയും ചെയ്യുന്നവൻ മാലാഖയുടെ സ്ഥിതിയിൽനിന്ന് അത്ര താഴെയല്ല. തന്റെ നിലയ്ക്കനുസരണമായി കേവലം അല്പംകൊണ്ടു മാത്രം തൃപ്തിപ്പെടുന്നവൻ യാതൊന്നും ആവശ്യമില്ലാത്ത മാലാഖമാരെ അനുകരിക്കുകയാണ്. അതിനാൽ, നമ്മുടെ ശാരീരിക ജീവസന്ധാരണത്തിന് ഉതകുന്നതുമാത്രം അന്വേഷിക്കുവാനാണ് വചനം നമ്മോടു കല്പിച്ചിരിക്കുന്നത്.

നാം ദൈവത്തോടു പ്രാർത്ഥിക്കുന്നു: 'ഞങ്ങൾക്ക് അപ്പം നൽകണമേ.' സ്വാദിഷ്ഠമായ വിശിഷ്ട ഭോജ്യങ്ങളോ, സമ്പത്തുകളോ, പട്ടുവസ്ത്രങ്ങളോ, സ്വർണാഭരണങ്ങളോ, രത്നങ്ങളോ, വെള്ളിപ്പാത്രങ്ങളോ അല്ല നാം ആവശ്യപ്പെടുന്നത്. തോട്ടങ്ങൾക്കും, സൈനിക മേധാവിത്വത്തിനും രാഷ്ട്രീയ നായകത്വത്തിനുംവേണ്ടി നാം പ്രാർത്ഥിക്കുന്നില്ല. കുതിരകളുടെയും, കന്നുകാലികളുടെയും അടിമകളുടെയും ഗണത്തിനുവേണ്ടി നാം അപേക്ഷിക്കുന്നില്ല. യോഗസ്ഥലത്തു പ്രമുഖസ്ഥാനങ്ങൾക്കുവേണ്ടിയോ ഭക്ഷണസമയത്തു പാടാനുള്ള ഗായകർക്കുവേണ്ടിയോ, ദൈവവിചാരത്തിൽ നിന്ന്–ഉന്നതകാര്യങ്ങളിൽനിന്നും–നമ്മെ വ്യതിചലിപ്പിക്കുന്ന മററുള്ളവയ്ക്കുവേണ്ടിയോ നാം പ്രാർത്ഥിക്കുന്നില്ല.

ഈ ദൈവിക പ്രബോധനത്തിന്റെ ലക്ഷ്യവും വ്യാപ്തിയും നിങ്ങൾ ഗ്രഹിക്കുന്നുവോ? ഈ ചെറിയ വാചകത്തിൽ എത്രയോ വലിയ പ്രബോധനമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്! ഈ വാക്കുകളിൽ അവിടുന്നു ശ്രോതാക്കളോട് ഏകദേശം ഇപ്രകാരം പറയുന്നില്ലേ? കടന്നുപോകുന്നവ നിങ്ങളുടെ ശ്രദ്ധയെ വ്യതിചലിപ്പിക്കാതിരിക്കട്ടെ. അവയ്ക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്നതു നിർത്തുക. നിങ്ങളുടെ പ്രകൃതിയുടെ ആവശ്യങ്ങൾ കേവലം പരിമിതമാണ്. നിങ്ങളുടെ ശരീരത്തിന് ഭക്ഷണമാവശ്യമുണ്ട്. അവശ്യം വേണ്ടവകൊണ്ടു നിങ്ങൾ തൃപ്തിപ്പെടുമെങ്കിൽ വേഗം നേടാവുന്ന ഒരു നിസ്സാര കാര്യമാണിത്. എന്തിന് ഇങ്ങനെ വയറിനു കപ്പം കൊടുക്കുന്നു? വെള്ളിക്കുവേണ്ടിയും സ്വർണത്തിനുവേണ്ടിയും നീ പരക്കം പായുന്നു. ഇവമൂലം നിന്റെ വയറാകുന്ന ചുങ്കക്കാരൻ സുഖമായി കഴിയണമെന്നുള്ള ആഗ്രഹമാണ് നിന്നെ ഭരിക്കുന്നത്. എന്നാൽ, ശരീരത്തിന്റെ ആവശ്യത്തിന് അപ്പം മാത്രം മതി. അറിയപ്പെടാത്ത സമുദ്രങ്ങൾ താണ്ടി നീ വിദൂര സ്ഥലങ്ങളിലേക്കു പോകുന്നു. നിന്റെ ഭക്ഷണത്തിനു രുചിയുണ്ടാക്കുന്ന സുഗന്ധവസ്തുക്കൾ തേടിയാണു നിന്റെ യാത്ര. കാഴ്ചയുടെയോ, മണത്തിന്റെയോ, രുചിയുടെയോ, ആസ്വാദ്യത കേവലം ക്ഷണികമാണ്. എന്തു കഴിച്ചാലും ശരീരത്തിൽ അതു ഒരൊററ പ്രവർത്തനമേ ചെയ്യുന്നുള്ളൂ. എന്തു കഴിച്ചാലും അവയുടെയെല്ലാം വിസർജ്യത്തിന് നാററമുണ്ടായിരിക്കും. ഒന്നാംതരം പാചകത്തിന്റെ ഫലം നീ കാണുന്നോ? സുഗന്ധവസ്തുക്കൾ ചേർത്തതിന്റെ അവസാനത്തെ ഫലം നീ കാണുന്നോ? അപ്പം നിന്റെ ശരീരത്തിന്



ആവശ്യമുണ്ട്. അതിനുവേണ്ടി മാത്രം അപേക്ഷിക്കുക. ആഡംബരത്തിനും രുചിക്കുംവേണ്ടിയല്ലേ മനുഷ്യൻ കണ്ടുപിടിച്ച ആവശ്യമില്ലാത്ത കാര്യങ്ങൾ? എല്ലാംതന്നെ പ്രയോജനരഹിതമായ കളകളാണ്. ഗൃഹാധിപൻ വിതച്ചതു ഗോതമ്പാണ്, അപ്പം അതിൽനിന്നാണുണ്ടാക്കുന്നത്. ആഡംബരങ്ങളാകട്ടെ ഗോതമ്പിന്റെകൂടെ ശത്രു വിതച്ച കളകളാണ്. ആവശ്യമുള്ളവകൊണ്ടു മാത്രം തങ്ങളുടെ പ്രകൃതിയെ തൃപ്തമാക്കാൻ മനുഷ്യർ വിസമ്മക്കുന്ന പക്ഷം മായകളുടെ പിന്നാലെയുള്ള പരക്കംപാച്ചിൽ അവരെ ഞെക്കിക്കൊല്ലും (മത്താ. 13:3). ആത്മാവ് ഈ ലൗകിക കാര്യങ്ങളിൽ മാത്രം മുഴുകി കഴിഞ്ഞാൽ അതിന്റെ ശ്വാസഗതി നിന്നുപോകും.

രുചിയുടെ കാര്യത്തിൽ ഹവ്വായുടെ ഉപദേശകനായി പാമ്പിനെ അവതരിപ്പിക്കുമ്പോൾ പ്രതീകങ്ങൾ മുഖേന മോശ ഈ കാര്യം പഠിപ്പിക്കുന്നുണ്ടെന്നാണു തോന്നുന്നത്. പാമ്പു മുഴകൾ നിറഞ്ഞ സ്ഥാനത്തുകൂടി മുന്നോട്ടു വലിഞ്ഞിഴഞ്ഞു പോകുമ്പോൾ അതിനെ പുറകോട്ടു വാലിൽ പിടിച്ചെടുക്കുക പ്രയാസമെന്നാണ് ആളുകൾ പറയുന്നത്. കാരണം, പററിപ്പിടിച്ചിരിക്കുന്ന അതിന്റെ ചെതുമ്പലുകൾ ആ വലിച്ചെടുക്കലിനെ പ്രതിബന്ധപ്പെടുത്തുന്നു. മുന്നോട്ടാണെങ്കിൽ അതിനു സുഖമായി പോകാം. പുറകോട്ടുവരാൻ സാധിക്കയില്ല. ജഡമോഹം പുറകിൽക്കൂടി ആത്മാവിൽ നുഴഞ്ഞുകയറാതിരിക്കുവാൻ നാം സൂക്ഷിക്കണമെന്നും ശാരീരിക ജീവിതത്തിൽ വന്നുഭവിക്കുന്ന മുഴകളെ നാം നീക്കിക്കളയണമെന്നും വിശുദ്ധ ലിഖിതം പഠിപ്പിക്കുന്നതായി എനിക്കു തോന്നുന്നു. ഇങ്ങനെ മാത്രമേ മൃഗങ്ങളുടെ സമൂഹത്തിൽനിന്ന് ആധ്യാത്മിക ജീവിതത്തെ ശുദ്ധമായി സൂക്ഷിക്കുവാൻ കഴിയുകയുള്ളൂ. നമ്മുടെ ജീവിതത്തിൽ സമതുലിത ഇല്ലാതാക്കി ജഡമോഹത്തിന്റെ സർപ്പം മുഴകളിൽക്കൂടി കയറിപ്പററിയാൽ അതിന്റെ ചെതുമ്പലുകൾമൂലം മനസ്സിൽനിന്ന് ആ സർപ്പത്തെ വലിച്ചു മാററുക ദുഷ്കരമാണ്.

ചെതുമ്പലുകളെന്ന രൂപകം മുഖേന നാം ഗ്രഹിക്കേണ്ടത് ഭോഗലിപ്സയുള്ള വിവിധ സന്ദർഭങ്ങളാണ്. പൊതുവായി പറഞ്ഞാൽ ജഡമോഹം ഒരു ജന്തുമാത്രമാണ്. ഇന്ദ്രിയങ്ങൾ വഴി മനുഷ്യജീവിതവുമായി കൂടിക്കുഴഞ്ഞു കിടക്കുന്ന വിവിധ രീതിയിലുള്ള ജഡമോഹങ്ങൾ സർപ്പത്തിന്റെ ചെതുമ്പലുകളാണ്. അതിനാൽ ഈ ജന്തുവിനോടുകൂടെ ജീവിക്കാതിരിക്കാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ അതിന്റെ തലയെ സൂക്ഷിക്കുക; എന്നു പറഞ്ഞാൽ തിന്മയുടെ ആദ്യത്തെ ആക്രമണത്തെ സൂക്ഷിക്കുക. 'അവൻ നിന്റെ കുതികാലിനായി പതിയിരിക്കും' നീ അവന്റെ തലയ്ക്കായി പതിയിരിക്കും' എന്ന കർത്താവിന്റെ ആലങ്കാരിക കല്പനയുടെ അർത്ഥമിതാണ് (ഉല്പ. 3:15).

ഇഴജന്തു അകത്തു കടക്കാതിരിക്കാൻ സൂക്ഷിക്കുക. തല അകത്ത് ഇട്ടുപോയെങ്കിൽ അതു മുഴുവനായിത്തന്നെ കയറിപ്പററും. അത്യാവശ്യ

www.malankaralibrary.com



മുള്ള സാധനങ്ങൾ മാത്രം അന്വേഷിക്കുക. എളുപ്പം ലഭിക്കാൻ സാധ്യതയുള്ളതു ലഭിച്ചുകഴിയുമ്പോൾ, നിന്റെ ജീവസന്ധാരണത്തിനു മാത്രം അത്യാവശ്യമായതു കിട്ടിക്കഴിയുമ്പോൾ, അതുകൊണ്ടു തൃപ്തിപ്പെട്ടുകൊള്ളുക. കണ്ണിനു ആഹ്ളാദകരവും രുചിക്കു മധുരവുമായവയെക്കുറിച്ചു ഹവ്വായ്ക്കു സർപ്പം നൽകിയ ഉപദേശം അതു നിന്നോടും പറയുന്നെങ്കിൽ നിന്റെ അപ്പത്തിനു മററു പല സവിശേഷതകളും നീ അന്വേഷിക്കും. ആവശ്യമെന്നതിന്റെ പരിധി കഴിഞ്ഞുപോകുന്ന ഈ സംഗതികളിൽക്കൂടി ആവശ്യമില്ലാത്ത ആഗ്രഹങ്ങൾ നിന്നിലുളവാകും. നീയറിയാതെ ഈ ജന്തു അത്യാഗ്രഹത്തിലേക്ക് ഇഴഞ്ഞു കയറുന്നത് നീ കാണും. അത്യാവശ്യമുള്ള ഭക്ഷണത്തിൽനിന്ന് വിശിഷ്ട ഭോജ്യങ്ങളിലേക്കു നീങ്ങിയാൽ തിളങ്ങുന്ന പാത്രങ്ങളും ആകർഷണശക്തിയുള്ള ഭൃത്യരും ഒക്കെയായി കണ്ണിനു ആഹ്ളാദം നൽകുന്നവയിലേക്കു അതു പുരോഗമിക്കും. ഇവയിൽനിന്നു വിലപിടിപ്പുള്ള മററനേകം വസ്തുക്കൾ ലഭിക്കാനുള്ള കൂടുതൽ കൂടുതൽ ആഗ്രഹങ്ങൾ നിന്നിൽ നാമ്പെടുക്കുകയായി. ഈ ആഡംബരവസ്തുക്കൾ ലഭിക്കുന്നതിനു കൂടുതൽ ധനം ഉണ്ടാകേണ്ടതുണ്ട്. അതു നിമിത്തം ഒരുവന്റെ അയൽക്കാരൻ സങ്കടപ്പെടേണ്ടിവരും, വേറൊരുവൻ കരയേണ്ടിവരും, തങ്ങളുടെ സമ്പാദ്യം പോയതിനാൽ അനേകർ കഷ്ടതകളനുഭവിക്കേണ്ടിവരും: എല്ലാം അവന്റെ ആഡംബര ജീവിതത്തിനുവേണ്ടിയുള്ള പരക്കംപാച്ചിൽ നിമിത്തം ഉളവായവതന്നെ. ഇങ്ങനെ സർപ്പം ഇവയെല്ലാം ചുററിക്കഴിയുമ്പോൾ താഴേയ്ക്ക് ഇറങ്ങുകയായി; മനുഷ്യൻ ഏററം താണതലത്തിലേക്ക് അധഃപതിക്കുകയായി.

ഇങ്ങനെയുള്ള കാര്യങ്ങളൊന്നും സംഭവിക്കാതിരിക്കുന്നതിനുവേണ്ടി അപ്പംമാത്രം ആവശ്യപ്പെടാൻ നമ്മോട് അവിടുന്നു കല്പിച്ചിരിക്കുന്നു. അപ്പത്തിനു പ്രകൃതി നൽകുന്ന രുചി മതിയാകും. എല്ലാററിനുമുപരിയായി ഒരു നല്ല മനസ്സാക്ഷിയാണ് അപ്പത്തിനു രുചി പകരുന്നത്. ധർമത്തോടെയാണ് ഇതു ഭക്ഷിക്കേണ്ടത്. എന്നാൽ ഭക്ഷിക്കുമ്പോൾ നാക്കിനു രുചി തോന്നണമെന്ന് ആഗ്രഹമുണ്ടെങ്കിൽ നല്ല വിശപ്പായിരിക്കട്ടെ അതിനു രുചി നൽകുന്നത്. അമിതമായി ഭക്ഷിക്കരുത്. നീ രോഗിയാകും. ഭക്ഷിക്കുന്നതിനുമുമ്പ് ഈ കല്പന നീ ആചരിക്കണം: 'വിയർപ്പിലും അദ്ധ്വാനത്തിലും നീ നിന്റെ അപ്പം ഭക്ഷിക്കണം' (ഉല്പ. 3:19). വേദപുസ്തകം സൂചിപ്പിക്കുന്ന രുചി ഇതാണ്.

ആവശ്യത്തിനു മാത്രമുള്ള അപ്പത്തെക്കുറിച്ചു നീ ചിന്തിച്ചാൽമതി. അപ്പത്തെക്കുറിച്ചുള്ള പരിഗണനയിൽ നിന്റെ ആത്മാവു കുടുങ്ങിപ്പോകരുത്. ഭൂമിയിൽനിന്ന് അപ്പം പുറപ്പെടുവിക്കുകയും ആകാശത്തിലെ പറവകളെ പോഷിപ്പിക്കുകയും എല്ലാ ജഡത്തിനും ഭക്ഷണം നൽകുകയും എല്ലാ ജീവികളെയും അനുഗ്രഹിക്കുന്നതിനു കൈകൾ നീട്ടുകയും ചെയ്യുന്ന അവിടുത്തോട് നീ ഇപ്രകാരം പറയുക: എന്റെ ജീവൻ അവിടുത്തെ



പക്കൽ നിന്നാണ്. എന്റെ ജീവിതാവശ്യങ്ങളും അവിടുത്തെ പക്കൽ നിന്നായിരിക്കട്ടെ. എനിക്ക് അപ്പം നൽകണമെ. അതായത് നീതിയുള്ള പ്രയത്നം വഴി എനിക്കു ഭക്ഷണമുണ്ടാകട്ടെ. കാരണം ദൈവം നീതിയാണെങ്കിൽ അത്യാഗ്രഹം മുഖേന ഭക്ഷണമുണ്ടാക്കുന്നവന്റെ ഭക്ഷണം ദൈവത്തിൽ നിന്നല്ല. സമൃദ്ധി മറെറാരുവന്റെ സമ്പത്തിൽനിന്നോ അവന്റെ കണ്ണുനീരിന്റെ ഫലമായോ ഉള്ളതല്ലെങ്കിൽ, അവൻ വിശപ്പുസഹിക്കുകയോ, ദുരിതമനുഭവിക്കയോ ചെയ്യുന്നെങ്കിൽ, നിന്റെ പ്രാർത്ഥന നിന്റെ ഹൃദയത്തിൽനിന്നുള്ളതാണ്. കാരണം, നീ സംതൃപ്തനാണ്. ദൈവം നൽകുന്ന ഭക്ഷണം നീതിയുടെ ഫലവും സമാധാനത്തിന്റെ കററയിൽനിന്നുള്ള ധാന്യവും ആണ്. അതു നിർമലമാണ്; കളകളുടെ ഫലം അതിൽ കലർന്നിട്ടുമില്ല. മറിച്ച് വേറൊരുവന്റെ വസ്തുവാണ് നിന്റെ കൃഷിസ്ഥലമെങ്കിൽ, ഒരു രേഖയുടെ പിൻബലത്താൽ നീതിരാഹിത്യം നീ പരിശീലിക്കുന്നെങ്കിൽ, നീ ദൈവത്തോട്, അപ്പം നൽകണമെന്നു പറഞ്ഞാൽ നിന്റെ അപേക്ഷ കേൾക്കുന്നത് ദൈവമായിരിക്കുകയില്ല. മറെറാരുവനായിരിക്കും. എന്തെന്നാൽ അനീതിയുടെ ഫലമാകട്ടെ ദൈവത്തിനെതിരായിട്ടുള്ള സ്വഭാവത്തിൻേറതാണ്. നീതിയെ പിൻചെല്ലുന്നവൻ തന്റെ ഭക്ഷണം ദൈവത്തിൽനിന്നു സ്വീകരിക്കുന്നു. അനീതി കൃഷിചെയ്യുന്നവനു ഭക്ഷണം നൽകുന്നതു അനീതിയുടെ പിതാവാണ്.

അതിനാൽ ദൈവത്തോട് അപ്പത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതിനു മുൻപു നിന്റെ മനസ്സാക്ഷിയെ പരിശോധിക്കുക. കാരണം, ക്രിസ്തുവിനു ബലിയാലുമായി[19] ബന്ധമില്ലെന്നു നിനക്കറിയാമല്ലോ. അനീതിയുടെ കാഴ്ചകൾ നീ ദൈവത്തിനു സമർപ്പിക്കാതിരിക്കുക അവയ്ക്ക് ഒരു പട്ടിയുടെയോ വേശ്യയുടെയോ വിലയാണ്. വിലയേറിയ കാഴ്ചകൾകൊണ്ടു നീ പ്രാമുഖ്യം കാണിച്ചാലും പ്രവാചകൻ അവയിൽ വെറുപ്പു കാണിക്കുന്നത് ശ്രദ്ധിക്കുക: 'നിങ്ങളുടെ ഹനനയാഗങ്ങളുടെ ബാഹുല്യം എനിക്ക് എന്തിന് എന്നു യാഹ്വേ അരുളിചെയ്യുന്നു. മുട്ടാടുകളെക്കൊണ്ടുള്ള ഹോമയാഗവും തടിച്ച മൃഗങ്ങളുടെ മേദസ്സുംകൊണ്ട് എനിക്കു മടുപ്പുവന്നിരിക്കുന്നു. കാളകളുടെയോ കുഞ്ഞാടുകളുടെയോ കോലാട്ടുകൊററന്മാരുടെയോ രക്തം എനിക്കിഷ്ടമല്ല ...ഇനി നിങ്ങൾ വ്യർത്ഥമായ കാഴ്ച കൊണ്ടുവരരുത്. ധൂപം എനിക്ക് വെറുപ്പാകുന്നു' (ഏശാ. 1: 11–13). വേറൊരു ഭാഗത്ത് ഒരാടിനെ ബലികഴിക്കുന്നവനെ ഒരു പട്ടിയെ കൊല്ലുന്നവനോടു താരതമ്യപ്പെടുത്തിയിട്ടുണ്ട് (ഏശാ. 66:3). എന്നാൽ നിന്റെ അപ്പം ദൈവത്തിന്റെ പക്കൽ നിന്നാണെങ്കിൽ, അതായത് നീതിയുള്ള പ്രയത്നംവഴിയുള്ളതാണെങ്കിൽ, നീതിയുടെ ഫലങ്ങൾ നിനക്ക ദൈവത്തിനു

19. 2 കോറി. 6:15. 'ബെലിയാൽ' എന്നതിന്റെ അർത്ഥം വ്യക്തമല്ല. 'തിൻമ', 'ശൂന്യത', 'കഴമ്പില്ലാത്തതു'' എന്നൊക്കെ പരിഭാഷപ്പെടുത്താം. സാത്താനെന്നും ചിലയിടങ്ങളിൽ മനസിലാക്കാം.

www.malankaralibrary.com



സമർപ്പിക്കാം. ഈ പ്രാർത്ഥനയിലുള്ള 'ഇന്നേദിവസം' എന്ന വാക്കുകൾ വളരെ അർത്ഥങ്ങൾ ഉൾക്കൊള്ളുന്നു. ഞങ്ങളുടെ അനുദിന അപ്പം 'ഇന്നു' ഞങ്ങൾക്കു നൽകണമേ എന്നാണല്ലോ അവിടുന്നു പറയുന്നത്. ഈ വാക്കുകൾക്കു മറെറാരർത്ഥം കൂടിയുണ്ട്. മനുഷ്യജീവിതം ഒരു ദിവസത്തെ ജീവിതം മാത്രമാണെന്ന് ഇതിൽനിന്നു നിങ്ങൾ പഠിക്കണം. വർത്തമാനകാലത്തെ മാത്രമേ തൻേറതെന്ന് ഒരുവനു വിളിക്കാനൊക്കൂ. ഭാവി അനിശ്ചിതമാണ്. 'നാളെ എങ്ങനെയായിരിക്കുമെന്നു നമുക്കറിഞ്ഞുകൂടാ' (സുഭാ. 27:1). എന്തിനു നാളെയെക്കുറിച്ചു നാം വിഷമിക്കണം; അവിടുന്ന് അരുൾ ചെയ്യുന്നു: 'അതതു ദിവസത്തിന് അതതു ദിവസത്തിൻെറ കഷ്ടത മതി (മത്താ. 6:34). 'കഷ്ടത' സഹിക്കുക എന്നാണതിൻെറയർത്ഥം. നാളെയെപ്പററി എന്തിനു ദുഃഖിക്കുന്നു. ഇന്നത്തെ ദിവസത്തെക്കുറിച്ചുള്ള കൽപന അവിടുന്നു നൽകുന്നതുകൊണ്ടു നാളെത്തെക്കുറിച്ചുള്ള താൽപര്യം അവിടുന്നു വിലക്കുന്നുണ്ട്. നിങ്ങൾക്ക് ഒരു ദിവസം നൽകുന്നവനായ അവിടുന്ന് ആ ദിവസത്തേക്ക് ആവശ്യമുള്ളതും നൽകും. സൂര്യൻ ഉദിക്കാൻ ആരാണു കാരണം? രാത്രിയുടെ അന്ധകാരം ആരു മാററുന്നു? പ്രകാശരശ്മികൾ ആര് നിങ്ങൾക്കു കാണിക്കുന്നു? പ്രകാശത്തിൻെറ കാരണം ഭൂമിക്കു മീതെ ആരു വച്ചിരിക്കുന്നു? ഈ വലിയ കാര്യങ്ങളൊക്കെ പ്രവർത്തിക്കുന്ന ദൈവത്തിനു നിങ്ങളുടെ ശരീരത്തിനാവശ്യമുള്ളവ നൽകുവാൻ നിങ്ങളുടെ സഹായം ആവശ്യമുണ്ടോ? മൃഗങ്ങൾ അവയുടെ ഉപജീവനമാർഗത്തെക്കുറിച്ചു ചിന്തിക്കുന്നുണ്ടോ? ആകാശത്തിലെ പറവകൾ വിതയ്ക്കുകയും കൊയ്യുകയും ചെയ്യുന്നുണ്ടോ? എല്ലാ സൃഷ്ടികളെയും ഭരിക്കുന്ന ദൈവഹിതമല്ലേ എല്ലാവർക്കും ഉപജീവനമാർഗ്ഗം ഉണ്ടാക്കുന്നത്? കാളയോ കഴുതയോ മറേറതെങ്കിലും മൃഗമോ അതിൻെറ സഹജപ്രകൃതി എങ്ങനെ ജീവിക്കണമെന്നു പഠിപ്പിച്ചാലും, അതു വർത്തമാനകാലം ശരിയായി കഴിച്ചാലും, ഭാവിയെക്കുറിച്ചു അതിനു വിചാരമില്ല. ജഡത്തിലെ ജീവൻ, നശിക്കുന്നതും ക്ഷണഭംഗുരമുവാണെന്നു ഗ്രഹിപ്പിക്കാൻ പ്രത്യേക ഉപദേശകർ നമുക്കാവശ്യമുണ്ടോ? മററുള്ളവരുടെ ദൗർഭാഗ്യങ്ങളും നമ്മെ ശിക്ഷിക്കുന്ന ദൗർഭാഗ്യങ്ങളും ഇക്കാര്യം നമ്മെ പഠിപ്പിക്കുന്നില്ലേ?

ധനികന് അവൻെറ സമ്പാദ്യം കൊണ്ടെന്തു പ്രയോജനം? ദീർഘസംവത്സരങ്ങൾ അവൻ വൃഥായുള്ള പ്രതീക്ഷകളുടെ പിന്നാലെ പായുന്നു; ധനം കുന്നുകൂട്ടുന്നു; കെട്ടിടങ്ങൾ പൊളിച്ചുകളയുകയും പണിയുകയും ചെയ്യുന്നു, അവൻെറ ജീവിതം ഫലമണിയാതെ ഒരു കളപ്പുരയിലെന്നപോലെ അവൻ അടച്ചിട്ടിരിക്കുന്നു. സ്വപ്നംപോലെ ഒററ രാത്രികൊണ്ട് ഇവയെല്ലാം വൃഥാ ആയിരുന്നെന്നു തെളിയുകയില്ലേ? ശാരീരിക ജീവിതം വർത്തമാനകാലത്തേക്കുമാത്രം. എന്നാൽ പ്രത്യാശയാൽ ഗ്രഹിക്കുന്ന വരാനിരിക്കുന്ന ജീവിതം ആത്മാവിനുള്ളതാണ്. ഭോഷരായ മനുഷ്യർക്കു ആത്മാവിൻെറയും ശരീരത്തിൻെറയും ജീവിതത്തെക്കുറിച്ചു തെററുപററുന്നു. ശരീരത്തിൻെറ ജീവിതത്തിൽ അവർ ആശകൾ വച്ചു പുലർത്തുകയും ആത്മാവിൻെറ ജീവിതത്തെ വർത്തമാനകാലം ആസ്വദിക്കാൻ വലിച്ചിഴയ്ക്കുകയും ചെയ്യുന്നു. അതിനാൽ ആത്മാവു കാണപ്പെടുന്ന കാര്യങ്ങളിൽമാത്രം മുഴകിക്കഴിയുകയും അതിൻെറ ജീവിതത്തിനു നിലനിൽപ്പു നൽകുന്ന പ്രത്യാശയുടെ യാഥാർത്ഥ്യത്തിൽനിന്നു വ്യതിചലിക്കുകയും ചെയ്യുന്നു. അതിന് നിയന്ത്രണമോ അധികാരമോ ഇല്ലാത്ത അസ്ഥിരവസ്തുക്കളിലാണ് അത് അപ്പോൾ പ്രത്യാശവയ്ക്കുന്നത്.



അതിനാൽ ഇന്നത്തേക്കും ഭാവിയിലേക്കും എന്താണ് ആവശ്യപ്പെടേണ്ടതെന്ന് ഈ ഉദ്ബോധനത്തിൽനിന്ന് നമുക്ക് പഠിക്കാം. അപ്പം ഇന്നത്തെ ഉപയോഗത്തിനുള്ളതാണ്. രാജ്യം (സ്വർഗം) നാം പ്രത്യാശ നിക്ഷേപിച്ചിരിക്കുന്ന സൗഭാഗ്യത്തിനുള്ളതാണ്. നമ്മുടെ എല്ലാ ശാരീരികാവശ്യങ്ങളുമാണ് അപ്പംകൊണ്ട് അവിടുന്ന് ഉദ്ദേശിക്കുന്നത്. നാം ഇതാവശ്യപ്പെടുന്നുവെങ്കിൽ ക്ഷണഭംഗുരമായ കാര്യങ്ങളിലാണ് താൻ ഏർപ്പെട്ടിരിക്കുന്നതെന്നു പ്രാർത്ഥിക്കുന്നവൻ സ്പഷ്ടമായി മനസ്സിലാക്കും. എന്നാൽ, ആത്മാവിനാവശ്യമുള്ള നല്ല കാര്യങ്ങൾ നാം ആവശ്യപ്പെട്ടാൽ ആ അപേക്ഷ എന്നും നിലനിൽക്കുന്ന യാഥാർത്ഥ്യങ്ങൾക്കുവേണ്ടിയാണ്. നമ്മുടെ പ്രാർത്ഥനകളിൽ ആത്മാവിൻെറ കാര്യങ്ങൾക്കു മുൻഗണന നൽകണമെന്നാണ് അവിടുന്ന് കൽപിക്കുന്നത്. കൂടുതൽ മഹിമയുള്ളതിന് ആദ്യസ്ഥാനം നൽകണം. 'നിങ്ങൾ ആദ്യമായി ദൈവരാജ്യവും അവിടുത്തെ ധർമവും അന്വേഷിക്കുവിൻ ആവശ്യമുള്ളതെല്ലാം അപ്പോൾ നിങ്ങൾക്കു ലഭിക്കും' (മത്താ. 6:33). ശക്തിയും മഹത്വവും എന്നും എന്നേക്കുമുള്ള നമ്മുടെ കർത്താവായ ഈശോമിശിഹായിൽത്തന്നെ. ആമേൻ.

www.malankaralibrary.com

## പ്രഭാഷണം അഞ്ച്

"ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമേ പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ തിന്മയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ."

നമ്മുടെ അന്വേഷണം പുരോഗമിച്ച് സദ്ഗുണത്തിന്റെ അത്യുച്ചിയിൽ എത്തിയിരിക്കുന്നു. കാരണം, ഒരുവൻ ദൈവത്തെ സമീപിക്കണമെങ്കിൽ എപ്രകാരമുള്ളവനായിരിക്കണമെന്നുള്ളതിന്റെ രൂപരേഖ പ്രാർത്ഥനയുടെ ഈ വാക്കുകൾ നൽകുന്നു. ഇപ്രകാരമുള്ളവൻ മനുഷ്യപ്രകൃതിയുടെ സാധാരണ ഗതിയിൽ അല്ല കാണപ്പെടുക. സദ്ഗുണങ്ങളാൽ അവൻ ദൈവത്തിന് സദൃശ്യനാകുന്നു. ദൈവത്തിനു മാത്രം ചെയ്യാവുന്ന കാര്യങ്ങൾ നിർവഹിക്കുന്നതിനാൽ അവൻ മറെറാരു ദൈവമായി കാണപ്പെടുന്നു. കടങ്ങൾ ക്ഷമിക്കുകയെന്നുള്ളത് ദൈവത്തിന് മാത്രമുള്ള വിശേഷണമാണ് (മത്താ.5:36). വി. ലിഖിതം പ്രസ്താവിക്കുന്നു: 'യാതൊരു മനുഷ്യനും പാപങ്ങൾ ക്ഷമിക്കുവാൻ സാധിക്കുകയില്ല, ദൈവത്തിനു മാത്രമേ അതു കഴിയൂ' (ലൂ.5:21). അതിനാൽ ദൈവിക സ്വഭാവത്തിന്റെ സവിശേഷതകൾ ഒരുവൻ സ്വജീവിതത്തിൽ അനുകരിക്കുന്നപക്ഷം ദൃശ്യമായ വിധത്തിൽ അവൻ അനുകരിക്കുന്നത് ഏതാണ്ടൊരു വിധത്തിൽ അവൻ ആയിത്തീരും. അതിനാൽ ഈ പ്രാർത്ഥന എന്താണ് പഠിപ്പിക്കുന്നത്? നമ്മുടെ ജീവിതത്തിലുള്ള സ്വാതന്ത്ര്യം മുഖേന ദൈവത്തോടുള്ള സാദൃശ്യത്തെക്കുറിച്ച് നമുക്ക് അവബോധം ഉണ്ടായിരിക്കണം. അങ്ങനെ ദൈവത്തെ പിതാവെന്ന് സംബോധന ചെയ്യുവാൻ നമുക്ക് ധൈര്യം ഉണ്ടാകുകയും നമ്മുടെപാപങ്ങൾ ഇനിയും ഓർമിക്കരുതെന്ന് പറയുകയും വേണം. ചോദിക്കുന്നവന്റെ ആഗ്രഹം സാധിതമാകണമെന്നില്ല. എന്നാൽ അവൻ ചെയ്തിട്ടുള്ള പ്രവൃത്തികൾ ഇപ്രകാരം അഭ്യർത്ഥിക്കുവാൻ അവനു ധൈര്യം നൽകിയിട്ടുണ്ട്.

ഇപ്പോൾ നാം ചർച്ചചെയ്യുന്ന ഭാഗത്ത് ഇതു വ്യക്തമാണ്. ഉദാരശീലനെ നാം സമീപിക്കുന്നെങ്കിൽ നാമും ഉദാരശീലരായിരിക്കണം, നല്ലവനും നീതിമാനുമായ അവിടുത്തെ പക്കൽ പോകുന്നെങ്കിൽ നാമും അപ്രകാരം ആയിരിക്കണം. അവിടുന്ന് ക്ഷമയുള്ളവനും കാരുണ്യമുള്ളവനുമാകയാൽ നാമും, ക്ഷമയും കരുണയുമുള്ളവരായിരിക്കണം. ഇപ്രകാരംതന്നെ എല്ലാ കാര്യങ്ങളിലും ആയിരിക്കണം. അവിടുന്ന് ദയയും ശാന്തതയും ഉള്ളവനാണ്. എല്ലാവർക്കും അവിടുന്ന് നല്ല കാര്യങ്ങൾ നൽകുന്നു. എല്ലാവരോടും കരുണ കാണിക്കുന്നു. ഈ വിശേഷണങ്ങളോടും ദൈവത്തിലുള്ള എല്ലാ സവിശേഷ



തകളോടും നാം സ്വതന്ത്രമായ ഇച്ഛാശക്തിയോടെ താദാത്മ്യം പ്രാപിക്കണം. അങ്ങനെ പ്രാർത്ഥന മുൻകൂട്ടിക്കാണുന്ന മനോഭാവം നാം നേടണം. ദുഷ്ടനായ ഒരുവനു നല്ലവനായ ഒരുവനോട് ഗാഢമൈത്രി പുലർത്തുവാൻ സാധിക്കയില്ല. അതുപോലെ അശുദ്ധചിന്തകളിൽ മുഴുകിക്കഴിയുന്നവന് പരിപൂർണമായ ശുദ്ധതയുള്ളവനോട് ചങ്ങാത്തവും ഒക്കുകയില്ല. അതുപോലെ കാപട്യം നിറഞ്ഞ ഒരുവൻ ദൈവത്തെ സമീപിക്കാൻ ശ്രമിച്ചാൽ ദൈവസ്നേഹത്തിൽനിന്ന് അവൻ അകലെത്തന്നെ നിൽക്കും. തന്റെ അധികാരത്തിൻകീഴിലുള്ള ഒരുവനെ കടങ്ങൾ നിമിത്തം ക്രൂരമായി തടങ്കലിലാക്കുന്നവൻ അവന്റെ ജീവിതംമുഖേനതന്നെ സ്വയം ദൈവത്തിൽനിന്ന് അകലുകയാണ്. ദയയ്ക്കു ക്രൂരതയുമായും, സ്നേഹമുള്ള സ്വഭാവത്തിന ദയാഹീനമായ സ്വഭാവുമായും എന്തു ബന്ധമാണുള്ളത്?

ഇതുപോലെ എല്ലാ കാര്യങ്ങളും കാണേണ്ടതാണ്. തിന്മയ്ക്കു വിരുദ്ധമായ യാതൊന്നിനുംതന്നെ തിന്മയുമായി കൂടിച്ചേരാൻ സാധിക്കയില്ല. അധികാരത്തിന്റെയും ശക്തിയുടെയും കാര്യങ്ങൾ ഇങ്ങനെ കാണണം. മരണമടഞ്ഞവൻ ജീവിച്ചിരിക്കുന്നില്ല. ഒരുവൻ ജീവിതം ആസ്വദിക്കുന്നെങ്കിൽ അവൻ മരണത്തിൽനിന്ന് അകന്നവനാണ്. അതിനാൽ ദൈവത്തിന്റെ ഉപവിയെ സമീപിക്കുന്ന ഏവനും എല്ലാ കാപട്യത്തിൽനിന്നും അകന്നിരിക്കണം എന്നത് അത്യാവശ്യമാണ്. തിന്മയെന്ന ആശയത്തിൻകീഴിൽ വരുന്ന സകലതിൽനിന്നും ഒരുവൻ വിമുക്തനാണെങ്കിൽ അവൻ സ്വജീവിതംവഴി ഒരു ദൈവമായിത്തീരുന്നുവെന്ന് വേണമെങ്കിൽ പറയാം. കാരണം, മനുഷ്യബുദ്ധി ദൈവസ്വഭാവത്തിൽ കാണുന്നവ അവനിൽ ദൃശ്യമായിരിക്കുന്നു.

പ്രാർത്ഥനയുടെ ഈ വാക്കുകൾവഴി കർത്താവ് ശ്രോതാക്കളെ എന്ത് ഔന്നത്യത്തിലേക്ക് ഉയർത്തുന്നുവെന്ന് നിങ്ങൾ ഗ്രഹിക്കുന്നുവോ? ഇതു മുഖേന അവിടുന്നു മനുഷ്യസ്വഭാവത്തെ ഏതോവിധത്തിൽ ദൈവികമാക്കുന്നു. ദൈവത്തെ സമീപിക്കുന്നവർ ഒരു വിധത്തിൽ ദൈവങ്ങളായിത്തന്നെ തീരണമെന്നാണ് അവിടുന്ന് കല്പിക്കുന്നത്. നിങ്ങളുടെ മനസ്സാക്ഷി നിങ്ങളെ കുത്തുന്നതുനിമിത്തം ഭയംകൊണ്ട് ഒരടിമയെപ്പോലെ മുട്ടിന്മേൽ നീന്തി എന്തിന് നിങ്ങൾ ദൈവത്തിന്റെ പക്കലേക്ക് പോകുന്നു? എന്താണവിടുന്നു ചോദിക്കുന്നത്. ആരംഭംമുതലേ നിങ്ങളുടെ ആത്മാവിന്റെ സ്വാതന്ത്ര്യത്തിനു സഹജമായുള്ള പരിശുദ്ധമായ ധൈര്യം നിങ്ങൾ എന്തുകൊണ്ട് ഉപയോഗിക്കുന്നില്ല? മുഖസ്തുതി ഇഷ്ടപ്പെടാത്ത നിങ്ങൾ എന്തിന് വാക്കുകൾ മുഖേന മുഖസ്തുതി പാടുന്നു? പ്രവർത്തികൾ മാത്രം പരിഗണിക്കുന്ന ദൈവത്തോട് എന്തിന് നിങ്ങൾ ഏററം താണ അടിമത്തത്തിന്റെ വാക്കുകൾ ഉപയോഗിക്കുന്നു? എന്നാൽ ദൈവത്തിനു യോഗ്യമായ സകലതും നിങ്ങൾ പറഞ്ഞുകൊള്ളുക. നിങ്ങളുടെ മനസ്സ് സ്വതന്ത്രമാണല്ലോ. നിങ്ങൾതന്നെ നിങ്ങളുടെ വിധികർത്താക്കളായിരിക്കുക. നിങ്ങൾ നിങ്ങളെത്തന്നെ വെറുതെവിടുന്ന വിധി പ്രസ്താവിച്ചുകൊള്ളുക. ദൈവം നിങ്ങളുടെ കടങ്ങൾ ക്ഷമിക്കു

www.malankaralibrary.com



വാൻ നിങ്ങൾക്കു ആഗ്രഹമുണ്ടോ ? എങ്കിൽ മററുള്ളവരോട് നിങ്ങൾ ക്ഷമിക്കണം, ദൈവം അതു സ്ഥിരീകരിച്ചുകൊള്ളും. അയൽക്കാരനെക്കുറിച്ചുള്ള നിങ്ങളുടെ ന്യായവിധി എന്തുമാകട്ടെ, അതുപോലുള്ള ന്യായവിധി നിങ്ങൾക്കും ലഭിക്കും. നിങ്ങൾക്കുവേണ്ടി നിങ്ങൾതന്നെ എടുക്കുന്ന തീരുമാനം ദൈവിക ന്യായവിധിയാൽ സ്ഥിരീകൃതമാകും.

നമ്മുടെ കർത്താവിന്റെ വാക്കുകൾ ഒരുവന് എങ്ങനെ യോഗ്യമായി വിവരിക്കുവാൻ കഴിയും ? 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമേ' എന്ന വാക്കുകളുടെ അർത്ഥം വ്യാഖ്യാനത്തിനതീതമാണ്. ഇവയെക്കുറിച്ചു ഞാൻ ചിന്തിക്കുന്നതും അതിലുപരി വാക്കുകൾ മുഖേന വെളിപ്പെടുത്തുന്നതും ഔദ്ധത്യമാണ്.

എന്താണ് യഥാർത്ഥത്തിൽ പറഞ്ഞിരിക്കുന്നത് ? നന്മ നേടാൻ ആഗ്രഹിക്കുന്നവർ ദൈവത്തെ അനുകരിക്കണം. വി. പൗലോസ് പ്രസ്താവിക്കുന്നു: 'ഞാൻ തന്നെയും, മിശിഹായ്ക്കു സദൃശ്യനായിരിക്കുന്നതുപോലെ നിങ്ങൾ എനിക്കു സദൃശ്യരാകുവിൻ (1 കൊറി. 4:16; 11:1). നിങ്ങളുടെ മനോഭാവം ദൈവത്തിനനുരൂപമായിരിക്കണമെന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. ഈ ആശയങ്ങൾ ഒന്നു തിരിച്ചിട്ടു നോക്കുക. ദൈവിക നന്മയെ നാം അനുകരിക്കുന്നതുമൂലം നമ്മിൽ നൻമയുളവാകുന്നതുപോലെ നാം എന്തെങ്കിലും നൻമ ചെയ്യുമ്പോഴും ദൈവം നമ്മെ അനുകരിക്കുമെന്ന് പ്രത്യാശിക്കുവാൻ നാം ധൈര്യപ്പെടുകയാണ്. അപ്പോൾ നിങ്ങൾക്കും ദൈവത്തോട് ഇപ്രകാരം പറയാം: ഞാൻ ചെയ്തതുതന്നെ അവിടുന്നും ചെയ്യണമെ. കർത്താവേ, അവിടുത്തെ, ഈ ദാസൻ പാവപ്പെട്ട യാചകനും അവിടുന്ന് പ്രപഞ്ചത്തിന്റെ രാജാവുമാണെങ്കിലും എന്നെ അനുകരിക്കണമേ ഞാൻ കടങ്ങൾ ക്ഷമിച്ചിരിക്കുന്നു. അവിടുന്നു അവ തിരികെ ചോദിക്കരുതേ. എന്നോട് ആവലാതി പറഞ്ഞവനോട് എനിക്കു സൻമനസ്സുണ്ടായി എന്റെ കടക്കാരനെ സന്തോഷിക്കുന്നവനായി പറഞ്ഞയച്ചു. അവിടുത്തെ ദാസനോടും ഇപ്രകാരം പ്രവർത്തിക്കണമേ. അവിടുത്തോട് കടപ്പെട്ടവനെ സങ്കടപ്പെടുത്തരുതേ. ഞങ്ങൾ രണ്ടു കൂട്ടരും ഒരുപോലെ ഉത്തമർണർക്ക് നന്ദി പറയട്ടെ. അവിടുത്തെ ഈ കടക്കാരനോടും എന്റെ കടക്കാരനോടുമുള്ള ക്ഷമ സ്ഥിരീകരിക്കപ്പെടട്ടെ. അവൻ എന്റെ കടക്കാരനാണ്, ഞാൻ അവിടുത്തെ കടക്കാരനും. ഞാൻ അവനോടു കാണിച്ച സൻമനോഭാവം അവിടുത്തെയും നിർബന്ധിക്കട്ടെ. ഞാൻ ക്ഷമിച്ചിരിക്കുന്നു. അവിടുന്നും എന്നോടു ക്ഷമിക്കുക. എന്റെ അയൽക്കാരനോടും ഞാൻ കരുണ കാണിച്ചിരിക്കുന്നു. ഓ, കർത്താവേ, അവിടുത്തെ ദാസന്റെ ഉപവിയെ അനുകരിക്കണമേ. എന്റെ പാപങ്ങളാകട്ടെ അവൻ എനിക്കെതിരായി പ്രവർത്തിച്ചതിലും ഗുരുതരങ്ങളാണ്. ഞാൻ അതു സമ്മതിക്കുന്നു. പക്ഷേ, നന്മയിൽ അവിടുന്നു എല്ലാവരെയും അതിശയിക്കുന്നത് കണക്കിലെടുക്കണമേ. അവിടുന്ന് നീതിയുള്ളവനാണ്. അതിനാൽ പാപം ചെയ്തവരായ ഞങ്ങളോട് 'അവിടുത്തെ' മഹോന്നത ശക്തിക്കനുരൂപമായവിധം കരുണ കാ



ണിക്കണമേ. ഞാൻ അൽപ്പം ഉപവി മാത്രം കാണിച്ചു. എന്റെ പ്രകൃതിയിൽ അതിൽ കൂടുതൽ ഉപവിയില്ലല്ലോ. എന്നാൽ, ആഗ്രഹിക്കുന്നിടത്തോളം ഉപവി അവിടുത്തേയ്ക്കു കാണിക്കുവാൻ കഴിയും. കാരണം, ശക്തിയും ധാരാളതയും അവിടുത്തേയ്ക്കുണ്ട്.

പ്രാർത്ഥനയുടെ ഈ ഭാഗത്തെക്കുറിച്ചു നമുക്കു സവിസ്തരം പരിഗണിക്കാം. ഒരുപക്ഷേ, സൂക്ഷ്മമായ പരിശോധനവഴി മഹത്തായ ജീവിതത്തിലേക്കു നമുക്കു മാർഗദർശനം ലഭിച്ചേക്കും. മനുഷ്യപ്രകൃതിക്കുള്ള കടങ്ങൾ ഏവയാണ്, ഏതു തരത്തിലുള്ള കടങ്ങൾ ക്ഷമിക്കാനാണ് നമുക്കു ശക്തിയുള്ളത് എന്നീ കാര്യങ്ങൾ പരിശോധിക്കാം. ഇവയെക്കുറിച്ചുള്ള അറിവിൽനിന്ന് ദൈവിക നൻമയുടെ ഒരു നല്ല കാഴ്ചപ്പാടു ലഭിച്ചേക്കും. മനുഷ്യനു ദൈവത്തോടുള്ള കടങ്ങൾ ആദ്യമായി നാം പരിശോധിക്കുക.

മനുഷ്യൻ തന്റെ സ്രഷ്ടാവിൽനിന്നു സ്വയം മാറി ശത്രുവിന്റെ പക്കലേക്കു ഓടിപ്പോയി. അങ്ങനെ തന്റെ സ്വാഭാവിക യജമാനനിൽനിന്ന് ഓടിപ്പോയവനും അവിടുത്തെ ഉപേക്ഷിച്ചവനും ആകയാൽ മനുഷ്യൻ ദൈവത്തിനു നഷ്ടപരിഹാരം നൽകാൻ കടപ്പെട്ടിരിക്കുന്നു. തന്റെ സ്വതന്ത്രമായ ഇച്ഛാശക്തിയുടെ സ്വാതന്ത്ര്യത്തിനു പകരം പാപത്തിന്റെ ദുഷ്ടമായ അടിമത്തം സ്വീകരിച്ചതിനാൽ ദൈവത്തിന്റെ മൈത്രിയേക്കാൾ നാശശക്തിയുടെ സ്വേച്ഛാധിപത്യം അവനു കാര്യമായി. സ്രഷ്ടാവിന്റെ സൗന്ദര്യത്തെ നോക്കാതെ അതിനുപകരം ലജ്ജാകരമായ പാപത്തിലേക്കു നോട്ടമയയ്ക്കുന്നതിൽകൂടുതൽ തിന്മയുണ്ടോ ? ദൈവനന്മയെ നിന്ദിക്കുകയും ദുഷ്ടന്റെ ഇരയെ സ്വീകരിക്കുകയും ചെയ്യുന്നവനു എന്തു ശിക്ഷയാണു നൽകേണ്ടത് ? എല്ലാ പാപങ്ങളെയും വിവരിക്കുന്നതിന് ഏതു പ്രബന്ധത്തിന് കഴിയും ? മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതിനു ശേഷം ദൈവികസാദൃശ്യം വികൃതമാക്കിയതും, ദൈവികമുദ്ര നശിപ്പിച്ചതും, അവകാശം വിററതും, പിതാവിന്റെ മേശയിൽനിന്ന് യാത്രപറഞ്ഞതും, ദുർഗന്ധപൂരിതമായ പന്നികളോടുള്ള സഹവാസവും വിവരിക്കാനൊക്കുമോ ? (ലൂ. 15:8ff). വി. ലിഖിതങ്ങൾ പ്രസ്താവിക്കുന്ന ഇവയും നമ്മുടെ ബുദ്ധിക്കു കണ്ടുപിടിക്കാവുന്നവയും ഏതു പ്രബന്ധത്തിൽ ഉൾക്കൊള്ളിക്കുവാൻ സാധിക്കും? ഇവയൊക്കെ നിമിത്തം മനുഷ്യൻ ദൈവശിക്ഷയ്ക്കർഹനാണ്. ഒരുവൻ മാനുഷിക പാപങ്ങളിൽനിന്ന് എത്ര അകന്നിരുന്നാലും തനിക്കൊരു ശുദ്ധമനസ്സാക്ഷി ഉണ്ടെന്ന വിധത്തിൽ വളരെ ധൈര്യപൂർവം ദൈവത്തോടു സംസാരിക്കരുതെന്നു വചനം ഈ പ്രാർത്ഥന മുഖേന നമ്മെ പഠിപ്പിക്കുന്നുണ്ടെന്ന് എനിക്കു തോന്നുന്നു. ഒരുപക്ഷേ, കൽപനകൾ ജീവിതനിയമമാക്കിയിരുന്ന ആ സമ്പന്ന യുവാവിനെപ്പോലെ പ്രാർത്ഥനാവസരം വീമ്പിളക്കുവാൻ ആരെങ്കിലും തുനിഞ്ഞേക്കാം. 'ഇവയെല്ലാം എന്റെ ബാല്യം മുതൽ ഞാൻ ആചരിച്ചിരിക്കുന്നു' (മത്താ. 18:20). കല്പനകൾ ലംഘിച്ചിട്ടില്ലാത്തതിനാൽ കടങ്ങൾ

www.malankaralibrary.com



ക്ഷമിക്കണമെന്നുള്ള പ്രാർത്ഥന, തനിക്കു യോജിച്ചതല്ല, പാപികൾക്കു മാത്രം യോജിച്ചതാണെന്നു അങ്ങനെയുള്ളവൻ കരുതിയേക്കാം. വ്യഭിചാരത്താൽ മലിനനായവനോ, അത്യാഗ്രഹത്താൽ വിഗ്രഹാരാധന നടത്തിയവനോ, മാത്രമാണ് ക്ഷമയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന ഉചിതം. ചുരുക്കിപ്പറഞ്ഞാൽ, പാപക്കറ മനസ്സാക്ഷിയിൽ പുരണ്ടിട്ടുള്ളവനാണ് കരുണയിൽ അഭയം തേടുക ഉചിതമെന്ന് അവൻ പറഞ്ഞേക്കാം. അങ്ങനെയെങ്കിൽ, ഏലിയാ ദീർഘദർശി, സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ ഏലിയായുടെ അരൂപിയും ശക്തിയുമുണ്ടായിരുന്ന സ്നാപക യോഹന്നാൻ (ലൂ. 7:28), പത്രോസ്, പൗലോസ്, യോഹന്നാൻ, വേദപുസ്തകത്തിൽ അംഗീകാരം നേടിയിട്ടുള്ള മററുള്ളവർ ഇവരൊക്കെ തങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമെന്ന് പ്രാർത്ഥിക്കേണ്ട ആവശ്യമുണ്ടോ ? പാപത്തിന്റെ കടം അവർക്കില്ലായിരുന്നുവോ ?

ഇപ്രകാരം അഭിപ്രായഗതിയുള്ളവർ, സ്വന്തം പ്രകൃതി എന്താണെന്ന് അറിയാതിരുന്ന പ്രീശനെപ്പോലെ ഔദ്ധത്യപൂർവം സംസാരിക്കാതിരിക്കട്ടെ. താനൊരു മനുഷ്യനാണെന്ന് അവൻ അറിഞ്ഞിരുന്നെങ്കിൽ, തന്റെ പ്രകൃതി പാപക്കറയിൽനിന്ന് വിമുക്തമല്ലെന്നു വി. ലിഖിതങ്ങളിൽനിന്ന് പഠിച്ചേനെ. ഈ കറ പുരളാതെ ഒററദിവസംപോലും ജീവിക്കുന്ന ആരുമില്ലെന്നാണ് വേദപുസ്തകം പ്രസ്താവിക്കുന്നത്. അതിനാൽ, പ്രാർത്ഥനവഴി ദൈവത്തെ സമീപിക്കുന്നവന്റെ മനസ്സിൽ ഇപ്രകാരമുള്ള ചിന്ത കടന്നുകൂടാതിരിക്കട്ടെ. പൂർത്തിയാക്കിയവയെപ്പററി ചിന്തിക്കാതെ, മനുഷ്യസ്വഭാവത്തിന്റെ പൊതു അനുഭവത്തിൽ പങ്കുള്ളതിനാൽ താൻ ഉൾപ്പെട്ട മനുഷ്യവർഗം മുഴുവനും ഭാഗഭാഗിത്വമുള്ള കടം അവൻ അനുസ്മരിക്കട്ടെയെന്നുകൂടി ഈ ഭാഗം ആവശ്യപ്പെടുന്നു.

ആദാം ഇപ്പോഴും നമ്മിൽ ജീവിക്കുന്നപോലാണിത്. നമ്മുടെ പ്രകൃതി ഉടുത്തിരിക്കുന്ന തുകൽകൊണ്ടുള്ള ഓരോ വസ്ത്രവും, നമ്മുടെ മറെറല്ലാ വസ്ത്രങ്ങളും നാം കാണുന്നുണ്ട്. നമ്മുടെ തിളങ്ങുന്ന വസ്ത്രം ഉരിഞ്ഞെടുത്തപ്പോൾ നാം മോശമായ രീതിയിൽ തുന്നിച്ചേർത്ത ഐഹിക ജീവിതത്തിന്റെ കൊഴിഞ്ഞുപോകുന്ന അത്തിയിലകളും നാം കാണുന്നു. കഷ്ടതകളുടെ ഈ ലോകത്തിൽ യാത്രചെയ്യുന്നിടത്തോളം ദൈവികമായ വസ്ത്രത്തിനുപകരം ആഡംബരങ്ങളുടെയും കീർത്തിയുടെയും, ക്ഷണഭംഗുരമായ ജഡികസുഖത്തിന്റെയും വസ്ത്രങ്ങളാണ് നാം ധരിക്കുക. ദൈവം എല്ലായിടത്തുമുണ്ട്; കിഴക്കു മാത്രമല്ല എന്നാൽ നമ്മുടെ ആദ്യവാസഭൂമി കിഴക്കായിരുന്നു. നാം നഷ്ടപ്പെടുത്തിയ പറുദീസയാണ് ഞാൻ ഉദ്ദേശിക്കുന്നത്. 'അനന്തരം യാഹ്വേയായ ദൈവം കിഴക്ക് ഏദനിൽ തോട്ടമുണ്ടാക്കി'' (ഉല്പ. 2:8) എന്നു നാം വായിക്കുന്നുണ്ടല്ലോ. അതിനാൽ നാം കിഴക്കോട്ടു നോക്കുകയും, കിഴക്കുള്ള സൗഭാഗ്യനാട്ടിൽനിന്ന് എങ്ങനെയാണ് നാം പുറത്താക്കപ്പെട്ടതെന്ന് ഓർക്കുകയും ചെയ്യുമ്പോൾ ഇപ്രകാരമുള്ള പ്രാർത്ഥന ചൊല്ലുവാൻ ന്യായമുണ്ട്. കാരണം, ഭൗതികജീവിതത്തിന്റെ ചീത്തയായ അത്തിവൃക്ഷത്തിന്റെ തണലിലാണ് നാം വസിക്കുന്നത്. ദൈവദൃഷ്ടിയിൽനിന്നു നാം പുറത്താക്കപ്പെട്ടിരിക്കുന്നു. ഭൂമിയിൽ ഉരസ്സുകൊണ്ടു ഇഴഞ്ഞുനടക്കുകയും മണ്ണു തിന്നുകയും ചെയ്യുന്ന പാമ്പിന്റെ പക്കലേക്കു നാം ഓടിപ്പോയിരിക്കുന്നു. നാമും മണ്ണു തിന്നുവാൻ, അതായത് ലൗകികസന്തോഷങ്ങളിൽ മുഴുകിക്കഴിയുവാൻ, മണ്ണിൽ പൊതിഞ്ഞുകിടക്കുന്ന ചിന്തകളിൽ നമ്മുടെ ഹൃദയത്തെ വലിച്ചിഴയ്ക്കുവാൻ അവൻ പറയുന്നു നാമും ഇഴയണമെന്ന്. അതായത്, വ്യർത്ഥസന്തോഷത്തിന്റെ ജീവിതത്തിൽ മുഴുകണമെന്ന് അവൻ പറയുന്നു. ഇക്കാര്യങ്ങളിൽ വീണുപോയ നാം പന്നികളെ മേയിക്കുക എന്ന ക്ലേശം അനുഭവിച്ച മൂത്ത പുത്രനെ അനുകരിക്കും. അവനെപ്പോലെ നാമും നമ്മിലേക്കുതന്നെ മടങ്ങുകയും നമ്മുടെ സ്വർഗസ്ഥപിതാവിനെ ഓർക്കുകയും ചെയ്യുമ്പോൾ, 'ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമേ,' എന്ന വാക്കുകൾ ശരിയായിത്തന്നെ ഉപയോഗിക്കാം.



അതിനാൽ, ഒരുവൻ മോശയോ, ശമുവേലോ, സദ്ഗുണസമ്പന്നതയുള്ള മററാരെങ്കിലുമോ, ആയിക്കൊള്ളട്ടെ, അയാൾ മനുഷ്യനായിരിക്കുന്നിടത്തോളം ഈ വാക്കുകൾ തനിക്കു ഉചിതമല്ലെന്നു കരുതുകയില്ല. താൻ ആത്മാവിന്റെ പ്രകൃതിയിലും പ്രവാസജീവിതത്തിലും പങ്കാളിയാണെന്ന് അയാൾക്കറിയാം. 'ആദം മൂലം സകല മനുഷ്യരും മരിക്കുന്നു'വെന്നു വി. പൗലോസ് പ്രസ്താവിക്കുന്ന (1 കൊറി. 15:22; റോമ. 5:12ff). അതിനാൽ ആദത്തിന്റെ പ്രായശ്ചിത്തത്തിനുചിതമായ പദങ്ങൾ അവനോടുകൂടെ മരിച്ച സകലർക്കും ചേരുന്നവയാണ്. പാപമോചനം ലഭിച്ചശേഷം കൃപയിൽ കർത്താവിനാൽ നാം രക്ഷിക്കപ്പെടട്ടെ.

ഇത്രയും പ്രസ്താവിച്ചത് ഈ പ്രാർത്ഥനാഭാഗത്തിന്റെ പൊതുവേയുള്ള അർത്ഥം ഗ്രഹിച്ചശേഷം കൂടുതൽ അടുത്തു ചിന്തിക്കുന്നതിനുവേണ്ടിയാണ്. ഈ ഭാഗത്തിന്റെ ശരിയായ അർത്ഥം ഗ്രഹിക്കുന്നതിന് മനുഷ്യ പ്രകൃതിയുടെ പൊതുസ്വഭാവം പരിഗണിക്കണമെന്ന് എനിക്കു തോന്നുന്നില്ല. മറിച്ച്, കരുണ അഭ്യർത്ഥിക്കുവാൻ ആവശ്യമുള്ളവനാണെന്നു ഒരുവന്റെ ജീവിതം അവന്റെ മനസ്സാക്ഷിയോടു പറഞ്ഞാൽ മതിയാകും. നാം ഈ ലോകത്തിൽ ജീവിക്കുന്നത് അനേകം തലങ്ങളിലായാണ്. ഭാഗികമായി ആത്മാവിന്റെയും ബുദ്ധിയുടെയും മണ്ഡലത്തിലും ഭാഗികമായി ഇന്ദ്രിയത്തിന്റെ മണ്ഡലത്തിലും. ആകയാൽ ഒരു പാപവികാരത്തിലെങ്കിലും വീഴാതെയിരിക്കുക പ്രയാസമാണ്. അങ്ങനെ ജീവിക്കുക അസാധ്യമെന്നുതന്നെ ഞാൻ കരുതുന്നു. പഞ്ചേന്ദ്രിയങ്ങൾ വഴിയാണു മനുഷ്യൻ ജീവിക്കുന്നത്. എന്നാൽ മനസ്സിന്റെ പ്രചോദനവും സ്വതന്ത്രമായ ഇച്ഛാശക്തിയുടെ വ്യാപാരവും ആത്മാവിന്റെ പ്രവർത്തനഫലമായാണ് കരുതപ്പെടുക. അങ്ങനെയെങ്കിൽ ഇവയിൽ തിന്മയുടെ കറ അൽപ്പംപോലും പുരളാതെ ശ്രേഷ്ഠസ്വഭാവത്തിൽ ജീവിക്കുന്നവനായി ആരുണ്ട്? ആരുടെ കണ്ണാണ് പാപമില്ലാതെയുള്ളത്? ആരുടെ കേൾവിയാണു ശാസന അർഹിക്കാത്തത്? അമിതഭോജനത്തിന്റെ

www.malankaralibrary.com



സന്തോഷം അനുഭവിക്കാത്തവനും സ്പർശനം മുഖേനയുള്ള പാപത്തിൽനിന്നു ശുദ്ധനായവനും ആയി ആരുണ്ട്? വേദപുസ്തകവാചകത്തിന്റെ ഈ പ്രതീകാത്മകമായ അർത്ഥം ഗ്രഹിക്കാത്തവനായി ആരുണ്ട്?' 'മരണം കിളിവാതിലുകളിൽക്കൂടി കയറിയിരിക്കുന്നു' (ജറ. 9:21). കിളിവാതിലുകൾ എന്നു വേദപുസ്തകം വിളിക്കുന്നത് നമ്മുടെ ഇന്ദ്രിയങ്ങളെയാണ്. അവ മുഖേന ആത്മാവ് പുറത്തുനിന്നു ഇഷ്ടമുള്ളവ കയ്യടക്കുന്നു. അങ്ങനെ ഈ കിളിവാതിലുകൾ മരണത്തിന്റെ പ്രവേശനകവാടങ്ങളാണ്. ഇപ്രകാരമുള്ള പല മരണങ്ങൾക്കും കാരണം കണ്ണാണ്. കോപിഷ്ടനായ ഒരുവനെ അതു കാണുന്നു. ആ വികാരംതന്നെ അതിനും ഉണ്ടാകുന്നു. അർഹിക്കുന്നതിൽ കൂടുതൽ സമൃദ്ധി ആസ്വദിക്കുന്നവനെ അതു കാണുന്നു. അസൂയകൊണ്ടു അതു കത്തിജ്വലിക്കും, ഔദ്ധത്യമുള്ളവനെ കാണുമ്പോൾ അതിനു വെറുപ്പുണ്ടാകുന്നു. സുന്ദരനിറമോ രൂപമോ ഉള്ള വസ്തുവിനെ കാണുമ്പോൾ അതു കരസ്ഥമാക്കാൻ കണ്ണ് ആഗ്രഹിക്കയായി. ഇതുപോലെ കാതും മരണത്തിനു കിളിവാതിൽ തുറന്നുകൊടുക്കുന്നു. കേൾവി വഴി അനേകം വികാരങ്ങളെ അത് ആത്മാവിലേക്കു കടത്തിവിടുന്നു; ഭയം, ദുഃഖം, കോപം, സന്തോഷം ആഗ്രഹം മുതലായവ. രുചിയുടെ സന്തോഷം പല തിന്മകളുടെയും മാതാവാണെന്നു പറയാം. ശാരീരിക ജീവിതത്തിലെ പല തിന്മകളുടെയും വേരു രുചിയെ ചുററിപ്പററിയാണെന്നു ആർക്കാണ് അറിഞ്ഞുകൂടാത്തത്? സുഖലോലുപത്വം, മദ്യപാനം, കൊതി, അമിതഭോജനം, മതിവരുവോളം ഭക്ഷിച്ചു മദിച്ചു സുബുദ്ധിയില്ലാത്ത മൃഗങ്ങളെപ്പോലെ ലജ്ജാകരമായ വികാരങ്ങളുടെ അടിത്തട്ടിൽ വീഴുക, ഇവയെല്ലാം ഇതിനെ ആശ്രയിച്ചിരിക്കുന്നു. സ്പർശനേന്ദ്രിയം വഴിയും ധാരാളം പാപങ്ങളുണ്ടാകും. സുഖമന്വേഷിക്കുന്നവർ ശരീരത്തിൽ കാട്ടിക്കൂട്ടുന്ന വിക്രിയകൾ വിവരിച്ചാൽ നീണ്ടുപോകും. ഗൗരവാവഹമായ നമ്മുടെ ഈ ചർച്ചയിൽ സ്പർശനം വഴിയുള്ള എല്ലാ പാപങ്ങളും വിവരിക്കുന്നത് ഭംഗിയാണെന്നും തോന്നുന്നില്ല.

ആത്മാവിന്റെ എല്ലാ പാപങ്ങളും എണ്ണിപ്പറയാൻ ആർക്കുകഴിയും? 'ഉള്ളിൽനിന്ന്—മനുഷ്യരുടെ ഹൃദയത്തിൽനിന്ന്—ദുർവിചാരങ്ങൾ പുറപ്പെടുന്നു (മർക്കോ. 7:21) എന്നു നമ്മുടെ കർത്താവ് പ്രസ്താവിക്കുന്നു. നമ്മെ മലിനമാക്കുന്ന വിചാരങ്ങളുടെ ഒരു പട്ടികതന്നെ അവിടുന്നു നൽകുന്നു. അതിനാൽ ഇന്ദ്രിയങ്ങൾ വഴിയും, ആത്മാവിന്റെ ആന്തരികചലനങ്ങൾ മുഖേനയും പാപത്തിന്റെ വലകൾ നമ്മുടെ ചുററും വീശിയിരിക്കുമ്പോൾ, വിജ്ഞാനം പ്രസ്താവിച്ചിരിക്കുന്നതുപോലെ തന്റെ ഹൃദയം ശുദ്ധമാണെന്ന് ആർക്കു വീമ്പിളക്കാം? (സുഭാ. 20:9) ഇയ്യോബും ഇതുതന്നെ സാക്ഷിക്കുന്നു. അശുദ്ധിയില്ലാത്തവൻ ആരുണ്ട്? ആത്മാവിന്റെ നിർമലതയുടെ മേലുള്ള അശുദ്ധി ജഡമോഹമാണ്. ആത്മാവും ശരീരവും മുഖേന, ചിന്തകളും ഇന്ദ്രിയങ്ങളുംവഴി മനസ്സിന്റെ പ്രവൃത്തികളും ശാരീരിക പ്രവൃത്തികളും മുഖേന, എന്നിങ്ങനെ അനേക വിധത്തിൽ അതു മനുഷ്യജീവിതവുമായി കലർന്നു കിടക്കുന്നു.



അപ്പോൾ ആരുടെ ആത്മാവാണ് ഈ കറയേശാതെ ശുദ്ധമായിട്ടുള്ളത്? എങ്ങനെയാണ് ഒരുവൻ പൊങ്ങച്ചം സ്പർശിക്കാതെയും അഹന്തയുടെ ചവിട്ടുവാങ്ങാതെയുമിരുന്നിട്ടുള്ളത്? ആരാണ് പാപകരങ്ങളാൽ ഒരിക്കലും ചലിക്കാതിരുന്നിട്ടുള്ളത്? ആരുടെ പാദങ്ങളാണ് ഒരിക്കലും തിന്മയിലേക്കോടാതിരുന്നിട്ടുള്ളത്? ഓടിക്കറങ്ങുന്ന കണ്ണുകളാൽ മലിനമാക്കപ്പെടാത്തവനും അച്ചടക്കമില്ലാത്ത കാതുകളാൽ അശുദ്ധനാകാത്തവനുമുണ്ടോ? രുചിയാസ്വാദനത്തെക്കുറിച്ചു ചിന്തിച്ചിട്ടില്ലാത്തവനും വ്യർത്ഥവികാരങ്ങളാൽ ചഞ്ചലിതമാകാത്ത ഹൃദയമുള്ളവനും ആരാണ്?

ഇക്കാര്യങ്ങളൊക്കെ സംസ്കാരവിഹീനരുടെ ഇടയിൽ ഏറുമെന്നും സംസ്കാരമുള്ളവരിൽ കുറയുമെന്നും ഉള്ളത് ശരിയാണ്. എന്നാൽ മനുഷ്യപ്രകൃതിയിൽ പങ്കാളികളായ നമുക്കെല്ലാം ഈവിധ തിന്മകളിൽ പങ്കുണ്ട്. അതിനാൽ ദൈവത്തെ നാം സമീപിക്കുമ്പോൾ നമ്മുടെ കടങ്ങൾ ക്ഷമിക്കണമെന്നു നാം അപേക്ഷിക്കുന്നു. കരുണ യാചിക്കുക നല്ലതാണെന്ന് നമ്മുടെ മനസ്സാക്ഷി പറയുന്നില്ലെങ്കിൽ പ്രാർത്ഥനയുടെ ഈ വാക്കുകൾ ഫലപ്രദമല്ല. അവ ദൈവം കേൾക്കുകയുമില്ല. മനുഷ്യരെ സ്നേഹിക്കുക, ദൈവത്തിന് യോഗ്യമാണെന്നു വിചാരിക്കണം. അങ്ങനെ വിചാരിക്കാത്തപക്ഷം സമുചിതമല്ലാത്തവയുംകൊണ്ടു ദൈവത്തെ സമീപിക്കാൻ അവിടുന്ന് ആഗ്രഹിക്കുകയില്ല, അങ്ങനെ തന്റെ നല്ല പ്രവൃത്തികൾ മുഖേന ആ വിചാരത്തിന് അവൻ സ്ഥിരീകരണം നൽകണം. അല്ലാത്തപക്ഷം നീതിമാനായ ന്യായാധിപന്റെ പക്കൽനിന്ന് 'വൈദ്യാ', നീ തന്നെത്തന്നെ സുഖപ്പെടുത്തുക' എന്ന വാക്കുകൾ അവൻ കേൾക്കാൻ ഇടയാകും. മനുഷ്യരെ സ്നേഹിക്കാൻ നീ എന്നോടു ആവശ്യപ്പെടുന്നു. നീ ആകട്ടെ നിന്റെ അയൽക്കാരനെ സ്നേഹിക്കുന്നുമില്ല. നിനക്കെതിരായി ഞാൻ എഴുതിയിട്ടുള്ളത് മായിച്ചുകളയണമെന്നു നീ ആവശ്യപ്പെടുന്നു, അതേസമയം നിന്റെ കടക്കാർ നൽകിയ രേഖകൾ നീ സൂക്ഷിക്കുന്നു. നിന്റെ കടങ്ങൾ ഞാൻ റദ്ദാക്കണമെന്ന് നീ ആവശ്യപ്പെടുന്നു. നിനക്കു ലഭിക്കാനുള്ള കടങ്ങളാകട്ടെ പലിശ കൂട്ടി നീ വർദ്ധിപ്പിക്കുന്നു. നീ ദേവാലയത്തിൽ ആയിരിക്കുമ്പോൾ നിന്റെ കടക്കാരൻ കാരാഗൃഹത്തിലാണ്. തന്റെ കടത്തെപ്രതി അവൻ കഷ്ടതയനുഭവിക്കുന്നു. എന്നാൽ, നീയാകട്ടെ നിന്റെ കടങ്ങൾ ക്ഷമിക്കപ്പെടുമെന്നു വിചാരിക്കുന്നു. നിന്റെ പ്രാർത്ഥന കേൾക്കാൻ വയ്യാ കാരണം, കഷ്ടപ്പെട്ടു വിലപിക്കുന്നവന്റെ ശബ്ദം അതിനെ മുക്കിക്കളയുന്നു. ഭൗതിക കടം നീ ഇളവുചെയ്താൽ നിന്റെ ആത്മാവിന്റെ കെട്ടുകൾ അഴിക്കപ്പെടും. നീ ക്ഷമിച്ചാൽ നിനക്കും ക്ഷമ ലഭിക്കും. നീ തന്നെ നിന്റെ ന്യായാധിപൻ, നിയമദാതാവ് ആയിരിക്കണം. നിന്നോടു കടമുള്ളവരോടു നീ കാണിക്കുന്ന മനോഭാവമനുസരിച്ച സ്വർഗത്തിന്റെ ന്യായവിധി നീ തന്നെ നിന്റെമേൽ പ്രഖ്യാപിക്കുന്നു.

www.malankaralibrary.com



ഈ പ്രബോധനം തന്നെയാണു നമ്മുടെ കർത്താവു ഒരുപമയിൽ കൂടി നൽകുന്നതെന്ന് എനിക്കു തോന്നുന്നു. ആ കഥയിൽ ഒരു രാജാവു ഭയങ്കരമായ രീതിയിൽ കണക്കു ചോദിക്കുന്നുണ്ട്. തന്റെ ഭൃത്യന്മാരോടു കണക്കു ചോദിച്ചുകൊണ്ടു അയാൾ അവരെ വിസ്തരിക്കുന്നു. ഒരു കടക്കാരൻ മുമ്പിൽ ഹാജരാക്കപ്പെട്ടു. കടം വീട്ടുന്നതിനുപകരം അയാൾ താഴന്നു വീണു കരുണ യാചിക്കുന്നു. അയാൾക്കു കടം ഇളച്ചുകിട്ടി. ആ കടക്കാരനാകട്ടെ, ഒരു കൂട്ടുഭൃത്യനോടു തനിക്കു ലഭിക്കാനുള്ള ചെറിയൊരു കടം നിമിത്തം ക്രൂരമായി പെരുമാറി. ഇതു രാജാവിനെ പ്രകോപിപ്പിച്ചു. അയാളെ രാജഭവനത്തിൽനിന്നു കൊണ്ടുപോയി കടം മുഴുവനും വീട്ടുന്നതുവരെ ദണ്ഡനം ഏൽപ്പിക്കാൻ രാജാവു കൽപ്പിച്ചു. ഏതാനും നാണയത്തുട്ടുകൾ അനേകായിരം താലന്തുകളോടു തുലനം ചെയ്യുമ്പോൾ നിസ്സാരമാണ്. അതായതു നമുക്കു ലഭിക്കാനുള്ള കടങ്ങൾ ദൈവത്തിനെതിരായി നാം ചെയ്ത പാപങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ എത്രയോ തുച്ഛം!

ഒരാളുടെ ഔദ്ധത്യപൂർവമായ പെരുമാററം, ഒരു ഭൃത്യന്റെ ദുഷ്ടത, നിങ്ങളുടെ ജീവനെതിരെയുള്ള ഗൂഢാലോചന–ഇവയൊക്കെ തീർച്ചയായും നിങ്ങളെ വേദനിപ്പിക്കും. ഹൃദയത്തിന്റെ കോപാവേശത്തിൽ ഇവയ്ക്കു പ്രതികാരം ചെയ്യുവാൻ നിങ്ങൾ ചിന്തിക്കുന്നു. നിങ്ങളെ വേദനിപ്പിച്ചവരെ ശിക്ഷിക്കാനുള്ള എല്ലാ മാർഗങ്ങളും നിങ്ങൾ ആരായുന്നു. ഭൃത്യനോടുള്ള കോപംമൂലം നിങ്ങൾ കത്തിജ്വലിക്കുമ്പോൾ, പ്രകൃതിയല്ല, അധികാരമാണ് മനുഷ്യവർഗത്തെ ഭൃത്യൻമാരും, യജമാനൻമാരും എന്ന നിലയിൽ വേർതിരിച്ചിട്ടുള്ളതെന്ന കാര്യം നിങ്ങൾ വിസ്മരിച്ചുപോകുന്നു. സുബുദ്ധിയില്ലാത്ത സൃഷ്ടികൾ മാത്രം മനുഷ്യന് കീഴ്പ്പെട്ടിരിക്കണമെന്നാണ് പ്രപഞ്ചകർത്താവ് വിധിച്ചിട്ടുള്ളത്. സങ്കീർത്തനങ്ങൾ പ്രസ്താവിക്കുന്നു, 'അങ്ങ് സകലത്തേയും അവന്റെ കാൽക്കീഴിലാക്കിയിരിക്കുന്നു. ആടുകളെയും, കാളകളെയും എല്ലാം, കാട്ടിലെ മൃഗങ്ങളെയൊക്കെയും, ആകാശത്തിലെ പക്ഷികളെയും സമുദ്രത്തിലെ മത്സ്യങ്ങളെയും തന്നെ.' അവൻ അവയെ ദാസൻമാർ എന്നു വിളിക്കുന്നു (8:7–8). പ്രവാചകന്റെ വാക്കുകളിൽ, 'മൃഗങ്ങൾക്ക് അവയുടെ ഭക്ഷണവും മനുഷ്യന്റെയാവശ്യത്തിന് സസ്യങ്ങളും അവിടുന്നു നല്കുന്നു (സങ്കീ. 147:9). പക്ഷേ, മനുഷ്യനെ അവിടുന്നു സ്വതന്ത്രമായ ഇച്ഛാശക്തികൊണ്ടു അലങ്കരിച്ചിരിക്കുന്നു. അതിനാൽ, പാരമ്പര്യവും നിയമവുംവഴി നിനക്കു വിധേയമായിരിക്കുന്നവൻ പ്രകൃതിയിൽ നിനക്കു തുല്യനാണ്. നീയല്ല അവനെ സൃഷ്ടിച്ചത്. നീ മുഖാന്തരമല്ല അവൻ ജീവിക്കുന്നത്. ശരീരത്തിന്റെയും ആത്മാവിന്റെയും സവിശേഷതകൾ നീ മുഖാന്തരമല്ല, അവൻ സ്വീകരിച്ചിട്ടുള്ളത്. അതിനാൽ, അവൻ മടിയനോ നിന്റെ പക്കൽനിന്നു ഒരിക്കൽ ഓടിപ്പോയവനോ, നിന്റെ മുഖത്തുനോക്കി നിന്നെ നിന്ദിച്ചവൻതന്നെയോ ആണെങ്കിലും നീ എന്തിന് അവന്റെനേരേ കോപംകൊണ്ടു കത്തിജ്വലിക്കുന്നു ? അതിനുപകരം നീ നിന്നിലേക്കുതന്നെ നോക്കണം. നിന്നെ സൃഷ്ടിക്കുകയും



നീ ജനിക്കാൻ കാരണമാക്കുകയും ഈ ലോകത്തിലെ അത്ഭുതങ്ങളിൽ പങ്കാളിയാക്കുകയും ചെയ്ത കർത്താവിനോട് നീ എപ്രകാരമാണ് പെരുമാറിയിട്ടുള്ളതെന്നു നോക്കണം.

അവിടുന്നു നിനക്കുവേണ്ടി സൂര്യനെ സൃഷ്ടിച്ചു. മൂലവസ്തുക്കൾ വഴി, ഭൂമി, അഗ്നി, വായു, ജലം എന്നിവയാൽ ജീവിതത്തിനു ആവശ്യമുള്ളവ അവിടുന്നു നിനക്കു നല്കി. ചിന്താശക്തിയും കാഴ്ചയും നൻമ തിന്മ വേർതിരിച്ചെടുക്കാനുള്ള അറിവുംകൊണ്ടു അവിടുന്നു നിന്നെ സമ്പന്നനാക്കി. ഇങ്ങനെയുള്ള കർത്താവിന്റെ മുന്നിൽ നീ എത്രമാത്രം അനുസരണമുള്ളവനും, കുററമില്ലാത്തവനുമാണ് ? അവിടുത്തെ സർവാധികാരത്തെ നീ ധിക്കരിച്ചിട്ടില്ലേ ? നീ തിൻമയിലേക്കോടുകയും അതിനുവേണ്ടി അവിടുത്തെ സർവാധികാരത്തെ കൈമാറുകയും ചെയ്തിട്ടില്ലേ ? ജോലി ചെയ്യുന്നതിനും സൂക്ഷിക്കുന്നതിനും നിന്നെ ഏൽപ്പിച്ച കർത്താവിന്റെ ഭവനം വിട്ടു നീ ഓടിപ്പോയിട്ടില്ലേ ? സകലതും കാണുകയും, കേൾക്കുകയും ചെയ്യുന്ന സർവവ്യാപിയായ ദൈവത്തിനെതിരായി നിന്റെ മനസ്സുകൊണ്ടും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും നീ പാപം ചെയ്തിട്ടില്ലേ ? നീ ഇങ്ങനെയുള്ളവനായിരിക്കെ, അനേകവിധത്തിൽ തെററുകാരനായിരിക്കെ, നിന്റെ സഹഭൃത്യൻ നിനക്കെതിരെ ചെയ്യുന്ന ചില തെററുകൾ അവഗണിക്കുക അവന് നൽകുന്ന വലിയഗുണമായി നീ കരുതുന്നുവോ? അതിനാൽ, കരുണയുടെയും, ക്ഷമയുടെയും അപേക്ഷ ദൈവത്തിന് സമർപ്പിക്കാൻ നാം തുനിയുമ്പോൾ 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ' എന്ന വാക്കുകളെക്കുറിച്ചു നമ്മുടെ മനസ്സാക്ഷിയിൽ വിശുദ്ധമായ ഉറപ്പുണ്ടായിരിക്കണം.

ഈ വാക്കുകൾ കഴിഞ്ഞുവരുന്ന വാക്കുകളുടെ അർത്ഥമെന്ത് ? അതു നാം പരിഗണിക്കാതെ വിട്ടുകളയരുതെന്നു ഞാൻ കരുതുന്നു. എന്തിനാണ് പ്രാർത്ഥിക്കുന്നതെന്നു നാം അറിയണം. അധരങ്ങളിൽ നിന്നല്ല ആത്മാവിൽനിന്നപേക്ഷ പുറപ്പെടണം. 'പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ, പിന്നെയോ തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്റെ സഹോദരന്മാരേ, ഈ വാക്കുകളുടെ അർത്ഥമെന്ത്? തിന്മപ്രവൃത്തികളുടെ തരഭേദമനുസരിച്ച് നമ്മുടെ കർത്താവ് ദുഷ്ടനെ പല പേരുകൾ വിളിക്കുന്നുണ്ടെന്ന് എനിക്കു തോന്നുന്നു: പിശാച്, ബേൽസബൂബ്, മാമോൻ, ഈ ലോകത്തിന്റെ പ്രഭു, മനുഷ്യരെ കൊല്ലുന്നവൻ, ദുഷ്ടൻ, നുണകളുടെ പിതാവ് എന്നിങ്ങനെയെല്ലാം അവന് അവിടുന്ന് പേർ നൽകിയിട്ടുണ്ട്. ഒരുപക്ഷേ, ഇവിടെയും 'പരീക്ഷ' എന്ന പദം അവന്റെ പേരായിരിക്കുമെന്നു തോന്നുന്നു. 'പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ' എന്നു പ്രസ്താവിച്ചതിനുശേഷം തിന്മയിൽനിന്നു നാം രക്ഷിക്കപ്പെടണമെന്ന് അവിടുന്ന് കൂട്ടിച്ചേർക്കുന്നു. രണ്ടും ഒരുകാര്യം തന്നെ ആണെന്നുള്ള വിധത്തിലുമാണ് അത് ചെയ്തിരിക്കുന്നത്. പരീക്ഷയിൽ പ്രവേശിക്കാത്ത മനുഷ്യൻ തിന്മയിൽനിന്നു മാററപ്പെട്ടവനാണ്. പരീക്ഷ

www.malankaralibrary.com



യിൽ വീണുപോയവനാകട്ടെ, തിന്മയുമായി ചേർന്നിരിക്കുന്നവനുമാണ് അപ്പോൾ പരീക്ഷയും തിന്മയായവനും ഒന്നുതന്നെയാണ്. അങ്ങനെയെങ്കിൽ ഈ പ്രാർത്ഥനയിലെ ഉപദേശം നമ്മെ എന്തു പഠിപ്പിക്കുന്നു? ഈ ലോകത്തോട് ബന്ധപ്പെട്ടിരിക്കുന്ന സകല കാര്യങ്ങളിൽനിന്നും നാം അകന്നു നിൽക്കണമെന്നുതന്നെ. ഒരിടത്ത് കർത്താവ് ശിഷ്യരോട് പറയുന്നു; 'ലോകം മുഴുവൻ ദുഷ്ടതയിൽ സ്ഥിതിചെയ്യുന്നു'. അതിനാൽ ദുഷ്ടതയിൽനിന്ന് സ്വതന്ത്രനായിരിക്കുവാൻ ആഗ്രഹിക്കുന്നവൻ തന്നെത്തന്നെ ലോകത്തിൽനിന്നു വേർപെടുത്തണം. ലൗകിക കാര്യങ്ങളിലുള്ള വ്യഗ്രതയാണ് പരീക്ഷയ്ക്ക് പ്രധാന കാരണം. തിന്മയുടെ ചൂണ്ടലിൽ ഇരയിട്ട് അത്യാഗ്രഹികളായ മനുഷ്യരുടെ മുമ്പാകെ ലൗകികകാര്യങ്ങൾ നീട്ടപ്പെടുന്നു. ലൗകിക കാര്യങ്ങളിൽ നിന്നകന്നിരുന്നാൽ ആത്മാവിനെ സ്പർശിക്കാനുള്ള അവസരം പരീക്ഷയ്ക്ക് ലഭിക്കുകയില്ല.

ചില ഉദാഹരണങ്ങൾ മുഖേന ഈ ആശയം വ്യക്തമാക്കാം. വലിയ തിരമാലകൾ നിമിത്തം സമുദ്രം പലപ്പോഴും അപകടകരമാണ്. പക്ഷേ, സമുദ്രത്തിൽനിന്നകന്നു ജീവിക്കുന്നവർക്ക് അത് അപകടകരമല്ല. തീ നാശഹേതുകമാണ്. പക്ഷേ, കത്തിജ്വലിക്കാവുന്ന വസ്തു അടുത്തുണ്ടെങ്കിൽ മാത്രം. യുദ്ധം അപകടങ്ങൾ നിറഞ്ഞതാണ്, അതിൽ പങ്കെടുക്കുന്നവർക്ക് മാത്രം. യുദ്ധത്തിന്റെ ഭീകരമായ ദുരിതങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന് ആഗ്രഹിക്കുന്നവൻ അതിൽ ഉൾപ്പെടാതിരിക്കാൻ പ്രാർത്ഥിക്കുന്നതുപോലെയും തീയെ ഭയപ്പെടുന്നവൻ അതിൽ വീണുപോകാതിരിക്കാൻ പ്രാർത്ഥിക്കുന്നതുപോലെയും, കടലിനെ ഭയപ്പെടുന്നവൻ കടൽയാത്രയ്ക്ക് കടപ്പെടാതിരിപ്പാൻ പ്രാർത്ഥിക്കുന്നതുപോലെയും ദുഷ്ടന്റെ ആക്രമണത്തെ ഭയപ്പെടുന്നവൻ അതിൽ വീഴാതിരിക്കാൻ പ്രാർത്ഥിക്കണം. ലോകം ദുഷ്ടതയിൽ സ്ഥിതിചെയ്യുന്നെന്ന് വി. വേദപുസ്തകം സാക്ഷിക്കുന്നതായി നാം കണ്ടു. ലൗകിക കാര്യങ്ങളിലുള്ള വ്യഗ്രതയിൽനിന്നാണ് പരീക്ഷയ്ക്ക് കളമൊരുക്കുന്ന സന്ദർഭങ്ങളുണ്ടാകുന്നതെന്നു നാം കണ്ടു. അതിനാൽ, തിന്മയിൽനിന്ന് രക്ഷിക്കണമെന്ന് ഒരാൾ പ്രാർത്ഥിക്കുമ്പോൾ പരീക്ഷയിൽനിന്ന് വളരെ അകലെ ആയിരിക്കണമെന്നാണ് അയാൾ പ്രാർത്ഥിക്കുന്നത്. തന്റെ അത്യാഗ്രഹത്തിൽ ഇരയെ വിഴുങ്ങാതെ യാതൊരുവനും ചൂണ്ടയുടെ കൊളുത്തു വിഴുങ്ങുന്നില്ല. നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം: ഞങ്ങളെ പരീക്ഷയിലേക്ക്, അതായത്, ലോകത്തിന്റെ തിന്മകളിലേക്ക് പ്രവേശിപ്പിക്കരുതേ, പിന്നെയോ ഈ ലോകത്തിൽ ആധിപത്യമുള്ള, തിന്മയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ക്രിസ്തുവിന്റെ കൃപയാൽ നാം രക്ഷിക്കപ്പെടും. പിതാവിനോടും, പരിശുദ്ധാത്മാവിനോടുംകൂടെ ശക്തിയും മഹത്വവും എന്നും എന്നേക്കും അവിടുത്തേക്കുള്ളതാകുന്നു. ആമേൻ.

# IX

# വി. അഗസ്ററിൻ

ഔറേലിയുസ് അഗസ്തീനുസ് (354–430) ആഫ്രിക്കയിൽ ഹിപ്പോ എന്ന രൂപതയിലെ മെത്രാനായിരുന്നു. സഭാപിതാക്കന്മാരിൽ ഏററവും വലിയ ആളായി അഗസ്ററിനെ കണക്കാക്കാം. അത്ര വലിയ സ്വാധീനമാണ് അദ്ദേഹം പിൽക്കാലസഭയിൽ ചെലുത്തിയിട്ടുള്ളത്. താത്വികൻ, ദൈവശാസ്ത്രജ്ഞൻ, മിസ്ററിക്, കവി, പ്രസംഗകൻ, താർക്കികൻ, എഴുത്തുകാരൻ, ആത്മാക്കളുടെ ഇടയൻ, എന്നീ നിലകളിലെല്ലാം അദ്ദേഹം പ്രഗത്ഭനായിരുന്നു. അദ്ദേഹം വളരെയധികം കൃതികളുടെ കർത്താവാണ്. ''ഗിരിപ്രഭാഷണത്തിന്'' വി. മത്തായിയുടെ സുവിശേഷത്തെ ആധാരമാക്കി അദ്ദേഹം രചിച്ച ഭാഷ്യത്തിൽ പ്രാർത്ഥനയെപ്പററി ചർച്ച ചെയ്യുന്ന ഒരു ഭാഗമുണ്ട്. അതാണ് താഴെ ചേർക്കുന്നത്. (St. Augustine, *The Lord's Sermon on the Mount,* (tr. J. J. Jepson), Westminister, Maryland, **1956 *(ACW-5)*, Book 2, ch, 3-10** P. 100–125).

## പ്രാർത്ഥന

## അധ്യായം 3

10. 'നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തരെപ്പോലെയാകരുത്. അവർ മററുള്ളവരെ കാണിക്കാൻവേണ്ടി സിനഗോഗുകളിലും തെരുവീഥികളുടെ കോണുകളിലും നിന്നുകൊണ്ടു പ്രാർത്ഥിക്കാനാണ് ഇഷ്ടപ്പെടുന്നത്' (മത്താ. 6:6).. മററുള്ളവർ കാണുന്നു എന്നതിലല്ല, മററുള്ളവരെ കാണിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നു എന്നതാണ് തെററ്. ഒരേ കാര്യം തന്നെ വീണ്ടും വീണ്ടും പറയുന്നത് അനാവശ്യമാണെങ്കിലും ഇവിടെ നാം അനുവർത്തിക്കേണ്ട ഒരു കാര്യമുണ്ട്: മററുള്ളവർ നമ്മുടെ പ്രവൃത്തികൾ കാണുന്നു എന്നതല്ല, പിന്നയോ, മററുള്ളവരെ പ്രീതിപ്പെടുത്തുന്നതിൽ നിന്നു ലഭിക്കുന്ന സന്തോഷം തേടുന്നതാണ് നാം ഒഴിവാക്കേണ്ടതും ഭയപ്പെടേണ്ടതും. 'അവർക്ക് അവരുടെ പ്രതിഫലം കിട്ടിക്കഴിഞ്ഞു' എന്നു

www.malankaralibrary.com



ഞാൻ സത്യമായി നിങ്ങളോടു പറയുന്നു" എന്നു കർത്താവു പറഞ്ഞപ്പോൾ ഇതുതന്നെയാണർത്ഥമാക്കിയത്. മനുഷ്യസ്തുതിയിൽ ആനന്ദം കണ്ടെത്തുന്ന വിഡ്ഢികളെപ്പോലെ വ്യർത്ഥസ്തുതി തേടി നടക്കുന്നവരെയാണു കർത്താവു കുറ്റപ്പെടുത്തുന്നത്.

11. 'എന്നാൽ നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടക്കുക' (6). 'മുറി' ഹൃദയത്തെയല്ലാതെ മറ്റെന്താണു സൂചിപ്പിക്കുക. 'നിങ്ങളുടെ ഹൃദയങ്ങളിൽ സംസാരിക്കുന്നവയെക്കുറിച്ച് നിങ്ങളുടെ കിടക്കകളിൽവച്ച് അനുതപിക്കുക' എന്ന് സങ്കീർത്തനം പറയുമ്പോൾ ഇതാണർത്ഥമാക്കുക (4:5). 'നിന്റെ കതകടച്ച് രഹസ്യത്തിൽ നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക' (6) എന്ന് അവിടുന്നു പറയുന്നു. ശല്യം കെട്ടുന്നവർക്കായി വാതിൽ തുറന്നിട്ട് മുറിയിൽ കടന്നാൽപോരാ. പുറത്തുള്ളവ ലജ്ജാരഹിതമായി വാതിലിൽകൂടി കടന്ന് നമ്മുടെ രഹസ്യാത്മകത ഇല്ലാതാക്കും. നമ്മുടെ ശാരീരികേന്ദ്രീയങ്ങളായ തുറന്ന വാതിലിൽക്കൂടി, പുറത്തുള്ള നൈമിഷികവും ദൃശ്യവുമായ കാര്യങ്ങൾ നാം പ്രാർത്ഥിക്കുമ്പോൾ, ഭാവനാചിത്രങ്ങളുടെ ചുഴലിയുമായി കടന്നു നമ്മെ ശല്യപ്പെടുത്തുന്നു. അതുകൊണ്ട് നാം വാതിലടച്ചിടണം. നമ്മുടെ അരൂപിയുടെ പ്രാർത്ഥന പിതാവിൻ പക്കലെത്തുവാൻ, നാം നമ്മുടെ ജഡികേന്ദ്രിയങ്ങളെ നിയന്ത്രിക്കണം. രഹസ്യത്തിൽ പിതാവിനോടു നാം പ്രാർത്ഥിക്കുമ്പോൾ ഇത് നമ്മുടെ ഹൃദയാന്തരാളത്തിൽ നിന്നുയരുന്നു. 'രഹസ്യത്തൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും' എന്ന് അവിടുന്നരുൾ ചെയ്യുന്നു (6) പ്രാർത്ഥിക്കാൻ അവിടുന്ന് നമ്മെ പഠിപ്പിക്കയല്ലിവിടെ; പിന്നെയോ, എങ്ങനെ പ്രാർത്ഥിക്കണമെന്നു പറകയാണ്. ഇങ്ങനെ ഇക്കാര്യം ചുരുക്കി പറയാം. അതുപോലെ മുകളിൽ നാം ദാനം കൊടുക്കേണ്ട എന്നല്ല, എന്തരൂപിയിൽ കൊടുക്കണം എന്നാണ് അവിടുന്നു പഠിപ്പിച്ചത്. ഹൃദയത്തെ വിശുദ്ധീകരിക്കാനുള്ള ഒരു നിയമം അവിടുന്നു വരച്ചു കാട്ടുന്നു എന്നുമാത്രം. വിജ്ഞാനത്തിനുവേണ്ടിയുള്ള പരിശുദ്ധസ്നേഹത്തിൽനിന്ന് നിത്യജീവനുവേണ്ടിയുള്ള ഏകാഗ്രഹവും അവിഭക്തവുമായ പരിശ്രമം മാത്രമേ ഹൃദയത്തെ വിശുദ്ധീകരിക്കൂ.

12 "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ പുറജാതികളെപ്പോലെ അതിഭാഷണം ചെയ്യരുത്. എന്തുകൊണ്ടെന്നാൽ അതിഭാഷണത്താൽ കേൾക്കപ്പെടുമെന്ന് അവർ കരുതുന്നു (7). പ്രാർത്ഥിക്കുമ്പോൾ മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റാനായി ശ്രമിക്കുന്നത് കപട ഭക്തരുടെ ലക്ഷണമാണ്. മനുഷ്യരെ പ്രസാദിപ്പിക്കുക എന്നതാണ് അവരുടെ ലക്ഷ്യം. അതുപോലെ കൂടുതൽ പറഞ്ഞാൽ അതുകൊണ്ട് ദൈവം കേൾക്കും എന്നു കരുതുന്നത് പുറജാതികളുടെ ലക്ഷണമാണ്. വാസ്തവത്തിൽ അതിഭാഷണമെല്ലാം പുറജാതികളിൽനിന്നു വരുന്നു; ഹൃദയവിശുദ്ധി പാലിക്കുന്നതിനു പകരം അവർ വൃഥാ അധരവ്യായാമം നടത്തുന്നു. പ്രാർത്ഥന വഴി ദൈവത്തെ സ്വാധീനിക്കാമെന്നു കരുതി പ്രാർത്ഥനയിലും അവർ ഇത്തരം അധരവ്യായാമം



വൃഥാ നടത്തുന്നു. മനുഷ്യരെപ്പോലെ, അവർക്കിഷ്ടമുള്ളവിധം തീരുമാനിക്കുന്നവനാണു ന്യായാധിപൻ എന്ന് അവർ സങ്കല്പിക്കുന്നു. സത്യപ്രബോധകൻ അതുകൊണ്ടു പറയുന്നു: "നിങ്ങൾ അവർക്കുതുല്യരാകരുത്. കാരണം, നിങ്ങൾ ചോദിക്കുന്നതിനുമുമ്പ് നിങ്ങൾക്കാവശ്യമുള്ളവ എന്താണെന്ന് നിങ്ങളുടെ സ്വർഗീയപിതാവറിയുന്നു" (8). അറിവില്ലാത്തയാളെ പഠിപ്പിക്കാനും പ്രബോധിപ്പിക്കാനും നിരവധി വാക്കുകൾ വേണ്ടിവരും. എല്ലാം അറിയുന്നവന് അതിന്റെ ആവശ്യമെന്താണ് ? തങ്ങളുടെ അസ്തിത്വം വഴി സമസ്ത വസ്തുക്കളും അവനോടു സംസാരിക്കുന്നു; അവിടുന്നവയെ സൃഷ്ടിച്ചു എന്ന് അവരുടെ അസ്തിത്വം ഉദ്ഘോഷിക്കുന്നു. ഭാവിയിൽ നടക്കാൻ പോകുന്നവയൊന്നും അവിടുത്തെ അറിവിനും വിജ്ഞാനത്തിനും മറഞ്ഞിരിക്കുന്നില്ല. കഴിഞ്ഞതും വരാനിരിക്കുന്നതുമെല്ലാം അവിടുത്തേക്കു വർത്തമാനമാണ്. മാറ്റമില്ലാത്തതാണ്. അങ്ങനെയുള്ള ആളിന് വാക്കുകളുടെ ആവശ്യമെന്താണ് ?

13. ചുരുങ്ങിയ വാക്കുകളിലാണെങ്കിലും അവിടുന്നുതന്നെ നമ്മെ പ്രാർത്ഥിക്കാൻ പഠിപ്പിക്കാൻ പോകുന്നതുകൊണ്ട്, ഇപ്രകാരം ചോദിച്ചേക്കാം: സംഭവിക്കുന്നതിനു മുമ്പുതന്നെ എല്ലാ സംഗതികളും അറിയുകയും ചോദിക്കുന്നതിനുമുമ്പ് എല്ലാം ഗ്രഹിക്കയും ചെയ്യുന്നയാളിന് ഈ ചുരുങ്ങിയ വാക്കുകൾ പോലും എന്തിനാണ് ? നമുക്കാവശ്യമുള്ളവ ലഭിക്കാൻ ദൈവവുമായിടപെടുമ്പോൾ നാം വാക്കുകളല്ല ഉപയോഗിക്കേണ്ടത് എന്നതാണ് ഒന്നാമത്തെകാര്യം; പിന്നെയോ പരിശുദ്ധസ്നേഹത്തോടും അവിഭാജ്യമായ താൽപര്യത്തോടുംകൂടി നമ്മുടെ മനസിൽ നാം വഹിക്കുന്ന കാര്യങ്ങളും നമ്മുടെ ചിന്തയുടെ ഉദ്ദേശവും ആണ് പ്രധാനം ആ സംഗതികൾ പഠിപ്പിക്കാനായി കർത്താവു വാക്കുകൾ ഉപയോഗിച്ചു. അവ ഹൃദിസ്ഥമാക്കി പ്രാർത്ഥനാവസരം നാം ഉപയോഗിക്കുന്നതിനുവേണ്ടിയാണിത്.

14. വീണ്ടും, ഇപ്രകാരം ചോദിച്ചേക്കാം:- നാം വസ്തുക്കൾകൊണ്ടാണോ വാക്കുകൾ കൊണ്ടാണോ പ്രാർത്ഥിക്കേണ്ടത് എന്ന ചോദ്യം വിസ്മരിക്കാം—നമുക്കാവശ്യമുള്ളവ ദൈവത്തിനറിയാമെങ്കിൽ ആ പ്രാർത്ഥനയുടെ ആവശ്യമെന്താണ് ? പ്രാർത്ഥിക്കാനുള്ള നമ്മുടെ പരിശ്രമം ഒഴികെ മറ്റൊന്നും ഹൃദയത്തെ ശാന്തമാക്കുന്നില്ല. അതിനെ ശുദ്ധീകരിക്കുന്നില്ല. ആത്മീയരീതിയിൽ നമ്മിൽ ചൊരിയപ്പെടുന്ന ദിവ്യദാനങ്ങൾ സ്വീകരിക്കാൻ അതിനെ കൂടുതൽ കഴിവുള്ളതാക്കുന്നില്ല. നമ്മുടെ പ്രാർത്ഥനകളുടെ പ്രസാദം ദൈവം തേടുന്നതുകൊണ്ടല്ല അവിടുന്നു നമ്മെ ശ്രവിക്കുന്നത് പിന്നെയോ തന്റെ പ്രകാശം എപ്പോഴും നമുക്കു നൽകുവാൻ അവിടുന്നു സന്നദ്ധനാണ്. എന്നാലത് കണ്ണിനു അനുഭവവേദ്യമല്ല, ബുദ്ധിക്കും അരൂപിക്കും അനുഭവപ്പെടുന്നതാണ്. എന്നാലതു സ്വീകരിക്കാൻ നാം എപ്പോഴും തയ്യാറല്ല. നാം മറ്റുവസ്തുക്കളാൽ ആകൃഷ്ടരായിത്തീരുന്നു; കാലികമായ സംഗതികളോടുള്ള ആഗ്രഹത്താൽ നാം അന്ധകാരത്തിലകപ്പെടുന്നു.

www.malankaralibrary.com



അവിടുന്നു നൽകുന്നവ സ്വീകരിക്കാൻ നമുക്ക് താൽപര്യമുണ്ടെങ്കിൽ, നമുക്കു നൽകാൻ സദാ സന്നദ്ധനായിരിക്കുന്ന ദൈവത്തിൻ പക്കലേക്കുള്ള ഹൃദയം തിരിക്കൽ പ്രാർത്ഥനയിൽ സംഭവിക്കുന്നു. നമ്മുടെ ആന്തരികനയനങ്ങളുടെ ശുദ്ധീകരണം ഈ തിരിക്കലിൽ ഉണ്ടാകുന്നു. ഭൗമികബന്ധിതമായ നമ്മുടെ ആഗ്രഹങ്ങളുടെ തള്ളിക്കളയൽ കൂടി ഇതിൽ നടക്കുന്നു. ഏററക്കുറച്ചിലോ അസ്തമനമോ കൂടാതെ ദൈവത്തിൽ നിന്നു പ്രകാശിക്കുന്നു. ശുദ്ധമായ പ്രകാശം സ്വീകരിക്കാൻ ശുദ്ധഹൃദയത്തിൻെറ ദർശനത്തിനു സാധിക്കും. സ്വീകരിക്കുക മാത്രമല്ല, അസ്വസ്തത കൂടാതെയും സത്യമായും സംശയാതീതമായും ഭാഗ്യകരമായ ജീവിതം പൂർണ്ണമാക്കപ്പെടുന്ന അവാച്യസ്നേഹത്തോടുകൂടിയും നിലനില്ക്കാനും കഴിയും.

# അധ്യായം 4

## എങ്ങനെ പ്രാർത്ഥിക്കണം: മാതൃകാപ്രാർത്ഥന

15. നാം എന്തു പ്രാർത്ഥിക്കണം എന്നാണ് അവിടുന്നു കല്പിച്ചിരിക്കുന്നത് എന്ന് പരിശോധിക്കാം. നമ്മെ പ്രാർത്ഥന പഠിപ്പിച്ചത് അവിടുന്നാണ്. നാം ചോദിക്കുന്നത് നമുക്ക് നൽകുന്നതും അവിടുന്നു തന്നെ. അവിടുന്നരുൾചെയ്തു: അതുകൊണ്ട് നിങ്ങൾ ഇപ്രകാരം പ്രാർത്ഥിക്കുവിൻ; സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിൻെറ നാമം പരിശുദ്ധമാക്കപ്പെടണമെ. നിൻെറ രാജ്യം വരണമെ; നിൻെറ തിരുവിഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങളുടെ അന്നന്നത്തെ അപ്പം ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു ക്ഷമിക്കണമെ; ഞങ്ങളെ പരീക്ഷയിൽ പ്രവേശിപ്പിക്കരുതേ, പിന്നെയോ, തിന്മയിൽ നിന്നു ഞങ്ങളെ കാത്തുകൊള്ളണമെ (6:9–13). നമ്മുടെ എല്ലാ യാചനകളിലും നാം ആരോട് അപേക്ഷിക്കുന്നുവോ ആ ആളിൻെറ കരുണാപൂർവമായ ദയാദാക്ഷിണ്യം നാം നേടിയെടുക്കണം. അതോടൊപ്പം നാം നമ്മുടെ പ്രാർത്ഥനകളർപ്പിക്കുകയും വേണം. നാം ആരോടു പ്രാർത്ഥിക്കുന്നുവോ, ആ ആളിനെ സ്തുതിച്ചുകൊണ്ടാണ് നാം നന്മകൾ നേടിയെടുക്കേണ്ടത്. ഈ സ്തുതി നമ്മുടെ പ്രാർത്ഥനയുടെ ആരംഭത്തിൽ നാം വായിക്കുന്നു. ഇതിനായി 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്നുമാത്രം പറയാനാണ് നമ്മുടെ കർത്താവ് നമ്മോടു കല്പിക്കുന്നത്. ദൈവത്തെ സ്തുതിച്ചുകൊണ്ട് വി. ഗ്രന്ഥത്തിൽ പലയിടങ്ങളിലും പല രീതികളിലും നിരവധി കാര്യങ്ങൾ കാണാം. അതു വായിച്ച് അതേപ്പററി ധ്യാനിക്കാവുന്നതാണ്. എന്നാൽ 'പിതാവേ' എന്നു വിളിക്കാനോ, പിതാവിനോടെന്നപോലെ ദൈവത്തോടു പ്രാർത്ഥിക്കാനുള്ള കല്പന ഇസ്രായേൽക്കാർക്കു കൊടുത്തതായോ ഒരിടത്തും കാണുന്നില്ല. അവർ ജഢികമായി വ്യാപരിച്ചിരുന്നതിനാൽ. അടിമകളെപ്പോലെ,



യജമാനനായിട്ടാണ് അവിടുത്തെ മനസിലാക്കിയത്. അനുസരിക്കാനായി അവർക്കു ലഭിച്ച നിയമത്തിൻെറ കല്പനകളുടെ കാലത്തെപ്പററിയാണ് ഞാൻ സൂചിപ്പിക്കുന്നത്. അവിടുത്തെ കല്പനകളിൽ നിന്ന് അവർ വ്യതിചലിക്കാതിരുന്നെങ്കിൽ നമ്മുടെ കർത്താവുതന്നെ അവരുടെയും പിതാവായിരുന്നേനേ എന്ന് പ്രവാചകന്മാർ പലപ്പോഴും ചൂണ്ടിക്കാണിച്ചിരുന്നു. ഉദാഹരണമായി, 'ഞാൻ മക്കളെ വളർത്തി, അവരെ ഉയർത്തി; എന്നാൽ അവർ എന്നെ നിന്ദിച്ചു' എന്നും (ഏശ. 1:2), 'നിങ്ങൾ ദേവൻമാരാണെന്നും അത്യുന്നതൻെറ മക്കളാണെന്നും ഞാൻ പറഞ്ഞു' എന്നും (സങ്കീ. 82:6–7), 'ഞാൻ യജമാനനാണെങ്കിൽ എന്നോടുള്ള ഭയം എവിടെ ? ഞാൻ പിതാവാണെങ്കിൽ എൻെറ ബഹുമാനമെവിടെ' എന്നും (മാലാ. 1:6) നാം വായിക്കുന്നു. തങ്ങളുടെ പാപം നിമിത്തം ദൈവമക്കളായിരിക്കാൻ വിസമ്മതിച്ച യൂദൻമാരെ കുററപ്പെടുത്തുന്ന മററ് നിരവധി അവസരങ്ങളുമുണ്ട്. 'ദൈവമക്കളാകുവാനുള്ള അധികാരം അവിടുന്ന് അവർക്കു നൽകി' (യോഹ 1:12) എന്ന വിഖ്യാതമായ സുവിശേഷവാക്യമനുസരിച്ചും 'അവകാശി ശിശുവായിരിക്കുന്നിടത്തോളം കാലം അടിമയിൽനിന്നു വ്യത്യസ്തനല്ല'' (ഗലാ. 4:1) എന്നും ''നാം സ്വീകരിച്ചിരിക്കുന്നതു പുത്രസ്വീകാര്യത്തിൻെറ ആത്മാവിനെയാണ്. അതുവഴി ദൈവത്തെ ആബാ, പിതാവേ എന്നു നാം വിളിക്കുന്നു'' (റോമ. 8:15) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകളനുസരിച്ചും, ദൈവം അവർക്കു പിതാവായിരിക്കും എന്ന് ഭാവി ക്രൈസ്തവരെപ്പററി പ്രവചനമായി പറഞ്ഞിരിക്കുന്നവയാണ് ഇതിനപവാദമായിട്ടുള്ളത്.

16. ക്രിസ്തുവിനോടുകൂടി കൂട്ടവകാശികളായി നിത്യമായ അവകാശത്തിലേക്കു നാം വിളിക്കപ്പെട്ടിരിക്കുന്നു. നാം പുത്രസ്വീകാര്യത്വത്തിലേക്കു കടന്നുവന്നിരിക്കുന്നു. ഇതു നമ്മുടെ യോഗ്യതകൊണ്ടല്ല, പിന്നെയോ, ദൈവത്തിൻെറ കൃപ ഒന്നുകൊണ്ടുമാത്രമാണ്. അതുകൊണ്ട് 'ഞങ്ങളുടെ പിതാവേ' എന്നു വിളിച്ച് നമ്മുടെ പ്രാർത്ഥനയുടെ ആരംഭത്തിൽ അതേ കൃപയെ നാം സൂചിപ്പിക്കുന്നു. 'ഞങ്ങളുടെ പിതാവേ' എന്നു മനുഷ്യർ ദൈവത്തോടു പറയുമ്പോൾ സ്നേഹം ഉത്തേജിതമാകുന്നു; ശരണാർത്ഥിയായ ആത്മാവിനെ അതു ദ്യോതിപ്പിക്കുന്നു. കാരണം, തങ്ങളുടെ പിതാവിനേക്കാൾ പ്രിയപ്പെട്ടതായി മക്കൾക്കെന്താണുള്ളത് ?

നാം എന്തെങ്കിലും ചോദിക്കുന്നതിനു മുൻപുതന്നെ നമുക്ക് ദൈവത്തെ 'ഞങ്ങളുടെ പിതാവേ' എന്നു വിളിക്കാനുള്ള അനുവാദം എന്ന മഹാദാനം ലഭിച്ചിരിക്കുന്നതിനാൽ, നാ ചോദിക്കാനാഗ്രഹിക്കുന്നവ ലഭിക്കും എന്നു നമുക്കുറപ്പുണ്ട്. നമ്മെ അവിടുന്നു തൻെറ മക്കളാക്കി എന്ന മഹാസംഗതി അവിടുന്നു മുൻകൂറായി പ്രഖ്യാപിച്ചതിനാൽ, തന്നോടു യാചിക്കുന്ന തൻെറ മക്കൾക്ക് അവിടുന്ന് എന്തുതന്നെ നൽകുകയില്ല ! എന്നാൽ, ഞങ്ങളുടെ പിതാവേ' എന്നു വിളിക്കുന്നയാൾ അപ്രകാരമുള്ള പിതാവിന് ചേന്ന വിധത്തിൽ ജീവിക്കുകയും ചെയ്യണം. പ്രായക്കൂടുതലുള്ള ഒരു റോമൻ

www.malankaralibrary.com



സെനററർ, തന്നെ 'പിതാവേ' എന്നു വിളിക്കാൻ ഒരുസാധാരണക്കാരനെ[1] അനുവദിച്ചാൽ, തന്റെ താഴ്ന്ന നിലയും ദരിദ്രാവസ്ഥയും എളിയ ജീവിതസാഹചര്യങ്ങളും പരിഗണിച്ച് അന്ധാളിച്ച് അങ്ങനെ വിളിക്കാൻ അയാൾ മടിച്ചേക്കാം. അങ്ങനെയെങ്കിൽ, പ്രകൃത്യാ ദുഷിച്ചവരും മലിനരുമായ നാം ദൈവത്തെ 'പിതാവേ' എന്നു വിളിക്കാൻ എത്രയധികം പരിഭ്രമിക്കണം. സെനററർ ആ അജ്ഞാതഭിക്ഷുവിന്റെ ദരിദ്രാവസ്ഥയിൽ നിപതിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതിനേക്കാൾ എത്രയോ കൂടുതലായി, ഇത്തരം മലിനപ്രകൃതി തന്നെ സമീപിക്കാതിരിക്കാൻ ദൈവം ശ്രദ്ധിക്കയില്ല! മനുഷ്യജീവിതത്തിന്റെ അനിശ്ചിതത്വം വഴി ആ യാചകന്റെ ഹീനാവസ്ഥയിൽ എത്തിച്ചേരുന്നത് സെനററക്ക് വെറുപ്പുളവാക്കുന്ന കാര്യമാണ്. എന്നാൽ ദൈവമാകട്ടെ നികൃഷ്ടതയിലേയ്ക്ക് ഒരു തരത്തിലും വഴുതിവീഴുന്നില്ല. നമ്മുടെ പിതാവായിരിക്കാൻ തിരുമനസായ അവിടുത്തെ കാരുണ്യത്തിനു കൃതജ്ഞത. തന്റെ നന്മ ഒന്നുമാത്രമാണിതിനാധാരം: മറെറാരുവില കൊടുത്തു വാങ്ങാവുന്ന ബന്ധമല്ലിത്. ധനവാന്മാർക്കും ലൗകികദൃഷ്ട്യാ ഉന്നതകുലജാതരായവർക്കും ഇവിടെ ഒരു താക്കീത് നല്കപ്പെടുന്നുണ്ട്. അതായത്, തങ്ങൾ ക്രിസ്ത്യാനികളായിക്കഴിയുമ്പോൾ ദരിദ്രരുടെയും താണവരുടെയും മേൽ അവർ ആധിപത്യം നടത്താൻ പാടില്ല. കാരണം, ദൈവത്തെ ''ഞങ്ങളുടെ പിതാവേ'' എന്ന് എല്ലാവരും ഒരുപോലെ പറയുന്നു. അവർ തങ്ങളുടെ സഹോദരങ്ങളാണെന്ന് തിരിച്ചറിയാതെ യഥാർത്ഥഭക്തിയോടുകൂടി അവർക്ക് അപ്രകാരം പറയാൻ സാധിക്കയില്ല.

## അധ്യായം 5

''സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ'': ദൈവം തന്റെ വാസസ്ഥലമായി തന്റെ വിശുദ്ധരിൽ വസിക്കുന്നു. ''നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ''; സുവിശേഷം എല്ലായിടത്തും പ്രസംഗിക്കപ്പെടുന്നു.

17. നിത്യമായ അവകാശത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്ന പുതിയ ജനത, നീതിമാന്മാരുടെയും വിശുദ്ധരുടെയും ഇടയിലുള്ള പുതിയനിയമഭാഷ ഉപയോഗിച്ച് ''സ്വർഗസ്ഥനായ പിതാവേ'' എന്നു പ്രാർത്ഥിക്കട്ടെ. ദൈവം സ്ഥലകാല ബന്ധിതനല്ല. പ്രപഞ്ചത്തിലെ ഏററം ശ്രേഷ്ഠമായ ഭൗതികവസ്തുക്കളാണ് ആകാശഗോളങ്ങൾ. അവയ്ക്കു ഭൗതികപദാർത്ഥങ്ങൾ എന്ന നിലയിൽ സ്ഥലം ആവശ്യമാണ്. എന്നാൽ പ്രപഞ്ചത്തിന്റെ ഉന്നതഭാഗമായ ആകാശങ്ങളെ ദൈവികവാസസ്ഥലമായി പരിഗണിച്ചാൽ ആകാശപ്പറവകൾ നമ്മേക്കാൾ ഉന്നതരാണെന്നുവരുമല്ലോ. കാര

1. ഭ്രഷ്ടനെ



ണം, അവ ദൈവത്തോടു കൂടുതൽ സമീപസ്ഥമാണ്. എങ്കിലും, ''ഉന്നതത്തിലെ മനുഷ്യന് അഥവാ പർവതവാസികൾക്ക് ദൈവം സമീപസ്ഥനാണ്'' എന്നല്ല എഴുതപ്പെട്ടിരിക്കുന്നത്. പിന്നെയോ, ''അനുതാപഹൃദയർക്കു ദൈവം സമീപസ്ഥനാണ്'' എന്നാണ് തിരുലിഖിതം (സങ്കീ. 34:18), അത് എളിമയെക്കുറിക്കുന്നതുമാണ്. പാപിയോട് ''നീ മണ്ണാകുന്നു; നീ മണ്ണിലേയ്ക്കു പിന്തിരിയും'' എന്ന് പറഞ്ഞപ്പോൾ മുതൽ പാപി 'മണ്ണ്' എന്നു വിളിക്കപ്പെടുന്നു (ഉല്പ. 3;19). അതുപോലെ നീതിമാനെ സ്വർഗം എന്നു വിളിക്കാം. കാരണം ''ദൈവത്തിന്റെ ആലയം പരിശുദ്ധമാകുന്നു. അതു നിങ്ങളാകുന്നു'' എന്ന് നീതിമാനെപ്പററി പറയപ്പെട്ടിരിക്കുന്നു (1 കൊറി. 3:17). അപ്പോൾ, ദൈവം തന്റെ ആലയത്തിൽ വസിക്കുകയും, ദൈവത്തിന്റെ ആലയം വിശുദ്ധമായിരിക്കയും ചെയ്യുന്നെങ്കിൽ 'സ്വർഗസ്ഥൻ' എന്നതും 'വിശുദ്ധരിൽ' എന്നതും സമാനപദങ്ങളാണ്. ഈ സമീകരണം വളരെ യോജിച്ചതാണ്. ഭൗമികമായി ആകാശവും ഭൂമിയും തമ്മിൽ അന്തരമുള്ളതുപോലെ ആത്മീയമായി പാപിയും വിശുദ്ധനും തമ്മിൽ വലിയ അന്തരമുണ്ടെന്ന് സൂചിപ്പിക്കുന്നു.

18. ഈ സംഗതി വ്യക്തമാക്കുവാനായി സൂര്യനുദിക്കുന്നിടമായ കിഴക്കോട്ടു തിരിഞ്ഞു നിന്നുകൊണ്ടു നാം പ്രാർത്ഥിക്കുന്നു; പ്രപഞ്ചത്തിന്റെ മററ് ഭാഗങ്ങൾ വിട്ട് ദൈവം അവിടെ വസിക്കുന്നു എന്നു കരുതിയല്ലിത്. അവിടുന്ന് എല്ലായിടത്തും സന്നിഹിതനാണ്. സ്ഥലബന്ധിതനായിട്ടല്ല. തന്റെ ഔന്നത്യത്തിന്റെ അധികാരത്താൽ ഭൗമികശരീരം കൂടുതൽ ശ്രേഷ്ഠമായ സ്വർഗീയ ശരീരമായിത്തീരും എന്നു കണ്ടുകൊണ്ട്, ദൈവം എന്ന കൂടുതൽ ശ്രേഷ്ഠമായ യാഥാർഥ്യത്തിലേക്ക തിരിയാൻ നമ്മുടെ ആത്മാവിനെ പ്രേരിപ്പിക്കുകയാണിതിന്റെ ലക്ഷ്യം. യുവാക്കളും വൃദ്ധരുമടക്കമുള്ള എല്ലാവരുടെയും ഇന്ദ്രിയങ്ങൾ ദൈവത്തോട് സംവേദനക്ഷമതയുള്ളതായിരിക്കണമെന്നുള്ള[1] കാര്യം മതത്തിന്റെ ഘട്ടങ്ങൾക്ക് ചേർന്നും ശ്രേഷ്ഠമായ രീതിയിൽ പ്രയോജനമുള്ളതും അത്രേ. സൗന്ദര്യത്തിന്റെ ദൃശ്യതലം മാത്രം മനസിലാക്കുന്നവരുണ്ട്. ഭൗതികമല്ലാത്തവയെപ്പററി ചിന്തിക്കാൻ അവർക്കു കഴിയുന്നില്ല. ഭൂമിക്കു പകരം ആകാശം ഇഷ്ടപ്പെടുക എന്നതേ അവർക്കു കഴിയൂ. ദൈവത്തെ പദാർത്ഥവുമായി ബന്ധിച്ചാണ് അവർ വിഭാവനം ചെയ്യുക. ദൈവം ഭൂമിയിലല്ല സ്വർഗത്തിലാണ് എന്ന് കരുതിയാൽ ഇത്തരക്കാരുടെ വീക്ഷണഗതികൊണ്ട് ഏറെക്കുറെ തൃപ്തരാകാം.

ആത്മാവിന്റെ മൂല്യം ആകാശഗോളത്തേക്കാൾ കൂടുതലാണെന്ന് അവർ അവസാനം ഗ്രഹിച്ചുകഴിയുമ്പോൾ അവർ ദൈവത്തെ പിന്നെ ആകാശഗോളത്തിലല്ല. ആത്മാവിൽ തന്നെ തേടും., തങ്ങളുടെ ചിന്ത ഭൗമികബന്ധിതമായിരുന്നപ്പോഴും ദൈവത്തെഭൂമിയിലല്ല ആകാശത്തിൽ തന്നെ അവർ പ്രതിഷ്ഠിച്ചു. അതുപോലെ വിശുദ്ധരെയും പാപികളെയും വേർ

1. Sensitive

www.malankaralibrary.com



തിരിക്കുന്നവ ഏവയെന്ന് അവർ മനസിലാക്കിക്കഴിയുമ്പോഠം, മെച്ചപ്പെട്ട വിശ്വാസത്തോടും ധാരണാ ശക്തിയോടുംകൂടെ അവിടുത്തെ പാപികളുടെ ആത്മാക്കളിലല്ല, നീതിമാൻമാരുടെ ആത്മാക്കളിൽ അന്വേഷിക്കും. ഇപ്രകാരം, 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ', എന്നതിൻെറ ശരിയായ അർത്ഥം 'തൻെറ പാവനാലയമായി പരിശുദ്ധരുടെ ഹൃദയത്തിൽ' എന്നത്രേ. താൻ വിളിച്ചു പ്രാർത്ഥിക്കുന്നയാഠം ഇപ്രകാരം തന്നിലും വസിക്കണമെ എന്ന് ആഗ്രഹിക്കയാണ്. ഇങ്ങനെ ചെയ്യുന്നയാഠം സുകൃതജീവിതം നയിക്കാൻ ശ്രമിക്കും. ഈ രീതിയിൽ പ്രവർത്തിക്കുമ്പോഠം അവൻെറ ആത്മാവിൽ വസിക്കാനായി അവിടേക്കു ദൈവം ക്ഷണിക്കപ്പെടുന്നു.

19. നാം ആരോടാണ് പ്രാർത്ഥിക്കുന്നതെന്നും അവിടുന്ന് എവിടെ വസിക്കുന്നു എന്നും ഇതാ, വ്യക്തമായിരിക്കുന്നു. ഇനി, നാം എന്താണു പ്രാർത്ഥിക്കേണ്ടതെന്നു നോക്കാം. നാം ഒന്നാമതായി യാചിക്കേണ്ടത് ഇതാണ്: 'നിൻെറ നാമം പരിശുദ്ധമാക്കപ്പെടണമെ.' ദൈവത്തിൻെറ നാമം ഇതുവരെ പരിശുദ്ധമല്ല എന്ന രീതിയിലല്ല ഈ പ്രാർത്ഥന ഇങ്ങനെ രൂപീകരിച്ചിരിക്കുന്നത്. പിന്നെയോ, മനുഷ്യർ ഇത് പരിശുദ്ധമായി കരുതണം. അതായത്, ദൈവത്തിൻെറ നാമത്തേക്കാഠം മററൊന്നിനെയും കൂടുതൽ പരിശുദ്ധമായി കരുതാൻ പാടില്ല; ആ നാമത്തെ വ്രണപ്പെടുത്തുന്നതിനേക്കാഠം ഭയാനകമായി മററൊന്നും കരുതാൻ പാടില്ല എന്ന രീതിയിൽ ദൈവം അവക്ക് അത്രമാത്രം പരിചിതനായിത്തീരുന്നു എന്നാണർത്ഥം. 'യൂദയായിൽ ദൈവം അറിയപ്പെടുന്നു; ഇസ്രായേലിൽ അവിടുത്തെ നാമം വലിയതാകുന്നു' എന്ന് പറയപ്പെട്ടിരിക്കുന്നു (സങ്കീ 76:1). ദൈവം ഒരു സ്ഥലത്ത് കുറച്ചും മററിടത്ത് കൂടുതലും എന്നല്ല ഇതുകൊണ്ട് മനസിലാക്കേണ്ടത്; തൻെറ ഔന്നത്യത്തിൻെറ മഹനീയതമൂലം തൻെറ നാമം ഉച്ചരിക്കുന്നിടത്ത് അവിടുത്തെ നാമം വലിയതാണ്. ബഹുമാനത്തോടും ദൈവത്തെ വ്രണിതനാക്കുന്നതിനുള്ള ഭയത്തോടും കൂടി അവിടുത്തെ നാമം ഉച്ചരിക്കുന്നിടത്ത് അവിടുത്തെ നാമം വിശുദ്ധം എന്നു പറയാം. ഇതാണ് ഇപ്പോഠം കൃത്യമായി നടന്നുകൊണ്ടിരിക്കുന്നത്: നമ്മുടെ കാലത്തും, വിവിധ ജനപദങ്ങളുടെ ഇടയിൽ സുവിശേഷം പരക്കുന്നതുവഴി, തൻെറ പുത്രൻെറ പ്രവർത്തനത്തിലൂടെ ദൈവനാമം പരിശുദ്ധമാക്കപ്പെടുകയാണ്,

## അധ്യായം 6

'നിൻെറ രാജ്യം വരണമെ:' ന്യായവിധിക്കുശേഷം നീതിമാൻമാരുടെ ഹൃദയങ്ങളിൽ കർത്താവിൻെറ ഭരണം. 'നിൻെറ തിരുവിഷ്ടം സ്വർഗത്തിലേപ്പോലെ ഭൂമിയിലും ആകണമെ: മനുഷ്യൻെറ ഇന്നത്തെ അവസ്ഥയും ഭാവിഭാഗധേയവും ദൈവഹിതത്തിൻെറ പല വിധത്തിലുള്ള പൂർത്തീകരണമാണ്.



20. 'നിൻെറ രാജ്യം വരണമെ.' കർത്താവു തൻെറ സുവിശേഷത്തിൽ പഠിപ്പിക്കുന്നതുപോലെ, സുവിശേഷം എല്ലാ ജാതികളുടെയും ഇടയിൽ പ്രസംഗിക്കപ്പെട്ടുകഴിയുമ്പോഠം ന്യായവിധിയുടെ ദിവസം സമാഗതമാകും (മത്താ. 24:14). ദൈവനാമം വിശുദ്ധീകരിക്കുന്നതിനെ സംബന്ധിച്ച് ഒരു കാര്യം നമുക്കിവിടെയുണ്ട്. 'നിൻെറ രാജ്യം വരണമെ' എന്ന വാക്കുകഠംകൊണ്ട് ദൈവം ഇപ്പോഠം ഭരിക്കുന്നില്ല എന്നർത്ഥമാകുന്നില്ല. ''വരണമെ'' എന്നതിനോടുകൂടി 'ഭൂമിയിലും' എന്നുകൂടി ചേർക്കണം എന്നു പറഞ്ഞേക്കാം. ദൈവം ഇപ്പോഠം ഭൂമിയിൽ ഭരിക്കുന്നില്ലെന്നും ലോകാരംഭം മുതൽ അവിടുന്ന് അപ്രകാരമായിരുന്നില്ലെന്നും പലരും ധരിച്ചേക്കാം! 'വരണമെ' എന്നത് 'മനുഷ്യർക്കു വെളിപ്പെടുത്തിക്കൊടുക്കണമെ' എന്ന അർത്ഥത്തിലാണ്. അന്ധർക്കും കണ്ണടച്ചിരിക്കുന്നവർക്കും ചുററുമുള്ള പ്രകാശം അപ്രാപ്യമായിരിക്കുന്നതുപോലെ ദൈവരാജ്യം ഒരിക്കലും ഭൂമിയിൽനിന്നകലുന്നില്ലെങ്കിലും അതേപ്പററി അറിയാൻ പാടില്ലാത്തവക്ക് അനുഭവവേദ്യമാകുന്നില്ല. ദൈവത്തിൻെറ ഏകജാതൻ സ്വർഗത്തിൽനിന്നു വരുമ്പോഠം ദൈവരാജ്യത്തെപ്പററി അജ്ഞനാണെന്ന് പറഞ്ഞ് ആർക്കും ഒഴിയാൻ കഴിയില്ല. അവിടുത്തെ ബുദ്ധികൊണ്ട് തിരിച്ചറിയാൻ കഴിയും എന്നതുകൊണ്ടു മാത്രമല്ല. ജീവനുവുള്ളവരെയും മരിച്ചവരെയും വിധിക്കാൻ വരുന്ന കർതൃ മനുഷ്യനായി[1] ദൃശ്യമായി അവർ കാണും.

ഈ വിധിക്കുശേഷം അതായത്, നീതിമാൻമാരെ തെരഞ്ഞെടുത്ത് അവരെ ദുഷ്ടരിൽനിന്നു വേർതിരിച്ചു കഴിയുമ്പോഠം, ദൈവം നീതിമാൻമാരിൽ വസിക്കും. അപ്പോഠം ആരും ആരെയും പഠിപ്പിക്കേണ്ട ആവശ്യം വരില്ല. പിന്നെയോ എഴുതപ്പെട്ടിരിക്കുന്നതുപോലെ 'അവരെല്ലാം ദൈവത്താൽ പ്രബോധിപ്പിക്കപ്പെടും' (യോഹ. 6;45). അപ്പോഠം നിത്യമായി വിശുദ്ധരിൽ ഭാഗ്യകരമായ ജീവിതം എല്ലാത്തരത്തിലും പൂർണമാക്കപ്പെടും. ഇപ്പോഠം തന്നെ ഏററം പരിശുദ്ധരും ഭാഗ്യവാൻമാരുമായ മാലാഖമാർ സ്വർഗത്തിൽ ദൈവത്തോടകൂടി, ദിവ്യപ്രകാശത്താൽ ഭാഗ്യവാൻമാരും വിജ്ഞാനികളുമാണ് ഇത് കർത്താവ് തൻെറ പിൻഗാമികളോടും വാഗ്ദാനം ചെയ്തിട്ടുണ്ട്. അവിടുന്നു പറയുന്നു: 'ഉത്ഥാനത്തിൽ അവർ സ്വർഗത്തിലെ ദൂതൻമാരെപ്പോലെയായിരിക്കും' (മത്താ. 22:30).

21 ''നിൻെറ രാജ്യം വരണമെ'' എന്ന അപേക്ഷയ്ക്കു ശേഷം ''നിൻെറ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ'' എന്നതാണ്. അതിൻെറ അർത്ഥം സ്വർഗ്ഗത്തിലുള്ള മാലാഖമാരിൽ നിൻെറ തിരുഹിതം നടക്കുന്നു. അതുകൊണ്ട് എല്ലാക്കാര്യത്തിലും അവർ നിന്നോടടുത്തിരിക്കുന്നു; അവരുടെ സൗഭാഗ്യത്തെ കുറയ്ക്കുന്ന അരിഷ്ടതയൊന്നും കൂടാതെയും, അവരുടെ ജ്ഞാനത്തെ കുറയ്ക്കുന്ന തെററുകഠം കൂടാതെയും, അവർ പൂർണമായി

1. ''homo dominicus.''

www.malankaralibrary.com



നിന്നെ അനുഭവിക്കുന്നു. അതുപോലെ ഭൂമിയിലുള്ളവരും തങ്ങളുടെ ശരീരം സംബന്ധിച്ച് ഭൂമിയിൽനിന്നു എടുക്കപ്പെട്ടവരുമായ നിന്റെ വിശുദ്ധരിലും അപ്രകാരം സംഭവിക്കട്ടെ. രൂപാന്തരീകരണത്തിനായി അവർ എടുക്കപ്പെടും; അവർ സ്വർഗത്തിൽ വസിക്കാനുള്ളവരാണ്. എങ്കിലും ഇപ്പോൾ അവർ ഭൂമിയിലാണ്. മാലാഖമാരുടെ സ്തുതിപ്പിൽ ഇതിന്റെ ഒരു പ്രതിഫലനം ദർശിക്കാം. ''അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മനസുള്ളവർക്കു സമാധാനം'' (ലൂ.2.14). നമ്മുടെ കർത്താവു നമ്മെ വിളിക്കുമ്പോൾ അവിടുത്തെ പിൻചെല്ലാനുള്ള സൻമനസു നാം കാണിക്കുമ്പോൾ, സ്വർഗീയ ദൂതൻമാരിലെന്നപോലെ ദൈവേഷ്ടം നമ്മിലും പൂർത്തീകരിക്കപ്പെടുകയാണ്. ഇങ്ങനെ നമ്മുടെ സന്തോഷപാതയിൽ ഒരു തടസവും നില്ക്കില്ല. ഇതാണു സമാധാനം. വീണ്ടും ''നിന്റെ ഇഷ്ടം നടക്കണം'' എന്നത് ശരിയായി വ്യാഖ്യാനിക്കുമ്പോൾ സ്വർഗത്തിലെന്നപോലെ ഭൂമിയിലും; അതായത്, മാലാഖമാരെപ്പോലെ മനുഷ്യരും ''നിന്റെ കല്പനകൾ അനുസരിക്കട്ടെ'' എന്നാണർത്ഥം. അവിടുത്തെ കല്പനകൾ അനുസരിക്കുമ്പോൾ അവിടുത്തെ ഇഷ്ടം നടക്കുന്നു എന്ന് കർത്താവുതന്നെ പറയുന്നു: ''എന്നെ അയച്ചവന്റെ ഇഷ്ടം നിറവേററുന്നതാണ് എന്റെ ആഹാരം (യോഹ. 4;34). വീണ്ടും ''ഞാൻ വന്നിരിക്കുന്നത് എന്റെ ഇഷ്ടം ചെയ്യാനല്ല, എന്നെ അയച്ചവന്റെ ഇഷ്ടം നിറവേററുവാനാണ്'' (യോഹ. 6:38). വീണ്ടും ''ഇതാ, എന്റെ അമ്മ; ഇതാ, എന്റെ സഹോദരൻമാർ. ദൈവേഷ്ടം ചെയ്യുന്നവർ അത്രേ എന്റെ സഹോദരനും അമ്മയും സഹോദരിയും'' (മത്താ. 12.49f). കുറഞ്ഞപക്ഷം ദൈവേഷ്ടം ചെയ്യുന്നവരിൽ ദൈവേഷ്ടം നിറവേററപ്പെടുന്നു—ദൈവം ഇച്ഛിക്കാൻ അവർ പ്രവൃത്തിക്കയല്ല, പിന്നെയോ, അവിടുന്നാഗ്രഹിക്കുന്നതു പോലെ അവർ പ്രവർത്തിക്കുന്നു. അതായത് അവിടുത്തെ ഇച്ഛയനുസരിച്ച്അവർ പ്രവർത്തിക്കുന്നു.

22 മറെറാരു ഭാഷ്യവും ഉണ്ട്: ''നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ''. അതായത്, നീതിമാന്മാരിലും വിശുദ്ധരിലും എന്നതുപോലെ പാപികളിലും ആകണമെ. ഇതു രണ്ടു രീതിയിൽ മനസിലാക്കാം. ഒന്നാമത്, നാം നമ്മുടെ ശത്രുക്കൾക്കുവേണ്ടിക്കൂടി പ്രാർത്ഥിക്കുന്നു—ക്രിസ്തീയവും കാതോലികവുമായ നാമം പരക്കുന്നതിനെതിർനിൽക്കുന്നവരോട് നാം പിന്നെ എങ്ങനെയാണു പെരുമാറേണ്ടത്?—''നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ'' എന്നതിന്റെ അർത്ഥം, ''നീതിമാൻമാരേപ്പോലെ പാപികളും നിന്റെ ഇഷ്ടം നിറവേററട്ടെ; അങ്ങനെ അവർ നിന്നിലേക്ക മാനസാന്തരപ്പെട്ടവരട്ടെ.'' രണ്ടാമത്ത് ''നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ''. അതായത്, ഓരോരുത്തർക്കും അർഹമായതു നൽകുന്നതിനുവേണ്ടി ചെമ്മരിയാടു



കളിൽനിന്ന് കോലാടുകൾ വേർതിരിക്കപ്പെടുന്ന അന്ത്യവിധിയിലാണിതു സംഭവിക്കുക (മത്താ. 25;31–46). നീതിമാൻമാർക്ക് അവരർഹിക്കുന്ന പ്രതിഫലവും, പാപികൾക്ക് അവരർഹിക്കുന്ന നിത്യശിക്ഷയും കിട്ടും.

23 വേറൊരു വ്യാഖ്യാനവും യുക്തിഹീനമല്ല; ഇതു നമ്മുടെ വിശ്വാസത്തിനും ശരണത്തിനും യോജിച്ചതുമാണ്. അതായത് ആകാശവും ഭൂമിയും ആത്മാവിനെയും ശരീരത്തെയും സൂചിപ്പിക്കുന്നു എന്നത്. ''എന്റെ മനസുകൊണ്ടു ഞാൻ ദൈവ നിയമത്തെ സേവിക്കുന്നു; എന്നാൽ ജഡം കൊണ്ടു പാപനിയമത്തെയും'' (റോമ. 7:25). എന്ന് ശ്ലീഹാ പറയുമ്പോൾ മനസിൽ അതായത് ആത്മാവിൽ ദൈവേഷ്ടം നടക്കുന്നു, എന്നു നാം കാണുന്നു; എന്നാൽ ''മരണം വിജയത്താൽ വിഴുങ്ങപ്പെടുമ്പോൾ'' ഈ നശ്വരത അനശ്വരതയെ ധരിക്കുമ്പോൾ ദൈവേഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആയിരിക്കും. ശരീരത്തിന്റെ ഉത്ഥാനത്തിലും ശ്ലീഹായുടെ പ്രസംഗം അനുസരിച്ച് നീതിമാൻമാർക്കു വാഗ്ദാനം ചെയ്തിരിക്കുന്ന മാററത്തിലും അത്രേ ഇതു സംഭവിക്കുക (1 കൊറി. 15:52–54). അതായത്. ദൈവത്തെ പിൻചെല്ലുന്നതിലും തിരുഹിതം നിറവേററുന്നതിലും ആത്മാവ് ദൈവത്തെ എതിർക്കാത്തതുപോലെ ശരീരം അരൂപിയെയോ ആത്മാവിനയോ എതിർക്കുകയില്ല. ഇപ്പോൾ ആത്മാവ് ശാരീരികദൗർബല്യങ്ങളാൽ അലട്ടപ്പെടുന്നു; ശരീരത്തിന്റെ പ്രകൃതമനുസരിച്ച് ആത്മാവ് പ്രവർത്തിക്കുന്നു. നിത്യജീവിതത്തിലെ ഉന്നത സമാധാനത്തിന്റെ സത്ത ഇതായിരിക്കും. സന്മനസ് ആഗ്രഹിക്കുക മാത്രമല്ല, അതു പ്രവർത്തിക്കാനും നമുക്കു സാധിക്കും. ''ഇപ്പോൾ നൻമ ഇച്ഛിക്കാൻ എനിക്കു കഴിയും; എന്നാൽ അതു പ്രവർത്തിക്കാൻ എനിക്കു സാധിക്കുന്നില്ല'' (റോമ. 7;18). കാരണം വ്യക്തം: സ്വർഗത്തിലെപ്പോലെ ഭൂമിയിലും, അതായത് ആത്മാവിലെപ്പോലെ ശരീരത്തിലും ദൈവേഷ്ടം നടക്കുന്നില്ല. നമ്മുടെ അരിഷ്ടാവസ്ഥയിൽ പോലും ദൈവേഷ്ടമാണ് നടക്കുന്നതെന്ന സത്യം. മർത്യതയുടെ നിയമമനുസരിച്ച് നമ്മുടെ ശരീരത്തിൽ നാം അർഹിക്കുന്നവ നാം സഹിക്കുമ്പോളാണിതു നടക്കുക. പാപം വഴി നാം ഇവയ്ക്ക് അർഹരായിത്തീർന്നതാണ്. എന്നാൽ ദൈവഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകുവാൻ നാം പ്രാർത്ഥിക്കണം: മററു വാക്കുകളിൽ: ആന്തരിക മനുഷ്യൻ മൂലം ദൈവികനിയമത്തിൽ നമ്മുടെ ഉള്ളിൽ നാം സന്തോഷിക്കുന്നു (റോമ. 7:22). അതുപോലെ ശരീരത്തിൽ ഒരു വ്യതിയാനം സംഭവിച്ചിട്ട്, ഭൗമിക ദുഃഖങ്ങളോ ഭൗമികസന്തോഷങ്ങളോ നമ്മിലുള്ള മറെറന്തെങ്കിലുമോ നമ്മുടെ ഈ സന്തോഷത്തിന് തടസമായി നിൽക്കാൻ പാടില്ല.

24. ''നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ'' എന്നത് ''നമ്മുടെ കർത്താവീശോമിശിഹായിൽ എന്നതുപോലെ സഭയിലും ആകണമെ'' എന്നു നാം വ്യാഖ്യാനിച്ചാലും അത് സത്യവുമായി ഒത്തുപോകുന്നതത്രെ. പിതൃഹിതം നിറവേററിയ കർത്താവിലെന്നതുപോലെ അവൻ

www.malankaralibrary.com



വിവാഹം കഴിച്ച സ്ത്രീയിലും. 'സ്വർഗവും ഭൂമിയും' ഭാര്യയും ഭർത്താവും എന്ന് പരക്കെ സങ്കൽപമുണ്ടല്ലോ. ഭൂമി ഫലസമൃദ്ധമാകുന്നത് ആകാശം, ഫലസമൃദ്ധിപ്രദാനം ചെയ്യുന്നതിനാലാണല്ലോ.

## അധ്യായം 7

''അന്നന്നുവേണ്ട അപ്പം ഇന്നു ഞങ്ങൾക്കു തരണമെ'': ശരീരത്തിന്റെ അനുദിനസംരക്ഷണം. അനുദിന വിശുദ്ധകുർബാന സ്വീകരണം, ആത്മാവിന്റെ അനുദിന സംരക്ഷണം.

25. ''അന്നന്നുവേണ്ട അപ്പം ഇന്നു ഞങ്ങൾക്ക തരണമെ'' എന്നതാണ് നാലാമത്തെ അർത്ഥന. ''അന്നന്നുവേണ്ട അപ്പം'' എന്നതുകൊണ്ട് ഒന്നാമതായി ജീവൻ സംരക്ഷിക്കാനാവശ്യമായ എല്ലാററിനെയും സൂചിപ്പിക്കാം. ''നാളയെപ്പററി പര്യാകുലരാകേണ്ട (മത്താ. 6:34) എന്ന ഉപദേശവും ''ഇന്നു ഞങ്ങൾക്കു തരണമെ'' എന്ന വാക്കുകളും ഒരേ ആശയം വ്യക്തമാക്കുന്നു. രണ്ടാമത്, നാം അനുദിനം സ്വീകരിക്കുന്ന ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂദാശയെ സൂചിപ്പിക്കുന്നു. മൂന്നാമത്, ആധ്യാത്മിക ഭക്ഷണത്തെക്കുറിച്ചാണ്. ''അനശ്വര ഭക്ഷണത്തിനായി അദ്ധ്വാനിക്കുവിൻ'' എന്നും (യോഹ. 6:27) ''സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു'' എന്നും (6:41) അവിടുന്ന് പറഞ്ഞത് ഇതു സംബന്ധിച്ചാണ്. ഈ മൂന്നെണ്ണത്തിൽ ഏററം കൂടുതൽ സാധ്യത ഏതു വ്യാഖ്യാനത്തിനാണെന്ന് സൂക്ഷ്മപഠനം വ്യക്തമാക്കും.

''എന്തു ഭക്ഷിക്കും, എന്തു ധരിക്കും എന്നതിനെക്കുറിച്ച് നിങ്ങൾ ഉൽക്കണ്ഠാകുലരാകേണ്ട'' എന്നു കർത്താവു പറഞ്ഞിട്ടുള്ളതിനാൽ (ലൂ. 12:22) എന്തിനാണ് ആഹാരം, വസ്ത്രം തുടങ്ങി ജീവിതത്തിനാവശ്യമായ കാര്യങ്ങൾ ലഭിക്കുവാൻ നാം പ്രാർത്ഥിക്കുന്നതെന്ന് ചിലരെങ്കിലും ചിന്തിച്ചേക്കാം. ''കതകടച്ചിരുന്നു പ്രാർത്ഥിക്കുവിൻ'' എന്ന ആഹ്വാനം ഇവിടെയും സംഗതമാണ്. പ്രാർത്ഥിക്കുന്നയാളിന് ലക്ഷ്യബോധം ഉണ്ടായിരിക്കും. അങ്ങനെ ലക്ഷ്യബോധമുള്ളപ്പോൾ, തനിക്കു ലഭിക്കണമെന്നു പ്രാർത്ഥിക്കുന്ന വസ്തുവിനെക്കുറിച്ച് അയാൾക്ക് അതിയായ താല്പര്യം ഉണ്ടാകാതിരിക്കുമോ? ''നിങ്ങൾ ആദ്യമെ ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുവിൻ: അപ്പോൾ ഇവയെല്ലാം നിങ്ങൾക്കു നൽകപ്പെടും'' എന്ന് അവിടുന്നു പറഞ്ഞതും (ലൂ 12;31) നാം അനുസ്മരിക്കണം. ''നിങ്ങളാദ്യം ദൈവരാജ്യം അന്വേഷിക്കുവിൻ; പിന്നെ ഈ വസ്തുക്കളും അന്വേഷിക്കുവിൻ'' എന്നല്ല അവിടുന്നു പറഞ്ഞത്. നിങ്ങൾ അന്വേഷിച്ചില്ലെങ്കിൽപോലും ''ഇവയെല്ലാം നിങ്ങൾക്കു നൽകപ്പെടും'' എന്നാണ് അവിടുന്നു പറഞ്ഞത്. ഒരാൾ താല്പര്യപൂർവം ദൈവത്തോട് ചോദിക്കാത്തത് അവൻ അന്വേഷിക്കുന്നില്ല എന്നു പറയുന്നതിലുള്ള ന്യായം കണ്ടെത്തുക സാധ്യമാണോ എന്നെനിക്കറിയില്ല.



26. ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂദാശയെക്കുറിച്ച്: 'അനുദിനഭോജ്യം' എന്ന് ഈ അപ്പം വിളിക്കപ്പെട്ടിരുന്നെങ്കിലും ചിലർ—ഭൂരിഭാഗവും പൗരസ്ത്യദേശത്തുള്ളവർ—കർത്താവിന്റെ അത്താഴത്തിൽനിന്ന് അനുദിനവും സ്വീകരിച്ചിരുന്നില്ല. ഇതൊരു പ്രശ്നവിഷയമായി കാണേണ്ടതില്ല. സഭാധികാരികൾപോലും ഈ അഭിപ്രായം പുലർത്തിയിട്ടുണ്ടെന്നും ഉതപ്പു കൂടാതെ ഈ പതിവു തുടരുന്നുവെന്നും അനുദിനം കുർബാന സ്വീകരിക്കാത്തതിന്റെ പേരിൽ തങ്ങളെ സഭാധ്യക്ഷൻ മുടക്കിയിട്ടില്ലെന്നും അവർ വാദിച്ചേക്കാം. മേൽപ്പറഞ്ഞ ഇടങ്ങളിൽ ഈ അപ്പം 'അനുദിനഭോജ്യമായി' കരുതപ്പെട്ടിരുന്നില്ല എന്നു മനസിലാക്കിയാൽ മാത്രം മതി. അല്ലെങ്കിൽ അനുദിനം ഈ അപ്പം സ്വീകരിക്കാതിരിക്കുകയെന്ന ഗൗരവമായ പാപത്തിൽ അവർ നിപതിക്കുമായിരുന്നു. ഈ പതിവിനെപ്പററി തുടർന്നു ചർച്ചചെയ്യാൻ ആഗ്രഹിക്കുന്നില്ല.

ഈ പ്രാർത്ഥനാഭാഗത്തെപ്പററി ചിന്തിക്കുമ്പോൾ കർത്താവിൽനിന്ന് പ്രാർത്ഥനയുടെ ഒരു നിയമം നമുക്കു കിട്ടിയതായി മനസിലാക്കാം. എന്തെങ്കിലും കൂട്ടിച്ചേർത്തോ വിട്ടുകളഞ്ഞോ ഈ നിയമം മാററിമറിക്കാനുള്ളതല്ല. അങ്ങനെയാണെങ്കിൽ, കർത്താവു പഠിപ്പിച്ച പ്രാർത്ഥന ഒരിക്കൽമാത്രം ചൊല്ലിയാൽ മതിയെന്നും, അല്ലെങ്കിൽ കർത്താവിന്റെ ശരീരം സ്വീകരിക്കുന്നതുവരെ മാത്രം രണ്ടോ മൂന്നോ പ്രാവശ്യം ചൊല്ലി, ദിവസത്തിന്റെ പിന്നീടുള്ള മണിക്കൂറുകളിൽ ആവർത്തിക്കേണ്ടതില്ലെന്നും ആരാണു വാദിക്കുക? ഇവരുടെ വാദം സ്വീകരിച്ചാൽ, നമുക്കു ലഭിച്ചുകഴിഞ്ഞ ഒരു വസ്തുവിനെപ്പററി 'ഇന്നു ഞങ്ങൾക്കു തരണമെ' എന്നു പ്രാർത്ഥിക്കുക അസാധ്യമായിത്തീരും. ദിവസത്തിന്റെ അവസാന മണിക്കൂറിൽ ഈ കൂദാശ അനുഷ്ഠിച്ചാൽ മതിയെന്ന് എല്ലാവരും നമ്മെ നിർബന്ധിക്കുകയും ചെയ്യും.

27. അതിനാൽ 'അന്നന്നത്തെ അപ്പം' എന്നത് ആധ്യാത്മിക ഭക്ഷണമായി നാം വ്യാഖ്യാനിക്കണം എന്നതാണ് ഇനി അവശേഷിച്ചിരിക്കുന്നത്. അതായത്, നാം ഓരോ ദിവസവും ദൈവപ്രമാണങ്ങൾ ധ്യാനിക്കുകയും പ്രായോഗികമാക്കുകയും വേണം. ഇതിനെക്കുറിച്ചാണു കർത്താവ് പറഞ്ഞത്, 'അനശ്വരമായ ആഹാരത്തിനുവേണ്ടി അധ്വാനിക്കുവിൻ.' വന്നും പോയും ഇരിക്കുന്ന ഈ ഭൗതിക ജീവിതം നിലനില്ക്കുന്നിടത്തോളം കാലം ഇത് ''അനുദിന ഭക്ഷണം'' എന്നു വിളിക്കപ്പെടുന്നു. ഉന്നതമായവയിലേക്കും അധമമായവയിലേയ്ക്കും, ആദ്ധ്യാത്മികമായവയിലേക്കും ഭൗതികമായവയിലേക്കും ഇടയ്ക്കിടെ ആത്മാവിന്റെ പ്രകൃതം മാറുന്നിടത്തോളം കാലം നല്ല ഭക്ഷണം കഴിച്ചയാളിന് വീണ്ടും വിശക്കുന്നതുപോലെ ഈ അനുദിന ഭോജ്യം ഒരാവശ്യമാണ്. വിശക്കുന്നവർ അതുവഴി തൃപ്തരാകും; തളർന്നവർ കർമോത്സുകരാകും. വരാനിരിക്കുന്ന മാററത്തിന് മുൻപ്, തളർച്ച മനസിലാക്കിക്കൊണ്ട് ശരീരം ഭക്ഷണംവഴി ശക്തി വീണ്ടെടുക്കുന്നതുപോലെ ആത്മാവും ദൈവത്തിലേക്കുള്ള പ്രയാണത്തിൽ ഭൗതികപ്രവണതകളാൽ കേടുപാടുകൾ സംഭവിക്കുന്നുണ്ടെങ്കിലും ദൈവകല്പനകളാകുന്ന

www.malankaralibrary.com



ഭക്ഷണം സ്വീകരിച്ച് ചൈതന്യം വീണ്ടെടുക്കുന്നു. കൂടാതെ, ''ഇന്നു ഞങ്ങൾക്കു തരണമെ'' എന്നത് ''ഇന്ന് എന്നു വിളിക്കപ്പെടുന്നിടത്തോളം'' (എബ്രാ. 3:13)–ഈ ഭൗതിക ജീവിതത്തിൽ—എന്നും അർത്ഥമാക്കാം.

ഇതിനൊരു മറുവശവും ഉണ്ട്. ഈ ജീവിതത്തിനു ശേഷം നാം നിത്യമായി ആധ്യാത്മികഭക്ഷണംകൊണ്ടു പരിപോഷിപ്പിക്കപ്പെടും അപ്പോൾ ''അനുദിനഭോജ്യത്തെപ്പററി'' പറയേണ്ട കാര്യമില്ല. കാരണം അവിടെ വന്നും പോയും കൊണ്ടിരിക്കുന്ന ദിനങ്ങൾ—അതിൽ നിന്നാണല്ലോ 'ഇന്ന്'' ഉണ്ടാകുന്നത്—ഉണ്ടായിരിക്കുകയില്ല. 'ഇന്ന്' നിങ്ങൾ അവന്റെ സ്വരം ശ്രവിക്കുന്നെങ്കിൽ (സങ്കീ. 95:8) എന്നത് 'ഇന്ന്' എന്നു വിളിക്കപ്പെടുന്നിടത്തോളം' എന്ന് എബ്രായ ലേഖനത്തിൽ ശ്ളീഹാ വ്യാഖ്യാനിച്ചതുപോലെ (3:13) 'ഇന്നു ഞങ്ങൾക്കുതരണമെ' എന്നതും വ്യാഖ്യാനിക്കണം.

ശരീരത്തിനാവശ്യമായ ഭക്ഷണത്തെക്കുറിക്കുന്നതും കർതൃശരീരത്തിന്റെ കൂദാശയെ കുറിക്കുന്നതും കൂടിയാണ് ഈ വാക്യം എന്ന് ആരെങ്കിലും പറഞ്ഞാൽ തന്നെ, ഈ മൂന്ന് അർഥങ്ങളും ഒന്നിച്ചെടുക്കണം എന്നെനിക്കു തോന്നുന്നു. അതായത്, നമ്മുടെ അനുദിനഭോജ്യത്തിനു വേണ്ടി നാം പ്രാർത്ഥിക്കണം—ശരീരത്തിനാവശ്യമായ അപ്പത്തിനും ആശീർവദിക്കപ്പെട്ട ദൃശ്യമായ അപ്പത്തിനും ദൈവവചനമാകുന്ന അദൃശ്യമായ അപ്പത്തിനും വേണ്ടി നാം അപേക്ഷിക്കണം,

## അധ്യായം 8

''ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു ക്ഷമിക്കണമെ:'' നിനക്കെതിരായി ചെയ്യപ്പെട്ട പാപങ്ങളെല്ലാം ക്ഷമിക്കണമെ. പണപരമായ കടങ്ങൾ.

28. ''ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു ക്ഷമിക്കണമെ'' എന്നതാണ് അഞ്ചാമത്തെ അപേക്ഷ. കടങ്ങൾ കൊണ്ടു പാപങ്ങളെയാണുദ്ദേശിക്കുന്നത്. ''അവസാനത്തെ ചില്ലിക്കാശുകൂടെ കൊടുത്തു വീട്ടുവോളം നീ അവിടെ നിന്നു പുറത്തു പോകയില്ല'' (മത്താ. 5:26) എന്ന് കർത്താവ് തന്നെ പറഞ്ഞതിൽ നിന്ന് ഇത് വ്യക്തമാണ്. ഹേറോദേസ് ആരുടെ ബലികളോട്കൂടി തങ്ങളുടെ രക്തം കലർത്തിയോ അവരെയും ഗോപുരം വീണ് മരിച്ചവരേയും കർത്താവ് കടക്കാർ എന്നു പറയുന്നതിൽ നിന്നുകൂടി ഇതു വ്യക്തമാണ്(ലൂ.13:1–4). ഈ മനുഷ്യൻ അളവററ വിധം കടക്കാരാണ്, അതായത് പാപികളാണ് എന്ന് ജനം വിചാരിച്ചു എന്ന് അവിടുന്നു പറഞ്ഞു. ''പശ്ചാത്തപിച്ചില്ലെങ്കിൽ നിങ്ങളും അപ്രകാരം തന്നെ നശിക്കും'' എന്ന് അവിടുന്നു കൂട്ടിച്ചേർത്തു. (ലൂ. 18:5). ഇവിടെ, കടക്കാരന് പണം തിരിച്ചടയ്ക്കാനല്ല, തെററു ചെയ്തവനോട് ക്ഷമിക്കുന്നതിനാണ് ഉപദേശിക്കുന്നത്. പണപരമായ ബാധ്യതക



ളെക്കുറിച്ച് മുകളിൽ പറഞ്ഞ ആശയമനുസരിച്ചല്ല, കൊടുത്തു വീട്ടണം എന്നു തന്നെയാണു സൂചിതം ''നിന്നോടു വ്യവഹരിച്ചു നിന്റെ അങ്കി കരസ്ഥമാക്കാൻ ഉദ്യമിക്കുന്നവനു നിന്റെ മേലങ്കികൂടി കൊടുക്കുക'' (മത്താ. 5:40) നമ്മോടു കടപ്പെട്ടിരിക്കുന്നവർക്കെല്ലാം കടം ഇളച്ചു കൊടുക്കണമെന്നല്ല ഈ ഭാഗം പറയുന്നത്. മറിച്ച് അതു നൽകാൻ കൂട്ടാക്കാതെ കോടതിയിൽ പോകുന്നവനോടാണ് അങ്ങനെ ചെയ്യേണ്ടത്. എന്നാൽ ''കർത്താവിന്റെ ദാസൻ കലഹിക്കരുത്''' എന്നു ശ്ലീഹാ പറയുന്നു (2 തിമോ. 2:24)., അതിനാൽ മററുള്ളവർ ചുമതലപ്പെടുത്തിയതോ സ്വന്തം പേരിലുള്ളതോ ആയ കടം വീട്ടുവാൻ ഒരാൾ വിസമ്മതിച്ചാൽ അയാളുടെ കടം ഉപേക്ഷിക്കണം. രണ്ടു കാരണങ്ങളാലാണ് അയാളിതു ചെയ്യുക; ഒന്നുകിൽ കൈയിൽ പണം ഇല്ലാതെ വരിക; അല്ലെങ്കിൽ, അയാൾ പിശുക്കനോ, അന്യരുടെ ധനം മോഹിക്കുന്നവനോ ആയിരിക്കുക. ഇവ രണ്ടിലും അവൻ ദരിദ്രൻ തന്നെ, ഒന്ന്; കൊടുക്കാൻ വഴിയില്ലാത്തതു കൊണ്ടുള്ള ദാരിദ്ര്യം; രണ്ട് ആത്മാവിലുള്ള ദാരിദ്ര്യം. അങ്ങനെയുള്ളവന് ഇളച്ചുകൊടുത്താൽ ദരിദ്രനു തന്നെയാണു കൊടുക്കുന്നത്. തനിക്കർഹമായ ധനം വേണ്ടെന്നുവയ്ക്കാൻ സന്നദ്ധനാകുക എന്ന പ്രമാണം അനുസരിക്കുന്നതു വഴി അവൻ ഒരു ക്രിസ്തീയ ധർമ്മം അനുഷ്ഠിക്കുന്നു. വിവേചനാ ശക്തിയോടും ശാന്തതയോടും കൂടെ പണം തിരികെ ലഭിക്കാൻ അയാൾ നന്നായി പരിശ്രമിച്ചാൽ—പണത്തിൽ നിന്നു നേട്ടം ഉണ്ടാക്കാനല്ല; പണം കൊടുക്കാതിരുന്നത് തെററായിരുന്നിട്ടും കൊടുക്കാതിരുന്നത് അയാൾക്ക് നിശ്ചയമായും ഉപദ്രവകരമാണ്; അവന്റെ നില മെച്ചപ്പെടുത്താൻ–അവൻ പാപം ചെയ്യുന്നില്ലെന്നു മാത്രമല്ല, മറെറാരാളുടെ പണം സ്വന്തമാക്കാൻ ശ്രമിക്കയും അതുവഴി വിശ്വാസം നഷ്ടപ്പെടുത്തുകയും ചെയ്യുന്നതിൽ നിന്ന് അവനെ തടയുന്നതിനാൽ വലിയ നന്മയാണ് ചെയ്യുന്നത്. താരതമ്യാതീതവും ഗൗരവവുമായ ഒരു കാര്യമാണിത്. ''ഞങ്ങളുടെ കടക്കാരോട്' ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളോടു ക്ഷമിക്കണമെ'' എന്ന അഞ്ചാമത്തെ ഈ അപേക്ഷയിൽ പണത്തെപ്പററി നേരിട്ടു സൂചനയൊന്നുമില്ല എന്ന് ഇതിൽനിന്നു മനസ്സിലാക്കാം. എന്നാൽ മററുള്ളവർ നമ്മോടു ചെയ്യുന്ന തെററുകളെല്ലാം ഇതിൽ ഉൾപ്പെടുന്നു. അതിൽ പണവും വരും; തിരികെ തരാൻ കഴിവുള്ളയാൾ നിന്നോടു പണം വാങ്ങിയിട്ട് തിരികെ തരാതിരുന്നാൽ അവൻ നിന്നോടു പാപം ചെയ്യുന്നു. എന്നാൽ നീ ഈ പാപം ക്ഷമിക്കുന്നില്ലെങ്കിൽ 'ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളോടും ക്ഷമിക്കണമെ' എന്നു നിനക്കു പറയാൻ സാധ്യമല്ല. നീ ക്ഷമിക്കുകയാണെങ്കിൽ, ഇത്തരം പ്രാർഥന ചൊല്ലാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നയാൾ, പണസംബന്ധമായ കടം കൂടി ക്ഷമിക്കാൻ പ്രബോധിക്കപ്പെട്ടിരിക്കുന്നു എന്നു നീ കാണും.

29. ഇതു കൂടുതൽ വിശദമാക്കാൻ സാധിക്കും; ''ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളോടും ക്ഷമിക്കണമെ'' എന്നു നാം പറഞ്ഞിട്ട്, നമ്മോടു ക്ഷമിക്കണമെന്നു പറയുന്നവരോടു നാം ക്ഷമിക്കാതിരിക്കയും അതേ

www.malankaralibrary.com



സമയം നമ്മുടെ കരുണാവത്സലനായ പിതാവിനോടു ക്ഷമ യാചിക്കുമ്പോൾ അവിടുന്നു നമ്മോടു ക്ഷമിക്കണമെന്ന് നാം പ്രതീക്ഷിക്കയും ചെയ്താൽ, നാം ഈ നിയമത്തിനെതിരായി പ്രവർത്തിക്കുന്നവരായി കുററപ്പെടുത്തപ്പെടും. നമ്മുടെ ശത്രുക്കൾക്കു വേണ്ടി പ്രാർത്ഥിക്കാനുള്ള കടമ നമുക്കുണ്ടല്ലോ. നമ്മോടു ക്ഷമിക്കണം എന്നു പറയുന്നവരോട് ക്ഷമിക്കണമെന്നല്ല ഈ കല്പന. അപ്രകാരം ചോദിക്കുന്നവർ നിശ്ചയമായും ശത്രുക്കളല്ല. ഒരാളോട് ക്ഷമിക്കാതെ അയാൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. എന്ന് ആത്മാർത്ഥമായി ആർക്കും പറയാൻ സാധിക്കയില്ല. നാം ചെയ്യുന്ന തെററുകൾ പിതാവ് നമ്മോടു ക്ഷമിക്കണമെങ്കിൽ മററുള്ളവർ നമ്മോടു ചെയ്യുന്ന തെററുകളെല്ലാം നാം അവരോട് ക്ഷമിക്കണം എന്നത് അവശ്യാവശ്യസംഗതിയാണെന്ന് നാം അംഗീകരിച്ചേ മതിയാവൂ. പ്രതികാരത്തെ സംബന്ധിച്ച്, ആവശ്യത്തിന് മുകളിൽ ചർച്ച ചെയ്തിട്ടുണ്ടല്ലോ.1

## അധ്യായം 9

''ഞങ്ങളെ പരീക്ഷയിൽ പ്രവേശിപ്പിക്കരുതേ'': നാം പരീക്ഷിക്കപ്പെടണം. നമ്മുടെ പരീക്ഷയിൽ ദൈവം നമ്മെ ഉപേക്ഷിക്കരുതെന്നു നാം പ്രാർത്ഥിക്കുന്നു. ''തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമെ''. അതായത്, പരീക്ഷയിൽ പരാജയപ്പെട്ടു എന്ന തിന്മയിൽനിന്ന്, ശരണം.

30. 'ഞങ്ങളെ പരീക്ഷയിൽ പ്രവേശിപ്പിക്കരുതേ' എന്നതാണ് ആറാമത്തെ അപേക്ഷ. നിരവധി വാല്യങ്ങളിൽ2 'ആനയിക്കരുതേ'3 എന്നാണ്. അർത്ഥത്തിൽ രണ്ടും ഒന്നുതന്നെ എന്നെനിക്കു തോന്നുന്നു. എയ്സ് എനെങ്കേസ്''4 എന്ന ഗ്രീക്കുപദത്തിന്റെ വിവർത്തനമാണ് രണ്ടും. 'പരീക്ഷയിൽ ആനയിക്കപ്പെടുവാൻ ഞങ്ങളെ അനുവദിക്കരുതേ' എന്നു പലരും പ്രാർത്ഥിക്കുമ്പോൾ പറയാറുണ്ട്. 'ആനയിക്കുക' എന്ന വാക്ക് എപ്രകാരം ഉപയോഗിച്ചിരിക്കുന്നു എന്നതിന് അവർ ഒരു വിവരണം തരുന്നു എന്നു മാത്രം! ദൈവംതന്നെ നിശ്ചയമായും നമ്മെ ഇതിലേക്കാനയിക്കാറില്ല. എന്നാൽ ദൈവം ആരുടെയെങ്കിലും സഹായം പിൻവലിച്ചാൽ ഏററം നിഗൂഢമായ വ്യാപാരത്താലും വ്യക്തിയുടെ അർഹത അനുസരിച്ചും വ്യാപരിക്കാൻ ദൈവം അനുവദിക്കുന്നു.

ഇപ്രകാരം ഉപേക്ഷിക്കപ്പെടുന്നതിന് അവിടുന്ന് വിധിക്കുന്നതും പരീക്ഷയിൽ ഉൾപ്പെടുവാൻ അനുവദിക്കുന്നതും പലപ്പോഴും വ്യക്തമായ കാരണങ്ങളാലായിരിക്കാം. പരീക്ഷയിൽ ഉൾപ്പെടുക എന്നത് ഒരു കാര്യം, പരീക്ഷിക്കപ്പെടുക എന്നത് മറെറാരു കാര്യം. കാരണം, പരീക്ഷിക്കപ്പെടാതെ ആരും അംഗീകരിക്കപ്പെടുന്നില്ല: ഒന്നുകിൽ സ്വന്തമായ അംഗീകാരം.

1. Book 1 ch. 19—20.
2. Codices 3. lead not 4. Eis enegkes.



ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു; പരീക്ഷിക്കപ്പെടാത്ത വ്യക്തിക്ക് ഏതുതരം സംഗതിയാണ് അറിയാവുന്നത്? (സഭാ: 34.11). അല്ലെങ്കിൽ ശ്ലീഹാ പറയുന്നതുപോലെ, മററുള്ളവരുടെ അംഗീകാരം: എന്റെ ശരീരത്തിൽ എനിക്കുണ്ടായിരുന്ന പരീക്ഷയെ നിങ്ങൾ നിന്ദിച്ചില്ല. (ഗലാ. 4:13). എന്നാൽ അവരുടെ നിരന്തര സ്നേഹം അവൻ തിരിച്ചറിഞ്ഞത് ഇതുവഴിയാണ്. ശാരീരികമായ പരീക്ഷണങ്ങൾ ശ്ലീഹായ്ക്കുണ്ടായിട്ടും അവർക്ക് അദ്ദേഹത്തോടുണ്ടായിരുന്ന സ്നേഹത്തിന് മാററമൊന്നും ഉണ്ടായില്ല. എന്നാൽ സംഭവിക്കുന്നതിനു മുൻപ് എല്ലാം അറിയുന്ന ദൈവം എന്തെങ്കിലും പ്രലോഭനം ഉണ്ടാകുന്നതിനു മുമ്പ് നമ്മെ അറിയുന്നു.

31. 'നിങ്ങൾ ദൈവത്തെ സ്നേഹിക്കുന്നുണ്ടോ എന്നറിയാൻ വേണ്ടിയാണ് അവിടുന്നു നിങ്ങളെ പരീക്ഷിക്കുന്നത്'' (ആവ.13:3) എന്ന വേദപുസ്തകഭാഗത്തെപ്പററി: 'അറിയാൻവേണ്ടി' എന്നതിനർത്ഥം ''അവിടുന്നു നിങ്ങളെ അറിയിക്കാൻ വേണ്ടി'' എന്നത്രേ. ഇതിനുമററുദാഹരണം; 'സന്തോഷദിവസം': കാരണം, അതു നമ്മെ സന്തോഷിപ്പിക്കുന്നു; ''തണുപ്പുദിവസം'': കാരണം, അതു നമുക്ക് തണുപ്പുണ്ടാക്കുന്നു. നമ്മുടെ സാധാരണഭാഷയിലും വിശുദ്ധ ഗ്രന്ഥത്തിൽ പണ്ഡിതന്മാരുടെ ഭാഷയിലും ഇത്തരം നിരവധി ഉദാഹരണങ്ങൾ കാണാൻ സാധിക്കും. ഇതു ഗ്രഹിക്കാതെ പഴയ നിയമത്തെ എതിർക്കുന്ന പാഷണ്ഡികൾ, 'നിന്റെ ദൈവമായ കർത്താവ് നിന്നെ പരീക്ഷിക്കുന്നു' എന്നതിനെക്കുറിച്ച്, 'അവനെ ഞങ്ങൾ അറിയുന്നില്ല' എന്നു പറഞ്ഞു പരിഹസിക്കുന്നു. 'ഇത് അവിടുന്നു പറഞ്ഞത് അവരെ പരീക്ഷിക്കാനാണ്; താൻ എന്തു ചെയ്യുമെന്ന് അവിടുത്തേക്ക് അറിയാമായിരുന്നു' (യോഹ.6:6). താൻ പരീക്ഷിക്കുന്നവന്റെ ഹൃദയം അവിടുത്തേക്കറിയാമെങ്കിൽ പിന്നെ അവനെ പരീക്ഷിക്കുന്നതുവഴി എന്തു കാണാനാണ് അവിടുന്നു താല്പര്യപ്പെടുന്നത്? പരീക്ഷിക്കപ്പെടുന്നവൻ സ്വയം അറിയുന്നതിനും തന്റെ ആത്മവിശ്വാസരാഹിത്യത്തെ കുററപ്പെടുത്തുന്നതിനും ആണ് ഇപ്രകാരം സംഭവിക്കുന്നത്. ജനക്കൂട്ടത്തിനു വിശക്കുന്നതായി കണ്ട കർത്താവ് അപ്പം കൊടുത്തു വിശപ്പു ശമിപ്പിച്ചു. അവർക്കു ഭക്ഷിക്കാൻ ഒന്നും ഇല്ലായിരുന്നു എന്ന് അവിടുന്നറിഞ്ഞിരുന്നു.

32. നാം പരീക്ഷിക്കപ്പെടരുതെന്നല്ല പ്രാർത്ഥന, പിന്നെയോ, നമ്മെ പരീക്ഷയിൽ ഉൾപ്പെടുത്തരുതേ എന്നാണ്. അഗ്നിപരീക്ഷണവിധേയനാകേണ്ടയാൾ അഗ്നി അവനെ സ്പർശിക്കരുതേ എന്നല്ല, അഗ്നിയിൽ ദഹിച്ചുപോകല്ലേ എന്നാണു പ്രാർത്ഥിക്കുന്നത്. 'കുശവന്റെ പാത്രങ്ങളെ തീച്ചൂള ചുടുന്നു; നീതിമാന്മാരുടെ പീഡനം അവരെ ശുദ്ധീകരിക്കുന്നു'. യൗസേപ്പ് വ്യഭിചാരത്തിനു പ്രലോഭിതനായി; എന്നാൽ അതിൽ ഉൾപ്പെട്ടില്ല (ഉല്പ.39.7ff). സൂസന്നാ പരീക്ഷിക്കപ്പെട്ടെങ്കിലും അവളും പരീക്ഷയിൽ ഉൾപ്പെട്ടില്ല: ആനീതയായില്ല (ദാനി. 13;19ff). അതുപോലെ ജോബ് ഉൾപ്പെടെ നിരവധി സ്ത്രീപുരുഷന്മാർ. തന്റെ

www.malankaralibrary.com



ദൈവമായ കർത്താവിലുള്ള ജോബിന്റെ അത്ഭുതാവഹമായ വിശ്വാസത്തെ നിന്ദ്യവചനങ്ങൾകൊണ്ട് കരിതേച്ചുകാണിക്കാൻ പഴയനിയമത്തിന്റെ ശത്രുക്കളും പാഷണ്ഡികളുമായ മനുഷ്യർ ആഗ്രഹിച്ചപ്പോൾ, 'അവനെ പരീക്ഷിക്കാൻ സാത്താൻ അനുവാദം വാങ്ങി' എന്ന സംഗതി പ്രത്യേകമായി അവർ എടുത്തുകാട്ടുന്നു (ജോബ്, 1:11ff). സാത്താന് എപ്രകാരം ദൈവവുമായി സംഭാഷണം നടത്താൻ കഴിയും എന്നു തുടങ്ങിയ സംഗതികൾ ഒട്ടും തന്നെ മനസ്സിലാക്കാൻ കഴിവില്ലാത്ത പാമരരോടാണ് അവർ ഈ വക സംഗതികൾ ചോദിക്കുന്നത്.[5]

ഏതെങ്കിലും പദാർഥം ഒരു സ്ഥലമോ ആകാശമോ നിറയ്ക്കുന്നതുപോലെ ദൈവം പദാർഥം കൊണ്ട് നിറയ്ക്കുന്നില്ല. എന്നാൽ അവർ ചിന്തിക്കുന്നതുപോലെ, ഒരിടത്തു സന്നിഹിതനായിരിക്കുമ്പോൾ മറ്റൊരിടത്തില്ല എന്നോ, അല്ലെങ്കിൽ ഇവിടെ കുറെ ഭാഗവും മറ്റൊരിടത്തു വേറെ കുറെ ഭാഗവും എന്ന രീതിയിലോ അല്ല അവിടുന്നു സ്ഥിതിചെയ്യുന്നത്. എന്നാൽ അന്ധവിശ്വാസങ്ങളും ദുശ്ശാഠ്യങ്ങളും അവരെ അന്ധരാക്കിയിരിക്കുന്നതിനാൽ അവർക്കിതു ഗ്രഹിക്കാൻ സാധ്യമല്ല. ദൈവമാകട്ടെ, തന്റെ അസ്തിത്വത്തിന്റെ മാഹാത്മ്യത്താൽ എല്ലായിടത്തും പൂർണമായും അവിഭാജ്യമായും സന്നിഹിതനാണ്. ''സ്വർഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവുമാകുന്നു'' (ഏശാ 66:1) എന്ന പ്രസ്തവനയെ, ഭൗതിക കാഴ്ചപ്പാടിലൂടെയാണ് അവർ വ്യാഖ്യാനിക്കുന്നതെങ്കിൽ, ഭൂമിയിൽ ദൈവത്തിന്റെ പാദാന്തികത്തിൽ പിശാചു വന്നുനിന്ന് സംസാരിച്ചു എന്നു പറഞ്ഞാൽ അതിൽ വിസ്മയിക്കാനെന്തിരിക്കുന്നു? ഈ പ്രസ്താവനയെ കുറിച്ച് തന്നെയാണല്ലോ, ''സ്വർഗത്തെക്കൊണ്ട് ആണയിടരുത്; എന്തെന്നാൽ അതു ദൈവത്തിന്റെ സിംഹാസനമാകുന്നു; ഭൂമിയെക്കൊണ്ടും അരുത് എന്തെന്നാൽ അതു ദൈവത്തിന്റെ പാദപീഠമാകുന്നു'' എന്നു സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് (മത്താ. 5:34f).

എത്ര ദുഷിച്ച മനുഷ്യനും അല്പമെങ്കിലും ചിന്താശക്തിയുണ്ടെന്നും ദൈവം അവന്റെ മനസ്സാക്ഷിയോട് സംസാരിക്കുന്നെന്നും ഇനി എന്നാണ് അവർ മനസിലാക്കുക? ദൈവമല്ലാതെ ആരാണ് പ്രകൃതിനിയമങ്ങൾ മനുഷ്യഹൃദയത്തിൽ സ്ഥാപിച്ചിരിക്കുന്നത്? ഇതേപ്പറ്റിയാണ് ശ്ലീഹാ പറയുന്നത്: ''നിയമം ലഭിച്ചിട്ടില്ലാത്ത വിജാതീയർ, നിയമം ആവശ്യപ്പെടുന്ന കാര്യങ്ങൾ സ്വാഭാവികമായിത്തന്നെ നിറവേറ്റുമ്പോൾ, നിയമമില്ലെന്നിരിക്കെത്തന്നെ, അവർ തങ്ങൾക്കുതന്നെ നിയമമായിത്തീർന്നു. നിയമത്തിന്റെ അനുശാസനം തങ്ങളുടെ ഹൃദയങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു എന്ന് അവർ സ്പഷ്ടമാക്കുന്നു. അവരുടെ മനസ്സാക്ഷി അതിനു സാക്ഷ്യം നൽകുന്നു. അവരുടെ മനസ്സാക്ഷി അവരെ കുറ്റപ്പെടുത്തുകയോ ന്യായീകരിക്കുകയോ

5. മാനിക്കേയരെക്കുറിച്ചാണ് ചർച്ച



ചെയ്യും. മനുഷ്യരുടെ ഹൃദയങ്ങളെ ദൈവം വിധിക്കുന്ന ദിവസം ഇതു വെളിപ്പെടും'' (റോമ.2: 14.16). ആകയാൽ ഓരോ ബൗദ്ധികാത്മാവും വികാരാവേശത്താൽ അന്ധമായിരിക്കുമ്പോൾ പോലും ബുദ്ധിയിലുദിക്കുന്ന ശരിയായ വിചാരങ്ങളും ആലോചനകളും അതിന്റെ സ്വന്തമെന്നു കരുതി അതിൽ തന്നെ ആരോപിക്കാൻ പാടില്ല. സത്യത്തിന്റെ ചെറിയൊരു കണികയാണ് ബുദ്ധിയിൽ തെളിയുന്നതെങ്കിലും അതു കണ്ടുപിടിക്കാൻ അതിനെ ഉദ്ബുദ്ധമാക്കുന്ന ആ സത്യദീപത്തിൽ തന്നെയാണ് ആരോപിക്കേണ്ടത്: ദുഷ്ടതയാൽ തലതിരിഞ്ഞ, സാത്താന്റെ ദുരാത്മാവ് സത്യനാദം തന്നെയായ ദൈവത്തിൽനിന്ന് നീതിനിഷ്ഠനായ മനുഷ്യനെക്കുറിച്ച് എന്തെങ്കിലും കേൾക്കുന്നതായി ചിത്രീകരിച്ചാൽ അതിൽ വിസ്മയിക്കാനെന്തിരിക്കുന്നു? ഇതിൽ എന്തെങ്കിലും തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ അതു പിശാച് എന്ന പേര് സ്വീകരിച്ചപ്പോഴുണ്ടായ ദുഷ്ടതയിൽ നിന്നാണ്. എങ്കിലും സന്ദർഭാനുസരണം, എല്ലാവരുടെയും കർത്താവും രാജാവും എല്ലാറ്റിന്റെയും നിയന്താവും എന്ന നിലയിൽ ദൃശ്യവും ഭൗതികവുമായ സൃഷ്ടികൾ വഴി ദുഷ്ടരോടും ശിഷ്ടരോടും ദൈവം സംസാരിച്ചിട്ടുണ്ട്. അങ്ങനെ മനുഷ്യനയനങ്ങൾക്കു ദൃശ്യമായ മാലാഖമാരിൽ കൂടിയും, ''കർത്താവ് ഇപ്രകാരം അരുൾചെയ്യുന്നു'' എന്നു പ്രഘോഷിച്ച പ്രവാചകന്മാരിൽക്കൂടിയും അവിടുന്നു സംസാരിച്ചു. അങ്ങനെയാണെങ്കിൽ, ഒരു മാനസികപ്രവർത്തനവും കൂടാതെ, തൽകൃത്യത്തിനുപകരിക്കുന്ന ഏതെങ്കിലും സൃഷ്ടിവഴി ദൈവം പിശാചിനോടു സംസാരിച്ചു എന്നു പറഞ്ഞാൽ അതിൽ വിസ്മയിക്കാൻ എന്തിരിക്കുന്നു?

33. ദൈവം പിശാചിനോടു സംസാരിച്ച എന്നത് അവന്റെ ധാർമ്മികതയ്ക്കോ മാഹാത്മ്യത്തിനോ ഉള്ള അംഗീകാരമായി ആരും കണക്കാക്കേണ്ടതില്ല. മറിച്ച്, ഭോഷനും വികാരവിക്ഷുബ്ധനുമായ മനുഷ്യാത്മാവിനോടു സംസാരിച്ചാലെന്നപോലെ, വിഡ്ഢിയും ദുഷ്ടനുമായ ഒരു മാലാഖയുടെ ആത്മാവിനോട് സംസാരിച്ചു എന്നു കണക്കാക്കിയാൽ മതി. അല്ലെങ്കിൽ, ഭോഷനായ ധനികന്റെ അത്യാർത്തിയെ അപലപിച്ചുകൊണ്ട് ദൈവം എങ്ങനെയാണു സംസാരിച്ചതെന്ന് അവർ തന്നെ പറയട്ടെ: 'ഭോഷാ, ഈ രാത്രിയിൽ നിന്റെ ആത്മാവിനെ ആവശ്യപ്പെട്ടാൽ നീ സമ്പാദിച്ചിരിക്കുന്ന ഈ വസ്തുവകകളെല്ലാം ആരുടെതായിരിക്കും? (ലൂ. 12:20). കർത്താവുതന്നെ ഇക്കാര്യം സുവിശേഷത്തിൽ അരുൾചെയ്തിട്ടുള്ളതാണല്ലോ. ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, നിങ്ങളുടെ പാഷണ്ഡികളും ഈ സുവിശേഷം അംഗീകരിക്കുന്നുണ്ടല്ലോ. ഇനിയും, നീതിമാനായ മനുഷ്യനെ പ്രലോഭിപ്പിക്കാനുള്ള അനുവാദം ദൈവത്തിൽനിന്നു പിശാചു സമ്പാദിക്കുന്നു എന്ന വസ്തുത നിങ്ങളെ അലട്ടുന്നുവെങ്കിൽക്കൂടി, ഇക്കാര്യം വിശദീകരിക്കുക എന്നത് എന്റെ കടമയല്ല, എന്നാൽ, ''ഇതാ, സാത്താൻ നിങ്ങളെ ഗോതമ്പുപോലെ പാറ്റുവാൻ അന്വേഷിച്ചു'' എന്ന ശിഷ്യരോടും, തുടർന്ന് 'നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ച'

www.malankaralibrary.com



എന്നു പത്രോസിനോടുമുള്ള സുവിശേഷവാക്യം എനിക്കു വ്യാഖ്യാനിച്ചു തരാൻ ഞാൻ അവരോടാവശ്യപ്പെടുകയാണ്. അവർ എനിക്കിതു വ്യാഖ്യാനിച്ചുതരുന്നതുവഴി, എന്നോടവർ ആവശ്യപ്പെട്ട കാര്യം അവർ സ്വയം വ്യക്തമാക്കുകയാവും ചെയ്യുക. അവർക്കിതു വ്യാഖ്യാനിക്കാൻ സാധിക്കുന്നില്ലെങ്കിൽ, സുവിശേഷത്തിൽ യാതൊരു കുറവും കാണാതിരിക്കുന്ന ഇക്കാര്യത്തെക്കുറിച്ച് രൂക്ഷമായി വിമർശിച്ചുകൊണ്ട് ഒരു പുസ്തകം എഴുതാൻ അവർ തുനിയരുതെന്നു മാത്രം.

34. അങ്ങനെ സാത്താൻ വഴി പ്രലോഭനങ്ങളുണ്ടാകുന്നുണ്ട്. എന്നാൽ അത് അവൻെറ ശക്തിയാലല്ല. ദൈവം അനുവദിക്കുന്നതിനാലത്രേ. മനുഷ്യരുടെ തെററുതിരുത്തുന്നതിനും, കർത്താവിൻെറ കരുണയാൽ പരീക്ഷണവിധേയരാക്കിയശേഷം നേരായ മാർഗത്തിൽകൂടി നടത്തുന്നതിനുമാകാം. മാത്രമല്ല, ഏതു തരത്തിലുള്ള പ്രലോഭനത്തിൽ ഒരാൾ ഉൾപ്പെടുന്നു എന്നതും സുപ്രധാന സംഗതിയാണ്. ഉദാഹരണമായി, തൻെറ ഗുരുവിനെ ഒററിക്കൊടുത്ത യൂദാസും സംഭീതിമൂലം അവിടുത്തെ തള്ളിപ്പറഞ്ഞ പത്രോസും ഒരേ തരത്തിലുള്ള പാപത്തിലല്ല വീണത്. തികച്ചും മാനുഷികമായ പ്രലോഭനങ്ങളുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ഉദാഹരണമായി, നന്മതന്നെ ആഗ്രഹിക്കുമ്പോഴും മാനുഷിക ബലഹീനത നിമിത്തം തൻെറ തീരുമാനം പ്രാവർത്തികമാക്കാൻ കഴിയാതെ വരുമ്പോഴും ഇപ്രകാരമാണു സംഭവിക്കുക. അല്ലെങ്കിൽ തൻെറ സഹോദരനെ തിരുത്താനുള്ള വ്യഗ്രതയിൽ ക്രിസ്തീയ ധാർമികത അനുശാസിക്കുന്ന ആത്മസംയമനം പാലിക്കാൻ സാധിക്കാതെ വരുന്നതിനാൽ അവനുമായി തെററിപ്പിരിയുമ്പോൾ ഇങ്ങനെ സംഭവിക്കുന്നു. ഇതേപററിയാണ് ശ്ലീഹാ പറയുന്നത്: മനുഷ്യസാധാരണമല്ലാത്ത ഒരു പ്രലോഭനവും നിങ്ങൾക്കുണ്ടാകയില്ല. ദൈവം വിശ്വസ്തനാണ്, നിങ്ങളുടെ ശക്തിക്കതീതമായ പ്രലോഭനങ്ങൾ ഉണ്ടാകുവാൻ അവിടുന്നനുവദിക്കുകയില്ല പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ അവയെ ജയിക്കുവാനുള്ള ശക്തി അവിടുന്ന് നിങ്ങൾക്കു നല്കും" (1കൊറി. 10:13). ഈ പ്രസ്താവനയിലൂടെ, നമുക്കു പ്രലോഭനങ്ങൾ ഉണ്ടാകാതിരിക്കുവാനല്ല, മറിച്ച് പ്രലോഭനങ്ങളിൽ ഉൾപ്പെടാതിരിക്കാൻ വേണ്ടിയാണ് പ്രാർത്ഥിക്കേണ്ടതെന്ന് അദ്ദേഹം വളരെ വ്യക്തമായി പഠിപ്പിക്കുന്നു. കാരണം, നമുക്കു ചെറുത്തുനില്ക്കുവാൻ സാധിക്കാത്തവയാണ് അവയെങ്കിൽ നാം അവയിൽ ഉൾപ്പെടുക തന്നെ ചെയ്യും. നമ്മുടെ ഭാഗഭാഗിത്വം കൂടാതെയുള്ള പ്രലോഭനങ്ങളിൽ നാം വീഴാനിടയാകുന്നെങ്കിൽ അതിൻെറ കാരണം ഭാഗ്യമോ, നിർഭാഗ്യമോ ആകാം. സമ്പൽസമൃദ്ധിയുടെ ആകർഷണങ്ങൾക്കിരയാകാത്ത ആരും തിന്മയ്ക്കടിപ്പെടുന്നില്ല

35. ഏഴാമത്തെയും അവസാനത്തെയും യാചന ഇതാണ്: 'തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ'. നാം വിമുക്തമായിരിക്കുന്ന തിന്മയിലേയ്ക്കു വീണ്ടും നയിക്കപ്പെടാതിരിക്കാൻ നാം പ്രാർത്ഥിക്കുന്നു— ഇതു കഴിഞ്ഞ ഭാഗത്തു നാം കണ്ടു കഴിഞ്ഞു — അതുമാത്രമല്ല, ഇപ്പോൾ നാം



ഉൾപ്പെട്ടിരിക്കുന്ന തിന്മയിൽനിന്നുകൂടി രക്ഷിക്കപ്പെടുവാൻ നാം പ്രാർത്ഥിക്കണം. ഇതു പ്രാവർത്തികമാക്കിയാൽ പിന്നെ ഭയാനകമായ യാതൊന്നും ഉണ്ടായിരിക്കുന്നതല്ല. എന്നാൽ സർപ്പത്തിൻെറ പ്രേരണയാൽ തെററിൽ വീണ ഈ മർത്യത്വത്തിൻെറ വാഹകരായിരിക്കുന്നിടത്തോളം കാലം ഈ ജീവിതത്തിൽ ഈ കാര്യം ചെയ്യാമെന്ന് ആരും കരുതേണ്ട. എങ്കിലും ഒരിക്കൽ ഇതു യാഥാർഥ്യവൽക്കരിക്കാൻ സാധിക്കും എന്ന പ്രതീക്ഷ നമുക്കുണ്ടായിരിക്കണം. ഇതു കാണപ്പെടാത്ത പ്രത്യാശയാണ്. ഇതേപ്പററിയാണ് ശ്ലീഹാ പറഞ്ഞത്: കാണപ്പെടുന്ന പ്രതീക്ഷ പ്രതീക്ഷയല്ല' (റോമ. 8:24). എങ്കിലും ഐഹികജീവിതത്തിൽ ലഭ്യമാകുന്ന വിജ്ഞാനത്തെക്കുറിച്ച് ദൈവത്തിൻെറ വിശ്വസ്തദാസർ നിരാശരാകേണ്ടതില്ല അതിതാണ്—നാം എന്തെല്ലാം പരിത്യജിക്കണമെന്ന് കർത്താവിൻെറ വെളിപാട് ആവശ്യപ്പെടുന്നുവോ, അവയെല്ലാം ശ്രദ്ധാപൂർവം നാം ഉപേക്ഷിക്കുന്നു. എന്തിനെല്ലാം വേണ്ടി നാം അതീവ ശ്രദ്ധയോടെ പരിശ്രമിക്കണമെന്ന് കർത്താവിൻെറ വെളിപാട് വെളിപ്പെടുത്തുന്നുവോ, അതിനുവേണ്ടി നാം പരിശ്രമിക്കുന്നു. നമ്മുടെ മർത്യതയുടെ അവസാനഭാരമായ മരണം നിശ്ചിതസമയത്ത് നമ്മിൽനിന്ന് ഇറക്കിവയ്ക്കപ്പെടുമ്പോൾ മനുഷ്യൻെറ യഥാർത്ഥ ധന്യത സമാഗതമാകും. നമ്മുടെ ജീവിതാരംഭത്തിൽ തന്നെ തുടങ്ങിയതാണ് ഈ ധന്യത. ഒരിക്കൽ ഇതുസ്വന്തമാക്കുന്നതിനുവേണ്ടിയാണ് നാം ഇപ്പോൾ എല്ലാ രീതിയിലും അധ്വാനിക്കുന്നത്.

## അധ്യായം 10

കർതൃപ്രാർത്ഥന ഐഹികവും പാരത്രികവുമെന്ന രണ്ടു ഗണം യാചനകളായി തിരിച്ചിരിക്കുന്നു.

36. ഈ ഏഴു യാചനകളിലുമുള്ള വ്യത്യാസങ്ങൾ പ്രത്യേക ശ്രദ്ധയും പരിഗണനയും അർഹിക്കുന്നു. നാം ഇപ്പോൾ നയിക്കുന്ന നമ്മുടെ ജീവിതം താല്ക്കാലികവും നാം പ്രതീക്ഷിക്കുന്ന ജീവിതം നിത്യവുമാണ്. നിത്യമായവയ്ക്ക് പരമോന്നതമൂല്യമാണുള്ളത്. പക്ഷേ ഭൗതിക വസ്തുക്കൾ ഉപേക്ഷിച്ച ശേഷമേ നമുക്ക് പാരത്രികമായവ ലഭ്യമാകൂ. നാം ഈ ലോകത്തിൽ ചെലവഴിക്കുന്ന വർത്തമാനകാല ജീവിതത്തിലാണ് ആദ്യത്തെ മൂന്ന് അർത്ഥനകളും യാഥാർഥ്യവൽക്കരിക്കപ്പെട്ടു തുടങ്ങുക. കർത്താവിൻെറ വിനീതമായ വരവിൻെറ നിമിഷത്തിൽ[1] തന്നെ ദൈവനാമം വിശുദ്ധീകരിക്കപ്പെട്ടു തുടങ്ങി. ലോകാവസാനത്തിനുശേഷമല്ല, ലോകാവസാനത്തിൽ തന്നെയാണ്, താൻ മഹത്വത്തോടുകൂടിവരുന്ന തൻെറ രാജ്യത്തിൻെറ ആഗമനം. സ്വർഗം, ഭൂമി എന്നീ പദങ്ങൾ, നീതിമാൻമാരെയും, പാപികളെയും, ആത്മാവിനെയും ശരീരത്തെയും, കർത്താവിനെയും സഭയെയും

1. മനുഷ്യാവതാരം

www.malankaralibrary.com



കുറിക്കാനോ, ഇതെല്ലാം ഒരുമിച്ച് മനസിലാക്കാനോ നാം പ്രയോഗിക്കുകയാണെങ്കിൽ തന്നെയും 'സ്വർഗത്തിലെപ്പോലെ ഭൂമിയിലും' അവിടുത്തെ ഇഷ്ടംപൂർണമായി യാഥാർഥ്യവൽക്കരിക്കപ്പെടുന്നത് നമ്മുടെ സൗഭാഗ്യം പൂർത്തിയാകുമ്പോൾ മാത്രമാണ്. അതായത് ലോകവസാനത്തിൽ! എന്നാൽ ഇവ മൂന്നും നിത്യമായി തുടരേണ്ടവയാണ് കാരണം, ദൈവനാമത്തിൻെറ വിശുദ്ധീകരണം അനുസ്യൂതം സംഭവിച്ചുകൊണ്ടിരിക്കുന്നു. അവിടുത്തെ രാജ്യത്തിന് അവസാനമുണ്ടാകയില്ല. പൂർണമായ സൗഭാഗ്യാവസ്ഥയിൽ നിത്യജീവൻ അവിടുന്നു നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്നു. അതുകൊണ്ട് അവിടുന്നു നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്ന ജീവിതത്തിൽ ഈ മൂന്നു കാര്യങ്ങളും പൂർണമായ നിറവിൽ നിലനില്ക്കും.

37. എന്നാൽ, ശേഷിച്ച നാല് അപേക്ഷകൾ നമ്മുടെ ഇന്നത്തെ ജീവിതവുമായി ബന്ധപ്പെട്ടതാണെന്ന് എനിക്കു തോന്നുന്നു. ഇവയിലാദ്യത്തേത് 'ഞങ്ങളുടെ അന്നന്നത്തെ അപ്പം ഇന്നു ഞങ്ങൾക്കു തരണമെ' എന്നതാണ്. അന്നന്നത്തെ അപ്പം എന്നു വിളിക്കപ്പെടുന്നതിനാൽ തന്നെ—ആധ്യാത്മികാർത്ഥത്തിലോ, ദൃശ്യമായ ഒന്നായി കൂദാശയിലോ, നമ്മുടെ നശ്വര ജീവിതം നിലനിർത്തുന്നതായോകാണുകയാണെങ്കിലും—അത് ഈ കാലവുമായിബന്ധപ്പെട്ടിരിക്കുന്നു. അതിനെ അവിടുന്ന് 'ഇന്ന്' എന്നു വിളിച്ചു. എന്നാൽ ആധ്യാത്മിക ഭക്ഷണം ശാശ്വതമല്ലെന്നു വരുന്നില്ല. സംസാര ശബ്ദവും ഭൗതികതലത്തിലെ ചില അടയാളങ്ങളും വഴിയാണ്, വി. ഗ്രന്ഥത്തിൽ 'അനുദിനഭോജ്യം' എന്നു വിളിക്കപ്പെടുന്നവ ആത്മാവ് ഗ്രഹിക്കുന്നത്. 'എല്ലാവരും ദൈവത്താൽ പ്രബോധിതരാകുമ്പോൾ' ഇതൊന്നും ഉണ്ടാവില്ല (യോഹ. 6;45). തങ്ങളുടെ ശാരീരികവ്യാപാരത്താൽ സത്യത്തെപ്പററിയുള്ള സൂചന നൽകുക മാത്രമായിരിക്കയില്ലവിടെ; പിന്നെയോ, തങ്ങളുടെ മനസിൻെറ പരിശുദ്ധിയിൽ അവാച്യപ്രകാശത്തിൽനിന്ന് അവർ പാനം ചെയ്യുകയും ചെയ്യും. ഇതുകൊണ്ടായിരിക്കാം പാനീയത്തെപ്പററി സൂചിപ്പിക്കാതെ ഭക്ഷണത്തെപ്പററി മാത്രം പറയുന്നത്. കാരണം, മുറിച്ച് ചവയ്ക്കുമ്പോൾ മാത്രമേ ആഹാരംപരിപോഷണത്തിനുതകൂ. വി. ഗ്രന്ഥം തുറന്നു വായിച്ച് ചർച്ചചെയ്താലേ അത് ആത്മാവിനെ പോഷിപ്പിക്കുകയുള്ളു. എന്നാൽ ഭക്ഷണമാകട്ടെ സജ്ജമായതും അങ്ങനെ തന്നെ ശരീരത്തിലേക്കു പ്രവേശിക്കുന്നതുമാണ്. ഇങ്ങനെ അനുദിനഭോജ്യം എന്നു നാം പറയുന്നത് ഈ കാലത്ത് സത്യം എന്ന അപ്പമാണ്. ശ്രമകരമായ ചർച്ചകളും പരിചിന്തനങ്ങളും—മുറിക്കലും ചവയ്ക്കലും—ആവശ്യമില്ലാത്തപ്പോൾ അത് നമുക്ക് പാനീയമായിരിക്കും. അത് സത്യത്തിൻെറ തെളിഞ്ഞശുദ്ധജലമായിരിക്കും.

ഈ ജീവിതത്തിലാണ് നമ്മുടെ പാപം മോചിക്കപ്പെടുന്നതും നാം മററുള്ളവരോടു ക്ഷമിക്കുന്നതും. അവശേഷിക്കുന്ന നാല് അപേക്ഷകളിൽ രണ്ടാമത്തേതാണിത്. വരുവാനിരിക്കുന്ന ജീവിതത്തിൽ പാപമില്ലാത്തതിനാൽ പാപപ്പൊറുതിയേയില്ല. പ്രലോഭനങ്ങളും ഈ ജീവിതത്തെ



മാത്രമേ അലട്ടുന്നുള്ളു. 'തിരുമുഖത്തിൻെറ മറവിൽ നീയവരെ മറയ്ക്കും" എന്ന് എഴുതപ്പെട്ടിരിക്കുന്നത് പൂർത്തീകരിക്കപ്പെടുമ്പോൾ പിന്നെ പ്രലോഭനങ്ങളെ കാണുകയില്ല. നാം ഏതിൽനിന്ന് രക്ഷിക്കപ്പെടാനാഗ്രഹിക്കുന്നുവോ ആ തിന്മയും, തിന്മയിൽനിന്നുള്ള വിടുതൽ തന്നെയും നിശ്ചയമായും ഈ ജീവിതവുമായി ബന്ധപ്പെട്ടതാണ്. ഈ ജീവിതത്തിലെ മർത്യതയ്ക്ക് ദൈവനീതിയിൽ നാം അർഹരായി; തൻെറ കരുണയാൽ തന്നെ അതിൽനിന്നു നാം വിമുക്തരുമായി.

# X

## മേർവിലെ ഈശോദാദ്

ഈശോദാദിൻെറ ജൻമദേശം ഖൊറാസാനിലെ മേർവ് (മറു) ആയിരുന്നു. ടൈഗ്രീസ് നദീതീരത്തുള്ള ഹദത്തായിൽ അദ്ദേഹം പൗരസ്ത്യ സുറിയാനി സഭയിൽ മെത്രാനായി. ഒൻപതാം നൂററാണ്ടിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. ഒരു വലിയ പണ്ഡിതനും വേദപുസ്തക വ്യാഖ്യാതാവുമായിരുന്നു അദ്ദേഹം. വി. മത്തായിയുടെ സുവിശേഷത്തിന് അദ്ദേഹം എഴുതിയ ഭാഷ്യത്തിൽനിന്ന് പ്രാർത്ഥനയെപ്പററി ചർച്ചചെയ്യുന്ന ഭാഗമാണ താഴെ ചേർക്കുന്നത്. മത്താ. 6:1—13ൻെറ ഭാഷ്യമാണിത്.

## പ്രാർത്ഥന

"'നിങ്ങൾ പുറജാതികളെപ്പോലെ അതിഭാഷണം ചെയ്യരുത്. ചിലർ തെററായി കരുതുന്നതുപോലെ ധാരാളം പ്രാർത്ഥിക്കുന്നതിനെയല്ല കർത്താവ് കുററപ്പെടുത്തുന്നത്, പിന്നെയോ, വ്യർത്ഥമായ യാചനകളെയാണ്. പ്രാർത്ഥിക്കുന്ന കാര്യം നന്നായിട്ടുള്ളതാണെങ്കിൽ വാക്കുകളുടെ ആധിക്യത്തെ വായാടിത്തം എന്ന് അവിടുന്നു വിളിക്കുന്നില്ല. പിന്നെയോ, 'തങ്ങളുടെ ശത്രുക്കൾക്കു ശിക്ഷലഭിക്കണമെ' എന്നു തുടങ്ങി ദൈവേഷ്ടത്തിനു നിരക്കാത്തവയ്ക്കായി യാചിക്കുന്നതിനെകുറിച്ചാണിവിടെ ചർച്ച.

നമ്മുടെ പ്രാർത്ഥന തനിക്കാവശ്യമുള്ളതുകൊണ്ടല്ല നമ്മുടെ രക്ഷകൻ നമ്മോടു പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്നത്; പിന്നെയോ, നമ്മെ തൻെറ സ്നേഹത്തിൽ ബന്ധിപ്പിക്കുവാനാണ്. അവിടുത്തേക്ക് ബലിപീഠമോ അർപ്പണമോ ഒന്നും അവശ്യമില്ല.

മൂന്നു രീതിയിലുള്ള പ്രാർത്ഥനയുണ്ട്: ഒന്നാമത് വാക്കുകളുടേത്. ഉദാ: ഹന്നാ തൻെറ അധരംകൊണ്ടു പ്രാർത്ഥിച്ചു (1ശാമു. 1;13). രണ്ടാമത്

www.malankaralibrary.com



പ്രവൃത്തികളുടേത്. ഉദാ: ഫിനെഹാസ് തന്റെ തീക്ഷ്ണമായ പ്രവൃത്തികൊണ്ട് പ്രാർത്ഥിച്ചു (സങ്കീ. 106:30). മൂന്നാമത് മനസിന്റേത് ഉദാ: 'ഞാൻ എന്റെ മനസുകൊണ്ടു പ്രാർത്ഥിക്കും'(1കൊറി. 14:15); ശാരീരികം, മാനസികം, ആത്മീയം എന്നിങ്ങനെ അവയെ മൂന്നായി തിരിക്കാം. എന്നാൽ നമ്മുടെ കർത്താവ് ഈ അവസാനത്തേതാണ് നമുക്കു നൽകിയത്. ''സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ'. ഈ യാചനയിൽ ദൈവത്തിന്റെ വിനയവും മനുഷ്യന്റെ ഉന്നതപദവിയും ഉൾക്കൊള്ളുന്നു. പൂഴിയിലെ ജീവികളുടെ പിതാവെന്ന് അവിടുന്ന് സ്വയം വിളിക്കുന്നു. അവിടുന്നപ്രകാരമാണ്. ഈ പൂഴിയിലൂടെ അവിടുന്ന് താഴ്ത്തപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്തു. 'പിതാവ്'' എന്നു പറയുമ്പോൾ അവിടുത്തേക്ക് പിതാവിന്റെ ഗുണഗണങ്ങളെല്ലാം ഉണ്ടെന്നർഥമാകുന്നു. അവിടുന്ന് തന്റെ മക്കളുടെ കാര്യത്തിൽ താല്പര്യപൂർവ്വം ശ്രദ്ധിക്കുന്നു. നാം മക്കളാണെങ്കിൽ അവിടുത്തെ കല്പനകളാചരിച്ചും സ്നേഹിച്ചും മക്കളെപ്പോലെ പെരുമാറണം എന്ന് അവിടുന്നു പഠിപ്പിക്കുന്നു. ''ഞങ്ങളുടെ പിതാവേ'', എന്നതിൽ നിന്ന് അവശ്യാവശ്യം സഹോദരങ്ങളുടെ കാര്യം വരുന്നു. കാരണം, ദൈവത്തെ 'ഞങ്ങളുടെ പിതാവേ' എന്നു വിളിക്കുന്നവർ തങ്ങൾ അവശ്യാവശ്യം സഹോദരങ്ങളാണെന്നു പ്രഖ്യാപിക്കുകയാണ്. തങ്ങളുടെ പിതാവിനോടും പരസ്പരവും സ്വാഭാവികസ്നേഹം അവർക്കുണ്ടാകേണ്ടതാണ്. 'സ്വർഗസ്ഥനായ' എന്നത്: ഒന്നാമത്, ഭൂമിയിലുള്ള പിതാക്കന്മാരിൽ നിന്നു വ്യത്യസ്തനാണെന്നു കാണിക്കാൻ; രണ്ടാമത്, അവിടുന്ന് എല്ലായിടത്തുമുണ്ടെങ്കിലും അവിടുത്തെ വാസസ്ഥലവും സിംഹാസനവും സ്വർഗത്തിലാണെന്ന് വിശുദ്ധ ഗ്രന്ഥം അവിടുത്തെ മഹത്ത്വീകരിച്ച് പറയുന്നതിനാൽ; മൂന്നാമത്, നാം നോക്കിപ്പാർക്കുന്ന നിക്ഷേപം എവിടെയാണു സൂക്ഷിച്ചിരിക്കുന്നതെന്നു കാണിക്കാൻ.

വിശുദ്ധ ലിഖിതത്തിന്റെ പ്രത്യേകത അനുസരിച്ച്, ദൈവം എന്നതിനു പകരം 'നിന്റെ നാമം' എന്നാണ് കൊടുത്തിരിക്കുന്നത്. ഉദാ: 'നിന്റെ നാമം മാത്രമാണു കർത്താവ് എന്ന് മനുഷ്യർ അറിയുന്നതിനു വേണ്ടി' (സങ്കീ. 83:18). അവിടുത്തെ വിശുദ്ധ നാമം എന്നുമെന്നേക്കും" (സങ്കീ. 145:21).

''നിന്റെ നാമം പരിശുദ്ധമാകപ്പെടണമെ. 'സ്വാഭാവികമായും അവിടുത്തേക്കു മാത്രമുള്ളതുമായ വിശുദ്ധിയോട് എന്തെങ്കിലും കൂട്ടിച്ചേർത്ത് അവിടുന്നു സ്വീകരിക്കുന്നു എന്ന അർത്ഥത്തിലല്ല, പിന്നെയോ നമ്മിലതുണ്ടാകുവാനാണ്. നാം സത്യസന്ധമായി ജീവിക്കുമ്പോൾ നാം ദൈവത്തെ വിശുദ്ധീകരിക്കുകയും മഹത്വീകരിക്കുകയും ചെയ്യുകയാണ്. ഉദാ: മനുഷ്യൻ നിങ്ങളുടെ സദ്പ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ; മഹത്വപ്പെടുത്തട്ടെ (മത്താ. 5:16). മറിച്ചാണെങ്കിൽ അവിടുത്തെ നാമം ദുഷിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യും. ''വിശുദ്ധം''



''വിശുദ്ധി'' എന്നിവ എബ്രായ പദങ്ങളാണ്; വേർതിരിക്കൽ എന്നർത്ഥം എന്നു നാം അറിഞ്ഞിരിക്കണം. ധനം കൊണ്ടോ, സൗന്ദര്യം കൊണ്ടോ, മറ്റെന്തെങ്കിലും കൊണ്ടോ എന്തിൽ നിന്നെങ്കിലും വേർതിരിക്കപ്പെട്ടവയെയൊക്കെ എബ്രായർ 'വിശുദ്ധം' എന്നു വിളിച്ചിരുന്നു. ഉദാ; ഭൂമിയിലെ വിശുദ്ധരായ ദേവൻമാർ അവരിൽ ആനന്ദം....എന്നു തുടങ്ങിയവ (സങ്കീ. 16:3). ''നിന്റെ രാജ്യം വരണമെ'': രാജ്യം എന്ന പദം ഒരു പര്യായപദമാണ്: കൃത്യമായി പറഞ്ഞാൽ ഒന്നാമതായി സ്വർഗരാജ്യം മാറ്റത്തിനും മരണത്തിനും ഉപരിസ്ഥമായ ഒരു ഭാവിയാഥാർത്ഥ്യമാണ്. ഉത്ഥാനത്തിനുശേഷമുള്ള കാലത്തേക്കു അതു നമ്മെ നയിക്കുന്നു. ഉദാ: 'നിങ്ങളോടുകൂടി വീണ്ടും കുടിക്കുന്ന ദിവസം വരെ ഈ മുന്തിരിച്ചാറിൽ നിന്നു ഞാൻ കുടിക്കുകയില്ല' (മത്താ. 26:29). വീണ്ടും, സുവിശേഷത്തിൽ: ''നിങ്ങൾ പോയി, സ്വർഗരാജ്യം സമീപസ്ഥമായിരിക്കുന്നവെന്നു പറയുക'' (മത്താ. 10:7). വീണ്ടും മാമോദീസായുടെ; ഇതുപോലെതന്നെ സ്നാപകൻ: ''മാനസാന്തരപ്പെടുവിൻ, എന്തെന്നാൽ സ്വർഗരാജ്യം സമീപസ്ഥമായിരിക്കുന്നു'' (മത്താ 3:2). വീണ്ടും ചിലരുടെ അഭിപ്രായമനുസരിച്ച്, ആത്മീയകാര്യങ്ങളുടെ ഉപമകളുടെ: സ്വർഗരാജ്യം ഇന്നയിന്ന രീതികളിലാണ് (മത്താ. 13:24). വീണ്ടും ത്രിത്വപ്രബോധനത്തിന്റെ: ഉദാ: ''കാണാവുന്ന അടയാളങ്ങളോടു കൂടിയല്ല ദൈവരാജ്യം വരുന്നത്. ദൈവരാജ്യം നിങ്ങളിലാകുന്നു. അതായത്, ആത്മാവിന്റെ ബൗദ്ധിക പ്രവർത്തനങ്ങൾക്കും മനസിനും ബാഹ്യമായിട്ടല്ല. എന്നാൽ ഭാഷ്യകാരന്റെ[1] വ്യാഖ്യാനമനുസരിച്ച്, അച്ചാരമായും രഹസ്യമായും മാമോദീസായിൽ നാം പ്രാപിച്ച പരിശുദ്ധാത്മാവിന്റെ കൃപയാണു രാജ്യം. നമ്മിൽ ഇതു സമൃദ്ധിയായി ഉണ്ടാകുന്നതിനും പുതിയ ലോകത്തിൽ പൂർണമായി നമുക്കിതു ലഭിക്കുന്നതിനും നാം പ്രാർത്ഥിക്കണമെന്ന് അവിടുന്ന് കല്പിക്കുന്നു.

''നിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെയാകണം.'' അതായത് ''സ്വർഗത്തിൽ'' ബുദ്ധിജീവികൾക്കെതിർപ്പില്ല; കാരണം, എല്ലാ ഭരണവും അധികാരവും അവിടുന്ന് ഒന്നുമില്ലായ്മയാക്കിത്തീർത്തിരിക്കുന്നു. (1 കൊറി. 15:24). അതുപോലെ സാധിക്കുന്നിടത്തോളം മർത്യരുടെ ഇടയിലും നിന്റെ ഇഷ്ടം പൂർത്തീകരിക്കപ്പെടട്ടെ; ഞങ്ങളിൽ പൂർത്തീകരിക്കപ്പെടുകയും ചെയ്യട്ടെ.

''ഞങ്ങൾക്കാവശ്യമായ അപ്പം ഇന്നു ഞങ്ങൾക്കു തരണമെ'' ശരീരത്തിന്റെ പോഷണത്തിനുതകുന്നതെല്ലാം അവിടുന്ന് ഉൾപ്പെടുത്തുന്നു. ''ഈ ദിവസം'' എന്നാൽ നമ്മുടെ ജീവിതത്തിന്റെ എല്ലാ സമയവും എന്നാണ്. ഒരു ഭാഗംകൊണ്ട് മുഴുവനെയും ഉദ്ദേശിക്കുക വിശുദ്ധ ഗ്രന്ഥത്തിന്റെ പതിവാണ്.

---

1. തിയഡോറിന്റെ

www.malankaralibrary.com



"ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമെ". മോചനത്തെ മോചനം കൊണ്ട് ബുദ്ധിപൂർവം അവിടുന്നു ബന്ധിക്കുന്നു. മററുള്ളവരിൽനിന്ന് ഇപ്പോളിതു കിട്ടാതെപോകുന്നവൻ, മററുള്ളവരുമായോ ദൈവവുമായോ ഉള്ള ബന്ധത്തിൽ സ്വയം ദ്രോഹിക്കുന്നു. ഇയ്യോബിൽ കാണുന്നതുപോലെ പ്രകൃതിയിൽ ഉണ്ടാക്കപ്പെട്ടതിൽ കളങ്കമില്ലാതെ ശുദ്ധമായി ഒന്നും തന്നെയില്ല (4:17–18). കടക്കാർ തങ്ങളുടെ കടങ്ങൾ പരസ്പരമോ ദൈവവുമായോ കൊടുത്തുവീട്ടുവാൻ വേണ്ടി, കൽപിതമായ ആവശ്യത്തിൻെറ ചങ്ങലയാൽ കടക്കാരെ അവിടുന്ന് ഇതിലേക്കു കൊണ്ടുവരുന്നു. 'എൻെറ കടങ്ങൾ ക്ഷമിക്കുക' എന്ന് നീ എന്നോട് പറയുക. 'നിൻെറ സഹോദരന നിന്നോടുള്ള കടം നീ ക്ഷമിക്കുക, എന്നു ഞാനും നിന്നോട് പറയുന്നു. 'അതു ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്നു നീ പറഞ്ഞാൽ, ഇതാ ഞാനും നിന്നോടു ക്ഷമിച്ചിരിക്കുന്നു. എന്നാൽ മറിച്ചാണെങ്കിൽ, ദൈവം മാത്രമേ എല്ലാ പാപങ്ങളും ക്ഷമിക്കുന്നുള്ളു എന്നാരെങ്കിലും പറഞ്ഞാൽ, ദൈവത്തിനല്ലാതെ പാപങ്ങൾ ക്ഷമിക്കാനാർക്കാണു കഴിയുക ? പിന്നെ എന്തിനാണ് ക്ഷമിക്കപ്പെടുന്നതിനായി വേദന അനുഭവിച്ചവരുടെ പക്കലേക്ക് ദുഷ്പ്രവർത്തകരെ അവിടുന്നയയ്ക്കുന്നത് ? ഇതുവഴി നമ്മുടെ സമാധാനത്തിൻെറ അഡ്വക്കേററ് നമ്മുടെ പ്രശാന്തത തേടുന്നു; ഇതുവഴി അവിടുത്തെ രമ്യത ഉറപ്പുവരുത്തുന്നു. "നിങ്ങൾ മനുഷ്യരോട് അവരുടെ തെററുകൾ ക്ഷമിക്കുന്നില്ലെങ്കിൽ, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവും നിങ്ങളുടെ തെററുകൾ ക്ഷമിക്കുകയില്ല" എന്ന് അവിടുന്ന് അരുൾചെയ്യുന്നു.

"ഞങ്ങളെ പരീക്ഷയിൽ പ്രവേശിപ്പിക്കരുതേ" എന്നാൽ പിന്നെ, "പരീക്ഷകൾ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാനാണ്; അവൻ പരീക്ഷിക്കപ്പെട്ടു കഴിയുമ്പോൾ'....എന്നിങ്ങനെ പറഞ്ഞിരിക്കുന്നതെങ്ങനെയാണ് ? (യാക്കോ. 1:12). അതുപോലെ, "ശരീരത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട" (മത്ത. 10:28); "തൻെറ കുരിശെടുക്കാത്തവൻ...." തുടങ്ങിയവ (38); ചുരുക്കത്തിൽ തൻെറ പ്രബോധനങ്ങളിലെല്ലാം കഷ്ടതകളിലേക്കുള്ള പ്രവേശനം അവിടുന്ന് ഒഴിവാക്കുന്നില്ല. കഷ്ടതകൾ കൂടാതെ രാജ്യം കണ്ടെത്താനാവില്ലെന്ന് അവിടുന്നു പറയുന്നു. (നട. 14:22). എങ്കിലും ആത്മീയവും പൈശാചികവുമായ പ്രലോഭനങ്ങളിൽ പ്രവേശിക്കരുതെന്ന് അവിടുന്നു കല്പിക്കുന്നു. അതായത് സൂക്ഷ്മക്കുറവ്, ദൈവദൂഷണം, അഹങ്കാരം, വ്യർത്ഥാഭിമാനം ആദിയായവ. എന്നാൽ സർവശക്തിയോടുംകൂടെ ശാരീരികപരീക്ഷകളിൽ പോരാടണം എന്ന് അവിടുന്ന കല്പിക്കുന്നു. കാരണം അവ കൂടാതെ ദൈവത്തെ സമീപിക്കാൻ നമുക്ക സാധിക്കുകയില്ല. ദിവ്യവിശ്രമം അതിൻെറ മധ്യത്തിലാണ് സ്ഥാപിതമായിരിക്കുന്നത്. പ്രലോഭനങ്ങളുണ്ടാകുമ്പോൾ അപരിചിതനേപ്പോലെ മനുഷ്യൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു. അവൻെറ സ്നേഹംകൊണ്ട് അവൻ പോരാട്ടത്തിൽ പ്രവേശിക്കുമ്പോൾ, ഒരു മാററം കാണാത്തപ്പോൾ, ദൈവത്തിൻെറമേൽ കടമ വയ്ക്കു



ന്നവൻ എന്നപോലെ, ദൈവത്തിൻെറ ഭവനാംഗവും സ്നേഹിതനുമായി അവൻ കരുതപ്പെടുന്നു. കൂടാതെ നമ്മുടെ പ്രകൃതിയുടെ ബലഹീനതയാൽ നാം പ്രലോഭനങ്ങളിൽ നിന്ന് നമ്മെതന്നെ വിമുക്തരാക്കണമെന്ന് അവിടുന്നു കൽപിക്കുന്നു; കാരണം ചിലപ്പോൾ പ്രലോഭനത്തെ എതിർത്തു നില്ക്കാൻ നമുക്കു കഴിഞ്ഞില്ലെന്നുവരാം; പരീക്ഷയിൽ ഉൾപ്പെടുന്നവരോട് നമുക്ക് അതേ സമയം കരുണയുമുണ്ടായിരിക്കണം. ഇങ്ങനെ പത്തുവാചകങ്ങളിൽ അവിടുന്നു പ്രാർത്ഥന ഉൾപ്പെടുത്തുന്നു. ആദ്യത്തെ അഞ്ചെണ്ണം ആത്മാവിനെ സംബന്ധിച്ചും പിന്നത്തെ അഞ്ചെണ്ണം ശരീരത്തെ സംബന്ധിച്ചും ആണ്.[1] നാംഎല്ലാ വികാരങ്ങളെയും ശുദ്ധീകരിക്കുന്നതിനു വേണ്ടിയാണിത്.

# XI

# ബസേലിയോസ്

മഹാനായ വിശുദ്ധ ബസേലിയോസ് (+379) ഏഷ്യാമൈനറിലെ കപ്പദോഷ്യയിൽ കേസറിയ രൂപതാദ്ധ്യക്ഷനായിരുന്നു. "പരിശുദ്ധാത്മാവിനെപ്പററി"യുള്ള പ്രതിപാദനത്തിൽ, ദൈവിക പാരമ്പര്യങ്ങളെപ്പററി ചർച്ച ചെയ്യുന്ന ഒരു ഭാഗം ഉണ്ട്. ക്രിസ്ത്യാനികൾ കിഴക്കോട്ടു തിരിഞ്ഞു നിന്നുകൊണ്ട് പ്രാർത്ഥിക്കുന്നതിൻെറ കാരണം അലിഖിത ശ്ലൈഹിക പാരമ്പര്യത്തിലത്രേ ബേസിൽ കാണുന്നത്.

## പ്രാർത്ഥന

സഭയ്ക്കുവേണ്ടി ആരംഭം മുതൽ നിയമങ്ങളുണ്ടാക്കിയ ശ്ലീഹന്മാരും പിതാക്കന്മാരും രഹസ്യത്തിലും നിശബ്ദതയിലും ദിവ്യരഹസ്യങ്ങളുടെ ഭീതിജനകമായ ഔന്നത്യം സംരക്ഷിച്ചു. കാരണം, സാധാരണ മനുഷ്യരുടെയിടയിൽ കൊട്ടിഘോഷിച്ചു നടക്കുന്നവ ദിവ്യരഹസ്യങ്ങളല്ല. നമ്മുടെ എഴുതപ്പെടാത്ത നടപടിക്രമങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും കാരണ

---

*1.* M. D, Gibson, (ed. & tr). *The Commentaries of isho'dad of Merv, Bishop of Hadatha* (c. 850 A.D). *in Syrilac and English* (Horae Semiticae- 5), Vol. 1 Book 4, Cambridge, 1911, (tr), *P.* 37—40).

www.malankaralibrary.com



മിതാണ്. ചിരപരിചയത്താൽ, നമ്മുടെ ഡോഗ്മാകളുടെ പരിജ്ഞാനം, അവഗണിക്കപ്പെടാനോ, അവജ്ഞാപൂർവം വീക്ഷിക്കപ്പെടാനോ പാടില്ല. ഡോഗ്മയും കെരിഗ്മയും രണ്ടു വ്യത്യസ്ത സംഗതികളാണ്. ആദ്യത്തേത് നിശബ്ദതയിൽ ആചരിക്കപ്പെടുന്നു. രണ്ടാമത്തേത് ലോകം മുഴവൻ പ്രഘോഷിക്കപ്പെടുന്നു. വിശുദ്ധലിഖിതത്തിൽ ഉപയോഗിച്ചിരിക്കുന്ന അവ്യക്തഭാഷ ഈ നിശബ്ദതയുടെ രൂപം വായനക്കാരനു മനസിലാക്കാൻ സഹായകമല്ല. ഉദാഹരണമായി, പ്രാർത്ഥിക്കുമ്പോൾ നാമെല്ലാവരും കിഴക്കോട്ട് തിരിഞ്ഞുനിൽക്കുന്നു. എന്നാൽ, ദൈവം കിഴക്ക് ഏദനിൽ സ്ഥാപിച്ച നമ്മുടെ പുരാതന രാജ്യമായ പറുദീസായാണു നാം അന്വേഷിക്കുന്നതെന്ന് നമ്മിൽ വളരെ കുറച്ചുപേർക്കേ അറിവുള്ളു. ആഴ്ചയുടെ ആദ്യദിവസം നിന്നുകൊണ്ടു നാം പ്രാർത്ഥിക്കുന്നു: എന്നാൽ നമുക്കെല്ലാവർക്കും അതിൻെറ കാരണം അറിയില്ല. ഉത്ഥാനദിവസത്തിൽ, നിന്നുകൊണ്ടു പ്രാർത്ഥിക്കുന്നതുവഴി, നമുക്കു നൽകപ്പെട്ട കൃപയെ നാം അനുസ്മരിക്കുന്നു. നാം മിശിഹായോടുകൂടി ഉത്ഥാനം ചെയ്യുകയും മുകളിലുള്ള സംഗതികൾ അന്വേഷിക്കാൻ കടപ്പെട്ടിരിക്കയും ചെയ്യുന്നതുകൊണ്ടു മാത്രമല്ല, പിന്നെയോ, നാം പ്രതീക്ഷിക്കുന്ന യുഗത്തിൻെറ സാദൃശ്യമായി ഒരർത്ഥത്തിൽ ആ ദിവസം നമുക്കനുഭവപ്പെടുന്നു. അതുകൊണ്ട് ആ ദിവസം, ദിവസങ്ങളുടെ ആരംഭമാണെങ്കിലും പ്രമുഖം (first) എന്നല്ല ഒന്ന് എന്നാണ് മോശ പറയുന്നത് (ഉല്പ. 1:5). അതേ ദിവസം വീണ്ടും വരുന്നു എന്ന രീതിയിൽ അവൻ പറയുന്നു: ''സന്ധ്യയായി ഉഷസായി, ഒന്നാം ദിവസം.1 ''ഒന്നും'' ''എട്ടാമത്തേതും'' ഒന്നുതന്നെയാണ്. അതിൽ തന്നെ ''ഒന്നും'' ''എട്ടാമത്തേതും'' ആയിരിക്കുന്നതിനെ വ്യക്തമായി സൂചിപ്പിക്കുന്നു. ''എട്ടാമത്തേതിനെ'' കുറിച്ച് സങ്കീർത്തകൻ ചില സങ്കീർത്തനങ്ങളുടെ ശീഷ്കത്തിൽ പരാമർശിക്കുന്നു. ഈ വർത്തമാനകാലത്തിനുശേഷമുള്ള അവസ്ഥ, ക്ഷയമോ, സന്ധ്യയോ, അടുത്തദിവസമോ ഇല്ലാത്ത ദിവസം. അവസാനിക്കാത്തതും, ക്ഷയിച്ചു പോകാത്തതുമായ യുഗം. അതുകൊണ്ട് അവശ്യാവശ്യം ആ ദിവസം നിന്നുകൊണ്ട് പ്രാർത്ഥനകളർപ്പിക്കാൻ സഭ അവളുടെ മക്കളെ പഠിപ്പിക്കുന്നു. അവസാനിക്കാത്ത ജീവിതത്തെ സംബന്ധിച്ചുള്ള നിരന്തരചിന്തയാൽ, അവിടുത്തെ വാസത്തിനുവേണ്ടവ കരുതാൻ നാം മറന്നു പോകയില്ല: കൂടാതെ വരാനിരിക്കുന്ന യുഗത്തിലെ ഉത്ഥാനത്തെ അനുസ്മരിപ്പിക്കുന്നതാണ് പെന്തിക്കോസ്തി മുഴവൻ. കാരണം ആ ഒന്നും (one) പ്രഥമവുമായ (first) ദിവസം ഏഴു പ്രാവശ്യം ഏഴുകൊണ്ടു ഗുണിച്ചാൽ, വിശുദ്ധ പെന്തിക്കോസ്തിയുടെ ഏഴാഴ്ചകൾ പൂർത്തിയാകുന്നു. കാരണം, ഒന്നിൽ ആരംഭിച്ച അതിൽ തന്നെ പെന്തിക്കോസ്തി അവസാനിക്കുന്നു. ഒരേപോലെയുള്ള ദിവസങ്ങളുടെ അൻപത് പരിവൃത്തി ഉണ്ടാകുന്നു. ഇത് നിത്യതയുടെ സാദൃശ്യമാണ്. ഒരു വൃത്തംപോലെ ഒരേ ബിന്ദുവിൽ ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്നു. ഈ ദിവസം പ്രാർത്ഥിക്കുമ്പോൾ നിവർന്നുനില്ക്കുന്നതാണ് മെച്ചമെന്ന് സഭാനിയമം നമ്മെ പഠിപ്പിച്ചിരിക്കുന്നു. നമ്മുടെ മനസ് വർത്തമാനത്തിലല്ല ഭാവിയിൽ പാദമൂന്നാൻ അവൻ നമ്മെ അനുസ്മരിപ്പിക്കുന്നു. കൂടാതെ ഓരോ പ്രാവശ്യവും നാം സാഷ്ടാംഗപ്രണാമം ചെയ്യുകയും എഴുന്നേല്ക്കുകയും ചെയ്യുമ്പോൾ, നാം നമ്മുടെ പാപം നിമത്തം ഭൂമിയിലേക്കു പതിച്ചെന്നും നമ്മുടെ സ്രഷ്ടാവിൻെറ സ്നേഹമസൃണമായ കാരുണ്യം നിമിത്തം സ്വർഗത്തിലേക്ക് തിരികെ വിളിക്കപ്പെട്ടെന്നും ആ കർമ്മം വഴി നാം വ്യക്തമാമാക്കുന്നു2.

1 one day—not first day.



# XII

# വി. ജറോം

ഒരു വലിയ വേദപുസ്തക പണ്ഡിതനായിരുന്നു എവുസേബിയസ് ഹിയെരോണിമുസ് (+420). പാശ്ചാത്യസഭയിൽപ്പെട്ട ആളാണെങ്കിലും പൗരസ്ത്യദേശങ്ങളിലാണ് അദ്ദേഹം ജീവിതത്തിൽ നല്ല പങ്ക് ചെലവഴിച്ചത്. അന്ത്യോക്യൻ മെത്രാനായ പൗളീനസാണ് ജറോമിനെ വൈദികനായി വാഴിച്ചത്. 386—ഓടുകൂടി ബേത്ലഹേമിൽ സ്ഥിരതാമസമാക്കി. അതിനുമുമ്പ് നിരവധി യാത്രകൾ ചെയ്തു. 'ലത്തീൻ വൾഗേററ്' എന്നറിയപ്പെടുന്ന ബൈബിൾ വിവർത്തനം ജറോമിൻെറ സംഭാവനയാണ്.

## പ്രാർത്ഥന

ജറോമിൻെറ ലേഖനങ്ങളിൽ നിന്ന് പ്രാർത്ഥനയെപ്പററി പ്രതിപാദിക്കുന്ന രണ്ടു ഭാഗങ്ങളാണ് താഴെ ചേർക്കുന്നത്.

1 എവുസ്തോക്കിയുമിനുള്ള ലേഖനത്തിൽ നിന്ന്3

''നിരന്തരം പ്രാർത്ഥിക്കുക'' (1 തെസ. 5:17) എന്ന് ശ്ലീഹാ കല്പിക്കുന്നു. വിശുദ്ധരെ സംബന്ധിച്ച് അവരുടെ നിദ്രപോലും പ്രാർത്ഥനയാണ്. എന്നിരുന്നാലും നമുക്ക് പ്രാർത്ഥിക്കാൻ നിശ്ചിത മണിക്കൂ

2 വി. ബസേലിയോസ്, പരിശുദ്ധാത്മാവിനെപ്പററി അധ്യായം 27 നമ്പർ 66 NPNF , 8 P 42. — 43.

3. ലേഖനം, 223:7 NPNF2 p. 6. 38—39.

www.malankaralibrary.com



റുകൾ ഉണ്ടായിരിക്കണം. കാരണം, നമുക്കു ജോലിക്കൂടുതൽ ഉണ്ടെങ്കിലും നമ്മുടെ കടമയെപ്പററി മണിക്കൂറുകൾ നമ്മെ അനുസ്മരിപ്പിച്ചുകൊണ്ടിരിക്കും. എല്ലാവർക്കും അറിവുള്ളതുപോലെ, മൂന്നാംമണി, ആറാംമണി, ഒൻപതാംമണി, പ്രഭാതം, സന്ധ്യ എന്നീ സമയങ്ങളിൽ പ്രാർത്ഥിക്കണം. പ്രാർത്ഥന കൂടാതെ ഭക്ഷിക്കാൻ പാടില്ല. ഭക്ഷണമേശയിൽ നിന്ന് എഴുന്നേൽക്കുന്നതിനു മുൻപ് സ്രഷ്ടാവിനു നന്ദിപറയണം. രാത്രിയിൽ രണ്ടോ മൂന്നോ പ്രാവശ്യം ഉണർന്ന്, നമുക്ക് മന:പാഠം അറിയാവുന്ന വേദഭാഗം ചൊല്ലണം. നമ്മുടെ ഭവനത്തിൽ നിന്നു പുറത്തിറങ്ങുമ്പോൾ പ്രാർത്ഥനയായിരിക്കണം നമ്മുടെ കവചം; തെരുവിൽ നിന്നു തിരിച്ചെത്തുമ്പോൾ പ്രാർത്ഥിച്ചിട്ടേ ഇരിക്കാവൂ. ആത്മാവിനു പോഷണം നൽകിയിട്ടേ ബലഹീനമായ ശരീരത്തിനു വിശ്രമം നൽകാവൂ. നമ്മുടെ പ്രവർത്തനങ്ങളും നമ്മുടെ യാത്രകളും കർത്താവിന്റെ കുരിശിന്റെ അടയാളം വരച്ചുകൊണ്ടേ തുടങ്ങാവൂ''.

2 ലേത്തായ്ക്കുള്ള ലേഖനത്തിൽ നിന്ന്[4]

(പൗളാ എന്ന മകളെ എങ്ങനെ ചെറുപ്പത്തിലെ അർപ്പിതജീവിതത്തിലേക്കാനയിക്കണം എന്ന് ലേത്താ ആരാഞ്ഞപ്പോൾ ജറോം കൊടുത്ത മറുപടിക്കത്തിൽ നിന്ന്)

''അവൾ രാത്രിയിൽ എഴുന്നേററ് പ്രാർത്ഥനകളും സങ്കീർത്തനങ്ങളും ചൊല്ലണം: പ്രഭാതത്തിൽ കീർത്തനങ്ങളാലപിക്കണം: ക്രിസ്തുവിനു വേണ്ടി പോരാടുവാൻ മൂന്നാം മണിക്കും ആറാംമണിക്കും ഒൻപതാം മണിക്കും അവൾ ദേവാലയത്തിൽ ഉള്ള തന്റെ സ്ഥാനത്ത് എത്തണം. അവസാനമായി, തന്റെ വിളക്കു കത്തിക്കാനും സായാഹ്നബലിയർപ്പിക്കാനും അവൾ എഴുന്നേൽക്കണം: ഇങ്ങനെ അവൾ തന്റെ ദിവസം കടത്തിവിടട്ടെ; രാത്രിയിലും അവൾ ഇവയിൽ വ്യാപൃതയായിരിക്കട്ടെ. പ്രാർത്ഥനക്കു ശേഷം വായനയും വായനയ്ക്കുശേഷം പ്രാർത്ഥനയും നടത്തുക. ഇപ്രകാരമുള്ള നിരവധിയും വൈവിദ്ധ്യമാർന്നവയുമായ സംഗതികളിൽ ഏർപ്പെടുമ്പോൾ സമയം വളരെ ചുരുങ്ങിയതായി അനുഭവപ്പെടും''.

---

4. (ലേഖനം. 197;9; *ibid.* 193.)

# XIII

# വി. ജോൺ ഡമഷീൻ

പൗരസ്ത്യസഭയിലെ അവസാനത്തെ സഭാപിതാവും സഭാമല്‌... [illegible]ന് ജോൺ (675—749). ഡമാസ്കസിലെ ഒരു പ്രശസ്ത ക്രൈസ്തവ കുടുംബത്തിൽ ജനിച്ചു. കാലീഫിന്റെ കീഴിൽ ജോലി ചെയ്തു. അവസാനം ജോലി രാജിവച്ച് ജറുസലേമിനടുത്തുള്ള മാർ സാബാ ആശ്രമത്തിൽ ചേർന്ന് വൈദികനായി. ''വിജ്ഞാനത്തിന്റെ നീരുറവ'' (പേഗേ ഗ്നോസെയോസ്) എന്നതാണ് അദ്ദേഹത്തിന്റെ പ്രധാന കൃതി. ഇതിന് മൂന്നുഭാഗങ്ങളുണ്ട്: തത്വശാസ്ത്രം, പാഷണ്ഡതകൾ, സത്യവിശ്വാസം (ദെ ഫീദെ ഓർത്തഡോക്സാ). ഗ്രീക്കു സഭാപിതാക്കന്മാരെ ആശ്രയിച്ച് ക്രിസ്തീയ വിശ്വാസത്തിന്റെ നാനാവശങ്ങളെ അപഗ്രഥിക്കയാണ് 'സത്യവിശ്വാസം' എന്ന കൃതി. ഈ കൃതി നാല് ഗ്രന്ഥങ്ങളിലായിട്ടാണ് വിരചിതമായിരിക്കുന്നത്. നാലാം ഗ്രന്ഥം പന്ത്രണ്ടാം അദ്ധ്യായത്തിൽ കിഴക്കോട്ടു തിരിഞ്ഞുനിന്ന് ദൈവാരാധന നടത്തുന്നതിനെ സംബന്ധിച്ചൊരു വിവരണമുണ്ട്. അതാണ് ചുവടെ ചേർക്കുന്നത്

## പ്രാർത്ഥന കിഴക്കോട്ട് തിരിഞ്ഞുനിന്നുകൊണ്ടായിരിക്കണം.

നാം കിഴക്കോട്ട് തിരിഞ്ഞു നിന്നാരാധിക്കുന്നത് യാദൃച്ഛികമായോ, കാരണം കൂടാതെയോ അല്ല. നാം ദൃശ്യാദൃശ്യപ്രകൃതികളാൽ, അതായത് ഭാഗികമായി ആത്മീയവും ഭാഗികമായി ശാരീരികവുമായ പ്രകൃതികളാൽ രൂപീകൃതമാണെന്നു കാണുകയാൽ, നാം സ്രഷ്ടാവിന് ദ്വിവിധാരാധന അർപ്പിക്കുന്നു നാം നമ്മുടെ ആത്മാവുകൊണ്ടും ശാരീരിക ചുണ്ടുകൾകൊണ്ടും പാടുന്നു നാം വെള്ളം കൊണ്ടും ആത്മാവുകൊണ്ടും സ്നാനപ്പെടുന്നു; ദിവ്യരഹസ്യങ്ങളിൽ പങ്കാളികളായും ആത്മാവിന്റെ കൃപയിൽ പങ്കാളികളായും ദ്വിവിധത്തിൽ നാം നമ്മുടെ കർത്താവുമായി യോജിച്ചിരിക്കുന്നു.

www.malankaralibrary.com



ദൈവം ആത്മീയമായ പ്രകാശമാകയാലും വിശുദ്ധ ലിഖിതത്തിൽ മിശിഹാ നീതിസൂര്യനെന്നും ഉഷസ്സെന്നും വിളിക്കപ്പെടുന്നതിനാലും അവിടുത്തെ ആരാധിക്കേണ്ടത് കിഴക്കോട്ട് തിരിഞ്ഞു നിന്നുകൊണ്ടായിരിക്കണം കാരണം, എല്ലാ നന്മയും ആരിൽനിന്നുദിക്കുന്നുവോ അവനിൽ എല്ലാ നന്മയും വിട്ടുകൊടുക്കണം. ദിവ്യനായ ദാവീദ് ഇപ്രകാരം പറയുന്നു: ''ഭൂമിയിലെ രാജ്യങ്ങളേ, ദൈവത്തിനു ഗാനമാലപിക്കൂ. കർത്താവിനു സ്തുതിപാടുവിൻ; സ്വർഗാധിസ്വർഗങ്ങളിൽ കിഴക്കോട്ട് സവാരി ചെയ്യുന്നവന് സ്തുതി പാടുവിൻ'' (സങ്കീ. 68:32–33). കൂടാതെ, വിശുദ്ധ ലിഖിതം ഇതും പറയുന്നു, ''ദൈവം കിഴക്ക് ഏദനിൽ ഒരു തോട്ടം നട്ടുപിടിപ്പിച്ചു; താൻ നിർമ്മിച്ച മനുഷ്യനെ ദൈവം അവിടെയാക്കി'' (ഉല്പ. 2:8). അവൻ അവിടുത്തെ കല്പന ലംഘിച്ചപ്പോൾ അവനെ പുറത്താക്കി; പറുദീസായുടെ സന്തോഷത്തിനു വെളിയിൽ വാസം നൽകി; വ്യക്തമായി അതു പടിഞ്ഞാറാണ്. അതുകൊണ്ട് നാം നമ്മുടെ പുരാതന മാതൃരാജ്യം അന്വേഷിച്ച് ദൈവത്തോട് പ്രാർത്ഥിക്കുന്നു. കൂടാതെ, മോശയുടെ കൂടാരത്തിലെ വിരിയും കൃപാസനവും കിഴക്കോട്ട് ദർശനമായിട്ടായിരുന്നു. ഏറ്റം ശ്രേഷ്ഠർ എന്ന നിലയിൽ യൂദാഗോത്രം കിഴക്കാണ് അവരുടെ താവളമടിച്ചിരുന്നത്. സോളമന്റെ സുപ്രസിദ്ധ ദൈവാലയത്തിൽ കർത്താവിന്റെ വാതിൽ കിഴക്കുവശത്തായിരുന്നു. കൂടാതെ, കുരിശിൽ കിടന്ന ഈശോയുടെ മുഖം പടിഞ്ഞാറോട്ട് തിരിഞ്ഞായിരുന്നു. അവിടുത്തെ പിൻചെല്ലുവാൻ കിണഞ്ഞു പരിശ്രമിക്കുന്ന നാം അവിടുത്തെ നോക്കി ആരാധിക്കണം. അതുപോലെ അവിടുന്ന് സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടപ്പോൾ മുഖം കിഴക്കോട്ട് തിരിഞ്ഞായിരുന്നു. അവിടുത്തെ ശ്ലീഹന്മാർ ഇപ്രകാരം ആരാധിച്ചു; അവിടുന്ന് സ്വർഗ്ഗത്തിലേക്ക് പോയതായി അവർ കണ്ടതുപോലെ അവിടുന്ന് വീണ്ടും വരും; കർത്താവു തന്നെ പറഞ്ഞതുപോലെ, ''മിന്നൽ കിഴക്കുനിന്നു പുറപ്പെട്ട് പടിഞ്ഞാറുവരെ പ്രകാശിക്കുന്നതുപോലെയായിരിക്കും മനുഷ്യപുത്രന്റെ വരവ്'' (മത്താ. 24:37). അതുകൊണ്ട്, അവിടുത്തെ വരവ് പ്രതീക്ഷിച്ചുകൊണ്ട് കിഴക്കോട്ട് തിരിഞ്ഞുനിന്നു നാം അവിടുത്തെ ആരാധിക്കുന്നു. എന്നാൽ ഈ ശ്ലൈഹികപാരമ്പര്യം അലിഖിതമാണ്. കാരണം, പാരമ്പര്യത്തിലൂടെ നമുക്കു കൈവന്ന നിരവധി സംഗതികൾ അലിഖിതമാണ്.1

1. NPNF$^2$. 9. Second part. P. 81

# XIV

# ബർ എബ്രായാ

സുറിയാനി സഭയിലെ അത്യുജ്ജ്വലതാരമായിരുന്നു മാർ ഗ്രീഗോറിയോസ് ബർ എബ്രായ (1225–1286). 1264–ൽ മഫ്രിയാൻ ആയി. പേർഷ്യയിലെ യാക്കോബായ സഭയിലെ ഏറ്റം വലിയ മഫ്രിയാനായിരുന്നു അദ്ദേഹം. സുറിയാനി, അറബി, ലത്തീൻ, ഗ്രീക്ക്, ഹീബ്രു എന്നീ ഭാഷകളിൽ അദ്ദേഹത്തിന് അസാമാന്യ പാണ്ഡിത്യം ഉണ്ടായിരുന്നു. അദ്ദേഹം ഒരു വലിയ വിജ്ഞാനഭണ്ഡാഗാരമായിരുന്നു. അദ്ദേഹത്തിന്റെ നിരവധി വിശിഷ്ട ഗ്രന്ഥങ്ങളിൽ ഒന്നാണ് ഹൂദായകാനോൻ. ആത്മീയവും ലൗകികവുമായ നിരവധി നിയമങ്ങൾ അദ്ദേഹം ക്രോഡീകരിച്ചു. അദ്ദേഹത്തിന്റെ വിശദീകരണങ്ങളോടുകൂടി പ്രസിദ്ധീകരിച്ചു. പ്രസ്തുത കാനോനികസമാഹാരത്തിൽ പ്രാർത്ഥനയെപ്പറ്റി പ്രതിപാദിക്കുന്ന ഭാഗമാണ് ചുവടേ ചേർത്തിരിക്കുന്നത്.

## പ്രാർത്ഥന

ആദായി 1: കർത്താവ് അന്ത്യത്തിൽ കിഴക്കു നിന്നു പ്രത്യക്ഷപ്പെടും. അതുകൊണ്ട് കിഴക്കോട്ടു തിരിഞ്ഞുനിന്നു പ്രാർത്ഥിക്കണമെന്നു ശ്ലീഹന്മാർ നിശ്ചയിച്ചു.

പൗലോസ്: എല്ലാവിശ്വാസിയും വിശ്വാസിനിയും പ്രഭാതസമയത്ത് ഉറക്കത്തിൽ നിന്നെഴുന്നേററ്, എന്തെങ്കിലും ജോലി ചെയ്യുന്നതിനുമുമ്പ്, കൈകൾ കഴുകിയിട്ട് പ്രാർത്ഥിക്കണം. വിശ്വാസികളാരും തന്റെ ഭവനത്തിൽ വച്ച് ശ്രോതാക്കളോടും പാഷണ്ഡികളോടും ഒപ്പം പ്രാർത്ഥിക്കരുത്. കർത്താവു വെളിച്ചം നൽകിയതുകൊണ്ട് പ്രഭാതത്തിലും, മൂന്നാം മണിക്ക് വിധിക്കപ്പെട്ടതിനാൽ അപ്പോഴും, ആറാം മണിക്ക് ക്രൂശിക്കപ്പെട്ടതിനാൽ ആ സമയത്തും, ഒൻപതാം മണിസമയത്ത് സമസ്തവസ്തു

www.malankaralibrary.com



ക്കളും ഇളകി വിറച്ചതിനാൽ ആ സമയത്തും പ്രാർത്ഥിക്കണം. രാത്രിയിലെ വിശ്രമത്തിനുവേണ്ടി സന്ധ്യാസമയത്തും, പകലിന്റെ ആഗമനം പ്രതീക്ഷിക്കുന്ന സമയമാകയാൽ കോഴികൂകുമ്പോഴും പ്രാർത്ഥിക്കണം.

ഹൂദായാ: ഏഴു തികയുവാൻ വേണ്ടി സുത്താറ എന്ന വേറൊരു പ്രാർത്ഥനയും പിതാക്കന്മാർ കൂട്ടിച്ചേർത്തിരിക്കുന്നു. ''ദിവസത്തിൽ ഏഴു പ്രാവശ്യം ഞാൻ സ്തുതിച്ചു എന്നു ദാവീദു പറഞ്ഞിട്ടുണ്ടല്ലോ (സങ്കീ. 119:164). അൽമായർക്ക് ഏഴുനേരം പ്രാർത്ഥിക്കാൻ സൗകര്യമില്ലെങ്കിൽ ''സന്ധ്യയ്ക്കും പ്രഭാതത്തിലും ഉച്ചയ്ക്കും ഞാൻ ദൈവത്തെ വിളിക്കുകയും അവിടുന്നെന്നെ രക്ഷിക്കുകയും ചെയ്യും' എന്ന് ദാവീദ് പറഞ്ഞതുപോലെ (സങ്കീ. 55:17) മൂന്നുനേരം പ്രാർത്ഥിക്കണം. ദാനിയേലും തന്റെ മാളികയുടെ ജറൂസലേമിനു നേരെയുള്ള ജനലുകൾ തുറന്നു വെച്ച് ദിവസത്തിൽ മൂന്നുപ്രാവശ്യം മുട്ടുകുത്തി തന്റെ പതിവനുസരിച്ച് ദൈവത്തെ സ്തിച്ചുകൊണ്ടിരുന്നു (ദാനി. 6:10).

ലവഡീഷ്യ സിനഡ് (4th c) ഒന്നിച്ചുകൂടി പ്രാർത്ഥിക്കുമ്പോൾ സങ്കീർത്തനങ്ങൾ മാത്രം തുടർച്ചയായി ചൊല്ലാൻ പാടില്ല. ഓരോ സങ്കീർത്തനത്തിന്റെയും ഇടയ്ക്ക് വായനയും ഉണ്ടായിരിക്കണം.

പേർഷ്യക്കാർ: പട്ടണത്തിൽ സന്നിഹിതനായിരിക്കുന്ന ആരോഗ്യവാനായ വൈദികൻ സഭയിലെ യാമപ്രാർത്ഥനകളിൽ സംബന്ധിക്കാതിരുന്നാൽ മുടക്കപ്പെടണം. ഇപ്രകാരം തന്നെ ശെമ്മാശ്ശന്മാരും അവരുടെ താഴെയുള്ളവരും.

റാബുള: സഭാസന്താനങ്ങളെല്ലാവരും പ്രാർത്ഥനയിൽ ഉററിരിക്കുകയും ശുശ്രൂഷയിൽ തല്പരരായിരിക്കുകയും വേണം. ദിനരാത്രങ്ങളിലുള്ള പ്രാർത്ഥനകളും സങ്കീർത്തനങ്ങളും അവർ മുടക്കരുത്.

കുറിയാക്കോസ് പാത്രിയർക്കീസ്; തവണക്കാരനായ വൈദികൻ ആഴ്ചമുഴുവനും പള്ളിയിൽ തന്നെ രാത്രി പാർക്കയും തന്റെ കടമ ഉത്സാഹമായി നിർവഹിക്കയും ചെയ്യണം. ഇപ്രകാരം ചെയ്യാത്തവരെ മുടക്കണം.

എഡേസയിലെ യാക്കോബ്; പ്രഭാത പ്രാർത്ഥനയ്ക്കും സന്ധ്യാ പ്രാർത്ഥനയ്ക്കും ധൂപവും പട്ടക്കാരനും ഇല്ലാതെ വന്നാൽ ധൂപം കൂടാതെ പ്രാർത്ഥന നടത്താം; അത് സ്വീകരിക്കപ്പെടും. ധൂപപ്രാർത്ഥനകൾ ധൂപം കൂടാതെ ചൊല്ലിയാലും ന്യൂനതയില്ല. അഗ്നിയും സുഗന്ധവും കൂടാതെ തന്നെ കർത്താവ് അത് അംഗീകരിച്ചുകൊള്ളും. വൈദികർ ധൂപസമയത്ത് വളരെ പ്രാർത്ഥനകൾ ചൊല്ലി വെറും വായലയ്ക്കുന്നത് വിഹിതമല്ല. ജനത്തിന്റെ അഭിവൃദ്ധിയെ ലക്ഷ്യമാക്കി ഒരു പ്രാർത്ഥന മാത്രം നടത്തിക്കൊള്ളണം.



അമീദിലെ കുറിയാക്കോസ്: ഞങ്ങളുടെ നാട്ടിൽ പള്ളികളിലും ആശ്രമങ്ങളിലും ശെമ്മാശന്മാർ ഏവൻഗേലിയോൻ വായിക്കുക പതിവില്ല. പുതിയ പതിവുകൾ ആരംഭിക്കുവാൻ ഞങ്ങൾ പറയുന്നുമില്ല. ''പിതാക്കന്മാർ പൂർവികമായി നിശ്ചയിച്ചിട്ടുള്ള നിയമങ്ങൾ മാററരുത്'' എന്ന് എഴുതപ്പെട്ടിട്ടുണ്ടല്ലോ.

ഹൂദായാ: പ്രായപൂർത്തിയുള്ള ആരോഗ്യവാനായ വിശ്വാസി ഉപേക്ഷ മൂലം പ്രാർത്ഥിക്കാതിരുന്നാൽ ബന്ധപ്പെട്ടവരുടെ സമക്ഷം അതേപ്പററി മററുള്ളവർ പരാതിപ്പെടണം.

പ്രാർത്ഥിക്കുവാൻ ആഗ്രഹിക്കുന്ന വിശ്വാസി കിഴക്കോട്ട തിരിഞ്ഞു നിന്ന് 1 വിചാരങ്ങളെ നിയന്ത്രിച്ചുകൊണ്ട് കൈകൾ നെഞ്ചത്തു ചേർത്തു വച്ച് 2 ''തന്റെ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന''

---

1. കിഴക്കോട്ട് തിരിഞ്ഞു നിന്നു പ്രാർത്ഥിക്കുക പ്രാചീന ഈജിപ്ററുകാർ, പേർഷ്യക്കാർ, ഭാരതീയർ എന്നിവരുടെ രീതിയായിരുന്നു. ഭാരതത്തിലിന്നും ഈ രീതി നിലനില്ക്കുന്നു. പ്രാചീനരുടെ ഈ രീതിക്ക് തെർത്തുല്യൻ സാക്ഷിയാണ് (അപ്പോളജി, 16:11), പ്രാചീന ക്രിസ്തീയ സഭ ഈ രീതി തുടർന്നു (തെർത്തുല്യൻ, ജാതികളോട്, 1 13; അപ്പോളജി, 16.9 11; ക്ളെമെന്റ്, സ്ത്രോമാത്ത. 7.7. 43.46, ഒരിജൻ, സംഖ്യാഹോമിലി, 5.1. പ്രാർത്ഥന. 32; ബേസിൽ, പരിശുദ്ധാത്മാവ് 27.66; അഗസ്ററിൻ, ഗിരിപ്രഭാഷണം. 2.5.18), കൂടുതൽ പഠനങ്ങൾക്ക് അപ്പസ്തോലിക പിതാക്കൻമാർ 1987, പേ. 239.9; ACW 19. p 227. n. 685; ACW 5. 198. n. 29. പോളിക്കാർപ്പ് കിഴക്കോട്ടു തിരിഞ്ഞു നിന്നു പ്രാർത്ഥിച്ച (രക്തസാക്ഷിത്വം 7.3: അപ്പ. പിതാക്കന്മാർ പേ. 126). ഹിപ്പാർക്കുസ് എന്ന ക്രിസ്ത്യാനി തന്റെ ഭവനത്തിന്റെ കിഴക്കെ ഭിത്തിയിൽ വരച്ചിരുന്ന കുരിശിനു മുൻപിൽ നിന്ന് ഏഴ പ്രാവശ്യം പ്രാർത്ഥിച്ചിരുന്നതായി സാക്ഷ്യമുണ്ട്(ACW 19:227. 673). ദൈവത്തിന്റെ പ്രതീകമായ പ്രകാശം കിഴക്കുദിക്കുന്നതിനാൽ കിഴക്കോട്ടു തിരിയുന്നതു യുക്തമാണെന്ന് സെവുഡോ–അത്തനാസ്യോസ് സാക്ഷിക്കുന്നു (Quaest. ad Antiochum, 37). ഉദയസൂര്യൻ കർത്താവിനെ സൂചിപ്പിക്കുന്നു. നീതിസൂര്യനായ കർത്താവു കിഴക്കു നിന്നു വരും എന്ന ചിന്ത പുരാതന പാരമ്പര്യത്തിന്റെ ഭാഗമാണ്: അപ്പച്ചേരിൽ വർക്കിയച്ചൻ, ''കിഴക്കോട്ടു തിരിഞ്ഞു പ്രാർത്ഥിക്കുന്നതെന്തിന്?''–കതിരൊളി 20, 7 (1981) 251–8)
2. സുറിയാനിയിൽ പ്രാർത്ഥനയുടെ ക്രമത്തിനല്പം വ്യത്യാസമുണ്ട്: ആദ്യം ''ബലവാനായ....''; പിന്നെ ''ആകാശവും ഭൂമിയും....''

www.malankaralibrary.com


എന്നുചൊല്ലി, തലതാഴ്ത്തി. കുനിഞ്ഞ് നെററിയിൽനിന്നു നെഞ്ചിലേക്കും ഇടതുവശത്തുനിന്നും വലതുവശത്തേക്കും കുരിശുവരയ്ക്കണം. വീണ്ടും നിവർന്ന്, ''ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ'' എന്നു ചൊല്ലി രണ്ടാമതും വണങ്ങി കുരിശു വരയ്ക്കണം. അനന്തരം, 'ദൈവമായ കർത്താവിൻെറ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു, ഉയരങ്ങളിൽ സ്തുതി" എന്നു ചൊല്ലി മൂന്നാമതും വന്ദിച്ചു കുരിശു വരയ്ക്കണം.

അതിനുശേഷം, 'ദൈവമേ, നീ പരിശുദ്ധനാകുന്നു..' ഞങ്ങളെ അനുഗ്രഹിക്കണമെ എന്നതു ചൊല്ലി കുരിശുവരച്ച് സാഷ്ടാംഗ പ്രണാമം ചെയ്യണം. എഴുന്നേററ് നിന്നുകുരിശുവരച്ചുകൊണ്ട് രണ്ടാമത്തും അപ്രകാരം ചൊല്ലി സാഷ്ടാംഗ പ്രണാമം ചെയ്യണം. അപ്രകാരം തന്നെ മൂന്നാമതും.

പിന്നീട് എഴുന്നേററുനിന്നുകൊണ്ട് ഞങ്ങളുടെ കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമെ' ...നിനക്കു സ്തുതി', ചൊല്ലി വന്ദിക്കണം.

. തുടർന്ന്, നിവർന്നുനിന്നുകൊണ്ട് 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ". എന്നു ചൊല്ലണം. അതിൻെറ അവസാനം ഒരു പ്രാവശ്യം കൂടി കുരിശുവരച്ചു വന്ദിക്കണം. ഇങ്ങനെ പ്രാർത്ഥന അവസാനിപ്പിക്കാം.

പെന്തിക്കുസ്തി ദിവസങ്ങളിൽ സാഷ്ടാംഗ പ്രണാമത്തിനു പകരം തലകുനിച്ച് വന്ദിച്ചാൽ മതി.

പള്ളിയിലേക്കു കയറുമ്പോൾ വാതിൽക്കൽവച്ച് വന്ദിച്ച് ഇപ്രകാരം ചൊല്ലണം; ''ദൈവമേ, നിൻെറ ഭവനത്തിൽ ഞാൻ പ്രവേശിച്ചു. സ്വർഗീയ രാജാവേ, നിൻെറ സിംഹാസനത്തിൻെറ മുൻപിൽ ഞാൻ വന്ദിച്ചു. നിനക്കെതിരായി ഞാൻ ചെയ്തുപോയ സകല പാപങ്ങളും എന്നോടു ക്ഷമിക്കണമെ''. തുടർന്ന്, നടന്ന് മദ്ബഹായുടെ മുൻപാകെ ചെന്നു നിന്ന് മേൽപ്പറഞ്ഞപ്രകാരം" 'തൻെറ സ്തുതികളാൽ..' എന്നു തുടങ്ങുന്ന പ്രാർത്ഥന ചൊല്ലി മൂന്നു വന്ദനവുകളും നടത്തണം.

എപ്പിസ്കോപ്പാ സന്നിഹിതനാണെങ്കിൽ അദ്ദേഹത്തിൻെറ കൈ മുത്തണം. അദ്ദേഹം സന്നിഹിതനല്ലെങ്കിൽ മദ്ബഹായുടെ വാതിൽ മുത്തിയിട്ട് പതിവുള്ള സ്ഥാനത്തു പോയി നിന്ന് മേൽ പറഞ്ഞ പ്രകാരം കുമ്പിടീലും പ്രാർത്ഥനകളും നടത്തണം.

പ്രാർത്ഥിക്കുന്നയാൾ പട്ടക്കാരനാണെങ്കിൽ ആരംഭത്തിലെ മൂന്നു വന്ദനവുകൾ നടത്തിയിട്ട് ഗീതങ്ങളും സെദ്റായും ചൊല്ലി അതിനുശേഷം മൂന്നു കുമ്പിടീലും രണ്ടു വന്ദനവുകളും നടത്തി അവസാനിപ്പിക്കണം.[3]

---

3 മദ്ബഹായിൽ പ്രവേശിക്കുന്ന പട്ടക്കാരൻ ബലിപീഠത്തിൻെറ കോണുകൾ മുത്തണം.



ഉയിർപ്പു ഞായറാഴ്ചമുതൽ ഒക്ടോബർമാസം അവസാനത്തെ ഞായറാഴ്ച വരെ വിശുദ്ധസഭയിൽ ഉയിർപ്പിൻെറ ക്രമങ്ങൾ നിർവഹിക്കപ്പെടുന്നു. നവംബർമാസം ആരംഭിക്കുന്നത് ബുധനാഴ്ചയോ വ്യാഴാഴ്ചയോ വെള്ളിയാഴ്ചയോ ശനിയാഴ്ചയോ ഞായറാഴ്ചയോ ആണെങ്കിൽ നവംബർ ആദ്യഞായർ കൂദോശ് ഈത്തോ ആയിരിക്കും.[4] കൂദോശീത്തോയ്ക്കുശേഷം ഹൂദസ് ഈത്തോയുടെ പ്രാർത്ഥനയാണ്. അതുകഴിഞ്ഞ് സക്കറിയായോടുള്ള അറിയിപ്പ്, മാതാവിനോടുള്ള മംഗലവാർത്ത, ഏലിശുബായെ സന്ദർശിക്കൽ, യോഹന്നാൻെറ ജനനം, യൗസേപ്പിനുണ്ടായ വെളിപാട്, ജനനത്തിനു മുൻപ്, യൽദാ പെരുന്നാൾ, ദൈവമാതാവായ മറിയാമ്മിൻെറ പുകഴ്ച, ശിശുവധം, ദനഹാ, മൂന്നുനോമ്പാരംഭം വരെ ദനഹാക്കാലം, പട്ടക്കാരുടെ ഓർമ, സകല പരേതരുടെയും ഓർമ, വെള്ളം വീഞ്ഞാക്കിയത്,[5] വലിയ നോമ്പിൻെറ എല്ലാ ഞായറാഴ്ചകളിലും അത്ഭുത പ്രവൃത്തികളുടെ അനുസ്മരണ എന്നിവ സഭയിൽ ആചരിക്കപ്പെടുന്നു.

ആഴ്ചതോറും രാപകലുകൾ, തിങ്കളും ചൊവ്വായും അനുതാപാദിനങ്ങളാണ്. ബുധനാഴ്ച ദൈവമാതാവിൻെറയും വ്യാഴാഴ്ച അനുതാപത്തിൻെറയും മൽപ്പാന്മാരുടെയും വെള്ളിയാഴ്ച സ്ളീബായുടെയും സഹദേന്മാരുടെയും, ശനിയാഴ്ച പരേതരുടെയും പ്രാർത്ഥനകൾ ചൊല്ലുന്നു.

മൂന്നാം മണിയുടെ പ്രാർത്ഥന പ്രഭാതപ്രാർത്ഥനയോടു ചേർത്തു ചൊല്ലുന്നു. ഉച്ചപ്രാർത്ഥന പൊതുവാണ്; എന്നാൽ ഒൻപതാം മണിയുടേത് മരിച്ചവരെ ഓർത്തുള്ളതാണ് സൂത്താറ പ്രാർത്ഥന അനുതാപത്തിൻേറതാണ്.

ഞായറാഴ്ചകളുടെ ലയം പുതുഞായറാഴ്ച മുതൽ തുടങ്ങി ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങനെ തുടരുന്നു. സാധാരണ ദിവസങ്ങളിൽ ഒന്നും അഞ്ചും, രണ്ടും ആറും, മൂന്നും ഏഴും, നാലും എട്ടും വീണ്ടും തിരിച്ചും ഇങ്ങനെ പോകുന്നു.

---

4 ഒക്ടോബർ മുപ്പതോ മുപ്പത്തിഒന്നോ ഞായറാഴ്ചയാണെങ്കിൽ അന്നാണ് കൂദോശീത്തോ ഞായർ; അല്ലെങ്കിൽ നവംബർ മാസത്തെ ആദ്യത്തെ ഞായറാഴ്ച (പെരുന്നാളുകളും വേദവായനക്കുറിപ്പും (മലങ്കരക്രമം). (ed.) ജി. ചേടിയത്ത്, തിരുവനന്തപുരം, 1973, പേ. 16).

5 കൊത്തിനേ ഞായർ എന്നറിയപ്പെടുന്നു. വലിയ നോമ്പിലെ ഓരോ ഞായറാഴ്ചയ്ക്കും ഇപ്രകാരം ഒരോ സുറിയാനിപ്പേരുണ്ട്.

www.malankaralibrary.com



ഏവൻഗേലിയോനോ മറെറന്തെങ്കിലും വിശുദ്ധ ഗ്രന്ഥമോ വായിയിച്ചുകൊണ്ടിരിക്കുമ്പോൾ പള്ളിയിൽ പ്രവേശിക്കുന്ന വിശ്വാസികൾ ഹൈക്കലായിൽ പ്രവേശിച്ച് നിന്നുകൊണ്ട് അതു കേൾക്കുകയും അതു കഴിഞ്ഞ് പ്രാർത്ഥന നടത്തുകയും വേണം.

അനുഗ്രഹം പ്രാപിക്കുന്നയാൾ എപ്പിസ്കോപ്പായുടെ മുൻപാകെ ശിരോവസ്ത്രം നീക്കി വണങ്ങി നിൽക്കുകയും തന്റെമേൽ അദ്ദേഹം കൈ വയ്ക്കുമ്പോൾ വലത്തുകൈ ചുംബിക്കയും വേണം.

എപ്പിസ്കോപ്പായ്ക്കു ധൂപം അർപ്പിക്കുന്ന പട്ടക്കാരനും ഇപ്രകാരം തന്റെ രണ്ട് ഉള്ളംകയ്യിലുമായി അദ്ദേഹത്തിന്റെ മുൻപിൽ ധൂപകലശം കൊണ്ടുചെല്ലുകയും വലത്തുകൈ മുത്തുകയും വേണം.

എപ്പിസ്കോപ്പാ ധൂപക്കുററിയിൽ കുന്തിരിക്കം ഇടുമ്പോൾ ശെമ്മാശ്ശൻ എപ്പിസ്കോപ്പായുടെ വലത്തുകൈ ചുംബിക്കണം. പിന്നീട്, സെദറാ ചൊല്ലുന്നയാളിന് ആദ്യം ധൂപം വീശുന്നു. പിന്നീട് പ്രധാന പട്ടക്കാരനും മററുള്ളവർക്കും ധൂപം വീശിയിട്ട് എപ്പിസ്ക്കോപ്പായുടെ അടുക്കൽ മടങ്ങി വീണ്ടും ധൂപം വയ്ക്കണം.

ധൂപം വയ്ക്കുമ്പോൾ മദ്ബഹായുടെ മുൻപാകെ മൂന്നു പ്രാവശ്യവും എപ്പിസ്ക്കോപ്പായുടെ മുപാകെ മൂന്നു പ്രാവശ്യവും ധൂപം വീശണം. പിന്നീട് എപ്പിസ്കോപ്പായുടെ കൈ മുത്തിയശേഷം വൈദികർക്കും ജനത്തിനും ധൂപം വീശുന്നു. അവസാനിക്കുമ്പോൾ വീണ്ടും, മദ്ബഹാ മുൻപാകെ മൂന്നു പ്രാവശ്യവും എപ്പിസ്ക്കോപ്പായുടെ മുൻപാകെ മൂന്നു പ്രാവശ്യവും ധൂപം വീശി കൈ മുത്തിനിർത്തണം.[6]

---

6 Bar Hebraeus, *Nomocanon,* ed. Paul Bedjan, Paris, 1898. ഹൂദായകാനോൻ. (tr.), കോനാട്ട് അബ്രഹാം മല്പാൻ, പാമ്പാക്കുട, s.d. പേ. 73—79 (അഞ്ചാം അദ്ധ്യായം, അഞ്ചാം ഖണ്ഡിക).

# XV

# പുരാതന രേഖകൾ

പ്രാർത്ഥനയെപ്പററി പരാമർശിക്കുന്ന ചില പുരാതന രേഖകൾ ഈ ഭാഗത്തുൾപ്പെടുത്തിയിരിക്കുന്നു.

## 1 ഡിഡാക്കെ (100–150)[1]

8, 2: ''നിങ്ങൾ കപടഭക്തരെപ്പോലെ പ്രാർത്ഥിക്കരുത് (മത്താ. 6: 5), പിന്നെയോ, കർത്താവു തന്റെ സുവിശേഷത്തിൽ കല്പിച്ചതനുസരിച്ച് താഴെപ്പറയും വിധം പ്രാർത്ഥിക്കുക: സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,[2] .......രക്ഷിച്ചുകൊള്ളണമെ. എന്തെന്നാൽ ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ. ഇപ്രകാരം മൂന്നു പ്രാവശ്യം പ്രാർത്ഥിക്കണം''.

## 2 അപ്പസ്തോലിക കോൺസ്ററിററ്യൂഷൻസ് ($4^{th}$c)[3]

''നിങ്ങൾ കപടഭക്തരെപ്പോലെ പ്രാർത്ഥിക്കരുത്. [4] .......എന്തെന്നാൽ എന്നേക്കും രാജ്യം നിനക്കുള്ളതാകുന്നു. ആമ്മീൻ; പിതാവിന്റെ ദത്തെടുക്കലിനു യോഗ്യരാകുവാനായി ഒരുക്കത്തോടുകൂടെ ദിവസത്തിൽ മൂന്നു പ്രാവശ്യം ഇപ്രകാരം പ്രാർത്ഥിക്കുക. അയോഗ്യമായി അവിടത്തെ 'പിതാവേ' എന്നു വിളിച്ചാൽ ഇസ്രായേലിനെപ്പോലെ നീയും കുററപ്പെടുത്തപ്പെടാനിടയുണ്ട്''.

---

1. ജി. ചേടിയത്ത്. അപ്പസ്തോലികപിതാക്കന്മാർ, കോട്ടയം. 1987. പേ. 7
2. തുടർന്ന് കർതൃപ്രാർത്ഥന മുഴുവൻ.
3. പുസ്തകം VII. ഭാഗം II. 24 *ANF.* 7. P. 470. ഡിഡാക്കേയിൽ കാണുന്നതുപോലെ തന്നെയാണിവിടെയും.
4. തുടർന്ന് ഡിഡാക്കേയിലെപ്പോലെ ''എന്തെന്നാൽ'' വരെ.

www.malankaralibrary.com



## 3 അപ്പസ്തോലിക പാരമ്പര്യം[5]

വിശ്വാസികൾ ഉണരുമ്പോൾ തന്നെ, ജോലികൾക്കു പുറപ്പെടുന്നതിനു മുൻപ്, കൈകൾ കഴുകിയശേഷം ദൈവത്തോടു പ്രാർത്ഥിക്കണം. അതിനുശേഷം തിടുക്കത്തിൽ ജോലികളിൽ പ്രവേശിക്കട്ടെ (31: 1; 35:1).

നിങ്ങൾ വീട്ടിൽതന്നെയാണെങ്കിൽ മൂന്നാം മണിക്ക് പ്രാർത്ഥിക്കുകയും ദൈവത്തെ വാഴ്ത്തുകയും ചെയ്യുക. എന്നാൽ നിങ്ങൾ വേറെയെവിടെയെങ്കിലുമാണെങ്കിൽ ആ സമയത്തു നിങ്ങളുടെ ഹൃദയത്തിൽ പ്രാർത്ഥിക്കുക. കാരണം, ഈ മണിക്കൂറിലാണ് മിശിഹാ മരത്തിൽ തറയ്ക്കപ്പെട്ടത്. മിശിഹായുടെ ശരീരത്തിൻെറയും രക്തത്തിൻെറയും പ്രതീകമായി ഒരുക്കത്തിൻെറ അപ്പം അർപ്പിക്കപ്പെടേണ്ടത് മൂന്നാം മണിക്കൂറിലാണെന്ന് പഴയനിയമം അനുശാസിച്ചിരുന്നു. യഥാർത്ഥ കുഞ്ഞാടിൻെറ പ്രതിരൂപമായിരുന്ന നിശബ്ദയായ ആട്ടിൻകുട്ടി ബലികഴിക്കപ്പെട്ടിരുന്നതും ആ സമയത്തായിരുന്നു. മിശിഹായാണ് ഇടയനും സ്വർഗത്തിൽ നിന്നിറങ്ങിവന്ന അപ്പവും (36:2;3).

അതുപോലെ തന്നെ ആറാംമണിക്കും പ്രാർത്ഥിക്കണം. ആ മണിക്കൂറിൽ മിശിഹാ കുരിശുമരത്തിൽ തറയ്ക്കപ്പെട്ടപ്പോൾ പകൽ വെളിച്ചം മങ്ങി എങ്ങും അന്ധകാരം വ്യാപിച്ചു. അവിശ്വാസികളായ യൂദന്മാർക്കു വേണ്ടി സൃഷ്ടി മുഴുവൻ അന്ധകാരമയമാകുകയും പ്രാർത്ഥിക്കുകയും ചെയ്തു. ആ മണിക്കൂറിൽ ശക്തിയേറിയ പ്രാർത്ഥനകളോടുകൂടി അവിടുത്തെ നിലവിളിയിൽ നാമും പങ്കുചേരണം (36.4).

വഞ്ചിക്കാത്തവനും, തൻെറ വിശുദ്ധരെ അനുസ്മരിക്കുകയും അവരെ പ്രകാശിപ്പിക്കുന്നവനായി വചനത്തെ അയയ്ക്കുകയും ചെയ്തവനുമായ ദൈവത്തെ മഹത്വപ്പെടുത്തുന്ന നീതിമാൻമാരുടെ ആത്മാക്കളെപ്പോലെ, ഒൻപതാം മണിക്കൂറിലും നിങ്ങൾ സ്തുതികൾ ആലപിക്കുകയും പ്രാർത്ഥനകൾ ചൊല്ലുകയും ചെയ്യുവിൻ. കാരണം ആ മണിക്കൂറിലാണ് അവിടുത്തെ വിലാപ്പുറം കുന്തത്താൽ പിളർക്കപ്പെട്ടതും രക്തവും വെള്ളവും ഒഴുകിയതും. ദിവസത്തിൻെറ ശേഷിച്ചിരുന്ന പ്രകാശമാനമായ ഭാഗം ഇരുളായി. അതുവഴി അവിടുത്തെ നിദ്രയുടെ ആരംഭം പുതിയൊരു ദിനത്തിൻെറ പുലരിക്കു കാരണമായി തീരുകയും ചെയ്തു (36:5–6).

5. റോമിലെ വി. ഹിപ്പോളിററസാണ് (170–235) ഇതിൻെറ കർത്താവ്: ജി. ചേടിയത്ത്. സഭാപിതാക്കൻമാർ-1. കോട്ടയം, 1987. പേ. 269–273.



കിടക്കയിൽ നിൻെറ ശരീരം വിശ്രമിക്കുന്നതിനു മുൻപും പ്രാർത്ഥിക്കണം (36:7).

അർദ്ധ രാത്രിയിൽ ഉണർന്ന് കൈകൾ കഴുകിയശേഷം പ്രാർത്ഥിക്കുക. നിനക്കു ഭാര്യയുണ്ടെങ്കിൽ നിങ്ങൾ ഒന്നിച്ചു പ്രാർത്ഥിക്കുക എന്നാൽ അവൾ മാമോദീസാ സ്വീകരിച്ചവളല്ലെങ്കിൽ നീ മററൊരു മുറിയിൽ പോയി പ്രാർത്ഥിച്ചശേഷം കിടക്കറയിലേക്കു മടങ്ങുക. പ്രാർത്ഥിക്കുന്നതിൽ അലസരാകരുത്....താഴെ പറയുന്നകാരണത്താൽ ഈ മണിക്കൂറിൽ പ്രാർത്ഥിക്കുക ആവശ്യമാണ് (36:8—13). പാരമ്പര്യം കൈമാറിത്തന്ന ഭാഗ്യവാന്മാരായ പ്രെസ്ബിററർമാർ ഇതു നമ്മെ പഠിപ്പിക്കുന്നു. ഈ നാഴികയിൽ ഓരോ സൃഷ്ടിയും കർത്താവിനെ സ്തുതിക്കാനായി അല്പനേരത്തേയ്ക്കു നിശബ്ദരാകുന്നു. നക്ഷത്രങ്ങളും സസ്യലതാദികളും ജലവും ആ സമയം നിശ്ചലമാകുന്നു. കർത്താവിനെ ശുശ്രൂഷിക്കുന്ന മാലാഖമാരുടെ കൂട്ടങ്ങൾ നീതിമാന്മാരുടെ ആത്മാക്കളോടൊപ്പം അവിടുത്തെ സ്തുതിക്കുന്നു. ആയതിനാൽ വിശ്വാസികളെല്ലാം ആ നാഴികയിൽ പ്രാർത്ഥിക്കുവാൻ ശ്രദ്ധിക്കണം. ഇതിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് കർത്താവു തന്നെ പറഞ്ഞിരിക്കുന്നു പാതിരാവിൽ ഒരാർപ്പുവിളികേട്ടു: ഇതാ, മണവാളൻ വരുന്നു. പുറത്തുവന്ന് അവനെ എതിരേല്ക്കുവിൻ. അതുകൊണ്ട് നിങ്ങൾ ഉണർന്നിരിക്കുവിൻ; എന്തെന്നാൽ അവിടുന്നു സമാഗതനാകുന്ന നാഴിക നിങ്ങൾക്കജ്ഞാതമാണ്.

കോഴി കൂവുന്ന മണിക്കൂറിലും ഉണർന്നു പ്രാർത്ഥിക്കുവിൻ. കാരണം, വിശ്വാസം വഴി നാം അറിഞ്ഞിരിക്കുന്ന മിശിഹായെ കോഴി കൂവുന്ന സമയത്ത് ഇസ്രായേൽ മക്കൾ തള്ളിപ്പറഞ്ഞു. നാമാകട്ടെ, മരിച്ചവരുടെ ഉയിർപ്പിൽ പ്രത്യക്ഷപ്പെടാനിരിക്കുന്ന പ്രകാശത്തെ പ്രത്യാശാപൂർവം എല്ലാദിവസവും കാത്തിരിക്കുന്നു (33:14).

## 4. ഹിപ്പോളിററസിൻെറ കാനോനാകൾ[6]

പ്രാർത്ഥനാസമയങ്ങളെ സംബന്ധിച്ച് പൗലോസ് ശ്ലീഹാ രചിച്ചത്: രാവിലെയും മൂന്നാംമണിക്കും ആറാംമണിക്കും ഒൻപതാംമണിക്കും വൈകിട്ടും കോഴികൂകുമ്പോഴും പ്രാർത്ഥന ചൊല്ലണം.[7] കർത്താവു

6. 'അപ്പസ്തോലിക പാരമ്പര്യത്തെ' ആധാരമാക്കി 6.ാം നൂററാണ്ടിൽ രചിക്കപ്പെട്ടവ. ഹിപ്പോളിററസിൻെറ പേരിൽ തെററായി ഇത് ആരോപിച്ചിരിക്കുന്നു: A. Voobus, *The Synodicon in the West Syrian Church,* 1, Louvain, 1975 (*CSCO* 368/syr.62), P. 87-88.

7. അപ്പ. പാരമ്പര്യം 31.1;35.1; 36.2-15 കാണുക.

www.malankaralibrary.com



നമുക്ക് വെളിച്ചം നൽകിയതിനും രാത്രി കടന്നുപോകാൻ ഇടയാക്കിയതിനും പകലിലെത്തിച്ചതിനും പ്രഭാതത്തിൽ നന്ദി പറയണം. കർത്താവ് മൂന്നാം മണിക്ക് പീലാത്തോസിനാൽ വിധിക്കപ്പെട്ടതിനാൽ മൂന്നാം മണിക്ക് പ്രാർത്ഥിക്കണം (മർക്കോ. 15:1ff). ആറാം മണിക്ക് കർത്താവ് ക്രൂശിക്കപ്പെടുകയും തിരുവിലാവ് തുറക്കപ്പെടുകയും രക്തവും വെള്ളവും ഒഴുകുകയും ചെയ്തതിനാൽ പ്രാർത്ഥിക്കണം. (യോഹ. 19:34). കർത്താവ് ക്രൂശിക്കപ്പെട്ടപ്പോൾ, കർത്താവിനോടുള്ള നിന്ദനം സഹിക്കവയ്യാതെ അഭക്തരായ യൂദൻമാരുടെ ധിക്കാരത്തിൽ പ്രകൃതി ഞടുങ്ങിയാലെന വണ്ണം സമസ്തവസ്തുക്കളും ഇളകി വിറച്ചതിനാൽ (മത്താ. 27:45ff ഒൻപതാം മണിക്കൂറിലും പ്രാർത്ഥിക്കണം. ദിവസത്തിലെ അധ്വാനത്തിൽനിന്ന് രാത്രിയിലെ വിശ്രമം ദൈവം നിനക്ക് നൽകിയതിനാൽ സന്ധ്യയ്ക്കു ദൈവത്തിനു നന്ദി പറയണം. കോഴികൂകുമ്പോൾ, ദിവസത്തിന്റെ വരവിനെപ്പററിയുള്ള സദ്വാർത്തയും വെളിച്ചത്തിനു ചേർന്ന ജോലി വേലകളും അതു പ്രഖ്യാപിക്കുന്നതിനാൽ പ്രാർത്ഥിക്കണം.

മെത്രാൻമാരേ, അവിശ്വാസികൾ നിമിത്തം ദേവാലയത്തിൽ പോകാൻ സാധിക്കാത്തപ്പോൾ 'വിശ്വാസികളെ ഒരു ഭവനത്തിൽ ഒന്നിച്ചുകൂട്ടണം. വിശ്വാസികൾ അഭക്തരുടെ പള്ളികളിൽ കയറാൻ ഇടയാകാതിരിക്കട്ടെ, കാരണം, സ്ഥലമല്ല മനുഷ്യനെ വിശുദ്ധീകരിക്കുന്നത്, പിന്നെയോ മനുഷ്യനാണ് സ്ഥലത്തെ വിശുദ്ധീകരിക്കുന്നത്. അഭക്തർ ഒന്നിച്ചു കൂടിയിരിക്കുന്നിടത്തുനിന്ന്, അവരാൽ നിങ്ങൾ അശുദ്ധരാക്കപ്പെടാതിരിക്കാൻ, ഓടിയകലുവിൻ. കാരണം, വിശുദ്ധ വൈദികർ വിശുദ്ധീകരിക്കുന്നതുപോലെ, അശുദ്ധർ അശുദ്ധമാക്കുന്നു. ഒരു പള്ളിയിലോ ഭവനത്തിലോ ഒന്നിച്ചുകൂടാൻ സാധിക്കാതെ വന്നാൽ ഓരോരുത്തൻ തനിച്ചോ, രണ്ടോ മൂന്നോ പേർ ഒന്നിച്ചോ പാടുകയും വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യട്ടെ. കാരണം, 'രണ്ടോ, മൂന്നോ പേർ എന്റെ നാമത്തിൽ ഒന്നിച്ചുകൂടിയാൽ അവരുടെ മധ്യേ ഞാനുണ്ട്' (മത്താ. 18:20) വിശ്വാസികളാരും ശ്രോതാക്കളോടുകൂടി ഭവനത്തിൽ പ്രാർത്ഥിക്കരുത്; കാരണം, വിശ്വാസികളോടുകൂടി സംസർഗമുള്ളയാൾ സംസർഗമില്ലാത്തയാളാൽ മലിനമാക്കപ്പെടുന്നതു ശരിയല്ല. ഒരു പാഷണ്ഡിയോടൊപ്പം വിശ്വാസികൾ ഭവനത്തിൽ പ്രാർത്ഥിക്കരുത്; കാരണം, 'പ്രകാശത്തിന് അന്ധകാരവുമായി എന്തു സംസർഗമാണ്?' (2കൊറി. 6:14). അടിമകളുമായി. സംബന്ധപ്പെട്ട വിശ്വാസികളായ സ്ത്രീപുരുഷൻമാർ അവരെ ഉപേക്ഷിക്കണം; അല്ലെങ്കിൽ അവർ തിരസ്കരിക്കപ്പെടണം.



## 5. കർത്താവിന്റെ വിൽപത്രം [8]

പ്രഭാതസമയത്തെ സംബന്ധിച്ച് ജനങ്ങൾ എപ്പോഴും ശ്രദ്ധാലുക്കളായിരിക്കണം. എഴുന്നേററ് കൈകൾ കഴുകിയാലുടൻ പെട്ടെന്ന് അവർ പ്രാർത്ഥിക്കണം. അതിനുശേഷം ഓരോരുത്തരും തന്റെ ജോലിയിൽ പ്രവേശിക്കണം.

മൂന്നാം മണിക്കൂറിൽ അനുതാപത്തോടും താല്പര്യത്തോടും പള്ളിയിലോ, പള്ളിയിൽ പോകാൻ സാധിക്കാത്തപ്പോൾ ഭവനത്തിലോ വച്ച് പ്രാർത്ഥിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. കാരണം, ഏകജാതനെ കുരിശിൽ തറച്ചത് ഈ മണിക്കൂറിലാണ്. ഇതുപോലെ ആറാം മണിക്കൂറിലും അനുതാപത്തോടു കൂടിയുള്ള പ്രാർത്ഥന ഉണ്ടായിരിക്കണം. കാരണം, ആ മണിക്കൂറിൽ ദിവസത്തിന്റെ പ്രകാശത്തെ അന്ധകാരം മൂടിക്കളഞ്ഞു. അതുകൊണ്ട് ആ അവസരം പ്രവാചകരുടെ ശബ്ദം പോലെയുള്ള ശബ്ദവും സൃഷ്ടിയിൽ ദുഃഖവും ഉണ്ടായിരിക്കട്ടെ.

ദൈവത്തെ മഹത്വപ്പെടുത്തുന്ന ആത്മാക്കളുടെ സ്തുതി ഗീതം പോലെ ഒൻപതാം മണിക്കൂറിലും പ്രാർത്ഥിക്കണം. ദൈവം കള്ളം പറയുന്നില്ല; അവിടുന്ന് തന്റെ വാഗ്ദാനങ്ങൾ അനുസ്മരിക്കയും തന്റെ വചനത്തെയും വിജ്ഞാനത്തെയും അയച്ച് നമ്മെ പ്രകാശിപ്പിക്കുകയും ചെയ്തു. കാരണം, ആ മണിക്കൂറിൽ വിശ്വാസികൾക്കു ജീവൻ തുറക്കപ്പെട്ടു; കർത്താവിന്റെ വിലാവിൽ നിന്ന് രക്തവും വെള്ളവും ഒഴുകുകയും ചെയ്തു (യോഹ. 19:34).

മററൊരു ദിവസത്തിന്റെ ആരംഭമായ സന്ധ്യയിലും ഉത്ഥാനത്തിന്റെ പ്രതിച്ഛായ കാണിച്ചുകൊണ്ട് തന്നെ സ്തുതിക്കാൻ അവിടുന്നു നമുക്കിടയാക്കുന്നു.

ഉത്ഥാനത്തെ പ്രതി പാതിരാത്രിയിൽ അവർ സ്തുതികീർത്തനങ്ങളോടെ ഉണർന്നെഴുന്നേൽക്കണം.

പുലരിയിൽ സങ്കീർത്തനങ്ങളോടു കൂടെ സ്തുതിച്ചുകൊണ്ട് അവർ എഴുന്നേൽക്കണം; കാരണം, അവർ സങ്കീർത്തനങ്ങൾ പാടിക്കൊണ്ടിരുന്നപ്പോൾ അവിടുന്നുത്ഥാനം ചെയ്തത് പിതാവിനെ മഹത്വപ്പെടുത്തി.

എന്നാൽ ആർക്കെങ്കിലും ഒരു സഹവാസി ഉണ്ടെങ്കിൽ, അവൻ തനിയെ മാറിപ്പോയി അവശ്യാവശ്യം ഈ മണിക്കൂറുകളിൽ പ്രാർത്ഥിക്കട്ടെ.

---

8. 'തെസ്തമെന്തും ദോമിനി 'എന്ന രേഖ: A. Voobus, *op. cit.* p. 63—64. 'അപ്പസ്തോലിക പാരമ്പര്യത്തെ' ആധാരമാക്കി 4/5 നൂററാണ്ടിൽ രചിക്കപ്പെട്ടതാണിതും.

www.malankaralibrary.com



ശുദ്ധർ ഇതിൽ കുറവു വരുത്തരുത്. കാരണം, ആകാശഗോളങ്ങളായ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും, മിന്നലും, ഇടിമുഴക്കവും, മേഘങ്ങളും, മാലാഖമാരും, മഹത്വങ്ങളും, അധികാരങ്ങളും, സകല സ്വർഗീയ സൈന്യവും ആഴങ്ങളും കടലുകളും നദികളും കിണറുകളും അഗ്നിയും മഞ്ഞും മഴ പെയ്യിക്കുന്ന എല്ലാ പ്രകൃതിയും ദൈവത്തെ മഹത്വപ്പെടുത്തുന്നു.

എല്ലാ വിശുദ്ധരും നീതിമാൻമാരുടെ എല്ലാ ആത്മാക്കളും ദൈവത്തെ മഹത്വപ്പെടുത്തുന്നു. പ്രാർത്ഥിക്കുന്നവരെ ദൈവം തന്റെ ഓർമ്മയിൽ നിലനിർത്തുന്നു.

## 6. നിഖ്യാസൂനഹദോസ് (325) കാനൻ (20)

'കർതൃദിവസത്തിലും പെന്തിക്കൊസ്തിയിലും ചിലയാളുകൾ മുട്ടുകുത്തുന്നതായി അറിയുന്നു. എല്ലായിടത്തും എല്ലാക്കാര്യങ്ങളും ഒരുപോലെ ആചരിക്കപ്പെടുന്നതിലേക്ക്' 'നിന്നുകൊണ്ട് ദൈവത്തോട് പ്രാർത്ഥിക്കണം' എന്ന് സൂനഹദോസ് കല്പിക്കുന്നു[9].

9. ജി. ചേടിയത്ത്, സഭാപിതാക്കന്മാർ; 1 പേ. 77.

ST. THOMAS MINOR SEMINARY MUNDUKOTTACKAL PATHANAMTHITTA 689 645 DIOCESE OF PATHANAMTHITTA